# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 3**



*M.N. Ramaswamy Iyer Memorial Edition*


**SRI RAM PUBLISHERS**

North Village

MELARKODE - 678 703

# ശ്രീമദ് ഭാഗവതം

## (തൃതീയസ്കന്ധം)

( അന്വയക്രമ പരിഭാഷാസഹിതം )

*By*


**വിദ്വാൻ, സി. ജി. നാരായണൻ എമ്പ്രാന്തിരി,**

LANGUAGE ASST.,

N K M. HIGH SCHOOL, CHITTALAMCHERY, PALGHAT Dt.


**M. N. RAMASWAMY IYER MEMORIAL EDITION,**

*Editor.* M. R. NARASIMHAN


*Published by:*

SRI RAM PUBLISHERS.

**NORTH VILLAGE,**

**MELARKODE,**

**Pin - 678 701**

# വിഷയാനുക്രമണിക.


| അദ്ധ്യായം | വിഷയവിവരം | പേജ് നമ്പ്ര് | ശ്ലോകസംഖ്യ |
|---|---|---|---|
| 1 | വിദുരോദ്ധവസമാഗമം | 1 | 45 |
| 2 | ഉദ്ധവർ വിദുരരോട്ട് സംക്ഷിപ്തമായിപറയുന്ന ശ്രീകൃഷ്ണബാലലീലകൾ .... .... | 20 | 34 |
| 3 | മധുരയിലും ദ്വാരകയിലും ഉണ്ടായ ശ്രീകൃഷ്ണലീലകളുടെ വർണ്ണനം | 32 | 28 |
| 4 | യദുവംശവിനാശവൃത്താന്തം; വിദുരർ ആത്മജ്ഞാനലബ്ധിക്കായി മൈത്രേയനെ സമീപിക്കുന്നതു് .... | 42 | 36 |
| 5 | വിദുരപ്രശ്നാനുസാരേണ മൈത്രേയകൃത സൃഷ്ടിക്രമവർണ്ണനം .... | 54 | 50 |
| 6 | വിരാട്സ്വരൂപോത്പത്തികഥനം .... | 73 | 40 |
| 7 | മൈത്രേയമുനി വിദുരക്ക് സംശയനിവൃത്തി വരുത്തിക്കൊടുക്കുന്നതും വിദുരരുടെ ചോദ്യങ്ങളും .... .... | 86 | 42 |
| 8 | വിഷ്ണുവിൻെറ നാഭികമലത്തിൽനിന്നു് ബ്രഹ്മാവു് ഉത്ഭവിച്ചതു് | 99 | 33 |
| 9 | ബ്രഹ്മാവിൻെറ ഭഗവൽസ്തുതി .... .... | 113 | 44 |
| 10 | ദശവിധസൃഷ്ടിവർണ്ണനം .... .... | 130 | 30 |
| 11 | കാലപരിമാണനിരൂപണം .... .... | 139 | 41 |
| 12 | സനകാദികളുടേയും സ്വായംഭുവമനുവിൻേറയും മററും ഉത്ഭവം | 152 | 56 |
| 13 | ശ്രീവരാഹാവതാരം .... | 167 | 50 |
| 14 | ദിതികശ്യപസംവാദവും ദിതിയുടെ ഗർഭധാരണവും .... | 184 | 50 |
| 15 | സനകാദികളിൽനിന്നു ജയവിജയന്മാർക്കുണ്ടായ ശാപം | 199 | 50 |
| 16 | സനകാദികളോടുള്ള ഭഗവാൻെറ സാന്ത്വനവചനവും ജയവിജയന്മാരുടെ അധഃപതനവും .... | 218 | 37 |
| 17 | ഹിരണ്യാക്ഷൻേറയും ഹിരണ്യകശിപുവിൻേറയും ജനനം; ഹിരണ്യാക്ഷൻെറ ദിഗ്വിജയം .... .... | 232 | 31 |

| അദ്ധ്യായം | വിഷയവിവരം | പേജ് നമ്പ്ര് | ശ്ലോകസംഖ്യ |
|---|---|---|---|
| 18 | ഹിരണ്യാക്ഷനും വരാഹമൂർത്തിയും തമ്മിലുണ്ടായ യുദ്ധം .... | 242 | 28 |
| 19 | ഹിരണ്യാക്ഷവധം .... .... | 252 | 38 |
| 20 | ബ്രഹ്മകൃതവിവിധസൃഷ്ടിവർണ്ണനം .... | 264 | 53 |
| 21 | മനുവംശവർണ്ണനോപക്രമം<br>(കർദ്ദമൻെറ തപസ്സും ഭഗവാൻെറവരദാനവും) .... | 279 | 56 |
| 22 | കർദ്ദമദേവഹൂതീവിവാഹം .... | 296 | 39 |
| 23 | കർദ്ദമദേവഹൂതിമാരുടെ സ്വച്ഛന്ദവിഹാരം.... .... | 307 | 57 |
| 24 | ശ്രീകപിലാവതാരം; കർദ്ദമൻെറ പ്രവ്രജ്യ .... .... | 323 | 47 |
| 25 | ദേവഹൂതി കപിലസംവാദം —<br>കപിലപ്രോക്തമായ ഭക്തിയോഗലക്ഷണം .... | 336 | 44 |
| 26 | മഹദാദികളുടെ ഉൽപത്തിനിരൂപണം .... .... | 351 | 72 |
| 27 | പ്രകൃതിപുരുഷവിവേകദ്വാരാ മോക്ഷപ്രാപ്തി .... | 374 | 30 |
| 28 | സബീജയോഗലക്ഷണവും ഭഗവൽപ്രത്യംഗധ്യാനക്രമവും .... | 384 | 44 |
| 29 | ഭക്തിയോഗരഹസ്യവും കാലപ്രഭാവവർണ്ണനവും .... | 400 | 45 |
| 30 | ദേഹഗേഹാസക്തിനിമിത്തം ജീവന്മാർക്കുണ്ടാവുന്ന അധോഗതി | 413 | 34 |
| 31 | മാതൃഗർഭപ്രവിഷ്ടനായ ജീവൻെറ ശരീരപ്രാപ്തിയും<br>ബാല്യാദിക്ലേശങ്ങളും .... .... | 422 | 48 |
| 32 | ജീവന്മാർക്കുണ്ടാവുന്ന വിഭിന്നഗതികൾ; കർമ്മമാർഗ്ഗത്തിൻെറ<br>അപകർഷവും ഭക്തിമാർഗ്ഗത്തിൻെറ ഉൽകർഷവും .... | 439 | 43 |
| 33 | ദേവഹൂതിയുടെ ഭഗവൽസ്തുതി, കപിലപ്രസ്ഥാനം,<br>ദേവഹൂതിയുടെ ജീവന്മുക്തി .... .... | 452 | 37 |



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയഃ സ്കന്ധഃ

## പ്രഥമോഽധ്യായഃ : ഒന്നാമദ്ധ്യായം.

“തൃതീയേ തു ത്രയസ്ത്രിംശദധ്യായൈഃ സർഗ്ഗവർണ്ണനം
ഈശേക്ഷയാ ഗുണക്ഷോഭാത് സർഗ്ഗോ ബ്രഹ്മാണ്ഡസംഭവഃ.
തത്ര തു പ്രഥമേഽധ്യായേ ബന്ധൂൻ ഹിത്വാ ഗതായുഷഃ
നിർഗ്ഗതസ്യോദ്ധവേനാദൌ സംവാദഃ ക്ഷത്തുരുച്യതേ”.

ഈ തൃതീയസ്കന്ധത്തിലുള്ള മുപ്പത്തിമൂന്നദ്ധ്യായങ്ങൾകൊണ്ടു് ‘സർഗ്ഗം’ എന്ന ഈശ്വരലീലയെ വിസ്തരിച്ചുപറയുന്നു. സർവ്വേശ്വരേച്ഛയാൽ സംഭവിച്ച പ്രകൃതിഗുണങ്ങളുടെ വിക്ഷോഭം നിമിത്തം ബ്രഹ്മാണ്ഡമെന്ന വിരാട്സ്വരൂപമുണ്ടായതിന്റെ പ്രതിപാദനമാണ് സർഗ്ഗമെന്നതു്.

അതു് വിദുരമൈത്രേയസംവാദത്തിലൂടെ വിസ്തരിക്കുവാൻ ഉദ്ദേശിക്കുന്ന ശ്രീശുകൻ ആദ്യം ഒന്നാമദ്ധ്യായത്തിൽ സ്വജനങ്ങളെ വിട്ടുകളഞ്ഞ് വനംപൂകിയ വിദുരരും ഉദ്ധവരും തമ്മിൽനടന്ന കൂടിക്കാഴ്ചയെ തൽപശ്ചാത്തലമായിട്ടവതരിപ്പിക്കുന്നു.

### വിദുരോദ്ധവസമാഗമം

ശ്രീശുക ഉവാച — ശ്രീശുകൻ (പരീക്ഷിത്തിനോട്) പറഞ്ഞു:

1 ഏവമേതത് പുരാ പൃഷ്ടോ മൈത്രേയോ ഭഗവാൻ കില
ക്ഷത്ത്രാ വനം പ്രവിഷ്ടേന ത്യക്ത്വാ സ്വഗൃഹമൃദ്ധിമത്.

| | | | |
|---|---|---|---|
| ഋദ്ധിമത് | സമ്പൽസമ്പൂർണ്ണമായ | ഭഗവാൻ | ജ്ഞാനാദി പരിപൂർണ്ണനായ |
| സ്വഗൃഹം | സ്വഭവനത്തെ | മൈത്രേയഃ | മൈത്രേയമഹർഷി |
| ത്യക്ത്വാ | ഉപേക്ഷിച്ച് | ഏവം | ഇപ്രകാരം |
| വനം | വനത്തിലേക്ക് | ഏതത് | ഇതപ്പററി |
| പ്രവിഷ്ടേന | എത്തിച്ചേർന്ന | പുരാ | പണ്ടൊരിക്കൽ |
| ക്ഷത്ത്രാ | വിദുരരാൽ | പൃഷ്ടഃ കില | ചോദിക്കപ്പെട്ടുവത്രെ. |

2 യദ്വാ അയം മന്ത്രകൃദ്വോ ഭഗവാനഖിലേശ്വരഃ
പൌരവേന്ദ്രപുരം ഹിത്വാ പ്രവിവേശാത്മസാത്കൃതം.

| | | | |
|---|---|---|---|
| അഖിലേശ്വരഃ | സർവ്വലോകേശ്വരനായ | ഹിത്വാ | വിട്ടിട്ട് |
| അയം ഭഗവാൻ | ഈ ശ്രീകൃഷ്ണഭഗവാൻ | ആത്മസാത്കൃതം | സ്വകീയത്വേന സ്വീകരിക്കപ്പെട്ടതായ |
| വഃ | നിങ്ങളുടെ (പരീക്ഷിത്തിന്റെ പിതാമഹന്മാരായ പാണ്ഡവന്മാരുടെ) | യത് വൈ | യാതൊരു ഗൃഹത്തെ |
| മന്ത്രകൃത് | ദൌത്യനിർവ്വാഹകനായി (പോയപ്പോൾ) | പ്രവിവേശ | പ്രവേശിച്ചിരുന്നുവോ — ആ ഗൃഹത്തെ — അത്രമാത്രം പാവനവും സമൃദ്ധവുമായ സ്വഗൃഹത്തെ — ഉപേക്ഷിച്ചുപോയ വിദുരരുടെ വിരക്തി സ്തുത്യർഹംതന്നെ |
| പൌരവേന്ദ്രപുരം | ദുര്യോധനന്റെ രാജധാനിയെ | | |

രാജോവാച — പരീക്ഷിത്ത്രാജാവ് ചോദിച്ചു:

3 കുത്ര ക്ഷത്തുർഭഗവതാ മൈത്രേയേണാസ സംഗമഃ
കദാ വാ സഹ സംവാദ ഏതദ്വർണ്ണയ നഃ പ്രഭോ

| | | | |
|---|---|---|---|
| പ്രഭോ | ഹേ മഹാത്മൻ! | കുത്ര ആസ | എവിടെവച്ച് ഉണ്ടായി? |
| ക്ഷത്തുഃ | വിദുരർക്ക് | സഹ | കൂടെയിരുന്നുള്ള |
| ഭഗവതാ | മഹാജ്ഞാനിയായ | സംവാദഃ | സംഭാഷണം |
| മൈത്രേയേണ | മൈത്രേയമഹർഷിയോടൊന്നിച്ച് | കദാ വാ | എപ്പോൾ ഉണ്ടായി? |
| | | ഏതത് നഃ | ഇത് ഞങ്ങളോട് |
| സംഗമഃ | കൂടിക്കാഴ്ച | വർണ്ണയ | വിസ്തരിച്ചുപറഞ്ഞാലും. |

4 ന ഹ്യല്പാർത്ഥോദയസ്തസ്യ വിദുരസ്യാമലാത്മനഃ
തസ്മിൻ വരീയസി പ്രശ്നഃ സാധുവാദോപബൃംഹിതഃ

| | | | |
|---|---|---|---|
| വരീയസി | ശ്രേഷ്ഠനായ | അമലാത്മനഃ | നിർമ്മലാത്മാവായ |
| തസ്മിൻ | ആ മൈത്രേയരുടെ അടുക്കൽ | തസ്യ വിദുരസ്യ | ആ വിദുരരുടെ |
| | | പ്രശ്നഃ | ചോദ്യം |

| | | | |
|---|---|---|---|
| അല്പാർത്ഥോദയഃ | അല്പാശയത്തെ പ്രകാശിപ്പിച്ചതു് | സാധുവാദോ-<br>പബൃംഹിതഃ | സജ്ജനാനുമോദനത്തെ അർഹിക്കുംവിധം വളർച്ച യുള്ളതായിരിക്കും. |
| ന ഹി | ആയിരിക്കയില്ല. | | |

സൂത ഉവാച — സൂതൻ (ശൌനകാദികളോടു്) പറഞ്ഞു:

5 സ ഏവമൃഷിവര്യോഽയം പൃഷ്ടോ രാജ്ഞാ പരീക്ഷിതാ
പ്രത്യാഹ തം സ ബഹുവിത് പ്രീതാത്മാ ശ്രൂയതാമിതാം

| | | | |
|---|---|---|---|
| സഃ | അവ്വിധം വിഖ്യാതനായ | സഃ | അദ്ദേഹം |
| അയം ഋഷിവര്യഃ | ഈ ഋഷിശ്രേഷ്ഠൻ | പ്രീതാത്മാ | സന്തുഷ്ടചിത്തനായിട്ടു്, |
| രാജ്ഞാ | രാജാവായ | ശ്രൂയതാം | "കേട്ടുകൊള്ളു" |
| പരീക്ഷിതാ | ശ്രീപരീക്ഷിത്തിനാൽ | ഇതി | എന്ന മുഖവുരയോടെ |
| ഏവം | ഇപ്രകാരം | തം | ആ രാജാവിനോടു് |
| പൃഷ്ടഃ | ചോദിക്കപ്പെട്ടു | പ്രത്യാഹ | പ്രതിവചിച്ചു. |
| ബഹുവിത് | ബഹുജ്ഞനായ | | |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു :

വിദുരർ സ്വഗൃഹമുപേക്ഷിച്ചുപോയതിന്നു ഹേതുവായ കൌരവാപരാധത്തെ ഇനി മേൽ 11 ശ്ലോകംകൊണ്ടുപറയുന്നു.

6 യദാ തു രാജാ സ്വസുതാനസാധൂൻ
പുഷ്ണന്നധർമ്മേണ വിനഷ്ടദൃഷ്ടിഃ
ഭ്രാതുർയവിഷ്ഠസ്യ സുതാൻ വിബന്ധൂൻ
പ്രവേശ്യ ലാക്ഷാഭവനേ ദദാഹ

| | | | |
|---|---|---|---|
| വിനഷ്ടദൃഷ്ടിഃ | കണ്ണുകൾക്കു് (ഉൾക്കണ്ണിന്നും പുറംകണ്ണിന്നും) കാഴ്ചയില്ലാത്ത | യവിഷ്ഠസ്യ | ഇളയ |
| | | ഭ്രാതുഃ | സഹോദരന്റെ |
| | | വിബന്ധൂൻ | ഉററവരില്ലാത്ത |
| രാജാ | ധൃതരാഷ്ട്രരാജാവു് | സുതാൻ | മക്കളെ |
| അസാധൂൻ | ദുർമ്മാർഗ്ഗികളായ | ലാക്ഷാഭവനേ | അരക്കില്ലത്തിൽ |
| സ്വസുതാൻ | സ്വപുത്രന്മാരെ | പ്രവേശ്യ | കടത്തിവിട്ടു് |
| അധർമ്മേണ | അധർമ്മമാർഗ്ഗത്തിലൂടെ | ദദാഹ | ദഹിപ്പിച്ചു — |
| പുഷ്ണൻ | പോഷിപ്പിച്ചുകൊണ്ടു്, | യദാ തു | ഇതു് എപ്പോഴാം ഉണ്ടായോ അതിൽപ്പിന്നെ, |

7 യദാ സഭായാം കുരുദേവദേവ്യാഃ
കേശാഭിമർശം സുതകർമ്മ ഗർഹ്യം
ന വാരയാമാസ നൃപഃ സ്നുഷായാഃ
സ്വാസ്രൈർഹരന്ത്യാഃ കുചകുങ്കുമാനി.

| | |
|---|---|
| നൃപഃ | രാജാവ് |
| സ്നുഷായാഃ | സ്വപുത്രഭാര്യയായിരിക്കുന്നവളും |
| കുരുദേവദേവ്യാഃ | കുരുരാജ്യത്തിന്റെ യഥാർത്ഥരാജാവായ ധർമ്മപുത്രരുടെ പട്ടമഹിഷിയായിരിക്കുന്നവളും |
| സഭായാം | സഭയിൽവെച്ച് |
| കുചകുങ്കുമാനി | സ്തനതടത്തിലണിഞ്ഞ കുങ്കുമങ്ങളെ |
| സ്വാസ്രൈഃ | തന്റെ കണ്ണീരാൽ |
| ഹരന്ത്യാഃ | കഴുകിക്കളയുന്നവളുമായ പാഞ്ചാലിയുടെ |
| കേശാഭിമർശം | തലമുടി പിടിച്ചിഴക്കുക എന്ന |
| ഗർഹ്യം | നിന്ദനീയമായ |
| സുതകർമ്മ | പുത്രന്റെ പ്രവൃത്തിയെ |
| ന വാരയാമാസ | തടയാതെ ഇരിക്കുകയുണ്ടായി – |
| യദാ | ഇതു് എപ്പോഠം സംഭവിച്ചുവോ, അതിൽപ്പിന്നെ, |

8 ദ്യൂതേ ത്വധർമ്മേണ ജിതസ്യ സാധോഃ
സത്യാവലംബസ്യ വനാഗതസ്യ
ന യാചതോഽദാത് സമയേന ദായം
തമോ ജുഷാണോ യദജാതശത്രോഃ.

| | |
|---|---|
| ദ്യൂതേ തു | ചൂതുകളിയിൽവെച്ച് |
| അധർമ്മേണ | അധർമ്മമാർഗ്ഗത്തിലൂടെ |
| ജിതസ്യ | പരാജിതനും |
| സാധോഃ | ശുദ്ധചരിതനും |
| സത്യാവലംബസ്യ | സത്യത്തെ മാത്രം ആശ്രയിച്ചിരിക്കുന്നവനും |
| വനാഗതസ്യ | വനവാസം കഴിഞ്ഞു തിരിച്ചുവന്നവനും |
| സമയേന | മുൻനിശ്ചയപ്രകാരം |
| ദായം | തനിക്കുള്ള ഭാഗം |
| യാചതഃ | അപേക്ഷയോടെ അവശ്യപ്പെട്ടവനുമായ |
| അജാതശത്രോഃ | യുധിഷ്ഠിരന്ന് |
| തമഃ | മോഹാന്ധകാരത്തെ |
| ജുഷാണഃ | തഴുകിക്കൊണ്ടിരുന്ന രാജാവ് |
| ന അദാത് | കൊടുത്തില്ല – |
| യത് | ഇതു് എപ്പോളുണ്ടായോ അതിൽപ്പിന്നെ, |

9 യദാ ച പാർത്ഥപ്രഹിതഃ സഭായാം
ജഗദ്ഗുരുര്യാനി ജഗാദ കൃഷ്ണഃ
ന താനി പുംസാമമൃതായനാനി
രാജോരുമേനേ ക്ഷതപുണ്യലേശഃ

| | |
|---|---|
| പാർത്ഥപ്രഹിതഃ | കുന്തീപുത്രന്മാരാൽ പ്രേഷിതനായ |
| ജഗദ്ഗുരുഃ | ലോകാചാര്യനായിരി[ക്കുന്ന |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| സഭായാം | രാജസദസ്സിൽവെച്ച് |
| യാനി | യാതൊരു വചനങ്ങളെ |
| ജഗാദ | പറഞ്ഞുവോ, |
| പുംസാം | മനുഷ്യർക്കെല്ലാം |
| അമൃതായനാനി | അമൃതുചൊരിയും പ്രകാരമായുള്ള |
| താനി | അവയെ |
| ക്ഷതപുണ്യലേശഃ | അല്പപുണ്യംപോലും നശിച്ചുപോയിരിക്കുന്ന |
| രാജാ | ധൃതരാഷ്ട്രരാജാവ് |
| ന ഉരുമേനേ | ബഹുമാനിച്ചില്ല – |
| യദാ ച | ഇതെപ്പോളുണ്ടായോ അതിലുംപിന്നെ, |

10 യദോപഹൂതോ ഭവനം പ്രവിഷ്ടോ
മന്ത്രായ പൃഷ്ടഃ കില പൂർവ്വജേന
അഥാഹ തം മന്ത്രദൃശാം വരീയാൻ
യന്മന്ത്രിണോ വൈദുരികം വദന്തി.

| | |
|---|---|
| മന്ത്രായ | രാജ്യകാര്യമാലോചനക്കായി |
| ഉപഹൂതഃ | വിളിച്ചുവരുത്തപ്പെട്ട് |
| ഭവനം | രാജഭവനത്തിലേക്ക് |
| പ്രവിഷ്ടഃ | എത്തിച്ചേർന്ന വിദുരർ |
| പൂർവ്വജേന | ജ്യേഷ്ഠഭ്രാതാവായ ധൃതരാഷ്ട്രരാൽ |
| പൃഷ്ടഃ കില | ഉപദേശം ചോദിക്കപ്പെട്ടവനായിപോലും ! |
| യദാ അഥ | ഇതും എപ്പോളുണ്ടായോ, തദനന്തരം |
| മന്ത്രദൃശാം | രാജ്യതന്ത്രജ്ഞന്മാരുടെ ഇടയിൽ |
| വരീയാൻ | ശ്രേഷ്ഠനായ അദ്ദേഹം |
| തം | ആ രാജാവിനോട് |
| ആഹ | പറയുകയുണ്ടായി. |
| യത് | യാതൊരു ആ വാക്യത്തെ |
| മന്ത്രിണഃ | രാജ്യതന്ത്രജ്ഞന്മാർ |
| വൈദുരികം | "വിദുരവാക്യം" എന്ന് |
| വദന്തി | പറഞ്ഞുവരുന്നു. |

വിദുരരുടെ ഉപദേശവാക്യം ഇനി മൂന്നുശ്ലോകംകൊണ്ട് ചുരുക്കിപ്പറയുന്നു:

11 അജാതശത്രോഃ പ്രതിയച്ഛ ദായം
തിതിക്ഷതോ ദുർവിഷഹം തവാഗഃ
സഹാനുജോ യത്ര വൃകോദരാഹിഃ
ശ്വസൻ രുഷാ യത്ത്വമലം ബിഭേഷി.

| | |
|---|---|
| തവ | അങ്ങയുടെ |
| ദുർവിഷഹം | പൊറുക്കവയ്യാത്ത |
| ആഗഃ | അപരാധത്തെ |
| തിതിക്ഷതഃ | പൊറുത്തുകൊണ്ടിരിക്കുന്ന |
| അജാതശത്രോഃ | യുധിഷ്ഠിരന്ന് |
| ദായം | അവകാശപ്പെട്ട ഭാഗം |
| പ്രതിയച്ഛ | തിരികെ കൊടുക്കുക |
| യത്ര | യാതൊരു ആ അപരാധത്ത അധികരിച്ചുള്ള |
| രുഷാ | ക്രോധത്താൽ |
| ശ്വസൻ | ചീറിക്കൊണ്ട് |
| സഹാനുജഃ | അനുജന്മാരോടുകൂടെ |
| വൃകോദരാഹിഃ | ഭീമനാവുന്ന സർപ്പം ഇരിക്കുന്നു. |
| യത് | യാതൊരു ആ സർപ്പത്തിൽനിന്ന് |
| ത്വം അലം | അങ്ങ് അത്യന്തം |
| ബിഭേഷി | ഭയംകൊള്ളുന്നുമുണ്ട്. |

12 പാർത്ഥാംസ്തു ദേവോ ഭഗവാൻ മുകുന്ദോ
ഗൃഹീതവാൻ സക്ഷിതിദേവദേവഃ
ആസ്തേ സ്വപുര്യാം യദുദേവദേവോ
വിനിർജിതാശേഷനൃദേവദേവഃ

| | |
|---|---|
| ദേവഃ | സംപൂജ്യനും |
| ഭഗവാൻ | സർവ്വൈശ്വര്യാദി ഷഡ്ഗുണോപേതനും |
| സക്ഷിതിദേവദേവഃ | ഭൂദേവന്മാരോടും ദേവന്മാരോടും കൂടിയിരിക്കുന്നവനുമായ |
| മുകുന്ദഃ | ശ്രീകൃഷ്ണൻ |
| പാർത്ഥാൻ തു | കുന്തീപുത്രന്മാരെയാകട്ടെ |
| ഗൃഹീതവാൻ | സ്വന്തമായെടുത്തു കഴിഞ്ഞു |
| വിനിർജിതാശേഷനൃദേവദേവഃ | സമസ്തരാജാധിരാജന്മാരേയും നിശ്ശേഷം ജയിച്ചൊതുക്കിനിർത്തിയ |
| യദുദേവദേവഃ | ആ യാദവോത്തമോത്തമൻ |
| സ്വപുര്യാം | സ്വനഗരത്തിൽ |
| ആസ്തേ | ഇരിക്കുന്നുണ്ട്. |

13 സ ഏഷ ദോഷഃ പുരുഷദ്വിഡാസ്തേ
ഗൃഹാൻ പ്രവിഷ്ടോ യമപത്യമത്യാ
പുഷ്ണാസി കൃഷ്ണാദ്വിമുഖോ ഗതശ്രീ-
സ്ത്യജാശ്വശൈവം കുലകൗശലായ.

| | |
|---|---|
| പുരുഷദ്വിട് | പുരുഷോത്തമദ്വേഷിയായ |
| സഃ ഏഷഃ | ആ ഇവൻ (ദുര്യോധനനെ ഉദ്ദേശിച്ച്) |
| ഗൃഹാൻ | ഗൃഹത്തിലേക്ക് |
| പ്രവിഷ്ടഃ | കടന്നുവന്നിട്ടുള്ള |
| ദോഷഃ | ഒരു കെടുതിതന്നെ |
| ആസ്തേ | ആയിരിക്കുന്നു. |
| കൃഷ്ണാത് | കൃഷ്ണനിൽനിന്ന് |
| വിമുഖഃ | പരാങ്മുഖനായും |
| ഗതശ്രീഃ | നിഃശ്രീകനായും ഇരിക്കുന്ന |
| ത്വം | അങ്ങുന്ന് |
| യം | യാതൊരുത്തനെ |
| അപത്യമത്യാ | പുത്രനെന്നഭാവത്തോടെ |
| പുഷ്ണാസി | വളർത്തുകയാണ്. |
| കുലകൗശലായ | സ്വവംശത്തിന്റെ പൊതുനന്മക്കുവേണ്ടി |
| ആശു | അതിവേഗം |
| അശൈവം | ഈ അശുഭനെ |
| ത്യജ | വിട്ടുകളയുക. |

14 ഇത്യൂചിവാംസ്തത്ര സുയോധനേന
പ്രവൃദ്ധകോപസ്ഫുരിതാധരേണ
അസത്കൃതഃ സത് സ്പൃഹണീയശീലഃ
ക്ഷത്താ സകർണ്ണാനുജസൗബലേന

| | |
|---|---|
| ഇതി | ഇപ്രകാരം |
| ഊചിവാൻ | പറഞ്ഞവനും |
| സത്സ്പൃഹണീയശീലഃ | സജ്ജനങ്ങൾക്ക് അഭിലഷണീയമായ സ്വഭാവത്തോടുകൂടിയവനുമായ |
| ക്ഷത്താ | വിദുരർ |
| പ്രവൃദ്ധകോപസ്ഫുരിതാധരേണ | വർദ്ധിച്ച കോപത്താൽ ചുണ്ടുവിറച്ചുകൊണ്ട് |
| സകർണ്ണാനുജസൗബലേന | കർണ്ണദുശ്ശാസനശകുനിമാരോടുകൂടിയിരിക്കുന്ന |
| സുയോധനേന | ദുര്യോധനനാൽ |
| തത്ര | അവിടെവെച്ച് |
| അസത്കൃതഃ | അവമാനിക്കപ്പെട്ടു. |

ദുര്യോധനൻ വിദുരരെ അവമാനിച്ചുപറഞ്ഞ വാക്കുകളെ ഉദ്ധരിക്കുന്നു.

15 ക ഏനമത്രോപജുഹാവ ജിഹ്മം
ദാസ്യാഃ സുതം യദ്ബലിനൈവ പുഷ്ടഃ
തസ്മിൻ പ്രതീപഃ പരകൃത്യ ആസ്തേ
നിർവാസ്യതാമാശു പുരാച്ഛ്വസാനഃ

| | | | |
|---|---|---|---|
| ഏനം ജിഹ്മം | ഈ കുടിലനായ | പ്രതീപഃ | പ്രതികൂലനായിരുന്നു്, |
| ദാസ്യാഃ സുതം | ദാസീപുത്രനെ | പരകൃത്യേ | ശത്രുക്കളുടെ കാര്യത്തിൽ |
| കഃ അത്ര | ആർ ഇവിടെ | ആസ്തേ | ഇവൻ നിലകൊള്ളുന്നു. |
| ഉപജുഹാവ | വിളിച്ചുവരുത്തി ? | ശ്വസാനഃ | ജീവൻ മാത്രം അവശേഷിച്ചവനായിട്ടു് |
| യദ്ബലിനാ ഏവ | യാതൊരാളുടെ നിത്യാന്നദാനംകൊണ്ടുമാത്രമാണോ | പുരാത് | രാജധാനിയിൽനിന്നു് |
| പുഷ്ടഃ | പോഷിച്ചിരിക്കുന്നതു്, | ആശു | ഉടനെ |
| തസ്മിൻ | അയാളിൽ | നിർവാസ്യതാം | ആട്ടിയകററപ്പെടട്ടെ. |

16 സ ഇത്ഥമത്യുൽബണകർണ്ണബാണൈ-
ഭ്രാതുഃ പുരോ മർമ്മസു താഡിതോഽപി
സ്വയം ധനുർദ്വാരി നിധായ മായാം
ഗതവ്യഥോഽയാദുരു മാനയാനഃ.

| | | | |
|---|---|---|---|
| ഭ്രാതുഃ പുരഃ | ജ്യേഷ്ഠന്റെ മുൻപാകെ | ഗതവ്യഥഃ | വേദനയകന്നവനായി |
| ഇത്ഥം | ഇപ്രകാരം | ദ്വാരി | കോട്ടവാതില്ക്കൽ [ട്ടു് |
| അത്യുൽബണ-കർണ്ണബാണൈഃ | അതികൎക്കശങ്ങളായ കർണ്ണശരങ്ങളെക്കൊണ്ടു് | ധനുഃ നിധായ | വില്ലുവെച്ചു്, |
| മർമ്മസു | മർമ്മങ്ങളിൽ | മായാം | ഈശ്വരമായയെ |
| താഡിതഃ അപി | പ്രഹരിക്കപ്പെട്ടവനായെങ്കിലും | ഉരു | അധികമായി |
| | | മാനയാനഃ | മാനിച്ചുകൊണ്ടു് |
| | | സ്വയം | താനായിട്ടുതന്നെ |
| സഃ | അദ്ദേഹം | അയാത് | യാത്രപുറപ്പെട്ടു. |

ദുര്യോധനൻ പിടിച്ചുപുറത്താക്കുന്നതിന്നുമുമ്പുതന്നെ സ്വയം പുറത്തിറങ്ങിയെന്നു സാരം. "ഇയാളും പാണ്ഡവന്മാരോടുചേർന്നു് നമ്മോടു യുദ്ധത്തിന്നുവരുമോ" എന്നു് അവൻ വെറുതെ ശങ്കിക്കേണ്ടെന്നു കരുതിയാണു് പടിക്കൽ വില്ലുവെച്ചു് ഇറങ്ങിപ്പോയതു്.

ഇങ്ങനെ എല്ലാമുപേക്ഷിച്ചുപോയതിൽപ്പിന്നെ വിദുരർചെയ്ത തീർത്ഥാടനത്തെപ്പററി പറഞ്ഞുതുടങ്ങുന്നു.

17 സ നിർഗതഃ കൗരവപുണ്യലബ്ധോ
ഗജാഹ്വയാത്തീർത്ഥപദഃ പദാനി
അന്വാക്രമത് പുണ്യചികീർഷയോർവ്യാം
സ്വധിഷ്ഠിതോ യാനി സഹസ്രമൂർത്തിഃ

| | |
|---|---|
| കൌരവ-പുണ്യലബ്ധഃ | കൌരവന്മാരുടെ പുണ്യംകൊണ്ടു് ലഭിക്കപ്പെട്ടവനായ |
| സഃ | അദ്ദേഹം |
| ഗജാഹ്വയാത് | ഹസ്തിനപുരത്തിൽനിന്നു |
| നിർഗതഃ | നിർഗതനായിട്ടു് |
| സഹസ്രമൂർത്തിഃ | അനേകം മൂർത്തിഭേദത്തോടുകൂടിയ ഭഗവാൻ |
| ഉർവ്യാം | ഭൂമിയിൽ |
| യാനി | ഏതേതിടങ്ങളെ |
| സ്വധിഷ്ഠിതഃ | അധിഷ്ഠാനംചെയ്തു വാഴുന്നുവോ, |
| തീർത്ഥപാദഃ | ഭഗവാന്റേതായ |
| പദാനി | ആ പുണ്യക്ഷേത്രങ്ങളെ |
| പുണ്യ-ചികീർഷയാ | പുണ്യംനേടുവാനുള്ള അഭിലാഷത്താൽ |
| അനന്യാക്രമാത് | ഓരോന്നായി കണ്ടുകൊണ്ടു് സഞ്ചരിച്ചു. |

18 പുരേഷു പുണ്യോപവനാദ്രികുഞ്ജ-
ഷ്വപങ്കതോയേഷു സരിത്സരസ്സു
അനന്തലിംഗൈഃ സമലംകൃതേഷു
ചചാര തീർത്ഥായതനേഷ്വനന്യഃ

| | |
|---|---|
| പുരേഷു | നഗരങ്ങളിലും |
| പുണ്യോ-പവനാദ്രി-കുഞ്ജേഷു | പാവനങ്ങളായ ഉപവനങ്ങളിലും പർവ്വതങ്ങളിലുമുള്ള കാവുകളിലും, |
| അപങ്ക-തോയേഷു | ചളികലരാത്ത ജലം നിറഞ്ഞ |
| സരിത്-സരസ്സു | നദികളിലും, തടാകങ്ങളിലും, |
| അനന്ത-ലിംഗൈഃ | ഭഗവന്മൂർത്തികൾ കൊണ്ടു് |
| സമലംകൃതേഷു | നന്നായലങ്കരിക്കപ്പെട്ട |
| തീർത്ഥാ-യതനേഷു | തീർത്ഥങ്ങളിലും, ക്ഷേത്രങ്ങളിലും |
| അനന്യഃ | ഏകാകിയായി |
| ചചാര | സഞ്ചരിച്ചു. |

19 ഗാം പര്യടൻ മേധ്യവിവിക്തവൃത്തിഃ
സദാപ്ലുതോഽധഃശയനോഽവധൂതഃ
അലക്ഷിതഃ സ്വൈരവധൂതവേഷോ
വ്രതാനി ചേരേ ഹരിതോഷണാനി

| | |
|---|---|
| മേധ്യ-വിവിക്ത-വൃത്തിഃ | വിശുദ്ധവും ചിട്ടപ്പെടുത്തിയതുമായ ജീവിതവൃത്തിയോടുകൂടിയവനായും |
| സദാപ്ലുതഃ | തീർത്ഥങ്ങൾതോറും സ്നാനംചെയ്യുന്നവനായും |
| അധഃശയനഃ | നിലത്തുകിടന്നുറങ്ങുന്നവനായും |
| അവധൂതഃ | ദേഹശുശ്രൂഷയില്ലാത്തവനായും |
| അവധൂത-വേഷഃ | അവധൂതന്മാർക്കൊത്ത വല്കലാദികൾ ധരിച്ചവനായും |
| സ്വൈരഃ | സ്വന്തം ആളുകളാൽ |
| അലക്ഷിതഃ | കണ്ടറിയപ്പെടാത്തവനായും |
| ഗാം | ഭൂമിയെ മുഴുവൻ |
| പര്യടൻ | ചുറ്റിനടക്കുന്നവനായും ഭവിച്ചു്, |
| ഹരി-തോഷണാനി | വിഷ്ണുപ്രീതികരങ്ങളായുള്ള |
| വ്രതാനി | വ്രതങ്ങളെ |
| ചേരേ | ആചരിച്ചു. |

20 ഇത്ഥം വ്രജൻ ഭാരതമേവ വർഷം
കാലേന യാവത് ഗതവാൻ പ്രഭാസം
താവച്ഛശാസ ക്ഷിതിമേകചക്രാ-
മേകാതപത്രാമജിതേന പാർത്ഥഃ

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | താവത് | അത്രയുംകാലംകൊണ്ടു് |
| ഭാരതം വർഷം ഏവ | ഭാരതഭൂവിഭാഗം ആകെത്തന്നെയും | പാർത്ഥഃ | ധർമ്മപുത്രർ |
| | | അജിതേന | ശ്രീകൃഷ്ണനോടൊത്തു് |
| വ്രജൻ | ചുററിനടന്നുകൊണ്ടു് | ക്ഷിതിം | ഭൂമിയെ |
| യാവത് | എത്ര | ഏകചക്രാം | ഒരാളുടെ മാത്രം സൈന്യശക്തിയുള്ളതും |
| കാലേന | കാലത്താൽ | ഏകാതപത്രാം | ഒരാളുടെമാത്രം വെൺകൊററക്കുടയുള്ളതുമാക്കി |
| പ്രഭാസം | പ്രഭാസതീർത്ഥത്തിലേക്കു് | | |
| ഗതവാൻ | എത്തിച്ചേർന്നുവോ, | ശശാസ | ഭരിച്ചുതുടങ്ങി. |

21 തത്രാഥ ശുശ്രാവ സുഹൃദ്വിനഷ്ടിം
വനം യഥാ വേണുജവഹ്നിസംശ്രയം
സംസ്പർദ്ധയാ ദഗ്ധമഥാനുശോചൻ
സരസ്വതീം പ്രത്യഗിയായ തൂഷ്ണീം.

| | | | |
|---|---|---|---|
| വനം | ഒരു കാട്ടു് | ശുശ്രാവ | കേട്ടു. |
| വേണുജവഹ്നി-സംശ്രയം | മുളകൾ തമ്മിലുരഞ്ഞുണ്ടായ തീയിനെ സംശ്രയിച്ചുകൊണ്ടു് | അഥ | അതിൽപ്പിന്നെ |
| | | അനുശോചൻ | അനുശോചിച്ചുകൊണ്ടു് |
| യഥാ ദഗ്ധം | എങ്ങനെ ദഹിച്ചുപോകുന്നുവോ അതുപോലെ | തൂഷ്ണീം | മൌനഭാവത്തോടെ |
| | | സരസ്വതീം | സരസ്വതീനദിയിലേക്കു |
| സംസ്പർദ്ധയാ | അന്യോന്യസംഘർഷത്താലുണ്ടായ | പ്രത്യക് | അതിന്റെ ഓരോ ഉദ്ഗമസ്ഥാനത്തേയും ലാക്കാക്കിക്കൊണ്ടു് |
| സുഹൃദ്വിനഷ്ടിം | ബന്ധുജനനാശത്തെ | | |
| അഥ തത്ര | അപ്പോൾ അവിടെവച്ചു് | ഇയായ | യാത്രചെയ്തു. |

22 തസ്യാം ത്രിതസ്യോശനസോ മനോശ്ച
പൃഥോരഥാഗ്നേരസിതസ്യ വായോഃ
തീർത്ഥം സുദാസസ്യ ഗവാം ഗുഹസ്യ
യച്ഛ്രാദ്ധദേവസ്യ സ ആസിഷേവേ.

| | | | |
|---|---|---|---|
| തസ്യാം | ആ സരസ്വതീനദിയിൽ | പൃഥോഃ അഥ | പൃഥുവിന്റെയും, പിന്നെ |
| ത്രിതസ്യ | ത്രിതന്റെയും, | അഗ്നേഃ | അഗ്നിയുടേയും, |
| ഉശനസഃ | ഉശനസ്സിന്റെയും, | അസിതസ്യ | അസിതന്റെയും, |
| മനോഃ ച | മനുവിന്റെയും, | വായോഃ | വായുവിന്റെയും, |

| | | | |
|---|---|---|---|
| സുദാസസ്യ | സുദാസന്റെയും, | യത് തീർത്ഥം | ഏതേതു തീർത്ഥമുണ്ടോ, അതിനെ |
| ഗവാം | ഗോക്കളുടേയും, | | |
| ഗുഹസ്യ | ഗുഹന്റെയും, | സഃ | അദ്ദേഹം |
| ശ്രാദ്ധദേവസ്യ | ശ്രാദ്ധദേവന്റെയും ആയി | ആസിഷേവേ | ആസേവിച്ചു. |

23 അന്യാനി ചേഹ ദ്വിജദേവദേവൈഃ
കൃതാനി നാനായതനാനി വിഷ്ണോഃ
പ്രത്യംഗമുഖ്യാങ്കിതമന്ദിരാണി
യദ്ദർശനാത് കൃഷ്ണമനുസ്മരന്തി

| | | | |
|---|---|---|---|
| ദ്വിജദേവ-ദേവൈഃ | ഋഷിമാരാലും ദേവന്മാരാലും | കൃഷ്ണം അനുസ്മരന്തി | ശ്രീകൃഷ്ണനെക്കുറിച്ചുള്ള അനുസ്മരണമുണ്ടാകുമോ അങ്ങിനെയുള്ളവയുമായി |
| കൃതാനി | നിർമ്മിക്കപ്പെട്ടവയായി | ഇഹ | ലോകത്തിൽ |
| പ്രത്യംഗ-മുഖ്യാങ്കിത-മന്ദിരാണി | സുദർശനചക്രാങ്കിതങ്ങളായ മന്ദിരങ്ങളോടു കൂടിയവയായി, | അന്യാനി ച | വേറെയുമുള്ള |
| | | വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റെ |
| യദ്ദർശനാത് | യാതൊന്നുകളുടെ ദർശനത്താൽ | നാനായതനാനി | അനേകം ക്ഷേത്രങ്ങളെ |
| | | (ആസിഷേവേ) | ആസേവിച്ചു. |

24 തതസ്ത്വതിവ്രജ്യ സുരാഷ്ട്രമൃദ്ധം
സൗവീരമത്സ്യാൻ കുരുജാംഗലാംശ്ച
കാലേന താവദ്യമുനാമുപേത്യ
തത്രോദ്ധവം ഭാഗവതം ദദർശ

| | | | |
|---|---|---|---|
| തതഃ തു | അതിൽപ്പിന്നെ, | കാലേന | ഏതാനും കാലംകൊണ്ടു് |
| ഋദ്ധം | സമൃദ്ധിയുള്ള | യമുനാം | യമുനാതടത്തിലേക്കു് |
| സുരാഷ്ട്രം | സുരാഷ്ട്രദേശത്തേയും, | ഉപേത്യ | എത്തിയശേഷം, |
| സൗവീര-മത്സ്യാൻ | സൗവീരം—മത്സ്യം എന്നീ ദേശങ്ങളേയും, | താവത് | അപ്പോഴേക്കും |
| | | തത്ര | അവിടെ വന്നുചേർന്നിരുന്ന |
| കുരുജാംഗ-ലാൻ ച | കുരുജാംഗലപ്രദേശങ്ങളേയും | ഭാഗവതം | ഭഗവൽഭക്തനായ |
| | | ഉദ്ധവം | ഉദ്ധവനെ |
| അതിവ്രജ്യ | കടന്നുപോയിട്ടു്, | ദദർശ | കണ്ടു. |

25 സ വാസുദേവാനുചരം പ്രശാന്തം
ബൃഹസ്പതേഃ പ്രാക്തനയം പ്രതീതം
ആലിംഗ്യ ഗാഢം പ്രണയേന ഭദ്രം
സ്വാനാമപൃച്ഛത് ഭഗവത്പ്രജാനാം.

| | | | |
|---|---|---|---|
| സഃ | ആ വിദുരർ | പ്രണയേന | സ്നേഹത്തോടെ |
| പ്രശാന്തം | നല്ലപോലെ ചിത്തസംയമനം സിദ്ധിച്ചിരിക്കുന്നവനും | ഗാഢം | മുറുകെ |
| | | ആലിംഗ്യ | കെട്ടിപ്പുണർന്ന് |
| ബൃഹസ്പതേഃ | ദേവഗുരുവിന്റെ | ഭഗവത്പ്രജാനാം | ശ്രീകൃഷ്ണഭഗവാന്റെ രക്ഷണീയജനങ്ങളായ |
| പ്രാൿതനയം | പൂർവ്വശിഷ്യനും | സ്വാനാം | സ്വബന്ധുക്കളുടെ |
| പ്രതീതം | സുവിശ്രുതനും | ഭദ്രം | യോഗക്ഷേമം |
| വാസുദേവാനുചരം | ശ്രീവാസുദേവന്റെ അനുചരനുമായ ഉദ്ധവനെ | അപൃച്ഛത് | അന്വേഷിച്ചു. |

തീർത്ഥാടനം ചെയ്തുകൊണ്ടു യമുനാതീരത്തിലെത്തിയ വിദുരർ അവിടെവെച്ച് കണ്ടെത്തിയ ഉദ്ധവരോട് സ്വബന്ധുജനത്തിന്റെ കുശലമന്വേഷിച്ചപ്രകാരം ഇനിമേൽ പറഞ്ഞുതുടങ്ങുന്നു. ആദ്യം ഒരു ശ്ലോകംകൊണ്ടു രാമകൃഷ്ണന്മാരുടേയും, പിന്നെ ഒമ്പതു കൊണ്ടു യാദവന്മാരുടേയും അതിൽപ്പിന്നെ ആറുകൊണ്ട് പാണ്ഡവരുടേയും

26 കച്ചിത് പുരാണൗ പുരുഷൗ സ്വനാഭ്യ-
പാദ്മാനുവൃത്ത്യേഹ കിലാവതീർണ്ണൗ
ആസാത ഉർവ്യാഃ കുശലം വിധായ
കൃതക്ഷണൗ കുശലം ശൂരഗേഹേ

| | | | |
|---|---|---|---|
| സ്വനാഭ്യപാദ്മാനുവൃത്ത്യാ കില | സ്വനാഭിപദ്മത്തിൽ നിന്നുണ്ടായ ബ്രഹ്മദേവന്റെ അഭ്യർത്ഥനയാലെന്ന നിലയിൽ | ഉർവ്യാഃ | ഭൂമിക്ക് |
| | | കുശലം | ക്ഷേമത്തെ |
| | | വിധായ | നിറവേററിക്കൊടുത്ത്, |
| ഇഹ | ഈ ഭൂമിയിൽ | കൃതക്ഷണൗ | അവസരംപാർത്തുകൊണ്ട് |
| അവതീർണ്ണൗ | അവതരിച്ചവരും | ശൂരഗേഹേ | ശൂരസേനഗൃഹത്തിൽ |
| പുരാണൗ | സർവ്വകാരണഭൂതരുമായ | കുശലം | ക്ഷേമത്തോടുകൂടി |
| പുരുഷൗ | ഭഗവാന്മാരിരുവരും | കച്ചിത് ആസാതേ | ഇരിക്കുന്നുണ്ടോ ? |

27 കച്ചിത്കുരൂണാം പരമഃ സുഹൃന്നോ
ഭാമഃ സ ആസ്തേ സുഖമംഗ ശൗരിഃ
യോ വൈ സ്വസൄണാം പിതൃവദ്ദദാതി
വരാൻ വരേണ്യോ വരതർപ്പണേന.

| | | | |
|---|---|---|---|
| അംഗ | ഹേ സുഹൃത്തേ! | ഭാമഃ | ബഹുമാന്യനുമായ |
| കുരൂണാം | കുരുവംശക്കാരായ | സഃ ശൗരിഃ | ആ വസുദേവൻ |
| നഃ | ഞങ്ങളുടെ | സുഖം | സുഖമായിട്ട് |
| പരമഃ | ഉററവനായ | കച്ചിത് ആസ്തേ | ഇരിക്കുന്നുവോ ? |
| സുഹൃത് | സ്നേഹിതനും | വരേണ്യഃ | അത്യുദാരനായ |

| | | | |
|---|---|---|---|
| യഃ | യാതൊരാരാൾ | വരാൻ | അഭീഷ്ടാൎത്ഥങ്ങളെ |
| സ്വസൄണാം | സോദരിമാൎക്ക് | പിതൃവത് | അച്ഛനെപ്പോലെ |
| വരേപ്സുനേന | അവരുടെ ഭർത്താക്കന്മാരെക്കൂടി തൃപ്തിപ്പെടുത്തിക്കൊണ്ട് | ദദാതി | കൊടുത്തുവരുന്നു. |
| | | വൈ | എന്നത്രേ പ്രസിദ്ധി! |

28 കച്ചിദ്വരൂഥാധിപതിൎയ്യദൂനാം
പ്രദ്യുമ്ന ആസ്തേ സുഖമംഗ വീരഃ
യം രുക്മിണീ ഭഗവതോഽഭിലേഭേ
ആരാധ്യ വിപ്രാൻ സ്മരമാദിസൎഗ്ഗേ

| | | | |
|---|---|---|---|
| അംഗ | സുഹൃത്തേ ! | യം | യാതൊരുവനെ (പ്രദ്യുമ്നനെ) |
| യദൂനാം | യാദവന്മാരുടെ | രുക്മിണീ | രുക്മിണീദേവി |
| വരൂഥാധിപതിഃ | സേനാനായകനും | വിപ്രാൻ | മഹാബ്രാഹ്മണരെ |
| വീരഃ | വീരനുമായ | ആരാധ്യ | ആരാധിച്ച് (തദനുഗ്രഹത്താൽ) |
| പ്രദ്യുമ്നഃ | പ്രദ്യുമ്നൻ | ഭഗവതഃ | ശ്രീകൃഷ്ണഭഗവാനിൽനിന്ന് |
| സുഖം | സൌഖ്യമായിട്ട് | അഭിലേഭേ | പുത്രത്വേന ലഭിച്ചതാണല്ലോ. |
| കച്ചിത് ആസ്തേ | ഇരിക്കുന്നുവോ ? | | |
| ആദിസൎഗ്ഗേ | പൂൎവ്വജന്മത്തിൽ | | |
| സ്മരം | കാമദേവനായിരുന്ന | | |

29 കച്ചിത് സുഖം സാത്വതവൃഷ്ണിഭോജ-
ദാശാൎഹകാണാമധിപഃ സ ആസ്തേ
യമഭ്യഷിഞ്ചച്ഛതപത്രനേത്രോ
നൃപാസനാശാം പരിഹൃത്യ ദൂരാത്.

| | | | |
|---|---|---|---|
| ശതപത്രനേത്രഃ | ചെന്താമരക്കണ്ണനായ ഭഗവാൻ, | സാത്വതവൃഷ്ണിഭോജദാശാൎഹകാണാം | സാത്വതന്മാർ — വൃഷ്ണികാം— ദാശാൎഹന്മാർ എന്നിവരുടെയെല്ലാം |
| നൃപാസനാശാം | രാജസിംഹാസനത്തിലുള്ള ആശയെ | അധിപഃ | അധിപതിയായ |
| പരിഹൃത്യ | വെടിഞ്ഞു | സഃ | ആ ഉഗ്രസേനൻ |
| ദൂരാത് | അകന്നുനിന്നിരുന്ന | സുഖം | സൌഖ്യമായിട്ട് |
| യം | യാതൊരാളെ | കച്ചിത് ആസ്തേ | ഇരിക്കുന്നുവോ ? |
| അഭ്യഷിഞ്ചത് | രാജാവാക്കിവാഴിച്ചുവോ, | | |

30 കച്ചിദ്ധരേഃ സൌമ്യ സുതഃ സദൃക്ഷ-
ആസ്തേഽഗ്രണീ രഥിനാം സാധു സാംബഃ
അസൂത യം ജാംബവതീ വ്രതാഢ്യാ
ദേവം ഗുഹം യോംബികയാ ധൃതോഽഗ്രേ.

| | | | |
|---|---|---|---|
| സൌമ്യ | ഹേ സാധുശീല! | യഃ | യാതൊരുവൻ |
| ഹരേഃ | ശ്രീകൃഷ്ണന്റെ | അംബികയാ | ശ്രീപാർവ്വതിയാൽ |
| സദൃക്ഷഃ | തൽസദൃശനായ | ധൃതഃ | ഗർഭത്തിൽ ധരിക്കപ്പെട്ടിരുന്നുവോ, |
| സുതഃ | പുത്രനും | | |
| രഥിനാം | മഹാരഥന്മാരിൽവെച്ച് | ദേവം ഗുഹം | ആ സുബ്രഹ്മണ്യസ്വാമിയായ |
| അഗ്രണീഃ | അഗ്രഗണ്യനുമായ | യം | യാതൊരുവനെ (സാംബനെ) |
| സാംബഃ | സാംബൻ | | |
| സാധു | നല്ലപോലെ | വ്രതാഢ്യാ | വ്രതനിഷ്ഠയുള്ള |
| കച്ചിത് ആസ്തേ | ഇരിക്കുന്നുവോ? | ജാംബവതീ | ജാംബവതിയെന്നവൾ |
| അഗ്രേ | മുൻജന്മത്തിൽ | അസൂത | പ്രസവിച്ചതാണല്ലോ. |

31 ക്ഷേമം സ കച്ചിദ്യുയുധാന ആസ്തേ
യഃ ഫാല്ഗുനാല്ലബ്ധധനൂരഹസ്യഃ
ലേഭേഞ്ജസാധോക്ഷജസേവയൈവ
ഗതിം തദീയാം യതിഭിർദുരാപാം.

| | | | |
|---|---|---|---|
| ഫാല്ഗുനാത് | അർജ്ജുനനിൽനിന്ന് | ദുരാപാം | സമ്പാദ്യമാകാത്ത |
| ലബ്ധധനൂരഹസ്യഃ | ലഭിക്കപ്പെട്ട ധനുർവ്വേദരഹസ്യത്തോടുകൂടിയ | തദീയാം ഗതിം | അവിടുത്തെ സാരൂപ്യസൽഗതിയെ |
| യഃ | യാതൊരുവൻ | അഞ്ജസാ | എളുപ്പത്തിൽ |
| | | ലേഭേ | പ്രാപിച്ചുവോ, |
| അധോക്ഷജസേവയാ ഏവ | ശ്രീകൃഷ്ണഭഗവാന്റെ ഭജനംകൊണ്ടുതന്നെ | സഃ യുയുധാനഃ | ആ സാത്യകി |
| | | ക്ഷേമം | ക്ഷേമമായിട്ട് |
| യതിഭിഃ | യോഗികൾക്കുപോലും | കച്ചിത് ആസ്തേ | ഇരിക്കുന്നുണ്ടോ? |

32 കച്ചിദ്ബുധഃ സ്വസ്ത്യനമീവ ആസ്തേ
ശ്വഫല്കപുത്രോ ഭഗവത്പ്രപന്നഃ
യഃ കൃഷ്ണപാദാങ്കിതമാർഗ്ഗപാംസു-
ഷ്വചേഷ്ടത പ്രേമവിഭിന്നധൈര്യഃ

| | | | |
|---|---|---|---|
| ബുധഃ | വിദ്വാനും | കൃഷ്ണപാദാങ്കിതമാർഗ്ഗപാംസുഷു | ശ്രീകൃഷ്ണന്റെ കാൽപ്പാടുകൾ പതിഞ്ഞ പെരുവഴിയിലെ മൺപൊടികളിൽ |
| ഭഗവത്പ്രപന്നഃ | ഭഗവദനുസരണമുള്ളവനും | | |
| അനമീവഃ | പാപരഹിതനുമായ | | |
| ശ്വഫല്കപുത്രഃ | അക്രൂരൻ | പ്രേമവിഭിന്നധൈര്യഃ | പ്രേമഭക്തിയാൽ തകർന്നലഞ്ഞ ഉൾക്കരുത്തോടുകൂടിയവനായിട്ട് |
| സ്വസ്തി | സുഖമായിട്ട് | | |
| കച്ചിത് ആസ്തേ | ഇരിക്കുന്നുവോ? | | |
| യഃ | യാതൊരുവൻ | അചേഷ്ടത | വീണുരുണ്ടുപോൽ. |

33 കച്ചിച്ഛിവം ദേവകഭോജപുത്ര്യാ
വിഷ്ണുപ്രജായാ ഇവ ദേവമാതുഃ
യാ വൈ സ്വഗർഭേണ ദധാര ദേവം
ത്രയീ യഥാ യജ്ഞവിതാനമർത്ഥം

| | |
|---|---|
| ദേവക-ഭോജപുത്ര്യാഃ | ദേവകനെന്ന ഭോജൻെറ പുത്രിയായ ദേവകീദേവിക്ക് |
| വിഷ്ണുപ്രജായാഃ | വിഷ്ണുവിനെ പുത്രനായി ലഭിച്ച |
| ദേവമാതുഃ ഇവ | ദേവമാതാവായ അദിതിക്കെന്നപോലെ |
| ശിവം കച്ചിത് | കുശലംതന്നെയോ? |

| | |
|---|---|
| യജ്ഞവിതാനം | യജ്ഞാനുഷ്ഠാനരൂപമായ |
| അർത്ഥം | വിഷയത്തെ |
| ത്രയീ യഥാ | വേദമെന്നതുപോലെ |
| യാ വൈ | യാതൊരുവളാണല്ലോ |
| ദേവം | ഭഗവാനെ |
| സ്വഗർഭേണ | തൻെറ ഗർഭത്താൽ |
| ദധാര | ധരിച്ചതു്- |

34 അപിസ്വിദാസ്തേ ഭഗവാൻ സുഖം വോ
യഃ സാത്വതാം കാമദുഘോഽനിരുദ്ധഃ
യമാമനന്തി സ്മ ഹ ശബ്ദയോനിം
മനോമയം സത്ത്വതുരീയതത്ത്വം

| | |
|---|---|
| സാത്വതാം | ഉപാസകന്മാരുടെ |
| കാമദുഘഃ | ആഗ്രഹങ്ങളെ നിറവേററുന്ന |
| ഭഗവാൻ | ഷഡ്ഗുണനിധിയായ |
| വഃ യഃ | നിങ്ങളുടെ യാതൊരു |
| അനിരുദ്ധഃ | അനിരുദ്ധൻ |
| സുഖം | സൌഖ്യമായിട്ടു് |
| അപിസ്വിത് ആസ്തേ | വാഴുന്നുണ്ടോ? |
| യം | യാതൊരുവനെ |

| | |
|---|---|
| സത്ത്വതുരീയ-തത്ത്വം | അന്തഃകരണങ്ങളിൽ നാലാമത്തേതിൻെറ അധിഷ്ഠാനദൈവമായും |
| മനോമയം | മനസ്സിൻെറ പ്രകാശകനായും |
| ശബ്ദയോനിം | വാക്പ്രപഞ്ചത്തിൻെറ ഉറവിടമായും |
| ആമനന്തി സ്മ ഹ | വേദങ്ങൾ നിരൂപിച്ചുവെച്ചിരിക്കുന്നു |

35 അപിസ്വിദന്യേ ച നിജാത്മദൈവ-
മനനവൃത്ത്യാ സമനുവ്രതാ യേ
ഹൃദീകസത്യാത്മജചാരുദേഷ്ണ-
ഗദാദയഃ സ്വസ്തി ചരന്തി സൌമ്യ.

| | |
|---|---|
| സൌമ്യ | ഹേ സാധുശീല! |
| നിജാത്മ-ദൈവം | സ്വന്തം അന്തരാത്മാവിന്ന് ചൈതന്യമരുളുന്ന ദേവനെ (ശ്രീകൃഷ്ണനെ) |
| അനന്യവൃത്ത്യാ | ഏകാന്തമായ ഭക്തിഭാവത്തോടെ |

| | |
|---|---|
| സമനുവ്രതാഃ | വേണ്ടവിധം അനുവർത്തിച്ചുവരുന്ന |
| യേ | യാതൊരുവർ |
| അന്യേ ച | വേറെയും ഉണ്ടോ, |

| | | | |
|---|---|---|---|
| ഹൃദീകസത്യാത്മജചാരുദേഷ്ണഗദാദയഃ | ഹൃദീകൻ—സത്യഭാമാപുത്രൻ—ചാരുദേഷ്ണൻ—ഗദൻ മുതലായ അവരെല്ലാം | അപിസ്വിത് സ്വസ്തി ചരന്തി | സൌഖ്യമായിരിക്കുന്നുവോ ? |

36 അപി സ്വദോർഭ്യാം വിജയാച്യുതാഭ്യാം
ധർമ്മേണ ധർമ്മഃ പരിപാതി സേതും
ദുര്യോധനോഽതപ്യത യത്സഭായാം
സാമ്രാജ്യലക്ഷ്മ്യാ വിജയാനുവൃത്ത്യാ

| | | | |
|---|---|---|---|
| സ്വദോർഭ്യാം | തന്റെ ഇരുകരങ്ങളായ | വിജയാനുവൃത്ത്യാ | വിജയങ്ങളുടെ തുടർച്ചയാലുളവായ |
| വിജയാച്യുതാഭ്യാം | അർജ്ജുനനോടും കൃഷ്ണനോടുംകൂടി | സാമ്രാജ്യലക്ഷ്മ്യാ | സാമ്രാജ്യസമ്പത്തുനിമിത്തം |
| ധർമ്മഃ | ധർമ്മപുത്രർ | | |
| ധർമ്മേണ | ധർമ്മമാർഗ്ഗത്തിലൂടെ | യത്സഭായാം | യാതൊരുവന്റെ സഭയിൽവെച്ച് |
| സേതും | ധർമ്മമര്യാദയെ | | |
| അപി പരിപാതി | പരിപാലനംചെയ്തുവരുന്നുവോ ? | ദുര്യോധനഃ | ദുര്യോധനൻ |
| | | അതപ്യത | അന്തർദാഹംകൊണ്ടു. |

37 കിം വാ കൃതാഗേഷ്വഘമത്യമർഷീ
ഭീമോഽഹിവദ്ദീർഘതമം വ്യമുഞ്ചത്
യസ്യാങ്ഘ്രിപാതം രണഭൂർന്ന സേഹേ
മാർഗ്ഗം ഗദായാശ്ചരതോ വിചിത്രം.

| | | | |
|---|---|---|---|
| കൃതാഗേഷു | വിദ്രോഹമേല്പിച്ചവരിൽ | ഗദായാഃ | ഗദാപ്രയോഗത്തിന്റെ |
| അഹിവത് | സർപ്പംപോലെ | വിചിത്രം | അത്ഭുതകരമായ |
| അത്യമർഷീ | അധികം അമർഷമുള്ള | മാർഗ്ഗം | രീതിയെ അവലംബിച്ച് |
| ഭീമഃ | ഭീമസേനൻ | ചരതഃ | ചുവടുവെച്ചുനടക്കുന്ന |
| ദീർഘതമം | നീണ്ടകാലം നിലനിന്ന | യസ്യ | യാതൊരുവന്റെ |
| അഘം | പ്രതികാരബുദ്ധിയെ | അങ്ഘ്രിപാതം | പാദപ്രക്ഷേപത്തെ |
| വ്യമുഞ്ചത് കിം വാ | കൈവിട്ടിരിക്കുന്നുവോ, ഇല്ലയോ ? | രണഭൂഃ | രണാങ്കണംപോലും |
| | | ന സേഹേ | പൊറുത്തിട്ടില്ല. |

38 കച്ചിദ്യശോധാ രഥയൂഥപാനാം
ഗാണ്ഡീവധന്വാപരതാരിരാസ്തേ
അലക്ഷിതോ യച്ഛരകൂടഗൂഢോ
മായാകിരാതോ ഗിരിശസ്തുതോഷ.

| | |
|---|---|
| രഥയൂഥപാനാം | മഹാരഥികന്മാരുടെ മദ്ധ്യത്തിൽ |
| യശോധാഃ | കീർത്തിയെഴുന്ന |
| ഗാണ്ഡീവധന്വാ | ഗാണ്ഡീവി |
| ഉപരതാരിഃ | ഒടുങ്ങിക്കഴിഞ്ഞ ശത്രുക്കളോടുകൂടിയവനായിട്ട് |
| കച്ചിത് ആസ്തേ | വർത്തിക്കുന്നുവോ ? |
| മായാകിരാതഃ | മായകൊണ്ടു കാട്ടാളവേഷംപൂണ്ട |
| ഗിരിശഃ | ശ്രീപരമേശ്വരൻ |
| യച്ഛര-കൂടഗൂഢഃ | യാതൊരുവന്റെ (അർജ്ജുനന്റെ) ശരനിരകളാൽ മൂടപ്പെട്ട് |
| അലക്ഷിതഃ | പുറമെ കാണപ്പെടാത്ത വിധത്തിലുള്ളവനായിട്ട് |
| തുതോഷ | സന്തോഷിച്ചപോൽ |

39 യമാവുതസ്വിത്തനയൌ പൃഥായാഃ
പാർത്ഥൈർവൃതൌ പക്ഷ്മഭിരക്ഷിണീവ
രേമാത ഉദ്ധായ മൃധേ സ്വരിക്ഥം
പരാത് സുപർണ്ണാവിവ വജ്രിവക്ത്രാത്

| | |
|---|---|
| പൃഥായാഃ | കുന്തിയുടെ |
| തനയൌ | മക്കളായിവളർന്നവരും |
| അക്ഷിണീ | കണ്ണുകൾ |
| പക്ഷ്മഭിഃ | കണ്ണിമകളാൽ |
| ഇവ | എന്നപോലെ |
| പാർത്ഥൈഃ | കുന്തീപുത്രന്മാരാൽ |
| വൃതൌ | സംരക്ഷിക്കപ്പെട്ടവരുമായ |
| യമൌ | യുഗ്മജാതന്മാർ (നകുലസഹദേവന്മാർ) |
| മൃധേ | യുദ്ധത്തിൽ |
| പരാത് | ശത്രുവിന്റെ പക്കൽ നിന്നു് |
| സ്വരിക്ഥം | സ്വരാജ്യാവകാശത്തെ |
| ഉദ്ധായ | പിടിച്ചുപററി, |
| വജ്രിവക്ത്രാത് | ഇന്ദ്രന്റെ മുഖത്തുനിന്നു് (അമൃത് പിടിച്ചുപററിയ) |
| സുപർണ്ണൌ | രണ്ടു ഗരുഡന്മാർ |
| ഇവ | എന്നപോലെ |
| ഉതസ്വിത് രേമാതേ | സസുഖം വിഹരിക്കുന്നുവോ ? |

40 അഹോ പൃഥാഽപി ധ്രിയതേഽർഭകാർത്ഥേ
രാജർഷിവര്യേണ വിനാപി തേന
യസ്ത്വേകവീരോഽധിരഥോ വിജിഗ്യേ
ധനുർദ്വിതീയഃ കകുഭശ്ചതസ്രഃ.

| | |
|---|---|
| ഏകവീരഃ | മികച്ച പരാക്രമിയും |
| അധിരഥഃ | മഹാരഥനുമായിരുന്ന |
| യഃ തു | യാതൊരുത്തനാകട്ടെ |
| ധനുർദ്വിതീയഃ | വില്ലുമാത്രം സഹായമുള്ളവനായിട്ട് |
| കകുഭഃ | ദിക്കുകളെ |
| ചതസ്രഃ | നാലിനേയും |
| വിജിഗ്യേ | വിജയിക്കുകയുണ്ടായോ, |
| തേന രാജർഷി-വര്യേണ | ആ രാജർഷിപ്രമുഖനായ പാണ്ഡുവിനോടു് |
| വിനാ അപി | കൂടാതേയുംകൂടി, |
| അഹോ | ആശ്ചര്യം ! |
| പൃഥാ അപി | കുന്തിപോലും |
| അർഭകാർത്ഥേ | മക്കൾക്കുവേണ്ടി |
| ധ്രിയതേ | ജീവധാരണംചെയ്യുന്നു. |

അത്ര നല്ല ഭർത്താവു മരിച്ചിട്ടും മക്കൾക്കുവേണ്ടിമാത്രം ജീവൻ ധരിച്ചുവന്ന കുന്തിയുടെ ക്ഷേമവാർത്തയെപ്പററി എന്തുചോദിപ്പാനിരിക്കുന്നു! എന്നാൽ ധൃതരാഷ്ട്രരുടെ ജീവിതമോ?-അതിനെക്കുറിച്ചു പറയുന്നു-

41 സൌമ്യാനുശോചേ തമധഃപതന്തം
ഭ്രാത്രേ പരേതായ വിദുദ്രുഹേ യഃ
നിര്യാപിതോ യേന സുഹൃത് സ്വപുര്യാ
അഹം സ്വപുത്രാൻ സമനുവ്രതേന.

| സൌമ്യ | ഹേ സാധുശീല! | സുഹൃത് | ഗുണകാംക്ഷിയും സഹോദരനുമായ |
|---|---|---|---|
| യഃ | യാതൊരാൾ | | |
| പരേതായ | അന്തരിച്ചുപോയ | അഹം | ഞാൻ |
| ഭ്രാത്രേ | സഹോദരന്റെ നേക്കു് | സ്വപുര്യാഃ | സ്വനഗരത്തിൽനിന്നു് |
| വിദുദ്രുഹേ | (തൽപുത്രന്മാരെദ്രോഹിക്കുന്ന വഴിക്കു്) ദ്രോഹമേല്പിച്ചുവോ, | നിര്യാപിതഃ | ആട്ടിയകററപ്പെട്ടുവോ, |
| യേന | യാതൊരാളാൽ | അധഃപതന്തം | അവ്വിധം അധഃപതിച്ചുകൊണ്ടു് ജീവിച്ചുവരുന്ന |
| സ്വപുത്രാൻ | തന്റെ മക്കളെ | തം | ആയാളെക്കുറിച്ചു് |
| സമനുവ്രതേന | കണക്കിലേറെ അനുസരിച്ചുനിന്നുകൊണ്ടു് | അനുശോചേ | ഞാൻ അനുശോചിക്കുന്നു |

ഇങ്ങനെ ബന്ധുക്കളുടെ കുശലം അന്വേഷിച്ചശേഷം വിദുരർ സ്വന്തം നിലയെ വ്യക്തമാക്കിക്കൊണ്ടു് വീണ്ടും ഉദ്ധവരോടു തുടൎന്നു പറയുന്നു:

42 സോऽഹം ഹരേർമ്മത്ത്യവിഡംബനേന
ദൃശോ നൃണാം ചാലയതോ വിധാതുഃ
നാന്യോപലക്ഷ്യഃ പദവീം പ്രസാദാ-
ച്ചരാമി പശ്യൻ ഗതവിസ്മയോऽത്ര.

| സഃ അഹം | അങ്ങനെയുള്ള ഞാൻ | പദവീം | തന്മാഹാത്മ്യത്തെ |
|---|---|---|---|
| മത്ത്യ-വിഡംബനേന | മനുഷ്യഭാവാനുകരണം കൊണ്ടു് | പശ്യൻ | കണ്ടുംകൊണ്ടു് |
| നൃണാം | മനുഷ്യരുടെ | ഗതവിസ്മയഃ | അകന്നുപോയ അത്ഭുതത്തോടുകൂടിയവനായും |
| ദൃശഃ | കണ്ണുകളെ | നാന്യോ-പലക്ഷ്യഃ | മററുള്ളവൎക്കു കണ്ടെത്താൻ കഴിയാത്ത വനുമായിട്ടു് |
| ചാലയതഃ | അമ്പരപ്പിക്കുന്നവനും | | |
| വിധാതുഃ | ലോകകാരണനുമായ | | |
| ഹരേഃ | ശ്രീകൃഷ്ണഭഗവാന്റെ | അത്ര | ഇവിടെ |
| പ്രസാദാത് | അനുഗ്രഹത്താൽ, | ചരാമി | സഞ്ചരിക്കുന്നു. |

സർവ്വശക്തനായ ശ്രീകൃഷ്ണൻ അപരാധികളെ തൽക്ഷണംതന്നെ ഉപേക്ഷ കാണിക്കാതെ നിഗ്രഹിച്ചതായിരുന്നുവെങ്കിൽ അവിടത്തെ ഭക്തന്മാരായ പാണ്ഡവൎക്കു വനവാസാദിക്ലേശം നേരിടുകയില്ലായിരുന്നു. ദൂതുപറയാൻ പോയപ്പോഠം സംഭവിച്ച മാനഹാനി തനിക്കും വേണ്ടിവരുമായിരുന്നില്ല. ഭഗവാന്റെ ഈ ഉപേക്ഷയ്ക്കുള്ള കാരണം ഇനി വ്യക്തമാക്കുന്നു.

43 നൂനം നൃപാണാം ത്രിമദോത്പഥാനാം
മഹീം മുഹുശ്ചാലയതാം ചമൂഭിഃ
വധാത് പ്രപന്നാർത്തിജിഹീർഷയേശോ
വ്യുപൈക്ഷതാഘം ഭഗവാൻ കുരൂണാം.

| | | | |
|---|---|---|---|
| ത്രിമദോത്-പഥാനാം | വിദ്യ, ധനം, കുലീനത എന്നീ മൂന്നിനങ്ങളെ ആസ്പദിച്ചുണ്ടായ മദത്താൽ വഴി തെററിയവരും | വധാത് | വധംകൊണ്ടു് |
| ചമൂഭിഃ | സൈന്യങ്ങളാൽ | പ്രപന്നാർത്തി-ജിഹീർഷയാ | ശരണാഗതന്മാരുടെ സന്താപത്തെ നീക്കുവാനുള്ള ആഗ്രഹം മൂലം |
| മഹീം | ഭൂമിയെ | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| മുഹുഃ | അടിക്കടി | ഈശഃ | എപ്പോഴും എന്തിന്നും കഴിവുറവനെന്നിരിക്കിലുംകൂടി |
| ചാലയതാം | ചലിപ്പിച്ചുകൊണ്ടുള്ളവരും ആയ | കുരൂണാം | കൌരവരുടെ |
| | | അഘം നൂനം | അകൃത്യത്തെ തീൎച്ചയായും |
| നൃപാണാം | സർവ്വരാജാക്കന്മാരുടെയും | വ്യുപേക്ഷത | തൽക്കാലം പൊറുത്തു. |

44 അജസ്യ ജന്മോത്പഥനാശനായ
കർമ്മാണ്യകർത്തുർഗ്രഹണായ പുംസാം
നന്വന്യഥാ കോഽർഹതി ദേഹയോഗം
പരോ ഗുണാനാമുത കർമ്മതന്ത്രം.

| | | | |
|---|---|---|---|
| അജസ്യ | സ്വതേ ജന്മമില്ലാത്തവനു് | ഗ്രഹണായ | കർമ്മപ്രവർത്തനബോധം ഉണ്ടാക്കുന്നതിന്നും ആകുന്നു. |
| ജന്മ | ജനനം വേണ്ടിവരുന്നതു് | അന്യഥാ | അതല്ലെങ്കിൽ |
| ഉത്പഥ-നാശനായ | ദുൎമ്മാൎഗ്ഗികളെ ഒടുക്കുന്നതിന്നും, | ഗുണാനാം | പ്രകൃതിഗുണങ്ങഠംക്കു് |
| | | പരഃ | അതീതനായി വർത്തിക്കുന്ന |
| അകർത്തുഃ | സ്വതേ കർത്തൃത്വമില്ലാത്തവനു് | കഃ നനു | ഏതൊരുവനാണു് |
| | | ദേഹയോഗം | ശരീരബന്ധത്തെയും |
| കർമ്മാണി | കർമ്മങ്ങഠം വേണ്ടിവരുന്നതു് | ഉത | അതിനുപുറമെ |
| | | കർമ്മതന്ത്രം | കർമ്മാചരണത്തേയും |
| പുംസാം | ജനങ്ങഠംക്കു് | അർഹതി | വേണ്ടിയിരിക്കുന്നതു് ? |

45 തസ്യ പ്രപന്നാഖിലലോകപാനാ-
മവസ്ഥിതാനാമനുശാസനേ സ്വേ
അർത്ഥായ ജാതസ്യ യദുഷ്വജസ്യ
വാർത്താം സഖേ കീർത്തയ തീർത്ഥകീർത്തേഃ

| | | | |
|---|---|---|---|
| പ്രപന്നാഖില- ലോകപാനാം | ശരണാഗതന്മാരായ സമസ്തലോകപാലന്മാരുടേയും, | യദുഷു | യാദവകുലത്തിൽ |
| സ്വേ | സ്വീയമായ | ജാതസ്യ | ജനിച്ച |
| അനുശാസനേ | ആദേശത്തിൽ | തീർത്ഥകീർത്തേഃ | പുണ്യകീർത്തിമാനായ |
| അവസ്ഥിതാനാം | അടിയുറച്ചു നില്ക്കുന്നവരുടേയും | തസ്യ അജസ്യ | ആ ജന്മരഹിതന്റെ |
| | | വാർത്താം | കഥയെ |
| | | സഖേ | ഹേ പരമസുഹൃത്തേ! |
| അർത്ഥായ | കാര്യത്തിന്നുവേണ്ടി | കീർത്തയ | വിസ്തരിച്ചുപറഞ്ഞാലും. |

സർവ്വദുർവൃത്തന്മാരേയും സർവ്വഥാ ഉന്മൂലനം ചെയ്തു്, നിജോപദിഷ്ടമായ സദ്ധർമ്മത്തിൽ നിലകൊള്ളുന്നവരെ പരിപാലിക്കുക എന്നതാണു് ഭഗവാന്റെ ജന്മകർമ്മങ്ങളുടെ പ്രയോജനം. ആയതു് വേണ്ടനേരത്തു് വേണ്ടതുപോലെ വേണ്ടേടത്തുവെച്ചു് ഭഗവാൻ നിർവ്വഹിക്കുന്നു. ഉപേക്ഷയോ ഉദാസീനതയോ അവിടുത്തേക്കില്ല. ഇത്രയും ദയാമയനും അചിന്ത്യമഹിമാവും ആയ ശ്രീകൃഷ്ണഭഗവാന്റെ വാർത്തയെ വിസ്തരിച്ചു കേൾക്കുവാൻ മാത്രമേ ഭക്തനായ വിദുരർ ആഗ്രഹിക്കുന്നുള്ളു

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ

വിദുരോദ്ധവസംവാദേ പ്രഥമോഽദ്ധ്യായഃ.

ഒന്നാമദ്ധ്യായം കഴിഞ്ഞു.

## ദ്വിതീയോഽദ്ധ്യായഃ : രണ്ടാമദ്ധ്യായം.

"ദ്വിതീയേ കൃഷ്ണവിശ്ലേഷാദനുശോചന്നഥോദ്ധവഃ
ക്ഷത്ത്രേ ബാലചരിത്രാണി കൃഷ്ണസ്യാവർണ്ണയച്ഛ്വസൻ"

### കൃഷ്ണവിരഹാർത്തനായ ഉദ്ധവർ വിദുരരോട് സംക്ഷിപ്തമായി പറയുന്ന ശ്രീകൃഷ്ണബാലലീലകൾ

**ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു :**

വിദുരവാക്യശ്രവണത്താൽ ഭഗവദ്വിരഹാർത്തി മൂർച്ഛിച്ച ഉദ്ധവരുടെ നില ആദ്യം ആറു ശ്ലോകങ്ങളാൽ വ്യക്തമാക്കുന്നു.

1 **ഇതി ഭാഗവതഃ പൃഷ്ടഃ ക്ഷത്ത്രാ വാർത്താം പ്രിയാശ്രയാം**
**പ്രതിവക്തും ന ചോത്സേഹ ഔത്കണ്ഠ്യാത്സ്മാരിതേശ്വരഃ**

| | | | |
|---|---|---|---|
| ഇതി | ഈവിധം | സ്മാരിതേശ്വരഃ | ഭഗവാനെ ഓർക്കുവാൻ സംഗതിവന്നവനായിട്ട് |
| ക്ഷത്ത്രാ | വിദുരരാൽ | ഔത്കണ്ഠ്യാത് | തദ്വിരഹതാപത്താൽ |
| പ്രിയാശ്രയാം | പ്രിയംകരനായ ശ്രീകൃഷ്ണനെ സംബന്ധിച്ചുള്ള | പ്രതിവക്തും | മറുവടിപറയുവാൻ |
| വാർത്താം | വൃത്താന്തത്തെപ്പററി | ന ച ഉത്സേഹേ | തീരെ ശക്തനായില്ല. |
| പൃഷ്ടഃ | ചോദിക്കപ്പെട്ട | | |
| ഭാഗവതഃ | ആ ഭഗവൽഭക്തൻ | | |

ഉദ്ധവരുടെ കൃഷ്ണപ്രേമപാരവശ്യം ചെറുപ്രായത്തിൽത്തന്നെ വേരൂന്നിയതാണെന്ന് താഴെ പറയുന്നു:—

2 **യഃ പഞ്ചഹായനോ മാത്രാ പ്രാതരാശായ യാചിതഃ**
**തന്നൈച്ഛദ്രചയൻ യസ്യ സപര്യാം ബാലലീലയാ**

3 **സ കഥം സേവയാ തസ്യ കാലേന ജരസം ഗതഃ**
**പൃഷ്ടോ വാർത്താം പ്രതിബ്രൂയാത് ഭർത്തുഃ പാദാവനുസ്മരൻ.**

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | രചയൻ | ചെയ്തുകൊണ്ടിരുന്നു, |
| പഞ്ചഹായനഃ | അഞ്ചുവയസ്സായ ബാലനായിരുന്നിട്ടുകൂടി | മാത്രാ | അമ്മയാൽ |
| യസ്യ | യാതൊരു ഭഗവാന്റെ | പ്രാതരാശായ | പ്രാതലൂണിന്നു |
| സപര്യാം | പരിചര്യയെ | യാചിതഃ | വിളിക്കപ്പെട്ടവനായി, |
| ബാലലീലയാ | ബാലക്രീഡയിലൂടെ | തത് | അതിനെപ്പോലും |

| | | | |
|---|---|---|---|
| ന ഐച്ഛത് | ഇച്ഛിക്കാതെ ഇരുന്നിട്ടുണ്ടായിരുന്നുവോ, | പൃഷ്ടഃ | ചോദിക്കപ്പെട്ടവനായിട്ടു്, |
| തസ്യ | ആ ഭഗവാന്റെതന്നെ | ഭർത്തുഃ | തന്റെ രക്ഷിതാവായ ഭഗവാന്റെ |
| സേവയാ | സേവനത്തിലൂടെ | പാദൌ | തൃപ്പാദങ്ങളെ |
| കാലേന | കാലംകൊണ്ടു് | അനുസ്മരൻ | ഓൎത്തിരുന്നുകൊണ്ടു് |
| ജരസം | വാൎദ്ധക്യത്തെ | കഥം | എങ്ങനെ |
| ഗതഃ | പ്രാപിച്ചിരിക്കുന്ന | പ്രതിബ്രൂയാത് | മറുവടി പറയുവാൻ ശക്തനാകും ? |
| സഃ | ആ ഉദ്ധവർ | | |
| വാൎത്താം | ഭഗവദ്വൃത്താന്തത്തെപ്പററി | | |

4 സ മുഹൂർത്തമഭൂത്തൂഷ്ണീം കൃഷ്ണാംഘ്രിസുധയാ ഭൃശം
തീവ്രേണ ഭക്തിയോഗേന നിമഗ്നഃ സാധു നിർവൃതഃ.

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | ഭക്തിയോഗേന | ഭക്തിയോഗംകൊണ്ടു് |
| കൃഷ്ണാംഘ്രിസുധയാ | കൃഷ്ണപാദസ്മൃതിയാവുന്ന സുധാരസത്താൽ | ഭൃശം നിമഗ്നഃ | അളവിലേറെ ആ ആനന്ദസുധാരസത്തിൽ മുഴുകിയവനുമായിട്ടു് |
| സാധു | നല്ലപോലെ | | |
| നിർവൃതഃ | ആനന്ദമാൎന്നവനും | മുഹൂർത്തം | കുറച്ചുനേരം |
| തീവ്രേണ | വൈവശ്യം ജനിപ്പിക്കുമാറു് ബലവത്തായ | തൂഷ്ണീം അഭൂത് | മൌനഭാവം പൂണ്ടുകൊണ്ടിരുന്നു |

5 പുളകോദ്ഭിന്നസർവ്വാംഗോ മുഞ്ചൻ മീലദ്ദൃശാ ശുചഃ
പൂൎണ്ണാർത്ഥോ ലക്ഷിതസ്തേന സ്നേഹപ്രസരസംപ്ലുതഃ.

| | | | |
|---|---|---|---|
| പുളകോദ്ഭിന്നസർവ്വാംഗഃ | രോമാഞ്ചംകൊണ്ടു വിജൃംഭിച്ച സർവ്വാവയവങ്ങളോടുകൂടിയവനായി, | സ്നേഹപ്രസരസംപ്ലുതഃ | ഭഗവാങ്കലെഴുന്ന സ്നേഹവായ്പിൽ നിമഗ്നനായിരിക്കുന്ന ഉദ്ധവൻ |
| മീലദ്ദൃശാ | നിമീലതമായ നേത്രത്തിലൂടെ | തേന | ആ വിദുരരാൽ |
| ശുചഃ | കണ്ണുനീർ | പൂൎണ്ണാർത്ഥഃ | തികച്ചും ചരിതാർത്ഥനായിട്ടു് |
| മുഞ്ചൻ | തൂകിക്കൊണ്ടു് | ലക്ഷിതഃ | കാണപ്പെട്ടു. |

6 ശനകൈർഭഗവല്ലോകാന്നൃലോകം പുനരാഗതഃ
വിമൃജ്യ നേത്രേ വിദുരം പ്രത്യാഹോദ്ധവ ഉത്സ്മയൻ

| | | | |
|---|---|---|---|
| ഭഗവല്ലോകാത് | ഭഗവത്സ്വരൂപമാവുന്ന ലോകത്തിൽനിന്നു് | ശനകൈഃ | സാവകാശം |
| | | ആഗതഃ | വന്നുചേൎന്ന് |
| നൃലോകം | മനുഷ്യലോകത്തിലേക്കു് | ഉദ്ധവഃ | ഉദ്ധവൻ |
| പുനഃ | വീണ്ടും | നേത്രേ | കണ്ണുരണ്ടും |

| | | | |
|---|---|---|---|
| വിമൃജ്യ | തുടച്ച് | വിദുരം | വിദുരരോട് |
| ഉത്സ്മയൻ | (ഭഗവല്ലീലകളോർത്ത്) വിസ്മയംപൂണ്ടുകൊണ്ട് | പ്രത്യാഹ | മറുപടിപറഞ്ഞു. |

ഉദ്ധവ ഉവാച — ഉദ്ധവർ പറഞ്ഞു :

7 കൃഷ്ണദ്യുമണിനിമ്ലോചേ ഗീർണ്ണേഷ്വജഗരേണ ഹ
കിം നു നഃ കുശലം ബ്രൂയാം ഗതശ്രീഷു ഗൃഹേഷ്വഹം.

| | | | |
|---|---|---|---|
| ഹ | കഷ്ടമേകഷ്ടം! | ഗതശ്രീഷു | ശ്രീത്വം നശിച്ചുപോയ |
| കൃഷ്ണദ്യുമണി-നിമ്ലോചേ | ശ്രീകൃഷ്ണനാവുന്ന ആദിത്യദേവനസ്തമിച്ചരിക്കെ, | നഃ ഗൃഹേഷു | നമ്മുടെ ഗൃഹങ്ങളിലെ |
| അജഗരേണ | കാലപ്പെരുമ്പാമ്പിനാൽ | കുശലം | ക്ഷേമവാർത്തയെപ്പററി |
| ഗീർണ്ണേഷു | വിഴുങ്ങപ്പെട്ട് | അഹം പുനഃ | ഞാൻ ഇനി |
| | | കിം ബ്രൂയാം | എന്തുപറയട്ടെ. |

8 ദുർഭഗോ ബത ലോകോഽയം യദവോ നിതരാമപി
യേ സംവസന്തോ ന വിദുർഹരിം മീനാ ഇവോഡുപം.

| | | | |
|---|---|---|---|
| ബത | ഹാ കഷ്ടം ! | മീനാഃ | മത്സ്യങ്ങളും |
| അയം ലോകഃ | ഈ ലോകം | ഉഡുപം | (വെള്ളത്തിൽനിഴലിച്ച) ചന്ദ്രനെ |
| ദുർഭഗഃ | ഭാഗ്യം കെട്ടതാണ്; | | |
| യദവഃ | യാദവന്മാർ | ഇവ | സാക്ഷാത്തായി അറിയാത്തതുപോലെ |
| നിതരാം അപി | വിശേഷിച്ചും | | |
| യേ | യാതൊരുവർ | ഹരിം | ശ്രീകൃഷ്ണനെ |
| സംവസന്തഃ | സഹവസിച്ചിരുന്നിട്ടുംകൂടി | ന വിദുഃ | ശരിക്കും അറിയാതിരുന്നു. |

യാദവന്മാർ പൊതുവിൽ വിജ്ഞന്മാരായിരുന്നിട്ടും കൃഷ്ണനെ വാസ്തവികമായി അറിയാതിരുന്നതു് അവരുടെ ഭാഗ്യക്കേടുകൊണ്ടുമാത്രമാണെന്നു് താഴെ എടുത്തുപറയുന്നു.

9 ഇംഗിതജ്ഞാഃ പുരുപ്രൗഢാ ഏകാരാമാശ്ച സാത്വതാഃ
സാത്വതാമൃഷഭം സർവ്വേ ഭൂതാവാസമമംസത.

| | | | |
|---|---|---|---|
| സാത്വതാഃ | യാദവന്മാർ | ഭൂതാവാസം | സമസ്തഭൂതങ്ങളുടേയും ആവാസകേന്ദ്രമായ ഈശ്വരനെ |
| സർവ്വേ | മുഴുവൻ | | |
| ഇംഗിതജ്ഞാഃ | ഉള്ളറിയാവുന്നവരും | | |
| പുരുപ്രൗഢാഃ | അതിനിപുണന്മാരും | സാത്വതാം ഋഷഭം | യദുവംശജന്മാരുടെ ഇടയിൽ ശ്രേഷ്ഠനായിട്ടു മാത്രം |
| ഏകാരാമാഃ ച | ഒരേടത്തുതന്നെ കൌതുകം കൊണ്ടിരുന്നവരും മററും ആയിട്ടുകൂടി | അമംസത | വിചാരിച്ചുവന്നു. |

ഇംഗിതാദികളാൽ ശ്രീകൃഷ്ണനെ ഈശ്വരനെന്നു അറിഞ്ഞുവെച്ച ഏതാനും ഭാഗ്യശാലികളായ യാദവന്മാർകൂടി മൂഢന്മാരുടെ വാക്കു കേൾക്കമൂലം പിഴച്ചുപോയി. അവൎക്കു ഭാഗ്യംകൊണ്ടു് ഫലമുണ്ടായില്ല. എങ്കിലും

10 ദേവസ്യ മായയാ സ്പൃഷ്ടാ യേ ചാന്യദസദാശ്രിതാഃ
ഭ്രാമ്യതേ ധീർന തദ്വാക്യൈരാത്മന്യുപ്താത്മനോ ഹരൗ

| | | | |
|---|---|---|---|
| ദേവസ്യ | ലീലാമയനായ ഈശ്വരന്റെ | തദ്വാക്യൈഃ | ആ രണ്ടുതരക്കാരുടേയും വാക്യങ്ങളാൽ |
| മായയാ | മായയാൽ | ആത്മനി | ആത്മസ്വരൂപമായ |
| സ്പൃഷ്ടാഃ | സ്പർശിക്കപ്പെട്ട | ഹരൗ | ശ്രീകൃഷ്ണമൂർത്തിയിൽ |
| യേ | യാവചിലരും, | ഉപ്താത്മനഃ | ചിത്തസമർപ്പണംചെയ്തിരിക്കുന്ന (എന്നപ്പോലെയുള്ളവന്റെ |
| അസത് | അസത്തായ | | |
| അന്യത് | മററു വൈരാദിചിത്തവൃത്തിയെ | | |
| ആശ്രിതാഃ | അവലംബിച്ചവരായ | ധീഃ | ബുദ്ധി |
| യേ ച | യാവചിലരും ഉണ്ടോ, | ന ഭ്രാമ്യതേ | ഭ്രമിപ്പിക്കപ്പെടുന്നതല്ല. |

അങ്ങനെയല്ലാത്തവരുടെ ബുദ്ധിയാണു് പതറിപ്പോയതെന്നു് ആശയം. എന്നാൽ ശ്രീകൃഷ്ണൻ ആരെന്നറിയണമല്ലോ- പറഞ്ഞുതുടങ്ങുന്നു-

11 പ്രദർശ്യാതപ്തതപസാമവിതൃപ്തദൃശാം നൃണാം
ആദായാന്തരധാദ്യസ്തു സ്വബിംബം ലോകലോചനം.

| | | | |
|---|---|---|---|
| യഃ തു | യാതൊരു ശ്രീകൃഷ്ണഭഗവാനാകട്ടെ, | നൃണാം | ജനങ്ങൾക്കു് |
| അതപ്ത-തപസാം | തപസ്സനുഷ്ഠിക്കാതെയിരുന്നവരും | സ്വബിംബം | സ്വന്തംതിരുവുടൽ |
| അവിതൃപ്ത-ദൃശാം | (ഭഗവാനെക്കണ്ടു്) തൃപ്തിയടയാത്ത നേത്രങ്ങളോടുകൂടിയവരും ആയ | പ്രദർശ്യ | കാട്ടിക്കൊടുത്തു്, |
| | | ലോകലോചനം | ജനനേത്രത്തേയും |
| | | ആദായ | ആകർഷിച്ചെടുത്തു് |
| | | അന്തരധാത് | അന്തർദ്ധാനംചെയ്തു. |

ഇനി അടുത്ത മൂന്നുശ്ലോകംകൊണ്ടു് ഈ തിരുവുടലിനെത്തന്നെ വർണ്ണിച്ചുപറയുന്നു.

12 യന്മർത്ത്യലീലൗപയികം സ്വയോഗ-
മായാബലം ദർശയതാ ഗൃഹീതം
വിസ്മാപനം സ്വസ്യ ച സൗഭഗർദ്ധേഃ
പരം പദം ഭൂഷണഭൂഷണാംഗം.

| | | | |
|---|---|---|---|
| സ്വയോഗ-മായാബലം | തന്റെ യോഗമായാവൈഭവത്തെ | മർത്ത്യലീലൗ-പയികം | മാനുഷലീലയ്ക്കു് ഉപയുക്തമാകുംപ്രകാരം |
| ദർശയതാ | പ്രദർശിപ്പിക്കുന്ന ഭഗവാനാൽ | ഗൃഹീതം | സ്വീകരിക്കപ്പെട്ട |

| | | | |
|---|---|---|---|
| യത് | യാതൊരു തിരുവുടൽ | ഭൂഷണ- ഭൂഷണാംഗം | അലങ്കാരങ്ങൾക്കുകൂടി അലങ്കാരമായ അംഗങ്ങളോടുകൂടിയതും |
| സൗഭഗർദ്ധേഃ | സൗന്ദര്യാതിശയത്തിന്റെ | സ്വസ്യ ച | തനിക്കുകൂടി |
| പരം പദം | പരമകാഷ്ഠയിലുള്ളതും | വിസ്മാപനം | വിസ്മയജനകമായതും ആയിരുന്നു. |

13 യദ്ധർമ്മസൂനോർബത രാജസൂയേ
നിരീക്ഷ്യ ദൃക്സ്വസ്ത്യയനം ത്രിലോകഃ
കാർത്സ്ന്യേന ചാദ്യേഹ ഗതം വിധാതു-
രർവ്വാക്സൃതൗ കൗശലമിത്യമന്യത.

| | | | |
|---|---|---|---|
| ബത | ആശ്ചര്യകരം ! | വിധാതുഃ | "ബ്രഹ്മാവിന്റെ |
| ധർമ്മസൂനോഃ | യുധിഷ്ഠിരന്റെ | അർവ്വാക്സൃതൗ | ഇതിനുമുമ്പുകഴിഞ്ഞ സൃഷ്ടിയിലെ |
| രാജസൂയേ | രാജസൂയത്തിൽവെച്ച്, | കൗശലം | നൈപുണ്യം |
| ദൃക്സ്വസ്ത്യയനം | കണ്ണുകൾക്ക് നിർവൃതിയേകുന്ന | കാർത്സ്ന്യേന ച | മുഴുവൻതന്നെയും |
| യത് | യാതൊരു തിരുവുടലിനെ | അദ്യ | ഇന്ന് |
| നിരീക്ഷ്യ | നല്ലപോലെക്കണ്ട് | ഇഹ | ഈ മോഹനവിഗ്രഹത്തിൽ |
| ത്രിലോകഃ | മൂന്നുലോകത്തിലുള്ളവരും | ഗതം | ചെന്നായിപ്പോയിരിക്കുന്നു" |
| ഇതി | ഇങ്ങനെ | | |
| അമന്യത | വിചാരിച്ചു- | | |

14 യസ്യാനുരാഗപ്ലുതഹാസരാസ-
ലീലാവലോകപ്രതിലബ്ധമാനാഃ
വ്രജസ്ത്രിയോ ദൃഗ്ഭിരനുപ്രവൃത്ത-
ധിയോഽവതസ്ഥുഃ കില കൃത്യശേഷാഃ

| | | | |
|---|---|---|---|
| യസ്യ | യാതൊരു മോഹനവിഗ്രഹത്തിന്റെ | ദൃഗ്ഭിഃ | കണ്ണുകളോടുകൂടെ |
| അനുരാഗപ്ലുത-ഹാസരാസ-ലീലാവലോക-പ്രതിലബ്ധമാനാഃ | പ്രേമാർദ്രമായ മന്ദഹാസം, വിനോദം, കടാക്ഷവീക്ഷണം എന്നിവയാൽ പ്രത്യേകം ആത്മാഭിമാനം കൈവന്ന | അനുപ്രവൃത്ത-ധിയഃ | അനുഗമിച്ച ചിത്തവൃത്തികളോടുകൂടിയവരായി, |
| | | കൃത്യശേഷാഃ | ഗൃഹകൃത്യങ്ങൾ ബാക്കി വെച്ചുകൊണ്ട് |
| വ്രജസ്ത്രിയഃ | ഗോകുലനാരിമാർ | അവതസ്ഥുഃ കില | നിന്നനിലയിൽത്തന്നെ നിന്നിരുന്നുപോലും |

ഭഗവാൻ ഈ വിധം സ്വരൂപധാരണംചെയ്തത് എന്തിനുവേണ്ടിയാണെന്നു ഇനിമേൽ പറയുന്നു-

15 സ്വശാന്തരൂപേഷ്വിതരൈഃ സ്വരൂപൈ-
രഭ്യർദ്യമാനേഷ്വനുകമ്പിതാത്മാ
പരാവരേശോ മഹദംശയുക്തോ
ഹ്യജോഽപി ജാതോ ഭഗവാൻ യഥാഽഗ്നിഃ.

| | | | |
|---|---|---|---|
| സ്വശാന്ത-രൂപേഷു | തന്റെ ശാന്താകാരമുള്ളവർ (ദേവാദികൾ) | പരാവരേശഃ | സർവ്വനിയന്താവും |
| ഇതരൈഃ | അങ്ങനെയല്ലാത്ത | മഹദംശയുക്തഃ | മഹദംശത്തോട് (സർവ്വകാരണമായ അവ്യക്തസത്തയോടു) ചേർന്നവനും ആയ |
| സ്വരൂപൈഃ | ആകാരമുള്ളവരാൽ (അസുരരാൽ) * | ഭഗവാൻ | ഈശ്വരൻ |
| അഭ്യർദ്യ-മാനേഷു | എതിരിട്ടു പീഡിപ്പിക്കപ്പെടുന്ന സന്ദർഭങ്ങളിൽ | ഹി | സ്വതവേ |
| അനു-കമ്പിതാത്മാ | അവരിൽ അനുകമ്പയാർന്ന മാനസത്തോടുകൂടിയവനായിട്ട്, | അജഃ അപി | ജനനാദിവിക്രിയാരഹിതനെന്നിരിക്കിലും |
| | | അഗ്നിഃ യഥാ | അഗ്നിയെന്നപോലെ † |
| | | ജാതഃ | സരൂപനായവതരിച്ചു. |

* ശാന്തങ്ങളും ഘോരങ്ങളുമായി കാണപ്പെടുന്ന രണ്ടു രൂപഭേദങ്ങളും ഭഗവാന്റേതുതന്നെ. ശാന്തങ്ങളിൽ അശാന്തങ്ങളുടെ ഘോരസമ്മർദ്ദം സംജാതമാകുമ്പോൾ തന്നിവാരണാർത്ഥം ഭഗവാൻ അവതരിക്കുന്നു.

† പഞ്ചഭൂതങ്ങളിൽ ഒന്നായ അഗ്നി നിത്യസിദ്ധമെന്നിരിക്കിലും വിറകുകളിൽ പ്രത്യേകം സരൂപമായി പ്രത്യക്ഷപ്പെടുന്നതുപോലെ.

ഭഗവാനിൽ ഉണ്ടെന്നു തോന്നുന്ന പാരതന്ത്ര്യം സ്വേച്ഛാഗൃഹീതമാണെന്നു് താഴെ രണ്ടു ശ്ലോകംകൊണ്ടു സൂചിപ്പിക്കുന്നു.

16 മാം ഖേദയത്യേതദജസ്യ ജന്മ-
വിഡംബനം യദ്വസുദേവഗേഹേ
വ്രജേ ച വാസോഽരിഭയാദിവ സ്വയം
പുരാദ് വ്യവാത്സീദ്യദനന്തവീര്യഃ

| | | | |
|---|---|---|---|
| വസുദേവ-ഗേഹേ | വസുദേവരുടെ ഗൃഹത്തിൽ (ബന്ധനാലയത്തിൽ) | അനന്തവീര്യഃ | അളവററ പരാക്രമത്തോടുകൂടിയ ഭഗവാൻ |
| അജസ്യ | ജന്മരഹിതനായ ഭഗവാന്റെ | അരി-ഭയാത് ഇവ | ശത്രുഭീതിയാലെന്നപോലെ |
| ജന്മവിഡംബനം | ജന്മാനുകരണം | സ്വയം | തന്നെത്താൻ |
| യത് | യാതൊന്നുണ്ടായോ, അതും, | പുരാത് | മഥുരാപുരിയിൽനിന്നു് |
| വ്രജേ | ഗോകുലത്തിങ്കലെ | വ്യവാത്സീത് | മാറിത്താമസിച്ചു |
| വാസഃ ച | പാർപ്പും, | യത് | എന്നതു് യാതൊന്നോ, |
| | | ഏതത് | ഇതും |
| | | മാം | എന്നെ |
| | | ഖേദയതി | വേദനിപ്പിക്കുന്നു. |

17 ദുനോതി ചേതഃ സ്മരതോ മമൈത-
ദ്യദാഹ പാദാവഭിവന്ദ്യ പിത്രോഃ
തതാംബ കംസാദുരുശങ്കിതാനാം
പ്രസീദതം നോഽകൃതനിഷ്കൃതീനാം.

| | | | |
|---|---|---|---|
| പിത്രോഃ | മാതാപിതാക്കന്മാരുടെ | നഃ | ഞങ്ങളോട് |
| പാദൗ | പാദങ്ങളെ | പ്രസീദതം | നിങ്ങളിരുവരും കനിവു കാണിക്കണം' |
| അഭിവന്ദ്യ | അഭിവാദ്യംചെയ്ത്, | യത് | എന്നിങ്ങനെ യാതൊന്ന് |
| താത അംബ | 'അച്ഛാ! അമ്മേ! | ആഹ | പറയുകയുണ്ടായോ, |
| കംസാത് | കംസനിൽനിന്ന് | ഏതത് | ഇതു |
| ഉരുശങ്കിതാനാം | വളരെയേറെ ശങ്കപൂണ്ടിരുന്നവരും | സ്മരതഃ മമ | ഓർക്കുന്ന എന്റെ |
| അകൃത-നിഷ്കൃതീനാം | ശുശ്രൂഷാദികളായ ഉപകാരങ്ങളൊന്നും ഇതുവരെ ചെയ്യാതിരുന്നവരുമായ | ചേതഃ | മനസ്സിനെ |
| | | ദുനോതി | വേദനിപ്പിക്കുന്നു. |

ഇനി മൂന്നു ശ്ലോകങ്ങളാൽ ശ്രീകൃഷ്ണന്റെ സർവ്വേശ്വരത്വം വ്യക്തമാക്കുന്നു—

18 കോ വാ അമുഷ്യാംഘ്രിസരോജരേണും
വിസ്മർത്തുമീശീത പുമാൻ വിജിഘ്രൻ
യോ വിസ്ഫുരദ്ഭ്രൂവിടപേന ഭൂമേർ-
ഭാരം കൃതാന്തേന തിരശ്ചകാര.

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | അംഘ്രി-സരോജരേണും | പാദാരവിന്ദപരാഗത്തെ |
| വിസ്ഫുരദ്-ഭ്രൂവിടപേന | പ്രചലിക്കുന്ന പുരികക്കൊടിയാവുന്ന | വിജിഘ്രൻ | വിശേഷിച്ചും ഘ്രാണിക്കുന്ന |
| കൃതാന്തേന | അന്തകനെക്കൊണ്ട് | കഃ വാ പുമാൻ | ഏതൊരുമനുഷ്യനാണ് |
| ഭൂമേഃ ഭാരം | ഭൂമിയുടെ ഭാരത്തെ | വിസ്മർത്തും | (അതിനെ) മറക്കാൻ |
| തിരശ്ചകാര | നീക്കിക്കളഞ്ഞുവോ, | ഈശീത | ശക്തനാകുന്നത്? |
| അമുഷ്യ | ആ ശ്രീകൃഷ്ണമൂർത്തിയുടെ | | |

19 ദൃഷ്ടാ ഭവദ്ഭിർനനു രാജസൂയേ
ചൈദ്യസ്യ കൃഷ്ണം ദ്വിഷതോഽപി സിദ്ധിഃ
യാം യോഗിനഃ സംസ്പൃഹയന്തി സമ്യ-
ഗ്യോഗേന കസ്തദ്വിരഹം സഹേത.

| | | | |
|---|---|---|---|
| രാജസൂയേ | രാജസൂയത്തിങ്കൽ | ചൈദ്യസ്യ | ശിശുപാലനു കൈവന്ന |
| കൃഷ്ണം ദ്വിഷതഃ അപി | ശ്രീകൃഷ്ണദ്വേഷിയായിരുന്നവനെങ്കിലുംകൂടി | സിദ്ധിഃ | സായൂജ്യസിദ്ധി |
| | | ഭവദ്ഭിഃ | ഭവാന്മാരാൽ |

| | |
|---|---|
| ദൃഷ്ടാ നനു | ദർശിക്കപ്പെട്ടതല്ലയോ?* |
| യാം | യാതൊരുതരത്തിലുള്ള സിദ്ധിയെ |
| യോഗിനഃ | യോഗിമാർപോലും |
| സമ്യഗ്യോഗേന | ശരിയായുള്ള യോഗസാധനയിലൂടെ |
| സംസ്പൃഹന്തി | സാധിക്കുവാൻ ആഗ്രഹിക്കുന്നു. |
| തദ്ധിരഹം | അവ്വിധം മാഹാത്മ്യമെഴുന്ന ഭഗവാന്റെ വിയോഗത്തെ |
| കഃ സഹേത | ആർക്കുപൊറുക്കുവാനാകും? |

* ശ്രീകൃഷ്ണന്റെ സർവ്വേശ്വരത്വത്തെപ്പററി വിദുരാദികൾക്ക് ഇങ്ങനെ പ്രത്യക്ഷാനുഭവമുണ്ടായിരിക്കെ, അതിലേക്ക് പ്രമാണാന്തരം തേടേണ്ടതില്ലല്ലോ എന്നു് ആശയം.

20 തഥൈവ ചാന്യേ നരലോകവീരാ
യ ആഹവേ കൃഷ്ണമുഖാരവിന്ദം
നേത്രൈഃ പിബന്തോ നയനാഭിരാമം
പാർത്ഥാസ്ത്രപൂതാഃ പദമാപുരസ്യ.

| | |
|---|---|
| തഥാ ഏവ | അപ്രകാരംതന്നെ |
| നരലോക-വീരാഃ | മർത്ത്യലോകത്തിലെ വീരന്മാരായിരുന്ന |
| അന്യേ ച | വേറെയും |
| യേ | യാവചിലർ ഉണ്ടായിരുന്നുവോ അവരും |
| ആഹവേ | യുദ്ധത്തിൽവെച്ചു് |
| നയനാഭിരാമം | നേത്രാനന്ദകരമായ |
| കൃഷ്ണമുഖാരവിന്ദം | ശ്രീകൃഷ്ണമുഖകമലത്തെ |
| നേത്രൈഃ | കണ്ണുകളാൽ |
| പിബന്തഃ | പാനംചെയ്തുകൊണ്ടു് |
| പാർത്ഥാസ്ത്ര-പൂതാഃ | അർജ്ജുനന്റെ ശരങ്ങളാൽ പരിശുദ്ധരായിട്ടു് |
| അസ്യ പദം | ഭഗവാന്റെ സ്ഥാനമായ വൈകുണ്ഠത്തെ |
| ആപുഃ | പ്രാപിച്ചു |

കൃഷ്ണൻ സർവ്വേശ്വരനായിരുന്നിട്ടും, രാജാവായ ഉഗ്രസേനനെ അനുവർത്തിച്ചിരുന്ന കഥയോർക്കുമ്പോൾ ഉദ്ധവർക്ക് വ്യസനംതോന്നുന്നുവെന്നു് താഴെ രണ്ടു ശ്ലോകത്താൽ പറയുന്നു—

21 സ്വയം ത്വസാമ്യാതിശയസ്ത്ര്യധീശഃ
സ്വാരാജ്യലക്ഷ്മ്യാപ്തസമസ്തകാമഃ
ബലിം ഹരദ്ഭിശ്ചിരലോകപാലൈഃ
കിരീടകോട്യേഡിതപാദപീഠഃ

| | |
|---|---|
| സ്വയം തു | താനാകട്ടെ |
| അസാമ്യാ-തിശയഃ | തനിക്കൊത്തവനായിട്ടോ തന്നേക്കാൾ വലിയവനായിട്ടോ മറെറാരാൾ ഇല്ലാത്തവനാണു്; |
| ത്ര്യധീശഃ | മുപ്പാരിനുംഉടയവനാണു്; |
| സ്വാരാജ്യ-ലക്ഷ്മ്യാ | പരമാനന്ദരൂപമായ സമ്പത്തുകൊണ്ടുതന്നെ |
| ആപ്ത-സമസ്തകാമഃ | സംപ്രാപ്തമായ സർവ്വാഭീഷ്ടങ്ങളോടുകൂടിയവനാണു്; |

| | | | |
|---|---|---|---|
| ബലിം | സപര്യയാവുന്ന കപ്പം | കിരീടകോട്യാ | കിരീടാഗ്രംകൊണ്ടു് |
| ഹരദ്ഭിഃ | സമൎപ്പിക്കുന്ന | ഈഡിത-പാദപീഠഃ | കീൎത്തിക്കപ്പെട്ട പാദപീഠത്തോടുകൂടിയവനുമാണു്. |
| ചിരലോക-പാലൈഃ | ചിരംജീവികളായ ലോകപാലന്മാരാൽ | | |

22 തത്തസ്യ കൈങ്കര്യമലം ഭൃതാന്നോ
വിഗ്ലാപയത്യംഗ യദുഗ്രസേനം
തിഷ്ഠന്നിഷണ്ണം പരമേഷ്ഠിധിഷ്ണ്യേ
ന്യബോധയദ്ദേവ നിധാരയേതി.

| | | | |
|---|---|---|---|
| അംഗ | ഹേ സുഹൃത്തേ! | തിഷ്ഠൻ | നിന്നുബഹുമാനിച്ചുകൊണ്ടു് |
| പരമേഷ്ഠി-ധിഷ്ണ്യേ | വലിയ രാജസിംഹാസനത്തിന്മേൽ | ന്യബോധയത് | ഭഗവാൻ ഉണൎത്തിച്ചിരുന്നു. |
| | | തസ്യ | അവിടത്തെ |
| നിഷണ്ണം | ഉപവിഷ്ടനായുള്ള | കൈങ്കര്യം | ഈ സേവകവൃത്തി |
| ഉഗ്രസേനം | ഉഗ്രസേനനോടു്, | യത് തത് | യാതൊന്നോ അതു് |
| ദേവ | "മഹാരാജാവേ! | ഭൃതാൻ നഃ | സേവകരായ ഞങ്ങളെ |
| നിധാരയ | കേട്ടുധരിച്ചാലും" | അലം | ഏററവും |
| ഇതി | എന്നിങ്ങനെയെല്ലാം | വിഗ്ലാപയതി | നൊമ്പരംകൊള്ളിക്കുന്നു. |

ഭഗവാൻ ഉഗ്രസേനന്റെ അടുക്കൽ പ്രകടിപ്പിച്ചിരുന്ന ആദരാനുവൃത്തിക്കു് കാരണം അവിടത്തെ കാരുണ്യമാണെന്നും അപകാരികളിൽക്കൂടി അതു പ്രവൎത്തിച്ചിരുന്നുവെന്നും സൂചിപ്പിച്ചുകൊണ്ടു് ഇനി പറയുന്നു.

23 അഹോ ബകീ യം സ്തനകാളകൂടം
ജിഘാംസയാഽപായയദപ്യസാധ്വീ
ലേഭേ ഗതിം ധാത്ര്യുചിതാം തതോഽന്യം
കം വാ ദയാലും ശരണം വ്രജേമ.

| | | | |
|---|---|---|---|
| അഹോ | ആശ്ചര്യം! | ധാത്ര്യുചിതാം | പോററമ്മയായ യശോദക്കുചിതമായ |
| അസാധ്വീ ബകീ | ദുഷ്ടയായ പൂതന | ഗതിം | സൽഗതിയെ |
| ജിഘാംസയാ | കൊല്ലാനുള്ള ആഗ്രഹംകൊണ്ടു് | ലേഭേ | പ്രാപിച്ചു. |
| | | തതഃ | ആ ഭഗവാനെ വിട്ടു് |
| യം | യാതൊരുത്തനെ | അന്യം | അന്യനായ |
| സ്തനകാളകൂടം | മുലയിൽനിറച്ച കൊടുംവിഷം | കം വാ | ഏതൊരു |
| | | ദയാലും | കാരുണികനെ |
| അപായയത് അപി | കുടിപ്പിച്ചുവെങ്കിലുംകൂടി | ശരണം വ്രജേമ | ശരണംപ്രാപിക്കുവാനുണ്ടു്? |

ഭക്തന്മാർക്കുമാത്രമല്ലേ ഭഗവദനുഗ്രഹം ലഭിക്കുവാൻ തരമുള്ളു? ഈ അപകാരികളായ അസുരക്കു് അതെങ്ങനെ ലഭിക്കുന്നു? എന്നാണെങ്കിൽ ഒരുനിലയ്ക്കു് അവരും ഭക്തന്മാർ തന്നെയാണു്. ദ്വേഷബുദ്ധിയോടെയാണെങ്കിലും ഭഗവദ്ധ്യാനാഭിനിവേശം ഹേതുവായി അവർ ഹൃദയത്തിൽ ഭഗവദ്ദർശനം സാധിക്കുന്നുണ്ടല്ലോ. അതിനെ പരാമർശിച്ചുപറയുന്നു.

24 മന്യേഽസുരാൻ ഭാഗവതാംസ്ത്ര്യധീശേ
സംരംഭമാർഗ്ഗാഭിനിവിഷ്ടചിത്താൻ
യേ സംയുഗേഽചക്ഷത താർക്ഷ്യപുത്ര-
മംസേ സുനാഭായുധമാപതന്തം

| | | | |
|---|---|---|---|
| ത്ര്യധീശേ | ത്രിലോകനാഥനിൽ | സംയുഗേ | യുദ്ധത്തിൽ |
| സംരംഭമാർഗ്ഗാഭിനിവിഷ്ടചിത്താൻ | കോപാവേശമാവുന്ന മാർഗ്ഗത്തിലൂടെ അഭിനിവേശിപ്പിക്കപ്പെട്ട ചിത്തത്തോടുകൂടിയവരായ | താർക്ഷ്യപുത്രം | കശ്യപസുതനായ ഗരുഡനെ |
| അസുരാൻ | അസുരന്മാരെ | അംസേ സുനാഭായുധം | തോളിൽ ചക്രായുധനായ ഭഗവാനോടുകൂടി |
| ഭാഗവതാൻ | ഭഗവൽഭക്തന്മാരായിട്ടു് | ആപതന്തം | പാഞ്ഞണഞ്ഞുവരുന്നതായിട്ടു് |
| മന്യേ | ഞാൻ കരുതുന്നു. | | |
| യേ | യാതൊരുവർ | അചക്ഷത | കണ്ടിരിക്കുന്നു. |

ഇനി ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണവൃത്താന്തത്തെ അറിയിക്കുവാൻ ഉദ്യമിച്ചുകൊണ്ടു് അവിടത്തെ അവതാരം മുതല്ക്കുള്ള കഥ മുഴുവനും ഉദ്ധവർ സംക്ഷേപിച്ചു പറഞ്ഞുതുടങ്ങുന്നു—

25 വസുദേവസ്യ ദേവക്യാം ജാതോ ഭോജേന്ദ്രബന്ധനേ
ചികീർഷുർ ഭഗവാനസ്യാഃ ശമജേനാഭിയാചിതഃ

| | | | |
|---|---|---|---|
| അജേന | ബ്രഹ്മാവിനാൽ | വസുദേവസ്യ | വസുദേവന്റെ പത്നിയായ |
| അഭിയാചിതഃ | പ്രാർത്ഥിക്കപ്പെട്ടു് | | |
| അസ്യാഃ ശം | ഭൂമിക്കു് ക്ഷേമത്തെ | ദേവക്യാം | ദേവകീദേവിയിൽ |
| ചികീർഷുഃ | ഉണ്ടാക്കുവാൻ ഇച്ഛിച്ചുകൊണ്ടു് | ഭോജേന്ദ്രബന്ധനേ | കംസന്റെ കാരാഗൃഹത്തിൽവെച്ചു് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ജാതഃ | അവതരിച്ചു. |

26 തതോ നന്ദവ്രജമിതഃ പിത്രാ കംസാദ്വിബിഭ്യതാ
ഏകാദശ സമാസ്തത്ര ഗൂഢാർച്ചിഃ സബലോഽവസത്.

| | | | |
|---|---|---|---|
| തതഃ | അനന്തരം | പിത്രാ ഹി | അച്ഛൻനിമിത്തമായി |
| കംസാത് | കംസനിൽനിന്നു് | നന്ദവ്രജം | നന്ദഗോകുലത്തിലേക്കു് |
| ബിഭ്യതാ | ഭീതിപൂണ്ടിരിക്കുന്ന | ഇതഃ തത്ര | പോയിട്ടു്, അവിടെ |

| | | | |
|---|---|---|---|
| സബലഃ | ബലരാമനോടുകൂടി | സമാഃ | വർഷങ്ങളോളം |
| | | ഗൂഢാർച്ചിഃ | നിഗൂഢതേജസ്സായി |
| ഏകാദശ | പതിനൊന്നു് | അവാസത് | താമസിച്ചു. |

27 പരീതോ വത്സപൈർവത്സാംശ്ചാരയൻ വ്യാഹരദ്വിഭുഃ
യമുനോപവനേ കൂജദ്ദ്വിജസങ്കുലിതാങ്ഘ്രിപേ

| | | | |
|---|---|---|---|
| വത്സപൈഃ | ഗോപബാലന്മാരാൽ | കൂജദ്ദ്വിജസങ്കുലിതാങ്ഘ്രിപേ | കൂകുന്ന പറവകൾ നിറഞ്ഞ മാമരങ്ങളോടുകൂടിയ |
| പരീതഃ | പരിവൃതനായി, | യമുനോപവനേ | യമുനാതീരത്തിലെ വനത്തിൽ |
| വത്സാൻ | കാലിക്കിടാങ്ങളെ | വിഭുഃ | ഭഗവാൻ |
| ചാരയൻ | മേച്ചുകൊണ്ടു് | വ്യാഹരത് | കളിച്ചുനടന്നു. |

28 കൗമാരീം ദർശയംശ്ചേഷ്ടാം പ്രേക്ഷണീയാം വ്രജൗകസാം
രുദന്നിവ ഹസന്മുഗ്ദ്ധബാലസിംഹാവലോകനഃ

| | | | |
|---|---|---|---|
| മുഗ്ദ്ധബാലസിംഹാവലോകനഃ | മോഹനമായ സിംഹശിശുവിന്റെ നോട്ടത്തിനൊത്ത നോട്ടത്തോടുകൂടിയവനായി, | വ്രജൗകസാം | ഗോകുലവാസികൾക്കു് |
| | | പ്രേക്ഷണീയാം | കാണ്മാൻ ഇമ്പംതോന്നിക്കുമാറുള്ള |
| | | കൗമാരീം | ബാല്യകാലോചിതമായ |
| ഹസൻ രുദൻ ഇവ | ചിരിക്കുന്നപോലെയും കരയുന്നപോലെയും നടിച്ചുകൊണ്ടു്, | ചേഷ്ടാം | ചേഷ്ടയെ |
| | | ദർശയൻ | കാട്ടിക്കൊടുത്തുകൊണ്ടു് വിഹരിച്ചു |

29 സ ഏവ ഗോധനം ലക്ഷ്മ്യാ നികേതം സിതഗോവൃഷം
ചാരയന്നനുഗാൻ ഗോപാൻ രണദ്വേണുരരീരമത്.

| | | | |
|---|---|---|---|
| സഃ ഏവ | ആ ഭഗവാൻതന്നെ | ചാരയൻ | മേച്ചുകൊണ്ടും, |
| ലക്ഷ്മ്യാഃ | ഐശ്വര്യത്തിന്റെ | രണദ്വേണുഃ | പുല്ലാങ്കുഴൽ വിളിച്ചുകൊണ്ടും |
| നികേതം | വാസകേന്ദ്രവും | | |
| സിതഗോവൃഷം | വെള്ളനിറമുള്ള പൈക്കളും കാളകളുമുള്ളതായ | ഗോപാൻ | ഗോപന്മാരായ |
| | | അനുഗാൻ | അനുചരന്മാരെ |
| ഗോധനം | ഗോവൃന്ദത്തെ | അരീരമത് | ആനന്ദിപ്പിച്ചിരുന്നു. |

30 പ്രയുക്താൻ ഭോജരാജേന മായിനഃ കാമരൂപിണഃ
ലീലയാ വ്യനുദത്താംസ്താൻ ബാലഃ ക്രീഡനകാനിവ

| | | | |
|---|---|---|---|
| ഭോജരാജേന | കംസനാൽ | കാമരൂപിണഃ | ഇഷ്ടംപോലെ രൂപം മാറുന്നവരും |
| പ്രയുക്താൻ | അയക്കപ്പെട്ടവരും | | |

| | |
|---|---|
| മായിനഃ | മായാവികളമായ |
| താൻ താൻ | അതാതുപോലെ |
| ബാലഃ | ഒരുകുട്ടി |
| ക്രീഡനകാൻ | കളിക്കോപ്പുകളെ |
| ഇവ | എന്നവിധം |
| ലീലയാ | കളിയായിട്ടു് |
| വ്യനദത് | ഒടുക്കിക്കൊണ്ടിരുന്നു. |

31 വിപന്നാൻ വിഷപാനേന നിഗൃഹ്യ ഭുജഗാധിപം
ഉത്ഥാപ്യാപായയദ്ഗാവസ്തത്തോയം പ്രകൃതിസ്ഥിതം.

| | |
|---|---|
| ഭുജഗാധിപം | സർപ്പരാജാവായ കാളിയനെ |
| നിഗൃഹ്യ | മർദ്ദിച്ചൊതുക്കി, |
| വിഷപാനേന | അവന്റെ വിഷംകലർന്ന വെള്ളംകുടിച്ചതുകൊണ്ടു് |
| വിപന്നാൻ | മരിച്ചുപോയ ഗോപന്മാരേയും |
| ഗാവഃ | പശുക്കളേയും |
| ഉത്ഥാപ്യ | ജീവിപ്പിച്ചെഴുന്നേല്പിച്ചു്, |
| പ്രകൃതിസ്ഥിതം | സ്വാഭാവികനിലയിലാ[യ |
| തത് തോയം | ആ ജലത്തെ |
| അപായയത് | അവരെക്കൊണ്ടു് പാനംചെയ്യിച്ചു. |

32 അയാജയദ്ഗോസവേന ഗോപരാജം ദ്വിജോത്തമൈഃ
വിത്തസ്യ ചോരുഭാരസ്യ ചികീർഷൻ സദ്വ്യയം വിഭുഃ

| | |
|---|---|
| വിഭുഃ | ഭഗവാൻ |
| ഉരുഭാരസ്യ | വളരെപ്പെരുകിക്കൂടിയ |
| വിത്തസ്യ | സമ്പത്തിന്നു് |
| സദ്വ്യയം | സദുപയോഗത്തെ |
| ചികീർഷൻ ച | ഉണ്ടാക്കുവാൻ ഇച്ഛിച്ചുകൊണ്ടും മററുമായി, |
| ദ്വിജോത്തമൈഃ | ബ്രാഹ്മണശ്രേഷ്ഠരെക്കൊണ്ടു് |
| ഗോപരാജം | നന്ദഗോപനെ |
| ഗോസവേന | ഗോപൂജാവിധാനത്തിലൂടെ |
| അയാജയത് | യജിപ്പിച്ചു. |

33 വർഷതീന്ദ്രേ വ്രജഃ കോപാദ്ഭഗ്നമാനേഽതിവിഹ്വലഃ
ഗോത്രലീലാതപത്രേണ ത്രാതോ ഭദ്രാനുഗൃഹ്ണതാ

| | |
|---|---|
| ഭദ്ര | ഹേ ശുഭചരിത ! |
| ഭഗ്നമാനേ | അഭിമാനക്ഷതിവന്ന |
| ഇന്ദ്രേ | ദേവേന്ദ്രൻ |
| വർഷതി | അതിവർഷം തുടങ്ങിയപ്പോഴ്, |
| അതിവിഹ്വലഃ | അതിവിവശമായ |
| വ്രജഃ | ഗോകുലം |
| അനുഗൃഹ്ണതാ | അനുഗ്രഹബുദ്ധിയാന്ന ഭഗവാനാൽ |
| ഗോത്രലീലാതപത്രേണ | ഗോവർദ്ധനപർവ്വതത്തെ കളിയായി കുടപിടിച്ചുകൊണ്ടു് |
| ത്രാതഃ | സംരക്ഷിക്കപ്പെട്ടു. |

34 ശരച്ഛശികരൈർമൃഷ്ടം മാനയൻ രജനീമുഖം
ഗായൻ കലപദം രേമേ സ്ത്രീണാം മണ്ഡലമണ്ഡനഃ

| | | | |
|---|---|---|---|
| ശരച്ഛശി-കരൈഃ | ശരച്ചന്ദ്രന്റെ കിരണങ്ങളാൽ | ഗായൻ | ആലപിച്ചുകൊണ്ടും |
| മൃഷ്ടം | ശുഭ്രമായ | സ്ത്രീണാം | സ്ത്രീകളുടെ |
| രജനീമുഖം | സായംകാലത്തെ | മണ്ഡല-മണ്ഡനഃ | സംഘത്തെ സമലങ്കരിക്കുന്നവനായിട്ട് |
| മാനയൻ | സമാദരിച്ചുകൊണ്ടും | രേമേ | രമിച്ചു. |
| കലപദം | മധുരമോഹനഗീതം | | |

വിദുരർ സ്വസംബന്ധികളായ സകലരുടേയും യോഗക്ഷേമം ഉദ്ധവരോട് അന്വേഷിക്കുകയുണ്ടായി. എങ്കിലും അതിലൊന്നും താല്പര്യമില്ലാത്ത നിലയിൽ അവസാനം "വാർത്താം സഖേ കീർത്തയ പുണ്യകീർത്തേഃ" എന്നിങ്ങനെ ശ്രീകൃഷ്ണവൃത്താന്തം വിസ്തരിച്ചുപറയുവാനാണ് ആവശ്യപ്പെട്ടതു്. ഉദ്ധവർ അത്രയേ ചെയ്യുന്നതുമുള്ളു. ഭക്തന്മാരുടെ സംവാദം അങ്ങനെയല്ലാതെ വരാൻ തരമില്ലല്ലൊ ഉദ്ധവർ ശ്രീകൃഷ്ണന്റെ തിരോധാനവാർത്ത വിദുരരെ അറിയിക്കുമ്പോഴും അതിന്റെ മുഖവുരയായി ഭഗവാന്റെ ലോകോത്തരമാഹാത്മ്യവും അവതാരം തൊട്ടുള്ള ലീലകളും പറഞ്ഞുതുടങ്ങുന്നതു് വിദുരർ അവയെക്കുറിച്ച് അജ്ഞനാണെന്നു ധരിച്ചിട്ടല്ല ഭഗവൽകഥാസല്ലാപസുഖം ഇരുവരും അനുഭവിക്കാൻ വേണ്ടിയാണ്.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ

വിദുരോദ്ധവസംവാദേ ദ്വിതീയോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 79

രണ്ടാമദ്ധ്യായം കഴിഞ്ഞു.

## തൃതീയോഽദ്ധ്യായഃ : മൂന്നാമദ്ധ്യായം.

"തൃതീയേ മഥുരാമേത്യ വ്രജാത് കംസവധാദികം
യത്കൃതം ദ്വാരകായാം ച കൃഷ്ണേന തദവർണ്ണ്യത".

മഥുരയിലും ദ്വാരകയിലും ശ്രീകൃഷ്ണൻ ചെയ്ത ലീലകളുടെ വർണ്ണനം.

ഉദ്ധവ ഉവാച — ഉദ്ധവർ പറഞ്ഞു :

1 തതഃ സ ആഗത്യ പുരം സ്വപിത്രോ-
ശ്ചികീർഷയാ ശം ബലദേവസംയുതഃ
നിപാത്യ തുംഗാദ്രിപുയൂഥനാഥം
ഹതം വ്യകർഷദ്വ്യസുമോജസോർവ്യാം

| | |
|---|---|
| തതഃ | അനന്തരം, |
| സഃ | ആ ശ്രീകൃഷ്ണൻ |
| ബലദേവ-സംയുതഃ | ബലരാമനോടു സഹിതനായി, |
| പുരം | മഥുരാപുരിയിലേക്ക് |
| ആഗത്യ | വന്നിട്ട്, |
| സ്വപിത്രോഃ | സ്വമാതാപിതാക്കന്മാൎക്ക് |
| ശം ചികീൎഷയാ | പ്രീതിയുണ്ടാക്കുവാനായി |
| രിപുയൂഥനാഥം | ശത്രുസംഘത്തലവനായ കംസനെ |
| തുംഗാത് | ഉന്നതപീഠത്തിൽനിന്നു |
| നിപാത്യ | താഴെ വീഴ്ത്തിയിട്ട് |
| ഹതം | ഹനിക്കപ്പെട്ടവനും |
| വ്യസും | ഗതപ്രാണനുമായ അവനെ |
| ഓജസാ | പരാക്രമത്തോടെ |
| ഉൎവ്യാം | മണ്ണിലിട്ട് |
| വ്യകൎഷത് | വലിച്ചിഴച്ചു. |

2 സാന്ദീപനേഃ സകൃത്പ്രോക്തം ബ്രഹ്മാധീത്യ സവിസ്തരം
തസ്മൈ പ്രാദാദ്വരം പുത്രം മൃതം പഞ്ചജനോദരാത്.

| | |
|---|---|
| സകൃത്പ്രോക്തം | ഒരുപ്രാവശ്യം മാത്രം ചൊല്ലിക്കൊടുത്ത |
| ബ്രഹ്മ | വേദത്തെ |
| സവിസ്തരം | ഷഡംഗാദിസഹിതം വിസ്തരിച്ച് |
| സാന്ദീപനേഃ | സാന്ദീപനിയെന്ന മുനിയിൽനിന്നു |
| അധീത്യ | അദ്ധ്യയനംചെയ്ത്, |
| മൃതം | മരിച്ചുപോയ |
| പുത്രം | പുത്രനെ |
| പഞ്ചജനോ-ദരാത് | പഞ്ചജനനെന്ന ജലജന്തുവിന്റെ ഉദരത്തിൽ നിന്നെടുത്ത് |
| തസ്മൈ | അദ്ദേഹത്തിനു |
| വരം | ദക്ഷിണാരൂപമായ വരത്തെ |
| പ്രാദാത് | പ്രദാനം ചെയ്തു. |

3 സമാഹൂതാ ഭീഷ്മകകന്യയാ യേ
ശ്രിയഃ സവൎണ്ണേന ബുഭൂഷയൈഷാം.
ഗാന്ധൎവ്വവൃത്ത്യാ മിഷതാം സ്വഭാഗം
ജഹ്രേ പദം മൂൎദ്ധ്നി ദധത് സുപൎണ്ണഃ.

| | |
|---|---|
| ഭീഷ്മകകന്യയാ | ഭീഷ്മകരാജപുത്രിയായ രുക്മിണിയാൽ |
| ശ്രിയഃ | ലക്ഷ്മീദേവിയുടെ |
| സവൎണ്ണേന | രൂപസാദൃശ്യംകൊണ്ട് |
| യേ | യാവചിലർ |
| സമാഹൂതാഃ | വിളിച്ചുവരുത്തപ്പെട്ടിരുന്നുവോ, * |
| ഏഷാം മിഷതാം | ഇവർ എല്ലാവരും മിഴിച്ചു നോക്കിനില്ക്കേ, |
| സുപൎണ്ണഃ | അവിടെ പറന്നെത്തിയ ഭഗവാൻ |
| മൂൎദ്ധ്നി | (ആ മിഴിച്ചു നില്ക്കുന്നവരുടെ) ശിരസ്സിൽ |
| പദം ദധത് | കാൽ വെച്ച്, |
| ഗാന്ധൎവ്വ-വൃത്ത്യാ | അവളോടുകൂടി ഗാന്ധൎവ്വവിധിപ്രകാരമുള്ള വിവാഹത്തോടെ |
| ബുഭൂഷയാ | ഭവിക്കുവാനുള്ള ഇച്ഛയാൽ |
| സ്വഭാഗം | തനിക്കു അവകാശപ്പെട്ടതായ ആ കന്യകയെ † |
| ജഹ്രേ | അപഹരിച്ചുകൊണ്ടുവന്നു. |

* രുക്മിണിയുടെ രൂപലാവണ്യമാണ് രാജാക്കന്മാരുടെ വരവിനു കാരണമെന്നതു കൊണ്ട് "രുഗ്മിണിയാൽത്തന്നെ വിളിച്ചുവരുത്തപ്പെട്ടവർ" എന്നു പറഞ്ഞതാണ്.

† രുക്മിണി ലക്ഷ്മീഭഗവതിയുടെ അംശമായതുകൊണ്ടും, അവൾ ശ്രീകൃഷ്ണന്ന് ആത്മസമർപ്പണം ചെയ്തതുകൊണ്ടും,

4 കകുദ്മതോ വിദ്ധനസോ ദമിത്വാ
സ്വയംവരേ നാഗ്നജിതീമുവാഹ
തദ്ഭഗ്നമാനാനപി ഗൃധ്യതോഽജ്ഞാൻ
ജഘ്നേഽക്ഷതഃ ശസ്ത്രഭൃതഃ സ്വശസ്ത്രൈഃ.

| | | | |
|---|---|---|---|
| കകുദ്മതഃ | കൂററൻ കാളകളെ | ഗൃധ്യതഃ | അവളെ കൊതിക്കുന്ന |
| വിദ്ധനസഃ ദമിത്വാ | മൂക്കുതുളച്ചു കയറിട്ടു പിടിച്ചൊതുക്കി, | അജ്ഞാൻ | അറിവില്ലാത്ത |
| സ്വയംവരേ | സ്വയംവരത്തിൽവെച്ച് | ശസ്ത്രഭൃതഃ | ആയുധധാരികളായ രാജാക്കന്മാരെ |
| നാഗ്നജിതീം | നഗ്നജിത്തിന്റെ പുത്രിയായ സത്യയെ | അക്ഷതഃ | സ്വയം മുറിവേല്ക്കാതെ നിന്നുകൊണ്ട് |
| ഉവാഹ | വിവാഹം ചെയ്തു. | | |
| തത്ഭഗ്നമാനാൻ അപി | അവയാൽ (കാളകളാൽ) ഭഞ്ജിക്കപ്പെട്ട അഭിമാനത്തോടുകൂടിയവരായിട്ടും | സ്വശസ്ത്രൈഃ | തന്റെ ആയുധങ്ങളാൽ |
| | | ജഘ്നേ | സംഹരിച്ചു. |

5 പ്രിയം പ്രഭുഃ ഗ്രാമ്യ ഇവ പ്രിയായാ
വിധിത്സുരാർച്ഛദ്ദ്യുതരും യദർത്ഥേ
വജ്ര്യാദ്രവത്തം സഗണോ രുഷാന്ധഃ
ക്രീഡാമൃഗോ നൂനമയം വധൂനാം.

| | | | |
|---|---|---|---|
| പ്രഭുഃ | സ്വതന്ത്രനായ ഭഗവാൻ | രുഷാ | കോപംകൊണ്ട് |
| ഗ്രാമ്യഃ ഇവ | സ്ത്രീപരതന്ത്രനെന്നപോലെ ഭാവിച്ച് | അന്ധഃ | കണ്ണുകാണാതായ |
| | | വജ്രീ | ഇന്ദ്രൻ വജ്രഹസ്തനായി |
| പ്രിയായാഃ | പ്രിയപത്നിയുടെ | സഗണഃ | സംഘം ചേർന്നുകൊണ്ട് |
| പ്രിയം | ഇഷ്ടത്തെ | തം | ഭഗവാനെ |
| വിധിത്സുഃ | സാധിച്ചുകൊടുക്കുവാൻ ഇച്ഛയാർന്നുകൊണ്ട് | ആദ്രവത് | പിൻതുടർന്നോടിയണഞ്ഞു |
| | | നൂനം | തീർച്ചയായും |
| ദ്യുതരും | പാരിജാതത്തെ | അയം | ഈ ഇന്ദ്രൻ |
| ആർച്ഛത് | കൊണ്ടുവന്നു. | വധൂനാം | സ്ത്രീകളുടെ |
| യദർത്ഥേ | യാതൊന്നുനിമിത്തം | ക്രീഡാമൃഗഃ | കളിമൃഗമാണ് * |

* നരകാസുരൻ തട്ടിയെടുത്ത ദേവമാതാവിന്റെ കുണ്ഡലങ്ങളെ തദ്വധാനന്തരം കൊണ്ടുകൊടുക്കുവാൻ സത്യഭാമയോടുകൂടി ഭഗവാൻ ദേവലോകത്തിൽപോയി തിരിക്കുന്ന

സന്ദർഭത്തിലാണ് പാരിജാതം കൊണ്ടുവന്നതു്. ഇന്ദ്രൻ ഈ മഹോപകാരം മറന്നു് ഭഗവാനെ നിഷ്ഫലമായി തടഞ്ഞതു് ദേവസ്ത്രീകളുടെ ചൊല്ലുകേട്ടിട്ടായിരുന്നു. അതുകൊണ്ടാണ് ഇന്ദ്രൻ സ്ത്രീകളുടെ ക്രീഡാമൃഗമാണെന്നുപറഞ്ഞതു്.

6 സുതം മൃധേ ഖം വപുഷാ ഗ്രസന്തം
ദൃഷ്ട്വാ സുനാഭോന്മഥിതം ധരിത്ര്യാ
ആമന്ത്രിതസ്തത്തനയായ ശേഷം
ദത്വാ തദന്തഃ പുരമാവിവേശ.

| | | | |
|---|---|---|---|
| വപുഷാ | ശരീരംകൊണ്ടു് | ധരിത്ര്യാ | ഭൂമിദേവിയാൽ |
| ഖം | ആകാശത്തെപ്പോലും | ആമന്ത്രിതഃ | പ്രാർത്ഥിതനായ ഭഗവാൻ |
| ഗ്രസന്തം | വിഴുങ്ങുന്ന | തത്തനയായ | അവന്റെ പുത്രനു് |
| സുതം | പുത്രനെ | ശേഷം | അവശേഷിച്ചരാജ്യത്തെ |
| മൃധേ | യുദ്ധത്തിൽ | ദത്വാ | കൊടുത്തതിൽപ്പിന്നെ |
| സുനാഭോ-ന്മഥിതം | ചക്രായുധത്താൽ തകർക്കപ്പെട്ടതായി | തദന്തഃപുരം | അവന്റെ അന്തഃപുരത്തിലേക്കു് |
| ദൃഷ്ട്വാ | കണ്ടിട്ടു്, | ആവിവേശ | പ്രവേശിച്ചു. |

7 തത്രാഹൃതാസ്താ നരദേവകന്യാഃ
കുജേന ദൃഷ്ട്വാ ഹരിമാർത്തബന്ധും
ഉത്ഥായ സദ്യോ ജഗൃഹുഃ പ്രഹർഷ-
വ്രീഡാനുരാഗപ്രഹിതാവലോകൈഃ

| | | | |
|---|---|---|---|
| തത്ര | അവിടത്തിൽ | ദൃഷ്ട്വാ | കണ്ടിട്ടു്, |
| കുജേന | ഭൌമാസുരനാൽ | സദ്യഃ | ഉടനടി |
| ആഹൃതാഃ | ബലാൽക്കാരേണ കൊണ്ടുവന്നു പാർപ്പിക്കപ്പെട്ടിരുന്ന | ഉത്ഥായ | എഴുന്നേററു്, |
| നരദേവകന്യാഃ | രാജകന്യകമാരായ | പ്രഹർഷവ്രീഡാ-നുരാഗപ്രഹി-താവലോകൈഃ | സന്തോഷം, ലജ്ജ, അനുരാഗം എന്നിവയാൽ അയക്കപ്പെട്ട നോട്ടങ്ങളോടെ |
| താഃ | അവർ | | |
| ആർത്തബന്ധും | ദുഃഖിതരുടെ ബന്ധുവായ | | |
| ഹരിം | ശ്രീകൃഷ്ണനെ | ജഗൃഹുഃ | സ്വീകരിച്ചു. |

8 ആസാം മുഹൂർത്ത ഏകസ്മിന്നാനാഗാരേഷു യോഷിതാം
സവിധം ജഗൃഹേ പാണീനനുരൂപഃ സ്വമായയാ.

| | | | |
|---|---|---|---|
| നാനാഗാരേഷു | വിഭിന്നഭവനങ്ങളിൽ വെച്ചു് | ആസാം യോഷിതാം | ഈ സ്ത്രീകളുടെ |
| ഏകസ്മിൻ | ഒരേ ഒരു | പാണീൻ | കരങ്ങളെ |
| മുഹൂർത്തേ | മുഹൂർത്തത്തിൽ | സവിധം | വിവാഹവിധിപ്രകാരം |
| സ്വമായയാ | തന്റെ മായകൊണ്ടു് | | |
| അനുരൂപഃ | അനുരൂപനായിട്ടു് | ജഗൃഹേ | ഗ്രഹിച്ചു. |

9 താസ്വപത്യാന്യജനയദാത്മതുല്യാനി സർവ്വതഃ
ഏകൈകസ്യാം ദശ ദശ പ്രകൃതേർവിബുഭൂഷയാ.

| | | | |
|---|---|---|---|
| പ്രകൃതേഃ | മായയുടെ | സർവ്വതഃ | സർവ്വപ്രകാരേണ |
| വിബുഭൂഷയാ | വൈവിധ്യമാവത്തിലുള്ള ഇച്ഛനിമിത്തം | ആത്മതുല്യാനി | തനിക്കൊത്തവരായ |
| | | ദശ ദശ | പത്തുപ്പത്ത് |
| താസു | അവരിൽ | അപത്യാനി | മക്കളെ |
| ഏകൈകസ്യാം | ഓരോരുത്തിയിലും | അജനയത് | ഉൽപാദിപ്പിച്ചു. |

10 കാലമാഗധശാല്വാദീനനീകൈരുന്ധതഃ പുരം
അജീഘനത് സ്വയം ദിവ്യം സ്വപുംസാം തേജ ആദിശത്.

| | | | |
|---|---|---|---|
| അനീകൈഃ | സേനകളോട്ടുകൂടിവന്ന് | അജീഘനത് | വധിച്ചു * (അതുകൊണ്ടുള്ള) |
| പുരം | സ്വനഗരത്തെ | | |
| രുന്ധതഃ | നിരോധിച്ച | ദിവ്യം | അലൌകികമായ |
| കാലമാഗധ- ശാല്വാദീൻ | കാലയവനൻ, ജരാസന്ധൻ, ശാല്വൻ മുതലായവരെ | തേജഃ | കീർത്തിപ്രഭാവത്തെ |
| | | സ്വപുംസാം | തന്റെ ഭക്തജനങ്ങൾക്കും |
| സ്വയം | താൻതന്നെ | ആദിശത് | നൽകി. |

* യവനജരാസന്ധാദികളുടെ വധത്തിൽ മുചുകുന്ദഭീമസേനാദികൾക്കു നിമിത്തമാത്രത്വമേയുള്ളു; കർത്തൃത്വം ശ്രീകൃഷ്ണനുതന്നെയാണ് എന്നു് താത്പര്യം.

11 ശംബരം ദ്വിവിദം ബാണം മുരം ബല്വലമേവ ച
അന്യാംശ്ച ദന്തവക്ത്രാദീനവധീത് കാംശ്ച ഘാതയത്.

| | | | |
|---|---|---|---|
| ശംബരം | ശംബരനേയും, | ദന്തവക്ത്രാദീൻ | ദന്തവക്ത്രൻ മുതലായ |
| ദ്വിവിദം | ദ്വിവിദവാനരനേയും, | അന്യാൻ ച | മററുള്ളവരേയും |
| ബാണം | ബാണാസുരനേയും, | അവധീത് | വധിച്ചു; |
| മുരം | മുരനേയും, | കാംശ്ച | ചിലരെ |
| ബല്വലം | ബല്വലനേയും, | ഘാതയത് | വധിപ്പിച്ചു. |
| ഏവ ച | അപ്രകാരംതന്നെ | | |

12 അഥ തേ ഭ്രാതൃപുത്രാണാം പക്ഷയോഃ പതിതാൻ നൃപാൻ
ചചാല ഭൂഃ കുരുക്ഷേത്രം യേഷാമാപതതാം ബലൈഃ

| | | | |
|---|---|---|---|
| അഥ | അതിൽപ്പിന്നെ, | ഭ്രാതൃപുത്രാണാം | സഹോദരരായ ധൃതരാഷ്ട്രന്റേയും പാണ്ഡുവിന്റേയും പുത്രന്മാരുടെ |
| തേ | അങ്ങയുടെ | | |

| | | | |
|---|---|---|---|
| പക്ഷയോഃ | പാർശ്വങ്ങളിൽ രണ്ടിലും | ആപതതാം | വന്നണഞ്ഞ |
| പതിതാൻ | വന്നുചേർന്ന | യേഷാം | യാതൊരുവരുടെ |
| നൃപാൻ | ക്ഷത്രിയന്മാരെ | | |
| (ഘാതയത്) | വധിപ്പിച്ചു | ബലൈഃ | സേനകളാൽ |
| കുരുക്ഷേത്രം | കുരുക്ഷേത്രമെന്ന രണാങ്കണത്തിലേക്ക് | ഭൂഃ ചചാല | ഭൂമി വിറകൊണ്ടു. |

13 സ കർണ്ണദുഃശാസനസൌബലാനാം
കുമന്ത്രപാകേന ഹതശ്രിയായുഷം
സുയോധനം സാനുചരം ശയാനം
ഭഗ്നോരുമുർവ്യാം ന നനന്ദ പശ്യൻ.

| | | | |
|---|---|---|---|
| കർണ്ണദുഃശാസനസൌബലാനാം | കർണ്ണൻ, ദുഃശാസനൻ, ശകുനി, എന്നിവരുടെ | സാനുചരം | അനുയായികളോടുകൂടെ |
| കുമന്ത്രപാകേന | ദുരുപദേശത്തിന്റെ ദുഷ്പരിണാമത്താൽ | ഉർവ്യാം | ഭൂമിയിൽ |
| | | ശയാനം | കിടക്കുന്ന |
| ഹതശ്രിയായുഷം | നഷ്ടമായ ശ്രീയോടും ആയുസ്സോടും കൂടിയവനായി | സുയോധനം | ദുര്യോധനനെ |
| | | പശ്യൻ | കണ്ടിട്ടുകൂടി |
| ഭഗ്നോരും | തകർന്നുപോയ തുടകളോടുകൂടിയവനായി | സഃ | ആ ഭഗവാൻ |
| | | ന നനന്ദ | സന്തോഷം കൊണ്ടില്ല. |

ഭഗവാൻ സന്തോഷിക്കാതിരുന്നതു് എന്തു ചിന്തിച്ചിട്ടാണെന്നു് താഴെ പറയുന്നു

14 കിയാൻ ഭുവോഽയം ക്ഷപിതോരുഭാരോ
യദ്ദ്രോണഭീഷ്മാർജ്ജുനഭീമമൂലൈഃ
അഷ്ടാദശാക്ഷൌഹിണികോ മദംശൈ-
രാസ്തേ ബലം ദുർവിഷഹം യദൂനാം

| | | | |
|---|---|---|---|
| അഷ്ടാദശാക്ഷൌഹിണികഃ | 18 അക്ഷൌഹിണീ സൈന്യം ഉൾക്കൊണ്ടതായ | യത് | എന്നതു യാതൊന്നോ |
| | | അയം കിയാൻ | ഇതു് എന്തുമാത്രം ? |
| ഭുവഃ ഉരുഭാരഃ | ഭൂമിയുടെ മഹാഭാരം | മദംശൈഃ | എന്റെ അംശങ്ങളോടു കൂടിയ |
| ദ്രോണഭീഷ്മാർജ്ജുനഭീമമൂലൈഃ | ദ്രോണർ, ഭീഷ്മർ, അർജ്ജുനൻ, ഭീമൻ എന്നീ ഹേതുഭൂതരാൽ | യദൂനാം | യാദവന്മാരുടെ |
| | | ദുർവിഷഹം | അതിദുഃസഹമായ |
| | | ബലം | സൈനികശക്തി |
| ക്ഷപിതഃ | ക്ഷയിപ്പിക്കപ്പെട്ടു | ആസ്തേ | ഇനിയും ഇരിപ്പുണ്ടു്. |

15 മിഥോ യദൈഷാം ഭവിതാ വിവാദോ
മധ്വാമദാതാമ്രവിലോചനാനാം
നൈഷാം വധോപായ ഇയാനതോഽന്യോ
മയ്യുദ്യതേഽന്തർദ്ധതേ സ്വയം സ്മ.

| | | | |
|---|---|---|---|
| മധ്വാമദാതാമ്ര-വിലോചനാ-നാം | മദ്യത്തിന്റെ ലഹരികൊണ്ട് ആകമാനം ചുകന്ന കണ്ണുകളോടുകൂടിയവരായിവരുന്ന | ഇയാൻ | ഇതൊന്നുമാത്രം |
| ഏഷാം | ഇവക്ക് | വധോപായഃ | വിനാശത്തിന്നുള്ള ഉപായമാകും |
| മിഥഃ | തമ്മിൽത്തമ്മിൽ | അതഃ അന്യഃ | ഇതുവിട്ടു വേറെ |
| വിവാദഃ | പിണക്കം | ന | ഒന്നും വേണ്ടതില്ല |
| യദാ | എപ്പോൾ | മയി ഉദ്യതേ | ഞാൻ അതിന്നായി ഒരുങ്ങുമ്പോൾ |
| ഭവിതാ | സംഭവിക്കുമോ, അപ്പോൾ | സ്വയം | താനെ അവരും |
| | | അന്തർദധതേ | മറഞ്ഞുപോകുന്നതാണ് |
| | | സ്മ | നിശ്ചയം. |

16 ഏവം സഞ്ചിന്ത്യ ഭഗവാൻ സ്വരാജ്യേ സ്ഥാപ്യ ധർമ്മജം
നന്ദയാമാസ സുഹൃദഃ സാധൂനാം വർത്മ ദർശയൻ

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണൻ | സാധൂനാം | സജ്ജനങ്ങൾക്കുചേർന്ന |
| ഏവം | ഇപ്രകാരം | വർത്മ | മാർഗ്ഗത്തെ |
| സഞ്ചിന്ത്യ | ആലോചിച്ചിട്ട്, | ദർശയൻ | കാട്ടിക്കൊടുത്തുകൊണ്ട് |
| ധർമ്മജം | ധർമ്മപുത്രനെ | സുഹൃദഃ | ബന്ധുക്കളെ |
| സ്വരാജ്യേ | സ്വന്തംരാജ്യത്തിൽ | നന്ദയാമാസ | ആനന്ദിപ്പിച്ചു. |
| സ്ഥാപ്യ | വാഴിച്ച് | | |

17 ഉത്തരായാം ധൃതഃ പൂരോർവംശഃ സാധ്വഭിമന്യുനാ
സ വൈ ദ്രൗണ്യസ്ത്രസംഛിന്നഃ പുനർഭഗവതാ ധൃതഃ

| | | | |
|---|---|---|---|
| പൂരോഃ വംശഃ | പൂരുവിന്റെ സന്താനതന്തു | സഃ വൈ | അതാകട്ടെ |
| അഭിമന്യുനാ | അഭിമന്യുവിനാൽ | ദ്രൗണ്യസ്ത്ര-സംഛിന്നഃ | അശ്വത്ഥാമാവിന്റെ ബ്രഹ്മാസ്ത്രത്താൽ വിച്ഛേദിക്കപ്പെട്ടതായപ്പോൾ |
| ഉത്തരായാം | ഉത്തരയിൽ | | |
| സാധു | വിധിപൂർവ്വം | | |
| ധൃതഃ | ആധാനംചെയ്യപ്പെട്ടിരുന്നു. | ഭഗവതാ | ശ്രീകൃഷ്ണനാൽ |
| | | പുനഃ ധൃതഃ | വീണ്ടും രക്ഷിക്കപ്പെട്ടു |

18 അയാജയദ്ധർമ്മസുതമശ്വമേധൈസ്ത്രിഭിർവിഭുഃ
സോ ഽപി ക്ഷ്മാമനുജൈ രക്ഷൻ രേമേ കൃഷ്ണമനുവ്രതഃ

| | | | |
|---|---|---|---|
| വിഭുഃ | ഭഗവാൻ | അനുജൈഃ | അനുജന്മാരോടുകൂടി |
| ത്രിഭിഃ | മൂന്ന് | കൃഷ്ണം | ശ്രീകൃഷ്ണനെ |
| അശ്വമേധൈഃ | അശ്വമേധങ്ങൾകൊണ്ട് | അനുവ്രതഃ | അനുവർത്തിച്ച് |
| ധർമ്മസുതം | ധർമ്മപുത്രനെ | ക്ഷ്മാം | ഭൂമിയെ |
| അയാജയത് | യജിപ്പിച്ചു- | രക്ഷൻ | പാലിച്ചുകൊണ്ട് |
| സഃ അപി | അദ്ദേഹവും | രേമേ | സുഖിച്ചിരുന്നു. |

19 ഭഗവാനപി വിശ്വാത്മാ ലോകവേദപഥാനുഗഃ
കാമാൻ സിഷേവേ ദ്വാർവത്യാമസക്തഃ സാംഖ്യമാസ്ഥിതഃ

| | | | |
|---|---|---|---|
| വിശ്വാത്മാ | വിശ്വമൂർത്തിയെങ്കിലും, | സാംഖ്യം | പ്രകൃതിപുരുഷവിവേകാത്മകമായ ജ്ഞാനയോഗത്തെ |
| ലോകവേദപഥാനുഗഃ | ലോകാചാരംകൊണ്ടും വേദവിധികൊണ്ടും നിർദ്ദിഷ്ടമായ മാർഗ്ഗത്തെ അനുസരിക്കുന്ന | ആസ്ഥിതഃ | അധിഷ്ഠാനം ചെയ്ത് |
| | | അസക്തഃ | അനാസക്തനായിട്ട് |
| | | ദ്വാർവത്യാം | ദ്വാരകാപുരിയിൽ |
| | | കാമാൻ | ഭോഗങ്ങളെ |
| ഭഗവാൻ അപി | ഭഗവാനാകട്ടെ | സിഷേവേ | അനുഭവിച്ചു. |

20 സ്നിഗ്ദ്ധസ്മിതാവലോകേന വാചാ പീയൂഷകല്പയാ
ചാരിത്രേണാനവദ്യേന ശ്രീനികേതേന ചാത്മനാ.
21 ഇമം ലോകമമും ചൈവ രമയൻ സുതരാം യദൂൻ
രേമേ ക്ഷണദയാ ദത്തക്ഷണസ്ത്രീക്ഷണസൗഹൃദഃ

| | | | |
|---|---|---|---|
| സ്നിഗ്ദ്ധസ്മിതാവലോകേന | സ്നേഹാർദ്രമായ പുഞ്ചിരിയോടുകൂടിയ കടാക്ഷവീക്ഷണംകൊണ്ടും, | അമും ച ഏവ | പരലോകത്തെയും |
| | | സുതരാം | വിശേഷിച്ച് |
| പീയൂഷകല്പയാ | അമൃതോപമമായ | യദൂൻ | യാദവന്മാരെയും |
| വാചാ | ഭാഷണംകൊണ്ടും, | രമയൻ | രമിപ്പിച്ചുകൊണ്ട്, |
| അനവദ്യേന | നിർദ്ദോഷമായ | ക്ഷണദയാ | രാത്രിയാൽ |
| ചാരിത്രേണ | പെരുമാററരീതികൊണ്ടും, | ദത്തക്ഷണസ്ത്രീക്ഷണസൗഹൃദഃ | അവസരമുണ്ടാക്കിക്കൊടുക്കപ്പെട്ട സ്ത്രീജനങ്ങളിൽ ക്ഷണനേരത്തെ സൗഹാർദ്ദം ചേർന്നവനായി |
| ശ്രീനികേതേന | ശ്രീയുടെ ആവാസമായ | | |
| ആത്മനാ ച | തിരുവുടൽകൊണ്ടും | | |
| ഇമം ലോകം | ഈ ലോകത്തെയും | രേമേ | രമിച്ചു, |

22 തസ്യൈവം രമമാണസ്യ സംവത്സരഗണാൻ ബഹൂൻ
ഗൃഹമേധേഷു യോഗേഷു വിരാഗഃ സമജായത.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഗൃഹമേധേഷു | ഗൃഹസ്ഥാശ്രമധർമ്മങ്ങളായ |
| ബഹൂൻ | ഒട്ടുവളരെ | | |
| സംവത്സരഗണാൻ | വർഷങ്ങൾ ആകുവോളം | യോഗേഷു | കാമഭോഗോപായങ്ങളിൽ |
| രമമാണസ്യ | രമിച്ചുകൊണ്ടിരുന്ന | വിരാഗഃ | വിരക്തി |
| തസ്യ | അവിടുത്തേക്ക് | സമജായത | ഉണ്ടായി. |

23 ദൈവാധീനേഷു കാമേഷു ദൈവാധീനഃ സ്വയം പുമാൻ
കോ വിസ്രംഭേത യോഗേന യോഗേശ്വരമനുവ്രതഃ.

| | |
|---|---|
| സ്വയം | സ്വാഭാവികമായും |
| ദൈവാധീനഃ | ഈശ്വരേച്ഛക്കു് അടിമയായ |
| കഃ പുമാൻ | ഏതൊരു മനുഷ്യൻ, |
| യോഗേന | യോഗസാധനയിലൂടെ |
| യോഗേശ്വരം | യോഗഫലദാതാവായ ശ്രീകൃഷ്ണനെ |
| അനുവ്രതഃ | അനുവർത്തിക്കുന്നവനായാൽ, |
| ദൈവാധീനഷു | ഈശ്വരേച്ഛക്കു കീഴൊതുങ്ങുന്ന |
| കാമേഷു | ഭോഗസുഖങ്ങളിൽ |
| വിസ്രംഭേത | വിശ്വാസമർപ്പിക്കും ? |

24 പുര്യാം കദാചിത് ക്രീഡദ്ഭിര്യദുഭോജകുമാരകൈഃ
കോപിതാ മുനയഃ ശേപുർഭഗവന്മതകോവിദാഃ

| | |
|---|---|
| കദാചിത് | ഒരിക്കൽ |
| പുര്യാം | ദ്വാരകാപുരിയിൽ |
| ക്രീഡദ്ഭിഃ | കളിച്ചുകൊണ്ടിരുന്ന |
| യദുഭോജ-കുമാരകൈഃ | യദുഭോജവംശജരായ കുമാരന്മാരാൽ |
| കോപിതാഃ | കോപിപ്പിക്കപ്പെട്ടവരും |
| ഭഗവന്മത-കോവിദാഃ | ഭഗവാന്റെ അഭിപ്രായത്തിൽ അഭിജ്ഞന്മാരുമാ[യ |
| മുനയഃ | ഋഷിമാർ |
| ശേപുഃ | (അവരെ) ശപിച്ചു. |

25 തതഃ കതിപയൈർമാസൈർവൃഷ്ണിഭോജാന്ധകാദയഃ
യയുഃ പ്രഭാസം സംഹൃഷ്ടാ രഥൈർദേവവിമോഹിതാഃ

| | |
|---|---|
| തതഃ | അതിനുശേഷം |
| കതിപയൈഃ | ഏതാനും |
| മാസൈഃ | മാസങ്ങൾകൊണ്ടു്, |
| ദേവ-വിമോഹിതാഃ | ഈശ്വരന്റെ മായാവൈഭവത്താൽ വിമോഹിതരായ |
| വൃഷ്ണിഭോജാ-ന്ധകാദയഃ | വൃഷ്ണികൾ–ഭോജന്മാർ അന്ധകന്മാർ എന്നീ വിഭാഗക്കാരായ ദ്വാരകാവാസികൾ |
| രഥൈഃ | തേരുകളിൽ കയറി |
| സംഹൃഷ്ടാഃ | സന്തുഷ്ടരായിട്ടു് |
| പ്രഭാസം | പ്രഭാസതീർത്ഥത്തിലേക്കു് |
| യയുഃ | യാത്രയായി. |

26 തത്ര സ്നാത്വാ പിതൄൻ ദേവാനൃഷീംശ്ചൈവ തദംഭസാ
തർപ്പയിത്വാഥ വിപ്രേഭ്യോ ഗാവോ ബഹുഗുണാ ദദുഃ

| | |
|---|---|
| അഥ തത്ര | പിന്നീടു് അതിൽ |
| സ്നാത്വാ | സ്നാനംചെയ്തു്, |
| തദംഭസാ | അതിലെ ജലംകൊണ്ടു് |
| പിതൄൻ | പിതൃക്കളേയും |
| ദേവാൻ | ദേവന്മാരേയും |
| ഋഷീൻ ച ഏവ | ഋഷികളേയും |
| തർപ്പയിത്വാ | സന്തർപ്പിച്ചു്, |
| വിപ്രേഭ്യഃ | ബ്രാഹ്മണർക്കു് |
| ബഹുഗുണാഃ | അധികം ഗുണമുള്ള |
| ഗാവഃ | പശുക്കൾ, (ഏതോ അവയെ) |
| ദദുഃ | ദാനംചെയ്തു. |

27 ഹിരണ്യം രജതം ശയ്യാം വാസാംസ്യജിനകംബളാൻ
യാനം രഥാനിഭം കന്യാം ധരാം വൃത്തികരീമപി

28 അന്നം ചോരുരസം തേഭ്യോ ദത്വാ ഭഗവദർപ്പണം.
ഗോവിപ്രാർത്ഥാസവഃ ശ്ശൂരാഃ പ്രണേമുർഭുവി മൂർദ്ധഭിഃ

| | |
|---|---|
| ഹിരണ്യം | സ്വർണ്ണത്തെയും, |
| രജതം | വെള്ളിയേയും, |
| ശയ്യാം | ശയനോപകരണത്തേയും, |
| വാസാംസി | വസ്ത്രങ്ങളേയും, |
| അജിന-കംബളാൻ | മാൻതോൽ-കമ്പിളിത്തുണി എന്നിവയേയും, |
| യാനം | വാഹനത്തെയും, |
| രഥാൻ | തേരുകളേയും, |
| ഇഭം | ആനയേയും, |
| കന്യാഃ | കന്യകമാരേയും, |
| വൃത്തികരീം | ഉപജീവനത്തിന്നു മതിയാവുന്ന |
| ധരാം അപി | ഭൂമിയേയും, |
| ഉരുരസം | സ്വാദിഷ്ഠമായ |
| അന്നം ച | ഭോജനത്തേയും |
| തേഭ്യഃ | അവർക്ക് (വിപ്രന്മാർക്ക്) |
| ഭഗവദർപ്പണം | ഈശ്വരാർപ്പണമായി |
| ദത്വാ | ദാനംചെയ്തു |
| ഗോവിപ്രാ-ർത്ഥാസവഃ | ഗോക്കൾക്കും ബ്രാഹ്മണർക്കുംവേണ്ടി ജീവനെ ധരിക്കുന്ന |
| ശ്ശൂരാഃ | വീരയാദവന്മാർ |
| ഭുവി | ഭൂമിയിൽ |
| മൂർദ്ധഭിഃ | ശിരസ്സുകൾകൊണ്ടു |
| പ്രണേമുഃ | പ്രണമിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
തൃതീയോऽധ്യായഃ

ആദിതഃ ശ്ലോകാഃ 107.

മൂന്നാമദ്ധ്യായം കഴിഞ്ഞു.

## ചതുർത്ഥോഽദ്ധ്യായഃ : നാലാമദ്ധ്യായം.

" ചതുർത്ഥേ ബന്ധുനിധനം ശ്രുത്വാത്മജ്ഞാനലബ്ധയേ
ഉദ്ധവസ്യോപദേശേന ക്ഷത്താ മൈത്രേയമാഗമത് "

യദുവംശം നശിച്ചുപോയ വൃത്താന്തം കേട്ടു് വിദുരൻ ആത്മജ്ഞാനലബ്ധിക്കായി ഉദ്ധവോപദേശപ്രകാരം മൈത്രേയ മുനിയെ സമീപിക്കുന്നതു്.

ഉദ്ധവ ഉവാച — ഉദ്ധവൻ പറഞ്ഞു.

1 അഥ തേ തദനുജ്ഞാതാ ഭുക്ത്വാ പീത്വാഥ വാരുണീം
തയാ വിഭ്രംശിതജ്ഞാനാ ദുരുക്തൈർമ്മർമ്മ സംസ്പൃശുഃ

| | | | |
|---|---|---|---|
| അഥ തേ | അനന്തരം അവർ | തയാ | അതിനാൽ |
| തദനുജ്ഞാതാഃ | അവരാൽ(ബ്രാഹ്മണരാൽ) അനുജ്ഞാതരായിട്ടു് | വിഭ്രംശിത-ജ്ഞാനാഃ | സ്വബോധം വിട്ടുപോയവരായിഭവിച്ചു് |
| ഭുക്ത്വാ | ഭക്ഷണം കഴിച്ചു്, | ദുരുക്തൈഃ | ചീത്തവാക്കുകളെക്കൊണ്ടു് |
| വാരുണീം | ധാന്യപിഷ്ടജമായ വിശിഷ്ടമദ്യത്തെ | മർമ്മ | മർമ്മത്തെ |
| പീത്വാ അഥ | പാനംചെയ്തതിൽപ്പിന്നെ | സംസ്പൃശുഃ | സ്പർശിച്ചു. (അന്യോന്യം അധിക്ഷേപിച്ചു ) |

2 തേഷാം മൈരേയദോഷേണ വിഷമീകൃതചേതസാം
നിമ്ലോചതി രവാവാസീദ്വേണൂനാമിവ മദ്ദനം

| | | | |
|---|---|---|---|
| മൈരേയ-ദോഷേണ | മദ്യത്തിന്റെ ലഹരിദോഷത്താൽ | രവൌ നിമ്ലോചതി | ആദിത്യൻ അസ്തമിച്ചപ്പോൾ |
| വിഷമീകൃത-ചേതസാം | സമനില തെറ്റിക്കപ്പെട്ട മനോവൃത്തിയോടുകൂടിയവരായ | വേണൂനാം | മുളകൾക്കു് |
| | | ഇവ | എന്നതുപോലെ |
| | | മദ്ദനം | അന്യോന്യസംഘർഷം |
| തേഷാം | അവർക്കു്, | ആസീത് | സംഭവിച്ചു. |

3 ഭഗവാൻ സ്വാത്മമായായാ ഗതിം താമവലോക്യ സഃ
സരസ്വതീമുപസ്പൃശ്യ വൃക്ഷമൂലമുപാവിശത്

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | സരസ്വതീം | സരസ്വതീനദീജലം |
| സഃ | ആ ശ്രീകൃഷ്ണൻ | ഉപസ്പൃശ്യ | ആചമനംചെയ്തു് |
| സ്വാത്മമായായാഃ | തന്റെ മായയുടെ | വൃക്ഷമൂലം | ഒരു മരച്ചുവട്ടിനെ |
| താം ഗതിം | ആ പോക്കിനെ | ഉപാവിശത് | ചെന്നിരുന്നു. |
| അവലോക്യ | കണ്ടു്, | | |

4 അഹം ചോക്തോ ഭഗവതാ പ്രപന്നാർത്തിഹരേണ ഹ
ബദരീം ത്വം പ്രയാഹീതി സ്വകുലം സംജിഹീർഷുണാ.

| | | | |
|---|---|---|---|
| ഹ | അദ്ഭുതംതന്നെ | അഹം | ഞാൻ |
| സ്വകുലം | തന്റെ വംശത്തെ | ഉക്തഃ ച | ഉപദേശിക്കപ്പെട്ടുകഴി |
| സംജിഹീർഷുണാ | സംഹരിക്കുവാൻ ഇച്ഛ പൂണ്ടിരിക്കുന്നവനും | | ഞ്ഞവനും ആയിരുന്നു— |
| | | ത്വം | "അങ്ങ് |
| പ്രപന്നാർത്തിഹരേണ | ആശ്രിതരുടെ സന്താപം അകററുന്നവനുമായ | ബദരീം | ബദര്യാശ്രമത്തിലേക്ക് |
| | | പ്രയാഹി | പോയിക്കൊള്ളു" |
| ഭഗവതാ | ഭഗവാനാൽ | ഇതി | എന്നിങ്ങനെ |

5 അഥാപി തദഭിപ്രേതം ജാനന്നഹമരിന്ദമ
പൃഷ്ഠതോഽന്വഗമം ഭർത്തുഃ പാദവിശ്ലേഷണാക്ഷമഃ

| | | | |
|---|---|---|---|
| അരിന്ദമ | ഹേ ശത്രുജേതാവേ! | ഭർത്തുഃ | രക്ഷിതാവിന്റെ |
| അഥാപി | എങ്കിലുംകൂടി, | പൃഷ്ഠതഃ | പിറകെ |
| തദഭിപ്രേതം | അവിടുത്തെ ആശയത്തെ | പാദവിശ്ലേഷണാക്ഷമഃ | ആ തൃച്ചേവടികളെ വേർപിരിയുന്നതിൽ അശക്തനായിട്ട് |
| ജാനൻ | അറിഞ്ഞുകൊണ്ടിരിക്കു | | |
| അഹം | ഞാൻ [ന്ന | അന്വഗമം | അനുഗമിക്കയുണ്ടായി |

6 അദ്രാക്ഷമേകമാസീനം വിചിന്വൻ ദയിതം പതിം
ശ്രീനികേതം സരസ്വത്യാം കൃതകേതമകേതനം.

7 ശ്യാമാവദാതം വിരജം പ്രശാന്താരുണലോചനം
ദോർഭിശ്ചതുർഭിർവിദിതം പീതകൗശാംബരേണ ച

8 വാമ ഊരാവധിശ്രിത്യ ദക്ഷിണാംഘ്രിസരോരുഹം
അപാശ്രിതാർഭകാശ്വത്ഥമകൃശം ത്യക്തപിപ്പലം.

| | | | |
|---|---|---|---|
| വിചിന്വൻ | അന്വേഷിച്ചു ചെന്ന ഞാൻ | പ്രശാന്താരുണലോചനം | നിശ്ചലങ്ങളായ അരുണനേത്രങ്ങളോടുകൂടിയ |
| സരസ്വത്യാം | സരസ്വതീതടത്തിൽ | ചതുർഭിഃ | നാലു് [വനും, |
| കൃതകേതം | സങ്കേതമുറപ്പിച്ചവനും, | ദോർഭിഃ | തൃക്കരങ്ങളാലും |
| അകേതനം | സ്ഥിരമായ സങ്കേതമില്ലാത്തവനും, | പീതകൗശാംബരേണ ച | മഞ്ഞപ്പട്ടാടയാലും |
| ശ്രീനികേതം | ശോഭാസർവ്വസ്വത്തിന്റെ സങ്കേതമായവനും, | വിദിതം | തിരിച്ചറിയപ്പെട്ടവനും, |
| | | വാമേ | ഇടത്തെ |
| ശ്യാമാവദാതം | ശ്യാമളസുന്ദരനും, | ഊരൗ | തുത്തുടതന്മേൽ |
| വിരജം | ശുദ്ധസത്വമയനായിരിക്കുന്നവനും, | ദക്ഷിണാംഘ്രിസരോരുഹം | വലത്തെ തൃപ്പാദപദ്മത്തെ |

| | | | |
|---|---|---|---|
| അധിശ്രിത്യ | എടുത്തുവെച്ച് | അകൃശം | ആനന്ദതുന്ദിലനുമായി |
| അപാശ്രിതാർഭകാശ്വത്ഥം | ഒരു ചെറിയ അരയാൽ മരത്തിൽ ചാരിയിരിക്കുന്നവനും, | ഏകം ആസീനം | ഏകനായിരിക്കുന്ന |
| ത്യക്തപിപ്പലം | ഉപേക്ഷിക്കപ്പെട്ട വിഷയസുഖങ്ങളോടുകൂടിയവനെങ്കിലും | ദയിതം | പ്രിയംകരനായ |
| | | പതിം | ആത്മനാഥനെ |
| | | അദ്രാക്ഷം | ദർശിച്ചു. |

9 തസ്മിൻ മഹാഭാഗവതോ ദ്വൈപായനസുഹൃത്സഖഃ
ലോകാനനുചരൻ സിദ്ധ ആസസാദ യദൃച്ഛയാ

| | | | |
|---|---|---|---|
| തസ്മിൻ | അപ്പോളവിടെ, | ലോകാൻ | ലോകംമുഴുവനും |
| മഹാഭാഗവതഃ | മഹാനായ ഭഗവൽഭക്തനും | അനുചരൻ | അനുക്രമത്തിൽ സഞ്ചരിച്ചുകൊണ്ട് |
| ദ്വൈപായനസുഹൃത്സഖഃ | വേദവ്യാസരുടെ സുഹൃത്തും കൂട്ടുകാരനും * | യദൃച്ഛയാ | യാദൃച്ഛികമായി |
| സിദ്ധഃ | സിദ്ധനുമായ മൈത്രേയമഹർഷി | ആസസാദ | എത്തിച്ചേർന്നു. |

* മൈത്രേയൻ പരാശരന്റെ ശിഷ്യനാണ്. ആകയാൽ തൽപുത്രനായ വേദവ്യാസരുടെ സുഹൃത്തുമാണ്.

10 തസ്യാനുരക്തസ്യ മുനേർമുകുന്ദഃ
പ്രമോദഭാവാനതകന്ധരസ്യ
ആശൃണ്വതോ മാമനുരാഗഹാസ-
സമീക്ഷയാ വിശ്രമയന്നുവാച.

| | | | |
|---|---|---|---|
| അനുരക്തസ്യ | സ്നേഹവാനും | അനുരാഗഹാസസമീക്ഷയാ | സ്നേഹസമ്മിളിതമായ മന്ദഹാസത്തോടുകൂടിയ നോട്ടത്താൽ |
| പ്രമോദഭാവാനതകന്ധരസ്യ | സന്തോഷംകൊണ്ടും ഭക്തികൊണ്ടും തലതാഴ്ത്തിയവനുമായ | മാം | എന്നെ |
| തസ്യ മുനേഃ | ആ മഹാമുനി | വിശ്രമയൻ | വിശ്രമിപ്പിച്ചുകൊണ്ട് |
| ആശൃണ്വതഃ | കേൾക്കെ, | ഉവാച | പറഞ്ഞു. |
| മുകുന്ദഃ | ശ്രീകൃഷ്ണഭഗവാൻ | | |

ശ്രീഭഗവാനുവാച : ഭഗവാൻ അരുളിച്ചെയ്തു.

11 വേദാഹമന്തർ മനസീപ്സിതം തേ
ദദാമി യത്തദ്ദുരവാപമന്യൈഃ
സത്രേ പുരാ വിശ്വസൃജാം വസൂനാം
മത്സിദ്ധികാമേന വസോ ത്വയേഷ്ടഃ

| | | | |
|---|---|---|---|
| തേ മനസി | അങ്ങയുടെ മനസ്സിലുള്ള | പുരാ | പണ്ടു് |
| ഈപ്സിതം | ആഗ്രഹത്തെ | വിശ്വസൃജാം | പ്രജാപതിമാരുടെയും |
| അഹം | ഞാൻ | വസൂനാം | വസുക്കളുടെയും |
| അന്തഃ വേദ | ഉള്ളിൽ അറിയുന്നു. | സത്രേ | (ഒന്നിച്ചുള്ള) സത്രത്തിൽ |
| യത് | യാതൊന്നു് | | |
| അന്യൈഃ | അന്യരാൽ (എന്നിൽ ഭക്തിയില്ലാത്തവരാൽ) | മത്സിദ്ധികാമേന | എന്റെ സായൂജ്യത്തെ സാധിക്കുവാൻ അഭിലാഷത്തോടുകൂടിയ |
| ദുരാപം | ദുഷ്പ്രാപമാകുന്നുവോ, | | |
| തത് | അതിനെ | ത്വയാ | അങ്ങയാൽ |
| ദദാമി | ഞാൻ തരുന്നുണ്ടു്. | ഇഷ്ടഃ | ഞാൻ യജിക്ക (പൂജിക്ക)പ്പെട്ടിരുന്നു. |
| വസോ | അല്ലയോ വസോ ! | | |

12 സ ഏഷ സാധോ ചരമോ ഭവാനാ-
മാസാദിതസ്തേ മദനുഗ്രഹോ യത്
യന്മാം നൃലോകാൻ രഹ ഉത്സൃജന്തം
ദിഷ്ട്യാ ദദൃശ്വാൻ വിശദാനുവൃത്ത്യാ.

| | | | |
|---|---|---|---|
| യത് | യാതൊന്നിൽ | ചരമഃ | അവസാനത്തേതാകുന്നു. |
| മദനുഗ്രഹഃ | എന്റെ അനുഗ്രഹം | യത് | മാത്രമല്ല, |
| തേ | അങ്ങേക്കു് | നൃലോകാൻ | ജീവലോകങ്ങളെ |
| ആസാദിതഃ | സംപ്രാപ്തമായോ, | ഉത്സൃജന്തം | ഉപേക്ഷിച്ചുപോകുന്ന |
| സഃ | അങ്ങിനെയുള്ള | മാം രഹഃ | എന്നെ ഏകാന്തത്തിൽ |
| ഏഷഃ ഭാവഃ | ഈ ജന്മം | വിശദാനുവൃത്ത്യാ | നിർമ്മലഭക്തിയോടെ |
| ഭവാനാം | ജന്മങ്ങളിൽവെച്ചു് | ദദൃശ്വാൻ | ദർശിച്ചുവന്നുമായല്ലോ; |
| | | ദിഷ്ട്യാ | വളരെ നന്നായി ! |

ഭക്തിവിമുഖന്മാർക്കു ലഭ്യമല്ലാത്തതായ ഒന്നു് തരുന്നുണ്ടെന്നു് ഭഗവാൻ ഉദ്ധവരോടു് പറഞ്ഞുവല്ലോ. അതെന്താണെന്നു് താഴെ വ്യക്തമാക്കുന്നു-

13 പുരാ മയാ പ്രോക്തമജായ നാഭ്യേ
പദ്മേ നിഷണ്ണായ മമാദിസർഗ്ഗേ
ജ്ഞാനം പരം മന്മഹിമാവഭാസം
യത് സൂരയോ ഭാഗവതം വദന്തി.

| | | | |
|---|---|---|---|
| പുരാ | പണ്ടു്, | നിഷണ്ണായ | ഇരിക്കുന്ന |
| ആദിസർഗ്ഗേ | സൃഷ്ടിയുടെ തുടക്കത്തിൽ | അജായ | ബ്രഹ്മാവിന്നു് |
| മമ | എന്റെ | മന്മഹിമാവഭാസം | എന്റെ മാഹാത്മ്യം അവഭാസിക്കപ്പെടുന്ന |
| നാഭ്യേ | നാഭിയിൽനിന്നുണ്ടായ | | |
| പദ്മേ | താമരയിൽ | പരം ജ്ഞാനം | പരമമായ ജ്ഞാനം |

| | | | |
|---|---|---|---|
| മയാ | എന്നാൽ | യത് | യാതൊന്നിനെ |
| പ്രോക്തം | ഉപദേശിക്കപ്പെട്ടിരുന്നു, | ഭാഗവതം | ഭാഗവതമെന്ന് |
| സൂരയഃ | വിദ്വാന്മാർ | വദന്തി | പറഞ്ഞുവരുന്നു. |

14 ഇത്യാദൃതോക്തഃ പരമസ്യ പുംസഃ
പ്രതീക്ഷണാനുഗ്രഹഭാജനോഽഹം
സ്നേഹോത്ഥരോമാ സ്ഖലിതാക്ഷരസ്തം
മുഞ്ചഞ്ഛുചഃ പ്രാഞ്ജലിരാബഭാഷേ

| | | | |
|---|---|---|---|
| പരമസ്യ പുംസഃ | പരമപുരുഷനായ ശ്രീകൃഷ്ണഭഗവാന്റെ | സ്നേഹോത്ഥ- രോമാ | സ്നേഹവായ്പിനാൽ കോൾമയിർക്കൊണ്ടവനായും |
| പ്രതീക്ഷണാ- നുഗ്രഹഭാജനഃ | കൃപാവലോകനമാവുന്ന അനുഗ്രഹത്തിന്നു പാത്രീഭൂതനായി | സ്ഖലിതാക്ഷരഃ | ഇടറിയുതിന്ന അക്ഷരങ്ങളോടുകൂടിയവനായും ഭവിച്ച് |
| ഇതി | ഇങ്ങനെ | ശുചഃ | കണ്ണീർ |
| | | മുഞ്ചൻ | വിട്ടുകൊണ്ട് |
| ആദൃതോക്തഃ | ആദരിക്കപ്പെട്ടവനായും പറയപ്പെട്ടവനായുമുള്ള | പ്രാഞ്ജലിഃ | കൂപ്പുകൈകളോടെ |
| | | തം | അവിടുത്തോട് |
| അഹം | ഞാൻ | ആബഭാഷേ | ഉണർത്തിച്ചു |

അജ്ഞാനനിവൃത്തിയെക്കാൾ ഭഗവൽപാദഭജനമാണ് ഉദ്ധവർ അഭിലഷിക്കുന്നതെങ്കിലും, ഭഗവദാചരണങ്ങളിൽ ഉണ്ടെന്നു തോന്നുന്ന അന്യോന്യവൈരുദ്ധ്യങ്ങളുടെ ആന്തരാത്ഥമറിയാനുതകുന്ന തത്വജ്ഞാനോപദേശം തന്നരുളുവാൻ ഭഗവാനോടുണർത്തിച്ചതു് താഴെ നാലു ശ്ലോകംകൊണ്ടു് പറയുന്നു_

15 കോ ന്വീശ തേ പാദസരോജഭാജാം
സുദുർല്ലഭോഽത്ഥേഷു ചതുർഷ്വപീഹ
തഥാപി നാഹം പ്രവൃണോമി ഭൂമൻ
ഭവത്പദാംഭോജനിഷേവണോത്സുകഃ

| | | | |
|---|---|---|---|
| ഈശ ഇഹ | നാഥ! ഈ ലോകത്തിൽ | സുദുർല്ലഭഃ | അതിദുർല്ലഭമായതു്? |
| തേ | നിന്തിരുവടിയുടെ | തഥാപി | എന്നിരിക്കിലും, |
| | | ഭൂമൻ | ഹേ സർവ്വാത്മൻ! |
| പാദസരോ- ജഭാജാം | പാദപദ്മത്തെ ഭജിക്കുന്നവൎക്ക് | ഭവത്പദാം- ഭോജനിഷേ- വണോത്സുകഃ | അവിടുത്തെ തൃപ്പാദപദ്മഭജനത്തിൽ ഔത്സുക്യം പൂണ്ടിരിക്കുന്ന |
| അത്ഥേഷു | പുരുഷാത്ഥങ്ങളാ | | |
| ചതുർഷു അപി | നാലിലും | അഹം ന പ്രവൃണോമി | ഞാൻ അതല്ലാതെ മറ്റൊന്നും വരിക്കുന്നില്ല. |
| കഃ നു | ഏതൊന്നാണ് | | |

16 കർമ്മാണ്യനീഹസ്യ ഭവോഽഭവസ്യ തേ
ദുർഗ്ഗാശ്രയോഽഥാരിഭയാത് പലായനം
കാലാത്മനോ യത് പ്രമദായുതാശ്രമഃ
സ്വാത്മൻരതേഃ ഖിദ്യതി ധീർവിദാമിഹ.

| | | | |
|---|---|---|---|
| അനീഹസ്യ | നിഷ്ക്രിയനായ | ദുർഗ്ഗാശ്രയഃ | കോട്ടയുറപ്പിച്ചുള്ള താമസവും ഉണ്ടായതു്, |
| തേ | അങ്ങേയ്ക്കു് | സ്വാത്മൻരതേഃ | സ്വസ്വരൂപത്തിൽ രമിക്കുന്ന അങ്ങേയ്ക്കു് |
| കർമ്മാണി | കർമ്മങ്ങളുണ്ടായതു്, | പ്രമദാ- യുതാശ്രമഃ | ബഹുസ്ത്രീപരിഗ്രഹ തേന ഗൃഹസ്ഥവൃത്തി യുണ്ടായതു് |
| അഭവസ്യ | ജന്മരഹിതനായ അങ്ങേയ്ക്കു് | യത് | എന്നിങ്ങനെയുള്ള യാതൊന്നിനെക്കുറിച്ചു് |
| ഭവഃ | ജനനമുണ്ടായതു് | ഇഹ | ലോകത്തിലുള്ള |
| കാലാത്മനഃ | കാലസ്വരൂപനായ അങ്ങേയ്ക്കു് | വിദാം ധീഃ | വിദ്വാന്മാരുടെ ബുദ്ധി |
| അരിഭയാത് | ശത്രുഭീതികൊണ്ടുള്ള | ഖിദ്യതി | ക്ലേശിക്കുന്നു. |
| പലായനം | ഓട്ടവും | | |
| അഥ | മാത്രമല്ല | | |

17 മന്ത്രേഷു മാം വാ ഉപഹൂയ യത്ത്വ-
മകുണ്ഠിതാഖണ്ഡസദാത്മബോധഃ
പൃച്ഛേഃ പ്രഭോ മുഗ്ദ്ധ ഇവാപ്രമത്ത-
സ്തന്നോ മനോ മോഹയതീവ ദേവ

| | | | |
|---|---|---|---|
| പ്രഭോ | സർവ്വസമർത്ഥനായുള്ളോവേ! | മുഗ്ദ്ധഃ ഇവ | അറിവില്ലാത്ത ഒരുത്തനെന്നപോലെ, |
| മന്ത്രേഷു | രാജ്യകാര്യാലോചനകൾ നടക്കുമ്പോൾ | വൈ | അത്ഭുതമേ! |
| ത്വം | നിന്തിരുവടി | മാം | എന്നെ |
| അകുണ്ഠിതാ- ഖണ്ഡസദാ- ത്മബോധഃ | സഫലവും സമ്പൂർണ്ണവും സംശയാദി രഹിതവുമായ ജ്ഞാനശക്തിയോടുകൂടിയവനും | ഉപഹൂയ | അരികിൽവിളിച്ചു് |
| | | പൃച്ഛേഃ | ചോദിച്ചിരുന്നു. |
| | | ദേവ | ഹേ ലീലാമയ! |
| | | തത് നഃ | അതു് എന്റെ |
| | | മനഃ | മനസ്സിനെ |
| അപ്രമത്തഃ | തെററുപററാത്തവനും ആയിരുന്നിട്ടുകൂടി | മോഹയതി ഇവ | മോഹിപ്പിക്കുന്നപോലെ ഇരിക്കുന്നു. |

18 ജ്ഞാനം പരം സ്വാത്മരഹഃപ്രകാശം
പ്രോവാച കസ്മൈ ഭഗവാൻ സമഗ്രം
അപി ക്ഷമം നോ ഗ്രഹണായ ഭർത്ത-
ർവ്വദാഞ്ജസാ യദ്വൃജിനം തരേമ.

| | | | |
|---|---|---|---|
| ഭഗവാൻ | എല്ലാമറിയുന്ന നിന്തിരുവടി | ഭർത്തുഃ നഃ | സ്വാമിൻ! ഞങ്ങൾക്കും |
| സ്വാത്മരഹഃ- പ്രകാശം | സ്വസ്വരൂപരഹസ്യത്തെ പ്രകാശിപ്പിക്കുന്ന | ഗ്രഹണായ | കേട്ടുധരിക്കുന്നതിന്ന് |
| പരം | അത്യുൽകൃഷ്ടമായ | അപി ക്ഷമം | ഉതകുന്നതാണെങ്കിൽ |
| ജ്ഞാനം | ജ്ഞാനത്തെ | വദ | ചൊല്ലിത്തന്നാലും. |
| സമഗ്രം | പരിപൂർണ്ണമായും | യത് | യാതൊന്നാൽ |
| കസ്മൈ | ബ്രഹ്മാവിനായ്ക്കൊണ്ട് | വൃജിനം | സംസാരദുഃഖത്തെ |
| പ്രോവാച | ഉപദേശിച്ചുവല്ലോ. | അഞ്ജസാ | ആയാസംകൂടാതെ |
| | | തരേമ | ഞങ്ങൾ കടന്നു കൊള്ളട്ടെ. |

19 ഇത്യാവേദിതഹാർദ്ദായ മഹ്യം സ ഭഗവാൻ പരഃ
ആദിദേശാരവിന്ദാക്ഷ ആത്മനഃ പരമാം സ്ഥിതിം.

| | | | |
|---|---|---|---|
| ഇതി | എന്നിപ്രകാരം | അരവിന്ദാക്ഷഃ | ചെന്താമരക്കണ്ണനുമായ |
| ആവേദിത- ഹാർദ്ദായ | അറിയിക്കപ്പെട്ട അന്തർഗതത്തോടുകൂടിയ | സഃ പരഃ | ആ പരമപുരുഷൻ |
| മഹ്യം | എനിക്കായിക്കൊണ്ട് | ആത്മനഃ | തന്റെ |
| ഭഗവാൻ | ജ്ഞാനൈശ്വര്യാദി ഗുണോപേതനും | പരമാം | സർവ്വോന്നതമായ |
| | | സ്ഥിതിം | നിലയെ |
| | | ആദിദേശ | വിവരിച്ചുപദേശിച്ചു. |

20 സ ഏവമാരാധിതപാദതീർത്ഥാ-
ദധിതതത്ത്വാത്മവിബോധമാർഗ്ഗഃ
പ്രണമ്യ പാദൗ പരിവൃത്യ ദേവ-
മിഹാഗതോഽഹം വിരഹാതുരാത്മാ.

| | | | |
|---|---|---|---|
| ഏവം | ഈവിധം | പാദൗ | തൃച്ചേവടികളെ |
| ആരാധിത- പാദതീർത്ഥാത് | ശ്രീകൃഷ്ണഭഗവാനാവുന്ന പൂജ്യപാദഗുരുവിൽ നിന്ന് | പ്രണമ്യ | കുമ്പിട്ട്, |
| | | ദേവം | ഭഗവാനെ |
| | | പരിവൃത്യ | പ്രദക്ഷിണംവെച്ച് |
| അധീതതത്ത്വാ- ത്മവിബോധ- മാർഗ്ഗഃ | താത്ത്വികമായ ആത്മവിജ്ഞാനത്തിന്റെ പദ്ധതി പഠിച്ചറിഞ്ഞു കഴിഞ്ഞ | വിരഹാതുരാത്മാ | വിയോഗവിഹ്വലമായ മനസ്സോടുകൂടിയവനായിട്ട് |
| | | ഇഹ | ഇവിടെ |
| സഃ അഹം | ആ ഞാൻ | ആഗതഃ | വന്നുചേർന്നു. |

21 സോഽഹം തദ്ദർശനാഹ്ലാദവിയോഗാർത്തിയുതഃ പ്രഭോഃ
ഗമിഷ്യേ ദയിതം തസ്യ ബദര്യാശ്രമമണ്ഡലം.

| | | | |
|---|---|---|---|
| തദ്ദർശനാ-ഹ്ലാദവിയോ-ഗാർത്തിയുതഃ | ഭഗവദ്ദർശനംകൊണ്ടുള്ള ആഹ്ലാദവും ഭഗവദ്വിയോഗംകൊണ്ടുള്ള സന്താപവും ഇടകലർന്നിട്ടുള്ള | പ്രഭോഃ | പ്രഭാവപൂർണ്ണനായ |
| | | തസ്യ | അവിടത്തേക്ക് |
| | | ദയിതം | പ്രിയംകരമായ |
| | | ബദര്യാ-ശ്രമമണ്ഡലം | ബദര്യാശ്രമസ്ഥാനത്തേക്ക് |
| സഃ അഹം | ആ ഞാൻ | ഗമിഷ്യേ | പോകുവാൻ തുടങ്ങുന്നു. |

22 യത്ര നാരായണോ ദേവോ നരശ്ച ഭഗവാനൃഷിഃ
മൃദു തീവ്രം തപോ ദീർഘം തേപാതേ ലോകഭാവനൌ.

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്ത് | ലോക-ഭാവനൌ | ലോകാനുഗ്രഹം നിറവേററിക്കൊണ്ട്, |
| ദേവഃ | ലീലാമയനും | മൃദു | പരാപദ്രവമില്ലാത്തതും |
| ഭഗവാൻ | ജ്ഞാനൈശ്വര്യാദിപൂർണ്ണനും | തീവ്രം | ദുശ്ചരമായതും |
| ഋഷിഃ | ജിതേന്ദ്രിയനുമായ | ദീർഘം | കല്പാന്തകാലത്തോളം നീണ്ടുനില്ക്കുന്നതുമായ |
| നാരായണഃ | നാരായണനും | തപഃ തേപാതേ | തപസ്സിനെ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. |
| നരഃ ച | നരനും | | |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു:

23 ഇത്യുദ്ധവാദുപാകർണ്യ സുഹൃദാം ദുഃസഹം വധം
ജ്ഞാനേനാശമയത് ക്ഷത്താ ശോകമുത്പതിതം ബുധഃ.

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ഉത്പതിതം | തൽക്ഷണമുണ്ടായ |
| ഉദ്ധവാത് | ഉദ്ധവനിൽനിന്നു | ശോകം | ദുഃഖത്തെ |
| സുഹൃദാം | ബന്ധുക്കളുടെ | ബുധഃ | ജ്ഞാനിയായ |
| ദുഃസഹം | സഹിക്കരുതാത്ത | ക്ഷത്താ | വിദുരർ |
| വധം | വധത്തെ | ജ്ഞാനേന | ജ്ഞാനംകൊണ്ട് |
| ഉപാകർണ്യ | കേട്ടിട്ട് | അശമയത് | ഒതുക്കി. |

24 സ തം മഹാഭാഗവതം വ്രജന്തം കൌരവർഷഭ
വിശ്രംഭാദഭ്യധത്തേദം മുഖ്യം കൃഷ്ണപരിഗ്രഹേ.

| | | | |
|---|---|---|---|
| കൌരവർഷഭ | ഹേ കൌരവശ്രേഷ്ഠനായ പരീക്ഷിത്തേ! | കൃഷ്ണപരിഗ്രഹേ | ശ്രീകൃഷ്ണന്റെ പരിജനവൃന്ദത്തിൽ |
| സഃ | അദ്ദേഹം (വിദുരർ) | മുഖ്യം | പ്രധാനനും |
| മഹാഭാഗവതം | വലിയ ഭഗവൽഭക്തനും | വ്രജന്തം | യാത്ര തുടർന്നവനുമായ |

| | | | |
|---|---|---|---|
| തം | അദ്ദേഹത്തോട് (ഉദ്ധവരോട്) | ഇദം | ഇപ്രകാരം |
| വിശ്രംഭാത് | വിശ്വാസംനിമിത്തം | അഭ്യധത്ത | പറഞ്ഞു. |

വിദുര ഉവാച — വിദുരൻ പറഞ്ഞു.

25 ജ്ഞാനം പരം സ്വാത്മരഹഃപ്രകാശം
യദാഹ യോഗേശ്വര ഈശ്വരസ്തേ
വക്തും ഭവാന്നോഽർഹതി യദ്ധി വിഷ്ണോർ-
ഭൃത്യാഃ സ്വഭൃത്യാർത്ഥകൃതശ്ചരന്തി.

| | |
|---|---|
| യോഗേശ്വരഃ | യോഗങ്ങളുടെ ഫലദാതാവായ |
| ഈശ്വരഃ | ശ്രീകൃഷ്ണഭഗവാൻ |
| സ്വാത്മരഹഃപ്രകാശം | തന്റെ ആത്മസ്വരൂപരഹസ്യത്തെ വെളിപ്പെടുത്തുന്ന |
| പരം | പരമമായ |
| യത് ജ്ഞാനം | യാതൊരുജ്ഞാനത്തെ |
| തേ | അങ്ങേയ്ക്ക് |
| ആഹ | ഉപദേശിച്ചുവോ, (അതിനെ) |

| | |
|---|---|
| നഃ | ഞങ്ങൾക്ക് |
| വക്തും | പറഞ്ഞുതരുവാൻ |
| ഭവാൻ | അങ്ങുന്ന് |
| അർഹതി | അർഹിക്കുന്നു. |
| യത് | എന്തെന്നാൽ |
| വിഷ്ണോഃ | വിഷ്ണുവിന്റെ |
| ഭൃത്യാഃ | ദാസന്മാർ (ഭക്തന്മാർ) |
| സ്വഭൃത്യാർത്ഥകൃതഃ | സ്വഭക്തന്മാരുടെ കാര്യത്തെ നിറവേറ്റിക്കൊണ്ട് |
| ചരന്തി ഹി | സഞ്ചരിക്കുകയാണല്ലോ |

ഉദ്ധവ ഉവാച — ഉദ്ധവൻ പറഞ്ഞു.

26 നനു തേ തത്ത്വസംരാദ്ധ്യ ഋഷിഃ കൌഷാരവോഽന്തി മേ
സാക്ഷാത് ഭഗവതാഽദിഷ്ടോ മർത്ത്യലോകം ജിഹാസതാ.

| | |
|---|---|
| മർത്ത്യലോകം | മനുഷ്യലോകത്തെ |
| ജിഹാസതാ | വിട്ടുപോകാനൊരുങ്ങിയിരുന്ന |
| സാക്ഷാത് | പ്രത്യക്ഷമൂർത്തിയായ |
| ഭഗവതാ | ശ്രീകൃഷ്ണഭഗവാനാൽ |
| മേ അന്തി | എന്റെ അരികത്തുണ്ടായിരുന്ന |
| കൌഷാരവഃ | മൈത്രേയൻ എന്ന |

| | |
|---|---|
| ഋഷിഃ | മഹാമുനി |
| തേ | അങ്ങേയ്ക്ക് |
| തത്ത്വസംരാദ്ധ്യഃ | തത്ത്വാവബോധാർത്ഥം സമാരാദ്ധ്യഗുരുവായിട്ട് |
| ആദിഷ്ടഃ നനു | ആദേശിക്കപ്പെട്ടിട്ടുണ്ടല്ലോ. |

ഭഗവാൻ ഉദ്ധവർക്ക് ആത്മതത്ത്വം ഉപദേശിക്കുന്ന സമയത്തു വിദുരർക്കും സങ്കല്പമാത്രേണ അതു ചെയ്തിട്ടുണ്ട്. എങ്കിലും ലോകത്തിന്ന് ഒരദ്ധ്യാത്മഗുരു ഉപദേഷ്ടാവായി വേണമല്ലോ, ഇതിന്ന് ഭഗവാൻതന്നെ ഉദ്ധവോപദേശവേളയിൽ അവിടെ സന്നിഹിതനായിരുന്ന മൈത്രേയമുനിയോട് ആദേശിക്കയും ചെയ്തിരിക്കുന്നു. അതിനാൽ തത്ത്വോപലബ്ധിക്കു തന്നെയല്ല, മൈത്രേയമുനിയെയാണ് വിദുരർ സമീപിക്കേണ്ടതു് എന്നത്രേ ഇവിടെ ഉദ്ധവർ പറഞ്ഞതിന്റെ സാരം.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു:

27 ഇതി സഹ വിദുരേണ വിശ്വമൂർത്തേർ-
ഗുണകഥയാ സുധയാ പ്ലാവിതോരുതാപഃ
ക്ഷണമിവ പുളിനേ യമസ്വസുസ്താം
സമുഷിത ഔപഗവിർനിശാം തതോഽഗാത്.

| | | | |
|---|---|---|---|
| ഔപഗവിഃ | ഉദ്ധവർ | യമസ്വസുഃ | യമുനാനദിയുടെ |
| ഇതി | ഈ വിധത്തിൽ | പുളിനേ | മണൽത്തിട്ടിൽ |
| വിദുരേണ | വിദുരരോട്ട് | താം നിശാം | ആ രാത്രിയെ |
| സഹ | ഒത്തുചേർന്ന് | | |
| വിശ്വമൂർത്തേഃ | വിശ്വാത്മാവിന്റെ | ക്ഷണം ഇവ | ക്ഷണനേരത്തെയെന്ന പോലെ |
| ഗുണകഥയാ | ഗുണകഥയാവുന്ന | | |
| സുധയാ | അമൃതത്താൽ | സമുഷിതഃ | കഴിച്ചുകൂട്ടി. |
| പ്ലാവിതോരുതാപ | അകററപ്പെട്ട അതിസന്താപത്തോടുകൂടിയവനായിഭവിച്ച്, | തതഃ | പിന്നെ അവിടെനിന്ന് |
| | | അഗാത് | യാത്രയായി. |

രാജോവാച — രാജാവ് ചോദിച്ചു:

28 നിധനമുപഗതേഷു വൃഷ്ണിഭോജേ-
ഷ്വധിരഥയൂഥപയൂഥപേഷു മുഖ്യഃ
സ തു കഥമവശിഷ്ട ഉദ്ധവോ യ-
ദ്ധരിരപി തത്യജ ആകൃതിം ത്ര്യധീശഃ

| | | | |
|---|---|---|---|
| അധിരഥയൂഥപയൂഥപേഷു | മഹാരഥന്മാരുടെ സംഘനായകന്മാർക്കും സംഘനായകന്മാരായ | അവശിഷ്ടഃ | അവശേഷിച്ചു? |
| | | യത് | യാതൊരു സന്ദർഭത്തിൽ |
| | | മുഖ്യഃ | അവരിൽ പ്രധാനിയും |
| വൃഷ്ണിഭോജേഷു | വൃഷ്ണിഭോജന്മാർ | ത്ര്യധീശഃ | ത്രിമൂർത്തികൾക്കധിപതിയുമായ |
| നിധനം | മരണത്തെ | | |
| ഉപഗതേഷു | പ്രാപിച്ചപ്പോൾ, | ഹരിഃ അപി | ശ്രീകൃഷ്ണൻപോലും |
| സഃ ഉദ്ധവഃ തു | ആ ഉദ്ധവൻ മാത്രം | ആകൃതിം | മനുഷ്യവടിവിനെ |
| കഥം | എങ്ങനെ | തത്യജ | ഉപേക്ഷിച്ചുവല്ലോ. |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു:

29 ബ്രഹ്മശാപാപദേശേന കാലേനാമോഘവാഞ്ഛിതഃ
സംഹൃത്യ സ്വകുലം നൂനം ത്യക്ഷ്യൻ ദേഹമചിന്തയത്.

| | | | |
|---|---|---|---|
| അമോഘ-വാഞ്ഛിതഃ | വിഫലീഭവിക്കാത്ത സങ്കല്പത്തോടുകൂടിയ ഭഗവാൻ | സംഹൃത്യ | സംഹരിച്ച്, |
| ബ്രഹ്മശാപാ-പദേശേന | ബ്രാഹ്മണശാപമെന്ന മറപിടിച്ചിട്ടുള്ള | ദേഹം | ശരീരത്തെ |
| കാലേന | കാലശക്തിയാൽ | ത്യക്ഷൻ | പരിത്യജിക്കാൻ ഒരുങ്ങിക്കൊണ്ട് |
| സ്വകുലം | തന്റെ വംശത്തെ | അചിന്തയത്-നൂനം | ഇങ്ങനെ വിചാരിച്ചതായിരിക്കണം |

30 അസ്മാല്ലോകാദുപരതേ മയി ജ്ഞാനം മദാശ്രയം
അർഹത്യുദ്ധവ ഏവാദ്ധാ സംപ്രത്യാത്മവതാം വരഃ

| | | | |
|---|---|---|---|
| അസ്മാത് | ഈ | ആത്മവതാം | ആത്മജ്ഞാനികളിൽ വെച്ച് |
| ലോകാത് | ലോകത്തിൽനിന്ന് | വരഃ | ഉത്തമനായ |
| മയി ഉപരതേ | ഞാൻ വിരമിച്ചുകഴിഞ്ഞാൽ | ഉദ്ധവഃ ഏവ | ഉദ്ധവൻ മാത്രമേ |
| | | സംപ്രതി | ഇനിമേൽ |
| മദാശ്രയം | എന്നെ ആശ്രയിച്ചതാ[യ | അദ്ധാ | ശരിക്കു |
| ജ്ഞാനം | ജ്ഞാനത്തെ | അർഹതി | അർഹിക്കുകയുള്ളു. |

31 നോദ്ധവോഽണ്വപി മന്ന്യൂനോ യദ്ഗുണൈർനാർദ്ദിതഃ പ്രഭുഃ
അതോ മദ്വയുനം ലോകം ഗ്രാഹയന്നിഹ തിഷ്ഠതു

| | | | |
|---|---|---|---|
| ഉദ്ധവഃ | ഉദ്ധവൻ | ന അർദ്ദിതഃ | വിക്ഷോഭിതനായിട്ടില്ല |
| അണു അപി | അണുവിനുപോലും | അതഃ | ആകയാൽ, |
| മത് | എന്നെക്കാൾ | മദ്വയുനം | എന്നെ സംബന്ധിച്ചുള്ള ജ്ഞാനം |
| ന്യൂനഃ ന | കുറഞ്ഞവനല്ല; | | |
| യത് | എന്തുകൊണ്ടെന്നാൽ | ലോകം | ലോകത്തെ |
| പ്രഭുഃ | സമർത്ഥനായ അവൻ | ഗ്രാഹയൻ | ഗ്രഹിപ്പിച്ചുകൊണ്ട് |
| ഗുണൈഃ | ഗുണകാര്യങ്ങളായ വിഷയങ്ങളാൽ | ഇഹ | ഇവിടെ |
| | | തിഷ്ഠതു | നിന്നുകൊള്ളട്ടെ. |

32 ഏവം ത്രിലോകഗുരുണാ സന്ദിഷ്ടഃ ശബ്ദയോനിനാ
ബദര്യാശ്രമമാസാദ്യ ഹരിമീജേ സമാധിനാ.

| | | | |
|---|---|---|---|
| ത്രിലോക-ഗുരുണാ | മൂന്നുലോകത്തിന്റെ ഏകാചാര്യനും | സന്ദിഷ്ടഃ | സന്ദേശിക്കപ്പെട്ട ഉദ്ധവർ |
| | | ബദര്യാശ്രമം | ബദര്യാശ്രമത്തെ |
| ശബ്ദയോനിനാ | ശബ്ദബ്രഹ്മത്തിന്റെ കാരണഭൂതനുമായ കൃഷ്ണനാൽ | ആസാദ്യ | പ്രാപിച്ച് |
| | | ഹരിം | ശ്രീഹരിയെ |
| | | സമാധിനാ | സമാധിയോഗംകൊണ്ട് |
| ഏവം | ഇപ്രകാരം | ഈജേ | ആരാധിച്ചു |

33 വിദുരോപ്യുദ്ധവാച്ഛ്രുത്വാ കൃഷ്ണസ്യ പരമാത്മനഃ
ക്രീഡയോപാത്തദേഹസ്യ കർമ്മാണി ശ്ലാഘിതാനി ച.
34 ദേഹന്യാസം ച തസ്യൈവം ധീരാണാം ധൈര്യവർദ്ധനം
അന്യേഷാം ദുഷ്കരതരം പശൂനാം വിക്ലവാത്മനാം
35 ആത്മാനം ച കുരുശ്രേഷ്ഠ കൃഷ്ണേന മനസേക്ഷിതം
ധ്യായൻ ഗതേ ഭാഗവതേ രുരോദ പ്രേമവിഹ്വലഃ.

| | |
|---|---|
| പരമാത്മനഃ | പരമാത്മാവും |
| ക്രീഡയാ | ക്രീഡനിമിത്തം |
| ഉപാത്ത-ദേഹസ്യ | സ്വീകരിക്കപ്പെട്ട ശരീരത്തോടുകൂടിയവനുമായ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണൻെറ |
| ശ്ലാഘിതാനി | പ്രശംസിതങ്ങളായ |
| കർമ്മാണി ച | പ്രവൃത്തികളേയും, |
| ധീരാണാം | ധീരാത്മാക്കൾക്ക് |
| ധൈര്യവർദ്ധനം | ധൈര്യം വളൎത്തുന്നതും |
| വിക്ലവാത്മനാം | അധീരാത്മാക്കളായ |
| അന്യേഷാം | മററുള്ള |
| പശൂനാം | പാമരജനങ്ങൾക്ക് |
| ദുഷ്കരതരം | ചെയ്യുവാനസാദ്ധ്യമാകുന്നതും ആയിരിക്കുന്ന |
| തസ്യ | ആ ഭഗവാൻെറ |
| ഏവം | ഇപ്രകാരത്തിലുള്ള |
| ദേഹന്യാസം ച | ദേഹോത്സൎജ്ജനത്തേയും |
| ആത്മാനം | തന്നെക്കുറിച്ച് |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ |
| മനസാ | ഉള്ളുകൊണ്ട് |
| ഈക്ഷിതം ച | ഓൎക്കപ്പെട്ടതിനേയും |
| ഉദ്ധവാത് | ഉദ്ധവരിൽനിന്ന് |
| ശ്രുത്വാ | കേട്ടതിൽപ്പിന്നെ, |
| വിദുരഃ അപി | വിദുരരും |
| ധ്യായൻ | അതെല്ലാം ധ്യാനിച്ചുകൊണ്ട്, |
| ഭാഗവതേ | ആ ഭഗവൽഭക്തൻ |
| ഗതേ | പോയനേരത്ത് |
| പ്രേമവിഹ്വലഃ | പ്രേമവിവശനായിട്ട് |
| കുരുശ്രേഷ്ഠ | ഹേ പരീക്ഷിത്തേ ! |
| രുരോദ | കരഞ്ഞുപോയി |

36 കാളിന്ദ്യാഃ കതിഭിഃ സിദ്ധ അഹോഭിർ ഭരതർഷഭ
പ്രാപദ്യത സ്വഃസരിതം യത്ര മിത്രാസുതോ മുനിഃ

| | |
|---|---|
| ഭരതർഷഭ | ഭാരതപ്രമുഖനും |
| സിദ്ധഃ | സിദ്ധനുമായ വിദുരർ |
| കതിഭിഃ | ഏതാനും ചില |
| അഹോഭിഃ | ദിവസങ്ങൾകൊണ്ട് |
| കാളിന്ദ്യാഃ | യമുനാതടത്തിൽനിന്ന് |
| സ്വഃ സരിതം | ഗംഗാതീരത്തെ |
| പ്രാപദ്യത | പ്രാപിച്ചു |
| മുനിഃ | മനനശീലനായ |
| മിത്രാസുതഃ | മൈത്രേയർ |
| യത്ര | യാതൊരിടത്താണ് വസിക്കുന്നതു്. |

വിദുരമൈത്രേയസംവാദം ഏതവസരത്തിൽ, എവിടെവെച്ചുണ്ടായതാണെന്ന് രാജാവ് ശ്രീശുകമുനിയോട് തുടക്കത്തിൽ ചോദിച്ചിരുന്നു. അതിനുള്ള ഉത്തരം ഈ നാലദ്ധ്യായങ്ങൾകൊണ്ട് പറഞ്ഞുകഴിഞ്ഞു. ഇനി പ്രസ്തുത സംവാദത്തിൽ അടങ്ങിയ സംഗതികളെ ഈ സ്കന്ധത്തിലും അടുത്ത സ്കന്ധത്തിലുമായിട്ട് വിസ്തരിച്ച് നിരൂപണം ചെയ്യുവാൻ പോകുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ ചതുൎത്ഥോദ്ധ്യായഃ

ആദിതഃ ശ്ലോകഃ 143. നാലാമദ്ധ്യായം കഴിഞ്ഞു.

## പഞ്ചമോഽദ്ധ്യായഃ : അഞ്ചാമദ്ധ്യായം.

“പഞ്ചമേ ഭഗവല്ലീലാം ക്ഷത്ത്രാ പൃഷ്ടോ മഹാമുനിഃ
പ്രോവാച മഹദാദീനാം സൎഗ്ഗം തൈശ്ച ഹരേഃ സ്തുതിം”

വിദുരപ്രശ്നാനുസാരേണ മൈത്രേയകൃത സൃഷ്ടിക്രമവൎണ്ണനം.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു:

1 ദ്വാരി ദ്യുനദ്യാ ഋഷഭഃ കുരൂണാം
മൈത്രേയമാസീനമഗാധബോധം
ക്ഷത്തോപസൃത്യാച്യുതഭാവശുദ്ധഃ
പപ്രച്ഛ സൌശീല്യഗുണാഭിതൃപ്തഃ.

| | | | |
|---|---|---|---|
| കുരൂണാം ഋഷഭഃ | കൌരവന്മാരുടെ ഇടയിൽ ശ്രേഷ്ഠനും | അഗാധബോധം | ആഴത്തിലെഴുന്ന ആത്മവിജ്ഞാനത്തോടുകൂടിയവനുമായ |
| അച്യുതഭാവശുദ്ധഃ | ശ്രീകൃഷ്ണഭക്തിയാൽ ചിത്തശുദ്ധിയാൎന്നവനുമായ | മൈത്രേയം | മൈത്രേയമഹൎഷിയെ |
| ക്ഷത്താ | വിദുരൻ | ഉപസൃത്യ | സമീപിച്ച്, |
| ദ്യുനദ്യാഃ ദ്വാരി | ഗംഗാനദിയുടെ ദ്വാര (ഹരിദ്വാര)ത്തിൽ | സൌശീല്യഗുണാഭിതൃപ്തഃ | അദ്ദേഹത്തിന്റെ സൌശീല്യഗുണങ്ങളിൽ തികച്ചും തൃപ്തനായിട്ട് |
| ആസീനം | സ്വസ്ഥമായിരിക്കുന്നവനും | പപ്രച്ഛ | ചോദിച്ചു. |

വിദുര ഉവാച — വിദുരർ പറഞ്ഞു:

(ഇനി 15 ശ്ലോകങ്ങൾ വിദുരപ്രശ്നങ്ങളാകുന്നു)

2 സുഖായ കൎമ്മാണി കരോതി ലോകോ
ന തൈഃ സുഖം വാഽന്യദുപാരമം വാ
വിന്ദേത ഭൂയസ്തത ഏവ ദുഃഖം
യദത്ര യുക്തം ഭഗവാൻ വദേന്നഃ

| | | | |
|---|---|---|---|
| ലോകഃ | ജനസഞ്ചയം | അന്യദുപാരമം വാ | മറിച്ചുള്ളതിന്റെ (ദുഃഖത്തിന്റെ) ഉപശാന്തിയെയോ |
| സുഖായ | സുഖത്തിനുവേണ്ടി | | |
| കൎമ്മാണി | പ്രവൃത്തികൾ | | |
| കരോതി | ചെയ്യുന്നു | ന വിന്ദേത | പ്രാപിക്കാനാകുന്നില്ല |
| തൈഃ | അവകൊണ്ട് | ഭൂയഃ | വീണ്ടും |
| സുഖം വാ | സുഖത്തെയോ, | തതഃ | അവയിൽനിന്ന് |

| | | | |
|---|---|---|---|
| ദുഃഖം ഏവ | ദുഃഖം മാത്രം | ഭഗവാൻ | സർവ്വജ്ഞനായ ഭവാൻ |
| അത്ര | ഈ വിഷയത്തിൽ | നഃ | ഞങ്ങൾക്ക് |
| യുക്തം | യോജിച്ചതു് | | |
| യത് | യാതൊന്നോ, അതു് | വദേത് | പറഞ്ഞുതന്നാലും |

3 ജനസ്യ കൃഷ്ണാദവിമുഖസ്യ ദൈവാ-
ദധർമ്മശീലസ്യ സുദുഃഖിതസ്യ
അനുഗ്രഹായേഹ ചരന്തി നൂനം.
ഭൂതാനി ഭവ്യാനി ജനാർദ്ദനസ്യ.

| | | | |
|---|---|---|---|
| ദൈവാത് | പൂർവ്വകർമ്മ പരിണാമംകൊണ്ടു് | ജനസ്യ | ജനത്തിന്റെ |
| | | അനുഗ്രഹായ | അനുഗ്രഹത്തിന്നായി |
| കൃഷ്ണാത് | ശ്രീകൃഷ്ണനിൽനിന്നു് | ജനാർദ്ദനസ്യ | ശ്രീകൃഷ്ണന്റെ |
| വിമുഖസ്യ | വൈമുഖ്യമാർന്നു് | ഭവ്യാനി | മംഗളാത്മകങ്ങളായ |
| അധർമ്മ-ശീലസ്യ | അധർമ്മത്തിൽ സ്വഭാവമൂന്നിക്കൊണ്ട | ഭൂതാനി | മൂർത്തികൾ |
| | | ഇഹ | ഈ ലോകത്തിൽ |
| സുദുഃഖിതസ്യ | ദുഃഖം മുഴുത്തുകഴിയുന്ന | ചരന്തി നൂനം | സഞ്ചരിക്കുകയാണല്ലോ, |

മൈത്രേയനെപ്പോലെയുള്ള ഭഗവൽഭക്തന്മാർ ലോകാനുഗ്രഹാർത്ഥം സഞ്ചരിക്കുന്ന ഭഗവന്മൂർത്തികൾതന്നെയാണെന്നു് സാരം.

4 തത സാധുവര്യാദിശ വർത്മ ശം നഃ
സംരാധിതോ ഭഗവാൻ യേന പുംസാം
ഹൃദി സ്ഥിതോ യച്ഛതി ഭക്തിപൂതേ
ജ്ഞാനം സതത്ത്വാധിഗമം പുരാണം.

| | | | |
|---|---|---|---|
| തത് | അതുകൊണ്ടു് | സതത്ത്വാ-ധിഗമം | ആത്മതത്ത്വത്തിന്റെ പ്രത്യക്ഷാനുഭവത്തോടു കൂടിയതും |
| സാധുവര്യ | ഹേ സജ്ജനവരേണ്യ ! | | |
| യേന | യാതൊരു മാർഗ്ഗത്തിലൂടെ | | |
| സംരാധിതഃ | ആരാധിതനായാൽ | പുരാണം | അനാദിയുമായ |
| ഭഗവാൻ | ഭഗവാൻ ശ്രീഹരി | ജ്ഞാനം | ജ്ഞാനത്തെ |
| പുംസാം | ജനങ്ങളുടെ | യച്ഛതി | പ്രദാനം ചെയ്യുമോ, |
| ഭക്തിപൂതേ | ഭക്തിവിശുദ്ധമായ | ശം വർത്മ | ആ സുഖമാർഗ്ഗത്തെ |
| ഹൃദി | ഹൃദയത്തിൽ | നഃ | ഞങ്ങൾക്ക് |
| സ്ഥിതഃ | നിലയുറച്ചവനായിട്ടു് | ആദിശ | ഉപദേശിച്ചാലും |

5 കരോതി കർമ്മാണി കൃതാവതാരോ
യാന്യാത്മതന്ത്രോ ഭഗവാംസ്ത്ര്യധീശഃ
യഥാ സസർജ്ജാഗ്ര ഇദം നിരീഹഃ
സംസ്ഥാപ്യ വൃത്തിം ജഗതോ വിധത്തേ

| | |
|---|---|
| ത്ര്യധീശഃ | ത്രിഗുണാത്മികയായ മായയുടെ നിയന്താവും |
| ആത്മതന്ത്രഃ | സ്വതന്ത്രനും ആയിരിക്കുന്ന |
| ഭഗവാൻ | ഭഗവാൻ ശ്രീഹരി |
| കൃതാവതാരഃ | അവതാരങ്ങളെ സ്വീകരിച്ചവനായിട്ട് |
| യാനി | ഏതെല്ലാം |
| കർമ്മാണി | കർമ്മങ്ങളെ |
| കരോതി | ചെയ്യുന്നു ? |
| നിരീഹഃ | ആ നിഷ്ക്രിയൻ |
| അഗ്രേ | ആദികാലത്ത് |
| ഇദം | ഈ വിശ്വത്തെ |
| യഥാ | ഏതുവിധം |
| സസർജ്ജ | സൃഷ്ടിച്ചു ? |
| സംസ്ഥാപ്യ | നിലയുറപ്പിച്ച്, |
| ജഗതഃ | ലോകത്തിന്ന് |
| വൃത്തിം | ഉപജീവനത്തെ |
| (യഥാ) | ഏതുവിധം |
| വിധത്തേ | ഉണ്ടാക്കിക്കൊടുക്കുന്നു ? |

6 യഥാ പുനഃ സ്വേ ഖ ഇദം നിവേശ്യ
ശേതേ ഗുഹായാം സ നിവൃത്തവൃത്തിഃ
യോഗേശ്വരാധീശ്വര ഏക ഏത–
ദനുപ്രവിഷ്ടോ ബഹുധാ യഥാഽസീത്.

| | |
|---|---|
| പുനഃ സഃ | പിന്നെ, ആ ശ്രീഹരി |
| സ്വേ ഖേ | സ്വന്തം ഹൃദയാകാശത്തിൽ |
| ഇദം | ഈ വിശ്വത്തെ |
| നിവേശ്യ | ഒതുക്കിവെച്ച് |
| നിവൃത്തവൃത്തിഃ | നിർവ്യാപാരനായി |
| ഗുഹായാം | യോഗമായയിൽ |
| യഥാ ശേതേ | ശയിപ്പതെങ്ങനെ ? |
| യോഗേശ്വരാധീശ്വരഃ | യോഗേശ്വരന്മാരുടെ അധീശ്വരനായും |
| ഏകഃ | ഏകനായും വർത്തിക്കുന്ന ഭഗവാൻ |
| ഏതത് | ഈ ജഗത്തിനെ |
| അനുപ്രവിഷ്ടഃ | അനുപ്രവേശിച്ച് |
| ബഹുധാ | ബഹുപ്രകാരത്തിൽ (ബ്രഹ്മാദിരൂപേണ) |
| യഥാ ആസീത് | ഭവിച്ചതെങ്ങനെ? |

7 ക്രീഡൻ വിധത്തേ ദ്വിജഗോസുരാണാം
ക്ഷേമായ കർമ്മാണ്യവതാരഭേദൈഃ
മനോ ന തൃപ്യത്യപി ശൃണ്വതാം നഃ
സുശ്ലോകമൌലേശ്ചരിതാമൃതാനി

| | |
|---|---|
| അവതാരഭേദൈഃ | മത്സ്യാദ്യവതാരഭേദങ്ങളോടെ |
| ക്രീഡൻ | വിഹരിച്ചുകൊണ്ട്, |
| ദ്വിജഗോസുരാണാം | ബ്രാഹ്മണർ, ഗോക്കൾ, ദേവന്മാർ എന്നിവരുടെ |
| ക്ഷേമായ | ക്ഷേമത്തിന്നുവേണ്ടി |
| കർമ്മാണി | കർമ്മങ്ങളെ |
| വിധത്തേ | പ്രവർത്തിക്കുന്നതെങ്ങനെ? |
| സുശ്ലോകമൌലേഃ | പുണ്യശ്ലോകന്മാരുടെ ചൂഡാലങ്കാരമായിരിക്കുന്ന ശ്രീകൃഷ്ണഭഗവാന്റെ |
| ചരിതാമൃതാനി | അമൃതോപമചരിതങ്ങളെ |
| ശൃണ്വതാം അപി | കേട്ടുകൊണ്ടിരിക്കുന്നവരെങ്കിലുംകൂടി |
| നഃ മനഃ | ഞങ്ങളുടെ മനസ്സ് |
| ന തൃപ്യതി | തൃപ്തിപ്പെടുന്നില്ല. |

8 യൈസ്തത്ത്വഭേദൈരധിലോകനാഥോ
ലോകാനലോകാൻ സഹലോകപാലാൻ
അചീക്ലൃപദ്യത്ര ഹി സർവ്വസത്ത്വ-
നികായഭേദോऽധികൃതഃ പ്രതീതഃ

| | |
|---|---|
| അധിലോകനാഥഃ | ലോകനാഥന്മാരുടെ അധിനാഥനായ ഭഗവാൻ |
| സഹലോകപാലാൻ | ലോകനാഥന്മാരോടു കൂടിയുള്ള |
| ലോകാൻ | ലോകങ്ങളേയും |
| അലോകാൻ | ബഹിർല്ലോകങ്ങളേയും |
| യൈഃ | യാവചില |
| തത്ത്വഭേദൈഃ | വിഭിന്നതത്ത്വങ്ങളാൽ |
| അചീക്ലൃപത് | കല്പിച്ചിരിക്കുന്നു ? |
| യത്ര ഹി | യാതൊന്നുകളിൽതന്നെ |
| സർവ്വസത്ത്വനികായഭേദഃ | സകലജീവജാലങ്ങളുടേയും സമൂഹത്തിലുള്ള വ്യത്യാസത്തോടെ സ്ഥിതനായിട്ട് |
| അധികൃതഃ | തത്തൽകർമ്മാധികാരിയായി |
| പ്രതീതഃ | പ്രതിഭാസിക്കുന്നതെങ്ങനെ? |

9 യേന പ്രജാനാമുത ആത്മകർമ്മ-
രൂപാഭിധാനാം ച ഭിദാം വ്യധത്ത
നാരായണോ വിശ്വസൃഗാത്മയോനി-
രേതച്ച നോ വർണ്ണയ വിപ്രവര്യ.

| | |
|---|---|
| ഉത ച | അതിനുംപുറമെ, |
| വിശ്വസൃക് | ലോകങ്ങളുടെ സ്രഷ്ടാവായും |
| ആത്മയോനിഃ | തനിക്കുതാൻതന്നെ കാരണമായും ഇരിക്കുന്ന |
| നാരായണഃ | ശ്രീനാരായണൻ |
| പ്രജാനാം | സ്വസൃഷ്ടങ്ങളുടെ |
| ആത്മകർമ്മരൂപാഭിധാനാം | അന്തഃകരണവൃത്തി, കർമ്മം, ആകൃതി പേര് എന്നിവകൾ |
| യേന | ഏതുപ്രകാരത്തിൽ |
| ഭിദാം | ഭേദഭാവത്തെ |
| വ്യധത്ത | വിധാനംചെയ്തു ? |
| വിപ്രവര്യ | ഹേ ബ്രാഹ്മണോത്തമ ! |
| ഏതത് ച | ഇതിനേയും |
| നഃ | ഞങ്ങൾക്ക് |
| വർണ്ണയ | വിസ്തരിച്ചുതരിക. |

10 പരാവരേഷാം ഭഗവൻ വ്രതാനി
ശ്രുതാനി മേ വ്യാസമുഖാദഭീക്ഷ്ണം
അതൃപ്നുമ ക്ഷുല്ലസുഖാവഹാനാം
തേഷാമൃതേ കൃഷ്ണകഥാമൃതൌഘാത്.

| | |
|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞ ! |
| പരാവരേഷാം | ഉൽകൃഷ്ടന്മാരുടേയും അപകൃഷ്ടന്മാരുടേയും |
| വ്രതാനി | ധർമ്മങ്ങൾ |
| വ്യാസമുഖാത് | വ്യാസരുടെ മുഖത്തിൽനിന്നു |

| | | | |
|---|---|---|---|
| അഭിക്ഷ്ണം | പലതവണ | ഋതേ | ഒഴികെ, മററുള്ള |
| മേ | എന്നാൽ | ക്ഷുല്ലസുഖാവഹാനാം | തുച്ഛസുഖപ്രദങ്ങളായ |
| ശ്രുതാനി | ശ്രവിക്കപ്പെട്ടിരിക്കുന്നു. | തേഷാം | അവയുടെ ശ്രവണത്താൽ |
| കൃഷ്ണകഥാമൃതൌഘാത് | ശ്രീകൃഷ്ണകഥയാവുന്ന ആനന്ദാമൃതപ്രവാഹത്തിൽനിന്നു് | അതൃപ്നുമഃ | തൃപ്തിയാർന്നിരിക്കുന്നു * |

* ഉൽകൃഷ്ടാപകൃഷ്ടചേതന വിഭിന്നപ്രകൃതികളായ മനുഷ്യരുടെ വൃത്യസ്തധർമ്മങ്ങളും പലതും വ്യാസഭാരതത്തിൽനിന്നു് പലവട്ടം കേട്ടു കേട്ടു തൃപ്തിയായിരിക്കുന്നു. എന്നാൽ അതിൽ സൂചിതമായ കൃഷ്ണകഥ കേട്ടിട്ടുമാത്രം തൃപ്തി വന്നിട്ടില്ല എന്നർത്ഥം.

തൃപ്തി വരാത്തതിനുള്ള കാരണമാണു് താഴെ പറയുന്നതു്.

11 കസ്തൃപ്നുയാത്തീർത്ഥപദോഽഭിധാനാത്
സത്രേഷു വഃ സൂരിഭിരീഡ്യമാനാത്
യഃ കർണ്ണനാഡീം പുരുഷസ്യ യാതോ
ഭവപ്രദാം ഗേഹരതിം ഛിനത്തി.

| | | | |
|---|---|---|---|
| വഃ | നിങ്ങളുടെ | യഃ | യാതൊരു ഭഗവാൻ |
| സത്രേഷു | സദസ്സുകളിൽവെച്ചു് | പുരുഷസ്യ | മനുഷ്യന്റെ |
| സൂരിഭിഃ | വിദ്വാന്മാരാൽ | കർണ്ണനാഡീം | കർണ്ണഞരമ്പിനെ |
| ഈഡ്യമാനാത് | പ്രകീർത്തിക്കപ്പെട്ടുവരുന്ന | യാതഃ | പ്രാപിച്ചു് |
| തീർത്ഥപദഃ | ശ്രീകൃഷ്ണഭഗവാന്റെ | ഭവപ്രദാം | സംസാരക്ലേശം ഇയററുന്ന |
| അഭിധാനാത് | കഥാകഥനത്തിൽനിന്നു് | ഗേഹരതിം | ഗൃഹാസക്തിയെ |
| കഃ | ഏതൊരാൾ | ഛിനത്തി | വേരററുകളയുന്നു. |
| തൃപ്നുയാത് | സംതൃപ്തിയടയും ? | | |

സംസാരദുഃഖത്തിൽ വീഴ്ത്തി മനുഷ്യനെ വലക്കുന്ന ഗൃഹാസക്തിയെ ശ്രീകൃഷ്ണലീലാചരിതവർണ്ണനശ്രവണം വേരററുകളയുന്നു. ആകയാൽ എത്ര കേട്ടാലും മതിവരികയില്ല എന്നു് സാരം.

മഹാഭാരതത്തിന്റെ താൽപര്യാർത്ഥവും ഭഗവൽഗുണാനുകഥനമാണെന്നു താഴെ എടുത്തു പറയുന്നു.

12 മുനിർവിവക്ഷുർഭഗവദ്ഗുണാനാം
സഖാപി തേ ഭാരതമാഹ കൃഷ്ണഃ
യസ്മിൻ നൃണാം ഗ്രാമ്യസുഖാനുവാദൈർ-
മതിർഗൃഹീതാ നു ഹരേഃ കഥായാം.

| | | | |
|---|---|---|---|
| തേ സഖാ | അങ്ങയുടെ സുഹൃത്തും | ആഹ | ആഖ്യാനം ചെയ്തു്. |
| മുനിഃ | മനനശീലനുമായ | യസ്മിൻ | യാതൊരു ആഖ്യാനത്തിൽ |
| കൃഷ്ണഃ അപി | ശ്രീവേദവ്യാസൻകൂടി | നൃണാം മതിഃ | മനുഷ്യരുടെ ബുദ്ധി |
| ഭഗവദ്ഗുണാനാം | ശ്രീകൃഷ്ണഭഗവാന്റെ ഗുണങ്ങളെ | ഗ്രാമ്യസുഖാനുവാദൈഃ | തുച്ഛങ്ങളായ ലൌകികസുഖങ്ങളുടെ അനുകഥനങ്ങളിലൂടെ |
| വിവക്ഷുഃ | വചിക്കുവാനുള്ള ആഗ്രഹത്തോടുകൂടിയവനായിട്ടാണ്് | ഹരേഃ | ശ്രീഹരിയുടെ |
| | | കഥായാം | കഥയിൽ |
| ഭാരതം | മഹാഭാരതമെന്ന ഇതിഹാസത്തെ | ഗൃഹീതാ ന | പിടിച്ചു ചേർക്കപ്പെട്ടു, തീർച്ച. |

ഹരികഥയിൽ മനുഷ്യന്റെ ബുദ്ധി അഭിനിവിഷ്ടമായാലത്തെ ഫലം ചൂണ്ടിക്കാണിക്കുന്നു.

13 സാ ശ്രദ്ദധാനസ്യ വിവർദ്ധമാനാ
വിരക്തിമന്യത്ര കരോതി പുംസഃ
ഹരേഃ പദാനുസ്മൃതിനിർവൃതസ്യ
സമസ്തദുഃഖാത്യയമാശു ധത്തേ

| | | | |
|---|---|---|---|
| സാ | അതു് (ഹരിയുടെ കഥയിൽ പരിനിഷ്ഠിതമായ ബുദ്ധി) | കരോതി | ഉണ്ടാക്കുന്നു |
| | | ഹരേഃ | ശ്രീഹരിയുടെ |
| ശ്രദ്ദധാനസ്യ | ശ്രദ്ധാലുവായ | പദാനുസ്മൃതിനിർവൃതസ്യ | പാദാനുസ്മരണംകൊണ്ടു ആത്മസുഖം അനുഭവിക്കുന്നവന്റെ |
| പുംസഃ | മനുഷ്യനെ സംബന്ധിച്ചിടത്തോളം | | |
| വിവർദ്ധമാനാ | വിശേഷിച്ചും ക്രമപ്രവൃദ്ധമായിരുന്നുകൊണ്ടു് | സമസ്തദുഃഖാത്യയം | സർവ്വദുഃഖങ്ങൾക്കും അറുതി |
| അന്യത്ര | മറ്റുള്ളവയിൽ | ആശു | അതിവേഗം |
| വിരക്തിം | വിരക്തിയെ | ധത്തേ | ഉണ്ടാക്കുന്നു. |

ഇനി ഹരികഥാവിമുഖരുടെ ശോചനീയതയെ എടുത്തുപറയുന്നു:

14 താൻ ശോച്യശോച്യാനവിദോഽനുശോചേ
ഹരേഃ കഥായാം വിമുഖാനഘേന
ക്ഷിണോതി ദേവോഽനിമിഷസ്തു യേഷാ-
മായുർവൃഥാവാദഗതിസ്മൃതീനാം.

| | | | |
|---|---|---|---|
| അഘേന | ദുഷ്കൃതംകൊണ്ടു് | വിമുഖാൻ | വൈമുഖ്യമാർന്നവരും |
| ഹരേഃ | ശ്രീഹരിയുടെ | ശോച്യശോച്യാൻ | അത്യധികം അനുകമ്പയർഹിക്കുന്നവരും |
| കഥായാം | കഥയിൽ | | |

| | | | |
|---|---|---|---|
| അവിദഃ | അജ്ഞന്മാരായ[1] | യേഷാം | യാതൊരുവരുടെ |
| താൻ | അത്തരക്കാരെക്കുറിച്ച് | ആയുഃ തു | ആയുസ്സിനെയാകട്ടെ |
| അനുശോചേ | ഞാൻ അനുശോചിക്കുന്നു | അനിമിഷഃ | കണ്ണടയ്ക്കാതെ |
| വൃഥാവാഗ്ഗതി-സ്മൃതീനാം | വചനവും ഗമനവും സ്മരണവും വെറുതെ യായിപ്പോയ[2] | ദേവഃ | കളിക്കുന്ന കാലശക്തി |
| | | ക്ഷിണോതി | ക്ഷയിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. |

1 “മഹാഭാരതത്തിന്റെ നിഗൂഢതത്ത്വത്തെക്കുറിച്ച് അജ്ഞരായവർ” എന്നാണ് ഇവിടെ വിവക്ഷിതം. ആ തത്ത്വമാകട്ടെ ലൌകികവിഷയാനുകഥനദ്വാരാ ഹരികഥയിലേക്ക് മനുഷ്യബുദ്ധിയെ കൊണ്ടുചെല്ലുക എന്നതുമാണ്.

2 ഹരിയെ കീർത്തിക്കാത്തതുകൊണ്ട് വചനവും പ്രദക്ഷിണാദികൾ ചെയ്യാത്തതുകൊണ്ട് ഗമനവും, ധ്യാനിക്കാത്തതുകൊണ്ട് സ്മരണവും വെറുതെയായിപ്പോകുന്നു.

15 തദസ്യ കൌഷാരവ ശർമ്മദാതുർ-
ഹരേഃ കഥാമേവ കഥാസു സാരം
ഉദ്ധൃത്യ പുഷ്പേഭ്യ ഇവാർത്തബന്ധോഃ
ശിവായ നഃ കീർത്തയ തീർത്ഥകീർത്തേഃ

| | | | |
|---|---|---|---|
| തത് | അതുകൊണ്ട് | കഥാം ഏവ | കഥയെത്തന്നെ |
| കൌഷാരവ | ഹേ മൈത്രേയമുനേ! | പുഷ്പേഭ്യഃ | പൂക്കളിൽനിന്ന് |
| ശർമ്മദാതുഃ | ആനന്ദപ്രദനും | ഇവ | തേനെന്നപോലെ |
| ആർത്തബന്ധോഃ | ആർത്തബന്ധുവും | ഉദ്ധൃത്യ | ഉദ്ധരിച്ച് |
| തീർത്ഥകീർത്തേഃ | പുണ്യകീർത്തിമാനുമായ | അസ്യ | ഈ ലോകത്തിന്റെ |
| ഹരേഃ | ശ്രീഹരിയുടെ | ശിവായ | നന്മക്കുവേണ്ടി |
| കഥാസു | കഥകളിൽ | നഃ | ഞങ്ങളോട് |
| സാരം | സാരഭൂതമായ | കീർത്തയ | വിസ്തരിച്ചുപറഞ്ഞാലും. |

ഹരികഥകളിൽ വിശേഷിച്ചും കൃഷ്ണകഥയെ വിസ്തരിച്ചുപറയണമെന്ന അഭിപ്രായത്തോടെ ഒന്നുകൂടി തുടർന്നുപറയുന്നു.

16 സ വിശ്വജന്മസ്ഥിതിസംയമാർത്ഥേ
കൃതാവതാരഃ പ്രഗൃഹീതശക്തിഃ
ചകാര കർമ്മാണ്യതിപൂരുഷാണി
യാനീശ്വരഃ കീർത്തയ താനി മഹ്യം

| | | | |
|---|---|---|---|
| വിശ്വജന്മസ്ഥിതിസംയമാർത്ഥേ | ലോകത്തിന്റെ ഉദ്ഭവസ്ഥിതിലയങ്ങൾക്കു വേണ്ടി | പ്രഗൃഹീതശക്തിഃ | പ്രകർഷേണ ഗ്രഹിക്കപ്പെട്ട ശക്തിയോടുകൂടിയ |
| | | സഃ ഈശ്വരഃ | ആ ശ്രീഹരി |

| | | | |
|---|---|---|---|
| കൃതാവതാരഃ | മനുഷ്യനായിട്ടു് പിറവിയെടുത്തു് | കർമ്മാണി | പ്രവൃത്തികളെ |
| | | ചകാര | ചെയ്തുവോ, |
| അതിപൂരുഷാണി | മനുഷ്യാതീതങ്ങളായിട്ടുള്ള | താനി | അവയെ |
| | | മഹ്യം | എനിക്കായിക്കൊണ്ടു് |
| യാനി | യാവചിലവ | കീർത്തയ | കീർത്തിച്ചാലും. |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു—

17 സ ഏവം ഭഗവാൻ പൃഷ്ടഃ ക്ഷത്രാ കൌഷാരവോ മുനിഃ
പുംസാം നിഃശ്രേയസാർത്ഥേന തമാഹ ബഹുമാനയൻ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പുംസാം | മനുഷ്യരുടെ |
| ക്ഷത്രാ | വിദുരരാൽ | നിഃശ്രേയസാർത്ഥേന | നന്മയെ ലക്ഷ്യമാക്കിക്കൊണ്ടു് |
| പൃഷ്ടഃ | ചോദിക്കപ്പെട്ട | | |
| ഭഗവാൻ | സർവ്വജ്ഞനായ | തം | അദ്ദേഹത്തെ |
| കൌഷാരവഃ | മൈത്രേയനെന്ന | ബഹുമാനയൻ | സമാദരിച്ചുകൊണ്ടു് |
| സഃ മുനിഃ | ആ മഹർഷി | ആഹ | പറഞ്ഞു. |

മൈത്രേയ ഉവാച — മൈത്രേയമഹർഷി പറഞ്ഞു—

18 സാധു പൃഷ്ടം ത്വയാ സാധോ ലോകാൻ സാധ്വനുഗൃഹ്ണതാ
കീർത്തിം വിതന്വതാ ലോകേ ആത്മനോഽധോക്ഷജാത്മനഃ.

| | | | |
|---|---|---|---|
| സാധോ | അല്ലയോ സുചരിത ! | ലോകാൻ | ലോകങ്ങളെ |
| അധോക്ഷജാത്മനഃ | ശ്രീഹരിയിൽ മനസ്സൂന്നിയിരിക്കുന്ന | സാധു | സമുചിതമായി |
| | | അനുഗൃഹ്ണതാ | അനുഗ്രഹിക്കുന്നവനായ |
| ആത്മനഃ | തന്റെ | | |
| കീർത്തിം | യശസ്സിനെ | ത്വയാ | അങ്ങയാൽ |
| ലോകേ | ലോകത്തിൽ | സാധു | സമുചിതമാംവിധം |
| വിതന്വതാ | പരത്തിനില്ക്കുവനും | പൃഷ്ടം | ചോദിക്കപ്പെട്ടിരിക്കുന്നു |

19 നൈതച്ചിത്രം ത്വയി ക്ഷത്തർബാദരായണവീര്യജേ
ഗൃഹീതോഽനന്യഭാവേന യത്ത്വയാ ഹരിരീശ്വരഃ.

| | | | |
|---|---|---|---|
| ക്ഷത്തഃ | ഹേ ബ്രാഹ്മണാംശജ ! | ഈശ്വരഃ | സർവ്വനിയന്താവായ |
| ബാദരായണവീര്യജേ | വ്യാസരുടെ ബീജത്തിൽനിന്നു ജാതനായ | ഹരിഃ | ശ്രീഹരി |
| ത്വയി | അങ്ങയുടെ വിഷയത്തിൽ | അനന്യഭാവേന | മറ്റൊന്നിലും പതിയാത്ത ഏകാഗ്രഭാവനയോടെ |
| ഏതത് | ഇതു് | | |
| ചിത്രം ന | അദ്ഭുതമല്ല. | | |
| യത് | അതെന്തെന്നാൽ, | ഗൃഹീതഃ | തന്നിൽ ചേർക്കപ്പെട്ടവനായിരിക്കുന്നു. |
| ത്വയാ | അങ്ങയാൽ | | |

20 മാണ്ഡവ്യശാപാത് ഭഗവാൻ പ്രജാസംയമനോ യമഃ
ഭ്രാതുഃ ക്ഷേത്രേ ഭുജിഷ്യായാം ജാതഃ സത്യവതീസുതാത്.

| | | | |
|---|---|---|---|
| പ്രജാസംയമനഃ | ജനങ്ങളെ നീതിപൂർവ്വം ദണ്ഡനംചെയ്തു നിയന്ത്രിക്കുന്ന | സത്യവതീസുതാത് | ദാശകന്യയായ സത്യവതിയുടെ പുത്രനായ വ്യാസനിൽനിന്നു് |
| ഭഗവാൻ | സർവ്വജ്ഞനായ | ഭ്രാതുഃ | തൽസഹോദരനായ വിചിത്രവീര്യന്റെ |
| യമഃ | ധർമ്മരാജൻ | ക്ഷേത്രേ | ഭാര്യയുടെ നിലയിലുള്ള |
| മാണ്ഡവ്യശാപാത് | മാണ്ഡവ്യമുനിയുടെ ശാപംനിമിത്തം | ഭുജിഷ്യായാം | ദാസിയിൽ |
| | | ജാതഃ | ജനിച്ചതാകുന്നു. |

21 ഭവാൻ ഭഗവതോ നിത്യം സമ്മതഃ സാനുഗസ്യ ച
യസ്യ ജ്ഞാനോപദേശായ മാദിശത് ഭഗവാൻ വ്രജൻ.

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ആദിശത് | ആജ്ഞാപിച്ചുവോ, |
| വ്രജൻ | യാത്രയാകുമ്പോൾ | ഭവാൻ | അങ്ങനെയുള്ള അങ്ങുന്നു് |
| യസ്യ | യാതൊരാൾക്കു് | സാനുഗസ്യ | അനുചരന്മാരോടുകൂടിയ |
| ജ്ഞാനോപദേശായ | ജ്ഞാനോപദേശം ചെയ്യുവാൻവേണ്ടി | ഭഗവതഃ | ഭഗവാനു് |
| | | നിത്യം | എല്ലാകാലത്തും |
| മാ | എന്നോടു് | സമ്മതഃ ച | സമ്മതൻതന്നെയാണു്. |

22 അഥ തേ ഭഗവല്ലീലാ യോഗമായോപബൃംഹിതാഃ
വിശ്വസ്ഥിത്യുദ്ഭവാന്താർത്ഥാ വർണ്ണയാമ്യനുപൂർവ്വശഃ

| | | | |
|---|---|---|---|
| അഥ തേ | ഇനി അങ്ങേയ്ക്കു് | ഭഗവല്ലീലാഃ | ഈശ്വരലീലകളെ |
| യോഗമായോപബൃംഹിതാഃ | യോഗമായയാൽ വളർത്തപ്പെട്ടവയും | അനുപൂർവ്വശഃ | ക്രമേണ ഓരോന്നായി |
| വിശ്വസ്ഥിത്യുദ്ഭവാന്താർത്ഥാഃ | ലോകത്തിന്റെ നിലനില്പിന്നും ഉല്പത്തിലയങ്ങൾക്കും വിഷയമായ | വർണ്ണയാമി | വർണ്ണിച്ചുപറയാം. |

മൈത്രേയമുനി വിദുരരുടെ ചോദ്യങ്ങളെ ഇങ്ങനെ അഭിനന്ദനപൂർവ്വം അംഗീകരിച്ചശേഷം സർവ്വേശ്വരന്റെ സൃഷ്ടിലീലകളെ വർണ്ണിക്കുവാൻ പോകുന്നു. അതിനു് ആദ്യമായി സൃഷ്ടിക്കുമുമ്പുള്ള സ്ഥിതിയെന്തായിരുന്നുവെന്നു് കാണിക്കുന്നു.

23 ഭഗവാനേക ആസേദമഗ്ര ആത്മാത്മനാം വിഭുഃ
ആത്മേച്ഛാനുഗതാവാത്മാ നാനാമത്യുപലക്ഷണഃ

| | | | |
|---|---|---|---|
| ഇദം | ഈ ദൃശ്യപ്രപഞ്ചം | ആത്മാ | ആ കേവലാത്മതത്ത്വം |
| അഗ്രേ | സൃഷ്ടിക്കുമുൻപ് | ആത്മേച്ഛാനുഗതൌ | സ്വേച്ഛാശക്തി (മായ) തന്നിലേ വിലയിച്ചിരിക്കുന്ന ഈ വേളയിൽ |
| ആത്മനാം | സമസ്തജീവന്മാരുടെ | അനാനാമത്യുപലക്ഷണഃ | ദ്രഷ്ടാവ്–ദൃശ്യം എന്നിങ്ങിനെയുള്ള വിഭിന്ന പ്രതീതിയിലൂടെ ജ്ഞാപകമായിരുന്നില്ല |
| ആത്മാ | കാരണസ്വരൂപവും | | |
| വിഭുഃ | ഉടമയും ആയ | | |
| ഭഗവാൻ | പരമാത്മാവ് | | |
| ഏകഃ | ഒന്നുമാത്രം | | |
| ആസ | ആയിരുന്നു. | | |

24 സ വാ ഏഷ തദാ ദ്രഷ്ടാ നാപശ്യദ്ദൃശ്യമേകരാട്
മേനേഽസന്തമിവാത്മാനം സുപ്തശക്തിരസുപ്തദൃക്

| | | | |
|---|---|---|---|
| സുപ്തശക്തിഃ | വിലീനമായ മായാദിശക്തികളോടുകൂടിയും | ദ്രഷ്ടാ | ദ്രഷ്ടാവായിട്ട് |
| അസുപ്തദൃക് | വിലീനമാവാതെ ജാഗ്രത്തായിത്തന്നെ ഇരിക്കുന്ന ചിച്ഛക്തി (ചേതന)യോടുകൂടിയും വർത്തിച്ച | ദൃശ്യം | ദൃശ്യത്തെ |
| | | ന അപശ്യത് | ദർശിച്ചില്ല. |
| | | ഏകരാട് | ഏകനായി വിരാജിക്കുകയായിരുന്ന കേവലാത്മാവ് |
| സഃ വൈ ഏഷഃ | മുൻചൊന്ന ഈ പരമാത്മതത്ത്വം | ആത്മാനം | തന്നേയും |
| | | അസന്തം ഇവ | ഇല്ലാത്തതുപോലെ |
| തദാ | അന്ന് | മേനേ | വിചാരിച്ചു. |

ദൃശ്യം മായാകാര്യമാണ്. മായയാകട്ടെ സൃഷ്ടിക്കുമുമ്പ് ചിത്സ്വരൂപനായ ഈശ്വരനിൽ ലയിച്ചിരുന്നു. അതിനാൽ ദൃശ്യപ്രപഞ്ചം ഇല്ല. ചിന്മയനായ ഈശ്വരൻ ദ്രഷ്ടാവായിട്ട് ഉണ്ടുതാനും. എന്തെന്നാൽ ഈ ചിത്ത്(ജ്ഞാനം) എന്നും ജാഗ്രത്താണ്. പക്ഷേ, ദൃശ്യമില്ലാത്ത സ്ഥിതിയിൽ ദ്രഷ്ടാവായ ചിത്ത് ഉണ്ടെങ്കിലും ഇല്ലാത്തതുപോലെയാകും. ദ്രഷ്ടാവ്, ദൃശ്യം, ദർശനം എന്നീ "ത്രിത്വം" ഏകീഭവിച്ച നിലയായതു കൊണ്ട് സൃഷ്ടിയുടെ വികാസം സംഭവിക്കാതെയും ഇരുന്നു. ഇനി ഈ സൃഷ്ടിവികാസത്തിന്നാസ്പദമായ മായയുടെ സ്വരൂപത്തെപ്പററി പ്രതിപാദിക്കുന്നു.

25 സാ വാ ഏതസ്യ സംദ്രഷ്ടുഃ ശക്തിഃ സദസദാത്മികാ
മായാ നാമ മഹാഭാഗ യയേദം നിർമ്മമേ വിഭുഃ

| | | | |
|---|---|---|---|
| മായാ നാമ | 'മായ' എന്നത് | ശക്തിഃ | ഇച്ഛാശക്തിയാണ്. |
| സംദ്രഷ്ടുഃ | ദ്രഷ്ടാവായ | മഹാഭാഗ | അല്ലയോ മഹാഭാഗ ! |
| ഏതസ്യ | ഈ ചിത്സ്വരൂപന്റെ | വിഭുഃ | വിവിധമായി ഭവിപ്പാൻ കഴിവുള്ള കേവലാത്മാവ് |
| സദസദാത്മികാ | കാര്യകാരണ സ്വരൂപത്തോടെവർത്തിച്ച് ദ്രഷ്ടൃദൃശ്യങ്ങളെ അനുബന്ധിക്കുന്ന | യയാ | യാതൊരു ശക്തികൊണ്ടു |
| | | ഇദം | ഈ ദൃശ്യപ്രപഞ്ചത്തെ |
| സാ വൈ | ആ സുപ്രസിദ്ധമായ | നിർമ്മമേ | സൃഷ്ടിച്ചു. |

26 കാലവൃത്ത്യാ തു മായായാം ഗുണമയ്യാമധോക്ഷജഃ
പുരുഷേണാത്മഭൂതേന വീര്യമാധത്ത വീര്യവാൻ

| | | | |
|---|---|---|---|
| കാലവൃത്ത്യാ തു | കാലശക്തിയുടെ പ്രവൃത്തനത്താലാകട്ടെ | ആത്മഭൂതേന | ആത്മാംശമായും |
| ഗുണമയ്യാം | ക്ഷുബ്ധമായ ഗുണസ്വരൂപം പൂണ്ടിരിക്കുന്ന | പുരുഷേണ | മായയുടെ അധിഷ്ഠാതാവായും ഇരിക്കുന്ന പുരുഷനാൽ |
| മായായാം | മായയിങ്കൽ | | |
| വീര്യവാൻ | ചിച്ഛക്തിരൂപമായ വീര്യത്തോടുകൂടിയ | വീര്യം | ചിദാഭാസസ്വരൂപമായ വീര്യത്തെ |
| അധോക്ഷജഃ | പരമാത്മാവു് | ആധത്ത | ആധാനം ചെയ്തു. |

27 തതോഽഭവന്മഹത്തത്ത്വമവ്യക്താത് കാലചോദിതാത്
വിജ്ഞാനാത്മാഽത്മദേഹസ്ഥം വിശ്വം വ്യഞ്ജംസ്തമോനുദഃ

| | | | |
|---|---|---|---|
| തതഃ | പിന്നേയും | വിജ്ഞാനാത്മാ | അറിവിന്റെ സ്വരൂപമായതും |
| കാല- ചോദിതാത് | കാലശക്തിയാൽ പ്രചോദിതമായ | തമോനുദഃ | ഇരുളിനെ അകററുന്നതുമായ മഹത്തത്ത്വം |
| അവ്യക്താത് | മായയിൽ നിന്നു് | ആത്മദേഹസ്ഥം | തന്നിൽ ഒതുങ്ങിനില്ക്കുന്ന |
| മഹത്തത്ത്വം | “ മഹത്ത് ” എന്ന ഭാവം | വിശ്വം | വിശ്വത്തെ |
| അഭവത് | ഉണ്ടായി. | വ്യഞ്ജൻ | പ്രകാശിപ്പിച്ചുകൊണ്ടിരുന്നു |

28 സോഽപ്യംശഗുണകാലാത്മാ ഭഗവദ്ദൃഷ്ടിഗോചരഃ
ആത്മാനം വ്യകരോദാത്മാ വിശ്വസ്യാസ്യ സിസൃക്ഷയാ.

| | | | |
|---|---|---|---|
| സഃ അപി | അതാകട്ടെ | അസ്യ വിശ്വസ്യ | ഈ വിശ്വത്തിന്റെ |
| അംശഗുണ- കാലാത്മാ | അംശം, ഗുണങ്ങൾ, കാലം എന്നിവയുടെ അധീനമായും | സിസൃക്ഷയാ | സർജ്ജനേച്ഛയാൽ |
| | | ആത്മാ | താൻതന്നെ |
| ഭഗവദ്- ദൃഷ്ടിഗോചരഃ | ഈശ്വരന്റെ ഈക്ഷണത്തിന്നു് വിഷയമായും ഭവിച്ചുകൊണ്ടു് | ആത്മാനം | തൻസ്വരൂപത്തെ |
| | | വ്യകരോത് | രൂപാന്തരപ്പെടുത്തി. |

“മഹത്ത്”എന്ന ഈ ആദിതത്ത്വം ഈശ്വരാംശമായ ജ്ഞാനം—ചിദാഭാസം, സത്ത്വാദിഗുണങ്ങൾ, ഗുണങ്ങളിൽ കോളിളക്കം വരുത്തുന്ന കാലശക്തി എന്നിവയുടെ സമ്മിളിതസത്തയാണു്. അതുതന്നെ ഈശ്വരസങ്കല്പത്താൽ രൂപപരിണാമംവന്നു് തൊട്ടടുത്ത നിലയിലുള്ള അഹംതത്ത്വമായി. അതു താഴെ പറയുന്നു.

29 മഹത്തത്ത്വാദ്വികുർവ്വാണാദഹംതത്ത്വം വ്യജായത
കാര്യകാരണകർത്രാത്മാ ഭൂതേന്ദ്രിയമനോമയഃ

| | | | |
|---|---|---|---|
| വികുർവ്വാണാത് | രൂപാന്തരം പ്രാപിച്ചിരിക്കുന്ന | ഭൂതേന്ദ്രിയമനോമയഃ | ഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, മനസ്സ് എന്നീ വികാരവിശേഷങ്ങളുള്ള അഹംതത്ത്വം |
| മഹത്തത്ത്വാത് | മഹത്തെന്ന തത്ത്വത്തിൽനിന്നു് | കാര്യകാരണകർത്ത്രാത്മാ | കാര്യം, കാരണം, കർത്താ എന്നിവയ്ക്കു് ആധാരമായിരിക്കുന്നു. |
| അഹം തത്ത്വം | "അഹം" എന്ന തത്ത്വം | | |
| വ്യജായത | ഉരുത്തിരിഞ്ഞുണ്ടായി. | | |

മഹത്തത്ത്വത്തിൽനിന്നു് ഉരുത്തിരിഞ്ഞ അഹംതത്ത്വം അഥവാ അഹങ്കാരമെന്ന തത്ത്വം ആകാശാദിഭൂതങ്ങളുടേയും, ശ്രോത്രാദികളായ ഇന്ദ്രിയങ്ങളുടേയും, മനോമയങ്ങളായ തദധിഷ്ഠാനദേവതകളുടേയും സൂക്ഷ്മസത്തയാണു്. അതിനാൽ സൃഷ്ടിയുടെ ഉപാധികളായ കാര്യകാരണകർത്തൃത്വങ്ങൾക്കു് ഇതു് ആസ്പദമായിരിക്കുന്നു. കാര്യം എന്ന ശബ്ദം കൊണ്ടു് അധിഭൂതവും, കാരണം എന്നതുകൊണ്ടു് അധ്യാത്മവും കർത്തൃ എന്നതിനാൽ അധിദൈവവുമാണു് സൂചിതമായിരിക്കുന്നതു്.

ഈ അഹംതത്ത്വത്തിന്റെ പിരിവുകളെ താഴെ വിവരിക്കുന്നു.

30 വൈകാരികസ്തൈജസശ്ച താമസശ്ചേത്യഹം ത്രിധാ
അഹം തത്ത്വാദ്വികുർവ്വാണാന്മനോ വൈകാരികാദഭൂത്
വൈകാരികാശ്ച യേ ദേവാ അർത്ഥാഭിവ്യഞ്ജനം യതഃ

| | | | |
|---|---|---|---|
| അഹം | അഹംതത്ത്വം | യേ | യാതൊരു |
| വൈകാരികഃ | സാത്ത്വികമെന്നും | ദേവാഃ ച | ഇന്ദ്രിയാധിഷ്ഠാനദേവതകളും |
| തൈജസഃ ച | രാജസമെന്നും | വൈകാരികാഃ | സാത്ത്വികാഹങ്കാരത്തിൽനിന്നുണ്ടായവയാണു് |
| താമസഃ ച ഇതി | താമസമെന്നും | അർത്ഥാഭിവ്യഞ്ജനം | ശബ്ദാദിവിഷയങ്ങളുടെ അഭിവ്യക്തി |
| ത്രിധാ | മൂന്നുവിധമാണു് | യതഃ | യാതൊരു ഈ ദേവതകളെ നിമിത്തീകരിച്ചുണ്ടാവുന്നു. |
| വികുർവ്വാണാത് | വികാരംപ്രാപിച്ച | | |
| വൈകാരികാത് | സത്ത്വഗുണപ്രധാനമായ | | |
| അഹംതത്ത്വാത് | അഹംതത്ത്വത്തിൽനിന്നു് | | |
| മനഃ | മനസ്സ് | | |
| അഭൂത് | ഉണ്ടായി. | | |

31 തൈജസാനീന്ദ്രിയാണ്യേവ ജ്ഞാനകർമ്മമയാനി ച
താമസോ ഭൂതസൂക്ഷ്മാദിർയതഃ ഖം ലിംഗമാത്മനഃ

| | | | |
|---|---|---|---|
| ജ്ഞാനകർമ്മമയാനി ച ഇന്ദ്രിയാണി | ജ്ഞാനമയങ്ങളും കർമ്മമയങ്ങളുമായ ഇന്ദ്രിയങ്ങൾ | ഭൂതസൂക്ഷ്മാദിഃ | ഭൂതസൂക്ഷ്മത്തിന്റെ കാരണമായ ശബ്ദമെന്നതു് |
| തൈജസാനി ഏവ | രജോഗുണപ്രധാനമായ അഹംതത്ത്വത്തെ സംബന്ധിച്ചുള്ളവതന്നെയാണു്. | താമസഃ | തമോഗുണപ്രധാനമായ അഹംതത്ത്വത്തെ സംബന്ധിച്ചതാകുന്നു. |

| | | | |
|---|---|---|---|
| യതഃ | യാതൊന്നിൽനിന്നു് (ശബ്ദഗുണത്തിൽനിന്നു്) ഉണ്ടായ | ഖം | ആകാശമെന്ന ഭൂതം |
| | | ആത്മനഃ | തന്റെ ശബ്ദഗുണത്താൽ |
| | | ലിംഗം | ജ്ഞാപകമാകുന്നു. |

32 കാലമായാംശയോഗേന ഭഗവദ്വീക്ഷിതം നഭഃ
നഭസോഽനുസൃതം സ്പർശം വികുർവ്വന്നിർമ്മമേഽനിലം.

| | | | |
|---|---|---|---|
| കാലമായാംശയോഗേന | കാലം, മായ, ചിദാഭാസം എന്നിവയുടെ ചേർച്ചയോടുകൂടിയ | അനുസൃതം | പരിണാമഗതികൊണ്ടുണ്ടായ |
| നഭഃ | ആകാശം | സ്പർശം | സ്പർശമെന്ന ഗുണത്തെ |
| ഭഗവദ്വീക്ഷിതം | ഈശ്വരന്റെ വീക്ഷണത്തിന്നു വിഷയീഭവിച്ചു്, | വികുർവ്വൻ | രൂപാന്തരീകരിച്ചുകൊണ്ടു് |
| നഭസഃ | ആകാശത്തിൽനിന്നു് | അനിലം | വായുവെന്ന ഭൂതത്തെ |
| | | നിർമ്മമേ | ഉളവാക്കി. |

33 അനിലോഽപി വികുർവ്വാണോ നഭസോരുബലാന്വിതഃ
സസർജ്ജ രൂപതന്മാത്രം ജ്യോതിർലോകസ്യ ലോചനം.

| | | | |
|---|---|---|---|
| നഭസാ | ആകാശത്തോടുകൂടിയും | രൂപതന്മാത്രം | രൂപമെന്ന പ്രത്യേകലക്ഷണത്തോടുകൂടിയതും |
| ഉരുബലാന്വിതഃ | തനിക്കു വിശേഷിച്ചുള്ള ഊർജ്ജശക്തിയോടുകൂടിയും ഇരിക്കുന്ന | ലോകസ്യ | ലോകത്തിന്റെ |
| | | ലോചനം | പ്രകാശകവുമായ |
| അനിലഃ അപി | വായുവും | ജ്യോതിഃ | തേജസ്സെന്ന ഭൂതത്തെ |
| വികുർവ്വാണഃ | രൂപാന്തരം പ്രാപിച്ചു് | സസർജ്ജ | സൃഷ്ടിച്ചു. |

34 അനിലേനാന്വിതം ജ്യോതിർവികുർവ്വത് പരവീക്ഷിതം
ആധത്താംഭോ രസമയം കാലമായാംശയോഗതഃ

| | | | |
|---|---|---|---|
| അനിലേന | വായുവോടു് | കാലമായാംശയോഗതഃ | കാലം, മായ, ചിദാഭാസം എന്നിവയുടെ ചേർച്ചയാൽ |
| അന്വിതം | ചേർന്നിരിക്കുന്ന | രസമയം | രസസ്വരൂപകമായ |
| ജ്യോതിഃ | തേജസ്സു് | അംഭഃ | ജലമെന്ന ഭൂതത്തെ |
| പരവീക്ഷിതം | ഈശ്വരന്റെ വീക്ഷണത്തിന്നു വഷയീഭവിച്ചു് | ആധത്ത | ആധാനം ചെയ്തു. |
| വികുർവ്വത് | രൂപാന്തരപ്പെട്ടു് | | |

35 ജ്യോതിഷാംഭോഽനുസംസൃഷ്ടം വികുർവ്വത് ബ്രഹ്മവീക്ഷിതം
മഹീം ഗന്ധഗുണാമാധാത് കാലമായാംശയോഗതഃ.

| | | | |
|---|---|---|---|
| ജ്യോതിഷാ | തേജസ്സോടു് | ബ്രഹ്മവീക്ഷിതം | ഈശ്വരന്റെ വീക്ഷണത്തിന്നു് വിഷയീഭവിച്ചു് |
| അനുസംസൃഷ്ടം | കൂടിച്ചേർന്നിരിക്കുന്ന | വികുർവ്വത് | രൂപാന്തരപ്പെട്ടു് |
| അംഭഃ | ജലം | | |

| | |
|---|---|
| കാലമായാംശ-യോഗതഃ | കാലം, മായ, ചിദാഭാസം എന്നിവയുടെ ചേർച്ചയാൽ |
| ഗന്ധഗുണാം | ഗന്ധമെന്ന ഗുണത്തോടുകൂടിയ |
| മഹീം | പൃഥിവീഭൂതത്തെ |
| ആധാത് | ആധാനംചെയ്തു |

36 ഭൂതാനാം നഭആദീനാം യദ്യദ്ഭവ്യാവരാവരം
തേഷാം പരാനുസംസർഗ്ഗാദ്യഥാസംഖ്യം ഗുണാൻ വിദുഃ

| | |
|---|---|
| ഭവ്യ | ഹേ സുചരിത! |
| നഭആദീനാം | ആകാശാദികളായ |
| ഭൂതാനാം | ഭൂതങ്ങളുടെ ഇടയിൽ |
| യത് യത് | യാതൊന്നു് യാതൊന്നു് |
| അവരാവരം | പിന്നെപ്പിന്നെയായിട്ടു് ഉണ്ടായി വന്നുവോ, |
| തേഷാം | അവയ്ക്കു് |
| പരാനു-സംസർഗ്ഗാത് | മുമ്പുമുമ്പുണ്ടായവയോടു് അനുക്രമത്തിലുള്ള സംബന്ധംമൂലം |
| യഥാസംഖ്യം | അക്കണക്കിൽ അധികാധികം |
| ഗുണാൻ | ഗുണങ്ങളെ |
| വിദുഃ | അറിഞ്ഞുകൊള്ളുന്നു. |

ആകാശാദിപഞ്ചഭൂതങ്ങൾ കാര്യകാരണതയാ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. മുമ്പുണ്ടായതു് പിന്നെയുണ്ടായതിന്റെ കാരണമായിരിക്കും. കാരണത്തിന്റെ ഗുണം കാര്യത്തിലേക്കു പകരുന്നു. അതായതു്, ആകാശത്തിന്റെ 'ശബ്ദം' എന്ന ഗുണം വായുവിലേക്കു ചേരുന്നു. വായുവിന്റെ പ്രത്യേകഗുണമായ സ്പർശവുംകൂടിയാകുമ്പോൾ അതിൽ ഗുണങ്ങൾ രണ്ടായി. ഇക്കണക്കിൽ തേജസ്സിന്നു് മൂന്നു്, ജലത്തിന്നു് നാലു്, പൃഥിവിക്കു് അഞ്ചു് എന്ന തോതിലായിരിക്കും ഗുണങ്ങളുടെ നിലയെന്നു് അറിഞ്ഞുകൊള്ളണം

37 ഏതേ ദേവാഃ കലാ വിഷ്ണോഃ കാലമായാംശലിംഗിനഃ
നാനാത്വാത് സ്വക്രിയാനീശാഃ പ്രോചുഃ പ്രാഞ്ജലയോ വിഭും

| | |
|---|---|
| വിഷ്ണോഃ | വിശ്വവ്യാപിയായ സർവ്വേശ്വരന്റെ |
| കലാഃ | അംശങ്ങളും |
| കാലമായാംശ-ലിംഗിനഃ | കാലം, മായ, ചിദാഭാസം എന്നിവയുടെ ലക്ഷണങ്ങളായ വികാര — വിക്ഷേപ — ചേതനകളോടുകൂടിയവയുമായ |
| ഏതേ ദേവാഃ | ഈ തത്ത്വദേവതകൾ |
| നാനാത്വാത് | അന്യോന്യബന്ധമില്ലാതെ ഒററതിരിഞ്ഞിരിക്കയാൽ |
| സ്വക്രിയാ-നീശാഃ | വിശ്വസർജ്ജനമാവുന്ന സ്വകർമ്മം നിറവേററുവാനാകാതെ, |
| പ്രാഞ്ജലയഃ | കൂപ്പുകൈയോടെനിന്നു് |
| വിഭും | സർവ്വേശ്വരനെ |
| പ്രോചുഃ | ഉണർത്തിച്ചു. |

ദേവാ ഊചുഃ — തത്ത്വദേവതകൾ പറഞ്ഞു —

38 നമാമ തേ ദേവ പദാരവിന്ദം
പ്രപന്നതാപോപശമാതപത്രം
യന്മൂലകേതാ യതയോഽഞ്ജസോരു
സംസാരദുഃഖം ബഹിരുത്ക്ഷിപന്തി.

| | | | |
|---|---|---|---|
| ദേവ | ലീലാമയനായി പ്രകാശിക്കുന്ന ആനന്ദമൂർത്തേ! | തന്മൂലകേതാഃ | യാതൊരു പാദതലം മാത്രം ആശ്രയമായിട്ടുള്ള |
| തേ | നിന്തിരുവടിയുടെ | യതയഃ | യോഗിമാർ |
| പദാരവിന്ദം | പാദകമലത്തെ | ഉരു | പെരുത്ത |
| നമാമ | ഞങ്ങൾ വണങ്ങട്ടെ ! | സംസാരദുഃഖം | സംസാരദുഃഖത്തെ |
| പ്രപന്നതാപോപശമാതപത്രം | ശരണാഗതന്മാരുടെ താപത്രയത്തെ, ചൂടിനെ കുടയെന്നപോലെ, അതു ശമിപ്പിക്കുന്നു. | അഞ്ജസാ | അനായാസേന |
| | | ബഹിഃ | അകലത്തേക്കു് |
| | | ഉത്ക്ഷിപന്തി | തള്ളിനീക്കുന്നു. |

39 ധാതര്യദസ്മിൻ ഭവ ഈശ ജീവാ-
സ്താപത്രയേണോപഹതാ ന ശർമ്മ
ആത്മൻ ലഭന്തേ ഭഗവംസ്തവാംഘ്രി-
ച്ഛായാം സവിദ്യാമത ആശ്രയേമ.

| | | | |
|---|---|---|---|
| ധാതഃ | ഹേ പിതാവേ ! | ശർമ്മ | സുഖത്തെ |
| ഈശ | ഹേ നിയന്താവേ ! | ന ലഭന്തേ | ലഭിക്കുന്നില്ലയോ |
| യത് | യാതൊന്നു ഹേതുവായി, | അതഃ | ഇതുഹേതുവായിട്ട് |
| അസ്മിൻ ഭവേ | ഈ സംസാരത്തിലെ | ഭഗവൻ | ഹേ ജ്ഞാനൈശ്വര്യാദിനിലയമേ! |
| താപത്രയേണ | മൂന്നുവിധം താപത്താൽ | തവ | അങ്ങയുടെ |
| ഉപഹതാഃ | സംപീഡിതരായ | സവിദ്യാം | ജ്ഞാനാനന്ദവത്തായ |
| ജീവാഃ | ജീവന്മാർ | അംഘ്രിച്ഛായാം | തൃച്ചേവടിത്തണലിനെ |
| ആത്മൻ | ആത്മനിഷ്ഠമായ | ആശ്രയേമ | ഞങ്ങൾ ആശ്രയിക്കട്ടെ! |

40 മാർഗ്ഗന്തി യത്തേ മുഖപദ്മനീഡൈ-
ശ്ഛന്ദഃസുപർണ്ണൈർഋഷയോ വിവിക്തേ
യസ്യാഘമർഷോദസരിദ്വരായാഃ
പദം പദം തീർത്ഥപദഃ പ്രപന്നാഃ

| | | | |
|---|---|---|---|
| ഋഷയഃ | മന്ത്രകൃത്തുക്കളായ മുനിമാർ | അഘമർഷോദസരിദ്വരായാഃ | പാപവിനാശകമായ ജലമുള്ള നദികളിൽ ശ്രേഷ്ഠതയെഴുന്ന ഗംഗയുടെ |
| മുഖപദ്മനീഡൈഃ | ഭവാന്റെ മുഖകമലമാവുന്ന കൂട്ടിലിരിക്കുന്ന | പദം (യത്) | ഉറവിടം യാതൊന്നോ, |
| ഛന്ദഃസുപർണ്ണൈഃ | വേദങ്ങളാവുന്ന പക്ഷികളെക്കൊണ്ട് | തീർത്ഥപദഃ | തീർത്ഥപാദനായ |
| വിവിക്തേ | ഏകാന്തത്തിൽ—നിസ്സംഗമായ മനസ്സിൽ | യസ്യ തേ | യാതൊരു ഭവാന്റെ |
| | | പദം | ആ തൃച്ചേവടിയെ |
| യത് | യാതൊന്നിനെ | പ്രപന്നാഃ | ഞങ്ങൾ ശരണം പ്രാപിക്കുന്നു |
| മാർഗ്ഗന്തി | തിരയുന്നുവോ, | | |

41 യച്ഛ്രദ്ധയാ ശ്രുതവത്യാ ച ഭക്ത്യാ
സംമൃജ്യമാനേ ഹൃദയേഽവധായ
ജ്ഞാനേന വൈരാഗ്യബലേന ധീരാ
വ്രജേമ തത്തേങ്ഘ്രി സരോജപീഠം.

| | |
|---|---|
| ശ്രദ്ധയാ | ശ്രദ്ധയാലും |
| ശ്രുതവത്യാ | ശ്രവണപൂർവ്വകമായ |
| ഭക്ത്യാ ച | ഭക്തിയാലും |
| സംമൃജ്യമാനേ | സംശോധിക്കപ്പെടുന്ന |
| ഹൃദയേ | ഹൃദയത്തിൽ |
| യത് | യാതൊന്നിനെ |
| അവധായ | ധ്യാനിച്ചു്, |
| വൈരാഗ്യ-ബലേന | വിഷയവിരക്തിയാവുന്ന ബലംചേർന്നിട്ടുള്ള |
| ജ്ഞാനേന | തത്ത്വാവബോധത്താൽ |
| ധീരാഃ | സ്ഥിരപ്രജ്ഞരാകുന്നവോ, |
| തത് | അങ്ങനെയുള്ള |
| തേ | ഭവാന്റെ |
| അങ്ഘ്രി-സരോജപീഠം | പാദാംബുജപീഠത്തെ |
| വ്രജേമ | ശരണം പ്രാപിക്കട്ടെ ! |

42 വിശ്വസ്യ ജന്മസ്ഥിതിസംയമാർത്ഥേ
കൃതാവതാരസ്യ പദാംബുജം തേ
വ്രജേമ സർവ്വേ ശരണം യദീശ
സ്മൃതം പ്രയച്ഛത്യഭയം സ്വപുംസാം.

| | |
|---|---|
| ഈശ | ഹേ ഈശ ! |
| വിശ്വസ്യ | ലോകത്തിന്റെ |
| ജന്മസ്ഥിതി-സംയമാർത്ഥേ | സൃഷ്ടിസ്ഥിതി സംഹാര കാര്യങ്ങൾക്കുവേണ്ടി |
| കൃതാവതാരസ്യ | അവതാരങ്ങളെ സ്വീകരിച്ച |
| തേ | നിന്തിരുവടിയുടെ |
| യത് | യാതൊരു |
| പദാംബുജം | പാദപത്മമാണോ |
| സ്മൃതം | സ്മരിക്കപ്പെട്ടെന്നാൽ |
| സ്വപുംസാം | സ്വഭക്തജനങ്ങൾക്ക് |
| അഭയം | രക്ഷയെ |
| പ്രയച്ഛതി | പ്രദാനം ചെയ്യുന്നതു്, (അതിനെ) |
| സർവ്വേ | ഞങ്ങളെല്ലാവരും |
| ശരണം വ്രജേമ | ശരണം പ്രാപിച്ചുകൊള്ളട്ടെ |

43 യത് സാനുബന്ധേഽസതി ദേഹഗേഹേ
മമാഹമിത്യൂഢദുരാഗ്രഹാണാം
പുംസാം സുദൂരം വസതോഽപി പുര്യാം
ഭജേമ തത്തേ ഭഗവൻ പദാബ്ജം.

| | |
|---|---|
| ഭഗവൻ | ഭഗവാനേ ! |
| സാനുബന്ധേ | ഉപകരണങ്ങളുള്ളതും |
| അസതി | അന്തഃസാരമില്ലാത്തതുമായ |
| ദേഹഗേഹേ | ദേഹത്തിലും ഗേഹത്തിലും |
| മമ അഹം ഇതി | എന്റേതെന്നും ഞാനെന്നും ഉള്ള |

| | | | |
|---|---|---|---|
| രൂഢദുരാ- ഗ്രഹാണാം | ദുരാഗ്രഹം ഉറച്ചിരിക്കുന്ന | യത് | യാതൊരു |
| പുംസാം | ജനങ്ങളുടെ | പദാംബുജം | പാദകമലമാണോ |
| പുര്യാം | ദേഹത്തിൽത്തന്നെ | സുദൂരം | അകലെയായിരിക്കുന്ന |
| വസതഃ അപി | വസിക്കുന്നവനെങ്കിലും | തത് | അതിനെ [ദു°, |
| തേ | നിന്തിരുവടിയുടെ | ഭജേമ | ഞങ്ങൾ ഭജിക്കട്ടെ ! |

44 താൻ വാ അസദ്വൃത്തിഭിരക്ഷിഭിർയേ
പരാഹൃതാന്തർമ്മനസഃ പരേശ
അഥോ ന പശ്യന്ത്യുരുഗായ നൂനം
യേ തേ പദന്യാസവിലാസലക്ഷ്മ്യാഃ

| | | | |
|---|---|---|---|
| പരേശ | ഹേ പരമേശ്വര ! | അഥോ | തന്നിമിത്തം |
| ഉരുഗായ | അതികീർത്തനീയ ! | തേ | നിന്തിരുവടിയുടെ |
| യേ | യാതൊരുവർ | | |
| അസദ്- വൃത്തിഭിഃ അക്ഷഭിഃ | അസദ്വിഷയങ്ങളിൽ പ്രവർത്തനംചെന്ന ഇന്ദ്രിയങ്ങളാൽ | പദന്യാസ- വിലാസ- ലക്ഷ്മ്യാഃ യേ | ചുവടുവെപ്പിന്റെ ലീലാവിലാസപരിശോഭ കൈവന്നവർ ആരോ |
| പരാഹൃതാ- ന്തർമ്മനസഃ | അകലേക്കകററപ്പെട്ട സ്വാന്തസ്ഥമനസ്സോടു കൂടിയവരായിരിക്കുന്നുവോ, അവർ | താൻ വൈ | അവരെ, തീരെ |
| | | ന പശ്യന്തി | കാണുകയില്ല; |
| | | നൂനം | തീർച്ചയാണു്. |

45 പാനേന തേ ദേവ കഥാസുധായാഃ
പ്രവൃദ്ധഭക്ത്യാ വിശദാശയാ യേ
വൈരാഗ്യസാരം പ്രതിലഭ്യ ബോധം
യഥാഞ്ജസാന്വീയുരകുണ്ഠധിഷ്ണ്യം.

| | | | |
|---|---|---|---|
| ദേവ | അല്ലയോ ദേവ ! | വൈരാഗ്യസാരം | വൈരാഗ്യബലത്തോടു കൂടിയ |
| തേ | നിന്തിരുവടിയുടെ | ബോധം | ആത്മജ്ഞാനത്തെ |
| കഥാസുധായാഃ | കഥയാവുന്ന സുധയുടെ | പ്രതിലഭ്യ | ലഭിച്ചു്, |
| പാനേന | പാനംകൊണ്ടു് | അഞ്ജസാ | അനായാസേന |
| പ്രവൃദ്ധഭക്ത്യാ | പ്രകർഷേണ വർദ്ധിച്ച ഭക്തിയാൽ | അകുണ്ഠധിഷ്ണ്യം | വൈകുണ്ഠധാമത്തെ |
| വിശദാശയാഃ | ശുദ്ധാന്തഃകരണന്മാരായി ഭവിച്ചിട്ടുള്ളവർ | യഥാ | വേണ്ടതുപോൽ |
| യേ | ആരാണോ, അവർ | അന്വീയുഃ | പ്രാപിക്കും |

46 തഥാഽപരേ ചാത്മസമാധിയോഗ-
ബലേന ജിത്വാ പ്രകൃതിം ബലിഷ്ഠാം
ത്വാമേവ ധീരാഃ പുരുഷം വിശന്തി
തേഷാം ശ്രമഃ സ്യാന്ന തു സേവയാ തേ.

| | | | |
|---|---|---|---|
| തഥാ | അപ്രകാരം | പൂരുഷം | പുരുഷനായ (ഈശ്വരനായ) |
| അപരേ ച | വേറെയും ചില | ത്വാം ഏവ | അങ്ങയെത്തന്നെ |
| ധീരാഃ | ധീരാത്മാക്കൾ | വിശന്തി | പ്രാപിക്കുന്നുണ്ട്. |
| ആത്മസമാധിയോഗബലേന | ആത്മനിഷ്ഠമായ സമാധിയോഗത്തിന്റെ ശക്തിയാൽ (ജ്ഞാനയോഗത്താൽ) | തു | എന്നാൽ |
| ബലിഷ്ഠാം | ഊക്കുകൂടിയ | തേഷാം | അവൎക്ക് (ജ്ഞാനയോഗികൾക്ക്) |
| പ്രകൃതിം | പ്രകൃതിയെ (മായയെ) | ശ്രമഃ സ്യാത് | പ്രയാസം ഉണ്ടാകാം; |
| ജിത്വാ | വിജയിച്ച്, | തേ | അങ്ങയുടെ |
| | | സേവയാ | ഭജനത്താൽ (ഭക്തിയോഗത്താൽ) |
| | | ന | അതില്ല |

തത്ത്വദേവതകൾ ഇപ്രകാരം ഭഗവാനെ വാഴ്ത്തി സ്തുതിച്ചശേഷം ഇനി നാലു ശ്ലോകംകൊണ്ട് സ്വന്തം കാര്യത്തെ ഉണർത്തിക്കുന്നു:

47 തത്തേ വയം ലോകസിസൃക്ഷയാദ്യ
ത്വയാനുസൃഷ്ടാസ്ത്രിഭിരാത്മഭിഃ സ്മ
സൎവ്വേ വിയുക്താഃ സ്വവിഹാരതന്ത്രം
ന ശക്നുമസ്തത്പ്രതിഹൎത്തവേ തേ

| | | | |
|---|---|---|---|
| തത് | ആകയാൽ, | അനുസൃഷ്ടാഃ സ്മ | അനുക്രമത്തിൽ സൃഷ്ടിക്കപ്പെട്ടവരാണല്ലോ |
| ആദ്യ | ഹേ ആദിപുരുഷ! | തത് | അതിനാൽ (സ്വഭാവവൈവിധ്യത്താൽ) |
| തേ | നിന്തിരുവടിയെ സംബന്ധിച്ചുള്ളവരായ | വിയുക്താഃ | വിയോജിച്ചിരിക്കുന്ന |
| വയം | ഞങ്ങൾ | സൎവ്വേ | ഞങ്ങളെല്ലാം |
| ലോകസിസൃക്ഷയാ | വിശ്വസൃഷ്ടിക്കുള്ള അഭിവാഞ്ഛയാൽ | തേ | അവിടുത്തേക്ക് |
| ത്രിഭിഃ | സത്ത്വാദി ഗുണങ്ങളായ മൂന്നുവിധം | സ്വവിഹാരതന്ത്രം | സ്വന്തം ക്രീഡോപകരണമായ ബ്രഹ്മാണ്ഡത്തെ |
| ആത്മഭിഃ | സ്വഭാവങ്ങൾകൊണ്ട് | പ്രതിഹൎത്തവേ | രൂപീകരിച്ചൎപ്പിക്കുവാൻ |
| ത്വയാ | നിന്തിരുവടിയാൽ | ന ശക്നുമഃ | അശക്തരായിരിക്കുന്നു. |

48 യാവദ്ബലിം തേഽജ ഹരാമ കാലേ
യഥാ വയം ചാന്നമദാമ യത്ര
യഥോഭയേഷാം ത ഇമേ ഹി ലോകാ
ബലിം ഹരന്തോഽന്നമദന്ത്യനൂഹാഃ

| | | | |
|---|---|---|---|
| അജ | ഹേ ജന്മരഹിത! | ബലിം യാവത് | ഭോഗത്തെയെല്ലാം |
| കാലേ | അതതുകാലത്തിൽ | യഥാ | ഏതൊരുപ്രകാരം |
| തേ | നിന്തിരുവടിക്കുള്ള | ഹരാമ | ഞങ്ങൾ അൎപ്പിക്കണം? |

| | |
|---|---|
| വയം ച | ഞങ്ങളും |
| അന്നം | അന്നത്തെ |
| അദാമ | എങ്ങിനെ അശിക്കണം? |
| യത്ര | എതീടത്തിൽ സ്ഥിതി ചെയ്തു് |
| യഥാ | ഏതൊരുപ്രകാരം |
| തേ ഇമേ ഹി | ആ ഈയുള്ള |
| ലോകാഃ | ജീവന്മാർ |
| അനുദ്വഹാഃ | മുടക്കംതട്ടാത്തവരായി, |
| ഉഭയേഷാം | ഇരുവൎക്കും (അങ്ങേക്കും ഞങ്ങൾക്കും) |
| ബലിം | ഭോഗത്തെ |
| ഹരന്തഃ | അൎപ്പിച്ചുകൊണ്ടു് |
| അന്നം | അന്നത്തെ |
| അദന്തി | അശിക്കുന്നു? |

49 ത്വം നഃ സുരാണാമസി സാന്വയാനാം
കൂടസ്ഥ ആദ്യഃ പുരുഷഃ പുരാണഃ
ത്വം ദേവ ശക്ത്യാം ഗുണകൎമ്മയോനൌ
രേതസ്ത്വജായാം കവിമാദധേഽജഃ.

| | |
|---|---|
| ത്വം | നിന്തിരുവടി |
| സാന്വയാനാം | പിൻതുടൎച്ചക്കാരോടു കൂടിയ |
| സുരാണാം | ദേവയോനികളായ |
| നഃ | ഞങ്ങൾക്കു് |
| കൂടസ്ഥഃ | നിർവികാരാത്മാവായി |
| ആദ്യഃ | ആദിയിൽത്തന്നെയുള്ള |
| പുരുഷഃ | അധിഷ്ഠാതാവും |
| പുരാണഃ | ചിരന്തനനും |
| അസി | ആകുന്നു. |
| ദേവ | ഹേ ലീലാമയ! |
| അജഃ | ജന്മരഹിതനായ |
| ത്വം | അങ്ങുന്നു് |
| ഗുണകൎമ്മയോനൌ | സത്വാദിഗുണങ്ങളുടേയും ജന്മാദികൎമ്മങ്ങളുടേയും കാരണഭൂതയായി, |
| അജായാം | സ്വയം ജന്മരഹിതയായും ഇരിക്കുന്ന |
| ശക്ത്യാം | മായയിങ്കൽ |
| കവിം | വിജ്ഞാനരൂപമായ |
| രേതഃ | വീൎയ്യത്തെ (മഹത്തത്വത്തെ) |
| ആദധേ | ആധാനംചെയ്തു. |

50 തതോ വയം സത്പ്രമുഖാ യദൎത്ഥേ
ബഭൂവിമാത്മൻ കരവാമ കിം തേ
ത്വം നഃ സ്വചക്ഷുഃ പരിദേഹി ശക്ത്യാ
ദേവ ക്രിയാൎത്ഥേ യദനുഗ്രഹാണാം.

| | |
|---|---|
| ആത്മൻ | ആത്മസ്വരൂപ! |
| തതഃ | ആകയാൽ |
| സത്പ്രമുഖാഃ | കാൎയ്യപ്രപഞ്ചത്തിൽ അഗ്രിമസ്ഥാനമുള്ള മഹദാദികളായ |
| വയം | ഞങ്ങൾ |
| യദൎത്ഥേ | ഏതു കൃത്യത്തിന്നുവേണ്ടി |
| ബഭൂവിമ | സംഭവിച്ചുവോ, |
| തേ | നിന്തിരുവടിക്കായി |
| തത് കിം | അതു് എന്തൊന്നു് |
| കരവാമ | ചെയ്യേണ്ടതുണ്ടു്? |
| ദേവ | അല്ലയോ ദേവ! |
| യദനുഗ്രഹാണാം | യാതൊരു ഭഗവാന്റെ അനുഗ്രഹമുള്ള |
| നഃ | ഞങ്ങൾക്കു് |
| ക്രിയാൎത്ഥേ | പ്രവൃത്തിക്കുവേണ്ടിയുള്ള |
| സ്വചക്ഷുഃ | സ്വകീയമായ ജ്ഞാനം |
| ശക്ത്യാ | ക്രിയാശക്തിയോടുകൂടെ |
| ത്വം | നിന്തിരുവടി |
| പരിദേഹി | കനിഞ്ഞരുളിയാലും |

ആദിയിൽ കാലശക്തിയുടെ വ്യാപാരത്താൽ വിക്ഷോഭം സംഭവിച്ച സത്വാദി ഗുണത്രയയുക്തയായ മൂലപ്രകൃതിയിൽ ചിച്ഛക്തിയെ—ചിദാഭാസത്തെ—വിശ്വപ്രകാശകമായ ഊർജ്ജസ്സിനെ ഈശ്വരൻ പുരുഷരൂപേണ ആധാനംചെയ്തപ്പോൾ അതിൽനിന്നു് മഹദാദിപ്രപഞ്ചമൂലതത്ത്വങ്ങൾ ഉണ്ടായി. സ്വഭാവവൈവിധ്യംകാരണം പരസ്പരച്ചേർച്ചയില്ലാതിരുന്ന ആ തത്ത്വങ്ങൾക്കു്—തത്ത്വാധിഷ്ഠിതദേവതകൾക്കു് വിശ്വരചനയ്ക്കുള്ള ശക്തി കൈവന്നില്ല അസംഘടിതക്ക് രചനാത്മകശക്തിയുണ്ടാവില്ലെന്നതു് വിശ്വോല്പത്തിമുതല്ക്കുള്ള ഒരു പ്രാകൃതികയാഥാർത്ഥ്യമാണു്. അതിനാൽ തത്ത്വദേവതകൾ വിശ്വസൃഷ്ടിക്കുവേണ്ടതായ ജ്ഞാനക്രിയാശക്തികൾ തങ്ങൾക്കു് തന്നരുളണമെന്ന പ്രാർത്ഥനയോടെ സർവ്വേശ്വരനെ സ്തുതിച്ചു ഈ സ്തുതിവാക്യങ്ങളിലൂടെ ഋഷി ഭക്തിയോഗത്തിന്റെ പരമോന്നതമായ നിലയേയും പ്രകാശിപ്പിച്ചിരിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ പഞ്ചമോഽദ്ധ്യായഃ

ആദിതഃ ശ്ലോകഃ 193. അഞ്ചാമദ്ധ്യായം കഴിഞ്ഞു.

## ഷഷ്ഠോഽദ്ധ്യായഃ : ആറാമദ്ധ്യായം.

"ഷഷ്ഠേ തൈരീശ്വരാദിഷ്ടൈഃ സൃഷ്ടിമാഹ വിരാട്തനോഃ
അധിദൈവാദിഭേദം ച തത്രൈവ ഭഗവത്കൃതം"

വിരാട്സ്വരൂപോത്പത്തികഥനം

ഋഷിരുവാച — മൈത്രേയമഹർഷിപറഞ്ഞു:

1 ഇതി താസാം സ്വശക്തീനാം സതീനാമസമേത്യ സഃ
പ്രസുപ്തലോകതന്ത്രാണാം നിശാമ്യ ഗതിമീശ്വരഃ

2 കാലസംജ്ഞാം തദാ ദേവീം ബിഭ്രച്ഛക്തിമുരുക്രമഃ
ത്രയോവിംശതിതത്ത്വാനാം ഗണം യുഗപദാവിശത്

| | | | |
|---|---|---|---|
| സഃ ഈശ്വരഃ | ആ സർവ്വേശ്വരൻ | പ്രസുപ്തലോക-തന്ത്രാണാം | പ്രബുദ്ധാവസ്ഥയിലെത്താത്ത വിശ്വനിർമ്മാണകൌശലത്തോടുകൂടിയവയും |
| ഇതി | ഇപ്രകാരം | | |
| അസമേത്യ | കൂടിച്ചേരാതെ | | |
| സതീനാം | നിലകൊള്ളുന്നവയും | സ്വശക്തീനാം | തന്റെ ശക്തികളുമായ |

| | |
|---|---|
| താസാം | ആ മഹദാദിതത്ത്വദേവതകളുടെ |
| ഗതിം | നിലയെ |
| നിശമ്യ | കണ്ടിട്ടു്, |
| തദാ | അപ്പോഴുംതന്നെ |
| ഉരുക്രമഃ | മഹാശക്തിനിധാനമായ ആ പരമാത്മാവു് |
| കാലസംജ്ഞാം | കാലപ്രേരണയാൽ ഉദ്ബോധമെഴുന്ന [1] |
| ദേവീം | ലീലാമയിയായ |
| ശക്തിം | പ്രകൃതിശക്തിയെ |
| ബിഭ്രത് | ധരിച്ചുകൊണ്ടു് |
| ത്രയോവിംശതിതത്ത്വാനാം | ഇരുപത്തിമൂന്നു് തത്ത്വങ്ങളുടെ [2] |
| ഗണം | സമൂഹത്തെ |
| യുഗപത് | ഒരേസമയത്തു് |
| ആവിശത് | ആവേശിച്ചു |

1 "കാലേന സംജ്ഞാ (ഉദ്ബോധഃ) യസ്യാഃ സാ" എന്നു് വിഗ്രഹവാക്യം—

2 പ്രകൃതിയെ ധരിച്ചുകൊണ്ടു് ഈശ്വരൻ ആവേശിച്ചുവെന്നാണു് പറഞ്ഞതു് അതിനാൽ പ്രകൃതിതത്ത്വം വിട്ടുനില്ക്കുന്നു. അതുകൊണ്ടു് തത്ത്വങ്ങളുടെ സംഖ്യ 23 ആയി. മഹത്തത്ത്വം, അഹങ്കാരം, 5 തന്മാത്രങ്ങൾ, 5 ഭൂതങ്ങൾ, മനസ്സുംകൂടെ 11 ഇന്ദ്രിയങ്ങൾ)

3 സോഽനുപ്രവിഷ്ടോ ഭഗവാംശ്ചേഷ്ടാരൂപേണ തം ഗണം
ഭിന്നം സംയോജയാമാസ സുപ്തം കർമ്മ പ്രബോധയൻ.

| | |
|---|---|
| അനുപ്രവിഷ്ടഃ | അന്തര്യാമിയായി ഓരോന്നിലും ഏകകാലത്തിൽ പ്രവേശിച്ച |
| സഃ ഭഗവാൻ | ആ സർവ്വേശ്വരൻ |
| ഭിന്നം | വിയോജിച്ചുനിന്നിരുന്ന |
| തം ഗണം | ആ തത്ത്വഗണത്തെ |
| ചേഷ്ടാരൂപേണ | തന്റെ ക്രിയാശക്തിരൂപത്താൽ |
| സുപ്തം | (തത്ത്വഗണത്തിൽ) ലയിച്ചുകിടക്കുന്ന |
| കർമ്മ | ക്രിയാസത്തയെ |
| പ്രബോധയൻ | ഉണർത്തിക്കൊണ്ടു് |
| സംയോജയാമാസ | സംയോജനം ചെയ്തു. |

4 പ്രബുദ്ധകർമ്മാ ദൈവേന ത്രയോവിംശതികോ ഗണഃ
പ്രേരിതോഽജനയത് സ്വാഭിർമാത്രാഭിരധിപൂരുഷം.

| | |
|---|---|
| പ്രബുദ്ധകർമ്മാ | ഉണർവ്വുററ ക്രിയാശക്തിയോടൊത്ത |
| ത്രയോവിംശതികഃ ഗണഃ | ആ ഇരുപത്തിമൂന്നു തത്ത്വങ്ങളുടെ സമൂഹം |
| ദൈവേന | സർവ്വേശ്വരനാൽ |
| പ്രേരിതഃ | പ്രേരിതമായിട്ടു് |
| സ്വാഭിഃ | സ്വകീയങ്ങളായ |
| മാത്രാഭിഃ | അംശങ്ങളുംകൊണ്ടു് |
| അധിപൂരുഷം | വിരാട് ശരീരത്തെ |
| അജനയത് | ജനിപ്പിച്ചു |

5 പരേണ വിശതാ സ്വസ്മിന്മാത്രയാ വിശ്വസൃഗ്ഗണഃ
ചുക്ഷോഭാന്യോന്യമാസാദ്യ യസ്മിൻ ലോകാശ്ചരാചരാഃ

| | | | |
|---|---|---|---|
| വിശ്വസൃഗ്ഗുണാഃ | വിശ്വകാരണതത്ത്വങ്ങളുടെ സമുദായം | ആസാദ്യ | സംയോജിച്ച് |
| | | മാത്രയാ | സ്വാംശത്താൽ |
| സ്വസ്മിൻ | തൻകൽ | ചുക്ഷോഭ | ക്ഷോഭിച്ചു. |
| വിശതാ | പ്രവേശിച്ചിരിക്കുന്ന | യസ്മിൻ | യാതൊന്നിൽ |
| പരേണ | ഈശ്വരൻ ഹേതുവായി - | ചരാചരാഃ | ചരങ്ങളും അചരങ്ങളുമായ |
| അന്യോന്യം | തമ്മിൽത്തമ്മിൽ | ലോകാഃ | ലോകങ്ങൾ അടങ്ങുന്നു. |

വിശ്വകാരണങ്ങളായ 'മഹദാദിതത്ത്വങ്ങളിൽ ഈശ്വരന്റെ പ്രവേശമുണ്ടായപ്പോൾ അവ ഒത്തിണങ്ങുകയും അതതിന്റെ അംശങ്ങൾ ചേർന്ന് 'വിരാട്' എന്ന സമഷ്ടിശരീരമായി പരിണമിക്കയും ചെയ്തു ഇതിൽ സമസ്തവ്യഷ്ടിശരീരങ്ങളും സൂക്ഷ്മഭാവേന അടങ്ങിയിരിക്കുന്നു എന്ന് ആശയം,

6 ഹിരണ്മയഃ സ പുരുഷഃ സഹസ്രപരിവത്സരാൻ
ആണ്ഡകോശ ഉവാസാപ്സു സർവ്വസത്ത്വോപബൃംഹിതഃ

| | | | |
|---|---|---|---|
| ഹിരണ്മയഃ | തിളക്കംകൊള്ളുന്ന | അപ്സു | വെള്ളത്തിൽ (കാരണജലത്തിൽ) |
| സഃ പുരുഷഃ | ആ അധിപുരുഷൻ (സമഷ്ടിശരീരിയായ വൈരാജൻ) | ആണ്ഡകോശേ | ബ്രഹ്മാണ്ഡമദ്ധ്യത്തിൽ |
| സർവ്വസത്ത്വോപബൃംഹിതഃ | തന്നിലൊതുങ്ങിയ സകലജീവന്മാരോടുംകൂടി | സഹസ്രപരിവത്സരാൻ | ആയിരത്താണ്ടുകളോളം |
| | | ഉവാസ | വസിച്ചു. |

7 സ വൈ വിശ്വസൃജാം ഗർഭോ ദേവകർമ്മാത്മശക്തിമാൻ
വിബഭാജാത്മനാത്മാനമേകധാ ദശധാ ത്രിധാ.

| | | | |
|---|---|---|---|
| വിശ്വസൃജാം | വിശ്വകാരണങ്ങളായ തത്ത്വങ്ങളുടെ | ആത്മാനം | തൻസ്വരൂപത്തെ |
| | | ആത്മനാ | തന്നാൽത്തന്നെ |
| സഃ വൈ | ആ സുവിഖ്യാതമായ | ഏകധാ | ഒന്നായിട്ടും, |
| ഗർഭഃ | കാര്യസ്വരൂപം (വിരാട്സ്വരൂപം) | ദശധാ | പത്തായിട്ടും, |
| ദേവകർമ്മാത്മശക്തിമാൻ | ദേവശക്തി, ക്രിയാശക്തി, ആത്മശക്തി എന്നിവയോടു ചേർന്നിരുന്ന്, | ത്രിധാ | മൂന്നായിട്ടും |
| | | വിബഭാജ | വിഭജിച്ചു, |

8 ഏഷ ഹ്യശേഷസത്ത്വാനാമാത്മാംശഃ പരമാത്മനഃ
ആദ്യോऽവതാരോ യത്രാസൗ ഭൂതഗ്രാമോ വിഭാവ്യതേ.

| | | | |
|---|---|---|---|
| ഏഷഃ ഹി | ഈ വിരാട്ട് | ആത്മാ | സ്വരൂപമാകുന്നു ; |
| അശേഷസത്ത്വാനാം | എല്ലാ വ്യഷ്ടിശരീരികളുടെയും | പരമാത്മനഃ | പരമാത്മാവിന്റെ |
| | | അംശഃ | അംശമാകുന്നു; |

| | | | |
|---|---|---|---|
| ആദ്യഃ | അടിയിലുണ്ടായ | അസൌ | ഇക്കാണുന്ന |
| അവതാരഃ | അവതാരവുമാകുന്നു. | ഭൂതഗ്രാമഃ | ചരാചരസമൂഹം |
| യത്ര | യാതൊന്നിൽ | വിഭാവ്യതേ | പ്രതിഭാസിക്കപ്പെടുന്നു. |

വിരാട്പുരുഷസ്വരൂപം ഒന്നും, പത്തും, മൂന്നുമായിട്ടു് സ്വയം വിഭക്തമായെന്നു് മുമ്പു പറഞ്ഞുവെച്ചതിനെ താഴെ വ്യക്തമാക്കുന്നു.

9 സാധ്യാത്മഃ സാധിദൈവശ്ച സാധിഭൂത ഇതി ത്രിധാ
വിരാട് പ്രാണോ ദശവിധ ഏകധാ ഹൃദയേന ച

| | | | |
|---|---|---|---|
| വിരാട് | വിരാട്സ്വരൂപം | ഇതി ത്രിധാ | ഇങ്ങനെ മൂന്നുവിധം. |
| സാധ്യാത്മഃ | ആധ്യാത്മങ്ങളോടു കൂടിയും, | പ്രാണഃ | പ്രാണസ്വരൂപമായിട്ടു് |
| സാധിദൈവഃ | ആധിദൈവങ്ങളോടു കൂടിയും, | ദശവിധഃ | പത്തുവിധവും, |
| സാധിഭൂതഃ ച | ആധിഭൂതങ്ങളോടു കൂടിയും | ഹൃദയേന | ഹൃദയംകൊണ്ടു് |
| | | ഏകധാ ച | ഒരുവിധവും. |

ദേവശക്തി, ക്രിയാശക്തി, ആത്മശക്തി എന്നീ ശക്തിത്രയത്തോടു സമ്മിളിതമാകയാൽ ഈ വിരാട്രൂപം ഒന്നായിട്ടും, പത്തായിട്ടും, മൂന്നായിട്ടും സ്വയം വിഭക്തമായെന്നു് മുൻപു് പറഞ്ഞു അതിനെ ഒന്നുകൂടി വിവരിക്കുകയാണു് ഈ ശ്ലോകത്തിൽ ചെയ്തിരിക്കുന്നതു്. ദേവശക്തിയെന്നതു് ഹൃദയാവച്ഛിന്നമായ ജ്ഞാനശക്തിതന്നെ. ഇതു് ഒന്നേയുള്ളു. ആകയാൽ ജ്ഞാനരൂപേണ വിരാട് ഏകമായി നിലകൊള്ളുന്നു. പ്രവൃത്തിഭേദംകൊണ്ടു് പത്തുപ്രകാരത്തിലുള്ള പ്രാണശക്തിയാണു് ക്രിയാശക്തിയെന്നതു് പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്നിങ്ങിനേയും, നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജൻ, എന്നിങ്ങനെയും ഉള്ള സംജ്ഞകളാൽ ആകെ 10 വിധത്തിലാണു് പ്രാണവൃത്തി. ഈ വിധം വിരാട്ടു് ദശരൂപത്തിലും വർത്തിച്ചു. ആത്മശക്തിയാകട്ടെ ജീവന്റെ ഭോക്തൃത്വശക്തിയാകുന്നു ഇതു് മൂന്നു വിധത്തിലാണു് ആധ്യാത്മം, ആധിഭൂതം, ആധിദൈവം എന്നിങ്ങനെ. അതായതു് ഐന്ദ്രിയം, പാഞ്ചഭൌതികം, ഇന്ദ്രിയാധിഷ്ഠാനദേവതാപരം. ഇങ്ങനെ വിരാട്സ്വരൂപം മൂന്നായിട്ടും വിഭക്തമായിരിക്കുന്നു.

10 സ്മരൻ വിശ്വസൃജാമീശോ വിജ്ഞാപിതമധോക്ഷജഃ
വിരാജമതപത് സ്വേന തേജസൈഷാം വിവൃത്തയേ.

| | | | |
|---|---|---|---|
| അധോക്ഷജഃ | ഇന്ദ്രിയങ്ങൾക്കു് വിഷയീഭവിക്കാത്ത | സ്മരൻ | ഓർത്തുകൊണ്ടു് |
| ഈശഃ | സർവ്വേശ്വരൻ | ഏഷാം | ഈ തത്വങ്ങൾക്കു് |
| വിശ്വസൃജാം | വിശ്വജനകങ്ങളായ മഹദാദിതത്വങ്ങളുടെ | വിവൃത്തയേ | വിവിധ പ്രവൃത്തനം സിദ്ധിക്കുന്നതിനുവേണ്ടി |
| വിജ്ഞാപിതം | അഭ്യർത്ഥനയെ | വിരാജം | വിരാട്പുരുഷരൂപത്തെ |
| | | സ്വേന | സ്വകീയമായ |

| | | | |
|---|---|---|---|
| തേജസാ | തേജസ്സിനാൽ (ചിത്ശക്തിയാൽ) | അതപത് | ഇന്നപ്രകാരത്തിലാകണമെന്നു് സങ്കല്പിച്ചു. |

11 അഥ തസ്യാഭിതപ്തസ്യ കതി ചായതനാനി ഹ
നിരഭിദ്യന്ത ദേവാനാം താനി മേ ഗദതഃ ശൃണു.

| | | | |
|---|---|---|---|
| അഭിതപ്തസ്യ തസ്യ | സർവ്വേശ്വരസങ്കല്പത്തിനു വിഷയീഭവിച്ച ആ വിരാട്സ്വരൂപത്തിന്നു് | കതി ച | എത്രയെല്ലാം |
| അഥ ഹ | അതിൽപ്പിന്നെ | നിരഭിദ്യന്ത | നിർഭിന്നങ്ങളായുണ്ടായോ, |
| ദേവാനാം | അധിഷ്ഠാതൃദേവഗണങ്ങളുടെ | താനി | അവയെ |
| ആയതനാനി | ആസ്പദങ്ങളും | ഗദതഃ | പറഞ്ഞുതരുന്ന |
| | | മേ | എന്നിൽനിന്നു് |
| | | ശൃണു | കേട്ടുകൊള്ളുക. |

12 തസ്യാഗ്നിരാസ്യം നിർഭിന്നം ലോകപാലോഽവിശത് പദം
വാചാ സ്വാംശേന വക്തവ്യം യയാസൌ പ്രതിപദ്യതേ.

| | | | |
|---|---|---|---|
| തസ്യ | ആ വിരാട്പുരുഷന്നു് (സമഷ്ടിശരീരിക്കു്) | പദം | ആ സ്ഥാനത്തിലേക്കു് |
| ആസ്യം | വക്ത്രം | അവിശത് | പ്രവേശിച്ചു. |
| നിർഭിന്നം | വെളിപ്പെട്ടുണ്ടായി. | അസൌ | ഈ വ്യഷ്ടിജീവൻ |
| ലോകപാലഃ | ലോകപാലകനായ | യയാ | യാതൊരു ഇന്ദ്രിയം കൊണ്ടു് |
| അഗ്നിഃ | അഗ്നിദേവൻ | വക്തവ്യം | വചിക്കാവുന്നതിനെ |
| വാചാ | വാഗിന്ദ്രിയമാവുന്ന | പ്രതിപദ്യതേ | അറിയുന്നു. (ശബ്ദം ഉച്ചരിക്കുന്നുവെന്നു് അർത്ഥം |
| സ്വാംശേന | തന്റെ ശക്തിയോടുകൂടെ | | |

13 നിർഭിന്നം താലു വരുണോ ലോകപാലോഽവിശദ്ധരേഃ
ജിഹ്വയാംശേന ച രസം യയാസൌ പ്രതിപദ്യതേ.

| | | | |
|---|---|---|---|
| ഹരേഃ | വിരാട്പുരുഷന്നു് | അംശേന | സ്വശക്തിയോടുകൂടെ |
| താലു | അണ്ണാക്കു് എന്ന അവയവം | അവിശത് | അതിൽ പ്രവേശിച്ചു. |
| നിർഭിന്നം | വെളിപ്പെട്ടു | അസൌ | ഈ ജീവൻ |
| ലോകപാലഃ | ലോകപാലകനായ | യയാ | യാതൊരു ഇന്ദ്രിയം കൊണ്ടു് |
| വരുണഃ | വരുണദേവൻ | രസം ച | രസത്തെയും |
| ജിഹ്വയാ | രസനേന്ദ്രിയമാവുന്ന | പ്രതിപദ്യതേ | അറിയുന്നു |

14 നിർഭിന്നേ അശ്വിനൌ നാസേ വിഷ്ണോരാവിശതാം പദം
ഘ്രാണേനാംശേന ഗന്ധസ്യ പ്രതിപത്തിര്യതോ ഭവേത്

| | | | |
|---|---|---|---|
| വിഷ്ണോഃ | വിരാട്പുരുഷന്റെ | ആവിശതാം | പ്രവേശിച്ചു. |
| നാസേ | ഇരുനാസാപുടങ്ങളും | യതഃ | യാതൊരു ഇന്ദ്രിയം കൊണ്ടു് |
| നിർഭിന്നേ | വെളിപ്പെട്ടു. | ഗന്ധസ്യ | ഗന്ധത്തിന്റെ |
| അശ്വിനൌ | അശ്വിനീദേവന്മാർ | പ്രതിപത്തിഃ | പരിജ്ഞാനം |
| ഘ്രാണേന | ഘ്രാണേന്ദ്രിയമാവുന്ന | ഭവേത് | ഉണ്ടായ്‌വരുന്നു. |
| അംശേന | സ്വശക്തിയോടുകൂടെ | | |
| പദം | ആ സ്ഥാനത്തെ | | |

15 നിർഭിന്നേ അക്ഷിണീ ത്വഷ്ടാ ലോകപാലോഽവിശദ്വിഭോഃ
ചക്ഷുഷാംശേന രൂപാണാം പ്രതിപത്തിര്യതോ ഭവേത്.

| | | | |
|---|---|---|---|
| വിഭോഃ | വിരാട്പുരുഷന്നു | അംശേന | സ്വശക്തിയോടെ |
| അക്ഷിണീ | രണ്ടു കണ്ണുകളും | അവിശത് | അതിൽപ്രവേശിച്ചു. |
| നിർഭിന്നേ | വെളിപ്പെട്ടു. | യതഃ | യാതൊരു ഇന്ദ്രിയംകൊണ്ടു് |
| ലോകപാലഃ | ലോകപാലകനായ | രൂപാണാം | സ്വരൂപങ്ങളുടെ |
| ത്വഷ്ടാ | സൂര്യദേവൻ | പ്രതിപത്തിഃ | പരിജ്ഞാനം |
| ചക്ഷുഷാ | ചക്ഷുരിന്ദ്രിയമാവുന്ന | ഭവേത് | ഉണ്ടായ്‌വരുന്നു. |

16 നിർഭിന്നാന്യസ്യ ചർമ്മാണി ലോകപാലോഽനിലോഽവിശത്.
പ്രാണേനാംശേന സംസ്പർശം യേനാസൌ പ്രതിപദ്യതേ

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്ടിന്നു് | അംശേന | സ്വശക്തിയോടുകൂടെ |
| ചർമ്മാണി | തൊലികളും | അവിശത് | അതിൽപ്രവേശിച്ചു. |
| നിർഭിന്നാനി | വെളിപ്പെട്ടു | യേന | യാതൊരു ഇന്ദ്രിയംകൊണ്ടു് |
| ലോകപാലഃ | ലോകപാലകനായ | അസൌ | ഈ ജീവൻ |
| അനിലഃ | വായുദേവൻ | സംസ്പർശം | സ്പർശനത്തെ |
| പ്രാണേന | പ്രാണവായുതുല്യം ശരീരവ്യാപ്തമായ ത്വഗിന്ദ്രിയമെന്ന | പ്രതിപദ്യതേ | അറിയുന്നു. |

17 കർണ്ണാവസ്യ വിനിർഭിന്നൌ ധിഷ്ണ്യം സ്വം വിവിശുർദ്ദിശഃ
ശ്രോത്രേണാംശേന ശബ്ദസ്യ സിദ്ധിം യേന പ്രപദ്യതേ.

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്ടിന്നു് | സ്വം ധിഷ്ണ്യം | സ്വീയമായ സ്ഥാനത്തെ |
| കർണ്ണൌ | കാതുരണ്ടും | വിവിശുഃ | പ്രവേശിച്ചു. |
| വിനിർഭിന്നൌ | വെളിപ്പെട്ടു | യേന | യാതൊരു ഇന്ദ്രിയത്താൽ |
| ദിശഃ | ദിഗ്ദേവതകൾ | ശബ്ദസ്യ | ശബ്ദത്തിന്റെ |
| ശ്രോത്രേണ | ശ്രവണേന്ദ്രിയമാവുന്ന | സിദ്ധിം | ജ്ഞാനത്തെ |
| അംശേന | സ്വശക്തിയോടുകൂടെ | പ്രപദ്യതേ | പ്രാപിക്കുന്നു. |

18 ത്വചമസ്യ വിനിർഭിന്നാം വിവിശുർദ്ധിഷ്ണ്യമോഷധീഃ
അംശേന രോമഭിഃ കണ്ഡൂം യൈരസൌ പ്രതിപദ്യതേ.

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്ടിന്നു | അംശേന | സ്വശക്തിയോടുകൂടെ |
| വിനിർഭിന്നാം | വെളിപ്പെട്ടുണ്ടായ | വിവിശുഃ | പ്രവേശിച്ചു. |
| ത്വചം | ത്വക്കിനെ | അസൌ | ഈ ജീവൻ |
| ധിഷ്ണ്യം | സ്ഥാനമാക്കിക്കൊണ്ടു | യൈഃ | യാതൊരു ഇന്ദ്രിയങ്ങളെ കൊണ്ടു |
| ഓഷധീഃ | വനസ്പതികൾ | | |
| രോമഭിഃ | രോമങ്ങളെന്ന ഇന്ദ്രിയമാവുന്ന | കണ്ഡൂം | ചൊറിച്ചിലിനെ |
| | | പ്രതിപദ്യതേ | അറിയുന്നു |

19 മേഢ്രം തസ്യ വിനിർഭിന്നം സ്വധിഷ്ണ്യം ക ഉപാവിശത്
രേതസാംശേന യേനാസാവാനന്ദം പ്രതിപദ്യതേ.

| | | | |
|---|---|---|---|
| തസ്യ | ആ വിരാട്ടിന്നു | സ്വധിഷ്ണ്യം | ആ സ്വസ്ഥാനത്തെ |
| മേഢ്രം | ലിംഗമെന്ന അവയവം | ഉപാവിശത് | പ്രവേശിച്ചു. |
| വിനിർഭിന്നം | വെളിപ്പെട്ടു. | യേന | യാതൊരു ഇന്ദ്രിയംകൊണ്ടു |
| കഃ | പ്രജാപതി | അസൌ | ഈ ജീവൻ |
| രേതസാ | രേതസ്സ് എന്ന ഇന്ദ്രിയമാവുന്ന | ആനന്ദം | രതിസുഖത്തെ |
| അംശേന | ശക്തിയോടുകൂടെ | പ്രതിപദ്യതേ | അറിയുന്നു. |

20 ഗുദം പുംസോ വിനിർഭിന്നം മിത്രോ ലോകേശ ആവിശത്
പായുനാംശേന യേനാസൌ വിസർഗ്ഗം പ്രതിപദ്യതേ.

| | | | |
|---|---|---|---|
| പുംസഃ | വിരാട്പുരുഷന്നു | അംശേന | സ്വശക്തിയോടുകൂടെ |
| ഗുദം | ഗുദമെന്ന സ്ഥാനം | ആവിശത് | അതിൽപ്രവേശിച്ചു |
| വിനിർഭിന്നം | വെളിപ്പെട്ടു | യേന | യാതൊരു ഇന്ദ്രിയംകൊണ്ടു |
| ലോകേശഃ | ലോകപാലകനായ | അസൌ | ഈ ജീവൻ |
| മിത്രഃ | മിത്രദേവൻ | വിസർഗ്ഗം | വിസർജ്ജനകർമ്മത്തെ |
| പായുനാ | പായു എന്ന ഇന്ദ്രിയമാവുന്ന | പ്രതിപദ്യതേ | നിവ്വഹിക്കുന്നു. |

21 ഹസ്താവസ്യ വിനിർഭിന്നാവിന്ദ്രഃ സ്വർപതിരാവിശത്
വാർത്തയാംശേന പുരുഷോ യയാ വൃത്തിം പ്രപദ്യതേ.

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്പുരുഷന്നു | ഇന്ദ്രഃ | ഇന്ദ്രൻ |
| ഹസ്തൌ | ഇരുകൈകൾ | വാർത്തയാ | ആദാനപ്രദാനരൂപമായ |
| വിനിർഭിന്നൌ | വ്യക്തീഭവിച്ചു. | അംശേന | സ്വശക്തിയോടെ |
| സ്വർപതിഃ | സ്വർഗ്ഗനാഥനായ | ആവിശത് | അവയിൽ ആവേശിച്ചു |

| | | | |
|---|---|---|---|
| പുരുഷഃ | ജീവൻ | വൃത്തിം | ജീവിതവൃത്തിയെ |
| യയാ | യാതൊരുശക്തികൊണ്ടു് | പ്രപദ്യതെ | നിവ്വഹിക്കുന്നു. |

22 പാദാവസ്യ വിനിർഭിന്നൌ ലോകേശോ വിഷ്ണുരാവിശത്
ഗത്യാ സ്വാംശേന പുരുഷോ യയാ പ്രാപ്യം പ്രപദ്യതേ

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്ടിന്നു് | സ്വാംശേന | സ്വശക്തിയോടുകൂടെ |
| പാദൌ | പാദങ്ങൾരണ്ടും | ആവിശത് | അവയിൽ ആവേശിച്ചു. |
| വിനിർഭിന്നൌ | വ്യക്തീഭവിച്ചു. | പുരുഷഃ | ജീവൻ |
| ലോകേശഃ | ലോകപാലകനായ | യയാ | യാതൊരുശക്തികൊണ്ടു് |
| വിഷ്ണുഃ | വിഷ്ണുദേവൻ | പ്രാപ്യം | എത്തേണ്ടിടത്തേക്കു് |
| ഗത്യം | ഗമനമാവുന്ന | പ്രപദ്യതേ | എത്തിച്ചേരുന്നു. |

23 ബുദ്ധിം ചാസ്യ വിനിർഭിന്നാം വാഗീശോ ധിഷ്ണ്യമാവിശത്
ബോധേനാംശേന ബോദ്ധവ്യപ്രതിപത്തിര്യതോ ഭവേത്.

| | | | |
|---|---|---|---|
| അസ്യ ച | ഈ വിരാട്ടിന്നു്തന്നെ | വാഗീശഃ | ബ്രഹ്മദേവൻ |
| വിനിർഭിന്നാം | വ്യക്തീഭവിച്ച | ആവിശത് | പ്രവേശിച്ചു. |
| ബുദ്ധിം | ബുദ്ധിയെ | യതഃ | യാതൊരുശക്തികൊണ്ടു് |
| ധിഷ്ണ്യം | സ്ഥാനമാക്കിക്കൊണ്ടു് | ബോദ്ധവ്യ-പ്രതിപത്തിഃ | അറിയേണ്ടുന്നതിന്റെ അറിവു് |
| ബോധേന | ബോധമെന്ന | | |
| അംശേന | ശക്തിയോടുകൂടെ | ഭവേത് | സംഭവിക്കുന്നു. |

24 ഹൃദയം ചാസ്യ നിർഭിന്നം ചന്ദ്രമാ ധിഷ്ണ്യമാവിശത്
മനസാംശേന യേനാസൌ വിക്രിയാം പ്രതിപദ്യതേ.

| | | | |
|---|---|---|---|
| അസ്യ ച | ഇതേ വിരാട്ടിന്നു് | അംശേന | സ്വശക്തിയോടെ |
| നിർഭിന്നം | വ്യക്തീഭവിച്ച | ആവിശത് | പ്രവേശിച്ചു- |
| ഹൃദയം | ഹൃദയത്തെ | യേന | യാതൊന്നുകൊണ്ടു് |
| | | അസൌ | ഈ ജീവൻ |
| ധിഷ്ണ്യം | സ്ഥാനമാക്കിക്കൊണ്ടു് | വിക്രിയാം | സങ്കല്പവികല്പാത്മക മായ വികാരത്തെ |
| ചന്ദ്രമാഃ | ചന്ദ്രൻ | | |
| മനസാ | മനസ്സെന്ന | പ്രതിപദ്യതേ | പ്രാപിക്കുന്നു |

25 ആത്മാനം ചാസ്യ നിർഭിന്നമഭിമാനോഽവിശത് പദം
കർമ്മണാംശേന യേനാസൌ കർത്തവ്യം പ്രതിപദ്യതേ.

| | | | |
|---|---|---|---|
| അസ്യ ച | ഇതേ വിരാട്ടിന്നു് | അഭിമാനഃ | രുദ്രൻ |
| നിർഭിന്നം | വ്യക്തീഭവിച്ച | കർമ്മണാ | അഹംവൃത്തിയോടെ പ്രവർത്തിക്കുക എന്ന രൂപത്തിലുള്ള |
| ആത്മാനം | ഞാനെന്ന ഭാവത്തെ | | |

| | | | |
|---|---|---|---|
| അംശേന | ശക്തിയോടുകൂടെ | അസൌ | ഈ ജീവൻ |
| പദം അവിശത് | സ്ഥാനമാക്കി പ്രവേശി | കർത്തവ്യം | ക്രിയയെ |
| യേന | യാതൊന്നുകൊണ്ടു [ച്ചു. | പ്രതിപദ്യതേ | നിർവ്വഹിക്കുന്നു. |

26 സത്ത്വം ചാസ്യ വിനിർഭിന്നം മഹാൻ ധിഷ്ണ്യമുപാവിശത്
ചിത്തേനാംശേന യേനാസൌ വിജ്ഞാനം പ്രതിപദ്യതേ.

| | | | |
|---|---|---|---|
| അസ്യ ച | ഇതേ വിരാട്ടിന്നു് | അംശേന | ശക്തിവിശേഷത്തോടെ |
| വിനിർഭിന്നം | വ്യക്തീഭവിച്ച | ഉപാവിശത് | ഉപവേശിച്ചു |
| സത്ത്വം | ചിത്തത്തെ | യേന | യാതൊന്നുകൊണ്ടു് |
| ധിഷ്ണ്യം | ആസ്പദമാക്കിക്കൊണ്ടു് | അസൌ | ഈ ജീവൻ |
| മഹാൻ | ബ്രഹ്മാവു് | വിജ്ഞാനം | വിശേഷജ്ഞാനത്തെ |
| ചിത്തേന | ചേതനയായുള്ള | പ്രതിപദ്യതേ | പ്രാപിക്കുന്നു. |

"തസ്യാഗ്നിരാസ്യം നിർഭിന്നം"—ഇത്യാദി ശ്ലോകങ്ങളാൽ ജീവസ്വരൂപം അദ്ധ്യാത്മാദിഭേദേന മൂന്നായി പിരിഞ്ഞതിനെ പ്രപഞ്ചനം ചെയ്തിരിക്കുന്നു. ജീവസമഷ്ടിസ്വരൂപമായ പുരുഷനിൽ ആദ്യമായി വെളിപ്പെട്ട മുഖാദ്യവയവങ്ങളെ അധിഷ്ഠാനം ചെയ്തുകൊണ്ടു് അഗ്ന്യാദികളായ ഇന്ദ്രിയാധിഷ്ഠാനദേവന്മാർ അധിദൈവതത്ത്വനയും, വാഗാദികളായ ഇന്ദ്രിയങ്ങൾ അദ്ധ്യാത്മതത്ത്വനയും, ഭാഷണാദികളായ ഇന്ദ്രിയഗമ്യവിഷയങ്ങൾ അധിഭൂതതത്ത്വനയും വ്യഷ്ടിജീവന്മാരിൽ പ്രകാശിക്കുന്നുണ്ടു്.

ഇനി വിരാട്ട്പുരുഷനിൽ ത്രിലോകങ്ങളും ത്രിലോകവാസികളും, വർണ്ണധർമ്മങ്ങളും ഗുണകർമ്മങ്ങളെ ആശ്രയിച്ചു് വ്യത്യസ്തമായി വ്യക്തീഭവിച്ചതിനെപ്പററി പറഞ്ഞുതുടങ്ങുന്നു.

27 ശീർഷ്ണോഽസ്യ ദ്യൌർധരാ പദ്ഭ്യാം ഖം നാഭേരുദപദ്യത
ഗുണാനാം വൃത്തയോ യേഷു പ്രതീയന്തേ സുരാദയഃ

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്ടിന്റെ | ഉദപദ്യത | ഉദ്ഭവിച്ചു. |
| ശീർഷ്ണഃ | ശിരസ്സിൽനിന്നു് | യേഷു | യാതൊന്നുകളിൽ |
| ദ്യൌഃ | സ്വർല്ലോകവും | ഗുണാനാം | സത്ത്വാദികളുടെ |
| പദ്ഭ്യാം | പാദങ്ങളിൽനിന്നു് | വൃത്തയഃ | പരിണാമങ്ങളായിട്ടു് |
| ധരാ | ഭൂലോകവും, | സുരാദയഃ | ദേവാദികളായ വ്യഷ്ടിജീവന്മാർ |
| നാഭേഃ | നാഭിയിൽനിന്നു് | | |
| ഖം | അന്തരീക്ഷലോകവും | പ്രതീയന്തേ | ഉദ്ഭവിക്കുന്നു. |

28 ആത്യന്തികേന സത്ത്വേന ദിവം ദേവാഃ പ്രപേദിരേ
ധരാം രജഃസ്വഭാവേന പണയോ യേ ച താനനു.

| | | | |
|---|---|---|---|
| ആത്യന്തികേന | അധികരിച്ച | ദിവം | സ്വർഗ്ഗലോകത്തിനെ |
| സത്ത്വേന | സത്ത്വഗുണംകൊണ്ടു് | ദേവാഃ | ദേവന്മാരും, |

| | | | |
|---|---|---|---|
| രജഃസ്വഭാവേന | (അധികരിച്ച) രജോഗുണസ്വഭാവംമൂലം | താൻ അനു | അവരെ അനുസരിച്ചുള്ള |
| ധരാം | ഭൂലോകത്തിനെ | യേ ച | യാവചില മൃഗാദികളും |
| പണയഃ | മനുഷ്യരും | പ്രപേദിരേ | പ്രാപിച്ചു. |

29 താർത്തീയേന സ്വഭാവേന ഭഗവന്നാഭിമാശ്രിതാഃ
ഉഭയോരന്തരം വ്യോമ യേ രുദ്രപാർഷദാം ഗണാഃ

| | | | |
|---|---|---|---|
| താർത്തീയേന | മൂന്നാമത്തെ ഗുണമായ തമസ്സിനെ സംബന്ധിച്ചുള്ള | ഉഭയോഃ | സ്വർഗ്ഗം, ഭൂമി എന്നിവ രണ്ടിന്റേയും |
| സ്വഭാവേന | സ്വഭാവംകൊണ്ട് | അന്തരം | ഇടയ്ക്കുള്ള |
| രുദ്രപാർഷദാം | രുദ്രന്റെ പാർഷദന്മാരായ ഭൂതപിശാചാദികളുടെ | വ്യോമ | അന്തരീക്ഷലോകമാവുന്ന |
| ഗണാഃ യേ | സംഘങ്ങളൊക്കെയും | ഭഗവന്നാഭിം | വിരാട്പുരുഷനാഭിയെ |
| | | ആശ്രിതാഃ | പ്രാപിച്ചവരാകുന്നു. |

30 മുഖതോഽവർത്തത ബ്രഹ്മ പുരുഷസ്യ കുരൂദ്വഹ
യസ്തൂന്മുഖത്വാദ്വർണ്ണാനാം മുഖ്യോഽഭൂദ് ബ്രാഹ്മണോ ഗുരുഃ.

| | | | |
|---|---|---|---|
| കുരൂദ്വഹ | ഹേ കൌരവോത്തമ! | ഉന്മുഖത്വാത് | മുഖത്തിൽനിന്നു് ഭവിച്ചവനാകയാൽ |
| പുരുഷസ്യ | വിരാട്പുരുഷന്റെ | | |
| മുഖതഃ | മുഖത്തിൽനിന്നു് | | |
| ബ്രഹ്മ | വേദം | വർണ്ണാനാം | വർണ്ണങ്ങളുടെ ഇടയിൽ |
| അവർത്തത | പ്രവൃത്തമായി | മുഖ്യഃ | ഒന്നാമത്തേവനും |
| യഃ തു | യാതൊരുവനാകട്ടെ | | |
| ബ്രാഹ്മണഃ | വേദാധ്യാപനാദിവൃത്തിയോടെ ഇരിക്കുന്നുവോ, ആ ബ്രാഹ്മണൻ | ഗുരുഃ | ഉപദേഷ്ടാവുമായി |
| | | അഭൂത് | ഭവിച്ചു. |

31 ബാഹുഭ്യോഽവർത്തത ക്ഷത്രം ക്ഷത്രിയസ്തദനുവ്രതഃ
യോ ജാതസ്ത്രായതേ വർണ്ണാൻ പൌരുഷഃ കണ്ടകക്ഷതാത്.

| | | | |
|---|---|---|---|
| ബാഹുഭ്യഃ | വിരാട്പുരുഷന്റെ ബാഹുക്കളിൽനിന്നു് | പൌരുഷഃ | വിഷ്ണുവിന്റെ അംശമായി |
| | | ജാതഃ | ഉണ്ടായിട്ടുള്ള |
| ക്ഷത്രം | പരിപാലനമെന്ന ധർമ്മം | യഃ | യാതൊരുവൻ |
| അവർത്തത | പ്രവൃത്തമായി. | കണ്ടകക്ഷതാത് | അക്രമകാരികളുടെ ഉപദ്രവത്തിൽനിന്നു് |
| തദനുവ്രതഃ | ആ ധർമ്മത്തെ അനുസരിക്കുന്ന | വർണ്ണാൻ | സമുദായങ്ങളെ |
| ക്ഷത്രിയഃ | ക്ഷത്രിയനും ഉണ്ടായി | ത്രായതേ | സംരക്ഷിക്കുന്നു. |

32 വിശോ ഽവർത്തന്ത തസ്യോർവോർലോകവൃത്തികരീർവിഭോഃ
വൈശ്യസ്തദുദ്ഭവോ വാർത്താം നൃണാം യഃ സമവർത്തയത്.

| | | | |
|---|---|---|---|
| തസ്യ വിഭോഃ | ആ വിരാട്പുരുഷന്റെ | വൈശ്യഃ | വൈശ്യൻ |
| ഊർവോഃ | തുടകളിൽനിന്നു് | തദുദ്ഭവഃ | ആ തുടകളിൽനിന്നും ഉൽഭവിച്ചവനാകുന്നു. |
| ലോകവൃത്തികരീഃ | ജനങ്ങളുടെ ഉപജീവനത്തിനു് പ്രയോജകീഭവിക്കുന്ന | യഃ | യാതൊരുവൻ |
| | | നൃണാം | ജനങ്ങൾക്കു് |
| വിശഃ | കൃഷിവ്യവസായങ്ങൾ | വാർത്താം | ഉപജീവനദ്രവ്യത്തെ |
| അവർത്തന്ത | പ്രവൃത്തങ്ങളായി | സമവർത്തയത് | നേടിക്കൊടുത്തു. |

33 പദ്ഭ്യാം ഭഗവതോ ജജ്ഞേ ശുശ്രൂഷാ ധർമ്മസിദ്ധയേ
തസ്യാം ജാതഃ പുരാ ശൂദ്രോ യദ്വൃത്ത്യാ തുഷ്യതേ ഹരിഃ.

| | | | |
|---|---|---|---|
| ഭഗവതഃ | വിരാട്പുരുഷന്റെ | ശൂദ്രഃ | ശൂദ്രനും |
| പദ്ഭ്യാം | പാദങ്ങളിൽനിന്നു് | പുരാ ജാതഃ | ആദ്യമുണ്ടായി |
| ധർമ്മസിദ്ധയേ | ധാർമ്മികകർമ്മങ്ങളുടെ നിർവ്വഹണത്തിന്നുതകുന്ന | യദ്വൃത്ത്യാ | യാതൊരുവന്റെ സഹജമായ സേവനവൃത്തി കൊണ്ടു് |
| ശുശ്രൂഷാ | സേവനവൃത്തി | | |
| ജജ്ഞേ | ഉണ്ടായി | ഹരിഃ | സർവ്വേശ്വരൻ |
| തസ്യാം | അതിനുവേണ്ടി | തുഷ്യതേ | സന്തോഷിക്കുന്നു. |

34 ഏതേ വർണ്ണാഃ സ്വധർമ്മേണ യജന്തി സ്വഗുരും ഹരിം
ശ്രദ്ധയാത്മവിശുദ്ധ്യർത്ഥം യജ്ജാതാഃ സഹ വൃത്തിഭിഃ.

| | | | |
|---|---|---|---|
| ഏതേ വർണ്ണാഃ | ഈ വർണ്ണങ്ങൾ (ബ്രാഹ്മണാദി നാലുവർണ്ണത്തിലുള്ളവർ) | സ്വഗുരും | സ്വഗുരുവിനെ—പിതാവിനെ—രക്ഷിതാവിനെ |
| വൃത്തിഭിഃ സഹ | തങ്ങൾതങ്ങൾക്കുള്ള സഹജകർമ്മങ്ങളോടുകൂടി | ആത്മവിശുദ്ധ്യർത്ഥം | അന്തഃകരണശുദ്ധിക്കു വേണ്ടി |
| | | ശ്രദ്ധയാ | ശ്രദ്ധയോടെ |
| യജ്ജാതാഃ | യാതൊരുവനിൽനിന്നു് ജനിച്ചുവോ, | സ്വധർമ്മേണ | താന്താങ്ങൾക്കു് വിഹിതമായ ധർമ്മംകൊണ്ടു് |
| ഹരിം | ആ സർവ്വേശ്വരനാവുന്ന | യജന്തി | ആരാധിക്കുന്നു. |

35 ഏതത് ക്ഷത്തർഭഗവതോ ദൈവകർമ്മാത്മരൂപിണഃ
കഃ ശ്രദ്ദധ്യാദുപാകർത്തും യോഗമായാബലോദയം.

| | | | |
|---|---|---|---|
| ക്ഷത്തഃ | ഹേ വിദുരരേ ! | യോഗമായാബലോദയം | യോഗമായാവൈഭവത്താൽ ഉജ്ജൃംഭിതമായ |
| ദൈവകർമ്മാത്മരൂപിണഃ | ദൈവം (കാലം), കർമ്മം (അദൃഷ്ടം), ആത്മ (സ്വഭാവം) എന്നീ ശക്തികളുടെ സ്വരൂപമായ | ഏതത് | ഈ വിരാട്സ്വരൂപത്തെ |
| | | ഉപാകർത്തും | പൂർണ്ണതയാ നിരൂപണം ചെയ്യുവാൻ |
| ഭഗവതഃ | ഈശ്വരന്റെ | കഃ ശ്രദ്ദധ്യാത് | ആർ തുനിയും ? |

36 അഥാപി കീർത്തയാമ്യംഗ യഥാമതി യഥാശ്രുതം
കീർത്തിം ഹരേഃ സ്വാം സത്കർത്തും ഗിരമന്യാഭിധാസതീം.

| | | | |
|---|---|---|---|
| അംഗ | ഹേ വിദുരരേ ! | ഹരേഃ | ശ്രീഹരിയുടെ |
| അഥാപി | എന്നിരിക്കിലും | കീർത്തിം | കീർത്തിയെ |
| അന്യാഭിധാസതീം | മററു ചില വിഷയങ്ങളും പറഞ്ഞു മാലിന്യം ബാധിച്ച | യഥാശ്രുതം | കേട്ടുധരിച്ചതിന്നനുസരിച്ച് |
| സ്വാം ഗിരം | സ്വന്തം വാക്കിനെ | യഥാമതി | ബുദ്ധിശക്തിക്ക് ആകുന്ന വിധത്തിൽ |
| സത്കർത്തും | ശുദ്ധീകരിക്കുവാൻ | കീർത്തയാമി | ഞാൻ കീർത്തിക്കുന്നു. |

37 ഏകാന്തലാഭം വചസോ നു പുംസാം
സുശ്ലോകമൌലേർഗ്ഗുണവാദമാഹുഃ
ശ്രുതേശ്ച വിദ്വദ്ഭിരുപാകൃതായാം
കഥാസുധായാമുപസംപ്രയോഗം.

| | | | |
|---|---|---|---|
| സുശ്ലോകമൌലേഃ | മംഗലകീർത്തിയെഴുന്നവരിൽ ശ്രേഷ്ഠനായ ശ്രീഹരിയുടെ | ഉപാകൃതായാം | നിരൂപണം ചെയ്യപ്പെട്ടിരിക്കുന്ന |
| | | കഥാസുധായാം | കഥാമൃതത്തിൽ |
| ഗുണവാദം | ഗുണാനുകഥനത്തെ | ഉപസംപ്രയോഗം | ആഞ്ഞലിഞ്ഞുള്ള ചേർച്ചയെ |
| പുംസാം | മനുഷ്യരുടെ | ശ്രുതേഃ ച | ശ്രവണേന്ദ്രിയത്തിന്റെയും |
| വചസഃ | വാഗിന്ദ്രിയത്തിന്റെയും, | ഏകാന്തലാഭം | വലിയ നേട്ടമായിട്ട് |
| വിദ്വദ്ഭിഃ | വിദ്വാന്മാരാൽ | ആഹുഃ നു | പറഞ്ഞുവരുന്നുണ്ടല്ലോ |

38 ആത്മനോഽവസിതോ വത്സ മഹിമാ കവിനാദിനാ
സംവത്സരസഹസ്രാന്തേ ധിയാ യോഗവിപക്വയാ.

| | | | |
|---|---|---|---|
| വത്സ | അല്ലയോ വത്സ ! | യോഗവിപക്വയാ | തപോയോഗംകൊണ്ട് പരിപാകംവന്ന |
| ആത്മനഃ | പരമാത്മാവായ ശ്രീഹരിയുടെ | ധിയാ | അന്തഃകരണത്താൽക്കൂടി, |
| മഹിമാ | മാഹാത്മ്യം | സംവത്സരസഹസ്രാന്തേ | ആയിരത്താണ്ടുകഴിഞ്ഞിട്ടുപോലും |
| ആദിനാ കവിനാ | ആദികവിയായ ബ്രഹ്മദേവനാൽക്കൂടി, | അവസിതഃ | മുഴുക്കെ അറിയപ്പെട്ടുവോ ? |

39 അതോ ഭഗവതോ മായാ മായിനാമപി മോഹിനീ
യത്സ്വയം ചാത്മവർത്മാത്മാ ന വേദ കിമുതാപരേ

| | | | |
|---|---|---|---|
| ഭഗവതഃ മായാ | ഭഗവാന്റെ മായ | യത് | എന്തെന്നാൽ |
| മായിനാം അപി | മായാവൈഭവമെഴുന്നവർക്കുംകൂടെ | ആത്മാ | പരമാത്മാവായ ശ്രീഹരി |
| മോഹിനീ | മോഹജനകമാണ് | സ്വയം ച | തന്നേയും |

| | | | |
|---|---|---|---|
| ആത്മവർത്മ | സ്വമായാഗതിയെ | അപരേ | മററുള്ളവർ |
| ന വേദ | അറിയുന്നില്ല. | | |
| അതഃ | ആകയാൽ | കിം ഉത | പിന്നെപ്പറയേണമോ? |

40 യതോഽപ്രാപ്യനിവർത്തന്തേ വാചശ്ച മനസാ സഹ
അഹം ചാന്യ ഇമേ ദേവാസ്തസ്മൈ ഭഗവതേ നമഃ.

| | | | |
|---|---|---|---|
| മനസാ സഹ | മനസ്സിനോടുകൂടെ | യതഃ | യാതൊരുവനിൽ |
| വാചഃ ച | വചനങ്ങളും, | | |
| അഹം | അഹംതത്വത്തിന്റെ | അപ്രാപ്യ | ചെന്നണയാതെ |
| | അധിഷ്ഠാതാവായ രുദ്രനും, | നിവർത്തന്തേ | പിൻതിരിയുന്നുവോ, |
| അന്യേ ച | മററുള്ള | തസ്മൈ ഭഗവതേ | ആ സർവ്വേശ്വരന്നായിക്കൊണ്ടു് |
| ഇമേ ദേവാഃ | ഈ ഇന്ദ്രിയാധിഷ്ഠാതൃദേവഗണങ്ങളും | നമഃ | നമസ്കാരം. |

കാലകർമ്മസ്വഭാവങ്ങളാവുന്ന ശക്തിത്രയത്തോടു ചേർന്നിരിക്കുന്ന മായയുടെ ഗുണങ്ങളിലൂടെ ഭഗവാൻ ഈ വിശ്വത്തെ പ്രകാശിപ്പിച്ച പ്രകാരമാണു് മൈത്രേയർ പ്രതിപാദിച്ചതു്. വിശ്വകാരണമായ ഭഗവന്മാഹാത്മ്യത്തെ പൂർണ്ണതയാ അറിഞ്ഞുപറയുവാൻ ആർക്കും എളുതല്ല അതു ബ്രഹ്മരുദ്രാദിദേവന്മാർക്കുപോലും അജ്ഞാതമാണു്. എന്തിനു്? ഭഗവാനുപോലും അജ്ഞാതമത്രേ. തന്മാഹാത്മ്യത്തിന്റെ അപരിച്ഛിന്നതയാണു് അതിന്നുകാരണം ഈശ്വരമഹിമ അറിവാനാകയില്ലെന്നു് അറിയുകയാണു് യഥാർത്ഥമായ ഈശ്വരതത്വജ്ഞാനമെന്നു് ബോധിച്ചു ജ്ഞാനമാർഗ്ഗത്തിൽ പ്രയാസപ്പെടാതെ ഭക്തിമാർഗ്ഗത്തെ അവലംബിക്കുകയാണു് മനുഷ്യന്റെ കർത്തവ്യമെന്നു് "തസ്മൈ ഭഗവതേ നമഃ" എന്ന നമസ്ക്രിയാവചനത്താൽ ഋഷി സൂചിപ്പിച്ചു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ ഷഷ്ഠോഽധ്യായഃ

ആദിതഃ ശ്ലോകാഃ 233. ആറാമദ്ധ്യായം കഴിഞ്ഞു.

## സപ്തമോഽദ്ധ്യായഃ : ഏഴാമദ്ധ്യായം.

"സപ്തമേ സംശയച്ഛേദി പ്രതിനന്ദ്യ മുനേർവചഃ
പുനഃ ക്ഷത്ത്രാ കൃതാ നാനാ പ്രശ്നാഃ സമ്യഗ്ഗുദീരിതാഃ"

**മൈത്രേയമുനി വിദുരർക്കു സംശയനിവൃത്തിവരുത്തിക്കൊടുക്കുന്നതും വിദുരരുടെ തുടർന്നുള്ള ചോദ്യങ്ങളും.**

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു:

1 ഏവം ബ്രുവാണം മൈത്രേയം ദ്വൈപായനസുതോ ബുധഃ
പ്രീണയന്നിവ ഭാരത്യാ വിദുരഃ പ്രത്യഭാഷത.

| | | | |
|---|---|---|---|
| ദ്വൈപായനസുതഃ | വേദവ്യാസരുടെ പുത്രനായിട്ടുള്ള | മൈത്രേയം | മൈത്രേയമുനിയെ |
| ബുധഃ | വിദ്വാനായ | ഭാരത്യാ | വാക്കിനാൽ |
| വിദുരഃ | വിദുരർ | പ്രീണയൻ ഇവ | സന്തോഷപ്പെടുത്തിക്കൊണ്ടെന്നപോലെ |
| ഏവം | ഇപ്രകാരം | | |
| ബ്രുവാണം | പറയുന്ന | പ്രത്യഭാഷത | അദ്ദേഹത്തോടു പറഞ്ഞു. |

വിദുര ഉവാച — വിദുരർ പറഞ്ഞു:

2 ബ്രഹ്മൻ കഥം ഭഗവതശ്ചിന്മാത്രസ്യാവികാരിണഃ
ലീലയാ ചാപി യുജ്യേരൻ നിർഗ്ഗുണസ്യ ഗുണാഃ ക്രിയാഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ ! | ഗുണാഃ | ഗുണങ്ങളും |
| നിർഗ്ഗുണസ്യ | ഗുണാതീതനായി, | ക്രിയാഃ | ക്രിയകളും |
| അവികാരിണഃ | നിർവ്വികാരനായി, | ലീലയാ ച അപി | ലീലനിമിത്തമാണെന്നു കരുതിയാൽക്കൂടി |
| ചിന്മാത്രസ്യ | കേവലം ചിദാത്മകനായിരിക്കുന്ന | കഥം | എങ്ങനെ |
| ഭഗവതഃ | സർവ്വേശ്വരന്നു് | യുജ്യേരൻ | യോജിക്കും ? |

3 ക്രീഡായാമുദ്യമോഽർഭസ്യ കാമശ്ചിക്രീഡിഷാന്യതഃ
സ്വതസ്തൃപ്തസ്യ ച കഥം നിവൃത്തസ്യ സദാന്യതഃ

| | | | |
|---|---|---|---|
| അർഭസ്യ | ഒരു ശിശുവിന്നു് | കാമഃ | അവന്റെ ആഗ്രഹമാണു് |
| ക്രീഡായാം | കളിയിൽ | അന്യതഃ | അന്യശിശുവിന്റെ കളിഹേതുവായും |
| ഉദ്യമഃ | ഉത്സാഹംവരുത്തുന്നതു് | | |

| | | | |
|---|---|---|---|
| ചിക്രീഡിഷാ | കളിപ്പാനുള്ള ആഗ്രഹം ഉണ്ടാകാം | സദാ | നിത്യമായി |
| | | നിവൃത്തസ്യ | വിട്ടുനില്ക്കുന്നവനും ആയ ഈശ്വരന്നു് |
| സ്വതഃ | സ്വാഭാവികമായി | | |
| തൃപ്തസ്യ ച | സംതൃപ്തനും | | |
| അന്യതഃ | മററുള്ളതിൽനിന്നു് | കഥം | അതെങ്ങനെയുണ്ടാകും? |

മായാഗുണങ്ങൾകൊണ്ടു് ലീലയായിട്ടു് ഭഗവാൻ സൃഷ്ട്യാദികർമ്മങ്ങൾ നടത്തുന്നുവെന്നാണു് മൈത്രേയമുനി വിദുരരോടു് പറഞ്ഞതു്. ഇതിൽ വിദുരർക്കു് ഒരസാംഗത്യം തോന്നുന്നു. അതെന്തെന്നാൽ—ഭഗവാൻ ചിന്മാത്രനാണു്; നിർഗ്ഗുണനും നിർവികാരനുമാണു്. നിർഗ്ഗുണനായവന്നു് ഗുണങ്ങളോടും നിർവ്വികാരനായവന്നു് ക്രിയകളോടും ചേർച്ചയുണ്ടാകുമോ? "ലീലയായിട്ടു്" എന്നുപറഞ്ഞതിലും ഉപപത്തിയില്ല. ലീലയ്ക്കു്, അതിൽ അഭിനിവേശവും അന്യസമ്പർക്കവും വേണം. കുട്ടികൾ കളിക്കുന്നതു് അതുകൊണ്ടാണു്. എന്നാൽ ഭഗവാനാകട്ടെ നിത്യതൃപ്തനും നിഃസംഗനുമാകയാൽ ലീലയ്ക്കുള്ള ഉദ്യമവും സംഭാവ്യമല്ല.

ഇനി അവിദ്യാഗ്രസ്തമായ ജീവരാശിയുടെ ഭോഗാർത്ഥമാണു് ജഗൽസൃഷ്ടിയെന്നു പ്രസ്താവിച്ചതും സംഗതമല്ലെന്നു് ചൂണ്ടിക്കാണിക്കുന്നു.

4 അസ്രാക്ഷീദ്ഭഗവാൻ വിശ്വം ഗുണമയ്യാഽത്മമായയാ
തയാ സംസ്ഥാപയത്യേതദ്ഭൂയഃ പ്രത്യഭിധാസ്യതി.

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വേശ്വരൻ | അസ്രാക്ഷീത് | സൃഷ്ടിച്ചു; |
| ഗുണമയ്യാ | ഗുണസ്വരൂപിണിയായ | തയാ | അതിനെക്കൊണ്ടു് |
| ആത്മമായയാ | ആത്മമായകൊണ്ടു് (ആത്മാവിനെ-ജീവനെ മോഹിപ്പിക്കുന്ന മായ കൊണ്ടു) | ഏതത് | ഇതിനെ |
| | | സംസ്ഥാപയതി | നിലനിർത്തുന്നു; |
| | | ഭൂയഃ | വീണ്ടും |
| | | പ്രത്യഭിധാസ്യതി | പ്രതിലോമക്രമത്തിൽ തിരോഭവിപ്പിക്കുന്നു. |
| വിശ്വം | ലോകത്തെ | | |

5 ദേശതഃ കാലതോ യോഽസാവവസ്ഥാതഃ സ്വതോഽന്യതഃ
അവിലുപ്താവബോധാത്മാ സംയുജ്യേതാജയാ കഥം

| | | | |
|---|---|---|---|
| ദേശതഃ | ദേശംകൊണ്ടും, | യഃ അസൌ | യാതൊരു ഈ |
| കാലതഃ | കാലംകൊണ്ടും, | ആത്മാ | ജീവാത്മാവു് |
| അവസ്ഥാതഃ | അവസ്ഥിതികൊണ്ടും | | |
| സ്വതഃ | സ്വാഭാവികതകൊണ്ടും, | അജയാ | അവിദ്യയോടു് |
| അന്യതഃ | അന്യബന്ധംകൊണ്ടും | | |
| അവിലുപ്താവബോധഃ | വിലോപംവരാത്ത അവബോധത്തോടുകൂടിയിയിരിക്കുന്ന | കഥം | എങ്ങനെ |
| | | സംയുജ്യേത | സംയോജിക്കും? |

6 ഭഗവാനേക ഏവൈഷ സർവക്ഷേത്രേഷ്വവസ്ഥിതഃ
അമുഷ്യ ദുർഭഗത്വം വാ ക്ലേശോ വാ കർമ്മഭിഃ കുതഃ

| | |
|---|---|
| ഏഷഃ | ഈ ജീവൻ |
| സർവ്വക്ഷേത്രേഷു | എല്ലാ ശരീരങ്ങളിലും |
| അവസ്ഥിതഃ | അവസ്ഥാഭേദേന നില കൊള്ളുന്നുവെങ്കിലും |
| ഏകഃ | ഏകനായ |
| ഭഗവാൻ ഏവ | സർവ്വേശ്വരൻതന്നെയാകുന്നു |
| അമുഷ്യ | ഇവന്ന് |
| ദുർഭഗത്വം വാ | സ്വസ്വരൂപഭ്രംശമോ, |
| കർമ്മഭിഃ | കർമ്മങ്ങൾ ഹേതുവായി |
| ക്ലേശഃ വാ | സംസാരദുഃഖമോ |
| കുതഃ | എങ്ങനെയുണ്ടാകും? |

ജീവൻ ഈശ്വരാംശമാകയാൽ ഈശ്വരൻതന്നെയാണ്. ആകയാൽ ചിന്മാത്രനാണ്. ദേശകാലാവസ്ഥാദികളാൽ ആ ചിത്തിന് (അവബോധസ്വരൂപത്തിന്) ലോപം വരാവുന്നതല്ല. ഈ നിലയിൽ ജീവന്നു അവിദ്യാബന്ധം എങ്ങനെ വരുന്നു? മാത്രമല്ല, എല്ലാ വ്യഷ്ടിശരീരങ്ങളിലും പ്രത്യഗാത്മാവായി ജീവരൂപേണ സ്ഥിതിചെയ്യുന്നതു് ഏകനായ ഈശ്വരനാണല്ലോ. ഈ നിലയിൽ ജീവന്ന് സ്വസ്വരൂപഭ്രംശവും കർമ്മഹേതുകമായ സംസാരദുഃഖവും ഉണ്ടാകുന്നതെങ്ങനെ? ഇവിടേയും യുക്തിവിരോധം തോന്നുന്നുണ്ടെന്നു സാരം. തന്റെ ഈ സന്ദേഹങ്ങളെല്ലാം തീർത്തുതരണമെന്ന് വിദുരർ തുടർന്നപേക്ഷിക്കുന്നു.

7 ഏതസ്മിൻ മേ മനോ വിദ്വൻ ഖിദ്യതേഽജ്ഞാനസങ്കടേ
തന്നഃ പരാണുദ വിഭോ കശ്മലം മാനസം മഹത്.

| | |
|---|---|
| വിദ്വൻ | ഹേ ജ്ഞാനിൻ! |
| മേ മനഃ | എന്റെ മനസ്സ് |
| ഏതസ്മിൻ | ഇവ്വിധത്തിലുള്ള |
| അജ്ഞാനസങ്കടേ | അജ്ഞാനദുർഗ്ഗത്തിൽ |
| ഖിദ്യതേ | കുടുങ്ങിഞെരുങ്ങുന്നു. |
| വിഭോ | മഹാത്മൻ! |
| നഃ | ഞങ്ങളുടെ |
| മാനസം | മാനസികമായ |
| തത് മഹത് | ആ വലിയ |
| കശ്മലം | വിമ്മിഷ്ടത്തെ |
| പരാണുദ | നീക്കിത്തരിക. |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു:

8 സ ഇത്ഥം ചോദിതഃ ക്ഷത്രാ തത്ത്വജിജ്ഞാസുനാ മുനിഃ
പ്രത്യാഹ ഭഗവച്ചിത്തഃ സ്മയന്നിവ ഗതസ്മയഃ.

| | |
|---|---|
| തത്ത്വജിജ്ഞാസുനാ | പരമാർത്ഥമറിയുവാൻ ആഗ്രഹിക്കുന്ന |
| ക്ഷത്രാ | വിദുരരാൽ |
| ഇത്ഥം | ഇപ്രകാരം |
| ചോദിതഃ | വാദിച്ചുചൊല്ലപ്പെട്ട |
| സഃ മുനിഃ | ആ മൈത്രേയമുനി |
| ഗതസ്മയഃ | ഗർവ്വമകന്നവനും |
| ഭഗവച്ചിത്തഃ | ഭഗവാനിൽ സമർപ്പിച്ച ചിത്തത്തോടുകൂടിയവനുമായി, |
| സ്മയൻ ഇവ | അല്പമൊന്ന് പുഞ്ചിരിച്ചുകൊണ്ട് |
| പ്രത്യാഹ | മറുപടി പറഞ്ഞു. |

മൈത്രേയ ഉവാച — മൈത്രേയമുനി പറഞ്ഞു:

9 സേയം ഭഗവതോ മായാ യന്നയേന വിരുദ്ധ്യതേ
ഈശ്വരസ്യ വിമുക്തസ്യ കാർപ്പണ്യമുത ബന്ധനം.

| | | | |
|---|---|---|---|
| വിമുക്തസ്യ | മായാഗുണങ്ങളിൽനിന്ന് സ്വതവേ വിമുക്തനായ ജീവന്ന് | യത് | എന്നതു് യാതൊന്നോ, |
| കാർപ്പണ്യം | സ്വസ്വരൂപഭ്രംശരൂപത്തിലുള്ള ദീനതയും | സാ ഇയം | അതു് ഈ |
| ഉത | മാത്രമല്ല, | ഭഗവതഃ | അചിന്ത്യശക്തിയെഴുന്ന |
| ബന്ധനം | അവിദ്യാഹേതുകമായ ബന്ധനവും ഉണ്ടാവുന്നു | ഈശ്വരസ്യ | ഈശ്വരന്റെ |
| | | മായാ | മായയാണു്. |
| | | (തത്) | ആയതു് |
| | | നയേന | താർക്കികയുക്തിയാൽ |
| | | വിരുദ്ധ്യതേ | പൊരുത്തപ്പെടാത്തതാകുന്നു |

10 യദർത്ഥേന വിനാമുഷ്യ പുംസ ആത്മവിപര്യയഃ
പ്രതീയത ഉപദ്രഷ്ടുഃ സ്വശിരശ്ഛേദനാദികം

| | | | |
|---|---|---|---|
| യത് | ഏതുപ്രകാരം | വിനാ | കൂടാതെതന്നെ |
| ഉപദ്രഷ്ടുഃ | സ്വപ്നം കാണുന്നവന്നു് | പ്രതീയതേ | തോന്നുന്നുവോ, അതുപോലെ |
| സ്വശിരശ്ഛേദനാദികം | തന്റെ ശിരസ്സു ഛേദിച്ചതായും മററും | അമുഷ്യ പുംസഃ | ഈ ജീവാത്മാവിന്നു് |
| അർത്ഥേന | പരമാർത്ഥത്തോടു | ആത്മവിപര്യയഃ | തന്നിൽ വൈപരീത്യം തോന്നുകയാണു് |

11 യഥാ ജലേ ചന്ദ്രമസഃ കമ്പാദിസ്തത്കൃതോ ഗുണഃ
ദൃശ്യതേഽസന്നപി ദ്രഷ്ടുരാത്മനോഽനാത്മനോ ഗുണഃ.

| | | | |
|---|---|---|---|
| യഥാ | യാതൊരുപ്രകാരം | അനാത്മനഃ | ആത്മാവിൽനിന്നു് വ്യതിരിക്തമായ |
| ജലേ | വെള്ളത്തിൽ നിഴലിച്ച | ഗുണഃ | ധർമ്മം |
| ചന്ദ്രമസഃ | ചന്ദ്രബിംബത്തിന്നു് | അസൻ അപി | ഇല്ലെന്നിരിക്കിലുംകൂടി |
| തത്കൃതഃ | തദുപാധികൃതമായ | ദ്രഷ്ടുഃ | ദ്രഷ്ടാവായുള്ള—ദേഹാദ്യഭിമാനിയായ |
| കമ്പാദിഃ | ചലനാദി | ആത്മനഃ | ജീവാത്മാവിന്നു് കാണപ്പെടുന്നു. |
| ഗുണഃ | ധർമ്മം | | |
| ദൃശ്യതേ | കാണപ്പെടുന്നുവോ, അതുപ്രകാരം | | |

ആകാശത്തിലുള്ള സാക്ഷാൽ ചന്ദ്രന്നെന്നപോലെ വെള്ളത്തിലുള്ള അതിന്റെ പ്രതിബിംബത്തിന്നും കമ്പനാദിധർമ്മമില്ല. എന്നാൽ ജലസംബന്ധംകൊണ്ടു് തൽപ്രതിബിംബിതചന്ദ്രനിൽ കമ്പനാദിധർമ്മം ഉണ്ടെന്നു തോന്നാം. ഇതുപോലെ പരമാത്മാവിനേയും ജീവാത്മാവിനേയും കാണുക. ദേഹാദികൾക്കുള്ള ജനിമൃതിവിപരിണാമ

ങ്ങൾ ദേഹാദ്യഭിമാനിയായ ജീവനിൽ കാണപ്പെടുന്നു. ഈശ്വരന്നു് ഇതു് ബാധകമല്ലതാനും. ജീവനിൽ വന്നുചേർന്ന ഈ വിപരീതഭാവന എങ്ങനെ ഇല്ലാതാകും? അതിന്നുള്ള ഉപായം ഇനി പറയുന്നു.

12 സ വൈ നിവൃത്തിധർമ്മേണ വാസുദേവാനുകമ്പയാ
ഭഗവത്ഭക്തിയോഗേന തിരോധത്തേ ശനൈരിഹ.

| | | | |
|---|---|---|---|
| സഃ വൈ | ആ ആത്മപര്യയഭാവനയാകട്ടെ | ഭഗവത്ഭക്തിയോഗേന | ഭഗവാങ്കലെ ഭക്തിയോഗംകൊണ്ടു് |
| നിവൃത്തിധർമ്മേണ | അർപ്പണബുദ്ധിയോടെ ചെയ്യുന്ന കർമ്മപദ്ധതിമൂലം | ഇഹ | ലോകത്തിൽ |
| വാസുദേവാനുകമ്പയാ | ചിത്താധിഷ്ഠാതാവായ ശ്രീവാസുദേവമൂർത്തിയുടെ കാരുണ്യംകൊണ്ടുണ്ടാവുന്ന | ശനൈഃ | സാവകാശം |
| | | തിരോധത്തേ | ഇല്ലാതെയാകുന്നു |

13 യദേന്ദ്രിയോപരാമോഽഥ ദ്രഷ്ടാത്മനി പരേ ഹരൌ
വിലീയന്തേ തദാ ക്ലേശാഃ സംസുപ്തസ്യേവ കൃത്സ്നതഃ.

| | | | |
|---|---|---|---|
| യദാ | എപ്പോൾ | തദാ അഥ | അപ്പോൾ, ഉടനെ |
| ദ്രഷ്ടാത്മനി | ദ്രഷ്ടാവായും അന്തര്യാമിയായും ഇരിക്കുന്ന | സംസുപ്തസ്യ | ഗാഢനിദ്രയിലാണ്ടിരിക്കുന്നവന്നു് |
| പരേ | പരമപുരുഷനായ | ഇവ | എന്നപോലെ |
| ഹരൌ | ശ്രീഹരിയിൽ | കൃത്സ്നതഃ | പൂർണ്ണമായും |
| ഇന്ദ്രിയോപരാമഃ | സർവ്വേന്ദ്രിയങ്ങളുടെയും ഉപരതി സംഭവിക്കുന്നുവോ, | ക്ലേശാഃ | ക്ലേശങ്ങൾ |
| | | വിലീയന്തേ | വിലയം പ്രാപിക്കുന്നു. |

14 അശേഷസംക്ലേശശമം വിധത്തേ
ഗുണാനുവാദഃ ശ്രവണം മുരാരേഃ
കുതഃ പുനസ്തച്ചരണാരവിന്ദ-
പരാഗസേവാരതിരാത്മലബ്ധാ.

| | | | |
|---|---|---|---|
| മുരാരേഃ | ശ്രീകൃഷ്ണഭഗവാന്റെ | തച്ചരണാരവിന്ദപരാഗസേവാരതിഃ | അവിടത്തെ തൃപ്പാദപദ്മപരാഗങ്ങളെ മുകരുവാനുള്ള അഭിരുചി |
| ഗുണാനുവാദഃ | ഗുണങ്ങളെ കീർത്തിക്കലും | | |
| ശ്രവണം | ശ്രവിക്കലും | | |
| അശേഷസംക്ലേശശമം | സർവ്വദുഃഖങ്ങളുടെയും പ്രശമനത്തെ | ആത്മലബ്ധാ | മനസ്സിൽ സിദ്ധിച്ചെന്നാൽ |
| വിധത്തേ | വിധാനം ചെയ്യുന്നു | പുനഃ കുതഃ | പിന്നെ എന്തുവേണം? |

അവിദ്യാകൃതമായ വിപരീതഭാവനനിമിത്തം ഉണ്ടാവുന്ന സംസാരക്ലേശത്തെ ഇല്ലായ്മചെയ്യുവാൻ ശ്രവണകീർത്തനസ്മരണാദിരൂപമായ ഭക്തിയോഗത്തെ സമാശ്രയിക്കുകയാണു ശരിയായ വഴി എന്നു് സാരാർത്ഥം.

തന്റെ ചോദ്യങ്ങൾക്കു മൈത്രേയർ നല്കിയ ഉത്തരത്തെ അഭിനന്ദിച്ചുകൊണ്ടു വിദുരർ തന്റെ ചരിതാർത്ഥത താഴെ ആറുശ്ലോകങ്ങളാൽ വ്യക്തമാക്കുന്നു
വിദുര ഉവാച — വിദുരർ പറഞ്ഞു.

15 സംഛിന്നഃ സംശയോ മഹ്യം തവ സൂക്താസിനാ വിഭോ
ഉഭയത്രാപി ഭഗവൻ മനോ മേ സംപ്രധാവതി.

| | | | |
|---|---|---|---|
| വിഭോ | മഹാത്മൻ ! | സംഛിന്നഃ | വേർപെടുക്കപ്പെട്ടു. |
| മഹ്യം | എനിക്കുള്ള | ഭഗവൻ | ഹേ സർവ്വജ്ഞാനനിധേ ! |
| സംശയഃ | സന്ദേഹം | മേ മനഃ | എന്റെ മനസ്സ് |
| തവ | അങ്ങയുടെ | | |
| സൂക്താസിനാ | യുക്തിവചനമാവുന്ന ഖഡ്ഗത്താൽ | ഉഭയത്ര അപി | രണ്ടുതത്ത്വങ്ങളിലും * |
| | | സംപ്രധാവതി | ഓടിയെത്തുന്നുണ്ടു് |

* ഈശ്വരൻ സ്വതന്ത്രനായി നില്ക്കുന്നതും ജീവൻ പരതന്ത്രനായി നില്ക്കുന്നതും ആയ രണ്ടു യാഥാർത്ഥ്യങ്ങളിലും. അഥവാ, ജീവന്റെ ബന്ധത്തിലും മോക്ഷത്തിലും.

16 സാധ്വേതദ്വ്യാഹൃതം വിദ്വന്നാത്മമായായനം ഹരേഃ
ആഭാത്യപാർത്ഥം നിർമൂലം വിശ്വമൂലം ന യദ്ബഹിഃ

| | | | |
|---|---|---|---|
| വിദ്വൻ | ഹേ ജ്ഞാനിൻ ! | അപാർത്ഥം | പരമാർത്ഥത്തിൽ നിന്നകന്നതും |
| സാധു | സുസ്പഷ്ടമാംവിധം | | |
| (ത്വയാ) | അങ്ങയാൽ | നിർമൂലം | അടിസ്ഥാനമില്ലാത്തതും ആകുന്നു. |
| വ്യാഹൃതം | വിവരിച്ചു ചൊല്ലപ്പെട്ടു. | | |
| ഏതത് | ഇതു് (സാംസാരികത) | യത് | എന്തെന്നാൽ, |
| ഹരേഃ | സർവ്വേശ്വരന്റെ | ബഹിഃ | മായാമോഹത്തിനു പുറമെ |
| ആത്മമായായനം | ജീവാത്മവിഷയകമായ മായയെ ആശ്രയിച്ചുകൊണ്ടു് | വിശ്വമൂലം | ലോകത്തിന്റെ അടിസ്ഥാനമായിട്ടു് |
| ആഭാതി | ആഭാസിക്കുന്നതാകുന്നു; | ന | മറ്റൊന്നും ഇല്ല. |

17 യശ്ച മൂഢതമോ ലോകേ യശ്ച ബുദ്ധേഃ പരം ഗതഃ
താവുഭൌ സുഖമേധേതേ ക്ലിശ്യത്യന്തരിതോ ജനഃ.

| | | | |
|---|---|---|---|
| ലോകേ | ലോകത്തിൽ | യഃ ച | യാതൊരുവനോ, |
| മൂഢതമഃ | മഹാമൂഢൻ | ബുദ്ധേഃ | ബുദ്ധിയിൽനിന്നു് |

| | | | |
|---|---|---|---|
| പരം | അതീതമായതിനെ | ഏധതേ | ജീവിക്കുന്നു. |
| ഗതഃ | പ്രാപിച്ചവൻ | അന്തരിതഃ | ഇടയിലകപ്പെട്ട |
| യഃ ച | യാതൊരുവനും, | ജനഃ | മനുഷ്യൻ |
| തൌ ഉഭൌ | അവർ രണ്ടുപേരും | | |
| സുഖം | സുഖമാകുംവണ്ണം | ക്ലിശ്യതി | ക്ലേശിക്കുന്നു. |

മൂഢനും ക്രാന്തദർശിയും സംശയക്ലേശമില്ലാത്തവരാണ്, രണ്ടുപേരും രണ്ടു വഴിക്ക് സുഖിക്കുന്നു. ഇടയിൽപ്പെട്ട അല്പജ്ഞാനിയാണു സംശയങ്ങളാൽ ക്ലേശിക്കുന്നതു് തന്റെ അല്പജ്ഞത്വംകൊണ്ടാണ് സംശയം തീരാതെ ചോദിച്ചുകൊണ്ടിരിക്കുന്നതെന്ന് വിദുരർ ഇവിടെ സൂചിപ്പിക്കുന്നു.

18 അർത്ഥാഭാവം വിനിശ്ചിത്യ പ്രതീതസ്യാപി നാത്മനഃ
താം ചാപി യുഷ്മച്ചരണസേവയാഽഹം പരാണുദേ.

| | | | |
|---|---|---|---|
| നാത്മനഃ | ആത്മവ്യതിരിക്തമായ | താം ച അപി | ആ തോന്നലിനെക്കൂടി |
| പ്രതീതസ്യ അപി | ഉണ്ടെന്നു തോന്നുന്നതാണെങ്കിലുംകൂടി, അതിന്റെ | അഹം | ഞാൻ |
| അർത്ഥാഭാവം | അർത്ഥമില്ലായ്മയെ | യുഷ്മച്ചരണ– സേവയാ | അങ്ങയുടെ പാദ ശുശ്രൂഷകൊണ്ട് |
| വിനിശ്ചിത്യ | മനസ്സിലുറപ്പിച്ചതിന്നു ശേഷം | പരാണുദേ | നീക്കികൊള്ളാം. |

പ്രപഞ്ചം മായാവിഭ്രാന്തിയാണെന്ന് (മിഥ്യയാണെന്ന്) താൻ ബോധിച്ചുവെന്നും, എങ്കിലും അതുണ്ടെന്ന തോന്നൽ (ബാധിതാനുവൃത്തി) ബാക്കി നിൽപ്പുണ്ടെന്നും, അതിനെക്കൂടി ഗുരുപാദസേവകൊണ്ടു ക്രമത്തിൽ നിരാകരിച്ചുകൊള്ളാമെന്നുമാണ് ഇപ്പറഞ്ഞതിന്റെ സാരം.

ഗുരുപാദസേവകൊണ്ട് ഈ ബാധിതാനുവൃത്തി നീങ്ങുന്നതെങ്ങനെയെന്ന് ഇനി പറയുന്നു.

19 യത്സേവയാ ഭഗവതഃ കൂടസ്ഥസ്യ മധുദ്വിഷഃ
രതിരാസോ ഭവേത്തീവ്രഃ പാദയോർവ്യസനാർദനഃ

| | | | |
|---|---|---|---|
| യത്സേവയാ | യാതൊരു ഗുരുപാദ സേവകൊണ്ട് | പാദയോഃ | തൃപ്പാദങ്ങളിൽ |
| കൂടസ്ഥസ്യ | നിർവികാരാത്മാവും | വ്യസനാർദനഃ | സംസൃതിദുഃഖത്തെ നശിപ്പിക്കുന്ന |
| ഭഗവതഃ | ജ്ഞാനൈശ്വര്യാദി ഗുണോപേതനുമായ | തീവ്രഃ | ബലവത്തായ |
| | | രതിരാസഃ | പ്രേമഭാവോല്ലാസം |
| മധുദ്വിഷഃ | ശ്രീകൃഷ്ണന്റെ | ഭവേത് | സംഭവിച്ചുകൊള്ളും. |

20 ദുരാപാ ഹ്യല്പതപസഃ സേവാ വൈകുണ്ഠവർത്മസു
യത്രോപഗീയതേ നിത്യം ദേവദേവോ ജനാർദ്ദനഃ.

| | | | |
|---|---|---|---|
| യത്ര | യാതൊരുവക്കിടയിൽ | വൈകുണ്ഠവർത്മസു | വൈകുണ്ഠലോകമാർഗ്ഗഭൂതന്മാരുടെ അടുക്കൽ |
| ദേവദേവഃ | ദേവന്മാർക്കും ദേവനായ | സേവാ | സേവനാനുഷ്ഠാനം |
| ജനാർദ്ദനഃ | ഭഗവാൻ ശ്രീകൃഷ്ണൻ | അല്പതപസഃ | തപസ്സുകുറഞ്ഞവന്നു് |
| നിത്യം | എന്നെന്നും | ദുരാപാ ഹി | ദുർല്ലഭമാണല്ലോ. |
| ഉപഗീയതേ | വാഴ്ത്തപ്പെടുന്നുവോ, അങ്ങനെയുള്ള | | |

ഇനിയും ചിലതു് ചോദിച്ചറിയുവാൻ ആഗ്രഹിക്കുന്ന വിദുരർ മൈത്രേയമുനി ഇതേവരെ ഉപദേശിച്ച സംഗതികളെ താഴെ മൂന്നു ശ്ലോകംകൊണ്ടു് സംക്ഷിപ്തമായാവർത്തിച്ചു് പ്രശ്നം അവതരിപ്പിക്കുന്നു.

21 സൃഷ്ട്വാഗ്രേ മഹദാദീനി സവികാരാണ്യനുക്രമാത്.
തേഭ്യോ വിരാജമുദ്ധൃത്യ തമനു പ്രാവിശദ്വിഭുഃ

| | | | |
|---|---|---|---|
| വിഭുഃ | സർവ്വേശ്വരൻ | തേഭ്യഃ | അവയിൽനിന്നു് |
| അഗ്രേ | ആദിയിങ്കൽ | വിരാജം | വിരാട്സ്വരൂപത്തെ |
| സവികാരാണി | വികാരങ്ങളോടുകൂടിയ | ഉദ്ധൃത്യ | ഉത്ഭവിപ്പിച്ചു്, |
| മഹദാദീനി | മഹദാദി തത്വങ്ങളെ | തം അനു | അതിനെ ആകെയും |
| അനുക്രമാത് | യഥാക്രമം | പ്രാവിശത് | പ്രവേശിച്ചു. |
| സൃഷ്ട്വാ | സൃഷ്ടിച്ചു്, | | |

22 യമാഹുരാദ്യം പുരുഷം സഹസ്രാംഘ്ര്യൂരുബാഹുകം
യത്ര വിശ്വ ഇമേ ലോകാഃ സവികാശം സമാസതേ.

| | | | |
|---|---|---|---|
| യം | യാതൊരു വിരാട്ടിനെ | യത്ര | യാതൊരുവനിൽ |
| സഹസ്രാംഘ്ര്യൂരുബാഹുകം | ആയിരം പാദങ്ങളും തുടകളും കൈകളുമുള്ള | ഇമേ വിശ്വേ | ഈ എല്ലാ |
| ആദ്യം | ആദിമനായ | ലോകാഃ | ലോകങ്ങളും |
| പുരുഷം | പുരുഷനായിട്ടു് | സവികാശം | പരപ്പോടെ |
| ആഹുഃ | പറഞ്ഞുവരുന്നു. | സമാസതേ | നിർബാധം വാഴുന്നു. |

23 യസ്മിൻ ദശവിധഃ പ്രാണഃ സേന്ദ്രിയാർത്ഥേന്ദ്രിയസ്ത്രിവൃത്
ത്വയേരിതോ യതോ വർണ്ണാസ്തദ്വിഭൂതീർവദസ്വ നഃ

| | | | |
|---|---|---|---|
| യസ്മിൻ | യാതൊരുവനിൽ പ്രകടമായ | സേന്ദ്രിയാർത്ഥേന്ദ്രിയഃ | ഇന്ദ്രിയങ്ങൾ—ഇന്ദ്രിയാർത്ഥങ്ങൾ—ഇന്ദ്രിയാധിഷ്ഠാതൃദേവതകൾ എന്നിവയോടുകൂടിയ |
| ദശവിധഃ | പത്തുപ്രകാരത്തിലുള്ള | | |
| പ്രാണഃ | പ്രാണശക്തിയും, | | |

| | |
|---|---|
| ത്രിവൃത് | മൂന്നുവിധം ആത്മ ശക്തിയും |
| തയാ | അങ്ങയാൽ |
| ഈരിത: | ഉരചെയ്യപ്പെട്ട |
| യത: | യാതൊരുവനിൽനിന്നു് |
| വർണ്ണാ: | വർണ്ണങ്ങളുണ്ടായോ, |
| തദ്വിഭൂതീ: | ആ വിരാട്ടിന്റെ വിഭൂതികളെ |
| ന: | ഞങ്ങൾക്ക് |
| വദസ്വ | ഇനി പറഞ്ഞുതരിക. |

24 യത്ര പുത്രൈശ്ച പൌത്രൈശ്ച നപ്തൃഭി: സഹ ഗോത്രജൈ:
പ്രജാ വിചിത്രാകൃതയ ആസൻ യാഭിരിദം തതം.

| | |
|---|---|
| യത്ര | യാതൊരു വിഭൂതികളിൽ |
| പുത്രൈ: ച | മക്കളോടും |
| പൌത്രൈ: ച | പേരമക്കളോടും |
| നപ്തൃഭി: | പേരമക്കളുടെ മക്കളോടും |
| ഗോത്രജൈ: | വംശജാതന്മാരോടും |
| സഹ | കൂടവേ |
| വിചിത്രാകൃതയ: | നാനാരൂപഭേദങ്ങളോടു ചേർന്ന |
| പ്രജാ: | പ്രജകൾ |
| ആസൻ | ഉണ്ടായ്വന്നു. |
| യാഭി: | യാതൊരീപ്രജകളാൽ |
| ഇദം | ഈ വിശ്വം |
| തതം | നിറഞ്ഞിരിക്കുന്നു. |

"ഏവമേതത് പുരാ പൃഷ്ടോ മൈത്രേയോ ഭഗവാൻ കില" എന്നിങ്ങനെ ശ്രീശുകൻ പരീക്ഷിത്തിന്റെ ചോദ്യങ്ങൾക്ക് ഉത്തരമായിട്ട് അവതരിപ്പിച്ചതാണ് ഈ വിദുരമൈത്രേയസംവാദം. അതിൻപ്രകാരം വിദുരരുടെ ചോദ്യങ്ങളെ ഈ അദ്ധ്യായത്തിന്റെ സമാപ്തിവരെ ഓരോന്നായി ഇനി എടുത്തു കാണിക്കുന്നു.

25 പ്രജാപതീനാം സ പതിശ്ചക്ലൃപേ കാൻ പ്രജാപതീൻ
സർഗ്ഗാംശ്ചൈവാനുസർഗ്ഗാംശ്ച മനൂൻ മന്വന്തരാധിപാൻ.

26 ഏതേഷാമപി വംശാംശ്ച വംശ്യാനുചരിതാനി ച
ഉപര്യധശ്ച യേ ലോകാ ഭൂമേർമിത്രാത്മജാസതേ
തേഷാം സംസ്ഥാം പ്രമാണം ച ഭൂർല്ലോകസ്യ ച വർണ്ണയ.

| | |
|---|---|
| പ്രജാപതീനാം | പ്രജാപതിമാരുടെ |
| പതി: സ: | പതിയായ ആ ബ്രഹ്മദേവൻ |
| കാൻ | ഏതെല്ലാം |
| പ്രജാപതീൻ | പ്രജാപതിമാരെ |
| ചക്ലൃപേ | സൃഷ്ടിച്ചു ? |
| മിത്രാത്മജ | ഹേ മിത്രാത്മജമുനേ ! |
| സർഗ്ഗാൻ ച | ആദിസൃഷ്ടികളേയും, |
| അനുസർഗ്ഗാൻ ച | അവയെ തുടർന്നുള്ള സൃഷ്ടിവിഭാഗങ്ങളേയും, |
| മനൂൻ | മനുക്കളേയും |
| മന്വന്തരാധിപാൻ | മന്വന്തരങ്ങളുടെ നായകന്മാരായുള്ളവരേയും, |
| ഏതേഷാം അപി | ഇവരുടെയെല്ലാം |
| വംശാൻ ച | വംശങ്ങളേയും, |
| വംശ്യാനുചരിതാനി ച | വംശത്തിലുണ്ടായവരുടെ അനുക്രമകഥകളേയും, |
| ഭൂമേ: | ഭൂമിയുടെ |
| ഉപരി | മുകളിലും |
| അധ: ച | താഴത്തും |
| യേ ലോകാ: | യാവചില ലോകങ്ങ |

| | | | |
|---|---|---|---|
| ആസതേ | സ്ഥിതിചെയ്യുന്നുവോ | ഭൂർല്ലോകസ്യ | ഭൂർല്ലോകത്തിന്റെ |
| തേഷാം | അവയുടെ | പ്രമാണം ച | അളവിനേയും |
| സംസ്ഥാം ച | സന്നിവേശത്തേയും | വർണ്ണയ | വിസ്തരിച്ചുപറയണം. |

27 തിര്യങ്മാനുഷദേവാനാം സരീസൃപപതത്രിണാം
വദ നഃ സർഗ്ഗസംവ്യൂഹം ഗാർഭസ്വേദദ്വിജോദ്ഭിദാം.

| | | | |
|---|---|---|---|
| തിര്യങ്മാനുഷദേവാനാം | മൃഗങ്ങൾ-മനുഷ്യർ-ദേവകൾ ഇവരുടേയും, | ഗാർഭസ്വേദദ്വിജോദ്ഭിദാം | ജരായുജങ്ങൾ-സ്വേദജങ്ങൾ-അണ്ഡജങ്ങൾ ഉത്ഭിജ്ജങ്ങൾ ഇവയുടേയും |
| സരീസൃപപതത്രിണാം | ഇഴജാതികൾ-പക്ഷികൾ ഇവയുടേയും, | സർഗ്ഗസംവ്യൂഹം | സൃഷ്ടിവിഭാഗത്തെ |
| | | നഃ വദ | ഞങ്ങൾക്ക് ചൊല്ലിത്തരിക. |

28 ഗുണാവതാരൈർവിശ്വസ്യ സർഗ്ഗസ്ഥിത്യപ്യയാശ്രയം
സൃജതഃ ശ്രീനിവാസസ്യ വ്യാചക്ഷ്വോദാരവിക്രമം.

| | | | |
|---|---|---|---|
| ഗുണാവതാരൈഃ | ഗുണാവതാരങ്ങൾ കൊണ്ട് | സൃജതഃ | ഉളവാക്കുന്ന |
| വിശ്വസ്യ | ലോകത്തിന്റെ | ശ്രീനിവാസസ്യ | വിഷ്ണുഭഗവാന്റെ |
| സർഗ്ഗസ്ഥിത്യപ്യയാശ്രയം | സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് ആശ്രയഭൂതമായതിനെ | ഉദാരവിക്രമം | മഹത്തരപരാക്രമത്തെ |
| | | വ്യാചക്ഷ്വ | വ്യാഖ്യാനിച്ചുതന്നാലും. |

29 വർണ്ണാശ്രമവിഭാഗാംശ്ച രൂപശീലസ്വഭാവതഃ
ഋഷീണാം ജന്മകർമ്മാദി വേദസ്യ ച വികർഷണം.

30 യജ്ഞസ്യ ച വിതാനാനി യോഗസ്യ ച പഥഃ പ്രഭോ
നൈഷ്കർമ്മ്യസ്യ ച സാംഖ്യസ്യ തന്ത്രം മാ ഭഗവത്സ്മൃതം.

31 പാഖണ്ഡപഥവൈഷമ്യം പ്രതിലോമനിവേശനം
ജീവസ്യ ഗതയോ യാശ്ച യാവതീർഗ്ഗുണകർമ്മജാഃ.

32 ധർമ്മാർത്ഥകാമമോക്ഷാണാം നിമിത്താന്യവിരോധതഃ
വാർത്തായാ ദണ്ഡനീതേശ്ച ശ്രുതസ്യ ച വിധിം പൃഥക്

33 ശ്രാദ്ധസ്യ ച വിധിം ബ്രഹ്മൻ പിതൃണാം സർഗ്ഗമേവ ച
ഗ്രഹനക്ഷത്രതാരാണാം കാലാവയവസംസ്ഥിതിം.

34 ദാനസ്യ തപസോ വാപി യച്ചേഷ്ടാപൂർത്തയോഃ ഫലം
പ്രവാസസ്ഥസ്യ യോ ധർമ്മോ യശ്ച പുംസ ഉതാപദി

35 യേന വാ ഭഗവാംസ്തുഷ്യേദ്ധർമ്മയോനിർജ്ജനാർദ്ദനഃ
സംപ്രസീദതി വാ യേഷാമേതദാഖ്യാഹി ചാനഘ.

| | |
|---|---|
| പ്രഭോ | മഹാത്മൻ ! |
| രൂപശീല-സ്വഭാവതഃ | ആകാരം — ആചാരം — സ്വഭാവം എന്നിവയെ അനുസരിച്ച് |
| വർണ്ണാശ്രമ-വിഭാഗാൻ ച | വർണ്ണാശ്രമങ്ങളെ തരം തിരിച്ചിരിക്കുന്ന പ്രകാരങ്ങളേയും, |
| ഋഷീണാം | ഋഷിമാരുടെ |
| ജന്മകർമ്മാദി | ഉത്ഭവം_പ്രവൃത്തി മുതലായതിനേയും, |
| വേദസ്യ | വേദത്തിന്റെ |
| വികർഷണം ച | വിഭാഗത്തേയും, |
| യജ്ഞസ്യ | യാഗത്തിന്റെ |
| വിതാനാനി ച | ചടങ്ങുകളേയും, |
| യോഗസ്യ | ഏകത്വഭാവനാരൂപമായ ധ്യാനയോഗത്തിന്റെയും, |
| നൈഷ്കർമ്മ്യസ്യ | കർമ്മസന്ന്യാസപരമായ ജ്ഞാനയോഗത്തിന്റേയും |
| സാംഖ്യസ്യ ച | തൽപ്രയോജകമായ സാംഖ്യയോഗത്തിന്റേയും |
| പഥഃ ച | മാർഗ്ഗങ്ങളേയും, |
| ഭഗവത്സ്മൃതം | ഭഗവാനാൽ ഉപദിഷ്ടമായ |
| തന്ത്രം വാ | ഭക്തിയോഗരഹസ്യത്തേയും, |
| പാഖണ്ഡപഥ-വൈഷമ്യം | വേദവിരുദ്ധധർമ്മാവലംബികളുടെ മാർഗ്ഗദുർഘടത്തേയും, |
| പ്രതിലോമ-നിവേശനം | മുറതെറ്റിയ വേഴ്ചയാൽ സങ്കരവർഗ്ഗക്കാർ ഉണ്ടായതിനേയും |
| ജീവസ്യ | ജീവലോകത്തിന്റെ |
| ഗതയഃ | ഗതികൾ |
| യാഃ ച | ഏതെല്ലാമോ അവയേയും, |
| ഗുണകർമ്മജാഃ | ഗുണങ്ങൾകൊണ്ടും കർമ്മങ്ങൾകൊണ്ടും ഉണ്ടാവുന്ന സിദ്ധികൾ |
| യാവതീഃ | എത്രയാണെന്നുള്ളതിനേയും, |
| ധർമ്മാർത്ഥകാമ-മോക്ഷാണാം | ധർമ്മം—അർത്ഥം-കാമം—മോക്ഷം എന്നീ പുരുഷാർത്ഥങ്ങൾക്ക് |
| അവിരോധതഃ | അന്യോന്യവിരോധം വരാതെ |
| നിമിത്താനി | അവയെ അനുഷ്ഠിക്കേണ്ടും വഴികളേയും, |
| വാർത്തായാഃ | കൃഷ്യാദി വ്യവസായത്തിന്നും |
| ദണ്ഡനീതേഃ ച | ശിക്ഷാനടവടിക്കും |
| ശ്രുതസ്യ ച | വേദോക്തകർമ്മത്തിന്നും |
| പൃഥക് | വിഭിന്നമായുള്ള |
| വിധിം | അനുഷ്ഠാനത്തേയും, |
| ശ്രാദ്ധസ്യ | ശ്രാദ്ധത്തിന്റെ |
| വിധിം ച | അനുഷ്ഠാനത്തേയും, |
| പിതൄണാം | പിതൃദേവന്മാരുടെ |
| സർഗ്ഗം ഏവ ച | ഉൽപത്തിയേയും, |
| ഗ്രഹനക്ഷത്ര-താരാണാം | ഗ്രഹങ്ങൾ—നക്ഷത്രങ്ങൾ—താരങ്ങൾ എന്നിവയുടെ |
| കാലാവയവ-സംസ്ഥിതിം | കാലചക്രാന്തരാളത്തിലുള്ള നിലനില്പിനേയും, |
| ദാനസ്യ | ദാനത്തിന്നും |
| തപസഃ | തപസ്സിന്നും |
| ഇഷ്ടാ-പൂർത്തയോഃ | യാഗാദികർമ്മങ്ങൾ — വാപീകൂപാദി നിർമ്മാണങ്ങൾ എന്നിവകളുള്ള |
| ഫലം യത് ച | ഫലത്തേയും, |
| പ്രവാസസ്ഥസ്യ | ദേശാന്തരം പോയവന്റെ |
| ധർമ്മഃ | ആചാരക്രമം |
| യഃ | യാതൊന്നോ, അതിനേയും, |
| ഉത | മാത്രമല്ല, |
| ആപദി | ആപത്തിലുള്ള |
| പുംസഃ | മനുഷ്യന്റെ |
| യഃ ച | ആചാരമേതോ, അതിനേയും, |

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ ! | യേന വാ | യാതൊന്നുകൊണ്ട് |
| അനഘ | നിഷ്പാപനായുള്ളോവേ ! | തുഷ്യേത് വാ | സന്തോഷിക്കുമോ, |
| ധർമ്മയോനിഃ | ധർമ്മത്തിന്റെ ഹേതുഭൂതനും | യേഷാം | യാതൊരുവൎക്ക് |
| | | പ്രസീദതി | പ്രസാദിക്കുമോ, |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമാ[യ | ഏതത് ച | ഈ വസ്തുതയേയും |
| ജനാർദ്ദനഃ | ശ്രീഹരി | ആഖ്യാഹി | വ്യാഖ്യാനിച്ചുപറയുക |

36 അനുവ്രതാനാം ശിഷ്യാണാം പുത്രാണാം ച ദ്വിജോത്തമ
അനാപൃഷ്ടമപി ബ്രൂയുർഗ്ഗുരവോ ദീനവത്സലാഃ.

| | | | |
|---|---|---|---|
| ദ്വിജോത്തമ | ഹേ ബ്രാഹ്മണശ്രേഷ്ഠ ! | ശിഷ്യാണാം | ശിഷ്യന്മാൎക്കും |
| ദീനവത്സലാഃ | ആശ്രിതവാത്സല്യമുള്ള | പുത്രാണാം ച | പുത്രന്മാൎക്കും |
| ഗുരവഃ | ഗുരുനാഥന്മാർ | അനാപൃഷ്ടം അപി | ചോദിക്കപ്പെടാത്തതിനേയുംകൂടെ |
| അനുവ്രതാനാം | അനുസരണശീലമുള്ള | ബ്രൂയുഃ | ചൊല്ലിക്കൊടുക്കുമല്ലോ |

37 തത്ത്വാനാം ഭഗവംസ്തേഷാം കതിധാ പ്രതിസംക്രമഃ
തത്രേമം ക ഉപാസീരൻ ക ഉ സ്വിദനുശേരതേ.

| | | | |
|---|---|---|---|
| ഭഗവൻ | സർവ്വജ്ഞാനനിധേ ! | ഇമം | ഈ സർവ്വേശ്വരനെ |
| തേഷാം | ആ മുൻചൊന്ന | കേ | ആരെല്ലാം |
| തത്ത്വാനാം | മഹദാദി തത്ത്വങ്ങളുടെ | ഉപാസീരൻ | ഉപാസിക്കും ? |
| പ്രതിസംക്രമഃ | പ്രളയം | | |
| കതിധാ | എത്രവിധം ? | കേ ഉ സ്വിത് | ആരെല്ലാമാണ് |
| തത്ര | അന്നേരത്ത് | അനുശേരതേ | അനുശയിക്കുന്നത് ? |

38 പുരുഷസ്യ ച സംസ്ഥാനം സ്വരൂപം വാ പരസ്യ ച
ജ്ഞാനം ച നൈഗമം യത്തദ് ഗുരുശിഷ്യപ്രയോജനം.

39 നിമിത്താനി ച തസ്യേഹ പ്രോക്താന്യനഘ സൂരിഭിഃ
സ്വതോ ജ്ഞാനം കുതഃ പുംസാം ഭക്തിർവൈരാഗ്യമേവ വാ.

| | | | |
|---|---|---|---|
| പുരുഷസ്യ | ജീവാത്മാവിന്റെ | നൈഗമം | വേദശാസ്ത്രപരമായ |
| സംസ്ഥാനം ച | സ്വരൂപത്തേയും, | ജ്ഞാനം യത് | ജ്ഞാനം ഏതോ, |
| പരസ്യ വാ | പരമാത്മാവിന്റെ | തത് ച | അതിനേയും, |
| സ്വരൂപം ച | സ്വരൂപത്തേയും, | തസ്യ | ആ ജ്ഞാനത്തിന്ന് |
| ഗുരുശിഷ്യപ്രയോജനം | ഗുരുവിനേയും ശിഷ്യനേയും പ്രകൎഷേണ ഏകീഭവിപ്പിക്കാനുതകുന്ന | ഇഹ | ലോകത്തിലുള്ള |
| | | സൂരിഭിഃ | വിദ്വാന്മാരാൽ |
| | | പ്രോക്താനി | ഉപദേശിക്കപ്പെട്ടിരിക്കുന്ന |

| | |
|---|---|
| നിമിത്താനി | സാധനങ്ങളേയും |
| (ബ്രൂഹി) | പറഞ്ഞുതരിക |
| അനഘ | ഹേ പാപരഹിത ! |
| പുംസാം | മനുഷ്യൎക്ക് |
| സ്വതഃ | തനിയെ (ഉപദേശം ഇല്ലാതെ) |
| ജ്ഞാനം | ജ്ഞാനമോ, |
| ഭക്തിഃ | ഭക്തിയോ, |
| വൈരാഗ്യം ഏവ വാ | വിഷയവിരക്തിതന്നെയോ |
| കുതഃ | എങ്ങനെയുണ്ടാകും ? |

40 ഏതാൻ മേ പൃച്ഛതഃ പ്രശ്നാൻ ഹരേഃ കൎമ്മവിവിത്സയാ
ബ്രൂഹി മേഽജ്ഞസ്യ മിത്രത്വാദജയാ നഷ്ടചക്ഷുഷഃ

| | |
|---|---|
| ഹരേഃ | ശ്രീഹരിയുടെ |
| കൎമ്മവിവിത്സയാ | സൃഷ്ട്യാദികൎമ്മങ്ങളെ അറിയുവാനുള്ള ആഗ്രഹത്തോടെ |
| പൃച്ഛതഃ | ചോദിച്ചുകൊണ്ടിരിക്കുന്ന |
| മേ | എന്റെ |
| ഏതാൻ പ്രശ്നാൻ | ഈ ചോദ്യങ്ങൾക്ക് |
| അജയാ | മായയാൽ |
| നഷ്ടചക്ഷുഷഃ | ഉൾക്കാഴ്ച നശിച്ചിരിക്കുന്നവനും |
| അജ്ഞസ്യ | അജ്ഞാനിയുമായ |
| മേ | എന്റെ |
| മിത്രത്വാത് | സുഹൃത്തെന്ന നിലയുള്ളതുകൊണ്ട് |
| ബ്രൂഹി | ഉത്തരം നല്കിയാലും. |

41 സൎവ്വേ വേദാശ്ച യജ്ഞാശ്ച തപോദാനാനി ചാനഘ
ജീവാഭയപ്രദാനസ്യ ന കുൎവ്വീരൻ കലാമപി.

| | |
|---|---|
| അനഘ | ഹേ പാപരഹിത ! |
| സൎവ്വേ | ഒന്നൊഴിയാതെയുള്ള |
| വേദാഃ ച | വേദങ്ങളും, |
| യജ്ഞാഃ ച | യജ്ഞങ്ങളും, |
| തപോദാനാനി ച | തപസ്സുകളും - ദാനങ്ങളും എന്നിവയും (ഫലത്തെ സംബന്ധിച്ചിടത്തോളം) |
| ജീവാഭയപ്രദാനസ്യ | ജീവന്നു സംസാരഭീതിയെ തീൎത്തുകൊടുക്കുന്നതിന്റെ |
| കലാം അപി | ചെറിയ അംശത്തെക്കൂടി |
| ന കുൎവ്വീരൻ | ചെയ്യുന്നതല്ല. |

42 സ ഇത്ഥമാപൃഷ്ടപുരാണകല്പഃ
കുരുപ്രധാനേന മുനിപ്രധാനഃ
പ്രവൃദ്ധഹൎഷോ ഭഗവത്കഥായാം
സംചോദിതസ്തം പ്രഹസന്നിവാഹ.

| | |
|---|---|
| ഇത്ഥം | ഇപ്രകാരം |
| കുരുപ്രധാനേന | വിദുരരാൽ |
| ആപൃഷ്ടപുരാണകല്പഃ | ചോദിക്കപ്പെട്ടവനും പുരാണത്തിൽ പരിചയമുള്ളവനും |

| | |
|---|---|
| മുനിപ്രധാനഃ | ഋഷിപ്രമുഖനുമായ |
| സഃ | അദ്ദേഹം |
| ഭഗവത്- കഥായാം | ഭഗവാന്റെ കഥാ കഥനത്തിൽ |
| സംചോദിതഃ | സംപ്രേരിതനാകയാൽ |
| പ്രവൃദ്ധഹർഷഃ | വളർന്നസന്തോഷത്തോടു കൂടിയവനായിട്ട് |
| പ്രഹസൻ ഇവ | ഭംഗിയിൽ ചിരിച്ചുകൊണ്ട് |
| തം | ആ വിദുരരോട് |
| ആഹ | പറഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ വിദുരമൈത്രേയ സംവാദേ സപ്തമോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 275. ഏഴാമദ്ധ്യായം കഴിഞ്ഞു.

## അഷ്ടമോഽദ്ധ്യായഃ : എട്ടാമദ്ധ്യായം.

" അഷ്ടമേ സമഭൂദ്ബ്രഹ്മാ നാഭേസ്തു ജലശായിനഃ
തമജാനൻ ജലേ ബിമൃത്തപസാഽതോഷയദച്യുതം "

വിഷ്ണുവിന്റെ നാഭികമലത്തിൽനിന്ന് ബ്രഹ്മാവുൽഭവിച്ചതു്

മൈത്രേയ ഉവാച : മൈത്രേയർ പറഞ്ഞു.

1 സത്സേവനീയോ ബത പൂരുവംശോ
യല്ലോകപാലോ ഭഗവത്പ്രധാനഃ
ബഭൂവിഥേഹാജിതകീർത്തിമാലാം
പദേ പദേ നൂതനയസ്യഭീക്ഷ്ണം.

| | |
|---|---|
| ബത | അഹോ ! |
| പൂരുവംശഃ | പൂരുരാജവംശം |
| സത്സേവനീയഃ | സജ്ജനനിഷേവ്യമത്രേ. |
| യത് | എന്തെന്നാൽ, |
| ഭഗവത്- പ്രധാനഃ | ഭഗവാനെമാത്രം പ്രധാനമാക്കിയിരിക്കുന്ന |
| ലോകപാലഃ | യമധർമ്മരാജൻ |
| ഇഹ | ഈ വംശത്തിൽ |
| ബഭൂവിഥ | അങ്ങയായിട്ടു ജനിച്ചു; |
| അജിത- കീർത്തിമാലാം | ഭഗവാൻ ശ്രീകൃഷ്ണന്റെ കീർത്തിപരമ്പരയെ |
| പദേ പദേ | അടിക്കടി |
| അഭീക്ഷ്ണം | അത്യന്തം |
| നൂതനയസി | പുതുമകൊള്ളിക്കുന്നു. |

2 സോഽഹം നൃണാം ക്ഷുല്ലസുഖായ ദുഃഖം
മഹദ് ഗതാനാം വിരമായ തസ്യ
പ്രവർത്തയേ ഭാഗവതം പുരാണം
യദാഹ സാക്ഷാദ് ഭഗവാനൃഷിഭ്യഃ.

| | | | |
|---|---|---|---|
| ക്ഷുല്ലസുഖായ | അല്പസുഖത്തിനുവേണ്ടി | ഋഷിഭ്യഃ | ഋഷികൾക്ക് |
| മഹത് | പെരുത്ത | യത് | യാതൊരു |
| ദുഃഖം | ദുഃഖത്തെ | ഭാഗവതം | ഭാഗവതമെന്ന |
| ഗതാനാം | പ്രാപിച്ചിട്ടുള്ള | പുരാണം | പുരാണത്തെ |
| നൃണാം | ജനങ്ങൾക്ക് | ആഹ | ഉപദേശിച്ചുവോ, (അതിനെ) |
| തസ്യ | ആയതിന്റെ | സഃ അഹം | ആ ഞാൻ |
| വിരമായ | ഉപശാന്തിക്കായി, | പ്രവർത്തയേ | ആരംഭിക്കുന്നു. |
| സാക്ഷാത് | സാക്ഷാൽ | | |
| ഭഗവാൻ | ഭഗവാൻതന്നെ | | |

മൈത്രേയമുനി വിദുരരെ പുകഴ്ത്തി അഭിനന്ദിച്ചശേഷം വിദുരർക്ക് അറിയേണ്ടുന്ന കാര്യങ്ങൾ ഭാഗവതപുരാണാന്തർഗതമാകയാൽ ആ പുരാണത്തെത്തന്നെ ആഖ്യാനം ചെയ്യാമെന്നുപറയുന്നു ആയതു് ഭഗവാൻതന്നെ ലോകാനുഗ്രഹാർത്ഥം പണ്ടു ഋഷിമാർക്കുപദേശിച്ചതും സമ്പ്രദായക്രമത്തിൽ താൻ ഗ്രഹിച്ചിട്ടുള്ളതുമാണ്. ഭഗവാൻ ഏതു സമ്പ്രദായത്തിൽ ഏതു ഋഷിമാർക്കു് ഉപദേശിച്ചതാണെന്നും മൈത്രേയർ ഗ്രഹിച്ചതെങ്ങനെയാണെന്നും ഇനി 7 ശ്ലോകംകൊണ്ടു് പറയുവാൻ പോകുന്നു

3 ആസീനമുർവ്യാം ഭഗവന്തമാദ്യം
സംകർഷണം ദേവമകുണ്ഠസത്ത്വം
വിവിത്സവസ്തത്ത്വമതഃ പരസ്യ
കുമാരമുഖ്യാ മുനയോഽന്വപൃച്ഛൻ.

| | | | |
|---|---|---|---|
| കുമാരമുഖ്യാഃ | സനകാദികളായ | സംകർഷണം | സംകർഷണമൂർത്തിയോട് (ആദിശേഷനോട്) |
| മുനയഃ | മുനിമാർ | | |
| ഉർവ്യാം | അധോലോകത്തിൽ | അതഃ | ഈ സംകർഷണനിൽ നിന്നും |
| ആസീനം | ഇരുന്നരുളുന്ന | | |
| ഭഗവന്തം | സമൈശ്വര്യാദി-ഗുണയുക്തനായ | പരസ്യ | മീതെ നിലകൊള്ളുന്ന ശ്രീ വാസുദേവന്റെ |
| ആദ്യം ദേവം | ആദിദേവനും | തത്ത്വം | തത്ത്വത്തെ |
| അകുണ്ഠസത്ത്വം | ഭംഗമില്ലാത്ത വിശുദ്ധജ്ഞാനത്തോടുകൂടിയവനുമായ | വിവിത്സവഃ | അറിവാനാഗ്രഹിച്ചുകൊണ്ട് |
| | | അന്വപൃച്ഛൻ | അനുനയപൂർവ്വം ചോദിച്ചു |

അടുത്തതിൽ സംകർഷണമൂർത്തിയെ വിശേഷിപ്പിച്ചു പറയുന്നു—

4 സ്വമേവ ധിഷ്ണ്യം ബഹു മാനയന്തം
യം വാസുദേവാഭിധമാമനന്തി
പ്രത്യഗ്ധൃതാക്ഷാംബുജകോശമീഷ-
ദുന്മീലയന്തം വിബുധോദയായ.

| | |
|---|---|
| സ്വം ഏവ | തന്നെസ്സംബന്ധിച്ചതന്നെ |
| ധിഷ്ണ്യം | ആശ്രയഭൂതനായിരിക്കുന്ന |
| യം | യാതൊരുവനെയാണോ |
| വാസുദേവാഭിധം | 'വാസുദേവ'നെന്ന സംജ്ഞയോടുകൂടിയവനായിട്ട് |
| ആമനന്തി | പരിഗണിക്കുന്നത്, ആ സച്ചിദാനന്ദരൂപനെ |
| ബഹു | ബഹുധാ(ധ്യാനത്താൽ) |
| മാനയന്തം | ആരാധിക്കുന്നവനായും, |
| പ്രത്യഗ്ധൃതാക്ഷാംബുജകോശം | പ്രത്യഗാത്മാവിൽ ഉറപ്പിക്കപ്പെട്ട (അന്തർമുഖമാക്കിയ) നയനകമലമുകുളത്തെ |
| വിബുധോദയായ | ജ്ഞാനികളായ സനകാദികളുടെ അഭ്യുദയാർത്ഥം |
| ഈഷത് | കുറഞ്ഞൊന്ന് |
| ഉന്മീലയന്തം | വികസിപ്പിക്കുന്നവനായും ഇരിക്കുന്ന (സംകർഷണമൂർത്തിയോടുചോദിച്ചു) |

ഇനി സനകാദികളുടെ വിശേഷണം പറയുന്നു.

5 സ്വർധുന്യുദാർദ്രൈഃ സ്വജടാകലാപൈ-
രുപസ്പൃശന്തശ്ചരണോപധാനം
പദ്മം യദർച്ചന്ത്യഹിരാജകന്യാഃ
സപ്രേമനാനാബലിഭിർവരാർത്ഥാഃ

6 മുഹുർഗൃണന്തോ വചസാനുരാഗ-
സ്ഖലത്പദേനാസ്യ കൃതാനി തജ്ജ്ഞാഃ
കിരീടസാഹസ്രമണിപ്രവേക-
പ്രദ്യോതിതോദ്ദാമഫണാസഹസ്രം

| | |
|---|---|
| അഹിരാജകന്യാഃ | നാഗരാജകുമാരിമാർ |
| വരാർത്ഥാഃ | ഭർത്തൃലാഭത്തെ ആഗ്രഹിച്ചുകൊണ്ട് |
| സപ്രേമനാനാബലിഭിഃ | ഭക്തിയോടെ വിവിധോപഹാരങ്ങളാൽ |
| യത് | യാതൊന്നിനെ |
| അർച്ചന്തി | ആരാധിച്ചുവരുന്നുവോ, |
| ചരണോപധാനം | ആ പാദോപധാനമായ |
| പദ്മം | താമരപ്പൂവിനെ |
| സ്വർധുന്യുദാർദ്രൈഃ | സ്വർഗ്ഗംഗാജലം കൊണ്ടു നനഞ്ഞിട്ടുള്ള |
| സ്വജടാകലാപൈഃ | തങ്ങളുടെ ജടാഭാരങ്ങളാൽ |
| ഉപസ്പൃശന്തഃ | സ്പർശിക്കുന്നവരായും, |
| അസ്യ | ഈ ഭഗവാന്റെ |
| കൃതാനി | കർമ്മങ്ങളെ |
| അനുരാഗസ്ഖലത്പദേന | പ്രേമഭക്തിയാൽ ഇടറുന്ന പദങ്ങളോടുകൂടിയ |

| | | | |
|---|---|---|---|
| വചസാ | വാക്കുകൊണ്ട് | കിരീട-സാഹസ്ര-മണിപ്രവേക-പ്രദ്യോതിതോ-ദ്ദാമഫണാ-സഹസ്രം | കിരീടങ്ങളാം ആയിരത്തിലും ഉള്ള വിശിഷ്ട രത്നങ്ങളാൽ പ്രശോഭിതമായി വിടർന്നുയർന്ന ആയിരം ഫണങ്ങളുള്ള (സംകർഷണനോടു ചോദിച്ചു.) |
| മുഹുഃ | വീണ്ടും വീണ്ടും | | |
| ഗൃണന്തഃ | വാഴ്ത്തുന്നവരായും | | |
| തജ്ജ്ഞാഃ | ആ ഭഗവൽകർമ്മങ്ങളെ അറിയുന്നവരായും ഇരിക്കുന്ന മുനിമാർ | | |

7 പ്രോക്തം കിലൈതത് ഭഗവത്തമേന
നിവൃത്തിധർമ്മാഭിരതായ തേന
സനത്കുമാരായ സ ചാഹ പൃഷ്ടഃ
സാംഖ്യായനായാംഗ ധൃതവ്രതായ

| | | | |
|---|---|---|---|
| ഏതത് | ഈ ഭാഗവതശാസ്ത്രം | പ്രോക്തം കില | ഉപദേശിക്കപ്പെട്ടുപോൽ. |
| ഭഗവത്തമേന | മഹാജ്ഞാനിയായ | അംഗ | ഹേ വിദുരരേ! |
| തേന | ആ സങ്കർഷണനാൽ | സഃ ച | ആ മുനിയും |
| നിവൃത്തിധർമ്മാ-ഭിരതായ | നിവൃത്തിമാർഗ്ഗത്തിൽ പരനായിരിക്കുന്ന | ധൃതവ്രതായ | വ്രതം ധരിച്ചിരിക്കുന്ന |
| സനത്കുമാരായ | സനൽകുമാരമുനിക്ക് | സാംഖ്യായനായ | സാംഖ്യായനന്ന് |
| | | പൃഷ്ടഃ | ചോദിക്കപ്പെട്ട് |
| | | ആഹ | ഉപദേശിച്ചു. |

8 സാംഖ്യായനഃ പാരമഹംസ്യമുഖ്യോ
വിവക്ഷമാണോ ഭഗവദ്വിഭൂതീഃ
ജഗാദ സോഽസ്മദ്ഗുരവേഽന്വിതായ
പരാശരായാഥ ബൃഹസ്പതേശ്ച.

| | | | |
|---|---|---|---|
| പാരമഹംസ്യ-മുഖ്യഃ | പരമഹംസന്മാരുടെ ധർമ്മത്തിൽ പ്രമുഖനായ | അന്വിതായ | തന്നെ അനുഗമിച്ചവനും |
| സഃ സാംഖ്യായനഃ | ആ സാംഖ്യായനൻ | അസ്മദ്ഗുരവേ | നമ്മുടെ ഗുരുവും ആയ |
| ഭഗവദ്-വിഭൂതീഃ | ഭഗവാന്റെ ഐശ്വര്യാദി ഗുണങ്ങളെ | പരാശരായ | പരാശരമഹർഷിക്കും, |
| | | അഥ | അനന്തരം |
| വിവക്ഷമാണഃ | വചിക്കുവാനാഗ്രഹിച്ചുകൊണ്ട്, | ബൃഹസ്പതേഃ ച | ബൃഹസ്പതിക്കും |
| | | ജഗാദ | ഉപദേശിച്ചു. |

9 പ്രോവാച മഹ്യം സ ദയാലുരുക്തോ
മുനിഃ പുലസ്ത്യേന പുരാണമാദ്യം
സോഽഹം തവൈതത് കഥയാമി വത്സ
ശ്രദ്ധാലവേ നിത്യമനുവ്രതായ.

| | | | |
|---|---|---|---|
| ദയാലുഃ | കരുണാശീലനും | വത്സ | പ്രിയശിഷ്യ ! |
| പുലസ്ത്യേന | പുലസ്ത്യമുനിയാൽ | സഃ അഹം | അങ്ങനെയുള്ള ഞാൻ |
| * ഉക്തഃ | വചിക്കപ്പെട്ടവനുമായ | ശ്രദ്ധാലവേ | ശ്രദ്ധായുക്തനും |
| സഃ മുനിഃ | ആ പരാശരമുനി | നിത്യം | എന്നെന്നും |
| ആദ്യം | ആദിമമായ | അനുവ്രതായ | ഒന്നിച്ചുള്ളവനുമായ |
| പുരാണം | പുരാണത്തെ | തവ | അങ്ങേയ്ക്കു് |
| മഹ്യം | എനിക്കായിക്കൊണ്ടു് | ഏതത് | ഇതിനെ |
| പ്രോവാച | ഉപദേശിച്ചു | കഥയാമി | പറഞ്ഞുതരാം |

* "പുലസ്ത്യേന ഉക്തഃ" ഇവിടെ ഒരു സൂചിതകഥയുണ്ടു്. സ്വപിതാവായ ശക്തിമുനിയെ ഒരു രാക്ഷസൻ ഭക്ഷിച്ചതുകാരണം പരാശരൻ രാക്ഷസവർഗ്ഗത്തിന്റെ ബദ്ധവിരോധിയായി. അദ്ദേഹം സർവ്വരാക്ഷസസംഹാരാർത്ഥം ഒരു രാക്ഷസസത്രം നടത്താനൊരുങ്ങിയെങ്കിലും വസിഷ്ഠോപദേശംകൊണ്ടു് അതിൽനിന്നും നിവൃത്തനായി. രാക്ഷസന്മാർ പുലസ്ത്യമുനിയുടെ സന്തതികളാണു്. അവരെ സമൂലം നശിപ്പിക്കാതിരുന്നതിനാൽ സന്തുഷ്ടനായ ആ മുനി പരാശരനു് പുരാണപ്രയോക്താവാകുവാനുള്ള വരം കൊടുത്തു. ആ വിധം അനുഗൃഹീതനായ പുരാണപ്രയോക്താവത്രെ പരാശരൻ.

ഇങ്ങനെ സങ്കർഷണഭഗവാൻ സനൽകുമാരനും, സനൽകുമാരൻ സാംഖ്യായനനും, സാംഖ്യായനൻ പരാശരനും പരാശരൻ തനിക്കും ഉപദേശിച്ച ഭാഗവതതത്വം വിവരിക്കാമെന്നു പ്രസ്താവിച്ചശേഷം അടുത്ത ശ്ലോകം മുതൽ വിദുരപ്രശ്നങ്ങൾക്കു് ഉത്തരംപറഞ്ഞു തുടങ്ങുന്നു. ആദ്യം പദ്മോത്ഭവത്തെ വർണ്ണിക്കുന്നു.

10 ഉദാപ്ലുതം വിശ്വമിദം തദാസീ-
ദ്യന്നിദ്രയാഽമീലിതദൃങ്ന്യമീലയത്
അഹീന്ദ്രതല്പേഽധിശയാന ഏകഃ
കൃതക്ഷണഃ സ്വാത്മരതൌ നിരീഹഃ

| | | | |
|---|---|---|---|
| ഇദം വിശ്വം | ഈ ലോകമാകയും | നിരീഹഃ | നിഷ്ക്രിയനായും ഭവിച്ചു്, |
| യത് | ഏതൊരുകാലത്തു് | അഹീന്ദ്രതല്പേ | അനന്തതല്പത്തിൽ |
| ഉദാപ്ലുതം ആസീത് | ഏകാർണ്ണവജലത്തിൽ മുങ്ങിയതായിരുന്നുവോ, | അധിശയാനഃ | കയറിക്കിടന്നുകൊണ്ടു്, |
| തദാ | അക്കാലത്തു് | അമീലിതദൃക് | തിരോഹിതമാവാത്ത ചിച്ഛക്തിയോടുകൂടിയവനായിട്ടു് |
| ഏകഃ | ഏകനായ ശ്രീനാരായണൻ | നിദ്രയാ | യോഗനിദ്രയോടെ |
| സ്വാത്മരതൌ കൃതക്ഷണഃ | സ്വസ്വരൂപാനന്ദത്തിൽ ലയോല്ലാസമെഴുന്നവനായും | ന്യമീലയത് | കണ്ണുകളടച്ചിരുന്നു. |

11 സോഽന്തഃശരീരേഽർപ്പിതഭൂതസൂക്ഷ്മഃ
കാലാത്മികാം ശക്തിമുദീരയാണഃ
ഉവാസ തസ്മിൻ സലിലേ പദേ സ്വേ
യഥാനലോ ദാരുണി രുദ്ധവീര്യഃ

| | |
|---|---|
| സഃ | ആ ആദിനാരായണമൂർത്തി |
| അന്തഃശരീരേ | തന്റെ ശരീരാന്തർഭാഗത്തിൽ |
| അർപ്പിത-ഭൂതസൂക്ഷ്മഃ | ചേർക്കപ്പെട്ട ഭൂതസൂക്ഷ്മങ്ങളോടുകൂടിയവനായി, |
| കാലാത്മികാം | കാലസ്വരൂപമായ |
| ശക്തിം | ശക്തിയെ |
| ഉദീരയാണഃ | ഉത്തേജിപ്പിച്ചുകൊണ്ട്, |
| തസ്മിൻ സലിലേ | ആ കാരണജലമാവുന്ന |
| സ്വേ പദേ | സ്വാധിഷ്ഠാനത്തിൽ, |
| അനലഃ | അഗ്നി |
| ഗൂഢവീര്യഃ | അകമേ ഒതുക്കിയ ശക്തിയോടെ |
| ദാരുണി | അരണിയിൽ |
| യഥാ | എന്നപോലെ |
| ഉവാസ | വസിച്ചു |

12 ചതുർയുഗാനാം ച സഹസ്രമപ്സു
സ്വപൻ സ്വയോദീരിതയാ സ്വശക്ത്യാ
കാലാഖ്യയാഽസാദിതകർമ്മതന്ത്രോ
ലോകാനപീതാൻ ദദൃശേ സ്വദേഹേ.

| | |
|---|---|
| ചതുര്യുഗാനാം സഹസ്രം ച | ചതുര്യുഗങ്ങൾ ആയിരം ആകുവോളം |
| അപ്സു | ജലത്തിൽ |
| സ്വയാ | ചിച്ഛക്തിയോടുകൂടി |
| സ്വപൻ | യോഗനിദ്രയിലാണ്ടുകൊണ്ടിരുന്ന ഭഗവാൻ |
| ഉദീരിതയാ | മുൻകൂട്ടിത്തന്നെ ഉണർത്തുവാനായി നിയോഗിക്കപ്പെട്ടിരുന്ന |
| കാലാഖ്യയാ | കാലമെന്നു പേരുള്ള |
| സ്വശക്ത്യാ | തന്റെ ശക്തിയാൽ |
| അസാദിത-കർമ്മതന്ത്രഃ | സംപ്രാപിതമായ ക്രിയാവൈവിധ്യത്തോടുകൂടിയവനായപ്പോൾ |
| സ്വദേഹേ | സ്വശരീരത്തിൽ |
| അപീതാൻ | ലയിച്ചിരിക്കുന്ന |
| ലോകാൻ | ലോകങ്ങളെ |
| ദദൃശേ | കണ്ടു. |

13 തസ്യാർത്ഥസൂക്ഷ്മാഭിനിവിഷ്ടദൃഷ്ടേ-
രന്തർഗതോഽർത്ഥോ രജസാ തനീയാൻ
ഗുണേന കാലാനുഗതേന വിദ്ധഃ
സൂഷ്യംസ്തദാഽഭിദ്യത നാഭിദേശാത്.

| | |
|---|---|
| അർത്ഥസൂക്ഷ്മാ-ഭിനിവിഷ്ട-ദൃഷ്ടേഃ | അർത്ഥസൂക്ഷ്മത്തിൽ അഭിനിവേശിപ്പിക്ക ദൃഷ്ടിയോടുകൂടിയ |
| തസ്യ | ആ ഭഗവാന്റെ |
| അന്തർഗതഃ | ഉള്ളിലിരിക്കുന്ന |
| തനീയാൻ | അതിസൂക്ഷ്മമായ |
| അർത്ഥഃ | പദാർത്ഥം (ഭൗതികവസ്തു) |
| കാലാനുഗതേന | കാലത്തെയനുസരിച്ച |
| രജസാ ഗുണേന | രജോഗുണത്താൽ |
| വിദ്ധഃ | സംക്ഷോഭിതമായി |
| സൂഷ്യൻ | പ്രഭവോന്മുഖമായിട്ട് |
| നാഭിദേശാത് | നാഭിപ്രദേശത്തിൽനി[ന്നു |
| തദാ | അപ്പോൾ |
| അഭിദ്യത | പുറത്തുവന്നു. |

14 സ പദ്മകോശഃ സഹസോദതിഷ്ഠത്
കാലേന കർമ്മപ്രതിബോധനേന
സ്വരോചിഷാ തത് സലിലം വിശാലം
വിദ്യോതയന്നർക്ക ഇവാത്മയോനിഃ

| | | | |
|---|---|---|---|
| ആത്മയോനിഃ | പരമാത്മാവിൽനിന്നുണ്ടായ | വിദ്യോതയൻ | തിളക്കിക്കൊണ്ട്, |
| സഃ | ആ സൂക്ഷ്മപദാർത്ഥം | കർമ്മപ്രതി- ബോധനേന | ജീവാദൃഷ്ടങ്ങളെ ഉണർത്തിവിടുന്ന |
| വിശാലം | പരപ്പേറുന്ന | കാലേന | കാലശക്തിനിമിത്തം |
| തത് സലിലം | ആ പ്രളയജലത്തെ | സഹസാ | പെട്ടെന്ന് |
| അർക്കഃ ഇവ | സൂര്യനെപ്പോലെ | പദ്മകോശഃ | ഒരു താമരമൊട്ടായി |
| സ്വരോചിഷാ | സ്വന്തം ദീപ്തിയാൽ | ഉദതിഷ്ഠത് | പൊന്തിവന്നു. |

15 തല്ലോകപദ്മം സ ഉ ഏവ വിഷ്ണുഃ
പ്രാവീവിശത് സർവ്വഗുണാവഭാസം
തസ്മിൻ സ്വയം വേദമയോ വിധാതാ
സ്വയംഭുവം യം സ്മ വദന്തി സോഽഭൂത്.

| | | | |
|---|---|---|---|
| സർവ്വഗുണാ- വഭാസം | എല്ലാ ഗുണങ്ങളേയും (ജീവഭോഗ്യപദാർത്ഥങ്ങളേയും) അവഭാസിപ്പിച്ചിരുന്ന | ഉ തസ്മിൻ | ആഹാ! അതിൽ |
| | | സ്വയം | സ്വഭാവേനതന്നെ |
| | | വേദമയഃ | വേദസ്വരൂപനായ |
| | | വിധാതാ | സ്രഷ്ടാവ്– |
| തത് ലോക- പദ്മം | ആ ലോകബീജാത്മക പദ്മത്തെ | യം | യാതൊരുവനെയാണോ, |
| സഃ വിഷ്ണുഃ ഏവ | തദുൽപത്തികാരണമായ ആ വിഷ്ണുതന്നെ | സ്വയംഭുവം | 'സ്വയംഭൂ'വെന്ന് |
| | | വദന്തി സ്മ | പറയുന്നത്, |
| പ്രാവീവിശത് | പൂർണ്ണമായാവേശിച്ചു | സഃ അഭൂത് | ആ ദേവൻ ഉത്ഭവിച്ചു. |

പൂർവ്വകല്പാന്തത്തിൽ ശ്രീനാരായണനോട് ഐക്യംപ്രാപിച്ചിരുന്ന ബ്രഹ്മാവ് ഇപ്പോഴ് തന്നാഭിപദ്മദ്വാരാ വീണ്ടും അഭിവ്യക്തനായെന്നു സാരം. ആതിനാൽ ഈ കല്പത്തിന്നു് പാദ്മം എന്ന പേരുണ്ടായി. പാദ്മകല്പത്തിൽ ബ്രഹ്മാവിന്ന് നാലുമുഖമുണ്ടായതെങ്ങനെയെന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു

16 തസ്യാം സ ചാംഭോരുഹകർണ്ണികായാ-
മവസ്ഥിതോ ലോകമപശ്യമാനഃ
പരിക്രമൻ വ്യോമ്നി വിവൃത്തനേത്ര-
ശ്ചത്വാരി ലേഭേഽനുദിശം മുഖാനി.

| | | | |
|---|---|---|---|
| തസ്യാം ച | അതേ | അവസ്ഥിതഃ | ഇരിപ്പുകൊണ്ട |
| അംഭോരുഹ- കർണ്ണികായാം | താമരപ്പൂവിന്റെ കർണ്ണികയിൽ | സഃ | ആ ബ്രഹ്മദേവൻ |
| | | ലോകം | ലോകത്തെ |

| | | | |
|---|---|---|---|
| അപശ്യമാനഃ | കാണാതെ | അനുദിശം | ദിക്കുകൾക്കനുസരണം |
| പരിക്രമൻ | ചുററം കഴുത്തുതിരിച്ച് | ചത്വാരി | നാല് |
| വ്യോമ്നി | ആകാശത്തിൽ | മുഖാനി | മുഖങ്ങളെ |
| വിവൃത്തനേത്രഃ | കണ്ണുകളെ വ്യാപരിച്ചവനായിട്ട് | ലേഭേ | ലഭിച്ചു |

17 തസ്മാദ്യുഗാന്തശ്വസനാവഘൂർണ്ണ-
ജലോർമ്മിചക്രാത് സലിലാദ്വിരൂഢം
ഉപാശ്രിതഃ കഞ്ജമു ലോകതത്ത്വം
നാത്മാനമദ്ധാവിദദാദിദേവഃ

| | | | |
|---|---|---|---|
| യുഗാന്തശ്വസനാവഘൂർണ്ണജലോർമ്മിചക്രാത് | യുഗാന്തകാലവായുവിനാൽ ഇളകിമറിയുന്ന തിരമാലകളെഴുന്ന | ഉപാശ്രിതഃ | ഉപാശ്രയിച്ചിരിക്കുന്നവനാണെങ്കിലുംകൂടി |
| തസ്മാത് | ആ | ആദിദേവഃ | ബ്രഹ്മാവ് |
| സലിലാത് | വെള്ളത്തിൽനിന്ന് | ലോകതത്ത്വം | ലോകത്തിന്റെ സാരഭൂതമായ അതിനെക്കുറിച്ചും |
| വിരൂഢം | മുളച്ചുവന്ന | ആത്മാനം | തന്നെക്കുറിച്ചും |
| | | അദ്ധാ | സാക്ഷാത്തായി |
| കഞ്ജം ഉ | താമരയെത്തന്നെ | ന അവിദത് | അറിഞ്ഞില്ല |

ബ്രഹ്മാവിന് ലോകസൃഷ്ടിക്കുവേണ്ട ജ്ഞാനക്രിയാശക്തി ലഭിക്കാൻപോകുന്നതു് ശ്രീനാരായണോപാസനകൊണ്ടാണ്. സ്വതവേ അതുണ്ടായിരുന്നില്ല. ഈ വസ്തുത കാണിപ്പാനായി ബ്രഹ്മാവിനുണ്ടായ ചിത്തസമ്മോഹത്തെ ആദ്യം ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആദിദേവനായ ബ്രഹ്മദേവൻ "സ്വയം വേദമയ"നായിട്ടുകൂടി—ജ്ഞാനനിധിയായിട്ടുകൂടി തന്നിലെ ജ്ഞാനം മറനീങ്ങി പ്രകാശിക്കുവാൻ ഭക്തിയോഗത്തെ ആശ്രയിക്കേണ്ടതായിവന്നു.

ഇനി ബ്രഹ്മാവിനുണ്ടായ ചിത്തസമ്മോഹത്തിന്റെ സ്വഭാവം വിവരിക്കുന്നു.

18 ക ഏഷ യോഽസാവഹമബ്ജപൃഷ്ഠ-
ഏതത് കുതോ വാബ്ജമനന്യദപ്സു
അസ്തി ഹ്യധസ്താദിഹ കിഞ്ചനൈത-
ദധിഷ്ഠിതം യത്ര സതാ നു ഭാവ്യം

| | | | |
|---|---|---|---|
| യഃ അസൌ | യാതൊരു ഇവൻ | അപ്സു | വെള്ളത്തിൽ |
| അബ്ജപൃഷ്ഠേ | താമരപ്പൂവാകുന്ന ഇരിപ്പിടത്തിലമരുന്നുവോ, | അനന്യത് | ഒററയായി നില്ക്കുന്ന |
| | | ഏതത് അബ്ജം | ഈ താമര |
| ഏഷഃ അഹം | അവ്വിധമുള്ള ഈ ഞാൻ | കുതഃ വാ | എവിടെനിന്നു് വന്നതാകാം? |
| കഃ | ആരാകാം? | | |

| | | | |
|---|---|---|---|
| ഇഹ | ഇവിടെ | അധിഷ്ഠിതം | അധിഷ്ഠിതിചെയ്യുന്നുവോ, (അങ്ങനെയുള്ള ഒന്നിനാൽ) |
| കിഞ്ചന | എന്തെങ്കിലുമൊന്നു് | | |
| അസ്തി ഹി | ഉണ്ടായിരിക്കണം | അധസ്താൽ | അധോഭാഗത്തിൽ |
| ഏതത് | ഇതു് | സതാ | ഉള്ളതായിട്ടു് |
| യത്ര | യാതൊന്നിൽ | ഭാവ്യം ന | വരേണ്ടതാണു്; തീർച്ച. |

19 സ ഇത്ഥ മുദ്വീക്ഷ്യ തദബ്ജനാള-
നാഡീഭിരന്തർജലമാവിവേശ
നാർവ്വാഗ്ഗതസ്തത്ഖരനാളനാള-
നാഭിം വിചിന്വംസ്തദവിന്ദതാജഃ

| | | | |
|---|---|---|---|
| സഃ അജഃ | ആ ബ്രഹ്മദേവൻ | ആവിവേശ | പ്രവേശിച്ചു. |
| ഇത്ഥം | ഇപ്രകാരം | തത്ഖരനാള-നാളനാഭിം | ആ താമരയുടെ തണ്ടു് ഉൽഭവിച്ച ഇടം |
| ഉദ്വീക്ഷ്യ | പര്യാലോചിച്ചു്, | വിചിന്വൻ | ആരാഞ്ഞുകൊണ്ടു് |
| തദബ്ജ-നാളനാഡീഭിഃ | ആ താമരത്തണ്ടിന്റെ സുഷിരങ്ങളിലൂടെ | അർവ്വാഗ്ഗതഃ | നീളവേ പോയെങ്കിലും |
| | | തത് | അതിനെ |
| അന്തർജലം | വെള്ളത്തിനുള്ളിലേക്കു് | ന അവിന്ദത | കണ്ടെത്തിയില്ല. |

20 തമസ്യപാരേ വിദുരാത്മസർഗ്ഗം
വിചിന്വതോഽഭൂത് സുമഹാംസ്ത്രിണേമിഃ
യോ ദേഹഭാജാം ഭയമീരയാണഃ
പരിക്ഷിണോത്യായുരജസ്യ ഹേതിഃ.

| | | | |
|---|---|---|---|
| വിദുര | അല്ലയോ വിദുര! | അഭൂത് | കഴിഞ്ഞുപോയി. |
| അപാരേ | അന്തമില്ലാത്ത | യഃ | യാതൊന്നു് |
| തമസി | അന്ധകാരത്തിൽ | അജസ്യ | വിഷ്ണുവിന്റെ |
| ആത്മസർഗ്ഗം | സ്വോൽപത്തികാരണത്തെ | ഹേതിഃ | ചക്രായുധമായിട്ടു് |
| | | ദേഹഭാജാം | ശരീരികൾക്കു് |
| വിചിന്വതഃ | ആരാഞ്ഞുനോക്കുകയായിരുന്ന ബ്രഹ്മാവിന്നു് | ഭയം | ഭീതിയെ |
| | | ഈരയാണഃ | ജനിപ്പിച്ചുകൊണ്ടു് |
| സുമഹാൻ | അതിദീർഘമായ | ആയുഃ | ആയുസ്സിനെ |
| ത്രിണേമിഃ | കാലം | പരിക്ഷിണോതി | ക്ഷയിപ്പിക്കുന്നുണ്ടല്ലോ. |

ശരീരികളുടെ ആയുസ്സു ക്ഷയിക്കുവാൻവേണ്ടി വരുന്നേടത്തോളം കാലം — അതായതു് ഒരു പുരുഷായുസ്സ് (100 സംവത്സരം) ഇങ്ങനെ കഴിഞ്ഞുവെന്നു് സൂചന.

ഇങ്ങനെ സ്വകാരണതത്വത്തെ ദീർഘകാലം ബഹിർമ്മുഖതയാ ആരാഞ്ഞുനോക്കി വിഫലപ്രയത്നനായിഭവിച്ച ആ ചതുർമ്മുഖൻ അന്തർമ്മുഖതയാ അതിനെ അനുസന്ധാനം ചെയ്തു് സഫലോദ്യമനായതെങ്ങനെയെന്നു് താഴെ രണ്ടു ശ്ലോകംകൊണ്ടു് കാണിക്കുന്നു.

21 തതോ നിവൃത്തോഽപ്രതിലബ്ധകാമഃ
സ്വധിഷ്ണ്യമാസാദ്യ പുനഃ സ ദേവഃ
ശനൈർജ്ജിതശ്വാസനിവൃത്തചിത്തോ
ന്യഷീദദാരൂഢസമാധിയോഗഃ

| | | | |
|---|---|---|---|
| അപ്രതി-ലബ്ധകാമഃ | ആഗ്രഹിച്ചതു് സാധിക്കാതെയായിവന്ന | ആസാദ്യ | പ്രാപിച്ചു്, |
| സഃ ദേവഃ | ആ ബ്രഹ്മദേവൻ | ശനൈഃ | സാവകാശം |
| തതഃ | അതിൽനിന്നു് | ജിതശ്വാസ-നിവൃത്തചിത്തഃ | പ്രാണായാമംകൊണ്ടു് സംയതചിത്തനായി |
| നിവൃത്തഃ | പിൻവാങ്ങിയവനായി, | ആരൂഢ-സമാധിയോഗഃ | സമാധിയോഗത്തെ അവലംബിച്ചുകൊണ്ടു് |
| പുനഃ | വീണ്ടും | ന്യഷീദത് | ഇരിപ്പുറപ്പിച്ചു. |
| സ്വധിഷ്ണ്യം | സ്വസ്ഥാനത്തെ | | |

22 കാലേന സോഽജഃ പുരുഷായുഷാഭി-
പ്രവൃത്തയോഗേന വിരൂഢബോധഃ
സ്വയം തദന്തർഹൃദയേഽവഭാത-
മപശ്യതാപശ്യത യന്ന പൂർവ്വം

| | | | |
|---|---|---|---|
| പുരുഷായുഷാ കാലേന | പുരുഷായുസ്സാകുന്ന (നൂറു വർഷത്തെ) കാലംകൊണ്ടു് | ന അപശ്യത | കണ്ടില്ലയോ, |
| | | തത് | അതിനെ |
| അഭിപ്രവൃത്ത-യോഗേന | പരിശീലിച്ചുവളർത്തിയ സമാധിയോഗത്താൽ | അന്തർഹൃദയേ | ഹൃദയാന്തരത്തിൽ |
| വിരൂഢബോധഃ | ആത്മബോധമുറച്ച | സ്വയം | തന്നെത്താൻ |
| സഃ അജഃ | ആ ബ്രഹ്മദേവൻ | അവഭാതം | അവഭാസിച്ചതായി |
| പൂർവ്വം യത് | മുമ്പു്, യാതൊന്നിനെ | അപശ്യത | കണ്ടു. |

ബ്രഹ്മാവിന്റെ ഹൃദയാന്തരത്തിൽ അവഭാസിച്ച കാരണസ്വരൂപത്തെ താഴെ ഒമ്പതുശ്ലോകംകൊണ്ടു വർണ്ണിക്കുന്നു.

23 മൃണാളഗൌരായതശേഷഭോഗ-
പര്യങ്ക ഏകം പുരുഷം ശയാനം
ഫണാതപത്രായുതമൂർദ്ധരത്ന-
ദ്യുഭിർഹതധ്വാന്തയുഗാന്തതോയേ.

ഫണാതപത്രാ- യുതമൂൎദ്ധരത്ന- ദ്യുഭിഃ — പത്തികളാവുന്ന കുടകളം ചൂടിയ അനേകം ശിരസ്സുകളിലെ രത്നപ്രഭകളാൽ

ഹതധ്വാന്ത- യുഗാന്തതോയേ — നശിപ്പിക്കപ്പെട്ട അന്ധകാരത്തോടുകൂടിയ കല്പാന്തജലത്തിൽ

മൃണാളഗൌരാ- യതശേഷ- ഭോഗപര്യങ്കേ — താമരവളയംപോൽ വെണ്മചേൎന്ന നീണ്ടുകിടക്കുന്ന ആദിശേഷനാവുന്ന തല്പത്തിന്മേൽ

ശയാനം — പള്ളിക്കുറുപ്പുകൊള്ളുന്ന

ഏകം — ഏകനായ

പുരുഷം — പുരുഷനെ (കണ്ടു)

24 പ്രേക്ഷാം ക്ഷിപന്തം ഹരിതോപലാദ്രേഃ
സന്ധ്യാഭ്രനീവേരുരുരുക്മമൂൎദ്ധ്നഃ
രത്നോദധാരൌഷധിസൌമനസ്യ-
വനസ്രജോ വേണുഭുജാംഘ്രിപാംഘ്രേഃ

സന്ധ്യാഭ്രനീവേഃ — സാന്ധ്യമേഘമാവുന്ന ഉടുവസ്ത്രത്തോടും,

ഉരുരുക്മ- മൂൎദ്ധ്നഃ — പെരികെപ്പൊന്നണിഞ്ഞ മൌലിയോടും,

രത്നോദധാ- രൌഷധി- സൌമനസ്യ- വനസ്രജഃ — രത്നങ്ങളാം—നീരരുവികളാം—സസ്യങ്ങളാം—സുരഭില പുഷ്പവനങ്ങളാം എന്നിവയുടെ മാലകളോടും,

വേണുഭുജാംഘ്രി- പാംഘ്രേഃ — മുളകളാകുന്ന കൈകളോടും, മരങ്ങളാവുന്ന കാലുകളോടും കൂടിയ

ഹരിതോപലാദ്രേഃ — മരതകമലയുടെ

പ്രേക്ഷാം — കമനീയതയെ

ക്ഷിപന്തം — വെല്ലുവിളിക്കുന്ന (മഹാപുരുഷനെ കണ്ടു)

25 ആയാമതോ വിസ്തരതഃ സ്വമാന
ദേഹേന ലോകത്രയസംഗ്രഹേണ
വിചിത്രദിവ്യാഭരണാംശുകാനാം
കൃതശ്രിയാപാശ്രിതവേഷദേഹം.

വിചിത്ര- ദിവ്യാഭരണാം- ശുകാനാം — നാനാമാതിരിക്കുള്ള ദിവ്യാഭരണ വസ്ത്രങ്ങളുടെ

കൃതശ്രീയാ — പരിശോഭയെഴുന്നതും

ലോകത്രയ— സംഗ്രഹേണ — ലോകത്രയത്തെ ഉൾക്കൊണ്ടിരിക്കുന്നതും

ആയാമതഃ — ദൈൎഘ്യംകൊണ്ടും

വിസ്തരതഃ — വൈപുല്യംകൊണ്ടും

സ്വമാന- ദേഹേന — ശോഭനമായതും നിരുപമമായതും ആയിരിക്കുന്ന ശരീരംകൊണ്ടു്

അപാശ്രിത- വേഷദേഹം — സ്വീകൃതാലങ്കാരചാരുമൂൎത്തിയായ (മഹാപുരുഷനെ കണ്ടു)

26 പുംസാം സ്വകാമായ വിവിക്തമാൎഗ്ഗൈ-
രഭ്യൎച്ചിതാം കാമദുഘാംഘ്രിപത്മം
പ്രദൎശയന്തം കൃപയാ നഖേന്ദു-
മയൂഖഭിന്നാംഗുലിചാരുപത്രം.

| | |
|---|---|
| നഖേന്ദുമയൂഖഭിന്നാംഗുലിചാരുപത്രം | നഖങ്ങളാവുന്ന ചന്ദ്രന്മാരുടെ കിരണങ്ങളാൽ വിടൎന്ന വിരലുകളാവുന്ന മോഹനദളങ്ങളുള്ളതും |
| സ്വകാമായ | സ്വാഭീഷ്ടസിദ്ധിക്കായി |
| വിവിക്തമാൎഗ്ഗൈഃ | വിശുദ്ധപദ്ധതികളിലൂടെ |
| അഭ്യൎച്ചിതാം | ആരാധിക്കുന്ന |
| പുംസാം | ജനങ്ങൾക്ക് |
| കാമദുഘാംഘ്രിപദ്മം | അഭീഷ്ടാൎത്ഥങ്ങളെ ചൊരിയുന്നതുമായ പാദപങ്കജത്തെ |
| കൃപയാ | കാരുണ്യത്താൽ |
| പ്രദൎശയന്തം | പ്രദൎശിപ്പിക്കുന്ന (മഹാപുരുഷനെ കണ്ടു) |

27 മുഖേന ലോകാൎത്തിഹരസ്മിതേന
പരിസ്ഫുരത്കുണ്ഡലമണ്ഡിതേന
ശോണായിതേനാധരബിംബഭാസാ
പ്രത്യൎഹയന്തം സുനസേന സുഭ്രാ.

| | |
|---|---|
| ലോകാൎത്തിഹരസ്മിതേന | ലോകതാപം തീർത്തരുളും പുഞ്ചിരിയഞ്ചുന്ന– |
| പരിസ്ഫുരത്കുണ്ഡലമണ്ഡിതേന | മിന്നിത്തിളങ്ങും കൎണ്ണഭൂഷണങ്ങളാൽ അലംകൃതമായ– |
| അധരബിംബഭാസാ | ചെന്തൊണ്ടിപ്പഴത്തിനൊക്കും ചുണ്ടിൻെറ കാന്തിയാൽ |
| ശോണായിതേന | ചുകന്നിരിക്കുന്നപോലെ തോന്നിക്കുന്ന– |
| സുനസേന | അഴകാൎന്ന നാസികയുള്ള |
| സുഭ്രാ | അഴകെഴും പുരികക്കൊടികളുള്ള |
| മുഖേന | തിരുമുഖത്താൽ |
| പ്രത്യൎഹയന്തം | പ്രത്യഭിനന്ദിക്കുന്ന (മഹാപുരുഷനെ കണ്ടു) |

28 കദംബകിഞ്ജല്കപിശംഗവാസസാ
സ്വലംകൃതം മേഖലയാ നിതംബേ
ഹാരേണ ചാനന്തധനേന വത്സ
ശ്രീവത്സവക്ഷഃസ്ഥലവല്ലഭേന.

| | |
|---|---|
| വത്സ | അല്ലയോ പ്രിയവിദുര! |
| കദംബകിഞ്ജല്കപിശംഗവാസസാ | കദംബപുഷ്പത്തിൻെറ കേസരംപോലെ മഞ്ഞനിറംചേൎന്ന വസ്ത്രത്താലും, |
| മേഖലയാ | ഉദരബന്ധത്താലും |
| നിതംബേ | അരക്കെട്ടിൽ |
| സ്വലംകൃതം | നന്നായലംകൃതനായി– |
| ശ്രീവത്സവക്ഷഃസ്ഥലവല്ലഭേന | ശ്രീവത്സാങ്കിതമായ തിരുമാറിടത്തിന്ന് പ്രിയങ്കരമായുള്ള |
| അനന്തധനേന | അനൎഘമായ |
| ഹാരേണ ച | മുത്തുമാലയാലും |
| (സ്വലംകൃതം) | നന്നായലംകൃതനായ (മഹാപുരുഷനെ കണ്ടു) |

29 പരാൎദ്ധ്യകേയൂരമണിപ്രവേക-
പൎയ്യസ്തദോൎദ്ദണ്ഡസഹസ്രശാഖം
അവ്യക്തമൂലം ഭുവനാംഘ്രിപേന്ദ്ര-
മഹീന്ദ്രഭോഗൈരധിവീതവൽശം.

| | | | |
|---|---|---|---|
| പരാൎദ്ധ്യ- | വിലമതിപ്പാനാവാത്ത | അവ്യക്തമൂലം | വ്യക്തമല്ലാത്ത മൂരടോടുകൂടിയ- |
| കേയൂര- | തോൾവളകളിലെ | അഹീന്ദ്ര-ഭോഗൈഃ | സൎപ്പരാജശരീരാവയവങ്ങളാൽ |
| മണിപ്രവേക- | വിശിഷ്ടരത്നങ്ങളാൽ | അധിവീത-വൽശം | ചുററപ്പെട്ട സ്കന്ധത്തോടുകൂടിയ |
| പൎയ്യസ്ത- | അതിവ്യാപ്തങ്ങളായ | ഭുവനാംഘ്രി-പേന്ദ്രം | ഭുവനാത്മകചന്ദനവൃക്ഷസ്വരൂപനെ (കണ്ടു) |
| ദോൎദ്ദണ്ഡ- | ഭുജദണ്ഡങ്ങളാവുന്ന | | |
| സഹസ്രശാഖം | അസംഖ്യശാഖകളുള്ള- | | |

30 ചരാചരൗകോ ഭഗവന്മഹീധ്ര-
മഹീന്ദ്രബന്ധും സലിലോപഗൂഢം
കിരീടസാഹസ്രഹിരണ്യശൃംഗ-
മാവിൎഭവൽകൌസ്തുഭരത്നഗൎഭം.

| | | | |
|---|---|---|---|
| ചരാചരൗകഃ | ചരാചരങ്ങളായ ജീവജാലങ്ങളുടെ ആവാസമായി- | കിരീട-സാഹസ്ര-ഹിരണ്യശൃംഗം | അനേകം കിരീടങ്ങളായ പൊൻമുടികളുള്ളതായി- |
| അഹീന്ദ്രബന്ധും | സൎപ്പപ്രവരബന്ധുവായി- | ആവിൎഭവൽ-കൌസ്തുഭ-രത്നഗൎഭം- | മദ്ധ്യഭാഗത്തിൽ വ്യക്തിഭവിച്ചുതിളങ്ങുന്ന കൌസ്തുഭരത്നത്തോടുകൂടിയതുമായ |
| സലിലോപ-ഗൂഢം | ജലത്താൽ ആവൃതമായി- | ഭഗവന്മഹീധ്രം | ഭഗവാനാവുന്ന പൎവ്വതത്തെ (കണ്ടു). |

ചരാചരങ്ങളുടെ ആവാസത്വം, സൎപ്പബന്ധുത്വം, സമുദ്രജലാവൃതത്വം, സുവൎണ്ണശൃംഗത്വം, രത്നഗൎഭത്വം എന്നീ സാധൎമ്മ്യങ്ങളാൽ ഭഗവാനെ വീണ്ടും ഒരു പൎവ്വതമായിട്ടു രൂപണം ചെയ്തിരിക്കുന്നു.

31 നിവീതമാമ്നായമധുവ്രതശ്രിയാ
സ്വകീൎത്തിമയ്യാ വനമാലയാ ഹരിം
സൂൎയ്യേന്ദുവായ്വഗ്ന്യഗമം ത്രിധാമഭിഃ
പരിക്രമൽപ്രാധനികൈൎദ്ദുരാസദം.

| | | |
|---|---|---|
| ആമ്നായമധു-വ്രതശ്രിയാ | വേദങ്ങളാവുന്ന വണ്ടുകളാൽ ശോഭയാൎന്നതും | സ്വകീൎത്തിമയ്യാ സ്വയശോരൂപമായിരിക്കുന്നതുമായ |

| | |
|---|---|
| വനമാലയാ | വനമാലകൊണ്ട് |
| നിവീതം | കഴുത്തിൽതൂക്കിച്ചാർത്തിയവനും, |
| സൂര്യേന്ദു-വായ്വഗ്നിഗമം | സൂര്യൻ-ചന്ദ്രൻ-വായു-അഗ്നി എന്നിവർക്ക് അഗമ്യനായവനും, |
| ത്രിധാമഭിഃ | മൂന്നുലോകത്തിലും വ്യാപിച്ച പരിസ്ഫുരണത്തോടുകൂടിയവയായി, |
| പരിക്രമത്-പ്രാധനികൈഃ | ചുറ്റും സഞ്ചരിക്കുന്ന വരായുധങ്ങളാൽ |
| ദുരാസദം | അധൃഷ്യനായിരിക്കുന്നവനുമായ |
| ഹരിം | ശ്രീഹരിയെ (കണ്ടു). |

32 തർഹ്യേവ തന്നാഭിസരഃസരോജമാത്മാനമംഭഃ ശ്വസനം വിയച്ച
ദദർശ ദേവോ ജഗതോ വിധാതാ നാതഃ പരം ലോകവിസർഗ്ഗദൃഷ്ടിഃ

| | |
|---|---|
| തർഹി ഏവ | അപ്പോൾതന്നെ |
| തന്നാഭിസരഃ-സരോജം | ആ ശ്രീഹരിയുടെ നാഭിയാകുന്ന തടാകത്തിലെ താമരയെയും, |
| ആത്മാനം | തന്നേയും |
| അംഭഃ | പ്രളയജലത്തേയും |
| ശ്വസനം | വായുവേയും, |
| വിയത് ച | ആകാശത്തേയും (കണ്ടു) |
| ലോകവിസർഗ്ഗ-ദൃഷ്ടിഃ | ലോകസൃഷ്ടിയിൽ ദൃഷ്ടി ചേർന്നിരിക്കുന്ന |
| ജഗതഃ | ലോകത്തിന്റെ |
| വിധാതാ | സ്രഷ്ടാവായ |
| ദേവഃ | ബ്രഹ്മദേവൻ |
| അതഃ പരം | ഇതിന്നപ്പുറം ഒന്നും |
| ന ദദർശ | കണ്ടെത്തിയില്ല. |

33 സ കർമ്മബീജം രജസോപരക്തഃ
പ്രജാഃ സിസൃക്ഷന്നിയദേവ ദൃഷ്ട്വാ
അസ്തൗദ് വിസർഗ്ഗാഭിമുഖസ്തമീഡ്യ-
മവ്യക്തവർത്മന്യഭിവേശിതാത്മാ.

| | |
|---|---|
| രജസാ | രജോഗുണത്തോട് |
| ഉപരക്തഃ | ചേർന്നിരിക്കുന്നവനും |
| പ്രജാഃ | പ്രജകളെ |
| സിസൃക്ഷൻ | സൃഷ്ടിക്കുവാനാഗ്രഹിക്കുന്നവനും ആയ |
| സഃ | ആ ബ്രഹ്മദേവൻ |
| ഇയത് ഏവ | ഇത്രമാത്രം |
| ദൃഷ്ട്വാ | ദർശിച്ച്, |
| വിസർഗ്ഗാ-ഭിമുഖഃ | വിവിധസൃഷ്ടിപ്രക്രിയയിൽ ആഭിമുഖ്യമാർന്നവനും |
| അവ്യക്ത-വർത്മനി | വ്യക്തമാകാത്ത മാർഗ്ഗത്തോടുകൂടിയ സർവ്വേശ്വരനിൽ |
| അഭിവേശി-താത്മാ | സന്നിവേശിപ്പിക്കപ്പെട്ട ചിത്തത്തോടുകൂടിയവനുമായിട്ട് |
| കർമ്മബീജം | സൃഷ്ടികർമ്മത്തിന്ന് കാരണഭൂതനും |
| ഈഡ്യം | സ്തുത്യർഹനുമായ |
| തം | ആ ആദിപുരുഷനെ |
| അസ്തൗത് | സ്തുതിച്ചു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ വിദുരമൈത്രേയ
സംവാദേ അഷ്ടമോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 308 എട്ടാമദ്ധ്യായം കഴിഞ്ഞു.

## നവമോऽധ്യായഃ : ഒമ്പതാമധ്യായം.

"നവമേ തപസാ തുഷ്ടം ദൃഷ്ട്വാ നാരായണം തദജഃ
അസ്തൗദേകാഗ്ര്യവേ സീമൻ ലോകസർഗ്ഗചികീർഷയാ"

ബ്രഹ്മാവിന്റെ ഭഗവൽസ്തുതിയും ഭഗവാൻ ബ്രഹ്മാവിന്നു് വരംകൊടുക്കുന്നതും

ബ്രഹ്മോവാച : ബ്രഹ്മാവു് പറഞ്ഞു.

1 ജ്ഞാതോऽസി മേऽദ്യ സുചിരാന്നനു ദേഹഭാജാം
ന ജ്ഞായതേ ഭഗവതോ ഗതിരിത്യവദ്യം.
നാന്യത്ത്വദസ്തി ഭഗവന്നപി തന്ന ശുദ്ധം
മായാഗുണവ്യതികരാദ്യദുരുർവിഭാസി.

| | | | |
|---|---|---|---|
| ഭഗവൻ | ഹേ സർവ്വൈശ്വര്യാദി ഗുണനിലയമേ ! | അവദ്യം നനു | ദോഷമാണല്ലോ. |
| | | ത്വത് | അങ്ങയിൽനിന്നു് |
| സുചിരാത് | ബഹുകാലോപാസനയാ | അന്യത് | അന്യമായിട്ടു് |
| അദ്യ മേ | ഇന്നെനിക്കു് [ൽ | ന അസ്തി | ഒന്നുമില്ല |
| ജ്ഞാതഃ | അറിയപ്പെട്ടവനായി | തത് അപി | ഉണ്ടെന്നപോലുള്ളതും |
| അസി | ഭവിക്കുന്നു | ന ശുദ്ധം | ഉണ്മയായതല്ല. |
| ഭഗവതഃ | നിന്തിരുവടിയുടെ | യത് | എന്തെന്നാൽ, |
| ഗതിഃ | പരമാത്മസ്ഥിതി | മായാഗുണ- വ്യതികരാത് | മായാഗുണങ്ങളുടെ സങ്കലനംഹേതുവായിട്ടു് |
| ന ജ്ഞായതേ | അറിയപ്പെടുന്നില്ല | ഉരുഃ | ബഹുരൂപനായി |
| ഇതി | എന്നതു് | വിഭാസി | അങ്ങു ശോഭിക്കയാണു്. |
| ദേഹഭാജാം | ശരീരികൾക്കുള്ള | | |

ഇതുമുതല്ക്കു് 25 ശ്ലോകങ്ങൾ ബ്രഹ്മസ്തുതിയാണു്. ഭഗവൽസ്വരൂപദർശനത്താലുളവായ തന്റെ സന്തോഷം "ജ്ഞാതോऽസി മേദ്യ" എന്നതുകൊണ്ടും, തദ്ദർശനം സിദ്ധിക്കാത്തവരെക്കുറിച്ചു് തനിക്കുള്ള അനുതാപം "ദേഹഭാജാം ന ജ്ഞായതേ ഭഗവതോ ഗതിരിത്യവദ്യം" എന്നതുകൊണ്ടും ബ്രഹ്മാവു് വ്യക്തമാക്കി. എന്നാൽ ബ്രഹ്മാവു് ഇപ്പോൾ ദർശിച്ചതു് ഭഗവാന്റെ സഗുണസ്വരൂപം മാത്രമാണു്. ഇതിനപ്പുറം ഗുണാതീതമായ സച്ചിദാനന്ദതത്ത്വം നിലകൊള്ളുന്നു. അതാണു് സത്യമായതു്. ഈ സത്യദർശനം സാധിച്ചുവോ ? ഇതിനെ താഴെ രണ്ടു ശ്ലോകംകൊണ്ടു വ്യക്തമാക്കുന്നു.

2 രൂപം യദേതദവബോധരസോദയേന
ശശ്വന്നിവൃത്തതമസഃ സദനുഗ്രഹായ
ആദൌ ഗൃഹീതമവതാരശതൈകബീജം
യന്നാഭിപദ്മഭവനാദഹമാവിരാസം.

| | |
|---|---|
| അവബോധരസോദയേന | അവബോധാത്മകമായ ചിച്ഛക്തിയുടെ ആവിർഭാവംകൊണ്ട് |
| ശശ്വത് | എല്ലാകാലത്തും |
| നിവൃത്തതമസഃ | അവിദ്യയുടെ ഇരുളിൽ നിന്ന് മാറിനില്ക്കുന്ന അങ്ങയുടെ |
| യത് | യാതൊരു |
| ഏതത് രൂപം | ഈ സ്വരൂപം |
| സദനുഗ്രഹായ | സത്തുക്കളായ ഉപാസകന്മാരുടെ അനുഗ്രഹത്തിന്നായി |
| ആദൌ | ആദിയിങ്കൽ |
| ഗൃഹീതം | സ്വയം സ്വീകരിക്കപ്പെട്ടതും |
| അവതാരശതൈകബീജം | അനേകം അവതാരങ്ങൾക്ക് കാരണഭൂതമായുള്ളതുമാകുന്നു |
| യത് | എന്തെന്നാൽ, |
| നാഭിപദ്മഭവനാത് | അങ്ങയുടെ നാഭിയിലുണ്ടായ താമരയാവുന്ന ഭവനത്തിൽനിന്ന് |
| അഹം | ഞാൻ |
| ആവിരാസം | ഉൽഭവിച്ചുവല്ലോ. |

3 നാതഃ പരം പരമ യദ്ഭവതഃ സ്വരൂപ-
മാനന്ദമാത്രമവികല്പമവിദ്ധവർച്ചഃ
പശ്യാമി വിശ്വസൃജമേകമവിശ്വമാത്മൻ
ഭൂതേന്ദ്രിയാത്മകമദസ്ത ഉപാശ്രിതോഽസ്മി.

| | |
|---|---|
| പരമ | ഹേ മായാതീത! |
| അവിദ്ധവർച്ചഃ | ആവരണമില്ലാത്ത പ്രകാശത്തോടുകൂടിയ— |
| അവികല്പം | ഭേദഭാവമില്ലാത്ത— |
| ആനന്ദമാത്രം | കേവലാനന്ദമയമായ |
| ഭവതഃ | നിന്തിരുവടിയുടെ |
| യത് | യാതൊരു |
| സ്വരൂപം | നിർഗ്ഗുണസ്വരൂപമുണ്ടോ, അതിനെ |
| അതഃ | ഈ സഗുണസ്വരൂപത്തിൽനിന്ന് |
| പരം | വേറെയായിട്ട് |
| ന പശ്യാമി | ഞാൻ കാണുന്നില്ല. (ഇതും അതും ഒന്നുതന്നെ) |
| ആത്മൻ | (ആകയാൽ) ഹേ ആത്മസ്വരൂപ! |
| വിശ്വസൃജം | ലോകത്തെ പ്രകാശിപ്പിക്കുന്നതും |
| അവിശ്വം | ലോകത്തിൽനിന്നന്യമായതും |
| ഭൂതേന്ദ്രിയാത്മകം | ഭൂതങ്ങളുടേയും ഇന്ദ്രിയങ്ങളുടേയും കാരണസ്വരൂപമായതും |
| ഏകം | മുഖ്യമായതുമായ |
| തേ അദഃ | അങ്ങയുടെ ഈ രൂപത്തെ |
| ഉപാശ്രിതഃ അസ്മി | ഞാൻ സർവ്വദാ ആശ്രയിച്ചുകൊള്ളുന്നു |

ഈശ്വരന്റെ സഗുണനിർഗ്ഗുണരൂപങ്ങൾ രണ്ടും ഒന്നുതന്നെ. സഗുണബ്രഹ്മദർശനം നിർഗ്ഗുണബ്രഹ്മാവബോധം വരുത്തുന്നു. ഒന്ന് മറ്റൊന്നിനേക്കാൾ തരംതാണ

തല്ല. രണ്ടും വിശുദ്ധസത്ത്വമയം ആകയാൽ താൻ ദർശിച്ച സഗുണമൂർത്തിതന്നെയാണ് നിരുപാധികബ്രഹ്മതത്ത്വമെന്ന ബോധത്തോടെ ബ്രഹ്മാവ് ഉപാസിക്കുന്നു

ചില കുതർക്കബുദ്ധികൾ അവ്യക്തഭാവനയാൽ സഗുണബ്രഹ്മോപാസനയെ അനാദരിക്കാറുണ്ട്. അവർ നരകഭോക്താക്കളാണെന്ന് താഴെ സൂചിപ്പിക്കുകയും ചെയ്യുന്നു

4 തദ്വാ ഇദം ഭുവനമംഗല മംഗലായ
ധ്യാനേ സ്മ നോ ദർശിതം ത ഉപാസകാനാം
തസ്മൈ നമോ ഭഗവതേഽനുവിധേമ തുഭ്യം
യോഽനാദൃതോ നരകഭാഗ്ഭിരസത്പ്രസംഗൈഃ

| | |
|---|---|
| ഭുവനമംഗല | വിശ്വകല്യാണരൂപ! |
| ഉപാസകാനാം | ഉപാസനചെയ്യുന്ന |
| നഃ | ഞങ്ങളുടെ |
| മംഗലായ | അഭ്യുദയത്തിന്നായി |
| ധ്യാനേ സ്മ | ധ്യാനത്തിൽ മാത്രം |
| തേ | നിന്തിരുവടിയാൽ |
| ദർശിതം | ദർശിപ്പിക്കപ്പെട്ട |
| ഇദം | ഈ സ്വരൂപം |
| തത് വൈ | അതുതന്നെ (ഉപാധി രഹിതമായ സച്ചിത് സ്വരൂപംതന്നെ) |
| തസ്മൈ | അപ്രകാരത്തിലുള്ള |
| ഭഗവതേ | സർവ്വൈശ്വര്യാദി ഗുണനിലയമായ |
| തുഭ്യം | നിന്തിരുവടിക്കായി |
| നമഃ | നമസ്കാരത്തെ |
| അനുവിധേമ | തുടരെത്തുടരെ ചെയ്യട്ടെ! |
| യഃ | യാതൊരു നിന്തിരുവടി |
| അസത്പ്രസംഗൈഃ | അസത്തുക്കളിൽ (നിരീശ്വരകുതർക്കങ്ങളിൽ) പ്രസക്തരായ |
| നരകഭാഗ്ഭിഃ | നരകാനുഭവികളാൽ |
| അനാദൃതഃ | ആദരിക്കപ്പെടാതെയിരിക്കുന്നു. |

ആദരിക്കാത്തവർ നരകാനുഭവികളാണെന്നു സൂചിപ്പിച്ചതിൽപ്പിന്നെ ആദരിക്കുന്നവരുടെ കാര്യം ഇനി എടുത്തുകാട്ടുന്നു.

5 യേ തു ത്വദീയചരണാംബുജകോശഗന്ധം
ജിഘ്രന്തി കർണ്ണവിവരൈഃ ശ്രുതിവാതനീതം
ഭക്ത്യാ ഗൃഹീതചരണഃ പരയാ ച തേഷാം
നാപൈഷി നാഥ ഹൃദയാംബുരുഹാത് സ്വപുംസാം

| | |
|---|---|
| നാഥ | ഹേ രക്ഷിതാവേ! |
| ശ്രുതിവാതനീതം | വേദമാവുന്ന കാററിനാൽ കൊണ്ടുവരപ്പെട്ട |
| ത്വദീയചരണാംബുജകോശഗന്ധം | ഭവൽപാദാരവിന്ദപരിമളത്തെ |
| കർണ്ണവിവരൈഃ | കർണ്ണദ്വാരങ്ങളിലൂടെ |
| യേ തു | യാവചിലരാവട്ടെ |
| ജിഘ്രന്തി | ഘ്രാണിക്കുന്നുവോ, |
| സ്വപുംസാം | സ്വഭക്തജനങ്ങളായ |
| തേഷാം | അവരുടെ |
| ഹൃദയാംബുരുഹാത് | ഹൃദയകമലാന്തർഭാഗത്തുന്ന് |
| പരയാ | ഉൽകൃഷ്ടമായ |
| ഭക്ത്യാ ച | ഭക്തിയാൽത്തന്നെ |
| ഗൃഹീതചരണഃ | കാലുപിടിച്ചുനിർത്തപ്പെട്ട നിന്തിരുവടി |
| ന അപൈഷി | വിട്ടുപോകുകയില്ല |

6 താവത് ഭയം ദ്രവിണഗേഹസുഹൃന്നിമിത്തം
ശോകഃ സ്പൃഹാ പരിഭവോ വിപുലശ്ച ലോഭഃ
താവന്മമേത്യസദവഗ്രഹ ആർത്തിമൂലം
യാവന്ന തേംഘ്രിമഭയം പ്രവൃണീത ലോകഃ

| | | | |
|---|---|---|---|
| ലോകഃ യാവത് | ലോകം എതുവരെ | ശോകഃ | ദുഃഖവും, |
| അഭയം | ഭയനിർമ്മുക്തമായ | സ്പൃഹാ | ആശയും, |
| തേ | നിന്തിരുവടിയുടെ | പരിഭവഃ | ആശാഭംഗവും, |
| അംഘ്രിം | തൃപ്പാദത്തെ | വിപുലഃ | പെരുകിപ്പരന്ന |
| ന പ്രവൃണീത | ആശ്രയിക്കുന്നില്ലയോ, | ലോഭഃ ച | ധനക്കൊതിയുമുണ്ടാകും. |
| താവത് | അതുവരെക്കും | താവത് | അതുവരെക്കും |
| ദ്രവിണഗേഹ-സുഹൃന്നിമിത്തം | ധനം – ഗൃഹം – ബന്ധുവർഗ്ഗം എന്നിവ നിമിത്തമായ | ആർത്തിമൂലം | ദുഃഖഹേതുകമായ |
| | | മമ ഇതി | 'എന്റേതെ'ന്നുള്ള |
| ഭയം | ഭീതിയും, | അസദവഗ്രഹഃ | അസത്തായ ആഗ്രഹവും ഉണ്ടാകും. |

7 ദൈവേന തേ ഹതധിയോ ഭവതഃ പ്രസംഗാത്
സർവ്വാശുഭോപശമനാദ്വിമുഖേന്ദ്രിയാ യേ
കുർവ്വന്തി കാമസുഖലേശലവായ ദീനാ
ലോഭാഭിഭൂതമനസോഽകുശലാനി ശശ്വത്

| | | | |
|---|---|---|---|
| സർവ്വാശുഭോ-പശമനാത് | സകലദുഃഖങ്ങൾക്കും അറുതിവരുത്തുന്ന | ഹതധിയഃ | നഷ്ടപ്രജ്ഞന്മാരാകുന്നു. |
| ഭവതഃ | നിന്തിരുവടിയുടെ | കാമസുഖ-ലേശലവായ | കാമസുഖത്തിന്റെ അതിതുച്ഛമായ അംശത്തിനുവേണ്ടി |
| പ്രസംഗാത് | കഥാശ്രവണകീർത്തനാദിവിഷയകമായ പ്രസക്തിയിൽ നിന്നു് | ലോഭാഭി-ഭൂതമനസഃ | പേരാശ ബാധിച്ച മനോവൃത്തിയോടുകൂടിയ |
| വിമുഖേന്ദ്രിയാഃ | വൈമുഖ്യമാർന്ന ഇന്ദ്രിയങ്ങളോടുകൂടിയിരിക്കുന്നവർ | ദീനാഃ | ആ കൃപണന്മാർ |
| | | അകുശലാനി | അക്ഷേമംകരങ്ങളായ കാര്യങ്ങളെ |
| യേ | യാതൊരുവരാണോ, | | |
| തേ | അവർ | ശശ്വത് | എതുകാലവും |
| ദൈവേന | അദൃഷ്ടശക്തിയാൽ | കുർവ്വന്തി | ചെയ്തുകൊണ്ടിരിക്കുന്നു. |

8 ക്ഷുത്തൃട്ത്രിധാതുഭിരിമാ മുഹുരർദ്യമാനാഃ
ശീതോഷ്ണവാതവർഷൈരിതരേതരാച്ച
കാമാഗ്നിനാച്യുതരുഷാ ച സുദുർഭരേണ
സംപശ്യതോ മന ഉരുക്രമ സീദതേ മേ.

| | |
|---|---|
| ഉരുക്രമ | അമിതപരാക്രമിൻ! |
| ക്ഷുത്തൃട്-ത്രിധാതുഭിഃ | പൈദാഹങ്ങളാലും വാതപിത്തകഫങ്ങളാലും, |
| ശീതോഷ്ണ-വാതവൎഷൈഃ | തണുപ്പ്—ചൂട്—കാററ്—മഴ എന്നിവയാലും, |
| ഇതരേതരാത് | അന്യോന്യമുള്ള |
| കാമാഗ്നിനാ ച | കാമത്തീയിനാലും, |
| സുദുൎഭരേണ | പൊറുത്തുകൂടാത്ത |
| അച്യുതരുഷാ ച | തീരാത്തകോപത്താലും |
| മുഹുഃ | അടിക്കടി |
| അൎദ്ദ്യമാനാഃ | പീഡിതരായിക്കഴിയുന്ന |
| ഇമാഃ | ഈ പ്രജകളെ |
| സംപശ്യതഃ | കണ്ടുകൊണ്ടിരിക്കുന്ന |
| മേ മനഃ | എന്റെ മനസ്സ് |
| സീദതേ | തളരുന്നു. |

സംസാരം പരമാൎത്ഥമല്ലല്ലോ; ആ നിലയ്ക്കു സംസാരതാപം അനുഭവിക്കുന്നവരെ ഓൎത്തിട്ട് വിഷാദിക്കാനെന്തിരിക്കുന്നു? ഈ ചോദ്യത്തെ സ്വയം ആശങ്കിച്ചുകൊണ്ടുപറയുന്നു

9 യാവത് പൃഥക്ത്വമിദമാത്മന ഇന്ദ്രിയാൎത്ഥ-
മായാബലം ഭഗവതോ ജന ഈശ പശ്യേത്
താവന്ന സംസൃതിരസൌ പ്രതിസംക്രമേത
വ്യൎത്ഥാപി ദുഃഖനിവഹം വഹതീ ക്രിയാൎത്ഥാ.

| | |
|---|---|
| ഈശ | ഹേ സൎവ്വനിയന്താവേ! |
| ഭഗവതഃ | നിന്തിരുവടിയുടെ |
| ഇന്ദ്രിയാൎത്ഥ-മായാബലം | ഇന്ദ്രിയാൎത്ഥരൂപത്തിലുള്ള മായയാൽ പെരുക്കം കൂടിയ |
| ആത്മനഃ | തന്റെ |
| ഇദം പൃഥക്ത്വം | ഈ വ്യക്തിഭേദത്തെ |
| ജനഃ | ജീവലോകം |
| യാവത് | എത്രകാലത്തോളം |
| പശ്യേത് | കണ്ടുകൊണ്ടിരിക്കുമോ, |
| താവത് | അത്രയുംകാലം |
| അസൌ സംസൃതിഃ | ഈ സാംസാരികത |
| ന പ്രതി-സംക്രമേത | വിട്ടൊഴിഞ്ഞുപോകുന്നതല്ല |
| വ്യൎത്ഥാ അപി | പരമാൎത്ഥമല്ലെങ്കിലും കൂടി |
| ക്രിയാൎത്ഥാ | കൎമ്മഫലത്തെ ഉൾക്കൊണ്ടുകൊണ്ടും |
| ദുഃഖനിവഹം | ദുഃഖസഞ്ചയത്തെ |
| വഹതി | ചുമന്നുകൊണ്ടും നില്ക്കും. |

10 അഹ്ന്യാപൃതാൎത്തകരണാ നിശി നിഃശയാനാ
നാനാമനോരഥധിയാ ക്ഷണഭഗ്നനിദ്രാഃ
ദൈവാഹതാൎത്ഥരചനാ ഋഷയോഽപി ദേവ
യുഷ്മത്പ്രസംഗവിമുഖാ ഇഹ സംസരന്തി.

| | |
|---|---|
| ദേവ | അല്ലയോ ദേവ! |
| ഋഷയഃ അപി | ഋഷിമാർപോലും |
| യുഷ്മത്-പ്രസംഗ-വിമുഖാഃ | നിന്തിരുവടിയെ സംബന്ധിച്ച ആസക്തിയിൽ (ഭക്തിയിൽ) പരാങ്മുഖരായെന്നാൽ, |
| അഹനി | പകലിൽ |
| ആപൃതാൎത്ത-കരണാഃ | പണിപ്പെട്ടു ക്ഷീണിച്ച ഇന്ദ്രിയങ്ങളോടുകൂടിയവരായി— |
| നിശി | രാത്രിയിൽ |

| | |
|---|---|
| നിഃശയാനാഃ | ഉറങ്ങാൻ കിടക്കുന്നവരായാലും |
| നാനാമനോരഥധിയാ | പലതരം ചിന്തകൾ കലർന്ന ചിത്തവൃത്തിമൂലം |
| ക്ഷണഭഗ്നനിദ്രാഃ | ക്ഷണംതോറും ഉറക്കത്തിന്ന് ഭംഗംവന്നവരായി— |
| ദൈവാഹതാർത്ഥരചനാഃ | വിധിയാൽ എമ്പാടും തുലയ്ക്കപ്പെട്ട ധനോപാർജ്ജനപരിപാടികളോടു കൂടിയവരുമായിട്ട് |
| ഇഹ | ഈ ലോകത്തിൽ |
| സംസരന്തി | ശരീരയാത്ര തുടരുന്നതാണ് |

11 ത്വം ഭാവയോഗപരിഭാവിതഹൃത്സരോജ-
ആസ്സേ ശ്രുതേക്ഷിതപഥോ നനു നാഥ പുംസാം
യദ്യദ്ധിയാ ത ഉരുഗായ വിഭാവയന്തി
തത്തദ്വപുഃ പ്രണയസേ സദനുഗ്രഹായ.

| | |
|---|---|
| നാഥ | രക്ഷിതാവായുള്ളോവേ! |
| പുംസാം | (ഭക്ത) ജനങ്ങളുടെ |
| ഭാവയോഗപരിഭാവിതഹൃത്സരോജേ | ഭക്തിയോഗംവഴിക്ക് സംശോധിതമായ ഹൃദയപുണ്ഡരീകത്തിൽ |
| ശ്രുതേക്ഷിതപഥഃ | ശ്രവണാദികളാൽ ധരിക്കപ്പെട്ട മാർഗ്ഗത്തോടുകൂടിയവനായ |
| ത്വം | നിന്തിരുവടി |
| ആസ്സേ നനു | സ്ഥിതിചെയ്യുന്നുവല്ലോ. |
| ഉരുഗായ | ബഹുപ്രകാരം കീർത്തിതനായുള്ളോവേ! |
| തേ ധിയാ | അവർ മനസ്സാൽ |
| യത് യത് | ഏതേതായിട്ട് |
| വിഭാവന്തി | ധ്യാനിക്കുന്നുവോ, |
| തത് തത് | അതാത് |
| വപുഃ | രൂപത്തെ |
| സദനുഗ്രഹായ | ഭക്താനുഗ്രഹാർത്ഥം |
| പ്രണയസേ | ആവിഷ്ക്കരിക്കുന്നു. |

12 നാതിപ്രസീദതി തഥോപചിതോപചാരൈ-
രാരാധിതഃ സുരഗണൈർഹൃദി ബദ്ധകാമൈഃ
യത്സർവ്വഭൂതദയയാഽസദലഭ്യയൈകോ
നാനാജനേഷ്വവഹിതഃ സുഹൃദന്തരാത്മാ.

| | |
|---|---|
| നാനാജനേഷു | നാനാപ്രാണികളിൽ |
| അവഹിതഃ | അവസ്ഥിതനായി— |
| സുഹൃത് | ഉററബന്ധുവായി— |
| അന്തരാത്മാ | അന്തര്യാമിയായി— |
| ഏകഃ | ഏകനായിരിക്കുന്ന നിന്തിരുവടി |
| അസദലഭ്യയാ | അസത്തുക്കൾക്ക് അസുലഭമായും |
| സർവ്വഭൂതദയയാ | സകല ജീവരാശികളിലും സമാനകമ്പയുണ്ടാവുക എന്നതുമായ പരമപ്രേമത്താൽ |
| യത് അതിപ്രസീദതി | ഏതുപ്രകാരം ഏററെ പ്രസാദിക്കുന്നുവോ, |
| തഥാ | അപ്രകാരം |
| ഹൃദി | മനസ്സിൽ |
| ബദ്ധകാമൈഃ | ആഗ്രഹംചെന്ന |
| സുരഗണൈഃ | ദേവസമൂഹങ്ങളാൽ |
| ഉപചിതോപചാരൈഃ | സമൃദ്ധമായ പൂജോപചാരങ്ങൾകൊണ്ട് |
| ആരാധിതഃ | ആരാധിക്കപ്പെട്ടവനായിട്ട് |
| ന | പ്രസാദിക്കുന്നില്ല. |

13 പുംസാമതോ വിവിധകർമ്മഭിരദ്ധ്വരാദ്യൈർ-
ദാനേന ചോഗ്രതപസാ വ്രതചര്യയാ ച
ആരാധനം ഭഗവതസ്തവ സത്ക്രിയാർത്ഥോ
ധർമ്മോഽർപ്പിതഃ കർഹിചിദ്ധ്രിയതേ ന യത്ര.

| | | | |
|---|---|---|---|
| അതഃ | ഇതു ഹേതുവായിട്ട്, | ഭഗവതഃ | സർവ്വൈശ്വര്യനിധിയായ |
| പുംസാം | (വിവേകികളായ) ജനങ്ങളുടെ | തവ | നിന്തിരുവടിയുടെ |
| | | ആരാധനം | ഉപാസന മാത്രമാണ് |
| അദ്ധ്വരാദ്യൈഃ | യാഗാദികളായ | സത്ക്രിയാർത്ഥഃ | ഉത്തമമായക്രിയാഫലം; |
| വിവിധകർമ്മഭിഃ | നാനാകർമ്മങ്ങളാം കൊണ്ടും, | യത്ര | യാതൊരുവനിൽ |
| | | അർപ്പിതഃ | സമർപ്പിക്കപ്പെട്ടതായ |
| ദാനേന ച | ദാനംകൊണ്ടും | ധർമ്മഃ | സത്കർമ്മം |
| ഉഗ്രതപസാ | കഠിനതപസ്സുകൊണ്ടും, | കർഹിചിത് | ഒരിക്കലും |
| വ്രതചര്യയാ ച | വ്രതാനുഷ്ഠാനംകൊണ്ടും | ന ഹ്രിയതേ | പാഴാകയില്ല. |

ഭേദഭാവന തീരാതെ ജീവന്ന് സംസൃതിയിൽനിന്നു മോചനമില്ല. ശാസ്ത്രവിവേകംകൊണ്ടോ, സകാമഭക്തികൊണ്ടോ, ഭേദഭാവന തീരുന്നതുമല്ല. അതിന്ന് സർവ്വകർമ്മഫലങ്ങളേയും സർവ്വേശ്വരങ്കൽ സമർപ്പണം ചെയ്തുകൊണ്ടുള്ളതും സർവ്വഭൂതദയാധിഷ്ഠിതവും ആയ നിഷ്കാമഭക്തിയോഗത്തെ സമാശ്രയിക്കുകയാണ് വേണ്ടതു്. ഇത്രയും പറഞ്ഞുറപ്പിച്ചതിൽപ്പിന്നെ ബ്രഹ്മാവ് താഴെയുള്ള 8 ശ്ലോകംകൊണ്ട് ഭഗവാനെ നമസ്കരിക്കുന്നു.

14 ശശ്വത്സ്വരൂപമഹസൈവ നിപീതഭേദ-
മോഹായ ബോധധിഷണായ നമഃ പരസ്മൈ
വിശ്വോദ്ഭവസ്ഥിതിലയേഷു നിമിത്തലീലാ-
രാസായ തേ നമ ഇദം ചകൃമേശ്വരായ.

| | | | |
|---|---|---|---|
| ശശ്വത്-സ്വരൂപ-മഹസാ ഏവ | എന്നെന്നും സ്വകീയരൂപചൈതന്യത്താൽ തന്നെ | വിശ്വോദ്ഭവ-സ്ഥിതിലയേഷു | പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങളിൽ |
| നിപീതഭേദ-മോഹായ | അകററപ്പെട്ടിരിക്കുന്ന ഭേദവിഭ്രാന്തിയോടുകൂടിയവനും | നിമിത്ത-ലീലാരാസായ | ഹേതുഭൂതമായ മായാവിലാസത്തിന്റെ വിളയാട്ടം ചേർന്നവനും |
| ബോധ-ധിഷണായ | ബോധമാവുന്ന വിദ്യാശക്തിയോടുകൂടിയവനുമായ | ഈശ്വരായ | സർവ്വനിയന്താവുമായ |
| | | തേ | നിന്തിരുവടിക്ക് |
| പരസ്മൈ | പരമപുരുഷന്ന് | ഇദം നമഃ | ഇതാ നമസ്കാരത്തെ |
| നമഃ | നമസ്കാരം | ചകൃമ | അർപ്പിച്ചിരിക്കുന്നു. |

15 യസ്യാവതാരഗുണകർമ്മവിഡംബനാനി
നാമാനി യേഽസുവിഗമേ വിവശാ ഗൃണന്തി
തേ നൈകജന്മശമലം സഹസൈവ ഹിത്വാ
സംയാന്ത്യപാവൃതമൃതം തമജം പ്രപദ്യേ.

| | |
|---|---|
| യസ്യ | യാതൊരുവന്റെ |
| അവതാര-ഗുണകർമ്മ-വിഡംബനാനി | അവതാരങ്ങളും—ഗുണങ്ങളും—പ്രവൃത്തികളും എന്നിവയുടെ അനുകരണങ്ങളായ |
| നാമാനി | തിരുനാമങ്ങളെ |
| അസുവിഗമേ | പ്രാണപ്രയാണസമയത്തിൽ |
| യേ | യാതൊരുവർ |
| വിവശാഃ | വിവശരായിട്ടെങ്കിലും |
| ഗൃണന്തി | ഉച്ചരിക്കുന്നുവോ, |
| തേ | അവർ |
| സഹസാ ഏവ | പെട്ടെന്നുതന്നെ |
| നൈകജന്മ-ശമലം | ബഹുജന്മാർജ്ജിതമായ ദുഷ്കൃതത്തെ |
| ഹിത്വാ | ഉപേക്ഷിച്ച്, |
| അപാവൃതം | ആവരണമില്ലാത്ത |
| ഋതം | സത്യബ്രഹ്മത്തെ |
| സംയാന്തി | പ്രാപിക്കുന്നു— |
| തം അജം | ആ ജന്മരഹിതനെ |
| പ്രപദ്യേ | ഞാൻ ശരണം പ്രാപിക്കുന്നു. |

16 യോ വാ അഹം ച ഗിരിശശ്ച വിഭുഃ സ്വയം ച
സ്ഥിത്യുദ്ഭവപ്രളയഹേതവ ആത്മമൂലം
ഭിത്വാ ത്രിപാദ്വവൃധ ഏക ഉരുപ്രരോഹ-
സ്തസ്മൈ നമോ ഭഗവതേ ഭുവനദ്രുമായ.

| | |
|---|---|
| ഏകഃ | ഒന്നുമാത്രമായ |
| യഃ വൈ | യാതൊന്നുതന്നെയാണോ, |
| ആത്മമൂലം | തന്റെ മരടിനെ |
| ഭിത്വാ | പിരിച്ച് * |
| സ്ഥിത്യുദ്ഭവ-പ്രളയഹേതവഃ | രക്ഷയ്ക്കും സൃഷ്ടിയ്ക്കും സംഹാരത്തിന്നും കാരണഭൂതരായി നില്ക്കുന്ന |
| വിഭുഃ ച | വിഷ്ണുവായും |
| അഹം ച | ഞാനായും |
| ഗിരിശഃ ച | ശിവനായും |
| സ്വയം | ഇവ്വിധം തന്നെത്താൻ |
| ത്രിപാത് | മൂന്നു ഗുണപ്പുകളോടും |
| ഉരുപ്രരോഹഃ | അനേകം ശാഖോപശാഖകളോടുംകൂടി |
| വവൃധേ | വളർന്നുനില്ക്കുന്നതു്, |
| തസ്മൈ | അങ്ങനെയുള്ള |
| ഭുവനദ്രുമായ | വിശ്വവൃക്ഷമായ |
| ഭഗവതേ | ഭഗവാനായിക്കൊണ്ടു് |
| നമഃ | നമസ്കാരം |

* ആത്മമൂലം ഭിത്വാ—താൻതന്നെ അധിഷ്ഠാനമായ മൂലപ്രകൃതിയെ സത്വാദി ഗുണത്രയഭേദേന പിരിച്ച് എന്നു് ആശയം.

17 ലോകോ വികർമ്മനിരതഃ കുശലേ പ്രമത്തഃ
കർമ്മണ്യയം ത്വദുദിതേ ഭവദർച്ചനേ സ്വേ
യസ്താവദസ്യ ബലവാനിഹ ജീവിതാശാം
സദ്യശ്ഛിനത്ത്യനിമിഷായ നമോഽസ്തു തസ്മൈ.

| | | | |
|---|---|---|---|
| അയം ലോകഃ | ഈ ലോകം | താവത് | കാലത്തോളം |
| ത്വദുദിതേ | ഭവാനാൽ ഉപദേശിക്കപ്പെട്ടിരിക്കുന്നതും | അസ്യ | ഇതിന്റെ |
| | | ഇഹ | ഇങ്ങുള്ള |
| ഭവദർച്ചനേ | ഭവാന്റെ ഉപാസനാരൂപമായുള്ളതും ആയ | ജീവിതാശാം | ജീവിതാഭിലാഷത്തെ |
| | | ബലവാൻ | കരുത്തുള്ള |
| സ്വേ കുശലേ | സ്വന്തം ക്ഷേമംകരമായ | യഃ | യാതൊരുവൻ |
| കർമ്മണി | കർമ്മത്തിൽ | സദ്യഃ | പെട്ടെന്നു് |
| പ്രമത്തഃ | ശ്രദ്ധിക്കാതെയും, | ഛിനത്തി | അറുത്തിടുന്നുവോ, |
| വികർമ്മനിരതഃ | വിരുദ്ധകർമ്മത്തിൽ താല്പര്യത്തോടുകൂടിയും ഇരിക്കുന്ന | അനിമിഷായ | കാലസ്വരൂപനായ |
| | | തസ്മൈ | ആ നിന്തിരുവടിക്കു് |
| | | നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. |

18 യസ്മാദ്ബിഭേമ്യഹമപി ദ്വിപരാർദ്ധധിഷ്ണ്യ-
മധ്യാസിതഃ സകലലോകനമസ്കൃതം യത്
തേപേ തപോ ബഹുസവോऽവരുരുത്സമാന-
സ്തസ്മൈ നമോ ഭഗവതേऽധിമഖായ തുഭ്യം.

| | | | |
|---|---|---|---|
| യസ്മാത് | യാതൊരു കാലാത്മാവായ നിന്തിരുവടിയിൽനിന്നു് | അവരുരുത്സമാനഃ | അങ്ങയെ അകമെ അവരോധിപ്പാനാഗ്രഹിച്ചുകൊണ്ടു് |
| സകലലോകനമസ്കൃതം | സമസ്തലോകനമസ്കൃതവും | ബഹുസവഃ | അനേക യജ്ഞാനുഷ്ഠാനത്തോടുകൂടിയവനായിട്ടു് |
| ദ്വിപരാർദ്ധധിഷ്ണ്യം | രണ്ടു പരാർദ്ധകാലംവരെ അഴിയാതെ നിലകൊള്ളുന്നതുമായ സ്ഥാനത്തെ | തപഃ തേപേ | ഞാൻ തപസ്സാചരിച്ചു; |
| അധ്യാസിതഃ | അധിവസിച്ചിരിക്കുന്ന | അധിമഖായ | യജ്ഞാധിഷ്ഠാനദേവനും |
| അഹം അപി | ഞാനുംകൂടി | ഭഗവതേ | സർവ്വജ്ഞതാനിധിയുമായ |
| ബിഭേമി | ഭയപ്പെടുന്നു; | തസ്മൈ തുഭ്യം | ആ നിന്തിരുവടിക്കായി |
| യത് | ആകയാൽ, | നമഃ | നമസ്കാരം. |

19 തിര്യങ്മനുഷ്യവിബുധാദിഷു ജീവയോനി-
ഷ്വാത്മേച്ഛയാത്മകൃതസേതുപരീപ്സയാ യഃ
രേമേ നിരസ്തരതിരപ്യവരുദ്ധദേഹ-
സ്തസ്മൈ നമോ ഭഗവതേ പുരുഷോത്തമായ.

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ആത്മേച്ഛയാ | സ്വന്തം ഇഷ്ടപ്രകാരം |
| ആത്മകൃതസേതുപരീപ്സയാ | തന്നാൽ ആവിഷ്കൃതമായ ധർമ്മമര്യാദകളെ പാലിക്കുവാനുള്ള ഇച്ഛ ഹേതുവായി, | തിര്യങ്മനുഷ്യവിബുധാദിഷു | തിര്യക്കുകൾ—മനുഷ്യർ—ദേവകൾ എന്നു തുടങ്ങിയുള്ള |
| | | ജീവയോനിഷു | ജീവയോനികളിൽ |

| | |
|---|---|
| അവരുദ്ധദേഹഃ | സ്വീകരിക്കപ്പെട്ട ശരീരത്തോടുകൂടിയവനായവതരിച്ച്, |
| നിരസ്തരതിഃ അപി | വിഷയസുഖാനുഭവം തീണ്ടാത്തവനാണെങ്കിലും |
| രേമേ | വിഹരിച്ചുവോ, |
| തസ്മൈ പുരുഷോത്തമായ | ആ പുരുഷോത്തമനായ (മായോപാധിധർമ്മങ്ങളോടു ചേരാത്ത) |
| ഭഗവതേ | ഭഗവാനായിക്കൊണ്ട് |
| നമഃ | നമസ്കാരം. |

20 യോഽവിദ്യയാനുപഹതോഽപി ദശാർദ്ധവൃത്ത്യാ
നിദ്രാമുവാഹ ജഠരീകൃതലോകയാത്രഃ
അന്തർജലേ ഹികശിപുസ്പർശാനുകൂലാം
ഭീമോർമ്മിമാലിനി ജനസ്യ സുഖം വിവൃണ്വൻ

21 യന്നാഭിപത്മഭവനാദഹമാസമീഡ്യ
ലോകത്രയോപകരണോ യദനുഗ്രഹേണ
തസ്മൈ നമസ്ത ഉദരസ്ഥഭവായ യോഗ-
നിദ്രാവസാനവികസന്നളിനേക്ഷണായ.

| | |
|---|---|
| യഃ | യാതൊരുവൻ |
| ദശാർദ്ധവൃത്ത്യാ | പഞ്ചവൃത്തികളോടുകൂടിയ |
| അവിദ്യയാ | അവിദ്യ (മായ) യാൽ |
| അനുപഹതഃ അപി | ബാധിതനാകുന്നില്ലെങ്കിലുംകൂടി |
| ജഠരീകൃതലോകയാത്രഃ | ഉള്ളിലൊതുക്കിയ പ്രപഞ്ചപ്രസരത്തോടുകൂടിയവനായിട്ട്, |
| ഭീമോർമ്മിമാലിനി | ഭയങ്കരങ്ങളായ തിരമാലകളുള്ള |
| അന്തർജലേ | ജലമദ്ധ്യത്തിൽ |
| അഹികശിപുസ്പർശാനുകൂലാം | സർപ്പമെത്തയുടെ സ്പർശത്തിന്നൊത്തവിധത്തിലുള്ള |
| നിദ്രാം | നിദ്രയെ |
| ജനസ്യ | ജീവരാശിയുടെ |
| സുഖം | വിശ്രമാനന്ദത്തെ |
| വിവൃണ്വൻ | വ്യക്തമാക്കിക്കൊണ്ട് |
| ഉവാഹ | വഹിച്ചിരിക്കുന്നുവോ;— |
| ഈഡ്യ | ഹേ കീർത്തനീയ! |
| യദനുഗ്രഹേണ | യാതൊരുവന്റെ അനുഗ്രഹത്താൽ, |
| യന്നാഭിപത്മഭവനാത് | യാതൊരുവന്റെ നാഭികമലമാവുന്ന ഭവനത്തിൽനിന്ന് |
| ലോകത്രയോപകരണഃ | മൂന്നുലോകവും ഉപകരണമായിരിക്കുന്ന |
| അഹം ആസം | ഞാൻ ഉത്ഭവിച്ചുവോ, |
| തസ്മൈ | അങ്ങനെയുള്ളവനും |
| ഉദരസ്ഥഭവായ | ഉദരത്തിൽ സ്ഥിതിചെയ്യുന്ന സംസാരസമുച്ചയത്തോടുകൂടിയവനും, |
| യോഗനിദ്രാവസാനവികസന്നളിനേക്ഷണായ | യോഗനിദ്രയുടെ അവസാനത്തിങ്കൽ വികസിക്കുന്ന താമരക്കണ്ണുകളോടുകൂടിയവനുമായ |
| തേ നമഃ | അവിടുത്തേക്കു നമസ്കാരം |

ഇപ്രകാരം സ്തുതിച്ചതിൽപ്പിന്നെ ബ്രഹ്മാവ് സ്വാഭീഷ്ടത്തെ പ്രാർത്ഥിച്ചുകൊണ്ട് പറഞ്ഞതാണ് താഴെയുള്ള 4 ശ്ലോകങ്ങൾ.—

22 സോഽയം സമസ്തജഗതാം സുഹൃദേക ആത്മാ
സത്ത്വേന യന്മൃഡയതേ ഭഗവാൻ ഭഗേന
തേനൈവ മേ ദൃശമനുസ്പൃശതാദ്യഥാഹം
സ്രക്ഷ്യാമി പൂർവ്വവദിദം പ്രണതപ്രിയോഽസൌ.

| | | | |
|---|---|---|---|
| സമസ്തജഗതാം | സർവ്വലോകങ്ങൾക്കും | തേന ഏവ | അതുകൊണ്ടുതന്നെ |
| സുഹൃത് | ഹിതകാരിയായും | മേ ദൃശം | എന്റെ പ്രജ്ഞാദൃഷ്ടിയെ |
| ഏകഃ | ഏകസ്വരൂപനായ | അനുസ്പൃശതാത് | അനുസ്പർശിക്കണേ! |
| ആത്മാ | അന്തര്യാമിയായും വർത്തിക്കുന്ന | യഥാ | ഏതുവിധമായാൽ |
| സഃ അയം | ആ ഇക്കാണുന്ന | അഹം ഇദം | ഞാൻ ഈ വിശ്വത്തെ |
| ഭഗവാൻ | നിന്തിരുവടി | പൂർവ്വവത് | മുൻപടിക്ക് |
| യത് | യാതൊരു | സ്രക്ഷ്യാമി | വീണ്ടും സൃഷ്ടിക്കുമോ, ആ വിധത്തിൽ – |
| സത്ത്വേന | ജ്ഞാനത്താലും | | |
| ഭഗേന | ഐശ്വര്യത്താലും | അസൌ | ഇവിടുന്ന് |
| മൃഡയതേ | വിശ്വത്തെ സുഖിപ്പിക്കുന്നുവോ, | പ്രണതപ്രിയഃ | വണക്കമുള്ളവരിൽ ഇണക്കമുള്ളവനാണല്ലോ. |

23 ഏഷ പ്രപന്നവരദോ രമയാഽത്മശക്ത്യാ
യദ്യദ് കരിഷ്യതി ഗൃഹീതഗുണാവതാരഃ
തസ്മിൻ സ്വവിക്രമമിദം സൃജതോപി ചേതോ
യുഞ്ജീത കർമ്മശമലം ച യഥാ വിജഹ്യാം

| | | | |
|---|---|---|---|
| പ്രപന്നവരദഃ | ശരണാഗതന്മാർക്ക് വരദാനം ചെയ്യുന്ന | സ്വവിക്രമം | സ്വപ്രഭാവത്തിന്ന് ആസ്പദമായ |
| ഏഷഃ | ഈ ഭഗവാൻ | ഇദം | ഈ വിശ്വത്തെ |
| ആത്മശക്ത്യാ | തന്റെ ശക്തിയായ | സൃജതഃ അപി | സൃഷ്ടിചെയ്യുന്നവനാണെങ്കിലും |
| രമയാ | ലക്ഷ്മീദേവിയോടുകൂടി | ചേതഃ | മനസ്സിനെ |
| ഗൃഹീതഗുണാവതാരഃ | സ്വീകരിക്കപ്പെട്ട ഗുണാവതാരങ്ങളോടുകൂടിയവനായിട്ട് | യുഞ്ജീത | ചേർക്കുമാറാകണം; |
| | | യഥാ | ഏതുവിധമായാൽ |
| യത് യത് | യാതൊന്ന് യാതൊന്ന് | കർമ്മശമലം | കർമ്മത്തേയും തൽകൃതമായ ദോഷത്തേയും |
| കരിഷ്യതി | ചെയ്യാൻപോകുന്നുവോ, | വിജഹ്യാം ച | ഞാൻ വിട്ടുകളയുമോ, അവ്വിധത്തിൽ– |
| തസ്മിൻ | അതിൽ | | |

24 നാഭിഹ്രദാദിഹ സതോംഭസി യസ്യ പുംസോ
വിജ്ഞാനശക്തിരഹമാസമനന്തശക്തിഃ
രൂപം വിചിത്രമിദമസ്യ വിവൃണ്വതോ മേ
മാ രീരിഷീഷ്ട നിഗമസ്യ ഗിരാം വിസർഗ്ഗഃ

| | | | |
|---|---|---|---|
| ഇഹ | ഇവിടെ | അസ്യ | ഈ പുമാന്റെ തന്നെ |
| അംഭസി | ജലത്തിൽ | വിചിത്രം | വിവിധമായ |
| സതഃ | വർത്തിക്കുന്നവനും | ഇദം രൂപം | ഈ സ്വരൂപത്തെ |
| അനന്തശക്തേഃ | അളവററ ശക്തിയോടു<br>കൂടിയവനുമായ | വിവൃണ്വതഃ | പ്രകാശനംചെയ്യുന്ന |
| | | മേ | എനിക്കു് |
| യസ്യ പുംസഃ | യാതൊരു പുമാന്റെ | നിഗമസ്യ | വേദത്തിന്റെ<br>(അവയവങ്ങളായ) |
| നാഭിഹ്രദാദ് | നാഭിക്കയത്തിൽനിന്നു് | | |
| വിജ്ഞാന-<br>ശക്തിഃ | വിജ്ഞാനാധിഷ്ഠിതമാ<br>യ ശക്തിയോടുകൂടിയ | ഗിരാം | വചനങ്ങളുടെ |
| | | വിസർഗ്ഗഃ | ഉച്ചാരണം |
| അഹം ആസം | ഞാൻ ഉത്ഭവിച്ചുവോ, | മാ രീരിഷീഷ്ട | വിട്ടുപോകാതിരിക്കണം |

25 സോഽസാവദഭ്രകരുണോ ഭഗവാൻ വിവൃദ്ധ-
പ്രേമസ്മിതേന നയനാംബുരുഹം വിജൃംഭൻ
ഉത്ഥായ വിശ്വവിജയായ ച നോ വിഷാദം
മാധ്വ്യാ ഗിരാഽപനയതാത് പുരുഷഃ പുരാണഃ

| | | | |
|---|---|---|---|
| അദഭ്രകരുണഃ | മഹാകാരുണികനും | വിശ്വവി-<br>ജയായ ച | വിശ്വത്തിന്റെ ഉൽപ<br>ത്തിക്കായിക്കൊണ്ടും<br>മററും |
| പുരാണഃ | ആദിമനായ | | |
| പുരുഷഃ | പുരുഷനും ആയ | | |
| സഃ അസൌ | ആ ഇക്കാണായ | ഉത്ഥായ | എഴുന്നേററിരുന്നു്, |
| ഭഗവാൻ | നിന്തിരുവടി | നഃ | നമ്മുടെ |
| വിവൃദ്ധ-<br>പ്രേമസ്മിതേന | വദ്ധിച്ച സ്നേഹത്തോ<br>ടൊത്ത പുഞ്ചിരിയാൽ | വിഷാദം | ദുഃഖത്തെ |
| | | മാധ്വ്യാ | തേനോലുന്ന |
| നയനാം-<br>ബുരുഹം | താമരപ്പൂപോലുള്ള<br>നേത്രത്തെ | ഗിരാ | മൊഴിയാൽ |
| വിജൃംഭൻ | വികസിപ്പിച്ചുകൊണ്ടു് | അപനയതാത് | അകററണമേ ! |

പൂർവ്വകല്പത്തിലെന്നപോലെ സൃഷ്ടികർമ്മം നിർവ്വഹിക്കുവാനുള്ള അറിവും കഴിവും തനിക്കു നല്കണമെന്നും, കർമ്മത്തിൽ പ്രവൃത്തനാകുമ്പോൾ സംഭവിക്കാവുന്ന ദോഷം തന്നെ ബാധിക്കരുതെന്നും, വേദവിസ്മൃതിയുണ്ടാകരുതെന്നും പ്രാർത്ഥിച്ചശേഷം ഭഗവദ്വചനം കേൾക്കുവാനുള്ള ആഗ്രഹംകൂടി പ്രകടിപ്പിച്ചു് ബ്രഹ്മാവു് വിരമിക്കുന്നു.

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

26 സ്വസംഭവം നിശാമ്യൈവം തപോവിദ്യാസമാധിഭിഃ
യാവന്മനോവചഃ സ്തുത്വാ വിരരാമ സ ഖിന്നവത്

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സ്വസംഭവം | തന്റെ കാരണഭൂതനെ |
| തപോവിദ്യാ-<br>സമാധിഭിഃ | തപസ്സും ഉപാസനയും<br>ഏകാഗ്രഭാവനയും<br>കൊണ്ടു് | നിശാമ്യ | കണ്ടിട്ടു്, |
| | | സഃ | ആ ബ്രഹ്മദേവൻ |

| | |
|---|---|
| യാവന്മനോവചഃ | മനസ്സിനും വാക്കിനും കഴിവുള്ളേടത്തോളം |
| സ്തുത്വാ | സ്തുതിച്ചശേഷം |
| ഖിന്നവത് | തളൎന്നവനെന്നപോലെ |
| വിരരാമ | വിരമിച്ചു. |

27 അഥാഭിപ്രേതമന്വീക്ഷ്യ ബ്രഹ്മണോ മധുസൂദനഃ
വിഷണ്ണചേതസം തേന കല്പവ്യതികരാംഭസാ

28 ലോകസംസ്ഥാനവിജ്ഞാന ആത്മനഃ പരിഖിദ്യതഃ
തമാഹാഗാധയാ വാചാ കശ്മലം ശമയന്നിവ.

| | |
|---|---|
| അഥ | അനന്തരം |
| മധുസൂദനഃ | ശ്രീമന്നാരായണൻ |
| ആത്മനഃ | തന്റെ |
| ലോകസംസ്ഥാനവിജ്ഞാനേ | പ്രപഞ്ചരൂപീകരണ പരിജ്ഞാനവിഷയത്തിൽ |
| പരിഖിദ്യതഃ | പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന |
| ബ്രഹ്മണഃ | ബ്രഹ്മദേവന്റെ |
| അഭിപ്രേതം | അഭിപ്രായത്തെ |
| അന്വീക്ഷ്യ | മനസ്സിലാക്കി, |
| തേന കല്പവ്യതികരാംഭസാ | ആ കല്പപരിവൎത്തനകാലത്തിലെ ജലത്താൽ |
| വിഷണ്ണചേതസം | ദുഃഖിതചിത്തനായുള്ള |
| തം | അദ്ദേഹത്തോട് |
| കശ്മലം | മനഃസമ്മോഹത്തെ |
| ശമയൻ ഇവ | മിക്കതും ശമിപ്പിച്ചുകൊണ്ട് |
| അഗാധയാ | ആഴംചെന്ന |
| വാചാ | മൊഴിയാൽ |
| ആഹ | അരുളിച്ചെയ്തു |

ശ്രീഭഗവാനുവാച — ശ്രീഭഗവാനരുളിച്ചെയ്തു :

29 മാ വേദഗർഭ ഗാസ്തന്ദ്രീം സൎഗ്ഗ ഉദ്യമമാവഹ
തന്മയാഽപാദിതം ഹ്യഗ്രേ യന്മാം പ്രാൎത്ഥയതേ ഭവാൻ

| | |
|---|---|
| വേദഗർഭ | ഹേ വേദഗർഭ ! |
| തന്ദ്രീം | ആലസ്യത്തെ |
| മാ ഗാഃ | പ്രാപിക്കരുത് |
| സൎഗ്ഗേ | സൃഷ്ടികൎമ്മത്തിൽ |
| ഉദ്യമം | ഉത്സാഹത്തെ |
| ആവഹ | കൈക്കൊള്ളുക |
| ഭവാൻ മാം | അങ്ങ് എന്നോട് |
| യത് | യാതൊന്നിനെ |
| പ്രാൎത്ഥയതേ | പ്രാൎത്ഥിക്കുന്നുവോ, |
| തത് മയാ | അത് എന്നാൽ |
| അഗ്രേ ഹി | മുൻകൂട്ടിത്തന്നെ |
| ആപാദിതം | ഉണ്ടാക്കപ്പെട്ടതാണ്. |

30 ഭൂയസ്ത്വം തപ ആതിഷ്ഠ വിദ്യാം ചൈവ മദാശ്രയാം
താഭ്യാമന്തർഹൃദി ബ്രഹ്മൻ ലോകാൻ ദ്രക്ഷ്യസ്യപാവൃതാൻ.

| | |
|---|---|
| ബ്രഹ്മൻ ത്വം | ഹേ ബ്രഹ്മൻ ! അങ്ങ് |
| തപഃ | തപസ്സിനേയും |
| മദാശ്രയാം | എന്നെ ആശ്രയിച്ചുള്ള |
| വിദ്യാം ച ഏവ | ഉപാസനയേയും |
| ഭൂയഃ | വീണ്ടും |
| ആതിഷ്ഠ | അനുഷ്ഠിക്കുക |
| താഭ്യാം | അവ രണ്ടിനാൽ |
| അപാവൃതാൻ | മറനീങ്ങിനില്ക്കുന്ന |
| ലോകാൻ | ലോകങ്ങളെ |
| അന്തർഹൃദി | ഹൃദയത്തിനുള്ളിൽ |
| ദ്രക്ഷ്യസി | കണ്ടുകൊള്ളും. |

31 തത ആത്മനി ലോകേ ച ഭക്തിയുക്തഃ സമാഹിതഃ
ദ്രഷ്ടാസി മാം തതം ബ്രഹ്മൻ മയി ലോകാംസ്ത്വമാത്മനഃ.

| | | | |
|---|---|---|---|
| ബ്രഹ്മൻ തതഃ | ഹേ ബ്രഹ്മൻ! പിന്നെ, | മാം | എന്നേയും, |
| ഭക്തിയുക്തഃ | ഭക്തിയുക്തനും | മയി | എന്നിൽ അടങ്ങിയ |
| സമാഹിതഃ | ഏകാഗ്രചിത്തനുമായിട്ട് | ലോകാൻ | ലോകങ്ങളേയും |
| ആത്മനി | തന്നിലും | ആത്മനഃ | ജീവന്മാരേയും |
| ലോകേ ച | ലോകത്തിലും | | |
| തതം | വ്യാപിച്ചിരിക്കുന്ന | ത്വം ദ്രഷ്ടാസി | അങ്ങ് കണ്ടുകൊള്ളും. |

32 യദാ തു സൎവ്വഭൂതേഷു ദാരുഷ്വഗ്നിമിവ സ്ഥിതം
പ്രതിചക്ഷീത മാം ലോകോ ജഹ്യാത്തൎഹ്യേവ കശ്മലം.

| | | | |
|---|---|---|---|
| ദാരുഷു | ശമീവൃക്ഷങ്ങളിൽ ഉറ<br>ച്ചിരിക്കുന്ന | യദാ തു | എപ്പോൾ മാത്രം |
| അഗ്നിം ഇവ | അഗ്നിയെപ്പോലെ | പ്രതിചക്ഷീത | ആരാഞ്ഞുകാണുമോ, |
| സൎവ്വഭൂതേഷു | സമസ്തഭൂതങ്ങളിലും | തൎഹി ഏവ | അപ്പോൾതന്നെ |
| സ്ഥിതം | അന്തൎയ്യാമിയായി നില്ക്കു[ന്ന | കശ്മലം | കൎമ്മജമായ പുണ്യപാ<br>പത്തേയും |
| മാം | എന്നെ | | |
| ലോകഃ | ലോകം | ജഹ്യാത് | ഉപേക്ഷിക്കുന്നതാണ്. |

33 യദാ രഹിതമാത്മാനം ഭൂതേന്ദ്രിയഗുണാശയൈഃ
സ്വരൂപേണ മയോപേതം പശ്യൻ സ്വാരാജ്യമൃച്ഛതി.

| | | | |
|---|---|---|---|
| ഭൂതേന്ദ്രിയ-<br>ഗുണാശയൈഃ | ഭൂതങ്ങൾ—ഇന്ദ്രിയങ്ങൾ-<br>ഗുണങ്ങൾ—അന്തഃകര<br>ണം എന്നിവയോട് | മയാ | എന്നോട് (തത്പദാ<br>ൎത്ഥത്തോട്) |
| | | ഉപേതം | ഏകീഭവിച്ചതായി |
| രഹിതം | ചേരാതെയുള്ള | പശ്യൻ | കാണുന്നവനാകുന്നു് |
| ആത്മാനം | ജീവാത്മാവിനെ (വിശു<br>ദ്ധമായ ത്വംപദാൎത്ഥത്തെ) | യദാ | എപ്പോഴാണോ,<br>അപ്പോൾ |
| സ്വരൂപേണ | തന്റെ ആത്മസ്വരൂപ<br>മായ | സ്വാരാജ്യം<br>ഋച്ഛതി | മോക്ഷപദവിയെ<br>പ്രാപിക്കുന്നു |

34 നാനാകൎമ്മവിതാനേന പ്രജാ ബഹ്വീഃ സിസൃക്ഷതഃ
നാത്മാവസീദത്യസ്മിംസ്തേ വൎഷീയാൻ മദനുഗ്രഹഃ

| | | | |
|---|---|---|---|
| നാനാകൎമ്മ-<br>വിതാനേന | പലതരം കൎമ്മങ്ങളുടെ<br>പരപ്പിലൂടെ | ആത്മാ | അന്തഃകരണം |
| ബഹ്വീഃ | അനേകാനേകം | അസ്മിൻ | ഇതിൽ |
| പ്രജാഃ | പ്രജകളെ | ന അവസീദതി | തളരുന്നതല്ല. |
| സിസൃക്ഷതഃ | സൃഷ്ടിക്കുവാനിച്ഛിക്കുന്ന | മദനുഗ്രഹഃ | എന്റെ അനുഗ്രഹം |
| തേ | അങ്ങയുടെ | വൎഷീയാൻ | ഊട്ടമുറ്റതാകുന്നു. |

35 ഋഷിമാദ്യം ന ബധ്നാതി പാപീയാംസ്ത്വാം രജോഗുണഃ
യന്മനോ മയി നിർബ്ബദ്ധം പ്രജാഃ സംസൃജതോഽപി തേ

| | | | |
|---|---|---|---|
| പാപീയാൻ | പാപം പെരുകിയ | യത് | എന്തുകൊണ്ടെന്നാൽ |
| രജോഗുണഃ | രജോഗുണം | പ്രജാഃ | പ്രജകളെ |
| ആദ്യം | ആദിമനായ | സംസൃജതഃ | സൃഷ്ടിക്കുന്നവനെങ്കിലും |
| ഋഷിം | ഋഷിയായുള്ള | അപി തേ | കൂടി അങ്ങയുടെ |
| ത്വാം | അങ്ങയെ | മനഃ മയി | മനസ്സ് എന്നിൽ |
| ന ബധ്നാതി | ബന്ധിക്കുന്നതല്ല | നിർബ്ബദ്ധം | തികച്ചും ബദ്ധമാണ്. |

36 ജ്ഞാതോഽഹം ഭവതാ ത്വദ്യ ദുർവിജ്ഞേയോഽപി ദേഹിനാം
യന്മാം ത്വം മന്യസേഽയുക്തം ഭൂതേന്ദ്രിയഗുണാത്മഭിഃ

| | | | |
|---|---|---|---|
| അഹം | ഞാൻ | മാം ത്വം | എന്നെ അങ്ങ് |
| ദേഹിനാം | ശരീരികൾക്ക് | ഭൂതേന്ദ്രിയ- | ഭൂതങ്ങൾ-ഇന്ദ്രിയങ്ങൾ- |
| ദുർവിജ്ഞേയഃ | അറിയപ്പെടുവാൻ കഴി | ഗുണാത്മഭിഃ | സത്വാദിഗുണങ്ങൾ-അ |
| അപി | യാത്തവനാണെങ്കിലും | | ഹംകാരം ഇവയോട് |
| ഭവതാ തു | അങ്ങയാലാകട്ടെ | | |
| അദ്യ ജ്ഞാതഃ | ഇന്ന് അറിയപ്പെട്ടു | അയുക്തം | ബന്ധമില്ലാത്തവനായിട്ട് |
| യത് | എന്തെന്നാൽ | മന്യസേ | കരുതുന്നുണ്ട്. |

37 തുഭ്യം മദ്വിചികിത്സായാമാത്മാ മേ ദർശിതോഽബഹിഃ
നാളേന സലിലേ മൂലം പുഷ്കരസ്യ വിചിന്വതഃ

| | | | |
|---|---|---|---|
| മദ്വിചികി- | എന്നെക്കുറിച്ചുള്ള സ | വിചിന്വതഃ | ആരാഞ്ഞുകൊണ്ടിരുന്ന |
| ത്സായാം | ന്ദേഹമുണ്ടായപ്പോൾ, | | അങ്ങയുടെ |
| നാളേന | താമരത്തണ്ടിലൂടെ | അബഹിഃ | ഉൾത്തടത്തിൽ |
| സലിലേ | വെള്ളത്തിൽ | തുഭ്യം | അങ്ങേയ്ക്കായിക്കൊണ്ട് |
| പുഷ്കരസ്യ | താമരയുടെ | മേ ആത്മാ | എന്നാൽ മൽസ്വരൂപം |
| മൂലം | മുരടിനെ | ദർശിതഃ | കാട്ടിത്തരപ്പെട്ടു |

38 യച്ചകർത്ഥാംഗ മത്സ്തോത്രം മത്കഥാഭ്യുദയാങ്കിതം
യദ്വാ തപസി തേ നിഷ്ഠാ സ ഏഷ മദനുഗ്രഹഃ

| | | | |
|---|---|---|---|
| അംഗ | ഹേ ബ്രഹ്മൻ! | യത് | എന്നുള്ളതോ, |
| | | തേ തപസി | അങ്ങയുടെ തപസ്സിൽ |
| മത്കഥാ- | എന്റെ കഥാഭ്യുദയ | നിഷ്ഠാ | ഏകാഗ്രഭാവന |
| ഭ്യുദയാങ്കിതം | ത്താൽ അടയാളപ്പെട്ടതായ | യത് വാ | ഉണ്ടായെന്നതോ, |
| മത്സ്തോത്രം | എന്റെ സ്തുതിയെ | സഃ ഏഷഃ | ആ ഇതൊക്കെയും |
| ചകർത്ഥ | അങ്ങ് നിർവ്വഹിച്ചു | മദനുഗ്രഹഃ | എന്റെ അനുഗ്രഹമാണ്. |

39 പ്രീതോഹമസ്തു ഭദ്രം തേ ലോകാനാം വിജയേച്ഛയാ
യദസ്തൌഷീർഗുണമയം നിർഗുണം മാനുവർണ്ണയൻ.

| | | | |
|---|---|---|---|
| അഹം പ്രീതഃ | ഞാൻ സന്തുഷ്ടനാണു്. | ഗുണമയം | സഗുണനായിരിക്കുന്ന |
| തേ | അങ്ങേക്കു് | മാ | എന്നെ |
| ഭദ്രം അസ്തു | മംഗളം ഭവിക്കട്ടെ ! | നിർഗുണം | നിർഗുണനായി |
| യത് | എന്തെന്നാൽ, | അനുവർണ്ണയൻ | വർണ്ണിച്ചുകൊണ്ടു് |
| ലോകാനാം | ലോകങ്ങളുടെ | അസ്തൌഷീഃ | അങ്ങു സ്തുതിച്ചുവല്ലോ. |
| വിജയേച്ഛയാ | പരിപാലനേച്ഛമൂലം | | |

40 യ ഏതേന പുമാന്നിത്യം സ്തുത്വാ സ്തോത്രേണ മാം ഭജേത്
തസ്യാശു സംപ്രസീദേയം സർവ്വകാമവരേശ്വരഃ

| | | | |
|---|---|---|---|
| യഃ പുമാൻ | ഏതൊരാൾ | സർവ്വകാമ-വരേശ്വരഃ | എല്ലാ അഭീഷ്ടവരങ്ങളേയും നല്കുവാൻ കഴിവുള്ള ഞാൻ |
| നിത്യം | പതിവായിട്ടു് | | |
| ഏതേന സ്തോത്രേണ | ഈ സ്തോത്രംകൊണ്ടു് | ആശു തസ്യ | ശീഘ്രം അവനെക്കുറിച്ചു് |
| സ്തുത്വാ | സ്തുതിച്ചു് | | |
| മാം ഭജേത് | എന്നെ ഭജിക്കുമോ, | സംപ്രസീദേയം | പ്രസന്നനാകുന്നതാണു്. |

41 പൂർത്തേന തപസാ യജ്ഞൈർദാനൈർയോഗസമാധിനാ
രാദ്ധം നിഃശ്രേയസം പുംസാം മത്പ്രീതിസ്തത്ത്വവിന്മതം.

| | | | |
|---|---|---|---|
| പൂർത്തേന | വാപീകൂപാദി നിർമ്മാണങ്ങൾകൊണ്ടും, | രാദ്ധം | സിദ്ധമാകുന്ന |
| തപസാ | തപസ്സുകൊണ്ടും | നിഃശ്രേയസം | സൽഫലം |
| യജ്ഞൈഃ | യാഗങ്ങൾകൊണ്ടും | മത്പ്രീതിഃ | എന്റെ പ്രസാദം മാത്രമാകുന്നു |
| ദാനയോഗ-സമാധിനാ | ദാനം-യോഗം-സമാധി എന്നിവകൊണ്ടും | തത്ത്വവിന്മതം | തത്ത്വജ്ഞാനികളുടെ അഭിപ്രായമാണിതു്. |
| പുംസാം | ജനങ്ങൾക്കു | | |

42 അഹമാത്മാത്മനാം ധാതഃ പ്രേഷ്ഠഃ സൻ പ്രേയസാമപി
അതോ മയി രതിം കുര്യാദ്ദേഹാദിര്യത്കൃതേ പ്രിയഃ

| | | | |
|---|---|---|---|
| ധാതഃ അഹം | ഹേ ധാതാവേ ! ഞാൻ | സൻ | വിശുദ്ധനും ആകുന്നു. |
| ആത്മനാം | ജീവാത്മാക്കളുടെ | അതഃ മയി | ആകയാൽ, എന്നിൽ |
| ആത്മാ | ആത്മാവും, | രതിം | പ്രേമഭാവത്തെ |
| പ്രേയസാം അപി | അധികം പ്രിയപ്പെട്ടവരുടെ ഇടയിൽവെച്ചും | കുര്യാത് | അർപ്പിക്കണം |
| | | യത്കൃതേ | യാതൊരു ആത്മാവിന്നു വേണ്ടിയാണല്ലോ |
| പ്രേഷ്ഠഃ | അത്യധികം പ്രിയപ്പെട്ടവനും, | ദേഹാദിഃ | ദേഹം മുതലായതു് |
| | | പ്രിയഃ | പ്രേമാസ്പദമായിരിക്കുന്നതു് |

43 സർവ്വവേദമയേനേദമാത്മനാത്മാഽത്മയോനിനാ
പ്രജാഃ സൃജ യഥാപൂർവ്വം യാശ്ച മയ്യനുശേരതേ.

| | | | |
|---|---|---|---|
| ആത്മാ | സ്വയം ഞാൻതന്നെയായ താങ്കൾ | യാഃ | യാതൊന്നുകൾ |
| ആത്മയോനിനാ | എന്നിൽനിന്നുണ്ടായതും | മയി | എന്നിൽ |
| സർവ്വവേദമയേന | സമസ്തജ്ഞാനവിജ്ഞാനങ്ങളുടെ സ്വരൂപഭൂതമായതുമായ | അനുശേരതേ | ഒതുങ്ങിക്കിടക്കുന്നുവോ, |
| ആത്മനാ | തന്നെക്കൊണ്ടുതന്നെ, | പ്രജാഃ | ആ ജീവരാശികളേയും |
| | | ഇദം ച | ഈ ത്രൈലോക്യത്തേയും |
| | | യഥാപൂർവ്വം | മുൻപടിക്ക് |
| | | സൃജ | സൃഷ്ടിച്ചാലും |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

44 തസ്മാ ഏവം ജഗത്സ്രഷ്ട്രേ പ്രധാനപുരുഷേശ്വരഃ
വ്യജ്യേദം സ്വേന രൂപേണ കഞ്ജനാഭസ്തിരോദധേ

| | | | |
|---|---|---|---|
| പ്രധാനപുരുഷേശ്വരഃ | പ്രകൃതി(മായ)യുടേയും പുരുഷ (ജീവ)ന്റെയും നിയന്താവായ | ഇദം | സൃഷ്ടിക്കപ്പെടേണ്ടുന്ന ഈ വിശ്വത്തെ |
| കഞ്ജനാഭഃ | ശ്രീപദ്മനാഭൻ | ഏവം | ഇപ്രകാരം |
| ജഗത്സ്രഷ്ട്രേ | ചരാചരലോകത്തിന്റെ സൃഷ്ടികർത്താവായ | വ്യജ്യ | വ്യക്തീഭവിപ്പിച്ച്, |
| തസ്മൈ | ആ ബ്രഹ്മദേവന്ന് | സ്വേന | സ്വകീയമായ |
| | | രൂപേണ | നാരായണരൂപത്തോടെ |
| | | തിരോദധേ | അന്തർദ്ധാനംചെയ്തു. |

ബ്രഹ്മാവിന്റെ പ്രാർത്ഥനകളെ സ്വീകരിച്ച് പൂർവ്വകല്പത്തിലെന്നപോലെ ഈ പാദ്മകല്പത്തിലും അനാസക്തനും ഭക്തിയുക്തനുമായിട്ട് സൃഷ്ടികർമ്മം നിർവ്വഹിക്കുവാനുള്ള ജ്ഞാനക്രിയാശക്തികളെ കനിഞ്ഞരുളുകയും അതിന്നു നിർദ്ദേശിക്കുകയും ചെയ്തശേഷം ഭഗവാൻശ്രീനാരായണമൂർത്തി തിരോഭവിച്ചു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ നവമോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 352 ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

## ദശമോഽദ്ധ്യായഃ : പത്താമദ്ധ്യായം.

"ദശമേ കാലസംപ്രശ്നം പ്രതിവക്തും തദുദ്ഭവഃ
പ്രാകൃതാദിവിഭാഗേന സർഗ്ഗസ്തു ദശധോച്യതേ"

### ദശവിധസൃഷ്ടിവർണ്ണനം.

വിദുര ഉവാച : വിദുരർ പറഞ്ഞു.

1 അന്തർഹിതേ ഭഗവതി ബ്രഹ്മാ ലോകപിതാമഹഃ
പ്രജാഃ സസർജ്ജ കതിധാ ദൈഹികീർമ്മാനസീർവ്വിഭുഃ

| | | | |
|---|---|---|---|
| ഭഗവതി അന്തർഹിതേ | ഭഗവാൻ ശ്രീനാരായണൻ അന്തർദ്ധാനം ചെയ്തശേഷം, | ദൈഹികീഃ | ദേഹത്തിൽനിന്നുണ്ടായവയും |
| ലോകപിതാമഹഃ | ലോകങ്ങളുടെ പിതാമഹനും | മാനസീഃ | മനസ്സിൽനിന്നുണ്ടായവയുമായി |
| വിഭുഃ | സർവ്വസമർത്ഥനുമായ | കതിധാ | എത്രപ്രകാരം |
| ബ്രഹ്മാ | ബ്രഹ്മദേവൻ | പ്രജാഃ | പ്രജകളെ |
| | | സസർജ്ജ | സൃഷ്ടിച്ചു? |

2 യേ ച മേ ഭഗവൻ പൃഷ്ടാസ്ത്വയ്യർത്ഥാ ബഹുവിത്തമ
താൻ വദസ്വാനുപൂർവ്യേണ ഛിന്ധി നഃ സർവ്വസംശയാൻ

| | | | |
|---|---|---|---|
| ബഹുവിത്തമ | ബഹുജ്ഞന്മാരിൽ ശ്രേഷ്ഠനായുള്ളോവേ! | പൃഷ്ടാഃ | ചോദിക്കപ്പെട്ടിരുന്നു [വോ, |
| ഭഗവൻ | സർവ്വജ്ഞാനനിധേ! | താൻ | അവയെ |
| ത്വയി | അങ്ങയുടെ അടുക്കൽ | ആനുപൂർവ്യേണ | അനുക്രമമായിട്ട് |
| യേ ച | ഏതേതെല്ലാം | വദസ്വ | പറഞ്ഞുതന്നാലും |
| അർത്ഥാഃ | വിഷയങ്ങളാം | നഃ | ഞങ്ങളുടെ |
| മേ | എന്നാൽ | സർവ്വസംശയാൻ | എല്ലാസന്ദേഹങ്ങളേയും |
| | | ഛിന്ധി | വേരറുത്തുതന്നാലും. |

സൂത ഉവാച — സൂതൻ (ശൌനകാദികളോട്) പറഞ്ഞു :

3 ഏവം സഞ്ചോദിതസ്തേന ക്ഷത്ത്രാ കൌഷാരവോ മുനിഃ
പ്രീതഃ പ്രത്യാഹ താൻ പ്രശ്നാൻ ഹൃദിസ്ഥാനഥ ഭാർഗ്ഗവ.

| | | | |
|---|---|---|---|
| ഭാർഗ്ഗവ | ഹേ ശൌനക! | അഥ | അനന്തരം |
| ഏവം | ഇപ്രകാരം | പ്രീതഃ | സന്തുഷ്ടനായിട്ട് |
| തേന ക്ഷത്രാ | ആ വിദുരനാൽ | ഹൃദി സ്ഥാൻ | ഉള്ളിൽകരുതിയിരിക്കുന്ന |
| സഞ്ചോദിതഃ | സംപ്രേരിതനായ | താൻ പ്രശ്നാൻ | ആ ചോദ്യങ്ങൾക്ക് |
| കൌഷാരവഃ മുനിഃ | മൈത്രേയമുനി | പ്രത്യാഹ | മറുവടി പറഞ്ഞു. |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

4 വിരിഞ്ചോപി തഥാ ചക്രേ ദിവ്യം വർഷശതം തപഃ
ആത്മന്യാത്മാനമാവേശ്യ യദാഹ ഭഗവാനജഃ.

| | | | |
|---|---|---|---|
| അജഃ | ജന്മാദി വികാരങ്ങളില്ലാ | ആത്മനി | പരമാത്മാവിൽ |
| ഭഗവാൻ | ശ്രീനാരായണൻ [ത | ആത്മാനം | മനസ്സിനെ |
| യത് ആഹ | യാതൊന്നുപദേശിച്ചു | ആവേശ്യ | സ്ഥിരീകരിച്ച്, |
| തഥാ | അതിൻവണ്ണം [ദവാ, | ദിവ്യം വർഷശതം | നൂറു ദിവ്യസംവത്സരത്തോളം കാലം |
| വിരിഞ്ചഃ അപി | ബ്രഹ്മദേവനും | തപഃ ചക്രേ | തപസ്സുചെയ്തു. |

5 തദ്വിലോക്യാബ്ജസംഭൂതോ വായുനാ യദധിഷ്ഠിതഃ
പദ്മമംഭശ്ച തത്കാലകൃതവീര്യേണ കംപിതം.

6 തപസാ ഹ്യേധമാനേന വിദ്യയാ ചാത്മസംസ്ഥയാ
വിവൃദ്ധവിജ്ഞാനബലോ ന്യപാദ് വായും സഹാംഭസാ.

| | | | |
|---|---|---|---|
| അബ്ജസംഭൂതഃ | ബ്രഹ്മാവ് | വിലോക്യ | കണ്ടിട്ട്, |
| യത് | യാതൊന്നിനെ | ഏധമാനേന | വർദ്ധമാനമായ |
| അധിഷ്ഠിതഃ | അധിവസിച്ചിരിക്കുന്ന | തപസാ ഹി | തപസ്സിനാലും |
| തത് പദ്മം | ആ താമരയേയും [ദവോ, | ആത്മസംസ്ഥയാ | ആത്മനിഷ്ഠമായ |
| അംഭഃ ച | ജലത്തേയും | വിദ്യയാ ച | ഉപാസനയാലും |
| തത്കാലകൃതവീര്യേണ | ആ കാലത്താൽ ഉളവാക്കപ്പെട്ട ശക്തിയോടുകൂടിയ | വിവൃദ്ധവിജ്ഞാനബലഃ | വർദ്ധിച്ചതായ വിജ്ഞാനത്തോടും ബലത്തോടും കൂടിയവനായിട്ട് |
| വായുനാ | വായുവിനാൽ | അംഭസാ സഹ | ജലത്തോടുകൂടെ |
| കംപിതം | ചലിപ്പിക്കപ്പെട്ടിരിക്കുന്നതായി | വായും | വായുവിനെ |
| | | ന്യപാത് | നിശ്ശേഷം പാനംചെയ്തു |

ജ്ഞാനക്രിയാശക്തി കൈവന്ന ബ്രഹ്മദേവൻ ഏകാർണ്ണവജലത്തേയും പ്രളയകാലീനവായുവിനേയും തന്നിലേക്ക് ആവാഹിച്ച് ജഗൽസൃഷ്ടിയുടെ ആരംഭം കുറിച്ചുവെന്നർത്ഥം.

7 തദ്വിലോക്യ വിയദ്വ്യാപി പുഷ്കരം യദധിഷ്ഠിതഃ
അനേന ലോകാൻ പ്രാഗ്ലീനാൻ കല്പിതാസ്മീത്യചിന്തയത്.

| | | | |
|---|---|---|---|
| യത് | യാതൊന്നിനെ | പ്രാഗ്ലീനാൻ | "മുമ്പു ലയിച്ചിരിക്കുന്ന |
| അധിഷ്ഠിതഃ | താൻ അധിവസിച്ചിരിക്കുന്നുവോ, | ലോകാൻ | ലോകങ്ങളെ |
| തത് പുഷ്കരം | ആ താമരയെ | അനേന | ഇതിനെക്കൊണ്ടു് |
| വിയദ്വ്യാപി | ആകാശത്തിലാകെയും നിറഞ്ഞുനില്ക്കുന്നതായി | കല്പിതാസ്മി | വീണ്ടും ഉണ്ടാക്കാം" |
| | | ഇതി | എന്നിങ്ങിനെ |
| വിലോക്യ | കണ്ടിട്ടു്, | അചിന്തയത് | ചിന്തിച്ചു. |

8 പദ്മകോശം തദാവിശ്യ ഭഗവത്കർമ്മചോദിതഃ
ഏകം വ്യഭാങ്ക്ഷീദുരുധാ ത്രിധാ ഭാവ്യം ദ്വിസപ്തധാ.

| | | | |
|---|---|---|---|
| ഭഗവത്കർമ്മചോദിതഃ | ഈശ്വരകാര്യത്താൽ പ്രേരിതനായ ബ്രഹ്മാവു് | ഉരുധാ | അതിലും ഏറെയായോ |
| | | ഭാവ്യം | ആകുന്നതിന്നു് ആക്കപ്പെട്ടുള്ള |
| തദാ | അപ്പോൾ | ഏകം | ആ ഒന്നിനെ |
| പദ്മകോശം | താമരമൊട്ടിനെ | ത്രിധാ | മൂന്നായിട്ടു് (മൂന്നു് വ്യത്യസ്തസ്ഥാനമായിട്ടു്) |
| ആവിശ്യ | ആവേശിച്ചു്, | | |
| ദ്വിസപ്തധാ | ഈരേഴായോ | വ്യഭാങ്ക്ഷീത് | വിഭജിച്ചു. |

9 ഏതാവാൻ ജീവലോകസ്യ സംസ്ഥാഭേദഃ സമാഹൃതഃ
ധർമ്മസ്യ ഹ്യനിമിത്തസ്യ വിപാകഃ പരമേഷ്ഠ്യസൌ.

| | | | |
|---|---|---|---|
| ജീവലോകസ്യ | ജീവന്മാർക്കു് വിഷയോപഭോഗത്തിന്നുള്ള സ്ഥാനത്തിന്റെ | പരമേഷ്ഠീ | സമുൽകൃഷ്ടമായ സത്യലോകത്തിൽ സ്ഥിതിചെയ്തുവരുന്ന |
| സംസ്ഥാഭേദഃ | രൂപീകരണവിഭാഗം | അസൌ | ഈ ബ്രഹ്മദേവൻ |
| ഏതാവാൻ | ഇത്രമാത്രമാണെന്നു് (ഈ ത്രിലോകം മാത്രമാണെന്നു്) | അനിമിത്തസ്യ | അഹേതുകമായ (കാമനാരഹിതമായ) |
| സമാഹൃതഃ | പറയപ്പെട്ടിരിക്കുന്നു | ധർമ്മസ്യ | കർമ്മാനുഷ്ഠാനത്തിന്റെ |
| ഹി | എന്തുകൊണ്ടെന്നാൽ, | വിപാകഃ | പരിണതരൂപമാകുന്നു |

സംസൃതിചക്രത്തിലെ ജീവന്മാരുടെ ഉപഭോഗത്തിന്നുവേണ്ടി ബ്രഹ്മാവു് വിശ്വാത്മകപദ്മകോശത്തെ മൂന്നായി വിഭജിച്ചു് ത്രിലോകിയെ സൃഷ്ടിച്ചു. ബ്രഹ്മാവും ബ്രഹ്മഭൂയം സിദ്ധിച്ച സിദ്ധാത്മാക്കളും ജീവന്മാർതന്നെയാണെങ്കിലും അവരുടെ ഉപഭോഗാർത്ഥമായുള്ള സത്യലോകാദിപുണ്യസ്ഥാനങ്ങൾ ദ്വിപരാർദ്ധം കഴിയോളം അഴിവില്ലാതെ നിലകൊള്ളുന്നു. അതിനാൽ ഓരോ കല്പത്തിലും അവയുടെ സൃഷ്ടിയില്ല. ത്രിലോകത്തിൽവെച്ചു ചെയ്ത നിഷ്കാമകർമ്മാനുഷ്ഠാനത്തിന്റെ പരിണതഫലത്താൽ ഈ പുണ്യലോക

വാസികളാ ദ്വിപരാർദ്ധാനന്തരം വിഷ്ണുസായൂജ്യം പ്രാപിക്കും. ഈ കല്പാദിയിങ്കൽ ത്രിലോകസൃഷ്ടിമാത്രം ഉണ്ടായെന്നു സാരം. ലോകങ്ങളുടെ സൃഷ്ടിക്ക് ആസ്പദമായതു കാലത്തിന്റെ ശക്തിയാണെന്നു ഇതിന്നുമുൻപ് പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ "കാലം" എന്നതു് എന്താണെന്നറിവാൻ വിദുരർ ആഗ്രഹിക്കുന്നു.

വിദുര ഉവാച — വിദുരർ പറഞ്ഞു :

10 യദ ത്ഥ ബഹുരൂപസ്യ ഹരേരദ്ഭുതകർമ്മണഃ
കാലാഖ്യം ലക്ഷണം ബ്രഹ്മൻ യഥാ വർണ്ണയ നഃ പ്രഭോ

| | | | |
|---|---|---|---|
| ബ്രഹ്മൻ പ്രഭോ | അറിവും കഴിവുമുള്ളോവേ ! | കാലാഖ്യം | കാലമെന്ന ആഖ്യയോടു കൂടിയ |
| ബഹുരൂപസ്യ | അനേകരൂപനായി | ലക്ഷണം | സ്വരൂപത്തെപ്പററി |
| അദ്ഭുത-കർമ്മണഃ | അത്ഭുതകരങ്ങളായ കർമ്മങ്ങളെ ചെയ്തുകൊണ്ടിരിക്കുന്ന | യത് ആത്ഥ | യാതൊന്നു പറഞ്ഞുവോ |
| | | യഥാ | അതിനെ വേണ്ടവിധം |
| | | നഃ | ഞങ്ങൾക്ക് |
| ഹരേഃ | സർവ്വേശ്വരന്റെ | വർണ്ണയ | വിവരിച്ചുതന്നാലും. |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

11 ഗുണവ്യതികരാകാരോ നിർവിശേഷോ*f*പ്രതിഷ്ഠിതഃ
പുരുഷസ്തദുപാദാനമാത്മാനം ലീലയാസൃജത്

| | | | |
|---|---|---|---|
| ഗുണവ്യതി-കരാകാരഃ | പ്രകൃതിയുടെ മൂലധർമ്മങ്ങളായ സത്ത്വാദിഗുണങ്ങൾക്ക് പരിണാമം വരുന്നതുകൊണ്ട് ഊഹിക്കാവുന്ന രൂപസത്തയോടു കൂടിയതും | അപ്രതിഷ്ഠിതഃ | നിലയ്ക്കാതെ തുടർന്നുകൊണ്ടുള്ളതും ആയ ഒന്നാണ് കാലമെന്നുള്ളതു്. |
| | | പുരുഷഃ | ഈശ്വരൻ |
| | | തദുപാദാനം | ആ കാലത്തെ നിമിത്തമാക്കിയിരിക്കുന്ന |
| | | ആത്മാനം | തന്നെത്തന്നെ |
| നിർവിശേഷഃ | പ്രത്യേകലക്ഷണമില്ലാത്തതും | ലീലയാ | ലീലയ്ക്കായിട്ട് |
| | | അസൃജത് | വിശ്വരൂപേണ സൃഷ്ടിച്ചു. |

12 വിശ്വം വൈ ബ്രഹ്മതന്മാത്രം സംസ്ഥിതം വിഷ്ണുമായയാ
ഈശ്വരേണ പരിച്ഛിന്നം കാലേനാവ്യക്തമൂർത്തിനാ.
യഥേദാനീം തഥാഗ്രേ ച പശ്ചാദപ്യേതദീദൃശം.

| | | | |
|---|---|---|---|
| വിഷ്ണുമായയാ | വിശ്വാത്മായ ഭഗവാന്റെ മായയാൽ | ബ്രഹ്മതന്മാത്രം | കേവലബ്രഹ്മസ്വരൂപമായിരുന്ന |
| സംസ്ഥിതം | സംഹരിക്കപ്പെട്ട് | വിശ്വം വൈ | വിശ്വമാകട്ടെ |

| | |
|---|---|
| ഈശ്വരേണ | ഈശ്വരനാൽ |
| അവ്യക്തമൂർത്തിനാ | വ്യക്തീഭാവമില്ലാത്ത സ്വരൂപസത്തയോടു കൂടിയ |
| കാലേന | കാലത്തെക്കൊണ്ടു് |
| പരിച്ഛിന്നം | തരംതിരിച്ചു പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നു |
| ഏതത് യഥാ | ഇതു് ഏതുവിധം |
| ഇദാനീം | ഇപ്പോൾ ഇരിക്കുന്നുവോ, |
| തഥാ | അതേവിധം |
| അഗ്രേ ച | മുമ്പും ഉണ്ടായിരുന്നു. |
| ഈദൃശം | ഇതുപോലെ |
| പശ്ചാത് അപി | മേലിലും ഉണ്ടാകും. |

ഗുണപരിണാമഹേതുവായി, അവ്യക്തമായി, ആദ്യന്തരഹിതമായി പ്രവഹിച്ചുകൊണ്ടേയിരിക്കുന്ന കാലത്തെപ്പറ്റി സാമാന്യമായി പറഞ്ഞശേഷം, ഋഷിപ്രകൃതത്തിലേക്കു് പ്രവേശിച്ചു സൃഷ്ടിക്രമം തന്നെ വിവരിക്കുവാൻ തുടങ്ങുന്നു.

13 സർഗ്ഗോ നവവിധസ്തസ്യ പ്രാകൃതോ വൈകൃതസ്തു യഃ
കാലദ്രവ്യഗുണൈരസ്യ ത്രിവിധഃ പ്രതിസംക്രമഃ

| | |
|---|---|
| തസ്യ സർഗ്ഗഃ | ആ വിശ്വത്തിന്റെ സൃഷ്ടി |
| നവവിധഃ | പ്രാകൃതവൈകൃതഭേദേന ഒമ്പതുവിധം |
| യഃ തു | യാതൊന്നാകട്ടെ |
| പ്രാകൃതഃ | പ്രാകൃതവും |
| വൈകൃതഃ | വൈകൃതവും ആയിരിക്കുന്നുവോ |
| (സഃ ദശമഃ) | അതു പത്താമത്തേതും. |
| കാലദ്രവ്യഗുണൈഃ | കാലം – ദ്രവ്യം – ഗുണങ്ങൾ എന്നിവകൊണ്ടു്* |
| അസ്യ | ഇതിനു് |
| ത്രിവിധഃ | മൂന്നുപ്രകാരത്തിലുള്ള |
| പ്രതിസംക്രമഃ | പ്രളയവുമുണ്ടാകുന്നു. |

* കേവലം കാലത്താൽ നിത്യപ്രളയവും, ദ്രവ്യത്താൽ (സങ്കർഷണാഗ്നിയാലും മററും) നൈമിത്തികപ്രളയവും, ഗുണങ്ങളാൽ (സത്വാദിഗുണങ്ങൾ അതാതിൽനിന്നുണ്ടായ കാര്യരൂപങ്ങളെ ഗ്രസിക്കുമ്പോൾ) പ്രാകൃതികപ്രളയവും ഉണ്ടാവുന്നു.

14 ആദ്യസ്തു മഹതഃ സർഗ്ഗോ ഗുണവൈഷമ്യമാത്മനഃ
ദ്വിതീയസ്ത്വഹമോ യത്ര ദ്രവ്യജ്ഞാനക്രിയോദയഃ.

| | |
|---|---|
| ആദ്യഃ തു | ഒന്നാമത്തേതു് |
| മഹതഃ | മഹത്തത്വത്തിന്റെ |
| സർഗ്ഗഃ | സൃഷ്ടിയാകുന്നു. |
| ആത്മനഃ | പരമാത്മാവിങ്കൽനിന്നു് |
| ഗുണവൈഷമ്യം | ഗുണങ്ങൾക്കുണ്ടായ വികാരവിക്ഷോഭമാണിതു്. |
| ദ്വിതീയഃ തു | രണ്ടാമത്തേതാകട്ടെ |
| അഹമഃ | അഹംതത്വത്തിന്റെ സൃഷ്ടിയാകുന്നു. |
| യത്ര | യാതൊന്നിൽ |
| ദ്രവ്യജ്ഞാനക്രിയോദയഃ | ദ്രവ്യം, ജ്ഞാനം, ക്രിയ എന്നിവയുടെ വ്യക്തീഭാവം ഉണ്ടാവുന്നു |

15 ഭൂതസർഗ്ഗസ്തൃതീയസ്തു തന്മാത്രോ ദ്രവ്യശക്തിമാൻ
ചതുർത്ഥ ഐന്ദ്രിയഃ സർഗ്ഗോ യസ്തു ജ്ഞാനക്രിയാത്മകഃ.

| | |
|---|---|
| തൃതീയഃ തു | മൂന്നാമത്തേതാകട്ടെ |
| ഭൂതസർഗ്ഗഃ | പഞ്ചഭൂതസൃഷ്ടിയാണ് |
| തന്മാത്രഃ | ശബ്ദസ്പർശാദിസൂക്ഷ്മരൂപത്തിലുള്ള ഇതു് |
| ദ്രവ്യശക്തിമാൻ | ദ്രവ്യങ്ങളെ (ആകാശാദി മഹാഭൂതങ്ങളെ) ആവിഷ്കരിക്കാനുള്ള ശക്തിയുള്ളതാകുന്നു. |
| ചതുർത്ഥഃ | നാലാമത്തേതു് |
| ഐന്ദ്രിയഃ | ഇന്ദ്രിയങ്ങളെ സംബന്ധിച്ച |
| സർഗ്ഗഃ | സൃഷ്ടിയാണ് |
| യഃ തു | യാതൊന്നാകട്ടെ |
| ജ്ഞാനക്രിയാത്മകഃ | അറിവിന്റെയും കർമ്മത്തിന്റെയും സ്വഭാവം ഉൾക്കൊണ്ടതാണ്. |

16 വൈകാരികോ ദേവസർഗ്ഗഃ പഞ്ചമോ യന്മയം മനഃ
ഷഷ്ഠസ്തു തമസഃ സർഗ്ഗോ യസ്ത്വബുദ്ധികൃതഃ പ്രഭോ

| | |
|---|---|
| പഞ്ചമഃ | അഞ്ചാമത്തേതു് |
| വൈകാരികഃ | വികാരസംബന്ധിയായ |
| ദേവസർഗ്ഗഃ | ഇന്ദ്രിയാധിഷ്ഠാതൃദേവഗണത്തിന്റെസൃഷ്ടിയാണ് |
| മനഃ | മനസ്സും |
| യന്മയം | യാതൊന്നിന്റെ സ്വരൂപമാകുന്നു |
| പ്രഭോ | പ്രഭാവമുള്ള വിദുരരേ ! |
| അബുദ്ധികൃതഃ | ബോധത്തിനു മറവുണ്ടാക്കുന്ന |
| തമസഃ | അവിദ്യാന്ധകാരത്തിന്റെ |
| സർഗ്ഗഃ തു യഃ | സൃഷ്ടി യാതൊന്നോ, അതു് |
| ഷഷ്ഠഃ തു | ആറാമത്തേതുമാണ്. |

17 ഷഡിമേ പ്രാകൃതാഃ സർഗ്ഗാ വൈകൃതാനപി മേ ശൃണു
രജോഭാജോ ഭഗവതോ ലീലേയം ഹരിമേധസഃ

| | |
|---|---|
| ഇമേ ഷട് | ഈ ആറുവകയും |
| പ്രാകൃതാഃ | പ്രാകൃതങ്ങളായ |
| സർഗ്ഗാഃ | സൃഷ്ടികളാണ് |
| വൈകൃതാൻ അപി | വൈകൃതങ്ങളായിട്ടുള്ളവയേയുംകൂടി |
| മേ ശൃണു | എന്നിൽനിന്നു കേൾക്ക |
| ഹരിമേധസഃ | യാതൊരുവനെ വിഷയീകരിച്ച ധാരണാബുദ്ധി യാതൊന്നോ സംസാരത്തെ ഹരിക്കുന്നതു്, അങ്ങനെയുള്ളവനും |
| രജോഭാജഃ | രജോഗുണംചേർന്നിരിക്കുന്നവനുമായ |
| ഭഗവതഃ | ഭഗവാന്റെ |
| ലീലാ ഇയം | കളിയാണിതു്. |

18 സപ്തമോ മുഖ്യസർഗ്ഗസ്തു ഷഡ്വിധസ്തസ്ഥുഷാം ച യഃ

19 വനസ്പത്യോഷധിലതാ ത്വക്സാരാ വീരുധോ ദ്രുമാഃ
ഉത്സ്രോതസസ്തമഃപ്രായാ അന്തഃസ്പർശാ വിശേഷിണഃ

| | |
|---|---|
| സപ്തമഃ | ഏഴാമത്തേതു് |
| മുഖ്യസർഗ്ഗഃ | വൈകൃതങ്ങളിൽവെച്ചു് ആദ്യത്തെ സൃഷ്ടിയാകുന്നു |
| തസ്ഥുഷാം | സ്ഥാവരങ്ങളുടേതായ |
| യഃ ച | യാതൊരു ഈ സൃഷ്ടിയും |
| ഷഡ്വിധഃ | ആറുപ്രകാരത്തിലാണ്. |

| | | | |
|---|---|---|---|
| വനസ്പത്യോഷധിലതാഃ | (i) വനസ്പതികൾ (ii) ഓഷധികൾ (iii) ലതകൾ | തമഃപ്രായാഃ | അവ്യക്തചൈതന്യമുള്ളവയും, |
| ത്വക്സാരാഃ | (iv) ത്വക്സാരങ്ങൾ | അന്തഃസ്പർശാഃ | ഉൾവശംകൊണ്ട് സ്പർശജ്ഞാനംമാത്രമുള്ളവയും, |
| വീരുധഃ | (v) വീരുത്തുകൾ | വിശേഷിണാഃ | വലിപ്പച്ചെറുപ്പങ്ങൾ കൊണ്ട് വ്യത്യസ്താകാരമുള്ളവയും ആകുന്നു. |
| ദ്രുമാഃ | (vi) ദ്രുമങ്ങൾ എന്നിവ- | | |
| ഉത്സ്രോതസഃ | മേലോട്ട ഉൾനീരിലൂടെ ആഹാരസഞ്ചാരമുള്ളവയും | | |

(i) പുഷ്പിക്കാതെ കായ്ക്കുന്നവ (ii) കായ് മൂത്തുകഴിഞ്ഞാൽ സ്വയം നശിക്കുന്നവ (iii) മറ്റൊന്നിൽ പററിപ്പിടിച്ചു വളരുന്നവ (iv) തൊലിക്കട്ടിയുള്ളവ (മുളകളും മററും) (v) മേല്പോട്ടു പടൎന്നുപോകാതെ കെട്ടിമുടിഞ്ഞുനില്ക്കുന്നവ (vi) പുഷ്പിച്ചു കായ്ക്കുന്ന വൃക്ഷങ്ങൾ.

20 തിരശ്ചാമഷ്ടമഃ സർഗ്ഗഃ സോഷ്ടാവിംശദ്വിധോ മതഃ
അവിദോ ഭൂരിതമസോ ഘ്രാണജ്ഞാ ഹൃദ്യവേദിനഃ

| | | | |
|---|---|---|---|
| തിരശ്ചാം | വിലങ്ങെ ആഹാരസഞ്ചാരമുള്ള മൃഗപക്ഷ്യാദികളുടെ | അവിദഃ | കഴിഞ്ഞുപോയതു് അറിഞ്ഞുകൂടാത്തവയും |
| സർഗ്ഗഃ അഷ്ടമഃ | സൃഷ്ടി എട്ടാമത്തേതാണ് | ഭൂരിതമസഃ | അജ്ഞത അധികരിച്ചവയും |
| സഃ അഷ്ടാവിംശദ്വിധഃ | അതു് 28 പ്രകാരത്തിലുള്ളതാണെന്നു് | ഘ്രാണജ്ഞാഃ | മണത്തറിയുന്നവയും |
| മതഃ | കരുതപ്പെട്ടുവരുന്നു. | ഹൃദി | ഉള്ളിൽ |
| | | അവേദിനഃ | ദീൎഘാലോചനയില്ലാത്തവയും ആകുന്നു. |

21 ഗൌരജോ മഹിഷഃ കൃഷ്ണഃ സൂകരോ ഗവയോ രുരുഃ
ദ്വിശഫാഃ പശവശ്ചേമേ അവിരുഷ്ട്രശ്ച സത്തമ

| | | | |
|---|---|---|---|
| സത്തമ | ഹേ സജ്ജനശ്രേഷ്ഠ! | അവിഃ | ചെമ്മരിയാടു്, |
| ഗൌഃ അജഃ | ഗോവു്, ആടു് | ഉഷ്ട്രഃ ച | ഒട്ടകം – |
| മഹിഷഃ | പോത്തു്, | ഇമേ പശവഃ | എന്നീ മൃഗങ്ങൾ |
| കൃഷ്ണഃ സൂകരഃ | കൃഷ്ണസാരം, പന്നി, | ദ്വിശഫാഃ ച | ഇരട്ടക്കുളമ്പുള്ളവയാകുന്നു. |
| ഗവയഃ രുരുഃ | ഗവയമൃഗം, കലമാൻ, | | |

22 ഖരോഽശ്വോഽശ്വതരോ ഗൌരഃ ശരഭശ്ചമരീ തഥാ
ഏതേ ചൈകശഫാഃ ക്ഷത്തഃ ശൃണു പഞ്ചനഖാൻ പശൂൻ

| | | | |
|---|---|---|---|
| തഥാ | അപ്രകാരം | ഗൌരഃ | വെള്ളിമാൻ, |
| ഖരഃ അശ്വഃ | കഴുത, കുതിര, | ശരഭഃ | എട്ടടിമാൻ, |
| അശ്വതരഃ | കോവർകഴുത, | ചമരീ | ചമരിമാൻ |

| | | | |
|---|---|---|---|
| ഏതേ ച | എന്നിവ. | പഞ്ചനഖാൻ | അഞ്ചുനഖങ്ങളുള്ള |
| ഏകശഫാഃ | ഒററക്കുളമ്പുള്ളവയാകുന്നു | പശൂൻ | മൃഗങ്ങളെപ്പററി |
| ക്ഷത്തഃ | വിദുര! | ശൃണു | കേട്ടുകൊൾക. |

23 ശ്വാ സൃഗാലോ വൃകോ വ്യാഘ്രോ മാർജ്ജാരഃ ശശശല്ലകൗ
സിംഹഃ കപിർഗജഃ കൂർമ്മോ ഗോധാ ച മകരാദയഃ

| | | | |
|---|---|---|---|
| ശ്വാ സൃഗാലഃ | നായ, കുറുക്കൻ, | സിംഹഃ കപിഃ | സിംഹം, കുരങ്ങ്, |
| വൃകഃ വ്യാഘ്രഃ | ചെന്നായ, കടുവാ, | ഗജഃ കൂർമ്മഃ | ആന, ആമ, |
| മാർജ്ജാരഃ | പൂച്ച, | ഗോധാ ച | ഉടുമ്പ്, |
| ശശശല്ലകൗ | മുയൽ, മുള്ളൻപന്നി, | മകരാദയഃ | തിമിംഗലാദികൾ. |

24 കംകഗൃധ്രവടശ്യേനഭാസഭല്ലൂകബർഹിണഃ
ഹംസസാരസചക്രാഹ്വകാകോലൂകാദയഃ ഖഗാഃ

കൊക്ക്, കഴുകൻ, വാത്ത്, പരുന്ത്, പ്രാപ്പിടിയൻ, ഭല്ലൂകം, മയിൽ, അരയന്നം, വെള്ളിൽ, ചക്രവാകം, കാക്ക, കൂമൻ തുടങ്ങിയവ ആകാശചാരികളും ആകുന്നു

ഭൂചരങ്ങളും ജലചരങ്ങളും ഖേചരങ്ങളുമായ തിര്യക്കുകളുടെ വർഗ്ഗം 28 എന്നു പറഞ്ഞതു് സാമാന്യമായാണ്. ഇവയുടെ അവാന്തരവിഭാഗങ്ങൾ വേറെയും ഉണ്ടാകാം

25 അർവ്വാക്സ്രോതസ്തു നവമഃ ക്ഷത്തരേകവിധോ നൃണാം
രജോധികാഃ കർമ്മപരാഃ ദുഃഖേ ച സുഖമാനിനഃ

26 വൈകൃതാസ്ത്രയ ഏവൈതേ ദേവസർഗ്ഗശ്ച സത്തമ
വൈകാരികസ്തു യഃ പ്രോക്തഃ കൗമാരസ്തൂഭയാത്മകഃ.

| | | | |
|---|---|---|---|
| അർവ്വാക്സ്രോതഃ | കീഴോട്ട് ആഹാരസഞ്ചാരമുള്ളതായ | ദേവസർഗ്ഗഃ ച | ദേവഗണങ്ങളുടെ സൃഷ്ടിയും വൈകൃതമാണ്. |
| നവമഃ തു | ഒമ്പതാമത്തേതാകട്ടെ | സത്തമ | സജ്ജനശ്രേഷ്ഠ! |
| നൃണാം | മനുഷ്യരുടേതാകുന്നു. | വൈകാരികഃ | സാത്വികാഹംകാരത്തോടു ബന്ധപ്പെട്ട ഇന്ദ്രിയാധിഷ്ഠാതൃദേവന്മാരുടെ സൃഷ്ടി |
| ക്ഷത്തഃ | ഹേ വിദുര! | യഃ തു | യാതൊന്നാണോ |
| ഏകവിധഃ | അതു് ഒരേവിധമാണ് | പ്രോക്തഃ | അതു പറയപ്പെട്ടു കഴിഞ്ഞതാണ് |
| രജോധികാഃ | രജോഗുണം കൂടിയവരും | കൗമാരഃ തു | സനൽകുമാരാദികളുടെ സൃഷ്ടിയാകട്ടെ |
| കർമ്മപരാഃ | കർമ്മതൽപരന്മാരും | ഉഭയാത്മകഃ | പ്രാകൃതവും വൈകൃതവും ഉൾച്ചേർന്നതാകുന്നു. |
| ദുഃഖേ ച | ദുഃഖത്തിലുംകൂടി | | |
| സുഖമാനിനഃ | സുഖം കരുതുന്നവരുമാണ് | | |
| ഏതേ ത്രയഃ | ഇപ്പറഞ്ഞ മൂന്നും | | |
| വൈകൃതാഃ ഏവ | വൈകൃതസൃഷ്ടികൾ തന്നെ | | |

27 ദേവസർഗ്ഗശ്ചാഷ്ടവിധോ വിബുധാഃ പിതരോഽസുരാഃ
ഗന്ധർവ്വാപ്സരസഃ സിദ്ധാ യക്ഷരക്ഷാംസി ചാരണാഃ

28 ഭൂതപ്രേതപിശാചാശ്ച വിദ്യാധ്രാഃ കിന്നരാദയഃ
ദശൈതേ വിദുരാഖ്യാതാഃ സർഗ്ഗാസ്തേ വിശ്വസൃക്കൃതാഃ

29 അതഃ പരം പ്രവക്ഷ്യാമി വംശാൻ മന്വന്തരാണി ച

| | |
|---|---|
| ദേവസർഗ്ഗഃ ച | ദേവന്മാരുടെ സൃഷ്ടിയും |
| അഷ്ടവിധഃ | എട്ടുപ്രകാരമാണ് |
| വിബുധാഃ | വിബുധന്മാർ, |
| പിതരഃ | പിതൃക്കൾ, |
| അസുരാഃ | അസുരന്മാർ, |
| ഗന്ധർവ്വാപ്സരസഃ | ഗന്ധർവ്വന്മാരും അപ്സരസ്സുകളും, |
| യക്ഷരക്ഷാംസി | യക്ഷന്മാരും രക്ഷസ്സുകളും |
| സിദ്ധാഃ ചാരണാഃ വിദ്യാധ്രാഃ | സിദ്ധന്മാരും ചാരണന്മാരും വിദ്യാധരന്മാരും |
| ഭൂതപ്രേതപിശാചാഃ ച | ഭൂതങ്ങളും പ്രേതങ്ങളും പിശാചന്മാരും, |
| കിന്നരാദയഃ | കിന്നരാദികളും ഇങ്ങനെ |
| വിദുര | അല്ലയോ വിദുര! |
| വിശ്വസൃക്കൃതാഃ | ലോകങ്ങളുടെ സ്രഷ്ടാവിനാൽ ഉണ്ടാക്കപ്പെട്ട |
| ഏതേ ദശ | ഈ പത്തുവിധം |
| സർഗ്ഗാഃ തേ | സൃഷ്ടികൾ, അങ്ങേയ്ക്ക് |
| ആഖ്യാതാഃ | പറയപ്പെട്ടു |
| അതഃ പരം | ഇനിമേൽ |
| വംശാൻ | വംശങ്ങളേയും |
| മന്വന്തരാണി ച | മന്വന്തരങ്ങളേയും |
| പ്രവക്ഷ്യാമി | വിസ്തരിച്ചുപറയാം. |

30 ഏവം രജഃപ്ലുതഃ സ്രഷ്ടാ കല്പാദിഷ്വാത്മഭൂർഹരിഃ
സൃജത്യമോഘസങ്കല്പ ആത്മൈവാത്മാനമാത്മനാ.

| | |
|---|---|
| ഏവം | ഇപ്രകാരം |
| അമോഘസങ്കല്പഃ | സത്യസങ്കല്പനായ |
| ഹരിഃ | ഭഗവാൻ |
| കല്പാദിഷു | കല്പാരംഭങ്ങളിൽ |
| രജഃപ്ലുതഃ | രജോഗുണവ്യാപ്തനും |
| ആത്മഭൂഃ | തന്നിൽനിന്നുൽഭവിച്ചവനുമായ |
| സ്രഷ്ടാ | സൃഷ്ടികർത്താവായി ഭവിച്ചിട്ട് |
| ആത്മാ ഏവ | താൻതന്നെ |
| ആത്മനാ | തന്നെക്കൊണ്ട് |
| ആത്മാനം | തന്നെ |
| സൃജതി | സൃഷ്ടിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ ദശമോഽദ്ധ്യായഃ.

ആകെ ശ്ലോകഃ 382 പത്താമദ്ധ്യായം കഴിഞ്ഞു.

## ഏകാദശോഽദ്ധ്യായഃ : പതിനൊന്നാമദ്ധ്യായം.

"തത ഏകാദശേ കാലപരിമാണാദിലക്ഷണൈഃ
യുഗമന്വന്തരാദിഭിഃ കല്പമാനാദി വർണ്യതേ."

### കാലപരിമാണനിരൂപണം.

കാലികമായ പ്രകൃതിപരിണാമംകൊണ്ടു ഈശ്വരസങ്കല്പത്താലുണ്ടായ പത്തുവിധം സൃഷ്ടികളെ പ്രാകൃതവൈകൃതമിശ്രഭേദേന പൂർവ്വാദ്ധ്യായത്തിൽ നിരൂപണംചെയ്തു. ഈ അദ്ധ്യായത്തിൽ കാലത്തിന്റെ സ്ഥൂലസൂക്ഷ്മഭാവങ്ങളെ പരിച്ഛേദിച്ചു പറഞ്ഞുതുടങ്ങുന്നു.

1 ചരമഃ സദ്വിശേഷാണാമനേകോഽസംയുതഃ സദാ
പരമാണുഃ സ വിജ്ഞേയോ നൃണാമൈക്യഭ്രമോ യതഃ

| | | | |
|---|---|---|---|
| സദ്വിശേഷാണാം | കാര്യരൂപമായ ദ്രവ്യവസ്തുക്കളുടെ ഘടകാംശങ്ങളിൽവെച്ചു് | സഃ | അതു് |
| ചരമഃ | അവസാനത്തേതും | പരമാണുഃ | പരമാണുവെന്നു |
| അനേകഃ | ഒരുദ്രവ്യവസ്തുവല്ലാത്തതും | വിജ്ഞേയഃ | അറിയപ്പെടേണ്ടതാണു് |
| സദാ | എപ്പോഴും | യതഃ | സമൂഹീഭവിച്ച യാതൊന്നുകളിൽനിന്നു് |
| അസംയുതഃ | ഒന്നോടൊന്നു ചേരാതെയുള്ളതുമായ ഒന്നുണ്ടു്; | നൃണാം | മനുഷ്യർക്കു് |
| | | ഐക്യഭ്രമഃ | ഏകതാവിഭ്രാന്തിയുണ്ടാകുന്നു |

2 സത ഏവ പദാർത്ഥസ്യ സ്വരൂപാവസ്ഥിതസ്യ യത്
കൈവല്യം പരമമഹാനവിശേഷോ നിരന്തരഃ

| | | | |
|---|---|---|---|
| സതഃ ഏവ | കാര്യമാത്രമായതും | പരമമഹാൻ | അതു് "പരമമഹാൻ" എന്ന പേരിൽ അറിയപ്പെടുന്നതും |
| സ്വരൂപാവസ്ഥിതസ്യ | സ്വരൂപാവസ്ഥയിലെത്തിയതും ആയ | അവിശേഷഃ | വേർതിരിവില്ലാത്തതും |
| പദാർത്ഥസ്യ | പദാർത്ഥത്തിന്റെ | നിരന്തരഃ | വ്യത്യാസമില്ലാത്തതും ആകുന്നു. |
| യത് | യാതൊരു | | |
| കൈവല്യം | ഏകീഭാവമുണ്ടോ, | | |

പദാർത്ഥങ്ങളെ അംശീകരിച്ചാൽ വീണ്ടും അംശീകരിക്കുവാൻ ഉതകാത്തവിധം അതിസൂക്ഷ്മമായ അംശങ്ങളുണ്ടാകും അവയാണു് പരമാണുക്കൾ. കാലപരിച്ഛേദ്യവസ്തുക്കളുടെ സൂക്ഷ്മരൂപങ്ങളാണിവ. ഈ പരമാണുക്കളുടെ സംഘടിതമായ ബൃഹദാകാരത്തെ "പരമമഹത്തു്" എന്നുപറയാം. അതുതന്നെയാണു് പ്രപഞ്ചാകാരം. കാലപരിച്ഛേദ്യമായ

സ്ഥൂലവസ്തുവാണിതു്. പ്രപഞ്ചം ഇങ്ങനെ പരമാണുസമുദായമാകയാൽ അതിൽ ജാതവ്യക്തിവിശേഷഭേദങ്ങൾ വാസ്തവത്തിലില്ല ഉണ്ടെന്നുതോന്നുന്നതു വിഭ്രാന്തികൊണ്ടാണു്

3 ഏവം കാലോപ്യനുമിതഃ സൌക്ഷ്മ്യേ സ്ഥൌല്യേ ച സത്തമ
സംസ്ഥാനഭുക്ത്യാ ഭഗവാനവ്യക്തോ വ്യക്തഭുഗ്വിഭുഃ

| | | | |
|---|---|---|---|
| സത്തമ | ഹേ സജ്ജനശ്രേഷ്ഠ ! | ഭഗവാൻ | ഈശ്വരശക്തിസ്വരൂപവും ആയ കാലം |
| ഏവം | ഇപ്രകാരം | | |
| കാലഃ അപി | കാലവുംകൂടി | സംസ്ഥാനഭുക്ത്യാ | പരമാണുമുതല്ക്കുള്ള പ്രപഞ്ചാവയവസ്ഥാനങ്ങളിലെ വ്യാപ്തിയിലൂടെ |
| സൌക്ഷ്മ്യേ | സൂക്ഷ്മഭാവത്തിലും | | |
| സ്ഥൌല്യേ ച | സ്ഥൂലഭാവത്തിലും | | |
| അനുമിതഃ | അനുമിക്കപ്പെട്ടിരിക്കുന്നു | വ്യക്തഭുക് | വ്യക്തപ്രപഞ്ചത്തെ ആകമാനം വ്യാപിച്ചിരിക്കുന്നു. |
| അവ്യക്തഃ | അസ്പഷ്ടവും | | |
| വിഭുഃ | സർവ്വസമർത്ഥവും | | |

4 സ കാലഃ പരമാണുർവൈ യോ ഭുങ്ക്തേ പരമാണുതാം
സതോऽവിശേഷഭുഗ്യസ്തു സ കാലഃ പരമോ മഹാൻ.

| | | | |
|---|---|---|---|
| യഃ | യാതൊന്നു്, | യഃ തു | യാതൊന്നാകട്ടെ |
| സതഃ | പ്രപഞ്ചത്തിന്റെ | അവിശേഷഭുക് | പ്രപഞ്ചത്തിന്റെ സാകല്യത്തെ വ്യാപിക്കുന്നുവോ, |
| പരമാണുതാം | പരമാണുസ്ഥിതിയെ | | |
| ഭുങ്ക്തേ | വ്യാപിക്കുന്നുവോ, | സഃ കാലഃ | അത്രയുമുള്ള കാലം |
| സഃ കാലഃ | അത്രയുള്ള കാലം | പരമഃ മഹാൻ | "പരമമഹത്തും" ആകുന്നു. |
| പരമാണുഃ വൈ | 'പരമാണു'വും | | |

സൂര്യൻ പ്രപഞ്ചത്തിന്റെ സൂക്ഷ്മമൂലഘടകമായ പരമാണുവിന്റെ വ്യാസത്തെ കടക്കാൻ വേണ്ടിവരുന്ന കാലസൂക്ഷ്മാംശത്തെ 'പരമാണു'വെന്ന അതേ പേരുകൊണ്ടുതന്നെ വ്യപദേശിക്കുന്നു. അതുപോലെ പരമമഹത്തും 12 രാശികളായി വിഭക്തമായിരിക്കുന്നതുമായ ഗ്രഹർക്ഷതാരാചക്രത്തെ (വിശ്വവിസ്തൃതിയെ) കടക്കാൻവേണ്ടിവരുന്ന കാലത്തെ "പരമമഹത്ത്" എന്നപേരിനാലും വ്യപദേശിക്കുന്നു. ഇതിനെ സംവത്സരമെന്നും പറയും. സംവത്സരങ്ങളുടെ ആവർത്തനംകൊണ്ടു് യുഗങ്ങളും മന്വന്തരങ്ങളും ഉണ്ടായി, ദ്വിപരാർദ്ധപര്യന്തം കാലം വ്യാപിച്ചുപോകും.

ഇനി പരമാണുവിന്റെയും പരമമഹത്തിന്റെയും ഇടയിലുള്ള കാലോപവിഭാഗങ്ങളെ വിവരിച്ചുതുടങ്ങുന്നു.

5 അണുർദ്വൌ പരമാണൂ സ്യാത് ത്രസരേണുസ്ത്രയഃ സ്മൃതഃ
ജാലാർക്കരശ്മ്യവഗതഃ ഖമേവാനുപതന്നഗാത്.

| | | | |
|---|---|---|---|
| ദ്വൌ പരമാണൂ | രണ്ടു പരമാണുക്കൾ | ത്രയഃ | മൂന്നു് അണുക്കൾ |
| അണുഃ സ്യാത് | ഒരു അണുവാകുന്നു | ത്രസരേണുഃ | ഒരു ത്രസരേണുവെന്നു് |

| | | | |
|---|---|---|---|
| സ്മൃതഃ | സങ്കല്പിക്കപ്പെട്ടിരിക്കുന്നു | ഖം ഏവ | അന്തരീക്ഷത്തെ മാത്രം |
| ജാലാക്ഷ- രശ്മ്യവഗതഃ | ജാലകത്തിലൂടെ അകത്തുകടക്കുന്ന സൂര്യകിരണങ്ങളിൽ പ്രത്യക്ഷപ്പെട്ട അതു് * | അനുപതൻ | വ്യാപിച്ചുകൊണ്ടു് |
| | | അഗാത് | പോയിട്ടുണ്ടു് |

* ത്രസരേണു ദൃഷ്ടിഗോചരമാണെന്നു് പറയാം. ജനലിൽക്കൂടെയൊ മറ്റൊ അകത്തുവീഴുന്ന സൂര്യരശ്മികളിൽ പാറിപ്പറക്കുന്ന നേരിയ തരികളുടെ രൂപത്തിൽ അതിനെ അന്തരീക്ഷവ്യാപ്തമായി കാണാവുന്നതാണു്.

6 ത്രസരേണുത്രികം ഭുങ്‌ക്തേ യഃ കാലഃ സ ത്രുടിഃ സ്മൃതഃ
ശതഭാഗസ്തു വേധഃ സ്യാത്തൈസ്ത്രിഭിസ്തു ലവഃ സ്മൃതഃ.

| | | | |
|---|---|---|---|
| യഃ | യാതൊന്നു് | ശതഭാഗഃ തു | നൂറു ത്രുടിഭാഗം ചേൎന്നതാകട്ടെ |
| ത്രസരേണുത്രികം | മൂന്നു ത്രസരേണുവ്യാസം | വേധഃ സ്യാത് | ഒരു വേധമാകുന്നു. |
| ഭുങ്‌ക്തേ | വ്യാപിക്കുന്നുവോ | തൈഃ ത്രിഭിഃ | ആ വേധങ്ങൾ മൂന്നി |
| സഃ കാലഃ | അത്രയുള്ള കാലം | ലവഃ തു | ഒരു ലവവും [നാൽ |
| ത്രുടിഃ | ഒരു ത്രുടിയെന്നപേരിൽ | സ്മൃതഃ | കല്പിതമായിരിക്കുന്നു. |
| സ്മൃതഃ | കല്പിതമായിരിക്കുന്നു. | | |

7 നിമേഷസ്ത്രിലവോ ജ്ഞേയ ആമ്നാതസ്തേ ത്രയഃ ക്ഷണഃ
ക്ഷണാൻ പഞ്ച വിദുഃ കാഷ്ഠാം ലഘു താ ദശ പഞ്ച ച.

| | | | |
|---|---|---|---|
| ത്രിലവഃ | മൂന്നു ലവംചേൎന്നതു് | പഞ്ച ക്ഷണാൻ | അഞ്ചു ക്ഷണങ്ങളെ |
| നിമേഷഃ | ഒരു നിമിഷമാണെന്നു് | കാഷ്ഠാം | കാഷ്ഠയെന്നു് |
| ജ്ഞേയഃ | അറിഞ്ഞുകൊള്ളണം | വിദുഃ | അറിയുന്നു. |
| ത്രയഃ തേ | മൂന്നു നിമിഷങ്ങൾ | താഃ | അവ (കാഷ്ഠകൾ) |
| ക്ഷണഃ | ഒരു ക്ഷണമെന്നു് | ദശ പഞ്ച ച | പതിനഞ്ചായാൽ |
| ആമ്നാതഃ | പറയപ്പെട്ടിരിക്കുന്നു. | ലഘു | ഒരു ലഘുവായി |

8 ലഘൂനി വൈ സമാമ്നാതാ ദശ പഞ്ച ച നാഡികാഃ
തേ ദ്വേ മുഹൂൎത്തഃ പ്രഹരഃ ഷഡ്‌യാമഃ സപ്ത വാ നൃണാം

| | | | |
|---|---|---|---|
| ദശ പഞ്ച ച | പതിനഞ്ചു് | ദ്വേ തേ | രണ്ടു നാഴിക |
| | | മുഹൂൎത്തഃ | ഒരു മുഹൂൎത്തം |
| ലഘൂനി വൈ | ലഘുക്കൾ പ്രത്യേകം | ഷട് സപ്ത വാ | ആറോ ഏഴോ നാഴിക |
| നാഡികാഃ | ഓരോരോ നാഴികകളാണെന്നു് | നൃണാം | മനുഷ്യരുടെ |
| | | പ്രഹരഃ | ഒരു പ്രഹരം; |
| സമാമ്നാതാഃ | പറയപ്പെട്ടിരിക്കുന്നു. | യാമഃ | അഥവാ ഒരു യാമം. |

പകലിന്റെയും രാത്രിയുടേയും നാലിലൊരംശമാണു് യാമം. അയനഭേദമനുസരിച്ചു് രാപ്പകലുകൾക്കു് ഏറ്റക്കുറച്ചിലുണ്ടാകുമ്പോൾ അവയുടെ ചതുർത്ഥാംശമായ യാമത്തിൽ ചെല്ലുന്ന നാഴികകൾക്കും അതുണ്ടാകും. അതുകൊണ്ടാണു് ഓരോ യാമത്തിലും ചെല്ലുന്ന നാഴികയുടെ കണക്കു് ക്ലിപ്തമാക്കാതെ ആറോ ഏഴോ എന്നു പറഞ്ഞതു്. അതിനുപുറമെ സന്ധ്യകളുടെ അംശമായി രണ്ടു മുഹൂർത്തനേരത്തെ തള്ളുകയും വേണം. നാഴിക കണക്കാക്കാനുള്ള ഉപകരണത്തിന്റെ സ്വഭാവം താഴെ പറയുന്നു.

9 ദ്വാദശാർദ്ധപലോന്മാനം ചതുർഭിശ്ചതുരംഗുലൈഃ
സ്വർണ്ണമാഷൈഃ കൃതച്ഛിദ്രം യാവത്പ്രസ്ഥജലപ്ലുതം

| | | | |
|---|---|---|---|
| ദ്വാദശാർദ്ധ-പലോന്മാനം | 12 പലം തൂക്കമുള്ള ഒരു അളവുപാത്രം (നാഴികവട്ട), | ചതുർഭിഃ | നാലുകൊണ്ടു് |
| ചതുരംഗുലൈഃ | നാലുവിരൽനീളമുള്ളതും | കൃതച്ഛിദ്രം | ദ്വാരമുണ്ടാക്കപ്പെട്ടു് |
| സ്വർണ്ണമാഷൈഃ | 1 മാഷം (5 കുന്നി) തൂക്കമുള്ളതുമായ പൊൻകമ്പികളാൽ | യാവത് പ്രസ്ഥജല-പ്ലുതം | അതിൽ ഒരിടങ്ങഴി വെള്ളംകയറി, വെള്ളത്തിലാഴുവാൻ എത്രനേരം വേണമോ, അതുകൊണ്ടു 1 നാഴികയാകും |

10 യാമാശ്ചത്വാരശ്ചത്വാരോ മർത്ത്യാനാമഹനീ ഉഭേ
പക്ഷഃ പഞ്ചദശാഹാനി കൃഷ്ണഃ ശുക്ലശ്ച മാനദ

| | | | |
|---|---|---|---|
| മാനദ | ഹേ സംപൂജ്യ! | പഞ്ചദശ | പതിനഞ്ചു് |
| യാമാഃ | യാമങ്ങൾ | അഹാനി | രാപ്പകലുകൾ |
| ചത്വാരഃ ചത്വാരഃ | നന്നാലുകൂടിയാൽ | പക്ഷഃ | ഒരു പക്ഷം |
| മർത്ത്യാനാം | മനുഷ്യരുടെ | കൃഷ്ണഃ | കറുത്തതും |
| ഉഭേ അഹനീ | പകലും രാത്രിയുമായി | ശുക്ലഃ ച | വെളുത്തതും (പക്ഷം 2) |

11 തയോഃ സമുച്ചയോ മാസഃ പിതൄണാം തദഹർനിശം
ദ്വൗ താവൃതുഃ ഷഡയനം ദക്ഷിണം ചോത്തരം ദിവി.

12 അയനേ ചാഹനീ പ്രാഹുർവത്സരോ ദ്വാദശ സ്മൃതഃ
സംവത്സരശതം നൄണാം പരമായുർനിരൂപിതം

| | | | |
|---|---|---|---|
| തയോഃ | രണ്ടുപക്ഷങ്ങളുടെ | അഹർനിശം | അഹോരാത്രമാണു് |
| സമുച്ചയഃ | കൂടിച്ചേർച്ച | ദ്വൗ തൗ | രണ്ടുമാസങ്ങൾ |
| മാസഃ | ഒരുമാസം | ഋതുഃ | ഒരു ഋതു |
| പിതൄണാം | പിതൃക്കൾക്കു് | ഷട് | ആറുമാസങ്ങൾ |
| തത് | അതു് | അയനം | ഒരു അയനം— |

| | |
|---|---|
| ദക്ഷിണം | ദക്ഷിണായനവും, |
| ഉത്തരം ച | ഉത്തരായണവും. |
| ദിവി | ദേവലോകത്തിൽ |
| അയനേ ച | രണ്ടയനങ്ങളും കൂടിയതു് |
| അഹനീ | ഒരു അഹോരാത്രമെന്നു് |
| പ്രാഹുഃ | പറഞ്ഞുവരുന്നു. |
| ദ്വാദശ | 12 മാസങ്ങളുംകൂടിയതു് |

| | |
|---|---|
| വത്സരഃ സ്മൃതഃ | ഒരു സംവത്സരമത്രേ. |
| സംവത്സരശതം | 100 സംവത്സരം കാലം |
| നൃണാം | മനുഷ്യരുടെ |
| പരം | പരമാവധിയായ |
| ആയുഃ | ആയുസ്സെന്നു് |
| നിരൂപിതം | സങ്കല്പിക്കപ്പെട്ടിട്ടുണ്ടു് |

13 ഗ്രഹർക്ഷതാരാചക്രസ്ഥഃ പരമാണ്വാദിനാ ജഗത്
സംവത്സരാവസാനേന പര്യേത്യനിമിഷോ വിഭുഃ

| | |
|---|---|
| ഗ്രഹർക്ഷതാരാചക്രസ്ഥഃ | ഗ്രഹങ്ങളും - നക്ഷത്രങ്ങളും - താരങ്ങളും - എന്നിവയുടെ ചക്രത്തിൽ സ്ഥിതിചെയ്യുന്ന |
| അനിമിഷഃ | കാലാത്മാവായ |
| വിഭുഃ | ഭഗവാൻ സൂര്യൻ |

| | |
|---|---|
| പരമാണ്വാദിനാ | പരമാണുകൊണ്ടു തുടങ്ങുന്നതും |
| സംവത്സരാവസാനേന | സംവത്സരംകൊണ്ടു് അവസാനിക്കുന്നതുമായ ഗതിയാൽ |
| ജഗത് | ലോകത്തെ |
| പര്യേതി | ചുററുന്നു. |

14 സംവത്സരഃ പരിവത്സര ഇഡാവത്സര ഏവ ച
അനുവത്സരോ വത്സരശ്ച വിദുരൈവം പ്രഭാഷ്യതേ.

| | |
|---|---|
| വിദുര | അല്ലയോ വിദുര ! |
| സംവത്സരഃ | സൌരവർഷം, |
| പരിവത്സരഃ | ബൃഹസ്പതിവർഷം, |
| ഇഡാവത്സരഃ | സാവനവർഷം, |
| ഏവ ച | അതേവിധം |

| | |
|---|---|
| അനുവത്സരഃ | ചാന്ദ്രവർഷം, |
| വത്സരഃ ച | നാക്ഷത്രവർഷം |
| ഏവം | ഇങ്ങനെയെല്ലാം |
| പ്രഭാഷ്യതേ | പ്രത്യേകം പറയാറുണ്ടു്. |

15 യഃ സൃജ്യശക്തിമുരുധോച്ഛ്വസയൻ സ്വശക്ത്യാ
പുംസോऽഭ്രമായ ദിവി ധാവതി ഭൂതഭേദഃ
കാലാഖ്യയാ ഗുണമയം ക്രതുഭിർവിതന്വം-
സ്തസ്മൈ ബലിം ഹരത വത്സരപഞ്ചകായ.

| | |
|---|---|
| ഭൂതഭേദഃ | മഹാഭൂതങ്ങളുടെ വിശേഷമായ തേജസ്സിന്റെ രൂപത്തിൽ പ്രത്യക്ഷമായിരിക്കുന്ന |
| യഃ | യാതൊരുവൻ |
| കാലാഖ്യയാ | കാലമെന്നു പേരുള്ള |
| സ്വശക്ത്യാ | തൻശക്തിയാൽ |

| | |
|---|---|
| സൃജ്യശക്തിം | സൃഷ്ടിക്കു വിഷയീഭവിക്കാവുന്ന പദാർത്ഥങ്ങളുടെ അന്തർവ്വീര്യത്തെ |
| ഉരുധാ | ബഹുപ്രകാരേണ |
| ഉച്ഛ്വസയൻ | കാര്യോന്മുഖമാക്കി ഉണർത്തിവിട്ടുകൊണ്ടും, |

| | | | |
|---|---|---|---|
| ക്രതുഭിഃ | യാഗങ്ങൾകൊണ്ടുള്ള | ധാവതി | ഓടിക്കൊണ്ടിരിക്കുന്നുവോ, |
| ഗുണമയം | സ്വർഗ്ഗാദി ഫലത്തെ | വത്സര-പഞ്ചകായ | അഞ്ചുവിധം വത്സരങ്ങളുടെയും സഞ്ചാലകനായ |
| വിതന്വാൻ | വിതരണംചെയ്തുകൊണ്ടും | തസ്മൈ | ആ സൂര്യനാരായണസ്വാമിക്കായിക്കൊണ്ട് |
| പുംസഃ | മനുഷ്യന്റെ | ബലിം | സപര്യയെ |
| അഭ്രമായ | മോഹനിവൃത്തിക്കായി | ഹരത | അർപ്പിക്കുവിൻ ! |
| ദിവി | ആകാശത്തിൽ | | |

വിദുര ഉവാച : വിദുരർ പറഞ്ഞു.

16 പിതൃദേവമനുഷ്യാണാമായുഃ പരമിദം സ്മൃതം
പരേഷാം ഗതിമാചക്ഷ്വ യേ സ്യുഃ കല്പാദ്ബഹിർവിദഃ

| | | | |
|---|---|---|---|
| പിതൃദേവ-മനുഷ്യാണാം | പിതൃക്കൾ — ദേവകൾ — മനുഷ്യർ എന്നിവരുടെ | ബഹിഃ | അപ്പുറത്ത് |
| പരം ആയുഃ | പരമാവധി ആയുസ്സ് | യേ വിദഃ | യാതൊരു ജ്ഞാനികൾ |
| ഇദം | ഇന്നതെന്ന് | സ്യുഃ | ഉണ്ടായേക്കാമോ |
| സ്മൃതം | നിരൂപിക്കപ്പെട്ടു | പരേഷാം | ആ സമുന്നതന്മാരുടെ |
| കല്പാത് | പ്രതികല്പസൃഷ്ടിയായ ത്രിലോകത്തിൽനിന്ന് | ഗതിം | ജീവിതയാത്രയെ |
| | | ആചക്ഷ്വ | പറഞ്ഞുതരിക |

17 ഭഗവാൻ വേദ കാലസ്യ ഗതിം ഭഗവതോ നനു
വിശ്വം വിചക്ഷതേ ധീരാ യോഗരാദ്ധേന ചക്ഷുഷാ.

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനായ അങ്ങുന്ന് | ധീരാഃ | സ്ഥിരപ്രജ്ഞന്മാർ |
| കാലസ്യ | കാലാത്മാവായ | യോഗരാദ്ധേന | യോഗസംസിദ്ധമായ |
| ഭഗവതഃ | ഈശ്വരന്റെ | ചക്ഷുഷാ | കണ്ണുകൊണ്ട് |
| ഗതിം | തത്ത്വത്തെ | വിശ്വം | സർവ്വവും |
| വേദ നനു | അറിയുന്നു; തീർച്ച. | വിചക്ഷതേ | കണ്ടറിയുന്നു. |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

18 കൃതം ത്രേതാ ദ്വാപരം ച കലിശ്ചേതി ചതുർയുഗം
ദിവ്യൈർദ്വാദശഭിർവർഷൈഃ സാവധാനം നിരൂപിതം

19 ചത്വാരി ത്രീണി ദ്വേ ചൈകം കൃതാദിഷു യഥാക്രമം
സംഖ്യാതാനി സഹസ്രാണി ദ്വിഗുണാനി ശതാനി ച.

| | | | |
|---|---|---|---|
| കൃതം ത്രേതാ | കൃതമെന്നും ത്രേതയെന്നും | ദിവ്യൈഃ | ദേവമാനപ്രകാരമുള്ള |
| ദ്വാപരം ച | ദ്വാപരമെന്നും | ദ്വാദശഭിഃ | പന്ത്രണ്ടു |
| കലിഃ ച ഇതി | കലിയെന്നും ഇങ്ങനെ | വർഷൈഃ | വർഷസഹസ്രങ്ങൾകൊണ്ട് |
| ചതുർയുഗം | നാലുയുഗങ്ങൾ | | |

| | | | |
|---|---|---|---|
| സാവധാനം | സന്ധ്യാംശങ്ങളായ ഇടക്കാലങ്ങളോടുകൂടെ | ദ്വിഗുണാനി | അവയുടെ ഇരട്ടി |
| നിരൂപിതം | നിർണ്ണയിക്കപ്പെട്ടിട്ടുണ്ട് | ശതാനി ച | നൂറുകളും |
| ചത്വാരി ത്രീണി | നാലും–മൂന്നും — | കൃതാദിഷു | കൃതാദിയുഗങ്ങളിൽ |
| ദ്വേ ഏകം ച | രണ്ടും — ഒന്നും | യഥാക്രമം | ക്രമം അനുസരിച്ച് |
| സഹസ്രാണി | ആയിരങ്ങളും, | സംഖ്യാതാനി | കണക്കാക്കപ്പെട്ടിട്ടുണ്ട്. |

ത്രിലോകാതീതന്മാരായി മഹർല്ലോകം മുതൽ ബ്രഹ്മലോകംവരേയുള്ള ധാമങ്ങളിൽ വസിക്കുന്ന പരമജ്ഞാനികളുടെ പരമായുസ്സറിവാൻ ചതുര്യുഗാദികാലപരിജ്ഞാനം വേണ്ടിയിരിക്കുന്നു. അതുകൊണ്ട് കൃതാദിയുഗങ്ങളെ പരാമർശിച്ച് ഋഷി വിദുരപ്രശ്നത്തിന്ന് ഉത്തരം പറഞ്ഞുതുടങ്ങി. ദിവ്യവർഷങ്ങളെക്കൊണ്ടാണ് ഓരോ യുഗത്തിന്റേയും കാലയളവ് പറഞ്ഞിരിക്കുന്നത്. മനുഷ്യരുടെ 360 വർഷം കൂടിയാലേ ഒരു ദിവ്യവർഷമാകയുള്ളു. അതുപ്രകാരം യുഗങ്ങളുടെ കാലമാനം താഴെ കൊടുക്കുംപ്രകാരമായിരിക്കും.

| യുഗനാമം | ദിവ്യവർഷം | മാനുഷവർഷം |
|---|---|---|
| കൃതം | 4,800 | 1,728,000 |
| ത്രേത | 3,600 | 1,296,000 |
| ദ്വാപരം | 2,400 | 864,000 |
| കലി | 1,200 | 432,000 |
| ചതുര്യുഗം | 12,000 | 4,320,000 |

ശ്ലോകത്തിൽ ആയിരങ്ങളേയും നൂറുകളേയും വെവ്വേറെ കാണിച്ചതിന്റെ പ്രയോജനം ഇനി വ്യക്തമാകുന്നു.

20 സന്ധ്യാംശയോരന്തരേണ യഃ കാലഃ ശതസംഖ്യയോഃ
തമേവാഹുര്യുഗം തജ്ജ്ഞാ യത്ര ധർമ്മോ വിധീയതേ.

| | | | |
|---|---|---|---|
| ശതസംഖ്യയോഃ | നൂറാം സ്ഥാനത്തുനില്ക്കുന്ന സംഖ്യകളുള്ള | തജ്ജ്ഞാഃ | അതിൽപരിജ്ഞാനമുള്ളവർ |
| സന്ധ്യാംശയോഃ | യുഗസന്ധ്യാംശങ്ങളുടെ | ആഹുഃ | പറയുന്നുള്ളു |
| അന്തരേണ | ഇടയിൽ | യത്ര | യാതൊരുവേളയിൽ |
| യഃ കാലഃ | യാതൊരു കാലമുണ്ടോ, | ധർമ്മഃ | വേദോക്തകർമ്മമാർഗ്ഗം |
| തം ഏവ | അതിനെ മാത്രമേ | വിധീയതേ | വിധിക്കപ്പെട്ടിരിക്കുന്നു. |
| യുഗം | യുഗമായിട്ട് | | |

യുഗങ്ങളുടെ കാലമാനം പറഞ്ഞതിൽ ശതസംഖ്യകളെക്കൊണ്ടു കാണിച്ചതു് അവയുടെ സന്ധ്യാംശങ്ങളായി പരിഗണിക്കേണ്ടതാണ്. അങ്ങനെയാകുമ്പോൾ കൃതാദികളുടെ വാസ്തവികമായ കാലമാനം ദിവ്യവർഷക്കണക്കിൽ യഥാക്രമം 4000, 3000, 2000, 1000 ഇത്രയേ വരികയുള്ളു. ശതസംഖ്യാകമായ 800, 600, 400, 200 എന്നിവ

യഥാക്രമം ഓരോ യുഗത്തിന്റെയും തുടക്കത്തിലും ഒടുക്കത്തിലും വരുന്ന സന്ധ്യാംശങ്ങളായിട്ട കരുതിക്കൊണ്ടാൽ മതി. ഒരു ചതുര്യുഗത്തിന്റെ കാലം 12000 ദിവ്യവഷമാകുന്നതു് ഈ സന്ധ്യാംശങ്ങളായ 2000-ത്തെക്കൂടെ ഉൾക്കൊള്ളിച്ചിട്ടാകുന്നു

21 ധമ്മശ്ചതുഷ്പാന്മനുജാൻ കൃതേ സമനുവത്തതേ
സ ഏവാന്യേഷ്വധമ്മേണ വ്യേതി പാദേന വദ്ധതാ.

| | | | |
|---|---|---|---|
| ചതുഷ്പാത് | നാലുപാദങ്ങളോടുകൂടിയ – പൂണ്ണമായ | അന്യേഷു | മററു യുഗങ്ങളിൽ |
| ധമ്മഃ കൃതേ | ധമ്മം കൃതയുഗത്തിൽ | പാദേന | കാലംശക്രമത്തിൽ |
| മനുജാൻ | മനുഷ്യരെ | വദ്ധതാ | പെരുകിവരുന്ന |
| സമനുവത്തതേ | മുററും അനുവത്തിക്കുന്നു | അധമ്മേണ | അധമ്മംകൊണ്ടു് |
| സഃ ഏവ | അതേ ധമ്മം | വ്യേതി | (കാലംശത്താൽ) ചുരുങ്ങിവരുന്നു. |

22 ത്രിലോക്യാ യുഗസാഹസ്രം ബഹിരാബ്രഹ്മണോ ദിനം
താവത്യേവ നിശാ താത യന്നിമീലതി വിശ്വസൃക്

| | | | |
|---|---|---|---|
| താത | പ്രിയവത്സ ! | താവതീ ഏവ | അത്രയുംതന്നെ |
| യുഗസാഹസ്രം | ആയിരം ചതുര്യുഗം | നിശാ | ഒരു രാത്രിയും |
| ത്രിലോക്യാ: | മൂന്നുലോകത്തിൽനിന്നും | യത് | യാതൊരുകാലത്തു് |
| ബഹിഃ | അപ്പുറത്തു് | വിശ്വസൃക് | ബ്രഹ്മാവു് |
| ആബ്രഹ്മണഃ | ബ്രഹ്മലോകംവരെ | നിമീലതി | കണ്ണടച്ചുറങ്ങുന്നു. |
| ദിനം | ഒരുപകൽ. | | |

23 നിശാവസാന ആരബ്ധോ ലോകകല്പോനുവത്തതേ
യാവദ്ദിനം ഭഗവതോ മനൂൻ ഭുഞ്ജംശ്ചതുർദ്ദശ.

| | | | |
|---|---|---|---|
| നിശാവസാനേ | രാത്രിയുടെ അവസാനത്തിൽ | യാവത് ദിനം | പകൽകഴിവോളം |
| ആരബ്ധഃ | ആരംഭിക്കപ്പെട്ട | ചതുർദ്ദശ | പതിനാലു് |
| ലോകകല്പഃ | ലോകസൃഷ്ടി | മനൂൻ | മനുക്കളെ |
| ഭഗവതഃ | ബ്രഹ്മദേവന്റെ | ഭുഞ്ജൻ | ഉൾപ്പെടുത്തിക്കൊണ്ടു് |
| | | അനുവർത്തതേ | തുടൻപോകുന്നു. |

24 സ്വം സ്വം കാലം മനുർഭുങ്‌ക്തേ സാധികാം ഹ്യേകസപ്തതിം
മന്വന്തരേഷു മനവസ്തദ്വംശ്യാ ഋഷയഃ സുരാഃ
ഭവന്തി ചൈവ യുഗപത് സുരേശാശ്ചാനു യേ ച താൻ

| | | | |
|---|---|---|---|
| മനുഃ | ഓരോ മനുവും | സാധികാം ഏകസപ്തതിം | എഴുപത്തൊന്നിലേറെ വരുന്ന ചതുര്യുഗത്തെ |
| സ്വം സ്വം കാലം | തന്റെ തന്റെ കാലമായ | | |

| | | | |
|---|---|---|---|
| ഭുങ്‌ക്തേ ഹി | അനുഭവിക്കതന്നെ ചെയ്യുന്നു | സുരാഃ | ദേവന്മാരും |
| മന്വന്തരേഷു | ഓരോരോ മന്വന്തരങ്ങളിലും | സുരേശാഃ ച | ദേവേന്ദ്രന്മാരും |
| മനവഃ | പ്രത്യേകം മനുക്കളും | താൻ അനു | അവരെ അനുവർത്തിക്കുന്ന |
| തദ്വംശ്യാഃ | അവരുടെ വംശത്തിലുണ്ടായവരും | യേ ച | യാവചില ഗന്ധർവ്വാദികളും |
| | | യുഗപത് ഏവ | ഏകകാലത്തിൽത്തന്നെ |
| ഋഷയഃ | ഋഷിമാരും | ഭവന്തി ച | ഭവിക്കയും ചെയ്യും |

(മനുവംശത്തിലുണ്ടാവുന്ന ഭൂമ്യംശപാലകന്മാരുടെ ആവിർഭാവംമാത്രം ഏകകാലത്തിലാകയില്ലെന്നു് യുക്തിയാൽ ധരിച്ചുകൊള്ളണം)

25 ഏഷ ദൈനംദിനഃ സർഗ്ഗോ ബ്രാഹ്മസ്ത്രൈലോക്യവർത്തനഃ
തിര്യങ്‌നൃപിതൃദേവാനാം സംഭവോ യത്ര കർമ്മഭിഃ

| | | | |
|---|---|---|---|
| ഏഷഃ | ഇതു് | യത്ര | യാതൊന്നിൽ |
| ത്രൈലോക്യവർത്തനഃ | മൂന്നുലോകത്തെയും പ്രവർത്തിപ്പിച്ചുകൊണ്ടുള്ളതായ | കർമ്മഭിഃ | കർമ്മങ്ങളെക്കൊണ്ടു് |
| ബ്രാഹ്മഃ | ബ്രഹ്മാവിനെസംബന്ധിച്ച | തിര്യങ്‌നൃപിതൃദേവാനാം | തിര്യക്കുകൾ-മനുഷ്യർ-പിതൃക്കൾ – ദേവന്മാർ എന്നിവരുടെ |
| ദൈനംദിനഃ | ഓരോദിവസത്തിലുമുള്ള | | |
| സർഗ്ഗഃ | സൃഷ്ടിക്രമമാകുന്നു. | സംഭവഃ | ഉൽപത്തി നടക്കുന്നു. |

26 മന്വന്തരേഷു ഭഗവാൻ ബിഭ്രത് സത്ത്വം സ്വമൂർത്തിഭിഃ
മന്വാദിഭിരിദം വിശ്വമവത്യുദിതപൗരുഷഃ.

| | | | |
|---|---|---|---|
| മന്വന്തരേഷു | മന്വന്തരങ്ങളിൽ, | മന്വാദിഭിഃ | മനുക്കളാലും മററും |
| ഭഗവാൻ | ഈശ്വരൻ | ഉദിതപൗരുഷഃ | പുരുഷാകാരത്തെ പ്രകാശിപ്പിച്ചുകൊണ്ടു് |
| സത്ത്വം | സത്ത്വഗുണത്തെ | | |
| ബിഭ്രത് | ധരിച്ചു് | ഇദം വിശ്വം | ഈ ലോകത്തെ |
| സ്വമൂർത്തിഭിഃ | തന്റെ മന്വന്തരാവതാരമൂർത്തികളായ | അവതി | സംരക്ഷിക്കുന്നു. |

27 തമോമാത്രാമുപാദായ പ്രതിസംരുദ്ധവിക്രമഃ
കാലേനാനുഗതാശേഷ ആസ്തേ തൂഷ്ണീം ദിനാത്യയേ

| | | | |
|---|---|---|---|
| തമോമാത്രാം | തമോഗുണാംശത്തെ | കാലേന | കാലശക്തിയാൽ |
| ഉപാദായ | അംഗീകരിച്ചു് | അനുഗതാശേഷഃ | തന്നിൽ വന്നണഞ്ഞ സർവ്വചരാചരങ്ങളോടുകൂടെ, |
| പ്രതിസംരുദ്ധവിക്രമഃ | പ്രത്യാഹരിക്കപ്പെട്ട വിവിധ സർഗ്ഗക്രമത്തോടുകൂടിയവനായിട്ടു്, | ദിനാത്യയേ | പകലിന്റെ അവസാനത്തിൽ |
| | | തൂഷ്ണീം ആസ്തേ | മിണ്ടാതിരിക്കുന്നു |

28 തമേവാന്വപിധീയന്തേ ലോകാ ഭൂരാദയസ്ത്രയഃ
നിശായാമനുവൃത്തായാം നിർമ്മുക്തശശിഭാസ്കരം.

| | | | |
|---|---|---|---|
| നിശായാം | ബ്രഹ്മാവിന്റെ രാത്രി | ഭൂരാദയഃ | ഭൂല്ലോകം മുതലായ |
| നിർമ്മുക്ത-ശശിഭാസ്കരം | ചന്ദ്രസൂര്യന്മാരില്ലാത്ത വിധത്തിൽ | ത്രയഃ ലോകാഃ | മൂന്നു ലോകങ്ങളും |
| അനുവൃത്തായാം | തുടൎന്നുകൊണ്ടിരിക്കുമ്പോൾ | തം ഏവ | ആ ഭഗവാനെത്തന്നെ |
| | | അനു അപിധീയന്തേ | അനുസരിച്ച് തിരോധാനം ചെയ്യപ്പെടുന്നു |

29 ത്രൈലോക്യാം ദഹ്യമാനായാം ശക്ത്യാ സങ്കർഷണാഗ്നിനാ
യാന്ത്യൂഷ്മണാ മഹർലോകാജ്ജനം ഭൃഗ്വാദയോऽർദ്ദിതാഃ

| | | | |
|---|---|---|---|
| ശക്ത്യാ | ഭഗച്ഛക്തിയായ | അർദ്ദിതാഃ | സംപീഡിതരായ |
| സങ്കർഷണാഗ്നിനാ | സങ്കർഷണമുഖത്തിലെ അഗ്നിയാൽ | ഭൃഗ്വാദയഃ | ഭൃഗു മുതലായവർ |
| ത്രൈലോക്യാം | മൂവുലകവും | മഹർലോകാത് | മഹർലോകത്തിൽനിന്നും |
| ദഹ്യമാനായാം | ദഹിക്കപ്പെട്ടുപോളയികൽ, | ജനം | ജനർലോകത്തിലേക്ക് |
| ഊഷ്മണാ | ആ ചൂടിനാൽ | യാന്തി | പോകുന്നു. |

30 താവത് ത്രിഭുവനം സദ്യഃ കല്പാന്തൈധിതസിന്ധവഃ
പ്ലാവയന്ത്യുത്കടാടോപചണ്ഡവാതേരിതോർമ്മയഃ.

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കും, | കല്പാന്തൈധിതസിന്ധവഃ | കല്പാന്തത്തിലെ ഏന്തിയേറുന്ന വൻകടലുകൾ |
| ഉത്കടാടോപചണ്ഡവാതേരിതോർമ്മയഃ | ഭയങ്കരമായക്ഷോഭത്തോടുകൂടിയവയും കൊടും കാററിനാൽ ഇളക്കിമറിക്കപ്പെട്ട തിരമാലകളോടുകൂടിയവയുമായിട്ട് | സദ്യഃ | ഉടനടി |
| | | ത്രിഭുവനം | മൂന്നുലോകത്തേയും |
| | | പ്ലാവയന്തി | മുക്കിക്കളയുന്നു |

31 അന്തഃ സ തസ്മിൻ സലില ആസ്തേऽനന്താസനോ ഹരിഃ
യോഗനിദ്രാനിമീലാക്ഷഃ സ്തൂയമാനോ ജനാലയൈഃ

| | | | |
|---|---|---|---|
| തസ്മിൻ സലിലേ | ആ പ്രളയജലത്തിൽ | യോഗനിദ്രാനിമീലാക്ഷഃ | യോഗനിദ്രയെ അവലംബിച്ചു കണ്ണടച്ചുകൊണ്ടും |
| അന്തഃ | അന്തർഭാഗത്ത് | ജനാലയൈഃ | ജനലോകവാസികളാൽ |
| അനന്താസനഃ | ആദിശേഷനാവുന്ന ഇരിപ്പിടത്തോടുകൂടിയ | സ്തൂയമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ടും |
| സഃ ഹരിഃ | ആ ശ്രീനാരായണൻ | ആസ്തേ | ഇരുന്നരുളുന്നു. |

32 ഏവംവിധൈരഹോരാത്രൈഃ കാലഗത്യോപലക്ഷിതൈഃ
അപക്ഷിതമിവാസ്യാപി പരമായുർവയഃശതം.

| | | | |
|---|---|---|---|
| കാലഗത്യാ | കാലത്തിന്റെ ഗതിയോടു് | അസ്യ അപി | ഈ ബ്രഹ്മാവിന്റേയും |
| ഉപലക്ഷിതൈഃ | ഒത്തുചേൎന്ന | വയഃശതം | നൂറുവൎഷമാവുന്ന |
| ഏവംവിധൈഃ | ഇമ്മാതിരിക്കുള്ള | പരം ആയുഃ | പരമായുസ്സു് |
| അഹോരാത്രൈഃ | പകലിരവുകളാൽ | അപക്ഷിതം ഇവ | അപക്ഷയിച്ചതുപോലെയാകുന്നു |

ആയിരം ചതുൎയ്യുഗങ്ങളാണു് ബ്രഹ്മാവിന്റെ ഒരു പകൽ. അത്രതന്നെ രാത്രിയും. അപ്പോൾ 2000 ചതുൎയ്യുഗം കൂടിയതാണു് ബ്രഹ്മാവിന്റെ അഹോരാത്രം (മനുഷ്യന്റെ കല്പകാലം) ഇങ്ങനെ 360 അഹോരാത്രം കൊണ്ടുണ്ടാവുന്ന വൎഷങ്ങൾ നൂറു തികയുമ്പോൾ ബ്രഹ്മാവിന്റെ ആയുസ്സും അവസാനിക്കുന്നു.

33 യദൎദ്ധമായുഷസ്തസ്യ പരാൎദ്ധമഭിധീയതേ
പൂൎവ്വഃ പരാൎദ്ധോഽപക്രാന്തോ ഹ്യപരോഽദ്യ പ്രവൎത്തതേ.

| | | | |
|---|---|---|---|
| തസ്യ | ആ ബ്രഹ്മദേവന്റെ | പൂൎവ്വഃ പരാൎദ്ധഃ | ആദ്യത്തെ പരാൎദ്ധം |
| ആയുഷഃ | ആയുസ്സിന്റെ | അപക്രാന്തഃ | കഴിഞ്ഞിരിക്കുന്നു. |
| അൎദ്ധം യത് | പകുതിയാതൊന്നോ, | അപരഃ | മറ്റേ പരാൎദ്ധം |
| പരാൎദ്ധം | അതു പരാൎദ്ധമെന്നു് | അദ്യ ഹി | ഇപ്പോൾ, ഇതാ |
| അഭിധീയതേ | പറയപ്പെടുന്നു | പ്രവൎത്തതേ | നടന്നുകൊണ്ടിരിക്കുന്നു. |

34 പൂൎവ്വസ്യാദൌ പരാൎദ്ധസ്യ ബ്രാഹ്മോ നാമ മഹാനഭൂത്
കല്പോ യത്രാഭവദ് ബ്രഹ്മാ ശബ്ദബ്രഹ്മേതി യം വിദുഃ

| | | | |
|---|---|---|---|
| പൂൎവ്വസ്യ | മുമ്പിലത്തെ | ശബ്ദബ്രഹ്മ ഇതി | ശബ്ദാത്മകമായ ബ്രഹ്മസ്വരൂപമെന്നു് |
| പരാൎദ്ധസ്യ | പരാൎദ്ധത്തിന്റെ | യം | യാതൊരുവനെ |
| ആദൌ | ആദിയിങ്കൽ | വിദുഃ | അറിഞ്ഞുവരുന്നുവോ, |
| ബ്രാഹ്മഃ നാമ | ബ്രാഹ്മമെന്നു പേരുള്ള | ബ്രഹ്മാ | ആ ബ്രഹ്മദേവൻ |
| മഹാൻ കല്പഃ | മഹത്തായ കല്പം | യത്ര | യാതൊരു ഈ കല്പത്തിൽ |
| അഭൂത് | ഉണ്ടായി | അഭവത് | ഉണ്ടായി. |

35 തസ്യൈവ ചാന്തേ കല്പോഽഭൂദ്യം പാദ്മമഭിചക്ഷതേ
യദ്ധരേൎന്നാഭിസരസ ആസീല്ലോകസരോരുഹം

| | | | |
|---|---|---|---|
| തസ്യ ഏവ | അതേ പരാൎദ്ധത്തിന്റെ | യം | യാതൊന്നിനെ |
| അന്തേ ച | ഒടുവിലും | പാദ്മം | പാദ്മമെന്നു് |
| കല്പഃ അഭൂത് | കല്പകാലം സംഭവിച്ചു. | അഭിചക്ഷതേ | പറഞ്ഞുവരുന്നു |

| | | | |
|---|---|---|---|
| യത് | എന്തെന്നാൽ, ഈ കല്പത്തിൽ | ലോക-സരോരുഹം | വിശ്വാത്മകമായ പദ്മകോശം |
| ഹരേഃ | ശ്രീനാരായണന്റെ | | |
| നാഭിസരസഃ | നാഭിതടാകത്തിൽനിന്നു് | ആസീത് | ഉളവായി. |

36 അയം തു കഥിതഃ കല്പോ ദ്വിതീയസ്യാപി ഭാരത
വാരാഹ ഇതി വിഖ്യാതോ യത്രാസീത്സൂകരോ ഹരിഃ

| | | | |
|---|---|---|---|
| ഭാരത | അല്ലയോ ഭാരത! | സൂകരഃ | വരാഹമായിട്ട് |
| അയം കല്പഃ തു | ഈ കല്പമാകട്ടെ | യത്ര | യാതൊരു കല്പത്തിൽ |
| ദ്വിതീയസ്യ | രണ്ടാംപരാർദ്ധത്തിന്റെ | ആസീത് | ആവിർഭവിച്ചുവോ, (അതാകയാൽ) |
| (ആദൌ) അപി | ആദിയിലുള്ളതാണെന്നും | വാരാഹഃ ഇതി | "വരാഹകല്പം" എന്ന പേരിൽ |
| കഥിതഃ | പറയപ്പെട്ടിരിക്കുന്നു. | | |
| ഹരിഃ | മഹാവിഷ്ണു | വിഖ്യാതഃ | വിശ്രുതമായിരിക്കുന്നു. |

ബ്രഹ്മാവിന്റെ ഓരോ ദിനവും മനുഷ്യരെ സംബന്ധിച്ചേടത്തോളം ഓരോ കല്പാകാലമാണല്ലോ. ആകയാൽ കല്പങ്ങളെ മുഴുവനും വിസ്തരിക്കാനാകയില്ല. ബ്രഹ്മായുസ്സിന്റെ പൂർവ്വപരാർദ്ധത്തിലെ ആദ്യത്തിലും അവസാനത്തിലുമുള്ള ബ്രാഹ്മപാദ്മകല്പങ്ങളെ മാത്രം ഇവിടെ പേരെടുത്തുപറഞ്ഞു. ഇപ്പോൾ ദ്വിതീയപരാർദ്ധത്തിന്റെ തുടക്കത്തിലുള്ള വരാഹകല്പമാണു്. ശ്വേതവരാഹകല്പത്തിൽ ഏഴാമത്തെ മന്വന്തരമായ വൈവസ്വതമന്വന്തരത്തിലെ 28-ാമത്തെ കലിയുഗത്തിന്റെ പ്രഥമപാദമാണിപ്പോഴെന്നു് സങ്കല്പിക്കപ്പെടുന്നു.

കാലശക്തിക്കു വിധേയങ്ങളായ സൃഷ്ടങ്ങളുടേയെല്ലാം ആയുസ്സിന്റെ പരിണാമത്തെപ്പററി പറഞ്ഞതശേഷം അതിന്നു വിധേയമല്ലാത്ത അനാദ്യന്ത തത്ത്വത്തെ താഴെ അഞ്ചു ശ്ലോകത്താൽ പരാമർശിക്കുന്നു

37 കാലോഽയം ദ്വിപരാർദ്ധാഖ്യോ നിമേഷ ഉപചര്യതേ
അവ്യാകൃതസ്യാനന്തസ്യ അനാദേർജ്ജഗദാത്മനഃ

| | | | |
|---|---|---|---|
32 കോ വാമിഹൈത്യ ഭഗവത്പരിചര്യയോച്ചൈ-
സ്തദ്ധർമ്മിണാം നിവസതാം വിഷമഃ സ്വഭാവഃ
തസ്മിൻ പ്രശാന്തപുരുഷേ ഗതവിഗ്രഹേ വാം
കോ വാത്മവത് കുഹകയോഃ പരിശങ്കനീയഃ.

| | |
|---|---|
| ഉച്ചൈഃ | മഹത്തായ |
| ഭഗവത്പരിചര്യയാ | ഭഗവൽപരിചരണം ചെയ്കമൂലം |
| ഇഹ ഏത്യ | ഇവിടെ എത്തി |
| നിവസതാം | നിവസിച്ചുവരുന്ന |
| തച്ഛീലിനാം | ഭഗവത്തുല്യശീലന്മാരുടെ ഇടയിൽ |
| വാം | നിങ്ങൾക്കിരുവർക്കും |
| വിഷമഃ | പക്ഷഭേദപരമായ |
| സ്വഭാവഃ കഃ | സ്വഭാവം എന്താണ്? |
| ഗതവിഗ്രഹേ | വിദ്വേഷമകന്ന |
| പ്രശാന്തപുരുഷേ | പ്രശാന്താത്മാവായി സ്ഥിതിചെയ്യുന്ന |
| തസ്മിൻ | ആ ഭഗവാങ്കൽ, |
| കുഹകയോഃ | കപടശീലരായ |
| വാം | നിങ്ങൾക്ക് |
| ആത്മവത് | നിങ്ങളെപ്പോലെ |
| പരിശങ്കനീയഃ | ശങ്കിക്കപ്പെടേണ്ടുന്നവൻ |
| കഃ വാ | ആരുണ്ട്? |

ഭഗവൽസന്നിധിയിൽ ചിലർക്കു സ്വച്ഛന്ദം പ്രവേശിക്കാം; ചിലർക്ക് അരുത് എന്നു വന്നാൽ അതു പക്ഷഭേദപരമായ സ്വഭാവമാണ്. ദ്വാരപാലകന്മാർ എന്തുദ്ദേശത്തിൽ സനകാദികളെ തടഞ്ഞു? ഭക്തന്മാർമാത്രമല്ലേ വൈകുണ്ഠത്തിൽ വരികയുള്ളൂ? വൈകുണ്ഠനാഥൻ പ്രശാന്താത്മാവാണ്. അവിടുത്തേക്കു പരഭീതിയുമില്ല. എന്നിരിക്കെ, അവർ സ്വന്തം കപടം അന്യരിൽ കണ്ടു് തടഞ്ഞതാണ് മുനിമാരെ എന്നു് സാരം.

33 നഹ്യന്തരം ഭഗവതീഹ സമസ്തകുക്ഷാ-
വാത്മാനമാത്മനി നഭോ നഭസീവ ധീരാഃ
പശ്യന്തി യത്ര യുവയോഃ സുരലിംഗിനോഃ കിം
വ്യുത്പാദിതം ഹ്യുദരഭേദി ഭയം യതോഽസ്യ.

| | |
|---|---|
| സമസ്തകുക്ഷൗ | സർവ്വലോകങ്ങളും ഉള്ളിൽ ഒതുങ്ങിയിരിക്കുന്ന |
| ഇഹ ഭഗവതി | ഈ ഭഗവാങ്കൽ |
| ധീരാഃ | ജ്ഞാനികൾ |
| യത്ര | എന്നേരത്ത് |
| അന്തരം | ആത്മഭേദം |
| നഹി പശ്യന്തി | കാണുന്നില്ലയോ, |
| നഭസി | മഹാകാശത്തിൽ |
| നഭഃ ഇവ | ഘടാകാശത്തെയെന്നപോലെ |
| ആത്മനി | പരമാത്മാവിൽ |
| ആത്മാനം | ആത്മാവിനെ അന്തർഭവിച്ചതായിട്ട് |
| (പശ്യന്തി) | കാണുകയും ചെയ്യുന്നുവോ, അന്നേരത്ത് |
| യതഃ | ഏതുകാരണത്താൽ |
| അസ്യ | ഈ ഭഗവാനെ സംബന്ധിച്ച് |
| ഉദരഭേദി | ഉദരഭേദമുള്ള |
| ഭയം ഹി | ഭയംതന്നെ |
| സുരലിംഗിനോഃ | ദേവവേഷം ചമഞ്ഞുനില്ക്കുന്ന |
| യുവയോഃ | നിങ്ങൾക്കിരുവർക്കും |
| വ്യുത്പാദിതം | പ്രത്യേകിച്ച് ഉണ്ടാക്കപ്പെട്ടുവോ, |
| (തത്) കിം | അതെന്ത്? |

34 തദ്വാമമുഷ്യ പരമസ്യ വികുണ്ഠഭർത്തുഃ
കർത്തും പ്രകൃഷ്ടമിഹ ധീമഹി മന്ദധീഭ്യാം
ലോകാനിതോ വ്രജതമന്തരഭാവദൃഷ്ട്യാ
പാപീയസസ്ത്രയ ഇമേ രിപവോഽസ്യ യത്ര.

| | | | |
|---|---|---|---|
| തത് | ആകയാൽ, | അന്തരഭാവദൃഷ്ട്യാ | ഭേദഭാവത്തിന്റെ ദർശനം നിമിത്തം, |
| വികുണ്ഠഭർത്തുഃ | വൈകുണ്ഠനാഥനും | യത്ര അമീ | യാതൊരിടത്ത്, ഈ |
| പരമസ്യ | പരമപുരുഷനുമായ | പാപീയസഃ | അതിപാപികൾക്ക് |
| അസ്യ | ഈ ഭഗവാന് | ഇമേ ത്രയഃ | ഈ മൂന്നുവിധം |
| മന്ദധീഭ്യാം | മന്ദബുദ്ധികളായ | രിപവഃ | ശത്രുക്കൾ (കാമക്രോധലോഭങ്ങൾ) ഉണ്ടാകുന്നുവോ, |
| വാം | നിങ്ങളെക്കൊണ്ട് | | |
| ഇഹ | ഈ വിഷയത്തിൽ | | |
| പ്രകൃഷ്ടം | നല്ലത് | ലോകാൻ | ആ ലോകങ്ങളിലേക്ക് |
| കർത്തും | ചെയ്യിക്കാൻ | ഇതഃ | ഇവിടംവിട്ട് |
| ധീമഹി | ഞങ്ങൾ വിചാരിക്കുന്നു. | വ്രജതം | പോകുവിൻ |

35 തേഷാമിതീരിതമുഭാവവധാര്യ ഘോരം
തം ബ്രഹ്മദണ്ഡമനിവാരണമസ്ത്രപൂഗൈഃ
സദ്യോ ഹരേരനുചരാവുരു ബിഭ്യതസ്തത്
പാദഗ്രഹാവപതതാമതികാതരേണ.

| | | | |
|---|---|---|---|
| ഇതി | എന്നിപ്രകാരമുള്ള | ഹരേഃ | ഭഗവാന്റെ |
| തേഷാം | അവരുടെ | അനുചരൌ | ഭൃത്യന്മാരായ |
| ഈരിതം | വചനത്തെ | | |
| ഘോരം | അതിദാരുണമെന്നും, | ഉഭൌ | അവർ ഇരുവരും |
| തം | ആയതിനെ | | |
| ബ്രഹ്മദണ്ഡം | ബ്രാഹ്മണശാപമെന്നും. | സദ്യഃ | തൽക്ഷണംതന്നെ |
| അസ്ത്രപൂഗൈഃ | ശരനിരകൾകൊണ്ട് | അതികാതരേണ | അധികം വിഹ്വലതയോടെ |
| അനിവാരണം. | അനിവാര്യമായതെന്നും | | |
| അവധാര്യ | അറിഞ്ഞിട്ട്, | തത്പാദഗ്രഹൌ | അവരുടെ പാദഗ്രഹണം ചെയ്തുകൊണ്ട് |
| ഉരുബിഭ്യതഃ | ഇവരിലും അധികം ബ്രാഹ്മണശാപത്തെക്കുറിച്ച് ഭയം ഭാവിക്കുന്ന | അപതതാം | ദണ്ഡനമസ്കാരംചെയ്തു. |

"പെട്ടെന്നുണ്ടായ കോപാവേശത്താൽ ഭഗവൽഭൃത്യന്മാരെ കഠിനമായി ശപിച്ചത് കഷ്ടമേ! അബദ്ധമായല്ലോ" എന്നുള്ളിൽ തോന്നി അനുതാപം പൂണ്ടുനില്ക്കുന്ന മുനിമാരോട് ദ്വാരസ്ഥന്മാർ സവിനയം ഇങ്ങനെ പറഞ്ഞു.

36 ഭൂയാദഘോനി ഭഗവദ്ഭിരകാരി ദണ്ഡോ
യോ നൌ ഹരേത സുരഹേലനമപ്യശേഷം
മാ വോऽനുതാപകലയാ ഭഗവത്സ്മൃതിഘ്നോ
മോഹോ ഭവേദിഹ തു നൌ വ്രജതോരധോധഃ

| | | | |
|---|---|---|---|
| ഭഗവദ്ഭിഃ | ഭഗവാന്മാരാൽ | തു വഃ | എന്നാൽ, ഭവാന്മാൎക്കുള്ള |
| അഘോനി | തെററുചെയ്യുവനിൽ | അനുതാപ-<br>കലയാ | } പശ്ചാത്താപത്തിന്റെ<br>സല്പാംശത്താൽ |
| ദണ്ഡഃ | ദണ്ഡനം | ഇഹ | ഇവിടെനിന്നു് |
| അകാരി | ഏല്പിക്കപ്പെട്ടു | അധോധഃ | താഴോട്ടുതാഴോട്ടു് |
| ഭൂയാത് | ഇരിക്കട്ടെ, നന്നായി ! | വ്രജതോഃ | പോയിക്കൊണ്ടിരിക്കുന്ന |
| യഃ നൌ | യാതൊന്നു ഞങ്ങളുടെ | നൌ | ഞങ്ങൾക്കു് |
| സുഹേലനം | ഈശ്വരാജ്ഞാതിക്രമ ദോഷത്തെ | ഭഗവത്-<br>സ്മൃതിഘ്നഃ | } ഭഗവൽസ്മരണത്തെ<br>അപഹരിക്കുന്ന |
| അശേഷം അപി | മുഴുവൻതന്നേയും | മോഹഃ | ബുദ്ധിനാശം |
| ഹരേത | പരിഹരിക്കുമല്ലോ | മാ ഭവേത് | സംഭവിക്കരുതു് |

37 ഏവം തദൈവ ഭഗവാനരവിന്ദനാഭഃ
സ്വാനാം വിബുധ്യ സദതിക്രമമാൎയ്യഹൃദ്യഃ
തസ്മിൻ യയൌ പരമഹംസമഹാമുനീനാ-
മന്വേഷണീയചരണൌ ചലയൻ സഹശ്രീഃ

| | | | |
|---|---|---|---|
| ആൎയ്യഹൃദ്യഃ | സജ്ജനമനോജ്ഞനും | പരമഹംസ-<br>മഹാമുനീനാം | } പരമജ്ഞാനികളായ<br>മഹാമുനിമാൎക്കുകൂടിയും |
| ഭഗവാൻ | സൎവ്വജ്ഞനുമായ | | |
| അരവിന്ദനാഭഃ | ശ്രീപത്മനാഭൻ | അന്വേഷണീ-<br>യചരണൌ | } ആരിഞ്ഞറിയപ്പെടേ<br>ണ്ടുന്ന തൃപ്പാദങ്ങളെ |
| സ്വാനാം | സ്വഭൃത്യന്മാരുടെ | | |
| ഏവം | ഇപ്രകാരത്തിലുള്ള | ചലയൻ | ചലിപ്പിച്ചുകൊണ്ടു് |
| സദതിക്രമം | സൽപുരുഷാപരാധത്തെ | സഹശ്രീഃ | ശ്രീദേവിയോടുകൂടെ |
| തദാ ഏവ | തൽസമയത്തുതന്നെ | തസ്മിൻ യയൌ | അവിടേക്കു് എഴുന്നള്ളി. |
| വിബുധ്യ | അറിഞ്ഞിട്ടു്, | | |

അവിടെ സനകാദികൾ ദൎശിച്ച വൈകുണ്ഠനാഥനെ താഴെ അഞ്ചുശ്ലോകങ്ങൾ കൊണ്ടു് വൎണ്ണിക്കുന്നു.

38 തം ത്വാഗതം പ്രതിഹൃതൌപയികം സ്വപുംഭി-
സ്തേഽചക്ഷതാക്ഷവിഷയം സ്വസമാധിഭാഗ്യം
ഹംസശ്രിയോൎവ്യജനയോഃ ശിവവായുലോല-
ച്ഛുഭ്രാതപത്രശശികേസരശീകരാംബും

| | | | |
|---|---|---|---|
| സ്വപുംഭിഃ | സ്വഭൃത്യന്മാരാൽ | സ്വസമാധി-<br>ഭാഗ്യം | } തങ്ങളുടെ സമാധിയാൽ<br>ഭജനീയമായ ഫലം |
| പ്രതിഹൃതൌ-<br>പയികം | } കൊണ്ടുചെല്ലപ്പെട്ട ഛത്ര<br>പാദുകാദ്യുപയോഗസാ<br>ധനങ്ങളോടുകൂടിയ<br>വനായി- | അക്ഷവിഷയം | ചക്ഷുരിന്ദ്രിയത്തിന്നു് വി<br>ഷയീഭവിച്ചുള്ളവനായി- |
| | | ഹംസശ്രിയോഃ | അരയന്നപ്രഭചേൎന്ന |
| | | വ്യജനയോഃ | ചാമരങ്ങളുടെ |

| | | | |
|---|---|---|---|
| ശിവവായു- ലോലശുഭ്രാത- പത്രശശി- കേസര- ശീകരാംബും | അനുകൂലമായ വായുവിനാൽ ചഞ്ചലത്തായ പൂന്തിങ്കളോടൊത്ത വെൺകൊററക്കുടയുടെ രത്നത്തൊങ്ങലിൽനിന്നു ഉറവവീഴുന്ന ജലകണങ്ങളോടുകൂടിയവനായി | ആഗതം | എഴുന്നള്ളിയ |
| | | തം തു | ആ ഭഗവാനെ നേരിൽ |
| | | തേ അചക്ഷത | അവർ കണ്ടു |

39 കൃത്സ്നപ്രസാദസുമുഖം സ്പൃഹണീയധാമ
സ്നേഹാവലോകകലയാ ഹൃദി സംസ്പൃശന്തം
ശ്യാമേ പൃഥാവുരസി ശോഭിതയാ ശ്രിയാ സ്വ-
ശ്ചൂഡാമണിം സുഭഗയന്തമിവാത്മധിഷ്ണ്യം

40 പീതാംശുകേ പൃഥുനിതംബിനി വിസ്ഫുരന്ത്യാ
കാഞ്ച്യാളിഭിർവിരുതയാ വനമാലയാ ച
വല്ഗുപ്രകോഷ്ഠവലയം വിനതാസുതാംസേ
വിന്യസ്തഹസ്തമിതരേണ ധുനാനമബ്ജം

41 വിദ്യുത്ക്ഷിപന്മകരകുണ്ഡലമണ്ഡനാർഹ-
ഗണ്ഡസ്ഥലോന്നസമുഖം മണിമത്കിരീടം
ദോർദണ്ഡഷണ്ഡവിവരേ ഹരതാ പരാർദ്ധ്യ-
ഹാരേണ കന്ധരഗതേന ച കൌസ്തുഭേന.

| | | | |
|---|---|---|---|
| കൃത്സ്ന- പ്രസാദ- സുമുഖം | എല്ലാവൎക്കും നേരെ പ്രകാശിപ്പിച്ച പ്രസാദത്താൽ ശോഭനമായ തിരുമുഖത്തോടുകൂടിയവനായി- | സ്വശ്ചൂഡാമണിം | ദിവ്യലോകശിരോലങ്കാരമായ |
| | | ആത്മധിഷ്ണ്യം | സ്വധാമത്തെ |
| സ്പൃഹണീയ- ധാമ | അഭിലഷണീയ ഗുണങ്ങൾക്ക് ആസ്പദമായി- | സുഭഗയന്തം ഇവ | പരിശോഭിപ്പിക്കുമാറ് അവസ്ഥിതനായി- |
| സ്നേഹാവലോ- കകലയാ | സപ്രേമമായ കടാക്ഷവീക്ഷണത്താൽ | പൃഥു- നിതംബിനി | വിസ്തൃതമായ നിതംബത്തെ അവലംബിച്ചിരിക്കുന്ന |
| ഹൃദി | ഹൃദയത്തിൽ | പീതാംശുകേ | മഞ്ഞപ്പട്ടിന്മേൽ |
| സംസ്പൃശന്തം | സ്പൎശിക്കുന്നവനായി- | വിസ്ഫുരന്ത്യാ | മിന്നിത്തിളങ്ങുന്ന |
| ശ്യാമേ | ശ്യാമളമായുള്ള | കാഞ്ച്യാ | ഉദരബന്ധത്തോടും |
| പൃഥൌ | വിശാലമായ | അളിഭിഃ | വണ്ടുകളാൽ |
| ഉരസി | തിരുമാറിൽ | വിരുതയാ | ശബ്ദമുണ്ടാക്കപ്പെടുന്ന |
| ശോഭിതയാ | ശോഭിച്ചിരിക്കുന്ന | വനമാലയാ ച | വനമാലയോടും |
| ശ്രിയാ | ശ്രീയിനാൽ | (ഉപലക്ഷിതം) | കൂടിയവനായി- |
| | | വല്ഗുപ്ര- കോഷ്ഠവലയം | സുന്ദരങ്ങളായ കൈത്തണ്ടുകളിൽ കങ്കണങ്ങളണിഞ്ഞിട്ടുള്ളവനായി- |

| | |
|---|---|
| വിനതാ- സുതാംസേ | വിനതാപുത്രന്റെ (ഗരുഡന്റെ) തോളത്ത് |
| വിന്യസ്തഹസ്തം | വിന്യസിക്കപ്പെട്ട ഏക ഹസ്തത്തോടുകൂടിയവനായി— |
| ഇതരേണ | ഇതരഹസ്തത്താൽ |
| അംബുജം | താമരപ്പൂവിനെ |
| ധുന്വാനം | ചലിപ്പിച്ചുകൊണ്ടുള്ളവനായി— |
| വിദ്യുത്ക്ഷിപ- മകരകുണ്ഡല- മണ്ഡനാർഹ- ഗണ്ഡസ്ഥലോ- ന്നസമുഖം | മിന്നൽപ്രഭയെ തള്ളുന്ന മകരാകാര കർണ്ണഭൂഷണങ്ങളെപ്പോലും അലങ്കരിക്കുവാൻ യോഗ്യതയുള്ള കവിൾത്തടവും, ഉന്നതനാസികയുംചേർന്ന മുഖപത്മത്തോടുകൂടിയവനായി— |
| മണിമത്- കിരീടം | മണിക്കിരീടം ചൂടിയിരിക്കുന്നവനായി— |
| ദോർദണ്ഡ- ഷണ്ഡവിവരേ | നീണ്ടുള്ള ഭുജങ്ങൾക്കിടയിൽ |
| ഹരതാ | ചേതോഹരമായി ലസിക്കുന്ന |
| പരാർദ്ധ്യ- ഹാരേണ | ശ്രേഷ്ഠമായ മുത്തുമാലയോടും |
| കന്ധരഗതേന | കണ്ഠത്തിൽ അണിഞ്ഞിരിക്കുന്ന |
| കൌസ്തുഭേന ച | കൌസ്തുഭരത്നത്തോടും ചേർന്നിരിക്കുന്നവനായ (ഭഗവാനെ അവർ കണ്ടു) |

42 അത്രോപസൃഷ്ടമിതി ചോത്സ്മിതമിന്ദിരായാഃ
സ്വാനാം ധിയാ വിരചിതം ബഹുസൌഷ്ഠവാഢ്യം
മഹ്യം ഭവസ്യ ഭവതാം ച ഭജന്തമംഗം
നേമുർനിരീക്ഷ്യ നവിതൃപ്തദൃശോ മുദാ കൈഃ

| | |
|---|---|
| ഇന്ദിരായാഃ | ലക്ഷ്മീദേവിയുടെ |
| ഉത്സ്മിതം | സൌന്ദര്യഗർവ്വം |
| അത്ര | ഈ ഭഗവൽസൌന്ദര്യത്തിൽ |
| ഉപസൃഷ്ടം | അസ്തമിതമായിരിക്കുന്നു |
| ഇതി ച | എന്നിങ്ങനെ |
| സ്വാനാം | സ്വഭക്തന്മാരുടെ |
| ധിയാ | ബുദ്ധിയാൽ |
| വിരചിതം | അഭ്യൂഹിക്കപ്പെട്ടവനായും |
| ബഹു- സൌഷ്ഠവാഢ്യം | അധികരിച്ച സൌന്ദര്യത്തോടുകൂടിയവനായും |
| മഹ്യം | എനിക്കും (ബ്രഹ്മാവിനും) |
| ഭവസ്യ | ശിവനും |
| ഭവതാം ച | നിങ്ങൾക്കുംവേണ്ടി |
| അംഗം | ശരീരത്തെ |
| ഭജന്തം | സ്വീകരിച്ചിരിക്കുന്നവനായും ഇരിക്കുന്ന ഭഗവാനെ |
| നിരീക്ഷ്യ | കണ്ടിട്ട് |
| നവിതൃപ്ത ദൃശഃ | മതിവരാത്ത നേത്രങ്ങളോടുകൂടിയവരായ മാമുനിമാർ |
| മുദാ | സന്തുഷ്ടിയോടെ |
| കൈഃ നേമുഃ | ശിരസ്സുകളാൽ വണങ്ങി |

43 തസ്യാരവിന്ദനയനസ്യ പദാരവിന്ദ-
കിഞ്ജൽക്കമിശ്രതുളസീമകരന്ദവായുഃ
അന്തർഗതഃ സ്വവിവരേണ ചകാര തേഷാം
സംക്ഷോഭമക്ഷരജുഷാമപി ചിത്തതന്വോഃ

| | |
|---|---|
| അരവിന്ദ-നയനസ്യ | താമരപ്പൂപോലെയുള്ള നയനങ്ങളോടുകൂടിയ |
| തസ്യ | ആ ഭഗവാന്റെ |
| പാദാരവിന്ദ-കിഞ്ജല്ക്കമിശ്ര-തുളസീമക-രന്ദവായുഃ | പാദകമലങ്ങളിലെ കേസരങ്ങളോടിടചേന്ന തുളസീമകരന്ദസ്പൎശമുള്ള കാററ് |
| സ്വവിവരേണ | സ്വനാസാദ്വാരത്തിലൂടെ |
| അന്തൎഗതഃ | ഉള്ളിൽകടന്നതായിട്ടു |
| അക്ഷരജുഷാം | ശാശ്വതബ്രഹ്മനിഷ്ഠരാ[യ |
| തേഷാം അപി | അവൎക്കുകൂടെ |
| ചിത്തതന്വോഃ | മനസ്സിലും ദേഹത്തിലും |
| സംക്ഷോഭം | കോളിളക്കം |
| ചകാര | ഉളവാക്കി. |

44 തേ വാ അമുഷ്യ വദനാസിതപദ്മകോശ-
മുദ്വീക്ഷ്യ സുന്ദരതരാധരകുന്ദഹാസം
ലബ്ധാശിഷഃ പുനരവേക്ഷ്യ തദീയമംഘ്രി-
ദ്വന്ദ്വം നഖാരുണമണിശ്രയണം നിദധ്യുഃ.

| | |
|---|---|
| തേ വൈ | അവരാകട്ടെ |
| അമുഷ്യ | ഭഗവാന്റെ |
| സുന്ദരതരാ-ധരകുന്ദഹാസം | അതിസുന്ദരമായ ചെം ചുണ്ടിൽ മുല്ലപ്പൂവൊത്ത പുഞ്ചിരി പരന്നിട്ടുള്ള |
| വദനാസിത-പദ്മകോശം | നീലത്താമരപ്പൂപോലെയുള്ള തിരുമുഖത്തെ |
| ഉദ്വീക്ഷ്യ | തലയുൎത്തിനോക്കി, |
| ലബ്ധാശിഷഃ | ലബ്ധമനോരഥന്മാരായി |
| പുനഃ | പിന്നീട് [ഭേദിച്ച് |
| നഖാരുണ-മണിശ്രയണം | നഖങ്ങളാവുന്ന അരുണമണികൾക്ക് ആശ്രയഭൂതമായ |
| തദീയം | അവിടുത്തെ |
| അംഘ്രിദ്വന്ദ്വം | പാദയുഗത്തെ |
| അവേക്ഷ്യ | കുനിഞ്ഞുനോക്കി |
| നിദധ്യുഃ | ധ്യാനത്തിലുറപ്പിച്ചു |

45 പുംസാം ഗതിം മൃഗയതാമിഹ യോഗമാൎഗ്ഗൈർ-
ധ്യാനാസ്പദം ബഹുമതം നയനാഭിരാമം
പൌംസ്നം വപുൎദ്ദൎശയാനമനന്യസിദ്ധൈ-
രൌത്പത്തികൈഃ സമഗൃണൻ യുതമഷ്ടഭോഗൈഃ.

| | |
|---|---|
| ഇഹ | ഈ ലോകത്തിൽ |
| യോഗമാൎഗ്ഗൈഃ | യോഗമാൎഗ്ഗങ്ങളിലൂടെ |
| ഗതിം | സൽഗതിയെ |
| മൃഗയതാം | ആരായുന്ന |
| പുംസാം | ജനങ്ങളുടെ |
| ധ്യാനാസ്പദം | ധ്യാനത്തിന്നു വിഷയമായി ഭവിച്ചതും |
| ബഹുമതം | അത്യാദരാസ്പദവും |
| നയനാഭിരാമം | നേത്രമോഹനവുമായ |
| പൌംസ്നം വപുഃ | പുരുഷാകാരശരീരത്തെ |
| ദൎശയാനം | ദൎശിപ്പിച്ചുകൊണ്ടുള്ളവനും |
| അനന്യ-സിദ്ധൈഃ | അന്യൎക്കു സിദ്ധിച്ചിട്ടില്ലാത്ത |
| ഔത്പത്തികൈഃ | സ്വാഭാവികങ്ങളായ |
| അഷ്ടഭോഗൈഃ | അണിമാദ്യഷ്ടസിദ്ധികളോടു |
| യുതം | ചേൎന്നിരിക്കുന്നവനുമായ വൈകുണ്ഠപതിയെ |
| സമഗൃണൻ | അവർ സ്തുതിച്ചു. |

**കുമാരാ ഊചുഃ:** സനകാദികൾ പറഞ്ഞു.

46 യോഽന്തർഹിതോ ഹൃദി ഗതോഽപി ദുരാത്മനാം ത്വം
സോഽദ്യൈവ നോ നയനമൂലമനന്ത രാദ്ധഃ
യർഹ്യേവ കർണ്ണവിവരേണ ഗുഹാം ഗതോ നഃ
പിത്രാഽനുവർണ്ണിതരഹാ ഭവദുദ്ഭവേന

| | |
|---|---|
| അനന്ത | ഹേ അപരിച്ഛിന്നരൂപ! |
| യഃ ത്വം | യാതൊരു ഭവാൻ |
| ഹൃദി | ഹൃദയത്തിൽ |
| ഗതഃ അപി | പുക്കിരിക്കുന്നവനെങ്കിലും |
| ദുരാത്മനാം | ദുർബുദ്ധികൾക്കു് |
| അന്തർഹിതഃ | മറഞ്ഞിരിക്കുന്നവനാകുന്നുവോ, |
| സഃ | അങ്ങനെയുള്ള ഭവാൻ |
| നഃ | ഞങ്ങളുടെ |
| നയനമൂലം | നേത്രേന്ദ്രിയത്തെ |
| അദ്യ ഏവ | ഇപ്പോൾ മാത്രം |
| രാദ്ധഃ | പ്രാപിച്ചവനായി. |
| ഭവദുദ്ഭവേന | ഭവാനിൽനിന്നു് ഉൽഭവിച്ചിരിക്കുന്ന |
| നഃ പിത്രാ | ഞങ്ങളുടെ പിതാവിനാൽ (ബ്രഹ്മദേവനാൽ) |
| യർഹി ഏവ | ഏതൊരിക്കൽ |
| അനുവർണ്ണിതരഹാഃ | ഉപദേശിക്കപ്പെട്ട രഹസ്യത്തോടുകൂടിയവനായിരുന്നുവോ, അപ്പോൾ |
| കർണ്ണവിവരേണ | ശ്രോത്രദ്വാരത്തിലൂടെ |
| ഗുഹാം | ഹൃദയഗുഹയെ (ബുദ്ധിയെ) |
| ഗതഃ | ഭവാൻ പ്രാപിച്ചിരുന്നു. |

47 തം ത്വാ വിദാമ ഭഗവാൻ പരമാത്മതത്ത്വം
സത്ത്വേന സംപ്രതി രതിം രചയന്തമേഷാം
യത്തേഽനുതാപവിദിതൈർ ദൃഢഭക്തിയോഗൈ-
രുദ്ഗ്രന്ഥയോ ഹൃദി വിദുർമുനയോ വിരാഗാഃ.

| | |
|---|---|
| ഭഗവൻ തേ | ഭഗവാനേ! അവിടത്തെ |
| അനുതാപവിദിതൈഃ | കൃപകൊണ്ടു് അറിയപ്പെട്ടതായ |
| ദൃഢഭക്തിയോഗൈഃ | ഉറച്ച ഭക്തിയോഗപദ്ധതികളാൽ |
| ഉദ്ഗ്രന്ഥയഃ | ഹൃദയഗ്രന്ഥിയഴിഞ്ഞവരും |
| വിരാഗാഃ | വിരക്തന്മാരുമായി ഭവിച്ച |
| മുനയഃ | മുനിമാർ |
| ഹൃദി യത് | ഹൃദയത്തിൽ യാതൊരു |
| ആത്മതത്ത്വം | ആത്മതത്ത്വത്തെ |
| വിദുഃ | അറിയുന്നുവോ, |
| സത്ത്വേന | വിശുദ്ധസത്ത്വരൂപത്താൽ |
| ഏഷാം | ഈയുള്ളവർക്കു് |
| സംപ്രതി | സമ്യക്കായിപ്രതിക്ഷണം |
| രതിം | പ്രീതിയെ |
| രചയന്തം | നൽകിക്കൊണ്ടിരിക്കുന്ന |
| തം പരം | ആ പരമതത്ത്വമായിട്ടു് |
| ത്വാ | നിന്തിരുവടിയെ |
| വിദാമ | ഞങ്ങളറിയുന്നു. |

48 നാത്യന്തികം വിഗണയന്ത്യപി തേ പ്രസാദം
കിം ത്വന്യദർപ്പിതഭയം ഭ്രുവ ഉന്നയൈസ്തേ
യേƒങ്ഗ ത്വദംഘ്രിശരണാ ഭവതഃ കഥായാഃ
കീർത്തന്യതീർത്ഥയശസഃ കുശലാ രസജ്ഞാഃ

| | |
|---|---|
| അങ്ഗ | ഹേ ഭഗവൻ! |
| കീർത്തന്യ-തീർത്ഥയശസഃ | കീർത്തനീയവും പരമപാവനവുമായ കീർത്തിയോടുകൂടിയ |
| ഭവതഃ | നിന്തിരുവടിയുടെ |
| കഥായാഃ | ചരിത്രത്തിന്റെ |
| രസജ്ഞാഃ | രസമറിയുന്നവരും |
| ത്വദംഘ്രി-ശരണാഃ | ഭവൽപാദാരവിന്ദംമാത്രം ശരണമായുള്ളവരുമായ |
| യേ കുശലാഃ | യാവചില നിപുണന്മാർ |
| തേ | നിന്തിരുവടിയുടെ |
| ഭ്രുവഃ | പുരികക്കൊടിയുടെ |
| ഉന്നയൈഃ | വിക്ഷേപങ്ങളാൽ |
| അർപ്പിതഭയം | ഭീതിയുളവാക്കപ്പെട്ട |
| അന്യത് | മററ് ഇന്ദ്രാദിപദത്തെ |
| കിം തു | അതു മാത്രമോ, |
| തേ | നിന്തിരുവടിയുടെ |
| ആത്യന്തികം | അനശ്വരമായ |
| പ്രസാദം അപി | പ്രസാദത്തെ (മോക്ഷത്തെ) കൂടിയും |
| ന വിഗണയന്തി | കാര്യമായി പരിഗണിക്കയില്ല |

49 കാമം ഭവഃ സ്വവൃജിനൈർന്നിരയേഷു നഃ സ്യാ–
ച്ചേതോƒളിവദ്യദി ന തേ പദയോ രമേത
വാചശ്ച നസ്തുളസിവദ്യദി തേംഘ്രിശോഭാഃ
പൂര്യേത തേ ഗുണഗണൈര്യദി കർണ്ണരന്ധ്രഃ

| | |
|---|---|
| നഃ ചേതഃ | ഞങ്ങളുടെ മനസ്സ് |
| അളിവത് | വണ്ടുപോലെ |
| തേ പദയോഃ | ഭവാന്റെ കാൽത്താരിൽ |
| രമേത യദി നു | രമിക്കുമെങ്കിൽ, |
| നഃ വാചഃ ച | ഞങ്ങളുടെ വാക്കുകളും |
| തുളസിവത് | തുളസിപോലെ |
| തേ | ഭവാന്റെ |
| അംഘ്രി-ശോഭാഃ യദി | തൃപ്പാദങ്ങളാൽ ശോഭിക്കുന്നവയായി ഭവിക്കുമെങ്കിൽ, |
| കർണ്ണരന്ധ്രഃ | ശ്രോത്രദ്വാരം |
| തേ | ഭവാന്റെ |
| ഗുണഗണൈഃ | ഗുണനിവഹങ്ങളാൽ |
| പൂര്യേത യദി | നിറയപ്പെടുമെങ്കിൽ |
| സ്വവൃജിനൈഃ | സ്വന്തം പാപങ്ങളാൽ |
| നിരയേഷു | നരകയോനികളിൽ |
| നഃ ഭവഃ | ഞങ്ങൾക്ക് ജന്മം |
| കാമം സ്യാത് | സംഭവിച്ചുകൊള്ളട്ടെ. |

50 പ്രാദുശ്ചകർത്ഥ യദിദം പുരുഹൂത രൂപം
തേനേശ നിർവൃതിമവാപുരലം ദൃശോ നഃ
തസ്മാ ഇദം ഭഗവതേ നമ ഇദ്വിധേമ
യോƒനാത്മനാം ദുരുദയോ ഭഗവാൻ പ്രതീതഃ

| | |
|---|---|
| ഈശ | ഹേ സർവ്വനിയന്താവേ! |
| പുരുഹൂത | ഹേ വിപുലകീർത്തേ! |
| ഇദം രൂപം | ഈ സ്വരൂപത്തെ |
| പ്രാദുശ്ചകർത്ഥ | പ്രത്യക്ഷമാക്കി, |
| യത് | എന്നതു് യാതൊന്നോ |
| തേന | അതുകൊണ്ടു് |
| നഃ ദൃശഃ | ഞങ്ങളുടെ കണ്ണുകൾ |
| അലം | അത്യധികം |
| നിർവൃതിം | ആനന്ദത്തെ |
| അവാപുഃ | പ്രാപിച്ചിരിക്കുന്നു. |
| യഃ ഭഗവാൻ | യാതൊരു ഭഗവാൻ |
| അനാത്മനാം | ജിതേന്ദ്രിയരല്ലാത്തവർക്കു |
| ദുരുദയഃ | പ്രത്യക്ഷനല്ലെങ്കിലും |
| ഇത്ഥ് | ഈ വിധം ഇവിടെ |
| പ്രതീതഃ | ദൃഷ്ടിവിഷയമായിരിക്കുന്നുവോ, |
| തസ്മൈ ഭഗവതേ | ആ ജ്ഞാനൈശ്വര്യാദിപൂർണ്ണനായ നിന്തിരുവടിക്കു് |
| ഇദം നമഃ | ഈ നമോവാകം |
| വിധേമ | അർപ്പിച്ചുകൊള്ളട്ടെ. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
പഞ്ചദശോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 629 പതിനഞ്ചാമദ്ധ്യായം കഴിഞ്ഞു.

## ഷോഡശോഽദ്ധ്യായഃ : പതിനാറാമദ്ധ്യായം.

"ഹരിണാ സാന്ത്വിതൈർവിപ്രൈരനുതപ്തൈസ്തു ഷോഡശേ
തയോരസുരഭാവേഽപി കൃതോഽനുഗ്രഹ ഈര്യതേ"

[illegible]ളോടുള്ള ഭഗവാന്റെ സാന്ത്വനവചനവും ജയവിജയന്മാരുടെ അധഃപതനവും

---

ബ്രഹ്മോവാച — ബ്രഹ്മാവു പറഞ്ഞു:

1 ഇതി തദ് ഗൃണതാം തേഷാം മുനീനാം യോഗധർമ്മിണാം
പ്രതിനന്ദ്യ ജഗാദേദം വികുണ്ഠനിലയോ വിഭുഃ

| | |
|---|---|
| വികുണ്ഠനിലയഃ | വൈകുണ്ഠവാസിയായ |
| വിഭുഃ | ഭഗവാൻ മഹാവിഷ്ണു |
| ഇതി ഗൃണതാം | ഇങ്ങനെ ചൊല്ലിസ്തുതിക്കുന്ന |
| യോഗധർമ്മിണാം | യോഗിമാരായ |
| തേഷാം മുനീനാം | ആ മുനിമാരുടെ |
| തത് | ആ വചനത്തെ |
| പ്രതിനന്ദ്യ | അഭിനന്ദിച്ചു്, |
| ഇദം ജഗാദ | ഇങ്ങനെ പറഞ്ഞു |

ശ്രീഭഗവാനുവാച — ശ്രീവിഷ്ണുഭഗവാൻ അരുളി :

2 ഏതൌ തൌ പാർഷദൌ മഹ്യം ജയോ വിജയ ഏവ ച
കദർത്ഥീകൃത്യ മാം യദ്വോ ബഹ്വക്രാതാമതിക്രമം

| | | | |
|---|---|---|---|
| ഏതൌ | ഇവർ രണ്ടുപേരും | തൌ മാം | അവർ എന്നെ |
| മഹ്യം | എനിക്കുചേർന്ന | കദർത്ഥീകൃത്യ | തുച്ഛീകരിച്ച്, |
| പാർഷദൌ | പാർഷദന്മാരായ | വഃ ബഹു | നിങ്ങൾക്ക് ഏറെ |
| ജയഃ വിജയഃ } | ജയനും വിജയനും | അതിക്രമം | അതിക്രമത്തെ |
| ഏവ ച } | തന്നെയാകുന്നു | അക്രാതാം | പ്രവർത്തിച്ചു |
| യത് | എന്നിരിക്കിലും | | |

3 യസ്ത്വേതയോർധൃതോ ദണ്ഡോ ഭവദ്ഭിർമാമനുവ്രതൈഃ
സ ഏവാനുമതോഽസ്മാഭിർമുനയോ ദേവഹേലനാത്

| | | | |
|---|---|---|---|
| മുനയഃ | അല്ലയോ മുനിമാരേ! | മാം | എന്നെ |
| ദേവഹേലനാത് | ദിവ്യപുരുഷന്മാരോടു | അനുവ്രതൈഃ | അനുവർത്തിച്ചിരിക്കുന്ന |
| | കാണിച്ച ധിക്കാരംമൂലം | ഭവദ്ഭിഃ | ഭവാന്മാരാൽ |
| | | ധൃതഃ | ഏല്പിക്കപ്പെട്ടതു്, |
| ഏതയോഃ | ഇവർക്കു രണ്ടുപേർക്കും | സഃ ഏവ | അതു് തികച്ചും |
| യഃ | ഏതൊരു | അസ്മാഭിഃ | നമ്മാൽ |
| ദണ്ഡഃ തു | ശിക്ഷയാണോ | അനുമതഃ | അംഗീകരിക്കപ്പെട്ടതാണു് |

4 തദ്വഃ പ്രസാദയാമ്യദ്യ ബ്രഹ്മ ദൈവം പരം ഹി മേ
തദ്ധീത്യാത്മകൃതം മന്യേ യത് സ്വപുംഭിരസത്കൃതാഃ

| | | | |
|---|---|---|---|
| തത് അദ്യ | അതിനാൽ, ഇപ്പോൾ | സ്വപുംഭിഃ | എന്റെ ആളുകളാൽ |
| വഃ | ഭവാന്മാരെ | അസത്കൃതാഃ | നിങ്ങൾ അനാദരിക്കപ്പെട്ടു |
| പ്രസാദയാമി | ഞാൻ സന്തോഷിപ്പിക്കുന്നു | ഇതി യത് | എന്നതു് യാതൊന്നോ |
| ഹി മേ | എന്തെന്നാൽ, എന്റെ | തത് ഹി | അതു തികച്ചും |
| പരം ദൈവം | ആരാധ്യദൈവതം | ആത്മകൃതം | എന്നാൽ ചെയ്യപ്പെട്ടതാണെന്നു് |
| ബ്രഹ്മ | ബ്രാഹ്മണനാണു് | മന്യേ | ഞാൻ കരുതുന്നു. |

5 യന്നാമാനി ച ഗൃഹ്ണാതി ലോകോ ഭൃത്യേ കൃതാഗസി
സോഽസാധുവാദസ്തത്കീർത്തിം ഹന്തി ത്വചമിവാമയഃ

| | | | |
|---|---|---|---|
| ഭൃത്യേ | ഭൃത്യൻ | യന്നാമാനി | ഏതു് യജമാനന്റെ പേരുകളെന്നാണോ |
| കൃതാഗസി ച | തെറ്റു ചെയ്യുമ്പോഴും | | |
| ലോകഃ | ലോകം | ഗൃഹ്ണാതി | എടുത്തു പറയുക, |

| | | | |
|---|---|---|---|
| തത്കീർത്തിം | ആയവന്റെ കീർത്തിയെ | ത്വചം | ത്വക്കിനെ |
| സഃ | അങ്ങനെയുണ്ടാവുന്ന | ആമയഃ ഇവ | ത്വഗ്രോഗംപോലെ |
| അസാധുവാദഃ | അസദ്വചനം | ഹന്തി | നശിപ്പിക്കുന്നു. |

6 യസ്യാമൃതാമലയശഃശ്രവണാവഗാഹഃ
സദ്യഃ പുനാതി ജഗദാശ്വപചാദ്വികുണ്ഠഃ
സോഽഹം ഭവദ്ഭ്യ ഉപലബ്ധസുതീർത്ഥകീർത്തി-
ശ്ഛിന്ദ്യാം സ്വബാഹുമപി വഃ പ്രതികൂലവൃത്തിം

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്റെ | ഭവദ്ഭ്യഃ | ഭവാന്മാരിൽനിന്നു് |
| അമൃതാമല-യശഃശ്രവണാ-വഗാഹഃ | അമൃതതുല്യമായ നിർമ്മല കീർത്തിയിങ്കലുള്ള ശ്രവണ ഭിരതിവിശേഷം | ഉപലബ്ധ-സുതീർത്ഥ-കീർത്തിഃ | സംപ്രാപ്തമായ പാവന കീർത്തിയെഴുന്നവനാകുന്നു (അതിനാൽ) |
| ആശ്വപചാത്, | ചണ്ഡാളൻവരെക്കുമുള്ള | വഃ | ഭവാന്മാർക്കു് |
| ജഗത് | ലോകത്തെ | പ്രതികൂലവൃത്തിം | വിപരീതം പ്രവർത്തിക്കുന്നതായെങ്കിൽ |
| സദ്യഃ | തൽക്ഷണം | | |
| പുനാതി | ശുദ്ധീകരിക്കുന്നുവോ, | സ്വബാഹും അപി | സ്വന്തം ബാഹുവെപ്പോലും |
| സഃ വികുണ്ഠഃ | ആ വൈകുണ്ഠനായ | | |
| അഹം | ഞാൻ | ഛിന്ദ്യാം | ഞാൻ ഛേദിക്കുന്നതാണു് |

ഭൃത്യന്മാരുടെ തെററു് തന്റെ തെററുതന്നെയാകുന്നു് എന്നു് പറഞ്ഞശേഷം ഭഗവാൻ തന്റെ ബ്രാഹ്മണാദരത്തെയും ബ്രാഹ്മണരുടെ മഹിമയെയും ഇതുമുതൽ അഞ്ചു ശ്ലോകംകൊണ്ടു പ്രകാശിപ്പിക്കുന്നു

7 യത്സേവയാ ചരണപദ്മപവിത്രരേണും
സദ്യഃക്ഷതാഖിലമലം പ്രതിലബ്ധശീലം
ന ശ്രീർവിരക്തമപി മാം വിജഹാതി യസ്യാഃ
പ്രേക്ഷാലവാർത്ഥമിതരേ നിയമാൻ വഹന്തി.

| | | | |
|---|---|---|---|
| യത്സേവയാ | യാതൊരുവരുടെ സേവയാൽ | പ്രതിലബ്ധ-ശീലം | പ്രത്യേകം ലഭിക്കപ്പെട്ട സൌമ്യസ്വഭാവത്തോടുകൂടിയവനായുമിരിക്കുന്ന |
| | | മാം | എന്നെ |
| ചരണപദ്മ-പവിത്രരേണും | സ്വപാദപദ്മങ്ങളിൽ സ്ഥിതിചെയ്യുന്ന വിശുദ്ധരേണുക്കളോടുകൂടിയവനായും | വിരക്തം അപി | വിരക്തനെന്നിരിക്കിലുംകൂടി |
| | | ശ്രീഃ | ശ്രീദേവി- |
| | | യസ്യാഃ | യാതൊരുവളുടെ |
| | | പ്രേക്ഷാലവാർത്ഥം | കടാക്ഷലേശത്തിനായി |
| സദ്യഃക്ഷതാ-ഖിലമലം | അതിനാൽ തൽക്ഷണം അകററപ്പെട്ട സർവ്വമലങ്ങളോടുകൂടിയവനായും | ഇതരേ | അന്യർ |
| | | നിയമാൻ | വ്രതനിഷ്ഠകളെ |
| | | വഹന്തി | ചുമക്കുന്നുവോ, അവൾ |
| | | ന വിജഹാതി | വിട്ടുപിരിയുന്നില്ല; |

"ഇതു യാതൊരുവരുടെ സേവയാലാണോ, ആ ബ്രാഹ്മണർക്ക് വിപരീതം ആചരിക്കുന്നതായിവന്നാൽ സ്വബാഹുവെപ്പോലും ഞാൻ ഛേദിക്കുന്നതാണ്" എന്ന വാക്യഭാഗം പൂർവ്വശ്ലോകത്തിൽനിന്നെടുത്തുചേർത്ത് ആശയപൂർത്തി വരുത്തണം

8 നാഹം തഥാദ്മി യജമാനഹവിർവിതാനേ
ശ്ച്യോതദ്ഘൃതപ്ലുതമദൻ ഹുതഭുങ്മുഖേന
യദ് ബ്രാഹ്മണസ്യ മുഖതശ്ചരതോനുഘാസം
തുഷ്ടസ്യ മയ്യവഹിതൈർനിജകർമ്മപാകൈഃ.

| | | | |
|---|---|---|---|
| മയി | എന്നിൽ | മുഖതഃ | മുഖത്തിലൂടെ |
| അവഹിതൈഃ | സമർപ്പിതങ്ങളായ | അദൻ | ഭക്ഷിച്ചുകൊണ്ട് |
| നിജകർമ്മ-പാകൈഃ | സ്വകർമ്മഫലങ്ങളാൽ കൊണ്ട് | യത് | എത്രമാത്രമോ, |
| | | തഥാ | അത്രമാത്രം |
| തുഷ്ടസ്യ | സന്തോഷവാനായും | വിതാനേ | യജ്ഞത്തിൽ |
| ശ്ച്യോതദ്-ഘൃതപ്ലുതം | വീണ്ടൊഴുകുന്ന നെയ്യിൽക്കുഴഞ്ഞ പരമാന്നത്തെ | യജമാനഹവിഃ | യജ്ഞകർത്താവിന്റെ ഹവിസ്സിനെ |
| അനുഘാസം | ഉരുളകളെ | ഹുതഭുങ്-മുഖേന | അഗ്നിയാകുന്ന മുഖത്തിലൂടെ |
| ചരതഃ | ആസ്വദിക്കുന്നവനായും ഇരിക്കുന്ന | അഹം | ഞാൻ |
| ബ്രാഹ്മണസ്യ | ബ്രാഹ്മണന്റെ | ന അദ്മി | ഭക്ഷിച്ചു തൃപ്തനാകുന്നില്ല |

യാജകൻ യജ്ഞത്തിൽവെച്ച് അഗ്നിയിലർപ്പിക്കുന്ന ഹവിസ്സിനെക്കാളും ഭഗവാന് സംതൃപ്തിയുണ്ടാക്കുന്നതു ബ്രാഹ്മണമുഖത്തിൽ അർപ്പിക്കുന്ന ഘൃതാന്നമാണെന്നു സാരം.

9 യേഷാം ബിഭർമ്യഹമഖണ്ഡവികുണ്ഠയോഗ-
മായാവിഭൂതിരമലാംഘ്രിരജഃ കിരീടൈഃ
വിപ്രാംസ്തു കോ ന വിഷഹേത യദർഹണാംഭഃ
സദ്യഃ പുനാതി സഹചന്ദ്രലലാമലോകാൻ.

| | | | |
|---|---|---|---|
| യദർഹണാംഭഃ | ഏതൊരുവന്റെ പാദ്യമായിട്ട് അർപ്പിച്ച ജലം (ഗംഗ) | അഖണ്ഡ-വികുണ്ഠയോഗ-മായാവിഭൂതിഃ | അനവച്ഛിന്നവും അപ്രതിഹതവുമായ യോഗമായാവൈഭവത്താലുള്ള വിഭൂതിയോടുകൂടിയവനെങ്കിലും |
| സഹചന്ദ്ര-ലലാമലോകാൻ | ചന്ദ്രചൂഡനായ ശിവൻ ഉൾപ്പെടെയുള്ള നാനാലോകങ്ങളെയും | യേഷാം | യാതൊരുവരുടെ |
| | | അമലാംഘ്രിരജഃ | നിർമ്മലമായ പാദധൂളി |
| സദ്യഃ | തൽക്ഷണം | കിരീടൈഃ | കിരീടങ്ങളാൽ [വ |
| | | ബിഭർമി | വഹിച്ചുകൊള്ളുന്നുവോ, |
| പുനാതി | ശുദ്ധീകരിക്കുന്നുവോ, | വിപ്രാൻ തു | ആ മഹാബ്രാഹ്മണരെ |
| അഹം | അങ്ങനെയുള്ള ഞാൻ | കഃ ന വിഷഹേത | ആർ പൊറുക്കുന്നതല്ല? |

10 യേ മേ തനൂർദ്വിജവരാൻ ദുഹതീർമദീയാ
ഭൂതാന്യലബ്ധശരണാനി ച ഭേദബുദ്ധ്യാ
ദ്രക്ഷ്യന്ത്യഘക്ഷതദൃശോ ഹ്യഹിമന്യവസ്താൻ
ഗൃധ്രാ രുഷാ മമ കുഷന്ത്യധിദണ്ഡനേതുഃ

| | | | |
|---|---|---|---|
| യേ മേ | യാതൊരുവർ, എന്റെ | അഘക്ഷത-ദൃശഃ | പാപംനിമിത്തം നഷ്ടമായ വിവേകദൃഷ്ടിയോടുകൂടിയ |
| തനൂഃ | ദേഹഭേദങ്ങളായ | താൻ | അങ്ങനെയുള്ളവരെ |
| ദ്വിജവരാൻ | ബ്രാഹ്മണരേയും | മമ | എന്റെ |
| മദീയാഃ | എന്നെ സംബന്ധിച്ചുള്ള | അധിദണ്ഡ-നേതുഃ | അധികാരം കൊണ്ടുനടത്തുന്ന അന്തകന്റെ |
| ദുഹതീഃ | കറവുപശുക്കളേയും, | അഹിമന്യവഃ | പാമ്പിനെപ്പോലെ ചീറുന്ന |
| അലബ്ധ-ശരണാനി | സംരക്ഷകരില്ലാതെയായ | ഗൃധ്രാഃ | കഴുക്കൾ (ദൂതർ) |
| ഭൂതാനി ച | ജീവജാലങ്ങളേയും | രുഷാ | കോപത്തോടെ |
| ഭേദബുദ്ധ്യാ | ഭേദഭാവനയോടെ | കുഷന്തി ഹി | കൊത്തിക്കീറുമല്ലോ. |
| ദ്രക്ഷ്യന്തി | കാണുന്നുവോ, | | |

11 യേ ബ്രാഹ്മണാൻ മയി ധിയാ ക്ഷിപതോഽർച്ചയന്ത-
സ്തുഷ്യദ്ധൃദഃ സ്മിതസുധോക്ഷിതപദ്മവക്ത്രാഃ
വാണ്യാനുരാഗകലയാത്മജവദ് ഗൃണന്തഃ
സംബോധയന്ത്യഹമിവാഹമുപാഹൃതസ്തൈഃ

| | | | |
|---|---|---|---|
| ക്ഷിപതഃ | അധിക്ഷേപിക്കുന്നവരായാലുംകൂടി | അനുരാഗ-കലയാ | സ്നേഹാനുബന്ധത്താൽ സുശോഭനമായ |
| ബ്രാഹ്മണാൻ | ബ്രാഹ്മണരെ | വാണ്യാ | ഭാഷയാൽ |
| യേ | യാതൊരുവർ | ഗൃണന്തഃ | സ്തുതിച്ചുകൊണ്ടും |
| മയി | എന്നിലുള്ള | ആത്മജവത് | പുത്രനിർവ്വിശേഷം |
| ധിയാ | ഭാവനയോടെ | അഹം ഇവ | ഞാൻ ചെയ്യുംപോലെ |
| അർച്ചയന്തഃ | ആരാധിച്ചുകൊണ്ടും, | സംബോധയന്തി | അഭിസംബോധന ചെയ്യുന്നുവോ |
| തുഷ്യദ്ധൃദഃ | സന്തോഷം പൂണ്ടുന്ന ചിത്തത്തോടുകൂടിയവരും | തൈഃ | അവരാൽ |
| സ്മിതസുധോ-ക്ഷിതപദ്മ മ-വക്ത്രാഃ | മന്ദഹാസാമൃതംകൊണ്ടു സംസിക്തമായ മുഖാരവിന്ദത്തോടുകൂടിയവരുമായിട്ട് | അഹം | ഞാൻ |
| | | ഉപാഹൃതഃ | വശീകൃതനാകുന്നു |

12 തന്മേ സ്വഭർത്തുരവസായമലക്ഷമാണൗ
യുഷ്മദ്വ്യതിക്രമഗതിം പ്രതിപദ്യ സദ്യഃ
ഭൂയോ മമാന്തികമിതാം തദനുഗ്രഹോ മേ
യത് കല്പതാമചിരതോ ഭൃതയോർവിവാസഃ

| | |
|---|---|
| തത് | അതുകൊണ്ട് |
| സ്വഭർത്തുഃ | സ്വന്തം സ്വാമിയെ |
| മേ | എന്റെ |
| അവസായം | അഭിപ്രായത്തെ |
| അലക്ഷമാണൌ | അറിഞ്ഞുകൂടാത്തവരായ ഇവരിരുവരും |
| യുഷ്മദ്വ്യതി-ക്രമഗതിം | നിങ്ങളിൽ കാണിച്ച അതിക്രമത്തിന്റെ ഫലം |
| സദ്യഃ | ഉടനെത്തന്നെ |
| പ്രതിപദ്യ | അനുഭവിച്ച്, |

| | |
|---|---|
| ഭൂയഃ | വീണ്ടും |
| മമ അന്തികം | എന്റെ അടുക്കൽ |
| ഇതാം | എത്തിച്ചേരട്ടെ |
| ഭൃതയോഃ | ഭൃത്യന്മാരായ ഇവരുടെ |
| വിവാസഃ | വേർപാട് |
| അചിരതഃ | താമസമെന്നിയെ |
| കല്പതാം | നിറവേറുക |
| യത് തത് | എന്നുള്ളത് |
| മേ | എനിക്കുവേണ്ടിയുള്ള |
| അനുഗ്രഹഃ | അനുഗ്രഹമാകുന്നു. |

ബ്രഹ്മോവാച — ബ്രഹ്മാവ് പറഞ്ഞു :

13 അഥ തസ്യോശതീം ദേവീമൃഷികുല്യാം സരസ്വതീം
നാസ്വാദ്യ മന്യുദഷ്ടാനാം തേഷാമാത്മാപ്യതൃപ്യത.

| | |
|---|---|
| അഥ | അനന്തരം |
| ഉശതീം | രമണീയമായും |
| ദേവീം | ദ്യോതമാനമായും |
| ഋഷികുല്യാം | വേദമന്ത്രങ്ങളുടെ പ്രവാമാർഗ്ഗമായും ഇരിക്കുന്ന |
| തസ്യ | ഭഗവാന്റെ |
| സരസ്വതീം | തിരുവായ്മൊഴിയെ |

| | |
|---|---|
| ആസ്വാദ്യ | ആസ്വദിച്ചിട്ട് |
| മന്യുദഷ്ടാനാം അപി | കോപത്തിന്റെ കടിയേറ്റവരെന്നിരിക്കിലുംകൂടി |
| തേഷാം | അവരുടെ |
| ആത്മാ | മനസ്സ് |
| ന അതൃപ്യത | അലംഭാവം കൊണ്ടില്ല. |

14 സതീം വ്യാദായ ശൃണ്വന്തോ ലഘ്വീം ഗുർവ്വർത്ഥഗഹ്വരാം
വിഗാഹ്യാഗാധഗംഭീരാം ന വിദുസ്തച്ചികീർഷിതം

| | |
|---|---|
| സതീം | ശ്രേഷ്ഠവും |
| ലഘ്വീം | മിതവും |
| ഗുർവ്വർത്ഥ-ഗഹ്വരാം | അർത്ഥഗൌരവത്താൽ ദുഷ്പ്രവേശവും |
| അഗാധ-ഗംഭീരാം | അഭിപ്രായംകൊണ്ട് ആഴമുള്ളതും അർത്ഥംകൊണ്ടു ഗാംഭീര്യമുള്ളതുമായ ഭഗവദ്വചനത്തെ |

| | |
|---|---|
| വ്യാദായ | കാതുകൊടുത്തു |
| ശൃണ്വന്തഃ | കേട്ടുകൊണ്ടിരുന്നവർ |
| വിഗാഹ്യ | ചുഴിഞ്ഞാലോചിച്ചിട്ടും |
| തച്ചികീർഷിതം | അവിടുത്തെ അഭിപ്രായം |
| ന വിദുഃ | അറിഞ്ഞില്ല. |

ഭഗവദ്വചനം കേട്ടിട്ട് മുനിമാർക്കു മതിയായില്ല. അതു് അത്രമാത്രം മിതവും സരസവും സാരവത്തും ആയിരുന്നു. എന്നാൽ ഭഗവാൻ പറഞ്ഞതിന്റെ താൽപര്യം ഗ്രഹിച്ചുവോ? അതുണ്ടായില്ല ഭഗവാൻ മുനിമാരെ അഭിനന്ദിച്ചതോ, നിന്ദിച്ചതോ, അവർ ദ്വാരപാലന്മാർക്കു കൊടുത്ത ശാപശിക്ഷയെ ലഘൂകരിച്ചതോ എന്നുള്ളതു് വാക്കിന്റെ "ഗുർവ്വർത്ഥഗഹ്വരത" നിമിത്തം അവർക്കു് മനസ്സിലാക്കാൻ വിഷമമായിരുന്നു — എങ്കിലും അഭിനന്ദനമാണെന്ന ഉറപ്പോടെ അവർ സന്തോഷംപൂണ്ടു പറഞ്ഞുതുടങ്ങുന്നു.

15 തേ യോഗമായയാരബ്ധപാരമേഷ്ഠ്യമഹോദയം
പ്രോചുഃ പ്രാഞ്ജലയോ വിപ്രാഃ പ്രഹൃഷ്ടാഃ ക്ഷുഭിതത്വചഃ

| | | | |
|---|---|---|---|
| തേ വിപ്രാഃ | ആ ഋഷിമാർ | യോഗമായയാ | യോഗമായാഭഗവത്യാൽ |
| പ്രഹൃഷ്ടാഃ | ഏററവും സന്തുഷ്ടരായും | ആരബ്ധ- പാരമേഷ്ഠ്യ- മഹോദയം | ആവിഷ്കരിക്കപ്പെട്ട പരമൈശ്വര്യത്തിന്റെ പരമോൽകർഷത്തോടുകൂടിയവനോട് |
| ക്ഷുഭിതത്വചഃ | പുളകിതഗാത്രരായും | | |
| പ്രാഞ്ജലയഃ | കൂപ്പുകൈകളോടുകൂടിയവരായും നിന്നുകൊണ്ട് | പ്രോചുഃ | പറഞ്ഞു |

ഋഷയ ഊചുഃ: ഋഷിമാർ പറഞ്ഞു.

16 ന വയം ഭഗവൻ വിദ്മസ്തവ ദേവ ചികീർഷിതം
കൃതോ മേഽനുഗ്രഹശ്ചേതി യദധ്യക്ഷഃ പ്രഭാഷസേ

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ! | പ്രഭാഷസേ | അരുളിച്ചെയ്യുന്നു. |
| അധ്യക്ഷഃ | സർവ്വേശ്വരനായ നിന്തിരുവടി | യത് | എന്നതുകൊണ്ട് |
| | | ദേവ | ഹേ ക്രീഡാമയ! |
| മേ | "എനിക്കുവേണ്ടി | തവ | നിന്തിരുവടിയുടെ |
| അനുഗ്രഹഃ | അനുഗ്രഹം | ചികീർഷിതം | അഭിപ്രായത്തെ |
| കൃതഃ | ചെയ്യപ്പെട്ടു" | വയം | ഞങ്ങൾ |
| ഇതി ച | എന്നും മററും | ന വിദ്മഃ | അറിയുന്നില്ല. |

17 ബ്രഹ്മണ്യസ്യ പരം ദൈവം ബ്രാഹ്മണാഃ കില തേ പ്രഭോ
വിപ്രാണാം ദേവദേവാനാം ഭഗവാനാത്മദൈവതം

| | | | |
|---|---|---|---|
| ബ്രഹ്മണ്യസ്യ | ബ്രാഹ്മണപ്രിയനായ | ദേവദേവാനാം | ദേവന്മാർക്കും ദേവന്മാരാ |
| തേ | നിന്തിരുവടിക്ക് | വിപ്രാണാം | ബ്രാഹ്മണർക്കാവട്ടെ [യ |
| ബ്രാഹ്മണാഃ | ബ്രാഹ്മണർ | ഭഗവാൻ | നിന്തിരുവടി |
| പരം | പരമമായ | | |
| ദൈവം കില | ദൈവമാണല്ലോ | ആത്മദൈവതം | ആത്മാവും ദൈവവും ആകുന്നു. |
| പ്രഭോ | ഹേ പ്രഭോ! | | |

18 ത്വത്തഃ സനാതനോ ധർമ്മോ രക്ഷ്യതേ തനുഭിസ്തവ
ധർമ്മസ്യ പരമോ ഗുഹ്യോ നിർവികാരോ ഭവാൻ മതഃ

| | | | |
|---|---|---|---|
| സനാതനഃ | സനാതനമായ | തവ | അങ്ങയുടെ |
| ധർമ്മഃ | വർണ്ണാശ്രമധർമ്മം | തനുഭിഃ | അവതാരമൂർത്തികളാൽ |
| ത്വത്തഃ | അങ്ങയിൽനിന്നുണ്ടായി, | രക്ഷ്യതേ | പാലിക്കപ്പെടുന്നു. |

| | | | |
|---|---|---|---|
| ധർമ്മസ്യ | ഈ ധർമ്മത്തിന്റെ | നിവൃത്തികല്പ: | നിവൃത്തികാരാനാറായി തീരുന്ന |
| പരമ: | ശ്രേഷ്ഠഫലമായതു് | ഭവാൻ | അങ്ങുതന്നെയെന്നതും |
| ഗുഹ്യ: | ഗോപനീയനായി | മത: | ശാസ്ത്രസമ്മതമാകുന്നു. |

19 തരന്തി ഹ്യഞ്ജസാ മൃത്യും നിവൃത്താ യദനുഗ്രഹാത്
യോഗിനഃ സ ഭവാൻ കിംസ്വിദനുഗൃഹ്യേത യത്പരൈഃ

| | | | |
|---|---|---|---|
| യദനുഗ്രഹാത് | യാതൊരു ഭവാന്റെ അനുഗ്രഹത്താൽ | മൃത്യും | മൃത്യുവെ(സംസാരത്തെ) |
| | | തരന്തി | തരണം ചെയ്യുന്നുവോ, |
| നിവൃത്താ: | വിഷയവ്യാവൃത്താത്മാക്കളും | സ: ഭവാൻ | അങ്ങനെയുള്ള ഭവാൻ |
| | | പരൈ: | അന്യജനങ്ങളാൽ |
| യോഗിന: | യോഗനിഷ്ഠന്മാരുമായി ഭവിച്ചവർ | അനുഗൃഹ്യേത | അനുഗ്രഹിക്കപ്പെടുക |
| | | യത് | എന്നതു് |
| അഞ്ജസാ ഹി | അനായാസേന തന്നെ | കിംസ്വിത് | ഒരു കാര്യമാണോ ? |

ഭഗവാൻ പ്രകടിപ്പിച്ച ബ്രാഹ്മണാനുഗ്രഹാകാംക്ഷ ലോകസംഗ്രഹാർത്ഥമാകുന്നു. അനുഷ്ഠിക്കേണ്ടതു് സ്വയം കാണിച്ചുകൊടുത്തതാകുന്നു ബ്രാഹ്മണപാദധൂളിയെ സമാശ്രയിച്ചതുകൊണ്ടാണു് തന്നെ ലക്ഷ്മീദേവി പിരിയാതിരിക്കുന്നതെന്നു് ഭഗവാൻ പറഞ്ഞതും ലോകശിക്ഷണാർത്ഥമാണെന്നു് താഴെ പറയുന്നു.

20 യം വൈ വിഭൂതിരുപയാത്യനുവേലമന്യൈ-
രർത്ഥാർത്ഥിഭിഃ സ്വശിരസാ ധൃതപാദരേണുഃ
ധന്യാർപ്പിതാംഘ്രിതുളസീനവദാമധാമ്നോ
ലോകം മധുവ്രതപതേരിവ കാമയാനാ

21 യസ്താം വിവിക്തചരിതൈരനുവർത്തമാനാം
നാത്യാദ്രിയത് പരമഭാഗവതപ്രസംഗഃ
സ ത്വം ദ്വിജാനുപഥപുണ്യരജഃപുനീതഃ
ശ്രീവത്സലക്ഷ്മ കിമഗാ ഭഗഭാജനസ്ത്വം.

| | | | |
|---|---|---|---|
| അർത്ഥാർത്ഥിഭി: | ഐശ്വര്യേച്ഛുക്കളായ | ധന്യാർപ്പിതാം- ഘ്രിതുളസീ- നവദാമധാമ്ന: | സുകൃതികളാൽ സമർപ്പിക്കപ്പെട്ട തൃപ്പാദത്തിലെഴുന്ന തുളസിപ്പൂമാലയിൽ സ്ഥാനമുറപ്പിച്ച |
| അന്യൈ: | അന്യന്മാരാൽ | | |
| സ്വശിരസാ | സ്വശിരസ്സുകൊണ്ടു് | | |
| ധൃതപാദരേണു: | ധരിക്കപ്പെട്ട പാദധൂളികളോടുകൂടിയ | മധുവ്രതപതേ: | ഭൃംഗരാജന്റെ |
| വിഭൂതി: | ലക്ഷ്മീദേവി | ലോകം | സ്ഥാനത്തെ |
| അനുവേലം | എല്ലാകാലത്തും | | |
| യം വൈ | യാതൊരുത്തനെത്തന്നെ | കാമയാനാ ഇവ | ആശിക്കുന്നവളോ |
| ഉപയാതി | ആശ്രയിക്കുന്നുവോ, | | എന്നു തോന്നുംവിധം |

| | |
|---|---|
| വിവിക്ത- ചരിതൈഃ | പരിശുദ്ധങ്ങളായ പരിചരണങ്ങൾകൊണ്ടു് |
| അനുവർത്ത- മാനാം | (ആ ത്തൃപ്പാദത്തെ) പരിചരിച്ചുകൊണ്ടിരിക്കുന്നവളെങ്കിലും |
| താം | അവളെ |
| യഃ | യാതൊരുവൻ |
| ന അത്യാദ്രിയത് | അധികം ആദരിച്ചില്ലയോ, |
| സഃ ത്വം | അങ്ങനെയുള്ള ഭവാൻ |
| പരമഭാഗവത- പ്രസംഗഃ | പരമഭക്തന്മാരിൽമാത്രം പ്രകൃഷ്ടമായ ആസക്തിയുള്ളവനാണു്; |
| ത്വം | ഭവാൻ |
| ഭഗഭാജനഃ | സൌഭാഗ്യനിധിയാണു്; ഭജനീയഗുണങ്ങൾക്കു ആശ്രയഭൂതനാണു്; |
| ദ്വിജാനുപാദ- പുണ്യരജഃ | ബ്രാഹ്മണരുടെ കാലിൽ (വഴിതോറും പററിച്ചേന്ന പരിശുദ്ധരേണുവും |
| ശ്രീവത്സലക്ഷ്മ | ശ്രീവത്സമെന്ന മറുവും |
| പുനീതഃ | (അങ്ങയെ) ശുദ്ധീകരിക്കുന്നുണ്ടോ? |
| കിം | എന്തിനു് (അവയെ) |
| അഗാഃ | കൈക്കൊണ്ടിരിക്കുന്നു? |

22 ധർമ്മസ്യ തേ ഭഗവതസ്ത്രിയുഗ ത്രിഭിഃ സ്വൈഃ
പദ്ഭിശ്ചരാചരമിദം ദ്വിജദേവതാർത്ഥം
നൂനം ഭൃതം തദഭിഘാതി രജസ്തമശ്ച
സത്ത്വേന നോ വരദയാ തനുവാ നിരസ്യ.

| | |
|---|---|
| ത്രിയുഗ | മൂന്നു യുഗത്തിലും ധർമ്മരക്ഷാർത്ഥം ആവിർഭവിക്കുന്നോവേ! |
| ചരാചരം | ചരാചരാത്മകമായ |
| ഇദം | ഈ വിശ്വം |
| ധർമ്മസ്യ | ധർമ്മസ്വരൂപനായ |
| ഭഗവതഃ | ഭഗവാനായിരിക്കുന്ന |
| തേ | നിന്തിരുവടിയുടെ |
| സ്വൈഃ | സ്വകീയങ്ങളായ |
| ത്രിഭിഃ | മൂന്നു |
| പാദൈഃ | പാദങ്ങൾകൊണ്ടു് (തപസ്സു്, ശൌചം, ദയ എന്നിവകൊണ്ടു്) |
| നഃ | ഞങ്ങൾക്കു |
| വരദയാ | പ്രസാദമരുളുന്ന |
| സത്ത്വേന | സത്ത്വാത്മകമായ |
| തനുവാ | മൂർത്തിയാൽ |
| തദഭിഘാതി | അവയ്ക്കു (ധർമ്മപാദങ്ങൾക്കു്) ന്യൂനതയേല്പിക്കുന്ന |
| രജഃ | രജോഗുണത്തേയും |
| തമഃ ച | തമോഗുണത്തേയും |
| നിരസ്യ | നിരാകരിച്ചു് |
| ദ്വിജ- ദേവതാർത്ഥം | ബ്രാഹ്മണർക്കും ദേവകൾക്കുംവേണ്ടി |
| നൂനം ഭൃതം | പാലിക്കപ്പെട്ടുവരുന്നു. |

23 ന ത്വം ദ്വിജോത്തമകുലം യദിഹാത്മഗോപം
ഗോപ്താ വൃഷഃ സ്വർഹണേന സസൂനൃതേന
തർഹ്യേവ നംക്ഷ്യതി ശിവസ്തവ ദേവ പന്ഥാ
ലോകോഽഗ്രഹീഷ്യദൃഷഭസ്യ ഹി തത്പ്രമാണം

| | |
|---|---|
| വൃഷഃ ത്വം | ശ്രേഷ്ഠനായ അങ്ങുന്നു് |
| ആത്മഗോപം | തന്നാൽ രക്ഷണീയമായ |
| ദ്വിജോത്തമ- കുലം | ബ്രാഹ്മണോത്തമവംശത്തെ |

| | |
|---|---|
| സസൂനൃതേന | പ്രിയവും നിഷ്കപടവുമായ ഭാഷണത്തോടുകൂടിയ |
| സാർഹണേന | സമാരാധനയോടെ |
| യദി ന ഗോപ്താ | സംരക്ഷിക്കുന്നവനായി ഭവിക്കുന്നില്ലെങ്കിൽ |
| തർഹി ഏവ | അപ്പോഴുംതന്നെ |
| ശിവഃ | ലോകക്ഷേമകരമായ |
| തവ | അങ്ങയുടെ |
| പന്ഥാഃ | വേദമാർഗ്ഗം |
| നംക്ഷ്യതി ഹ | നശിക്കുമെന്നതു തീർച്ച. |
| ദേവ | ഹേ ദിവ്യമൂർത്തേ ! |
| ഹി | അതെന്തെന്നാൽ, |
| ലോകഃ | ലോകം |
| ഋഷഭസ്യ | ശ്രേഷ്ഠനായവന്റെ |
| തത് | ആ പ്രവൃത്തിയെ |
| പ്രമാണം | സ്വപ്രമാണമാക്കി |
| അഗ്രഹീഷ്യത് | എടുത്തെന്നുവരും. |

24 തത്തേഽനഭീഷ്ടമിവ സത്വനിധേർവിധിത്സോഃ
ക്ഷേമം ജനായ നിജശക്തിഭിരുദ്ധൃതാരേഃ
നൈതാവതാ ത്ര്യധിപതേർബത വിശ്വഭർത്തു-
സ്തേജഃ ക്ഷതം ത്വവനതസ്യ സ തേ വിനോദഃ

| | |
|---|---|
| തത് | ആയതു് (വേദോക്തകർമ്മമാർഗ്ഗഭ്രംശം) |
| ജനായ | ജനസാമാന്യത്തിന്നു് |
| ക്ഷേമം | ക്ഷേമത്തെ |
| വിധിത്സോഃ | വിധാനംചെയ്യുവാൻ ആഗ്രഹിക്കുന്നവനും |
| നിജശക്തിഭിഃ | തന്റെ ശക്തികളാൽ |
| ഉദ്ധൃതാരേഃ | ഉന്മൂലനംചെയ്യപ്പെട്ട വേദമാർഗ്ഗവിരോധികളോടുകൂടിയവനും |
| സത്വനിധേഃ | സത്വഗുണത്തിന്നു് ആധാരഭൂതനുമായ |
| തേ | നിന്തിരുവടിക്കു് |
| അനഭീഷ്ടം ഇവ | ഇഷ്ടമല്ലാത്ത സംഗതിയുമാണു്. |
| ത്ര്യധിപതേഃ | സത്വാദിഗുണത്രയത്തിന്റെ അധിപതിയും |
| വിശ്വഭർത്തുഃ | സമസ്തലോകങ്ങളുടെ ഭരണകർത്താവുമായ നിന്തിരുവടിയുടെ |
| തേജഃ | മാഹാത്മ്യം |
| ഏതാവതാ | ഇതുകൊണ്ടു് (ബ്രാഹ്മണഭക്തിപ്രകടനംകൊണ്ടു്) |
| ന ക്ഷതം | കുറഞ്ഞിട്ടില്ല |
| അവനതസ്യ | (ബ്രാഹ്മണർക്കു്) തലകുനിച്ച |
| തേ | നിന്തിരുവടിയുടെ |
| സഃ | ആ പ്രവൃത്തി |
| വിനോദഃ തു | വിനോദം മാത്രമാണു് |
| ബത | അഹോ! |

25 യം വാനയോർദ്ദമമധീശ ഭവാൻ വിധത്തേ
വൃത്തിം നു വാ തദനുമന്മഹി നിർവ്യളീകം
അസ്മാസു വാ യ ഉചിതോ ധ്രിയതാം സ ദണ്ഡോ
യേഽനാഗസൌ വയമയുംക്ഷ്മഹി കിൽബിഷേണ

| | |
|---|---|
| അധീശ | ഹേ അധിനായക! |
| ഭവാൻ | നിന്തിരുവടി |
| അനയോഃ | ഇവർക്കു് (ദ്വാരപാലന്മാർക്കു്) |
| യം വാ | ഏതെങ്കിലും മററൊരു |
| ദമം | ദണ്ഡനത്തെയോ, |
| വൃത്തിം നു വാ | ആനുകൂല്യത്തെയോ |
| വിധത്തേ | കല്പിച്ചരുളുന്നുവെങ്കിൽ |
| തത് | അതെല്ലാം |
| നിർവ്യളീകം | അപ്രിയംകൂടാതെ |
| അനുമന്മഹി | ഞങ്ങളും സമ്മതിക്കുന്നു. |
| വാ | അഥവാ, |

| | | | |
|---|---|---|---|
| യേ വയം | യാതൊരു ഞങ്ങളാം | അസ്മാസു | ആ ഞങ്ങളിൽ |
| അനാഗസൌ | അപരാധികളല്ലാത്തവരെ | ഉചിത: | ഉചിതമായതു |
| കില്ബിഷേണ | ശാപക്കെടുതിയോടു | യ: | ഏതൊന്നോ, |
| അയുംക്ഷ്മഹി | സംയോജിപ്പിച്ചുവോ, | സ: ദണ്ഡ: | ആ ദണ്ഡനം |
| | | ധ്രിയതാം | ചുമത്തിയാലും |

ശ്രീഭഗവാനുവാച — ശ്രീഭഗവാൻ അരുളിച്ചെയ്തു :

26 ഏതൌ സുരേതരഗതിം പ്രതിപദ്യ സദ്യഃ
സംരംഭസംഭൃതസമാധ്യനുബദ്ധയോഗൌ
ഭൂയഃ സകാശമുപയാസ്യത ആശു യോ വഃ
ശാപോ മയൈവ നിമിതസ്തദവൈത വിപ്രാഃ

| | | | |
|---|---|---|---|
| ഏതൌ | ഇവർ രണ്ടുപേരും | സകാശം | മൽസമീപത്തെ |
| സദ്യ: | ഉടൻതന്നെ | ഉപയാസ്യത: | പ്രാപിച്ചുകൊള്ളും |
| സുരേതരഗതിം | ദേവത്വമില്ലാത്തനില | വിപ്രാ: | ബ്രാഹ്മണരേ! |
| പ്രതിപദ്യ | പ്രാപിച്ചിട്ടു്, | വ: | നിങ്ങളുടെ |
| സംരംഭസംഭൃതസമാധ്യനുബദ്ധയോഗൌ | ക്രോധാദിവശത്താൽ പ്രവൃദ്ധമായ ഏകാഗ്രഭാവനയിലൂടെ അനുബന്ധിക്കപ്പെട്ട യോഗത്തോടു കൂടിയവരായിട്ടു് | യ: ശാപ: | യാതൊരു ശാപം |
| | | മയാ ഏവ | എന്നാൽതന്നെ |
| | | നിമിത: | നിർമ്മിക്കപ്പെട്ടതാണു്. |
| | | തത് | ആയതിനെ |
| ഭൂയ: ആശു | വീണ്ടും, വേഗത്തിൽ | അവൈത | അറിഞ്ഞുകൊണ്ടാലും |

സ്വകർത്തവ്യം നിറവേററിക്കൊണ്ടുനിന്ന ഭഗവൽഭൃത്യന്മാരെ പെട്ടെന്നുണ്ടായ കോപാവേശംനിമിത്തം ശപിച്ചതു തെററായിപ്പോയോ എന്നു് ആശങ്കപൂണ്ടുനില്ക്കുന്ന ഋഷിമാരെ സമാധാനിപ്പിക്കുംപ്രകാരമുള്ളതാണ് ഭഗവാന്റെ ഈ വചനം. ഭൃത്യന്മാർ ഋഷിമാരെ തടഞ്ഞതിന്റേയും, ഋഷിമാർ അവരെ ശപിച്ചതിന്റേയും ഉത്തരവാദിത്വം രണ്ടും തെററും ശരിയും നോക്കാതെ ഭക്തകാരുണ്യത്താൽ ഭഗവാൻതന്നെ കൈയേല്ക്കുന്നു. അവിടുത്തെ ഇച്ഛയാണല്ലോ എല്ലാററിനും ഹേതുവായിനില്ക്കുന്നതു്.

ബ്രഹ്മോവാച — ബ്രഹ്മാവു് പറഞ്ഞു:

27 അഥ തേ മുനയോ ദൃഷ്ട്വാ നയനാനന്ദഭാജനം
വൈകുണ്ഠം തദധിഷ്ഠാനം വികുണ്ഠം ച സ്വയംപ്രഭം
28 ഭഗവന്തം പരിക്രമ്യ പ്രണിപത്യാനുമാന്യ ച
പ്രതിജഗ്മുഃ പ്രമുദിതാഃ ശംസന്തോ വൈഷ്ണവീം ശ്രിയം

| | | | |
|---|---|---|---|
| അഥ | അനന്തരം | വികുണ്ഠം | ശ്രീഹരിയേയും |
| തേ മുനയ: | ആ മുനിമാർ | തദധിഷ്ഠാനം | തന്നിവാസസ്ഥാനമായ |
| നയനാനന്ദഭാജനം | കണ്ണുകൾക്കു് ആനന്ദത്തെ ജനിപ്പിക്കുന്നവനും | വൈകുണ്ഠം ച | വൈകുണ്ഠലോകത്തേയും |
| | | ദൃഷ്ട്വാ | കണ്ടിട്ടു്, |
| സ്വയംപ്രഭം | സ്വയം പ്രകാശനമായ | ഭഗവന്തം | ഭഗവാനെ |

| | | | |
|---|---|---|---|
| പരിക്രമ്യ | പ്രദക്ഷിണംവെച്ച്, | ശ്രിയം | ഐശ്വര്യത്തെ |
| പ്രണിപത്യ | നമസ്കരിച്ച്, | ശംസന്തഃ | പ്രശംസിച്ചുകൊണ്ട് |
| അനുമാന്യ ച | അനുവാദം വാങ്ങുകയും ചെയ്ത് | പ്രമുദിതാഃ | സന്തോഷവാന്മാരായി |
| വൈഷ്ണവീം | മഹാവിഷ്ണുവിനെ സംബന്ധിച്ച | പ്രതിജഗ്മുഃ | തിരിച്ചുപോയി. |

29 ഭഗവാനനുഗാവാഹ യാതം മാ ഭൈഷ്ടമസ്തു ശം
ബ്രഹ്മതേജഃ സമർത്ഥോƒപി ഹന്തും നേച്ഛേ മതം തു മേ.

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ | സമർത്ഥഃ അപി | ഞാൻ കഴിവുററവനാണെങ്കിലും |
| അനുഗൌ | ഭൃത്യന്മാരോട് | ബ്രഹ്മതേജഃ | ബ്രാഹ്മണവൈഭവത്തെ |
| ആഹ | പറഞ്ഞു— | ഹന്തും | ഇല്ലാതാക്കാൻ |
| യാതം | "നിങ്ങൾ പോകുവിൻ; | ന ഇച്ഛേ | ആഗ്രഹിക്കുന്നില്ല |
| മാ ഭൈഷ്ടം | പേടിക്കരുത്; | മേ തു | എനിക്കുതന്നെയും |
| ശം അസ്തു | നന്മ വരട്ടെ! | മതം | അത് സമ്മതമാകുന്നു. |

30 ഏതത് പുരൈവ നിർദ്ദിഷ്ടം രമയാ ക്രുദ്ധയാ യദാ
പുരാƒപവാരിതാ ദ്വാരി വിശന്തീ മയ്യുപാരതേ.

| | | | |
|---|---|---|---|
| ഏതത് | ഇത് (സനകാദികൾ ശപിച്ചത്) | മയി ഉപാരതേ | ഞാൻ യോഗനിദ്രയെ അവലംബിച്ചിരുന്നപ്പോൾ |
| ക്രുദ്ധയാ | കോപംപൂണ്ട | | |
| രമയാ | ലക്ഷ്മിയാൽ | ദ്വാരി | ഗോപുരവാതില്ക്കൽ |
| പുരാ ഏവ | ഇതിനു മുമ്പുതന്നെ | വിശന്തീ | പ്രവേശിച്ചിരുന്ന അവൾ |
| നിർദ്ദിഷ്ടം | നിർദ്ദേശിക്കപ്പെട്ടതാണ് | അപവാരിതാ | നിങ്ങളാൽ തടയപ്പെട്ടിരുന്നുവല്ലോ. |
| പുരാ യദാ | പണ്ട് എന്നോ ഒരിക്കൽ | | |

31 മയി സംരംഭയോഗേന നിസ്തീര്യ ബ്രഹ്മഹേലനം
പ്രത്യേഷ്യതം നികാശം മേ കാലേനാല്പീയസാ പുനഃ

| | | | |
|---|---|---|---|
| മയി | എന്നിൽ | അല്പീയസാ | അത്യല്പമായ |
| സംരംഭയോഗേന | ക്രോധാവേശംകൊണ്ടുള്ള മനോനിരോധനത്താൽ | കാലേന | കാലംകൊണ്ട് |
| | | പുനഃ മേ | വീണ്ടും എന്റെ |
| ബ്രഹ്മഹേലനം | ബ്രാഹ്മണാവഹേളനരൂപമായ പാപത്തെ | നികാശം | അടുക്കലേക്ക് |
| | | പ്രത്യേഷ്യതം | നിങ്ങൾ എത്തിക്കൊള്ളും" |
| നിസ്തീര്യ | അനുഭവിച്ചുതീർത്ത്, | | |

32 ദ്വാഃസ്ഥാവാദിശ്യ ഭഗവാൻ വിമാനശ്രേണിഭൂഷണം
സർവ്വാതിശയയാ ലക്ഷ്മ്യാ ജുഷ്ടം സ്വം ധിഷ്ണ്യമാവിശത്.

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ | സർവ്വാതിശയയാ | എല്ലാററിലും മികച്ച |
| ദ്വാഃസ്ഥൌ | ദ്വാരപാലന്മാരോട് | ലക്ഷ്മ്യാ | ഐശ്വര്യത്തോട് |
| ആദിശ്യ | കല്പിച്ചശേഷം | ജുഷ്ടം | ചേർന്നതുമായ |
| വിമാനശ്രേണിഭൂഷണം | വിമാനനിരകളാൽ അലങ്കാരം ചേർന്നതും | സ്വം ധിഷ്ണ്യം | തന്റെ സ്ഥാനത്തിലേ [ക്ക് |
| | | ആവിശത് | പ്രവേശിച്ചു. |

33 തൌ തു ഗീർവ്വാണഋഷഭൌ ദുസ്തരാദ്ധരിലോകതഃ
ഹതശ്രിയൌ ബ്രഹ്മശാപാദഭൂതാം വിഗതസ്മയൌ

| | | | |
|---|---|---|---|
| ഗീർവ്വാണഋഷഭൌ | ദേവശ്രേഷ്ഠന്മാരായ | ഹരിലോകതഃ | വൈകുണ്ഠത്തിൽനിന്നു തന്നെ |
| തൌ തു | അവരിരുവരും | ഹതശ്രിയൌ | ശ്രീത്വം നശിച്ചവരും |
| ദുസ്തരാത് | അകററുവാനാകാത്ത | വിഗതസ്മയൌ | ഗർവ്വം അകന്നവരുമായി |
| ബ്രഹ്മശാപാത് | ബ്രാഹ്മണശാപത്താൽ | അഭൂതാം | ഭവിച്ചു. |

34 തദാ വികുണ്ഠധിഷണാത്തയോർന്നിപതമാനയോഃ
ഹാഹാകാരോ മഹാനാസീദ്വിമാനാഗ്ര്യേഷു പുത്രകാഃ

| | | | |
|---|---|---|---|
| പുത്രകാഃ | പുത്രരായ ദേവകളേ ! | നിപതമാനയോഃ | വീണുകൊണ്ടിരിക്കെ, |
| വികുണ്ഠധിഷണാത് | ശ്രീഹരിയുടെ നിലയത്തിൽനിന്നു | വിമാനാഗ്ര്യേഷു | വിശിഷ്ടവിമാനങ്ങ |
| തദാ | അനന്തരം | മഹാൻ | പെരുത്ത [ളിൽ |
| തയോഃ | അവരിരുവരും | ഹാഹാകാരഃ | മുറവിളി |
| | | ആസീത് | ഉണ്ടായി |

35 താവേവ ഹ്യധുനാ പ്രാപ്തൌ പാർഷദപ്രവരൌ ഹരേഃ
ദിതേർജ്ജഠരനിർവ്വിഷ്ടം കാശ്യപം തേജ ഉൽബണം

| | | | |
|---|---|---|---|
| ഹരേഃ | ശ്രീമഹാവിഷ്ണുവിന്റെ | ജഠരനിർവ്വിഷ്ടം | ഗർഭത്തിൽ പ്രവേശിച്ച |
| പാർഷദപ്രവരൌ | സേവകന്മാരിൽ പ്രമുഖന്മാരായിരുന്ന | ഉൽബണം | അത്യുഗ്രമായിരിക്കുന്ന |
| തൌ ഏവ | അവരിരുവരും തന്നെ | കാശ്യപം | കശ്യപന്റേതായ |
| അധുനാ ഹി | ഇതാ ഇപ്പോൾ | തേജഃ | വീര്യത്തെ |
| ദിതേഃ | ദിതിയുടെ | പ്രാപ്തൌ | പ്രാപിച്ചിരിക്കുന്നു. |

36 തയോരസുരയോരദ്യ തേജസാ യമയോർഹി വഃ
ആക്ഷിപ്തം തേജ ഏതർഹി ഭഗവാംസ്തദ്വിധിത്സതി

| | | | |
|---|---|---|---|
| അദ്യ | ഇപ്പോൾ | ആക്ഷിപ്തം | തിരസ്കരിക്കപ്പെട്ട |
| അസുരയോഃ | അസുരന്മാരായിഭവിച്ച് | ഏതർഹി | ഈ സന്ദർഭത്തിൽ |
| യമയോഃ | ഒരുമിച്ച മാതൃഗർഭത്തിൽ വന്നുചേർന്നിരിക്കുന്ന | തത് | അതങ്ങനെ |
| തയോഃ ഹി | അവരുടെതന്നെ | ഭഗവാൻ | സർവ്വേശ്വരൻ |
| തേജസാ | തേജസ്സിനാൽ | വിധിത്സതി | ചെയ്യുവാൻ ഇച്ഛിച്ചതാകുന്നു. |
| വഃ തേജഃ | നിങ്ങളുടെ തേജസ്സ് | | |

സനകാദികളെ കോപം ബാധിച്ചതും, വിഷ്ണുപാർഷദന്മാർക്ക് ബ്രാഹ്മണരോട് പ്രതികൂലമനോഭാവം ജനിച്ചതും, ഭഗവാൻ അവരിൽ ഉപേക്ഷകാണിച്ചതും, വൈകുണ്ഠവാസികളായ അവർക്ക് സംസൃതിയിലേക്ക് പോരേണ്ടതായിവന്നതും സംഭവിച്ചുകൂടാത്ത സംഗതികളാണ്. എന്നാൽ ഇവയെല്ലാം സംഭവിച്ചതു ഭഗവാന്റെ ഇച്ഛാനിമിത്തമാണ്. ഭഗവാന് സൃഷ്ടിലീലാകൌതുകം ഉളവാകുന്നപോലെ ചിലപ്പോൾ യുദ്ധലീലാകൌതുകവും സംജാതമായെന്നുവരാം. അതിനു സമതുല്യബലമുള്ള രണ്ടു പാർഷദന്മാരെ വിപ്രശാപവ്യാജേന പ്രതിപക്ഷത്തിലേക്കു കൊണ്ടുവന്നു യുദ്ധലീലാഭിലാഷം സാധിക്കുന്നു. ഇവിടെ ബ്രഹ്മാദിദേവന്മാർക്ക് ഒന്നും ചെയ്യുവാനില്ല. ഭഗവദഭിമതം എന്തൊന്നോ, അതു നടക്കും. ഈ വിശ്വാസമാണ് താഴെയുള്ള ശ്ലോകംകൊണ്ടു ബ്രഹ്മാവ് പ്രകടമാക്കുന്നതു്.

37 വിശ്വസ്യ യഃ സ്ഥിതിലയോദ്ഭവഹേതുരാദ്യോ
യോഗേശ്വരൈരപി ദുരത്യയയോഗമായഃ
ക്ഷേമം വിധാസ്യതി സ നോ ഭഗവാംസ്ത്ര്യധീശ-
സ്തത്രാസ്മദീയവിമൃശേന കിയാനിഹാർത്ഥഃ

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ത്ര്യധീശഃ | ത്രിഗുണാധിനാഥനും ആയിരിക്കുന്നുവോ, |
| വിശ്വസ്യ | ലോകത്തിന്റെ | സഃ ഭഗവാൻ | ആ സർവ്വേശ്വരൻ |
| സ്ഥിതിലയോ- ദ്ഭവഹേതുഃ | രക്ഷാസംഹാരോല്പത്തികൾക്കു കാരണഭൂതനും | നഃ ക്ഷേമം | നമുക്ക് ക്ഷേമത്തെ |
| ആദ്യഃ | ആദിയിങ്കലെഴുന്നവനും | വിധാസ്യതി | ഉണ്ടാക്കിത്തരും. |
| യോഗേശ്വരൈഃ അപി | യോഗേശ്വരന്മാരായ ദേവോത്തമന്മാരാൽ പോലും | അത്ര ഇഹ | ഇങ്ങിതിൽ |
| ദുരത്യയ- യോഗമായഃ | അനതിക്രമണീയമായ യോഗമായയോടുകൂടിയവനും | അസ്മദീയ- വിമൃശേന | നമ്മുടെ പര്യാലോചന കൊണ്ട് |
| | | കിയാൻ | എന്തുമാത്രം |
| | | അർത്ഥഃ | കാര്യമുണ്ട്? |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഷോഡശോഽധ്യായഃ.

ആദിതഃ ശ്ലോകാഃ 666    പതിനാറാമധ്യായം കഴിഞ്ഞു.

## സപ്തദശോഽധ്യായഃ = പതിനേഴാമദ്ധ്യായം.

"തതഃ സപ്തദശേ ജന്മ തയോർല്ലോകഭയങ്കരം
ഹിരണ്യാക്ഷപ്രഭാവശ്ച വർണ്യതേ ദിഗ്ജയോദ്ധതഃ"

### ഹിരണ്യാക്ഷന്റെയും ഹിരണ്യകശിപുവിന്റെയും ജനനം; ഹിരണ്യാക്ഷന്റെ ദിഗ്വിജയം.

**മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :**

1 നിശമ്യാത്മഭുവാ ഗീതം കാരണം ശങ്കയോജ്ഝിതാഃ
തതഃ സർവ്വേ ന്യവർത്തന്ത ത്രിദിവായ ദിവൗകസഃ

| | | | |
|---|---|---|---|
| ആത്മഭുവാ | ബ്രഹ്മദേവനാൽ | ദിവൗകസഃ | ദേവന്മാർ |
| ഗീതം | പറഞ്ഞുകേൾക്കപ്പെട്ട | സർവ്വേ | എല്ലാവരും |
| കാരണം | കാരണത്തെ | തതഃ | അവിടെനിന്നു് |
| നിശമ്യ | കേട്ടിട്ടു്, | ത്രിദിവായ | സ്വർഗ്ഗത്തിലേക്കു് |
| ശങ്കയാ | സന്ദേഹത്താൽ | ന്യവർത്തന്ത | മടങ്ങി |
| ഉജ്ഝിതാഃ | പരിത്യക്തരായ | | |

2 ദിതിസ്തു ഭർത്തുരാദേശാദപത്യപരിശങ്കിനീ
പൂർണ്ണേ വർഷശതേ സാധ്വീ പുത്രൗ പ്രസുഷുവേ യമൗ

| | | | |
|---|---|---|---|
| ദിതിഃ തു | ദിതിയാകട്ടെ | സാധ്വീ | ഉത്തമസ്ത്രീയായ അവൾ |
| ഭർത്തുഃ | ഭർത്താവിന്റെ | വർഷശതേ | നൂറുവർഷം |
| ആദേശാത് | കല്പനയനുസരിച്ച് | പൂർണ്ണേ | തികഞ്ഞപ്പോൾ |
| | | യമൗ | ഒപ്പം രണ്ടു് |
| അപത്യ-പരിശങ്കിനീ | മക്കളിൽനിന്നു് ആപൽശങ്കയുള്ളവളായിരുന്നു. | പുത്രൗ | ആൺമക്കളെ |
| | | പ്രസുഷുവേ | പ്രസവിച്ചു. |

കാമാർത്തയായി ദേശകാലപരിചിന്തയില്ലാതെ ഭർത്താവിനെ നിർബ്ബന്ധിച്ച് സംഗമിപ്പിച്ചുണ്ടായ തന്റെ ഗർഭത്തിൽ രണ്ടു് അസുരശിശുക്കളാണുള്ളതെന്നും, അവർ പിറന്നാൽ ദേവന്മാരെ ക്ലേശിപ്പിക്കുമെന്നും ദിതി പിന്നീടു ഭർത്താവുതന്നെ പറഞ്ഞിട്ടറിഞ്ഞു. അതിനാൽ ദേവോപദ്രവത്തെ ആവുന്നതും ഒഴിവാക്കാനായി നൂറാണ്ടുകാലത്തോളം അവൾ പ്രസവം നടത്താതെ മക്കളെ ഗർഭത്തിൽത്തന്നെ വഹിച്ചുകൊണ്ടിരുന്നു. ഇങ്ങനെ ദീർഘകാലഗർഭധാരണത്തിനുശേഷം ഒരു നാൾ ആ രണ്ടു ശിശുക്കളെയും അവൾ പ്രസവിച്ചു.

3 ഉത്പാതാ ബഹവസ്തത്ര നിപേതുർജ്ജായമാനയോഃ
ദിവി ഭുവ്യന്തരിക്ഷേ ച ലോകസ്യോരുഭയാവഹാഃ

| | | | |
|---|---|---|---|
| തത്ര | അവിടെ | ഉത്പാതാഃ | ദുർല്ലക്ഷണങ്ങൾ |
| ജായമാനയോഃ | അവർ പിറക്കുമ്പോൾ | ദിവി | സ്വൎഗ്ഗത്തിലും |
| ലോകസ്യ | ലോകത്തിന്നു് | ഭുവി | ഭൂമിയിലും |
| ഉരുഭയാവഹാഃ | മഹാഭയം വരുത്തുന്ന | അന്തരിക്ഷേ ച | അന്തരാളത്തിലും |
| ബഹവഃ | അനേകം | നിപേതുഃ | നിപതിച്ചു. |

4 സഹാചലാ ഭുവശ്ചേലുർദ്ദിശഃ സൎവ്വാഃ പ്രജജ്വലുഃ
സോല്കാശ്ചാശനയഃ പേതുഃ കേതവശ്ചാൎത്തിഹേതവഃ

| | | | |
|---|---|---|---|
| സഹാചലാഃ | മലകളോടുകൂടെ | സോല്കാഃ | കൊള്ളിമീനുകളോടെ |
| ഭുവഃ | ഭൂപ്രദേശങ്ങൾ | അശനയഃ | ഇടിത്തിയ്യുകൾ |
| ചേലുഃ | ഇളകി. | പേതുഃ ച | വീണു. |
| ദിശഃ സൎവ്വാഃ | ദിക്കുകൾ എല്ലാം | ആൎത്തിഹേതവഃ | ദുഃഖകാരണങ്ങളായ |
| പ്രജജ്വലുഃ | കത്തിയെരിഞ്ഞു. | കേതവഃ ച | ധൂമകേതുക്കളും ഉദിച്ചു. |

5 വവൌ വായുഃ സുദുഃസ്പൎശഃ ഫൂത്കാരാനീരയൻ മുഹുഃ
ഉന്മൂലയന്നഗപതീൻ വാത്യാനീകോ രജോധ്വജഃ

| | | | |
|---|---|---|---|
| വായുഃ | കാററു് | ഉന്മൂലയൻ | കടപുഴക്കി വീഴ്ത്തി കൊണ്ടും |
| സുദുഃസ്പൎശഃ | അതിപരുഷമായ സ്പൎശത്തോടുകൂടിയതായും | വാത്യാനീകഃ | ചുഴലിപ്പടയോടുകൂടിയതായും |
| ഫൂത്കാരൻ | ഇരമ്പങ്ങളെ | രജോധ്വജഃ | പൊടിപടലക്കൊടിയേന്തിയതായും |
| മുഹുഃ | അടിയ്ക്കടി | | |
| ഈരയൻ | ഉണ്ടാക്കിക്കൊണ്ടും | | |
| നഗപതീൻ | വൻമരങ്ങളെ | വവൌ | വീശി. |

6 ഉദ്ധസത്തഡിദംഭോദഘടയാ നഷ്ടഭാഗണേ
വ്യോമ്നി പ്രവിഷ്ടതമസാ ന സ്മ വ്യാദൃശ്യതേ പദം

| | | | |
|---|---|---|---|
| ഉദ്ധസത്തഡിദംഭോദഘടയാ | ഉച്ചത്തിൽ അട്ടഹസിക്കുന്നപോലുള്ള മിന്നൽപ്പിണരോടുകൂടിയ കാർകൊണ്ടൽനിരയാൽ | വ്യോമ്നി | ആകാശത്തിൽ |
| | | പ്രവിഷ്ടതമസാ | പ്രവേശിച്ച ഇരുട്ടുകൊണ്ടു് |
| | | പദം | ഒരു സ്ഥലവും |
| നഷ്ടഭാഗണേ | നശിച്ചിരിക്കുന്ന ജ്യോതിർഗോളങ്ങളുടെ പ്രഭയോടുകൂടിയ | ന വ്യാദൃശ്യതേ സ്മ | വേർതിരിച്ചു കാണപ്പെട്ടാതെയായി. |

7 ചുക്രോശ വിമനാ വാർദ്ധിരൂർമ്മിഃ ക്ഷുഭിതോദരഃ
സോദപാനാശ്ച സരിതശ്ചുക്ഷുഭുഃ ശുഷ്കപങ്കജാഃ

| | |
|---|---|
| വാർദ്ധിഃ | കടൽ |
| ഊർമ്മിഃ | ഉയൎന്ന തിരകളോടെയും |
| ക്ഷുഭിതോദരഃ | കലങ്ങിമറിഞ്ഞ ഉൾത്തടത്തോടെയും |
| വിമനാഃ ഇവ | ദുഃഖിതനെപ്പോലെ |
| ചുക്രോശ | അലറി. |
| സോദപാനാഃ | മററു ജലാശയങ്ങളോടു കൂടവെ |
| ശുഷ്കപങ്കജാഃ | കരിഞ്ഞ താമരപ്പൂക്കളോടുകൂടിയ |
| സരിതഃ ച | പുഴകളും |
| ചുക്ഷുഭുഃ | കലങ്ങിമറിഞ്ഞു. |

8 മുഹുഃ പരിധയോഽഭൂവൻ സരാഹ്വോഃ ശശിസൂര്യയോഃ
നിർഘാതാ രഥനിർഹ്രാദാ വിവരേഭ്യഃ പ്രജജ്ഞിരേ

| | |
|---|---|
| സരാഹ്വോഃ | രാഹുഗ്രസ്തരായ |
| ശശിസൂര്യയോഃ | ചന്ദ്രസൂൎയ്യന്മാൎക്കു് |
| മുഹുഃ | ഇടരെത്തുടരെ |
| പരിധയഃ | പരിവേഷങ്ങൾ |
| അഭൂവൻ | ഉണ്ടായി. |
| നിർഘാതാഃ | മഴക്കാറില്ലാതെ ഇടിമുഴക്കങ്ങളും |
| വിവരേഭ്യഃ | ഗുഹകളിൽനിന്നു് |
| രഥനിർഹ്രാദാഃ | തേരുരുൾനാദങ്ങളും |
| പ്രജജ്ഞിരേ | ഉണ്ടായി. |

9 അന്തർഗ്രാമേഷു മുഖതോ വമന്ത്യോ വഹ്നിമുല്ബണം
സൃഗാലോലൂകടങ്കാരൈഃ പ്രണേദുരശിവം ശിവാഃ

| | |
|---|---|
| അന്തർഗ്രാമേഷു | ഗ്രാമാന്തർഭാഗങ്ങളിൽ വെച്ചു് |
| മുഖതഃ | വായിൽനിന്നു് |
| ഉല്ബണം | ഉഗ്രമായ |
| വഹ്നിം | തീക്കനൽ |
| വമന്ത്യഃ | കക്കിക്കൊണ്ടു് |
| ശിവാഃ | പെൺകുറുനരികൾ |
| സൃഗാലോലൂക-ടങ്കാരൈഃ | കുറുക്കന്റെയും കൂമന്റെയും ഘോഷങ്ങളോടും കൂളലോടുംകൂടി |
| അശിവം | അമംഗളമാംവിധം |
| പ്രണേദുഃ | ശബ്ദിച്ചു. |

10 സംഗീതവദ്രോദനവദുന്നമയ്യ ശിരോധരം
വ്യമുഞ്ചൻ വിവിധാ വാചോ ഗ്രാമസിംഹാസ്തതസ്തതഃ

| | |
|---|---|
| ഗ്രാമസിംഹാഃ | നായ്ക്കൾ |
| തതഃ തതഃ | അവിടവിടെ |
| ശിരോധരം | കഴുത്തു് |
| ഉന്നമയ്യ | ഉയൎത്തിപ്പിടിച്ചു്, |
| സംഗീതവത് | പാട്ടുപോലെയോ, |
| രോദനവത് | കരച്ചൽപോലെയോ |
| വിവിധാഃ | പലതരം |
| വാചഃ | ശബ്ദങ്ങൾ |
| വ്യമുഞ്ചൻ | പുറപ്പെടുവിച്ചു. |

11 ഖരാശ്ച കർക്കശൈഃ ക്ഷത്തഃ ഖുരൈർഘ്നന്തോ ധരാതലം
ഖാർകാരരഭസാ മത്താഃ പര്യധാവൻ വരൂഥശഃ

| | |
|---|---|
| ക്ഷത്തഃ | അല്ലയോ വിദുര! |
| ഖരാഃ ച | കഴുതകളും |
| കർക്കശൈഃ | മൂർച്ചയുള്ള |
| ഖുരൈഃ | കുളമ്പുകളാൽ |
| ധരാതലം | നിലത്തെ |
| ഘ്നന്തഃ | മാന്തിക്കീഴ്ച്ചുകൊണ്ടുള്ളവയും |
| ഖാർഖാരരഭസാഃ | 'ഖർഖര'ശബ്ദത്താൽ സംഭ്രാന്തിചേർന്നവയും |
| മത്താഃ | മദിച്ചവയുമായിട്ട് |
| യൂഥശഃ | കൂട്ടംകൂട്ടമായി |
| പര്യധാവൻ | ചുറ്റും പാഞ്ഞുനടന്നു. |

12 രുവന്തോ രാസഭത്രസ്താ നീഡാദുദപതൻ ഖഗാഃ
ഘോഷേഽരണ്യേ ച പശവഃ ശകൃന്മൂത്രമകുർവ്വത.

| | |
|---|---|
| രാസഭത്രസ്താഃ | കഴുതകളുടെ ഒച്ചകേട്ടു പേടിച്ച |
| ഖഗാഃ | പക്ഷികൾ |
| രുവന്തഃ | കരഞ്ഞുകൊണ്ട് |
| നീഡാത് | കൂട്ടിൽനിന്നു |
| ഉദപതൻ | പറന്നു |
| ഘോഷേ | പാടിയിലും |
| അരണ്യേ ച | കാട്ടിലും |
| പശവഃ | പശുക്കൾ |
| ശകൃന്മൂത്രം | മലമൂത്രങ്ങൾ |
| അകുർവ്വത | വിസർജ്ജിച്ചു. |

13 ഗാവോഽത്രസന്നസൃഗ്ദോഹാസ്തോയദാഃ പൂയവർഷിണഃ
വ്യരുദൻ ദേവലിംഗാനി ദ്രുമാഃ പേതുർവിനാനിലം.

| | |
|---|---|
| ഗാവഃ | പശുക്കൾ |
| അത്രസൻ | ഭയന്നു |
| അസൃഗ്ദോഹാഃ | ചോര ചുരത്തുന്നവയായി |
| തോയദാഃ | മേഘങ്ങൾ |
| പൂയവർഷിണഃ | മലം വർഷിക്കുന്നവയായി |
| ദേവലിംഗാനി | ദേവപ്രതിമകൾ |
| വ്യരുദൻ | കണ്ണീരൊഴുക്കി |
| ദ്രുമാഃ | മരങ്ങൾ |
| അനിലം വിനാ | കാററില്ലാതെ |
| പേതുഃ | മറിഞ്ഞുവീണു. |

14 ഗ്രഹാൻ പുണ്യതമാനന്യേ ഭഗണാംശ്ചാപി ദീപിതാഃ
അതിചേരുർവക്രഗത്യാ യുയുധുശ്ച പരസ്പരം.

| | |
|---|---|
| പുണ്യതമാൻ | അതിശുഭങ്ങളായ |
| ഗ്രഹാൻ | ഗ്രഹങ്ങളേയും |
| ഭഗണാൻ ച അപി | നക്ഷത്രതാരാസമൂഹങ്ങളേയും |
| അന്യേ | ശുഭങ്ങളെയല്ലാത്ത (അശുഭങ്ങളായ) ഗ്രഹനക്ഷത്രങ്ങൾ |
| ദീപിതാഃ | ഉദ്ദീപ്തങ്ങളായിട്ട് |
| അതിചേരുഃ | അതിക്രമിച്ചുകടന്നുപോയി |
| വക്രഗത്യാ | വക്രഗതികൊണ്ട് (പിന്നോക്കം നീക്കംകൊണ്ട്) |
| പരസ്പരം | അന്യോന്യം |
| യുയുധുഃ ച | കലഹിക്കയുംചെയ്തു |

15 ദൃഷ്ട്വാന്യാംശ്ച മഹോത്പാതാനതത്തത്ത്വവിദഃ പ്രജാഃ
ബ്രഹ്മപുത്രാനൃതേ ഭീതാ മേനിരേ വിശ്വസംപ്ലവം.

| | |
|---|---|
| അന്യാൻ ച | വേറെയും ചില |
| മഹോത്പാതാൻ | വമ്പിച്ച ദുർന്നിമിത്തങ്ങളെ |
| ദൃഷ്ട്വാ | കണ്ടിട്ട്, |
| അതത്ത്വവിദഃ | അവയുടെ യാഥാർത്ഥ്യം അറിവില്ലാത്ത |
| പ്രജാഃ | ജനങ്ങൾ |
| ബ്രഹ്മപുത്രാൻ ഋതേ | ബ്രഹ്മപുത്രന്മാരായ സനകാദികൾ ഒഴികെ എല്ലാവരും * |
| ഭീതാഃ | ഭയന്നുപോയി; |
| വിശ്വസംപ്ലവം | ലോകനാശത്തെപ്പററി |
| മേനിരേ | വിചാരിച്ചു. |

* സനകാദികൾക്കു യാഥാർത്ഥ്യം അറിയാം — അവരുടെ ശാപംനിമിത്തം അസുരഭാവം പ്രാപിച്ച വിഷ്ണുപാർഷദന്മാരുടെ ജനനംകൊണ്ടുണ്ടായ പ്രകൃതിക്ഷോഭമാണിതെന്നു്.

16 താവാദിദൈത്യൗ സഹസാ വ്യജ്യമാനാത്മപൌരുഷൌ
വവൃധാതേऽശ്മസാരേണ കായേനാദ്രിപതീ ഇവ

| | |
|---|---|
| ആദിദൈത്യൗ | ആദിയിലെ അസുരന്മാരായ |
| തൗ | അവർ രണ്ടുപേരും |
| സഹസാ | അതിവേഗത്തിൽ |
| വ്യജ്യമാനാത്മപൌരുഷൌ | വ്യക്തീഭവിക്കപ്പെടുന്ന സ്വപരാക്രമത്തോടു കൂടിയവരായിട്ട് |
| അശ്മസാരേണ | കല്ലുപോലെ ഉറപ്പുള്ള |
| കായേന | ശരീരംകൊണ്ടു് |
| അദ്രിപതീ | രണ്ടു കുലഗിരികൾ |
| ഇവ | എന്നപോലെ |
| വവൃധാതേ | വളർന്നുവന്നു. |

17 ദിവിസ്പൃശൌ ഹേമകിരീടകോടിഭിർ-
നിരുദ്ധകാഷ്ഠൌ സ്ഫുരദംഗദാഭുജൌ
ഗാം കമ്പയന്തൌ ചരണൈഃ പദേ പദേ
കട്യാ സുകാഞ്ച്യാർക്കമതീത്യ തസ്ഥതുഃ.

| | |
|---|---|
| ഹേമകിരീടകോടിഭിഃ | പൊൻകിരീടങ്ങളുടെ അഗ്രങ്ങളാൽ |
| ദിവിസ്പൃശൌ | ആകാശത്തെ തൊട്ടിരിക്കുന്നവരും, |
| നിരുദ്ധകാഷ്ഠൌ | ദിക്കുകളെ തടയുമാറു് തടിച്ചവരും, |
| സ്ഫുരദംഗദാഭുജൌ | മിന്നുന്ന തോൾവളകളുള്ള ഭുജങ്ങളോടുകൂടിയവരും, |
| ചരണൈഃ | പാദങ്ങൾകൊണ്ടു് |
| പദേ പദേ | ഓരോ അടിവെപ്പിലും |
| ഗാം | ഭൂമിയെ |
| കമ്പയന്തൌ | വിറപ്പിക്കുന്നവരും ആയ അവർ |
| സുകാഞ്ച്യാ | അഴകാന്ന അരപ്പട്ട കെട്ടിയ |
| കട്യാ | അരക്കെട്ടിനാൽ |
| അർക്കം | ആദിത്യബിംബത്തെ |
| അതീത്യ | അതിലംഘിച്ചു് |
| തസ്ഥതുഃ | നിലകൊണ്ടു. |

18 പ്രജാപതിർന്നാമ തയോരകാർഷീ-
ദ്യഃ പ്രാക് സ്വദേഹാദ്യമയോരജായത
തം വൈ ഹിരണ്യകശിപും വിദുഃ പ്രജാ
യം തം ഹിരണ്യാക്ഷമസൂത സാഗ്രതഃ

| | |
|---|---|
| പ്രജാപതിഃ | കശ്യപപ്രജാപതി |
| തയോഃ | അവരിരുവർക്കും |
| നാമ അകാർഷീത് | നാമകരണംചെയ്തു |
| യമയോഃ | ഇരട്ടമക്കളിൽ |
| യഃ | എതൊരുവൻ |
| പ്രാക് | ആദ്യമായി |
| സ്വദേഹാത് | തന്റെ ദേഹത്തിൽനിന്നു |
| അജായത | ഉടലെടുത്തുവോ, |
| തം വൈ | അവനെയാകട്ടെ |
| പ്രജാഃ | ജനങ്ങൾ |
| ഹിരണ്യകശിപും | ഹിരണ്യകശിപുവായി |
| വിദുഃ | അറിയുന്നു. [ട്ടു് |
| സാ | അവൾ—ദിതി |
| യം | എതൊരുവനെ |
| അഗ്രതഃ | ആദ്യമായി |
| അസൂത | പ്രസവിച്ചുവോ, |
| തം | അവനെ |
| ഹിരണ്യാക്ഷം | ഹിരണ്യാക്ഷനെന്നും— |

പിതൃശരീരത്തിൽനിന്നു് മാതാവിന്റെ ഗർഭപാത്രത്തിൽ ബീജരൂപേണ ആദ്യം നിപതിച്ച ശുക്ലം ജ്യേഷ്ഠൻ; മറ്റവൻ അനുജൻ എന്നാൽ പ്രസവക്രമം മറിച്ചായിരിക്കും അനുജൻ പിറന്നതിൽപിന്നെയാണു് ജ്യേഷ്ഠൻ പിറക്കുക. ഗർഭാധാനസമയത്തിലെ മുൻപിൻ ക്രമമാണു് പ്രധാനം, ഭൂസ്പർശക്രമമല്ല അതുകൊണ്ടു് രണ്ടാമതുണ്ടായ മൂത്തവനു ഹിരണ്യകശിപുവെന്നും ആദ്യമുണ്ടായ ഇളയവനു് ഹിരണ്യാക്ഷനെന്നും പേരിട്ടു.

19 ചക്രേ ഹിരണ്യകശിപുർദോർഭ്യാം ബ്രഹ്മവരേണ ച
വശേ സപാലാൻ ലോകാംസ്ത്രീനകുതോമൃത്യുരുദ്ധതഃ

| | |
|---|---|
| ദോർഭ്യാം | കൈയ്യുകൾകൊണ്ടു് |
| ഉദ്ധതഃ | ആരേയും വകവെക്കാത്തവനായി |
| ബ്രഹ്മവരേണ | ബ്രഹ്മാവിന്റെ വരത്താൽ |
| അകുതോ മൃത്യുഃ ച | എങ്ങുനിന്നും മരണമില്ലാത്തവനായിഭവിച്ച |
| ഹിരണ്യകശിപുഃ | ഹിരണ്യകശിപുവെന്നവൻ |
| സപാലാൻ | പാലകന്മാരോടുകൂടിയ |
| ത്രീൻ ലോകാൻ | മൂന്നു ലോകങ്ങളേയും |
| വശേ ചക്രേ | കൈവശത്തിലാക്കി. |

20 ഹിരണ്യാക്ഷോഽനുജസ്തസ്യ പ്രിയഃ പ്രീതികൃദന്വഹം
ഗദാപാണിർദിവം യാതോ യുയുത്സുർമൃഗയൻ രണം.

| | |
|---|---|
| തസ്യ | അവനു് |
| അന്വഹം | എപ്പോഴും |
| പ്രീതികൃത് | പ്രീതിയെ ഉളവാക്കിക്കൊണ്ടിരിക്കുന്ന |
| പ്രിയഃ | പ്രിയപ്പെട്ട |
| അനുജഃ | അനുജനായ |
| ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷൻ |
| യുയുത്സുഃ | യുദ്ധക്കൊതിയനായു് |
| രണം | യുദ്ധത്തെ |
| മൃഗയൻ | തേടിക്കൊണ്ടു് |
| ഗദാപാണിഃ | കൈയിൽ ഗദയുമായി |
| ദിവം | സ്വർഗ്ഗലോകത്തിലേക്കു് |
| യാതഃ | ചെന്നു. |

21 തം വീക്ഷ്യ ദുഃസഹജവം രണത്കാഞ്ചനനൂപുരം
വൈജയന്ത്യാ സ്രജാ ജുഷ്ടമംസന്യസ്തമഹാഗദം.

22 മനോവീര്യവരോത്സിക്തമസ്പൃണ്യമകുതോഭയം
ഭീതാ നിലില്യിരേ ദേവാസ്താർക്ഷ്യത്രസ്താ ഇവാഹയ:

| | | | |
|---|---|---|---|
| ദുഃസഹജവം | പൊറുക്കരുതാത്ത വേഗത്തോടുകൂടിയവനും | മനോവീര്യ-വരോത്സിക്തം | മനക്കരുത്തുകൊണ്ടും വരപ്രസാദംകൊണ്ടും ഗർവ്വിച്ചിരിക്കുന്നവനും |
| രണത്-കാഞ്ചന-നൂപുരം | കിലുങ്ങുന്ന തങ്കച്ചിലങ്കകളോടുകൂടിയവനും | അസ്പൃണ്യം | തടവററവനും |
| | | അകുതോഭയം | എങ്ങും പേടിയില്ലാത്തവനുമായ |
| വൈജയന്ത്യാ | വൈജയന്തിയെന്ന | തം വീക്ഷ്യ | അവനെ കണ്ട് |
| സ്രജാ ജുഷ്ടം | മാലയോടുകൂടിയവനും | ഭീതാ: | ഭയന്നുപോയ |
| | | ദേവാ: | ദേവന്മാർ |
| അംസന്യസ്ത-മഹാഗദം | തോളത്തുവെച്ചിരിക്കുന്ന പെരുത്ത ഗദയോടുകൂടിയവനും | താർക്ഷ്യത്രസ്താഃ | ഗരുഡനെ പേടിച്ച |
| | | അഹയ: ഇവ | സർപ്പങ്ങളെപ്പോലെ |
| | | നിലില്യിരേ | ഒളിഞ്ഞു |

23 സ വൈ തിരോഹിതാൻ ദൃഷ്ട്വാ മഹസാ സ്വേന ദൈത്യരാട്
സേന്ദ്രാൻ ദേവഗണാൻ ക്ഷീബാനപശ്യൻ വ്യനദദ്ഭൃശം.

| | | | |
|---|---|---|---|
| ദൈത്യരാട് | ദൈത്യരാജനായ | സേന്ദ്രാൻ | ഇന്ദ്രനോടുകൂടിയ |
| സ: വൈ | അവനാകട്ടെ | ദേവഗണാൻ | ദേവഗണങ്ങളെ |
| സ്വേന | സ്വകീയമായ | ക്ഷീബാൻ | കൊള്ളരുതാത്തവരെന്ന് |
| മഹസാ | തേജസ്സിനാൽ | ദൃഷ്ട്വാ | കണ്ട്, |
| തിരോഹിതാൻ | തിരോധാനം ചെയ്ത അവരെ | ഭൃശം | വീറോടെ |
| അപശ്യൻ | കാണാതെ | വ്യനദത് | അലറി |

24 തതോ നിവൃത്തഃ ക്രീഡിഷ്യൻ ഗംഭീരം ഭീമനിഃസ്വനം
വിജഗാഹേ മഹാസത്ത്വോ വാർദ്ധിം മത്ത ഇവ ദ്വിപഃ

| | | | |
|---|---|---|---|
| മഹാസത്ത്വഃ | വലിയ കരുത്തുള്ള അവൻ | ഭീമനിഃസ്വനം | ആർത്തിരമ്പുന്നതുമായ |
| തതഃ | അവിടെനിന്ന് | വാർദ്ധിം | സമുദ്രത്തിലേക്ക് |
| നിവൃത്തഃ | മടങ്ങിയവനായി, | മത്തഃ | മദംകൊണ്ട |
| ക്രീഡിഷ്യൻ | വിനോദിക്കുവാനുദ്ദേശിച്ചുകൊണ്ട് | ദ്വിപഃ ഇവ | ആനയെപ്പോലെ |
| ഗംഭീരം | ആഴമുള്ളതും | വിജഗാഹേ | ഇറങ്ങി |

25 തസ്മിൻ പ്രവിഷ്ടേ വരുണസ്യ സൈനികാഃ
യാദോഗണാഃ സന്നധിയഃ സസാധ്വസാഃ
അഹന്യമാനാ അപി തസ്യ വർച്ചസാ
പ്രധർഷിതാ ദൂരതരം പ്രദുദ്രുവുഃ

| | | | |
|---|---|---|---|
| തസ്മിൻ | അവൻ | അഹന്യമാനാഃ അപി | അവനാൽ ഉപദ്രവിക്കപ്പെടുന്നവരായില്ലെങ്കിലുംകൂടി |
| പ്രവിഷ്ടേ | സമുദ്രത്തിൽ പ്രവേശിച്ചപ്പോൾ | തസ്യ | അവന്റെ |
| വരുണസ്യ | സമുദ്രരാജാവായ വരുണന്റെ | വർച്ചസാ | തേജസ്സിനാൽ |
| സൈനികാഃ | സൈന്യത്തിലുള്ളവരായ | പ്രധർഷിതാഃ | അഭിഭൂതരായിട്ട് |
| യാദോഗണാഃ | ജലജീവികൾ | ദൂരതരം | കുറെ അകലത്തേക്ക് |
| സന്നധിയഃ | ക്ഷീണധൈര്യരും | പ്രദുദ്രുവുഃ | ഓടിപ്പോയി. |
| സസാധ്വസാഃ | ഭയവിഹ്വലരുമായി ഭവിച്ച് | | |

26 സ വർഷപൂഗാനുദധൌ മഹാബല-
ശ്ചരൻ മഹോർമ്മീൻ ശ്വസനേരിതാൻ മുഹുഃ
മൌർവ്യാഭിജഘ്നേ ഗദയാ വിഭാവരീ-
മാസേദിവാംസ്താത പുരീം പ്രചേതസഃ

| | | | |
|---|---|---|---|
| മഹാബലഃ | അതിബലവാനായ | മൌർവ്യാ | കാരിരുമ്പുകൊണ്ടുള്ള |
| സഃ | അവൻ | ഗദയാ | ഗദകൊണ്ട് |
| ഉദധൌ | സമുദ്രത്തിൽ | മുഹുഃ | വീണ്ടും വീണ്ടും |
| വർഷപൂഗാൻ | അനേകവർഷങ്ങളോളം | അഭിജഘ്നേ | തല്ലിത്തകർത്തു |
| ചരൻ | സഞ്ചരിച്ചുകൊണ്ട് | താത | പ്രിയവിദുര! |
| ശ്വസനേരിതാൻ | ശ്വാസവായുക്കളാൽ ഉച്ചലിക്കപ്പെട്ട | വിഭാവരീം | വിഭാവരിയെന്നുപേരുള്ള |
| | | പ്രചേതസഃ | വരുണന്റെ |
| മഹോർമ്മീൻ | പെരുത്ത കടൽത്തിരകളെ | പുരീം | രാജധാനിയെ |
| | | ആസേദിവാൻ | സംപ്രാപ്തനായി. |

27 തത്രോപലഭ്യാസുരലോകപാലകം
യാദോഗണാനാമൃഷഭം പ്രചേതസം
സ്മയൻ പ്രലബ്ധും പ്രണിപത്യ നീചവ-
ജ്ജഗാദ മേ ദേഹ്യധിരാജ സംയുഗം.

| | | | |
|---|---|---|---|
| തത്ര | അവിടെ | പ്രലബ്ധും | ഉപഹസിക്കുവാൻവേണ്ടി |
| യാദോഗണാനാം | ജലചരങ്ങളുടെ | പ്രണിപത്യ | നമസ്കരിച്ച്, |
| ഋഷഭം | പരിവൃഢനും | നീചവത് | നീചനെപ്പോലെ |
| അസുരലോകപാലകം | അസുരലോകമായ പാതാളത്തിന്റെ പരിപാലകനുമായ | ജഗാദ | പറഞ്ഞു— |
| | | അധിരാജ | "മഹാരാജാവേ! |
| പ്രചേതസം | വരുണനെ | മേ | എനിക്ക് |
| ഉപലഭ്യ | കണ്ടിട്ട്, | സംയുഗം | യുദ്ധത്തെ |
| സ്മയൻ | ചിരിച്ചുകൊണ്ട് | ദേഹി | തരിക. |

28 ത്വം ലോകപാലോഽധിപതിർബൃഹച്ഛ്രവാ
വീര്യാപഹോ ദുർമ്മദവീരമാനിനാം
വിജിത്യ ലോകേഽഖിലദൈത്യദാനവാ
ന്യദ്രാജസൂയേന പുരായജത് പ്രഭോ

| | | | |
|---|---|---|---|
| യത് | എന്തെന്നാൽ, | വീര്യാപഹഃ | വീര്യത്തെ കെടുത്തുന്നവനായ |
| പ്രഭോ | ഹേ പ്രഭോ! | ത്വം പുരാ | അങ്ങുന്ന്, പണ്ട് |
| ലോകപാലാധിപതിഃ | ലോകപാലന്മാരുടെ അധിപതിയും | ലോകേ | ലോകത്തിലുള്ള |
| ബൃഹച്ഛ്രവാഃ | വിപുലകീർത്തിമാനും | അഖിലദൈത്യദാനവാൻ | സകലദൈത്യന്മാരേയും ദാനവന്മാരേയും |
| ദുർമ്മദവീരമാനിനാം | ദുരഹങ്കാരത്താൽ സ്വയം വീരന്മാരെന്നു നടിക്കുന്നവരുടെ | വിജിത്യ | തികച്ചും ജയിച്ച് |
| | | രാജസൂയേന | രാജസൂയ യാഗത്താൽ |
| | | അയജത് | യജിച്ചിരുന്നു." |

29 സ ഏവമുത്സിക്തമദേന വിദ്വിഷാ
ദൃഢം പ്രലബ്ധോ ഭഗവാനപാം പതിഃ
രോഷം സമുത്ഥം ശമയൻ സ്വയാ ധിയാ
വ്യവോചദംഗോപശമം ഗതാ വയം

| | | | |
|---|---|---|---|
| ഏവം | ഇതു വിധം | സമുത്ഥം | പെരുകിവന്ന |
| ഉത്സിക്തമദേന | അധികരിച്ച മദത്തോടു കൂടിയ | രോഷം | കോപത്തെ |
| വിദ്വിഷാ | ശത്രുവിനാൽ | സ്വയാ ധിയാ | സ്വന്തം വിവേകത്താൽ |
| ദൃഢം | അതികലശലായി | ശമയൻ | ഒതുക്കിക്കൊണ്ട് |
| പ്രലബ്ധഃ | അപഹസിക്കപ്പെട്ട | വ്യവോചത് | മറുപടിപറഞ്ഞു— |
| സഃ ഭഗവാൻ | ആ മഹാനുഭാവനായ | അംഗ വയം | "ചങ്ങാതി! നമ്മൾ |
| അപാം പതിഃ | വരുണദേവൻ | ഉപശമം | ഒതുക്കത്തിലേക്ക് |
| | | ഗതാഃ | എത്തിയിരിക്കുന്നു. |

30 പശ്യാമി നാന്യം പുരുഷാത് പുരാതനാ-
ദ്യഃ സംയുഗേ ത്വാം രണമാർഗ്ഗകോവിദം
ആരാധയിഷ്യത്യസുരർഷഭേഹി തം
മനസ്വിനോ യം ഗൃണതേ ഭവാദൃശാഃ.

| | | | |
|---|---|---|---|
| യഃ | ഏതൊരുവൻ | ആരാധയിഷ്യതി | സംതൃപ്തനാക്കിയേക്കുമോ, അങ്ങനെയുള്ളവനായിട്ട് |
| രണമാർഗ്ഗകോവിദം ത്വാം | യുദ്ധകൗശലവിദഗ്ദ്ധനായ നിന്നെ | | |
| സംയുഗേ | യുദ്ധത്തിൽവെച്ച് | പുരാതനാത് | ആദിയിങ്കലേയുള്ള |

| | |
|---|---|
| പുരുഷാത് | പുരുഷനിൽനിന്നു് |
| അന്യം | അന്യനായിട്ടൊരുവനെ |
| ന പശ്യാമി | ഞാൻ കാണുന്നില്ല |
| അസുരർഷഭ | ഹേ അസുരപുംഗവ! |
| മനസ്വിനഃ | മനസ്സുറപ്പുള്ള |
| ഭവാദൃശാഃ | നിന്നെപ്പോലുള്ളവർ |
| യം | യാതൊരുവനെ |
| ഗൃണതേ | വാഴ്ത്തിപ്പറയുന്നുവോ, |
| തം ഇഹി | അവനെ സമീപിക്കുക. |

31 തം വീരമാരാദഭിപദ്യ വിസ്മയഃ
ശയിഷ്യസേ വീരശയേ ശ്വഭിർവൃതഃ
യസ്ത്വദ്വിധാനാമസതാം പ്രശാന്തയേ
രൂപാണി ധത്തേ സദനുഗ്രഹേച്ഛയാ

| | |
|---|---|
| സദനുഗ്രഹേച്ഛയാ | സത്തുക്കളുടെ അനുഗ്രഹത്തിലുള്ള ഇച്ഛയാൽ |
| ത്വദ്വിധാനാം | നിന്റെ തരക്കാരായ |
| അസതാം | അസത്തുക്കളുടെ |
| പ്രശാന്തയേ | പ്രശമനത്തിനായി |
| യഃ | യാതൊരുവൻ |
| രൂപാണി | നാനാരൂപങ്ങളെ |
| ധത്തേ | ധരിക്കുന്നുവോ, |
| തം വീരം | ആ വീരപുരുഷനെ |
| ആരാത് | ഉടൻതന്നെ |
| അഭിപദ്യ | ചെന്നുകണ്ടു്, |
| വിസ്മയഃ | വിനഷ്ടഗർവ്വനായിട്ടു് |
| വീരശയേ | വീരന്മാർ വീണുകിടക്കുന്നിടത്തു (യുദ്ധഭൂമിയിൽ) |
| ശ്വഭിഃ | നായ്ക്കളാൽ |
| വൃതഃ | ചുഴലപ്പെട്ടവനായി |
| ശയിഷ്യസേ | നീ കിടക്കുന്നതാണു് |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഹിരണ്യാക്ഷദിഗ്വിജയേ സപ്തദശോऽധ്യായഃ.

ആദിതഃ ശ്ലോകാഃ 697. പതിനേഴാമദ്ധ്യായം കഴിഞ്ഞു.

# അഷ്ടാദശോഽദ്ധ്യായഃ = പതിനെട്ടാമദ്ധ്യായം.

"അഷ്ടാദശേ ഹിരണ്യാക്ഷധരോദ്ധർത്തൃവരാഹയോഃ
നിർവ്വിശേഷം മഹായുദ്ധം ദേവക്ഷോഭി നിരൂപ്യതേ"

## ഹിരണ്യാക്ഷനും വരാഹമൂർത്തിയും തമ്മിൽ നടന്ന യുദ്ധം.

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

1 തദേവമാകർണ്ണ്യ ജലേശഭാഷിതം
മഹാമനാസ്തദ്വിഗണയ്യ ദുർമ്മദഃ
ഹരേർവിദിത്വാ ഗതിമംഗ നാരദാ-
ദ്രസാതലം നിർവിവിശേ ത്വരാന്വിതഃ

| | | | |
|---|---|---|---|
| അംഗ | അല്ലയോ വിദുര ! | വിഗണയ്യ | വകവെക്കാതെ |
| ഏവം | ഇപ്രകാരം | ഹരേഃ | ശ്രീഹരിയുടെ |
| തത് ജലേശഭാഷിതം | ആ സമുദ്രരാജവചനത്തെ | ഗതിം | ആസ്പദത്തെ |
| ആകർണ്ണ്യ | കേട്ടിട്ട് | നാരദാത് | നാരദമഹർഷിയിൽനിന്ന് |
| മഹാമനാഃ | മനംതെളിഞ്ഞവനും | വിദിത്വാ | അറിഞ്ഞ്, |
| ദുർമ്മദഃ | ദുരഹങ്കാരിയുമായ അവൻ | ത്വരാന്വിതഃ | ബദ്ധപ്പാടോടുകൂടി |
| തത് | അതിനെ (മരണം സംഭവിക്കുമെന്ന വാക്കിനെ) | രസാതലം | രസാതലത്തിലേക്ക് |
| | | നിർവിവിശേ | കടന്നുചെന്നു. |

2 ദദർശ തത്രാഭിജിതം ധരാധരം
പ്രോന്നീയമാനാവനിമഗ്രദംഷ്ട്രയാ
മുഷ്ണന്തമക്ഷ്ണാ സ്വരുചോഽരുണശ്രിയാ
ജഹാസ ചാഹോ വനഗോചരോ മൃഗഃ

| | | | |
|---|---|---|---|
| തത്ര | അവിടെ, | സ്വരുചഃ | തന്റെ ശോഭകളെ |
| അഗ്രദംഷ്ട്രയാ | ദംഷ്ട്രാഗ്രംകൊണ്ട് | മുഷ്ണന്തം | അപഹരിക്കുന്നവനും |
| പ്രോന്നീയമാനാവനിം | പ്രകർഷേണ ഉന്നയിക്കപ്പെടുന്ന ഭൂമിയോടുകൂടിയവനും | ധരാധരം | ഭൂമിയെ വഹിച്ചിരിക്കുന്നവനുമായ |
| അരുണശ്രിയാ | അരുണാഭമായ | അഭിജിതം | ശ്രീഹരിയെ |
| അക്ഷ്ണാ | നേത്രംകൊണ്ട് | ദദർശ | കണ്ടു; |

| | | | |
|---|---|---|---|
| അഹോ | "അത്ഭുതമേ! | മൃഗഃ | ജന്തു" എന്നിങ്ങിനെ |
| വനഗോചരഃ | നീരിലും കരയിലും സഞ്ചരിക്കുന്ന | ജഹാസ ച | അപഹസിക്കയും ചെയ്തു |

ഭഗവാനെക്കുറിച്ചുള്ള ഹിരണ്യാക്ഷന്റെ ഈ അപഹാസനിന്ദാവചനം ശബ്ദശക്തിയാൽ സ്തുത്യർത്ഥത്തെയും ഉൾക്കൊള്ളുന്നു "വനഗോചരഃ = ജലശായിയായ നാരായണമൂർത്തി മൃഗഃ = മാർഗ്ഗണം ചെയ്യപ്പെടുന്നവൻ അതായതു്, യോഗികളാൽ അന്വേഷിക്കപ്പെടുന്നവൻ". ഇനിയുള്ള വാക്കുകളിലും ഈവിധം സ്തുത്യർത്ഥം കാണാം. എങ്കിലും പ്രകൃതം നിന്ദാർത്ഥവാചിതന്നെ.

൩ ഏനം ഏഹ്യജ്ഞ മഹീം വിമുഞ്ച നോ
രസൗകസാം വിശ്വസൃജേയമർപ്പിതാ
ന സ്വസ്തി യാസ്യസ്യനയാ മമേക്ഷതഃ
സുരാധമാസാദിതസൂകരാകൃതേ.

| | | | |
|---|---|---|---|
| ഏനം | ഈ വരാഹമൂർത്തിയോടു് | നഃ | ഞങ്ങൾക്ക് |
| ആഹ | പറഞ്ഞു— | അർപ്പിതാ | തരപ്പെട്ടതാണ്. |
| അജ്ഞ ഏഹി | "മൂഢ! ഇങ്ങു വാ. | മമ ഈക്ഷതഃ | ഞാൻ കാണെ, |
| മഹീം | ഭൂമിയെ | അനയാ | ഇതിനേയുംകൊണ്ട് |
| വിമുഞ്ച | കൈവിടു. | സ്വസ്തി | ക്ഷേമമായിട്ട് |
| ഇയം | ഇതു് | ന യാസ്യസി | നീ പോകില്ല. |
| വിശ്വസൃജാ | ബ്രഹ്മാവിനാൽ | സുരാധമ | എടോ ദേവനീച! |
| രസൗകസാം | പാതാളവാസികളായ | ആസാദിത- സൂകരാകൃതേ | പന്നിയുടെ കോലം കെട്ടിയവനെ! |

ഈ ശകാരവാക്യം സ്തുതിയിൽ പര്യവസാനിക്കുന്നു. സംബോധനകളുടെ വിഗ്രഹരീതി ഇങ്ങനെ മാററണം അജ്ഞഃ = നാസ്തി ജ്ഞഃ യസ്മാത് സഃ (ആരെക്കാൾ അറിവുള്ളവൻ ഇല്ലയോ, അവൻ) സർവ്വജ്ഞൻ എന്നർത്ഥം സുരാധമ = സുരാഃ അധമാഃ യസ്മാത് സഃ (ആരെ അപേക്ഷിച്ച് എല്ലാ ദേവന്മാരും താഴെയോ, അവൻ) ദേവോത്തമൻ എന്നർത്ഥം. ആസാദിതസൂകരാകൃതിഃ = ആസാദിതാ, ലീലയാ സ്വീകൃതാ, സൂകരാകൃതിഃ യേന സഃ (ലീലയാൽ വരാഹരൂപം ധരിച്ചവൻ) മായാവരാഹമൂർത്തി എന്നർത്ഥം.

സർവ്വജ്ഞ! ദേവോത്തമ! മായാവരാഹമൂർത്തേ! എന്നെ അനാദരിച്ച് ഭൂമിയേയും കൊണ്ടു് അങ്ങേക്ക് ക്ഷേമമായി പോകാം സംശയമില്ല. (സ്വസ്തി യാസ്യസി; ന സന്ദേഹഃ) എന്നിങ്ങനെ സ്തുതിപരമായും സാരാർത്ഥമുണ്ടാവുന്നു.

4 ത്വം നഃ സപത്നൈരഭവായ കിം ഭൃതോ
യോ മായയാ ഹന്ത്യസുരാൻ പരോക്ഷജിത്
ത്വാം യോഗമായാബലമല്പപൗരുഷം
സംസ്ഥാപ്യ മൂഢ പ്രമൃജേ സുഹൃച്ഛുചഃ.

| | | | |
|---|---|---|---|
| ത്വം നഃ | നീ ഞങ്ങളുടെ | ഹന്തി | കൊന്നൊടുക്കുന്നു. |
| സപത്നൈഃ | എതിരാളികളാൽ (ദേവകളാൽ) | മൂഢ | എടോ ഭോഷ! |
| അഭവായ | ഞങ്ങളുടെ നാശത്തിനു വേണ്ടി | യോഗമായാബലം | യോഗമായകൊണ്ടുള്ള ബലത്തോടുകൂടിയവനും |
| ഭൃതഃ കിം | പോററപ്പെട്ടവനല്ലേ? | അല്പപൗരുഷം | പൗരുഷം കുറഞ്ഞവനുമായ |
| യഃ | യാതൊരുത്തനായ നീ | ത്വാം | നിന്നെ |
| മായയാ | മായയാൽ | സംസ്ഥാപ്യ | അടക്കം വെച്ച് |
| പരോക്ഷജിത് | ഒളിച്ചോർചെയ്തു ജയിച്ചുകൊണ്ട് | സുഹൃച്ഛുചഃ | ബന്ധുക്കളുടെ ശോകാശ്രുക്കളെ |
| അസുരാൻ | ദേവകളോടു ചേരാത്തവരെ | പ്രമൃജ | തുടച്ചുകളയുന്നുണ്ട്. |

സ്തുത്യർത്ഥത്തിൽ ഈ ശ്ലോകത്തിന്റെ താൽപര്യത്തെ ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ് — ഭവാൻ ഞങ്ങളുടെ ശത്രുക്കളായ ദേവകളാൽ ഞങ്ങളുടെ മോക്ഷത്തിനായി ആശ്രയിക്കപ്പെട്ടവനല്ലേ? (അഭവായ = മോക്ഷത്തിനുവേണ്ടി; ഭൃത = ആശ്രയിക്കപ്പെട്ട) ആരുമേതും അറിയാതെ നിന്തിരുവടി അകലത്തിരുന്നുതന്നെ ജയിക്കുന്ന (പരോക്ഷജിത്) മൂഢന്മാരെപ്പോലും ആനന്ദിപ്പിക്കുന്നോവേ! (മൂഢപ്ര + മൃജ എന്നു പദച്ഛേദം) യോഗമായയാവുന്ന ബലത്തോടും ആരെക്കാളും അധികം പൗരുഷത്തോടും (അല്പം പൗരുഷം യസ്മാത് സഃ = യാതൊരാളെ അപേക്ഷിച്ച് അന്യപൗരുഷം അല്പമാണോ അവൻ) കൂടിയ നിന്തിരുവടിയെ ഹൃദയത്തിലുറപ്പിച്ച് (സംസ്ഥാപ്യ) സുഹൃത്തുക്കളുടെ സംസാരദുഃഖങ്ങളെ നീക്കുന്നുണ്ട്.

5 ത്വയി സംസ്ഥിതേ ഗദയാ ശീർണ്ണശീർഷ-
ണ്യസ്മദ്ഭുജച്യുതയാ യേ ച തുഭ്യം
ബലിം ഹരന്ത്യൃഷയോ യേ ച ദേവാഃ
സ്വയം സർവ്വേ ന ഭവിഷ്യന്ത്യമൂലാഃ.

| | | | |
|---|---|---|---|
| അസ്മദ്ഭുജച്യുതയാ | നമ്മുടെ കൈയിൽ നിന്നു വീണതായ | ദേവാഃ | ദേവന്മാരും |
| ഗദയാ | ഗദകൊണ്ട് | തുഭ്യം | നിനക്ക് |
| ശീർണ്ണശീർഷണി | തലതകർന്നുപോയ | ബലിം | പൂജോപചാരത്തെ |
| ത്വയി സംസ്ഥിതേ | നീ തികച്ചും നിലയ്ക്കു നിന്നുകഴിഞ്ഞാൽ | ഹരന്തി | തരുന്നുവോ, |
| യേ ച | ഏതെല്ലാം | സർവ്വേ | അവരൊക്കെ |
| ഋഷയഃ | ഋഷിമാരും | അമൂലാഃ | മുരടററവരായിട്ട് |
| യേ ച | ഏതെല്ലാം | സ്വയം | തനിയെത്താൻ |
| | | ന ഭവിഷ്യന്തി | ഇല്ലാതെവന്നുകൊള്ളും. |

‘ഗദയാ + അശീർണ്ണശീർഷണി’ എന്നു അകാര പ്രശ്ലേഷത്തോടെ പദച്ഛേദം ചെയ്തു ശ്ലോകത്തെ സ്തുത്യർത്ഥപരമാക്കാം — “എന്റെ കൈയിൽനിന്നു വീണ ഗദകൊണ്ടുപോലും ശിരസ്സുതകരാതെ നിന്തിരുവടി സസുഖം വർത്തിക്കവേ, ഋഷിമാരും ദേവ

ന്നാരും നിന്തിരുവടിക്കു സപര്യയെ സമർപ്പിക്കുന്ന അധുനാതനഭക്തജനങ്ങളും നിർമ്മൂലരായി ഭവിക്കുന്നതല്ല " എന്നു സാരാർത്ഥം ലഭിക്കും.

ഭഗവദ് വിഷയകമായ ദുരുക്തിയുംകൂടി ഭഗവൽസൂക്താത്മനാ പരിണമിക്കുന്നു എന്നതാണ് ഇവിടെ ഗ്രാഹ്യമായ തത്ത്വം.

6 സ തുദ്യമാനോഽരിവിമുക്തതോമരൈർ-
ദംഷ്ട്രാഗ്രഗാം ഗാമുപലക്ഷ്യ ഭീതാം
തോദം മൃഷന്നിരഗാദംബുമധ്യാദ്
ഗ്രാഹാഹതഃ സകരേണുര്യഥേഭഃ

| | | | |
|---|---|---|---|
| അരിവിമുക്ത- തോമരൈഃ | ശത്രുവിന്റെ ചീത്തവാക്കുകളായ ചാട്ടക്കുന്തങ്ങളാൽ | തോദം | വേദനയെ |
| തുദ്യമാനഃ | കുത്തിത്തുളക്കപ്പെട്ടുകൊണ്ടിരുന്ന | മൃഷൻ | പൊറുത്തുകൊണ്ട് |
| സഃ | ആ ഭഗവാൻ | ഗ്രാഹാഹതഃ | മകരമത്സ്യത്താൽ ആക്രമിക്കപ്പെട്ടവനായ |
| ദംഷ്ട്രാഗ്രഗാം | ദംഷ്ട്രത്തലപ്പിലിരിക്കുന്ന | സകരേണുഃ | പിടിയാനയോടൊത്തുള്ള |
| ഗാം | ഭൂമിയെ | ഇഭഃ യഥാ | കൊമ്പനാനയെപ്പോലെ |
| ഭീതാം | ഭയന്നതായി | അംബുമധ്യാത് | വെള്ളത്തിന്റെ ഉള്ളിൽ നിന്ന് |
| ഉപലക്ഷ്യ | കണ്ടിട്ട്, | നിരഗാത് | വെളിയിൽ വന്നു |

7 തം നിഃസരന്തം സലിലാദനുദ്രുതോ
ഹിരണ്യകേശോ ദ്വിരദം യഥാ ഝഷഃ
കരാളദംഷ്ട്രോഽശനിനിഃസ്വനോഽബ്രവീത്
ഗതഹ്രിയാം കിം ന്വസതാം വിഗർഹിതം

| | | | |
|---|---|---|---|
| സലിലാത് | വെള്ളത്തിൽനിന്ന് | അശനി- നിഃസ്വനഃ | ഇടിമുഴക്കംപോലുള്ള ശബ്ദത്തോടുകൂടിയവനും |
| നിഃസരന്തം | വെളിക്കുകയറുന്ന | ഹിരണ്യകേശഃ | പൊന്നിൻനിറമാർന്ന കേശത്തോടുകൂടിയവനുമായ അസുരൻ |
| തം | ആ വരാഹമൂർത്തിയെ | | |
| ഝഷഃ | മകരമത്സ്യം | | |
| ദ്വിരദം | ആനയെ | അബ്രവീത് | പറഞ്ഞു— |
| യഥാ | എന്നപോലെ | ഗതഹ്രിയാം | "നാണമില്ലാത്ത |
| അനുദ്രുതഃ | പിന്തുടർന്നോടിയവനും | അസതാം | അസത്തുക്കൾക്ക് |
| കരാളദംഷ്ട്രഃ | ഭീഷണദംഷ്ട്രകളോടുകൂടിയവനും | വിഗർഹിതം | അരുതാത്തത് |
| | | കിം നു | എന്തുണ്ട്?" |

8 സ ഗാമുദസ്താത്സലിലസ്യ ഗോചരേ
വിന്യസ്യ തസ്യാമദധാത് സ്വസത്ത്വം
അഭിഷ്ടുതോ വിശ്വസൃജാ പ്രസൂനൈ-
രാപൂര്യമാണോ വിബുധൈഃ പശ്യതോഽരേഃ

| | | | |
|---|---|---|---|
| സഃ | ഭഗവാൻ | അദധാത് | നിധാനം ചെയ്തു. |
| സലിലസ്യ | ജലത്തിന്റെ | അരേഃ പശ്യതഃ | ശത്രു നോക്കിനില്ക്കേ, |
| ഉദസ്താത് | ഉപരിതലത്തിൽ | വിശ്വസൃജാ | ബ്രഹ്മാവിനാൽ |
| ഗോചരേ | തക്കതായ ഇടത്തു് | അഭിഷ്ടുതഃ | വാഴ്ത്തപ്പെട്ടവനായി; |
| ഗാം | ഭൂമിയെ | പ്രസൂനൈഃ | പുഷ്പങ്ങളെക്കൊണ്ടു് |
| വിന്യസ്യ | ഇറക്കിവച്ചു്, | വിബുധൈഃ | ദേവന്മാരാൽ |
| തസ്യാം | അതിൽ | ആപൂര്യമാണഃ | അഭിവർഷിക്കപ്പെടുന്നവനുമായി. |
| സ്വസത്ത്വം | തന്റെ ആധാരശക്തിയെ | | |

9 പരാനുഷക്തം തപനീയോപകല്പം
മഹാഗദം കാഞ്ചനചിത്രദംശം
മർമ്മാണ്യഭീക്ഷ്ണം പ്രതുദന്തം ദുരുക്തൈഃ
പ്രചണ്ഡമന്യുഃ പ്രഹസംസ്തം ബഭാഷേ

| | | | |
|---|---|---|---|
| പരാനുഷക്തം | പിന്നിൽ വിടാതെ കൂടിയിട്ടുള്ളവനും | ദുരുക്തൈഃ | ദുർവചനങ്ങളാൽ |
| തപനീയോപകല്പം | കനകഭൂഷണങ്ങളെ അണിഞ്ഞിരിക്കുന്നവനും | മർമ്മാണി | മർമ്മസ്ഥാനങ്ങളെ |
| മഹാഗദം | പെരുത്ത ഗദയെടുത്തിരിക്കുന്നവനും | അഭീക്ഷ്ണം | ഏറെയേറെ |
| കാഞ്ചനചിത്രദംശം | സ്വർണ്ണമയമായ വിചിത്രകവചം ധരിച്ചിരിക്കുന്നവനും | പ്രതുദന്തം | പിളർന്നുനോവിപ്പിക്കുന്നവനുമായ |
| | | തം | അവനോടു് |
| | | പ്രചണ്ഡമന്യുഃ | ഉഗ്രകോപനായി |
| | | പ്രഹസൻ | പൊട്ടിച്ചിരിച്ചുകൊണ്ടു് |
| | | ബഭാഷേ | പറഞ്ഞു. |

ശ്രീഭഗവാനുവാച — ശ്രീവരാഹമൂർത്തി പറഞ്ഞു.

10 സത്യം വയം ഭോ വനഗോചരാ മൃഗാ
യുഷ്മദ്വിധാൻ മൃഗയേ ഗ്രാമസിംഹാൻ
ന മൃത്യുപാശൈഃ പ്രതിമുക്തസ്യ വീരാ
വികത്ഥനം തവ ഗൃഹ്ണന്ത്യഭദ്ര

| | | | |
|---|---|---|---|
| ഭോഃ അഭദ്ര | എടോ അശുഭ ! | മൃത്യുപാശൈഃ | അന്തകന്റെ കയറുകൾകൊണ്ടു |
| വയം | ഞങ്ങൾ | പ്രതിമുക്തസ്യ | വരിഞ്ഞുകെട്ടപ്പെട്ടിരിക്കുന്ന |
| വനഗോചരാഃ | വെള്ളത്തിലുള്ള | തവ | നിന്റെ |
| മൃഗാഃ | മൃഗങ്ങളാണെന്നതു | വികത്ഥനം | വീമ്പുപറച്ചലിനെ |
| സത്യം | നേരത്രേ; | വീരാഃ | വീരന്മാർ |
| യുഷ്മദ്വിധാൻ | നിങ്ങളെപ്പോലെയുള്ള | ന ഗൃഹ്ണന്തി | കാര്യമായെടുക്കയില്ല. |
| ഗ്രാമസിംഹാൻ | നായ്ക്കളെ | | |
| മൃഗയേ | ഞാൻ തിരയുന്നു. | | |

11 ഏതേ വയം ന്യാസഹരാ രസൌകസാം
ഗതഹ്രിയോ ഗദയാ ദ്രാവിതാസ്തേ
തിഷ്ഠാമഹേഽഥാപി കഥഞ്ചിദാജൌ
സ്ഥേയം ക്വ യാമോ ബലിനോത്പാദ്യ വൈരം.

| | | | |
|---|---|---|---|
| രസൌകസാം | പാതാളവാസികളുടെ | ആജൌ | പോരിൽ |
| ന്യാസഹരാ: | നിക്ഷേപം കവൎന്നെടുത്ത | തിഷ്ഠാമഹേ | നിലകൊള്ളുന്നു. |
| ഏതേ വയം | ഈ ഞങ്ങളും | സ്ഥേയം | നിലകൊള്ളണമല്ലോ. |
| തേ ഗദയാ | നിന്റെ ഗദയാൽ | ബലിനാ | ബലവാനോട് |
| ദ്രാവിതാ: | അടിച്ചോടിക്കപ്പെട്ടവരും | വൈരം | വിരോധത്തെ |
| ഗതഹ്രിയ: | നാണം വിട്ടവരുമാകുന്നു. | ഉത്പാദ്യ | ഉണ്ടാക്കിവച്ചു് |
| അഥാപി | എങ്കിൽകൂടിയും | ക്വ യാമ: | എവിടെ പോകും? |
| കഥഞ്ചിത് | എങ്ങനെയെങ്കിലും | | |

12 ത്വം പദ്രഥാനാം കില യൂഥപാധിപോ
ഘടസ്വ നോഽസ്വസ്തയ ആശ്വനൂഹ:
സംസ്ഥാപ്യ ചാസ്മാൻ പ്രമൃജാശ്രു സ്വകാനാം
യഃ സ്വാം പ്രതിജ്ഞാം നാതിപിപർത്ത്യസഭ്യഃ

| | | | |
|---|---|---|---|
| ത്വം കില | നീയാകട്ടെ | അസ്മാൻ | ഞങ്ങളെ |
| പദ്രഥാനാം | പദാതിവീരന്മാരുടെ | സംസ്ഥാപ്യ ച | അടക്കിയൊതുക്കീട്ടു് |
| യൂഥപാധിപ: | സംഘനായകന്മാൎക്കും അധിനായകനാണു്. | സ്വകാനാം | സ്വന്തക്കാരുടെ |
| | | അശ്രു പ്രമൃജ | കണ്ണീർ തുടക്കുക. |
| അനൂഹ: | ശങ്കാരഹിതനായിട്ടു് | യ: സ്വാം | ഏതൊരാൾ സ്വന്തം |
| ആശു | വേഗത്തിൽ | പ്രതിജ്ഞാം | പ്രതിജ്ഞയെ |
| ന: | ഞങ്ങളുടെ | ന അതി–പിപർത്തി | നിറവേററുന്നില്ലയോ, അവൻ |
| അസ്വസ്തയേ | കെടുതിക്കുവേണ്ടി | | |
| ഘടസ്വ | പരിശ്രമിക്കുക. | അസഭ്യ: | അയോഗ്യനാണു്. |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു.

13 സോഽധിക്ഷിപ്തോ ഭഗവതാ പ്രലബ്ധശ്ച രുഷാ ഭൃശം
ആജഹാരോല്ബണം ക്രോധം ക്രീഡ്യമാനോഽഹിരാഡിവ.

| | | | |
|---|---|---|---|
| ഭഗവതാ | ഭഗവാനാൽ | സ: | അവൻ |
| അധിക്ഷിപ്ത: | അധിക്ഷേപിക്കപ്പെട്ടും | ക്രീഡ്യമാന: | കളിപ്പിക്കപ്പെടുന്ന |
| രുഷാ | കോപത്തോടെ | അഹിരാട് ഇവ | മഹാസൎപ്പംപോലെ |
| ഭൃശം | അതികലശലായി | ഉല്ബണം | അത്യുഗ്രമായ |
| പ്രലബ്ധ: ച | അപഹസിക്കപ്പെട്ടും ഇരുന്ന | ക്രോധം | കോപത്തെ |
| | | ആജഹാര | കൈക്കൊണ്ടു. |

14 സൃജന്നമർഷിതഃ ശ്വാസാൻ മന്യുപ്രചലിതേന്ദ്രിയഃ
ആസാദ്യ തരസാ ദൈത്യോ ഗദയാഽഭ്യഹനദ്ധരിം.

| | | | |
|---|---|---|---|
| മന്യുപ്രചലിതേന്ദ്രിയഃ | കോപാവേശത്താൽ വിക്ഷോഭിച്ച ഇന്ദ്രിയങ്ങളോടുകൂടിയവനും | ദൈത്യഃ | അസുരൻ |
| അമർഷിതഃ | അമർഷംകൊണ്ടവനും | തരസാ | വേഗത്തിൽ |
| ശ്വാസാൻ | ശ്വാസവായുക്കളെ | ആസാദ്യ | അടുത്തണഞ്ഞു് |
| സൃജൻ | വിട്ടുകൊണ്ടിരിക്കുന്നവനുമായ | ഗദയാ | ഗദകൊണ്ടു് |
| | | ഹരിം | ഹരിയെ |
| | | അഭ്യഹനത് | പ്രഹരിച്ചു. |

15 ഭഗവാംസ്തു ഗദാവേഗം വിസൃഷ്ടം രിപുണോരസി
അവഞ്ചയത്തിരശ്ചീനോ യോഗാരൂഢ ഇവാന്തകം

| | | | |
|---|---|---|---|
| ഭഗവാൻ തു | ഭഗവാനാകട്ടെ | തിരശ്ചീനഃ | വിലങ്ങിനിന്നുകൊണ്ടു്, |
| രിപുണാ | ശത്രുവിനാൽ | യോഗാരൂഢഃ | യോഗസ്ഥിതൻ |
| ഉരസി | മാറിടത്തിൽ | | |
| വിസൃഷ്ടം | പ്രയോഗിക്കപ്പെട്ട | അന്തകം ഇവ | മൃത്യുവെ എന്നപോലെ |
| ഗദാവേഗം | ഗദയുടെ ഊക്കിലുള്ള വരവിനെ | അവഞ്ചയത് | തെററിച്ചു. |

16 പുനർഗദാം സ്വാമാദായ ഭ്രാമയന്തമഭീക്ഷ്ണശഃ
അഭ്യധാവദ്ധരിഃ ക്രുദ്ധഃ സംരംഭാദ്ദഷ്ടദച്ഛദഃ

| | | | |
|---|---|---|---|
| പുനഃ | വീണ്ടും | ക്രുദ്ധഃ | ക്രുദ്ധനായ |
| സ്വാം ഗദാം | തന്റെ ഗദയെ | ഹരിഃ | വരാഹമൂർത്തി |
| ആദായ | എടുത്തു് | സംരംഭാത് | കോപാവേശത്താൽ |
| അഭീക്ഷ്ണശഃ | പ്രലവട്ടം | | |
| ഭ്രാമയന്തം | ചുഴററിനില്ക്കുന്ന അവന്റെ നേക്കു് | ദഷ്ടദച്ഛദഃ | ചുണ്ടുകടിച്ചുകൊണ്ടു് |
| | | അഭ്യധാവത് | പാഞ്ഞണഞ്ഞു. |

17 തതശ്ച ഗദയാരാതിം ദക്ഷിണസ്യാം ഭ്രുവി പ്രഭുഃ
ആജഘ്നേ സ തു താം സൗമ്യ ഗദയാ കോവിദോഽഹനത്

| | | | |
|---|---|---|---|
| തതഃ ച | അനന്തരം | സൗമ്യ | പ്രശാന്തനായ വിദുര! |
| പ്രഭുഃ | ഭഗവാൻ | കോവിദഃ | വിരുതനായ |
| അരാതിം | ശത്രുവിനെ | സഃ തു | അവനാകട്ടെ |
| ദക്ഷിണസ്യാം | വലത്തെ | താം | അതിനെ |
| ഭ്രുവി | പുരികത്തിൽ | ഗദയാ | തന്റെ ഗദകൊണ്ടു് |
| ആജഘ്നേ | അടിച്ചു. | അഹനത് | തട്ടിമാററി. |

18 ഏവം ഗദാഭ്യാം ഗുർവ്വീഭ്യാം ഹര്യക്ഷോ ഹരിരേവ ച
ജിഗീഷയാ സുസംരബ്ധാവന്യോന്യമഭിജഘ്നതുഃ

| | |
|---|---|
| ഏവം | ഇപ്രകാരം |
| ഗുർവ്വീഭ്യാം | കനം പെരുത്ത |
| ഗദാഭ്യാം | ഗദകൾകൊണ്ടു് |
| ഹര്യക്ഷഃ | ഹിരണ്യാക്ഷനും |
| ഹരിഃ ഏവ ച | വരാഹമൂർത്തിയും |
| ജിഗീഷയാ | ജയേച്ഛനിമിത്തം |
| സുസംരബ്ധൌ | കോപംമുഴുത്തവരായിട്ടു് |
| അന്യോന്യം | തമ്മിൽത്തമ്മിൽ |
| അഭിജഘ്നതുഃ | പ്രഹരിച്ചു. |

19 തയോഃ സ്പൃധോസ്തിഗ്മഗദാഹതാംഗയോഃ
ക്ഷതാസ്രവഘ്രാണവിവൃദ്ധമന്യ്വോഃ
വിചിത്രമാർഗ്ഗാംശ്ചരതോർജിഗീഷയാ
വ്യഭാദിളായാമിവ ശുഷ്മിണോർമൃധഃ

| | |
|---|---|
| തിഗ്മഗദാഹതാംഗയോഃ | തീക്ഷ്ണമായ ഗദകൊണ്ടു് അടിക്കപ്പെട്ട അംഗങ്ങളോടുകൂടിയവരും |
| ക്ഷതാസ്രവഘ്രാണവിവൃദ്ധമന്യ്വോഃ | നിണത്തിന്റെ മണംകാരണം വർദ്ധിച്ച കോപത്തോടുകൂടിയവരും |
| വിചിത്രമാർഗ്ഗാൻ | യുദ്ധകൗശലരീതികളെ |
| ചരതഃ | പയററിനോക്കുന്നവരും |
| ജിഗീഷയാ | ജയേച്ഛയോടെ |
| സ്പൃധോഃ | സ്പർദ്ധിക്കുന്നവരുമായ |
| തയോഃ | അവർ തമ്മിൽ |
| ഇളായാം | ഒരു പശുവിനെ നിമിത്തമാക്കി |
| ശുഷ്മിണോഃ ഇവ | രണ്ടു കൂററൻകാളകൾ തമ്മിലുള്ളപോലെ |
| (ഇളായാം) | ഭൂമിയെ നിമിത്തമാക്കിക്കൊണ്ടുള്ള |
| മൃധഃ | സമരം |
| വ്യഭാത് | നീണ്ടുനിന്നു |

20 ദൈത്യസ്യ യജ്ഞാവയവസ്യ മായയാ
ഗൃഹീതവാരാഹതനോർമ്മഹാത്മനഃ
കൗരവ്യ മഹ്യാം ദ്വിഷതോർവിമർദ്ദനം
ദിദൃക്ഷുരാഗാദൃഷിഭിർവൃതഃ സ്വരാട്.

| | |
|---|---|
| കൗരവ്യ | ഹേ വിദുര! |
| മഹ്യാം | ഭൂമിക്കുവേണ്ടി |
| ദ്വിഷതോഃ | യുദ്ധംചെയ്തുകൊണ്ടിരിക്കുന്ന |
| ദൈത്യസ്യ | അസുരന്റെയും |
| യജ്ഞാവയവസ്യ | യജ്ഞാംഗനായും |
| മായയാ | മായയാൽ |
| ഗൃഹീതവാരാഹതനോഃ | സ്വീകൃതമായ വരാഹരൂപത്തോടുകൂടിയവനായും ഇരിക്കുന്ന |
| മഹാത്മനഃ | മഹാപുരുഷന്റെയും |
| വിമർദ്ദനം | അന്യോന്യസംഘർഷം |
| ദിദൃക്ഷുഃ | കാണ്മാനുള്ള ആഗ്രഹത്തോടുകൂടി |
| സ്വരാട് | ബ്രഹ്മദേവൻ |
| ഋഷിഭിഃ | ഋഷിമാരാൽ |
| വൃതഃ | പരിവൃതനായിക്കൊണ്ടു |
| ആഗാത് | വന്നുചേർന്നു. |

21 ആസന്നശൌണ്ഡീരമപേതസാധ്വസം
കൃതപ്രതീകാരമഹാര്യവിക്രമം
വിലക്ഷ്യ ദൈത്യം ഭഗവാൻ സഹസ്രണീർ-
ജഗാദ നാരായണമാദിസൂകരം

| | | | |
|---|---|---|---|
| ആസന്ന-ശൌണ്ഡീരം | സംപ്രാപ്തമായ ശൌര്യ ത്തോടുകൂടിയവനും | ദൈത്യം | അസുരനെ |
| | | വിലക്ഷ്യ | കണ്ടിട്ടു്, |
| അപേത-സാധ്വസം | അപഗതമായ ഭീതിയോ ടുകൂടിയവനും | സഹസ്രണീഃ | ആയിരക്കണക്കിലുള്ള ഋഷിമാരുടെ നേതാവായ |
| കൃതപ്രതീകാരം | ചെയ്യപ്പെട്ട പ്രതികാര ത്തോടുകൂടിയവനും | ഭഗവാൻ | ബ്രഹ്മദേവൻ |
| | | ആദിസൂകരം | ആദിവരാഹരൂപേണ അവതരിച്ചിരിക്കുന്ന |
| അഹാര്യ-വിക്രമം | ചെറുത്തുനില്ലാനാവാ ത്ത പരാക്രമത്തോടുകൂടി യവനുമായ | നാരായണം | ശ്രീനാരായണനോടു് |
| | | ജഗാദ | പറഞ്ഞു— |

ബ്രഹ്മോവാച — ബ്രഹ്മാവു് പറഞ്ഞു :

22 ഏഷ തേ ദേവ ദേവാനാമംഘ്രിമൂലമുപേയുഷാം
വിപ്രാണാം സൌരഭേയീണാം ഭൂതാനാമപ്യനാഗസാം

23 ആഗസ്കൃദ്ഭയകൃദ്ദുഷ്കൃദസ്മദ്രാദ്ധവരോഽസുരഃ
അന്വേഷന്നപ്രതിരഥോ ലോകാനടതി കണ്ടകഃ.

| | | | |
|---|---|---|---|
| ദേവ | ഹേ ക്രീഡാപര! | ദുഷ്കൃത് | ദോഷം വരുത്തുന്നവനും |
| തേ | അങ്ങയുടെ | കണ്ടകഃ | ശല്യമായി ഭവിച്ചിരി ക്കുന്നവനുമായ |
| അംഘ്രിമൂലം | തൃപ്പാദത്തെ | | |
| ഉപേയുഷാം | ശരണംപ്രാപിച്ചിരിക്കുന്ന | ഏഷഃ അസുരഃ | ഈ അസുരൻ |
| അനാഗസാം | നിരപരാധികളായ | അസ്മദ്രാദ്ധവരഃ | എന്നിൽനിന്നു് ലഭിച്ച വരത്തോടുകൂടിയവനായിട്ടു് |
| ദേവാനാം | ദേവന്മാൎക്കും | | |
| വിപ്രാണാം | ബ്രാഹ്മണൎക്കും | | |
| സൌരഭേയീണാം | പശുക്കൾക്കും | അപ്രതിരഥഃ | എതിരാളിയില്ലാതെ |
| ഭൂതാനാം അപി | മററു ജീവികൾക്കും | അന്വേഷൻ | തിരഞ്ഞുകൊണ്ടു് |
| ആഗസ്കൃത് | ദ്രോഹമേല്പിക്കുന്നവനും | ലോകാൻ | ലോകമാകെയും |
| ഭയകൃത് | ഭയം ജനിപ്പിക്കുന്നവനും | അടതി | സഞ്ചരിക്കുന്നു. |

24 മൈനം മായാവിനം ദൃപ്തം നിരങ്കുശമസത്തമം
ആക്രീഡ ബാലവദ്ദേവ യഥാശീവിഷമുത്ഥിതം

| | | | |
|---|---|---|---|
| ദേവ | ഹേ ക്രീഡാപര ! | ആശീവിഷം | ഒരു വിഷപ്പാമ്പിനോടു |
| യഥാ | ഏതുപ്രകാരം | ബാലവത് | കുട്ടി കളിക്കുന്നുവോ, |
| ഉത്ഥിതം | ചീററിനില്ക്കുന്ന | | അതുപ്രകാരം |

| | | | |
|---|---|---|---|
| മായാവിനം | മായാനിപുണനും | അസത്തമം | മുഴുത്ത ദുഷ്ടനുമായ |
| ദൃപ്തം | അഹങ്കാരിയും | ഏനം | ഇവനോട് |
| നിരങ്കുശം | തോന്നിയവാസിയും | മാ ആക്രീഡ | കളിച്ചുനില്ക്കരുതേ! |

25 ന യാവദേഷ വർദ്ധേത സ്വാം വേലാം പ്രാപ്യ ദാരുണഃ
സ്വാം ദേവ മായാമാസ്ഥായ താവജ്ജഹ്യഘമച്യുത.

| | | | |
|---|---|---|---|
| ദേവ | ക്രീഡാപരനായ | യാവത് | ഏതുവരെ |
| അച്യുത | ഹേ നിർവ്വികാരാത്മൻ! | ന വർദ്ധേത | കരുത്താർജ്ജിക്കുന്നില്ലയോ, |
| ദാരുണഃ | ഭയങ്കരനായ | താവത് | അതിനുമുമ്പ് |
| ഏഷഃ | ഇവൻ | സ്വാം മായാം | തന്റെ മായയെ |
| സ്വാം | തനിക്കുള്ള | ആസ്ഥായ | സ്വീകരിച്ച് |
| വേലാം | പ്രത്യേകകാലത്തെ | | |
| പ്രാപ്യ | ലഭിച്ച്, | അഘം ജഹി | ഈ പാപിയെ കൊല്ലുക. |

26 ഏഷാ ഘോരതമാ സന്ധ്യാ ലോകച്ഛംബട്കരീ പ്രഭോ
ഉപസർപ്പതി സർവ്വാത്മൻ സുരാണാം ജയമാവഹ.

| | | | |
|---|---|---|---|
| പ്രഭോ | ഹേ സർവ്വസമർത്ഥ! | സന്ധ്യാ ഏഷാ | സന്ധ്യാസമയം ഇതാ, |
| സർവ്വാത്മൻ | സർവ്വവും താനായുള്ളോവേ! | ഉപസർപ്പതി | വന്നടുക്കുന്നു. |
| ഘോരതമാ | അതിഭീഷണവും | സുരാണാം | ദേവകൾക്ക് |
| ലോക-ച്ഛംബട്കരീ | ലോകവിനാശജനകവുമായ | ജയം | വിജയത്തെ |
| | | ആവഹ | ഉളവാക്കിയാലും. |

സന്ധ്യയായെന്നാൽപിന്നെ അസുരന്മാർക്കു ഊക്കേറുന്ന കാലമായി. അതിനു മുമ്പായി ഇവനെ വധിച്ചു ദേവന്മാരെ സന്തോഷിപ്പിക്കണമെന്നു സാരം.

27 അധുനൈഷോഽഭിജിന്നാമ യോഗോ മൌഹൂർത്തികോ ഹ്യഗാത്
ശിവായ നസ്ത്വം സുഹൃദാമാശു നിസ്തര ദുസ്തരം.

| | | | |
|---|---|---|---|
| അധുനാ ഏഷഃ | ഇപ്പോൾ, ഇതാ | ആശു | അതിനാൽ, വേഗം |
| അഭിജിത് നാമ | അഭിജിത്തെന്നു പേരുള്ളതായ * | ത്വം | നിന്തിരുവടി |
| | | സുഹൃദാം നഃ | ഭക്തരായ ഞങ്ങളുടെ |
| മൌഹൂർത്തികഃ | ശുഭാവഹമായ കാലം | ശിവായ | ക്ഷേമത്തിനായി |
| യോഗഃ | എത്തിച്ചേർന്നിട്ടുള്ളതു് | ദുസ്തരം | ദുർജ്ജയനായ ഇവനെ |
| അഗാത് ഹി | കഴിയാറായി. | നിസ്തര | സംഹരിച്ചാലും |

* മദ്ധ്യാഹ്നമാണ് "അഭിജിത്ത്" എന്ന മുഹൂർത്തം. അതായതു് പകലിന്റെ എട്ടാമത്തെ മുഹൂർത്തം. നട്ടുച്ചയുടെ മുമ്പും പിമ്പും ഓരോ നാഴിക.

28 ദിഷ്ട്യാ ത്വാം വിഹിതം മൃത്യുമയമാസാദിതഃ സ്വയം
വിക്രമ്യൈനം മൃധേ ഹത്വാ ലോകാനാധേഹി ശർമ്മണി.

| | | | |
|---|---|---|---|
| വിഹിതം | നിശ്ചയിക്കപ്പെട്ട | ഏനം മൃധേ | ഇവനെ യുദ്ധത്തിൽ |
| മൃത്യും | അന്തകനായ | വിക്രമ്യ | വിക്രമം കാട്ടി |
| ത്വാം | നിന്തിരുവടിയെ | ഹത്വാ | വധിച്ച്, |
| അയം സ്വയം | ഇവൻ താൻതന്നെ | ലോകാൻ | ലോകങ്ങളെ |
| ആസാദിതഃ | തിരഞ്ഞുപിടിച്ചു. | ശർമ്മണി | സൌഖ്യത്തിൽ |
| ദിഷ്ട്യാ | ഭാഗ്യംതന്നെ. | ആധേഹി | നിലകൊള്ളിക്കുക. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഹിരണ്യാക്ഷവരാഹയുദ്ധനിരൂപണംനാമ അഷ്ടാദശോഽധ്യായഃ.

ആദിതഃ ശ്ലോകാഃ 725 പതിനെട്ടാമദ്ധ്യായം കഴിഞ്ഞു.

## ഏകോനവിംശോഽധ്യായഃ = പത്തൊമ്പതാമദ്ധ്യായം.

"ഊനവിംശേ വിരിഞ്ചാദിപ്രാർത്ഥിതേന മഹാമൃധേ
വരാഹേണ ഹിരണ്യാക്ഷവധഃ ശ്ലാഘ്യോഽനുവർണ്യതേ."

### ഹിരണ്യാക്ഷവധം

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു:

1 അവധാര്യ വിരിഞ്ചസ്യ നിർവ്യളീകാമൃതം വചഃ
പ്രഹസ്യ പ്രേമഗർഭേണ തദപാംഗേന സോഽഗ്രഹീത്.

| | | | |
|---|---|---|---|
| വിരിഞ്ചസ്യ | ബ്രഹ്മാവിൻെറ | പ്രഹസ്യ | മന്ദഹസിച്ച്, |
| നിർവ്യളീകാമൃതം | നിഷ്കപടവും അമൃതതുല്യവുമായ | പ്രേമഗർഭേണ | സ്നേഹസൂചകമായ |
| വചഃ | വചനത്തെ | അപാംഗേന | കടാക്ഷത്താൽ |
| സഃ | ആ വരാഹമൂർത്തി | തത് | അതിനെ |
| അവധാര്യ | കേട്ടുധരിച്ച്, | അഗ്രഹീത് | അംഗീകരിച്ചു. |

2 തതഃ സപത്നം മുഖതശ്ചരന്തമകുതോഭയം
ജഘാനോത്പത്യ ഗദയാ ഹനാവസുരമക്ഷജഃ

| | | | |
|---|---|---|---|
| തതഃ | അതിൻശേഷം, | അക്ഷജഃ | വരാഹഭഗവാൻ |
| അകുതോഭയം | തെല്ലുമേ ഭയമില്ലാതെ | ഉത്പത്യ | കുതിച്ചുചാടിയിട്ട് |
| മുഖതഃ | തന്റെ മുന്നിൽ | ഹന്വൌ | താടിയെല്ലിന്മേൽ |
| ചരന്തം | ഉലാത്തുന്ന | ഗദയാ | ഗദകൊണ്ട് |
| സപത്നം | ശത്രുവായ | ജഘാന | പ്രഹരിച്ചു. |
| അസുരം | അസുരനെ | | |

3 സാ ഹതാ തേന ഗദയാ വിഹതാ ഭഗവത്കരാത്
വിഘൂർണ്ണിതാപതദ്രേജേ തദത്ഭുതമിവാഭവത്

| | | | |
|---|---|---|---|
| സാ തേന | അതു് അവനാൽ | വിഘൂർണ്ണിതാ | വട്ടംതിരിഞ്ഞുകൊണ്ട് |
| ഗദയാ | അവന്റെ ഗദകൊണ്ട് | അപതത് | താഴെ വീണു. |
| ഹതാ | അടിച്ചുമാററപ്പെട്ട് | രേജേ | അവന്റെ വീര്യംതിളങ്ങി |
| ഭഗവത്കരാത് | ഭഗവാന്റെ | തത് | അതു് (ഗദ വീണതു്) |
| | തൃക്കരത്തിൽനിന്നു് | അത്ഭുതം ഇവ | ആശ്ചര്യമെന്നപോലെ |
| വിഹതാ | തെറിച്ചു് | അഭവത് | സംഭവിച്ചു. |

4 സ തദാ ലബ്ധതീർത്ഥോऽപി ന ബബാധേ നിരായുധം
മാനയൻ സ മൃധേ ധർമ്മം വിഷ്വക്സേനം പ്രകോപയൻ

| | | | |
|---|---|---|---|
| തദാ സഃ | അപ്പോൾ, അവൻ | മൃധേ | യുദ്ധത്തിങ്കലുള്ള |
| ലബ്ധതീർത്ഥഃ അപി | നല്ല തക്കം കിട്ടിയവനായെന്നുവരികിലും, | ധർമ്മം | ധർമ്മത്തെ |
| | | മാനയൻ | ആദരിച്ചുകൊണ്ടും, |
| നിരായുധം | ആയുധമില്ലാത്ത എതിരാളിയെ | വിഷ്വക്സേനം | ഭഗവാനെ |
| ന ബബാധേ | ആക്രമിച്ചില്ല. | പ്രകോപയൻ | ശുണ്ഠിപിടിപ്പിച്ചുകൊണ്ടും നിന്നതേയുള്ളു. |
| സഃ | അവൻ | | |

തന്റെ ഗദകൊണ്ടുള്ള തട്ടിന്റെ ഊക്കുനിമിത്തം വരാഹമൂർത്തിയുടെ കൈയിൽനിന്നു് ഗദ തെറിച്ചുപോയപ്പോൾ ഹിരണ്യാക്ഷനു് അങ്ങോട്ടു കടന്നു് പ്രഹരിക്കുവാൻ നല്ല അവസരമാണു് കിട്ടിയതു്. എങ്കിലും അവൻ "നിരായുധനെ പ്രഹരിക്കരുതു്" എന്നുള്ള യുദ്ധധർമ്മത്തെ ആദരിച്ചു് പ്രഹരിച്ചില്ല. ദുരുക്തികൾകൊണ്ടു് നിന്ദിച്ചും പരിഹസിച്ചും ഭഗവാന്റെ കോപം വളർത്തുകയേ ഉണ്ടായുള്ളു.

5 ഗദായാമപവിദ്ധായാം ഹാഹാകാരേ വിനിർഗ്ഗതേ
മാനയാമാസ തദ്ധർമ്മം സുനാഭം ചാസ്മരദ്വിഭുഃ.

| | | | |
|---|---|---|---|
| ഗദായാം | തൃക്കരത്തിലെ ഗദ | ഹാഹാകാരേ | ദേവകളുടെ ആർത്തനാദം |
| | | വിനിർഗ്ഗതേ | പുറപ്പെട്ടപ്പോൾ, |
| അപവിദ്ധായാം | തെറിച്ചുവീണപ്പോൾ, | വിഭുഃ | സർവ്വശക്തനായ ദേവൻ |

| | | | |
|---|---|---|---|
| തദ്ധർമ്മം | അവന്റെ യുദ്ധമര്യാദയെ | സുനാഭം | ചക്രായുധത്തെ |
| മാനയാമാസ | ബഹുമാനിച്ചു ; | അസ്മരത് ച | സ്മരിക്കുകയും ചെയ്തു. |

6 തം വ്യഗ്രചക്രം ദിതിപുത്രാധമേന
സ്വപാർഷദമുഖ്യേന വിഷജ്ജമാനം
ചിത്രാ വാചോഽതദ്വിദാം ഖേചരാണാം
തത്രാസ്മാസൻ സ്വസ്തി തേഽമും ജഹീതി.

| | | | |
|---|---|---|---|
| വ്യഗ്രചക്രം | സംഭ്രാന്തമായ ചക്രായുധത്തോടുകൂടിയവനും | അതദ്വിദാം | അതിന്റെ യാഥാർത്ഥ്യം അറിയാൻ കഴിയാത്ത |
| ദിതിപുത്രാധമേന | ദൈത്യാധമനായി ഭവിച്ചിരിക്കുന്ന | ഖേചരണാം | ആകാശചാരികളുടെ |
| | | ചിത്രാഃ | പലതരം |
| സ്വപാർഷദമുഖ്യേന | തന്റെ പാർഷദപ്രവരനോടുകൂടി | വാചഃ | വചനങ്ങൾ |
| | | തത്ര ആസ്മ | അവിടെയെങ്ങും |
| വിഷജ്ജമാനം | ഒത്തുചേർന്നു യുദ്ധലീലയിൽ ഏർപ്പെട്ടിരിക്കുന്നവനുമായ | ആസൻ | സംഭവിച്ചു— |
| | | തേ സ്വസ്തി | "അങ്ങേയ്ക്കു നന്മനേരുന്നു. |
| തം | ആ വരാഹമൂർത്തിയെ കുറിച്ച് | അമും ജഹി | ഇവനെ വധിക്കണേ!" |
| | | ഇതി | എന്നിങ്ങനെയും മററും. |

7 സ തം നിശാമ്യാത്തരഥാംഗമഗ്രതോ
വ്യവസ്ഥിതം പത്മപലാശലോചനം
വിലോക്യ ചാമർഷപരിപ്ലുതേന്ദ്രിയോ
രുഷാ സ്വദന്തച്ഛദമാദശച്ഛ്വസൻ

| | | | |
|---|---|---|---|
| സഃ | അവൻ (ഹിരണ്യാക്ഷൻ) | വിലോക്യ ച | കണ്ടിട്ടും, |
| പത്മപലാശലോചനം | കമലദളായതനേത്രനായ | അമർഷപരിപ്ലുതേന്ദ്രിയഃ | കോപത്താൽ ക്ഷോഭം കൊണ്ട ഇന്ദ്രിയങ്ങളോടുകൂടിയവനായി |
| തം | ആ വരാഹമൂർത്തിയെ | | |
| ആത്തരഥാംഗം | ചക്രധരനായി | ശ്വസൻ | ശ്വസിച്ചുകൊണ്ട് |
| നിശാമ്യ | കണ്ടിട്ടും, | രുഷാ | രോഷത്താൽ |
| അഗ്രതഃ | തന്റെ മുന്നിൽ | സ്വദന്തച്ഛദം | തന്റെ ചുണ്ട് |
| വ്യവസ്ഥിതം | ഉറച്ചുനില്ക്കുന്നവനായി | അദശത് | കടിച്ചു. |

8 കരാളദംഷ്ട്രശ്ചക്ഷുർഭ്യാം സഞ്ചക്ഷാണോ ദഹന്നിവ
അഭിപ്ലുത്യ സ്വഗദയാ ഹതോഽസീത്യാഹനദ്ധരിം

| | | | |
|---|---|---|---|
| കരാളദംഷ്ട്രഃ | ഭയങ്കരങ്ങളായ ദംഷ്ട്രകളോടുകൂടിയ അവൻ | ദഹൻ ഇവ | ദഹിപ്പിക്കുന്നുവോ എന്നു തോന്നുമാറ് |
| ചക്ഷുർഭ്യാം | കണ്ണുകളാൽ | ഹരിം | ഭഗവാനെ |

| | | | |
|---|---|---|---|
| സംചക്ഷാണഃ | തുറിച്ചുനോക്കിക്കൊണ്ടു് | ഇതി | എന്നുപറഞ്ഞു് |
| അഭിപ്ലുത്യ | നേൎക്കെടുത്തുചാടി, | സ്വഗദയാ | തന്റെ ഗദകൊണ്ടു് |
| ഹതഃ അസി | "ഇതാ നിന്നെക്കൊന്നു" | അഹനത് | അടിച്ചു |

9 പദാ സവ്യേന താം സാധോ ഭഗവാൻ യജ്ഞസൂകരഃ
ലീലയാ മിഷതഃ ശത്രോഃ പ്രാഹരദ്വാതരംഹസം

| | | | |
|---|---|---|---|
| സാധോ | നല്ലവനായ വിദുര! | സവ്യേന പദാ | ഇടത്തെ കാലുകൊണ്ടു് |
| യജ്ഞസൂകരഃ | യജ്ഞവരാഹമൂൎത്തിയായ | ശത്രോഃ മിഷതഃ | ശത്രു നോക്കിനില്ക്കെ, |
| ഭഗവാൻ | വിഷ്ണുഭഗവാൻ | ലീലയാ | കളിയായിട്ടു് |
| വാതരംഹസം | വായുവേഗത്തിൽവരുന്ന | പ്രാഹരത് | തിരിച്ചടിച്ചു. |
| താം | അതിനെ | | |

10 ആഹ ചായുധമാധത്സ്വ ഘടസ്വ ത്വം ജിഗീഷസി
ഇത്യുക്തഃ സ തയാ ഭൂയസ്താഡയൻ വ്യനദദ്ഭൃശം.

| | | | |
|---|---|---|---|
| ആഹ ച | (ഭഗവാൻ അവനോടു് | ഇതി | എന്നിങ്ങനെ |
| | പറകയും ചെയ്തു- | ഉക്തഃ സഃ | പറയപ്പെട്ട അവൻ |
| ആയുധം | "ആയുധത്തെ | തയാ | അതേ ഗദകൊണ്ടു് |
| ആധത്സ്വ | എടുത്തുകൊള്ളൂ ; | ഭൂയഃ | ഒന്നുകൂടി |
| ഘടസ്വ | യത്നിച്ചുനോക്കൂ ; | താഡയൻ | അടിച്ചു് |
| ത്വം ജിഗീഷസി | നീ ജയിക്കാൻ ആശി | ഭൃശം | ഗംഭീരമായി |
| | ക്കുന്നുവല്ലോ" | വ്യനദത് | അലറി. |

11 താം സ ആപതതീം വീക്ഷ്യ ഭഗവാൻ സമവസ്ഥിതഃ
ജഗ്രാഹ ലീലയാ പ്രാപ്താം ഗരുത്മാനിവ പന്നഗീം.

| | | | |
|---|---|---|---|
| ആപതതീം | നേരിട്ടടുക്കുന്ന | ഗരുത്മാൻ | ഗരുഡൻ |
| താം വീക്ഷ്യ | അതിനെ കണ്ടു് | പന്നഗീം ഇവ | പാമ്പിനെയെന്ന |
| സഃ ഭഗവാൻ | ആ വരാഹമൂൎത്തി | | പോലെ |
| സമവസ്ഥിതഃ | പതറാതെനിന്നു. | ലീലയാ | അനായാസേന |
| പ്രാപ്താം | അടുത്തണഞ്ഞ അതിനെ | ജഗ്രാഹ | കടന്നുപിടിച്ചു. |

12 സ്വപൌരുഷേ പ്രതിഹതേ ഹതമാനോ മഹാസുരഃ
നൈച്ഛദ്ഗദാം ദീയമാനാം ഹരിണാ വിഗതപ്രഭഃ.

| | | | |
|---|---|---|---|
| സ്വപൌരുഷേ | തന്റെ പൌരുഷം | ഹരിണാ | ഭഗവാനാൽ |
| പ്രതിഹതേ | തകൎക്കപ്പെട്ടപ്പോൾ | ദീയമാനാം | തിരികെ നൽകപ്പെടുന്ന |
| ഹതമാനഃ | മാനഹാനിനേരിട്ടു് | ഗദാം | ഗദയെ |
| വിഗതപ്രഭഃ | നിഷ്പ്രഭനായിഭവിച്ച | ന ഐച്ഛത് | വാങ്ങുവാനിച്ഛിച്ചില്ല. |
| മഹാസുരഃ | മഹാസുരൻ | | |

13 ജഗ്രാഹ ത്രിശിഖം ശൂലം ജ്വലജ്ജ്വലനലോലുപം
യജ്ഞായ ധൃതരൂപായ വിപ്രായാഭിചരന്യഥാ.

| | | | |
|---|---|---|---|
| ത്രിശിഖം | മൂന്നു മുനയുള്ളതും | യജ്ഞായ | യജ്ഞപുരുഷന്റെനേക്ക്, |
| | | വിപ്രായ | വേദമന്ത്രജ്ഞന്റെ നേരെ |
| ജ്വലജ്ജ്വലന-ലോലുപം | എരിയുന്ന തീപോലെ ഗ്രസനോന്മുഖമായതും ആയ | അഭിചരൻ ഇവ | ആഭിചാരം പ്രയോഗിക്കുന്നവനെന്നപോലെ (നിഷ്ഫലമായി |
| ശൂലം | ശൂലത്തെ | | |
| ധൃതരൂപായ | രൂപം ധരിച്ചിരിക്കുന്ന | ജഗ്രാഹ | അവൻ എടുത്തു |

14 തദോജസാ ദൈത്യമഹാഭടാർപ്പിതം
ചകാസദന്തഃഖ ഉദീർണ്ണദീധിതി
ചക്രേണ ചിച്ഛേദ നിശാതനേമിനാ
ഹരിര്യഥാ താർക്ഷ്യപതത്രമുജ്ഝിതം.

| | | | |
|---|---|---|---|
| ഓജസാ | ശക്തിയോടുകൂടി | തത് | ആ ത്രിശൂലത്തെ |
| ദൈത്യമഹാ-ഭടാർപ്പിതം | അസുരമഹാരഥനായ ഹിരണ്യാക്ഷനാൽ പ്രയോഗിക്കപ്പെട്ടതും | നിശാതനേമിനാ | മൂർച്ചയുള്ള ധാരയോടുകൂടിയ |
| | | ചക്രേണ | ചക്രായുധത്താൽ, |
| അന്തഃഖേ | അന്തരീക്ഷത്തിൽ | ഉജ്ഝിതം | വിട്ടയക്കപ്പെട്ട |
| ഉദീർണ്ണദീധിതി | അത്യുൽകടമായ ദീപ്തിയോടെ | താർക്ഷ്യപതത്രം | ഗരുഡന്റെ തൂവലിനെ |
| | | ഹരിഃ യഥാ | ഇന്ദ്രനെന്നപോലെ |
| ചകാസത് | പ്രശോഭിക്കുന്നതുമായ | ചിച്ഛേദ | മുറിച്ചു. |

പണ്ടു് ഗരുഡൻ ദേവന്മാരെ ജയിച്ചു് അമൃതകലശം കൊണ്ടുപോകുമ്പോൾ ഇന്ദ്രൻ വജ്രായുധം പ്രയോഗിച്ചു. അപ്പോൾ ഗരുഡനാകട്ടെ അതിന്നു പ്രയോഗസാഫല്യം നല്കി മാനിക്കുവാനായി തന്റെ ഒരു തൂവൽ വിട്ടുകൊടുത്തു. വജ്രായുധം അതിനെ മുറിച്ചു) അതുപോലെയാണു് ചക്രം അസുരപ്രഹിതമായ ശൂലത്തെ ഛേദിച്ചതു്

15 വൃക്ണേ സ്വശൂലേ ബഹുധാരിണാ ഹരേഃ
പ്രത്യേത്യ വിസ്തീർണ്ണമുരോ വിഭൂതിമത്
പ്രവൃദ്ധരോഷഃ സ കഠോരമുഷ്ടിനാ
നദൻ പ്രഹൃത്യാന്തരധീയതാസുരഃ

| | | | |
|---|---|---|---|
| അരിണാ | ചക്രത്താൽ | പ്രവൃദ്ധരോഷഃ | അധികം വളൎന്ന കോപത്തോടുകൂടിയവനായിട്ടു് |
| സ്വശൂലേ | തന്റെ ശൂലം | | |
| ബഹുധാ | പലമട്ടിൽ | പ്രത്യേത്യ | നേരിട്ടു് ഓടിവന്നു് |
| വൃക്ണേ | മുറിക്കപ്പെട്ടപ്പോൾ | വിഭൂതിമത് | ശ്രീദേവി വാഴുന്നതും |
| സഃ അസുരഃ | ആ അസുരൻ | വിസ്തീർണ്ണം | വിശാലമായതുമായ |

| | | | |
|---|---|---|---|
| ഹരേഃ | ശ്രീഹരിയുടെ | പ്രഹൃത്യ | ആഞ്ഞടിച്ചശേഷം |
| ഉരഃ | മാറിടത്തേക്ക് | നദൻ | അലറിക്കൊണ്ട് |
| കഠോരമുഷ്ടിനാ | കടുത്ത മുഷ്ടിയാൽ | അന്തരധീയത | മറഞ്ഞുകളഞ്ഞു |

16 തേനേത്ഥമാഹതഃ ക്ഷത്തർഭഗവാനാദിസൂകരഃ
നാകമ്പത മനാക് ക്വാപിസ്രജാഹത ഇവ ദ്വിപഃ

| | | | |
|---|---|---|---|
| ക്ഷത്തഃ ഇത്ഥം | വിദുര ! ഈ വിധം | സ്രജാ | മാലകൊണ്ട് |
| തേന | അവനാൽ | ആഹതഃ | പ്രഹരിക്കപ്പെട്ട |
| ആഹതഃ | പ്രഹരിക്കപ്പെട്ട | ദ്വിപഃ ഇവ | ആനയെന്നപോലെ |
| ഭഗവാൻ | ഭഗവാനായ | മനാക് ക്വാപി | അല്പം പോലും |
| ആദിസൂകരഃ | ആദിവരാഹമൂർത്തി | ന അകമ്പത | ചഞ്ചലിച്ചില്ല. |

17 അഥോരുധാസൃജന്മായാം യോഗമായേശ്വരേ ഹരൗ
യാം വിലോക്യ പ്രജാസ്ത്രസ്താ മേനിരേഽസ്യോപസംയമം.

| | | | |
|---|---|---|---|
| അഥ | അനന്തരം | വിലോക്യ | കണ്ടിട്ട് |
| യോഗമായേശ്വരേ ഹരൗ | യോഗമായയുടെ ഈശിതാവായ ശ്രീഹരിയിൽ | ത്രസ്താഃ | ഭീതിയാർന്ന |
| | | പ്രജാഃ | ജനങ്ങൾ |
| ഉരുധാ | ബഹുപ്രകാരം | | |
| മായാം | മായയെ | അസ്യ | ഈ ജഗത്തിന്റെ |
| അസൃജത് | പ്രയോഗിച്ചു. | ഉപസംയമം | പ്രളയത്തെ |
| യാം | യാതൊന്നിനെ | മേനിരേ | ആശങ്കിച്ചു. |

18 പ്രവവുർവായവശ്ചണ്ഡാസ്തമഃ പാംസവമൈരയൻ
ദിഗ്ഭ്യോ നിപേതുർഗ്രാവാണഃ ക്ഷേപണൈഃ പ്രഹിതാ ഇവ

| | | | |
|---|---|---|---|
| ചണ്ഡാഃ വായവഃ | കൊടുങ്കാറ്റുകൾ | ദിഗ്ഭ്യഃ | ഓരോരോ ഇടങ്ങളിൽ |
| പ്രവവുഃ | ഉഗ്രമായി വീശി; | ഗ്രാവാണഃ | കല്ലുകൾ [നിന്ന് |
| പാംസവം | പൊടിപടലത്താലുള്ള | ക്ഷേപണൈഃ | കവണകൾകൊണ്ട് |
| തമഃ | അന്ധകാരത്തെ | പ്രഹിതാഃ ഇവ | എറിയപ്പെട്ട മട്ടിൽ |
| ഐരയൻ | വളർത്തി. | നിപേതുഃ | വീണുതുടങ്ങി. |

19 ദ്യൗർനഷ്ടഭഗണാഭ്രൗഘൈഃ സവിദ്യുത്സ്തനയിത്നുഭിഃ
വർഷദ്ഭിഃ പൂയകേശാസൃഗ്വിണ്മൂത്രാസ്ഥീനി ചാസകൃത്.

| | | | |
|---|---|---|---|
| സവിദ്യുത്- സ്തനയിത്നുഭിഃ | മിന്നലും ഇടിയും ഉള്ളവയും | പൂയകേശാ- സൃഗ്വിണ്മൂത്രാ- സ്ഥീനി | നാറ്റവും തലനാരും മലമൂത്രങ്ങളും എല്ലുമ്പിൻകഷണങ്ങളും |

| | | | |
|---|---|---|---|
| അസകൃത് | പലവട്ടം | ദ്യൗഃ | ആകാശം |
| വർഷദ്ഭിഃ ച | വർഷിക്കുന്നവയുമായ | നഷ്ടഭഗണാ | കാണപ്പെടാത്ത നക്ഷത്രരാശിയോടുകൂടിയതായി ഭവിച്ചു. |
| അഭ്രൗഘൈഃ | കാർനിരകൾകൊണ്ടു് | | |

അസുരനെ വധിക്കുവാൻ ബ്രഹ്മാവു് ചൊല്ലിയ അഭിജിത്തെന്ന മുഹൂർത്തം അസുരന്റെ ബലാതിരേകത്താൽ തെറ്റിപ്പോയെന്നു് ഈ ശ്ലോകംകൊണ്ടു് വിചാരിക്കണം. 'കാർനിരയാൽ ആകാശത്തിൽ നക്ഷത്രങ്ങൾ കാണപ്പെടാതാവുക' എന്നതു പകലിൽ സംഭാവ്യമല്ലല്ലോ.

20 ഗിരയഃ പ്രത്യദൃശ്യന്ത നാനായുധമുചോഽനഘ
ദിഗ്വാസസോ യാതുധാന്യഃ ശൂലിന്യോ മുക്തമൂർദ്ധജാഃ

| | | | |
|---|---|---|---|
| അനഘ | വിശുദ്ധനായ വിദുര! | മുക്തമൂർദ്ധജാഃ | തലമുടിയഴിച്ചിട്ടു |
| ഗിരയഃ | മലകൾ | യാതുധാന്യഃ | രാക്ഷസസ്ത്രീകൾ |
| നാനായുധമുചഃ | പലതരം ആയുധങ്ങളെ പൊഴിയുന്നവയായി | ശൂലിന്യഃ | ശൂലമേന്തിനില്ക്കുന്നതായും |
| പ്രത്യദൃശ്യന്ത | കാണപ്പെട്ടു | | |
| ദിഗ്വാസസഃ | നഗ്നകളായി | (പ്രത്യദൃശ്യന്ത) | കാണപ്പെട്ടു. |

21 ബഹുഭിര്യക്ഷരക്ഷോഭിഃ പത്ത്യശ്വരഥകുഞ്ജരൈഃ
ആതതായിഭിരുത്സൃഷ്ടാ ഹിംസ്രാ വാചോഽതിവൈശസാഃ

| | | | |
|---|---|---|---|
| പത്ത്യശ്വരഥകുഞ്ജരൈഃ | കാലാൾ — കുതിര — തേരു് — ആന എന്നീ ചതുരംഗപ്പടകളോടുകൂടി | യക്ഷരക്ഷോഭിഃ | യക്ഷരാലും രക്ഷസ്സുകളാലും |
| | | ഹിംസ്രാഃ | ഹിംസകങ്ങളും |
| ആതതായിഭിഃ | ആയുധം ധരിച്ച | അതിവൈശസാഃ | അത്യുഗ്രങ്ങളുമായ |
| | | വാചഃ | വാക്കുകൾ |
| ബഹുഭിഃ | അസംഖ്യം | ഉത്സൃഷ്ടാഃ | ഉച്ചരിക്കപ്പെട്ടിരുന്നു. |

22 പ്രാദുഷ്കൃതാനാം മായാനാമാസുരീണാം വിനാശയൻ
സുദർശനാസ്ത്രം ഭഗവാൻ പ്രായുങ്ക്ത ദയിതം ത്രിപാത്.

| | | | |
|---|---|---|---|
| ത്രിപാത് | മൂന്നു സവനങ്ങളാവുന്ന പാദങ്ങളോടുകൂടിയ (യജ്ഞമയനായ) | മായാനാം | മായകളെ |
| | | വിനാശയൻ | ഒടുക്കുവാൻ കരുതിക്കൊണ്ടു് |
| ഭഗവാൻ | ശ്രീവരാഹമൂർത്തി | ദയിതം | തനിക്കഭിമതമായ |
| പ്രാദുഷ്കൃതാനാം | പ്രത്യക്ഷപ്പെട്ട | സുദർശനാസ്ത്രം | സുദർശനചക്രത്തെ |
| ആസുരീണാം | ആസുരികളായ | പ്രായുങ്ക്ത | പ്രയോഗിച്ചു. |

23 തദാ ദിതേഃ സമഭവത് സഹസാ ഹൃദി വേപഥുഃ
സ്മരന്ത്യാ ഭർത്തുരാദേശം സ്തനാച്ചാസൃക് പ്രസുസ്രുവേ.

| | | | |
|---|---|---|---|
| തദാ | അന്നേരത്തു്, | സഹസാ | പെട്ടെന്നു് |
| ഭർത്തുഃ | ഭർത്താവായ കശ്യപന്റെ | വേപഥുഃ | ഉൾക്കിടിലം |
| ആദേശം | ആജ്ഞാവചനത്തെ | സമഭവത് | അനുഭവപ്പെട്ടു ; |
| സ്മരന്ത്യാഃ | ഓൎമ്മിക്കുന്നവളായ | സ്തനാത് | മുലയിൽനിന്നു് |
| ദിതേഃ | ദിതിയുടെ | അസൃക് ച | രക്തവും |
| ഹൃദി | ഹൃദയത്തിൽ | പ്രസുസ്രുവേ | ചുരന്നൊഴുകി. |

24 വിനഷ്ടാസു സ്വമായാസു ഭൂയശ്ചാവ്രജ്യ കേശവം
രുഷോപഗൂഹമാനോഽമും ദദൃശേഽവസ്ഥിതം ബഹിഃ

| | | | |
|---|---|---|---|
| സ്വമായാസു | തന്റെ മായകൾ | ഉപഗൂഹമാനഃ | വരിഞ്ഞു കെട്ടിപ്പിടിച്ചുവെങ്കിലും |
| വിനഷ്ടാസു | തകൎന്നപ്പോൾ | അമും | ഈ ഭഗവാനെ |
| ഭൂയഃ ച | വീണ്ടും | ബഹിഃ | കൈക്കൂട്ടിൽനിന്നു് പുറത്തു് |
| കേശവം | ഭഗവാനെ | | |
| ആവ്രജ്യ | സമീപിച്ചു്, | അവസ്ഥിതം | നിലകൊള്ളുന്നതായി |
| രുഷാ | കോപത്തോടെ | ദദൃശേ | കണ്ടു |

25 തം മുഷ്ടിഭിർവ്വിനിഘ്നന്തം വജ്രസാരൈരധോക്ഷജഃ
കരേണ കൎണ്ണമൂലേഽഹൻ യഥാ ത്വാഷ്ട്രം മരുത്പതിഃ.

| | | | |
|---|---|---|---|
| വജ്രസാരൈഃ | വജ്രകഠോരങ്ങളായ | കരേണ | കൈകൊണ്ടു് |
| മുഷ്ടിഭിഃ | മുഷ്ടികൾകൊണ്ടു് | കൎണ്ണമൂലേ | ചെവിക്കുററിയിൽ, |
| വിനിഘ്നന്തം | കഠിനമായി പ്രഹരിച്ചു കൊണ്ടിരിക്കുന്ന | മരുത്പതിഃ | ഇന്ദ്രൻ |
| തം | അവനെ | ത്വാഷ്ട്രം യഥാ | വൃത്രനെ എന്നപോലെ |
| അധോക്ഷജഃ | ഭഗവാൻ | അഹൻ | അടിച്ചു. |

26 സ ആഹതോ വിശ്വജിതാ ഹ്യവജ്ഞയാ
പരിഭ്രമദ്ഗാത്ര ഉദസ്തലോചനഃ
വിശീൎണ്ണബാഹ്വംഘ്രിശിരോരുഹോഽപത-
ദ്യഥാ നഗേന്ദ്രോ ലുളിതോ നഭസ്വതാ.

| | | | |
|---|---|---|---|
| വിശ്വജിതാ | ലോകജേതാവായ ഭഗവാനാൽ | ഉദസ്തലോചനഃ | ഉന്തിത്തുറിച്ച കണ്ണുകളോടുകൂടിയവനായി- |
| അവജ്ഞയാ ഹി | വെറും ലഘുതയോടെ | | |
| ആഹതഃ | അടിക്കപ്പെട്ട | വിശീൎണ്ണ- | പൊട്ടിച്ചിതറിയ |
| സഃ | അവൻ | ബാഹ്വംഘ്രി- | കൈകാലുകളോടും |
| പരിഭ്രമദ്ഗാത്രഃ | വട്ടം ചുഴലുന്ന ശരീരത്തോടുകൂടിയവനായി- | ശിരോരുഹഃ | തലമുടിയോടും കൂടിയവനുമായിട്ടു് |

| | | | |
|---|---|---|---|
| നഭസ്വതാ | കാററിനാൽ | നഗേന്ദ്രഃ യഥാ | മാമരംപോലെ |
| ലൂളിതഃ | കടപുഴക്കപ്പെട്ടു | അപതത് | മറിഞ്ഞുവീണു. |

27 ക്ഷിതൌ ശയാനം തമകുണ്ഠവർച്ചസം
കരാളദംഷ്ട്രം പരിദഷ്ടദച്ഛദം
അജാദയോ വീക്ഷ്യ ശശംസുരാഗതാ
അഹോ ഇമം കോ നു ലഭേത സംസ്ഥിതിം.

| | | | |
|---|---|---|---|
| കരാളദംഷ്ട്രം | ഭയങ്കരദംഷ്ട്രകളോടുകൂടിയവനായും | വീക്ഷ്യ | കണ്ടു്, |
| | | ആഗതാഃ | അവിടെ വന്നിരുന്ന |
| പരിദഷ്ടദച്ഛദം | കടിച്ചുപിടിച്ചിരിക്കുന്ന ചുണ്ടുകളോടുകൂടിയവനായും | അജാദയഃ | ബ്രഹ്മാദികൾ |
| | | ശശംസുഃ | പുകഴ്ത്തി— |
| ക്ഷിതൌ | ഭൂമിയിൽ | അഹോ | "ആഹാ! ഭാഗ്യം! |
| ശയാനം | വീണുകിടക്കുന്ന | ഇമാം | ഇന്നാതിരിക്കുള്ള |
| തം | അവനെ | സംസ്ഥിതിം | മരണത്തെ |
| അകുണ്ഠവർച്ചസം | കോട്ടം തട്ടാത്ത ദീപ്തിയെഴുന്നവനായിട്ടു് | കഃ നു | ഏതൊരുത്തൻ |
| | | ലഭേത | നേടാൻ പോകുന്നു? |

28 യം യോഗിനോ യോഗസമാധിനാ രഹോ
ധ്യായന്തി ലിംഗാദസതോ മുമുക്ഷയാ
തസ്യൈഷ ദൈത്യാപസദഃ പദാ ഹതോ
മുഖം പ്രപശ്യംസ്തനുമുത്സസർജ്ജ ഹ.

| | | | |
|---|---|---|---|
| അസതഃ | മായാകല്പിതമായ | ധ്യായന്തി | ധ്യാനിക്കുന്നുവോ, |
| ലിംഗാത് | സൂക്ഷ്മശരീരത്തിൽനിന്നു് | തസ്യ | ആ ഭഗവാന്റെ |
| മുമുക്ഷയാ | മോചിക്കുവാനുള്ള ഇച്ഛകൊണ്ടു് | പദാ | പാദത്താൽ * |
| | | ഹതഃ ഏഷഃ | ഹനിക്കപ്പെട്ട ഈ |
| യോഗസമാധിനാ | അഷ്ടാംഗയോഗപരിശീലനത്തോടുകൂടിയ സമാധിയാൽ | ദൈത്യാപസദഃ | അസുരാധമൻ |
| | | മുഖം | തിരുമുഖത്തെ |
| യോഗിനഃ | യോഗിമാർ | പ്രപശ്യൻ | കണ്ടുകൊണ്ടു് |
| യം | യാതൊരുവനെ | തനും | ശരീരത്തെ |
| രഹഃ | ഏകാന്തത്തിൽ | ഉത്സസർജ്ജ ഹ | വെടിഞ്ഞു. ആശ്ചര്യം! |

* "കരേണ അഹൻ" എന്നാണു് മുമ്പു് പറഞ്ഞതു്. ഇപ്പോൾ "പദാ ഹതഃ" എന്നും പറഞ്ഞു. എങ്കിലും ഉക്തിവിരോധം ആശങ്കിക്കുവാനില്ല. വരാഹത്തിന്റെ കൈകൾ മുൻകാലുകളാണല്ലോ.

29 ഏതൌ തൌ പാർഷദാവസ്യ ശാപാദ്യാതാവസദ്ഗതിം
പുനഃ കതിപയൈഃ സ്ഥാനം പ്രപത്സ്യേതേ ഹ ജന്മഭിഃ

| | | | |
|---|---|---|---|
| അസ്യ | ഈ ശ്രീഹരിയുടെ | പുനഃ | ഇനിയും |
| പാർഷദൌ | സേവകന്മാരായ | കതിപയൈഃ | ചുരുക്കം ചില |
| ഏതൌ തൌ | ഇവർ രണ്ടുപേരും | ജന്മഭിഃ | ജന്മങ്ങളെക്കൊണ്ടു് |
| ശാപാത് | ഋഷിശാപംനിമിത്തം | സ്ഥാനം | സ്വസ്ഥാനത്തെ |
| അസദ്ഗതിം | ആസുരഭാവത്തെ | പ്രപത്സ്യേതേ | പ്രാപിച്ചുകൊള്ളും, |
| യാതൌ | പ്രാപിച്ചവരാകുന്നു. | ഹ | ആശ്ചര്യം |

ദേവാ ഊചുഃ — ദേവകൾ സ്തുതിച്ചുചൊല്ലി—

30 നമോ നമസ്തേഽഖിലയജ്ഞതന്തവേ
സ്ഥിതൌ ഗൃഹീതാമലസത്ത്വമൂർത്തയേ
ദിഷ്ട്യാ ഹതോഽയം ജഗതാമരുന്തുദ-
സ്ത്വത്പാദഭക്ത്യാ വയമീശ നിർവൃതാഃ.

| | | | |
|---|---|---|---|
| അഖിലയജ്ഞതന്തവേ | സർവ്വയജ്ഞങ്ങളുടെയും മൂലകാരണമായി, | ജഗതാം | ലോകവാസികളുടെ |
| | | അരുന്തുദഃ | മർമ്മം പിളക്കുന്ന |
| സ്ഥിതൌ | ലോകരക്ഷയെ നിമിത്തീകരിച്ചു് | അയം | ഈ അസുരൻ |
| | | ഹതഃ | വധിക്കപ്പെട്ടുവെന്നതു് |
| ഗൃഹീതാമലസത്ത്വമൂർത്തയേ | സ്വീകരിക്കപ്പെട്ട വിശുദ്ധസത്ത്വഗുണപ്രധാനമായ രൂപത്തോടുകൂടിയവനായ | ദിഷ്ട്യാ | സന്തോഷകരം. |
| | | ഈശ | ഹേ സർവ്വനിയന്താവേ! |
| | | ത്വത്പാദഭക്ത്യാ | അവിടുത്തെ തൃപ്പാദഭക്തിയാൽ |
| തേ | നിന്തിരുവടിക്കു് | വയം | ഞങ്ങൾ |
| നമഃ നമഃ | നമസ്കാരം, നമസ്കാരം. | നിർവൃതാഃ | ആനന്ദം കൊള്ളുന്നു. |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

31 ഏവം ഹിരണ്യാക്ഷമസഹ്യവിക്രമം
സ സാദയിത്വാ ഹരിരാദിസൂകരഃ
ജഗാമ ലോകം സ്വമഖണ്ഡിതോത്സവം
സമീഡിതഃ പുഷ്കരവിഷ്ടരാദിഭിഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പുഷ്കരവിഷ്ടരാദിഭിഃ | ബ്രഹ്മാദികളായ ദേവകളാൽ |
| ആദിസൂകരഃ | ആദിവരാഹമായവതരിച്ച | സമീഡിതഃ | സംസ്തുതനായിട്ടു് |
| സഃ ഹരിഃ | ആ ശ്രീഹരി | അഖണ്ഡിതോത്സവം | സന്തതാനന്ദസമന്വിതമായ |
| അസഹ്യവിക്രമം | പൊറുക്കരുതാത്ത പരാക്രമത്തോടുകൂടിയ | സ്വം ലോകം | സ്വലോകത്തേക്കു് |
| ഹിരണ്യാക്ഷം | ഹിരണ്യാക്ഷനെ | ജഗാമ | എഴുന്നള്ളി. |
| സാദയിത്വാ | വധിച്ചു് | | |

32 മയാ യഥാനൂക്തമവാദി തേ ഹരേഃ
കൃതാവതാരസ്യ സുമിത്ര ചേഷ്ടിതം
യഥാ ഹിരണ്യാക്ഷ ഉദാരവിക്രമോ
മഹാമൃധേ ക്രീഡനവന്നിരാകൃതഃ

| | | | |
|---|---|---|---|
| സുമിത്ര | പ്രിയസുഹൃത്തേ! | അവാദി | ചൊല്ലിത്തരപ്പെട്ടു. |
| കൃതാവതാരസ്യ | പന്നിയായി അവതാരം ചെയ്ത | ഉദാരവിക്രമഃ | മഹാപരാക്രമിയായ |
| ഹരേഃ | വിഷ്ണുഭഗവാന്റെ | ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷൻ |
| ചേഷ്ടിതം | പ്രവർത്തനം | മഹാമൃധേ | കടുത്ത യുദ്ധത്തിൽവച്ച് |
| യഥാനൂക്തം | ഗുരൂപദേശത്തെ അനുസരിച്ച് | ക്രീഡനവത് | കളിക്കോപ്പുപോലെ |
| | | നിരാകൃതഃ | തകർക്കപ്പെട്ടു് |
| മയാ തേ | എന്നാൽ അങ്ങേയ്ക്കു് | യഥാ | ഏതുവിധമാണെന്നു് — |

സൂത ഉവാച — സൂതൻ (ശൌനകനോടു്) പറഞ്ഞു —

33 ഇതി കൌഷാരവാഖ്യാതാമാശ്രുത്യ ഭഗവത്കഥാം
ക്ഷത്താനന്ദം പരം ലേഭേ മഹാഭാഗവതോ ദ്വിജ

| | | | |
|---|---|---|---|
| ദ്വിജ | ഹേ ബ്രാഹ്മണ! | ആശ്രുത്യ | മനസ്സിരുത്തിക്കേട്ടു്, |
| ഇതി | ഇപ്രകാരം | മഹാഭാഗവതഃ | പരമഭക്തനായ |
| കൌഷാരവാഖ്യാതം | മൈത്രേയമുനിയാൽ ആഖ്യാനംചെയ്യപ്പെട്ട | ക്ഷത്താ | വിദുരർ |
| | | പരം ആനന്ദം | പരമാനന്ദത്തെ |
| ഭഗവത്കഥാം | ഭഗവാന്റെ വരാഹാവതാരകഥയെ | ലേഭേ | പ്രാപിച്ചു. |

34 അന്യേഷാം പുണ്യശ്ലോകാനാമുദ്ദാമയശസാം സതാം
ഉപശ്രുത്യ ഭവേന്മോദഃ ശ്രീവത്സാങ്കസ്യ കിം പുനഃ

| | | | |
|---|---|---|---|
| ഉദ്ദാമയശസാം | വിപുലകീർത്തിയെഴുന്നവരും | ഉപശ്രുത്യ | കേട്ടെന്നാൽതന്നെ |
| | | മോദഃ | ആനന്ദം |
| പുണ്യശ്ലോകാനാം | പാവനചരിതന്മാരുമായ | ഭവേത് | ഉളവാകും |
| | | ശ്രീവത്സാങ്കസ്യ | സാക്ഷാൽ ശ്രീനിവാസന്റെ കഥ കേട്ടെന്നാൽ |
| അന്യേഷാം | മററുള്ള | | |
| സതാം | മഹാപുരുഷന്മാരുടെ കഥ | പുനഃ കിം | പിന്നെ പറവാനുണ്ടോ? |

35 യോ ഗജേന്ദ്രം ഝഷഗ്രസ്തം ധ്യായന്തം ചരണാംബുജം
ക്രോശന്തീനാം കരേണൂനാം കൃച്ഛ്രതോഽമോചയദ്ദ്രുതം

36 തം സുഖാരാധ്യമൃജുഭിരനന്യശരണൈർനൃഭിഃ
കൃതജ്ഞഃ കോ ന സേവേത ദുരാരാധ്യമസാധുഭിഃ

| | | | |
|---|---|---|---|
| ഝഷഗ്രസ്തം | നക്രത്താൽ ഗ്രസിക്കപ്പെ | അനന്യ-ശരണൈഃ | അന്യശരണമില്ലാത്തവരുമായ |
| ചരണാംബുജം | തൃപ്പാദപത്മത്തെ [ട്ട് | നൃഭിഃ | ജനങ്ങളാൽ |
| ധ്യായന്തം | ധ്യാനിച്ചുകൊണ്ടിരുന്ന | സുഖാരാധ്യം | ആരാധിക്കപ്പെടുവാൻ പ്രയാസമില്ലാത്തവനും |
| ഗജേന്ദ്രം | ഗജേന്ദ്രനെ, | | |
| കരേണൂനാം | കരിണികൾ | അസാധുഭിഃ | അസജ്ജനങ്ങളാൽ |
| ക്രോശന്തീനാം | കരഞ്ഞുകൊണ്ടുനില്ക്കവേ, | ദുരാരാധ്യം | ആരാധിക്കപ്പെടുവാൻ പ്രയാസമുള്ളവനുമായ |
| യഃ | യാതൊരുവൻ | | |
| ദ്രുതം | ശീഘ്രഗതിയിൽ | തം | തന്തിരുവടിയെ |
| കൃച്ഛ്രതഃ | സങ്കടത്തിൽനിന്നു് | കൃതജ്ഞഃ | ഉപകാരസ്മരണയുള്ള |
| അമോചയത് | കരയേററിയോ, | കഃ | ഏതൊരുത്തൻ |
| ഋജുഭിഃ | കപടരഹിതരും | ന സേവേത | സേവിക്കയില്ല. |

ഹിരണ്യാക്ഷവധകഥാശ്രവണത്തിന്റെ ഫലശ്രുതികൂടി താഴെ രണ്ടു ശ്ലോകം കൊണ്ടു് പറഞ്ഞു് ഈ പ്രകരണം അവസാനിപ്പിക്കുന്നു.

37 യോ വൈ ഹിരണ്യാക്ഷവധം മഹാദ്ഭുതം
വിക്രീഡിതം കാരണസൂകരാത്മനഃ
ശൃണോതി ഗായത്യനുമോദതേ ƒഞ്ജസാ
വിമുച്യതേ ബ്രഹ്മവധാദപി ദ്വിജാഃ

| | | | |
|---|---|---|---|
| ദ്വിജാഃ | അല്ലയോ ബ്രാഹ്മണരേ! | യഃ ശൃണോതി | ആർ കേൾക്കുന്നുവോ, |
| കാരണ-സൂകരാത്മന: | കാരണത്താൽ വരാഹരൂപംപൂണ്ടവതരിച്ച വിഷ്ണുഭഗവാന്റെ | ഗായതി | ഗാനംചെയ്യുന്നുവോ, |
| | | അനുമോദതേ | അനുമോദിക്കുന്നുവോ, (അവൻ) |
| വിക്രീഡിതം | ലീലാവിശേഷവും | അഞ്ജസാ | അനായാസേന |
| മഹാദ്ഭുതം | അത്യാശ്ചര്യകരവുമായ | ബ്രഹ്മവധാത് അപി | ബ്രഹ്മഹത്യാദോഷത്തിൽനിന്നുപോലും |
| ഹിരണ്യാക്ഷ-വധം വൈ | ഹിരണ്യാക്ഷവധപ്രകരണത്തെയാകട്ടെ | വിമുച്യതേ | വിമോചിക്കപ്പെടുന്നു. |

38 ഏതന്മഹാപുണ്യമലം പവിത്രം
ധന്യം യശസ്യം പദമായുരാശിഷാം
പ്രാണേന്ദ്രിയാണാം യുധി ശൌര്യവർദ്ധനം
നാരായണോƒന്തേ ഗതിരംഗ ശൃണ്വതാം

| | | | |
|---|---|---|---|
| അംഗ | ആപ്തജനങ്ങളേ! | യശസ്യം | കീർത്തികരവും |
| മഹാപുണ്യം | അതിപുണ്യകരവും | ആയുരാശിഷാം | ആയുസ്സിനും അഭീഷ്ടങ്ങൾക്കും |
| അലം | അത്യന്തം | | |
| പവിത്രം | പാവനവും | പ്രാണേ-ന്ദ്രിയാണാം | പ്രാണേന്ദ്രിയങ്ങൾക്കും |
| ധന്യം | സമ്പൽകരവും | | |

| | | | |
|---|---|---|---|
| പദം | രക്ഷാസങ്കേതമായതും | ശൃണ്വതാം | കേട്ടിരിപ്പോൎക്ക് |
| യുധി | യുദ്ധത്തിൽ | അന്തേ | ഒടുവിൽ |
| ശൌൎയ്യവൎദ്ധനം | ശൌൎയ്യത്തെ വളൎത്തുന്നതുമായ | നാരായണഃ | ശ്രീനാരായണൻ |
| ഏതത് | ഈ കഥയെ | ഗതിഃ | പ്രാപ്യസ്ഥാനമായും ഭവിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
ഹിരണ്യാക്ഷവധോ നാമ ഏകോനവിംശോ ƒദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 763 പത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

## വിംശതിതമോ ƒദ്ധ്യായഃ = ഇരുപതാമദ്ധ്യായം.

"വിംശേ വരാഹജന്മാദിവ്യവധാനാദഥാദിതഃ
സൎഗ്ഗോ ƒനുസ്മാൎയ്യതേ വക്തുമനന്തരം പ്രസ്തുതം മനോഃ"

## ബ്രഹ്മകൃതവിവിധസൃഷ്ടിവൎണ്ണനം

അഞ്ചാമദ്ധ്യായത്തിൽ വിദുരമൈത്രേയസംവാദരൂപേണ ആരംഭിച്ച വിശ്വസൃഷ്ടിക്രമവൎണ്ണനം 13-ാമദ്ധ്യായത്തിൽ സ്വായംഭുവമനുവിന്റെ ഉത്ഭവംവരെ എത്തിയിരുന്നു. പിന്നെ സന്ദൎഭവശാൽ വിസ്തരിക്കേണ്ടതായിവന്ന വരാഹാവതാരാദികഥകളാൽ വ്യവഹിതമായിപ്പോയ പ്രസ്തുതത്തെ ഈ അദ്ധ്യായത്തിൽ പുനഃസമാരംഭിക്കുന്നു. പറഞ്ഞുകഴിഞ്ഞ സംഗതികളെ സംഗ്രഹേണ അനുസ്മരിപ്പിച്ച് മനുവിന്നുശേഷമുള്ള അൎവ്വാചീനസൃഷ്ടികളെപ്പററി പ്രതിപാദിക്കാൻ പോകയാണ്.

ശൌനക ഉവാച — ശൌനകൻ പറഞ്ഞു:

1 മഹീം പ്രതിഷ്ഠാമധ്യസ്യ സൌതേ സ്വായംഭുവോ മനുഃ
കാന്യന്വതിഷ്ഠദ്ദ്വാരാണി മാൎഗ്ഗായാവരജന്മനാം

| | | | |
|---|---|---|---|
| സൌതേ | ഹേ സൂതസുത! | അവരജന്മനാം | പിൻതലമുറക്കാരുടെ |
| സ്വായംഭുവഃ | ബ്രഹ്മപുത്രനായ | മാൎഗ്ഗായ | നിൎഗ്ഗമനത്തിന്നായി |
| മനുഃ | സ്വായംഭുവമനു | കാനി | ഏതെല്ലാം |
| മഹീം | ഭൂമിയെ | ദ്വാരാണി | മാൎഗ്ഗങ്ങളെ |
| പ്രതിഷ്ഠാം | വാസസ്ഥാനമായി | അന്വതിഷ്ഠത് | അംഗീകരിച്ചു? |
| അധ്യസ്യ | ലഭിച്ചശേഷം | | |

വിദുരമൈത്രേയസംവാദത്തിലൂടെ മനുവിന്ന് ശേഷമുള്ള സൃഷ്ടിയുടെ ചരിത്രം അറിയാവുന്നതാകയാൽ പ്രസ്തുതസംവാദത്തെ കുറിച്ചുതന്നെ താഴെ അഞ്ചുശ്ലോകംകൊണ്ട് എടുത്തുചോദിക്കുന്നു—

2 ക്ഷത്താ മഹാഭാഗവതഃ കൃഷ്ണസ്യൈകാന്തികഃ സുഹൃത്
യസ്തത്യാജാഗ്രജം കൃഷ്ണേ സാപത്യമഘവാനിതി

3 ദ്വൈപായനാദനവരോ മഹിത്വേ തസ്യ ദേഹജഃ
സർവ്വാത്മനാ ശ്രിതഃ കൃഷ്ണം തത്പരാംശ്ചാപ്യനുവ്രതഃ

4 കിമന്വപൃച്ഛന്മൈത്രേയം വിരജാസ്തീർത്ഥസേവയാ
ഉപഗമ്യ കുശാവർത്ത ആസീനം തത്ത്വവിത്തമം.

| | |
|---|---|
| കൃഷ്ണേ | ശ്രീകൃഷ്ണനിൽ |
| അഘവാൻ | അപരാധംപ്രവർത്തിച്ചവനാണെന്ന് |
| ഇതി | എന്ന കാരണംകൊണ്ട് |
| അഗ്രജം | ജ്യേഷ്ഠനായ ധൃതരാഷ്ട്രനെ |
| സാപത്യം | മക്കളോടുകൂടെ |
| യഃ | യാതൊരുത്തൻ |
| തത്യാജ | ഉപേക്ഷിക്കയുണ്ടായോ, |
| മഹാഭാഗവതഃ | ആ പരമഭക്തനും |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| ഐകാന്തികഃ | ഉററവനായ |
| സുഹൃത് | സുഹൃത്തും |
| മഹിത്വേ | മഹിമാവിഷയത്തിൽ |
| ദ്വൈപായനാത് | വേദവ്യാസരേക്കാൾ |
| അനവരഃ | ഒട്ടും കുറയാത്തവനും |
| തസ്യ | ആ മഹാമുനിയുടെ |
| ദേഹജഃ | ശരീരജാതനും |
| സർവ്വാത്മനാ | സർവ്വഭാവേന |

| | |
|---|---|
| കൃഷ്ണം | ശ്രീകൃഷ്ണനെത്തന്നെ |
| ശ്രിതഃ | ആശ്രയിച്ചവനും |
| തത്പരാൻ ച അപി | അവിടുത്തെ ഭക്തന്മാരെയുംകൂടി |
| അനുവ്രതഃ | അനുവർത്തിച്ചവനും |
| തീർത്ഥസേവയാ | പുണ്യസ്ഥലങ്ങളുടെ സന്ദർശനംകൊണ്ട് |
| വിരജാഃ | രജോമാലിന്യംവിട്ടവനമായ |
| ക്ഷത്താ | വിദുരർ |
| തത്ത്വവിത്തമം | തത്ത്വജ്ഞാനികളിൽ അഗ്രഗണ്യനായി |
| കുശാവർത്തേ | ഹരിദ്വാരത്തിൽ |
| ആസീനം | സ്ഥിതിചെയ്യുന്ന |
| മൈത്രേയം | മൈത്രേയമുനിയെ |
| ഉപഗമ്യ | സമീപിച്ച് |
| കിം | എന്തൊന്ന് |
| അന്വപൃച്ഛത് | പിന്നേയും ചോദിച്ചു? |

5 തയോഃ സംവദതോഃ സൂത പ്രവൃത്താ ഹ്യമലാഃ കഥാഃ
ആപോ ഗാംഗാ ഇവാഘഘ്നീർഹരേഃ പാദാംബുജാശ്രയാഃ

6 താ നഃ കീർത്തയ ഭദ്രം തേ കീർത്തന്യോദാരകർമ്മണഃ
രസജ്ഞഃ കോ നു തൃപ്യേത ഹരിലീലാമൃതം പിബൻ

| | |
|---|---|
| സൂത | അല്ലയോ സൂത! |
| തയോഃ | അവർ ഇരുവരും |
| സംവദതോഃ | സംവാദംചെയ്തുകൊണ്ടിരിക്കുമ്പോൾ, |

| | | | |
|---|---|---|---|
| കീർത്തന്യോ- ദാരകർമ്മണഃ | കീർത്തനാർഹങ്ങളായ ഉദാരകർമ്മങ്ങളോടുകൂടിയ | പ്രവൃത്താഃ ഹി | ഉണ്ടായിരിക്കുമല്ലോ |
| ഹരേഃ | ശ്രീഹരിയുടെ | താഃ നഃ | അവയെ ഞങ്ങൾക്ക് |
| പാദാംബുജാ- ശ്രയാഃ | തൃപ്പാദകമലത്തെ ആശ്രയിച്ചുള്ളവയും | കീർത്തയ | വിസ്തരിച്ചുതന്നാലും |
| ഗാംഗാഃ ആപഃ | ഗംഗയിലെ ജലം | തേ ഭദ്രം | അങ്ങേക്കു നന്മവരട്ടെ! |
| ഇവ | പോലെ | രസജ്ഞഃ | സൽകഥാരസം അറിയുന്ന |
| അഘഘ്നീഃ | പാപനാശകങ്ങളുമായ | കഃ നു | ഏതൊരുവനാണ് |
| അമലാഃ കഥാഃ | നിർമ്മല കഥകൾ | ഹരിലീലാമൃതം | കൃഷ്ണലീലാസുധയെ |
| | | പിബൻ | പാനംചെയ്തുകൊണ്ടു് |
| | | തൃപ്യേത | തൃപ്തിയടയുക? |

വ്യാസവചനം.

7 ഏവമുഗ്രശ്രവാഃ പൃഷ്ട ഋഷിഭിർന്നൈമിഷായനൈഃ
ഭഗവത്യർപ്പിതാധ്യാത്മസ്താനാഹ ശ്രൂയതാമിതി.

| | | | |
|---|---|---|---|
| നൈമിഷാ- യനൈഃ | നൈമിഷാരണ്യത്തിൽ വസിക്കുന്ന | ഭഗവതി | ഭഗവാങ്കൽ |
| ഋഷിഭിഃ | മുനികളാൽ | അർപ്പിതാധ്യാത്മഃ | ചേർക്കപ്പെട്ട അന്തഃകരണത്തോടുകൂടിയവനായിട്ടു് |
| ഏവം | ഇപ്രകാരം | താൻ ആഹ | അവരോടു പറഞ്ഞു— |
| പൃഷ്ടഃ | ചോദിക്കപ്പെട്ട | ശ്രൂയതാം | 'കേട്ടുകൊണ്ടാലും' |
| ഉഗ്രശ്രവാഃ | ഉഗ്രശ്രവസ്സെന്ന സൂതൻ | ഇതി | എന്നിങ്ങിനെ |

സൂത ഉവാച — സൂതൻ പറഞ്ഞു.

8
ഹരേർധൃതക്രോഡതനോഃ സ്വമായയാ
നിശമ്യ ഗോരുദ്ധരണം രസാതലാത്
ലീലാം ഹിരണ്യാക്ഷമവജ്ഞയാ ഹതം
സംജാതഹർഷോ മുനിമാഹ ഭാരതഃ

| | | | |
|---|---|---|---|
| സ്വമായയാ | തന്റെ മായാബലത്താൽ | അവജ്ഞയാ | നിസ്സാരഭാവത്തോടെ |
| ധൃതക്രോഡ- തനോഃ | വരാഹരൂപംധരിച്ചു് അവതരിച്ച | ഹതം | ഹനിക്കപ്പെട്ട |
| ഹരേഃ | വിഷ്ണുഭഗവാന്റെ | ഹിരണ്യാക്ഷം | ഹിരണ്യാക്ഷനെയും കുറിച്ചു് |
| രസാതലാത് | പാതാളത്തിൽനിന്നുള്ള | നിശമ്യ | കേട്ടിട്ടു് |
| ഗോഃ | ഭൂമിയുടെ | സംജാതഹർഷഃ | സന്തോഷംപൂണ്ട |
| ഉദ്ധരണം | സമുദ്ധരണമാവുന്ന | ഭാരതഃ | വിദുരർ |
| ലീലാം | ലീലയേയും, | മുനിം ആഹ | മൈത്രേയനോടുപറഞ്ഞു |

വിദുര ഉവാച: വിദുരർ പറഞ്ഞു.

9 പ്രജാപതിപതിഃ സൃഷ്ട്വാ പ്രജാസർഗ്ഗേ പ്രജാപതീൻ
കിമാരഭത മേ ബ്രഹ്മൻ പ്രബ്രൂഹ്യവ്യക്തമാർഗ്ഗവിത്

| | | | |
|---|---|---|---|
| പ്രജാപതിപതിഃ | പ്രജാപതിമാരുടെ കുലകൂടസ്ഥനായ ബ്രഹ്മദേവൻ | കിം ആരഭത | എന്തുചെയ്തു? |
| പ്രജാസർഗ്ഗേ | പ്രജകളുടെ സൃഷ്ടിനിർവ്വഹണത്തിന്ന് | ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ! |
| പ്രജാപതീൻ | മരീച്യാദി പ്രജാപതിമാരെ | അവ്യക്ത-മാർഗ്ഗവിത് | അവ്യക്തതത്ത്വവേത്താവായ അങ്ങുന്ന് |
| സൃഷ്ട്വാ | സൃഷ്ടിച്ചതിൽപ്പിന്നെ | മേ | എനിക്ക് |
| | | പ്രബ്രൂഹി | വ്യക്തമായി പറഞ്ഞുതന്നാലും |

10 യേ മരീച്യാദയോ വിപ്രാ യസ്തു സ്വായംഭുവോ മനുഃ
തേ വൈ ബ്രഹ്മണ ആദേശാത് കഥമേതദഭാവയൻ

| | | | |
|---|---|---|---|
| മരീച്യാദയഃ | മരീചി മുതലായ | തേ വൈ | അവരെല്ലാംതന്നെ |
| വിപ്രാഃ | ബ്രാഹ്മണർ | ബ്രഹ്മണഃ | ബ്രഹ്മാവിന്റെ |
| യേ | യാതൊരുവരോ, | ആദേശാത് | നിർദ്ദേശപ്രകാരം |
| സ്വായംഭുവഃ | സ്വായംഭുവൻ എന്ന | ഏതത് | ഈ ലോകത്തെ |
| മനുഃ യഃ തു | മനു യാതൊരാളോ, | കഥം | ഏതുവിധം |
| | | അഭാവയൻ | പ്രപഞ്ചനം ചെയ്തു? |

11 സദ്വിതീയാഃ കിമസൃജൻ സ്വതന്ത്രാ ഉത കർമ്മസു
ആഹോസ്വിത് സംഹതാഃ സർവ്വ ഇദം സ്മ സമകല്പയൻ

| | | | |
|---|---|---|---|
| സദ്വിതീയാഃ | ഭാര്യാസഹിതരായിട്ട് | സ്വതന്ത്രാഃ | സ്വതന്ത്രരായിട്ടോ? |
| ഇദം സ്മ | ഈ ജഗത്തിനെ | ആഹോസ്വിത് | അതുമല്ല, |
| അസൃജൻ കിം | അവർ സൃഷ്ടിച്ചതാണോ? | സർവ്വേ | എല്ലാവരും |
| ഉത | അതല്ലാ, | സംഹതാഃ | ഒന്നിച്ചുചേർന്നുകൊണ്ട് |
| കർമ്മസു | പ്രവൃത്തികളിൽ | സമകല്പയൻ | നിർമ്മിച്ചുവോ ? |

വിദുരരുടെ ചോദ്യങ്ങൾക്ക് മൈത്രേയമുനി യഥാക്രമം ഉത്തരം പറഞ്ഞുതുടങ്ങുന്നു. "പ്രജാപതിമാരെ സൃഷ്ടിച്ചതിൽപ്പിന്നെ ബ്രഹ്മാവ് എന്തുചെയ്തു?" എന്ന ആദ്യത്തെ ചോദ്യത്തിന്ന് യക്ഷാദികളെ സൃഷ്ടിച്ചുവെന്ന് ഉത്തരംപറവാൻ ഭാവിച്ചുകൊണ്ട് അതിനുമുമ്പുള്ളതും പറഞ്ഞുകഴിഞ്ഞതുമായ സൃഷ്ടിക്രമത്തെ തുടക്കത്തിൽ 7 ശ്ലോകത്താൽ ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നു. മന്വാദികളെക്കുറിച്ചുള്ള ചോദ്യത്തിന്റെ ഉത്തരം അടുത്ത അധ്യായത്തിലേ വരുന്നുള്ളൂ.

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു.

12 ദൈവേന ദുർവിതർക്ക്യേണ പരേണാനിമിഷേണ ച
ജാതക്ഷോഭാദ് ഭഗവതോ മഹാനാസീദ് ഗുണത്രയാത്.

| | |
|---|---|
| ദുർവിതർക്ക്യേണ | ദുരൂഹമായ |
| ദൈവേന | ജീവാദൃഷ്ടത്താലും, |
| പരേണ | പ്രകൃതിയുടെ അധിഷ്ഠാതാവായ പുരുഷനാലും, |
| അനിമിഷേണ ച | കാലശക്തിയാലും, |
| ഭഗവതഃ | നിർവ്വികാരതത്വമായ ഈശ്വരങ്കൽനിന്നു് |
| ജാത-ക്ഷോഭാത് | വികാരവിക്ഷോഭം സംഭവിച്ചതായ |
| ഗുണത്രയാത് | സത്വാദിഗുണത്രയയുക്തമായുള്ള അവ്യക്തത്തിൽനിന്നു് |
| മഹാൻ | മഹത്തത്വം |
| ആസീത് | വ്യക്തീഭവിച്ചു. |

13 രജഃപ്രധാനാന്മഹതസ്ത്രിലിംഗോ ദൈവചോദിതാത്
ജാതഃ സസർജ്ജ ഭൂതാദിർവിയദാദീനി പഞ്ചശഃ

| | |
|---|---|
| ദൈവ-ചോദിതാത് | ഈശ്വരശക്തിയാൽ ഉത്തേജിതമായി |
| രജഃപ്രധാനാത്, | രജോഗുണപ്രധാനമായി ഭവിച്ച |
| മഹതഃ | മഹത്തിൽനിന്നു് |
| ജാതഃ | ഉത്ഭവിച്ച |
| ത്രിലിംഗഃ | ത്രിഗുണാന്വിതമായ |
| ഭൂതാദിഃ | അഹംകാരതത്വം |
| വിയദാദീനി | ആകാശാദികളെ |
| പഞ്ചശഃ | അഞ്ചായിട്ടു് |
| സസർജ്ജ | സൃഷ്ടിച്ചു. |

14 താനി ചൈകൈകശഃ സ്രഷ്ടുമസമർത്ഥാനി ഭൗതികം
സംഹത്യ ദൈവയോഗേന ഹൈമമണ്ഡമവാസൃജത്.

| | |
|---|---|
| താനി ച | അവയും |
| ഏകൈകശഃ | ഒററക്കൊററയ്ക്കു് |
| സ്രഷ്ടും | സൃഷ്ടിനിർവ്വഹിക്കവാൻ |
| അസമർത്ഥാനി | അശക്തങ്ങളായിട്ടു്, |
| ദൈവയോഗേന | സർവ്വേശ്വരശക്തിയുടെ അന്തഃപ്രവേശത്താൽ |
| സംഹത്യ | സമ്മേളിച്ചു് |
| ഭൗതികം | ഭൂതവികാരാത്മകവും |
| ഹൈമം | സുവർണ്ണാഭവുമായ |
| അണ്ഡം | അണ്ഡകോശത്തെ |
| അവാസൃജത് | സൃഷ്ടിച്ചു. |

15 സോഽശയിഷ്ടാബ്ധിസലിലേ ആണ്ഡകോശോ നിരാത്മകഃ
സാഗ്രം വൈ വർഷസാഹസ്രമന്വവാത്സീത്തമീശ്വരഃ

| | |
|---|---|
| സഃ ആണ്ഡകോശഃ | ആ ബ്രഹ്മാണ്ഡകോശം |
| സാഗ്രം വർഷ-സാഹസ്രം | ആയിരം വത്സരത്തിൽ അധികം കാലം |
| അബ്ധിസലിലേ | സമുദ്രജലത്തിൽ |
| നിരാത്മകഃ | അചേതനമായിട്ടു് |
| അശയിഷ്ട വൈ | കിടന്നപോലും |
| ഈശ്വരഃ | ഈശ്വരൻ |
| തം | അതിനെ |
| അന്വവാത്സീത് | പിന്നെ അധിഷ്ഠാനം ചെയ്തു |

16 തസ്യ നാഭേരഭൂത്പദ്മം സഹസ്രാർക്കോരുദീധിതി
സർവ്വജീവനികായൗകോ യത്ര സ്വയമഭൂത്സ്വരാട്.

| | | | |
|---|---|---|---|
| തസ്യ | അണ്ഡത്തെ അധിഷ്ഠാനം ചെയ്ത ആ ആദി നാരായണന്റെ | സർവ്വജീവനികായൌകഃ | സമസ്തജീവരാശിയുടെ ആവിസകേന്ദ്രമായിരിക്കുന്നതുമായ |
| | | പദ്മം | താമരപ്പൂവുണ്ടായി |
| നാഭേഃ | പൊക്കിളിൽനിന്നു് | യത്ര | യാതൊന്നിൽ |
| സഹസ്രാർക്കോരുദീധിതി | ആയിരം ആദിത്യന്മാർക്കൊത്ത കാന്തിയെഴുന്നതും | സ്വരാട് | ബ്രഹ്മദേവൻ |
| | | സ്വയം | താനായിട്ടു് |
| | | അഭൂത് | ആവിർഭവിച്ചു. |

17 സോഽനുവിഷ്ടോ ഭഗവതാ യഃ ശേതേ സലിലാശയേ
ലോകസംസ്ഥാം യഥാപൂർവ്വം നിർമ്മമേ സംസ്ഥയാ സ്വയാ

| | | | |
|---|---|---|---|
| സലിലാശയേ | ഗർഭോദകാന്തരത്തിൽ | സ്വയാ | സ്വാഭാവികമായ |
| യഃ | യാതൊരുവൻ | സംസ്ഥയാ | നാമരൂപവ്യവസ്ഥയോടെ |
| ശേതേ | ശയിച്ചിരുന്നുവോ | യഥാപൂർവ്വം | പൂർവ്വകല്പത്തിൽ ചെയ്തപോലെ |
| ഭഗവതാ | ആ നാരായണമൂർത്തിയാൽ | | |
| അനുവിഷ്ടഃ | അനുപ്രവിഷ്ടനായ | ലോകസംസ്ഥാം | ലോകവ്യവസ്ഥയെ |
| സഃ | ബ്രഹ്മദേവൻ | നിർമ്മമേ | വിരചിച്ചു. |

18 സസർജ്ജ ച്ഛായയാഽവിദ്യാം പഞ്ചപർവ്വാണമഗ്രതഃ
താമിസ്രമന്ധതാമിസ്രം തമോ മോഹോ മഹാതമഃ

| | | | |
|---|---|---|---|
| തമഃ | ആത്മബോധമില്ലായ്മ, | പഞ്ചപർവ്വാണം | അഞ്ചുവിഭാഗമുള്ള |
| മോഹഃ | ദേഹാദികളിൽ അഹംബുദ്ധി, | അവിദ്യാം | അവിദ്യാവൃത്തിയെ |
| മഹാതമഃ | ഭോഗേച്ഛ, | ഛായയാ | തന്റെ നിഴലുകൊണ്ടു് (അവബുദ്ധികൊണ്ടു്) |
| താമിസ്രം | ക്രോധം, | അഗ്രതഃ | ആദ്യമായിട്ടു് |
| അന്ധതാമിസ്രം | മരണചിന്ത എന്നീ | സസർജ്ജ | സൃഷ്ടിച്ചു. |

ഇനി പൂർവ്വോക്തമല്ലാത്ത ചില അസാധാരണ സൃഷ്ടികളുടെ ചരിത്രം പറഞ്ഞുതുടങ്ങുന്നു.

19 വിസസർജ്ജാത്മനഃ കായം നാഭിനന്ദംസ്തമോമയം
ജഗൃഹുര്യക്ഷരക്ഷാംസി രാത്രിം ക്ഷുത്തൃട്സമുദ്ഭവാം

| | | | |
|---|---|---|---|
| തമോമയം | അവബുദ്ധിയായ അന്ധകാരം ഉൾക്കൊണ്ട | രാത്രിം | രാത്രിയായിട്ടു് ഉരുത്തിരിഞ്ഞ ആ തമോമയ ശരീരത്തെ |
| ആത്മനഃ കായം | തന്റെ ശരീരത്തെ | | |
| ന അഭിനന്ദൻ | അഭിനന്ദിക്കാതെ | യക്ഷരക്ഷാംസി | അതിൽനിന്നുണ്ടായ യക്ഷന്മാരും രക്ഷസ്സുകളും |
| വിസസർജ്ജ | ബ്രഹ്മാവു് ഉപേക്ഷിച്ചു | | |
| ക്ഷുത്തൃട്സമുദ്ഭവാം | പൈദാഹങ്ങളുടെ ഉത്പത്തിക്കു് ആധാരമായ | ജഗൃഹുഃ | സ്വീകരിച്ചു. |

20 ക്ഷുത്തൃഡ്ഭ്യാമുപസൃഷ്ടാസ്തേ തം ജഗ്ധുമഭിദ്രുവുഃ
മാ രക്ഷതൈനം ജക്ഷധ്വമിത്യൂചുഃ ക്ഷുത്തൃഡാർദ്ദിതാഃ

| | | | |
|---|---|---|---|
| ക്ഷുത്തൃഡ്ഭ്യാം | പൈദാഹങ്ങളാൽ | മാ രക്ഷത | വിട്ടുകളയരുത്; |
| ഉപസൃഷ്ടാഃ | സംബാധിതരായ | ജക്ഷധ്വം | പിടിച്ചുതിന്നുവിൻ" |
| തേ | അവർ | ഇതി | എന്നിങ്ങനെ |
| തം | ആ ബ്രഹ്മാവിനെ | ക്ഷുത്തൃഡാർദ്ദിതാഃ | പൈദാഹത്താൽ പീഡിതരായിട്ട് |
| ജഗ്ധും | പിടിച്ചുതിന്നുവാൻ | ഊചുഃ | പറഞ്ഞുതുടങ്ങി. |
| അഭിദ്രുവുഃ | പാഞ്ഞണഞ്ഞു | | |
| ഏനം | "ഇവനെ | | |

21 ദേവസ്താനാഹ സംവിഗ്നോ മാ മാം ജക്ഷത രക്ഷത.
അഹോ മേ യക്ഷരക്ഷാംസി പ്രജാ യൂയം ബഭൂവിഥ

| | | | |
|---|---|---|---|
| ദേവഃ | ബ്രഹ്മദേവൻ | അഹോ | അയ്യോ കഷ്ടം! |
| സംവിഗ്നഃ | സംഭ്രാന്തനായിട്ട് | യക്ഷരക്ഷാംസി | യക്ഷന്മാരും രക്ഷസ്സുകളും ആയിട്ടുള്ളവരെ! * |
| താൻ ആഹ | അവരോട്പറഞ്ഞു. | യൂയം മേ | നിങ്ങൾ എന്റെ |
| മാം | "എന്നെ | പ്രജാഃ | സന്താനങ്ങളായി |
| മാ ജക്ഷത | ഭക്ഷിക്കരുത്; | ബഭൂവിഥ | ഭവിച്ചുവല്ലോ" |
| രക്ഷത | രക്ഷിക്കുവിൻ | | |

* "മാ രക്ഷത" എന്നുപറഞ്ഞവരെ രക്ഷസ്സുകളെന്നും "ജക്ഷത" എന്നു പറഞ്ഞവരെ യക്ഷന്മാരെന്നും വ്യവഹരിക്കുന്നു.

22 ദേവതാഃ പ്രഭയാ യാ യാ ദീവ്യൻ പ്രമുഖതോഽസൃജത്
തേഽഹാരഷുർദ്ദേവയന്തോ വിസൃഷ്ടാം താം പ്രഭാമഹഃ

| | | | |
|---|---|---|---|
| പ്രഭയാ | സത്വഗുണപ്രകാശത്താൽ | തേ | അവർ |
| ദീവ്യൻ | പ്രകാശമാനനായിഭവിച്ച ബ്രഹ്മാവ് | ദേവയന്തഃ | വിഹരിച്ചുകൊണ്ട് |
| യാഃ യാഃ | ഏതേതു് | വിസൃഷ്ടാം | ബ്രഹ്മാവിനാൽ ഉപേക്ഷിക്കപ്പെട്ട |
| ദേവതാഃ | ദേവകളെ | താം പ്രഭാം | ആ പ്രകാശത്തെ |
| പ്രമുഖതഃ | പ്രാമുഖ്യേന | അഹഃ | അഹസ്സായിട്ട് |
| അസൃജത് | സൃഷ്ടിച്ചുവോ, | അഹാരഷുഃ | അംഗീകരിച്ചു. |

23 ദേവോഽദേവാൻ ജഘനതഃ സൃജതി സ്മാതിലോലുപാൻ
ത ഏനം ലോലുപതയാ മൈഥുനായാഭിപേദിരേ.

| | | | |
|---|---|---|---|
| ദേവഃ | ബ്രഹ്മാവ് | അതിലോലുപാൻ | കാമലംപടന്മാരായ |
| ജഘനതഃ | തന്റെ ജഘനപ്രദേശത്തിൽനിന്ന് | അദേവാൻ | അസുരന്മാരെ |
| | | സൃജതി സ്മ | സൃഷ്ടിച്ചു. |

| | | | |
|---|---|---|---|
| തേ | അവർ | മൈഥുനായ | സംഭോഗത്തിനായി |
| ലോലുപതയാ | കാമചാപല്യംനിമിത്തം | | |
| ഏനം | ഈ ബ്രഹ്മാവിനെത്തന്നെ | അഭിപേദിരേ | അഭിഗമിച്ചു. |

24 തതോ ഹസൻ സ ഭഗവാനസുരൈർനിരപത്രപൈഃ
അന്വീയമാനസ്തരസാ ക്രുദ്ധോ ഭീതഃ പരാപതത്

| | | | |
|---|---|---|---|
| തതഃ | തന്നിമിത്തം | അന്വീയമാനഃ | പിൻതുടരപ്പെട്ട് |
| ഹസൻ | ചിരിച്ചുകൊണ്ടുള്ള | ക്രുദ്ധഃ | കോപിച്ചുകൊണ്ടും |
| സഃ ഭഗവാൻ | ആ ബ്രഹ്മദേവൻ | ഭീതഃ | ഭയന്നുകൊണ്ടും |
| നിരപത്രപൈഃ | നിർല്ലജ്ജന്മാരായ | തരസാ | അതിവേഗത്തിൽ |
| അസുരൈഃ | അസുരന്മാരാൽ | പരാപതത് | പലായനംചെയ്തു |

25 സ ഉപവ്രജ്യ വരദം പ്രപന്നാർത്തിഹരം ഹരിം
അനുഗ്രഹായ ഭക്താനാമനുരൂപാത്മദർശനം

| | | | |
|---|---|---|---|
| സഃ | ആ ബ്രഹ്മദേവൻ | അനുരൂപാത്മദർശനം | അനുസൃതമായ രൂപത്തെ പ്രദർശിപ്പിക്കുന്നവനും |
| പ്രപന്നാർത്തിഹരം | ശരണാഗതന്മാരുടെ താപത്തെ അകററുന്നവനും | വരദം | അഭീഷ്ടദാതാവുമായ |
| ഭക്താനാം | ഭക്തജനങ്ങളുടെ | ഹരിം | മഹാവിഷ്ണുവിനെ |
| അനുഗ്രഹായ | അനുഗ്രഹത്തിന് | ഉപവ്രജ്യ | ചെന്നുകണ്ടിട്ട് — |

26 പാഹി മാം പരമാത്മംസ്തേ പ്രേഷണേനാസൃജം പ്രജാഃ
താ ഇമാ യഭിതും പാപാ ഉപാക്രാമന്തി മാം പ്രഭോ

| | | | |
|---|---|---|---|
| പരമാത്മൻ | "പരബ്രഹ്മമൂർത്തേ! | പ്രഭോ | ഹേ സർവ്വശക്ത! |
| മാം പാഹി | എന്നെ രക്ഷിക്കണേ! | താഃ പാപാഃ | ആ പാപികളായ |
| തേ | നിന്തിരുവടിയുടെ | ഇമാഃ മാം | ഇവർ എന്നെ |
| പ്രേഷണേന | നിയോഗത്താൽ | യഭിതും | മൈഥുനംചെയ്യുവാൻ |
| പ്രജാഃ | പ്രജകളെ | ഉപാക്രാമന്തി | അണഞ്ഞുകൂടുന്നു. |
| അസൃജം | ഞാൻ സൃഷ്ടിച്ചു. | | |

27 ത്വമേകഃ കില ലോകാനാം ക്ലിഷ്ടാനാം ക്ലേശനാശനഃ
ത്വമേകഃ ക്ലേശദസ്തേഷാമനാസന്നപദാം തവ.

| | | | |
|---|---|---|---|
| ക്ലിഷ്ടാനാം | ക്ലേശിക്കുന്ന | തവ | നിന്തിരുവടിയുടെ |
| ലോകാനാം | ലോകരുടെ | അനാസന്നപദാം | തൃപ്പാദത്തെ ആശ്രയിക്കാത്തയിരിക്കുന്ന |
| ക്ലേശനാശനഃ | ക്ലേശമകററുന്നവൻ | തേഷാം | അവക്ക് |
| ത്വം | നിന്തിരുവടി | ക്ലേശദഃ | ക്ലേശമേകുന്നവനും |
| ഏകഃ കില | ഒരാറം ആണല്ലോ | ത്വം ഏകഃ | നിന്തിരുവടിതന്നെ" |

28 സോഽവധാര്യാസ്യ കാർപ്പണ്യം വിവിക്താദ്ധ്യാത്മദർശനഃ
വിമുഞ്ചാത്മതനും ഘോരാമിത്യുക്തോ വിമുമോച ഹ.

| | | | |
|---|---|---|---|
| വിവിക്താദ്ധ്യാത്മദർശനഃ | സുവ്യക്തമായി അന്യന്റെ വിചാരം തന്നുള്ളിൽ കാണുന്ന | അവധാര്യ | അവധാരണംചെയ്തു, |
| സഃ | ആ വിഷ്ണുഭഗവാൻ | ഘോരാം | 'കാമകശ്മലമായ |
| അസ്യ | ഈ വിധം പ്രാർത്ഥിച്ചു നില്ക്കുന്ന ബ്രഹ്മാവിന്റെ | ആത്മതനും | 'സ്വശരീരത്തെ |
| കാർപ്പണ്യം | ദീനഭാവത്തെ | വിമുഞ്ച | ഉപേക്ഷിക്കുക" (എന്നു ഉപദേശിച്ചു.) |
| | | ഇതി ഉക്തഃ | ഇപ്രകാരം ഉപദിഷ്ടനായ ബ്രഹ്മാവു |
| | | വിമുമോച ഹ | ഉപേക്ഷിക്കയുംചെയ്തു. |

'ബ്രഹ്മാവു ശരീരം ഉപേക്ഷിച്ചു' എന്നു പറയുന്നിടത്തെല്ലാം അതാതു മനോഭാവത്തെ ഉപേക്ഷിച്ചു എന്നു മാത്രമാണു വിവക്ഷിതാർത്ഥം. വിഷ്ണുവിന്റെ ഉപദേശത്താൽ ബ്രഹ്മാവു പരിത്യജിച്ച കാമകശ്മലമനോഭാവം സായംസന്ധ്യയായി പരിണമിച്ചു. 'സാഹോരാത്രയോഃ സന്ധിരഭവത്" എന്ന വേദവചനം ഇതിന്നു പ്രമാണമാകുന്നു സന്ധ്യയാകട്ടെ കാമോദ്രേകവേളയും അസുരർ രാജസസ്വഭാവംകൊണ്ടു സ്ത്രീലമ്പടന്മാരുമാകയാൽ സന്ധ്യയെത്തന്നെ സ്ത്രീരൂപേണ വിഭാവനംചെയ്തു അവർ മോഹിച്ചുപോയെന്നു താഴെ പറയുന്നു.

29 താം ക്വണച്ചരണാംഭോജാം മദവിഹ്വലലോചനാം
കാഞ്ചീകലാപവിലസദ്ദുകൂലച്ഛന്നരോധസം.

30 അന്യോന്യശ്ലേഷയോത്തുംഗനിരന്തരപയോധരാം
സുനാസാം സുദ്വിജാം സ്നിഗ്ദ്ധഹാസലീലാവലോകനാം

31 ഗ്ലഹന്തീം ക്രീഡയാത്മാനം നീലാളകവരൂഥിനീം
ഉപലഭ്യാസുരാ ധർമ്മ സർവ്വേ സമ്മുമുഹുഃ സ്ത്രിയം

| | | | |
|---|---|---|---|
| ക്വണച്ചരണാംഭോജാം | തളക്കിലുക്കംചേൎന്ന പാദപത്മത്തോടും | ഉത്തുംഗനിരന്തരപയോധരാം | തിങ്ങിപ്പൊങ്ങിനില്ക്കുന്ന സ്തനഭാരത്തോടും |
| മദവിഹ്വലലോചനാം | മദാലസമായ കണ്ണുകളോടും | സുനാസാം | അഴകാൎന്ന നാസികയോടും |
| കാഞ്ചീകലാപവിലസദ്ദുകൂലച്ഛന്നരോധസം | അരഞ്ഞാൺകൊണ്ടു പരിലസത്തായ പട്ടുടയാൽ മറയ്ക്കപ്പെട്ട അരക്കെട്ടോടും | സുദ്വിജാം | ചന്തമുള്ള പല്ലുകളോടും |
| | | സ്നിഗ്ദ്ധഹാസലീലാവലോകനാം | മന്ദഹാസത്തോടും കളിനോട്ടത്തോടും |
| അന്യോന്യശ്ലേഷയാ | ഒന്നു മറ്റേതിനോടു തിക്കിത്തിരക്കുകയാൽ | നീലാളകവരൂഥിനീം | കറുത്ത കുറുനിരച്ചാർത്തോടുംകൂടിയവളായി |

| | | | |
|---|---|---|---|
| വ്രീഡയാ | നാണംകൊണ്ടുള്ളലോടെ | താം ഉപലഭ്യ | ആ സന്ധ്യയെ കണ്ടു്, |
| ആത്മാനം | തന്നുടലിനെ | ധർമ്മ | ധർമ്മദേവാവതാരമായ വിദുര! |
| ഗൂഹന്തീം | ഉടയാടത്തുമ്പാൽ മറച്ചുകൊണ്ടിരിക്കുന്ന | സർവ്വേ അസുരാഃ | എല്ലാ അസുരന്മാരും |
| സ്ത്രിയം | സ്ത്രീരൂപിണിയായിട്ടു് | സമ്മുമുഹുഃ | സമ്മോഹിച്ചു. |

അസുരന്മാരുടെ സമ്മോഹത്തെ താഴെ വിവരിക്കുന്നു—

32 അഹോ രൂപമഹോ ധൈര്യമഹോ അസ്യാ നവം വയഃ
മദ്ധ്യേ കാമയമാനാനാമകാമേവ വിസർപ്പതി

| | | | |
|---|---|---|---|
| അസ്യാഃ രൂപം | ഇവളുടെ രൂപം | അഹോ | അത്ഭുതം! |
| അഹോ | ആശ്ചര്യകരം! | കാമയമാനാനാം | കാമിക്കുന്ന നമ്മുടെ |
| നവം വയഃ | പുതുമയുള്ള പ്രായം | മദ്ധ്യേ | ഇടയിൽ |
| അഹോ | ആശ്ചര്യകരം! | അകാമാ ഇവ | കാമമില്ലാത്തവളെപ്പോലെ |
| ധൈര്യം | മനസ്സൊതുക്കം | വിസർപ്പതി | സഞ്ചരിക്കുന്നു. |

33 വിതർക്കയന്തോ ബഹുധാ താം സന്ധ്യാം പ്രമദാകൃതിം
അഭിസംഭാവ്യ വിസ്രംഭാത് പര്യപൃച്ഛൻ കുമേധസഃ

| | | | |
|---|---|---|---|
| കുമേധസഃ | ദുർബുദ്ധികളായ അസുരന്മാർ | ബഹുധാ | പലമട്ടിൽ |
| പ്രമദാകൃതിം | പ്രൌഢയുവതിയുടെ ആകൃതിപൂണ്ട | വിതർക്കയന്തഃ | അഭ്യൂഹിച്ചുകൊണ്ടു് |
| | | വിസ്രംഭാത് | പ്രണയത്താൽ |
| | | അഭിസംഭാവ്യ | സമാദരിച്ചു് |
| താം സന്ധ്യാം | ആ സന്ധ്യാദേവിയെ | പര്യപൃച്ഛൻ | ചോദിച്ചു. |

34 കാസി കസ്യാസി രംഭോരു കോ വാർത്ഥസ്തേഽത്ര ഭാമിനി
രൂപദ്രവിണപണ്യേന ദുർഭഗാന്നോ വിബാധസേ.

| | | | |
|---|---|---|---|
| രംഭോരു | ഹേ മോഹനാംഗി! | രൂപദ്രവിണ-പണ്യേന | സൌന്ദര്യസമ്പത്താവുന്ന വില്പനച്ചരക്കുകൊണ്ടു് |
| കാ അസി | നീ ആരാണു്! | | |
| കസ്യ അസി | ആരുടെ മകളാണു്? | ദുർഭഗാൻ | ഭാഗ്യഹീനരായ |
| തേ അത്ര | നിനക്കു് ഇവിടെ | നഃ | ഞങ്ങളെ |
| കഃ വാ അർത്ഥഃ | എന്തുകാര്യമുണ്ടു്? | | |
| ഭാമിനി | അല്ലയോ കോപനേ! | വിബാധസേ | നീ ശല്യപ്പെടുത്തുന്നു. |

35 യാ വാ കാചിത്ത്വമബലേ ദിഷ്ട്യാ സന്ദർശനം തവ
ഉത്സുനോഷീക്ഷമാണാനാം കന്ദുകക്രീഡയാ മനഃ

| | |
|---|---|
| അബലേ | മൃദുഗാത്രി! |
| ത്വം യാ വാ കാചിത് | നീ ഏതോ ഒരുവളായിരുന്നോട്ടെ! |
| തവ | നിന്റെ |
| സന്ദർശനം | സന്ദർശനം |
| ദിഷ്ട്യാ | ഭാഗ്യവശാൽ കിട്ടി. |
| കന്ദുകക്രീഡയാ | പന്താട്ടംകൊണ്ട് |
| ഈക്ഷമാണാനാം | കാണികളുടെ |
| മനഃ | ഉൾത്തടത്തെ |
| ഉത്സംനോഷി | നീ കലക്കിമറിക്കുന്നു. |

36 നൈകത്ര തേ ജയതി ശാലിനി പാദപത്മം
ഘ്നന്ത്യാ മുഹുഃ കരതലേന പതത്പതംഗം
മദ്ധ്യം വിഷീദതി ബൃഹത്സ്തനഭാരഭീതം
ശാന്തേവ ദൃഷ്ടിരമലാ സുശിഖാസമൂഹഃ

| | |
|---|---|
| ശാലിനി | അല്ലയോ ശ്ലാഘനീയേ! |
| മുഹുഃ | വീണ്ടും വീണ്ടും |
| പതത്പതംഗം | പൊന്തുന്ന പന്തിനെ |
| കരതലേന | കൈത്തലംകൊണ്ട് |
| ഘ്നന്ത്യാഃ | അടിച്ചുതാഴ്ത്തുന്ന |
| തേ | ഭവതിയുടെ |
| പാദപദ്മം | ചേവടിച്ചെന്താര് |
| ഏകത്ര | ഒരിടത്തും |
| ന ജയതി | ഉറച്ചുനില്ക്കുന്നില്ല. |
| ബൃഹത്സ്തനഭാരഭീതം | കനത്ത കൊങ്കച്ചുമട്ട താങ്ങുവാൻ ഭയന്നിട്ട് |
| മദ്ധ്യം | അരക്കെട്ട് |
| വിഷീദതി | തളരുന്നു. |
| അമലാ ദൃഷ്ടിഃ | തെളിമയുള്ള കണ്ണ് |
| ശാന്താ ഇവ | അലസമെന്നപോലെ ഇരിക്കുന്നു |
| സുശിഖാസമൂഹഃ | ഹാ! ഭവതിയുടെ അഴകുററ കുന്തളഭാരം! |

സന്ധ്യയെ സ്ത്രീരൂപമാക്കി അദ്ധ്യവസായംചെയ്തുകൊണ്ടുള്ള ഈ പ്രതീകാത്മക വർണ്ണനയിൽ അസ്തമയസൂര്യൻ പന്തിന്റെയും വിച്ഛിന്നമേഘനിര അരക്കെട്ടിന്റെയും നക്ഷത്രങ്ങൾ നേത്രത്തിന്റെയും ഇരുട്ട് കുന്തളഭാരത്തിന്റെയും പ്രതീകങ്ങളാകുന്നു.

37 ഇതി സായന്തനീം സന്ധ്യാമസുരാഃ പ്രമദായതീം
പ്രലോഭയന്തീം ജഗൃഹുർമത്വാ മൂഢധിയഃ സ്ത്രിയം.

| | |
|---|---|
| ഇതി | ഇങ്ങനെ പറഞ്ഞുകൊണ്ട് |
| മൂഢധിയഃ | മൂഢബുദ്ധികളായ |
| അസുരാഃ | അസുരന്മാർ |
| പ്രമദായതീം | വികാരോദ്രേകമാർന്ന വനിതയെപ്പോലെയിരിക്കുന്ന |
| പ്രലോഭയന്തീം | മനോമോഹം ജനിപ്പിക്കുന്ന |
| സായന്തനീം | സായംകാലീനയായ |
| സന്ധ്യാം | സന്ധ്യയെ |
| സ്ത്രിയം മത്വാ | സ്ത്രീയെന്നു കരുതിയിട്ട് |
| ജഗൃഹുഃ | ഗ്രഹിച്ചു. |

38 പ്രഹസ്യ ഭാവഗംഭീരം ജിഘ്രന്ത്യാത്മാനമാത്മനാ
കാന്ത്യാ സസർജ്ജ ഭഗവാൻ ഗന്ധർവ്വാപ്സരസാം ഗണാൻ

| | | | |
|---|---|---|---|
| ഭഗവാൻ | ബ്രഹ്മാവ് | ജിഘ്രന്ത്യാ | മുകരുന്ന |
| ഭാവഗംഭീരം | ഹൃദയംഗമമായി | കാന്ത്യാ | സൌന്ദര്യശോഭയാൽ |
| പ്രഹസ്യ | ചിരിച്ച്, | ഗന്ധർവ്വാ- പ്സരസാം | ഗന്ധർവ്വന്മാരുടേയും അപ്സരസ്സുകളുടേയും |
| ആത്മാനം | തന്നെ | ഗണാൻ | ഗണങ്ങളെ |
| ആത്മനാ | തന്നാലേ | സസർജ്ജ | സൃഷ്ടിച്ചു. |

39 വിസസർജ്ജ തനും താം വൈ ജ്യോത്സ്നാം കാന്തിമതീം പ്രിയാം
ത ഏവ ചാദദുഃ പ്രീത്യാ വിശ്വാവസുപുരോഗമാഃ

| | | | |
|---|---|---|---|
| കാന്തിമതീം | സൌന്ദര്യശോഭയുള്ളതും | വിശ്വാവസു- പുരോഗമാഃ | വിശ്വാവസു മുതലായിട്ടുള്ള |
| പ്രിയാം | പ്രേമം ചേർന്നതും | തേ ഏവ ച | ആ ഗന്ധർവ്വന്മാർതന്നെ |
| ജ്യോത്സ്നാം | ചന്ദ്രികാരൂപംപൂണ്ടതുമായ | പ്രീത്യാ | പ്രീതിയോടെ |
| താം തനും വൈ | ആ ശരീരത്തേയും | ആദദുഃ | അതു സ്വീകരിച്ചു. |
| വിസസർജ്ജ | ഉപേക്ഷിച്ചു | | |

40 സൃഷ്ട്വാ ഭൂതപിശാചാംശ്ച ഭഗവാനാത്മതന്ദ്രിണാ
ദിഗ്വാസസോ മുക്തകേശാൻ വീക്ഷ്യ ചാമീലയദ്ദൃശൌ

| | | | |
|---|---|---|---|
| ഭഗവാൻ | ബ്രഹ്മാവ് | ദിഗ്വാസസഃ | ദിഗംബരന്മാരും |
| ആത്മതന്ദ്രിണാ | തന്റെ ആലസ്യംകൊണ്ട് | മുക്തകേശാൻ | മുടിയഴിച്ചിട്ടവരുമായ |
| ഭൂതപിശാചാൻ | ഭൂതങ്ങളേയും പിശാചങ്ങളേയും | വീക്ഷ്യ ച | കണ്ടിട്ട് [അവരെ |
| | | ദൃശൌ | കണ്ണുരണ്ടും |
| സൃഷ്ട്വാ ച | സൃഷ്ടിച്ചശേഷം, | അമീലയത് | അടച്ചു |

41 ജഗൃഹുസ്തദ്വിസൃഷ്ടാം താം ജൃംഭണാഖ്യാം തനും പ്രഭോഃ
നിദ്രാമിന്ദ്രിയവിക്ലേദോ യയാ ഭൂതേഷു ദൃശ്യതേ
യേനോച്ഛിഷ്ടാൻ ധർഷയന്തി തമുന്മാദം പ്രചക്ഷതേ.

| | | | |
|---|---|---|---|
| തദ്വിസൃഷ്ടാം | ബ്രഹ്മാവിനാൽ ഉപേക്ഷിക്കപ്പെട്ടതും | ഇന്ദ്രിയവിക്ലേദഃ | ഇന്ദ്രിയസ്രാവം |
| | | ദൃശ്യതേ | കാണപ്പെടുന്നുവോ, |
| ജൃംഭണാഖ്യാം | ജൃംഭണം (കോട്ടുവായ്) എന്നുപേരുള്ളതുമായ | നിദ്രാം | അതിനെ നിദ്രയെന്നും, |
| | | യേന | യാതൊരു ഇന്ദ്രിയസ്രാവംകൊണ്ട് |
| താം തനും | ആ ശരീരത്തെ | ഉച്ഛിഷ്ടാൻ | അശുചിയായുള്ളവരെ |
| പ്രഭോഃ | ബ്രഹ്മാവിൽനിന്ന് | ധർഷയന്തി | പിശാചും പേയും പിടിക്കുന്നുവോ, |
| ജഗൃഹുഃ | ഭൂതപിശാചങ്ങൾ ഗ്രഹിച്ചു | തം | അതിനെ |
| യയാ | യാതൊന്നിനാൽ | ഉന്മാദം | ഉന്മാദമെന്നും |
| ഭൂതേഷു | പ്രാണികളിൽ | പ്രചക്ഷതേ | പറഞ്ഞുവരുന്നു. |

ബ്രഹ്മസൃഷ്ടങ്ങളായ ഭൂതപിശാചഗണങ്ങളുടെ ചതുർവിധരൂപഭേദങ്ങളും പ്രാണികളിൽ തന്ദ്രി (ആലസ്യം), ജൃംഭണം (കോട്ടുവായ്), നിദ്ര, ഉന്മാദം എന്നിവയുടെ ഹേതുത്വേന വൎത്തിക്കുന്നു—എന്നാശയം.

42 ഊർജസ്വന്തം മന്യമാന ആത്മാനം ഭഗവാനജഃ
സാധ്യാൻ ഗണാൻ പിതൃഗണാൻ പരോക്ഷേണാസൃജത് പ്രഭുഃ

| | | | |
|---|---|---|---|
| പ്രഭുഃ | സൎവ്വശക്തനും | മന്യമാനഃ | ഭാവിച്ചുകൊണ്ട് |
| ഭഗവാൻ | സൎവ്വൈശ്വൎയ്യാദി ഗുണോപേതനുമായ | പരോക്ഷേണ | അദൃശ്യരൂപത്തോടെ |
| | | സാധ്യാൻ | സാധ്യന്മാരെന്ന |
| അജഃ | ബ്രഹ്മദേവൻ | ഗണാൻ | ദേവഗണങ്ങളേയും |
| ആത്മാനം | തന്നെ | പിതൃഗണാൻ | പിതൃഗണങ്ങളേയും |
| ഊർജസ്വന്തം | ബലവാനായി | അസൃജത് | സൃഷ്ടിച്ചു |

43 ത ആത്മസൎഗ്ഗം തം കായം പിതരഃ പ്രതിപേദിരേ
സാധ്യേഭ്യശ്ച പിതൃഭ്യശ്ച കവയോ യദ്വിതന്വതേ.

| | | | |
|---|---|---|---|
| തേ പിതരഃ | ആ പിതൃദേവന്മാർ | യത് | യാതൊന്നുകൊണ്ട് (ശരീരത്വം ഉള്ളതുകൊണ്ട്) |
| ആത്മസൎഗ്ഗം | തങ്ങളുടെ സൃഷ്ടിക്ക് ഉപാധിയായ | കവയഃ | കൎമ്മമാൎഗ്ഗനിഷ്ണാതന്മാർ |
| | | സാധ്യേഭ്യഃ ച | സാധ്യന്മാൎക്കും |
| തം കായം | ആ അദൃശ്യശരീരത്തെ | പിതൃഭ്യഃ ച | പിതൃക്കൾക്കും |
| പ്രതിപേദിരേ | പ്രാപിച്ചു. | വിതന്വതേ | ശ്രാദ്ധാദികളാൽ ഹവ്യകവ്യങ്ങളെ അൎപ്പിക്കുന്നു. |

44 സിദ്ധാൻ വിദ്യാധരാംശ്ചൈവ തിരോധാനേന സോഽസൃജത്
തേഭ്യോഽദദാത്തമാത്മാനമന്തൎദ്ധാനാഖ്യമദ്ഭുതം

| | | | |
|---|---|---|---|
| സഃ | ആ ബ്രഹ്മാവ് | അന്തൎദ്ധാനാഖ്യം | അന്തൎദ്ധാനം എന്നു പേരുള്ള |
| സിദ്ധാൻ | സിദ്ധദേവന്മാരേയും | | |
| വിദ്യാധരാൻ ച ഏവ | വിദ്യാധരന്മാർ എന്ന ദേവഗണങ്ങളേയും | അദ്ഭുതം | അദ്ഭുതകരമായ |
| | | തം ആത്മാനം | ആ ശരീരത്തെ |
| തിരോധാനേന | അന്തൎദ്ധാനശക്തികൊണ്ട് | തേഭ്യഃ | അവൎക്കായിട്ട് |
| അസൃജത് | സൃഷ്ടിച്ചു. | അദദാത് | കൊടുത്തു. |

45 സ കിന്നരാൻ കിംപുരുഷാൻ പ്രത്യാത്മ്യേനാസൃജത് പ്രഭുഃ
മാനയന്നാത്മനാത്മാനമാത്മാഭാസം വിലോകയൻ

| | | | |
|---|---|---|---|
| പ്രഭുഃ | സൎവ്വശക്തനായ | ആത്മാഭാസം | തന്റെ പ്രതിബിംബത്തെ |
| സഃ | ആ ബ്രഹ്മദേവൻ | വിലോകയൻ | നോക്കിക്കൊണ്ട്, |

| | | | |
|---|---|---|---|
| ആത്മാനം | തൻരൂപത്തെ | പ്രത്യാത്മ്യേന | തൻപ്രതിബിംബത്താൽ |
| ആത്മനാ | തൻഹൃദയത്താൽ | കിന്നരാൻ | കിന്നരന്മാരേയും |
| | | കിംപുരുഷാൻ | കിംപുരുഷന്മാരേയും |
| മാനയൻ | ബഹുമാനിച്ചുകൊണ്ടു് | അസൃജത് | സൃഷ്ടിച്ചു. |

46 തേ തു തജ്ജഗൃഹു രൂപം ത്യക്തം യത്പരമേഷ്ഠിനാ
മിഥുനീഭൂയ ഗായന്തസ്തമേവോഷസി കർമ്മഭിഃ

| | | | |
|---|---|---|---|
| തേ തു | അവരാകട്ടെ | മിഥുനീഭൂയ | അവർ ഇണപിരിയാത്ത സ്ത്രീപുരുഷന്മാരായിരുന്നുകൊണ്ടു്, |
| പരമേഷ്ഠിനാ | ബ്രഹ്മാവിനാൽ | | |
| ത്യക്തം | പരിത്യജിക്കപ്പെട്ട | ഉഷസി | പ്രഭാതവേളയിൽ |
| രൂപം യത് | രൂപം യാതൊന്നോ, | തം ഏവ | ആ സ്രഷ്ടാവിനെത്തന്നെ |
| തത് | അതിനെ | കർമ്മഭിഃ | അപദാനങ്ങൾകൊണ്ടു് |
| ജഗൃഹുഃ | ഗ്രഹിച്ചു. | ഗായന്തഃ | പാടിപ്പുകഴ്ത്തുന്നവരാണു് |

47 ദേഹേന വൈ ഭോഗവതാ ശയാനോ ബഹുചിന്തയാ
സർഗ്ഗേഽനുപചിതേ ക്രോധാദുത്സസർജ്ജ ഹ തദ്വപുഃ

| | | | |
|---|---|---|---|
| സർഗ്ഗേ | സൃഷ്ടിപ്രക്രിയ | ഭോഗവതാ | വിസ്താരമാർന്ന |
| അനുപചിതേ | പുരോഗമിക്കാതായപ്പോൾ, | ദേഹേന | ശരീരത്തോടെ |
| ക്രോധാത് | ഉണ്ടായ കോപത്താൽ | ശയാനഃ വൈ | കിടന്നുകൊണ്ടുതന്നെ |
| ബഹുചിന്തയാ | ബഹുവിധ വിചാരത്തോടുകൂടി | തദ്വപുഃ | ആ ശരീരത്തെയും |
| | | ഉത്സസർജ്ജ ഹ | വെടിഞ്ഞുപോൽ |

48 യേഽഹീയന്താമുതഃ കേശാ അഹയസ്തേംഗ ജജ്ഞിരേ
സർപ്പാഃ പ്രസർപ്പതഃ ക്രൂരാ നാഗാ ഭോഗോരുകന്ധരാഃ

| | | | |
|---|---|---|---|
| അംഗ | പ്രിയ വിദുര! | പ്രസർപ്പതഃ | പ്രസർപ്പണം (പ്രചലനം) ചെയ്യുന്ന ഈ ബ്രഹ്മശരീരത്തിൽ നിന്നുണ്ടായ |
| അമുതഃ | ഈ ശരീരത്തിൽനിന്നു് | | |
| യേ കേശാഃ | യാവചില തലനാരുകൾ | സർപ്പാഃ | സർപ്പജാതികൾ |
| അഹീയന്ത | കൊഴിഞ്ഞുവീണുവോ, | നാഗാഃ | അതിവേഗമുള്ളവയാകയാൽ നാഗങ്ങളെന്നു പേരുള്ളവയും * |
| തേ | അവ | | |
| അഹയഃ | അഹികൾ (പാമ്പുകൾ) ആയിട്ടു് | ക്രൂരാഃ | കോപസ്വഭാവികളും |
| ജജ്ഞിരേ | ജനിച്ചു. | ഭോഗോരു-കന്ധരാഃ | പത്തികൊണ്ടു് തടിച്ച കഴുത്തുള്ളവയും ആകുന്നു. |

* അഗാഃ ന ഭവന്തി ഇതി = നാഗാഃ

49 സ ആത്മാനം മന്യമാനഃ കൃതകൃത്യ ഇവാത്മഭൂഃ
തദാ മനൂൻ സസർജ്ജാന്തേ മനസാ ലോകഭാവനാൻ.

| | | | |
|---|---|---|---|
| സഃ ആത്മഭൂഃ | ആ ബ്രഹ്മദേവൻ | തദാ | അന്നേരത്തു് |
| കൃതകൃത്യഃ ഇവ | കൃതാർത്ഥനായെന്നവിധം | മനസാ | ആ മനോഭാവംകൊണ്ടു് |
| ആത്മാനം | തന്നെക്കുറിച്ചു് | ലോകഭാവനാൻ | ലോകപാലനക്ഷമന്മാ[രുള്ള |
| മന്യമാനഃ | മനനംചെയ്തുകൊണ്ടിരുന്നു് എപ്പോഴായിരുന്നുവോ, | മനൂൻ | മനുക്കളെ |
| | | അന്തേ | അവസാനമായി |
| | | സസർജ്ജ | സൃഷ്ടിച്ചു. |

50 തേഭ്യഃ സോ ഽസൃജത് സ്വീയം പുരം പുരുഷമാത്മവാൻ
താൻ ദൃഷ്ട്വാ യേ പുരാ സൃഷ്ടാഃ പ്രശശംസുഃ പ്രജാപതിം

| | | | |
|---|---|---|---|
| ആത്മവാൻ | സ്വയം പൂർണ്ണനായ | പുരാ | ഇതിനുമുമ്പു് |
| സഃ | ആ ബ്രഹ്മാവു് | സൃഷ്ടാഃ യേ | സൃഷ്ടിക്കപ്പെട്ടവർ |
| സ്വീയം | തന്റേതായ | താൻ ദൃഷ്ട്വാ | അവരെ കണ്ടിട്ടു് |
| പുരുഷം പുരം | പുരുഷാകാരദേഹം | പ്രജാപതിം | ബ്രഹ്മാവിനെ |
| തേഭ്യഃ | അവൎക്കു് (മനുക്കൾക്കു്) | പ്രശശംസുഃ | പ്രശംസിച്ചു. |
| അസൃജത് | കൊടുത്തു. | | |

51 അഹോ ഏതജ്ജഗത്സ്രഷ്ടഃ സുകൃതം ബത തേ കൃതം
പ്രതിഷ്ഠിതാഃ ക്രിയാ യസ്മിൻ സാകമന്നമദാമ ഹേ

| | | | |
|---|---|---|---|
| ഹേ ജഗത്സ്രഷ്ടഃ | 'ഹേ ലോകസ്രഷ്ടാവേ! | യസ്മിൻ | യാതൊരു ഈ സൃഷ്ടിയിങ്കൽ |
| അഹോ ബത | നന്നായി ! | ക്രിയാഃ | കൎമ്മാനുഷ്ഠാനങ്ങൾ |
| തേ ഏതത് | അങ്ങയാൽ ഇതു് | പ്രതിഷ്ഠിതാഃ | നിലനിൎത്തപ്പെട്ടിരിക്കുന്നു |
| കൃതം | ചെയ്യപ്പെട്ടതു് | സാകം | ഞങ്ങൾ ഒന്നിച്ചു് |
| | | അന്നം | ഹവിൎഭാഗത്തെ |
| സുകൃതം | നല്ല കൃത്യമാണു് | അദാമ | അനുഭവിച്ചുകൊള്ളാം'' |

52 തപസാ വിദ്യയാ യുക്തോ യോഗേന സുസമാധിനാ
ഋഷീനൃഷിർഹൃഷീകേശഃ സസർജ്ജാഭിമതാഃ പ്രജാഃ

| | | | |
|---|---|---|---|
| തപസാ | തപസ്സോടും | ഋഷിഃ | വേദമന്ത്രങ്ങളുടെ ദ്രഷ്ടാവായ ബ്രഹ്മദേവൻ |
| വിദ്യയാ | ഉപാസനയോടും | | |
| യോഗേന | യോഗാഭ്യാസത്തോടും | ഋഷീൻ | ഋഷിഗണങ്ങളാവുന്ന |
| സുസമാധിനാ | ഉറച്ച സമാധിയോടും | അഭിമതാഃ | ഇഷ്ടപ്പെട്ട |
| യുക്തഃ | കൂടിയവനായി, | പ്രജാഃ | പ്രജകളെ |
| ഹൃഷീകേശഃ | ജിതേന്ദ്രിയനുമായി ഭവിച്ചു് | സസർജ്ജ | സൃഷ്ടിച്ചു. |

53 തേഭ്യശ്ചൈകൈകശഃ സ്വസ്യ ദേഹസ്യാംശമദാദജഃ
യത്തത് സമാധിയോഗർദ്ധിതപോവിദ്യാവിരക്തിമത്

| | |
|---|---|
| അജഃ | ബ്രഹ്മാവ് |
| തേഭ്യഃ ച | ആ ഋഷിമാർക്കും |
| സ്വസ്യ | സ്വകീയമായ |
| ദേഹസ്യ | ശരീരത്തിന്റെ |
| സമാധിയോഗർദ്ധിതപോവിദ്യാവിരക്തിമത് | സമാധി, യോഗമുറകൾ, ഐശ്വര്യം തപസ്സ്, ഉപാസന വൈരാഗ്യം എന്നിവയോടുകൂടിയതു് |

| | |
|---|---|
| യത് തത് | യാതൊന്നോ, അതാവുന്ന |
| അംശം | അംശത്തെ |
| ഏകൈകശഃ | പ്രത്യേകംപ്രത്യേകമായി |
| അദാത് | കൊടുത്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
വിംശതിതമോ ഽദ്ധ്യായഃ.
ആദിതഃ ശ്ലോകാഃ 816 ഇരുപതാമദ്ധ്യായം കഴിഞ്ഞു.

## ഏകവിംശതിതമോഽദ്ധ്യായഃ = ഇരുപത്തൊന്നാമദ്ധ്യായം.

''ഏകവിംശേ തപോവിദ്യാതോഷിതേന തു വിഷ്ണുനാ
കർദ്ദമസ്യ മനോഃ പുത്ര്യാ വിവാഹഘടനോച്യതേ

### മനുവംശവർണ്ണനോപക്രമം.

(കർദ്ദമന്റെ തപസ്സും ഭഗവാന്റെ വരപ്രദാനവും)

വിദുര ഉവാച — വിദുരർ (മൈത്രേയമുനിയോടു്) ചോദിച്ചു :

1 സ്വായംഭുവസ്യ ച മനോർവംശഃ പരമസമ്മതഃ
കഥ്യതാം ഭഗവൻ യത്ര മൈഥുനേനൈധിരേ പ്രജാഃ

| | |
|---|---|
| ഭഗവൻ | സർവ്വജ്ഞനായ ഋഷേ! |
| സ്വായംഭുവസ്യ | ബ്രഹ്മപുത്രനായ സ്വായംഭുവൻ എന്ന |
| മനോഃ | മനുവിന്റെ |
| വംശഃ ച | വംശമാകട്ടെ |
| പരമസമ്മതഃ | എല്ലാററിലുംവെച്ചു് ശ്രേഷ്ഠമതമാകുന്നു |

| | |
|---|---|
| യത്ര | യാതൊരു വംശത്തിലാണു് |
| മൈഥുനേന | സ്ത്രീപുരുഷസംയോഗം കൊണ്ടു് |
| പ്രജാഃ | പ്രജകൾ |
| ഏധിരേ | പെരുകിവന്നതു് — |
| കഥ്യതാം | അതെല്ലാം പറഞ്ഞുതരണം |

2 പ്രിയവ്രതോത്താനപാദൌ സുതൌ സ്വായംഭുവസ്യ വൈ
യഥാധൎമ്മം ജുഗുപതുഃ സപ്തദ്വീപവതീം മഹീം

3 തസ്യ വൈ ദുഹിതാ ബ്രഹ്മൻ ദേവഹൂതീതി വിശ്രുതാ
പത്നീ പ്രജാപതേരുക്താ കൎദ്ദമസ്യ ത്വയാനഘ

4 തസ്യാം സ വൈ മഹായോഗീ യുക്തായാം യോഗലക്ഷണൈഃ
സസൎജ്ജ കതിധാ വീൎയ്യം തന്മേ ശുശ്രൂഷവേ വദ

| | |
|---|---|
| സ്വായംഭുവസ്യ | സ്വായംഭുവമനുവിന്റെ |
| സുതൌ | പുത്രന്മാരായ |
| പ്രിയവ്രതോ-ത്താനപാദൌ | പ്രിയവ്രതനും ഉത്താനപാദനും |
| സപ്തദ്വീപ-വതീം | ഏഴു ദ്വീപുകളോടു കൂടിയതായ |
| മഹീം വൈ | ഭൂമണ്ഡലത്തെ ആകെ |
| യഥാധൎമ്മം | മുറപ്രകാരം |
| ജുഗുപതുഃ | സംരക്ഷിച്ചുവല്ലൊ |
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! |
| തസ്യ വൈ | ആ മനുവിന്റെതന്നെ |
| ദുഹിതാ | പുത്രിയായ |
| ദേവഹൂതീ ഇതി വിശ്രുതാ | ദേവഹൂതിയെന്നു വിഖ്യാതയായവൾ |
| കൎദ്ദമസ്യ | കൎദ്ദമൻ എന്ന |
| പ്രജാപതേഃ | പ്രജാപതിയുടെ |
| പത്നീ | പത്നിയാണെന്നു, |

| | |
|---|---|
| അനഘ | ഹേ പുണ്യോത്തമൻ! |
| ത്വയാ | അങ്ങയാൽ |
| ഉക്താ | പറയപ്പെട്ടതാണു് |
| യോഗ-ലക്ഷണൈഃ | അഷ്ടാംഗയോഗലക്ഷണങ്ങളോടു് |
| യുക്തായാം | ചേൎന്നിരിക്കുന്ന |
| തസ്യാം വൈ | അവളിൽ |
| മഹായോഗീ | യോഗിവൎയ്യനായ |
| സഃ | അദ്ദേഹം |
| കതിധാ | എത്രവിധത്തിൽ |
| വീൎയ്യം | വീൎയ്യത്തെ (സന്താനത്തെ) |
| സസൎജ്ജ | ഉളവാക്കി? |
| തത് | ആയതു് |
| ശുശ്രൂഷവേ | കേട്ടറിവാനാഗ്രഹിക്കുന്ന |
| മേ വദ | എന്നോടു പറയുക. |

5 രുചിൎയ്യോ ഭഗവാൻ ബ്രഹ്മൻ ദക്ഷോ വാ ബ്രഹ്മണഃ സുതഃ
യഥാ സസൎജ്ജ ഭൂതാനി ലബ്ധ്വാ ഭാൎയ്യാം ച മാനവീം

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! |
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെ |
| സുതഃ | പുത്രനും |
| ഭഗവാൻ | സൎവ്വൈശ്വൎയ്യാദി ഷഡ്ഗുണസമ്പന്നനുമായ |
| രുചിഃ യഃ | രുചി എന്ന പ്രജാപതിയും |

| | |
|---|---|
| ദക്ഷഃ വാ | ദക്ഷപ്രജാപതിയും |
| മാനവീം | മനുപുത്രിയായ |
| ഭാൎയ്യാം ച | ഭാൎയ്യയെ പ്രത്യേകം |
| ലബ്ധ്വാ | ലഭിച്ചതിൽപിന്നെ |
| യഥാ | ഏതുപ്രകാരം |
| ഭൂതാനി | പ്രജാസഞ്ചയങ്ങളെ |
| സസൎജ്ജ | സൃഷ്ടിച്ചു? |

**മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു:**

6 പ്രജാഃ സൃജേതി ഭഗവാൻ കർദ്ദമോ ബ്രഹ്മണോദിതഃ
സരസ്വത്യാം തപസ്തേപേ സഹസ്രാണാം സമാ ദശ

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വൈശ്വര്യാദി ഷഡ്ഗുണയുക്തനായ | ഉദിതഃ | ഉപദിഷ്ടനായിട്ട്, |
| കർദ്ദമഃ | കർദ്ദമപ്രജാപതി | സരസ്വത്യാം | സരസ്വതീതടത്തിൽ |
| ബ്രഹ്മണാ | ബ്രഹ്മാവിനാൽ | സഹസ്രാണാം ദശ സമാഃ | പതിനായിരം സംവത്സരം കാലം |
| പ്രജാഃ സൃജ | "പ്രജകളെ സൃഷ്ടിക്ക" | | |
| ഇതി | എന്നിങ്ങിനെ | തപഃ തേപേ | തപസ്സാചരിച്ചു. |

7 തതഃ സമാധിയുക്തേന ക്രിയായോഗേന കർദ്ദമഃ
സംപ്രപേദേ ഹരിം ഭക്ത്യാ പ്രപന്നവരദാശുഷം

| | | | |
|---|---|---|---|
| കർദ്ദമഃ | കർദ്ദമൻ | ഭക്ത്യാ | ഭക്തിയാലും |
| തതഃ | ആ തപശ്ചര്യയിൽ | പ്രപന്ന-വരദാശുഷം | ശരണാഗതന്മാർക്ക് ഇഷ്ടവരദാനം ചെയ്യുന്ന |
| സമാധി-യുക്തേന | ഏകാന്തഭാവനയോടു കൂടിയ | ഹരിം | ശ്രീഹരിയെ |
| ക്രിയായോഗേന | കർമ്മയോഗത്താലും | സംപ്രപേദേ | സേവിച്ചു. |

8 താവത് പ്രസന്നോ ഭഗവാൻ പുഷ്കരാക്ഷഃ കൃതേ യുഗേ
ദർശയാമാസ തം ക്ഷത്തഃ ശാബ്ദം ബ്രഹ്മ ദധദ്വപുഃ

| | | | |
|---|---|---|---|
| ക്ഷത്തഃ | ഹേ വിദുര! | ശാബ്ദം | ശബ്ദൈകവേദ്യമായ |
| കൃതേ യുഗേ | കൃതയുഗത്തിൽ | ബ്രഹ്മ വപുഃ | ബ്രഹ്മസ്വരൂപത്തെ |
| താവത് | അത്രയും കാലംകൊണ്ട് | ദധത് | ധരിച്ചുകൊണ്ട് |
| പ്രസന്നഃ | പ്രസാദിച്ചരുളിയ | തം | അദ്ദേഹത്തിന് |
| ഭഗവാൻ | ഭഗവാനായ | | |
| പുഷ്കരാക്ഷഃ | ശ്രീമഹാവിഷ്ണു | ദർശയാമാസ | തന്നെ കാട്ടിക്കൊടുത്തു. |

9 സ തം വിരജമർക്കാഭം സിതപത്മോത്പലസ്രജം
സ്നിഗ്ദ്ധനീലാളകവ്രാതവക്ത്രാബ്ജം വിരജോംബരം

10 കിരീടിനം കുണ്ഡലിനം ശംഖചക്രഗദാധരം
ശ്വേതോത്പലക്രീഡനകം മനഃസ്പർശസ്മിതേക്ഷണം.

11 വിന്യസ്തചരണാംഭോജമംസദേശേ ഗരുത്മതഃ
ദൃഷ്ട്വാ ഖേऽവസ്ഥിതം വക്ഷഃശ്രിയം കൗസ്തുഭകന്ധരം.

12 ജാതഹർഷോഽപതന്മൂർദ്ധ്നാ ക്ഷിതൌ ലബ്ധമനോരഥഃ
ഗീർഭിസ്ത്വഭ്യഗൃണാത് പ്രീതിസ്വഭാവാത്മാ കൃതാഞ്ജലിഃ

| | |
|---|---|
| വിരജം | രജോബന്ധമില്ലാത്തവനായി- |
| അർക്കാഭം | രവിയെപ്പോലെ ശോഭയുള്ളവനായി- |
| സിതപദ്മോത്പലസ്രജം | വെൺതാമരയും വെള്ളാമ്പലും കൊണ്ടുള്ള പൂമാലയണിഞ്ഞവനായി— |
| സ്നിഗ്ദ്ധനീലാളകവ്രാതവക്ത്രാബ്ജം | മിനുത്തുകറുത്ത കുറുനിരച്ചാർത്തുള്ള മുഖകമലത്തോടുകൂടിയവനായി- |
| വിരജോംബരം | നിർമ്മലവസ്ത്രാലംകൃതനായി- |
| കിരീടിനം | കിരീടം ചൂടിയവനായി- |
| കുണ്ഡലിനം | കുണ്ഡലധാരിയായി- |
| ശംഖചക്രഗദാധരം | ശംഖചക്രഗദകളെ ധരിച്ചിട്ടുള്ളവനായി- |
| ശ്വേതോത്പലക്രീഡനകം | വെള്ളാമ്പലപ്പൂവ് കളിസ്സാധനമായിട്ട് എടുത്തിരിക്കുന്നവനായി- |
| മനഃസ്പൃശസ്മിതേക്ഷണം | മനസ്സിന്നു സുഖമേകുന്ന മന്ദഹാസവും കടാക്ഷവും ചേർന്നിട്ടുള്ളവനായി- |
| ഗരുത്മതഃ | ഗരുഡന്റെ |
| അംസദേശേ | കഴുത്തിൽ |
| വിന്യസ്തചരണാംഭോജം | തൃപ്പാദപദ്മത്തെ അർപ്പിച്ചിരിക്കുന്നവനായി- |
| വക്ഷഃശ്രിയം | തിരുമാറിൽ ശ്രീദേവിയെ പൂണ്ടവനായി- |
| കൌസ്തുഭകന്ധരം | കൌസ്തുഭരത്നാലംകൃതകണ്ഠനായി |
| ഖേ | ആകാശത്തിൽ |
| അവസ്ഥിതം | പ്രത്യക്ഷനായി നില്ക്കുന്ന |
| തം | തന്തിരുവടിയെ |
| ദൃഷ്ട്വാ | കണ്ടു്, |
| ലബ്ധമനോരഥഃ | ആഗ്രഹം സാധിച്ചുകഴിഞ്ഞവനും |
| ജാതഹർഷഃ | സന്തോഷമാർന്നവനും |
| പ്രീതിസ്വഭാവാത്മാ | സ്വാഭാവികമായിത്തന്നെ മനസ്സിൽ പ്രേമമുറ്റുകൊള്ളുന്നവനുമായ |
| സഃ | ആ കർദ്ദമൻ |
| കൃതാഞ്ജലിഃ | കൂപ്പുകയ്യുപ്പിച്ചുകൊണ്ടു് |
| ക്ഷിതൌ | ഭൂമിയിൽ |
| മൂർദ്ധ്നാ | ശിരസ്സുകൊണ്ടു് |
| അപതത് | പതിച്ചു. (നമസ്കരിച്ചു) |
| ഗീർഭിഃ തു | വാക്കുകളെക്കൊണ്ടു് |
| അഭ്യഗൃണാത് | സ്തുതിച്ചു. |

ഋഷിരുവാച — ഋഷി പറഞ്ഞു : (താഴെ 9 പദ്യം കർദ്ദമസ്തുതി)

13 ജുഷ്ടം ബതാദ്യാഖിലസത്ത്വരാശേഃ
സാംസിദ്ധ്യമക്ഷ്ണോസ്തവ ദർശനാന്നഃ
യദ്ദർശനം ജന്മഭിരീഡ്യ സദ്ഭി-
രാശാസതേ യോഗിനോ രൂഢയോഗാഃ

| | |
|---|---|
| ബത | ഹാ സന്തോഷം! |
| അഖിലസത്ത്വരാശേ | സമഗ്രസത്ത്വഗുണങ്ങളുടേയും സമുച്ചയമായുള്ള |
| തവ | നിന്തിരുവടിയുടെ |
| ദർശനാത് | ദർശനംഹേതുവായിട്ടു് |
| അദ്യ നഃ | ഇന്നു നമ്മുടെ |
| അക്ഷ്ണോഃ | ഇരുകണ്ണുകൾക്കും |
| സാംസിദ്ധ്യം | സാഫല്യം |
| ജുഷ്ടം | വന്നുചേർന്നു. |
| ഈഡ്യ | ഹേ കീർത്തനീയ! |
| യദ്ദർശനം | യാതൊരു ഭവാന്റെ ദർശനത്തെ |

| | | | |
|---|---|---|---|
| രൂഢയോഗാഃ | ഉറച്ച യോഗത്തോടു കൂടിയ | സദ്ഭിഃ | ഉൽകൃഷ്ടങ്ങളായ |
| | | ജന്മഭിഃ | ജന്മങ്ങളാംകൊണ്ടു് |
| യോഗിനഃ | യോഗിമാർപോലും | ആശാസതേ | നേടുവാനാഗ്രഹിക്കുന്നു |

14 യേ മായയാ തേ ഹതമേധസസ്ത്വത്-
പാദാരവിന്ദം ഭവസിന്ധുപോതം
ഉപാസതേ കാമലവായ തേഷാം
രാസീശ കാമാന്നിരയേഽപി യേ സ്യുഃ

| | | | |
|---|---|---|---|
| ഈശ | അല്ലയോ ഈശ ! | കാമലവായ | കാമങ്ങളുടെ സ്വല്പാംശത്തെ ഉദ്ദേശിച്ചുകൊണ്ടു്, |
| ഭവസിന്ധുപോതം | സംസാരസാഗരത്തെ തരണം ചെയ്യുവാനുള്ള കപ്പലായ | തേ മായയാ | ഭവാന്റെ മായയാൽ |
| | | ഹതമേധസഃ | നഷ്ടപ്രജ്ഞരായവർ |
| ത്വത്പാദാരവിന്ദം | നിന്തിരുവടിയുടെ തൃപ്പാദകമലത്തെ, | യേ | ആരോ, അവർമാത്രം |
| | | ഉപാസതേ | ഉപാസിക്കുന്നു. |
| യേ | യാതൊന്നുകൾ | തേഷാം | അവർക്കു് (സകാമോപാസകന്മാർക്കു്) |
| നിരയേ അപി | നരകത്തിലുംകൂടി | | |
| സ്യുഃ | സംഭാവ്യമാകാമോ, അങ്ങനെയുള്ള | കാമാൻ | തത്തൽകാമങ്ങളെ |
| | | രാസി | ഭവാൻ നൽകുന്നതുമുണ്ടു് |

ഭഗവന്മായയാൽ നഷ്ടബുദ്ധികളായ സകാമഭക്തന്മാർ മോക്ഷദാതാവിന്റെ അടുക്കൽ തുച്ഛമായ ലൌകികസുഖം പ്രാർത്ഥിക്കുന്നു. അവർ ഗർഹണീയന്മാർ തന്നെ. പക്ഷേ താനും ആ ഗർഹണീയന്മാരുടെ കൂട്ടത്തിൽ പെട്ടവനാണെന്നു് താഴെയുള്ള ശ്ലോകത്താൽ കുട്ടമൻ വ്യക്തമാക്കുന്നു.

15 തഥാ സ ചാഹം പരിവോഢുകാമഃ
സമാനശീലാം ഗൃഹമേധധേനും
ഉപേയിവാൻ മൂലമശേഷമൂലം
ദുരാശയഃ കാമദുഘാംഘ്രിപസ്യ

| | | | |
|---|---|---|---|
| തഥാ | അപ്രകാരം | പരിവോഢുകാമഃ | പരിണയിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് |
| ദുരാശയഃ | അന്തഃകരണശുദ്ധിയില്ലാത്ത | കാമദുഘാംഘ്രിപസ്യ | നിന്തിരുവടിയാവുന്ന കല്പവൃക്ഷത്തിന്റെ |
| സഃ അഹം ച | ആ ഞാനും | | |
| സമാനശീലാം | സ്വന്തം സ്വഭാവത്തിനു യോജിച്ച | അശേഷമൂലം | എല്ലാററിന്റെയും മുരടായിരിക്കുന്ന |
| | | മൂലം | മുരടിനെ (ഭവൽതൃപ്പാദത്തെ |
| ഗൃഹകാമധേനും | ഒരു ഗൃഹസ്ഥാശ്രമസുരഭിയെ | ഉപേയിവാൻ | ആശ്രയിച്ചിരിക്കുന്നു. |

16 പ്രജാപതേസ്തേ വചസാധീശ തന്ത്യാ
ലോകഃ കിലായം കാമഹതോऽനുബദ്ധഃ
അഹം ച ലോകാനുഗതോ വഹാമി
ബലിം ച ശുക്ലാനിമിഷായ തുഭ്യം.

| | | | |
|---|---|---|---|
| അധീശ | ഹേ സൎവ്വാധിപതേ! | ശുക്ല | ഹേ വിശുദ്ധധൎമ്മമൂൎത്തേ! |
| കാമഹതഃ | കാമക്കെടുതിയാന്ന | അഹം ച | ഞാനും |
| അയം ലോകഃ | ഈ ലോകം | ലോകാനുഗതഃ | ആ ലോകത്തെ അനുസരിച്ചുകൊണ്ടു് |
| പ്രജാപതേഃ | ലോകവിധാതാവായ | | |
| തേ | നിന്തിരുവടിയുടെ | അനിമിഷായ | കാലാത്മാവായ |
| വചസാ | വായ്മൊഴിയാവുന്ന | തുഭ്യം | നിന്തിരുവടിക്കു് |
| തന്ത്യാ | കയറുകൊണ്ടു് | ബലിം ച | ആജ്ഞാപാലനരൂപമായ സപൎയ്യയെ |
| അനുബദ്ധഃ കില | അനുക്രമം ബന്ധിക്കപ്പെട്ടിരിക്കുന്നതാണല്ലോ | വഹാമി | നിൎവ്വഹിക്കുന്നു. |

ഭഗവാന്റെ കാലസ്വരൂപത്തെ ഭയന്നിട്ടാണു് സകാമന്മാർ ഭഗവദാജ്ഞാപാലനകൎമ്മം നിൎവ്വഹിക്കുന്നതെങ്കിൽ, നിഷ്കാമന്മാരായ യഥാൎത്ഥഭക്തന്മാർ അങ്ങിനെയല്ല; അവൎക്കു് കാലഭീതി തീരെയില്ലെന്നു താഴെ യുഗ്മകംകൊണ്ടു പറയുന്നു.

17 ലോകാംശ്ച ലോകാനുഗതാൻ പശൂംശ്ച
ഹിത്വാ ശ്രിതാസ്തേ ചരണാതപത്രം
പരസ്പരം ത്വദ്ഗുണവാദസീധു-
പീയൂഷനിൎയ്യാപിതദേഹധൎമ്മാഃ.

18 ന തേऽജരാക്ഷഭ്രമിരായുരേഷാം
ത്രയോദശാരം ത്രിശതം ഷഷ്ടിപൎവ്വ
ഷണ്ണേമ്യനന്തച്ഛദി യത് ത്രിണാഭി
കരാളസ്രോതോ ജഗദാച്ഛിദ്യ ധാവത്

| | | | |
|---|---|---|---|
| ലോകാൻ ച | ലോകങ്ങളേയും | പരസ്പരം | അന്യോന്യം സമ്മേളിച്ചു് |
| ലോകാനുഗതാൻ | ലോകത്തെ അനുവൎത്തിക്കുന്ന | ത്വദ്ഗുണവാദസീധുപീയൂഷനിൎയ്യാപിതദേഹധൎമ്മാഃ | അങ്ങയുടെ ഗുണങ്ങളെപ്പററി സംഭാഷണം ചെയ്യുക എന്നതാവുന്ന മദിരാസുധയാൽ കെട്ടടങ്ങിയ പൈദാഹാദി ദേഹധൎമ്മങ്ങളോടുകൂടിയവരുമായിട്ടു് |
| പശൂൻ ച | പശുതുല്യരായ കൎമ്മജഡന്മാരെയും | | |
| ഹിത്വാ | തള്ളിക്കളഞ്ഞിട്ടു്, | | |
| തേ | അങ്ങയുടെ | | |
| ചരണാതപത്രം | കാൽത്താരാവുന്ന കുടയെമാത്രം | | യാവചിലരുണ്ടോ, |
| ശ്രിതാഃ | കൈക്കൊണ്ടവരും | ഏഷാം ആയുഃ | ഇവരുടെ ആയുസ്സിനെ |
| | | തേ | അങ്ങയുടെ |

| | | | |
|---|---|---|---|
| അജരാക്ഷഭ്രമിഃ | ശശ്വത്ബ്രഹ്മസ്വരൂപമായ അച്യുതങ്കിന്മേൽ കറങ്ങുന്നതും | ത്രിണാഭി | മൂന്നു കുംഭക്കുട്ടയുള്ളതും |
| ത്രയോദശാരം | പതിമൂന്നഴികളുള്ളതും | കരാളസ്രോതഃ | ഭയങ്കരവേഗം ചേർന്നതും |
| ത്രിശതം ഷഷ്ടിപർവ്വ | 360 ഏപ്പുകളോടു ചേർന്നിരിക്കുന്നതും | ജഗത് | ചരാചരപ്രപഞ്ചത്തെ |
| ഷണ്ണേമി | ആറു ചുററുവട്ടുകളുള്ളതും | ആച്ഛിദ്യ | ഒതുക്കിപ്പിടിച്ച് |
| അനന്തച്ഛദി | അസംഖ്യം പററുകൾ വെച്ചിട്ടുള്ളതും | ധാവത് | കുതിച്ചുകൊണ്ടിരിക്കുന്നതുമായ |
| | | യത് | യാതൊന്നുണ്ടോ, അതു് |
| | | ന | ബാധിക്കുന്നില്ല. |

ഈ "യാതൊന്നു്" സത്യത്തിന്റെ അച്ചുതണ്ടിനെ ആധാരമാക്കി തിരിഞ്ഞുകൊണ്ടിരിക്കുന്ന സംവത്സരാത്മകകാലചക്രമാകുന്നു. 13 മാസങ്ങൾ, (അധിമാസമുൾപ്പെടെ) അതിന്റെ അരങ്ങൾ; 360 അഹോരാത്രങ്ങൾ ഏപ്പുകൾ; 6 ഋതുക്കൾ ചുററുവട്ടുകൾ; ലവനിമേഷാദികൾ പററുകൾ; മൂന്നു ചാതുർമ്മാസ്യങ്ങൾ കുംഭക്കുട്ടകൾ എന്നിങ്ങനെ ധരിച്ചുകൊള്ളണം. സർവ്വഭാവനയും ഭഗവാനെത്തന്നെ ഭജിക്കുന്ന ഭക്തന്മാർക്കു കാലചക്രത്തിന്റെ ബാധയില്ലെന്നു് പറഞ്ഞു ഭക്തിയുടെ മഹിമ ഇവിടെ കാണിച്ചിരിക്കുന്നു

19 ഏകഃ സ്വയം സൻ ജഗതഃ സിസൃക്ഷയാ
ദ്വിതീയയാത്മന്നധിയോഗമായയാ
സൃജസ്യദഃ പാസി പുനർഗ്രസിഷ്യസേ
യഥോർണ്ണനാഭിർഭഗവൻ സ്വശക്തിഭിഃ

| | | | |
|---|---|---|---|
| ഭഗവൻ | അല്ലയോ ഭഗവാനേ! | സ്വശക്തിഭിഃ | സ്വീകൃതമായ ഗുണത്രയശക്തികളാൽ |
| സ്വയം | നിന്തിരുവടി സ്വതവേ | ഊർണ്ണനാഭിഃ | എട്ടുകാലി |
| ഏകഃ സൻ | ഏകനായിട്ടിരിക്കുന്നവനെങ്കിലും | യഥാ | വലകെട്ടുംപോലെ |
| ജഗതഃ | ലോകത്തിന്റെ | അദഃ | ഈ ലോകത്തെ |
| സിസൃക്ഷയാ | സൃഷ്ടിവിഷയകമായ ആഗ്രഹം നിമിത്തം | സൃജസി | സൃഷ്ടിക്കുന്നു; |
| ദ്വിതീയയാ | തനിക്കു തുണയായിട്ട് | പാസി | പാലിക്കുന്നു; |
| ആത്മനി | തന്നിൽ | പുനഃ | പിന്നീട് |
| അധിയോഗമായയാ | അധിഷ്ഠാനം ചെയ്യുന്ന യോഗമായയെക്കൊണ്ടു് | ഗ്രസിഷ്യസേ | തന്നിലേക്കു വലിച്ചെടുക്കുന്നു. |

20 നൈതദ്ബതാധീശ പദം തവേപ്സിതം
യന്മായയാ നസ്തനുഷേ ഭൂതസൂക്ഷ്മം.
അനുഗ്രഹായാസ്ത്വപി യർഹി മായയാ
ലസത്തുളസ്യാ തനുവാ വിലക്ഷിതഃ

| | | | |
|---|---|---|---|
| അധീശ | അധിനായക ! അങ്ങ് | അനുഗ്രഹായ | അനുഗ്രഹത്തിന്നായിട്ട് |
| നഃ | ഞങ്ങൾക്ക് | അസ്തു | ഭവിക്കമാറാകട്ടെ! |
| ഭൂതസൂക്ഷ്മം | ഭൌതികവിഷയരൂപമാ[യ | യർഹി | എന്തെന്നാൽ |
| പദം | സുഖാസ്പദത്തെ | മായയാ | മായകൊണ്ട് (പരിച്ഛിന്നനായി) |
| മായയാ | മായകൊണ്ട് | ലസത്തുളസ്യാ | പരിലസിക്കുന്ന തുളസീമാലയോടുകൂടിയ |
| തനുഷേ | വളർത്തിത്തരുന്നു | തന്വാ | തിരുവുടലോടെ |
| യത് ഏതത് | യാതൊരു ഈ വസ്തു | വിലക്ഷിതഃ | വിശേഷേണ കാണപ്പെട്ടവനാണല്ലോ. |
| തവ | അങ്ങയ്ക്ക് | | |
| ന ഈപ്സിതം | ഇഷ്ടമായതല്ല | | |
| അപി | എന്നിരിക്കിലും | | |

21 തം ത്വാനുഭൂത്യോപരതക്രിയാർത്ഥം
സ്വമായയാ ഽ ഽവർത്തിതലോകതന്ത്രം
നമാമ്യഭീക്ഷ്ണം നമനീയപാദ-
സരോജമല്പീയസി കാമവർഷം

| | | | |
|---|---|---|---|
| അനുഭൂത്യാ | ചിദാനന്ദാനുഭവത്താൽ | നമനീയ-പാദസരോജം | നമിക്കപ്പെടേണ്ടുന്ന പാദപത്മത്തോടുകൂടിയവനായി— |
| ഉപരത-ക്രിയാർത്ഥം | നിവർത്തിതമായ കർമ്മഫലോപഭോഗത്തോടുകൂടിയവനായി— | അല്പീയസി | അത്യല്പനായവനിൽ |
| സ്വമായയാ | സ്വമായാവൈഭവത്താൽ | കാമവർഷം | വാഞ്ഛിതാർത്ഥത്തെ വർഷിക്കുന്നവനുമായ |
| ആവർത്തിത-ലോകതന്ത്രം | വീണ്ടും വീണ്ടും പ്രവർത്തിപ്പിക്കപ്പെട്ട വിശ്വനിർമ്മാണോപകരണത്തോടുകൂടിയവനായി— | തം ത്വാ | ആ നിന്തിരുവടിയെ |
| | | അഭീക്ഷ്ണം | പിന്നേയും പിന്നേയും |
| | | നമാമി | നമസ്കരിക്കുന്നു. |

ഋഷിരുവാച — മൈത്രേയമുനി പറഞ്ഞു :

22 ഇത്യവ്യളീകം പ്രണുതോഽബ്ജനാഭ-
സ്തമാബഭാഷേ വചസാഽമൃതേന
സുപർണ്ണപക്ഷോപരി രോചമാനഃ
പ്രേമസ്മിതോദ്വീക്ഷണ വിഭ്രമദ്ഭ്രൂഃ

| | | | |
|---|---|---|---|
| ഇതി | എന്നിപ്രകാരം | രോചമാനഃ | പരിശോഭിച്ചുകൊണ്ട് |
| അവ്യളീകം | നിഷ്കപടമായി | പ്രേമസ്മിതോ-ദ്വീക്ഷണ-വിഭ്രമദ്ഭ്രൂഃ | പ്രേമസ്മിതങ്ങളോടുചേർന്ന കടക്കൺനോട്ടംകൊണ്ടു പ്രചലിക്കുന്ന പുരികക്കൊടിയോടുകൂടിയവനായി |
| പ്രണുതഃ | സ്തുതിക്കപ്പെട്ട | | |
| അബ്ജനാഭഃ | ശ്രീപത്മനാഭൻ | | |
| സുപർണ്ണ-പക്ഷോപരി | ഗരുഡന്റെ പക്ഷങ്ങളിന്മേൽ | | |

| | | | |
|---|---|---|---|
| അമൃതേന | സുധാമാധുര്യമുള്ള | തം | ആ ഋഷിയോടു് |
| വചസാ | വചനത്താൽ | ആബഭാഷേ | അരുളിച്ചെയ്തു. |

ശ്രീഭഗവാനുവാച — ശ്രീഭഗവാൻ അരുളിച്ചെയ്തു :

23 വിദിത്വാ തവ ചൈത്യം മേ പുരൈവ സമയോജി തത്
യദർത്ഥമാത്മനിയമൈസ്ത്വയൈവാഹം സമർച്ചിതഃ.

| | | | |
|---|---|---|---|
| യദർത്ഥം | യാതൊന്നിനുവേണ്ടി | തത് ചൈത്യം | ആ അന്തർഗതം |
| ത്വയാ ഏവ | അങ്ങയാൽ സ്വയമേവ | പുരാ ഏവ | മുൻകൂട്ടിത്തന്നെ |
| ആത്മനിയമൈഃ | സ്വന്തം നിയമാനുഷ്ഠാനങ്ങളാൽ | വിദിത്വാ | മനസ്സിലാക്കി, |
| അഹം | ഞാൻ | മേ | എന്നാൽ |
| സമർച്ചിതഃ | ആരാധിതനാദയാ, | സമയോജി | സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. |
| തവ | അങ്ങയുടെ | | |

24 ന വൈ ജാതു മൃഷൈവ സ്യാത് പ്രജാധ്യക്ഷ മദർഹണം
ഭവദ്വിധേഷ്വതിതരാം മയി സംഗൃഭിതാത്മനാം.

| | | | |
|---|---|---|---|
| പ്രജാധ്യക്ഷ | ഹേ പ്രജാപതേ! | ജാതു വൈ | ഒരിക്കലെങ്കിലും |
| മയി | എന്നിൽ | മൃഷാ ഏവ | വ്യർത്ഥമായിട്ടു് |
| സംഗൃഭിതാത്മനാം | സംഗ്രഹിക്കപ്പെട്ട അന്തഃകരണത്തോടുകൂടിയവരുടെ | ന സ്യാത് | ഭവിക്കയില്ല. |
| മദർഹണം | മദ്വിഷയകമായ സമാരാധനം | ഭവദ്വിധേഷു | അങ്ങയെപ്പോലുള്ളവരുടെ വിഷയത്തിൽ |
| | | അതിതരാം | വിശേഷിച്ചും— |

25 പ്രജാപതിസുതഃ സമ്രാൺമനുർവിഖ്യാതമംഗലഃ
ബ്രഹ്മാവർത്തം യോഽധിവസൻ ശാസ്തി സപ്താർണ്ണവാം മഹീം.

| | | | |
|---|---|---|---|
| പ്രജാപതിസുതഃ | ബ്രഹ്മപുത്രനും | ബ്രഹ്മാവർത്തം | ബ്രഹ്മാവർത്തദേശത്തെ |
| സമ്രാട് | മണ്ഡലാധീശ്വരനുമായ | അധിവസൻ | അധിവസിച്ചുകൊണ്ടു് |
| മനുഃ | സ്വായംഭുവമനു | സപ്താർണ്ണവാം | ഏഴു സമുദ്രങ്ങളാൽ ചൂഴന്ന |
| വിഖ്യാതമംഗലഃ | കീർത്തികേട്ട സദാചാരങ്ങളോടുകൂടിയവനാകുന്നു. | മഹീം | ഭൂമണ്ഡലത്തെ |
| യഃ | യാതൊരുവൻ | ശാസ്തി | ഭരിച്ചുവരുന്നു. |

26 സ ചേഹ വിപ്ര രാജർഷിർമഹിഷ്യാ ശതരൂപയാ
ആയാസ്യതി ദിദൃക്ഷുസ്ത്വാം പരശ്വോ ധർമ്മകോവിദഃ

| | | | |
|---|---|---|---|
| വിപ്ര | ഹേ വേദജ്ഞ! | ത്വാം | അങ്ങയെ |
| ധർമ്മകോവിദഃ | ധർമ്മശാസ്ത്രവിശാരദനായ | ദിദൃക്ഷുഃ | കാണാനാഗ്രഹിച്ചുകൊണ്ടു് |
| സഃ രാജർഷിഃ ച | ആ രാജർഷിയാകട്ടെ | പരശ്വഃ | മററന്നാൾ |
| ശതരൂപയാ | ശതരൂപയെന്ന | ഇഹ | ഇവിടെ |
| മഹിഷ്യാ | രാജ്ഞിയോടുകൂടി | ആയാസ്യതി | വരുന്നതാണു്. |

27 ആത്മജാമസിതാപാംഗീം വയഃശീലഗുണാന്വിതാം
മൃഗയന്തീം പതിം ദാസ്യത്യനുരൂപായ തേ പ്രഭോ

| | | | |
|---|---|---|---|
| വയഃശീലഗുണാന്വിതാം | പ്രായം, സ്വഭാവം എന്നീ ഗുണങ്ങളാൽ യോജിച്ചവളും | ആത്മജാം | സ്വപുത്രിയെ |
| അസിതാപാംഗീം | സൌന്ദര്യവതിയും | പ്രഭോ | മഹാത്മാവേ! |
| പതിം | ഭർത്താവിനെ | അനുരൂപായ | അനുരൂപനായ |
| മൃഗയന്തീം | തേടുന്നവളുമായ | തേ | അങ്ങേയ്ക്കായിക്കൊണ്ടു് |
| | | ദാസ്യതി | തരുന്നതാണു് |

28 സമാഹിതം തേ ഹൃദയം യത്രേമാൻ പരിവത്സരാൻ
സാ ത്വാം ബ്രഹ്മൻ നൃപവധൂഃ കാമമാശു ഭജിഷ്യതി.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ! | സമാഹിതം | ഏകാഗ്രമായി ഉറച്ചുനിന്നുവാ, |
| യത്ര | യാതൊരുവളിൽ | സാ നൃപവധൂഃ | ആ മനുരാജപുത്രി |
| തേ ഹൃദയം | അങ്ങയുടെ ചിത്തം | ത്വാം | അങ്ങയെ |
| ഇമാൻ | ഇത്രയും | കാമം ആശു | സ്വേച്ഛയാ ശീഘ്രം |
| പരിവത്സരാൻ | വർഷങ്ങളോളം | ഭജിഷ്യതി | പ്രാപിച്ചുകൊള്ളും. |

29 യാ ത ആത്മഭൃതം വീര്യം നവധാ പ്രസവിഷ്യതി
വീര്യേ ത്വദീയേ ഋഷയ ആധാസ്യന്ത്യഞ്ജസാऽऽത്മനഃ.

| | | | |
|---|---|---|---|
| യാ | യാതൊരുവൾ | ത്വദീയേ | അങ്ങയെ സംബന്ധിച്ച |
| തേ | അങ്ങയുടെ | വീര്യേ | സന്തതിയിൽ |
| ആത്മഭൃതം | ഉള്ളിലൊതുങ്ങിയ | ഋഷയഃ | ഋഷിമാർ |
| വീര്യം | സന്താനബീജത്തെ | ആത്മനഃ | ആത്മരൂപങ്ങളെ |
| നവധാ | ഒമ്പതായിട്ടു് | അഞ്ജസാ | അനായാസേന |
| പ്രസവിഷ്യതി | പ്രസവിക്കുന്നതാണു്. | ആധാസ്യന്തി | ആധാനംചെയ്തുകൊള്ളും |

30 ത്വം ച സമ്യഗനുഷ്ഠായ നിദേശം മ ഉശത്തമഃ
മയി തീർത്ഥീകൃതാശേഷക്രിയാർത്ഥോ മാം പ്രപത്സ്യസേ.

| | |
|---|---|
| ത്വം ച | അങ്ങയും |
| മേ നിദേശം | എന്റെ ആജ്ഞയെ |
| സമ്യക് | വഴിപോലെ |
| അനുഷ്ഠായ | അനുഷ്ഠിച്ച് |
| ഉശത്തമഃ | പരമസാത്ത്വികനായും |
| മയി | എന്നിൽ |
| തീർത്ഥീകൃതാശേഷക്രിയാർത്ഥഃ | സമർപ്പിതമായ സമസ്തക്രിയാഫലത്തോടുകൂടിയവനുമായിട്ട് |
| മാം | എന്നെ |
| പ്രപത്സ്യസേ | പ്രാപിക്കയും ചെയ്യും. |

31 **കൃത്വാ ദയാം ച ഭൂതേഷു ദത്വാ ചാഭയമാത്മവാൻ**
**മയ്യാത്മാനം സഹജഗദ്ദ്രക്ഷ്യസ്യാത്മനി ചാപി മാം**

| | |
|---|---|
| ഭൂതേഷു | സർവ്വപ്രാണികളിൽ |
| ദയാം | കരുണയെ |
| കൃത്വാ ച | കാണിച്ചും, |
| അഭയം | അഭയത്തെ |
| ദത്വാ ച | പ്രദാനം ചെയ്തും |
| ആത്മവാൻ | (ഗൃഹസ്ഥസന്ന്യാസവൃത്തികളിലൂടെ) ആത്മനിയന്ത്രണം സാധിച്ചവനായിട്ട് |
| മയി | എന്നിൽ |
| സഹജഗത് | ലോകത്തോടുകൂടി |
| ആത്മാനം | തന്നേയും, |
| ആത്മനി | തന്നിൽ |
| മാം ച അപി | എന്നേയും |
| ദ്രക്ഷ്യസി | കണ്ടുകൊള്ളും. |

32 **സഹാഹം സ്വാംശകലയാ ത്വദ്വീര്യേണ മഹാമുനേ**
**തവ ക്ഷേത്രേ ദേവഹൂത്യാം പ്രണേഷ്യേ തത്ത്വസംഹിതാം.**

| | |
|---|---|
| മഹാമുനേ | മഹാനായ ഋഷേ ! |
| ത്വദ്വീര്യേണ സഹ | അങ്ങയുടെ വീര്യത്തോടുകൂടവേ |
| അഹം | ഞാൻ |
| സ്വാംശകലയാ | സ്വന്തം അംശകലയാൽ |
| തവ | അങ്ങയുടെ |
| ക്ഷേത്രേ | പത്നിയായ |
| ദേവഹൂത്യാം | ദേവഹൂതിയിൽ അവതരിച്ചിട്ട് |
| തത്ത്വസംഹിതാം | തത്ത്വശാസ്ത്രത്തെ |
| പ്രണേഷ്യേ | നിർമ്മിക്കുന്നതാണ്. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :—

33 **ഏവം തമനുഭാഷ്യാഥ ഭഗവാൻ പ്രത്യഗക്ഷജഃ**
**ജഗാമ ബിന്ദുസരസഃ സരസ്വത്യാ പരിശ്രിതാത്.**

| | |
|---|---|
| പ്രത്യഗക്ഷജഃ | ഇന്ദ്രിയങ്ങൾ വിഷയവ്യാവൃത്തങ്ങളാകുമ്പോൾ ആവിർഭവിക്കുന്ന |
| ഭഗവാൻ | വിഷ്ണുഭഗവാൻ |
| ഏവം | ഇപ്രകാരം |
| തം | അദ്ദേഹത്തോട് |
| അനുഭാഷ്യ | അനുകൂലതയോടെ അരുളിച്ചെയ്ത്, |
| അഥ | ഉടനെത്തന്നെ |
| സരസ്വത്യാ | സരസ്വതീനദിയാൽ |
| പരിശ്രിതാത് | പരിവേഷ്ടിതമായ |
| ബിന്ദുസരസഃ | ബിന്ദുസരസ്സിൽനിന്നു |
| ജഗാമ | ഗമിച്ചു. |

34 നിരീക്ഷതസ്തസ്യ യയാവശേഷ–
സിദ്ധേശ്വരാഭിഷ്ടുതസിദ്ധമാർഗ്ഗഃ
ആകർണ്ണയൻ പത്രരഥേന്ദ്രപക്ഷൈ–
രുച്ചാരിതം സ്തോമമുദീർണ്ണസാമ

| | | | |
|---|---|---|---|
| അശേഷ– സിദ്ധേശ്വരാ– ഭിഷ്ടുത– സിദ്ധമാർഗ്ഗഃ | സർവ്വസിദ്ധേശ്വരന്മാരാൽ സംകീർത്തിതനായും സിദ്ധന്മാരാൽത്തന്നെ അന്വേഷണീയനുമായ ഭഗവാൻ | ഉച്ചാരിതം | ഉച്ചരിക്കപ്പെട്ട |
| തസ്യ നിരീക്ഷതഃ | ആ കർദ്ദമമുനിനോക്കിക്കൊണ്ടു നില്ക്കവേ, | സ്തോമം | സാമസൂക്തസംഹിതയേയും |
| പത്രരഥേ– ന്ദ്രപക്ഷൈഃ | പക്ഷിരാജാവിന്റെ പക്ഷങ്ങളാൽ | ഉദീർണ്ണസാമ | അഭിവ്യക്തമാക്കപ്പെട്ട സാമഗാനധ്വനിയേയും |
| | | ആകർണ്ണയൻ | കേട്ടുകൊണ്ടു് |
| | | യയൌ | യാനം ചെയ്തു. |

35 അഥ സംപ്രസ്ഥിതേ ശുക്ലേ കർദ്ദമോ ഭഗവാനൃഷിഃ
ആസ്തേ സ്മ ബിന്ദുസരസി തം കാലം പ്രതിപാലയൻ

| | | | |
|---|---|---|---|
| ശുക്ലേ | വിശുദ്ധസത്വമൂർത്തി | കർദ്ദമഃ | കർദ്ദമപ്രജാപതി |
| സംപ്രസ്ഥിതേ | യാത്രയായപ്പോൾ, | അഥ | പിന്നീടു് |
| ഭഗവാൻ | ജ്ഞാനാദിസംപൂർണ്ണനും | തം കാലം | ആ സമയത്തെ |
| ഋഷിഃ | മന്ത്രങ്ങളുടെ ദ്രഷ്ടാവുമായ | പ്രതിപാലയൻ | ഉററുനോക്കിക്കൊണ്ടു് |
| | | ബിന്ദുസരസി | ബിന്ദുസരസ്തീരത്തിൽ |
| | | ആസ്തേ സ്മ | ഇരിപ്പുറപ്പിച്ചു. |

36 മനുഃ സ്യന്ദനമാസ്ഥായ ശാതകൌംഭപരിച്ഛദം
ആരോപ്യ സ്വാം ദുഹിതരം സഭാര്യഃ പര്യടന്മഹീം.

37 തസ്മിൻ സുധന്വന്നഹനി ഭഗവാൻ യത്സമാദിശത്
ഉപായാദാശ്രമപദം മുനേഃ ശാന്തവ്രതസ്യ തത്.

| | | | |
|---|---|---|---|
| മനുഃ | സ്വായംഭുവമനു, | സുധന്വൻ | അല്ലയോ വിദുര ! |
| ശാതകൌംഭ– പരിച്ഛദം | സ്വർണ്ണമയമായ ഉമയങ്ങളോടുകൂടിയ | യത് | യാതൊരുദിവസത്തെ |
| സ്യന്ദനം | തേരിൽ | ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ |
| ആസ്ഥായ | കയറി, | സമാദിശത് | ആദേശിച്ചിരുന്നുവോ ! |
| സ്വാം ദുഹിതരം | തന്റെ പുത്രിയേയും | തസ്മിൻ അഹനി | ആ ദിവസത്തിൽ |
| ആരോപ്യ | കയററി, | ശാന്തവ്രതസ്യ | ശാന്തശീലനായ |
| സഭാര്യഃ | ഭാര്യാസഹിതനായി | മുനേഃ | കർദ്ദമമുനിയുടെ |
| മഹീം | ഭൂമണ്ഡലത്തെ | തത് | ആ സുപ്രസിദ്ധമായ |
| പര്യടൻ | പര്യടനം ചെയ്തുകൊണ്ടു്, | ആശ്രമപദം | ആശ്രമസ്ഥലത്തേക്കു് |
| | | ഉപായാത് | എത്തിച്ചേർന്നു. |

താഴെ 7 ശ്ലോകങ്ങളാൽ പ്രസ്തുതകർദ്ദമാശ്രമത്തിന്റെ അകൃത്രിമരാമണീയകത്തെ വർണ്ണിക്കുന്നു.

38 **യസ്മിൻ ഭഗവതോ നേത്രാന്ന്യപതന്നശ്രുബിന്ദവഃ**
**കൃപയാ സംപരീതസ്യ പ്രപന്നേഽർപ്പിതയാ ഭൃശം**

39 **തദ്വൈ ബിന്ദുസരോ നാമ സരസ്വത്യാ പരിപ്ലുതം**
**പുണ്യം ശിവാമൃതജലം മഹർഷിഗണസേവിതം**

| | |
|---|---|
| പ്രപന്നേ | ശരണാർത്ഥിയായവനിൽ |
| ഭൃശം | ഏററവും |
| അർപ്പിതയാ | ചേർക്കപ്പെട്ട |
| കൃപയാ | കാരുണ്യത്താൽ |
| സംപരീതസ്യ | അഭിവ്യാപ്തനായ |
| ഭഗവതഃ | ശ്രീമഹാവിഷ്ണുവിന്റെ |
| നേത്രാത് | കണ്ണിൽനിന്നു് |
| അശ്രുബിന്ദവഃ | കണ്ണീർക്കണങ്ങൾ |
| യസ്മിൻ | യാതൊരിടത്തു് |
| ന്യപതൻ | നിപതിച്ചിരുന്നുവോ, |
| ബിന്ദുസരഃ നാമ | ബിന്ദുസരസ്സെന്നു പേരായ |
| തത് വൈ | ആ സ്ഥലമാകട്ടെ |
| സരസ്വത്യാ | സരസ്വതീനദിയാൽ |
| പരിപ്ലുതം | ചുഴലെ ഒഴുകപ്പെട്ടിരുന്നതും |
| പുണ്യം | പരിപാവനവും |
| ശിവാമൃതജലം | ആരോഗ്യകരവും സ്വാദിഷ്ഠവുമായ ജലത്തോടുകൂടിയതും |
| മഹർഷിഗണ- സേവിതം | മഹർഷിസമൂഹങ്ങളാൽ സേവിതമായതും ആയിരുന്നു. |

40 **പുണ്യദ്രുമലതാജാലൈഃ കൂജത്പുണ്യമൃഗദ്വിജൈഃ**
**സർവ്വർത്തുഫലപുഷ്പാഢ്യം വനരാജിശ്രിയാന്വിതം.**

| | |
|---|---|
| പുണ്യദ്രുമ- ലതാജാലൈഃ | പാവനങ്ങളായ വൃക്ഷലതാസമൂഹങ്ങളോടും |
| കൂജത്പുണ്യ- മൃഗദ്വിജൈഃ | ശബ്ദിക്കുന്ന സൽപക്ഷിമൃഗങ്ങളോടും കൂടിയ |
| വനരാജിശ്രിയാ | വനനിരയുടെ അഴകോടു് |
| അന്വിതം | കൂടിയുള്ളതും |
| സർവ്വർത്തുഫല- പുഷ്പാഢ്യം | സർവ്വർത്തുക്കളിലും ഉണ്ടാവുന്ന കായ്കനികളാലും പൂക്കളാലും സമൃദ്ധമായതും ആയിരുന്നു. |

41 **മത്തദ്വിജഗണൈർഘുഷ്ടം മത്തഭ്രമരവിഭ്രമം**
**മത്തബർഹിനടാടോപമാഹ്വയന്മത്തകോകിലം**

| | |
|---|---|
| മത്തദ്വിജ- ഗണൈഃ | മദമാർന്ന പക്ഷിവൃന്ദങ്ങളാൽ |
| ഘുഷ്ടം | ശബ്ദമുണ്ടാക്കപ്പെടുന്നതും |
| മത്തഭ്രമര- വിഭ്രമം | മദിച്ച വണ്ടുകളുടെ ലീലാവിലാസത്തോടുകൂടിയതും |
| മത്തബർഹി- നടാടോപം | മത്തമയൂരങ്ങളുടെ നൃത്താടോപത്തോടുകൂടിയതും |
| ആഹ്വയന്മത്ത- കോകിലം | അന്യോന്യം കൂകിവിളിക്കുന്ന മദമിളകിയ കുയിലുകളോടുകൂടിയതും ആയിരുന്നു. |

47 പ്രാംശും പദ്മപലാശാക്ഷം ജടിലം ചീരവാസസം
ഉപസംശ്രിത്യ മലിനം യഥാർഹണമസംസ്കൃതം.

| | | | |
|---|---|---|---|
| ചിരം | ദീർഘകാലം | നാതിക്ഷാമം | അധികം മെലിയാത്ത— |
| തപസി | തപശ്ചര്യയിൽ | പ്രാംശും | ഉന്നതകായനായ— |
| ഉഗ്രയുജാ | കഠിനമായേർപ്പെട്ട | പദ്മപലാശാക്ഷം | താമരദളംപോലെ നീണ്ടിടംപെട്ട കണ്ണുകളോടുകൂടിയ— |
| വപുഷാ | ശരീരംകൊണ്ടു് | ജടിലം | ജടമുടിചൂടിയ— |
| വിദ്യോതമാനം | പ്രശോഭിക്കുന്ന— | ചീരവാസസം | മരവുരിയുടുത്ത— |
| ഭഗവതഃ | ശ്രീമഹാവിഷ്ണുവിൻെറ | അസംസ്കൃതം | ചളികളഞ്ഞിട്ടില്ലാത്ത |
| സ്നിഗ്ദ്ധാപാംഗാവലോകനാത് | സ്നേഹമസൃണമായ കടാക്ഷവീക്ഷണത്താലും | അർഹണം യഥാ | രത്നംപോലെ |
| തദ്വ്യാഹൃതാമൃതകലാപീയൂഷശ്രവണേന ച | തൻതിരുവടിയുടെ സംഭാഷണമാവുന്ന പൂർണ്ണതിങ്കൾക്കലയിലെ പീയൂഷം കാതുകളാൽ ആസ്വാദിച്ചതിനാലും | മലിനം | നിറംകെട്ടിരിക്കുന്ന (മുനിയെ) |
| | | ഉപസംശ്രിത്യ | അടുത്തുചെന്നു് (കണ്ടു) |

48 അഥോടജമുപായാതം നൃദേവം പ്രണതം പുരഃ
സപര്യയാ പര്യഗൃഹ്ണാത് പ്രതിനന്ദ്യാനുരൂപയാ.

| | | | |
|---|---|---|---|
| അഥ | അനന്തരം | നൃദേവം | മനുചക്രവർത്തിയെ |
| ഉടജം | ആശ്രമത്തിലേക്കു് | പ്രതിനന്ദ്യ | ആശിസ്സുകളാലഭിനന്ദി[ച്ചു്] |
| ഉപായാതം | വന്നുകയറിയവനും | അനുരൂപയാ | സമുചിതമായ |
| പുരഃ | മുന്നിൽ | സപര്യയാ | സൽകാരത്തോടെ |
| പ്രണതം | വണങ്ങിനില്ക്കുന്നവനുമായ | പര്യഗ്രഹ്ണാത് | സ്വീകരിച്ചു. |

49 ഗൃഹീതാർഹണമാസീനം സംയതം പ്രീണയൻ മുനിഃ
സ്മരൻ ഭഗവദാദേശമിത്യാഹ ശ്ലക്ഷ്ണയാ ഗിരാ

| | | | |
|---|---|---|---|
| ഗൃഹീതാർഹണം | സൽകാരം സ്വീകരിച്ചു് | ഭഗവദാദേശം | ഭഗവാൻെറ ആജ്ഞയെ |
| സംയതം | ഒതുക്കത്തോടുകൂടിയവനായി | സ്മരൻ | ഓർത്തുകൊണ്ടും |
| | | മുനിഃ | കർദ്ദമമുനി |
| ആസീനം | ഇരിക്കുന്ന മനുവിനെ | ശ്ലക്ഷ്ണയാ | മാർദ്ദവമുള്ള |
| പ്രീണയൻ | സന്തോഷിപ്പിച്ചുകൊണ്ടും | ഗിരാ | വാക്കിനാൽ |
| | | ഇതി ആഹ | ഇങ്ങനെ പറഞ്ഞു. |

50 നൂനം ചംക്രമണം ദേവ സതാം സംരക്ഷണായ തേ
വധായ ചാസതാം യത്ത്വം ഹരേഃ ശക്തിർഹി പാലിനീ

| | | | |
|---|---|---|---|
| ദേവ തേ | ദേവ! അങ്ങയുടെ | സതാം | സജ്ജനങ്ങളുടെ |
| ചംക്രമണം | പര്യടനം | സംരക്ഷണായ | സംരക്ഷയ്ക്കും |

| | | | |
|---|---|---|---|
| അസതാം | അസജ്ജനങ്ങളുടെ | ഹരേഃ | വിഷ്ണുഭഗവാന്റെ |
| വധായ ച | നിഗ്രഹത്തിന്നുമാണ്, | പാലിനീ | വിശ്വരക്ഷാത്മകമായ |
| നൂനം | തീർച്ചതന്നെ | | |
| യത് ത്വം | എന്തെന്നാൽ, അങ്ങ് | ശക്തിഃ ഹി | ശക്തിസ്വരൂപമാണല്ലോ. |

വിഷ്ണുവിൽ സ്ഥിതിചെയ്യുന്ന വിശ്വരക്ഷാത്മകശക്തിയുടെ മൂർത്തിമദ്ഭാവമാണ് മനു. ആകയാൽ കർദ്ദമൻ മനുവിനെ വൈഷ്ണവാംശമായികണ്ടു നമസ്കരിക്കുന്നു.

51 യോഽർക്കേന്ദ്വഗ്നീന്ദ്രവായൂനാം യമധർമ്മപ്രചേതസാം
രൂപാണി സ്ഥാന ആധത്സേ തസ്മൈ ശുക്ലായ തേ നമഃ

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | സ്ഥാനേ | അതാതു കാര്യത്തിന്ന് ഇടവരുമ്പോൾ |
| അർക്കേന്ദ്വഗ്നീന്ദ്രവായൂനാം | ആദിത്യൻ-ചന്ദ്രൻ-അഗ്നി-വായു എന്നിവരുടേയും | ആധത്സേ | ധരിക്കുന്നുവോ, |
| യമധർമ്മപ്രചേതസാം | യമൻ-ധർമ്മൻ-വരുണൻ എന്നിവരുടേയും | തസ്മൈ | അങ്ങനെയുള്ള |
| | | ശുക്ലായ | ശ്രീവിഷ്ണുമൂർത്തിയായ |
| രൂപാണി | ആകാരങ്ങളെ | തേ നമഃ | അങ്ങേയ്ക്കു് നമസ്കാരം |

52 ന യദാ രഥമാസ്ഥായ ജൈത്രം മണിഗണാർപ്പിതം
വിസ്ഫൂർജ്ജച്ചണ്ഡകോദണ്ഡോ രഥേന ത്രാസയന്നഘാൻ

53 സ്വസൈന്യചരണക്ഷുണ്ണം വേപയൻ മണ്ഡലം ഭുവഃ
വികർഷൻ ബൃഹതീം സേനാം പര്യടസ്യംശുമാനിവ

54 തദൈവ സേതവഃ സർവ്വേ വർണ്ണാശ്രമനിബന്ധനാഃ
ഭഗവദ്രചിതാ രാജൻ ഭിദ്യേരൻ ബത ദസ്യുഭിഃ

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജൻ ! | ഭുവഃ മണ്ഡലം | ഭൂമണ്ഡലത്തെ |
| ജൈത്രം | വിജയപ്രദവും | വേപയൻ | വിറപ്പിച്ചുകൊണ്ടും, |
| മണിഗണാർപ്പിതം | രത്നനികരങ്ങൾകൊണ്ട് അലങ്കൃതവുമായ | ബൃഹതീം | പെരുത്ത |
| | | സേനാം | സേനയെ |
| രഥം ആസ്ഥായ | തേരിലേറിയിരുന്ന് | വികർഷൻ | നയിച്ചുകൊണ്ടും |
| വിസ്ഫൂർജ്ജച്ചണ്ഡകോദണ്ഡഃ | ഞാണൊലി മുഴക്കുന്ന ഉഗ്രധനുസ്സോടുകൂടിയവനായി | അംശുമാൻ ഇവ | സൂര്യനെപ്പോലെ |
| | | രഥേന | തേരിലൂടെ |
| അഘാൻ | പാപന്മാരെ | യദാ | എപ്പോൾ |
| ത്രാസയൻ | ഭയപ്പെടുത്തിക്കൊണ്ടും, | ന പര്യടസി | സഞ്ചരിക്കാതെ ഇരിക്കുന്നുവോ, |
| സ്വസൈന്യചരണക്ഷുണ്ണം | സ്വസേനയുടെ കാൽച്ചവിട്ടേറ്റ | തദാ ഏവ | അപ്പോൾതന്നെ |

| | | | |
|---|---|---|---|
| വർണ്ണാശ്രമ-നിബന്ധനാഃ | വർണ്ണങ്ങളുടേയും ആശ്രമങ്ങളുടേയും നിബന്ധനത്തോടുകൂടിയുള്ള | സർവ്വേ സേതവഃ | എല്ലാധർമ്മമര്യാദകളും |
| | | ബത | ഹാ കഷ്ടമേ! |
| | | ദസ്യുഭിഃ | മ്ലേച്ഛജനങ്ങളാൽ |
| ഭഗവദ്രചിതാഃ | ഈശ്വരകല്പിതങ്ങളായ | ഭിദ്യേരൻ | തകർക്കപ്പെട്ടേക്കും |

55 അധർമ്മശ്ച സമേധേത ലോലുപൈർവ്യങ്കുശൈർന്നൃഭിഃ
ശയാനേ ത്വയി ലോകോഽയം ദസ്യുഗ്രസ്തോ വിനങ്ക്ഷ്യതി

| | | | |
|---|---|---|---|
| ത്വയി | അങ്ങുന്നു് | അധർമ്മഃ ച | അധർമ്മവും |
| ശയാനേ | ഉദാസീനനായാൽ | സമേധേത | അധികരിക്കും |
| ലോലുപൈഃ | പേരാശമുഴുത്തവരും | അയം ലോകഃ | ഈ ലോകം |
| വ്യങ്കുശൈഃ | നിരങ്കുശന്മാരുമായ | ദസ്യുഗ്രസ്തഃ | മ്ലേച്ഛരാൽ ഗ്രസിക്കപ്പെട്ടു് |
| നൃഭിഃ | ജനങ്ങൾമൂലം | വിനങ്ക്ഷ്യതി | നശിച്ചുപോകും. |

56 അഥാപി പൃച്ഛേ ത്വാം വീര യദർത്ഥം ത്വമിഹാഗതഃ
തദ്വയം നിർവ്യളീകേന പ്രതിപദ്യാമഹേ ഹൃദാ.

| | | | |
|---|---|---|---|
| അഥാപി | എന്നിരിക്കിലും, | പൃച്ഛേ | ചോദിച്ചുകൊള്ളുന്നു. |
| വീര | ഹേ വീര്യശാലിൻ! | തത് | അതിനെ (ആഗമനപ്രയോജനത്തെ) |
| യദർത്ഥം | എന്തുദ്ദേശംകൊണ്ടു് | | |
| ത്വം ഇഹ | അങ്ങുന്നു് ഇവിടെ | വയം | നമ്മൾ |
| ആഗതഃ | ആഗതനായിരിക്കുന്നുവെന്നു് | നിർവ്യളീകേന | നിഷ്കപടമായ |
| | | ഹൃദാ | ഹൃദയത്തോടെ |
| ത്വാം | അങ്ങയോടു് | പ്രതിപദ്യാമഹേ | അംഗീകരിക്കുന്നുണ്ടു്. |

**ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ**

**ഏകവിംശതിതമോഽദ്ധ്യായഃ.**

ആദിതഃ ശ്ലോകാഃ 872 ഇരുപത്തൊന്നാമദ്ധ്യായംകഴിഞ്ഞു.

# ദ്വാവിംശതിതമോऽധ്യായഃ = ഇരുപത്തിരണ്ടാമദ്ധ്യായം

"ദ്വാവിംശേ കർദ്ദമായാദാദ്യഥാദിഷ്ടം ഹി വിഷ്ണുനാ
മനുർദ്ദുഹിതരം ദേവഹൂതിമിത്യുപവർണ്യതേ"

## കർദ്ദമദേവഹൂതീവിവാഹം.

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു:

1 ഏവമാവിഷ്കൃതാശേഷഗുണകർമ്മോദയം മുനിം
സവ്രീഡ ഇവ തം സമ്രാഡുപാരതമുവാച ഹ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഉപാരതം | കർമ്മനിവൃത്തനായും ഇരിക്കുന്ന |
| ആവിഷ്കൃതാ-ശേഷഗുണ-കർമ്മോദയം | പ്രകാശിപ്പിക്കപ്പെട്ട സർവ്വഗുണങ്ങളുടേയും കർമ്മങ്ങളുടേയും യോഗ്യതയോടുകൂടിയവനായും | തം മുനിം | ആ കർദ്ദമമുനിയോട് |
| | | സമ്രാട് | മനുചക്രവർത്തി |
| | | സവ്രീഡഃ ഇവ | സലജ്ജനെന്നപോലെ |
| | | ഉവാച ഹ | സസന്തോഷം പറഞ്ഞു. |

മനുരുവാച — മനു പറഞ്ഞു:

2 ബ്രഹ്മാऽസൃജത് സ്വമുഖതോ യുഷ്മാനാത്മപരീപ്സയാ
ഛന്ദോമയസ്തപോവിദ്യായോഗയുക്താനലമ്പടാൻ

| | | | |
|---|---|---|---|
| ഛന്ദോമയഃ | വേദാത്മകനായ | സ്വമുഖതഃ | തന്റെ മുഖത്തിൽനിന്ന് |
| ബ്രഹ്മാ | ഈശ്വരൻ | തപോവിദ്യാ-യോഗയുക്താൻ | തപസ്സ്, വിദ്യ, യോഗം എന്നിവയോടുചേർന്നവരും |
| ആത്മപരീപ്സയാ | ആത്മാവിന്റെ (തൻ സ്വരൂപമായ വേദത്തിന്റെ) പരിപാലനേച്ഛയാൽ | അലമ്പടാൻ | ആസക്തിരഹിതരുമായ |
| | | യുഷ്മാൻ | നിങ്ങളെ |
| | | അസൃജത് | സൃഷ്ടിച്ചു. |

3 തത്ത്രാണായാസൃജച്ചാസ്മാൻ ദോഃസഹസ്രാത് സഹസ്രപാത്
ഹൃദയം തസ്യ ഹി ബ്രഹ്മ ക്ഷത്രമംഗം പ്രചക്ഷതേ.

| | | | |
|---|---|---|---|
| തത്ത്രാണായ | അവരുടെ (ബ്രാഹ്മണരുടെ) സംരക്ഷണത്തിനായിട്ട് | ദോഃസഹസ്രാത് | സഹസ്രകരങ്ങളിൽനിന്ന് |
| സഹസ്രപാത് | സഹസ്രപാദനായ വിരാട്ഭഗവാൻ | അസ്മാൻ ച | ഞങ്ങളെയും (ക്ഷത്രിയന്മാരെയും) |
| | | അസൃജത് | സൃഷ്ടിച്ചു. |

| | | | |
|---|---|---|---|
| ഹി | ആകയാൽ | ക്ഷത്രം | ക്ഷത്രിയജാതി |
| ബ്രഹ്മ | ബ്രാഹ്മണജാതി | അംഗം | ശരീരമാണെന്നും |
| തസ്യ | ആ ഭഗവാന്റെ | പ്രചക്ഷതേ | പറഞ്ഞുവരുന്നു. |
| ഹൃദയം | ഹൃദയമാണെന്നും | | |

4 **അതോ ഹ്യന്യോന്യമാത്മാനം ബ്രഹ്മ ക്ഷത്രം ച രക്ഷതഃ**
**രക്ഷതി സ്മാവ്യയോ ദേവഃ സ യഃ സദസദാത്മകഃ**

| | | | |
|---|---|---|---|
| അതഃ ഹി | അതുകൊണ്ടു | സദസദാത്മകഃ | സർവ്വാത്മകനും |
| ബ്രഹ്മ | ബ്രാഹ്മണജാതിയും | അവ്യയഃ | നിർവ്വികാരനുമായ |
| ക്ഷത്രം ച | ക്ഷത്രിയജാതിയും | ദേവഃ യഃ | ദേവൻ യാതൊരുവനോ |
| അന്യോന്യം | തമ്മിൽത്തമ്മിലും | സഃ സ്മ | അവൻതന്നെ |
| ആത്മാനം | തന്നേയും | രക്ഷതി | (ഈ രണ്ടിനേയും) രക്ഷിക്കുന്നു. |
| രക്ഷതഃ | സംരക്ഷിക്കുന്നു. | | |

സ്വപുത്രിയെ കൃഷ്ണൻ വേൾക്കണമെന്നാണു് മനു സാവകാശം പറയുവാൻ തുടങ്ങുന്നതു്. അതിന്നു് മുഖവുരയായി ബ്രാഹ്മണക്ഷത്രിയവംശങ്ങൾ വേദത്തിന്റെയും വേദവിഹിതധർമ്മത്തിന്റെയും രക്ഷയ്ക്കു് അന്യോന്യം വേഴ്ചയിലിരിക്കണമെന്നതാണു് ഈശ്വരസങ്കല്പമെന്നും, ഈ രണ്ടുവിഭാഗക്കാരും തമ്മിലുള്ള ബന്ധം സൃഷ്ടിയിൽത്തന്നെയുള്ളതാണെന്നും പ്രസ്താവിച്ചു. ഇനി കൃഷ്ണനെ കണ്ടതിലുള്ള ആത്മതുഷ്ടി മൂന്നുശ്ലോകംകൊണ്ടു് പ്രകാശിപ്പിച്ചു് പിന്നെ ഏഴു ശ്ലോകത്താൽ ആഗമനോദ്ദേശം വെളിവാക്കുന്നു.

5 **തവ സന്ദർശനാദേവ ഛിന്നാ മേ സർവ്വസംശയാഃ**
**യത് സ്വയം ഭഗവാൻ പ്രീത്യാ ധർമ്മമാഹ രിരക്ഷിഷോഃ**

| | | | |
|---|---|---|---|
| തവ | അങ്ങയുടെ | യത് | എന്തെന്നാൽ |
| സന്ദർശനാത് | സന്ദർശനംകൊണ്ടു | ഭഗവാൻ | സർവ്വജ്ഞനായ അങ്ങു് |
| ഏവ | തന്നെ | സ്വയം പ്രീത്യാ | താൻതന്നെ പ്രീതിയോടെ |
| മേ | എനിക്കുള്ള | രിരക്ഷിഷോഃ | ലോകരക്ഷേച്ഛുവാകുന്ന രാജാവിന്റെ |
| സർവ്വസംശയാഃ | എല്ലാ സംശയങ്ങളും | ധർമ്മം | ധർമ്മത്തെ |
| ഛിന്നാഃ | അററുപോയിരിക്കുന്നു. | ആഹ | ചൊല്ലിത്തന്നു. |

6 **ദിഷ്ട്യാ മേ ഭഗവാൻ ദൃഷ്ടോ ദുർദ്ദർശോ യോഽകൃതാത്മനാം**
**ദിഷ്ട്യാ പാദരജഃ സ്പൃഷ്ടം ശീർഷ്ണാ മേ ഭവതഃ ശിവം.**

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞനായ അങ്ങുന്നു | ഭവതഃ | ഭവാന്റെ |
| മേ ദൃഷ്ടഃ | എന്നാൽ കാണപ്പെട്ടതു് | ശിവം | മംഗളകരമായ |
| ദിഷ്ട്യാ | ഭാഗ്യംകൊണ്ടത്രേ. | പാദരജഃ | പാദധൂളി |
| യഃ | യാതൊരു ഭവാൻ | മേ ശീർഷ്ണാ | എന്നാൽ ശിരസ്സുകൊണ്ടു് |
| അകൃതാത്മനാം | അസംസ്കൃതചിത്തന്മാൎക്കു | സ്പൃഷ്ടം | സ്പർശിക്കപ്പെട്ടതും |
| ദുർദ്ദർശഃ | കാണ്മാൻ പ്രയാസമുള്ളവനാകുന്നു. | ദിഷ്ട്യാ | ഭാഗ്യംകൊണ്ടാണു്. |

7 ദിഷ്ട്യാ ത്വയാനുശിഷ്ടോഽഹം കൃതശ്ചാനുഗ്രഹോ മഹാൻ
അപാവൃതൈഃ കണ്ണരന്ധ്രൈർജ്ജുഷ്ടാ ദിഷ്ട്യോശതീർഗിരഃ

| | | | |
|---|---|---|---|
| ത്വയാ അഹം | അങ്ങയാൽ ഞാൻ | ഉശതീഃ | കമനീയങ്ങളായ |
| അനുശിഷ്ടഃ | അനുശാസിക്കപ്പെട്ട എ | ഗിരഃ | വചനങ്ങൾ |
| മഹാൻ | മഹത്തായ [ന്നും | അപാവൃതൈഃ | തുറന്നിട്ട |
| അനുഗ്രഹഃ; | അനുഗ്രഹം | കണ്ണരന്ധ്രൈഃ | കണ്ണദ്വാരങ്ങളിലൂടെ |
| കൃതഃ ച | ചെയ്യപ്പെട്ട എന്നും | ജുഷ്ടാഃ | സേവിക്കപ്പെട്ടുഎന്നും |
| ദിഷ്ട്യാ | ഭാഗ്യവശാൽ ആകുന്നു. | ദിഷ്ട്യാ | ഭാഗ്യംകൊണ്ടാണ്. |

8 സ ഭവാൻ ദുഹിതൃസ്നേഹപരിക്ലിഷ്ടാത്മനോ മമ
ശ്രോതുമർഹതി ദീനസ്യ ശ്രാവിതം കൃപയാ മുനേ

| | | | |
|---|---|---|---|
| മുനേ | ഹേ മനനശീല ! | ദീനസ്യ | ദീനതയാർന്നിരിക്കുന്ന |
| സഃ ഭവാൻ | താദൃശനായ അങ്ങുന്നു് | മമ ശ്രാവിതം | എന്റെ അറിയിപ്പിനെ |
| ദുഹിതൃസ്നേഹ-പരിക്ലിഷ്ടാത്മനഃ | പുത്രീസ്നേഹത്താൽ പരിക്ലേശിച്ച ഹൃദയത്തോടുകൂടിയവനായി | കൃപയാ | ദയയോടുകൂടി, |
| | | ശ്രോതും | കേൾക്കുവാൻ |
| | | അർഹതി | അർഹിക്കുന്നു, |

9 പ്രിയവ്രതോത്താനപദോഃ സ്വസേയം ദുഹിതാ മമ
അന്വിച്ഛതി പതിം യുക്തം വയഃശീലഗുണാദിഭിഃ.

| | | | |
|---|---|---|---|
| മമ ദുഹിതാ | എന്റെ പുത്രിയും | വയഃശീല-ഗുണാദിഭിഃ | പ്രായം, ശീലം, ഗുണം എന്നിവകളാൽ |
| പ്രിയവ്രതോ-ത്താനപദോഃ | പ്രിയവ്രതൻ, ഉത്താനപാദൻ എന്നിവരുടെ | യുക്തം | യോജിപ്പുള്ള |
| സ്വസാ | സോദരിയുമായ | പതിം | വരനെ |
| ഇയം | ഇവൾ | അന്വിച്ഛതി | അന്വേഷിക്കുന്നു. |

10 യദാ തു ഭവതഃ ശീലശ്രുതരൂപവയോഗുണാൻ
ആശൃണോന്നാരദാദേഷാ ത്വയ്യാസീത് കൃതനിശ്ചയാ.

| | | | |
|---|---|---|---|
| ഭവതഃ | അങ്ങയുടെ | നാരദാത് | നാരദനിൽനിന്നു് |
| ശീലശ്രുതരൂപ-വയോഗുണാൻ | സ്വഭാവം, വിദ്യാഭ്യാസം, സൌന്ദര്യം, പ്രായം, ഗുണം എന്നിവയെ | ആശൃണോത് | കേട്ടു് |
| | | (തദാ) | അപ്പോൾമുതല്ക്കു് |
| | | ത്വയി | അങ്ങയിൽ |
| യദാ തു | എപ്പോഴാണോ, | കൃതനിശ്ചയാ | മന ന്നിയവളായിട്ടു് |
| ഏഷാ | ഇവൾ | ആസീത് | ഭവിച്ചിരിക്കുന്നു. |

11 തത് പ്രതീച്ഛ ദ്വിജാഗ്ര്യേമാം ശ്രദ്ധയോപഹൃതാം മയാ
സർവ്വാത്മനാഽനുരൂപാം തേ ഗൃഹമേധേഷു കർമ്മസു

| | | | |
|---|---|---|---|
| തത് | അതുകൊണ്ടു് | ഗൃഹമേധേഷു | ഗൃഹസ്ഥാശ്രമോചിതങ്ങളായ |
| ദ്വിജാഗ്ര്യ | ഹേ ബ്രാഹ്മണശ്രേഷ്ഠ ! | കർമ്മസു | കർമ്മങ്ങളിൽ |
| ശ്രദ്ധയാ | ശ്രദ്ധയോടെ | സർവ്വാത്മനാ | എല്ലാ പ്രകാരത്തിലും |
| മയാ | എന്നാൽ | അനുരൂപാം | യോജിപ്പുള്ളവളുമായ |
| ഉപഹൃതാം | സമീപം കൊണ്ടുവരപ്പെട്ടവളും | ഇമാം | ഇവളെ |
| തേ | അങ്ങയുടെ | പ്രതീച്ഛ | കൈക്കൊള്ളുക. |

12 ഉദ്ധൃതസ്യ ഹി കാമസ്യ പ്രതിവാദോ ന ശസ്യതേ
അപി നിർമ്മുക്തസംഗസ്യ കാമരക്തസ്യ കിം പുനഃ.

| | | | |
|---|---|---|---|
| ഉദ്ധൃതസ്യ | സ്വയം സംപ്രാപ്തമായ | ന ശസ്യതേഹി | ആശാസ്യമല്ലല്ലോ. |
| കാമസ്യ | ഒരു വിഷയത്തിന്റെ | കാമരക്തസ്യ | വിഷയത്തിൽ ആസക്തിയുള്ളവന്നു് |
| പ്രതിവാദഃ | പ്രതിഷേധം | | |
| നിർമ്മുക്തസംഗസ്യ അപി | നിഃസംഗനായിരിക്കുന്നവന്നുപോലും | പുനഃ കിം | പിന്നെ പറയേണമോ ? |

13 യ ഉദ്ധൃതമനാദൃത്യ കീനാശമഭിയാചതേ
ക്ഷീയതേ തദ്യശഃ സ്ഫീതം മാനശ്ചാവജ്ഞയാ ഹതഃ

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | സ്ഫീതം | അതിമഹത്താണെങ്കിലും |
| ഉദ്ധൃതം | സ്വതേ വന്നുചേൎന്ന ഉദാരനെ | തദ്യശഃ | അവന്റെ കീർത്തി |
| അനാദൃത്യ | അനാദരിച്ചു്, | ക്ഷീയതേ | ക്ഷയിക്കുന്നു; |
| കീനാശം | പിശുനനെ | മാനഃ ച | അഭിമാനവും |
| അഭിയാചതേ | ചെന്നുകണ്ടു യാചിക്കുന്നുവോ, | അവജ്ഞയാ | അവമതിയാൽ |
| | | ഹതഃ | നശിപ്പിക്കപ്പെടുന്നു. |

14 അഹം ത്വാശ്രുണവം വിദ്വൻ വിവാഹാർത്ഥം സമുദ്യതം
അതസ്ത്വമുപകുർവ്വാണഃ പ്രത്താം പ്രതിഗൃഹാണ മേ

| | | | |
|---|---|---|---|
| വിദ്വൻ | ഹേ ജ്ഞാനിൻ! | ഉപകുർവ്വാണഃ | ഒരവധിവരെ ബ്രഹ്മചര്യവ്രതം സ്വീകരിച്ചിട്ടുള്ള |
| അഹം ത്വാ | ഞാൻ അങ്ങയെ | | |
| വിവാഹാർത്ഥം | വിവാഹം കഴിക്കുവാൻ | ത്വം | അങ്ങുന്നു് |
| സമുദ്യതം | ഒരുക്കമുള്ളവനായിട്ടു് | മേ | എന്നാൽ |
| അശ്രുണവം | കേട്ടിരിക്കുന്നു. | പ്രത്താം | നൽകപ്പെടുന്നവളെ |
| അതഃ | അതിനാൽ | പ്രതിഗൃഹാണ | വേട്ടുകൊണ്ടാലും. |

ഋഷിരുവാച — കർദ്ദമൻ പറഞ്ഞു :

15 ബാഢമുദ്വോഢുകാമോഽഹമപ്രത്താ ച തവാത്മജാ
ആവയോരനുരൂപോഽസാവാദ്യോ വൈവാഹികോ വിധിഃ

| | | | |
|---|---|---|---|
| ബാഢം അഹം | ശരിതന്നെ, ഞാൻ | അസൌ ആദ്യഃ | ഈ ആദ്യത്തെ |
| ഉദ്വോഢുകാമഃ | വിവാഹം ആഗ്രഹിക്കുന്നവനാകുന്നു. | വൈവാഹികഃ | വിവാഹസംബന്ധമായ |
| തവ ആത്മജാ | അങ്ങയുടെ മകളും | വിധിഃ | കർമ്മാനുഷ്ഠാനം |
| അപ്രത്താ ച | മറ്റൊരുത്തന്ന് വാഗ്ദാനം ചെയ്യപ്പെടാത്തവളുമാണ് | ആവയോഃ | നാമിരുവർക്കും |
| | | അനുരൂപഃ | ചേർന്നതാകുന്നു. |

16 കാമഃ സ ഭൂയാന്നരദേവ തേഽസ്യാഃ
പുത്ര്യാഃ സമാമ്നായവിധൌ പ്രതീതഃ
ക ഏവ തേ തനയാം നാദ്രിയേത
സ്വയൈവ കാന്ത്യാ ക്ഷിപതീമിവ ശ്രിയം.

| | | | |
|---|---|---|---|
| നരദേവ തേ | രാജാവേ! അങ്ങയുടെ | സ്വയാ ഏവ | സ്വതവെ തന്നെയുള്ള |
| അസ്യാഃ പുത്ര്യാഃ | ഈ പുത്രിക്ക് | കാന്ത്യാ | സൌന്ദര്യശോഭയിൽ |
| സമാമ്നായവിധൌ | വൈദികവിധിയിൽ | ശ്രിയം | അലങ്കാരശോഭയെ |
| പ്രതീതഃ | പ്രസിദ്ധമായുള്ള | ക്ഷിപതിം ഇവ | തിരസ്കരിക്കുന്ന |
| സഃ കാമഃ | ആ അഭിലാഷം * | തേ തനയാം | അങ്ങയുടെ പുത്രിയെ |
| ഭൂയാത് | നിറവേറട്ടെ! | കഃ ഏവ | ആർതന്നെ |
| | | ന ആദ്രിയേത | ആദരിക്കുകയില്ല? |

* "ഗൃഹ്ണാമി തേ സൌഭഗത്വായ ഹസ്തം—" ഇത്യാദി പാണിഗ്രഹണമന്ത്രംകൊണ്ട് വേദത്തിൽ വ്യക്തമാക്കുന്ന വധുവിന്റെ സൌഭാഗ്യാദ്യഭിലാഷം.

17 യാം ഹർമ്മ്യപൃഷ്ഠേ ക്വണദംഘ്രിശോഭാം
വിക്രീഡതീം കന്ദുകവിഹ്വലാക്ഷീം
വിശ്വാവസുർന്യപതത് സ്വാദ്വിമാനാ-
ദ്വിലോക്യ സമ്മോഹവിമൂഢചേതാഃ

| | | | |
|---|---|---|---|
| ക്വണദംഘ്രി-ശോഭാം | ചിലമ്പൊലിയോലുന്ന കാൽത്താരഴകെഴുന്നവളായി, | ഹർമ്മ്യപൃഷ്ഠേ | മാളികപ്പുറത്ത് |
| കന്ദുക-വിഹ്വലാക്ഷീം | പന്താട്ടത്തിൽ ചഞ്ചലിക്കുന്ന കണ്ണിണയോടു ചേർന്നവളായി, | വിക്രീഡതീം | കളിയാടിയിരുന്ന |
| | | യാം | യാതൊരുവളെ |
| | | വിലോക്യ | കണ്ടിട്ട് |

| | | | |
|---|---|---|---|
| സമ്മോഹ- വിമൂഢചേതാഃ | സമ്മോഹത്താൽ തളൎന്നുലഞ്ഞ ഉൾത്തടത്തോടു കൂടിയവനായിഭവിച്ച | സ്വാത് | തന്റെ |
| വിശ്വാവസുഃ | വിശ്വാവസുവെന്ന ഗന്ധൎവ്വശ്രേഷ്ഠൻ | വിമാനാത് | വിമാനത്തിൽനിന്നു് |
| | | ന്യപതത് | മയങ്ങിവീണു. |

18 താം പ്രാൎത്ഥയന്തീം ലലനാലലാമ-
മസേവിതശ്രീചരണൈരദൃഷ്ടാം
വത്സാം മനോരുച്ചപദഃ സ്വസാരം
കോ നാനുമന്യേത ബുധോഽഭിയാതാം.

| | | | |
|---|---|---|---|
| ലലനാലലാമം | സ്ത്രീകൾക്കലങ്കാരമായിരിക്കുന്നവളും | സ്വസാരം | ഉടപ്പിറന്നവളും |
| അസേവിത- ശ്രീചരണൈഃ | ശ്രീദേവിയുടെ പാദസേവ ചെയ്തിട്ടില്ലാത്തവരാൽ | പ്രാൎത്ഥയന്തീം | അഭ്യൎത്ഥിക്കുന്നവളും |
| അദൃഷ്ടാം | കാണപ്പെടാത്തവളും | അഭിയാതാം | അരികെ വന്നുചേൎന്നവളുമായ |
| മനോഃ | മനുവിന്റെ | താം | അവളെ |
| വത്സാം | ഓമനമകളും | ബുധഃ | അറിവുള്ള |
| ഉച്ചപദഃ | ഉത്താനപാദന്റെ | കഃ | ഏതൊരുവൻ |
| | | ന അനുമന്യേത | അംഗീകരിക്കയില്ല? |

19 അതോ ഭജിഷ്യേ സമയേന സാധ്വീം
യാവത്തേജോ ബിഭൃയാദാത്മനോ മേ
അതോ ധൎമ്മാൻ പാരമഹംസ്യമുഖ്യാൻ
ശുക്ലപ്രോക്താൻ ബഹു മന്യേഽവിഹിംസ്രാൻ

| | | | |
|---|---|---|---|
| അതഃ | അതുകൊണ്ടു്, | ശുക്ലപ്രോക്താൻ | വിഷ്ണുഭഗവാനാൽ പ്രകൎഷേണ ഉപദേശിക്കപ്പെട്ടവയും |
| മേ ആത്മനഃ | ‘എന്റെ ദേഹത്തിൽ നിന്നു് | അവിഹിംസ്രാൻ | ഹിംസാരഹിതങ്ങളും |
| തേജഃ | വീൎയ്യത്തെ (ഗൎഭത്തെ) | പാരമഹംസ്യ- മുഖ്യാൻ | ജ്ഞാനയോഗത്തിൽ പ്രധാനങ്ങളുമായ |
| യാവത് ബിഭൃയാത് | ധരിക്കുന്നതുവരേക്കും’ എന്നുള്ള | ധൎമ്മാൻ | ശമാദിധൎമ്മങ്ങളെ |
| സമയേന | കരാറോടെ, | ബഹു | ബഹുധാ അനുഷ്ഠേയത്വേന |
| സാധ്വീം | ഉത്തമയായ ഇവളെ | മന്യേ | കരുതുന്നു. |
| ഭജിഷ്യേ | ഏറ്റെടുത്തുകൊള്ളാം | | |
| അതഃ | അതിൽപിന്നെ | | |

20 യതോഽഭവദ്വിശ്വമിദം വിചിത്രം
സംസ്ഥാസ്യതേ യത്ര ച വാഽവതിഷ്ഠതേ
പ്രജാപതീനാം പതിരേഷ മഹ്യം
പരം പ്രമാണം ഭഗവാനനന്തഃ

| | | | |
|---|---|---|---|
| വിചിത്രം | അദ്ഭുതകരമായ | പ്രജാപതീനാം | വിശ്വവിധാതാക്കളുടെ |
| ഇദം വിശ്വം | ഈ പ്രപഞ്ചം | പതിഃ | പാലകനും |
| യതഃ | യാതൊരുവനിൽനിന്നു് | അനന്തഃ | അപരിച്ഛിന്നനും |
| അഭവത് | ഉണ്ടാവുകയും, | ഭഗവാൻ | സർവൈശ്വര്യാദി ഗുണസമ്പന്നനുമായ |
| യത്ര വാ | യാതൊരുവനിൽത്തന്നെ | ഏഷഃ | ഈ ശ്രീഹരി |
| അവതിഷ്ഠതേ | നിലകൊള്ളുകയും | മഹ്യം | എനിക്കു് |
| സംസ്ഥാസ്യതേ ച | വിലയിക്കുകയും ചെയ്യുന്നുവോ, | പരം | ഏറ്റവും വലിയ |
| | | പ്രമാണം | പ്രമാണമാകുന്നു. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :—

21 സ ഉഗ്രധന്വന്നിയദേവാബഭാഷേ
ആസീച്ച തൂഷ്ണീമരവിന്ദനാഭഃ
ധിയോപഗൃഹ്ണൻ സ്മിതശോഭിതേന
മുഖേന ചേതോ ലുലുഭേ ദേവഹൂത്യാഃ

| | | | |
|---|---|---|---|
| ഉഗ്രധന്വൻ | വീരനായ വിദുര! | തൂഷ്ണീം ആസീത് ച | മൌനഭാവത്തെ അവലംബിക്കുകയും ചെയ്തു. |
| സഃ | അദ്ദേഹം (കർദ്ദമൻ) | സ്മിതശോഭിതേന | പുഞ്ചിരിയാൽ ശോഭിതമായ |
| ഇയത് ഏവ | ഇത്രമാത്രം | മുഖേന | മുഖത്താൽ |
| ആബഭാഷേ | പറഞ്ഞു. | ദേവഹൂത്യാഃ | മനുപുത്രിയായ ദേവഹൂതിയുടെ |
| അരവിന്ദനാഭം | ശ്രീനാരായണനെ | ചേതഃ | ഹൃദയം |
| ധിയാ | ഉള്ളിനാൽ | ലുലുഭേ | പ്രലോഭിപ്പിക്കപ്പെട്ടു. |
| ഉപഗൃഹ്ണൻ | തഴുകിക്കൊണ്ടു് | | |

22 സോഽനുജ്ഞാത്വാ വ്യവസിതം മഹിഷ്യാ ദുഹിതുഃ സ്ഫുടം
തസ്മൈ ഗുണഗണാഢ്യായ ദദൌ തുല്യാം പ്രഹർഷിതഃ

| | | | |
|---|---|---|---|
| സഃ | അദ്ദേഹം (മനു) | ജ്ഞാത്വാ | മനസ്സിലാക്കി, |
| അനു | അതനുസരിച്ചു് | പ്രഹർഷിതഃ | സന്തുഷ്ടനായിട്ടു് |
| മഹിഷ്യാഃ | പത്നിയുടേയും | ഗുണഗണാഢ്യായ തസ്മൈ | സകലസദ്ഗുണസമ്പന്നനായ അദ്ദേഹത്തിനു് |
| ദുഹിതുഃ | പുത്രിയുടേയും | തുല്യാം | തത്തുല്യയായവളെ |
| വ്യവസിതം | അഭിപ്രായഗതിയെ | ദദൌ | ദാനംചെയ്തു. |
| സ്ഫുടം | സ്പഷ്ടമായി | | |

23 ശതരൂപാ മഹാരാജ്ഞീ പാരിബർഹാൻ മഹാധനാൻ
ദമ്പത്യോഃ പര്യദാത് പ്രീത്യാ ഭൂഷാവാസഃപരിച്ഛദാൻ

| | | | |
|---|---|---|---|
| മഹാരാജ്ഞീ | ചക്രവർത്തിനിയായ | ഭൂഷാവാസഃപരിച്ഛദാൻ | ഭൂഷണങ്ങൾ, വസ്ത്രങ്ങൾ ഗൃഹോപകരണങ്ങൾ എന്നിങ്ങനെ |
| ശതരൂപാ | ശതരൂപ (മനുപത്നി) | | |
| ദമ്പത്യോഃ | വധൂവരന്മാർക്കു് | | |

| | | | |
|---|---|---|---|
| മഹാധനാൻ | വളരെ വിലയുള്ള | പ്രീത്യാ | സന്തോഷത്തോടെ |
| പാരിബർഹാൻ | വൈവാഹികസംഭാവനകളെ | പര്യദാത് | നല്കി. |

24 **പ്രത്താം ദുഹിതരം സമ്രാട് സദൃക്ഷായ ഗതവ്യഥഃ**
**ഉപഗുഹ്യ ച ബാഹുഭ്യാമൌത്കണ്ഠ്യോന്മഥിതാശയഃ**

25 **അശക്നുവംസ്തദ്വിരഹം മുഞ്ചൻ ബാഷ്പകലാം മുഹുഃ**
**ആസിഞ്ചദംബ വത്സേതി നേത്രോദൈർദുഹിതുഃ ശിഖാഃ**

| | | | |
|---|---|---|---|
| ഗതവ്യഥഃ | മനോദുഃഖം നീങ്ങിയ | മുഹുഃ | തുടരെത്തുടരെ |
| സമ്രാട് | മനുചക്രവർത്തി | ബാഷ്പകലാം | കണ്ണീർക്കണത്തെ |
| സദൃക്ഷായ | സദൃശനായ വരന്ന് | മുഞ്ചൻ | ചൊരിഞ്ഞുകൊണ്ടു്, |
| പ്രത്താം | നല്കപ്പെട്ട | അംബ വത്സേ | "അമ്മ! ഓമനേ!" |
| ദുഹിതരം | പുത്രിയെ | ഇതി | എന്നിങ്ങനെയെല്ലാം വിളിച്ചുകൊണ്ടു് |
| ബാഹുഭ്യാം | രണ്ടുകൈകൊണ്ടും | നേത്രോദൈഃ | കണ്ണീരിനാൽ |
| ഉപഗുഹ്യ ച | ആശ്ലേഷിച്ചശേഷം, | ദുഹിതുഃ | മകളുടെ |
| ഔത്കണ്ഠ്യോന്മഥിതാശയഃ | ഉൽകണ്ഠയാൽ വ്യാകുലഹൃദയനായിഭവിച്ചു്, | ശിഖാഃ | തലമുടി |
| തദ്വിരഹം | അവളുടെ വിയോഗത്തെ | ആസിഞ്ചത് | തികച്ചും നനച്ചു. |
| അശക്നുവൻ | പൊറുക്കാൻകഴിയാതെ, | | |

26 **ആമന്ത്ര്യ തം മുനിവരമനുജ്ഞാതഃ സഹാനുഗഃ**
**പ്രതസ്ഥേ രഥമാരുഹ്യ സഭാര്യഃ സ്വപുരം നൃപഃ**

| | | | |
|---|---|---|---|
| തം മുനിവരം | ആ മുനിശ്രേഷ്ഠനോടു് | രഥം ആരുഹ്യ | തേരിൽ കയറി |
| ആമന്ത്ര്യ | യാത്രപറഞ്ഞു് | സഹാനുഗഃ | അനുചരന്മാരോടുകൂടെ |
| അനുജ്ഞാതഃ | വിടവാങ്ങിയ | സ്വപുരം | സ്വനഗരിയിലേക്കു് |
| നൃപഃ | രാജാവു് | പ്രതസ്ഥേ | പുറപ്പെട്ടു. |
| സഭാര്യഃ | ഭാര്യാസഹിതനായി | | |

27 **ഉഭയോരൃഷികുല്യായാഃ സരസ്വത്യാഃ സുരോധസോഃ**
**ഋഷീണാമുപശാന്താനാം പശ്യന്നാശ്രമസംപദഃ**

| | | | |
|---|---|---|---|
| ഋഷികുല്യായാഃ | ഋഷിമാരുടെ പ്രിയപ്പെട്ട നദിയായ | ഉപശാന്താനാം | പ്രശാന്താത്മാക്കളായ |
| സരസ്വത്യാഃ | സരസ്വതിയുടെ | ഋഷീണാം | മഹർഷിമാരുടെ |
| ഉഭയോഃ സുരോധസോഃ | ശോഭനങ്ങളായ ഇരുകരകളിലുമുള്ള | ആശ്രമസംപദഃ | ആശ്രമസമൃദ്ധികളെ |
| | | പശ്യൻ | കണ്ടുകൊണ്ടു് (യാത്രചെയ്തു) |

28 തമായാന്തമഭിപ്രേത്യ ബ്രഹ്മാവൎത്താത് പ്രജാഃ പതിം
ഗീതസംസ്തുതിവാദിത്രൈഃ പ്രത്യുദീയുഃ പ്രഹൎഷിതാഃ

| | |
|---|---|
| പതിം തം ആയാന്തം | പ്രജാപാലകനായ അദ്ദേഹം വരുന്നതായിട്ട് |
| അഭിപ്രേത്യ | അറിഞ്ഞ് |
| പ്രജാഃ | പ്രജകൾ |
| പ്രഹൎഷിതാഃ | സന്തുഷ്ടരായിട്ട് |
| ബ്രഹ്മാവൎത്താത് | ബ്രഹ്മാവൎത്തത്തിൽ നിന്ന് |
| ഗീതസംസ്തുതി-വാദിത്രൈഃ | പാട്ടും സ്തുതിയും വാദ്യഘോഷങ്ങളും ചേൎന്ന് കൊണ്ട് |
| പ്രത്യുദീയുഃ | എതിരേററു. |

29 ബൎഹിഷ്മതീ നാമ പുരീ സൎവ്വസമ്പത്സമന്വിതാ
ന്യപതന്യത്ര രോമാണി യജ്ഞസ്യാംഗം വിധുന്വതഃ

30 കുശാഃ കാശാസ്ത ഏവാസഞ്ശശ്വദ്ധരിതവൎച്ചസഃ
ഋഷയോ യൈഃ പരാഭാവ്യ യജ്ഞഘ്നാന്യജ്ഞമീജിരേ.

31 കുശകാശമയം ബൎഹിരാസ്തീൎയ്യ ഭഗവാൻ മനുഃ
അയജദ്യജ്ഞപുരുഷം ലബ്ധ്വാ സ്ഥാനം യതോ ഭുവം.

| | |
|---|---|
| യത്ര | യാതൊരുദിക്കിൽ |
| ബൎഹിഷ്മതീ നാമ | ബൎഹിഷ്മതിയെന്ന പേരിനാൽ പ്രസിദ്ധമായി |
| സൎവ്വസമ്പത്-സമന്വിതാ | സകലവിധ സമ്പത്തുകളോടും കൂടിയ |
| പുരീ | നഗരം സ്ഥിതിചെയ്യുന്നുവോ, |
| (യത്ര) | യാതൊരുദിക്കിൽ |
| യജ്ഞസ്യ | യജ്ഞവരാഹമൂൎത്തി |
| അങ്ഗം | തിരുവുടൽ |
| വിധുന്വതഃ | കുടയവേ, |
| മോമാണി | രോമങ്ങൾ |
| ന്യപതൻ | കൊഴിഞ്ഞുവീണുവോ, |
| (യത്ര) | യാതൊരുദിക്കിൽ വെച്ച് |
| തേ ഏവ | അവതന്നെ |
| ശശ്വത് | എന്നെന്നും |
| ഹരിതവൎച്ചസഃ | പച്ചനിറപ്പകിട്ടാൎന്ന |
| കുശാഃ | കുശദൎഭകളും |
| കാശാഃ | ആററുദൎഭകളുമായിട്ട് |
| ആസൻ | ഭവിച്ചുവോ, |
| (യത്ര) | യാതൊരിടത്തുവെച്ച് |
| യൈഃ | യാതൊരു ഈ ദൎഭകളാൽ |
| ഋഷയഃ | ഋഷിമാർ |
| യജ്ഞഘ്നാൻ | യാഗവിഘ്നകാരികളെ |
| പരാഭാവ്യ | പരാജയപ്പെടുത്തി, |
| യജ്ഞം | മഹാവിഷ്ണുവിനെ |
| ഈജിരേ | ആരാധിക്കയുണ്ടായോ, |
| ഭുവം | ഭൂമിയെ |
| സ്ഥാനം | വാസസ്ഥലമായി |
| ലബ്ധ്വാ | ലഭിച്ച |
| ഭഗവാൻ | സൎവ്വജ്ഞാനനിധിയായ |
| മനുഃ | മനുചക്രവൎത്തി |
| യതഃ | യാതൊരിടത്തുവെച്ച് |
| കുശകാശമയം | കുശകാശതൃണങ്ങൾ കൊണ്ടുള്ള |
| ബൎഹിഃ | ദൎഭവിരി |
| ആസ്തീൎയ്യ | വിരിച്ച് |
| യജ്ഞപുരുഷം | ശ്രീമഹാവിഷ്ണുവിനെ |
| അയജത് | യജിക്കുകയുണ്ടായോ, (ആ പ്രദേശമാണ് ബ്രഹ്മാവൎത്തം) |

32 ബർഹിഷ്മതീം നാമ വിഭുര്യാം നിർവിശ്യ സമാവസത്
തസ്യാം പ്രവിഷ്ടോ ഭവനം താപത്രയവിനാശനം.
സഭാര്യഃ സപ്രജഃ കാമാൻ ബുഭുജേഽന്യാ വിരോധതഃ

| | | | |
|---|---|---|---|
| വിഭുഃ | മഹാനായ മനു | ഭവനം | ഭവനത്തിലേക്ക് |
| ബർഹിഷ്മതീം നാമ യാം | ബർഹിഷ്മതിയെന്നു പേരായ യാതൊരുപുരിയെ | പ്രവിഷ്ടഃ | പ്രവേശിച്ചവനായിട്ട് |
| | | സഭാര്യഃ | ഭാര്യയോടും |
| സമാവസത് | അധിവസിച്ചുപോന്നിരുന്നുവോ, | സപ്രജഃ | മക്കളോടുംകൂടെ |
| | | കാമാൻ | ഭോഗസുഖങ്ങളെ |
| തസ്യാം | ആയതിൽ | അന്യാവിരോധതഃ | മററു പുരുഷാർത്ഥങ്ങൾക്ക് കോട്ടംതട്ടാത്തവിധം |
| നിർവിശ്യ | എത്തിച്ചേർന്ന് | | |
| താപത്രയവിനാശനം | താപത്രയത്തെ തികച്ചും നശിപ്പിക്കുന്ന | ബുഭുജേ | അനുഭവിച്ചു. |

33 സംഗീയമാനസത്കീർത്തിഃ സസ്ത്രീഭിഃ സുരഗായകൈഃ
പ്രത്യൂഷേഷ്വനുബദ്ധേന ഹൃദാ ശൃണ്വൻ ഹരേഃ കഥാഃ

| | | | |
|---|---|---|---|
| സസ്ത്രീഭിഃ | സ്ത്രീജനങ്ങളോടുകൂടിയ | അനുബദ്ധേന | ഭക്തിയോടൊത്തിണങ്ങിയ |
| സുരഗായകൈഃ | ദേവഗായകന്മാരാൽ | ഹൃദാ | ചിത്തത്തോടെ |
| സംഗീയമാനസത്കീർത്തിഃ | നല്ലപോലെ കീർത്തിക്കപ്പെടുന്ന സൽകീർത്തിയോടുകൂടിയവനായും | ഹരേഃ | ശ്രീഹരിയുടെ |
| | | കഥാഃ | കഥകളെ |
| | | ശൃണ്വൻ | കേട്ടുകൊണ്ടും (ഭോഗങ്ങളെ അനുഭവിച്ചു) |
| പ്രത്യൂഷേഷു | പ്രഭാതകാലങ്ങളിൽ | | |

34 നിഷ്ണാതം യോഗമായാസു മുനിം സ്വായംഭുവം മനും
യദാ ഭ്രംശയിതും ഭോഗാ ന ശേകുർഭഗവത്പരം.

35 അയാതയാമാസ്തസ്യാസൻ യാമാഃ സ്വാന്തരയാപനാഃ
ശൃണ്വതോ ധ്യായതോ വിഷ്ണോഃ കുർവ്വതോ ബ്രുവതഃ കഥാഃ

| | | | |
|---|---|---|---|
| യോഗമായാസു | ഇച്ഛയ്ക്കൊത്തുള്ള ഭോഗങ്ങളുടെ സമ്പാദനത്തിൽ | ന ശേകുഃ | ശക്തങ്ങളായില്ല |
| | | യത് | എന്നതിനാൽ, |
| നിഷ്ണാതം | മുഴുകിയവനെന്നിരിക്കിലും, | വിഷ്ണോഃ കഥാഃ | വിഷ്ണുവിൻെറ കഥകളെ |
| ഭഗവത്പരം | ഭഗവൽഭക്തനും | ശൃണ്വതഃ | കേൾക്കുകയും |
| മുനിം | മനനശീലനും ആയ | ധ്യായതഃ | ഓർക്കുകയും |
| സ്വായംഭുവം | സ്വായംഭുവനെന്ന | കുർവ്വതഃ | രചിക്കുകയും |
| മനും | മനുവിനെ | ബ്രുവതഃ | പറയുകയുംചെയ്തുകൊണ്ടിരുന്ന |
| ആഭ്രംശയിതും | അല്പംപോലും വ്യതിചലിപ്പിക്കുവാൻ | | |
| ഭോഗാഃ | ഭോഗങ്ങൾ | തസ്യ | അദ്ദേഹത്തിൻെറ |

| | | | |
|---|---|---|---|
| സ്വാന്തര- യാപനാഃ | സ്വന്തം കാലാന്തരത്തെ തള്ളിനീക്കുന്ന | അയാതയാമാഃ | നിസ്സാരങ്ങളല്ലാത്തവ യായി |
| യാമാഃ | ഓരോരോ യാമങ്ങളും | ആസൻ | ഭവിച്ചു. |

36 സ ഏവം സ്വാന്തരം നിന്യേ യുഗാനാമേകസപ്തതിം
വാസുദേവപ്രസംഗേന പരിഭൂതഗതിത്രയഃ

| | | | |
|---|---|---|---|
| സഃ ഏവം | അദ്ദേഹം ഇങ്ങനെ | സ്വാന്തരം | തന്റെ കാലാവധിയായ |
| വാസുദേവ- പ്രസംഗേന | ശ്രീവാസുദേവവിഷയക മായ പ്രസക്തിയാൽ | യുഗാനാം ഏകസപ്തതിം | എഴുപത്തൊന്നു ദിവ്യയു ഗങ്ങളെ |
| പരിഭൂത- ഗതിത്രയഃ | ജാഗ്രത്ത്, സ്വപ്നം, സു ഷുപ്തി എന്നീ അവസ്ഥാ ഭേദങ്ങൾ മൂന്നിനേയും തള്ളിനീക്കിക്കൊണ്ട് | നിന്യേ | കഴിച്ചുകൂട്ടി. |

37 ശാരീരാ മാനസാ ദിവ്യാ വൈയാസേ യേ ച മാനുഷാഃ
ഭൗതികാശ്ച കഥം ക്ലേശാ ബാധന്തേ ഹരിസംശ്രയം

| | | | |
|---|---|---|---|
| വൈയാസേ | ഹേ വ്യാസപുത്ര! | ഭൗതികാഃ ച | ശീതോഷ്ണാദികളിൽനി ന്നുള്ളവയുമായി |
| ശാരീരാഃ | ദൈഹികങ്ങളും | യേ ക്ലേശാഃ | യാവചില ക്ലേശങ്ങളു ണ്ടോ, അവ |
| മാനസാഃ ച | മാനസികങ്ങളും | ഹരിസംശ്രയം | ഹരിയെ സമാശ്രയി ച്ചിരിക്കുന്ന ഒരുവനെ |
| മാനുഷാഃ | പരമനുഷ്യരിൽനിന്നു ള്ളവയും | കഥം | എങ്ങനെ |
| ദിവ്യാഃ | അന്തരീക്ഷത്തിൽനിന്നു ള്ളവയും | ബാധന്തേ | ബാധിക്കുന്നു? |

38 യഃ പൃഷ്ടോ മുനിഭിഃ പ്രാഹ ധർമ്മാന്നാനാവിധാൻ ശുഭാൻ
നൃണാം വർണ്ണാശ്രമാണാം ച സർവ്വഭൂതഹിതഃ സദാ

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ (മനു) | നൃണാം | മനുഷ്യരാശികളുടെ |
| സദാ | എപ്പോഴും | ധർമ്മാൻ | സർവ്വസാധാരണധർമ്മ ങ്ങളേയും |
| സർവ്വഭൂതഹിതഃ | സർവ്വപ്രാണികളുടേയും ഹിതാനുവർത്തിയായിരു ന്നു് | വർണ്ണാശ്രമാണാം | വർണ്ണാശ്രമങ്ങളുടെ |
| | | നാനാവിധാൻ | വിവിധങ്ങളായ |
| മുനിഭിഃ | മുനിമാരാൽ | ശുഭാൻ ച | വിശേഷധർമ്മങ്ങളേയും |
| പൃഷ്ടഃ | പൃച്ഛിക്കപ്പെട്ടവനായിട്ടു് | പ്രാഹ | ഉപദേശിച്ചു. |

39 ഏതത്ത ആദിരാജസ്യ മനോശ്ചരിതമദ്ഭുതം
വർണ്ണിതം വർണ്ണനീയസ്യ തദപത്യോദയം ശൃണു.

| | | | |
|---|---|---|---|
| വർണ്ണനീയസ്യ | വർണ്ണിച്ചുപറയപ്പെടേണ്ടവനും | തേ | അങ്ങക്കായി |
| ആദിരാജസ്യ | ആദിയിലെ രാജാവുമായ | വർണ്ണിതം | വർണ്ണിക്കപ്പെട്ട. |
| മനോഃ | മനുവിന്റെ | തദപത്യോദയം | അദ്ദേഹത്തിന്റെ പുത്രിയുടെ (ദേവഹൂതിയുടെ) പ്രഭാവത്തെ |
| അദ്ഭുതം | ആശ്ചര്യകരമായ | | |
| ഏതത് ചരിതം | ഈ ചരിതം | ശൃണു | ഇനി കേട്ടുകൊൾക. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ ദ്വാവിംശതിതമോഽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 911 ഇരുപത്തിരണ്ടാമദ്ധ്യായംകഴിഞ്ഞു.

## ത്രയോവിംശതിതമോഽദ്ധ്യായഃ = ഇരുപത്തിമൂന്നാമദ്ധ്യായം

"ത്രയോവിംശേ തതോ യോഗനിർമ്മിതേ സർവ്വസംപദി
വിമാനേ കാമഗേ ചിത്രാ തയോ രതിരുദീര്യതേ"

### കർദ്ദമദേവഹൂതിമാരുടെ സ്വച്ഛന്ദവിഹാരം

**മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :**

1 പിതൃഭ്യാം പ്രസ്ഥിതേ സാധ്വീ പതിമിംഗിതകോവിദാ
നിത്യം പര്യചരത് പ്രീത്യാ ഭവാനീവ ഭവം പ്രഭും

| | | | |
|---|---|---|---|
| പിതൃഭ്യാം പ്രസ്ഥിതേ | അച്ഛനും അമ്മയും പുറപ്പെട്ടുപോയതിൽ പിന്നെ, | പതിം | ഭർത്താവായ കർദ്ദമനെ, |
| | | ഭവാനീ | ശ്രീപാർവ്വതി |
| | | പ്രഭും | സർവ്വേശ്വരനായ |
| ഇംഗിത–കോവിദാ | ഭർത്താവിന്റെ ഇംഗിതമറിഞ്ഞുപ്രവർത്തിക്കുവാൻ നിപുണതയുള്ള | ഭവം ഇവ | ശിവനെ എന്നപോലെ |
| | | പ്രീത്യാ | പ്രേമത്തോടെ |
| സാധ്വീ | പതിവ്രതയായ ദേവഹൂതി | നിത്യം | നാൾതോറും |
| | | പര്യചരത് | പരിചരിച്ചു. |

2 വിശ്രംഭേണാത്മശൗചേന ഗൗരവേണ ദമേന ച
ശുശ്രൂഷയാ സൗഹൃദേന വാചാ മധുരയാ ച ഭോഃ

3 വിസൃജ്യ കാമം ദംഭം ച ദ്വേഷം ലോഭമഘം മദം
അപ്രമത്തോദ്യതാ നിത്യം തേജീയാംസമതോഷയത്.

| | | | |
|---|---|---|---|
| ഭോഃ | അല്ലയോ വിദുര ! | ദ്വേഷം | കോപത്തെയും |
| വിശ്രംഭേണ | വിശ്വാസത്തോടും | ലോഭം | അത്യാശയേയും |
| ആത്മശൗചേന | ബാഹ്യാഭ്യന്തരപരിശുദ്ധിയോടും | അഘം | അരുതാത്തതുചെയ്യുന്നതിനേയും |
| ഗൗരവേണ | അത്യാദരത്തോടും | മദം ച | അഹങ്കാരത്തെയും |
| ദമേന ച | മനസ്സൊതുക്കത്തോടും | വിസൃജ്യ | ഉപേക്ഷിച്ച്, |
| ശുശ്രൂഷയാ | പരിചര്യയോടും | അപ്രമത്താ | പ്രമാദം പററാത്തവളും |
| സൗഹൃദേന | സൗഹാർദ്ദഭാവത്തോടും | ഉദ്യതാ | ജാഗരൂകയുമായി വർത്തിച്ചുകൊണ്ട് |
| മധുരയാ | മനോജ്ഞമായ | | |
| വാചാ ച | സംഭാഷണത്തോടുംകൂടി, | നിത്യം | നാൾതോറും |
| കാമം | കാമത്തെയും | തേജീയാംസം | ആ മഹാതേജസ്വിയെ |
| ദംഭം | കപടത്തെയും | അതോഷയത് | സന്തോഷിപ്പിച്ചു. |

4 സ വൈ ദേവർഷിവര്യസ്താം മാനവീം സമനുവ്രതാം
ദൈവാദ്ഗരീയസഃ പത്യുരാശാസാനാം മഹാശിഷഃ.

5 കാലേന ഭൂയസാ ക്ഷാമാം കർശിതാം വ്രതചര്യയാ
പ്രേമഗദ്ഗദയാ വാചാ പീഡിതഃ കൃപയാബ്രവീത്.

| | | | |
|---|---|---|---|
| സഃ വൈ | ആ പ്രസിദ്ധനായ | ഭൂയസാ | ബഹുവായ |
| ദേവർഷിവര്യഃ | ദേവർഷിപ്രമുഖൻ | കാലേന | കാലംകൊണ്ടാകയാൽ |
| സമനുവ്രതാം | വേണ്ടുംവിധം അനുസരിക്കുന്നവളും | ക്ഷാമാം | നന്നേ ക്ഷീണിച്ചവളും ആയ |
| ദൈവാത് | ദൈവത്തേക്കാൾ | താം മാനവീം | ആ മനുപുത്രിയോടു് |
| ഗരീയസഃ | മഹത്തരനെന്നു് താൻ കരുതിവരുന്ന | കൃപയാ | അനുകമ്പയാൽ |
| പത്യുഃ | ഭർത്താവിൽനിന്നു് | പീഡിതഃ | അവശനായിട്ടു് |
| മഹാശിഷഃ | വലിയ അനുഗ്രഹങ്ങളെ | പ്രേമഗദ്ഗദയാ | പ്രേമം നിമിത്തം ഇടച്ചുയാന്ന |
| ആശാസാനാം | ആകാംക്ഷിക്കുന്നവളും | | |
| വ്രതചര്യയാ | വ്രതനിഷ്ഠയാൽ | വാചാ | വാക്കാൽ |
| കർശിതാം | കൃശത്വം വന്നവളും | അബ്രവീത് | പറഞ്ഞു. |

കർദ്ദമ ഉവാച — കർദ്ദമൻ പറഞ്ഞു :

6 തുഷ്ടോഽഹമദ്യ തവ മാനവി മാനദായാഃ
ശുശ്രൂഷയാ പരമയാ പരയാ ച ഭക്ത്യാ
യോ ദേഹിനാമയമതീവ സുഹൃത്സ്വദേഹോ
നാവേക്ഷിതഃ സമുചിതഃ ക്ഷപിതും മദർത്ഥേ.

| | |
|---|---|
| മാനവി | അല്ലയോ മനുപുത്രി ! |
| മാനദായാഃ | എനിക്കു് അഭിമാനമേകുന്ന |
| തവ | ഭവതിയുടെ |
| പരമയാ | ഉത്തമമായ |
| ശുശ്രൂഷയാ | പരിചരണത്താലും, |
| പരയാ | ഉൽകൃഷ്ടമായ |
| ഭക്ത്യാ ച | ഭക്തിയാലും |
| അദ്യ അഹം | ഇന്നു് ഞാൻ |
| തുഷ്ടഃ | സന്തുഷ്ടനായിരിക്കുന്നു. |
| യഃ | യാതൊന്നു് |
| ദേഹിനാം | ശരീരികൾക്കെല്ലാം |
| അതീവ | അത്യധികം |
| സുഹൃത് | പ്രിയംകരമാണോ, |
| അയം | അങ്ങനെയുള്ള ഈ |
| സ്വദേഹഃ | സ്വന്തം ശരീരം |
| സമുചിതഃ | ശ്ലാഘ്യമായിട്ടുംകൂടി |
| മദർത്ഥേ | എനിക്കുവേണ്ടി |
| ക്ഷപിതും | ക്ഷയിപ്പിക്കുവാൻ |
| ന അവേക്ഷിതഃ | വിഗണിക്കപ്പെട്ടുവല്ലോ |

7 യേ മേ സ്വധർമ്മനിരതസ്യ തപഃസമാധി-
വിദ്യാത്മയോഗവിജിതാ ഭഗവത്പ്രസാദാഃ
താനേവ തേ മദനുസേവനയാവരുദ്ധാൻ
ദൃഷ്ടിം പ്രപശ്യ വിതരാമ്യഭയാനശോകാൻ.

| | |
|---|---|
| സ്വധർമ്മ-നിരതസ്യ | സ്വധർമ്മാചരണത്തിൽ തൽപരനായിരിക്കുന്ന |
| മേ | എന്റെ |
| തപഃസമാധി-വിദ്യാത്മയോഗ-വിജിതാഃ | തപസ്സു്, ധ്യാനം, ഉപാസന എന്നിവയിലുള്ള മനോനിഷ്ഠകൊണ്ടു് ആർജ്ജിക്കപ്പെട്ട |
| ഭഗവത്-പ്രസാദാഃ | ഭഗവാന്റെ അനുഗ്രഹങ്ങൾ (ദിവ്യഭോഗങ്ങൾ) |
| യേ | ഏതെല്ലാമാണോ, |
| മദനുസേവനയാ | എന്നെ അനുദിനം സേവിച്ചതുകൊണ്ടു് |
| തേ | ഭവതിയാലും |
| അവരുദ്ധാൻ | സ്വാധീനിക്കപ്പെട്ട |
| അഭയാൻ | ഭയമകന്ന— |
| അശോകാൻ | ശോകബാധയില്ലാത്ത |
| താൻ ഏവ | അവയെത്തന്നെ |
| പ്രപശ്യ | ദർശിച്ചുകൊൾക. |
| ദൃഷ്ടിം | ദിവ്യദൃഷ്ടിയെ |
| വിതരാമി | നല്കുന്നുണ്ടു്. |

8 അന്യേ പുനർഭഗവതോ ഭ്രുവ ഉദ്വിജൃംഭ-
വിഭ്രംശിതാർത്ഥരചനാഃ കിമുരുക്രമസ്യ
സിദ്ധാസി ഭുങ്ക്ഷ്വ വിഭവാന്നിജധർമ്മദോഹാൻ
ദിവ്യാന്നരൈർദ്ദുരധിഗാൻ നൃപവിക്രിയാഭിഃ.

| | |
|---|---|
| അന്യേ | മററനുഗ്രഹങ്ങൾ |
| പുനഃ കിം | പിന്നെ എന്തുണ്ടു്? |
| ഉരുക്രമസ്യ | ഉഗ്രമായ അടിവെച്ചു മുന്നേറുന്ന |
| ഭഗവതഃ | കാലസ്വരൂപനായ ഭഗവാന്റെ |
| ഭ്രുവഃ | പുരികക്കൊടിയുടെ |
| ഉദ്വിജൃംഭ-വിഭ്രംശിതാ-ർത്ഥരചനാഃ | ഉച്ചലനത്താൽത്തന്നെ നഷ്ടഭ്രഷ്ടമാക്കപ്പെടുന്ന മനോരാജ്യത്തോടുകൂടിയുള്ളവയത്രേ അവ. |
| സിദ്ധാ അസി | ഭവതി ഇപ്പോൾ സിദ്ധയാണു്. |

| | | | |
|---|---|---|---|
| നൃപ-<br>വിക്രിയാഭിഃ | രാജാവെന്നുള്ള ഭാവ<br>നാട്യങ്ങൾ കൊണ്ടു് | നിജധർമ്മ-<br>ദോഹാൻ | സ്വന്തം പതിവ്രതാ<br>ധർമ്മത്താൽ സംസിദ്ധ<br>ങ്ങളുമായ |
| നരൈഃ | മനുഷ്യരാൽ | | |
| ദുരധിഗമാൻ | ദുഷ്പ്രാപ്യങ്ങളും | വിഭവാൻ | ഭോഗങ്ങളെ |
| ദിവ്യാൻ | അലൌകികങ്ങളും | ഭുങ്ക്ഷ്വ | അനുഭവിച്ചുകൊൾക. |

9 ഏവം ബ്രുവാണമബലാഽഖിലയോഗമായാ-
വിദ്യാവിചക്ഷണമവേക്ഷ്യ ഗതാധിരാസീത്
സംപ്രശ്രയപ്രണയവിഹ്വലയാ ഗിരേഷദ്-
വ്രീഡാവലോകവിലസദ്ധസിതാനനാഽഽഹ.

| | | | |
|---|---|---|---|
| അഖിലയോഗ-<br>മായാവിദ്യാ-<br>വിചക്ഷണം | സകല യോഗമായകളി<br>ലും ഉപാസനകളിലും<br>നിപുണനായി | ഗതാധിഃ | ആധിവിട്ടൊഴിഞ്ഞവ |
| | | ആസീത് | ഭവിച്ചു. [ളായി |
| ഏവം | ഇപ്രകാരം | ഈഷദ്വ്രീഡാ-<br>വലോക-<br>വികസ-<br>ദ്ധസിതാനനാ | കുറഞ്ഞൊരു ലജ്ജച്ചേ<br>ന്ന നോട്ടത്താൽ വികാ<br>സമാന്ന മന്ദസ്മിതാർദ്ര<br>മുഖത്തോടുകൂടിയവൾ |
| ബ്രുവാണം | പറയുന്ന ഭർത്താവിനെ | | |
| അവേക്ഷ്യ | കണ്ടിട്ടു്, | സംപ്രശ്രയ-<br>പ്രണയ-<br>വിഹ്വലയാ | വിനയം, പ്രേമം എ<br>ന്നിവയാൽ വൈവശ്യ<br>മാർന്നുള്ള |
| അബലാ | ക്ഷീണഗാത്രിയായ<br>ദേവഹൂതി | ഗിരാ ആഹ | വാക്കുകൊണ്ടു് പറഞ്ഞു. |

ദേവഹൂതിരുവാച — ദേവഹൂതി പറഞ്ഞു:

10 രാദ്ധം ബത ദ്വിജവൃഷൈതദമോഘയോഗ-
മായാധിപേ ത്വയി വിഭോ തദവൈമി ഭർത്തഃ
യസ്തേഽഭ്യധായി സമയഃ സകൃദംഗസംഗോ
ഭൂയാദ് ഗരീയസി ഗുണഃ പ്രസവഃ സതീനാം.

| | | | |
|---|---|---|---|
| ബത | ആഹാ! സന്തോഷം | അംഗസംഗഃ | ശരീരസ്പർശം ആകാമെ<br>ന്നുള്ള |
| ദ്വിജവൃഷ | ഹേ ബ്രാഹ്മണോത്തമ! | | |
| വിഭോ | വൈഭവശാലിൻ! | യഃ സമയഃ | യാതൊരു കരാറു് |
| ഏതത് | ഇതെല്ലാം | തേ | അങ്ങയാൽ |
| അമോഘയോ-<br>ഗമായാധിപേ | സഫലമായ യോഗമായ<br>യുടെ അധീശത്വം ഉള്ള | അഭ്യധായി | ചൊല്ലപ്പെട്ടിരുന്നുവോ |
| | | ഭൂയാത് | അതു് ഉണ്ടാകട്ടെ. |
| ത്വയി | അങ്ങയിൽ | ഗരീയസി | മഹത്തരനായ ഭർത്താവു<br>മൂലം |
| രാദ്ധം | സംസിദ്ധമാകുന്നു. | | |
| ഭർത്തഃ തത് | സ്വാമിൻ! അതു് | സതീനാം | ഉത്തമസ്ത്രീകൾക്കുണ്ടാകുന്ന |
| അവൈമി | ഞാൻ അറിയുന്നുണ്ടു് | പ്രസവഃ | പുത്രജനനം |
| സകൃത് | (എന്നാൽ) ഒരിക്കൽ | ഗുണഃ | നല്ല കാര്യമാണു്. |

11 തത്രേതികൃത്യമുപശിക്ഷ യഥോപദേശം
യേനൈഷ മേ കർശിതോ ƒ തിരിരംസയാത്മാ
സിദ്ധ്യേത തേ കൃതമനോഭവധർഷിതായാ
ദീനസ്തദീശ ഭവനം സദൃശം വിചക്ഷ്വ.

| | |
|---|---|
| ഈശ | അല്ലയോ നാഥ! |
| തത്ര | അതിൽ (അംഗസംഗവിഷയത്തിൽ) |
| ഇതികൃത്യം | വേണ്ടതായ ഒരുക്കം |
| യഥോപദേശം | കാമശാസ്ത്രാനുസാരേണ |
| ഉപശിക്ഷ | ഏർപ്പെടുത്തിയാലും |
| യേന | യാതൊരു ഒരുക്കംകൊണ്ടു് |
| തേ | അങ്ങയാൽത്തന്നെ |
| കൃതമനോഭവധർഷിതായാഃ | ഇളക്കിത്തീർക്കപ്പെട്ട മദനവികാരത്താൽ സംപീഡിതയായിരിക്കുന്ന |
| മേ | എന്റെ |
| അതിരിരംസയാ | അമിതമായ രതിക്രീഡേച്ഛയാൽ |
| കർശിതഃ | ചടപ്പിക്കപ്പെട്ടതും |
| ദീനഃ | ദുർബ്ബലമായിഭവിച്ചതും ആയിരിക്കുന്ന |
| ഏഷഃ ആത്മാ | ഈ ശരീരം |
| സിദ്ധ്യേത | (രതി ക്രീഡയ്ക്കു്) സാധിക്കുമാറാകണം. |
| തത് | അതുകൊണ്ടു് |
| സദൃശം | തക്കതായുള്ള |
| ഭവനം | വസതിയെ |
| വിചക്ഷ്വ | കണ്ടെത്തിയാലും. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

12 പ്രിയായാഃ പ്രിയമന്വിച്ഛൻ കർദ്ദമോ യോഗമാസ്ഥിതഃ
വിമാനം കാമഗം ക്ഷത്തസ്തർഹ്യേവാവിരചീകരത്.

| | |
|---|---|
| ക്ഷത്തഃ | ഹേ വിദുര! |
| പ്രിയായാഃ | പത്നിയുടെ |
| പ്രിയം | ഇഷ്ടത്തെ |
| അന്വിച്ഛൻ | സാധിക്കുവാനാഗ്രഹിച്ചുകൊണ്ടു് |
| യോഗം | യോഗബലത്തെ |
| ആസ്ഥിതഃ | അവലംബിച്ചു |
| കർദ്ദമഃ | കർദ്ദമൻ |
| തർഹി ഏവ | തൽക്ഷണത്തിൽതന്നെ |
| കാമഗം | ഇച്ഛാനുസരണം സഞ്ചരിക്കുന്ന |
| വിമാനം | വ്യോമയാനമന്ദിരത്തെ |
| ആവിരചീകരത് | ആവിർഭവിപ്പിച്ചു. |

താഴെ ഒമ്പതു ശ്ലോകങ്ങൾകൊണ്ടു് ഈ വ്യോമയാനമന്ദിരത്തെ വർണ്ണിക്കുന്നു.

13 സർവ്വകാമദുഘം ദിവ്യം സർവ്വരത്നസമന്വിതം
സർവ്വർദ്ധ്യുപചയോദർക്കം മണിസ്തംഭൈരുപസ്കൃതം.

| | |
|---|---|
| ദിവ്യം | അഭൌമമായ ആ വിമാനം |
| സർവ്വകാമദുഘം | എല്ലാ ആഗ്രഹങ്ങളേയും നിറവേററിത്തരുന്നതും, |
| സർവ്വരത്നസമന്വിതം | എല്ലാ രത്നങ്ങളോടു കൂടിയതും, |
| സർവ്വർദ്ധ്യുപചയോദർക്കം | എല്ലാ സമൃദ്ധികളുടെയും വളച്ച് മേല്ക്കുമേലുള്ളതും, |
| മണിസ്തംഭൈഃ | രത്നത്തൂണുകളാൽ |
| ഉപസ്കൃതം | അലംകൃതമായതുമായിരുന്നു. |

14 ദിവ്യോപകരണോപേതം സൎവ്വകാലസുഖാവഹം
പട്ടികാഭിഃ പതാകാഭിർ വിചിത്രാഭിരലംകൃതം.

| | |
|---|---|
| ദിവ്യോപകരണോപേതം | വിശിഷ്ടങ്ങളായ ഗൃഹോപകരണങ്ങളോടുകൂടിയതും, |
| സൎവ്വകാലസുഖാവഹം | എല്ലാ കാലങ്ങളിലും സുഖത്തെ ഉണ്ടാക്കിത്തരുന്നതും, |
| വിചിത്രാഭിഃ | നാനാവൎണ്ണങ്ങളുള്ള |
| പട്ടികാഭിഃ | പട്ടുനാടകൾകൊണ്ടും |
| പതാകാഭിഃ | കൊടിക്കൂറകൾകൊണ്ടും |
| അലംകൃതം | അലങ്കരിക്കപ്പെട്ടതും ആയിരുന്നു. |

15 സ്രഗ്ഭിർവിചിത്രമാല്യാഭിർമഞ്ജുശിഞ്ജത്ഷഡംഘ്രിഭിഃ
ദുകൂലക്ഷൌമകൌശേയൈർനാനാവസ്ത്രൈരലംകൃതം.

| | |
|---|---|
| വിചിത്രമാല്യാഭിഃ | നാനാനിറമുള്ള പുഷ്പങ്ങളാൽ ഗ്രഥിതങ്ങളായി, |
| മഞ്ജുശിഞ്ജത്ഷഡംഘ്രിഭിഃ | മനോഹരമായി മൂളുന്ന വണ്ടുകളോടുകൂടിയ |
| സ്രഗ്ഭിഃ | മാലകൾകൊണ്ടും, |
| ദുകൂലക്ഷൌമകൌശേയൈഃ | ദുകൂലം-ക്ഷൌമം-കൌശേയം എന്നിങ്ങനെ |
| നാനാവസ്ത്രൈഃ | വിവിധ വസ്ത്രങ്ങൾകൊണ്ടും |
| അലംകൃതം | അലങ്കരിക്കപ്പെട്ടതായിരുന്നു. |

16 ഉപൎയ്യുപരി വിന്യസ്തനിലയേഷു പൃഥക് പൃഥക്
ക്ഷിപ്തൈഃ കശിപുഭിഃ കാന്തം പൎയ്യങ്കവ്യജനാസനൈഃ.

| | |
|---|---|
| ഉപൎയ്യുപരി | മേല്ക്കുമേൽ |
| വിന്യസ്തനിലയേഷു | കെട്ടിയുയൎത്തിയുണ്ടാക്കിയഗൃഹങ്ങളിൽ |
| പൃഥക് പൃഥക് | വേറെ വേറെ |
| ക്ഷിപ്തൈഃ | ഇട്ടിരിക്കുന്ന |
| കശിപുഭിഃ | ശയ്യകളാലും, |
| പൎയ്യങ്കവ്യജനാസനൈഃ | കട്ടിലുകൾ – പങ്കകൾ – ഇരിപ്പിടങ്ങൾ എന്നിവയാലും |
| കാന്തം | കമനീയമായിരുന്നു. |

17 തത്ര തത്ര വിനിക്ഷിപ്തനാനാശില്പോപശോഭിതം
മഹാമരകതസ്ഥല്യാ ജുഷ്ടം വിദ്രുമവേദിഭിഃ.

| | |
|---|---|
| തത്ര തത്ര | അതാതിടത്ത് |
| വിനിക്ഷിപ്തനാനാശില്പോപശോഭിതം | സംവിധാനം ചെയ്തിരിക്കുന്ന വിവിധശില്പരചനകളാൽ പരിശോഭിതമായതും, |
| മഹാമരകതസ്ഥല്യാ | വിശിഷ്ടമായ മരകതരത്നംപതിച്ചനിലത്താലും |
| വിദ്രുമവേദിഭിഃ | പവിഴത്തറകളാലും |
| ജുഷ്ടം | സംശ്രിതമായതും ആയിരുന്നു. |

18 ദ്വാഃസു വിദ്രുമദേഹല്യാ ഭാതം വജ്രകപാടവത്
ശിഖരേഷ്വിന്ദ്രനീലേഷു ഹേമകുംഭൈരധിശ്രിതം.

| | | | |
|---|---|---|---|
| ദ്വാഃസു | പ്രവേശമാർഗ്ഗങ്ങളിൽ | ഇന്ദ്രനീലേഷു | ഇന്ദ്രനീലരത്നമയമായ |
| വിദ്രുമദേഹല്യാ | പവിഴംകൊണ്ടുള്ള ഉമ്മറപ്പടികൊണ്ടു് | ശിഖരേഷു | മുകപ്പുകളിൽ |
| ഭാതം | പ്രശോഭിതവും, | ഹേമകുംഭൈഃ | പൊൻതാഴികക്കുടങ്ങളാൽ |
| വജ്രകപാടവത് | വജ്രഖചിതമായ കതകുകളുള്ളതും, | അധിശ്രിതം | അധിഷ്ഠിതമായതും ആയിരുന്നു |

19 ചക്ഷുഷ്മത്പദ്മരാഗാഗ്ര്യൈർവജ്രഭിത്തിഷു നിർമ്മിതൈഃ
ജുഷ്ടം വിചിത്രവൈതാനൈർമ്മഹാർഹൈർഹേമതോരണൈഃ

| | | | |
|---|---|---|---|
| വജ്രഭിത്തിഷു | വജ്രമയഭിത്തികളിൽ | വിചിത്ര-വൈതാനൈഃ | അത്ഭുതകരങ്ങളായ വിതാനനിരകളാലും, |
| നിർമ്മിതൈഃ | രചിക്കപ്പെട്ട | മഹാർഹൈഃ | അധികം യോഗ്യതയുള്ള |
| ചക്ഷുഷ്മത്-പദ്മ-രാഗാഗ്ര്യൈഃ | മിഴിയുള്ള പദ്മരാഗമഹാരത്നങ്ങളാലും, | ഹേമ-തോരണൈഃ | സുവർണ്ണമയ ബഹിർദ്വാരങ്ങളാലും |
| | | ജുഷ്ടം | സമാശ്രിതമായിരുന്നു. |

20 ഹംസപാരാവതവ്രാതൈസ്തത്ര തത്ര നികൂജിതം
കൃത്രിമാൻ മന്യമാനൈഃ സ്വാനധിരുഹ്യാധിരുഹ്യ ച

| | | | |
|---|---|---|---|
| ഹംസപാരാ-വതവ്രാതൈഃ | അരയന്നങ്ങളുടേയും മാടപ്രാവുകളുടേയും സമൂഹങ്ങളാൽ, | മന്യമാനൈഃ | കരുതിക്കൊണ്ടു് |
| | | തത്ര തത്ര | അതാതിടങ്ങളിൽ |
| കൃത്രിമാൻ | ഉണ്ടാക്കിവെച്ചിട്ടുള്ള അത്തരം പക്ഷിരൂപങ്ങളെ | അധിരുഹ്യ അധിരുഹ്യ ച | കയറിക്കയറിയിരുന്നിട്ടു് |
| സ്വാൻ | സ്വാഭാവികങ്ങളാണെന്നു് | നികൂജിതം | ശബ്ദിക്കപ്പെട്ടിരുന്നു. |

21 വിഹാരസ്ഥാനവിശ്രാമസംവേശപ്രാംഗണാജിരൈഃ
യഥോപജോഷം രചിതൈർവിസ്മാപനമിവാത്മനഃ

| | | | |
|---|---|---|---|
| യഥോപജോഷം | സുഖസൌകര്യങ്ങൾക്കൊത്തവിധം | | മുററം എന്നിവയോടു ചേർന്ന ആ വിമാനമന്ദിരം |
| രചിതൈഃ | ഉണ്ടാക്കപ്പെട്ടിരിക്കുന്ന | ആത്മനഃ | തനിക്കുകൂടി (കർദ്ദമനുകൂടി) |
| വിഹാര-സ്ഥാനവിശ്രാമ-സംവേശപ്രാം-ഗണാജിരൈഃ | കളിസ്ഥലം-കിടപ്പുമുറി-സുഖോപഭോഗസ്ഥലം-ഉമ്മറപ്പൂമുററം-പുറം | വിസ്മാപനം ഇവ | വിസ്മയജനകമായിരുന്നുവോ എന്നുതോന്നും |

22 ഈദൃഗ്ഗൃഹം തത്പശ്യന്തീം നാതിപ്രീതേന ചേതസാ
സർവ്വഭൂതാശയാഭിജ്ഞഃ പ്രാവോചത് കർദ്ദമഃ സ്വയം.

| | | | |
|---|---|---|---|
| ഈദൃക് | ഈ വിധത്തിലുള്ള | സർവ്വഭൂതാ- ശയാഭിജ്ഞഃ | സർവ്വപ്രാണികളുടെയും ആന്തരം അറിയുന്ന |
| തത് ഗൃഹം | ആ വിമാനഗൃഹത്തെ | | |
| നാതിപ്രീതേന | അതിസന്തുഷ്ടമല്ലാത്ത | കർദ്ദമഃ | കർദ്ദമൻ |
| ചേതസാ | മനസ്സോടെ | സ്വയം | താനാകെ |
| പശ്യന്തീം | നോക്കിനില്ക്കുന്ന പത്നിയോട് | പ്രാവോചത് | പറഞ്ഞു. |

23 നിമജ്ജ്യാസ്മിൻ ഹ്രദേ ഭീരു വിമാനമിദമാരുഹ
ഇദം ശുക്ലകൃതം തീർത്ഥമാശിഷാം യാപകം നൃണാം.

| | | | |
|---|---|---|---|
| ഭീരു | ഹേ ചഞ്ചലേ ! | ശുക്ലകൃതം | വിഷ്ണുഭഗവാനാൽ ഉണ്ടാക്കപ്പെട്ട |
| അസ്മിൻ ഹ്രദേ | ഈ സരസ്സിൽ | ഇദം തീർത്ഥം | ഈ തീർത്ഥം |
| നിമജ്ജ്യ | മുങ്ങിക്കുളിച്ചിട്ട് | നൃണാം | മനുഷ്യരുടെ |
| ഇദം വിമാനം | ഈ വിമാനത്തിലേക്ക് | ആശിഷാം | അഭിലാഷങ്ങൾക്ക് |
| ആരുഹ | കയറുക | യാപകം | സാധകമായതത്രേ. |

24 സാ തദ്ഭർത്തുഃ സമാദായ വചഃ കുവലയേക്ഷണാ
സരജം ബിഭ്രതീ വാസോ വേണീഭൂതാംശ്ച മൂർദ്ധജാൻ.

25 അംഗം ച മലപങ്കേന സംഛന്നം ശബളസ്തനം
ആവിവേശ സരസ്വത്യാഃ സരഃ ശിവജലാംശയം.

| | | | |
|---|---|---|---|
| കുവലയേക്ഷണാ | നീലോൽപലദളം പോലെയുള്ള നേത്രങ്ങളോടുകൂടിയ | മലപങ്കേന | അഴുക്കും ചളിയുംകൊണ്ട് |
| സാ | അവൾ | സംഛന്നം | മൂടിയിരിക്കുന്നതും |
| ഭർത്തുഃ | ഭർത്താവിന്റെ | ശബളസ്തനം | നിറംമാററംവന്ന സ്തനങ്ങളോടുകൂടിയതുമായ |
| തത് വചഃ | ആ വാക്കിനെ | അംഗം ച | ശരീരത്തെയും |
| സമാദായ | ശരിക്കും സ്വീകരിച്ച്, | ബിഭ്രതീ | വഹിച്ചുകൊണ്ടുതന്നെ |
| സരജം | മലിനമായ | സരസ്വത്യാഃ | സരസ്വതീനദിയിലെ |
| വാസഃ | വസ്ത്രത്തെയും | ശിവജലാശയം | പാവനജലം നിറഞ്ഞൊഴുകുന്ന |
| വേണീഭൂതാൻ | ചെടപിടിച്ചിരിക്കുന്ന | സരഃ | ബിന്ദുസരസ്സിലേക്ക് |
| മൂർദ്ധജാൻ ച | തലമുടിയേയും | ആവിവേശ | ഇറങ്ങി. |

26 സാഽന്തഃസരസി വേശ്മസ്ഥാഃ ശതാനി ദശ കന്യകാഃ
സർവ്വാഃ കിശോരവയസോ ദദർശോത്പലഗന്ധയഃ

| | |
|---|---|
| സാ | അവാം |
| അന്തഃസരസി | സരസ്സിന്റെ അന്തർഭാഗത്തിങ്കൽ |
| വേശ്മസ്ഥാഃ | ഗൃഹങ്ങളിൽ സ്ഥിതിചെയ്യുന്ന |
| ദശ ശതാനി | ആയിരം |
| കന്യകാഃ | കന്യകമാരെ |
| ദദർശ | കണ്ടു — |
| സർവ്വാഃ | അവരെല്ലാവരും |
| കിശോരവയസഃ | ചെറുപ്രായത്തിലുള്ളവരാണ്; |
| ഉത്പലഗന്ധയഃ | താമരപ്പൂമണം ചിതറുന്നവരാണ് |

27 താം ദൃഷ്ട്വാ സഹസോത്ഥായ പ്രോചുഃ പ്രാഞ്ജലയഃ സ്ത്രിയഃ
വയം കർമ്മകരീസ്തുഭ്യം ശാധി നഃ കരവാമ കിം

| | |
|---|---|
| താം ദൃഷ്ട്വാ | അവളെ കണ്ടു് |
| സഹസാ | ഉടനെ |
| ഉത്ഥായ | എഴുന്നേറ്റിട്ടു് |
| പ്രാഞ്ജലയഃ | കരംകൂപ്പിനിന്ന |
| സ്ത്രിയഃ പ്രോചുഃ | സ്ത്രീകൾ പറഞ്ഞു — |
| വയം തുഭ്യം | "ഞങ്ങൾ ഭവതിക്കു് |
| കർമ്മകരീഃ | പരിചാരികമാരാണ്; |
| കിം കരവാമ | എന്തുചെയ്യണം? |
| നഃ ശാധി | ഞങ്ങളെ ശാസിക്കാം" |

28 സ്നാനേന താം മഹാർഹേണ സ്നാപയിത്വാ മനസ്വിനീം
ദുകൂലേ നിർമ്മലേ നൂത്നേ ദദുരസ്യൈ ച മാനദാഃ

29 ഭൂഷണാനി പരാർദ്ധ്യാനി വരീയാംസി ദ്യുമന്തി ച
അന്നം സർവ്വഗുണോപേതം പാനം ചൈവാമൃതാസവം.

| | |
|---|---|
| മാനദാഃ | ഇങ്ങനെ ബഹുമതിയേകിയ അവർ |
| മനസ്വിനീം | മനഃപ്രസാദമുള്ള |
| താം | അവളെ |
| മഹാർഹേണ | വിലമതിക്കുന്ന |
| സ്നാനേന | സ്നാനസാധനങ്ങൾ കൊണ്ടു് |
| സ്നാപയിത്വാ | സ്നാനംചെയ്യിച്ചു്, |
| അസ്യൈ | ഇവൾക്കായിക്കൊണ്ടു്, |
| നിർമ്മലേ | ശുഭ്രങ്ങളും |
| നൂത്നേ ച | നൂതനങ്ങളുമായ |
| ദുകൂലേ | രണ്ടു പട്ടുവസ്ത്രങ്ങളേയും |
| പരാർദ്ധ്യാനി | ഉത്തമോത്തമങ്ങളും |
| വരീയാംസി | പ്രീതികരങ്ങളും |
| ദ്യുമന്തി ച | ശോഭയുള്ളവയുമായ |
| ഭൂഷണാനി | അലങ്കാരങ്ങളേയും |
| സർവ്വഗുണോപേതം | എല്ലാ ഗുണങ്ങളും ചേർന്നിട്ടുള്ള |
| അന്നം | ഭക്ഷണപദാർത്ഥത്തേയും, |
| അമൃതാസവം | മധുരവും മാദകവുമായ |
| പാനം ച | പേയപദാർത്ഥത്തേയും |
| ദദുഃ | കൊടുത്തു. |

30 അഥാദർശേ സ്വമാത്മാനം സ്രഗ്വിണം വിരജാംബരം
വിരജം കൃതസ്വസ്ത്യയനം കന്യാഭിർബഹുമാനിതം.

31 സ്നാതം കൃതശിരഃസ്നാനം സർവ്വാഭരണഭൂഷിതം
നിഷ്കഗ്രീവം വലയിനം കൂജത്കാഞ്ചനനൂപുരം

32 ശ്രോണ്യോരധ്യസ്ഥയാ കാഞ്ച്യാ കാഞ്ചന്യാ ബഹുരത്നയാ
ഹാരേണ ച മഹാർഹേണ രുചകേന ച ഭൂഷിതം.

33 സുദതാ സുഭ്രുവാ ശ്ലക്ഷ്ണസ്നിഗ്ദ്ധാപാംഗേന ചക്ഷുഷാ
പദ്മകോശസ്പൃധാ നീലൈരളകൈശ്ച ലസന്മുഖം.

34 യദാ സസ്മാര ഋഷഭമൃഷീണാം ദയിതം പതിം
തത്ര ചാസ്തേ സഹ സ്ത്രീഭിര്യത്രാസ്തേ സ പ്രജാപതിഃ

| | |
|---|---|
| അഥ | അനന്തരം |
| സ്വം ആത്മാനം | തന്റെ പ്രതിരൂപത്തെ |
| ആദർശേ | കണ്ണാടിയിൽ |
| (സാ ദദർശ) | അവൾ കണ്ടു, |
| സ്രഗ്വിണം | പൂമാലചൂടിയ– |
| വിരജാംബരം | നിർമ്മലവസ്ത്രം ധരിച്ച– |
| വിരജം | മലിനതയില്ലാത്ത– |
| കന്യാഭിഃ | തോഴിമാരായ പെൺകിടാങ്ങളാൽ |
| കൃത–സ്വസ്ത്യയനം | ചെയ്യപ്പെട്ട മംഗളാചരണത്തോടുകൂടി |
| ബഹുമാനിതം | ആദരിക്കപ്പെട്ട– |
| കൃതശിരഃ–സ്നാനം സ്നാതം | എണ്ണതേച്ചു തിരുമ്മി മുങ്ങിക്കുളികഴിച്ച– |
| സർവ്വാഭരണഭൂഷിതം | എല്ലാ ആഭൂഷണങ്ങളും കൊണ്ടും അലങ്കരിക്കപ്പെട്ടതായ– |
| നിഷ്കഗ്രീവം | കഴുത്തിൽ പതക്കം കെട്ടിയ– |
| വലയിനം | കരത്തിൽ കങ്കണമിട്ട– |
| കൂജത്കാഞ്ചന–നൂപുരം | കിലുങ്ങുന്ന പൊന്നിൻ കാൽത്തളയണിഞ്ഞ– |
| ശ്രോണ്യോഃ | അരക്കെട്ടിൽ |
| അധ്യസ്ഥയാ | സ്ഥലം പിടിച്ചിട്ടുള്ള |
| ബഹുരത്നയാ | നാനാരത്നഖചിതമായ |
| കാഞ്ചന്യാ കാഞ്ച്യാ | പൊന്നരഞ്ഞാണിനാലും |
| മഹാർഹേണ | വിലകൂടിയ |
| ഹാരേണ ച | രത്നമാലയാലും, |
| രുചകേന ച | മംഗളദ്രവ്യത്താലും, |
| ഭൂഷിതം | അലങ്കരിക്കപ്പെട്ട– |
| സുദതാ | ശോഭനമായ ദന്തനിരയോടും, |
| സുഭ്രുവാ | അഴകാർന്ന പുരികക്കൊടിയോടും, |
| ശ്ലക്ഷ്ണസ്നി–ഗ്ദ്ധാപാംഗേന | മൃദുലളിതമായ കടാക്ഷത്തോടുംകൂടി |
| പദ്മകോശ–സ്പൃധാ | താമരമൊട്ടിനെ വെല്ലുവിളിക്കുന്ന |
| ചക്ഷുഷാ | നേത്രത്തോടും |
| നീലൈഃ | കറുത്ത |
| അളകൈഃ ച | കുറുനിരകളോടുംചേർന്ന് |
| ലസന്മുഖം | പരിലസിക്കുന്ന മുഖത്തോടുകൂടിയ |
| (ആത്മാനം | തൻശരീരത്തെ |
| ദൃഷ്ട്വാ) | കണ്ടിട്ട്, |
| ദയിതം പതിം | പ്രിയകാന്തനായ |
| ഋഷീണാം ഋഷഭം | ഋഷിപുംഗവനെ (കർദ്ദമനെ) |
| യദാ | എപ്പോൾ |
| സസ്മാര | നിനച്ചുവോ, അപ്പോൾ |
| പ്രജാപതിഃ | ബ്രഹ്മതുല്യനായ |
| സഃ | അദ്ദേഹം |
| യത്ര ആസ്തേ | എവിടെയാണോ, |
| തത്ര ച | അവിടെത്തന്നെ |
| സ്ത്രീഭിഃ സഹ | ദാസികളോടൊപ്പം |
| ആസ്തേ | താനും സ്ഥിതിചെയ്യുന്നു (എന്നവൾ കണ്ടു) |

35 ഭർത്തുഃ പുരസ്താദാത്മാനം സ്ത്രീസഹസ്രവൃതം തദാ
നിശാമ്യ തദ്യോഗഗതിം സംശയം പ്രത്യപദ്യത.

| | |
|---|---|
| ഭത്തുഃ | ഭത്താവിൻെറ |
| പുരസ്താത് | മുന്നിൽ |
| സ്ത്രീസഹസ്ര-വൃതാ | ആയിരം സ്ത്രീകളാൽ ചുഴന്നുനില്ക്കുന്ന |
| ആത്മാനം | തന്നേയും, |
| തദ്യോഗഗതിം | അദ്ദേഹത്തിൻെറ യോഗമായ വൈഭവത്തേയും |
| നിശാമ്യ | കണ്ടിട്ട് |
| തദാ | അപ്പോഠം |
| സംശയം പ്രതിപദ്യത | അവഠം അതിശയപ്പെട്ടു പോയി |

36 സ താം കൃതമലസ്നാനാം വിഭ്രാജന്തീമപൂവ്വവത്
ആത്മനോ ബിഭ്രതീം രൂപം സംവീതരുചിരസ്തനീം

37 വിദ്യാധരീസഹസ്രേണ സേവ്യമാനാം സുവാസസം
ജാതഭാവോ വിമാനം തദാരോഹയദമിത്രഹൻ.

| | |
|---|---|
| അമിത്രഹൻ | ഷഡ്വൈരികളെ വിജയിച്ചിരിക്കുന്ന ഹേ വീരവിദുര! |
| കൃതമലസ്നാനാം | ചളികളഞ്ഞുകുളിച്ചവളും |
| അപൂവ്വവത് | മുമ്പില്ലാത്തവിധം |
| വിഭ്രാജന്തീം | പരിശോഭിക്കുന്നവളും |
| സംവീത-രുചിരസ്തനീം | മറച്ചിരിക്കുന്ന വാർകൊങ്കകളോടുകൂടിയവളും |
| സുവാസസം | അഴകുള്ള പൂഞ്ചേല ധരിച്ചവളും |
| വിദ്യാധരീ-സഹസ്രേണ | ആയിരം വിദ്യാധര സ്ത്രീകളാൽ |
| സേവ്യമാനാം | അകമ്പടിസേവിക്കപ്പെടുന്നവളും |
| ആത്മനഃ | തൻെറ സ്വന്തമായുള്ള |
| രൂപം | സൌന്ദര്യത്തെ |
| ബിഭ്രതീം | പൂണ്ടിരിക്കുന്നവളുമായ |
| താം | അവളെ (ദേവഹൂതിയെ) |
| ജാതഭാവഃ | ജാതപ്രേമനായ |
| സഃ | അദ്ദേഹം (കദ്ദമൻ) |
| തത് വിമാനം | ആ വിമാനത്തിലേക്ക് |
| ആരോഹയത് | കയററി. |

38 തസ്മിന്നലുപ്തമഹിമാ പ്രിയയാऽനുരക്തോ
വിദ്യാധരീഭിരുപചീണ്ണവപുർവിമാനേ
ബഭ്രാജ ഉത്കചകുമുദ്ഗണവാനപീച്യ-
സ്താരാഭിരാവൃത ഇവോഡുപതിർനഭഃസ്ഥഃ

| | |
|---|---|
| തസ്മിൻ | ആ |
| വിമാനേ | വിമാനത്തിൽ |
| പ്രിയയാ | പ്രിയയോടുകൂടെ |
| അനുരക്തഃ | അനുരാഗയുക്തനായും |
| വിദ്യാധരീഭിഃ | വിദ്യാധരസ്ത്രീകളാൽ |
| ഉപചീണ്ണ-വപുഃ | പരിചരിക്കപ്പെട്ട ശരീരത്തോടുകൂടിയവനുമായ മുനി |
| അലുപ്തമഹിമാ | സ്വമാഹാത്മ്യത്തിന്നു കോട്ടംതട്ടാത്തവനായിട്ടുതന്നെ, |
| ഉത്കചകുമുദ്-ഗണവാൻ | വിരിഞ്ഞ ആമ്പലപ്പൂനിരകളോടൊത്ത് |
| താരാഭിഃ | നക്ഷത്രങ്ങളാൽ |
| ആവൃതഃ | ആവരണം ചെയ്യപ്പെട്ട് |
| നഭഃസ്ഥഃ | ആകാശത്തിൽ സ്ഥിതിചെയ്യുന്ന |
| അപീച്യഃ | അതികോമളനായ |
| ഉഡുപതിഃ | പൂണ്ണചന്ദ്രൻ |
| ഇവ | എന്നപോലെ |
| ബഭ്രാജ | തിളങ്ങി. |

39 തേനാഷ്ടലോകപവിഹാരകുലാചലേന്ദ്ര-
ദ്രോണീഷ്വനംഗസഖമാരുതസൌഭഗാസു
സിദ്ധൈർനുതോ ദ്യുധുനിപാതശിവസ്വനാസു
രേമേ ചിരം ധനദവല്ലലനാവരൂഥീ

| | |
|---|---|
| തേന | ആ വിമാനത്തിലൂടെ |
| ധനദവത് | വൈശ്രവണനെപ്പോലെ |
| ലലനാ-വരൂഥീ | വനിതാമണിമാരുടെ സംഘംചേർന്നുകൊണ്ടും, |
| സിദ്ധൈഃ | സിദ്ധദേവന്മാരാൽ |
| നുതഃ | വാഴ്ത്തപ്പെട്ടുകൊണ്ടും, |
| ദ്യുധുനിപാത-ശിവസ്വനാസു | സ്വർഗംഗാജലപ്രപാതംകൊണ്ടുള്ള മംഗളാരവം ചേർന്ന- |
| അനംഗസഖ-മാരുത-സൌഭഗാസു | കാമന്റെ തോഴനായ നല്ലിളം കാററിനാൽ മനോമോഹനമായിരിക്കുന്ന- |
| അഷ്ടലോകപ-വിഹാര-കുലാചലേന്ദ്ര-ദ്രോണീഷു | അഷ്ടദിക്പാലന്മാരുടെ ക്രീഡാസങ്കേതങ്ങളായ സുമേരുപർവ്വതത്തിന്റെ ഉൾപ്രദേശങ്ങളിൽ |
| ചിരം രേമേ | നീണ്ടാൾ രമിച്ചു. |

40 വൈശ്രംഭകേ സുരസനേ നന്ദനേ പുഷ്പഭദ്രകേ
മാനസേ ചൈത്രരഥ്യേ ച സ രേമേ രാമയാ രതഃ.

| | |
|---|---|
| വൈശ്രംഭകേ | വൈശ്രംഭകത്തിലും, * |
| സുരസനേ | സുരസനത്തിലും, |
| പുഷ്പഭദ്രകേ | പുഷ്പഭദ്രകത്തിലും, |
| നന്ദനേ | നന്ദനത്തിലും, |
| ചൈത്രരഥ്യേ | ചൈത്രരഥത്തിലും, |
| മാനസേ ച | മാനസസരസ്സിലും |
| സഃ | അദ്ദേഹം |
| രാമയാ | രമണിയോടുകൂടെ |
| രതഃ | പ്രീതിയാർന്നവനായി |
| രേമേ | രമിച്ചു. |

* വൈശ്രംഭകാദികൾ അഞ്ചും ഓരോരോ ദേവോദ്യാനങ്ങളുടെ പേരുകളാകുന്നു.

41 ഭ്രാജിഷ്ണുനാ വിമാനേന കാമഗേന മഹീയസാ
വൈമാനികാനത്യശേത ചരൻ ലോകാന്യഥാഽനിലഃ

| | |
|---|---|
| ഭ്രാജിഷ്ണുനാ | പ്രശോഭിക്കുന്നതും |
| കാമഗേന | ഇച്ഛാനുസാരം സഞ്ചരിക്കുന്നതും |
| മഹീയസാ | അതിമഹത്തുമായ |
| വിമാനേന | വിമാനത്തിലൂടെ |
| അനിലഃ യഥാ | വായുതുല്യം |
| ലോകാൻ | ലോകങ്ങളെ |
| ചരൻ | ചുററിനടന്നുകൊണ്ട് |
| വൈമാനികാൻ | വിമാനസഞ്ചാരികളെ |
| അത്യശേത | മുഴുവനും കടത്തിവെച്ചു. |

42 കിം ദുരാപാദനം തേഷാം പുംസാമുദ്ദാമചേതസാം
യൈരാശ്രിതസ്തീർത്ഥപദശ്ചരണോ വ്യസനാത്യയഃ.

| | |
|---|---|
| വ്യസനാത്യയഃ | സംസാരദുഃഖവിനാശനമായ |
| തീൎത്ഥപാദഃ | ഭഗവാന്റെ |
| ചരണഃ | തൃപ്പാദം |
| യൈഃ | യാതൊരുവരാൽ |
| ആശ്രിതഃ | ആശ്രയിക്കപ്പെട്ടുവോ, |
| തേഷാം ഉദ്ദാമചേതസാം | ആ ധീരചിത്തന്മാരായ |
| പുംസാം | പുമാന്മാൎക്കു് |
| ദുരാപാദനം | നേടുവാനാവാത്തതു് |
| കിം | എന്തിരിക്കുന്നു? |

43 പ്രേക്ഷയിത്വാ ഭുവോ ഗോളം പത്ന്യൈ യാവാൻ സ്വസംസ്ഥയാ
ബഹ്വാശ്ചൎയ്യം മഹായോഗീ സ്വാശ്രമായ ന്യവൎത്തത.

| | |
|---|---|
| മഹായോഗീ | യോഗിവൎയ്യനായ കൎദ്ദമൻ |
| ബഹ്വാശ്ചൎയ്യം | അത്യാശ്ചൎയ്യങ്ങളുൾക്കൊള്ളുന്ന |
| ഭുവഃ ഗോളം | ഭൂഗോളത്തെ |
| സ്വസംസ്ഥയാ | സ്വാഭാവികമായ സംസ്ഥിതികൊണ്ടു് |
| യാവാൻ | എന്തുമാത്രമുണ്ടോ, അതത്രയും |
| പത്ന്യൈ | പത്നിക്കു് |
| പ്രേക്ഷയിത്വാ | കാട്ടിക്കൊടുത്തശേഷം |
| സ്വാശ്രമായ | തന്റെ ആശ്രമത്തിലേക്കു് |
| ന്യവൎത്തത | തിരിച്ചു. |

44 വിഭജ്യ നവധാഽത്മാനം മാനവീം സുരതോത്സുകാം
രാമാം നിരമയൻ രേമേ വൎഷപൂഗാൻ മുഹൂൎത്തവത്.

| | |
|---|---|
| ആത്മാനം | സ്വന്തം സ്വരൂപത്തെ |
| നവധാ | ഒമ്പതായിട്ടു് |
| വിഭജ്യ | വിഭജിച്ചു് |
| സുരതോത്സുകാം | രതിക്രീഡയിൽ താല്പൎയ്യമുള്ളവളും |
| രാമാം | രമിപ്പിക്കുന്നവളുമായ |
| മാനവീം | മനുപുത്രിയെ |
| നിരമയൻ | തികച്ചും രമിപ്പിച്ചുകൊണ്ടു്, |
| മുഹൂൎത്തവത് | അല്പകാലംപോലെ |
| വൎഷപൂഗാൻ | അനേകവത്സരങ്ങളെ |
| രേമേ | സസുഖം നയിച്ചു. |

45 തസ്മിൻ വിമാന ഉത്കൃഷ്ടാം ശയ്യാം രതികരീം ശ്രിതാ
ന ചാബുധ്യത തം കാലം പത്യാഽപീച്യേന സംഗതാ.

| | |
|---|---|
| തസ്മിൻ | അത്തരത്തിലുള്ള |
| വിമാനേ | വിമാനത്തിൽ |
| ഉത്കൃഷ്ടാം | മികച്ചതും |
| രതികരീം | രതിസുഖപ്രദവുമായ |
| ശയ്യാം | കിടപ്പുമെത്തയെ |
| ശ്രിതാ | അവലംബിച്ചവളും |
| അപീച്യേന | സുന്ദരനായ |
| പത്യാ | ഭൎത്താവോടു |
| സംഗതാ ച | ചേൎന്നവളുമായ മനുപുത്രിയും |
| തം കാലം | ആ കാലത്തെ |
| ന അബുധ്യത | അറിഞ്ഞില്ല. |

46 ഏവം യോഗാനുഭാവേന ദംപത്യോ രമമാണയോഃ
ശതം വ്യതീയുഃ ശരദഃ കാമലാലസയോൎമനാക്.

| | |
|---|---|
| കാമലാലസയോഃ | കാമോപഭോഗത്തിൽ അത്യാസക്തരായ |
| ദംപത്യോഃ | ഭാര്യാഭർത്താക്കന്മാർ |
| ഏവം | ഇപ്രകാരം |
| യോഗാനുഭാവേന | യോഗസിദ്ധിയുടെ വൈഭവത്തോടെ |
| രമമാണയോഃ | രമിച്ചുകൊണ്ടിരിക്കവേ, |
| ശതം ശരദഃ | നൂറു സംവത്സരങ്ങൾ |
| മനാക് | അല്പനേരംപോലെ |
| വ്യതീയുഃ | കടന്നുപോയി |

47 തസ്യാമാധത്ത രേതസ്താം ഭാവയന്നാത്മനാത്മവിത്
നോധാ വിധായ രൂപം സ്വം സർവ്വസങ്കല്പവിദ്വിഭുഃ

| | |
|---|---|
| ആത്മവിത് | ആത്മജ്ഞാനിയും |
| സർവ്വസങ്കല്പവിത് | സകലരുടേയും സങ്കല്പത്തെ അറിഞ്ഞിരിക്കുന്നവനും |
| വിഭുഃ | സർവ്വസമർത്ഥനുമായ കർദ്ദമൻ |
| താം | അവളെ |
| ആത്മനാ | ശരീരാർദ്ധത്തേന |
| ഭാവയൻ | കരുതിക്കൊണ്ടു്, |
| സ്വം രൂപം | തന്റെ രൂപത്തെ |
| നോധാ | ഒമ്പതായിട്ടു് |
| വിധായ | വിഭജിച്ചു്, |
| തസ്യാം | അവളിൽ |
| രേതഃ | വീര്യത്തെ |
| ആധത്ത | ആധാനംചെയ്തു. |

48 അതഃ സാ സുഷുവേ സദ്യോ ദേവഹൂതിഃ സ്ത്രിയഃ പ്രജാഃ
സർവ്വാസ്താശ്ചാരുസർവ്വാംഗ്യോ ലോഹിതോത്പലഗന്ധയഃ.

| | |
|---|---|
| അതഃ | അനന്തരം |
| സദ്യഃ | ഉടനെ ഒരുനാളിൽ |
| സാ ദേവഹൂതിഃ | ആ ദേവഹൂതി |
| സ്ത്രിയഃ പ്രജാഃ | സ്ത്രീപ്രജകളെ |
| സുഷുവേ | പ്രസവിച്ചു. |
| താഃ സർവ്വാഃ | അവരെല്ലാവരും |
| ചാരുസർവ്വാംഗ്യഃ | സർവ്വാംഗസുന്ദരികളും |
| ലോഹിതോത്പലഗന്ധയഃ | ചെന്താമരത്താരിന്റെ മണമുള്ളവരും ആയിരുന്നു |

49 പതിം സാ പ്രവ്രജിഷ്യന്തം തദാലക്ഷ്യോശതീ സതീ
സ്മയമാനാ വിക്ലബേന ഹൃദയേന വിദൂയതാ

50 ലിഖന്ത്യധോമുഖീ ഭൂമിം പദാ നഖമണിശ്രിയാ
ഉവാച ലളിതാം വാചം നിരുധ്യാശ്രുകലാം ശനൈഃ

| | |
|---|---|
| തദാ | തദനന്തരം, |
| സാ ഉശതീ | ആ സുശീലയായ |
| സതീ | പതിവ്രത |
| പതിം | ഭർത്താവിനെ |
| പ്രവ്രജിഷ്യന്തം | സന്യസിച്ചിറങ്ങിപ്പോകുവാൻ ഉദ്യമിക്കുന്നവനായിട്ടു് |
| ആലക്ഷ്യ | അഭ്യൂഹിച്ചു്, |
| സ്മയമാനാ | (പുറമെ)പുഞ്ചിരിക്കുന്നവളും |
| വിക്ലബേന | (അകമെ)വിഹ്വലതയാൽ |
| വിദൂയതാ | നൊമ്പരംകൊള്ളുന്ന |
| ഹൃദയേന | ചിത്തത്തോടുകൂടിയവളുമായിട്ടു്, |
| അധോമുഖീ | നമ്രമുഖയായി |

| | | | |
|---|---|---|---|
| നഖമണി-ശ്രിയാ പദാ | നഖരത്നകാന്തിയേന്തുന്ന പാദത്താൽ | നിരുധ്യ | നിയന്ത്രിച്ച് |
| ഭൂമിം ലിഖന്തീം | ഭൂമിയിൽ വരച്ചുകൊണ്ട്, | ലളിതാം | മൃദുലകോമളമായ |
| അശ്രുകലാം | കണ്ണീർക്കണത്തെ | വാചം | വാക്കിനെ |
| ശനൈഃ | സാവകാശം | ഉവാച | ഉച്ചരിച്ചു. |

ദേവഹൂതിരുവാച — ദേവഹൂതി പറഞ്ഞു:

51 സർവ്വം തദ്ഭഗവാന്മഹ്യമുപോവാഹ പ്രതിശ്രുതം
അഥാപി മേ പ്രപന്നായാ അഭയം ദാതുമർഹസി.

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വൈശ്വര്യാദി ഷഡ്ഗുണസമ്പന്നനായ അങ്ങുന്ന് | അഥാപി | എന്നിരിക്കിലും |
| പ്രതിശ്രുതം | പ്രതിജ്ഞചെയ്തതായ | പ്രപന്നായാഃ | ആശ്രിതയായിരിക്കുന്ന |
| തത് സർവ്വം | അതുമുഴുവനും | മേ | എനിക്ക് |
| മഹ്യം | എനിക്കുവേണ്ടി | അഭയം | സുരക്ഷിതത്വത്തെ |
| ഉപോവാഹ | നിറവേററി. | ദാതും | പ്രദാനംചെയ്യുവാൻ |
| | | അർഹസി | അർഹിക്കുന്നു. |

52 ബ്രഹ്മൻ ദുഹിതൃഭിസ്തുഭ്യം വിമൃഗ്യാഃ പതയഃ സമാഃ
കശ്ചിത് സ്യാന്മേ വിശോകായ ത്വയി പ്രവ്രജിതേ വനം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മജ്ഞനായുള്ളോവേ! | വനം | വനത്തിലേക്ക് |
| തുഭ്യം | അങ്ങയ്ക്കു് | പ്രവ്രജിതേ | സന്ന്യസിച്ചുപോയതിൽപിന്നെ |
| ദുഹിതൃഭിഃ | പുത്രിമാരോടുകൂടി | | |
| സമാഃ | ഒത്തവരായ | മേ | എനിക്ക് |
| പതയഃ | ഭർത്താക്കന്മാർ | വിശോകായ | അറിവേകി ദുഃഖമകററുവാൻ |
| വിമൃഗ്യാഃ | തേടപ്പെടേണ്ടവരായിരിക്കുന്നു. | കശ്ചിത് | ഒരുത്തൻ |
| ത്വയി | അങ്ങുന്ന് | സ്യാത് | ഉണ്ടാകേണ്ടതുമല്ലേ? |

53 ഏതാവതാലം കാലേന വ്യതിക്രാന്തേന മേ പ്രഭോ
ഇന്ദ്രിയാർത്ഥപ്രസംഗേന പരിത്യക്തപരാത്മനഃ

| | | | |
|---|---|---|---|
| പ്രഭോ | സ്വാമിൻ ! | മേ | എനിക്ക് |
| ഇന്ദ്രിയാർത്ഥ-പ്രസംഗേന | വിഷയാഭിമുഖ്യം നിമിത്തം | വ്യതിക്രാന്തേന | പിന്നിട്ടുപോയ |
| | | ഏതാവതാ | ഇത്രയും |
| പരിത്യക്ത-പരാത്മനഃ | പരമാത്മാവിനെ കൈവിട്ടുകളഞ്ഞ | കാലേന | കാലംകൊണ്ട് |
| | | അലം | മതിവന്നിരിക്കുന്നു. |

54 ഇന്ദ്രിയാർത്ഥേഷു മജ്ജന്ത്യാ പ്രസംഗസ്ത്വയി മേ കൃതഃ
അജാനന്ത്യാ പരം ഭാവം തഥാപ്യസ്ത്വഭയായ മേ

| | | | |
|---|---|---|---|
| ഇന്ദ്രിയാൎത്ഥേഷു | വിഷയങ്ങളിൽ | പ്രസംഗഃ | ആസക്തി |
| മജ്ജന്ത്യാ | മുഴുകിയിരുന്നവളും | കൃതഃ | വെക്കപ്പെട്ടു. |
| പരം ഭാവം | അങ്ങയുടെ ഉയൎന്ന നിലയെക്കുറിച്ചു് | തഥാപി | അങ്ങനെയാണെങ്കിലും |
| | | മേ | എന്റെ |
| അജാനന്ത്യാ | അജ്ഞയും ആയിരുന്ന | അഭയായ | സംസാരഭീതിയുടെ നിവൃത്തിക്കു് |
| മേ | എന്നാൽ | | |
| ത്വയി | അങ്ങയിൽ | അസ്തു | അതു ഉതകുമാറാകട്ടെ. |

55 സംഗോ യഃ സംസൃതേൎഹേതുരസത്സു വിഹിതോഽധിയാ
സ ഏവ സാധുഷു കൃതോ നിഃസംഗത്വായ കല്പതേ.

| | | | |
|---|---|---|---|
| അധിയാ | അറിവില്ലായ്മയാൽ | സഃ ഏവ | ആയതുതന്നെ |
| അസത്സു | അസജ്ജനങ്ങളിൽ | സാധുഷു | സജ്ജനങ്ങളിൽ |
| വിഹിതഃ | പ്രവൃത്തമായ | കൃതഃ | പ്രവൎത്തിതമാകുമ്പോൾ |
| യഃ സംഗഃ | യാതൊരു സംഗമാണോ, | | |
| സംസൃതേഃ | സംസാരത്തിന്നു് | നിഃസംഗത്വായ | സംഗനിവൃത്തിക്കു് |
| ഹേതുഃ | കാരണമാകുന്നതു്, | കല്പതേ | പ്രയോജകീഭവിക്കും. |

56 നേഹ യത്കൎമ്മ ധൎമ്മായ ന വിരാഗായ കല്പതേ
ന തീൎത്ഥപദസേവായൈ ജീവന്നപി മൃതോ ഹി സഃ

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | തീൎത്ഥപദസേവായൈ | ഭഗവൽപാദസേവാരൂപമായ ഭക്തിക്കു് |
| യത്കൎമ്മ | ഏതൊരുവന്റെ കൎമ്മമാണോ, | | |
| ധൎമ്മായ | ധൎമ്മത്തിന്നു് | ന | ഉതകാത്തതു്, |
| ന കല്പതേ | ഉതകാത്തതു്, | സഃ | അങ്ങനെയുള്ളവൻ |
| വിരാഗായ | വിരക്തിക്കു് | ജീവൻ അപി | ജീവിച്ചിരിക്കിലും |
| ന | ഉതകാത്തതു്, | മൃതഃ ഹി | ചത്തവൻതന്നെ |

57 സാഹം ഭഗവതോ നൂനം വഞ്ചിതാ മായയാ ദൃഢം
യത്ത്വാം വിമുക്തിദം പ്രാപ്യ ന മുമുക്ഷേയ ബന്ധനാത്.

| | | | |
|---|---|---|---|
| സാ അഹം | ആ ഞാൻ | വിമുക്തിദം | മുക്തിമാൎഗ്ഗത്തെ കാട്ടിത്തരുന്ന |
| ഭഗവതഃ | ഭഗവാന്റെ | | |
| മായയാ നൂനം | മായയാൽത്തന്നെ | ത്വാം | നിന്തിരുവടിയെ |
| ദൃഢം | തീൎച്ചയായും | പ്രാപ്യ | ലഭിച്ചിട്ടുപോലും |
| വഞ്ചിതാ | വഞ്ചിതയായിരിക്കുന്നു. | ബന്ധനാത് | ബന്ധനത്തിൽനിന്നു് |
| യത് | എന്തെന്നാൽ | ന മുമുക്ഷേയ | മുക്തയാകാൻ ആഗ്രഹിച്ചില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ത്രയോവിംശതിതമോഽദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 968 ഇരുപത്തിമൂന്നാമദ്ധ്യായം കഴിഞ്ഞു.

## ചതുർവിംശതിതമോഽദ്ധ്യായഃ = ഇരുപത്തിനാലാമദ്ധ്യായം

"ചതുർവിംശേ തതോ ജന്മ കപിലസ്യാഹ തത്പിതുഃ
പ്രവ്രജ്യാം തമനുജ്ഞാപ്യ ഗുണത്രയവിമോക്ഷതഃ"

### ശ്രീകപിലാവതാരം; കർദ്ദമന്റെ പ്രവ്രജ്യ

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

1 നിർവേദവാദിനീമേവം മനോർദ്ദുഹിതരം മുനിഃ
ദയാലുഃ ശാലിനീമാഹ ശുക്ലാഭിവ്യാഹൃതം സ്മരൻ.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ദയാലുഃ | കാരുണികനായ |
| നിർവേദവാദിനീം | മനോവിരക്തിയെക്കുറിച്ച് സംഭാഷണം ചെയ്ത | മുനിഃ | കർദ്ദമമുനി |
| ശാലിനീം | ഗുണശ്ലാഘ്യയായ | ശുക്ലാഭിവ്യാഹൃതം | വിഷ്ണുഭഗവാൻ നേരിൽ പറഞ്ഞതിനെ |
| മനോഃ | മനുവിന്റെ | സ്മരൻ | അനുസ്മരിച്ചുകൊണ്ട് |
| ദുഹിതരം | പുത്രിയോട് | ആഹ | പറഞ്ഞു. |

ഋഷിരുവാച = കർദ്ദമമുനി പറഞ്ഞു—

2 മാ ഖിദോ രാജപുത്രീത്ഥമാത്മാനം പ്രത്യനിന്ദിതേ
ഭഗവാംസ്തേഽക്ഷരോ ഗർഭമദൂരാത്സംപ്രപത്സ്യതേ.

| | | | |
|---|---|---|---|
| രാജപുത്രി | അല്ലയോ രാജപുത്രി ! | അക്ഷരഃ | നാശരഹിതനായ |
| ഇത്ഥം | ഇങ്ങനെ | ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ |
| ആത്മാനം പ്രതി | തന്നെക്കുറിച്ച് | അദൂരാത് | താമസമെന്നിയേ |
| മാ ഖിദഃ | വ്യസനിക്കാതെ. | തേ ഗർഭം | ഭവതിയുടെ ഗർഭത്തെ |
| അനിന്ദിതേ | ഹേ സൌഭാഗ്യവതി ! | സംപ്രപത്സ്യതേ | സംപ്രാപിക്കുന്നതാണ്. |

3 ധൃതവ്രതാസി ഭദ്രം തേ ദമേന നിയമേന ച
തപോദ്രവിണദാനൈശ്ച ശ്രദ്ധയാ ചേശ്വരം ഭജ.

| | | | |
|---|---|---|---|
| ധൃതവ്രതാ | വ്രതംധരിച്ചവളാ | തേ ഭദ്രം | ഭവതിക്ക് നന്മവരും. |
| അസി | ആണല്ലോ ; | ദമേന | ഇന്ദ്രിയനിഗ്രഹത്തോടും |

| | | | |
|---|---|---|---|
| നിയമേന ച | സ്വധർമ്മനിഷ്ഠയോടും | ശ്രദ്ധയാ ച | ഭക്തിവിശ്വാസത്തോടുംകൂടി |
| തപോദ്രവിണ-ദാനൈഃ ച | തപസ്സുകൾ, ദ്രവ്യദാനങ്ങൾ എന്നിവയോടും | ഈശ്വരം | ഈശ്വരനെ |
| | | ഭജ | ഭജിച്ചുകൊള്ളു. |

4 സ ത്വയാഽരാധിതഃ ശുക്ലോ വിതന്വൻ മാമകം യശഃ
ഛേത്താ തേ ഹൃദയഗ്രന്ഥിമൌദര്യോ ബ്രഹ്മഭാവനഃ

| | | | |
|---|---|---|---|
| ത്വയാ | ഭവതിയാൽ | തേ | ഭവതിയുടെ |
| ആരാധിതഃ | ആരാധിതനായ | ഔദര്യഃ | വയാറിൽ പിറന്നു്, |
| സഃ ശുക്ലഃ | ആ സത്വമൂർത്തി | ബ്രഹ്മഭാവനഃ | ബ്രഹ്മജ്ഞാനോപദേഷ്ടാവായിട്ടു് |
| മാമകം | എന്നെ സംബന്ധിച്ച | ഹൃദയഗ്രന്ഥിം | മനസ്സിലെ മായാബന്ധത്തെ |
| യശഃ | കീർത്തിയെ | | |
| വിതന്വൻ | വളർത്തുന്നവനായിട്ടു്, | ഛേത്താ | ഛേദിക്കുന്നതാണു് |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

5 ദേവഹൂത്യപി സന്ദേശം ഗൌരവേണ പ്രജാപതേഃ
സമ്യക് ശ്രദ്ധായ പുരുഷം കൂടസ്ഥമഭജദ്ഗുരും.

| | | | |
|---|---|---|---|
| ദേവഹൂതീ അപി | ദേവഹൂതിയാകട്ടെ | ശ്രദ്ധായ | വിശ്വസിച്ചു് |
| പ്രജാപതേഃ | കർദ്ദമപ്രജാപതിയുടെ | കൂടസ്ഥം | പരമാത്മാവും |
| സന്ദേശം | പ്രവചനത്തെ | ഗുരും | പരമാചാര്യനുമായ |
| ഗൌരവേണ | ഗൌരവത്തോടെ | പുരുഷം | പരമപുരുഷനെ |
| സമ്യക് | ശരിക്കും | അഭജത് | ഭജിച്ചു. |

6 തസ്യാം ബഹുതിഥേ കാലേ ഭഗവാൻ മധുസൂദനഃ
കാർദ്ദമം വീര്യമാപന്നോ ജജ്ഞേഽഗ്നിരിവ ദാരുണി

| | | | |
|---|---|---|---|
| ബഹുതിഥേ കാലേ | കാലം കുറെ നാളുകളും കഴിഞ്ഞപ്പോൾ, | മധുസൂദനഃ | വിഷ്ണുഭഗവാൻ |
| | | ദാരുണി | അരണിയിൽ |
| കാർദ്ദമം | കർദ്ദമന്റേതായ | അഗ്നിഃ ഇവ | അഗ്നിയെന്നപോലെ |
| വീര്യം | വീര്യത്തെ | | |
| ആപന്നഃ | പ്രാപിച്ചു | തസ്യാം | അവളിൽ |
| ഭഗവാൻ | ജ്ഞാനനിധിയായ | ജജ്ഞേ | ജനിച്ചു. |

7 അവാദയംസ്തദാ വ്യോമ്നി വാദിത്രാണി ഘനാഘനാഃ
ഗായന്തി തം സ്മ ഗന്ധർവ്വാ നൃത്യന്ത്യപ്സരസോ മുദാ.

| | |
|---|---|
| തദാ | അന്നേരത്ത് |
| വ്യോമ്നി | ആകാശത്തിൽ, |
| ഘനാഘനാഃ | പെയ്യുന്ന മേഘങ്ങൾ |
| വാദിത്രാണി | മൃദംഗാദിവാദ്യങ്ങൾ |
| അവാദയൻ | വായിച്ചു; |
| ഗന്ധർവ്വാഃ | ഗന്ധർവ്വന്മാർ |
| തം | തന്തിരുവടിയെ |
| ഗായന്തി സ്മ | വാഴ്ത്തിപ്പാടി; |
| അപ്സരസഃ | അപ്സരസ്ത്രീകൾ |
| മുദാ | ആനന്ദത്തോടെ |
| നൃത്യന്തി | നൃത്തംവെച്ചു. |

8 പേതുഃ സുമനസോ ദിവ്യാഃ ഖേചരൈരപവർജ്ജിതാഃ
പ്രസേദുശ്ച ദിശഃ സർവ്വാ അംഭാംസി ച മനാംസി ച

| | |
|---|---|
| ഖേചരൈഃ | ദേവകളാൽ |
| അപവർജ്ജിതാഃ | പൊഴിക്കപ്പെട്ട |
| ദിവ്യാഃ | ദേവലോകത്തിലെ |
| സുമനസഃ | പൂക്കൾ |
| പേതുഃ | വീണു |
| സർവ്വാഃ | എല്ലാ |
| ദിശഃ ച | ദിക്കുകളും |
| അംഭാംസി ച | ജലാശയങ്ങളും |
| മനാംസി ച | ജനമാനസങ്ങളും |
| പ്രസേദുഃ | തെളിഞ്ഞു. |

9 തത് കർദ്ദമാശ്രമപദം സരസ്വത്യാ പരിശ്രിതം
സ്വയംഭൂഃ സാകമൃഷിഭിർമരീച്യാദിഭിരഭ്യയാത്.

| | |
|---|---|
| സരസ്വത്യാ | സരസ്വതീനദിയാൽ |
| പരിശ്രിതം | പരിവേഷ്ടിതമായ |
| തത് കർദ്ദമാശ്രമപദം | ആ കർദ്ദമാശ്രമസ്ഥാനത്തിലേക്ക് |
| സ്വയംഭൂഃ | ബ്രഹ്മദേവൻ |
| മരീച്യാദിഭിഃ | മരീചി മുതലായ |
| ഋഷിഭിഃ സാകം | ഋഷിമാരോടുകൂടെ |
| അഭ്യയാത് | എഴുന്നള്ളി. |

10 ഭഗവന്തം പരം ബ്രഹ്മ സത്ത്വേനാംശേന ശത്രുഹൻ
തത്ത്വസംഖ്യാനവിജ്ഞപ്ത്യൈ ജാതം വിദ്വാനജഃ സ്വരാട്.

11 സഭാജയൻ വിശുദ്ധേന ചേതസാ തച്ചികീർഷിതം
പ്രഹൃഷ്യമാണൈരസുഭിഃ കർദ്ദമം ചേദമഭ്യധാത്

| | |
|---|---|
| ശത്രുഹൻ | ഇന്ദ്രിയശത്രുക്കളുടെ ജേതാവായ അല്ലയോ വിദുര ! |
| പരം ബ്രഹ്മ | പരബ്രഹ്മസ്വരൂപനായ |
| ഭഗവന്തം | ഭഗവാനെ |
| സത്ത്വേന | സത്ത്വഗുണാത്മകമായ |
| അംശേന | അംശത്തോടെ |
| തത്ത്വസംഖ്യാനവിജ്ഞപ്ത്യൈ | തത്ത്വങ്ങളുടെ അപഗ്രഥനജ്ഞാനത്തിന്നു തകുന്ന സാംഖ്യശാസ്ത്രത്തിൻെറ പ്രബോധനത്തിന്നായിട്ട് |
| ജാതം | അവതീർണ്ണനാണെന്ന് |
| വിദ്വാൻ | അറിഞ്ഞിരിക്കുന്ന |
| സ്വരാട് | സ്വതഃസിദ്ധജ്ഞാനവാനായ |
| അജഃ | ബ്രഹ്മദേവൻ |
| വിശുദ്ധേന | പരിശുദ്ധമായ |
| ചേതസാ | ചിത്തത്തോടും |
| പ്രഹൃഷ്യമാണൈഃ | പ്രഹർഷംകൊള്ളുന്ന |

| | | | |
|---|---|---|---|
| അസുഭിഃ | ഇന്ദ്രിയങ്ങളോടുംകൂടി | കർദ്ദമം ച | കർദ്ദമനോടും (ദേവഹൂതിയോടും) |
| തച്ചികീർഷിതം | തന്തിരുവടിയുടെ പ്രവർത്തനേച്ഛയെ | ഇദം | ഈ വിധം |
| സഭാജയൻ | അഭിനന്ദിച്ചുകൊണ്ടു് | അബ്രവീത് | പറഞ്ഞു. |

ബ്രഹ്മോവാച — ബ്രഹ്മദേവൻ പറഞ്ഞു :

12 ത്വയാ മേഽപചിതിസ്താത കല്പിതാ നിർവ്യളീകതഃ
യന്മേ സംജഗൃഹേ വാക്യം ഭവാന്മാനദ മാനയൻ.

| | | | |
|---|---|---|---|
| താത | പ്രിയപുത്ര! | യത് | എന്തെന്നാൽ, |
| ത്വയാ | നിന്നാൽ | മാനദ | അല്ലയോ മാനദ! |
| മേ | എനിക്കായിക്കൊണ്ടു് | ഭവാൻ മേ | നീ എന്റെ |
| നിർവ്യളീകതഃ | നിഷ്കപടമായി | വാക്യം | വചനത്തെ |
| അപചിതിഃ | ആദരോപചാരം | മാനയൻ | ആദരിച്ചുകൊണ്ടു് |
| കല്പിതാ | അർപ്പിക്കപ്പെട്ടിരിക്കുന്നു. | സംജഗൃഹേ | അംഗീകരിച്ചു. |

13 ഏതാവത്യേവ ശുശ്രൂഷാ കാര്യാ പിതരി പുത്രകൈഃ
ബാഢമിത്യനുമന്യേത ഗൌരവേണ ഗുരോർവചഃ

| | | | |
|---|---|---|---|
| പുത്രകൈഃ | പുത്രന്മാരാൽ | ഗുരോഃ വചഃ | പിതൃവചനത്തെ |
| പിതരി | പിതാവിന്റെ അടുക്കൽ | ഗൌരവേണ | ബഹുമതിയോടെ |
| കാര്യാ | ചെയ്യപ്പെടേണ്ടുന്ന | ബാഢം | "ഓ, ശരി" |
| ശുശ്രൂഷാ | ഉപചാരം | ഇതി | എന്നു പറഞ്ഞു് |
| ഏതാവതീ | ഇത്രമാത്രം | അനുമന്യേത | അനുസരിക്കുക. |
| ഏവ | തന്നെയാകുന്നു. | | |

14 ഇമാ ദുഹിതരഃ സഭ്യ തവ വത്സ സുമധ്യമാഃ
സർഗ്ഗമേതം പ്രഭാവൈഃ സ്വൈർബൃംഹയിഷ്യന്ത്യനേകധാ

| | | | |
|---|---|---|---|
| സഭ്യ | മാനനീയനായ | പ്രഭാവൈഃ | വംശപരമ്പരകളാൽ |
| വത്സ തവ | പ്രിയപുത്ര! നിന്റെ | ഏതം സർഗ്ഗം | ഈ വിശ്വസൃഷ്ടിയെ |
| ഇമാഃ സുമധ്യമാഃ | ഈ സുന്ദരിമാരായ | അനേകധാ | നാനാപ്രകാരത്തിൽ |
| ദുഹിതരഃ | പുത്രിമാർ | ബൃംഹയിഷ്യന്തി | വളർത്തിക്കൊള്ളും. |
| സ്വൈഃ | താന്താങ്ങളുടെ | | |

15 അതസ്ത്വമൃഷിമുഖ്യേഭ്യോ യഥാശീലം യഥാരുചി
ആത്മജാഃ പരിദേഹ്യദ്യ വിസ്തൃണീഹി യശോ ഭുവി

| | | | |
|---|---|---|---|
| അതഃ ത്വം | ആകയാൽ നീ | അദ്യ | ഇപ്പോൾ |
| ആത്മജാഃ | സ്വപുത്രിമാരെ | പരിദേഹി | വിവാഹംചെയ്തു കൊടുക്കുക. |
| യഥാശീലം | സ്വഭാവത്തിന്നനുസരിച്ചും | | |
| യഥാരുചി | ഇഷ്ടത്തിന്നനുസരിച്ചും | ഭുവി യശഃ | ഭൂമിയിൽ കീർത്തിയെ |
| ഋഷിമുഖ്യേഭ്യഃ | ഋഷിശ്രേഷ്ഠന്മാർക്ക് | വിസ്തൃണീഹി | പരത്തുക. |

16 വേദാഹമാദ്യം പുരുഷമവതീർണ്ണം സ്വമായയാ
ഭൂതാനാം ശേവധിം ദേഹം ബിഭ്രാണം കപിലം മുനേ!

| | | | |
|---|---|---|---|
| മുനേ | ഹേ മനനശീല! | കപിലം | കപിലമായ (തൂമിന്നൽ നിറംപൂണ്ട) |
| ഭൂതാനാം | സർവ്വപ്രാണികളുടെയും | ദേഹം | ശരീരത്തെ |
| ശേവധി, | നിധിയായി, | സ്വമായയാ | തന്റെ മായയാൽ |
| ആദ്യം | സർവ്വകാരണനായിരിക്കുന്ന | ബിഭ്രാണം | ധരിച്ചുകൊണ്ട് |
| | | അവതീർണ്ണം | അവതരിച്ചവനായിട്ട് |
| പുരുഷം | ഈശ്വരനെ | അഹം വേദ | ഞാൻ അറിയുന്നു, |

സാക്ഷാൽ ശ്രീനാരായണൻ സാംഖ്യസിദ്ധാന്തപ്രബോധനാർത്ഥം കപിലശരീരം ധരിച്ച് തന്റെ പുത്രനായി അവതരിച്ചിരിക്കയാണെന്നു കർദ്ദമനെ ഉദ്ബോധിപ്പിച്ച ശേഷം ബ്രഹ്മാവ് ദേവഹൂതിയോടായി പറയുന്നു.

17 ജ്ഞാനവിജ്ഞാനയോഗേന കർമ്മണാമുദ്ധരഞ്ജടാഃ
ഹിരണ്യകേശഃ പദ്മാക്ഷഃ പദ്മമുദ്രാപദാംബുജഃ

18 ഏഷ മാനവി തേ ഗർഭം പ്രവിഷ്ടഃ കൈടഭാർദ്ദനഃ
അവിദ്യാസംശയഗ്രന്ഥിം ഛിത്വാ ഗാം വിചരിഷ്യതി.

| | | | |
|---|---|---|---|
| മാനവി | ഹേ മനുരാജപുത്രി! | ജ്ഞാന– വിജ്ഞാന– യോഗേന | പരോക്ഷമായ അറിവും അപരോക്ഷമായ അറിവും ആയുള്ള ഉപായത്താൽ |
| ഹിരണ്യകേശഃ | പൊൻനിറമുള്ള തലമുടിയോടും | കർമ്മണാം | പ്രാരബ്ധകർമ്മങ്ങളുടെ |
| പദ്മാക്ഷഃ | താമരദളങ്ങളോടൊക്കുന്ന നേത്രങ്ങളോടും | ജടാഃ | ജടിലവാസനകളെ |
| | | ഉദ്ധരൻ | വേരറുത്തുകൊണ്ട് |
| പദ്മമുദ്രാ– പദാംബുജഃ | താമരപ്പൂവിന്റെ രേഖയുള്ള പാദകമലത്തോടും കൂടിയവനായി | അവിദ്യാ– സംശയഗ്രന്ഥിം | സ്വരൂപാജ്ഞാനം – മിഥ്യാബോധം എന്നിവയാൽ കെട്ടപ്പെട്ടതായ ഹൃദയഗ്രന്ഥിയെ |
| തേ ഗർഭം | നിന്റെ ഗർഭത്തെ | | |
| പ്രവിഷ്ടഃ | പ്രവേശിച്ച | ഛിത്വാ | ഛേദിച്ച് |
| ഏഷഃ കൈടഭാർദ്ദനഃ | ഈ കൈടഭവൈരിയായ ഭഗവാൻ | ഗാം | ഭൂമിയിലെങ്ങും |
| | | വിചരിഷ്യതി | പര്യടനം ചെയ്യും. |

19 അയം സിദ്ധഗണാധീശഃ സാംഖ്യാചാര്യൈഃ സുസമ്മതഃ
ലോകേ കപില ഇത്യാഖ്യാം ഗന്താ തേ കീർത്തിവർദ്ധനഃ

| | |
|---|---|
| അയം | ഈ ഭഗവാൻ |
| സിദ്ധഗണാധീശഃ | സിദ്ധന്മാരുടെ സംഘനേതാവായും |
| സാംഖ്യാചാര്യൈഃ | സാംഖ്യദാർശനികന്മാരാൽ |
| സുസമ്മതഃ | സമാദൃതനായും ഭവിച്ച് |
| തേ | നിന്റെ |
| കീർത്തിവർദ്ധനഃ | കീർത്തിയെ വളർത്തിക്കൊണ്ട് |
| ലോകേ | ലോകത്തിൽ |
| കപിലഃ | " കപിലൻ " |
| ഇതി ആഖ്യാം | എന്ന നാമധേയത്തെ |
| ഗന്താ | പ്രാപിക്കുന്നതാണ്. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :—

20 താവാശ്വാസ്യ ജഗത്സ്രഷ്ടാ കുമാരൈഃ സഹനാരദഃ
ഹംസോ ഹംസേന യാനേന ത്രിധാമ പരമം യയൌ

| | |
|---|---|
| തൌ | അവർ രണ്ടുപേരേയും |
| ആശ്വാസ്യ | ആശ്വസിപ്പിച്ച് |
| ജഗത്സ്രഷ്ടാ | ലോകസ്രഷ്ടാവായ |
| ഹംസഃ | ബ്രഹ്മദേവൻ |
| കുമാരൈഃ | സനകാദികളോടും |
| സഹനാരദഃ | നാരദനോടുംകൂടി |
| ഹംസേന | ഹംസമാവുന്ന |
| യാനേന | വാഹനത്തിലേറി, |
| പരമം | സർവ്വോന്നതമായ |
| ത്രിധാമ | സത്യലോകത്തിലേക്ക് |
| യയൌ | പോയി |

21 ഗതേ ശതധൃതൌ ക്ഷത്തഃ കർദ്ദമസ്തേന ചോദിതഃ
യഥോചിതം സ്വദുഹിതൄഃ പ്രാദാദ്വിശ്വസൃജാം തതഃ

| | |
|---|---|
| ക്ഷത്തഃ | വിദുര! |
| ശതധൃതൌ | ബ്രഹ്മദേവൻ |
| ഗതേ തതഃ | പോയതിൽപ്പിന്നെ |
| തേന | അദ്ദേഹത്താൽ |
| ചോദിതഃ | പ്രേരിതനായ |
| കർദ്ദമഃ | കർദ്ദമൻ |
| സ്വദുഹിതൄഃ | സ്വപുത്രിമാരെ |
| വിശ്വസൃജാം | വിശ്വസ്രഷ്ടാക്കളായ ഋഷിമാർക്ക് |
| യഥോചിതമം | സമുചിതമായി |
| പ്രാദാത് | വിവാഹംചെയ്തുകൊടുത്തു |

22 മരീചയേ കലാം പ്രാദാദനസൂയാമഥാത്രയേ
ശ്രദ്ധാമംഗിരസേഽയച്ഛത് പുലസ്ത്യായ ഹവിർഭുവം

| | |
|---|---|
| മരീചയേ | മരീചിക്ക് |
| കലാം | കലയേയും, |
| അത്രയേ | അത്രിക്ക് |
| അനസൂയാം | അനസൂയയേയും |
| പ്രാദാത് | കൊടുത്തു. |
| അഥ | അനന്തരം |
| അംഗിരസേ | അംഗിരസ്സിന്ന് |
| ശ്രദ്ധാം | ശ്രദ്ധയേയും, |
| പുലസ്ത്യായ | പുലസ്ത്യന്ന് |
| ഹവിർഭുവം | ഹവിർഭുവിനേയും |
| അയച്ഛത് | കൊടുത്തു. |

23 പുലഹായ ഗതിം യുക്താം ക്രതവേ ച ക്രിയാം സതീം
ഖ്യാതിം ച ഭൃഗവേഽയച്ഛദ്വസിഷ്ഠായാപ്യരുന്ധതീം

| | | | |
|---|---|---|---|
| പുലഹായ | പുലഹന്നു് | ഭൃഗവേ | ഭൃഗുവിന്നു് |
| ഗതിം | ഗതിയേയും, | ഖ്യാതിം ച | ഖ്യാതിയേയും, |
| ക്രതവേ | ക്രതുവിന്നു് | വസിഷ്ഠായ | വസിഷ്ഠന്നു് |
| യുക്താം | അനുയോജിച്ചവളും | അരുന്ധതീം അപി | അരുന്ധതീദേവിയേയും |
| സതീം | ഉത്തമയുമായ | | |
| ക്രിയാം ച | ക്രിയയെന്നവളേയും, | അയച്ഛത് | കൊടുത്തു. |

24 അഥർവ്വണേഽദദാച്ഛാന്തിം യയാ യജ്ഞോ വിതന്യതേ
വിപ്രർഷഭാൻ കൃതോദ്വാഹാൻ സദാരാൻ സമലാളയത്

| | | | |
|---|---|---|---|
| യയാ | യാതൊരുവളാൽ | കൃതോദ്വാഹാൻ | വിവാഹം കഴിച്ചു് |
| യജ്ഞഃ | യജ്ഞകർമ്മം | സദാരാൻ | പത്നിമാരോടുകൂടി നില്ക്കുന്ന |
| വിതന്യതേ | വിപുലീകരിക്കപ്പെടുന്നുവോ, | വിപ്രർഷഭാൻ | ബ്രാഹ്മണശ്രേഷ്ഠന്മാരെ |
| ശാന്തിം | ആ ശാന്തിയെ | | |
| അഥർവ്വണേ | അഥർവ്വാവിന്നും | സമലാളയത് | പാരിതോഷികാദികളാൽ സന്തോഷിപ്പിച്ചു. |
| അദദാത് | കൊടുത്തു. | | |

25 തതസ്ത ഋഷയഃ ക്ഷത്തഃ കൃതദാരാ നിമന്ത്ര്യ തം
പ്രാതിഷ്ഠന്നന്ദിമാപന്നാഃ സ്വം സ്വമാശ്രമമണ്ഡലം.

| | | | |
|---|---|---|---|
| ക്ഷത്തഃ | ഹേ വിദുര ! | നിമന്ത്ര്യ | യാത്രചൊല്ലി |
| തതഃ | അനന്തരം | നന്ദിം | സന്തോഷത്തെ |
| കൃതദാരാഃ | പത്നിമാരെ സ്വീകരിച്ചുകഴിഞ്ഞ | ആപന്നാഃ | പ്രാപിച്ചവരായിട്ടു് |
| | | സ്വം സ്വം | അവരവരുടെ |
| തേ ഋഷയഃ | ആ ഋഷിമാർ | ആശ്രമമണ്ഡലം | ആശ്രമപ്രദേശത്തേക്കു് |
| തം | അദ്ദേഹത്തോടു് | പ്രാതിഷ്ഠൻ | പുറപ്പെട്ടു. |

26 സ ചാവതീർണ്ണം ത്രിയുഗമാജ്ഞായ വിബുധർഷഭം
വിവിക്ത ഉപസംഗമ്യ പ്രണമ്യ സമഭാഷത.

| | | | |
|---|---|---|---|
| സഃ ച | ആ കർദ്ദമനാകട്ടെ | വിവിക്തേ | ഏകാന്തത്തിൽ |
| വിബുധർഷഭം | ദേവശ്രേഷ്ഠനായ | ഉപസംഗമ്യ | തൽസമീപത്തുചെന്നു്, |
| ത്രിയുഗം | ശ്രീമഹാവിഷ്ണുവിനെ | പ്രണമ്യ | നമസ്കരിച്ചു് |
| അവതീർണ്ണം | അവതരിച്ചതായി | | |
| ആജ്ഞായ | അറിഞ്ഞിട്ടു് | സമഭാഷത | സാദരം പറഞ്ഞു. |

27 അഹോ പാപച്യമാനാനാം നിരയേ സ്വൈരമംഗലൈഃ-
കാലേന ഭൂയസാ നൂനം പ്രസീദന്തീഹ ദേവതാഃ

| | | | |
|---|---|---|---|
| സ്വൈഃ | സ്വകീയങ്ങളായ | ഭൂയസാ | കുറെയേറെ |
| അമംഗലൈഃ | പാപാചാരങ്ങളാൽ | കാലേന നൂനം | കാലംകൊണ്ടെങ്കിലും |
| നിരയേ | സംസാരനരകത്തിൽ | ഇഹ | ലോകത്തിൽ |
| പാപച്യമാനാനാം | വെന്തെരിയുന്നവരുടെ പേരിൽ | പ്രസീദന്തി | പ്രസാദിക്കുന്നു. |
| ദേവതാഃ | ദേവന്മാർ | അഹോ | സന്തോഷം. |

28 ബഹുജന്മവിപക്വേന സമ്യഗ്യോഗസമാധിനാ
ദ്രഷ്ടും യതന്തേ യതയഃ ശൂന്യാഗാരേഷു യത്പദം

29 സ ഏവ ഭഗവാനദ്യ ഹേലനം നഗണയ്യ നഃ
ഗൃഹേഷു ജാതോ ഗ്രാമ്യാണാം യഃ സ്വാനാം പക്ഷപോഷണഃ

| | | | |
|---|---|---|---|
| ബഹുജന്മവിപക്വേന | അനേകജന്മങ്ങളാം കൊണ്ടുപരിപാകംവന്ന | സഃ ഭഗവാൻ ഏവ | ആ ഭഗവാനായ ശ്രീമഹാവിഷ്ണുതന്നെ |
| സമ്യഗ്യോഗസമാധിനാ | ഭക്തിയോഗത്തിങ്കലേ ഏകാഗ്രനിഷ്ഠയോടെ | ഹേലനം | അവജ്ഞയെ |
| ശൂന്യാഗാരേഷു | ഏകാന്തസ്ഥലങ്ങളിലിരുന്നു് | നഗണയ്യ | അവഗണിച്ചു്, |
| യത്പദം | യാതൊരുവന്റെ തൃപ്പാദത്തെ | ഗ്രാമ്യാണാം | പ്രാകൃതന്മാരായ |
| ദ്രഷ്ടും | ദർശിക്കുവാൻവേണ്ടി | നഃ ഗൃഹേഷു | ഞങ്ങളുടെ ഗൃഹത്തിൽ |
| യതയഃ | യോഗിമാർ | അദ്യ | ഇപ്പോൾ |
| യതന്തേ | പരിശ്രമിക്കുന്നുവോ, | ജാതഃ | അവതരിച്ചിരിക്കുന്നു. |
| | | യഃ | യാതൊരു ഭഗവാൻ |
| | | സ്വാനാം | സ്വഭക്തന്മാരുടെ |
| | | പക്ഷപോഷണഃ | കക്ഷിയെ വളർത്തുന്നവനാണല്ലോ |

30 സ്വീയം വാക്യമൃതം കർത്തുമവതീർണ്ണോഽസി മേ ഗൃഹേ
ചികീർഷുർഭഗവാൻ ജ്ഞാനം ഭക്താനാം മാനവർദ്ധനഃ

| | | | |
|---|---|---|---|
| ഭക്താനാം | ഭക്തന്മാർക്കു് | ജ്ഞാനം | ജ്ഞാനസാധനമായ സാംഖ്യശാസ്ത്രത്തെ |
| മാനവർദ്ധനഃ | ബഹുമതിവളർത്തുന്ന | ചികീർഷുഃ | നിർമ്മിക്കുവാൻ ഇച്ഛിച്ചുകൊണ്ടും |
| ഭഗവാൻ | സർവ്വജ്ഞനായ നിന്തിരുവടി | മേ ഗൃഹേ | എന്റെ ഗൃഹത്തിൽ |
| സ്വീയം വാക്യം | സ്വവചനത്തെ | അവതീർണ്ണഃ | അവതരിച്ചവനായി |
| ഋതം കർത്തും | സത്യമാക്കുവാനായും | അസി | ഭവിക്കുന്നു. |

31 താന്യേവ തേഽഭിരൂപാണി രൂപാണി ഭഗവംസ്തവ
യാനി യാനി ച രോചന്തേ സ്വജനാനാമരൂപിണഃ

| | |
|---|---|
| ഭഗവൻ | ഭഗവാനേ! |
| അരൂപിണഃ | പ്രാകൃതമായ സ്വരൂപം സ്വതവേ ഇല്ലാത്ത |
| തവ | നിന്തിരുവടിയുടെ |
| യാനി | യാവചില |
| രൂപാണി | അലൌകികരൂപങ്ങൾ (ചതുർഭുജാദിരൂപങ്ങൾ) ഉണ്ടോ, |
| താനി ഏവ | അവതന്നെയാണ് |
| തേ | നിന്തിരുവടിക്ക് |
| അഭിരൂപാണി | സുയോഗ്യങ്ങളായവ. |
| യാനി ച | എന്നാൽ, യാവചില മനുഷ്യസാധാരണ രൂപങ്ങൾ |
| സ്വജനാനാം | സ്വഭക്തന്മാർക്ക് |
| രോചന്തേ | ഇഷ്ടമാകുന്നുവോ, |
| താനി ഏവ തേ രോചന്തേ | അവയും നിന്തിരുവടിക്ക് ഇഷ്ടംതന്നെ. |

32 ത്വാം സൂരിഭിസ്തത്ത്വബുഭുത്സയാഽദ്ധാ
സദാഽഭിവാദാർഹണപാദപീഠം
ഐശ്വര്യവൈരാഗ്യയശോവബോധ-
വീര്യശ്രിയാം പൂർത്തമഹം പ്രപദ്യേ.

| | |
|---|---|
| അദ്ധാ | ശരിക്കും |
| തത്ത്വബുഭുത്സയാ | തത്ത്വാവബോധം വരുത്തുവാനുള്ള ഇച്ഛയോടെ |
| സൂരിഭിഃ | വിദ്വജ്ജനങ്ങളാൽ |
| സദാ | എന്നാളും |
| അഭിവാദാർഹണപാദപീഠം | അഭിവാദ്യം അർപ്പിക്കുവാൻ യോഗ്യമായ പാദപാത്തോടുകൂടിയവനും |
| ഐശ്വര്യവൈരാഗ്യയശോവബോധവീര്യശ്രിയാം | ഐശ്വര്യം - വൈരാഗ്യം - യശസ്സ് - ജ്ഞാനം - വീര്യം - ശ്രീ എന്നീ ഷഡ്ഗുണങ്ങളുടെ |
| പൂർത്തം | പൂർണ്ണസ്വരൂപനുമായ |
| ത്വാം | നിന്തിരുവടിയെ |
| അഹം | ഞാൻ |
| പ്രപദ്യേ | ശരണം പ്രാപിക്കുന്നു. |

33 പരം പ്രധാനം പുരുഷം മഹാന്തം
കാലം കവിം ത്രിവൃതം ലോകപാലം
ആത്മാനുഭൂത്യാനുഗതപ്രപഞ്ചം
സ്വച്ഛന്ദശക്തിം കപിലം പ്രപദ്യേ.

| | |
|---|---|
| സ്വച്ഛന്ദശക്തിം | സ്വാധീനങ്ങളായ ശക്തികളോടുകൂടിയ |
| പരം | പരമാത്മാവായി - |
| പ്രധാനം | പ്രകൃതിസ്വരൂപനായി- |
| പുരുഷം | പ്രകൃതിയുടെ അധിഷ്ഠാതാവായി- |
| മഹാന്തം | മഹത്തത്ത്വമായി- |
| കാലം | ഗുണക്ഷോഭകൃത്തായ കാലശക്തിയായി - |
| ത്രിവൃതം | അഹംകാരതത്ത്വമായി- |
| ലോകപാലം | ലോകമായും അതിൻെറ പാലകന്മാരുമായി- |

| | | | |
|---|---|---|---|
| ആത്മാനുഭൂത്യാ | ചിത്സ്വരൂപാവസ്ഥിതിയാൽ | കവിം | സർവ്വജ്ഞനും സർവ്വസാക്ഷിയുമായി വർത്തിക്കുന്ന |
| അനുഗത- പ്രപഞ്ചം | തന്നിൽ വിലീനമായ പ്രപഞ്ചത്തോടുകൂടിയവനായി- | കപിലം | കപിലവാസുദേവനായ |
| | | (ത്വാം) | നിന്തിരുവടിയെ |
| | | പ്രപദ്യേ | ശരണംപ്രാപിക്കുന്നു. |

34 ആ സ്മാഭിപൃച്ഛേഽദ്യ പതിം പ്രജാനാം
ത്വയാവതീർണ്ണർണ്ണ ഉതാപ്തകാമഃ
പരിവ്രജത്പദവീമാസ്ഥിതോഽഹം
ചരിഷ്യേ ത്വാം ഹൃദി യുഞ്ജൻ വിശോകഃ

| | | | |
|---|---|---|---|
| പ്രജാനാം | ജനസഞ്ചയങ്ങളുടെ | അഹം അദ്യ | ഞാൻ ഇനി |
| പതിം | പാലകനായ നിന്തിരുവടിയോട് | പരിവ്രജത്. പദവീം | പരിവ്രാജകന്മാരുടെ മാർഗ്ഗത്തെ |
| ആ സ്മ അഭിപൃച്ഛേ | കുറഞ്ഞൊരു അനുവാദം ചോദിച്ചുകൊള്ളുന്നു. | ആസ്ഥിതഃ | സ്വീകരിച്ച്, |
| ത്വയാ | നിന്തിരുവടിയാൽ | ത്വാം | നിന്തിരുവടിയെ |
| അവതീർണ്ണർണ്ണഃ | ഇറക്കപ്പെട്ട ഋണത്രയ ഭാരത്തോടുകൂടിയവനും | ഹൃദി | ഹൃദയത്തിൽ |
| | | യുഞ്ജൻ | ചേർത്തുകൊണ്ട്, |
| ആപ്തകാമഃ | നേടിക്കഴിഞ്ഞ ഭൗതികസുഖത്തോടുകൂടിയവനും ആയിരിക്കുന്ന | വിശോകഃ | ശോകരഹിതനായിട്ട് |
| | | ചരിഷ്യേ ഉത | സഞ്ചരിക്കട്ടെയോ? |

ശ്രീഭഗവാനുവാച = ശ്രീകപിലഭഗവാനരുളിച്ചെയ്തു:

35 മയാ പ്രോക്തം ഹി ലോകസ്യ പ്രമാണം സത്യലൌകികേ
അഥാജനി മയാ തുഭ്യം യദവോചമൃതം മുനേ

| | | | |
|---|---|---|---|
| മയാ | എന്നാൽ | തുഭ്യം | അങ്ങേയ്ക്കു് |
| പ്രോക്തം | പ്രവചിക്കപ്പെട്ടതു് | അവോചം | പുത്രനായി ജനിക്കാമെന്നു് ഞാൻ പറഞ്ഞിരുന്നുവോ, |
| സത്യലൌകികേ | വൈദികവും ലൌകികവും ആയ കർത്തവ്യത്തിൽ | | |
| ലോകസ്യ | ലോകത്തിന്നു് | അഥ | അതിനെ നിമിത്തീകരിച്ചുതന്നെ |
| പ്രമാണം ഹി | പ്രമാണമായിരിക്കണമല്ലോ. | ഋതം | ആ വചനം സത്യമാകമാറു് |
| മുനേ | അല്ലയോ മുനേ ! | | |
| | | മയാ | എന്നാൽ |
| യത് | യാതൊന്നിനെ നിമിത്തീകരിച്ച് | അജനി | ജന്മം എടുക്കപ്പെട്ടു. |

36 ഏതന്മേ ജന്മ ലോകേഽസ്മിൻ മുമുക്ഷൂണാം ദുരാശയാത്
പ്രസംഖ്യാനായ തത്ത്വാനാം സമ്മതായാത്മദർശനേ.

| | |
|---|---|
| അസ്മിൻ ലോകേ | ഈ ലോകത്തിൽ |
| മേ | എന്റെ |
| ഏതത് ജന്മ | ഈ ജനനം |
| ദുരാശയാത് | ദുഷിച്ച മനോവൃത്തിയിൽനിന്നു് |
| മുമുക്ഷൂണാം | മുക്തിപ്രാപിക്കുവാൻ ആഗ്രഹിക്കുന്നവക്കു് |
| ആത്മദർശനേ | ആത്മാവബോധവിഷയത്തിൽ |
| സമ്മതായ | അംഗീകൃതമായ |
| തത്വാനാം | ജീവേശ്വരപ്രകൃതി തത്വങ്ങളുടെ |
| പ്രസംഖ്യാനായ | സവിസ്തര വിവേചനം അടങ്ങുന്ന സാംഖ്യ ശാസ്ത്രത്തിനുവേണ്ടിയാകുന്നു. |

37 ഏഷ ആത്മപഥോഽവ്യക്തോ നഷ്ടഃ കാലേന ഭൂയസാ
തം പ്രവർത്തയിതും ദേഹമിമം വിദ്ധി മയാ ഭൃതം

| | |
|---|---|
| ഏഷഃ അവ്യക്തഃ | ഈ ഗഹനമായ |
| ആത്മപഥഃ | ആത്മജ്ഞാനമാർഗ്ഗം |
| ഭൂയസാ | ഏറിയ |
| കാലേന | കാലംകൊണ്ടു് |
| നഷ്ടഃ | നശിച്ചിരിക്കുന്നു. |
| തം | ആയതിനെ |
| പ്രവർത്തയിതും | പുനരുജ്ജീവിപ്പിക്കുവാൻ വേണ്ടി |
| ഇമം ദേഹം | ഈ ശരീരത്തെ |
| മയാ | എന്നാൽ |
| ഭൃതം | ധരിക്കപ്പെട്ടതായിട്ടു് |
| വിദ്ധി | അറിഞ്ഞുകൊണ്ടാലും |

38 ഗച്ഛ കാമം മയാഽഽപൃഷ്ടോ മയി സന്ന്യസ്തകർമ്മണാ
ജിത്വാ സുദുർജ്ജയം മൃത്യുമമൃതത്വായ മാം ഭജ.

| | |
|---|---|
| മയാ | എന്നാൽ |
| ആപൃഷ്ടഃ | അനുജ്ഞാതനായ അങ്ങു് |
| കാമം | ഇഷ്ടംപോലെ |
| ഗച്ഛ | പോയിക്കൊള്ളുക. |
| സുദുർജ്ജയം | ജയിപ്പാൻ പ്രയാസമേറിയ |
| മൃത്യും | മൃത്യുവിനെ |
| മയി | എന്നിൽ |
| സന്ന്യസ്തകർമ്മണാ | സമർപ്പിതമായ കർമ്മം വഴിയായിട്ടു് |
| ജിത്വാ | ജയിച്ചു്, |
| അമൃതത്വായ | അനശ്വരതയ്ക്കു് (മോക്ഷത്തിനു) വേണ്ടി |
| മാം ഭജ | എന്നെ സേവിക്കുക. |

39 മാമാത്മാനം സ്വയംജ്യോതിഃ സർവ്വഭൂതഗുഹാശയം
ആത്മന്യേവാത്മനാ വീക്ഷ്യ വിശോകോഽഭയമൃച്ഛസി.

| | |
|---|---|
| സർവ്വഭൂതഗുഹാശയം | സമസ്തജീവജാലങ്ങളുടെയും ഹൃദയാന്തരത്തിൽ വാഴുന്നവനും |
| സ്വയംജ്യോതിഃ | സ്വയംചേതനാരൂപനും |
| ആത്മാനം | പരമാത്മാവുമായ |
| മാം | എന്നെ |
| ആത്മനാ | മനസ്സുകൊണ്ടു് |
| ആത്മനി ഏവ | തന്നിൽത്തന്നെ |
| വീക്ഷ്യ | വീക്ഷിച്ചു് |
| വിശോകഃ | ശോകമകന്നവനായിട്ടു് |
| അഭയം | ഭയരഹിതമായ സംസാരനിർമ്മുക്തിയെ |
| ഋച്ഛസി | പ്രാപിക്കുന്നതാണു്. |

40 മാത്രേ ആധ്യാത്മികീം വിദ്യാം ശമനീം സർവ്വകർമ്മണാം
വിതരിഷ്യേ യയാ ചാസൌ ഭയം ചാതിതരിഷ്യതി.

| | | | |
|---|---|---|---|
| സർവ്വകർമ്മണാം | എല്ലാ കർമ്മങ്ങളുടെയും | യയാ | യാതൊന്നുകൊണ്ടു് |
| ശമനീം | ഉന്മൂലനം വരുത്തുന്ന | അസൌ ച | ഈ മാതാവും |
| ആധ്യാത്മികീം | അധ്യാത്മസംബന്ധമായ | ഭയം | സംസാരഭീതിയെ |
| വിദ്യാം | ജ്ഞാനത്തെ | അതി– തരിഷ്യതി ച | തികച്ചും തരണം ചെയ്തു പരമാനന്ദം പ്രാപിക്കുന്നതാണു്. |
| മാത്രേ | മാതാവിന്നു് | | |
| വിതരിഷ്യേ | കൊടുത്തുകൊള്ളാം, | | |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :—

41 ഏവം സമുദിതസ്തേന കപിലേന പ്രജാപതിഃ
ദക്ഷിണീകൃത്യ തം പ്രീതോ വനമേവ ജഗാമ ഹ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പ്രീതഃ | സന്തുഷ്ടനായിട്ടു് |
| പ്രജാപതിഃ | കർദ്ദമപ്രജാപതി | തം | തന്തിരുവടിയെ |
| കപിലേന | കപിലനായവതരിച്ച | ദക്ഷിണീകൃത്യ | വലംവെച്ചുവണങ്ങി |
| തേന | ആ ശ്രീവാസുദേവനാൽ | വനം ഏവ | വനത്തിലേക്കുതന്നെ |
| സമുദിതഃ | വഴിപോലെ ചൊല്ലിബോധിപ്പിക്കപ്പെട്ടു്, | ജഗാമ ഹ | പോയി; അദ്ഭുതം ! |

കർദ്ദമനു് ഭഗവാൻതന്നെ പുത്രനായിട്ടു് അവതരിച്ചിരിക്കുന്നു. അതിനാൽ ഗൃഹത്തിലിരുന്നാലും മുക്തി സുലഭമാണു്. എങ്കിലും ലോകസംഗ്രഹാർത്ഥം സർവ്വകർമ്മസന്ന്യാസംചെയ്തു വനത്തിലേക്കുതന്നെ പോകയാണു് ചെയ്തതു്. ഇതു സൂചിപ്പിക്കുവാൻ വേണ്ടിയാണു് 'ഹ' എന്ന പദപ്രയോഗം.

42 വ്രതം സ ആസ്ഥിതോ മൌനമാത്മൈകശരണോ മുനിഃ
നിഃസംഗോ വ്യചരത് ക്ഷോണീമനഗ്നിരനികേതനഃ

| | | | |
|---|---|---|---|
| സഃ മുനിഃ | ആ കർദ്ദമമുനി | അനഗ്നിഃ | ഗൃഹസ്ഥോചിതമായ അഗ്നിഹോത്രം ഉപേക്ഷിച്ചും, |
| മൌനം വ്രതം | അഹിംസാദിലക്ഷണമായ മുനിചര്യാവ്രതം | അനികേതനഃ | സ്ഥിരവാസതിയില്ലാത്തവനായും |
| ആസ്ഥിതഃ | അനുഷ്ഠിച്ചും, | ക്ഷോണീം | ഭൂമണ്ഡലത്തെ |
| ആത്മൈക– ശരണഃ | ആത്മാവിനെ മാത്രം ശരണമാക്കിയും, | വ്യചരത് | പര്യടനംചെയ്തു. |
| നിഃസംഗഃ | അനാസക്തനായും | | |

43 മനോ ബ്രഹ്മണി യുഞ്ജാനോ യത്തത് സദസതഃ പരം
ഗുണാവഭാസേ വിഗുണ ഏകഭക്ത്യാനുഭാവിതേ

44 നിരഹംകൃതിൎന്നിൎമ്മമശ്ച നിൎദ്വന്ദ്വഃ സമദൃൿ സ്വദൃൿ
പ്രത്യൿപ്രശാന്തധീൎദ്ധീരഃ പ്രശാന്തോൎമ്മിരിവോദധിഃ

| | |
|---|---|
| സദസതഃ | കാൎയ്യത്തിൽനിന്നും കാരണത്തിൽനിന്നും |
| പരം | വേറിട്ടുനില്ക്കുന്നതു് |
| യത് | യാതൊന്നോ |
| തത് | അതായതും |
| ഗുണാവഭാസേ | സത്വാദി ഗുണങ്ങളുടെ അവഭാസത്തിന്നു് കാരണമായതും |
| വിഗുണേ | മായാഗുണങ്ങളോടു ചേൎച്ചയില്ലാത്തതും |
| ഏകഭക്ത്യാ | ഏകാന്തമായ ഭക്തി കൊണ്ടു് |
| അനുഭാവിതേ | സ്വാനുഭൂതിയിൽ കൊണ്ടുവരപ്പെട്ടതുമായ |
| ബ്രഹ്മണി | ബ്രഹ്മത്തിൽ |
| മനഃ | മനസ്സിനെ |
| യുഞ്ജാനഃ | ചേൎത്തുകൊണ്ടു്, |
| നിരഹംകൃതിഃ | ദേഹാദികളിൽ അഹംബുദ്ധിയില്ലാത്തവനായും, |
| നിൎമ്മമഃ | മമതാബന്ധം കൈവിട്ടവനായും, |
| നിൎദ്വന്ദ്വഃ | ദ്വന്ദ്വാതീതനായും, |
| സമദൃൿ | സമദൎശിയായും, |
| സ്വദൃൿ | സ്വസ്വരൂപത്തെ ദൎശിക്കുന്നവനായും, |
| പ്രത്യൿപ്രശാന്തധീഃ | പ്രത്യഗാത്മപ്രവണവും വിക്ഷേപരഹിതവുമായ അന്തഃകരണവൃത്തിയോടുകൂടിയവനായും, |
| പ്രശാന്തോൎമ്മിഃ | അലയൊതുങ്ങിയ |
| ഉദധിഃ ഇവ | കടലെന്നപോലെ |
| ധീരഃ ച | സുസ്ഥിരനായും ഭവിച്ചു. |

45 വാസുദേവേ ഭഗവതി സൎവ്വജ്ഞേ പ്രത്യഗാത്മനി
പരേണ ഭക്തിഭാവേന ലബ്ധാത്മാ മുക്തബന്ധനഃ

46 ആത്മാനം സൎവ്വഭൂതേഷു ഭഗവന്തമവസ്ഥിതം
അപശ്യത് സൎവ്വഭൂതാനി ഭഗവത്യപി ചാത്മനി

| | |
|---|---|
| പ്രത്യഗാത്മനി | ജീവന്റേയും ജീവനായി |
| സൎവ്വജ്ഞേ | സൎവ്വസാക്ഷിയായി— |
| ഭഗവതി | സൎവ്വൈശ്വൎയ്യാദി ഗുണസംപൂൎണ്ണനമായിരിക്കുന്ന |
| വാസുദേവേ | ശ്രീവാസുദേവങ്കൽ |
| പരേണ | അത്യുത്തമമായ |
| ഭക്തിഭാവേന | ഭക്തിഭാവനയാൽ |
| ലബ്ധാത്മാ | അടിയുറച്ചുകിട്ടിയ ചിത്തത്തോടുകൂടിയവനായും |
| മുക്തബന്ധനഃ | അവിദ്യാഹേതുകമായ കൎമ്മബന്ധത്തിൽനിന്നു് മുക്തനായും ഭവിച്ചു് |
| ആത്മാനം | താനാവുന്ന |
| ഭഗവന്തം | സൎവ്വേശ്വരനെ |
| സൎവ്വഭൂതേഷു | സമസ്തജീവരാശികളിൽ |
| അവസ്ഥിതം | സ്ഥിതിചെയ്യുന്നതായും |
| ഭഗവതി | സൎവ്വേശ്വരനായ |
| ആത്മനി | തന്നിൽ |
| സൎവ്വഭൂതാനി അപി ച | സമസ്തജീവരാശികളെ സ്ഥിതിചെയ്യുന്നതായും |
| അപശ്യത് | കണ്ടു. |

47 ഇച്ഛാദ്വേഷവിഹീനേന സൎവ്വത്ര സമചേതസാ
ഭഗവദ്ഭക്തിയുക്തേന പ്രാപ്താ ഭാഗവതീ ഗതിഃ

| | | | |
|---|---|---|---|
| ഇച്ഛാദ്വേഷ-വിഹീനേന | രാഗദ്വേഷവിവർജ്ജിതനായും | ഭഗവദ്-ഭക്തിയുക്തേന | ഭഗവാനിൽ ഭക്തിയോടുകൂടിയവനുമായ കർദ്ദമനാൽ |
| സർവ്വത്ര | സർവ്വരിലും | ഭാഗവതീ | ഭഗവൽസംബന്ധമായ |
| സമചേതസാ | സമഭാവനയുള്ളവനായും | ഗതിഃ | സ്ഥിതി (ഭഗവത്സാരൂപ്യം) |
| | | പ്രാപ്താ | പ്രാപിക്കപ്പെട്ടു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ

കാപിലേയേ ചതുർവിംശതിതമോഽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 1015 ഇരുപത്തിനാലാമദ്ധ്യായം കഴിഞ്ഞു.

ഓം നമോ ഭഗവതേ വാസുദേവായ.

## പഞ്ചവിംശതിതമോഽദ്ധ്യായഃ = ഇരുപത്തഞ്ചാമദ്ധ്യായം

"പഞ്ചവിംശേ ജനന്യാ തു പൃഷ്ടോ ബന്ധവിമോചനം
ആദാവാഹ പരം ഭക്തിലക്ഷണം കപിലഃ സുതഃ"

## ദേവഹൂതികപിലസംവാദം — കപിലപ്രോക്തമായ ഭക്തിയോഗലക്ഷണം.

ശൌനക ഉവാച = ശൌനകൻ പറഞ്ഞു :

1 കപിലസ്തത്ത്വസംഖ്യാതാ ഭഗവാനാത്മമായയാ
ജാതഃ സ്വയമജഃ സാക്ഷാദാത്മപ്രജ്ഞപ്തയേ നൃണാം.

| | | | |
|---|---|---|---|
| അജഃ | ജന്മാദി വികാരങ്ങളില്ലാത്ത | ആത്മമായയാ | തന്റെ യോഗശക്തിയാൽ |
| സാക്ഷാത് | സാക്ഷാൽ | കപിലഃ | കപിലനെന്ന |
| ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ | തത്ത്വസംഖ്യാതാ | സാംഖ്യശാസ്ത്രപ്രവർത്തകനായിട്ട് |
| നൃണാം | മനുഷ്യർക്ക് | സ്വയം | സ്വേച്ഛയാ |
| ആത്മ-പ്രജ്ഞപ്തയേ | ആത്മതത്ത്വോപദേശം ചെയ്യുവാൻവേണ്ടി | ജാതഃ | അവതീർണ്ണനായല്ലോ. |

2 ന ഹ്യസ്യ വർഷ്മണഃ പുംസാം വരിമ്ണഃ സർവ്വയോഗിനാം
വിശ്രുതൌ ശ്രുതദേവസ്യ ഭൂരി തൃപ്യന്തി മേഽസവഃ

| | | | |
|---|---|---|---|
| പുംസാം | പുമാന്മാർക്കിടയിൽ | അസ്യ | ഈ ഭഗവാൻെറ |
| വർഷ്മണഃ | ഉത്തമനും | വിശ്രുതൌ | കീർത്തിയിങ്കൽ |
| സർവ്വയോഗിനാം | എല്ലാ യോഗികൾക്കുമിടയിൽ | മേ അസവഃ | എൻെറ ഇന്ദ്രിയങ്ങൾ |
| വരിമ്ണഃ | വരിഷ്ഠനും | ഭൂരി | മതിയാവോളം |
| ശ്രുതദേവസ്യ | ശ്രവണത്താൽ ഉള്ളിൽ പ്രകാശിക്കുന്നവനുമായ | ന തൃപ്യന്തി ഹി | തൃപ്തിപ്പെടുന്നതേയില്ല. |

3 യദ്യദ്വിധത്തേ ഭഗവാൻ സ്വച്ഛന്ദാത്മാത്മമായയാ
താനി മേ ശ്രദ്ദധാനസ്യ കീർത്തന്യാന്യനുകീർത്തയ.

| | | | |
|---|---|---|---|
| സ്വച്ഛന്ദാത്മാ | സ്വകീയരുടെ ഇച്ഛകൊണ്ട് ഉടലെടുത്ത | കീർത്തന്യാനി | കീർത്തനീയങ്ങളായ |
| ഭഗവാൻ | കപിലഭഗവാൻ | താനി | ആയവയെ |
| ആത്മമായയാ | സ്വമായാവൈഭവത്താൽ | ശ്രദ്ദധാനസ്യ | ശ്രദ്ധാലുവായ |
| യത് യത് | എന്തെല്ലാം | മേ | എനിക്കായിക്കൊണ്ട് |
| വിധത്തേ | ആചരിച്ചുവോ, | അനുകീർത്തയ | തുടർന്നുവിവരിച്ചാലും |

സൂത ഉവാച = സൂതൻ പറഞ്ഞു:

4 ദ്വൈപായനസഖസ്ത്വേവം മൈത്രേയോ ഭഗവാംസ്തഥാ
പ്രാഹേദം വിദുരം പ്രീത ആന്വീക്ഷിക്യാം പ്രചോദിതഃ

| | | | |
|---|---|---|---|
| ഏവം തു | ഇപ്രകാരംതന്നെ | തഥാ | അദ്ദേഹത്തിൻെറ ചോദ്യപ്രകാരം |
| ദ്വൈപായന-സഖഃ | വേദവ്യാസരുടെ സുഹൃത്തും | ആന്വീക്ഷിക്യാം | ആത്മവിദ്യാവിഷയത്തിൽ |
| ഭഗവാൻ | സർവ്വജ്ഞനുമായ | പ്രചോദിതഃ | പ്രേരിതനായി |
| മൈത്രേയഃ | മൈത്രേയമുനി | പ്രീതഃ | സന്തുഷ്ടനായിട്ട് |
| വിദുരം | വിദുരരോട് | ഇദം പ്രാഹ | ഇങ്ങനെ പറഞ്ഞു. |

മൈത്രേയ ഉവാച — മൈത്രേയർ പറഞ്ഞു :

5 പിതരി പ്രസ്ഥിതേഽരണ്യം മാതുഃ പ്രിയചികീർഷയാ
തസ്മിൻ ബിന്ദുസരേഽവാത്സീത് ഭഗവാൻ കപിലഃ കില.

| | | | |
|---|---|---|---|
| പിതരി | പിതാവ് | ഭഗവാൻ | ഭഗവാനായ |
| അരണ്യം | വനത്തിലേക്ക് | കപിലഃ | ശ്രീകപിലൻ |
| പ്രസ്ഥിതേ | യാത്രയായതിൽപ്പിന്നെ | മാതുഃ | അമ്മയ്ക്കു് |

| | | | |
|---|---|---|---|
| പ്രിയചികീർഷയാ | പ്രീതിയേകുവാനുള്ള ഉത്സുകതയാൽ | ബിന്ദുസരേ | ബിന്ദുസരസ്സിൽ |
| തസ്മിൻ കില | അതേ | അവാത്സീത് | താമസിച്ചു. |

6 തമാസീനമകർമ്മാണം തത്ത്വമാർഗ്ഗാഗ്രദർശനം
സ്വസുതം ദേവഹൂത്യാഹ ധാതുഃ സംസ്മരതീ വചഃ

| | | | |
|---|---|---|---|
| ആസീനം | അവിടെ ഉപവിഷ്ടനും | ധാതുഃ | ബ്രഹ്മാവിന്റെ |
| അകർമ്മാണം | കർമ്മനിവൃത്തനും | വചഃ | വചനത്തെ |
| തത്ത്വമാർഗ്ഗാഗ്രദർശനം | തത്ത്വമാർഗ്ഗത്തിന്റെ അങ്ങേ അററം കാട്ടിത്തരുന്നവനുമായ | സംസ്മരതീ | നല്ലപോലെ ഓർമ്മിച്ചുകൊണ്ടിരിക്കുന്ന |
| | | ദേവഹൂതീ | ദേവഹൂതി |
| തം സ്വസുതം | ആ തന്റെ പുത്രനോട് | ആഹ | പറഞ്ഞു. |

ദേവഹൂതിരുവാച — ദേവഹൂതി പറഞ്ഞു:

7 നിർവ്വിണ്ണാ നിതരാം ഭൂമന്നസദിന്ദ്രിയതർപ്പണാത്
യേന സംഭാവ്യമാനേന പ്രപന്നാഽന്ധം തമഃ പ്രഭോ

| | | | |
|---|---|---|---|
| ഭൂമൻ | മഹാനുഭാവ ! | യേന | യാതൊരു ഇന്ദ്രിയസന്തർപ്പണത്താൽ, |
| അസദിന്ദ്രിയതർപ്പണാത് | അസത്തുക്കളായ ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുകനിമിത്തം | പ്രഭോ | ഹേ പ്രഭോ ! |
| നിതരാം | ഏററവും | അന്ധം തമഃ | കൂരിരുട്ടിനെ (മഹാമോഹത്തെ) |
| നിർവ്വിണ്ണാ | വലഞ്ഞു. | | |
| സംഭാവ്യമാനേന | പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന | പ്രപന്നാ | സംപ്രാപ്തയായിരിക്കുന്നു |

8 തസ്യ ത്വം തമസോഽന്ധസ്യ ദുഷ്പാരസ്യാദ്യ പാരഗം
സച്ചക്ഷുർജന്മനാമന്തേ ലബ്ധം മേ ത്വദനുഗ്രഹാത്.

| | | | |
|---|---|---|---|
| ദുഷ്പാരസ്യ | കരകാണാത്ത | ത്വം | നിന്തിരുവടി |
| അന്ധസ്യ | ഘോരമായ | ജന്മനാം | ബഹുജന്മങ്ങളുടെ |
| തസ്യ തമസഃ | ആ അന്ധകാരത്തിന്റെ | അന്തേ അദ്യ | ഒടുവിൽ ഇപ്പോഠം |
| പാരഗം | മറുവശമെത്തിക്കുന്ന | ത്വദനുഗ്രഹാത് | നിന്തിരുവടിയുടെ കടാക്ഷംകൊണ്ടു |
| സച്ചക്ഷുഃ | തെളിവുററ നേത്രം തന്നെയായ | മേ ലബ്ധം | എന്നാൽ ലഭിക്കപ്പെട്ടു. |

9 യ ആദ്യോ ഭഗവാൻ പുംസാമീശ്വരോ വൈ ഭവാൻ കില
ലോകസ്യ തമസാഽന്ധസ്യ ചക്ഷുഃ സൂര്യ ഇവോദിതഃ.

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | തമസാ | മോഹാന്ധകാരത്താൽ |
| പുംസാം | ജീവന്മാരുടെ | അന്ധ്യസ്യ | കണ്ണുകാണാത്ത |
| ആദ്യഃ | ആദികാരണനും | ലോകസ്യ | ലോകത്തിൻെറ |
| ഭഗവാൻ | ജ്ഞാനൈശ്വര്യാദി പൂർണ്ണനും ആയ | ചക്ഷുഃ | നേത്രമായിട്ട് |
| ഈശ്വരഃ വൈ | ഈശ്വരൻ തന്നെയോ, | സൂര്യഃ ഇവ | സൂര്യനെപ്പോലെ |
| ഭവാൻ | ആ നിന്തിരുവടി | ഉദിതഃ കില | ഉദിച്ചതത്രേ. |

10 അഥ മേ ദേവ സമ്മോഹമപാക്രഷ്ടും ത്വമർഹസി
യോഽവഗ്രഹോഽഹം മമേതീത്യേതസ്മിൻ യോജിതസ്ത്വയാ.

| | | | |
|---|---|---|---|
| ദേവ | ഹേ പ്രകാശാത്മൻ ! | ത്വയാ | നിന്തിരുവടിയാൽ |
| അഥ | അതുകൊണ്ട് | യോജിതഃ | സംയോജിപ്പിക്കപ്പെട്ടുവോ, |
| ഏതസ്മിൻ | ഈ ദേഹാദിയിൽ | | |
| അഹം മമ | " ഞാൻ, എൻെറ " | മേ സമ്മോഹം | എൻെറ ആ വിഭ്രാന്തിയെ |
| ഇതി ഇതി | എന്നും മററുമായുള്ള | അപാക്രഷ്ടും | നീക്കിക്കളയുവാൻ |
| യഃ | യാതൊരു | ത്വം അർഹസി | നിന്തിരുവടി അർഹിക്കുന്നു. |
| അവഗ്രഹഃ | ആഗ്രഹബുദ്ധി | | |

11 തം ത്വാ ഗതാഹം ശരണം ശരണ്യം
സ്വഭൃത്യസംസാരതരോഃ കുഠാരം
ജിജ്ഞാസയാഽഹം പ്രകൃതേഃ പൂരുഷസ്യ
നമാമി സദ്ധർമ്മവിദാം വരിഷ്ഠം.

| | | | |
|---|---|---|---|
| സ്വഭൃത്യ-സംസാരതരോഃ | സ്വഭക്തന്മാരുടെ സംസാരവൃക്ഷത്തിൻെറ | പ്രകൃതേഃ | പ്രകൃതിയുടേയും |
| | | പൂരുഷസ്യ | പുരുഷൻേറയും |
| കുഠാരം | ഛേദകനായും | ജിജ്ഞാസയാ | വിവേകവിജ്ഞാനം സിദ്ധിക്കുവാനുള്ള ആഗ്രഹത്താൽ |
| ശരണ്യം | ശരണാർഹനുമായ | | |
| തം ത്വാ | ആ നിന്തിരുവടിയെ | | |
| അഹം | ഞാൻ | സദ്ധർമ്മവിദാം | സനാതനധർമ്മജ്ഞരിൽ |
| ശരണം ഗതാ | ശരണം പ്രാപിച്ചിരിക്കുന്നു. | വരിഷ്ഠം | പ്രമുഖനായ ഭഗവാനെ |
| | | അഹം നമാമി | ഞാൻ നമസ്കരിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

12 ഇതി സ്വമാതുർനിരവദ്യമീപ്സിതം
നിശമ്യ പുംസാമപവർഗ്ഗവർദ്ധനം
ധിയാഭിനന്ദ്യാത്മവതാം സതാം ഗതി-
ർബഭാഷ ഈഷത്സ്മിതശോഭിതാനനഃ.

| | | | |
|---|---|---|---|
| പുംസാം | മനുഷ്യൎക്കു് | അഭിനന്ദ്യ | അഭിനന്ദിച്ചു് |
| അപവൎഗ്ഗവൎദ്ധനം | മുക്തിവിചാരത്തെ വളൎത്തുന്നതും | ആത്മവതാം | ആത്മനിഷ്ഠന്മാരായ |
| നിരവദ്യം | ദോഷമകന്നതുമായ | സതാം | സത്തുക്കൾക്കു |
| സ്വമാതുഃ | തന്റെ അമ്മയുടെ | ഗതിഃ | ആശ്രയഭൂതനായ ഭഗവാൻ |
| ഇതി | ഇപ്രകാരമായ | ഈഷത്സ്മിതശോഭിതാനനഃ | കുറഞ്ഞൊരു പുഞ്ചിരിയാൽ അഞ്ചിതമായ മുഖത്തോടുകൂടിയവനായിട്ടു് |
| ഈപ്സിതം | അഭിലാഷത്തെ | | |
| നിശമ്യ | കേട്ടു്, | | |
| ധിയാ | മനസ്സിനാൽ | ബഭാഷേ | പറഞ്ഞു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു.

13 യോഗ ആധ്യാത്മികഃ പുംസാം മതോ നിഃശ്രേയസായ മേ
അത്യന്തോപരതിര്യത്ര ദുഃഖസ്യ ച സുഖസ്യ ച.

| | | | |
|---|---|---|---|
| പുംസാം | മനുഷ്യരുടെ | മേ മതഃ | എനിക്കഭിമതം |
| നിഃശ്രേയസായ | പരമപുരുഷാൎത്ഥപ്രാപ്തിക്കുതകുന്നതു് | യത്ര | യാതൊരീയോഗത്തിൽ |
| ആധ്യാത്മികഃ | ആത്മാവിൽ ആധാരിതമായ | ദുഃഖസ്യ ച | ദുഃഖത്തിന്റെയും |
| | | സുഖസ്യ ച | സുഖത്തിന്റെയും |
| യോഗഃ | മനോവൃത്തിനിയന്ത്രണമാകുന്നു എന്നത്രേ | അത്യന്തോപരതിഃ | ആത്യന്തികമായ ഉപശമനം ഉണ്ടാവുന്നു. |

14 തമിമം തേ പ്രവക്ഷ്യാമി യമവോചം പുരാനഘേ
ഋഷീണാം ശ്രോതുകാമാനാം യോഗം സൎവ്വാംഗനൈപുണം.

| | | | |
|---|---|---|---|
| അനഘേ | അല്ലയോ പാപരഹിതേ! | ഋഷീണാം | ഋഷിമാൎക്കു് |
| സൎവ്വാംഗനൈപുണം | എല്ലാ പ്രകാരംകൊണ്ടും സമൎത്ഥമായുള്ള | പുരാ | പൂൎവ്വകാലത്തിൽ |
| | | അവോചം | ഞാൻ ഉപദേശിച്ചുവോ, |
| യം യോഗം | യാതൊരു യോഗത്തെ | തം ഇമം | ആ ഇതിനെ |
| ശ്രോതുകാമാനാം | കേട്ടുധരിക്കുവാനാഗ്രഹിക്കുന്ന | തേ | ഭവതിക്കു് |
| | | പ്രവക്ഷ്യാമി | ഉപദേശിക്കുന്നുണ്ടു്. |

യോഗത്തിന്റെ സൎവ്വാംഗീണത മനഃസംയമത്തെ ആശ്രയിച്ചിരിക്കുന്നുവെന്നു് താഴെ കാണിക്കുന്നു—

15 ചേതഃ ഖല്വസ്യ ബന്ധായ മുക്തയേ ചാത്മനോ മതം
ഗുണേഷു സക്തം ബന്ധായ രതം വാ പുംസി മുക്തയേ

| | | | |
|---|---|---|---|
| അസ്യ ആത്മനഃ | ഈ ജീവാത്മാവിന്റെ | മുക്തയേ ച | മോക്ഷത്തിനും |
| ബന്ധായ | ബന്ധത്തിനും | | |

| | | | |
|---|---|---|---|
| മതം | ഹേതുത്വേന മനനം ചെയ്യപ്പെട്ടിരിക്കുന്നതു് | സക്തം | തൽപരമായിരുന്നാൽ |
| | | ബന്ധായ | ബന്ധത്തിന്നും, |
| ചേതഃ ഖലു | മനസ്സാണല്ലോ | പുംസി | പരമപുരുഷനായ ഈശ്വരനിൽ |
| ഗുണേഷു | (ഈ മനസ്സ്) ഗുണകാര്യങ്ങളായ പ്രാപഞ്ചിക വിഷയങ്ങളിൽ | രതം വാ | തൽപരമായിരുന്നാൽ |
| | | മുക്തയേ | മോക്ഷത്തിന്നും ഉതകും |

"മനസ്സിനെ വിഷയങ്ങളിൽ നിന്നു് വ്യാവർത്തിപ്പിച്ച് പരമാത്മാഭിമുഖമാക്കുക" എന്ന രൂപത്തിലുള്ള ആദ്ധ്യാത്മികയോഗം പരമപുരുഷാർത്ഥസാധകമാകുമെന്നതിനെ താഴെ മൂന്നു ശ്ലോകംകൊണ്ടു് കാണിക്കുന്നു.

16 അഹംമമാഭിമാനോത്ഥൈഃ കാമലോഭാദിഭിർമലൈഃ
വീതം യദാ മനഃ ശുദ്ധമദുഃഖമസുഖം സമം

17 തദാ പുരുഷ ആത്മാനം കേവലം പ്രകൃതേഃ പരം
നിരന്തരം സ്വയംജ്യോതിരണിമാനമഖണ്ഡിതം

18 ജ്ഞാനവൈരാഗ്യയുക്തേന ഭക്തിയുക്തേന ചാത്മനാ
പരിപശ്യത്യുദാസീനം പ്രകൃതിം ച ഹതൌജസം

| | | | |
|---|---|---|---|
| യദാ മനഃ | എപ്പോഴാം, മനസ്സ് | ഭക്തിയുക്തേന ച | ഭക്തിയോടുകൂടിയുള്ളതുമായ |
| അഹംമമാഭിമാനോത്ഥൈഃ | ഞാനെന്നും എന്റേതെന്നുമുള്ള മിത്ഥ്യാബോധത്തിൽനിന്നുടലെടുത്ത | ആത്മനാ | മനസ്സുകൊണ്ടു് |
| | | പ്രകൃതേഃ | പ്രകൃതിയിൽനിന്നു് |
| കാമലോഭാദിഭിഃ | കാമവും ലോഭവും മററുമായ | പരം | അതീതമായി- |
| | | നിരന്തരം | ഭേദരഹിതമായി- |
| മലൈഃ | അഴുക്കുകളോടു് | സ്വയംജ്യോതിഃ | സ്വയംപ്രകാശമായി- |
| വീതം | അകന്നതും | അണിമാനം | സൂക്ഷ്മതത്വമായി- |
| അദുഃഖം | ദുഃഖമില്ലാത്തതും | അഖണ്ഡിതം | അപരിച്ഛിന്നമായി- |
| അസുഖം | സുഖമില്ലാത്തതും | ഉദാസീനം | നിർവ്യാപാരമായി- |
| സമം | ഒരേനിലക്കുള്ളതും | കേവലം | പരാനപേക്ഷവുമായിരിക്കുന്ന |
| ശുദ്ധം | ശുദ്ധവുമായിവരുന്നുവോ, | | |
| തദാ | അപ്പോഴാം. | ആത്മാനം | ആത്മചൈതന്യത്തേയും, |
| പുരുഷഃ | ജീവാത്മാവു് | ഹതൌജസം | ഓജസ്സററതായ |
| ജ്ഞാനവൈരാഗ്യയുക്തേന | ജ്ഞാനം-വൈരാഗ്യം എന്നിവയോടുകൂടിയതും | പ്രകൃതിം ച | പ്രകൃതിയേയും |
| | | പരിപശ്യതി | വേർതിരിച്ചുകാണുന്നു. |

ഇങ്ങനെ പ്രകൃതിപുരുഷവിവേകംവഴിക്കു് ആത്മസാക്ഷാൽകാരം സാധിക്കുവാൻ വേണ്ടതായ മനോനൈർമ്മല്യത്തിന്നു് അന്തരംഗകാരണമായി നില്ക്കുന്നതു ഭക്തിയാണെന്നു് ഇനി ചൂണ്ടിക്കാട്ടുന്നു.

19 ന യുജ്യമാനയാ ഭക്ത്യാ ഭഗവത്യഖിലാത്മനി
സദൃശോഽസ്തി ശിവഃ പന്ഥാ യോഗിനാം ബ്രഹ്മസിദ്ധയേ.

| | | | |
|---|---|---|---|
| അഖിലാത്മനി | സവ്വാത്മാവായ | ശിവഃ പന്ഥാഃ | നല്ലമാഗ്ഗം |
| ഭഗവതി | ഈശ്വരനിൽ | യോഗിനാം | അദ്ധ്യാത്മയോഗസാധകന്മാക്കു് |
| യുജ്യമാനയാ | ചേക്കപ്പെടുന്ന | ബ്രഹ്മസിദ്ധയേ | ബ്രഹ്മസാക്ഷാൽകാരത്തിന്നു് |
| ഭക്ത്യാ | ഭക്തിയോടു് | | |
| സദൃശഃ | സമമായിട്ടുള്ള | ന അസ്തി | വേറെയില്ല. |

ഈ സവ്വേശ്വരഭക്തിക്കു് നിദാനം സാധുസംഗമാണെന്നു് പറഞ്ഞു് സാധുക്കളുടെ ലക്ഷണം വിവരിക്കുന്നു.

20 പ്രസംഗമജരം പാശമാത്മനഃ കവയോ വിദുഃ
സ ഏവ സാധുഷു കൃതോ മോക്ഷദ്വാരമപാവൃതം

| | | | |
|---|---|---|---|
| പ്രസംഗം | അന്യസമ്പക്കത്തെ | വിദുഃ | അറിഞ്ഞുവരുന്നു. |
| ആത്മനഃ | മനസ്സിന്നെ സംബന്ധിച്ചിടത്തോളം | സഃ ഏവ | (എന്നാൽ) അതുതന്നെ |
| | | സാധുഷു | സത്തുക്കളിൽ |
| അജരം | ജീണ്ണത വരാത്ത | കൃതഃ | പ്രവത്തിതമായാൽ |
| പാശം | ഒരു പാശമായിട്ടു് | അപാവൃതം | തുറന്നിട്ടിരിക്കുന്ന |
| കവയഃ | ജ്ഞാനികൾ | മോക്ഷദ്വാരം | മോക്ഷമാഗ്ഗമാണു്. |

21 തിതിക്ഷവഃ കാരുണികാഃ സുഹൃദഃ സവ്വദേഹിനാം
അജാതശത്രവഃ ശാന്താഃ സാധവഃ സാധുഭൂഷണാഃ

| | | | |
|---|---|---|---|
| (സാധവഃ) | സാധുക്കൾ (സജ്ജനം) | അജാതശത്രവഃ | ശത്രുക്കളുണ്ടാകാത്തവരും |
| തിതിക്ഷവഃ | സഹനശക്തിയുള്ളവരും | ശാന്താഃ | മനസ്സൊതുക്കമുള്ളവരും |
| കാരുണികാഃ | ദയാശീലന്മാരും | സാധവഃ | ശാസ്ത്രാനുസാരം നടക്കുന്നവരും |
| സവ്വദേഹിനാം | എല്ലാ ശരീരികളുടെയും | സാധുഭൂഷണാഃ | സൌശീല്യം അലങ്കാരമായുള്ളവരും ആകുന്നു. |
| സുഹൃദഃ | സുഹൃത്തുക്കളുമാകുന്നു ; | | |

22 മയ്യനന്യേന ഭാവേന ഭക്തിം കുവ്വന്തി യേ ദൃഢാം
മത്കൃതേ ത്യക്തകമ്മാണസ്ത്യക്തസ്വജനബാന്ധവാഃ

| | | | |
|---|---|---|---|
| യേ | യാതൊരുവർ | ദൃഢാം | അടിയുറച്ച |
| മയി | എന്നിൽ (ഈശ്വരനിൽ) | ഭക്തിം | ഭക്തിയെ |
| അനന്യേന | അന്യചിന്തയില്ലാത്ത | കുവ്വന്തി | ചെയ്യുന്നു. |
| ഭാവേന | മനോഭാവത്തോടെ | മത്കൃതേ | എനിക്കുവേണ്ടിയിട്ടു് |

| | |
|---|---|
| ത്യക്തകൎമ്മാണഃ | പരിത്യജിക്കപ്പെട്ട സമസ്തകൎമ്മങ്ങളോടുകൂടിയവരും |
| ത്യക്തസ്വജനബാന്ധവാഃ | പരിത്യജിക്കപ്പെട്ട സ്വജനബന്ധുവൎഗ്ഗത്തോടുകൂടിയവരും ആകുന്നു. |

23 മദാശ്രയാഃ കഥാ മൃഷ്ടാഃ ശൃണ്വന്തി കഥയന്തി ച
തപന്തി വിവിധാസ്താപാ നൈതാൻ മദ്ഗതചേതസഃ

| | |
|---|---|
| (സാധവഃ) | സാധുക്കൾ |
| മദാശ്രയാഃ | എന്നെ സംബന്ധിച്ചുള്ള |
| മൃഷ്ടാഃ | സുനിൎമ്മലങ്ങളായ |
| കഥാഃ | കഥകളെ |
| ശൃണ്വന്തി | ശ്രവിക്കുകയും |
| കഥയന്തി ച | കഥിക്കുകയും ചെയ്യുന്നു. |
| വിവിധാഃ | നാനാതരത്തിലുള്ള |
| താപാഃ | സന്താപങ്ങൾ |
| മദ്ഗതചേതസഃ | എന്നിൽ ചേൎന്ന മനോവൃത്തിയോടുകൂടിയ |
| ഏതാൻ | ഇവരെ |
| ന തപന്തി | തപിപ്പിക്കുന്നില്ല. |

24 ത ഏതേ സാധവഃ സാധ്വി സൎവ്വസംഗവിവൎജ്ജിതാഃ
സംഗസ്തേഷ്വഥ തേ പ്രാൎത്ഥ്യഃ സംഗദോഷഹരാ ഹി തേ.

| | |
|---|---|
| സാധ്വി | ഉത്തമേ! |
| തേ ഏതേ | അങ്ങനെയുള്ള ഈ |
| സാധവഃ | സാധുക്കൾ |
| സൎവ്വസംഗവിവൎജ്ജിതാഃ | അന്യസംഗമെല്ലാം വിട്ടിരിക്കുന്നവരാകുന്നു. |
| അഥ | അതുകൊണ്ടു് |
| തേ | ഭവതിയാൽ |
| തേഷു | അവരിലുള്ള |
| സംഗഃ | സമ്പൎക്കം |
| പ്രാൎത്ഥ്യഃ | അഭിലഷിക്കപ്പെടേണ്ടതാണു് |
| ഹി | എന്തുകൊണ്ടെന്നാൽ |
| തേ | അവർ |
| സംഗദോഷഹരാഃ | വിഷയസംഗംകൊണ്ടുള്ള ദോഷത്തെ പരിഹരിക്കുന്നവരാകുന്നു. |

സാധുസംഗം അഥവാ സജ്ജനസംസൎഗ്ഗം ഭക്തിയുടെ അംഗമാണെന്നു ഉപപാദിച്ചുകൊണ്ടു് താഴെ പറയുന്നു—

25 സതാം പ്രസംഗാന്മമ വീൎയ്യസംവിദോ
ഭവന്തി ഹൃത്കൎണ്ണരസായനാഃ കഥാഃ
തജ്ജോഷണാദാശ്വപവൎഗ്ഗവൎത്മനി
ശ്രദ്ധാ രതിൎഭക്തിരനുക്രമിഷ്യതി.

| | |
|---|---|
| സതാം | സജ്ജനങ്ങളുടെ |
| പ്രസംഗാത് | അടുത്ത സമ്പൎക്കംകൊണ്ടു് |
| മമ | എന്റെ |
| വീൎയ്യസംവിദഃ | പ്രാഭവത്തെ ശരിയാംവിധം ഉദ്ബോധിപ്പിക്കുന്നവയും |
| ഹൃത്കൎണ്ണരസായനാഃ | കരളിനും കാതിനും ഇമ്പം ജനിപ്പിക്കുന്നവയുമായ |
| കഥാഃ | കഥകൾ |
| ഭവന്തി | ഉണ്ടാകുന്നു (കേൾപ്പാൻ ഇടവരുന്നു.) |
| തജ്ജോഷണാത് | തൽകഥാസേവനം ഹേതുവായിട്ടു് |

| | |
|---|---|
| ആശു | താമസമെന്നിയെ |
| അപവൎഗ്ഗവൎത്മനി | അവിദ്യാനിവൃത്തിയാവുന്ന മാൎഗ്ഗത്തിലൂടെ പ്രാപ്യനായ ശ്രീഹരിയാൽ |
| ശ്രദ്ധാ | ശ്രദ്ധയും |
| രതിഃ | പ്രീതിയും |
| ഭക്തിഃ | ഭക്തിയും |
| അനുക്രമിഷ്യതി | അനുക്രമത്തിൽ സംഭവിക്കും |

26 ഭക്ത്യാ പുമാൻ ജാത വിരാഗ ഐന്ദ്രിയാദ്
ദൃഷ്ടശ്രുതാന്മദ്രചനാനുചിന്തയാ
ചിത്തസ്യ യത്തോ ഗ്രഹണേ യോഗയുക്തോ
യതിഷ്യതേ ഋജുഭിൎയ്യോഗമാൎഗ്ഗൈഃ

| | |
|---|---|
| മദ്രചനാനുചിന്തയാ | എന്റെ സൃഷ്ട്യാദി ലീലകളുടെ അനുചിന്തനത്താലുണ്ടായ |
| ഭക്ത്യാ | ഭക്തിയാൽ |
| ദൃഷ്ടശ്രുതാത് | കാണപ്പെട്ടതും കേൾക്കപ്പെട്ടതുമായ (ഐഹികവും ആമുഷ്മികവുമായ) |
| ഐന്ദ്രിയാത് | ഇന്ദ്രിയസുഖത്തിൽനിന്നു് |
| ജാതവിരാഗഃ | വിരക്തിയുണ്ടായ |
| പുമാൻ | മനുഷ്യൻ |
| യത്തഃ | കൃതോദ്യമനായും |
| യോഗയുക്തഃ | ആധ്യാത്മികയോഗത്തോടുകൂടിയവനായും ഭവിച്ചു് |
| ഋജുഭിഃ | ചൊവ്വിലുള്ള |
| യോഗമാൎഗ്ഗൈഃ | യോഗപദ്ധതികളിലൂടെ |
| ചിത്തസ്യ | മനസ്സിന്റെ |
| ഗ്രഹണേ | നിയന്ത്രണവിഷയത്തിൽ |
| യതിഷ്യതേ | പരിശ്രമിച്ചുകൊള്ളും |

27 അസേവയായം പ്രകൃതേൎഗ്ഗുണാനാം
ജ്ഞാനേന വൈരാഗ്യവിജൃംഭിതേന
യോഗേന മയ്യൎപ്പിതയാ ച ഭക്ത്യാ
മാം പ്രത്യഗാത്മാനമിഹാവരുന്ധേ.

| | |
|---|---|
| പ്രകൃതേഃ | പ്രകൃതിയുടെ |
| ഗുണാനാം | ഗുണകാൎയ്യങ്ങളായ വിഷയങ്ങളുടെ |
| അസേവയാ | വിരക്തികൊണ്ടും, |
| വൈരാഗ്യവിജൃംഭിതേന | വിരക്തിയാൽ വളൎത്തപ്പെട്ട |
| ജ്ഞാനേന | ജ്ഞാനംകൊണ്ടും, |
| യോഗേന | യോഗാഭ്യാസംകൊണ്ടും, |
| മയി | എന്നിൽ |
| അൎപ്പിതയാ | അൎപ്പിക്കപ്പെട്ട |
| ഭക്ത്യാ ച | ഭക്തികൊണ്ടും |
| അയം | ഈ ജീവൻ |
| ഇഹ | ഇതേ ദേഹത്തിൽ |
| പ്രത്യഗാത്മാനം | പ്രത്യഗാത്മാവായിരിക്കുന്ന |
| മാം | എന്നെ (ഈശ്വരനെ) |
| അവരുന്ധേ | പ്രാപിക്കുന്നു. |

ദേവഹൂതിരുവാച = ദേവഹൂതി പറഞ്ഞു :

28 കാചിത്ത്വയ്യുചിതാ ഭക്തിഃ കീദൃശീ മമ ഗോചരാ
യയാ പദം തേ നിർവാണമഞ്ജസാന്വാശ്നവാ അഹം

| | | | |
|---|---|---|---|
| ത്വയി | നിന്തിരുവടിയിൽ | യയാ | യാതൊന്നുകൊണ്ടു് |
| ഉചിതാ | അർപ്പിക്കുവാൻ യോഗ്യമായ | നിർവ്വാണം | മോക്ഷസ്വരൂപമായ |
| ഭക്തിഃ കാചിത് | ഭക്തി ഏതൊന്നാണു്? | തേ | അങ്ങയുടെ |
| മമ | എനിക്കു് | പദം അഹം | തൃപ്പാദത്തെ, ഞാൻ |
| ഗോചരാ | വിഷയീഭവിക്കുന്നതു് | അഞ്ജസാ | അനായാസേന |
| കീദൃശീ | പ്രത്യേകിച്ചും ഏതു്? | അശ്നവൈ | അനുഭവിച്ചുകൊള്ളും? |

29 യോ യോഗോ ഭഗവദ്ബാണോ നിർവ്വാണാത്മംസ്ത്വയോദിതഃ
കീദൃശഃ കതി ചാംഗാനി യതസ്തത്ത്വാവബോധനം

| | | | |
|---|---|---|---|
| നിർവ്വാണാത്മൻ | ഹേ മോക്ഷസ്വരൂപ! | തത്ത്വാവബോധനം | തത്ത്വങ്ങളുടെ അപഗ്രഥനാത്മകമായ അറിവു് |
| ത്വയാ | നിന്തിരുവടിയാൽ | യതഃ | യാതൊന്നിൽനിന്നുണ്ടാകുന്നുവോ |
| ഉദിതഃ | ഉപദേശിക്കപ്പെട്ടതും | (സഃ)കീദൃശഃ | അതെങ്ങനെയുള്ളതു്? |
| ഭഗവദ്ബാണഃ | പരമാത്മാവിനെ ലക്ഷ്യീകരിച്ചിട്ടുള്ളതുമായ | അംഗാനി ച | അതിന്റെ വിഭാഗങ്ങളും |
| യോഗഃ യഃ | യോഗം യാതൊന്നോ, | കതി | എത്ര? |

30 തദേതന്മേ വിജാനീഹി യഥാഽഹം മന്ദധീർഹരേ
സുഖം ബുദ്ധ്യേയ ദുർബോധം യോഷാ ഭവദനുഗ്രഹാത്

| | | | |
|---|---|---|---|
| ഹരേ | അല്ലയോ ശ്രീഹരേ! | സുഖം | അനായാസേന |
| മന്ദധീഃ | കുറഞ്ഞ ബുദ്ധിയുള്ള | ബുദ്ധ്യേയ | ബോധിക്കുമോ, |
| യോഷാ അഹം | ഒരു സ്ത്രീയായ ഞാൻ | മേ | എനിക്കു് |
| ഭവദനുഗ്രഹാത് | ഭവൽപ്രസാദത്താൽ | തത് ഏതത് | അവ്വിധം ഇതിനെ |
| യഥാ | ഏതൊരുവിധം | വിജാനീഹി | വിശേഷിച്ചുപദേശിച്ചാലും |
| ദുർബോധം | ബോധിക്കുവാൻ വിഷമമുള്ള വിഷയത്തെ | | |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :—

31 വിദിത്വാർത്ഥം കപിലോ മാതുരിത്ഥം
ജാതസ്നേഹോ യത്ര തന്വാഽഭിജാതഃ
തത്ത്വാമ്നായം യത് പ്രവദന്തി സാംഖ്യം
പ്രോവാച വൈ ഭക്തിവിതാനയോഗം.

| | | | |
|---|---|---|---|
| കപിലഃ | ശ്രീകപിലൻ | അർത്ഥം | ആശയഗതിയെ |
| മാതുഃ | മാതാവിന്റെ | വിദിത്വാ | അറിഞ്ഞു്, |
| ഇത്ഥം | ഇപ്രകാരത്തിലുള്ള | യത്ര | യാതൊരുവളിലാണോ |

| | |
|---|---|
| തന്വാ | ശരീരത്തോടെ |
| അഭിജാതഃ | താൻ ജാതനായതു്, |
| (തസ്യാം) | ആയവളിൽ |
| ജാതസ്നേഹഃ | സംജാതമായ സ്നേഹത്തോടുകൂടിയവനായിട്ടു്, |
| യത് സാംഖ്യം | ഏതൊന്നിനെ സാംഖ്യമെന്നു് |
| പ്രവദന്തി | പറഞ്ഞുവരുന്നുവോ, |
| തത്ത്വാമ്നായം | ആ തത്ത്വശാസ്ത്രത്തെയും |
| ഭക്തിവിതാനയോഗം വൈ | ഭക്തിമഹിമയേയും യോഗപദ്ധതിയേയും |
| പ്രോവാച | ഉപദേശിച്ചു. |

കപിലവാസുദേവൻ തന്റെ മാതാവായ ദേവഹൂതിക്കു് ഉപദേശിക്കുവാൻ പോകുന്നതു സാംഖ്യം, ഭക്തി, യോഗം എന്നീ മൂന്നുസംഗതികളാണെന്നു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. അതിൽ ആദ്യമായി "കാചിത്ത്വയ്യുചിതാ ഭക്തിഃ" എന്ന ചോദ്യത്തിന്നുത്തരമായിട്ടു് ഉത്തമഭക്തിയുടെ സ്വരൂപം നിർണ്ണയിച്ചുകൊടുക്കുന്നു.

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ (കപിലൻ) പറഞ്ഞു:

32 ദേവാനാം ഗുണലിംഗാനാമാനുശ്രവികകർമ്മണാം
സത്ത്വ ഏവൈകമനസോ വൃത്തിഃ സ്വാഭാവികീ തു യാ

33 അനിമിത്താ ഭാഗവതീ ഭക്തിഃ സിദ്ധേർഗരീയസീ
ജരയത്യാശു യാ കോശം നിഗീർണ്ണമനലോ യഥാ.

| | |
|---|---|
| ഗുണലിംഗാനാം | വിഷയഗ്രഹണോപയോഗികളായ |
| ദേവാനാം | ഇന്ദ്രിയശക്തികളുടെ, |
| ആനുശ്രവികകർമ്മണാം | അവ വേദവിഹിതകർമ്മൈകനിരതങ്ങളാകുമ്പോഴും |
| ഏകമനസഃ | മാനസികമായ ഏകാഗ്രത സിദ്ധിച്ചവന്നു് |
| സത്ത്വേ ഏവ | സത്ത്വമൂർത്തിയായ ഭഗവാനിൽ മാത്രമായി |
| സ്വാഭാവികീ | അയത്നസിദ്ധമായും |
| അനിമിത്താ | നിഷ്കാരണമായും ഉണ്ടാവുന്ന |
| വൃത്തിഃ | അഭിനിവേശം |
| യാ തു | ഏതോ, അതാണു് |
| ഭാഗവതീ | ഭഗവൽസംബന്ധമായ |
| ഭക്തിഃ | ഉത്തമഭക്തി. |
| സിദ്ധേഃ | സിദ്ധി (മുക്തി)യേക്കാൾ |
| ഗരീയസീ | മഹത്ത്വംകൂടിയ |
| യാ | യാതൊരു ഈ ഭക്തി |
| നിഗീർണ്ണം | ഭക്ഷിച്ച വസ്തുവിനെ |
| അനലഃ | ജാഠരാഗ്നി |
| യഥാ | എന്നതുപോലെ |
| കോശം | പുനഃസംസൃതിക്കു ഹേതുഭൂതമായ ലിംഗശരീരത്തെ |
| ആശു | നിഷ്പ്രയാസം |
| ജരയതി | ജീർണ്ണിപ്പിക്കുന്നു. |

ഇനി താഴെ അഞ്ചുശ്ലോകങ്ങൾകൊണ്ടു് ഈ ഭക്തിയുടെ പരമപ്രാധാന്യത്തെത്തന്നെ ഉപപാദിക്കുന്നു.

34 നൈകാത്മതാം മേ സ്പൃഹയന്തി കേചി-
ന്മത്പാദസേവാഭിരതാ മദീഹാഃ
യേഽന്യോന്യതോ ഭാഗവതാഃ പ്രസജ്യ
സഭാജയന്തേ മമ പൌരുഷാണി.

മത്പാദസേവാഭിരതാഃ — എന്റെ പാദസേവയിൽ അത്യാസക്തിയുള്ളവരും
മദീഹാഃ — എനിക്കുവേണ്ടിമാത്രം കമ്മംചെയ്യുന്നവരുമായ
കേചിത് — ചുരുക്കംചില
ഭാഗവതാഃ — ഭഗവൽഭക്തന്മാർ
മേ — എന്നെ സംബന്ധിച്ചുള്ള
ഏകാത്മതാം — ഏകീഭാവത്തെ(സായൂജ്യമോക്ഷത്തെ)ക്കൂടി
ന സ്പൃഹയന്തി — കാംക്ഷിക്കാറില്ല.
യേ മമ — യാതൊരുവർ എന്റെ
പൌരുഷാണി — വീര്യവിഭൂതികളെ
പ്രസജ്യ — ആസക്തിയാൎന്ന്
അന്യോന്യതഃ — തമ്മിൽത്തമ്മിൽ
സഭാജയന്തേ — ചൊല്ലിശ്ലാഘിക്കുന്നു.

35 പശ്യന്തി മേ രുചിരാണ്യംബ സന്തഃ
പ്രസന്നവക്ത്രാരുണലോചനാനി
രൂപാണി ദിവ്യാനി വരപ്രദാനി
സാകം വാചം സ്പൃഹണീയാം വദന്തി.

അംബ — മാതാവേ!
സന്തഃ — സത്തുക്കളായ ഭക്തന്മാർ
പ്രസന്നവക്ത്രാരുണലോചനാനി — പ്രസന്നമുഖങ്ങളോടും അരുണനേത്രങ്ങളോടും കൂടിയ—
വരപ്രദാനി — വരങ്ങളെ പ്രദാനംചെയ്യുന്ന—
ദിവ്യാനി — അഭൌമങ്ങളായ—
രുചിരാണി — പ്രശോഭനങ്ങളായ—
മേ രൂപാണി — എന്റെ രൂപങ്ങളെ
പശ്യന്തി — ദൎശിക്കുന്നു;
സാകം — അതോടൊപ്പം
സ്പൃഹണീയാം — ഇമ്പംതോന്നിക്കുന്ന
വാചം — വാക്കിനെ
വദന്തി — പറയുന്നു.

ഭക്തിയോടനുബന്ധിച്ചതാണ് മുക്തിയെന്നു കാണിക്കുന്നു.

36 തൈൎദ്ദൎശനീയാവയവൈരുദാര-
വിലാസഹാസേക്ഷിതവാമസൂക്തൈഃ
ഹൃതാത്മനോ ഹൃതപ്രാണാംശ്ച ഭക്തി-
രനിച്ഛതോ മേ ഗതിമണ്വീം പ്രയുങ്ക്തേ.

ദൎശനീയാവയവൈഃ — കാണ്മാൻ കൌതുകമുള്ള സൎവ്വാംഗങ്ങളോടും
ഉദാരവിലാസഹാസേക്ഷിതവാമസൂക്തൈഃ — ഉദാരമായ ലീലാസ്മിതം-കടാക്ഷവീക്ഷണം-മനോജ്ഞമായ മധുരഭാഷണം എന്നിവയോടുംകൂടിയ
തൈഃ — ആ ഭഗവദ്രൂപങ്ങളാൽ
ഹൃതാത്മനഃ — ആകൎഷിക്കപ്പെട്ട ചിത്തത്തോടുകൂടിയവരും
ഹൃതപ്രാണാൻ — ആകൎഷിക്കപ്പെട്ട ഇന്ദ്രിയങ്ങളോടുകൂടിയവരും
അനിച്ഛതഃ ച — (ആകയാൽ)മോക്ഷത്തെപ്പോലും ഇച്ഛിക്കാതിരിക്കുന്നവരുമായ സത്തുക്കളെ
മേ ഭക്തിഃ — എന്റെ ഭക്തി [ ളെ
അണ്വീം ഗതിം — മുക്തിഭാവത്തിലേക്ക്
പ്രയുങ്ക്തേ — കയറ്റുന്നു.

37 അഥോ വിഭൂതിം മമ മായാവിനസ്താ-
മൈശ്വര്യമഷ്ടാംഗമനുപ്രവൃത്തം
ശ്രിയം ഭാഗവതീം വാഽസ്പൃഹയന്തി ഭദ്രാം
പരസ്യ മേ തേഽശ്നുവതേ തു ലോകേ.

| | | | |
|---|---|---|---|
| അഥോ | അതിൽപ്പിന്നെ, | ഭദ്രാം | നിത്യസമൃദ്ധമായ |
| മായാവിനഃ | മായായുക്തനായ | ശ്രിയം വാ | സമ്പത്തിനെത്തന്നെയോ |
| മമ | എന്നെ സംബന്ധിച്ച | അനുപ്രവൃത്തം | സ്വയം വന്നണഞ്ഞതായാലുംകൂടെ |
| താം വിഭൂതിം | ആ ദിവ്യലോകാഗതമായ ഭോഗസമ്പത്തിനേയോ, | തേ | അവർ |
| അഷ്ടാംഗം | അണിമാദ്യഷ്ടാംഗയുക്തമായ | അസ്പൃഹന്തി | അഭിലഷിക്കുന്നില്ല; |
| ഐശ്വര്യം | ഐശ്വര്യത്തേയോ, | തു | എങ്കിൽക്കൂടി |
| ഭാഗവതീം | ഭഗവല്ലോകമായ വൈകുണ്ഠത്തിലെ | പരസ്യ മേ | സർവ്വേശ്വരനായ എന്റെ |
| | | ലോകേ | വൈകുണ്ഠലോകത്തിൽ |
| | | അശ്നുവതേ | എത്തിച്ചേരുന്നു. |

38 ന കർഹിചിന്മത്പരാഃ ശാന്തരൂപേ
നങ്ക്ഷ്യന്തി നോ മേഽനിമിഷോ ലേഢി ഹേതിഃ
യേഷാമഹം പ്രിയ ആത്മാ സുതശ്ച
സഖാ ഗുരു സുഹൃദോ ദൈവമിഷ്ടം.

| | | | |
|---|---|---|---|
| ശാന്തരൂപേ | ശുദ്ധസത്ത്വാകാരമായ വൈകുണ്ഠത്തിൽവെച്ച് | സഖാ | വിശ്വാസംകൊണ്ട്, തോഴനും |
| മത്പരാഃ | എന്നെത്തന്നെ ഭജിക്കുന്ന ഈ ഭക്തന്മാർ | ഗുരുഃ | ഉപദേശകത്വംകൊണ്ട്, ആചാര്യനും |
| കർഹിചിത് | ഒരുകാലത്തും | സുഹൃദഃ | ഹിതകാരിതകൊണ്ട്, സുഹൃദ്ഗണവും |
| ന നങ്ക്ഷ്യന്തി | കെട്ടുപോകയില്ല. | ഇഷ്ടം ദൈവം | പൂജ്യതകൊണ്ട് ഇഷ്ടദൈവവും ആകുന്നുവോ, (അവരെ) |
| യേഷാം | യാതൊരുവർക്ക് | മേ | എന്റെ അധീനത്തിൽ |
| അഹം | ഞാൻ | അനിമിഷഃ | കണ്ണടക്കാതെയിരിക്കുന്ന |
| പ്രിയഃ | പ്രേമംകൊണ്ട് പ്രിയനും | ഹേതിഃ | കാലചക്രമെന്ന ആയുധം |
| ആത്മാ | സർവ്വാധികശ്രദ്ധകൊണ്ട്, ആത്മാവും | നോ ലേഢി | തുടച്ചുനീക്കുകയില്ല. |
| സുതഃ | വാത്സല്യംകൊണ്ട്, മകനും | | |

ഏകാന്തഭക്തന്മാർക്കുമാത്രമേ ഈ വിധം മുക്തി സിദ്ധിക്കുകയുള്ളുവെന്നും അവരെ രക്ഷിക്കൽ തന്റെ കടമയാണെന്നും രണ്ടു ശ്ലോകങ്ങൾകൊണ്ട് സൂചിപ്പിക്കുന്നു.

39 ഇമം ലോകം തഥൈവാമുമാത്മാനമുഭയായിനം
ആത്മാനമനു യേ ചേഹ യേ രായഃ പശവോ ഗൃഹാഃ

40 വിസൃജ്യ സൎവ്വാനന്യാംശ്ച മാമേവം വിശ്വതോമുഖം
ഭജന്ത്യനന്യയാ ഭക്ത്യാ താൻ മൃത്യോരതിപാരയേ.

| | | | |
|---|---|---|---|
| ഇമം ലോകം | ഈ ലോകത്തേയും, | ഗൃഹാഃ | ഭവനങ്ങളും |
| തഥാ ഏവ | അവ്വിധംതന്നെ | അന്യാൻ | മററമായി വേറെയുള്ള |
| അമും | പരലോകത്തേയും | സൎവ്വാൻ ച | എല്ലാററിനേയും |
| ഉഭയായിനം | ഇഹപരലോകങ്ങൾ രണ്ടിലും സഞ്ചരിക്കുന്ന | വിസൃജ്യ | ഉപേക്ഷിച്ചു്, |
| | | വിശ്വതോമുഖം | സൎവ്വവ്യാപിയായ |
| ആത്മാനം ച | ആത്മാവിനേയും, അതിനെ | മാം ഏവം | എന്നെ ഈ വിധം |
| | | അനന്യയാ | അന്യാപേക്ഷയില്ലാത്ത |
| അനു | അനുബന്ധിച്ചു | ഭക്ത്യാ | ഭക്തിയോടെ |
| ഇഹ | ഇങ്ങുള്ളതായ | യേ ഭജന്തി | ആർ ഭജിക്കുന്നുവോ, |
| യേ | യാവചില | താൻ | അവരെ |
| രായഃ | ധനങ്ങളും | മൃത്യോഃ | മൃത്യുഭയത്തിൽനിന്നു് |
| പശവഃ | കന്നുകാലികളും | അതിപാരയേ | ഞാൻ കരകയററും |

സാക്ഷാൽ സൎവ്വേശ്വരഭജനംകൊണ്ടല്ലാതെ മുക്തി സിദ്ധിക്കുകയില്ലെന്നു് പ്രത്യേകം എടുത്തുപറയുന്നു.

41 നാന്യത്ര മദ്ഭഗവതഃ പ്രധാനപുരുഷേശ്വരാത്
ആത്മനഃ സൎവ്വഭൂതാനാം ഭയം തീവ്രം നിവൎത്തതേ

| | | | |
|---|---|---|---|
| പ്രധാനപുരുഷേശ്വരാത് | പ്രകൃതിയുടേയും പുരുഷന്റേയും നിയന്താവായി | ഭഗവതഃ | ജ്ഞാനൈശ്വര്യാദി പൂൎണ്ണനായിരിക്കുന്ന |
| | | മത് | എന്നെവിട്ടു് |
| സൎവ്വഭൂതാനാം | സകലചരാചരങ്ങളുടേയും | അന്യത്ര | മറെറാരിടത്തു് |
| | | തീവ്രം ഭയം | ഈ കൊടുംഭയം |
| ആത്മനഃ | ദേഹവും ദേഹിയുമായി | ന നിവൎത്തതേ | നീങ്ങുകയല്ല. |

തന്റെ സൎവ്വേശ്വരത്വത്തെ താഴെ വ്യക്തമാക്കുന്നു.

42 മദ്ഭയാദ്വാതി വാതോഽയം സൂൎയ്യസ്തപതി മദ്ഭയാത്
വൎഷതീന്ദ്രോ ദഹത്യഗ്നിൎമ്മൃത്യുശ്ചരതി മദ്ഭയാത്*

| | | | |
|---|---|---|---|
| മദ്ഭയാത് | എന്നെയുള്ള ഭീതിയാൽ | മദ്ഭയാത് | എന്നെയുള്ള ഭീതിയാൽ |
| അയം വാതഃ | ഈ വായു | | |
| വാതി | വീശുന്നു; | സൂൎയ്യഃ തപതി | സൂൎയ്യൻ എരിയുന്നു; |

| | | | |
|---|---|---|---|
| മദ്ഭയാത് | എന്നെയുള്ള ഭീതിയാൽ | അഗ്നിഃ ദഹതി | അഗ്നി ദഹിപ്പിക്കുന്നു. |
| ഇന്ദ്രഃ | ദേവേന്ദ്രൻ | മൃത്യുഃ | അന്തകൻ |
| വർഷതി | മഴ പെയ്യിക്കുന്നു; | ചരതി | സഞ്ചരിക്കുന്നു. |

* "ഭീഷാസ്മാദ്വാതഃ പവതേ ഭീഷോദേതി സൂര്യഃ
ഭീഷാസ്മാദഗ്നിശ്ചേന്ദ്രശ്ച മൃത്യുർധാവതി പഞ്ചമഃ"

എന്ന വേദവാക്യത്തിന്റെ പൊരുളും ഈ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നു.

സർവ്വേശ്വരഭജനത്താൽ മാത്രമെ മോക്ഷം സിദ്ധിക്കയുള്ളു എന്നതിന്നു് സദാചാരംകൂടി കാണിച്ചുകൊടുത്തു പ്രകൃതത്തെ ഉപസംഹരിക്കുന്നു.

43 ജ്ഞാനവൈരാഗ്യയുക്തേന ഭക്തിയോഗേന യോഗിനഃ
ക്ഷേമായ പാദമൂലം മേ പ്രവിശന്ത്യകുതോഭയം.

| | | | |
|---|---|---|---|
| യോഗിനഃ | യോഗിമാർ | ഭക്തിയോഗേന | ഭക്തിയോഗംകൊണ്ടു് |
| ക്ഷേമായ | ഭാവുകത്തിനുവേണ്ടി | അകുതോഭയം | എങ്ങുനിന്നും ഭയാശങ്കയില്ലാത്ത |
| ജ്ഞാനവൈരാഗ്യയുക്തേന | ജ്ഞാനം, വൈരാഗ്യം എന്നിവയോടുകൂടിയ | മേ പാദമൂലം | എന്റെ പാദാന്തികത്തെ |
| | | പ്രവിശന്തി | വന്നണയുന്നു |

44 ഏതാവാനേവ ലോകേഽസ്മിൻ പുംസാം നിഃശ്രേയസോദയഃ
തീവ്രേണ ഭക്തിയോഗേന മനോ മയ്യർപ്പിതം സ്ഥിരം

| | | | |
|---|---|---|---|
| തീവ്രേണ | ബലവത്തായ | ഏതാവാൻ | എന്നുള്ളേടത്തോളം |
| ഭക്തിയോഗേന | ഭക്തിയോഗംവഴിക്കു് | ഏവ | മാത്രമാണു് |
| മനഃ മയി | മനസ്സ് എന്നിൽ | അസ്മിൻ ലോകെ | ഈ ലോകത്തിൽ |
| അർപ്പിതം | അർപ്പിക്കപ്പെട്ടു് | പുംസാം | ജീവന്മാരുടെ |
| സ്ഥിരം | അചഞ്ചലമായ്ഭവിക്കുക | നിഃശ്രേയസോദയഃ | പരമപുരുഷാർത്ഥസംപ്രാപ്തിക്കുതകുന്നതു്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ

കാപിലേയോപാഖ്യാനേ പഞ്ചവിംശതിതമോഽധ്യായഃ

ആദിതഃ ശ്ലോകാഃ 1059 ഇരുപത്തഞ്ചാമദ്ധ്യായം കഴിഞ്ഞു.

## ഷഡ്‌വിംശതിതമോऽദ്ധ്യായഃ = ഇരുപത്താറാമദ്ധ്യായം

"ഷഡ്വിംശേ പുംപ്രകൃത്യോസ്തു വിവേകായോപവർണ്ണ്യതേ
സാംഖ്യേന സർവ്വഭാവാനാം ജന്മ ലക്ഷണഭേദതഃ"

### മഹദാദിതത്വങ്ങളുടെ ഉൽപത്തിനിരൂപണം.

ശ്രീഭഗവാനുവാച = ശ്രീഭഗവാനരുളിച്ചെയ്തു:

1 അഥ തേ സംപ്രവക്ഷ്യാമി തത്വാനാം ലക്ഷണം പൃഥക്
യദ്വിദിത്വാ വിമുച്യേത പുരുഷഃ പ്രാകൃതൈർഗ്ഗുണൈഃ

| | | | |
|---|---|---|---|
| അഥ തേ | ഇനി ഭവതിക്ക് | വിദിത്വാ | അറിഞ്ഞിട്ട് |
| തത്വാനാം | തത്വങ്ങളുടെ | പുരുഷഃ | ജീവൻ |
| ലക്ഷണം | സ്വഭാവത്തെ | പ്രാകൃതൈഃ | പ്രകൃതികാര്യങ്ങളായ |
| പൃഥക് | തരംതിരിച്ച് | ഗുണൈഃ | ഗുണങ്ങളാൽ |
| സംപ്രവക്ഷ്യാമി | വിവരിച്ചുതരാം | | |
| യത് | യാതൊന്നിനെ | വിമുച്യേത | മോചിക്കപ്പെട്ടേക്കും. |

ആത്മദർശനത്തിനു് ഭക്തി, സാംഖ്യം, യോഗം എന്നിങ്ങനെ മൂന്നു മാർഗ്ഗങ്ങളുണ്ടെന്നുപറഞ്ഞതിൽ ഭക്തിലക്ഷണത്തെ പൂർവ്വാദ്ധ്യായത്തിൽ ഉപദേശിച്ചുകഴിഞ്ഞു. ഈ അദ്ധ്യായത്തിൽ തത്വലക്ഷണാത്മകമായ സാംഖ്യത്തെ ഉപദേശിക്കുവാൻ ഭാവിക്കുന്നു. പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങളായ തത്വങ്ങളെ വിവേചിച്ചറിയുക എന്നവഴിക്കു തദ്വ്യതിരിക്തമായ ആത്മാവിന്റെ അവബോധം ഉണ്ടാകുന്നു. അതുകൊണ്ടു് തത്വജ്ഞാനം മുക്തിമാർഗ്ഗമായ ആത്മജ്ഞാനത്തിൽ പര്യവസാനിക്കും. ഈ സംഗതി അടുത്തശ്ലോകം കൊണ്ടു് സൂചിപ്പിക്കുന്നു.

2 ജ്ഞാനം നിഃശ്രേയസാർത്ഥായ പുരുഷസ്യാത്മദർശനം
യദാഹുർവർണ്ണയേ തത്തേ ഹൃദയഗ്രന്ഥിഭേദനം.

| | | | |
|---|---|---|---|
| ഹൃദയഗ്രന്ഥി-ഭേദനം | ദേഹാദികളിലുള്ള അഹംബുദ്ധിയെ ഇല്ലാതാക്കുന്ന | പുരുഷസ്യ | ജീവന്റെ |
| | | നിഃശ്രേയസാ-ർത്ഥായ | പരമപുരുഷാർത്ഥപ്രാപ്തിക്കുള്ളതായിട്ട് |
| ആത്മദർശനം | ആത്മാവബോധപരമായ | ആഹുഃ | പറഞ്ഞുവരുന്നുവോ, |
| ജ്ഞാനം | യഥാർത്ഥജ്ഞാനത്തെ, | തത് തേ | അതിനെ, ഭവതിയോട്ട് |
| യത് | യാതൊന്നിനെ | വർണ്ണയേ | വിവരിച്ചുപറയാം. |

ആദ്യമായി "പുരുഷ"ന്റെ ലക്ഷണം പറയുന്നു—

3 അനാദിരാത്മാ പുരുഷോ നിർഗ്ഗുണഃ പ്രകൃതേഃ പരഃ
പ്രത്യഗ്ധാമാ സ്വയംജ്യോതിർവിശ്വം യേന സമന്വിതം

| | | | |
|---|---|---|---|
| അനാദിഃ | ആദിരഹിതവും | വിശ്വം | ലോകം (പ്രകാശിക്കുന്നവോ, അങ്ങനെയുള്ള) |
| നിർഗ്ഗുണഃ | ഗുണാതീതവും | സ്വയംജ്യോതിഃ | സ്വയം പ്രകാശവും |
| പ്രകൃതേഃ | പ്രകൃതിയിൽനിന്നു് | പ്രത്യഗ്ധാമാ | അന്തർമുഖമായി പ്രസ്ഫുരിക്കുന്നതുമായ |
| പരഃ | അന്യമായതും | | |
| യേന | യാതൊന്നിനോടു് | ആത്മാ | വ്യാപകചൈതന്യമാണു് |
| സമന്വിതം | ചേർന്നിരുന്നിട്ടു് | പുരുഷഃ | "പുരുഷൻ"എന്നതു് |

4 സ ഏഷ പ്രകൃതിം സൂക്ഷ്മാം ദൈവീം ഗുണമയീം വിഭുഃ
യദൃച്ഛയൈവോപഗതാമഭ്യപദ്യത ലീലയാ.

| | | | |
|---|---|---|---|
| സഃ | ആ വിധത്തിലുള്ള | പ്രകൃതിം | പ്രകൃതിയെ |
| ഏഷഃ വിഭുഃ | ഈ പുരുഷൻ (ആത്മാ) | ലീലയാ | ലീലയോടെ |
| സൂക്ഷ്മാം | അവ്യക്തരൂപിണിയും | ഉപഗതാം | അടുത്തണഞ്ഞിരിക്കുന്നതു് |
| ഗുണമയീം | ഗുണാത്മികയും | യദൃച്ഛയാ | യാദൃച്ഛികമായിട്ടു് |
| ദൈവീം | സർവ്വേശ്വരശക്തിയുമായ | അഭ്യപദ്യത | കണ്ടെത്തി. |

സാംഖ്യസിദ്ധാന്തപ്രകാരം പ്രകൃതിക്കു് ആവരണശക്തിയെന്നും വിക്ഷേപശക്തിയെന്നും രണ്ടുഭേദമുണ്ടു്. ആദ്യത്തേതു് ജീവോപാധിയായ അവിദ്യയും, രണ്ടാമത്തേതു സർവ്വേശ്വരാധീനമായ മായയുമാകുന്നു. ഇതുപോലെ ജീവനെന്നും ഈശ്വരനെന്നും രണ്ടു ഭേദം പുരുഷനുമുണ്ടു്. പ്രകൃതിവിവേകമില്ലാത്തതുകാരണം സംസരിക്കുന്ന പുരുഷൻ ജീവനും, പ്രകൃതിയെ സ്വാധീനത്തിൽവെച്ചു് വിശ്വസൃഷ്ട്യാദികൾ നടത്തുന്ന പുരുഷൻ ഈശ്വരനുമാകുന്നു. അതിൽ പ്രകൃതി വിവേകമില്ലായ്മയാൽ ജീവനുണ്ടാവുന്ന സംസൃതിയുടെ സ്വഭാവമാണു് ഇതുമുതൽ 5 ശ്ലോകംകൊണ്ടു് കാണിക്കുന്നതു്.

5 ഗുണൈർവിചിത്രാഃ സൃജതീം സരൂപാഃ പ്രകൃതിം പ്രജാഃ
വിലോക്യ മുമുഹേ സദ്യഃ സ ഇഹ ജ്ഞാനഗൂഹയാ.

| | | | |
|---|---|---|---|
| ഗുണൈഃ | സത്വാദിഗുണങ്ങളാൽ | സഃ | അവൻ (പുരുഷൻ) |
| വിചിത്രാഃ | പലതരത്തിലുള്ള | ജ്ഞാനഗൂഹയാ | സ്വരൂപാവബോധത്തിന്റെ ആവരണംമൂലം |
| സരൂപാഃ | സമാനരൂപങ്ങളായ | | |
| പ്രജാഃ | സന്തതികളെ | ഇഹ | ഈ പ്രകൃതിയെ അധികരിച്ചു് |
| സൃജതീം | ആവിഷ്കരിക്കുന്ന | | |
| പ്രകൃതിം | പ്രകൃതിയെ | സദ്യഃ | തൽക്ഷണം |
| വിലോക്യ | കണ്ടിട്ടു് | മുമുഹേ | തന്നെത്താൻ മറന്നു. |

6 ഏവം പരാഭിധ്യാനേന കർത്തൃത്വം പ്രകൃതേഃ പുമാൻ
കർമ്മസു ക്രിയമാണേഷു ഗുണൈരാത്മനി മന്യതേ.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | പരാഭി-ധ്യാനേന | ഗുണകാര്യങ്ങളായ ദേഹാദികൾ താനാണെന്ന തെററിദ്ധാരണ (അധ്യാസം) നിമിത്തം |
| പ്രകൃതേഃ | പ്രകൃതിയുടെ | | |
| ഗുണൈഃ | ഗുണങ്ങളാൽ | | |
| ക്രിയമാണേഷു | ചെയ്യപ്പെടുന്ന | | |
| കർമ്മസു | കർമ്മങ്ങളിൽ | ആത്മനി | തന്നിലുള്ളതെന്നു് |
| കർത്തൃത്വം | കർത്താവെന്ന ഭാവത്തെ | | |
| പുമാൻ | ജീവാത്മാവു് | മന്യതേ | കരുതുന്നു. |

7 തദസ്യ സംസൃതിർബന്ധഃ പാരതന്ത്ര്യം ച തത്കൃതം
ഭവത്യകർത്തുരീശസ്യ സാക്ഷിണോ നിർവൃതാത്മനഃ

| | | | |
|---|---|---|---|
| തത് | അതുകൊണ്ടു് | അസ്യ | ഈ ജീവന്നു് |
| അകർത്തുഃ | സ്വതേ കർത്തൃത്വമില്ലാത്തവനും | സംസൃതിഃ | സംസാരവും |
| | | ബന്ധഃ | കർമ്മബന്ധവും |
| ഈശസ്യ | സ്വതന്ത്രനും | തത്കൃതം | അവയാൽ വരുത്തപ്പെട്ട |
| സാക്ഷിണഃ | സാക്ഷിഭൂതനും | പാരതന്ത്ര്യം ച | സ്വാതന്ത്ര്യഹാനിയും |
| നിർവൃതാത്മനഃ | ആനന്ദരൂപനുമായ | ഭവതി | സംഭവിക്കുന്നു |

ദേഹേന്ദ്രിയാന്തഃകരണങ്ങൾ പ്രകൃതിഗുണങ്ങളുടെ വിപരിണാമങ്ങളൊ അവഭാസങ്ങളൊ ആണു്. തൽസംബന്ധികളായ കർമ്മങ്ങളും അങ്ങനെതന്നെ. ജീവൻ സാക്ഷാൽ ഈശ്വരനാണെന്നിരിക്കിലും പ്രകൃതിയെ സംബന്ധിച്ച ആവരണശക്തിയുടെ വലയിൽ കുടുങ്ങിയതുകൊണ്ടു് പ്രകൃതിയുടെ പ്രവർത്തനം തന്റെ പ്രവർത്തനമായിട്ടു കരുതുവാൻ സംഗതിയായി. ആകയാൽ ഈ ജീവന്നു് സംസൃതിയും കർമ്മബന്ധവും തൽകൃതമായ സുഖദുഃഖാനുഭവവും ഉണ്ടാവുന്നു.

ഇനി ദേഹേന്ദ്രിയാദികളുടെ കർത്തൃത്വാദികൾ പ്രകൃതിക്കുതന്നെ ഉള്ളതാണെന്നും ഭോക്തൃത്വം മാത്രമെ ജീവചൈതന്യത്തിന്നുള്ളുവെന്നും താഴെ ചൂണ്ടിക്കാണിക്കുന്നു.

8 കാര്യകാരണകർത്തൃത്വേ കാരണം പ്രകൃതിം വിദുഃ
ഭോക്തൃത്വേ സുഖദുഃഖാനാം പുരുഷം പ്രകൃതേഃ പരം

| | | | |
|---|---|---|---|
| കാര്യകാരണ-കർത്തൃത്വേ | കാര്യം(ദേഹം) കാരണം (ഇന്ദ്രിയം) കർത്താ(അധിഷ്ഠാനദേവതാവിശേഷം) എന്നീ ഭാവങ്ങൾ ഉണ്ടായിവരുന്നതിൽ | പ്രകൃതിം | പ്രകൃതിയെ |
| | | കാരണം | ഹേതുവായിട്ടു് |
| | | വിദുഃ | അഭിജ്ഞന്മാർ അറിയുന്നു |
| | | സുഖദുഃഖാനാം | സുഖദുഃഖങ്ങളുടെ |

| | | | |
|---|---|---|---|
| ഭോക്തൃത്വേ | ഭോക്താവെന്ന ഭാവത്തിങ്കൽ | പുരുഷം | ജീവചൈതന്യരൂപനായ പുരുഷനേയും |
| പ്രകൃതേഃ | പ്രകൃതിയിൽനിന്നു് | (കാരണം വിദുഃ) | ഹേതുവായിട്ടു് അറിയുന്നു. |
| പരം | ഭിന്നനായ | | |

ദേഹേന്ദ്രിയാദികൾ ജഡങ്ങളാകയാൽ പ്രകൃതികാര്യങ്ങളും, ഭോക്തൃത്വമാകട്ടെ തദ്വ്യതിരിക്തമായ ചിത്തിൽ പര്യവസിതമാകയാൽ ജീവകാര്യവുമാണെന്നു് സാരം.

ഇപ്രകാരം സാംസാരികതയെ പ്രാപിച്ച ജീവാത്മാവായ പുരുഷനേയും ഈ പുരുഷന്റെ സാംസാരികതയ്ക്കു കാരണമായ പ്രകൃതിയേയുംകുറിച്ചു് അറിഞ്ഞതിൽപ്പിന്നെ, ജഗൽകാരണമായ പരമപുരുഷനേയും തദുപാധിയായ മൂലപ്രകൃതിയേയും അറിയുവാനാഗ്രഹിച്ചുകൊണ്ടു് ദേവഹൂതി കപിലഭഗവാനോടു് ചോദിക്കുന്നു.

ദേവഹൂതിരുവാച = ദേവഹൂതി പറഞ്ഞു :

9 പ്രകൃതേഃ പുരുഷസ്യാപി ലക്ഷണം പുരുഷോത്തമ
ബ്രൂഹി കാരണയോരസ്യ സദസച്ച യദാത്മകം

| | | | |
|---|---|---|---|
| പുരുഷോത്തമ | ഹേ പരമപുരുഷ ! | ലക്ഷണം | ലക്ഷണത്തെ |
| അസ്യ | ഈ വിശ്വത്തിന്റെ | ബ്രൂഹി | വ്യക്തമായുപദേശിച്ചാലും |
| കാരണയോഃ | കാരണങ്ങളായ | സത് | സ്ഥൂലപ്രപഞ്ചവും |
| പ്രകൃതേഃ | പ്രകൃതിയുടെയും | അസത് ച | സൂക്ഷ്മപ്രപഞ്ചവും |
| പുരുഷസ്യ അപി | പുരുഷന്റെയും | യദാത്മകം | യാതൊരീപ്രകൃതിപുരുഷന്മാരുടെ സ്വരൂപമാണല്ലോ |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു.

10 യത്തത്ത്രിഗുണമവ്യക്തം നിത്യം സദസദാത്മകം
പ്രധാനം പ്രകൃതിം പ്രാഹുരവിശേഷം വിശേഷവത്.

| | | | |
|---|---|---|---|
| അവിശേഷം | ആകൃതിവിശേഷമില്ലാത്തതും | നിത്യം | ശാശ്വതാവസ്ഥിതിയുള്ളതും |
| വിശേഷവത് | (എന്നാൽ) ആകൃതിവിശേഷങ്ങൾക്കെല്ലാം ആസ്പദമായതും | സദസദാത്മകം | കാര്യരൂപമായും കാരണരൂപമായും വർത്തിക്കുന്നതുമായ |
| ത്രിഗുണം | സത്വാദിഗുണത്രയത്തിന്റെ സമഷ്ടിരൂപമായതും | പ്രധാനം | 'പ്രധാനം' എന്നുകൂടിപറഞ്ഞുവരുന്ന മൂലതത്വം |
| | | യത് തത് | യാതൊന്നോ, അതിനെ |
| അവ്യക്തം | കാര്യാത്മനാ വ്യക്തീഭവിക്കാത്തതും | പ്രകൃതിം | പ്രകൃതിയെന്നു് |
| | | പ്രാഹുഃ | പറഞ്ഞുവരുന്നു. |

പ്രകൃതിയുടെ ലക്ഷണം ഇങ്ങനെ നിർവ്വചിച്ചശേഷം മററ പ്രാകൃതികതത്വങ്ങളുടേയും ലക്ഷണം പറയുവാൻ ആദ്യം അവയുടെ സംഖ്യ ക്ലപ്തപ്പെടുത്തുന്നു.

11 പഞ്ചഭിഃ പഞ്ചഭിർബ്രഹ്മ ചതുർഭിർദശഭിസ്തഥാ
ഏതച്ചതുർവ്വിംശതികം ഗണം പ്രധാനികം വിദുഃ

| | | | |
|---|---|---|---|
| പഞ്ചഭിഃ | അഞ്ചുകൊണ്ടും, | ഏതച്ചതുർ- വിംശതികം | ഈ വിധം 24 സംഖ്യയോടുകൂടിയ |
| തഥാ | അപ്രകാരം പിന്നെയും | ഗണം | വർഗ്ഗത്തെ |
| പഞ്ചഭിഃ | ഒരഞ്ചുകൊണ്ടും, | പ്രാധാനികം | പ്രധാന (പ്രകൃതി)കാര്യാത്മകമായ |
| ദശഭിഃ | പത്തുകൊണ്ടും, | ബ്രഹ്മ | തത്വമായിട്ട് |
| ചതുർഭിഃ | നാലുകൊണ്ടും | വിദുഃ | അറിയുന്നു |

താഴെ 3 ശ്ലോകം ഇപ്പറഞ്ഞ 24 തത്വത്തെ വിവരിക്കുന്നു.

12 മഹാഭൂതാനി പഞ്ചൈവ ഭൂരാപോഗ്നിർമരുന്നഭഃ
തന്മാത്രാണി ച താവന്തി ഗന്ധാദീനി മതാനി മേ

13 ഇന്ദ്രിയാണി ദശ ശ്രോത്രം ത്വഗ്ദൃഗ്രസനനാസികാഃ
വാക്കരൌ ചരണൌ മേഢ്റം പായുർദശമ ഉച്യതേ.

14 മനോബുദ്ധിരഹംകാരശ്ചിത്തമിത്യന്തരാത്മകം
ചതുർധാ ലക്ഷ്യതേ ഭേദോ വൃത്ത്യാ ലക്ഷണരൂപയാ.

| | | | |
|---|---|---|---|
| മഹാഭൂതാനി | മഹാഭൂതങ്ങൾ | ദൃഗ്രസന- നാസികാഃ | കണ്ണ്, നാവ്, മൂക്ക് എന്നിവ; |
| പഞ്ച ഏവ | അഞ്ചുതന്നെ— | വാക് കരൌ | വാക്ക്, ഇരുകൈകൾ, |
| ഭൂഃ ആപഃ | ഭൂമി, ജലം, | ചരണൌ | ഇരുകാലുകൾ, |
| അഗ്നിഃ മരുത് | അഗ്നി, വായു, | മേഢ്റം പായുഃ | ലിംഗം, ഗുദം— |
| നഭഃ | ആകാശം ഇങ്ങനെ— | ദശമഃ | ഇതു പത്താമത്തേതായി |
| തന്മാത്രാണി | തന്മാത്രങ്ങളായ | ഉച്യതേ | പറയപ്പെടുന്നു. |
| ഗന്ധാദീനി ച | ഗന്ധാദികളും (ഗന്ധം, രസം, രൂപം, സ്പർശം, ശബ്ദം) | മനഃ | മനസ്സ് (സങ്കല്പവികല്പസ്വരൂപം) |
| താവന്തി | അത്രതന്നെയുണ്ട് | ബുദ്ധിഃ | ബുദ്ധി (ധാരണാസ്വരൂപം), |
| മേ | എനിക്ക് | | |
| മതാനി | സമ്മതങ്ങളായ അഭിപ്രായങ്ങളാണിവ. | അഹംകാരഃ | അഹംകാരം (അഭിമാനസ്വരൂപം), |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ | ചിത്തം | ചിത്തം(ജ്ഞാനസ്വരൂപം) |
| ദശ | ആകെ പത്ത്— | ഇതി | എന്നിങ്ങനെ |
| ശ്രോത്രം ത്വക് | കാത്, തൊലി, | അന്തരാത്മകം | അന്തഃകരണമെന്നത് |

| | | | |
|---|---|---|---|
| ലക്ഷണരൂപയാ | പ്രത്യേകം തരം തിരിഞ്ഞുള്ള | ചതുർധാ | നാലുവിധമായ |
| വൃത്ത്യാ | പ്രവൎത്തനംകൊണ്ടു് | ഭേദഃ | വ്യത്യസ്ത രൂപമായിട്ടു് |
| | | ലക്ഷ്യതേ | കാണപ്പെടുന്നു. |

15 ഏതാവാനേവ സംഖ്യാതോ ബ്രഹ്മണഃ സഗുണസ്യ ഹ
സന്നിവേശോ മയാ പ്രോക്തോ യഃ കാലഃ പഞ്ചവിംശകഃ

| | | | |
|---|---|---|---|
| സഗുണസ്യ ഹ | സത്ത്വാദിഗുണങ്ങളോടു് സംയുക്തമായ | ഏതാവാൻ ഏവ സംഖ്യാതഃ | ഇത്രമാത്രമേ കണക്കാക്കപ്പെട്ടിട്ടുള്ളു. |
| ബ്രഹ്മണഃ | ബ്രഹ്മത്തിന്റെ | കാലഃ യഃ | കാലസ്വരൂപനായ പുരുഷൻ |
| സന്നിവേശഃ | അവസ്ഥിതി | | |
| മയാ | എന്നാൽ | പഞ്ചവിംശകഃ | ഇരുപത്തഞ്ചാമത്തെ തത്ത്വമാണു്. |
| പ്രോക്തഃ | പറയപ്പെട്ടതായിട്ടു് | | |

കാലസംബന്ധമായ ഒരു മതാന്തരത്തേയും ഇനി ചൂണ്ടിക്കാണിക്കുന്നു.

16 പ്രഭാവം പൌരുഷം പ്രാഹുഃ കാലമേകേ യതോ ഭയം
അഹംകാരവിമൂഢസ്യ കൎത്തുഃ പ്രകൃതിമീയുഷഃ

| | | | |
|---|---|---|---|
| ഏകേ | ചിലർ | ഈയുഷഃ | പ്രാപിച്ച |
| കാലം | കാലമെന്നതിനെ | അഹംകാര-വിമൂഢസ്യ | ദേഹാദ്യഹംബുദ്ധിയാൽ ആത്മാവബോധമില്ലാതായ |
| പൌരുഷം | പുരുഷസംബന്ധമായ | | |
| പ്രഭാവം | ശക്തിവിശേഷമായിട്ടു് | കൎത്തുഃ | ജീവനു് |
| പ്രാഹുഃ | പറയുന്നുണ്ടു് | യതഃ | യാതൊന്നിൽനിന്നു് |
| പ്രകൃതിം | അവിദ്യാരൂപമായ പ്രകൃതിയെ | ഭയം | മരണഭീതിയുണ്ടാവുന്നു. |

ഈ പ്രസ്താവംകൊണ്ടു് കാലത്തിന്റെ സംഹാരകത്വമെന്ന ലക്ഷണമാണു് കാണിക്കപ്പെട്ടതു്. എന്നാൽ സൃഷ്ടിഹേതുത്വവും കാലത്തിന്റെ ലക്ഷണമാണെന്നു് താഴെ പറയുന്നു.

17 പ്രകൃതേൎഗ്ഗുണസാമ്യസ്യ നിൎവ്വിശേഷസ്യ മാനവി
ചേഷ്ടാ യതഃ സ ഭഗവാൻ കാല ഇത്യുപലക്ഷിതഃ

| | | | |
|---|---|---|---|
| മാനവി | മനുപുത്രി! | യതഃ | യാതൊന്നുകൊണ്ടു് ഉണ്ടാവുന്നുവോ, |
| ഗുണസാമ്യസ്യ | സത്ത്വാദിഗുണങ്ങളുടെ സമത്വരൂപമായിരിക്കുന്നതും | സഃ കാലഃ | ആ കാലസ്വരൂപം |
| നിൎവ്വിശേഷസ്യ | നാമരൂപാദിഭേദങ്ങളില്ലാത്തതുമായ | ഭഗവാൻ | ഈശ്വരനാണു് |
| | | ഇതി | എന്നു് |
| പ്രകൃതേഃ | മൂലപ്രകൃതിക്കു് | ഉപലക്ഷിതഃ | ജ്ഞാനികളാൽ കാണപ്പെട്ടിരിക്കുന്നു. |
| ചേഷ്ടാ | പ്രവൎത്തനോന്മുഖത്വം | | |

സൃഷ്ടിഹേതുകമായ കാലസ്വരൂപമായി വർത്തിക്കുന്ന ഈശ്വരന്റെ സ്വഭാവമെന്തെന്നു വ്യക്തമാക്കുന്നു.

18 അന്തഃ പുരുഷരൂപേണ കാലരൂപേണ യോ ബഹിഃ
സമന്വേത്യേഷ സത്ത്വാനാം ഭഗവാനാത്മമായയാ.

| | | | |
|---|---|---|---|
| സത്ത്വാനാം | സർവ്വചരാചരങ്ങളുടേയും | ആത്മമായയാ | തന്റെ യോഗമായകൊണ്ടു് |
| അന്തഃ | അന്തർഭാഗത്തിൽ | യഃ | യാതൊരുവൻ |
| പുരുഷരൂപേണ | നിയന്താവെന്ന നിലയോടെയും | സമന്വേതി | സമന്വയിച്ചുകൊണ്ടിരിക്കുന്നുവോ (ഇടവിടാതെ ചേർന്നിരിക്കുന്നുവോ) |
| ബഹിഃ | ബഹിർഭാഗത്തിൽ | ഏഷഃ | അങ്ങനെയുള്ള കാലസ്വരൂപൻ |
| കാലരൂപേണ | പരിണാമകർത്താവായ കാലമെന്നനിലയോടെയും | ഭഗവാൻ | ഈശ്വരൻതന്നെ. |

ജഗൽകാരണങ്ങളായ പ്രകൃതിപുരുഷന്മാരിൽ പ്രകൃതിക്കു 24 തത്ത്വഭേദങ്ങളുണ്ടു്. പുരുഷൻ (ആത്മാ) 25-ാമത്തെ ഏകതത്ത്വമായും നില്ക്കുന്നു. ഈ ആത്മതത്ത്വത്തിന്നു് ജീവനെന്നും ഈശ്വരനെന്നും ഭേദം കല്പിക്കുമ്പോൾ തത്ത്വങ്ങളുടെ സംഖ്യ 26 എന്നാകും. ഇനി ഈ തത്ത്വങ്ങളുടെ ഉദ്ഭവവും ലക്ഷണവും പറയുന്നു—

19 ദൈവാത് ക്ഷുഭിതധർമ്മിണ്യാം സ്വസ്യാം യോനൗ പരഃ പുമാൻ
ആധത്ത വീര്യം സാऽസൂത മഹത്തത്ത്വം ഹിരണ്മയം.

| | | | |
|---|---|---|---|
| ദൈവാത് | ജീവാദൃഷ്ടംനിമിത്തം | വീര്യം | ചിച്ഛക്തിസ്വരൂപമായ വീര്യത്തെ |
| ക്ഷുഭിതധർമ്മിണ്യാം | വിക്ഷോഭിച്ച ഗുണങ്ങളോടുകൂടിയ | ആധത്ത | ആധാനംചെയ്തു. |
| സ്വസ്യാം | സ്വകീയമായ | സാ | അതു് (പ്രകൃതി) |
| യോനൗ | അഭിവ്യക്തിസ്ഥാനത്തിൽ (മൂലപ്രകൃതിയിൽ) | ഹിരണ്മയം | പ്രകാശബഹുളമായ |
| | | മഹത്തത്ത്വം | മഹത്തെന്ന തത്ത്വത്തെ |
| പരഃ പുമാൻ | ഈശ്വരൻ | അസൂത | ഉളവാക്കി |

20 വിശ്വമാത്മഗതം വ്യഞ്ജൻ കൂടസ്ഥോ ജഗദങ്കുരഃ
സ്വതേജസാऽപിബത്തീവ്രമാത്മപ്രസ്വാപനം തമഃ

| | | | |
|---|---|---|---|
| കൂടസ്ഥഃ | നിർവ്വികാരമായി നിലകൊള്ളുന്നതും | വ്യഞ്ജൻ | ആവിഷ്കരിച്ചുകൊണ്ടു് |
| ജഗദങ്കുരഃ | പ്രപഞ്ചത്തിന്റെ ഏകബീജാങ്കുരമായിരിക്കുന്നതുമായ അതു് | ആത്മപ്രസ്വാപനം | തന്നെ തികച്ചും ഉറക്കിക്കിടത്തിയിരുന്ന |
| | | തീവ്രം തമഃ | പ്രളയകാലീന ശൂന്യാന്ധകാരത്തെ |
| ആത്മഗതം | തന്നിൽ സൂക്ഷ്മരൂപമായി സ്ഥിതിചെയ്യുന്ന | സ്വതേജസാ | സ്വന്തംതേജസ്സുകൊണ്ടു് |
| വിശ്വം | പ്രപഞ്ചത്തെ | അപിബത് | ഇല്ലാതെയാക്കി. |

21 യത്തത് സത്ത്വഗുണം സ്വച്ഛം ശാന്തം ഭഗവതഃ പദം
യദാഹുർവാസുദേവാഖ്യം ചിത്തം തന്മഹദാത്മകം.

| | | | |
|---|---|---|---|
| യത് | യാതൊന്ന് | യത് | യാതൊന്നിനെ |
| സ്വച്ഛം | വിശദവും | വാസുദേവാഖ്യം | "വാസുദേവൻ" എന്ന് |
| ശാന്തം | രാഗദ്വേഷാദിരാഹിത്യം | | അധിദൈവനാമമുള്ള |
| | കൊണ്ട് അചഞ്ചലവും | സത്ത്വഗുണം | സത്ത്വഗുണമായിട്ട് |
| ഭഗവതഃ | ഈശ്വരന്റെ | ആഹുഃ | പറഞ്ഞുവരുന്നുവോ, |
| പദം | പ്രാപ്തിസ്ഥാനവും ആകു | തത് ചിത്തം | ആ ചിത്തമാണ് |
| | ന്നുവോ, | മഹദാത്മകം | മഹത്തത്ത്വരൂപമായത് |

22 സ്വച്ഛത്വമവികാരിത്വം ശാന്തത്വമിതി ചേതസഃ
വൃത്തിഭിർലക്ഷണം പ്രോക്തം യഥാഽപാം പ്രകൃതിഃ പരാ.

| | | | |
|---|---|---|---|
| പരാ | ഭൂസ്പർശത്തിന്നുമുമ്പുള്ള | സ്വച്ഛത്വം | നിർമ്മലതാ |
| അപാം | ജലത്തിന്റെ | അവികാരിത്വം | നിർവികാരത, |
| പ്രകൃതിഃ | } സ്വഭാവം ഏതുപോലെ | ശാന്തത്വം | പ്രശാന്തത |
| യഥാ | } യോ, അതുപോലെ | ഇതി | എന്നിങ്ങനെയുള്ള |
| ചേതസഃ | ചിത്തത്തിന്റെ | വൃത്തിഭിഃ | വൃത്തികൾകൊണ്ട് |
| ലക്ഷണം | ലക്ഷണം | പ്രോക്തം | നിർവ്വചിക്കപ്പെട്ടിരിക്കുന്നു |

അഹംകാരം എന്ന തത്ത്വത്തിന്റെ ഉൽപത്തിയും ലക്ഷണാദികളും നാലുശ്ലോകം കൊണ്ട് വ്യക്തമാക്കുന്നു.

23 മഹത്തത്ത്വാദ്വികുർവ്വാണാദ്ഭഗവദ്വീര്യസംഭവാത്
ക്രിയാശക്തിരഹംകാരസ്ത്രിവിധഃ സമപദ്യത.

| | | | |
|---|---|---|---|
| ഭഗവദ്വീര്യ- } | ഈശ്വരവീര്യത്തിൽനി | ക്രിയാശക്തിഃ | ക്രിയകളിൽ ശക്തിയു |
| സംഭവാത് } | ന്ന് സംഭവിച്ചതും | | ള്ളതും |
| വികുർവ്വാണാത് | വികാരം പ്രാപിച്ചുവരു | ത്രിവിധഃ | മൂന്നായി തരംതിരിഞ്ഞ |
| | ന്നതുമായ | | തുമായ |
| മഹത്തത്ത്വാത് | മഹത്തെന്ന തത്ത്വ | അഹംകാരഃ | അഹംതത്ത്വം |
| | ത്തിൽനിന്ന് | സമപദ്യത | ഉണ്ടായി. |

24 വൈകാരികസ്തൈജസശ്ച താമസശ്ച യതോ ഭവഃ
മനസശ്ചേന്ദ്രിയാണാം ച ഭൂതാനാം മഹതാമപി.

| | | | |
|---|---|---|---|
| വൈകാരികഃ | സത്ത്വഗുണപ്രധാനവും | ഇന്ദ്രിയാണാം ച | ഇന്ദ്രിയങ്ങളുടേയും |
| തൈജസഃ ച | രജോഗുണപ്രധാനവും | മഹതാം | മഹത്തുക്കളായ |
| താമസഃ ച | തമോഗുണപ്രധാനവും | ഭൂതാനാം അപി | ഭൂതങ്ങളുടേയും |
| | (ഇങ്ങനെ മൂന്നുവിധം) | ഭവഃ | ഉൽപത്തി |
| മനസഃ ച | മനസ്സിന്റേയും | യതഃ | യാതൊന്നിൽനിന്നാകുന്നു |

അഹംകാരതത്ത്വത്തിലെ ഉപാസനാമൂൎത്തി—

25 സഹസ്രശിരസം സാക്ഷാദ്യമനന്തം പ്രചക്ഷതേ
സങ്കൎഷണാഖ്യം പുരുഷം ഭൂതേന്ദ്രിയമനോമയം.

| | | | |
|---|---|---|---|
| ഭൂതേന്ദ്രിയ—മനോമയം | ഭൂതങ്ങളും—ഇന്ദ്രിയങ്ങളും മനസ്സ് എന്നിവയുടെ സമഷ്ടിസ്വരൂപമായ | സങ്കൎഷണാഖ്യം | "സങ്കൎഷണൻ" എന്ന നാമത്തോടുകൂടിയ |
| | | സഹസ്രശിരസം | ആയിരം ശിരസ്സുള്ള |
| യം | യാതൊരു ഈ അഹംതത്ത്വത്തെ | അനന്തം | ആദിശേഷനെന്ന |
| | | പുരുഷം | ഉപാസ്യദേവനായി |
| സാക്ഷാത് | സാക്ഷാൽ | പ്രചക്ഷതേ | പറഞ്ഞുവരുന്നു. |

അഹംകാരലക്ഷണം

26 കൎത്തൃത്വം കരണത്വം ച കാൎയ്യത്വം ചേതി ലക്ഷണം
ശാന്തഘോരവിമൂഢത്വമിതി വാ സ്യാദഹംകൃതേഃ.

| | | | |
|---|---|---|---|
| കൎത്തൃത്വം | കൎത്താവെന്ന ഭാവവും (ഇന്ദ്രിയാധിഷ്ഠിതരൂപമായതുകൊണ്ട്) | ഇതി | ഇങ്ങനെയോ, |
| | | ശാന്തഘോര-വിമൂഢത്വം | ശാന്തത—ഘോരത—വിമൂഢത |
| കരണത്വം ച | കരണമെന്ന ഭാവവും (ഇന്ദ്രിയരൂപമായതുകൊണ്ട്) | ഇതി | ഇങ്ങനെയോ |
| | | അഹംകൃതേഃ | അഹംതത്ത്വത്തിന്റെ |
| കാൎയ്യത്വം ച | കാൎയ്യമെന്ന ഭാവവും(ഭൂതസ്വരൂപമായതുകൊണ്ട്) | ലക്ഷണം | പ്രത്യേകസ്വഭാവം |
| | | സ്യാത് | ആകാം. |

മനസ്സിന്റെ ഉൽപത്തിലക്ഷണങ്ങളും—

27 വൈകാരികാദ്വികുൎവ്വാണാന്മനസ്തത്ത്വമജായത
യത്സങ്കല്പവികല്പാഭ്യാം വൎത്തതേ കാമസംഭവഃ

| | | | |
|---|---|---|---|
| വികുൎവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരുന്നതായ | യത്സങ്കല്പ-വികല്പാഭ്യാം | യാതൊരീമനസ്സിന്റെ വിഷയചിന്തനാനുചിന്തനങ്ങളാൽ |
| വൈകാരികാത് | സാത്ത്വികാഹംകാരത്തിൽനിന്ന് | | |
| | | കാമസംഭവഃ | കാമമെന്ന വൃത്തിയുടെ ഉൽപത്തി |
| മനസ്തത്ത്വം | മനസ്സെന്ന തത്ത്വം | | |
| അജായത | ഉൽഭവിച്ചു. | വൎത്തതേ | ഉണ്ടായിരിക്കുന്നു. |

മനസ്തത്ത്വത്തിലെ ഉപാസനാമൂൎത്തി

28 യദ്വിദുൎഹ്യനിരുദ്ധാഖ്യം ഹൃഷീകാണാമധീശ്വരം
ശാരദേന്ദീവരശ്യാമം സംരാധ്യം യോഗിഭിഃ ശനൈഃ

| | | | |
|---|---|---|---|
| യത് ഹി | യാതൊരു മനസ്തത്വത്തെ | ശനൈഃ | സാവധാനത്തിൽ |
| ഹൃഷീകാണാം | ഇന്ദ്രിയങ്ങളുടെ | സംരാധ്യം | ആരാധിച്ചു വശീകരിക്കപ്പെടേണ്ടുവനുമായ |
| അധീശ്വരം | അധിപതിയും | അനിരുദ്ധാഖ്യം | 'അനിരുദ്ധൻ' എന്ന നാമത്തോടുകൂടിയവനായിട്ട് |
| ശാരദേന്ദീവരശ്യാമം | ശരൽക്കാലത്തുണ്ടായ നീലോൽപലംപോലെ ശ്യാമളനിറംപൂണ്ടവനും | | |
| യോഗിഭിഃ | യോഗിമാരാൽ | വിദുഃ | അറിയുന്നു. |

ബുദ്ധിയുടെ ഉൽപത്തിയും ലക്ഷണവും –

29 തൈജസാത്തു വികുർവ്വാണാദ്ബുദ്ധിതത്വമഭൂത്സതി
ദ്രവ്യസ്ഫുരണവിജ്ഞാനമിന്ദ്രിയാണാമനുഗ്രഹഃ

| | | | |
|---|---|---|---|
| സതി | ഉത്തമേ! | ദ്രവ്യസ്ഫുരണവിജ്ഞാനം | പദാർത്ഥങ്ങളുടെ ആകാരപരിസ്ഫൂർത്തിയുടെ അവബോധം |
| വികുർവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരുന്ന | | |
| തൈജസാത് തു | രാജസാഹംകാരത്തിൽനിന്ന് | ഇന്ദ്രിയാണാം | ഇന്ദ്രിയങ്ങൾക്ക് |
| ബുദ്ധിതത്വം | ബുദ്ധി എന്ന തത്വം | അനുഗ്രഹഃ | സവികല്പജ്ഞാനത്തിൽ അനുഗ്രഹമാകുന്നു. |
| അഭൂത് | ഉണ്ടായി. | | |

ദ്രവ്യസ്ഫുരണത്തിന്റെ സ്വഭാവം വിവരിക്കുന്നു –

30 സംശയോऽഥ വിപര്യാസോ നിശ്ചയഃ സ്മൃതിരേവ ച
സ്വാപ ഇത്യുച്യതേ ബുദ്ധേർലക്ഷണം വൃത്തിതഃ പൃഥക്

| | | | |
|---|---|---|---|
| അഥ | അതുപ്രകാരമായി, | ഇതി ഏവ ച | എന്നിവയൊക്കെയും |
| സംശയഃ | സന്ദേഹം, | പൃഥക് | വെവ്വേറെ |
| വിപര്യാസഃ | മിഥ്യാബോധം, | വൃത്തിതഃ | വൃത്തിഭേദമനുസരിച്ച് |
| നിശ്ചയഃ | യഥാർത്ഥജ്ഞാനം, | ബുദ്ധേഃ | ബുദ്ധിയുടെ |
| സ്മൃതിഃ | ഓർമ്മ, | ലക്ഷണം | പ്രത്യേകസ്വഭാവമായി |
| സ്വാപഃ | ഉറക്കം (മറവി) | ഉച്യതേ | പറയപ്പെടുന്നു. |

ചിത്തം, അഹംകാരം, ബുദ്ധി, മനസ്സ് എന്നീ അന്തഃകരണതത്വങ്ങളുടെ ചതുർവ്യൂഹത്തിൽ ഉപാസ്യരായ ദേവന്മാർ യഥാക്രമം വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിവരാകുന്നു. ഇവിടെ ബുദ്ധിതത്വനിരൂപണത്തിൽ അതിലെ ഉപാസ്യദേവനായ പ്രദ്യുമ്നനെ പരാമർശിച്ചില്ലെങ്കിലും അതു ധരിച്ചുകൊള്ളണം. ഇനി ഇന്ദ്രിയങ്ങളുടെ ഉൽപത്തി പ്രകാരം പറയുന്നു.

31 തൈജസാനീന്ദ്രിയാണ്യേവ ക്രിയാജ്ഞാനവിഭാഗശഃ
പ്രാണസ്യ ഹി ക്രിയാശക്തിർബുദ്ധേർവ്വിജ്ഞാനശക്തിതാ.

| | |
|---|---|
| ക്രിയാജ്ഞാനവിഭാഗശഃ | ക്രിയാപരം, ജ്ഞാനപരം എന്നീ രണ്ടു പ്രകാരത്തിലുള്ള |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങളും |
| തൈജസാനി ഏവ | രാജസാഹംകാരത്തെ സംബന്ധിച്ചുള്ളവ തന്നെയാണ് |
| ഹി | എന്തെന്നാൽ, |
| ക്രിയാശക്തിഃ | പ്രവൎത്തനശക്തി |
| പ്രാണസ്യ | പ്രാണൻെറതാണ്; |
| വിജ്ഞാനശക്തിതാ | വിവിധ ജ്ഞാനങ്ങൾ ഉണ്ടാക്കുന്നതിനുള്ള കഴിവ് |
| ബുദ്ധേഃ | ബുദ്ധിയുടേതാണ് |

പ്രാണബുദ്ധികൾ രാജസങ്ങളാകകൊണ്ട് തൽകാൎയ്യങ്ങളായ കൎമ്മജ്ഞാനേന്ദ്രിയങ്ങളും രാജസാഹംകാരകാൎയ്യങ്ങളാണെന്ന് സാരം.

ഇനി ആകാശാദിപഞ്ചമഹാഭൂതങ്ങളുടെ ഉൽപത്തിയും അവ ഓരോന്നിൻെറ ലക്ഷണവും താഴെ 15 ശ്ലോകങ്ങളാൽ പറയുന്നു.

32 താമസാച്ച വികുൎവ്വാണാദ് ഭഗവദ്വീൎയ്യചോദിതാത്
ശബ്ദമാത്രമഭൂത്തസ്മാന്നഭഃ ശ്രോത്രം തു ശബ്ദഗം

| | |
|---|---|
| ഭഗവദ്വീൎയ്യചോദിതാത് | ഈശ്വരപ്രഭാവത്താൽ പ്രേരിതവും |
| വികുൎവ്വാണാത് | വികാരംപ്രാപിച്ചതുമായ |
| താമസാത് | തമോഗുണാഹംകാരത്തിൽനിന്ന് |
| ശബ്ദമാത്രം | ശബ്ദമെന്ന ഭൂതസൂക്ഷ്മം |
| അഭൂത് | ഉദ്ഭവിച്ചു. |
| തസ്മാത് | അതിൽനിന്ന് |
| നഭഃ ച | ആകാശവും ഉണ്ടായി. |
| ശ്രോത്രം തു | ശ്രവണേന്ദ്രിയമാകട്ടെ |
| ശബ്ദഗം | ഈ ശബ്ദത്തെ ഗ്രഹിക്കുന്നു. |

ശബ്ദത്തിൻെറ ലക്ഷണം—

33 അൎത്ഥാശ്രയത്വം ശബ്ദസ്യ ദ്രഷ്ടുൎലിംഗത്വമേവ വാ
തന്മാത്രത്വം ച നഭസോ ലക്ഷണം കവയോ വിദുഃ

| | |
|---|---|
| അൎത്ഥാശ്രയത്വം | പദാൎത്ഥങ്ങളെ പറഞ്ഞറിയിക്കാൻ അവലംബമായിരിക്കൽ, |
| ദ്രഷ്ടുഃ | ദ്രഷ്ടാവിന്ന് |
| ലിംഗത്വം | ദൎശനവിഷയമല്ലാത്ത വസ്തുവിൻെറ ജ്ഞാപകമായിരിക്കൽ, |
| നഭസഃ | ആകാശത്തിൻെറ |
| തന്മാത്രത്വം ച | സൂക്ഷ്മസത്തയായിരിക്കൽ, |
| ഏവ വാ | ഇവയെല്ലാം തന്നേയും |
| ശബ്ദസ്യ | ശബ്ദത്തിൻെറ |
| ലക്ഷണം | ലക്ഷണമായിട്ട് |
| കവയഃ | ജ്ഞാനികൾ |
| വിദുഃ | അറിഞ്ഞുവച്ചിരിക്കുന്നു. |

ആകാശത്തിൻെറ ലക്ഷണം—

34 ഭൂതാനാം ഛിദ്രദാതൃത്വം ബഹിരന്തരമേവ ച
പ്രാണേന്ദ്രിയാത്മധിഷ്ണ്യത്വം നഭസോ വൃത്തിലക്ഷണം.

| | | | |
|---|---|---|---|
| ഭൂതാനാം | സർവ്വചരാചരങ്ങളുടേയും | പ്രാണേന്ദ്രിയാത്മധിഷ്ണ്യത്വം | പ്രാണങ്ങൾ–ഇന്ദ്രിയങ്ങൾ–മനസ്സ് എന്നിവയുടെ ആധാരമായിരിക്കുക എന്നിവ |
| ഛിദ്രദാതൃത്വം | വായുക്കളുള്ള ഒഴിവിടം ഉണ്ടാക്കുക, | | |
| ബഹിഃ അന്തരം ഏവ ച | പുറം–അകം എന്നുള്ള വ്യവഹാരത്തിന്നു ഹേതുവായിരിക്കുക, | നഭസഃ | ആകാശത്തിന്റെ |
| | | വൃത്തിലക്ഷണം | പ്രവർത്തനരൂപമായ ലക്ഷണമാകുന്നു. |

സ്പർശതന്മാത്രയും വായുവും ഉണ്ടായതു്–

35 നഭസഃ ശബ്ദതന്മാത്രാത് കാലഗത്യാ വികുർവ്വതഃ
സ്പർശോऽഭവത്തതോ വായുസ്ത്വക് സ്പർശസ്യ ച സംഗ്രഹഃ

| | | | |
|---|---|---|---|
| കാലഗത്യാ | കാലാത്മാവായ ഈശ്വരന്റെ പ്രവർത്തനത്താൽ | അഭവത് | ഉണ്ടായി |
| വികുർവ്വതഃ | വികാരംപ്രാപിച്ച | തതഃ | അതിൽനിന്നു് |
| ശബ്ദതന്മാത്രാത് | ശബ്ദതന്മാത്രസ്വരൂപമായ | വായുഃ | വായുവെന്ന സൂക്ഷ്മഭൂതമുണ്ടായി |
| നഭസഃ | ആകാശത്തിൽനിന്നു് | ത്വക് | ത്വഗിന്ദ്രിയം |
| സ്പർശഃ | സ്പർശമെന്ന സൂക്ഷ്മഭൂതം | സ്പർശസ്യ | സ്പർശത്തിന്റെ |
| | | സംഗ്രഹഃ ച | സംഗ്രഹണോപകരണമാകുന്നു |

സ്പർശതന്മാത്രത്തിന്റെ ലക്ഷണം–

36 മൃദുത്വം കഠിനത്വം ച ശൈത്യമുഷ്ണത്വമേവ ച
ഏതത് സ്പർശസ്യ സ്പർശത്വം തന്മാത്രത്വം നഭസ്വതഃ.

| | | | |
|---|---|---|---|
| മൃദുത്വം | മാർദ്ദവവും, | തന്മാത്രത്വം ഏവ ച | തന്മാത്രമായിരിക്കുക എന്ന ഭാവവും– |
| കഠിനത്വം ച | പാരുഷ്യവും, | ഏതത് | എന്നിതു് |
| ശൈത്യം | തണുപ്പും, | സ്പർശസ്യ | സ്പർശത്തിന്റെ |
| ഉഷ്ണത്വം | ചൂടും | സ്പർശത്വം | പ്രത്യേകലക്ഷണമാണു് |
| നഭസ്വതഃ | വായുവിന്റെ | | |

വായുവിന്റെ ലക്ഷണം–

37 ചാലനം വ്യൂഹനം പ്രാപ്തിർനേതൃത്വം ദ്രവ്യശബ്ദയോഃ
സർവ്വേന്ദ്രിയാണാമാത്മത്വം വായോഃ കർമ്മാഭിലക്ഷണം

| | | | |
|---|---|---|---|
| ചാലനം | വൃക്ഷാദികളെ ചലിപ്പിക്കൽ, | വ്യൂഹനം | ലഘുവസ്തുക്കളെ ഒന്നിച്ചുകൂട്ടൽ, |

| | |
|---|---|
| പ്രാപ്തിഃ | പുഷ്പപരാഗാദികളെ സംക്രമിപ്പിക്കൽ, |
| ദ്രവ്യശബ്ദയോഃ | ഗന്ധാദികളേയും ശബ്ദത്തെയും |
| നേതൃത്വം | അതാതു് ഇന്ദ്രിയങ്ങളിലേക്കു് എത്തിക്കൽ |
| സർവ്വേന്ദ്രിയാണാം | എല്ലാ ഇന്ദ്രിയങ്ങൾക്കും |
| ആത്മത്വം | ഉപോൽബലകമായിരിക്കൽ എന്നിവ |
| വായോഃ | വായുവിൻെറ |
| കർമ്മാഭിലക്ഷണം | പ്രവർത്തനത്താൽ ലക്ഷിക്കപ്പെടുന്നതാണു് |

അഗ്നിയും രൂപതന്മാത്രവും ഉണ്ടായതു് —

38 വായോശ്ച സ്പർശതന്മാത്രാദ്രൂപം ദൈവേരിതാദഭൂത്
സമുത്ഥിതം തതസ്തേജശ്ചക്ഷൂ രൂപോപലംഭനം.

| | |
|---|---|
| ദൈവേരിതാത് | ദൈവത്താൽ പ്രചോദിതമായ |
| സ്പർശതന്മാത്രാത് | സ്പർശഗുണകമായ |
| വായോഃ ച | വായുവിൽനിന്നും |
| രൂപം | രൂപതന്മാത്രം |
| അഭൂത് | ഉണ്ടായി |
| തതഃ | അതിൽനിന്നു് |
| തേജഃ | തേജസ്സും (അഗ്നി) |
| സമുത്ഥിതം | ഉൽഭവിച്ചു |
| ചക്ഷുഃ | നേത്രേന്ദ്രിയം |
| രൂപോപലംഭനം | രൂപത്തെ ഗ്രഹിക്കുന്നതാകുന്നു. |

രൂപതന്മാത്രലക്ഷണം —

39 ദ്രവ്യാകൃതിത്വം ഗുണതാ വ്യക്തിസംസ്ഥാത്വമേവ ച
തേജസ്ത്വം തേജസഃ സാധ്വി രൂപമാത്രസ്യ വൃത്തയഃ

| | |
|---|---|
| ദ്രവ്യാകൃതിത്വം | പദാർത്ഥത്തിനു് ആകാരം വരുത്തുക, |
| ഗുണതാ | പദാർത്ഥത്തിൽ ചേർന്നിരിക്കുന്ന ഗുണമായിട്ടു് വ്യക്തീഭവിക്കുക, |
| വ്യക്തിസംസ്ഥാത്വം | ഓരോ പദാർത്ഥത്തിൻെറയും ഇരിപ്പു് ഏതുരൂപത്തിലൊ അതായിട്ടുള്ള തോന്നലുണ്ടാക്കുക, |
| തേജസഃ | തേജസ്സിൻെറ |
| തേജസ്ത്വം | അസാധാരണധർമ്മമായിരിക്കുക |
| ഏവ ച | ഇതെല്ലാംതന്നെ, |
| സാധ്വി | അല്ലയോ സാധ്വി ! |
| രൂപമാത്രസ്യ | രൂപമെന്ന തന്മാത്രത്തിൻെറ |
| വൃത്തയഃ | ലക്ഷണങ്ങളാണു് |

തേജോലക്ഷണം —

40 ദ്യോതനം പചനം പാനമദനം ഹിമമർദ്ദനം
തേജസോ വൃത്തയസ്ത്വേതാഃ ശോഷണം ക്ഷുത്തൃഡേവ ച

| | |
|---|---|
| ദ്യോതനം | വെളിച്ചമുണ്ടാക്കുക, |
| പചനം | വേവിക്കുക, |
| ക്ഷുത്തൃട് | വിശപ്പുംദാഹവുമായിട്ടു് |
| അദനം | ഭക്ഷിപ്പിക്കുക, |

| | | | |
|---|---|---|---|
| പാനം | കുടിപ്പിക്കുക, | ഏതാഃ ഏവച | എന്നിവയെല്ലാംതന്നെ |
| ഹിമമർദ്ദനം | ശൈത്യംപോക്കുക, | തേജസഃ | തേജസ്സിന്റെ |
| ശോഷണം | ഉണക്കിവരട്ടുക | വൃത്തയഃ തു | ലക്ഷണങ്ങളാണ്. |

ജലത്തിന്റെയും രസതന്മാത്രത്തിന്റെയും ഉൽപത്തി—

41 രൂപമാത്രാദ്വികുർവ്വാണാത്തേജസോ ദൈവചോദിതാത്
രസമാത്രമഭൂത്തസ്മാദംഭോ ജിഹ്വാ രസഗ്രഹഃ

| | | | |
|---|---|---|---|
| ദൈവചോദിതാത് | ദൈവത്താൽ പ്രേരിതമായിട്ട് | അഭൂത് | ഉൽഭവിച്ചു. |
| വികുർവ്വാണാത് | രൂപമാററംവന്ന | തസ്മാത് | അതിൽനിന്നു് |
| രൂപമാത്രാത് | രൂപഗുണകമായ | അംഭഃ | ജലം ഉണ്ടായി. |
| തേജസഃ | അഗ്നിയിൽനിന്നു് | ജിഹ്വാ | രസനേന്ദ്രിയം (നാവ്) |
| രസമാത്രം | രസമെന്ന തന്മാത്രം | രസഗ്രഹഃ | രസത്തെ ഗ്രഹിക്കുന്നതാകുന്നു. |

രസതന്മാത്രലക്ഷണം—

42 കഷായോ മധുരസ്തിക്തഃ കട്വമ്ല ഇതി നൈകധാ
ഭൗതികാനാം വികാരേണ രസ ഏകോ വിഭിദ്യതേ

| | | | |
|---|---|---|---|
| ഏകഃ രസഃ | ഒരേ രസം | തിക്തഃ | കയ്പ് |
| ഭൗതികാനാം | ഭൗതികവസ്തുക്കളുടെ | കടു അമ്ലഃ | എരി, പുളി |
| വികാരേണ | കലപ്പുകാരണം | ഇതി | എന്നിങ്ങനെ |
| കഷായഃ | ചവർപ്പ്, | നൈകധാ | പലതായിട്ട് |
| മധുരഃ | മധുരം, | വിഭിദ്യതേ | മാറുന്നു. |

ജലത്തിന്റെ ലക്ഷണം—

43 ക്ലേദനം പിണ്ഡനം തൃപ്തിഃ പ്രാണനാപ്യായനോന്ദനം
താപാപനോദോ ഭൂയസ്ത്വമംഭസോ വൃത്തയസ്ത്വിമാഃ

| | | | |
|---|---|---|---|
| ക്ലേദനം | നനയ്ക്കൽ, | താപാപനോദഃ | ചൂടുതീക്കൽ |
| പിണ്ഡനം | ഉരുട്ടിക്കൂട്ടൽ, | ഭൂയസ്ത്വം | എടുത്താലും വീണ്ടും ഉറന്നുകൂടൽ |
| തൃപ്തിഃ | അലംഭാവമുണ്ടാക്കൽ, | ഇമാഃ തു | എന്നിവയാകട്ടെ |
| പ്രാണനാപ്യായനോന്ദനം | ജീവിപ്പിക്കൽ, ദാഹംകെടുത്തൽ, മയംവരുത്തൽ, | അംഭസഃ | ജലത്തിന്റെ |
| | | വൃത്തയഃ | സ്വഭാവങ്ങളാണ്. |

പൃഥിവിയുടെയും ഗന്ധതന്മാത്രത്തിൻെറയും ഉൽഭവം—

44 രസമാത്രാദ്വികുർവ്വാണാദംഭസോ ദൈവചോദിതാത്
ഗന്ധമാത്രമഭൂത്തസ്മാത് പൃഥ്വീ ഘ്രാണസ്തു ഗന്ധഗഃ

| | | | |
|---|---|---|---|
| ദൈവ— ചോദിതാത് | ദൈവത്താൽ പ്രേരിത മായിട്ടു് | അഭൂത് | സംഭവിച്ചു. |
| വികുർവ്വാണാത് | രൂപമാററംവന്ന | തസ്മാത് | അതിൽനിന്നു് |
| രസമാത്രാത് | രസതന്മാത്രകമായ | പൃഥ്വീ | പൃഥിവിയുണ്ടായി |
| അംഭസഃ | ജലത്തിൽനിന്നു് | ഘ്രാണഃ തു | ഘ്രാണേന്ദ്രിയമാകട്ടെ |
| ഗന്ധമാത്രം | ഗന്ധമെന്ന തന്മാത്രം | ഗന്ധഗഃ | ഗന്ധത്തെ അറിയുന്ന താകുന്നു. |

ഗന്ധലക്ഷണം —

45 കരംഭപൂതിസൌരഭ്യശാന്തോഗ്രാമ്ലാദിഭിഃ പൃഥക്
ദ്രവ്യാവയവവൈഷമ്യാദ്ഗന്ധ ഏകോ വിഭിദ്യതേ.

| | | | |
|---|---|---|---|
| ദ്രവ്യാവയവ— വൈഷമ്യാത് | കൂടിച്ചേരുന്ന ദ്രവ്യവി ശേഷങ്ങളുടെ തരഭേദം കൊണ്ടു് | ഗന്ധഃ | ഗന്ധമെന്നതു് |
| | | ഏകഃ | വാസ്തവത്തിൽ ഒന്നുത ന്നെയെങ്കിലും |
| കരംഭപൂതി— സൌരഭ്യ— ശാന്തോഗ്രാ— മ്ലാദിഭിഃ | കൂട്ടുമണം, നാററം, വാ സന, നറുമണം, ചുരു്, പുളിപ്പുവാസന എന്നു തുടങ്ങിയുള്ളവയാൽ | പൃഥക് | വെവ്വേറെയായായിട്ടു് |
| | | വിഭിദ്യതേ | മാറുന്നു. |

പൃഥിവീലക്ഷണം —

46 ഭാവനം ബ്രഹ്മണഃ സ്ഥാനം ധാരണം സദ്വിശേഷണം
സർവ്വസത്ത്വഗുണോദ്ഭേദഃ പൃഥിവീവൃത്തിലക്ഷണം.

| | | | |
|---|---|---|---|
| ബ്രഹ്മണഃ | ബ്രഹ്മത്തിനു് | സദ്വിശേഷണം | ആകാശാദികളുടെ അവ ച്ഛേദമായിരിക്കുക, |
| ഭാവനം | പ്രതിമാദികളെക്കൊണ്ടു് ആകൃതിയുണ്ടാക്കുക, | സർവ്വസത്ത്വ— ഗുണോദ്ഭേദഃ | സകലപ്രാണികളുടേയും തദ്ഗതഗുണങ്ങളുടേയും പ്രകാശകമായിരിക്കുക, എന്നിവ |
| സ്ഥാനം | അന്യാശ്രയമില്ലാതെ സ്വയം നിലകൊള്ളുക, | | |
| ധാരണം | ജലത്തിന്നും മററും ആധാരമായിരിക്കുക, | പൃഥിവീവൃത്തി. ലക്ഷണം | പൃഥിവിയുടെ പ്രത്യേക ലക്ഷണമാണു്. |

ഇനി വിഷയങ്ങളെ ഗ്രഹിക്കുന്ന ശ്രോത്രാദിപഞ്ചേന്ദ്രിയങ്ങളുടെ ലക്ഷണംഅഞ്ചു ശ്ലോകങ്ങളാംകൊണ്ടു് താഴെ പറയുന്നു.

47 നഭോഗുണവിശേഷോഽർത്ഥോ യസ്യ തച്ഛ്രോത്രമുച്യതേ
വായോർഗുണവിശേഷോഽർത്ഥോ യസ്യ തത് സ്പർശനം വിദുഃ

48 തേജോഗുണവിശേഷോഽർത്ഥോ യസ്യ തച്ചക്ഷുരുച്യതേ
അംഭോഗുണവിശേഷോഽർത്ഥോ യസ്യ തദ്രസനം വിദുഃ
ഭൂമേർഗുണവിശേഷോഽർത്ഥോ യസ്യ സ ഘ്രാണ ഉച്യതേ.

| | |
|---|---|
| നഭോഗുണവിശേഷഃ | ആകാശത്തിന്റെ പ്രത്യേകഗുണമായ ശബ്ദം |
| യസ്യ | യാതൊന്നിന്നു് |
| അർത്ഥഃ | വിഷയമാകുന്നുവോ, |
| തത് ശ്രോത്രം | അതു ശ്രവണേന്ദ്രിയം |
| ഉച്യതേ | എന്നുപറയപ്പെടുന്നു. |
| വായോഃ | വായുവിന്റെ |
| ഗുണവിശേഷഃ | പ്രത്യേകഗുണമായസ്പർശം |
| യസ്യ | യാതൊന്നിന്നു് |
| അർത്ഥഃ | വിഷയമാകുന്നുവോ, |
| തത് | അതിനെ |
| സ്പർശനം | സ്പർശനേന്ദ്രിയമായിട്ടു് |
| വിദുഃ | അറിയുന്നു. |
| തേജോഗുണവിശേഷഃ | തേജസ്സിന്റെ പ്രത്യേകഗുണമായ രൂപം |
| യസ്യ | യാതൊന്നിന്നു് |
| അർത്ഥഃ | വിഷയമാകുന്നുവോ, |
| തത് | അതു് |
| ചക്ഷുഃ | നേത്രേന്ദ്രിയമെന്നു് |
| ഉച്യതേ | പറയപ്പെടുന്നു. |
| അംഭോഗുണവിശേഷഃ | ജലത്തിന്റെ പ്രത്യേകഗുണമായ രസം |
| യസ്യ | യാതൊന്നിന്നു് |
| അർത്ഥഃ | വിഷയമാകുന്നുവോ |
| തത് | അതിനെ |
| രസനം | രസനേന്ദ്രിയമായിട്ടു് |
| വിദുഃ | അറിയുന്നു. |
| ഭൂമേഃ | പൃഥിവിയുടെ |
| ഗുണവിശേഷഃ | പ്രത്യേകഗുണമായ ഗന്ധം |
| യസ്യ | യാതൊന്നിന്നു് |
| അർത്ഥഃ | വിഷയമാകുന്നുവോ, |
| സഃ | അതു് |
| ഘ്രാണഃ | ഘ്രാണേന്ദ്രിയമെന്നു് |
| ഉച്യതേ | പറയപ്പെടുന്നു. |

'പ്രത്യേകഗുണം' എന്നിങ്ങനെ ഗുണത്തെ വിശേഷിച്ചുപറഞ്ഞതിന്റെ ആശയം വ്യക്തമാക്കുന്നു—

49 പരസ്യ ദൃശ്യതേ ധർമ്മോ ഹ്യപരസ്മിൻ സമന്വയാത്
അതോ വിശേഷോ ഭാവാനാം ഭൂമാവേവോപലക്ഷ്യതേ.

| | |
|---|---|
| പരസ്യ | ആദ്യത്തേതിന്റെ (കാരണത്തിന്റെ) |
| ധർമ്മഃ | ഗുണം |
| അപരസ്മിൻ | പിന്നത്തേതിൽ (കാര്യത്തിൽ) |
| സമന്വയാത് | ആദ്യത്തേതിനോടുള്ള ചേർച്ചഹേതുവായിട്ടു് |
| ദൃശ്യതേ ഹി | കാണപ്പെടുന്നതാണല്ലോ |
| അതഃ | ഇതുകൊണ്ടു് |
| ഭാവാനാം | ആകാശാദി ഭൂതങ്ങളുടെ |
| വിശേഷഃ | പ്രത്യേകം പ്രത്യേകമായുള്ള ഗുണംമുഴുവനും |
| ഭൂമൌ ഏവ | പൃഥിവിയിൽത്തന്നെ |
| ഉപലക്ഷ്യതേ | ഒന്നിച്ചു കാണപ്പെടുന്നു. |

ആകാശത്തിന്നു പരാന്വയിത്വമില്ലാത്തതിനാൽ ശബ്ദമെന്ന കേവലഗുണമേയുള്ളു. വായുവിന്നു ആകാശാന്വയിത്വമുള്ളതിനാൽ ആകാശത്തിന്റേതായ ശബ്ദവും തന്റേതായ

സ്പർശവും ഗുണങ്ങളാകും. ഈ ക്രമത്തിലുള്ള ചേർച്ചയാൽ പൃഥിവീഭൂതത്തിൽ സർവ്വഭൂത ഗുണങ്ങളും ഒന്നിക്കുന്നു.

കാരണങ്ങളുടെ ഉൽപത്തിവിസ്തരണം കഴിഞ്ഞു. ഇനി കാര്യോൽപത്തിയിലേക്കു കടക്കുന്നു—

50 ഏതാന്യസംഹത്യ യദാ മഹദാദീനി സപ്ത വൈ
കാലകർമ്മഗുണോപേതോ ജഗദാദിരുപാവിശത്.

| | | | |
|---|---|---|---|
| മഹദാദീനി | മഹത്തത്ത്വാദികളായ | ജഗദാദിഃ | ജഗൽക്കാരണമായ ഈശ്വരൻ |
| ഏതാനി സപ്ത | ഇവ ഏഴും * | കാലകർമ്മ-ഗുണോപേതഃ | കാലം, ജീവാദൃഷ്ടം, ഗുണത്രയം എന്നിവയോടു ചേർന്നിട്ട് |
| യദാ വൈ | എപ്പോഴാണോ, | ഉപാവിശത് | അവയിൽ പ്രവേശിച്ചു. |
| അസംഹത്യ | ഒന്നിനോടൊന്നു് കൂടി ച്ചേരാൻ കഴിയാതെ | | |
| (സ്ഥിതാനി) | നിന്നിരുന്നതു്, അപ്പോൾ | | |

* എല്ലാ പ്രകൃതിതത്ത്വങ്ങളും എന്നാണു് ഇവിടെ വിവക്ഷ. ഏഴെന്നുപറഞ്ഞതു് പ്രാധാന്യം അനുസരിച്ചു് മാത്രം.

51 തതസ്തേനാനുവിദ്ധേഭ്യോ യുക്തേഭ്യോഽണ്ഡമചേതനം
ഉത്ഥിതം പുരുഷോ യസ്മാദുദതിഷ്ഠദസൌ വിരാട്

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ, | അണ്ഡം | ബ്രഹ്മാണ്ഡം |
| തേന | ആ അനുപ്രവിഷ്ടനായ ഈശ്വരനാൽ | ഉത്ഥിതം | ഉൽഭവിച്ചു. |
| അനുവിദ്ധേഭ്യഃ | വിക്ഷോഭിക്കപ്പെട്ടവയും | യസ്മാത് | യാതൊന്നിൽനിന്നു് |
| യുക്തേഭ്യഃ | സംയോജിക്കപ്പെട്ടവയുമായ അവയിൽനിന്നു് | വിരാട് | ‘വിരാട്’ എന്ന വിശ്വസമഷ്ടിസ്വരൂപനായ |
| അചേതനം | ചേതനാരഹിതമായ | അസൌ പുരുഷഃ | ഈ പുരുഷൻ |
| | | ഉദതിഷ്ഠത് | ഉത്ഥിതനായി. |

52 ഏതദണ്ഡം വിശേഷാഖ്യം ക്രമവൃദ്ധൈർദശോത്തരൈഃ
തോയാദിഭിഃ പരിവൃതം പ്രധാനേനാവൃതൈർബഹിഃ
യത്ര ലോകവിതാനോഽയം രൂപം ഭഗവതോ ഹരേഃ

| | | | |
|---|---|---|---|
| വിശേഷാഖ്യം | ‘വിശേഷം’ എന്നു പേരായ | ആവൃതൈഃ | ആവരണം ചെയ്യപ്പെട്ടവയും |
| ഏതത് അണ്ഡം | ഈ ബ്രഹ്മാണ്ഡം | ദശോത്തരൈഃ | പത്തുപത്തുമടങ്ങു് |
| ബഹിഃ | ബഹിർഭാഗത്തിൽ | ക്രമവൃദ്ധൈഃ | ക്രമത്തിൽ പെരുക്കം വരുന്ന |
| പ്രധാനേന | ‘പ്രധാന’മെന്ന മൂലകാരണപ്രകൃതിയാൽ | തോയാദിഭിഃ | ജലാദിപദാർത്ഥങ്ങളാൽ |

| | | | |
|---|---|---|---|
| പരിവൃതം | ചുററപ്പെട്ടിരിക്കുന്നതു മാകുന്നു | (തത്) രൂപം | ആ വിരാട്സ്വരൂപം |
| യത്ര | യാതൊന്നിൽ | ഭഗവതഃ | ഭഗവാനായ |
| അയം ലോകവിതാനഃ | ഈ ലോകമാകെയും ഉൾക്കൊണ്ടിരിക്കുന്നുവോ, | ഹരേഃ | ശ്രീഹരിയുടേതാകുന്നു. |

ഇനി 9 ശ്ലോകംകൊണ്ടു് ഈ വിരാട്സ്വരൂപത്തിലെ അധ്യാത്മാദിവിഭാഗങ്ങളെ പറയുന്നു.

53 ഹിരണ്മയാദണ്ഡകോശാദുത്ഥായ സലിലാശയാത്
തമാവിശ്യ മഹാദേവോ ബഹുധാ നിർബിഭേദ ഖം.

| | | | |
|---|---|---|---|
| ഹിരണ്മയാത് | പ്രകാശബഹുലവും | മഹാദേവഃ | ഈശ്വരൻ |
| സലിലാശയാത് | ജലത്തിൽ ശയിക്കുന്നതുമായ | തം | ആ വിരാട്സ്വരൂപത്തെ |
| അണ്ഡകോശാത് | അണ്ഡകോശത്തിൽ നിന്നു് | ആവിശ്യ | അധിവസിച്ചിട്ടു് |
| | | ഖം | ഇന്ദ്രിയവിടവിനെ |
| | | ബഹുധാ | പലതായിട്ടു് |
| ഉത്ഥായ | ഉണർവുററെഴുന്നേററു്, | നിർബിഭേദ | തരംതിരിച്ചു. |

54 നിരഭിദ്യതാസ്യ പ്രഥമം മുഖം വാണീ തതോഽഭവത്
വാണ്യാ വഹ്നിരഥോ നാസേ പ്രാണോതോ ഘ്രാണ ഏതയോഃ.

| | | | |
|---|---|---|---|
| പ്രഥമം | ആദ്യമായി | അഭവത് | ഉണ്ടായി. |
| അസ്യ | ഈ വിരാട്ടിന്നു് | അഥോ | അനന്തരം |
| മുഖം | മുഖദ്വാരം (വായ) | നാസേ | നാസികാദ്വാരങ്ങളുണ്ടായി |
| നിരഭിദ്യത | പിളർന്നുണ്ടായി | ഘ്രാണഃ | ഘ്രാണേന്ദ്രിയം |
| തതഃ വാണീ | പിന്നെ വാക്കുണ്ടായി | പ്രാണോതഃ | പ്രാണനാൽ പ്രേരിതമായിട്ടു് |
| വാണ്യാ | വാഗിന്ദ്രിയത്തോടുകൂടി | | |
| വഹ്നിഃ | അതിന്റെ അധിഷ്ഠാനദേവതയായ അഗ്നി | ഏതയോഃ | ഇവയിൽ പ്രവേശിച്ചു. |

55 ഘ്രാണാദ്വായുരഭിദ്യേതാമക്ഷിണീ ചക്ഷുരേതയോഃ
തസ്മാത് സൂര്യോ വ്യഭിദ്യേതാം കർണ്ണൗ ശ്രോത്രം തതോ ദിശഃ

| | | | |
|---|---|---|---|
| ഘ്രാണാത് | ഘ്രാണേന്ദ്രിയത്തിൽ നിന്നു് | തസ്മാത് | അതിൽനിന്നു് |
| | | സൂര്യഃ | സൂര്യദേവതയുണ്ടായി. |
| വായുഃ | വായുദേവതയുണ്ടായി | കർണ്ണൗ | പിന്നെ, കാതുകൾ |
| അക്ഷിണീ | പിന്നെ, കണ്ണുകൾ | വ്യഭിദ്യേതാം | വ്യക്തീഭവിച്ചു. |
| അഭിദ്യേതാം | ഉണ്ടായി. | ശ്രോത്രം | ശ്രോത്രേന്ദ്രിയവും, |
| ഏതയോഃ | ഇതുകളിൽ | തതഃ ദിശഃ | അതിൽനിന്നു് ദിഗ്ദേവതകളും ഉണ്ടായി. |
| ചക്ഷുഃ | നേത്രേന്ദ്രിയം ഉണ്ടായി. | | |

56 നിർബിഭേദ വിരാജസ്ത്വഗ്രോമശ്മശ്ര്വാദയസ്തതഃ
തത ഓഷധയശ്ചാസൻ ശിശ്നം നിർബിഭിദേ തതഃ

| | | | |
|---|---|---|---|
| വിരാജഃ | വിരാട്ടിന്നു് | തതഃ | അവയിൽനിന്നു് |
| ത്വക് | ത്വഗിന്ദ്രിയം | ഓഷധയഃ ച | വൃക്ഷാദികളും |
| നിർബിഭേദ | നിർഭേദിച്ചു. | ആസൻ | ആവിർഭവിച്ചു. |
| തതഃ | അതിൽനിന്നു് | തതഃ | അനന്തരം |
| രോമശ്മശ്ര്വാദയഃ | രോമങ്ങളും ശ്മശ്രുക്കളും മററും ഉണ്ടായി. | ശിശ്നം | ജനനേന്ദ്രിയസ്ഥാനം |
| | | നിർബിഭിദേ | നിർഭേദിച്ചു. |

57 രേതസ്തസ്മാദാപ ആസന്നിരഭിദ്യത വൈ ഗുദം
ഗുദാദപാനോഽപാനാച്ച മൃത്യുർലോകഭയംകരഃ

| | | | |
|---|---|---|---|
| തസ്മാത് | അതിൽനിന്നു് | ഗുദാത് | ഗുദത്തിൽനിന്നു് |
| രേതഃ | രേതസ്സുണ്ടായി. | അപാനഃ | അപാനവായുവും |
| ആപഃ | ജലം അതിൽനിന്നും | അപാനാത് | അപാനത്തിൽനിന്നു് |
| ആസൻ | ഉളവായി. | ലോകഭയംകരഃ | ലോകത്തിന്നുഭീഷണിയായ |
| ഗുദം വൈ | പിന്നെ ഗുദദ്വാരം | | |
| നിരഭിദ്യത | നിർഭേദിച്ചു. | മൃത്യുഃ ച | മരണദേവതയുമുണ്ടായി. |

58 ഹസ്തൌ ച നിരഭിദ്യേതാം ബലം താഭ്യാം തതഃ സ്വരാട്
പാദൌ ച നിരഭിദ്യേതാം ഗതിസ്താഭ്യാം തതോ ഹരിഃ

| | | | |
|---|---|---|---|
| ഹസ്തൌ ച | ഇരുകൈകളും | പാദൌ ച | ഇരുകാലുകളും |
| നിരഭിദ്യേതാം | പൊട്ടിപ്പുറപ്പെട്ടു | നിരഭിദ്യേതാം | പൊട്ടിപ്പുറപ്പെട്ടു. |
| താഭ്യാം | അവയിൽനിന്നു് | താഭ്യാം | അവയിൽനിന്നു് |
| ബലം | ശക്തിയും | ഗതിഃ | ഗമനവും |
| തതഃ | അതിൽനിന്നു് | തതഃ | അതിൽനിന്നു് |
| സ്വരാട് | ഇന്ദ്രനെന്ന അധിഷ്ഠാനദേവതയും ഉണ്ടായി. | ഹരിഃ | വിഷ്ണുവെന്ന അധിഷ്ഠാനദേവതയും ഉണ്ടായി. |

59 നാഡ്യോഽസ്യ നിരഭിദ്യന്ത താഭ്യോ ലോഹിതമാഭൃതം
നദ്യസ്തതഃ സമഭവന്നുദരം നിരഭിദ്യത.

| | | | |
|---|---|---|---|
| അസ്യ | ഈ വിരാട്ടിന്നു് | താഭ്യഃ | അവയിൽനിന്നു് |
| നാഡ്യഃ | നാഡികൾ | ലോഹിതം | രക്തം |
| നിരഭിദ്യന്ത | നിർഭേദിച്ചു. | ആഭൃതം | സംഭൃതമായി |

| | |
|---|---|
| തതഃ | അതിൽനിന്നു് |
| നദ്യഃ | നദീദേവതകൾ |
| സമഭവൻ | സംഭവിച്ചു. |
| ഉദരം | പിന്നെ വയറു് |
| നിരഭിദ്യത | ഉണ്ടായി. |

60 ക്ഷുത്പിപാസേ തതഃ സ്യാതാം സമുദ്രസ്ത്വേതയോരഭൂത്
അഥാസ്യ ഹൃദയം ഭിന്നം ഹൃദയാന്മന ഉത്ഥിതം.

| | |
|---|---|
| തതഃ | അതിൽനിന്നു് |
| ക്ഷുത്പിപാസേ | പൈദാഹങ്ങൾ |
| സ്യാതാം | ഉണ്ടായി |
| ഏതയോഃ തു | ഇവ രണ്ടിൽനിന്നുമായി |
| സമുദ്രഃ | സമുദ്രം |
| അഭൂത് | സംഭവിച്ചു. |
| അഥ | അനന്തരം |
| അസ്യ | ഈ വിരാട്ടിന്നു് |
| ഹൃദയം | ഹൃദയമെന്ന അധിഷ്ഠാനം |
| ഭിന്നം | നിർഭേദിച്ചു. |
| ഹൃദയാത് | ഹൃദയത്തിൽനിന്നു് |
| മനഃ ഉത്ഥിതം | മനസ്സുണ്ടായി. |

61 മനസശ്ചന്ദ്രമാ ജാതോ ബുദ്ധിർബുദ്ധേർഗിരാം പതിഃ
അഹംകാരസ്തതോ രുദ്രശ്ചിത്തം ചൈത്യസ്തതോഽഭവത്.

| | |
|---|---|
| മനസഃ | മനസ്സിൽനിന്നു് |
| ചന്ദ്രമാഃ | ചന്ദ്രൻ |
| ജാതഃ | ജനിച്ചു |
| ബുദ്ധിഃ | പിന്നെ ബുദ്ധിയും |
| ബുദ്ധേഃ | ബുദ്ധിയിൽനിന്നു് |
| ഗിരാം പതിഃ | ബ്രഹ്മദേവനും ഉണ്ടായി |
| തതഃ | അനന്തരം |
| അഹംകാരഃ | ഞാനെന്ന ഭാവവും |
| രുദ്രഃ | രുദ്രനുമുണ്ടായി. |
| തതഃ ചിത്തം | പിന്നെ ചിത്തവും |
| ചൈത്യഃ | ചിത്താധിഷ്ഠാതാവായ ക്ഷേത്രജ്ഞനും |
| അഭവത് | ഉണ്ടായി. |

62 ഏതേ ഹ്യഭ്യുത്ഥിതാ ദേവാ നൈവാസ്യോത്ഥാപനേഽശകൻ
പുനരാവിവിശുഃ ഖാനി തമുത്ഥാപയിതും ക്രമാത്

| | |
|---|---|
| അഭ്യുത്ഥിതാഃ | പ്രവൃത്ത്യുന്മുഖരായി എഴുന്നേററ |
| ഏതേ ദേവാഃ | ഈ ഇന്ദ്രിയദേവതകൾ |
| അസ്യ ഉത്ഥാപനേ | ഈ വിരാട്ടിനെ എഴുന്നേല്പിക്കുന്നതിൽ |
| ന അശകൻ ഏവ ഹി | തീരെ കഴിവുററവരായില്ലെന്നായപ്പോൾ, |
| പുനഃ (തേ) | പിന്നേയും അവർ |
| തം | അതിനെ |
| ഉത്ഥാപയിതും | എഴുന്നേല്പിക്കുവാൻ |
| ക്രമാത് | അനുക്രമത്തിൽ |
| ഖാനി | ഇന്ദ്രിയച്ഛിദ്രങ്ങളെ |
| ആവിവിശുഃ | ആവേശിച്ചു. |

63 വഹ്നിർവാചാ മുഖം ഭേജേ നോദതിഷ്ഠത്തദാ വിരാട്
ഘ്രാണേന നാസികേ വായുർനോദതിഷ്ഠത്തദാ വിരാട്.

| | |
|---|---|
| വഹ്നിഃ | അഗ്നിദേവത |
| വാചാ | വാഗിന്ദ്രിയത്തോടുകൂടി |
| മുഖം | മുഖമെന്ന അധിഷ്ഠാനത്തെ |
| ഭേജേ | ആവേശിച്ചു; |

| | |
|---|---|
| തദാ വിരാട് | അപ്പോഴും വിരാട്ട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല. |
| വായുഃ | വായുദേവത |
| ഘ്രാണേന | ഘ്രാണേന്ദ്രിയത്തോടുകൂടി |
| നാസികേ | നാസാദ്വാരങ്ങളെ ആവേശിച്ചു; |
| തദാ വിരാട് | അപ്പോഴും വിരാട്ട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല. |

64 അക്ഷിണീ ചക്ഷുഷാദിത്യോ നോദതിഷ്ഠത്തദാ വിരാട്
ശ്രോത്രേണ കർണ്ണൗ ച ദിശോ നോദതിഷ്ഠത്തദാ വിരാട്

| | |
|---|---|
| ആദിത്യഃ | ആദിത്യൻ |
| ചക്ഷുഷാ | നേത്രേന്ദ്രിയത്തോടുകൂടി |
| അക്ഷിണീ | നേത്രാധിഷ്ഠാനങ്ങളെ |
| (ഭേജേ) | പ്രാപിച്ചു; |
| തദാ വിരാട് | അപ്പോഴും വിരാട്ട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല. |
| ദിശഃ | ദിഗ്ദേവതകൾ |
| ശ്രോത്രേണ | ശ്രവണേന്ദ്രിയത്തോടുകൂടി |
| കർണ്ണൗ ച | കാതുകളിലേക്കും എത്തി; |
| തദാ വിരാട് | അന്നേരത്തും വിരാട്ട് |
| ന ഉദതിഷ്ഠത് | ഉത്ഥാനം ചെയ്തില്ല. |

65 ത്വചം രോമഭിരോഷധ്യോ നോദതിഷ്ഠത്തദാ വിരാട്
രേതസാ ശിശ്നമാപസ്തു നോദതിഷ്ഠത്തദാ വിരാട്

| | |
|---|---|
| ഓഷധ്യഃ | ഓഷധിദേവതകൾ |
| രോമഭിഃ | രോമങ്ങളോടുകൂടി |
| ത്വചം | ത്വഗിന്ദ്രിയത്തെ |
| (ഭേജിരേ) | പ്രവേശിച്ചു; |
| തദാ വിരാട് | അപ്പോഴും വിരാട്ട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല. |
| ആപഃ തു | ജലദേവതകൾ |
| രേതസാ | രേതസ്സോടുകൂടി |
| ശിശ്നം | ശിശ്നത്തെ പ്രവേശിച്ചു; |
| തദാ വിരാട് | അന്നേരവും വിരാട്ട് |
| ന ഉദതിഷ്ഠത് | ഉത്ഥിതനായില്ല. |

66 ഗുദം മൃത്യുരപാനേന നോദതിഷ്ഠത്തദാ വിരാട്
ഹസ്താവിന്ദ്രോ ബലേനൈവ നോദതിഷ്ഠത്തദാ വിരാട്

| | |
|---|---|
| മൃത്യുഃ | മൃത്യുദേവത |
| അപാനേന | അപാനനോടുകൂടി |
| ഗുദം (ഭേജേ) | ഗുദത്തെ പ്രവേശിച്ചു; |
| തദാ വിരാട് | അന്നേരവും വിരാട്ട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല. |
| ഇന്ദ്രഃ | ഇന്ദ്രൻ |
| ബലേന ഏവ | ബലത്തോടുകൂടവെ തന്നെ |
| ഹസ്തൗ | കൈകളെ പ്രാപിച്ചു ; |
| തദാ വിരാട് | അപ്പോഴും വിരാട്ട് |
| ന ഉദതിഷ്ഠത് | ഉത്ഥാനംചെയ്തില്ല. |

67 വിഷ്ണുർഗത്യൈവ ചരണൗ നോദതിഷ്ഠത്തദാ വിരാട്
നാഡീർനദ്യോ ലോഹിതേന നോദതിഷ്ഠത്തദാ വിരാട്.

| | |
|---|---|
| വിഷ്ണുഃ | വിഷ്ണുദേവൻ |
| ഗത്യാ ഏവ | ഗമനത്തോടുകൂടവെത്തന്നെ |
| ചരണൗ | പാദങ്ങളെ |
| (ഭേജേ) | പ്രാപിച്ചു; |
| തദാ വിരാട് | അന്നേരത്തും വിരാട്ട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല. |

| | | | |
|---|---|---|---|
| നദ്യഃ | നദീദേവതകൾ | തദാ വിരാട് | അന്നേരത്തും വിരാട് |
| ലോഹിതേന | രക്തത്തോടുകൂടി | | |
| നാഡീഃ | നാഡികളെ പ്രാപിച്ചു; | ന ഉദതിഷ്ഠത് | എഴുന്നേററില്ല. |

68 ക്ഷുത്തൃഡ്ഭ്യാമുദരം സിന്ധുർനോദതിഷ്ഠത്തദാ വിരാട്
ഹൃദയം മനസാ ചന്ദ്രോ നോദതിഷ്ഠത്തദാ വിരാട്.

| | | | |
|---|---|---|---|
| സിന്ധുഃ | സമുദ്രദേവത | ചന്ദ്രഃ | ചന്ദ്രൻ |
| ക്ഷുത്തൃഡ്ഭ്യാം | പൈദാഹങ്ങളോടുകൂടെ | മനസാ | മനസ്സോടുകൂടി |
| ഉദരം | ഉദരത്തെ | ഹൃദയം | ഹൃദയത്തെ പ്രാപിച്ചു; |
| (ഭേജേ) | പ്രവേശിച്ചു; | | |
| തദാ വിരാട് | അപ്പോഴും വിരാട് | തദാ വിരാട് | അപ്പോഴും വിരാട് |
| ന ഉദതിഷ്ഠത് | ഉത്ഥാനം ചെയ്തില്ല. | ന ഉദതിഷ്ഠത്. | ഉത്ഥാനംചെയ്തില്ല. |

69 ബുദ്ധ്യാ ബ്രഹ്മാऽപി ഹൃദയം നോദതിഷ്ഠത്തദാ വിരാട്
രുദ്രോऽഭിമത്യാ ഹൃദയം നോദതിഷ്ഠത്തദാ വിരാട്

| | | | |
|---|---|---|---|
| ബ്രഹ്മാ അപി | ബ്രഹ്മദേവനും | രുദ്രഃ | രുദ്രൻ |
| ബുദ്ധ്യാ | ബുദ്ധിയോടുകൂടെ | അഭിമത്യാ | അഹംകാരത്തോടുകൂടെ |
| ഹൃദയം (ഭേജേ) | ഹൃദയത്തെ പ്രവേശിച്ചു; | ഹൃദയം | ഹൃദയത്തെ പ്രവേശിച്ചു; |
| തദാ വിരാട് | അന്നേരവും വിരാട് | തദാ വിരാട് | അന്നേരത്തും വിരാട് |
| ന ഉദതിഷ്ഠത് | എഴുന്നേററില്ല | ന ഉദതിഷ്ഠത് | എഴുന്നേററില്ല. |

70 ചിത്തേന ഹൃദയം ചൈത്യഃ ക്ഷേത്രജ്ഞഃ പ്രാവിശദ്യദാ
വിരാട് തദൈവ പുരുഷഃ സലിലാദുദതിഷ്ഠത.

| | | | |
|---|---|---|---|
| ചൈത്യഃ | ചിത്തത്തിൻെറ അധിഷ്ഠാതാവായ | പ്രാവിശത് | പ്രവേശിച്ചുവോ, |
| ക്ഷേത്രജ്ഞഃ | ക്ഷേത്രജ്ഞൻ | തദാ ഏവ | അപ്പോൾമാത്രം |
| ചിത്തേന | ചിത്തത്തോടുകൂടി | വിരാട്പുരുഷഃ | വിരാട്പുരുഷൻ |
| യദാ | എപ്പോൾ | സലിലാത് | ജലത്തിൽനിന്നു് |
| ഹൃദയം | ഹൃദയത്തെ | ഉദതിഷ്ഠത | എഴുന്നേററു |

പ്രത്യഗാത്മസ്വരൂപനായ ക്ഷേത്രജ്ഞൻെറ പ്രവേശത്താലുണ്ടായ വിരാട്ടിൻെറ ഉത്ഥാനത്തെ ഒരു വ്യക്തിയുടെ ഉണൎന്നെഴുന്നേല്പിനെ ദൃഷ്ടാന്തീകരിച്ചുകൊണ്ടു് വ്യക്തമാക്കുന്നു-

71 യഥാ പ്രസുപ്തം പുരുഷം പ്രാണേന്ദ്രിയമനോധിയഃ
പ്രഭവന്തി വിനാ യേന നോത്ഥാപയിതുമോജസാ.

| | | | |
|---|---|---|---|
| യഥാ | ഏതൊരു പ്രകാരം | ഉത്ഥാപയിതും | എഴുന്നേല്പിക്കുവാൻ |
| പ്രസുപ്തം | ഉറങ്ങിക്കിടക്കുന്ന | യേന വിനാ | യാതൊരു ക്ഷേത്രജ്ഞനെ(ആത്മാവിനെ)കൂടാതെ |
| പുരുഷം | ഒരു വ്യക്തിയെ | | |

| | | | |
|---|---|---|---|
| പ്രാണേന്ദ്രിയ-<br>മനോധിയഃ | } പ്രാണങ്ങളും, ഇന്ദ്രിയങ്ങളും, മനസ്സ്, ബുദ്ധി എന്നിവ | ഓജസാ | സ്വന്തം ഊക്കുകൊണ്ടു |
| | | ന പ്രഭവന്തി | ശക്തങ്ങളാകുന്നില്ലയോ, |

(അതുപ്രകാരം വിരാട്ടിനെ എഴുന്നേല്പിക്കുവാൻ ക്ഷേത്രജ്ഞനല്ലാതെ പ്രകൃതിതത്ത്വങ്ങളുടെ അധിഷ്ഠാതാക്കളായ ദേവതകളും അതാതു പ്രാണേന്ദ്രിയശക്തികളോടുകൂടി തത്തദിഷ്ഠാനങ്ങളിൽ പ്രവേശിച്ചതുകൊണ്ടു് ശക്തങ്ങളായില്ല.)

ഈ തത്ത്വസംഖ്യാനവിജ്ഞാനം ഇത്രയുംപറഞ്ഞതിന്റെ പ്രയോജനം ചൂണ്ടിക്കാണിച്ചു് ഉപസംഹരിക്കുന്നു.

72 തമസ്മിൻ പ്രത്യഗാത്മാനം ധിയാ യോഗപ്രവൃത്തയാ
ഭക്ത്യാ വിരക്ത്യാ ജ്ഞാനേന വിവിച്യാത്മനി ചിന്തയേത്

| | | | |
|---|---|---|---|
| തം | അങ്ങനെയുള്ള | ധിയാ | ഏകാഗ്രചിത്തംകൊണ്ടും ഉണ്ടായ |
| പ്രത്യഗാത്മാനം | ആത്മസ്വരൂപനായ ക്ഷേത്രജ്ഞനെ | ജ്ഞാനേന | ജ്ഞാനത്താൽ |
| ഭക്ത്യാ | ഭക്തികൊണ്ടും | അസ്മിൻ<br>ആത്മനി | } ഈ ശരീരത്തിൽ |
| വിരക്ത്യാ | വൈരാഗ്യംകൊണ്ടും | | |
| യോഗ-<br>പ്രവൃത്തയാ | } യോഗസാധനകളാൽ സംസിദ്ധമായ | വിവിച്യ | വിവേചിച്ചറിഞ്ഞു് |
| | | ചിന്തയേത്, | ചിന്തിക്കാവുന്നതാണു്. |

പ്രകൃതിതത്ത്വാവബോധം ആത്മജ്ഞാനത്തിൽ പര്യവസിതമാകുമെന്നു സാരം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയേ തത്ത്വസമാമ്നായേ ഷഡ്വിംശതിതമോ ƒ ദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 1131 ഇരുപത്താറാമദ്ധ്യായം കഴിഞ്ഞു.

## സപ്തവിംശതിതമോഽധ്യായഃ = ഇരുപത്തേഴാമദ്ധ്യായം

"സപ്തവിംശേ തതഃ സമ്യക്ബുദ്ധസാധനയോഗതഃ
പുംപ്രകൃത്യോർവിവേകേന മോക്ഷരീതിർനിരൂപ്യതേ"

### പ്രകൃതിപുരുഷവിവേകദ്വാരാ മോക്ഷപ്രാപ്തിയുണ്ടാവുന്നതു്.

പ്രകൃതിപുരുഷവിവേകത്താൽ മോക്ഷം സിദ്ധിക്കുമെന്നു ഉപപാദിക്കുവാൻ തുടങ്ങുന്നതിന്റെ മുഖവുരയായി, പ്രകൃത്യവിവേകം നിമിത്തം നിത്യശുദ്ധനായ ആത്മാവിന്നു് അനുഭവപ്പെടുന്ന സാംസാരികതയെക്കുറിച്ചു് മുമ്പുപറഞ്ഞിട്ടുള്ളതിനെത്തന്നെ മൂന്നുശ്ലോകം കൊണ്ടു് ഭഗവാൻ അനുസ്മരിപ്പിക്കുന്നു.

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു.

1 പ്രകൃതിസ്ഥോഽപി പുരുഷോ നാജ്യതേ പ്രാകൃതൈർഗുണൈഃ
അവികാരാദകർത്തൃത്വാന്നിർഗുണത്വാജ്ജലാർക്കവത്

| | | | |
|---|---|---|---|
| ജലാർക്കവത് | വെള്ളത്തിൽ നിഴലിച്ച സൂര്യനെപ്പോലെ | അകർത്തൃത്വാത് | അകർത്താവാകകൊണ്ടും |
| പുരുഷഃ | പുരുഷൻ (ആത്മാവു്) | അവികാരാത് | വികാരരഹിതനാകകൊണ്ടും |
| പ്രകൃതിസ്ഥഃ അപി | പ്രകൃതിയിൽ (പ്രകൃതികാര്യമായ ശരീരത്തിൽ) സ്ഥിതനെന്നിരിക്കിലും, | പ്രാകൃതൈഃ | ശരീരത്തെ സംബന്ധിച്ച |
| നിർഗുണത്വാത് | സ്വതവേ, ഗുണാതീതനാകകൊണ്ടും | ഗുണൈഃ | സുഖദുഃഖാദിധർമ്മങ്ങളാൽ |
| | | ന അജ്യതേ | ബാധിക്കപ്പെടുന്നില്ല. |

പ്രകൃതിസ്ഥനായ പുരുഷനെ (ശരീരാന്തഃസ്ഥിതനായ ആത്മാവിനെ) വെള്ളത്തിൽ നിഴലിച്ച സൂര്യബിംബത്തോടുപമിച്ചതിന്റെ സാരം ഇതാണു് — വെള്ളം ഇളകുമ്പോൾ സൂര്യൻ ഇളകുന്നതായിതോന്നും. വാസ്തവത്തിൽ സൂര്യനു് ഇളക്കമുണ്ടാവുന്നില്ല. അതുപോലെ ശരീരധർമ്മങ്ങൾ അജ്ഞാനംകൊണ്ടു ആത്മധർമ്മങ്ങളായിട്ടുതോന്നുന്നു. ആത്മാവാകട്ടെ യഥാർത്ഥത്തിൽ നിർല്ലേപനായിട്ടിരിക്കുന്നേയുള്ളു. ഈ സംഗതി ഒന്നു കൂടി വ്യക്തമാക്കി ഇനി പറയുന്നു.

2 സ ഏഷ യർഹി പ്രകൃതേർഗുണേഷ്വഭിവിഷജ്ജതേ
അഹംക്രിയാവിമൂഢാത്മാ കർത്താഽസ്മീത്യഭിമന്യതേ.

| | |
|---|---|
| സഃ | അങ്ങനെയുള്ള |
| ഏഷഃ | ഈ പുരുഷൻ |
| യർഹി | എപ്പോൾ |
| പ്രകൃതേഃ | പ്രകൃതിയുടെ |
| ഗുണേഷു | ധർമ്മങ്ങളിൽ |
| അഹംക്രിയാവിമൂഢാത്മാ | അഹംകാരത്താൽ (ആത്മാധ്യാസത്താൽ) മോഹമുൾക്കൊണ്ടു് |
| അഭിവിഷജ്ജതേ | ആസക്തനായി ഭവിക്കുന്നുവോ, അപ്പോൾ |
| കർത്താ അസ്മി ഇതി | "ഞാൻ കർത്താവാണെ"ന്നിങ്ങനെ |
| അഭിമന്യതേ | അഭിമാനിക്കുകയാണു്. |

3 തേന സംസാരപദവീമവശോഽഭ്യേത്യനിർവൃതഃ
പ്രാസംഗികൈഃ കർമ്മദോഷൈഃ സദസന്മിശ്രയോനിഷു

| | |
|---|---|
| തേന | തന്നിമിത്തം |
| അവശഃ | അസ്വതന്ത്രനും |
| അനിർവൃതഃ | ആനന്ദവിഹീനനുമായി ഭവിച്ചിട്ടു് |
| പ്രാസംഗികൈഃ | ആസക്തികൃതങ്ങളായ |
| കർമ്മദോഷൈഃ | കർമ്മദോഷങ്ങളാൽ |
| സദസന്മിശ്രയോനിഷു | സത്തും അസത്തും മിശ്രവുമായ യോനികളിൽ |
| സംസാരപദവീം | ജനിക്കലും മരിക്കലും മറ്റുമായ സംസാരമാർഗ്ഗത്തെ |
| അഭ്യേതി | പ്രാപിക്കുന്നു. |

എന്നാൽ, സംസാരം മിഥ്യയാണെന്നല്ലേ പറയുന്നതു്; ആ നിലക്കു് തന്നിവൃത്തിക്കായി പരിശ്രമിക്കേണ്ടതുണ്ടോ ? എന്ന ആശങ്കയെ പരിഹരിക്കുന്നു.

4 അർത്ഥേ ഹ്യവിദ്യമാനേഽപി സംസൃതിർന നിവർത്തതേ
ധ്യായതോ വിഷയാനസ്യ സ്വപ്നേഽനർത്ഥാഗമോ യഥാ.

| | |
|---|---|
| അർത്ഥേ ഹി | സംസാരമെന്ന കാര്യം തന്നെ |
| അവിദ്യമാനേ അപി | വാസ്തവത്തിൽ ഇല്ലെന്നിരിക്കിലുംകൂടി, |
| സ്വപ്നേ | സ്വപ്നത്തിൽ |
| അനർത്ഥാഗമഃ | അനർത്ഥം (വാസ്തവികമല്ലാത്ത പ്രതീതി) വന്നുചേരുന്നതു് |
| യഥാ | ഏതുപോലെയോ അതുപോലെ |
| വിഷയാൻ | വിഷയങ്ങളെ |
| ധ്യായതഃ | അനുചിന്തനംചെയ്യുന്ന |
| അസ്യ | ഈ ജീവാത്മാവിന്നു് |
| സംസൃതിഃ | സംസാരം |
| ന നിവർത്തതേ | വിട്ടുപോകുന്നതല്ല. |

സ്വപ്നത്തിലെ അനുഭവം വാസ്തവമല്ലെന്നതു് ഉണർന്നാൽമാത്രമെ ബോദ്ധ്യമാകയുള്ളു. അതുപോലെ സംസാരത്തിന്റെ മിഥ്യാത്വവും ബോധിക്കണമെങ്കിൽ അജ്ഞാനനിദ്രയിൽനിന്നുണരണം. വിഷയാനുചിന്തനത്തിൽനിന്നു മനസ്സിനെ നിയന്ത്രിക്കുകയാണു് ആ ഉണർവ്വിന്നുള്ള വഴിയെന്നു താഴെ പറയുന്നു.

5 അത ഏവ ശനൈശ്ചിത്തം പ്രസക്തമസതാം പഥി
ഭക്തിയോഗേന തീവ്രേണ വിരക്ത്യാ ച നയേദ്വശം

| | |
|---|---|
| അതഃ ഏവ | ആയതുകൊണ്ടു് |
| അസതാം | കൊള്ളരുതാത്തവയുടെ |
| പഥി | മാർഗ്ഗത്തിൽ |
| പ്രസക്തം | പററിച്ചേർന്നുഴലുന്ന |
| ചിത്തം | മനസ്സിനെ |
| തീവ്രേണ | ബലവത്തായ |
| ഭക്തിയോഗേന | ഭക്തിയോഗംകൊണ്ടും |
| വിരക്ത്യാ ച | വൈരാഗ്യംകൊണ്ടും |
| ശനൈഃ | മെല്ലെമെല്ലെ |
| വശം നയേത് | നിയന്ത്രിച്ചുവരികയാണു് വേണ്ടതു് |

ഭക്തിയും വിരക്തിയും മനസ്സിൽ ദൃഢമായുറക്കുവാൻ വേണ്ടതെന്തെന്നു് വിവരിച്ചു് ജ്ഞാനത്താൽ മുക്തിയുണ്ടാകുന്ന പ്രകാരത്തെ 6 ശ്ലോകംകൊണ്ടു് കാണിക്കുന്നു.

6 യമാദിഭിർയോഗപഥൈരഭ്യസൻ ശ്രദ്ധയാന്വിതഃ
മയി ഭാവേന സത്യേന മത്കഥാശ്രവണേന ച

7 സർവ്വഭൂതസമത്വേന നിർവൈരേണാപ്രസംഗതഃ
ബ്രഹ്മചര്യേണ മൌനേന സ്വധർമ്മേണ ബലീയസാ.

8 യദൃച്ഛയോപലബ്ധേന സന്തുഷ്ടോ മിതഭുങ്മുനിഃ
വിവിക്തശരണഃ ശാന്തോ മൈത്രഃ കരുണ ആത്മവാൻ.

9 സാനുബന്ധേ ച ദേഹേഽസ്മിന്നകുർവ്വന്നസദാഗ്രഹം
ജ്ഞാനേന ദൃഷ്ടതത്ത്വേന പ്രകൃതേഃ പുരുഷസ്യ ച.

10 നിവൃത്തബുദ്ധ്യവസ്ഥാനോ ദൂരീഭൂതാന്യദർശനഃ
ഉപലഭ്യാത്മനാത്മാനം ചക്ഷുഷേവാർക്കമാത്മദൃൿ

11 മുക്തലിംഗം സദാഭാസമസതി പ്രതിപദ്യതേ
സതോ ബന്ധുമസച്ചക്ഷുഃ സർവ്വാനുസ്യൂതമദ്വയം.

| | |
|---|---|
| ശ്രദ്ധയാ | ശ്രദ്ധയോടു |
| അന്വിതഃ | കൂടിയിരുന്നു് |
| യമാദിഭിഃ | യമം, നിയമം മുതലായ |
| യോഗപഥൈഃ | യോഗമാർഗ്ഗങ്ങളാൽ |
| അഭ്യസൻ | പരിശീലിച്ചുകൊണ്ടും, |
| മയി | എന്നിൽ |
| സത്യേന | നിഷ്കപടമായ |
| ഭാവേന | പ്രേമത്തോടും |
| മത്കഥാശ്രവണേന ച | എന്നെ സംബന്ധിച്ച കഥകളുടെ ശ്രവണത്തോടും |
| സർവ്വഭൂതസമത്വേന | സർവ്വചരാചരങ്ങളിലും സമഭാവനയോടും |
| നിർവൈരേണ | ആരിലും ശത്രുതയില്ലാത്ത ശീലത്തോടും |
| അപ്രസംഗതഃ | ആസക്തിയില്ലായ്മയോടും |
| ബ്രഹ്മചര്യേണ | ബ്രഹ്മചര്യനിഷ്ഠയോടും |
| മൌനേന | മൌനവ്രതത്തോടും |
| ബലീയസാ | ഈശ്വരാർപ്പിതമായ |
| സ്വധർമ്മേണ ച | സ്വധർമ്മാചരണത്തോടുംകൂടി |
| യദൃച്ഛയാ | ദൈവേച്ഛയാൽ |
| ഉപലബ്ധേന | കിട്ടിയതുകൊണ്ടു് |
| സന്തുഷ്ടഃ | സന്തോഷമാർന്നുകൊണ്ടും, |
| മിതഭുക് | മിതഭോജിയായി— |

| | |
|---|---|
| മുനിഃ | മനനശീലനായി— |
| വിവിക്തശരണഃ | ഏകാന്തവാസിയായി— |
| ശാന്തഃ | പ്രശാന്തമനസ്സായി— |
| മൈത്രഃ | സർവ്വപ്രാണികളുടേയും സുഹൃത്തായി— |
| കരുണഃ | ദയാവാനായി— |
| ആത്മവാൻ | ധീരനായി വർത്തിച്ചുകൊണ്ടും |
| സാനുബന്ധ | പുത്രപൌത്രാദികളോടുകൂടിയ |
| അസ്മിൻ ദേഹേ | ഈ ശരീരത്തിൽ |
| അസദാഗ്രഹം | ഞാനെന്നും എന്റേതെന്നുമുള്ള മിഥ്യാബോധത്തെ |
| ആകുർവ്വൻ | ചെയ്യാതിരുന്നുകൊണ്ടും, |
| പ്രകൃതേഃ | പ്രകൃതിയുടേയും |
| പുരുഷസ്യ ച | പുരുഷന്റേയും |
| ദൃഷ്ടതത്ത്വേന | യാഥാർത്ഥ്യം കണ്ടെത്തിയ |
| ജ്ഞാനേന | ജ്ഞാനത്താൽ |
| നിവൃത്തബുദ്ധ്യവസ്ഥാനഃ | ബുദ്ധിയുടെ ജാഗ്രദാദ്യവസ്ഥാഭേദങ്ങളില്ലാത്തവനായി |
| ദൂരീഭൂതാന്യദർശനഃ | അകന്നൊഴിഞ്ഞ അന്യദർശനത്തോടുകൂടിയിരുന്നുകൊണ്ടും |
| ചക്ഷുഷാ | നേത്രേന്ദ്രിയത്തെന്ന അവച്ഛിന്നമായ സൂര്യനെക്കൊണ്ടു് |
| അർക്കം ഇവ | സാക്ഷാൽ സൂര്യനെ എന്നപോലെ |
| ആത്മനാ | അഹംകാരോപാധിയാൽ അവച്ഛിന്നമായ ആത്മാവിനെക്കൊണ്ടു് |
| ആത്മാനം | ശുദ്ധമായ ആത്മാവിനെ |
| ഉപലഭ്യ | കണ്ടെത്തി, |
| ആത്മദൃക് | ആ ആത്മാവിൽ ദൃഷ്ടിയുറച്ച സാധകൻ |
| മുക്തലിംഗം | ഉപാധിരഹിതവും |
| അസതി | അസത്തിൽ |
| സദാഭാസം | സത്തായിട്ടു് ആഭാസിക്കുന്നതും |
| സതഃ | മൂലപ്രകൃതിയുടെ |
| ബന്ധും | അധിഷ്ഠാതാവും |
| അസച്ചക്ഷുഃ | കാര്യപ്രപഞ്ചത്തിന്റെ പ്രകാശകവും |
| സർവ്വാനുസ്യൂതം | സർവ്വത്ര വ്യാപിച്ചിരിക്കുന്നതുമായ |
| അദ്വയം | അഖണ്ഡബ്രഹ്മത്തെ |
| പ്രതിപദ്യതേ | പ്രാപിക്കുന്നു. |

അഹംകാരോപഹിതമായ ആത്മാവുകൊണ്ടു് ശുദ്ധാത്മദർശനം സാധിക്കുന്നതെങ്ങനെയെന്നുള്ളതു് സോദാഹരണം വ്യക്തമാക്കുന്നു—

12 യഥാ ജലസ്ഥ ആഭാസഃ സ്ഥലസ്ഥേനാവദൃശ്യതേ
സ്വാഭാസേന തഥാ സൂര്യോ ജലസ്ഥേന ദിവി സ്ഥിതഃ

13 ഏവം ത്രിവൃദഹംകാരോ ഭൂതേന്ദ്രിയമനോമയൈഃ
സ്വാഭാസൈർലക്ഷിതോഽനേന സദാഭാസേന സത്യദൃക്

| | |
|---|---|
| യഥാ | ഏതുവിധം |
| ജലസ്ഥഃ | ജലത്തിൽ സ്ഥിതിചെയ്യുന്ന |
| ആഭാസഃ | സൂര്യപ്രതിബിംബം |
| സ്ഥലസ്ഥേന | സ്ഥലത്തിൽ സ്ഥിതിചെയ്യുന്ന |
| സ്വാഭാസേന | അതിന്റെ പ്രതിബിംബംകൊണ്ടും, |
| ദിവി | ആകാശത്തിൽ |
| സ്ഥിതഃ | സ്ഥിതിചെയ്യുന്ന |
| സൂര്യഃ | സാക്ഷാൽ സൂര്യൻ |
| ജലസ്ഥേന | ജലത്തിൽ സ്ഥിതിചെയ്യുന്ന |

| | |
|---|---|
| തഥാ | ആയതിന്റെ പ്രതിബിംബംകൊണ്ടും, |
| അവദൃശ്യതേ | കണ്ടറിയപ്പെടുന്നുവോ, |
| ഏവം | ആ വിധത്തിൽ |
| ത്രിവൃത് | ഗുണത്രയോപഹിതമായി- |
| അഹംകാരഃ | അഹംതത്ത്വാവച്ഛിന്നമായിരിക്കുന്ന ജീവാത്മാഭാസം |
| ഭൂതേന്ദ്രിയ-മനോമയൈഃ | ഭൂതങ്ങൾ-ഇന്ദ്രിയങ്ങൾ--അന്തഃകരണം എന്നീ രൂപത്തിലുള്ള |
| സ്വാഭാസൈഃ | അതിന്റെ പ്രതിച്ഛായകൾകൊണ്ടും |
| സത്യദൃക് | പരമാർത്ഥവിജ്ഞാനതത്ത്വമായ ആത്മചൈതന്യം |
| സദാഭാസേന | ആ ബ്രഹ്മത്തിന്റെ പ്രതിഫലനം ഉൾക്കൊണ്ടിരിക്കുന്ന |
| അനേന | ഈ ജീവാത്മാഭാസത്താലും |
| ലക്ഷിതഃ | സാക്ഷാൽക്കരിക്കപ്പെട്ടതായിഭവിക്കുന്നു. |

ജലത്തിൽ പ്രതിഫലിച്ച സൂര്യബിംബത്തിന്റെ പ്രതിച്ഛായ ഗൃഹഭിത്തിയിൽ നിഴലിക്കുമ്പോൾ ഗൃഹാന്തഃസ്ഥിതനായ വ്യക്തി ആദ്യം ആ നിഴലിപ്പു കണ്ടു് ജലത്തിലുള്ള സൂര്യപ്രതിബിംബത്തേയും തദ്വാരാ ആകാശത്തിലുള്ള സാക്ഷാൽ സൂര്യനേയും അവബോധിക്കുമല്ലോ. ഇതുപോലെ സാധകൻ ആദ്യം പ്രകൃതികാര്യങ്ങളായ ഭൂതേന്ദ്രിയാന്തഃകരണങ്ങളിൽ വ്യാപ്തമായ ആത്മാഭാസം കണ്ടു്, ആയതിലൂടെ അതിന്നാധാരമായ അഹംതത്ത്വാവച്ഛിന്നമായ ജീവാത്മസ്വരൂപത്തേയും, പിന്നെ അതിന്നാസ്പദമായ വിശുദ്ധപരമാത്മസ്വരൂപത്തേയും സാക്ഷാൽക്കരിക്കുന്നതാണു്. ഇങ്ങനെ പ്രകൃതിവിവേകവിജ്ഞാനംകൊണ്ടു് ആത്മദർശനം സാധിക്കാമെന്നു് സാരം—

സുഷുപ്ത്യവസ്ഥയിൽ സാക്ഷിത്വേന നിലകൊള്ളുന്ന ശുദ്ധാത്മതത്ത്വത്തിന്റെ അവബോധത്തെ താഴെ മൂന്നുശ്ലോകംകൊണ്ടു പറയുന്നു.

14 ഭൂതസൂക്ഷ്മേന്ദ്രിയമനോബുദ്ധ്യാദിഷ്വിഹ നിദ്രയാ
ലീനേഷ്വസതി യസ്തത്ര വിനിദ്രോ നിരഹംക്രിയഃ

15 മന്യമാനസ്തദാത്മാനമനഷ്ടോ നഷ്ടവന്മൃഷാ
നഷ്ടേഽഹംകരണേ ദ്രഷ്ടാ നഷ്ടവിത്ത ഇവാതുരഃ

16 ഏവം പ്രത്യവമൃശ്യാസാവാത്മാനം പ്രതിപദ്യതേ
സാഹംകാരസ്യ ദ്രവ്യസ്യ യോഽവസ്ഥാനമനുഗ്രഹഃ.

| | |
|---|---|
| ഇഹ | ഇങ്ങുള്ള |
| ഭൂതസൂക്ഷ്മേ-ന്ദ്രിയമനോ-ബുദ്ധ്യാദിഷു | ഭൂതങ്ങൾ-സൂക്ഷ്മങ്ങൾ (തന്മാത്രങ്ങൾ)-ഇന്ദ്രിയങ്ങൾ-മനസ്സ്-ബുദ്ധി മുതലായവ |
| നിദ്രയാ | നിദ്രഹേതുവായിട്ടു് |
| അസതി | അസത്തിന്നു തുല്യമായ അവ്യാകൃതത്തിൽ |
| ലീനേഷു | ലയിച്ചിരിക്കുമ്പോൾ |
| യഃ | യാതൊരു ആത്മതത്ത്വം |
| തദാ | അന്നേരത്തു് |
| തത്ര | അവിടെ |
| വിനിദ്രഃ | നിദ്രയില്ലാതേയും |
| നിരഹംക്രിയഃ | അഹംഭാവനയില്ലാതെയും നിന്നുകൊണ്ടു്, |

| | |
|---|---|
| അഹംകരണേ നഷ്ടേ സതി | അഹംഭാവനയെന്നതു് നശിച്ചിരിക്കവേ, |
| ദ്രഷ്ടാ | സാക്ഷിഭൂതനായ താൻ |
| അനഷ്ടഃ | നശിച്ചിട്ടില്ലെങ്കിലുംകൂടി |
| നഷ്ടവിത്തഃ ഇവ | നഷ്ടധനനായ ഒരാൾ സ്വയം നഷ്ടനായെന്നു കരുതുന്ന വിധം |
| ആത്മാനം | തന്നേയുംകൂടി |
| നഷ്ടവത് | നശിച്ചിരിക്കുന്നപോലെ |
| മൃഷാ | വ്യർത്ഥമായി |
| മന്യമാനഃ | കരുതിക്കൊണ്ടു് |
| ആതുരഃ | വിവശനായിഭവിക്കുന്നു |
| അസൌ | ഈ പുരുഷൻ (അഹംകാരോപാധിയുക്തനായ ജീവൻ) |
| ഏവം | ഇപ്രകാരം |
| പ്രത്യവമൃശ്യ | പര്യാലോചിച്ചു്, |
| സാഹംകാരസ്യ | അഹംഭാവനയോടു കൂടിയ |
| ദ്രവ്യസ്യ | കാര്യകാരണാത്മക പദാർത്ഥത്തിനു് |
| അവസ്ഥാനം | അവലംബവും |
| അനുഗ്രഹഃ | പ്രകാശകവുമായി |
| യഃ | യാതൊന്നു് വർത്തിക്കുന്നുവോ |
| (തം)ആത്മാനം | ആ ശുദ്ധാത്മതത്ത്വത്തെ |
| പ്രതിപദ്യതേ | പ്രാപിക്കുന്നു. |

ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി ഇങ്ങനെ മൂന്നവസ്ഥകളുണ്ടല്ലോ. ഇവയിൽ ജാഗ്രത്തിലും സ്വപ്നത്തിലും പ്രസ്ഫുടമായി ഭോക്തൃത്വേന അവഭാസിക്കുന്ന ആത്മാവു് സുഷുപ്തിയിൽ ഭോക്തൃത്വദശയെ അതിലംഘിച്ചു് സാക്ഷിയായിനില്ക്കുന്നതേയുള്ളു. അതായതു്, ആത്മാവു് സച്ചിത്സ്വരൂപേണ താത്ത്വികമായിട്ടുമാത്രം വർത്തിക്കുന്നു. എന്തെന്നാൽ, അഹംകാരത്തിനു താങ്ങായിനില്ക്കുന്ന ഭൂതസൂക്ഷ്മേന്ദ്രിയാന്തഃകരണങ്ങൾ കാരണത്തിൽ വിലയിച്ചിരിക്കുന്ന അവസ്ഥയാണിതു്. അന്നേരത്തു് അഹംകാരമില്ല. അതിനാൽ ആത്മാവിന്റെ സ്ഫുടാനുഭൂതിയുമില്ല, എങ്കിലും ഈ സുഷുപ്തിയിൽ ആത്മാവിന്റെ അവ്യക്തസ്ഫുരണമുണ്ടു്. "ഞാൻ സുഖമായിട്ടുറങ്ങി; ഒന്നും അറിഞ്ഞതേയില്ല." എന്ന തോന്നൽ പിന്നെ വരുന്നുണ്ടല്ലോ. അതുകൊണ്ടു് സജ്ജനദശയിൽ വ്യക്തീഭാവമാനും, ലയനദശയിൽ അവ്യക്തീഭാവമാനും, ആത്മവസ്തു നിലകൊള്ളുന്നുവെന്നു ധരിച്ചുകൊള്ളണം. ഇങ്ങനെ നിരുപാധികവും അവ്യക്തവും, എന്നാൽ ഉപാധിവ്യക്തികൾക്കു് അവലംബവുമായ ശുദ്ധാത്മതത്ത്വത്തെ അറിയുകയാണു് ജീവന്റെ സംസാരമുക്തി.

ഭക്തിവിരക്തികളിലൂടെ ഈ വിവേകമുണ്ടായാലും സംസാരമുക്തി സിദ്ധിക്കുന്നതെങ്ങനെ ? പ്രകൃതിപുരുഷന്മാരുടെ സഹവർത്തിത്വം നിത്യമാണെന്നിരിക്കേ, പുരുഷൻ പ്രകൃതിയിൽനിന്നു് മുക്തനാകുമോ എന്നു് ആശങ്കിച്ചു ദേവഹൂതി ചോദിക്കുന്നു.

ദേവഹൂതിരുവാച — ദേവഹൂതി പറഞ്ഞു:

17 പുരുഷം പ്രകൃതിർബ്രഹ്മൻ ന വിമുഞ്ചതി കർഹിചിത്
അന്യോന്യാപാശ്രയത്വാച്ച നിത്യത്വാദനയോഃ പ്രഭോ

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ ! |
| പ്രഭോ | മഹാത്മൻ ! |
| പ്രകൃതിഃ | പ്രകൃതി (ഗുണാത്മകമായ പ്രധാനതത്ത്വം |
| പുരുഷം | പുരുഷനെ (ഗുണാതീതമായ ആത്മതത്ത്വം) |
| അനയോഃ | ഇവകൾ രണ്ടിനും |

| | | | |
|---|---|---|---|
| അന്യോന്യാ-പാശ്രയത്വാത് | പരസ്പരാശ്രയിത്വം ഉള്ളതുകൊണ്ടും | കർഹിചിത് | ഒരുവിധത്തിലും, ഒരിക്കലും |
| നിത്യത്വാത് ച | ശാശ്വതസ്ഥിതിയുള്ളതുകൊണ്ടും | ന വിമുഞ്ചതി | വിട്ടുപിരിയുന്നതല്ലല്ലോ |

18 യഥാ ഗന്ധസ്യ ഭൂമേശ്ച ന ഭാവോ വ്യതിരേകതഃ
അപാം രസസ്യ ച യഥാ തഥാ ബുദ്ധേഃ പരസ്യ ച

| | | | |
|---|---|---|---|
| ഗന്ധസ്യ | ഗന്ധത്തിനും | യഥാ | എപ്രകാരം |
| ഭൂമേഃ ച | ഭൂമിക്കും, | (വ്യതിരേകതഃ | വേറിട്ടുനിന്നുള്ള |
| യഥാ | എപ്രകാരം | ഭാവഃ ന) | സത്തയില്ലയോ, |
| വ്യതിരേകതഃ | വേറിട്ടുനിന്നുള്ള | തഥാ | അപ്രകാരം |
| ഭാവഃ ന | സത്തയില്ലയോ, | ബുദ്ധേഃ | പ്രകൃതിക്കും |
| അപാം | ജലത്തിനും | പരസ്യ ച | പുരുഷനും (വേറിട്ടുനില്ക്കുന്ന നിലപാട് ഉണ്ടാകയില്ല) |
| രസസ്യ ച | രസത്തിനും | | |

പ്രകൃതിയും പുരുഷനും തമ്മിലുള്ള ചേർച്ച നിത്യമാണ്. പ്രകൃതിയുടെ സ്വരൂപധാരണത്തിന്നു പുരുഷനും, പുരുഷൻെറ അഭിവ്യക്തിക്കു പ്രകൃതിയും വേണം. മണ്ണും മണവുംപോലെയും-ജലവും രസവുംപോലെയുമുള്ള പരസ്പരാശ്രയത്വമാണ് പ്രകൃതിപുരുഷന്മാക്കുള്ളതു്. അതിനാൽ പുരുഷൻ മുക്തനാകുന്നതെങ്ങനെ എന്നു് ആശങ്കിച്ചു ചോദിക്കുന്നു.

19 അകർത്തുഃ കർമ്മബന്ധോऽയം പുരുഷസ്യ യദാശ്രയഃ
ഗുണേഷു സത്സു പ്രകൃതേഃ കൈവല്യം തേഷ്വതഃ കഥം

| | | | |
|---|---|---|---|
| അകർത്തുഃ | കർത്തൃത്വമില്ലാത്ത | തേഷു ഗുണേഷു | ആ പ്രകൃതിഗുണങ്ങൾ |
| പുരുഷസ്യ | പുരുഷന് | സത്സു | എപ്പോഴും ഉണ്ടായിരിക്കെ, |
| അയം കർമ്മബന്ധഃ | ഈ കർമ്മസംബന്ധം | പ്രകൃതേഃ | പ്രകൃതിയിൽനിന്നു് |
| യദാശ്രയഃ | യാവചില പ്രകൃതിഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നുവോ, | കൈവല്യം | വിട്ടുനില്ക്കുക എന്നതു് |
| | | അതഃ കഥം | ആകയാൽ എങ്ങനെ ? |

പുരുഷൻ പ്രകൃതിയിൽനിന്നു് ആത്യന്തികമായി വേറിടാത്തതുകൊണ്ടു് ആത്മാവിൻെറ സംസാരമുക്തിയും നിത്യമല്ലെന്നു പറയുന്നു.

20 കചിത്തത്ത്വാവമർശേന നിവൃത്തം ഭയമുല്ബണം
അനിവൃത്തനിവൃത്തത്വാത് പുനഃ പ്രത്യവതിഷ്ഠതേ.

| | | | |
|---|---|---|---|
| കചിത് | ചിലനേരത്തു് | നിവൃത്തം | നീങ്ങിപ്പോയ |
| തത്ത്വാവമർശേന | തത്ത്വവിചാരത്താൽ | ഉല്ബണം | ഉഗ്രമായ |
| | | ഭയം | സംസാരഭയം |

| | | | |
|---|---|---|---|
| അനിവൃത്ത നിമിത്തത്വാത് | തത്കാരണങ്ങളാം നീങ്ങി പ്പോകാത്തതുകൊണ്ടു് | പുനഃ | വീണ്ടും |
| | | പ്രത്യവതിഷ്ഠതേ | വന്നണയുന്നു. |

ആത്മാവിന്നു് പ്രകൃതിയോടുള്ള സംബന്ധം മാത്രമല്ല സംസൃതിക്കുകാരണം. അതിൽ ഗുണബുദ്ധിയാൽ ആത്മാവു് ആസക്തമാകുന്നതാണു് സംസാരബന്ധത്തിന്നു് നിമിത്തമാവുന്നതു്. ആസക്തി വിട്ടുപോയാൽ മുക്തിയുണ്ടാകും. എന്നാൽ ഒരിക്കൽ വിട്ടുപോയ ആസക്തി വീണ്ടും ഉണ്ടായിവരുന്നതു എങ്ങനെ ? അതു് സാധനകളുടെ വൈകല്യംകൊണ്ടാകുന്നു, അതിനാൽ താഴെ പറയുംപ്രകാരമുള്ള സാധനകളാൽ പ്രകൃതിയെ ജയിച്ചുകൊള്ളണമെന്നു് മൂന്നുശ്ലോകത്താൽ നിർദ്ദേശിച്ചുകൊണ്ടു ഭഗവാൻ ഉത്തരംപറയുന്നു

ശ്രീഭഗവാനുവാച = ശ്രീഭഗവാനരുളിച്ചെയ്തു:

21 അനിമിത്തനിമിത്തേന സ്വധർമ്മേണാമലാത്മനാ
തീവ്രയാ മയി ഭക്ത്യാ ച ശ്രുതസംഭൃതയാ ചിരം.

22 ജ്ഞാനേന ദൃഷ്ടതത്ത്വേന വൈരാഗ്യേണ ബലീയസാ
തപോയുക്തേന യോഗേന തീവ്രേണാത്മസമാധിനാ

23 പ്രകൃതിഃ പുരുഷസ്യേഹ ദഹ്യമാനാ ത്വഹർനിശം
തിരോഭവിത്രീ ശനകൈരഗ്നേർയോനിരിവാരണിഃ

| | | | |
|---|---|---|---|
| അനിമിത്ത-നിമിത്തേന | ഫലാകാംക്ഷയാൽ പ്രവൃത്തിതമല്ലാത്ത (നിഷ്കാമമായ) | യോഗേന | ധ്യാനയോഗത്താലും, |
| സ്വധർമ്മേണ | സ്വധർമ്മാചരണത്താലും | തീവ്രേണ | അചഞ്ചലമായ |
| അമലാത്മനാ | നിർമ്മലമായ അന്തഃകരണത്താലും, | ആത്മ-സമാധിനാ | ആത്മസംയമനത്തിന്റെ പരിശീലനത്താലും |
| ചിരം | ദീർഘകാലത്തെ | അഹർനിശം | ഏതുനേരത്തും |
| ശ്രുതസംഭൃതയാ | ഭഗവൽകഥാശ്രവണത്താൽ പ്രവൃദ്ധമായി | ദഹ്യമാനാ തു | ദഹിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായാൽ |
| തീവ്രയാ | ദൃഢീഭവിച്ച | പുരുഷസ്യ | ആത്മാവിനെ സംബന്ധിച്ചുള്ള |
| മയി | എന്നിലുള്ള | പ്രകൃതിഃ | പ്രകൃതി (അവിദ്യ) |
| ഭക്ത്യാ ച | ഭക്തിയാലും | അഗ്നേഃ | അഗ്നിയുടെ |
| ദൃഷ്ടതത്ത്വേന | തത്ത്വദർശനത്തോടുകൂടി | യോനിഃ | ഉൽപത്തിസ്ഥാനമായ |
| ജ്ഞാനേന | ജ്ഞാനത്താലും [യ | അരണിഃ ഇവ | അരണിയെന്നപോലെ |
| ബലീയസാ | ബലവത്തരമായ | ഇഹ | ഇവിടെവെച്ചുതന്നെ |
| വൈരാഗ്യേണ | വൈരാഗ്യത്താലും, | ശനകൈഃ | സാവകാശത്തിൽ |
| തപോയുക്തേന | തപസ്സോടുകൂടിയ | തിരോഭവിത്രീ | അപ്രത്യക്ഷമായതായി ഭവിച്ചുകൊള്ളും. |

അതു പിന്നെ പ്രത്യക്ഷീഭവിക്കയില്ലെന്നു പറയുന്നു.

24 ഭുക്തഭോഗാ പരിത്യക്താ ദൃഷ്ടദോഷാ ച നിത്യശഃ
നേശ്വരസ്യാശുഭം ധത്തേ സ്വേ മഹിമ്നി സ്ഥിതസ്യ ച

| | | | |
|---|---|---|---|
| ഭുക്തഭോഗാ | ഭോഗങ്ങൾ അനുഭവിച്ചു കഴിഞ്ഞതും | സ്വേ | സ്വകീയമായ |
| പരിത്യക്താ | ഉപേക്ഷിക്കപ്പെട്ടതും | മഹിമ്നി | ആനന്ദമഹിമയിൽ |
| നിത്യശഃ | നിരന്തരമായി | സ്ഥിതസ്യ ച | നിലയുറച്ചവനും |
| ദൃഷ്ടദോഷാ ച | ദോഷങ്ങളുള്ളതായി കണ്ടിട്ടുള്ളതുമായ ആ പ്രകൃതി | ഈശ്വരസ്യ | സ്വതന്ത്രനുമായ ആത്മാവിന്ന് |
| | | അശുഭം | അനർത്ഥത്തെ |
| | | ന ധത്തേ | വരുത്തിവെക്കുകയില്ല. |

അവിവേകാവസ്ഥയിൽ അനർത്ഥഹേതുവാണെങ്കിലും വിവേകാനന്ദാവസ്ഥയിലെത്തിയാൽ പിന്നെ പ്രകൃതി അനർത്ഥകാരിണിയാകയില്ലെന്നു സദൃഷ്ടാന്തം രണ്ടുശ്ലോകത്താൽ പറയുന്നു.

25 യഥാ ഹ്യപ്രതിബുദ്ധസ്യ പ്രസ്വാപോ ബഹ്വനർത്ഥഭൃത്
സ ഏവ പ്രതിബുദ്ധസ്യ ന വൈ മോഹായ കല്പതേ

26 ഏവം വിദിതതത്ത്വസ്യ പ്രകൃതിർമ്മയി മാനസം
യുഞ്ജതോ നാപകുരുത ആത്മാരാമസ്യ കർഹിചിത്

| | | | |
|---|---|---|---|
| പ്രസ്വാപഃ | സ്വപ്നദർശനം, | ന കല്പതേ | ഉതകുന്നില്ല |
| അപ്രതിബുദ്ധസ്യ | ഉറക്കത്തിൽനിന്നു് ഉണരാത്തവനെ സംബന്ധിച്ചിടത്തോളം | യഥാ ഹി | ഇതേതുപോലെയോ |
| ബഹ്വനർത്ഥഭൃത് | പലതരം മനഃപ്രയാസങ്ങളെ ഉണ്ടാക്കുന്നു; | ഏവം | അതുപോലെ |
| സഃ ഏവ | അതുതന്നെ | പ്രകൃതിഃ | പ്രകൃതി |
| പ്രതിബുദ്ധസ്യ | ഉണർന്നവനെ സംബന്ധിച്ചിടത്തോളം | വിദിതതത്ത്വസ്യ | അറിയപ്പെട്ട തത്ത്വത്തോടുകൂടിയവനായും |
| വൈ | ഒട്ടുമേ | മയി മാനസം | എന്നിൽ ചിത്തം |
| മോഹായ | മനഃപ്രയാസത്തിന്നു് | യുഞ്ജതഃ | ചേർത്തുള്ളവനായും |
| | | ആത്മാരാമസ്യ | ആത്മാവിൽ രമിച്ചവനായും വർത്തിക്കുന്നവന്നു് |
| | | കർഹിചിത് | ഒരിക്കലും |
| | | ന അപകുരുതേ | അനർത്ഥം വരുത്തുകയില്ല |

ഈ പ്രകൃതം ഉപസംഹരിക്കുന്നു—

27 യദൈവമധ്യാത്മരതഃ കാലേന ബഹുജന്മനാ
സർവ്വത്ര ജാതവൈരാഗ്യ ആബ്രഹ്മഭുവനാന്മുനിഃ

28 മദ്ഭക്തഃ പ്രതിബുദ്ധാർത്ഥോ മത്പ്രസാദേന ഭൂയസാ
നിഃശ്രേയസം സ്വസംസ്ഥാനം കൈവല്യാഖ്യം മദാശ്രയം

29 പ്രാപ്നോതീഹാഞ്ജസാ ധീരഃ സ്വദൃശാ ച്ഛിന്നസംശയഃ
യദ്ഗത്വാ ന നിവർത്തേത യോഗീ ലിംഗാദ്വിനിർഗമേ

| | |
|---|---|
| യദാ ഏവം | എപ്പോഴാ, ഇങ്ങനെ |
| അധ്യാത്മരതഃ | അധ്യാത്മവിഷയങ്ങളിൽ ഉത്സുകനായി ഭവിക്കുന്നുവോ അപ്പോഴാ |
| ബഹുജന്മനാ | അനേകജന്മംകൊണ്ടുണ്ടായ സംസ്കാരംകൊണ്ടു |
| കാലേന | കാലത്താൽ |
| ആബ്രഹ്മഭുവനാത് | ബ്രഹ്മലോകംവരേക്കും ഉള്ള |
| സർവ്വത്ര | എല്ലാ ലോകത്തിലും |
| ജാതവൈരാഗ്യഃ | വിരക്തിയുണ്ടായിക്കഴിഞ്ഞ |
| മദ്ഭക്തഃ | എന്റെ ഭക്തനായ |
| മുനിഃ | സാധകൻ |
| ഭൂയസാ | മഹത്തായുള്ള |
| മത്പ്രസാദേന | എന്റെ പ്രസാദത്താൽ |
| പ്രതിബുദ്ധാത്മഃ | ആത്മതത്ത്വാവബോധം നേടിയവനായി |
| കൈവല്യാഖ്യം | കൈവല്യം എന്നു പറഞ്ഞുവരുന്നതും |
| മദാശ്രയം | എന്നെ ആശ്രയിച്ചുള്ളതും |
| സ്വസംസ്ഥാനം | സ്വസ്വരൂപമായിരിക്കുന്നതുമായ |
| നിഃശ്രേയസം | പരമമംഗളത്തെ |
| ഇഹ | ഇജ്ജന്മത്തിൽതന്നെ |
| അഞ്ജസാ | നിഷ്പ്രയാസം |
| പ്രാപ്നോതി | പ്രാപിക്കുന്നു. |
| സ്വദൃശാ | ആത്മവീക്ഷണത്താൽ |
| ഛിന്നസംശയഃ | മിഥ്യാബോധം അററുപോയ |
| ധീരഃ | സ്ഥിരപ്രജ്ഞനായ |
| യോഗീ | യോഗി |
| ലിംഗാത് | കാരണശരീരത്തിൽനിന്നു് |
| വിനിർഗമേ | വിട്ടുപോയതിൽപിന്നെ |
| യത് | യാതൊരു ഈ നിഃശ്രേയസത്തെ |
| ഗത്വാ | പ്രാപിച്ചു്, |
| ന നിവർത്തേത | സംസാരത്തിലേക്കു് തിരികെ വരുന്നതല്ല. |

30 യദാ ന യോഗോപചിതാസു ചേതോ
മായാസു സിദ്ധസ്യ വിഷജ്ജതേഽംഗ
അനന്യഹേതുഷ്വഥ മേ ഗതിഃ സ്യാ-
ദാത്യന്തികീ യത്ര ന മൃത്യുഹാസഃ

| | |
|---|---|
| അംഗ | അല്ലയോ മാതാവേ! |
| യോഗോപചിതാസു | യോഗമഹിമയാൽ വളർന്നുവന്നവയും |
| അനന്യഹേതുഷു | മററു കാരണത്തോടു കൂടാത്തവയുമായ |
| മായാസു | മായികസിദ്ധികളിൽ |
| സിദ്ധസ്യ | സിദ്ധന്റെ |
| ചേതഃ | മനസ്സു് |
| യദാ | എപ്പോഴത്തു |
| ന വിഷജ്ജതേ | പതിയാതിരിക്കുന്നുവോ, |
| അഥ | അന്നേരത്തു് |
| ആത്യന്തികീ | വിനാശരഹിതമായ |
| മേ ഗതിഃ | എന്റെ സായൂജ്യപ്രാപ്തി |
| സ്യാത് | സംഭവിക്കും |
| യത്ര | യാതൊന്നിൽ |
| മൃത്യുഹാസഃ | മൃത്യുദേവതയുടെ അട്ടഹാസം |
| ന | സംഭാവ്യമല്ല. |

സിദ്ധയോഗിയായവൻ മായികങ്ങളായ അണിമാദിസിദ്ധികളിൽ ആസക്തനായാൽ മൃത്യുവശ്യനായേക്കും. ഈ സിദ്ധികളിൽക്കൂടി മനസ്സു പതിയാതെ നിഃസംഗനായാൽ അവനെ മൃത്യു സമീപിക്കുന്നതല്ല. അവൻ മൃത്യുവിൽനിന്നും മുക്തനായിത്തീരും.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ കാപിലേയോപാഖ്യാനേ
സപ്തവിംശതിതമോഽദ്ധ്യായഃ ആദിതഃ ശ്ലോകാഃ 1161 ഇരുപത്തേഴാമദ്ധ്യായം കഴിഞ്ഞു.

## അഷ്ടാവിംശതിതമോഽദ്ധ്യായഃ = ഇരുപത്തെട്ടാമദ്ധ്യായം.

"അഷ്ടാവിംശേ തതോഽഷ്ടാംഗയോഗേന ധ്യാനശോഭിനാ
സർവ്വോപാധിവിനിർമ്മുക്തം സ്വരൂപജ്ഞാനമീര്യതേ"

### സബീജയോഗലക്ഷണവും ഭഗവാന്റെ പ്രത്യംഗധ്യാനക്രമവും

ഭക്തിയോഗത്തെ സംക്ഷേപിച്ചും സാംഖ്യത്തെ വിസ്തരിച്ചും പറഞ്ഞശേഷം അഷ്ടാംഗയോഗംവഴിക്കുള്ള സ്വരൂപജ്ഞാനസിദ്ധിയെ കുറിച്ച് കപിലഭഗവാൻ മാതാവായ ദേവഹൂതിയെ ഉപദേശിക്കുന്നു.

ശ്രീഭഗവാനുവാച — ശ്രീഭഗവാൻ അരുളിച്ചെയ്തു :

1 യോഗസ്യ ലക്ഷണം വക്ഷ്യേ സബീജസ്യ നൃപാത്മജേ
മനോ യേനൈവ വിധിനാ പ്രസന്നം യാതി സത്പഥം.

| | | | |
|---|---|---|---|
| നൃപാത്മജേ | രാജപുത്രി ! | യേന | യാതൊരു |
| സബീജസ്യ | ആലംബത്തോടുകൂടിയ | വിധിനാ ഏവ | വിധികൊണ്ടുതന്നെ |
| യോഗസ്യ | യോഗത്തിന്റെ | മനഃ | മനസ്സ് |
| ലക്ഷണം | സ്വരൂപത്തെ | പ്രസന്നം | ശുദ്ധമായിട്ട് |
| വക്ഷ്യേ | പറഞ്ഞുതരുന്നുണ്ട് | സത്പഥം | സത്യമാർഗ്ഗത്തെ |
| | | യാതി | പ്രാപിച്ചുകൊള്ളുന്നു. |

യോഗാംഗങ്ങളായ യമനിയമാസനാദികളെ ആദ്യം ചൂണ്ടിക്കാണിക്കുന്നു.

2 സ്വധർമ്മാചരണം ശക്ത്യാ വിധർമ്മാച്ച നിവർത്തനം
ദൈവാല്ലബ്ധേന സന്തോഷ ആത്മവിച്ചരണാർച്ചനം.

| | | | |
|---|---|---|---|
| ശക്ത്യാ | ശക്തിക്കനുസരിച്ച് | ദൈവാത് | ദൈവേച്ഛയാ |
| സ്വധർമ്മാചരണം | സ്വധർമ്മം ആചരിക്കുക | ലബ്ധേന | കിട്ടിയതുകൊണ്ട് |
| വിധർമ്മാത് ച | പരധർമ്മത്തിൽനിന്നും | സന്തോഷഃ | സന്തോഷിക്കുക, |
| നിവർത്തനം | വിട്ടകന്നിരിക്കുക, | ആത്മവിച്ചരണാർച്ചനം | ആത്മജ്ഞാനികളുടെ പാദപൂജചെയ്യുക, — |

(7-ാമത്തെ ശ്ലോകത്തോടു അന്വയിക്കണം)

3 ഗ്രാമ്യധർമ്മനിവൃത്തിശ്ച മോക്ഷധർമ്മരതിസ്തഥാ
മിതമേധ്യാദനം ശശ്വദ്വിവിക്തക്ഷേമസേവനം.

| | | | |
|---|---|---|---|
| തഥാ ച | അപ്രകാരം | മിതമേദ്ധ്യാദനം | മിതമായും ശുദ്ധമായുമുള്ള ഭക്ഷണം, |
| ഗ്രാമ്യധർമ്മ-നിവൃത്തിഃ | ത്രൈവർഗ്ഗികങ്ങളായ ധർമ്മങ്ങളിൽനിന്നുള്ള നിവൃത്തി, | ശശ്വ-ദ്വിവിക്ത-ക്ഷേമസേവനം | എപ്പോഴും ഏകാന്തവും നിർബ്ബാധവുമായ ഇടത്തിൽ വാസം,— |
| മോക്ഷധർമ്മരതിഃ | മോക്ഷധർമ്മങ്ങളിലുള്ള താത്പര്യം, | | |

4 അഹിംസാ സത്യമസ്തേയം യാവദർത്ഥപരിഗ്രഹഃ
ബ്രഹ്മചര്യം തപഃ ശൌചം സ്വാധ്യായഃ പുരുഷാർച്ചനം.

| | | | |
|---|---|---|---|
| അഹിംസാ | ഹിംസാശീലമില്ലായ്മ, | ബ്രഹ്മചര്യം | ബ്രഹ്മചര്യവ്രതം, |
| സത്യം | സത്യസന്ധത, | തപഃ | തപസ്സ്, |
| അസ്തേയം | പരസ്വം അപഹരിക്കാതിരിക്കൽ | ശൌചം | ബാഹ്യാഭ്യന്തരശുദ്ധി, |
| യാവദർത്ഥ-പരിഗ്രഹഃ | അത്യാവശ്യം വേണ്ടതു മാത്രം സ്വീകരിക്കൽ, | സ്വാധ്യായഃ | വേദാധ്യയനം, |
| | | പുരുഷാർച്ചനം | ഈശ്വരാരാധന, |

5 മൌനം സദാസനജയസ്ഥൈര്യം പ്രാണജയഃ ശനൈഃ
പ്രത്യാഹാരശ്ചേന്ദ്രിയാണാം വിഷയാന്മനസാ ഹൃദി

| | | | |
|---|---|---|---|
| സദാസന-ജയസ്ഥൈര്യം | സുഖാസനോപവേശം കൊണ്ടുള്ള സ്ഥിരത, | വിഷയാത് | വിഷയത്തിൽനിന്നു് |
| ശനൈഃ | സാവകാശത്തിൽ | മനസാ ച | മനസ്സോടുകൂടെ |
| പ്രാണജയഃ | പ്രാണായാമംകൊണ്ടുള്ള ശ്വാസോച്ഛ്വാസനിയന്ത്രണം. | ഇന്ദ്രിയാണാം | ഇന്ദ്രിയങ്ങളുടെ |
| | | ഹൃദി | ഹൃദയത്തിലേക്കുള്ള |
| | | പ്രത്യാഹാരഃ | സംഹാരണം, |

6 സ്വധിഷ്ണ്യാനാമേകദേശേ മനസാ പ്രാണധാരണം
വൈകുണ്ഠലീലാഭിധ്യാനം സമാധാനം തഥാത്മനഃ

| | | | |
|---|---|---|---|
| സ്വധിഷ്ണ്യാനാം | പ്രാണൻെറ സ്ഥാനങ്ങളായ മൂലാധാരാദികളിൽവെച്ച്, | പ്രാണധാരണം | പ്രാണനെ ഒതുക്കിനിർത്തൽ, |
| ഏകദേശേ | ഏതെങ്കിലും ഒരു സ്ഥാനത്തിൽ | വൈകുണ്ഠ-ലീലാഭിധ്യാനം | ഭഗവാനെയും ഭഗവല്ലീലകളേയും ധ്യാനിക്കൽ |
| മനസാ | മനസ്സോടുകൂടെ | തഥാ | അപ്രകാരം |
| | | ആത്മനഃ | മനസ്സിൻെറ |
| | | സമാധാനം | ആത്മാകാരതാധാനം— |

7 ഏതൈരന്യൈശ്ച പഥിഭിർമ്മനോ ദുഷ്ടമസത്പഥം
ബുദ്ധ്യാ യുഞ്ജീത ശനകൈർജ്ജിതപ്രാണോ ഹ്യതന്ദ്രിതഃ

| | | | |
|---|---|---|---|
| ഏതൈഃ | എന്നിവയാലും | ജിതപ്രാണഃ | പ്രാണനെ ജയിച്ചവനും |
| അന്യൈഃ ച | വേറെയും ഉള്ള | അതന്ദ്രിതഃ ഹി | ആലസ്യമില്ലാത്തവനുമായിട്ട് |
| പഥിഭിഃ | മാർഗ്ഗങ്ങളാലും | ശനകൈഃ | പതുക്കെപ്പതുക്കെ |
| അസത്പഥം | അസന്മാർഗ്ഗത്തിൽ ചരിക്കുന്ന | ബുദ്ധ്യാ | വിചാരശക്തിയാൽ |
| ദുഷ്ടം | ദുഷിച്ച | യുഞ്ജീത | ആത്മാവിൽ ചേർത്തു കൊള്ളണം. |
| മനഃ | മനസ്സിനെ | | |

ഇവിടെ 2 മുതൽ 6 വരെയുള്ള ശ്ലോകങ്ങൾകൊണ്ടു് യോഗത്തിന്റെ അംഗങ്ങളായ യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ എട്ടും ചുരുക്കിപ്പറഞ്ഞു. ഇനി ആസനാദികളെ വിസ്തരിക്കുന്നു.

8 ശുചൗ ദേശേ പ്രതിഷ്ഠാപ്യ വിജിതാസന ആസനം
തസ്മിൻ സ്വസ്തി സമാസീന ഋജുകായഃ സമഭ്യസേത്.

| | | | |
|---|---|---|---|
| ശുചൗ | ശുദ്ധമായ | സ്വസ്തി | സ്വസ്തികരൂപത്തിൽ കാൽപിണച്ചു ചമ്രംപടിഞ്ഞു |
| ദേശേ | പ്രദേശത്തു് | സമാസീനഃ | ഇരുന്നിട്ട് |
| ആസനം | കുശാദികൾകൊണ്ടുള്ള ഇരിപ്പിടം | ഋജുകായഃ | നിവർന്ന ദേഹത്തോടുകൂടിയവനായി |
| പ്രതിഷ്ഠാപ്യ | സംവിധാനംചെയ്തു്, | സമഭ്യസേത് | പ്രാണായാമമുറകൾ അഭ്യസിക്കണം. |
| വിജിതാസനഃ | ആസനത്തെ പരിശീലിച്ചുറപ്പിച്ച് | | |
| തസ്മിൻ | അതിന്മേൽ | | |

9 പ്രാണസ്യ ശോധയേന്മാർഗ്ഗം പൂരകുംഭകരേചകൈഃ
പ്രതികൂലേന വാ ചിത്തം യഥാ സ്ഥിരമചഞ്ചലം.

| | | | |
|---|---|---|---|
| പൂരകുംഭകരേചകൈഃ | പൂരകം, കുംഭകം, രേചകം എന്നീ മുറകളാൽ | യഥാ | എപ്രകാരമായാൽ |
| പ്രാണസ്യ | പ്രാണവായുവിന്റെ | ചിത്തം | മനസ്സ് |
| മാർഗ്ഗം | മാർഗ്ഗത്തെ | സ്ഥിരം | സ്ഥിരവും |
| ശോധയേത് | ശുദ്ധമാക്കണം | അചഞ്ചലം | ചഞ്ചലമല്ലാത്തതും ആകുമോ |
| പ്രതികൂലേന വാ | മറിച്ചുള്ള ക്രമംകൊണ്ടും ആകാവുന്നതാണ് | (തഥാ) | അപ്രകാരം പ്രാണായാമം പരിശീലിക്കുക. |

വായുവിനെ ഉള്ളിലേക്കു വലിച്ചുകയറ്റുന്നതു പൂരകം. ഉള്ളിൽത്തന്നെ ഒതുക്കി നിർത്തുന്നതു് കുംഭകം. പുറത്തേക്കു വിടുന്നതു രേചകം. "പ്രതികൂലേന വാ" എന്നതിനു് മറിച്ചു് രേചക കുംഭക പൂരകക്രമത്തിൽ ആകാമെന്നർത്ഥം. അല്ലെങ്കിൽ ഇഡയിലൂടെ പൂരണംചെയ്തു് പിംഗളയിലൂടേയും, പിംഗളയിലൂടെ പൂരണംചെയ്തു് ഇഡയിലൂടെയും വിടുക എന്നും അർത്ഥമാക്കാം. ഇവിടെ ചിത്തശോധനമാണ് പ്രധാനം.

10 മനോഽചിരാത് സ്യാദ്വിരജം ജിതശ്വാസസ്യ യോഗിനഃ
വായ്വഗ്നിഭ്യാം യഥാ ലോഹം ധ്മാതം ത്യജതി വൈ മലം.

| | | | |
|---|---|---|---|
| വായ്വഗ്നിഭ്യാം | വായുവിനാലും അഗ്നിയാലും | (തഥാ) | അപ്രകാരം |
| ധ്മാതം | തപിപ്പിക്കപ്പെട്ട | ജിതശ്വാസസ്യ | ശ്വാസനിയന്ത്രണം സാധിച്ച |
| ലോഹം | സ്വർണ്ണലോഹം | യോഗിനഃ | യോഗിയുടെ |
| യഥാ വൈ | ഏതുവിധം | മനഃ | മനസ്സ് |
| മലം | അതിലുള്ള അഴുക്ക് | അചിരാത് | കാലവിളംബമെന്നിയെ |
| ത്യജതി | വിട്ടുകളയുന്നുവോ, | വിരജം സ്യാത് | നിർമ്മലമായിഭവിക്കും. |

യോഗസമാധിയിൽ പ്രാണായാമാദികളാൽ കർത്തവ്യമെന്തെന്നു് കാണിക്കുന്നു.

11 പ്രാണായാമൈർദ്ദഹേദ്ദോഷാൻ ധാരണാഭിശ്ച കില്ബിഷാൻ
പ്രത്യാഹാരേണ സംസർഗാൻ ധ്യാനേനാനീശ്വരാൻ ഗുണാൻ.

| | | | |
|---|---|---|---|
| പ്രാണായാമൈഃ | പ്രാണായാമങ്ങൾകൊണ്ടു് | സംസർഗാൻ | വിഷയബന്ധങ്ങളേയും, |
| ദോഷാൻ | വാതകഫാദി ശാരീരിക ദോഷങ്ങളേയും, | ധ്യാനേന | ധ്യാനംകൊണ്ടു് |
| ധാരണാഭിഃ | ധാരണകൾകൊണ്ടു് | അനീശ്വരാൻ | ഈശ്വരചിന്താവിരോധികളായ |
| കില്ബിഷാൻ | പാപങ്ങളേയും, | ഗുണാൻ ച | രാഗാദിമനോവൃത്തികളേയും |
| പ്രത്യാഹാരേണ | പ്രത്യാഹാരംകൊണ്ടു് | ദഹേത് | ദഹിപ്പിക്കാവുന്നതാണു്. |

മനസ്സിനെ ഒന്നിൽ സ്ഥിരീകരിക്കുന്നതു് ധാരണ, ഒന്നിൽ സ്ഥിരീകൃതമായ മനസ്സ് ആയതിൽത്തന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു് ധ്യാനം, മനോവൃത്തികളുടെ നിരോധം സമാധി—ഇങ്ങനെ ധാരണാധ്യാനസമാധികൾ തമ്മിൽ ഭേദം.

12 യദാ മനഃ സ്വം വിരജം യോഗേന സുസമാഹിതം
കാഷ്ഠാം ഭഗവതോ ധ്യായേത് സ്വനാസാഗ്രാവലോകനഃ

| | | | |
|---|---|---|---|
| വിരജം | രജോഗുണംവിട്ടു നിർമ്മലമായിഭവിച്ച | സ്വനാസാഗ്രാവലോകനഃ | സ്വനാസികാഗ്രത്തിൽ ദൃഷ്ടിയൂന്നിക്കൊണ്ടു് |
| സ്വം മനഃ | തന്റെ മനസ്സ് | ഭഗവതഃ | ഭഗവാന്റെ |
| യോഗേന | അഭ്യസനംകൊണ്ടു് | കാഷ്ഠാം | തിരുവുടലിനെ |
| യദാ | എന്നേരത്തു് | ധ്യായേത് | ധ്യാനിച്ചുകൊള്ളുക. |
| സുസമാഹിതം | തികച്ചും ഏകാഗ്രമായിത്തീരുന്നുവോ, അന്നേരത്തു് | | |

ധ്യേയമായ ഭഗവൽസ്വരൂപത്തെ 7 ശ്ലോകംകൊണ്ടു് കാണിക്കുന്നു.

13 പ്രസന്നവദനാംഭോജം പദ്മഗൎഭാരുണേക്ഷണം
നീലോത്പലദലശ്യാമം ശംഖചക്രഗദാധരം

14 ലസത്പംകജകിഞ്ജല്ക പീതകൌശേയവാസസം
ശ്രീവത്സവക്ഷസം ഭ്രാജത്കൌസ്തുഭാമുക്തകന്ധരം.

15 മത്തദ്വിരേഫകലയാ പരീതം വനമാലയാ
പരാൎദ്ധ്യഹാരവലയകിരീടാംഗദനൂപുരം

16 കാഞ്ചീഗുണോല്ലസച്ഛ്രോണിം ഹൃദയാംഭോജവിഷ്ടരം
ദൎശനീയതമം ശാന്തം മനോനയനവൎദ്ധനം

17 അപീച്യദൎശനം ശശ്വത്സൎവ്വലോകനമസ്കൃതം
സന്തം വയസി കൈശോരേ ഭൃത്യാനുഗ്രഹകാതരം

18 കീൎത്തന്യതീൎത്ഥയശസം പുണ്യശ്ലോകയശസ്കരം
ധ്യായേദ്ദേവം സമഗ്രാംഗം യാവന്ന ച്യവതേ മനഃ

| | |
|---|---|
| പ്രസന്നവദനാംഭോജം | തെളിവുററ മുഖകമലത്തോടുകൂടിയവനായി |
| പദ്മഗൎഭാരുണേക്ഷണം | ചെംതാമരത്താരിൻെറ ഗൎഭകോശംപോലെ അരുണിമചേൎന്ന കണ്ണിണയോടുകൂടിയവനായി |
| നീലോത്പലദലശ്യാമം | കരിംകുവലയപ്പൂവിതളാം തുല്യം ശ്യാമളമായ നിറം പൂണ്ടുള്ളവനായി |
| ശംഖചക്രഗദാധരം | ശംഖം, ചക്രം, ഗദ എന്നീ വരായുധങ്ങളേന്തിയവനായി |
| ലസത്പംകജകിഞ്ജല്കപീതകൌശേയവാസസം | വിരിഞ്ഞ താമരയ്ക്കുള്ളിലെ കേസരങ്ങൾപോലെ മഞ്ഞനിറമുള്ള പട്ടുവസ്ത്രം ധരിച്ചിട്ടുള്ളവനായി |
| ശ്രീവത്സവക്ഷസം | ശ്രീവത്സമെന്ന മറുവിനാൽ അങ്കിതമായ മാറിടത്തോടുകൂടിയവനായി |
| ഭ്രാജത്കൌസ്തുഭാമുക്തകന്ധരം | പരിശോഭിക്കുന്ന കൌസ്തുഭരത്നം ധരിച്ചിട്ടുള്ള കണ്ഠത്തോടുകൂടിയവനായി |

| | |
|---|---|
| മത്തദ്വിരേഫകലയാ | മദിച്ച വണ്ടുകളുടെ മധുരസ്വരംചേൎന്ന |
| വനമാലയാ | വനമാലയാൽ |
| പരീതം | പരിവേഷ്ടിതനായി |
| പരാൎദ്ധ്യഹാരവലയകിരീടാംഗദനൂപുരം | അമൂല്യങ്ങളായ രത്നമാല, കങ്കണം, തോൾവള, കാൽത്തള എന്നിവയോടുകൂടിയവനായി |
| കാഞ്ചീഗുണോല്ലസച്ഛ്രോണിം | അരഞ്ഞാണുകൊണ്ടു് ഉല്ലസിക്കുന്ന അരക്കെട്ടോടുകൂടിയവനായി |
| ഹൃദയാംഭോജവിഷ്ടരം | ഭക്തജനങ്ങളുടെ ഹൃദയകമലം ഇരിപ്പിടമായുള്ളവനായി |
| ദൎശനീയതമം | ഏററവും പ്രേക്ഷണീയാംഗനായി |
| ശാന്തം | ശാന്തമൂൎത്തിയായി |
| മനോനയനവൎദ്ധനം | കരളിന്നും കണ്ണിന്നും പ്രീതിദായകനായി |
| അപീച്യദൎശനം | അതിസുന്ദരമായ ദൎശനത്തോടുകൂടിയവനായി |
| ശശ്വത്സൎവ്വലോകനമസ്കൃതം | എന്നും ഏവരാലും അഭിവന്ദിതനായി |

| | |
|---|---|
| കൈശോരേ | താരുണ്യമായ |
| വയസി | വയസ്സിൽ |
| സന്തം | സ്ഥിതിചെയ്യുന്നവനായി– |
| ഭൃത്യാനുഗ്രഹ–കാതരം | ഭൃത്യന്മാരെ അനുഗ്രഹിക്കുന്നതിൽ തിടുക്കംകൊള്ളുന്നവനായി– |
| കീർത്തന്യ–തീർത്ഥയശസം | കീർത്തനാർഹമായ വിശുദ്ധ കീർത്തിയെഴുന്നവനായി– |
| പുണ്യശ്ലോക-യശസ്കരം | പുണ്യശ്ലോകരായ മഹാബലിപ്രമുഖന്മാർക്ക് കീർത്തിയെ വളർത്തുന്നവനുമായിരിക്കുന്ന |
| ദേവം | ശ്രീഹരിയെ |
| മനഃ | മനസ്സ് |
| ന ച്യവതേ യാവത് | പതറാതെ ഇരിക്കുന്നതുവരേക്കും |
| സമഗ്രാംഗം | സർവ്വാംഗവ്യാപ്തമായി |
| ധ്യായേത് | ധ്യാനിക്കണം. |

19 സ്ഥിതം വ്രജന്തമാസീനം ശയാനം വാ ഗുഹാശയം
പ്രേക്ഷണീയേഹിതം ധ്യായേച്ഛുദ്ധഭാവേന ചേതസാ

| | |
|---|---|
| ഗുഹാശയം | ഹൃദയാന്തർത്തിൽ ശയിക്കുന്ന ആ ആനന്ദമൂർത്തിയെ |
| സ്ഥിതം | നില്ക്കുന്നവനായോ, |
| വ്രജന്തം | നടക്കുന്നവനായോ, |
| ആസീനം | ഇരിക്കുന്നവനായോ, |
| ശയാനം | കിടക്കുന്നവനായോ, |
| പ്രേക്ഷണീയേ–ഹിതം വാ | കാണ്മാൻ കൌതുകം തോന്നിക്കുന്ന ലീലയാടുന്നവനായോ |
| ശുദ്ധഭാവേന | സാത്ത്വികഭക്തിയാൽ |
| ചേതസാ | മനസ്സുകൊണ്ട് |
| ധ്യായേത് | ധ്യാനിക്കാവുന്നതാണ്. |

ഇപ്രകാരം പൂർണ്ണാംഗധ്യാനമാർഗ്ഗത്തെ നിർദ്ദേശിച്ചശേഷം പ്രത്യംഗധ്യാനം ചെയ്തുകൊള്ളുവാൻ ഉപദേശിക്കുന്നു.

20 തസ്മിൻ ലബ്ധപദം ചിത്തം സർവ്വാവയവസംസ്ഥിതം
വിലക്ഷ്യൈകത്ര സംയുജ്യാദംഗേ ഭഗവതോ മുനിഃ

| | |
|---|---|
| തസ്മിൻ | ആ സമഗ്രരൂപത്തിൽ |
| സർവ്വാവയവ–സംസ്ഥിതം | സർവ്വാംഗസ്ഥിതിയോടുകൂടുംവിധം |
| ലബ്ധപദം | അടിയുറപ്പുകിട്ടിയതായിട്ട് |
| ചിത്തം | മനസ്സിനെ |
| വിലക്ഷ്യ | കണ്ടുകഴിഞ്ഞാൽപ്പിന്നെ |
| മുനിഃ | മനനശീലനായ സാധകൻ |
| ഭഗവതഃ | ഭഗവാന്റെ |
| ഏകത്ര അംഗേ | ഏതെങ്കിലും ഒരംഗത്തിൽ മാത്രമായി |
| സംയുജ്യാത് | മനസ്സുറപ്പിക്കണം. |

ഈ പ്രത്യംഗധ്യാനമുറയെ താഴെ 13 ശ്ലോകംകൊണ്ട് പാദാദികേശക്രമേണ വർണ്ണിച്ചു പറയുന്നു.

21 സഞ്ചിന്തയേദ്ഭഗവതശ്ചരണാരവിന്ദം
വജ്രാങ്കുശധ്വജസരോരുഹലാഞ്ഛനാഢ്യം
ഉത്തുംഗരക്തവിലസന്നഖചക്രവാല–
ജ്യോത്സ്നാഭിരാഹതമഹദ്ധൃദയാന്ധകാരം.

| | |
|---|---|
| വജ്രാംകശധ്വജ. സരോരുഹ– ലാഞ്ഛനാഢ്യം | വജ്രം, തോട്ടി, കൊടി, താമര എന്നിവയുടെ ചിഹ്നങ്ങളാൽ അലംകൃതവും |
| ഉത്തുംഗരക്ത– വിലസന്നഖ– ചക്രവാള– ജ്യോത്സ്നാഭിഃ | ഉയൎന്നുള്ള ചുകപ്പൊളി കലൎന്ന നഖനിരകളുടെ ചന്ദ്രികയ്യൊത്ത കാന്തി കളംകൊണ്ട് |
| ആഹതമഹദ്– ഹൃദയാന്ധകാരം | മഹത്തുക്കളുടെ ഹൃദയത്തിലെ അജ്ഞാനതമസ്സിനെ അകററുന്നതുമായ |
| ഭഗവതഃ | ഭഗവാന്റെ |
| ചരണാരവിന്ദം | ശ്രീപാദപദ്മത്തെ |
| സഞ്ചിന്തയേത് | ധ്യാനിച്ചുകൊള്ളണം |

22 യച്ഛൌചനിഃസൃതസരിത്പ്രവരോദകേന
തീൎത്ഥേന മൂൎദ്ധ്ന്യധികൃതേന ശിവഃ ശിവോഽഭൂത്
ധാതുൎമ്മനഃശമലശൈലനിസൃഷ്ടവജ്രം
ധ്യായേച്ചിരം ഭഗവതശ്ചരണാരവിന്ദം

| | |
|---|---|
| യച്ഛൌച– നിഃസൃത– സരിത്പ്രവ– രോദകേന | യാതൊരു പാദപദ്മത്തിന്റെ ക്ഷാളനംകൊണ്ടുണ്ടായ വിശിഷ്ടനദിയായ ഗംഗയിലെ ജല[വും] |
| മൂൎദ്ധ്നി | ശിരസ്സിൽ |
| അധികൃതേന | ധരിച്ചിട്ടുള്ളതുമായ |
| തീൎത്ഥേന | തീൎത്ഥംകൊണ്ട് |
| ശിവഃ | പരമശിവൻപോലും |
| ശിവഃ | പരമാനന്ദഭരിതനായി |
| അഭൂത് | ഭവിച്ചുവോ (അങ്ങനെയുള്ളതും) |
| ധാതുഃ | ബ്രഹ്മാവിന്റെ |
| മനഃശമല– ശൈല– നിസൃഷ്ടവജ്രം | മനസ്സിലെ പാപപൎവ്വതത്തിന്മേൽ പ്രയുക്തമായ വജ്രായുധവുമായ |
| ഭഗവതഃ | ഭഗവാന്റെ |
| ചരണാരവിന്ദം | ശ്രീപാദപദ്മത്തെ |
| ചിരം | ദീൎഘസമയം |
| ധ്യായേത് | ധ്യാനിക്കണം |

23 ജാനുദ്വയം ജലജലോചനയാ ജനന്യാ
ലക്ഷ്മ്യാഖിലസ്യ സുരവന്ദിതയാ വിധാതുഃ
ഊൎവ്വോൎന്നിധായ കരപല്ലവരോചിഷാ യത്
സംലാളിതം ഹൃദി വിഭോരഭവസ്യ കുൎയ്യാത്

| | |
|---|---|
| അഖിലസ്യ | സൎവ്വചരാചരങ്ങളുടേയും |
| വിധാതുഃ | സ്രഷ്ടാവായ ബ്രഹ്മദേവന്റെ |
| ജനന്യാ | മാതാവും |
| ജലജ– ലോചനയാ | ചെന്താമരപോലെ മനോജ്ഞമായ നേത്രങ്ങളോടുകൂടിയവളും |
| സുരവന്ദിതയാ | ദേവന്മാരാൽ ആരാധിതയുമായ |
| ലക്ഷ്മ്യാ | ശ്രീമഹാലക്ഷ്മിയാൽ |
| ഊൎവ്വോഃ | തുടകളിൽ |
| നിധായ | എടുത്തുവെച്ച്, |
| കരപല്ലവ– രോചിഷാ | കൈത്തളിരുകളുടെ മനോജ്ഞകാന്തിയാൽ |
| സംലാളിതം | പരിലാളിക്കപ്പെടുന്ന |
| അഭവസ്യ | സംസാരബന്ധമില്ലാത്ത |
| വിഭോഃ യത് | ഭഗവാന്റെ യാതൊരു |
| ജാനുദ്വയം | ഇരുമുട്ടുകളേയും (മുട്ടുവരേയുള്ള കണംകാലുകളെ) |
| ഹൃദി കുൎയ്യാത് | മനസ്സിൽ ധ്യാനിക്കണം. |

24 ഊരൂ സുപൎണ്ണഭുജയോരധിശോഭമാനാ-
വോജോനിധീ അതസികാകുസുമാവഭാസൌ
വ്യാലംബിപീതവരവാസസി വൎത്തമാന-
കാഞ്ചീകലാപപരിരംഭി നിതംബബിംബം.

| | |
|---|---|
| സുപൎണ്ണ-ഭുജയോഃ | ഗരുഡന്റെ ഇരുതോളുകാംക്കും |
| അധി-ശോഭമാനൌ | മീതെ തിളക്കംകൊണ്ടിരിക്കുന്നവയും |
| ഓജോനിധീ | ഓജസ്സിന്റെ ഇരിപ്പിടങ്ങളും |
| അതസികാ-കുസുമാവഭാസൌ | അതസികാപുഷ്പംപോലെ പരിലസിതങ്ങളുമായ |

| | |
|---|---|
| ഊരൂ | തുടകളേയും, |
| വ്യാലംബിപീ-തവരവാസസി | ഞാന്നുകിടക്കുന്ന മഞ്ഞപ്പട്ടാടതന്മേൽ |
| വൎത്തമാന-കാഞ്ചീകലാപ പരിരംഭി | ഇട്ടിരിക്കുന്ന അരഞ്ഞാണിനാൽ ആശ്ലിഷ്ടമായിട്ടുള്ള |
| നിതംബ-ബിംബം | നിതംബപ്രദേശത്തേയും |
| (ധ്യായേത്) | ധ്യാനിച്ചുകൊള്ളുക. |

25 നാഭിഹ്രദം ഭുവനകോശഗുഹോദരസ്ഥം
യത്രാത്മയോനിധിഷണാഖിലലോകപത്മം
വ്യൂഢം ഹരിന്മണിവൃഷസ്തനയോരമുഷ്യ
ധ്യായേദ്ദ്വയം വിശദഹാരമയൂഖഗൌരം.

| | |
|---|---|
| യത്ര | യാതൊന്നിൽ |
| ആത്മയോനി-ധിഷണാഖില-ലോകപത്മം | ബ്രഹ്മാവിന്റെ അധിഷ്ഠാനവും സൎവ്വവിശ്വാത്മകവുമായ താമരപ്പൂ |
| വ്യൂഢം | ഉൽഭവിച്ചുവോ, അതായതും |
| ഭുവനകോശ-ഗുഹോദരസ്ഥം | സൎവ്വലോകങ്ങളും ഉംകൊണ്ടിരിക്കുന്ന ഉദരത്തിൽ സ്ഥിതിചെയ്യുന്നതുമായ |

| | |
|---|---|
| നാഭിഹ്രദം | നാഭിച്ചുഴിയേയും, |
| വിശദഹാര-മയൂഖഗൌരം | സ്വച്ഛമായ മുത്തുമാലയുടെ ശോഭയാൽ വെണ്മ പുരണ്ട |
| അമുഷ്യ | തന്തിരുവടിയുടെ |
| ഹരിന്മണി-വൃഷസ്തനയോഃ | മികച്ച ഇന്ദ്രനീലക്കല്ലുകാംക്കൊത്ത സ്തനങ്ങളുടെ |
| ദ്വയം | ദ്വയത്തേയും |
| ധ്യായേത് | ധ്യാനിക്കണം |

26 വക്ഷോഽധിവാസമൃഷഭസ്യ മഹാവിഭൂതേഃ
പുംസാം മനോനയനനിൎവൃതിമാദധാനം
കണ്ഠം ച കൌസ്തുഭമണേരധിഭൂഷണാൎത്ഥം
കുൎയ്യാന്മനസ്യഖിലലോകനമസ്കൃതസ്യ.

| | |
|---|---|
| മഹാവിഭൂതേഃ | മഹാലക്ഷ്മിയുടെ |
| അധിവാസം | പാൎപ്പിടവും |
| പുംസാം | ജനങ്ങളുടെ |

| | |
|---|---|
| മനോനയന-നിൎവൃതിം | മനസ്സിനും നേത്രങ്ങാംക്കും പരമാനന്ദത്തെ |
| ആദധാനം | ഉളവാക്കുന്നതുമായ |

| | | | |
|---|---|---|---|
| ഋഷഭസ്യ | ഭഗവാന്റെ | അഖിലലോക-നമസ്കൃതസ്യ | സർവ്വലോകവന്ദിതനായ തന്തിരുവടിയുടെ |
| വക്ഷഃ | തിരുമാറിടത്തേയും, | കണ്ഠം ച | കണ്ഠത്തെയും |
| കൌസ്തുഭമണേഃ | കൌസ്തുഭരത്നത്തിന്നു് | മനസി | മനസ്സിൽ |
| അധി-ഭൂഷണാർത്ഥം | അധികം ഭൂഷണതയുള വാക്കുവാൻ പ്രയോജക മായ | കുര്യാത് | കരുതണം |

27 ബാഹൂംശ്ച മന്ദരഗിരേഃ പരിവർത്തനേന
നിർണ്ണിക്തബാഹുവലയാനധിലോകപാലാൻ
സഞ്ചിന്തയേദ്ദശശതാരമസഹ്യതേജഃ
ശംഖം ച തത്കരസരോരുഹരാജഹംസം

| | | | |
|---|---|---|---|
| മന്ദരഗിരേഃ | മന്ദരപർവ്വതത്തിന്റെ | അസഹ്യതേജഃ | സഹിക്കരുതാത്ത തേജ സ്സോടുകൂടിയ |
| പരിവർത്തനേന | പരിഭ്രമണംകൊണ്ടു് | ദശശതാരം | സഹസ്രാരചക്രത്തേയും, |
| നിർണ്ണിക്ത-ബാഹുവലയാൻ | തിളക്കംവരുത്തപ്പെട്ട തോൾവളയോടുകൂടിയ വയും | തത്കര-സരോരുഹ-രാജഹംസം | അവിടുത്തെ തൃക്കൈ ച്ചെന്താമരത്താരിലമരു ന്ന അരയന്നമെന്ന നില യിലുള്ള |
| അധിലോക-പാലാൻ | ലോകപാലകന്മാൎക്കു് അധിഷ്ഠാനങ്ങളായുള്ള വയുമായ | ശംഖം ച | പാഞ്ചജന്യത്തെയും |
| ബാഹൂൻ ച | ബാഹുക്കളേയും, | സഞ്ചിന്തയേത് | നന്നായി ധ്യാനിക്കണം. |

28 കൌമോദകീം ഭഗവതോ ദയിതാം സ്മരേത
ദിഗ്ധാമരാതിഭടശോണിതകർദ്ദമേന
മാലാം മധുവ്രതവരൂഥഗിരോപഘുഷ്ടാം
ചൈത്യസ്യ തത്ത്വമമലം മണിമസ്യ കണ്ഠേ.

| | | | |
|---|---|---|---|
| അരാതിഭട-ശോണിത-കർദ്ദമേന | ശത്രുഭടന്മാരുടെ രക്ത പങ്കത്താൽ | കണ്ഠേ | കഴുത്തിൽ |
| | | മധുവ്രത-വരൂഥഗിരാ | വണ്ടിൻനിരകളുടെ ശബ്ദത്താൽ |
| ദിഗ്ധാം | ഇഴുകിപ്പിടിച്ചതും | ഉപഘുഷ്ടാം | നാദിതമായിരിക്കുന്ന |
| ഭഗവതഃ | ഭഗവാന്റെ | മാലാം | വനമാലയേയും |
| ദയിതാം | പ്രിയപ്പെട്ട ആയുധവു മായ | ചൈത്യസ്യ | ജീവാത്മാവിന്റെ |
| | | തത്ത്വം | തത്ത്വമെന്ന നിലയിലു [ള്ള |
| കൌമോദകീം | കൌമോദകിയെന്ന ഗദ യേയും, | അമലം | നിർമ്മലമായ |
| | | മണിം | കൌസ്തുഭമണിയേയും |
| അസ്യ | തന്തിരുവടിയുടെ | സ്മരേത | സ്മരിക്കണം. |

29 ഭൃത്യാനുകമ്പിതധിയേഹ ഗൃഹീതമൂർത്തേഃ
സഞ്ചിന്തയേദ്ഭഗവതോ വദനാരവിന്ദം
യദ്വിസ്ഫുരന്മകരകുണ്ഡലവല്ഗിതേന
വിദ്യോതിതാമലകപോലമുദാരനാസം

| | | | |
|---|---|---|---|
| ഭൃത്യാനു-കമ്പിതധിയാ | ഭക്താനുഗ്രഹവ്യഗ്രമായ മനഃസങ്കല്പത്തോടെ | വിസ്ഫുര-ന്മകരകുണ്ഡല-വല്ഗിതേന | മിന്നിത്തിളങ്ങുന്ന മകരകുണ്ഡലങ്ങളുടെ പ്രചലനത്താൽ |
| ഇഹ | ഈ ലോകത്തിൽ | വിദ്യോതിതാ-മലകപോലം | പ്രശോഭിതമായ നിർമ്മല കവിൾത്തടത്തോടും |
| ഗൃഹീതമൂർത്തേഃ | ഉടലെടുത്തവതരിച്ച | ഉദാരനാസം | ഉന്നത നാസികയോടും കൂടിയ |
| ഭഗവതഃ | ഭഗവാന്റെ | യത് | യാതൊന്നിനെ |
| വദനാരവിന്ദം | മുഖകമലത്തെ— | സഞ്ചിന്തയേത് | നന്നായി ധ്യാനിക്കണം |

30 യച്ഛ്രീനികേതമലിഭിഃ പരിസേവ്യമാനം
ഭൃത്യാ സ്വയാ കുടിലകുന്തളവൃന്ദജുഷ്ടം
മീനദ്വയാശ്രയമധിക്ഷിപദബ്ജനേത്രം
ധ്യായേന്മനോമയമതന്ദ്രിത ഉല്ലസദ്ഭ്രൂ.

| | | | |
|---|---|---|---|
| കുടിലകുന്തള-വൃന്ദജുഷ്ടം | ചുരുൾമുടികളാൽ അലംകൃതമായി— | ശ്രീനികേതം | ചെന്താമരപ്പൂവിനെ |
| അബ്ജനേത്രം | താമരത്താരിനൊത്ത നേത്രങ്ങളുള്ളതായി— | സ്വയാ | സ്വാഭാവികമായ |
| ഉല്ലസദ്ഭ്രൂ | ഉല്ലാസംകൊള്ളുന്ന പുരികക്കൊടികളോടു കൂടിയതായി— | ഭൃത്യാ | ശോഭാസമൃദ്ധിയാൽ |
| അളിഭിഃ | വണ്ടുകളാൽ | അധിക്ഷിപത് | വെല്ലുവിളിക്കുംവിധമുള്ളതായി |
| പരിസേവ്യമാനം | ചുഴലപ്പെട്ടിരിക്കുന്നതും | മനോമയം | മനസ്സിൽ നിഴലിക്കുന്ന |
| മീനദ്വയാശ്രയം | രണ്ടു കരിമത്സ്യം പററിച്ചേർന്നുള്ളതുമായ | യത് | യാതൊരു മുഖകമലത്തെ |
| | | അതന്ദ്രിതഃ | ജാഗരൂകനായിട്ട് |
| | | ധ്യായേത് | ധ്യാനിച്ചുകൊള്ളണം |

31 തസ്യാവലോകമധികം കൃപയാതിഘോര-
താപത്രയോപശമനായ നിസൃഷ്ടമക്ഷ്ണോഃ
സ്നിഗ്ദ്ധസ്മിതാനുഗുണിതം വിപുലപ്രസാദം
ധ്യായേച്ചിരം വിപുലഭാവനയാ ഗുഹായാം

| | | | |
|---|---|---|---|
| അതിഘോര-താപത്രയോ-പശമനായ | അതിഭയങ്കരമായ താപത്രയത്തിന്റെ ഉപശമനത്തിന്നുവേണ്ടി | കൃപയാ | കാരുണ്യംകൊണ്ട് |
| | | അക്ഷ്ണോഃ | തൃക്കണ്ണുകളാൽ |
| | | അധികം | സുലഭമായിട്ട് |

| | | | |
|---|---|---|---|
| നിസ്സൃഷ്ടം | അയക്കപ്പെട്ടതും | അവലോകം | കടാക്ഷവീക്ഷണത്തെ |
| സ്നിഗ്ദ്ധസ്മിതാനുഗുണിതം | സ്നേഹാർദ്രമായ മന്ദഹാസത്തോടുകൂടിയതും | വിപുല ഭാവനയാ | വിപുലമായ ഭാവനയോടെ |
| വിപുലപ്രസാദം | മഹത്തായ അനുഗ്രഹത്തെ സൂചിപ്പിക്കുന്നതു | ഗുഹായാം | ഹൃദയാന്തരത്തിൽ |
| | | ചിരം | ഏറിയനേരം |
| തസ്യ | ആ ഭഗവാന്റെ [മായ | ധ്യായേത് | ധ്യാനിക്കണം |

32 ഹാസം ഹരേരവനതാഖിലലോകതീവ്ര-
ശോകാശ്രുസാഗരവിശോഷണമത്യുദാരം
സമ്മോഹനായ രചിതം നിജമായയാസ്യ
ഭ്രൂമണ്ഡലം മുനികൃതേ മകരധ്വജസ്യ.

| | | | |
|---|---|---|---|
| അവനതാഖിലലോകതീവ്രശോകാശ്രുസാഗരവിശോഷണം | ശരണാഗതരായ സർവ്വലോകരുടേയും ദാരുണദുഃഖഭാരംകൊണ്ടുണ്ടായ കണ്ണീർക്കടലിനെ വററിക്കുവാൻ കഴിവുററതും | ഹാസം | മന്ദഹാസത്തേയും, |
| | | മുനികൃതേ | മുനിജനങ്ങൾക്കുവേണ്ടി |
| | | മകരധ്വജസ്യ | കാമദേവന്റെ |
| | | സമ്മോഹനായ | സമ്മോഹനത്തിന്നായി |
| | | നിജമായയാ | തന്റെ മായയാൽ |
| അത്യുദാരം | അധികം ഉദാരത ചേർന്നതുമായ | രചിതം | വിരചിക്കപ്പെട്ട |
| | | ഭ്രൂമണ്ഡലം | പുരികക്കൊടിയേയും |
| അസ്യ ഹരേഃ | ഈ ശ്രീഹരിയുടെ | ധ്യായേത് | ധ്യാനിക്കണം |

33 ധ്യാനായനം പ്രഹസിതം ബഹുലാധരോഷ്ഠ-
ഭാസാരുണായിതതനുദ്വിജകുന്ദപങ്ക്തി
ധ്യായേത് സ്വദേഹവിവരേऽവസിതസ്യ വിഷ്ണോഃ
ഭക്ത്യാർദ്രയാർപ്പിതമനാ ന പൃഥഗ് ദിദൃക്ഷേത്

| | | | |
|---|---|---|---|
| ബഹുലാധരോഷ്ഠഭാസാ | അത്യധികം ചുണ്ടുകളിൽനിന്നുണ്ടാവുന്ന കാന്തിയാൽ | വിഷ്ണോഃ | ഭഗവാന്റെ |
| | | പ്രഹസിതം | പ്രസ്ഫുടഹാസത്തെ |
| | | ധ്യയേത് | ധ്യാനിക്കണം. |
| അരുണായിതതനുദ്വിജകുന്ദപങ്ക്തി | അരുണിമയേന്തിയ അരിയ പല്ലുകളാവുന്ന മുല്ലമൊട്ടുകളോടുകൂടിയതും | ആർദ്രയാ | അലിവാന്ന |
| | | ഭക്ത്യാ | ഭക്തിയോടെ |
| ധ്യാനായനം | ധ്യാനത്തിന്നാസ്പദമായി ഭവിച്ചിട്ടുള്ളതുമായ | അർപ്പിതമനാഃ | അതിങ്കൽത്തന്നെ അർപ്പിതമായ മനസ്സോടുകൂടിയവനായിട്ട് |
| സ്വദേഹവിവരേ | സ്വശരീരാന്തർഭാഗത്തിങ്കൽ | പൃഥക് | വേറിട്ടൊന്നും |
| അവസിതസ്യ | അവഭാസിച്ചിരിക്കുന്ന | ന ദിദൃക്ഷേത് | കാണ്മവാൻ ആഗ്രഹിക്കയുമരുത്. |

ഇനി സമാധിയെ കാണിക്കുന്നു.

34 ഏവം ഹരൌ ഭഗവതി പ്രതിലബ്ധഭാവോ
ഭക്ത്യാ ദ്രവദ്ധൃദയ ഉത്പുളകഃ പ്രമോദാത്
ഔത്കണ്ഠ്യബാഷ്പകലയാ മുഹുരർദ്ദ്യമാന-
സ്തച്ചാപി ചിത്തബഡിശം ശനകൈർവ്വിയുങ്ക്തേ.

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മുഹുഃ | വീണ്ടും വീണ്ടും |
| ഭഗവതി | സർവ്വേശ്വരനായ | അർദ്ദ്യമാനഃ | ആമഗ്നനാക്കപ്പെടുന്നവനായുംഭവിച്ച് |
| ഹരൌ | ശ്രീഹരിയാൽ | | |
| പ്രതിലബ്ധഭാവഃ | പ്രേമത്തോടുകൂടിയവനായിഭവിച്ച സാധകൻ | തത് ചിത്ത-ബഡിശം ച അപി | ആ മനോരൂപമായ ചൂണ്ടലിനെയും (ആത്മഗ്രഹണോപായത്തേയും) കൂടി |
| ഭക്ത്യാ | ഭക്തിയാൽ | | |
| ദ്രവദ്ധൃദയഃ | അലിവുററ ഹൃദയത്തോടുകൂടിയവനായും | | |
| പ്രമോദാത് | ആനന്ദവായ്പിനാൽ | ശനകൈഃ | പതുക്കെപ്പതുക്കെ |
| ഉത്പുളകഃ | രോമാഞ്ചമെഴുന്നവനായും | | |
| ഔത്കണ്ഠ്യ-ബാഷ്പകലയാ | ഔത്സുക്യത്താലുണ്ടായ കണ്ണീരിനാൽ | വിയുങ്ക്തേ | ധ്യേയത്തിൽനിന്നും വേർപെടുത്തുന്നു. |

ധ്യാതാവിനു ധ്യേയവസ്തുവെ ധ്യാനിക്കുവാൻ മാനസികപ്രയത്നം ക്രമത്തിൽ വേണ്ടിവരുന്നതല്ലെന്നു സാരം.

യോഗം സബീജമെന്നും നിർബ്ബീജമെന്നും രണ്ടുപ്രകാരമാണ്. അതിൽ നിർബ്ബീജയോഗത്തിലെ സമാധി ദുഷ്കരമത്രെ. സബീജത്തിലേതാകട്ടെ സുകരമാകുന്നു. പരമാനന്ദമൂർത്തിയായ ശ്രീഹരിയുടെ അനുധ്യാനത്തിലൂടെതന്നെ നിഷ്പ്രയാസം ചിത്തോപരതിയുണ്ടാകും. അതുകൊണ്ടാണ് ഭഗവാൻ സബീജയോഗവിധിയെ ഉപദേശിച്ചതു്.

35 മുക്താശ്രയം യർഹി നിർവ്വിഷയം വിരക്തം
നിർവ്വാണമൃച്ഛതി മനഃ സഹസാ യഥാർച്ചിഃ
ആത്മാനമത്ര പുരുഷോഽവ്യവധാനമേക-
മന്വീക്ഷതേ പ്രതിനിവൃത്തഗുണപ്രവാഹഃ.

| | | | |
|---|---|---|---|
| വിരക്തം | പരമാനന്ദാനുഭൂതിയാൽ വിഷയാസക്തമല്ലാത്തതായിഭവിച്ച | നിർവ്വിഷയം | വിഷയരഹിതവും |
| | | മുക്താശ്രയം | ആശ്രയശൂന്യവും ആകുന്നുവോ, |
| മനഃ | മനസ്സ് | (തദാ) | അന്നേരത്തു് |
| അർച്ചിഃ യഥാ | തീനാളം വിളക്കണഞ്ഞതിൽപ്പിന്നെ ഏതുപോലെയോ, | സഹസാ | എളുപ്പത്തിൽ |
| | | നിർവ്വാണം | ലയത്തെ |
| (തഥാ) | അതുപോലെ | ഋച്ഛതി | പ്രാപിക്കുന്നു. (ബ്രഹ്മാകാരമായി പരിണമിക്കുന്നു) |
| യർഹി | എപ്പോഴാം, ഈവിധം | അത്ര | ഈ അവസ്ഥയിങ്കൽ, |

| | |
|---|---|
| പ്രതിനിവൃത്ത-ഗുണപ്രവാഹഃ | ഗുണപ്രവാഹരൂപമായ ദേഹാദ്യുപാധിബന്ധം ഒഴിഞ്ഞുപോയ |
| പുരുഷഃ | ജീവൻ |
| ആത്മാനം | സ്വസ്വരൂപത്തെ |
| അവ്യവധാനം | ധ്യാതൃധ്യേയഭേദരഹിതമായും |
| ഏകം | അഖണ്ഡസച്ചിദാനന്ദാത്മകമായും |
| അന്വീക്ഷതേ | നിരീക്ഷിച്ചുതുടങ്ങുന്നു. |

വിളക്കിൽ എരിഞ്ഞുനിന്ന അഗ്നിനാളം വിളക്കു കത്താതാകുമ്പോൾ മഹാഭൂതജ്യോതിസ്സിൽ വിലയിക്കുമല്ലോ. അതുപോലെ അഹംകാരാവിച്ഛിന്നമായ ദേഹേന്ദ്രിയാദിവിഷയങ്ങളിൽ അനാസക്തമാകുമ്പോൾ മനസ്സും ബ്രഹ്മത്തിൽ വിലയംപ്രാപിച്ചു് തദാകാരമായിത്തീരും. പിന്നെ ഈ ജീവന്നു് സുഷുപ്തോത്ഥിതന്നെന്നപോലെ സാംസാരികത സംഭവിക്കുകയില്ലെന്നു് ഇനി എടുത്തുപറയുന്നു.

36 സോപ്യേതയാ ചരമയാ മനസോ നിവൃത്ത്യാ
തസ്മിൻ മഹിമ്ന്യവസിതഃ സുഖദുഃഖബാഹ്യേ
ഹേതുത്വമപ്യസതി കർത്തരി ദുഃഖയോര്യത്
സ്വാത്മൻ വിധത്ത ഉപലബ്ധപരാത്മകാഷ്ഠഃ

| | |
|---|---|
| സഃ അപി | ആ ജീവനാകട്ടെ |
| മനസഃ | മനസ്സിന്റെ |
| ഏതയാ | ഇപ്രകാരത്തിലുള്ള |
| ചരമയാ | അന്തിമമായ |
| നിവൃത്ത്യാ | വിലയത്താൽ |
| സുഖദുഃഖ-ബാഹ്യേ | സുഖദുഃഖങ്ങളിൽനിന്നു് അകന്നുനില്ക്കുന്ന |
| തസ്മിൻ മഹിമ്നി | ആ ബ്രഹ്മാനന്ദസ്വരൂപത്തിൽ |
| അവസിതഃ | നിഷ്ഠയെ പ്രാപിച്ചു്, |
| ഉപലബ്ധ-പരാത്മകാഷ്ഠഃ | പ്രത്യക്ഷീകരിക്കപ്പെട്ട പരമാത്മതത്ത്വത്തോടു കൂടിയവനായി, |
| സ്വാത്മൻ | സ്വസ്വരൂപത്തിൽ തോന്നിയിരുന്ന |
| ദുഃഖയോഃ | സുഖദുഃഖങ്ങളുടെ |
| ഹേതുത്വം യത് | ഹേതുത്വം യാതൊന്നോ |
| (തത്) അപി | അതിനേയും |
| അസതി | അവിദ്യാകൃതമായ |
| കർത്തരി | അഹംകാരത്തിലുള്ളതായിട്ടു് |
| വിധത്തേ | ആത്യന്തികമായി നിർണ്ണയിക്കുന്നു. |

സുഷുപ്തിയിൽ അവിദ്യാനാശം സംഭവിക്കാത്തതുകൊണ്ടു് ജീവന്നു സംസൃതിബന്ധം വീണ്ടും വരുന്നു. യോഗാഭ്യാസകൃതമായ സമാധിയിൽ അവിദ്യ വിട്ടുപോകുന്നതിനാൽ പിന്നെ സംസൃതി വരാതവണ്ണം ജീവൻ നിത്യമുക്തനായിത്തീരുന്നു. ഈ അവസ്ഥയിലെത്തുമ്പോഴാണു് ജീവന്മുക്തത്വം സംജാതമാവുന്നതെന്നു താഴെ പറയുന്നു.

37 ദേഹം ച തം ന ചരമഃ സ്ഥിതമുത്ഥിതം വാ
സിദ്ധോ വിപശ്യതി യതോഽധ്യഗമത് സ്വരൂപം
ദൈവാദുപേതമഥ ദൈവവശാദപേതം
വാസോ യഥാ പരികൃതം മദിരാമദാന്ധഃ

| | |
|---|---|
| ചരമഃ | യോഗാംഗങ്ങളിൽ അന്തിമമായ സമാധിയിലെത്തിയ |
| സിദ്ധഃ | സിദ്ധയോഗി, |
| യതഃ | യാതൊന്നുകൊണ്ടു് |
| സ്വരൂപം | ആത്മതത്വത്തെ |
| അധ്യഗമത് | സാക്ഷാൽകരിച്ചുവോ |
| തം | അങ്ങനെയുള്ളതായ |
| ദേഹം ച | ദേഹത്തേയുംകൂടി— |
| സ്ഥിതം | ഒരിടത്തിരുന്നാലും |
| ഉത്ഥിതം വാ | അവിടുന്നെഴുന്നേററാലും |
| ദൈവവശാത് | ദൈവഗത്യാ |
| അപേതം | അവിടെനിന്നുപോയാലും |
| അഥ | പിന്നേയും |
| ദൈവാത് | ദൈവേച്ഛയാൽ |
| ഉപേതം | അവിടെ വന്നെത്തിയാലും, |
| മദിരാമദാന്ധഃ | മദ്യലഹരികൊണ്ടു് മതിമറന്നവൻ |
| പരികൃതം | ഉടുത്തിരിക്കുന്ന |
| വാസഃ യഥാ | വസ്ത്രത്തെയെന്നപോലെ |
| ന വിപശ്യതി | അറിയാതെവരുന്നു. |

അപ്പോൾ ശരീരത്തിന്റെ നിലനില്പെങ്ങനെ സാധിക്കും എന്ന ആശങ്കയെ പരിഹരിക്കുന്നു.

38 ദേഹോഽപി ദൈവവശഗഃ ഖലു കർമ്മ യാവത്
സ്വാരംഭകം പ്രതിസമീക്ഷത ഏവ സാസുഃ
തം സപ്രപഞ്ചമധിരൂഢസമാധിയോഗഃ
സ്വാപ്നം പുനർന ഭജതേ പ്രതിബുദ്ധവസ്തുഃ

| | |
|---|---|
| ദൈവവശഗഃ | പൂർവ്വസംസ്കാരവശവർത്തിയായ |
| ദേഹഃ അപി | ശരീരമാകട്ടെ |
| സ്വാരംഭകം | അതിന്റെ ആരംഭത്തിന്നു നിമിത്തമായ |
| കർമ്മ യാവത് | കർമ്മം നില്ക്കുവോളം |
| സാസുഃ | പ്രാണേന്ദ്രിയങ്ങളോടുകൂടെ |
| പ്രതിസമീക്ഷതേ ഏവ ഖലു | തുടൎന്നുകൊണ്ടുവരികതന്നെ ചെയ്യുന്നതാണു് |
| അധിരൂഢസമാധിയോഗഃ | സമാധിയോഗത്തിലേക്കു കയറിയിരിക്കുന്നവനും |
| പ്രതിബുദ്ധവസ്തുഃ | ആത്മാവിന്റെ വാസ്തവികതയെക്കുറിച്ചു് തികച്ചും ബോധവാനും ആയിട്ടുള്ളവൻ |
| സ്വാപ്നം | സ്വപ്നദർശനത്തിന്നൊത്തതും |
| സപ്രപഞ്ചം | പുത്രമിത്രാദ്യനുബന്ധയുക്തവുമായ |
| തം | അതിനെ (ശരീരത്തെ) |
| പുനഃ | പിന്നീടു് |
| ന ഭജതേ | താനെന്നും തന്റേതെന്നും കരുതി സേവിക്കുകയില്ല. |

ആത്മാവിന്റെ വാസ്തവികപ്രതിബോധം എങ്ങനെ സാധിക്കാമെന്നു് ഇനി ആറു ശ്ലോകത്താൽ കാണിക്കുന്നു.

39 യഥാ പുത്രാച്ച വിത്താച്ച പൃഥങ്മർത്ത്യഃ പ്രതീയതേ
അപ്യാത്മത്വേനാഭിമതാദ്ദേഹാദേഃ പുരുഷസ്തഥാ

| | |
|---|---|
| ആത്മത്വേന | താനെന്നനിലയ്ക്കു് |
| അഭിമതാത് അപി | അഭിമാനിക്കപ്പെട്ടതാണെന്നിരിക്കിലും |
| പുത്രാത് ച | സന്താനത്തിൽനിന്നും |
| വിത്താത് ച | സമ്പത്തിൽനിന്നും |
| യഥാ | എപ്രകാരം |
| മർത്ത്യഃ | മനുഷ്യൻ |
| പൃഥക് | താൻ ഭിന്നനാണെന്നു് |
| പ്രതീയതേ | പ്രതിബോധിക്കുന്നുവോ, |
| തഥാ | അപ്രകാരം |
| ദേഹാദേഃ | ദേഹാദിയിൽനിന്നു് |
| പുരുഷഃ | ആത്മാവും ഭിന്നനാണെന്നു ബോധിക്കുന്നു. |

പ്രത്യക്ഷമായി പൃഥഗവസ്ഥിതിയില്ലെങ്കിലും ഭേദമുണ്ടെന്നതിന്നു ദൃഷ്ടാന്തം കാണിക്കുന്നു

40 യഥോല്മുകാദ്വിസ്ഫുലിംഗാദ്ധൂമാദ്വാപി സ്വസംഭവാത്
അപ്യാത്മത്വേനാഭിമതാത്തദഗ്നിഃ പൃഥഗുല്മുകാത്

41 ഭൂതേന്ദ്രിയാന്തഃകരണാത് പ്രധാനാജ്ജീവസംജ്ഞിതഃ
ആത്മാ തഥാ പൃഥഗ്ദ്രഷ്ടാ ഭഗവാൻ ബ്രഹ്മസംജ്ഞിതഃ

| | |
|---|---|
| ആത്മത്വേന | (അഗ്നിയുടെ) സ്വരൂപമെന്ന നിലയ്ക്കു് |
| അഭിമതാത് അപി | കരുതപ്പെട്ടുവരുന്നതാണെങ്കിലുംകൂടി |
| ഉല്മുകാത് | തൽസമയം എരിയുന്ന കൊള്ളിയിൽനിന്നും |
| വിസ്ഫുലിംഗാത് | അതിൽനിന്നു ചിതറുന്ന തീപ്പൊരിയിൽനിന്നും |
| സ്വസംഭവാത് | തന്നിൽനിന്നുയർന്ന |
| ധൂമാത് | പുകയിൽനിന്നും |
| ഉല്മുകാത് വാ അപി | മുമ്പു് എരിഞ്ഞിരുന്ന മററു തീക്കൊള്ളിയിൽനിന്നും |
| തദഗ്നിഃ | അതിനെ പ്രകാശിപ്പിക്കയും ദഹിപ്പിക്കയും ചെയ്യുന്ന അഗ്നി |
| യഥാ | യാതൊരുപ്രകാരം |
| പൃഥക് | വേറെത്തന്നെയോ, |
| തഥാ | അപ്രകാരം |
| ഭൂതേന്ദ്രിയാന്തഃകരണാത് | ഭൂതങ്ങളും-ഇന്ദ്രിയങ്ങളും-അന്തഃകരണവൃത്തികളും എന്നിവയിൽനിന്നു് |
| ദ്രഷ്ടാ | സാക്ഷിഭൂതനും |
| ജീവസംജ്ഞിതഃ | ജീവനെന്ന പേരുകൊണ്ടു വ്യവഹരിക്കപ്പെട്ടുന്നവനുമായ |
| ആത്മാ | ആത്മാവു് |
| പൃഥക് | ഭിന്നനാകുന്നു |
| (തഥാ) | അതേവിധം |
| ബ്രഹ്മസംജ്ഞിതഃ | ബ്രഹ്മമെന്ന പേരിൽ വ്യപദേശിക്കപ്പെട്ടിരിക്കുന്ന |
| ഭഗവാൻ | സർവ്വേശ്വരൻ |
| പ്രധാനാത് | അവ്യാകൃതമായ മൂലപ്രകൃതിയിൽനിന്നും ഭിന്നനാണു്. |

ഉപാധിഭേദംകൊണ്ടുള്ള വിവേചനം പറഞ്ഞതിന്നുശേഷം ആത്മതത്വം ഏകമാണെന്നുപറയുന്നു.

42 സർവ്വഭൂതേഷു ചാത്മാനം സർവ്വഭൂതാനി ചാത്മനി.
ഈക്ഷേതാനന്യഭാവേന ഭൂതേഷ്വിവ തദാത്മതാം.

| | | | |
|---|---|---|---|
| സൎവ്വഭൂതേഷു | എല്ലാ ചരാചരങ്ങളിലും | തദാത്മതാം | പഞ്ചഭൂതാത്മകതയെ |
| ആത്മാനം ച | ഏകാത്മാഭാവത്തേയും, | ഇവ | എന്നപോലെ |
| ആത്മനി | ഏകമായ ആത്മാവിൽ | അനന്യഭാവേന | അഭേദഭാവനയോടുകൂടി |
| സൎവ്വഭൂതാനി ച | സൎവ്വചരാചരങ്ങളേയും | ഈക്ഷേത | കണ്ടറിഞ്ഞുകൊൾക. |
| ഭൂതേഷു | പ്രാണിശരീരങ്ങളിൽ | | |

ധൎമ്മഭേദം ഉപാധിഭേദകൃതമാണെന്നതിന്നു ദൃഷ്ടാന്തം കൊടുക്കുന്നു.

43 സ്വയോനിഷു യഥാ ജ്യോതിരേകം നാനാ പ്രതീയതേ
യോനീനാം ഗുണവൈഷമ്യാത്തഥാത്മാ പ്രകൃതൌ സ്ഥിതഃ

| | | | |
|---|---|---|---|
| ഏകം ജ്യോതിഃ | ഒരേ അഗ്നി | പ്രതീയതേ | തോന്നപ്പെടുന്നുവോ, |
| സ്വയോനിഷു | അതിന്റെ പ്രകാശനോപാധിയായ വിറകിൽ | തഥാ | അതുപ്രകാരം |
| യോനീനാം | പ്രകാശനോപാധികളുടെ | പ്രകൃതൌ | പ്രകൃതികാൎയ്യമായ ശരീരാദിയിൽ |
| ഗുണവൈഷമ്യാത് | തരാതരഭേദത്തെ നിമിത്തീകരിച്ച് | സ്ഥിതഃ | ഇരിക്കുന്ന |
| യഥാ | എപ്രകാരം | ആത്മാ | ആത്മാവും (നാനാത്വേന പ്രതിഭാസിക്കുന്നു) |
| നാനാ | പലമട്ടായി | | |

44 തസ്മാദിമാം സ്വാം പ്രകൃതിം ദൈവീം സദസദാത്മികാം
ദുൎവ്വിഭാവ്യാം പരാഭാവ്യ സ്വരൂപേണാവതിഷ്ഠതേ.

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | ദൈവീം | ഭഗവാന്റെ ശക്തിസ്വരൂപമായിവൎത്തിക്കുന്നതുമായ |
| ദുൎവ്വിഭാവ്യാം | വിഭാവനംചെയ്യുവാൻ പ്രയാസമുള്ളതും | ഇമാം പ്രകൃതിം | ഈ പ്രകൃതിയെ |
| | | പരാഭാവ്യ | പരാജയപ്പെടുത്തി |
| സദസദാത്മികാം | കാൎയ്യകാരണങ്ങളുടെ സ്വരൂപമായിരിക്കുന്നതും | സ്വരൂപേണ | സ്വകീയമായ ബ്രഹ്മഭാവത്തോടെ |
| സ്വാം | സ്വാംശമായ ജീവന്റെ ബന്ധഹേതുവായുള്ളതും | അവതിഷ്ഠതെ | (സാധകൻ) നിലകൊള്ളുന്നു |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ

കാപിലേയേ സാധനാനുഷ്ഠാനം നാമ അഷ്ടാവിംശതിതമോऽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 1205 ഇരുപത്തെട്ടാമദ്ധ്യായം കഴിഞ്ഞു.

## ഏകോനത്രിംശത്തമോ ഽദ്ധ്യായഃ = ഇരുപത്തൊമ്പതാമദ്ധ്യായം.

"ഏകോനത്രിംശകേ ഭക്തിയോഗസ്തു ബഹുധോച്യതേ
കാലസ്യ ച ബലം ഘോരാ സംസൃതിശ്ച വിരക്തയേ"

## ഭക്തിയോഗരഹസ്യവും കാലപ്രഭാവവർണ്ണനവും

ദേവഹൂതിരുവാച = ദേവഹൂതി പറഞ്ഞു :

1 ലക്ഷണം മഹദാദീനാം പ്രകൃതേഃ പുരുഷസ്യ ച
സ്വരൂപം ലക്ഷ്യതേഽമീഷാം യേന തത് പാരമാർത്ഥികം

2 യഥാ സാംഖ്യേഷു കഥിതം യന്മൂലം തത് പ്രചക്ഷതേ
ഭക്തിയോഗസ്യ മേ മാർഗ്ഗം ബ്രൂഹി വിസ്തരശഃ പ്രഭോ.

| | | | |
|---|---|---|---|
| മഹദാദീനാം | മഹദാദികളുടേയും | യഥാ | ഉള്ളവിധം |
| പ്രകൃതേഃ | പ്രകൃതിയുടേയും | കഥിതം | ഉപദേശിക്കപ്പെട്ടു. |
| പുരുഷസ്യ ച | പുരുഷന്റേയും | പ്രഭോ | ഹേ മഹാനുഭാവ! |
| ലക്ഷണം | സ്വഭാവനിർവ്വചനം— | തത് | അതു് (ആ ഉപദേശം) |
| യേന | യാതൊന്നുകൊണ്ടു് | യന്മൂലം പ്രചക്ഷതേ | യാതൊന്നിന്റെ പ്രയോജനത്തോടുകൂടിയതാണെന്നു പറയുന്നുവോ, |
| അമീഷാം | ഇവകളുടെ | ഭക്തിയോഗസ്യ | ആ ഭക്തിയോഗത്തിന്റെ |
| പാരമാർത്ഥികം | വാസ്തവികമായ | മാർഗ്ഗം | പ്രകാരഭേദത്തെ |
| സ്വരൂപം | സ്വരൂപം | മേ | എനിക്കായിക്കൊണ്ടു് |
| ലക്ഷ്യതേ | അറിയപ്പെടാമോ, | വിസ്തരശഃ | വിവരണപൂർവ്വം |
| തത് | ആയതു് | ബ്രൂഹി | പറഞ്ഞുതന്നാലും |
| സാംഖ്യേഷു | സാംഖ്യശാസ്ത്രങ്ങളിൽ | | |

3 വിരാഗോ യേന പുരുഷോ ഭഗവൻ സർവ്വതോ ഭവേത്
ആചക്ഷ്വ ജീവലോകസ്യ വിവിധാ മമ സംസൃതീഃ.

| | | | |
|---|---|---|---|
| ഭഗവൻ | സർവ്വജ്ഞാനനിധേ! | ഭവേത് | ഭവിക്കുമോ, |
| യേന | യാതൊരു വിവരണം കൊണ്ടു് | ജീവലോകസ്യ | ജീവപ്രപഞ്ചത്തിന്റെ |
| | | വിവിധാഃ | ആ പലപ്രകാരത്തിലുള്ള |
| പുരുഷഃ | മനുഷ്യൻ | സംസൃതീഃ | സംസാരഗതികളെ |
| സർവ്വതഃ | എല്ലാ വസ്തുക്കളിലും | മമ | എനിക്കു് |
| വിരാഗഃ | വിരക്തനായി | ആചക്ഷ്വ | വിവരിച്ചുതരിക. |

4 കാലസ്യേശ്വരരൂപസ്യ പരേഷാം ച പരസ്യ തേ
സ്വരൂപം ബത കുർവ്വന്തി യദ്ധേതോഃ കുശലം ജനാഃ

| | | | |
|---|---|---|---|
| പരേഷാം | ലോകാതീതന്മാരുടേയും | ബത | ഹാ! ആശ്ചര്യം ! |
| പരസ്യ | നിയന്താവായി– | ജനാഃ | ജനങ്ങൾ |
| ഈശ്വരരൂപസ്യ | മഹാപ്രഭാവനായി– | യദ്ധേതോഃ | യാതൊരു ഈ കാലത്തി |
| കാലസ്യ | കാലാത്മകനായിരിക്കുന്ന | | ന്റെ ഭയം ഹേതുവായി |
| തേ | അങ്ങയുടെ | കുശലം | പുണ്യകർമ്മം |
| സ്വരൂപം ച | സ്വരൂപത്തേയും | കുർവ്വന്തി | ചെയ്തുവരുന്നു. |
| (ആചക്ഷ്വ) | വിവരിച്ചുതരിക. | | |

5 ലോകസ്യ മിഥ്യാഭിമതേരചക്ഷുഷ
ശ്ചിരം പ്രസുപ്തസ്യ തമസ്യനാശ്രയേ
ശ്രാന്തസ്യ കർമ്മസ്വനുവിദ്ധയാ ധിയാ
ത്വമാവിരാസീഃ കില യോഗഭാസ്കരഃ

| | | | |
|---|---|---|---|
| അചക്ഷുഷഃ | വിവേകചക്ഷുസ്സില്ലാത്ത | ചിരം | ദീർഘകാലമായി |
| മിഥ്യാഭിമതേഃ | മിഥ്യയായ ദേഹാദി | പ്രസുപ്തസ്യ | മയങ്ങിയുറങ്ങിക്കിടക്കുന്ന |
| | യിൽ അഹംകാരമാർന്ന– | ലോകസ്യ | ജനസഞ്ചയത്തിന്നു് |
| കർമ്മസു | കർമ്മങ്ങളിൽ | യോഗഭാസ്കരഃ | യോഗമാർഗ്ഗങ്ങളെ തെളി |
| അനുവിദ്ധയാ | ഒട്ടിപ്പിടിച്ചുനില്ക്കുന്ന | | യിച്ചുകൊടുക്കുന്ന ആദി |
| ധിയാ | ബുദ്ധിനിമിത്തം | | ത്യനായിട്ടു് |
| ശ്രാന്തസ്യ | തളർന്നുപോയ— | ത്വം | നിന്തിരുവടി |
| അനാശ്രയേ | ഒരെത്തും പിടിയുമില്ലാത്ത | ആവിരാസീഃ | ആവിർഭവിച്ചിരിക്കുക |
| തമസി | സംസാരാന്ധകാരത്തിൽ | കില | യാണല്ലോ |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു :—

6 ഇതി മാതുർവ്വചഃ ശ്ലക്ഷ്ണം പ്രതിനന്ദ്യ മഹാമുനിഃ
ആബഭാഷേ കുരുശ്രേഷ്ഠ പ്രീതസ്താം കരുണാർദ്ദിതഃ

| | | | |
|---|---|---|---|
| കുരുശ്രേഷ്ഠ! | ഹേ വിദുര ! | പ്രീതഃ | സന്തുഷ്ടനും |
| ഇതി | ഈ വിധം | കരുണാർദ്ദിതഃ | കൃപാവിവശനുമായ |
| മാതുഃ | മാതാവിന്റെ | മഹാമുനിഃ | കപിലമഹാമുനി |
| ശ്ലക്ഷ്ണം | മനോഹരമായ | താം | അവളോടു് |
| വചഃ | വചനത്തെ | ആബഭാഷേ | പറഞ്ഞു. |
| പ്രതിനന്ദ്യ | അഭിനന്ദിച്ചു്, | | |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു.

7 ഭക്തിയോഗോ ബഹുവിധോ മാർഗ്ഗൈർഭാമിനി ഭാവ്യതേ
സ്വഭാവഗുണമാർഗ്ഗേണ പുംസാം ഭാവോ വിഭിദ്യതേ.

| | | | |
|---|---|---|---|
| ഭാമിനി | ഉത്തമേ! | സ്വഭാവഗുണ- മാർഗ്ഗേണ | സ്വാഭാവികമായ സത്വാദിഗുണങ്ങളുടെ വൃത്തിഭേദത്താൽ |
| ഭക്തിയോഗഃ | ഭക്തിയോഗമെന്നതു് | പുംസാം | മനുഷ്യരുടെ |
| മാർഗ്ഗൈഃ | പ്രകാരഭേദങ്ങളാൽ | ഭാവഃ | മനഃസ്ഥിതി |
| ബഹുവിധഃ | പലതരമായിട്ടു് | വിഭിദ്യതേ | പലമട്ടായിരിക്കുന്നു. |
| ഭാവ്യതേ | ഉണ്ടാകാം | | |

8 അഭിസന്ധായ യോ ഹിംസാം ദംഭം മാത്സര്യമേവ വാ
സംരംഭീ ഭിന്നദൃഗ് ഭാവം മയി കുര്യാത് സ താമസഃ

| | | | |
|---|---|---|---|
| ഹിംസാം | ഹിംസയേയോ, | ഭിന്നദൃക് | ഭേദദർശിയായും |
| ദംഭം | ഗർവ്വത്തേയോ, | യഃ | യാതൊരുവൻ |
| മാത്സര്യം ഏവ വാ | മത്സരബുദ്ധിയെത്തന്നെയോ | മയി ഭാവം | എന്നിൽ ഭക്തിയെ |
| | | കുര്യാത് | ചെയ്യുന്നുവോ, |
| അഭിസന്ധായ | ഉള്ളിൽവെച്ചു് | സഃ | അവൻ |
| സംരംഭീ | ക്രോധിയായും | താമസഃ | താമസഭക്തനാകുന്നു. |

9 വിഷയാനഭിസന്ധായ യശ ഐശ്വര്യമേവ വാ
അർച്ചാദാവർച്ചയേദ്യോ മാം പൃഥഗ്ഭാവഃ സ രാജസഃ

| | | | |
|---|---|---|---|
| വിഷയാൻ | വിഷയങ്ങളേയോ, | യഃ | യാതൊരുവൻ |
| യശഃ | കീർത്തിയേയോ, | അർച്ചാദൌ | വിഗ്രഹാദികളിൽ |
| ഐശ്വര്യം ഏവ വാ | ഐശ്വര്യത്തെത്തന്നെയോ | മാം | എന്നെ |
| | | അർച്ചയേത് | ആരാധിക്കുന്നുവോ |
| അഭിസന്ധായ | ഉള്ളിൽ കരുതി, | സഃ | അവൻ |
| പൃഥഗ്ഭാവഃ | ഭേദഭാവത്തോടെ | രാജസഃ | രാജസഭക്തനാകുന്നു. |

10 കർമ്മനിർഹാരമുദ്ദിശ്യ പരസ്മിൻ വാ തദർപ്പണം
യജേദ്യഷ്ടവ്യമിതി വാ പൃഥഗ്ഭാവഃ സ സാത്ത്വികഃ

| | | | |
|---|---|---|---|
| കർമ്മനിർഹാരം | കർമ്മകൃതമായ പാപത്തിന്റെ ഉപശമനത്തെയോ, | ഉദ്ദിശ്യ | ലക്ഷ്യംവെച്ചു് |
| പരസ്മിൻ | ഈശ്വരങ്കൽ | പൃഥഗ്ഭാവഃ | ഭേദഭാവനയോടുകൂടിയവനായിട്ടു് |
| തദർപ്പണം വാ | ആ കർമ്മങ്ങളുടെയെല്ലാം സമർപ്പണത്തെയോ, | യജേത് | ഭജിക്കുകയാണെങ്കിൽ |
| യഷ്ടവ്യം ഇതി വാ | ഈശ്വരഭജനം ചെയ്യേണ്ടതാണെന്ന കൃത്യബോധത്തെയോ | സഃ | അവൻ |
| | | സാത്ത്വികഃ | സാത്ത്വികഭക്തനാകുന്നു |

ഭക്തിയോഗം ബഹുവിധമാണെന്നും ഭക്തന്റെ മനോഭാവഭേദംകൊണ്ടു് ഭക്തിക്കു് വൈവിധ്യമുണ്ടാകുന്നുവെന്നും ആദ്യമേ പറഞ്ഞു. അതിനെത്തന്നെ വിവരിക്കുകയാണു് ചെയ്യുന്നതു്—സഗുണമെന്നും നിർഗ്ഗുണമെന്നും ഭക്തി സ്വാഭാവികമായി രണ്ടുവിധമുണ്ടു്. വിഗ്രഹാദികളിൽ സേവ്യസേവകാദിഭേദഭാവനയോടെ ചെയ്യുന്ന സമാരാധനമാണു് സഗുണഭക്തി. അതു താമസം, രാജസം, സാത്ത്വികം എന്നിങ്ങനെ മൂന്നുവിധമാകുന്നു. ഈ മൂന്നും മുമ്മൂന്നു് അവാന്തരഭേദംകൊണ്ടു് ഒമ്പതാകും. [ഹിംസ–ദംഭം–മാത്സര്യം എന്നിവയിൽ മനോനിവേശംകൊണ്ടു് താമസവും, വിഷയം–യശസ്സ്–ഐശ്വര്യം എന്നിവയിൽ മനോനിവേശംകൊണ്ടു് രാജസവും, കർമ്മനിർഹാരം–കർമ്മസമർപ്പണം–സ്വകൃത്യബോധം എന്നീ ഉദ്ദേശ്യഭേദത്താൽ സാത്ത്വികവും പ്രത്യേകം മുമ്മൂന്നായിട്ടു് വരും] ഇനി ശ്രവണകീർത്തനാദി ഒമ്പതുവിധം സാധനഭേദങ്ങളെ അവലംബിച്ചുകൊണ്ടു് സഗുണഭക്തി 9 × 9 == 81 പ്രകാരത്തിൽ ആയിത്തീരുന്നു. എന്നാൽ നിർഗ്ഗുണഭക്തി ഒന്നു മാത്രമാണു്. താഴെ രണ്ടുശ്ലോകംകൊണ്ടു് അതിനെ കാണിക്കുന്നു.

11 മദ്ഗുണശ്രുതിമാത്രേണ മയി സർവ്വഗുഹാശയേ
മനോഗതിരവിച്ഛിന്നാ യഥാ ഗംഗാംഭസോഽംബുധൌ

12 ലക്ഷണം ഭക്തിയോഗസ്യ നിർഗ്ഗുണസ്യ ഹ്യുദാഹൃതം
അഹൈതുക്യവ്യവഹിതാ യാ ഭക്തിഃ പുരുഷോത്തമേ

| | | | |
|---|---|---|---|
| മദ്ഗുണ- ശ്രുതിമാത്രേണ | എന്റെ ഗുണങ്ങളുടെ ശ്രവണംകൊണ്ടുമാത്രം | അവ്യവഹിതാ | ഭേദദർശനരഹിതവും ആയിരിക്കുന്ന |
| സർവ്വഗുഹാശയേ | സർവ്വാന്തര്യാമിയും | മനോഗതിഃ | ചേതോവൃത്തിയുണ്ടാവുക എന്നതായ |
| പുരുഷോത്തമേ | പരമപുരുഷനുമായ | ഭക്തിഃ യാ | ഭക്തി യാതൊന്നോ, (അതു്) |
| മയി | എന്നിൽ, | | |
| ഗംഗാംഭസഃ | ഗംഗാസലിലങ്ങൾ | | |
| അംബുധൌ | സമുദ്രത്തിൽ | നിർഗ്ഗുണസ്യ | ഗുണാതീതമായ |
| യഥാ | എന്നതുപോലെ | ഭക്തിയോഗസ്യ | ഭക്തിയോഗത്തിന്റെ |
| അവിച്ഛിന്നാ | ഇടവിടാത്തതും | ലക്ഷണം ഹി | സ്വരൂപമായിട്ടു് |
| അഹൈതുകീ | ഫലാനുസന്ധാനമില്ലാത്തതും | ഉദാഹൃതം | ഉദാഹരിക്കപ്പെട്ടിരിക്കുന്നു |

നിർഗ്ഗുണഭക്തിയുക്തന്മാരുടെ നിഷ്കാമഭാവത്തെ വെളിവാക്കുന്നു.

13 സാലോക്യസാർഷ്ടിസാമീപ്യസാരൂപ്യൈകത്വമപ്യുത
ദീയമാനം ന ഗൃഹ്ണന്തി വിനാ മത്സേവനം ജനാഃ

| | | | |
|---|---|---|---|
| ജനാഃ | ഭക്തജനങ്ങൾ | സാലോക്യ- സാർഷ്ടി- സാമീപ്യ- സാരൂപ്യൈ- കത്വം | ഭഗവല്ലോകവാസം, ഭഗവത്തുല്യൈശ്വര്യം, ഭഗവൽസാമീപ്യസ്ഥിതി, ഭഗവൽസമാനരൂപത, ഭഗവൽസായൂജ്യം എന്നീ മുക്തികളെ |
| മത്സേവനം | എന്റെ സേവനത്തെ | | |
| വിനാ | അല്ലാതെ, | | |

| | | | |
|---|---|---|---|
| (മയാ) | എന്നാൽ | ന ഗൃഹ്ണന്തി | സ്വീകരിക്കയില്ല. |
| ദീയമാനം അപി | കനിഞ്ഞു നൽകപ്പെട്ടിരുന്നാൽത്തന്നേയും | ഉത | മററുള്ളവയെ ആഗ്രഹിക്കയില്ലെന്നു് പിന്നെ പറയേണമോ? |

മുക്തിയെപ്പോലും ആഗ്രഹിക്കുന്നില്ലെങ്കിൽ അവർ ഭജിക്കുന്നതെന്തിനു് ? ഭക്തിയെമാത്രമാണു് ഭക്തിയുടെ പരമഫലത്വേന അവർ കരുതുന്നതെന്നു് താഴെ പറയുന്നു—

14 സ ഏഷ ഭക്തിയോഗാഖ്യ ആത്യന്തിക ഉദാഹൃതഃ
യേനാതിവ്രജ്യ ത്രിഗുണം മദ്ഭാവായോപപദ്യതേ.

| | | | |
|---|---|---|---|
| യേന | യാതൊന്നിലൂടെ | സഃ ഏഷഃ | ആവിധത്തിലുള്ള ഈ |
| ത്രിഗുണം | ഗുണത്രയത്തെ | ഭക്തിയോഗാഖ്യഃ | ഭക്തിയോഗമെന്നതു് |
| അതിവ്രജ്യ | അതിലംഘിച്ചു് | ആത്യന്തികഃ | ഭക്തിയുടെ അങ്ങേ അററത്തെ പ്രയോജനമായിട്ടു് |
| മദ്ഭാവായ | ആത്മഭാവമായ ബ്രഹ്മതത്വത്തിന്നു് | | |
| ഉപപദ്യതേ | ഉതകുന്നുവോ, | ഉദാഹൃതഃ | എണ്ണപ്പെട്ടിരിക്കുന്നു. |

ഇങ്ങനെയുള്ള നിർഗ്ഗുണ–നിഷ്കാമ–ഭക്തിയുടെ സാധനങ്ങളെ ഇനി അഞ്ചുശ്ലോകം കൊണ്ടു് ചൊല്ലുന്നു.

15 നിഷേവിതേനാനിമിത്തേന സ്വധർമ്മേണ മഹീയസാ
ക്രിയായോഗേന ശസ്തേന നാതിഹിംസ്രേണ നിത്യശഃ

16 മദ്ധിഷ്ണ്യദർശനസ്പർശപൂജാസ്തുത്യഭിവന്ദനൈഃ
ഭൂതേഷു മദ്ഭാവനയാ സത്ത്വേനാസംഗമേന ച

17 മഹതാം ബഹുമാനേന ദീനാനാമനുകമ്പയാ
മൈത്ര്യാ ചൈവാത്മതുല്യേഷു യമേന നിയമേന ച

18 ആദ്ധ്യാത്മികാനുശ്രവണാന്നാമസംകീർത്തനാച്ച മേ
ആർജ്ജവേനാര്യസംഗേന നിരഹംക്രിയയാ തഥാ

19 മദ്ധർമ്മണോ ഗുണൈരേതൈഃ പരിസംശുദ്ധ ആശയഃ
പുരുഷസ്യാഞ്ജസാഽഭ്യേതി ശ്രുതമാത്രഗുണം ഹി മാം

| | | | |
|---|---|---|---|
| അനിമിത്തേന | പ്രയോജനനിരപേക്ഷമായി | മഹീയസാ | ശ്രദ്ധാദികളാൽ മഹത്തരമായതും |
| നിഷേവിതേന | വേണ്ടതുപോലെ അനുഷ്ഠിക്കപ്പെട്ട | നാതിഹിംസ്രേണ | അതിഹിംസാദോഷം ചേരാത്തതുമായ |
| സ്വധർമ്മേണ | സ്വധർമ്മാചരണംകൊണ്ടും, | ക്രിയായോഗേന | പൂജാപ്രകാരാദികർമ്മപദ്ധതികൊണ്ടും, |
| ശസ്തേന | ഉൽകൃഷ്ടവും | | |

| | |
|---|---|
| നിത്യശഃ | പതിവായിട്ട് |
| മദ്ധിഷ്ണ്യ-ദൎശനസ്പൎശ-പൂജാസ്തുത്യഭി-വന്ദനൈഃ | എൻെറ വിഗ്രഹാദികളെ സന്ദൎശിക്കുക, തൊടുക, പൂജിക്കുക, സ്തുതിക്കുക, തൊഴുകുക എന്നിവ കൊണ്ടും, |
| ഭൂതേഷു | സൎവ്വപ്രാണികളിലും |
| മദ്ഭാവനയാ | ഞാനുണ്ടെന്ന വിചാരം കൊണ്ടും, |
| സത്വേന വാ | ധൈൎയ്യംകൊണ്ടും, |
| അസംഗമേന | വൈരാഗ്യംകൊണ്ടും, |
| മഹതാം | വലിയവരെക്കുറിച്ചു |
| ബഹുമാനേന | ബഹുമാനംകൊണ്ടും, |
| ദീനാനാം | പാവങ്ങളെക്കുറിച്ച് |
| അനുകമ്പയാ | കാരുണ്യംകൊണ്ടും, |
| ആത്മതുല്യേഷു | തനിക്കൊത്തവരിൽ |
| മൈത്ര്യാ ച | മിത്രഭാവംകൊണ്ടും |
| യമേന ഏവ | യമംകൊണ്ടും, |
| നിയമേന ച | നിയമംകൊണ്ടും, |
| ആധ്യാത്മികാ-നുശ്രവണാത് | ആധ്യാത്മികതത്വങ്ങളുടെ നിരന്തരമായ ശ്രവണംകൊണ്ടും, |
| മേ നാമ-സംകീൎത്തനാത് | എൻെറ നാമങ്ങളെ പ്രകീൎത്തിക്കുന്നതുകൊണ്ടും, |
| ആൎജ്ജവേന | കൌടില്യാഭാവംകൊണ്ടും, |
| ആൎയ്യസംഗേന | സജ്ജനസംസൎഗ്ഗംകൊണ്ടും, |
| തഥാ | അപ്രകാരം |
| നിരഹം-ക്രിയയാ ച | ദേഹാദികളിൽ അഹംബുദ്ധിയില്ലായ്മകൊണ്ടും, |
| ഏതൈഃ | ഇങ്ങനെയുള്ള |
| ഗുണൈഃ | മററു ഗുണങ്ങൾകൊണ്ടും |
| പരിസംശുദ്ധഃ | പൂൎണ്ണവിശുദ്ധമായ |
| മദ്ധൎമ്മിണഃ | ഭഗവൽധൎമ്മാനുഷ്ഠാതാവായ |
| പുരുഷസ്യ | പുരുഷൻെറ |
| ആശയഃ | അന്തഃകരണം |
| ശ്രുതമാത്രഗുണം | ഗുണശ്രവണം മാത്രംകൊണ്ടു സിദ്ധമായ |
| മാം ഹി | എന്നെത്തന്നെ |
| അഞ്ജസാ | അനായാസേന |
| അഭ്യേതി | പ്രാപിക്കുന്നു. |

അനായാസേനയുള്ള പ്രാപ്തിക്കു ദൃഷ്ടാന്തം പറയുന്നു.

20 യഥാ വാതരഥോ ഘ്രാണമാവൃങ്ക്തേ ഗന്ധ ആശയാത്
ഏവം യോഗരതം ചേത ആത്മാനമവികാരി യത്

| | |
|---|---|
| യഥാ ഗന്ധഃ | ഏതുപ്രകാരം ഗന്ധം |
| ആശയാത് | തൻെറ സ്ഥാനത്തുനിന്നു |
| വാതരഥഃ | കാററിൽ പറന്നെത്തിയിട്ട് |
| ഘ്രാണം | ഘ്രാണേന്ദ്രിയത്തെ |
| ആവൃങ്ക്തേ | ഉള്ളടക്കുന്നുവോ, |
| ഏവം | അതുപ്രകാരം |
| യോഗരതം | യോഗാഭ്യാസനിരതവും |
| അവികാരി | നിൎവികാരവുമായ |
| യത് ചേതഃ | യാതൊരു ചിത്തം |
| ആത്മാനം | ആത്മാവിനെ (സച്ചിത്‌സ്വരൂപത്തെ) |
| ആവൃങ്ക്തേ | ഉൾക്കൊള്ളുന്നു. |

ചിത്തശുദ്ധി സൎവ്വാത്മഭാവനയാൽ മാത്രമേ ഉണ്ടാകയുള്ളു എന്നതു വ്യക്തമാക്കുവാനുദ്ദേശിച്ചുകൊണ്ടു കേവലമായ വിഗ്രഹാരാധനാനിഷ്ഠയെ താഴെ ഏഴു ശ്ലോകത്താൽ തരം താഴ്ത്തി പറയുന്നു.

21 അഹം സൎവ്വേഷു ഭൂതേഷു ഭൂതാത്മാവസ്ഥിതഃ സദാ
തമവജ്ഞായ മാം മൎത്ത്യഃ കുരുതേൎച്ചാവിഡംബനം.

| | | | |
|---|---|---|---|
| ഭൂതാത്മാ | സർവ്വചരാചരങ്ങളുടെ അന്തര്യാമിയായ | തം മാം | അങ്ങിനെയുള്ള എന്നെ |
| | | അവജ്ഞായ | അവഗണിച്ച് |
| അഹം സദാ | ഞാൻ, എപ്പോഴും | മർത്ത്യഃ | മനുഷ്യൻ |
| സർവ്വേഷു | എല്ലാ | അർച്ചാ- വിഡംബനം | വിഗ്രഹത്തിൽ പൂജിക്കുക എന്ന അനുകരണത്തെ |
| ഭൂതേഷു | ചരാചരങ്ങളിലും | | |
| അവസ്ഥിതഃ | സ്ഥിതിചെയ്യുന്നവനാണ് | കുരുതേ | ചെയ്യുന്നുണ്ട്. |

22 യോ മാം സർവ്വേഷു ഭൂതേഷു സന്തമാത്മാനമീശ്വരം
ഹിത്വാ മാം ഭജതേ മൌഢ്യാദ്ഭസ്മന്യേവ ജുഹോതി സഃ

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ഹിത്വാ | തള്ളിക്കളഞ്ഞു് |
| സർവ്വേഷു | എല്ലാ | മൌഢ്യാത് | മൂഢതകൊണ്ട് |
| ഭൂതേഷു | ചരാചരങ്ങളിലും | ഭജതേ | വിഗ്രഹഭജനം ചെയ്യുന്നു |
| ആത്മാനം | ജീവാത്മാവായും | സഃ | അവൻ [വോ |
| ഈശ്വരം | തന്നിയന്താവായും | ഭസ്മനി ഏവ | വെണ്ണീറിൽത്തന്നെ |
| സന്തം മാം | വർത്തിക്കുന്ന എന്നെ | ജുഹോതി | ഹോമം കഴിക്കുന്നു. |

23 ദ്വിഷതഃ പരകായേ മാം മാനിനോ ഭിന്നദർശിനഃ
ഭൂതേഷു ബദ്ധവൈരസ്യ ന മനഃ ശാന്തിമൃച്ഛതി.

| | | | |
|---|---|---|---|
| പരകായേ | അന്യശരീരത്തിൽവെ [ച്ചു് | ഭൂതേഷു | ജീവജാലങ്ങളിൽ |
| മാം | എന്നെ | ബദ്ധവൈരസ്യ | വിരോധംവെച്ചിരിക്കു ന്നവനുമായ മനുഷ്യന്റെ |
| ദ്വിഷതഃ | ദ്വേഷിക്കുന്നവനും | | |
| മാനിനഃ | ദേഹാഭിമാനിയും | മനഃ | മനസ്സ് |
| | | ശാന്തിം | ശാന്തിയെ |
| ഭിന്നദർശിനഃ | ഭേദഭാവനയുള്ളനും | ന ഋച്ഛതി | പ്രാപിക്കുകയില്ല. |

24 അഹമുച്ചാവചൈർദ്രവ്യൈഃ ക്രിയയോത്പന്നയാഽനഘേ
നൈവ തുഷ്യേഽർച്ചിതോഽർച്ചായാം ഭൂതഗ്രാമാവമാനിനഃ

| | | | |
|---|---|---|---|
| അനഘേ | ഹേ പാപരഹിതേ! | അർച്ചായാം | അർച്ചനാബിംബത്തിൽ വെച്ച് |
| ഉച്ചാവചൈഃ | പലപ്രകാരത്തിലുള്ള | അർച്ചിതഃ | അർച്ചിക്കപ്പെട്ടിരുന്നാലും |
| ദ്രവ്യൈഃ | ദ്രവ്യങ്ങളാംകൊണ്ട് | അഹം | ഞാൻ |
| ഉത്പന്നയാ | സംപാദിതമായ | ഭൂതഗ്രാമാ- വമാനിനഃ | പ്രാണിവർഗ്ഗത്തെ അവ മതിക്കുന്നവന്റെ നേക്കു് |
| ക്രിയയാ | പൂജാകർമ്മത്താൽ | തുഷ്യേ ന ഏവ | ഒട്ടുമേ പ്രസാദിക്കുന്നതല്ല |

എന്നാൽ വിഗ്രഹാരാധന അർത്ഥശൂന്യമാണെന്നു കരുതാമോ? അതു വെറുതേയോ?—അല്ലെന്നു പറയുന്നു.

25 അൎച്ചാദാവൎച്ചയേത്താവദീശ്വരം മാം സ്വകൎമ്മകൃത്
യാവന്ന വേദ സ്വഹൃദി സൎവ്വഭൂതേഷ്വവസ്ഥിതം

| | | | |
|---|---|---|---|
| സൎവ്വഭൂതേഷു | എല്ലാ പ്രാണികളിലും | അൎച്ചാദൌ | വിഗ്രഹാദികളിൽ |
| അവസ്ഥിതം | നിലകൊള്ളുന്ന എന്നെ | ഈശ്വരം മാം | സൎവ്വേശ്വരനായ എന്നെ |
| സ്വഹൃദി | തന്റെ ഹൃദയത്തിൽ | സ്വകൎമ്മകൃത് | സ്വകൎമ്മങ്ങൾ നിറവേറ്റിക്കൊണ്ടു് |
| യാവത് | എത്രകാലത്തോളം | | |
| ന വേദ | അറിയാതെയിരിക്കുന്നു | | |
| താവത് | അത്രയുംകാലം [വോ, | അൎച്ചയേത് | ആരാധിക്കാവുന്നതാണു് |

26 ആത്മനശ്ച പരസ്യാപി യഃ കരോത്യന്തരോദരം
തസ്യ ഭിന്നദൃശോ മൃത്യുർവിദധേ ഭയമുല്ബണം

| | | | |
|---|---|---|---|
| ആത്മനഃ ച | തനിക്കും | ഭിന്നദൃശഃ | ഭേദദൃഷ്ടിയുള്ള |
| പരസ്യ അപി | അന്യനും തമ്മിൽ | തസ്യ | അവന്നു് |
| അരം ഉത് | അല്പമെങ്കിലും | ഉല്ബണം | അതിഭയങ്കരമായ |
| അന്തരാ | ഭേദം | ഭയം | ഭീതിയെ |
| യഃ | യാതൊരാൾ | മൃത്യുഃ | മൃത്യുരൂപനായ ഞാൻ |
| കരോതി | കരുതുന്നുവോ, | വിദധേ | വരുത്തിവെക്കുന്നു. |

27 അഥ മാം സൎവ്വഭൂതേഷു ഭൂതാത്മാനം കൃതാലയം
അൎഹയേദ്ദാനമാനാഭ്യാം മൈത്ര്യാഽഭിന്നേന ചക്ഷുഷാ

| | | | |
|---|---|---|---|
| അഥ | അതുകൊണ്ടു് | ദാനമാനാഭ്യാം | ദാനമാനങ്ങൾകൊണ്ടും |
| ഭൂതാത്മാനം | സൎവ്വാന്തര്യാമിയും | മൈത്ര്യാ | സൌഹാൎദ്ദംകൊണ്ടും |
| സൎവ്വഭൂതേഷു | സൎവ്വചരാചരങ്ങളിലും | അഭിന്നേന | ഭേദമില്ലാത്ത |
| കൃതാലയം | കുടികൊള്ളുന്നവനുമായ | ചക്ഷുഷാ | ദൃഷ്ടിയോടെ |
| മാം | എന്നെ | അൎഹയേത് | ആരാധിക്കണം |

ദാനമാനങ്ങൾ യഥോത്തരം ചെയ്യണമെന്നു് ഉപദേശിക്കുവാൻവേണ്ടി പ്രാണികളിലുള്ള ഈശ്വരസ്ഫുരണത്തിന്റെ താരതമ്യം ഇനി 6½ ശ്ലോകങ്ങൾകൊണ്ടു കാണിക്കുന്നു

28 ജീവാഃ ശ്രേഷ്ഠാ ഹ്യജീവാനാം തതഃ പ്രാണഭൃതഃ ശുഭേ
തതഃ സചിത്താഃ പ്രവരാസ്തതശ്ചേന്ദ്രിയവൃത്തയഃ

| | | | |
|---|---|---|---|
| ശുഭേ | ഉത്തമേ ! | ശ്രേഷ്ഠാഃ ഹി | ഉൽകൃഷ്ടങ്ങളത്രെ |
| അജീവാനാം | അചേതനങ്ങളേക്കാൾ | തതഃ | അവയേക്കാൾ |
| ജീവാഃ | സചേതനങ്ങൾ | പ്രാണഭൃതഃ | പ്രാണവൃത്തിയുള്ളവയും |

| | |
|---|---|
| തതഃ | അവയെക്കാൾ |
| സചിത്താഃ | ബോധമുള്ളവയും |
| തതഃ ച | അവയിൽവെച്ച് |
| ഇന്ദ്രിയവൃത്തയഃ | ഇന്ദ്രിയവ്യാപാരമുള്ളവയും |
| പ്രവരാഃ | ശ്രേഷ്ഠതയുള്ളവയാണ്. |

29 തത്രാപി സ്പർശവേദിഭ്യഃ പ്രവരാഃ രസവേദിനഃ
തേഭ്യോ ഗന്ധവിദഃ ശ്രേഷ്ഠാസ്തതഃ ശബ്ദവിദോ വരാഃ

| | |
|---|---|
| തത്ര അപി | അവിടേയും, |
| സ്പർശവേദിഭ്യഃ | സ്പർശേന്ദ്രിയംകൊണ്ട് വിഷയങ്ങളെ ഗ്രഹിക്കുന്ന വൃക്ഷാദികളേക്കാൾ |
| രസവേദിനഃ | രസബോധമുള്ള ജീവികൾ (മത്സ്യാദികൾ) |
| പ്രവരാഃ | ശ്രേഷ്ഠങ്ങളാണ്. |
| തേഭ്യഃ | അവയെ അപേക്ഷിച്ച് |
| ഗന്ധവിദഃ | ഘ്രാണേന്ദ്രിയജ്ഞാനമുള്ളവ (ഭ്രമരാദികൾ) |
| ശ്രേഷ്ഠാഃ | ശ്രേഷ്ഠങ്ങളാകുന്നു. |
| തതഃ | അവയേക്കാൾ |
| ശബ്ദവിദഃ | ശബ്ദബോധമുള്ളവ (സർപ്പാദികൾ) |
| വരാഃ | ഉത്തമങ്ങളാകുന്നു. |

30 രൂപഭേദവിദസ്തത്ര തതശ്ചോഭയതോദതഃ
തേഷാം ബഹുപദാഃ ശ്രേഷ്ഠാശ്ചതുഷ്പാദസ്തതോ ദ്വിപാത്.

| | |
|---|---|
| തത്ര | അവയേക്കാൾ |
| രൂപഭേദവിദഃ | രൂപവ്യത്യാസം അറിയുന്നവ (കാകാദികൾ) ശ്രേഷ്ഠങ്ങളാകുന്നു |
| തതഃ ച | അവയെക്കാൾ |
| ഉഭയതോദതഃ | ഇരുവരിപ്പല്ലുള്ളവ ശ്രേഷ്ഠങ്ങളാണ്. |
| തേഷാം | അവയേക്കാൾ |
| ബഹുപദാഃ | അനേകം കാലുള്ളവയും |
| തതഃ | അവയെക്കാൾ |
| ചതുഷ്പാദഃ | നാല്ക്കാലികളും ശ്രേഷ്ഠങ്ങളാകുന്നു. |
| തതഃ | അവയെക്കാൾ |
| ദ്വിപാത് | രണ്ടുകാലുള്ള മനുഷ്യൻ ശ്രേഷ്ഠനാകുന്നു. |

31 തതോ വർണ്ണാശ്ച ചത്വാരസ്തേഷാം ബ്രാഹ്മണ ഉത്തമഃ
ബ്രാഹ്മണേഷ്വപി വേദജ്ഞോ ഹ്യർത്ഥജ്ഞോഽഭ്യധികസ്തതഃ

| | |
|---|---|
| തതഃ ച | ആ മനുഷ്യവർഗ്ഗത്തിലും |
| ചത്വാരഃ | ബ്രാഹ്മണാദി നാല് |
| വർണ്ണാഃ | വർണ്ണങ്ങൾ ശ്രേഷ്ഠങ്ങളാണ് |
| തേഷാം | അവരുടെ ഇടയിൽ |
| ബ്രാഹ്മണഃ | ബ്രാഹ്മണൻ |
| ഉത്തമഃ | ഉത്തമനാകുന്നു. |
| ബ്രാഹ്മണേഷു അപി | ബ്രാഹ്മണരിൽവെച്ചു തന്നെയും |
| വേദജ്ഞഃ | വേദമറിയാവുന്നവൻ ഉത്തമനാണ് |
| തതഃ ഹി | ആ വേദജ്ഞന്മാരിലും |
| അർത്ഥജ്ഞഃ | വേദാർത്ഥം ഗ്രഹിച്ചവൻ |
| അധികഃ | വിശിഷ്ടനാകുന്നു |

32 അൎത്ഥജ്ഞാത് സംശയച്ഛേത്താ തതഃ ശ്രേയാൻ സകൎമ്മകൃത്
മുക്തസംഗസ്തതോ ഭൂയാനദോഗ്ധാ ധൎമ്മമാത്മനഃ

| | | | |
|---|---|---|---|
| അൎത്ഥജ്ഞാത് | അൎത്ഥജ്ഞനെക്കാൾ | തതഃ | അവനെക്കാൾ |
| സംശയച്ഛേത്താ | സംശയം തീൎത്തുകൊടുക്കാൻ തക്കവണ്ണം ബോധവാനായ മീമാംസകൻ | ആത്മനഃ ധൎമ്മം | തന്റെ കൎമ്മാനുഷ്ഠാനത്തെ |
| ശ്രേയാൻ | ശ്രേഷ്ഠനാകുന്നു. | അദോഗ്ധാ | ദോഹനംചെയ്യാത്ത (കൎമ്മഫലം ഇച്ഛിക്കാത്ത) |
| തതഃ | അവനേക്കാൾ | | |
| സ്വകൎമ്മകൃത് | ബോധപൂൎവ്വം സ്വധൎമ്മാനുഷ്ഠാനം ചെയ്യുന്നവൻ ശ്രേഷ്ഠനാണ് | മുക്തസംഗഃ | അനാസക്തൻ |
| | | ഭൂയാൻ | അതിവിശിഷ്ടനാണ്. |

33 തസ്മാന്മയ്യൎപ്പിതാശേഷക്രിയാൎത്ഥാത്മാ നിരന്തരഃ
മയ്യൎപ്പിതാത്മനഃ പുംസോ മയി സന്ന്യസ്തകൎമ്മണഃ
ന പശ്യാമി പരം ഭൂതമകൎത്തുഃ സമദൎശനാത്.

| | | | |
|---|---|---|---|
| തസ്മാത് | ആ അനാസക്തനേക്കാൾ | അൎപ്പിതാത്മനഃ | ആത്മാൎപ്പണം ചെയ്തവനും |
| മയ്യൎപ്പിതാശേഷക്രിയാൎത്ഥാത്മാ | എന്നിൽ സമൎപ്പിക്കപ്പെട്ട കൎമ്മങ്ങളോടും കൎമ്മഫലങ്ങളോടും സ്വശരീരത്തോടുംകൂടിയവനായി | മയി | എന്നിൽ |
| | | സന്ന്യസ്തകൎമ്മണഃ | കൎമ്മാൎപ്പണംചെയ്തവനും |
| | | അകൎത്തുഃ | കർത്തൃത്വാഭിമാനരഹിതനും |
| നിരന്തരഃ | എന്നിൽനിന്നു ഭേദഭാവമില്ലാത്തവനായി വൎത്തിക്കുന്ന പരമഭക്തൻ | സമദൎശനാത് | സമദൎശിത്വമുള്ളവനുമായ |
| | | പുംസഃ | ഒരുവനെക്കാൾ |
| | | പരം | ശ്രേഷ്ഠത്വമുള്ള മറ്റൊരു |
| (ശ്രേഷ്ഠഃ) | ശ്രേഷ്ഠനാകുന്നു. | ഭൂതം | വ്യക്തിയെ |
| മയി | എന്നിൽ | ന പശ്യാമി | ഞാൻ കാണുന്നില്ല. |

34 മനസൈതാനി ഭൂതാനി പ്രണമേദ്ബഹുമാനയൻ
ഈശ്വരോ ജീവകലയാ പ്രവിഷ്ടോ ഭഗവാനിതി.

| | | | |
|---|---|---|---|
| ഭഗവാൻ | സൎവ്വജ്ഞാനാദ്ഗുണോപേതനായ | ഇതി | എന്നറിഞ്ഞു് |
| | | ഏതാനി | ഇപ്പറഞ്ഞ |
| ഈശ്വരഃ | സൎവ്വേശ്വരൻ | ഭൂതാനി | പ്രാണിജാലങ്ങളെ |
| ജീവകലയാ | ജീവാത്മാക്കളുടെ അവിച്ഛിന്നതയോടെ | മനസാ | മനസ്സാലെ |
| പ്രവിഷ്ടഃ | ഇവയിൽ പ്രവേശിച്ചിരിക്കുന്നു | ബഹുമാനയൻ | ആദരിച്ചുകൊണ്ടു് |
| | | പ്രണമേത് | വണങ്ങണം. |

ഇപ്പോൾ പ്രസ്താവിച്ച ഭക്തിയോഗത്തെ മുമ്പു പ്രസ്താവിച്ചുകഴിഞ്ഞ അഷ്ടാംഗയോഗത്തോടുകൂടെ ഉപസംഹരിക്കുന്നു.

35 ഭക്തിയോഗശ്ച യോഗശ്ച മയാ മാനവ്യുദീരിതഃ
യയോരേകതരേണൈവ പുരുഷഃ പുരുഷം വ്രജേത്

| | |
|---|---|
| മാനവി | ഹേ മനുരാജപുത്രി ! |
| ഭക്തിയോഗഃ ച | ഭക്തിയോഗവും |
| യോഗഃ ച | അഷ്ടാംഗയോഗവും |
| മയാ | എന്നാൽ |
| ഉദീരിതഃ | ചൊല്ലിത്തരപ്പെട്ടു |
| യയോഃ | യാതൊരു ഈ രണ്ടു യോഗങ്ങളിൽ |
| ഏകതരേണ ഏവ | ഏതെങ്കിലും ഒന്നുകൊണ്ടുതന്നെ |
| പുരുഷഃ | ജീവൻ |
| പുരുഷം | ഈശ്വരനെ |
| വ്രജേത് | പ്രാപിച്ചുകൊള്ളും |

ഇനി ജീവന്റെ സംസാരഗതിയേയും കാലശക്തിയുടെ സ്വരൂപത്തേയും പറഞ്ഞു തുടങ്ങുന്നു.

36 ഏതദ്ഭഗവതോ രൂപം ബ്രഹ്മണഃ പരമാത്മനഃ
പരം പ്രധാനം പുരുഷം ദൈവം കർമ്മവിചേഷ്ടിതം

| | |
|---|---|
| ബ്രഹ്മണഃ | ബ്രഹ്മമെന്നും |
| പരമാത്മനഃ | പരമാത്മാവെന്നും |
| ഭഗവതഃ | ഭഗവാനെന്നും പറയപ്പെട്ടുവരുന്ന ഈശ്വരന്റെ |
| പ്രധാനം | പ്രകൃത്യാത്മകവും |
| പുരുഷം | പുരുഷാത്മകവും |
| പരം | തദ്വ്യതിരിക്തവും ആയിരിക്കുന്ന |
| ഏതത് രൂപം | ഈ സ്വരൂപം |
| കർമ്മ-വിചേഷ്ടിതം | കർമ്മത്തിന്റെ വിവിധചേഷ്ടയ്ക്കു് (നിമിത്തമായ |
| ദൈവം | ദൈവമെന്നു പറയപ്പെടുന്നു |

ദൈവപ്രേരിതകർമ്മവശാൽ ഉണ്ടാവുന്ന ജീവന്റെ സംസാരഗതികൾ വിവിധങ്ങളാണെന്നു് ആശയം.

37 രൂപഭേദാസ്പദം ദിവ്യം കാല ഇത്യഭിധീയതേ
ഭൂതാനാം മഹദാദീനാം യതോ ഭിന്നദൃശാം ഭയം

| | |
|---|---|
| രൂപഭേദാസ്പദം | പദാർത്ഥങ്ങളുടെ രൂപവിപര്യയത്തിന്നു് കാരണമായതും |
| ദിവ്യം | അദ്ഭുതവൈഭവമുള്ളതുമായ |
| (ഏതദേവ) | ഇതേ ഈശ്വരസ്വരൂപം |
| കാലഃ ഇതി | 'കാല'മെന്നിങ്ങനേയും |
| അഭിധീയതേ | വ്യവഹരിക്കപ്പെടുന്നു |
| യതഃ | യാതൊരു ഈ കാലസ്വരൂപത്തിൽനിന്നാണു് |
| ഭിന്നദൃശാം | ഭേദദർശികളായി |
| മഹദാദീനാം | മഹത്തത്ത്വംമുതല്ക്കുള്ള |
| ഭൂതാനാം | തത്ത്വാഭിമാനികളായി വർത്തിക്കുന്ന ജീവന്മാർക്കു് |
| ഭയം | മൃത്യുഭയമുണ്ടാകുന്നതു്. |

38 യോഽന്തഃ പ്രവിശ്യ ഭൂതാനി ഭൂതൈരത്ത്യഖിലാശ്രയഃ
സ വിഷ്ണ്വാഖ്യോഽധിയജ്ഞോഽസൌ കാലഃ കലയതാം പ്രഭുഃ

| | |
|---|---|
| അഖിലാശ്രയഃ | എല്ലാററിന്നും ആശ്രയഭൂതനായ |
| യഃ | യാതൊരുവൻ |
| അന്തഃ | എല്ലാററിന്റെയുംഉള്ളിൽ |
| പ്രവിശ്യ | പ്രവേശിച്ച് |
| ഭൂതാനി | ഭൂതങ്ങളെ |
| ഭൂതൈഃ | ഭൂതങ്ങളാൽത്തന്നെ |
| അത്തി | സംഹരിക്കുന്നുവോ, |
| സഃ | അങ്ങനെയുള്ളവനും |
| കലയതാം | വശത്താക്കുന്നവരിൽ വെച്ച് |
| പ്രഭുഃ | പ്രമുഖനുമായ |
| അസൌ കാലഃ | ഈ കാലമൂർത്തി |
| വിഷ്ണ്വാഖ്യഃ | വിഷ്ണുവെന്ന സംജ്ഞയാൽ അറിയപ്പെടുന്ന |
| അധിയജ്ഞഃ | യജ്ഞേശ്വരനാകുന്നു. |

39 ന ചാസ്യ കശ്ചിദ്ദയിതോ ന ദ്വേഷ്യോ ന ച ബാന്ധവഃ
ആവിശത്യപ്രമത്തോഽസൌ പ്രമത്തം ജനമന്തകൃത്.

| | |
|---|---|
| അസ്യ | ഈ കാലസ്വരൂപന്ന് |
| കശ്ചിത് | ഒരാളും |
| ദയിതഃ ന | ഇഷ്ടനായിട്ടില്ല; |
| ദ്വേഷ്യഃ ച | വിരോധിയായിട്ടും |
| ന | ഇല്ല; |
| ബാന്ധവഃ ച | ബന്ധുവായിട്ടും |
| ന | ഇല്ല. |
| അസൌ | ഇവൻ |
| അന്തകൃത് | അന്തകാരിയായി |
| അപ്രമത്തഃ | പിഴപററാതെയിരുന്ന് |
| പ്രമത്തം | പിഴപററിയ |
| ജനം | ജനത്തെ |
| ആവിശതി | കടന്നുപിടിക്കുന്നു. |

40 യദ്ഭയാദ്വാതി വാതോഽയം സൂര്യസ്തപതി യദ്ഭയാത്
യദ്ഭയാദ്വർഷതേ ദേവോ ഭഗണോ ഭാതി യദ്ഭയാത്

| | |
|---|---|
| യദ്ഭയാത് | യാതൊരുവനെ ഭയന്ന് |
| അയം വാതഃ | ഈ കാററ് |
| വാതി | വീശുന്നു |
| യദ്ഭയാത് | യാതൊരുവനെ ഭയന്ന് |
| സൂര്യഃ തപതി | സൂര്യൻ എരിയുന്നു |
| യദ്ഭയാത് | യാതൊരുവനെ ഭയന്ന് |
| ദേവഃ | ഇന്ദ്രൻ |
| വർഷതേ | മഴചൊരിയുന്നു |
| യദ്ഭയാത് | യാതൊരുവനെ ഭയന്ന് |
| ഭഗണഃ | നക്ഷത്രരാശി |
| ഭാതി | മിന്നിത്തിളങ്ങുന്നു |

41 യദ്വനസ്പതയോ ഭീതാ ലതാശ്ചൌഷധിഭിഃ സഹ
സ്വേ സ്വേ കാലേഽഭിഗൃഹ്ണന്തി പുഷ്പാണി ച ഫലാനി ച

| | |
|---|---|
| യത് | യാതൊരുവനിൽനിന്ന് |
| ഭീതാഃ | ഭയംചേർന്നവയായിട്ട് |
| വനസ്പതയഃ | വന്മരങ്ങളും |
| ലതാഃ ച | വള്ളികളും |
| ഓഷധിഭിഃ | സസ്യവർഗ്ഗങ്ങളോട് |
| സഹ | ഉടചേർന്ന്, |
| സ്വേ സ്വേ | താന്താങ്ങൾക്കുള്ള |
| കാലേ | കാലാവസ്ഥയിൽ |
| പുഷ്പാണി ച | പുഷ്പങ്ങളേയും |
| ഫലാനി ച | ഫലങ്ങളേയും |
| അഭിഗൃഹ്ണന്തി | കൈക്കൊള്ളുന്നു. |

42 സ്രവന്തി സരിതോ ഭീതാ നോത്സർപ്പത്യുദധിര്യതഃ
അഗ്നിരിന്ധേ സഗിരിഭിർഭൂർന മജ്ജതി യദ്ഭയാത്

| | | | |
|---|---|---|---|
| യതഃ | യാതൊരുവനിൽനിന്നു് | ന ഉത്സർപ്പതി | കരകവിയുന്നില്ല |
| ഭീതാഃ | ഭയംചേർന്നവയായിട്ടു് | അഗ്നിഃ ഇന്ധേ | തീ കത്തുന്നു |
| സരിതഃ | നദികൾ | യദ്ഭയാത് | യാതൊരുവനെ ഭയന്നു് |
| സ്രവന്തി | ഒഴുകുന്നു | സഗിരിഭിഃ | മലകളോടുകൂടവെ |
| ഉദധിഃ | സമുദ്രം | ഭൂഃ ന മജ്ജതി | ഭൂമി ആണ്ടുപോകുന്നില്ല. |

43 നഭോ ദദാതി ശ്വസതാം പദം യന്നിയമാദദഃ
ലോകം സ്വദേഹം തനുതേ മഹാൻ സപ്തഭിരാവൃതം

| | | | |
|---|---|---|---|
| അദഃ നഭഃ | ഈ ആകാശം | മഹാൻ | മഹത്തത്വം |
| യന്നിയമാത് | യാതൊരുവൻെറ ആദേശത്താൽ | സ്വദേഹം | തൻെറ ശരീരത്തെ |
| | | സപ്തഭിഃ | സപ്തപദാർത്ഥങ്ങളാൽ |
| ശ്വസതാം | ശ്വസിക്കുന്നവയ്ക്കു് | ആവൃതം | ആവരണംചെയ്യപ്പെട്ട |
| പദം | ശ്വസനാസ്പദത്തെ | ലോകം | ലോകമായിട്ടു് |
| ദദാതി | നല്കുന്നു | തനുതേ | പ്രപഞ്ചനംചെയ്യുന്നു. |

33 ഗുണാഭിമാനിനോ ദേവാഃ സർഗ്ഗാദിഷ്വസ്യ യദ്ഭയാത്
വർത്തന്തേഽനുയുഗം യേഷാം വശ ഏതച്ചരാചരം

| | | | |
|---|---|---|---|
| യേഷാം | ആരുടെ | ദേവാഃ | ത്രിമൂർത്തികൾപോലും |
| വശേ | അധീനത്തിൽ | യദ്ഭയാത് | യാതൊരു കാലമൂർത്തിയെ ഭയന്നിട്ടു് |
| ചരാചരം | ചരാചരസ്വരൂപമായ | | |
| ഏതത് | ഈ പ്രാണിജാലം മുഴുവനും വർത്തിക്കുന്നുവോ അങ്ങനെയുള്ള | അസ്യ | ഈ വിശ്വത്തിൻെറ |
| | | സർഗ്ഗാദിഷു | സൃഷ്ട്യാദികർമ്മങ്ങളിൽ |
| ഗുണാഭിമാനിനഃ | സത്വാദിഗുണനിയന്താക്കളായ | അനുയുഗം | തുടരെത്തുടരെ |
| | | വർത്തന്തേ | പ്രവർത്തിച്ചുവരുന്നു. |

45 സോഽനന്തോഽന്തകരഃ കാലോഽനാദിരാദികൃദവ്യയഃ
ജനം ജനേന ജനയൻ മാരയൻ മൃത്യുനാന്തകം

| | | | |
|---|---|---|---|
| ജനം | ജനത്തെ | സഃ കാലഃ | ആ കാലസ്വരൂപൻ |
| ജനേന | ജനംകൊണ്ടുതന്നെ | അനാദിഃ | ആദിരഹിതനും |
| ജനയൻ | ജനിപ്പിച്ചും, | അനന്തഃ | അന്തരഹിതനും |
| അന്തകം | അന്തകനെക്കൂടെ | അവ്യയഃ | നിർവികാരനും |
| മൃത്യുനാ | മൃത്യുകൊണ്ടു് | ആദികൃത് | ആദികരനും |
| മാരയൻ | നശിപ്പിച്ചുംകൊണ്ടു് | അന്തകരഃ | അന്തകരനുമായി വർത്തിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ ഏകോനത്രിംശത്തമോഽധ്യായഃ

ആദിതഃ ശ്ലോകാഃ 1250 ഇരുപത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

## ത്രിംശത്തമോऽദ്ധ്യായഃ = മുപ്പതാമദ്ധ്യായം.

"ത്രിംശേ തു കായകാന്താദിലാളനാകുലചേതസാം
കാമിനാം താമസീ പാപാദധോഗതിരുദീര്യതേ".

### ദേഹഗേഹാസക്തിനിമിത്തം ജീവന്മാൎക്കുണ്ടാവുന്ന അധോഗതി

സംസാരവിരക്തി മനസ്സിൽ വളൎത്തുവാൻവേണ്ടി, പ്രാരബ്ധകൎമ്മവശാൽ ജീവന്മാർ അനുഭവിച്ചുവരുന്ന സംസൃതിക്ലേശങ്ങളെ ഇനി മൂന്നദ്ധ്യായംകൊണ്ടു് വിവരിക്കുന്നു.

കപില ഉവാച = ശ്രീകപിലഭഗവാനരുളിച്ചെയ്തു:

1 തസ്യൈതസ്യ ജനോ നൂനം നായം വേദോരുവിക്രമം
കാല്യമാനോऽപി ബലിനോ വായോരിവ ഘനാവലിഃ

| | | | |
|---|---|---|---|
| തസ്യ | അപ്രകാരത്തിലുള്ള | കാല്യമാനഃ അപി | തദൂൎജ്ജിതത്താൽ വിചലിപ്പിക്കപ്പെട്ടവനായിരുന്നിട്ടുകൂടി |
| ഏതസ്യ— ബലിനഃ | ഈ ശക്തിമാനായ കാലസ്വരൂപന്റെ | ഘനാവലിഃ | മഴക്കാർനിര |
| ഉരുവിക്രമം | അമിതവൈഭവത്തെ | വായോഃ ഇവ | കാററിന്റെ ഊക്കിനെ എന്നപോലെ |
| അയം ജനഃ | ഈ മൎത്ത്യൻ | നൂനം ന വേദ | തീരെ അറിയുന്നില്ല. |

കാലവൈഭവത്തെ വ്യക്തമാക്കുന്നു.

2 യം യമൎത്ഥമുപാദത്തേ ദുഃഖേന സുഖഹേതവേ
തം തം ധുനോതി ഭഗവാൻ പുമാൻ ശോചതി യത്കൃതേ.

| | | | |
|---|---|---|---|
| യം യം | ഏതേതു് | ഭഗവാൻ | സൎവ്വശക്തനായ കാലം |
| അൎത്ഥം | വസ്തുവിനെ | ധുനോതി | തകൎത്തുകളയുന്നു |
| സുഖഹേതവേ | സുഖത്തിനുവേണ്ടി | യത്കൃതേ | അതുകാരണം |
| ദുഃഖേന | കഷ്ടപ്പെട്ടു് | പുമാൻ | മനുഷ്യൻ |
| ഉപാദത്തേ | നേടിവെക്കുന്നുവോ, | ശോചതി | സങ്കടപ്പെടുന്നു. |
| തം തം | അതാതിനെയെല്ലാം | | |

3 യദധ്രുവസ്യ ദേഹസ്യ സാനുബന്ധസ്യ ദുൎമ്മതിഃ
ധ്രുവാണി മന്യതേ മോഹാദ് ഗൃഹക്ഷേത്രവസൂനി ച.

| | |
|---|---|
| യത് | എന്തുകൊണ്ടെന്നാൽ, |
| ദുർമ്മതിഃ | മലിനബുദ്ധിയായ മനുഷ്യൻ |
| സാനുബന്ധസ്യ | പുത്രകളത്രാദികളുടെ കൂട്ടുകെട്ടുള്ളതും |
| അധ്രുവസ്യ | നശ്വരമായതുമായ |
| ദേഹസ്യ | ദേഹത്തെ സംബന്ധിച്ച |
| ഗൃഹക്ഷേത്ര-വസൂനി ച | വീടും പറമ്പും പണവും മററുമായ ഭൗതികങ്ങളെ |
| മോഹാത് | ബുദ്ധിമോശത്താൽ |
| ധ്രുവാണി | ശാശ്വതങ്ങളായിട്ട് |
| മന്യതേ | കരുതുന്നു. |

ബുദ്ധിമാലിന്യത്താൽ മനുഷ്യൻ അനുഭവിക്കുന്ന യാതനകളെ താഴെ 4 ശ്ലോകം കൊണ്ടു വിസ്തരിക്കുന്നു.

4 ജന്തുർവൈ ഭവ ഏതസ്മിൻ യാം യാം യോനിമനുവ്രജേത്
തസ്യാം തസ്യാം സ ലഭതേ നിർവൃതിം ന വിരജ്യതേ.

| | |
|---|---|
| ജന്തുഃ വൈ | അവിദ്യാഗ്രസ്തനായ ജീവനാകട്ടെ |
| ഏതസ്മിൻ ഭവേ | ഈ സംസാരത്തിൽ |
| യാം യാം | ഏതേതു് |
| യോനിം | പിറവിയിലേക്കു് |
| അനുവ്രജേത് | ചെന്നുചേരുന്നുവോ, |
| തസ്യാം തസ്യാം | ആ പിറവിയിലെല്ലാം |
| സഃ | അവൻ |
| നിർവൃതിം | മനഃസുഖത്തെ |
| ലഭതേ | തേടുന്നു; |
| വിരജ്യതേ ന | വിരക്തനാകുന്നതേ ഇല്ല. |

5 നരകസ്ഥോഽപി ദേഹം വൈ ന പുമാംസ്ത്യക്തുമിച്ഛതി
നാരക്യാം നിർവൃതൌ സത്യാം ദേവമായാവിമോഹിതഃ

| | |
|---|---|
| നരകസ്ഥഃ അപി | നരകത്തിൽ സ്ഥിതിചെയ്യുന്നവനായാലും |
| പുമാൻ | ജീവൻ |
| സത്യാം | അങ്ങുള്ളതായ |
| നാരക്യാം | നരകഭോഗജനിതമായ |
| നിർവൃതൌ | മനഃസൌഖ്യത്തിൽ |
| ദേവമായാ-വിമോഹിതഃ | ഈശ്വരമായയാൽ വിമോഹിതനായാലും |
| ദേഹം വൈ | സ്വശരീരത്തെ |
| ത്യക്തും | കൈവെടിയുവാൻ |
| ന ഇച്ഛതി | ആഗ്രഹിക്കുന്നില്ല. |

6 ആത്മജായാസുതാഗാരപശുദ്രവിണബന്ധുഷു
നിരൂഢമൂലഹൃദയ ആത്മാനം ബഹുമന്യതേ.

| | |
|---|---|
| ആത്മജായാ-സുതാഗാര-പശുദ്രവിണ-ബന്ധുഷു | ദേഹം, ഭാര്യ, മക്കൾ, ഗൃഹം, കന്നുകാലികൾ, സമ്പത്തു്, ബന്ധുജനം എന്നിവയിൽ |
| നിരൂഢമൂല-ഹൃദയഃ | വേരുന്നിപ്പടർന്ന ഹൃദയത്തോടുകൂടിയവനായിട്ട് |
| ആത്മാനം | തന്നെ താൻതന്നെ |
| ബഹുമന്യതേ | കൊണ്ടാടിക്കൊണ്ടിരിക്കുന്നു |

7 സന്ദഹ്യമാനസർവ്വാംഗ ഏഷാമുദ്വഹനാധിനാ
കരോത്യവിരതം മൂഢോ ദുരിതാനി ദുരാശയഃ

| | | | |
|---|---|---|---|
| ദുരാശയഃ | ദുഷിച്ച ചിന്തയോടുകൂടിയ | സന്ദഹ്യമാനസർവ്വാംഗഃ | വെന്തുരുകുന്ന സർവ്വാവയവങ്ങളോടുകൂടിയവനായിഭവിച്ച് |
| മൂഢഃ | അജ്ഞനമനുഷ്യൻ | ദുരിതാനി | ദുഷ്കർമ്മങ്ങളെ |
| ഏഷാം | ഇവയുടെ (ദേഹാദികളുടെ) | അവിരതം | അറാമില്ലാതെ |
| ഉദ്വഹനാധിനാ | പോഷണസംബന്ധമായ മനോവിചാരത്താൽ | കരോതി | ചെയ്തുതുടങ്ങുന്നു. |

8 ആക്ഷിപ്താത്മേന്ദ്രിയഃ സ്ത്രീണാമസതീനാം ച മായയാ
രഹോരചിതയാലാപൈഃ ശിശൂനാം കളഭാഷിണാം

9 ഗൃഹേഷു കൂടധർമ്മേഷു ദുഃഖതന്ത്രേഷ്വതന്ദ്രിതഃ
കുർവ്വൻ ദുഃഖപ്രതീകാരം സുഖവന്മന്യതേ ഗൃഹീ.

| | | | |
|---|---|---|---|
| ഗൃഹീ | ഗൃഹസ്ഥൻ | കൂടധർമ്മേഷു | കാപട്യാദി ധർമ്മങ്ങളെഴുന്നവയും |
| അസതീനാം | ദുർവൃത്തകളായ | ദുഃഖതന്ത്രേഷു | ദുഃഖപ്രധാനങ്ങളുമായ |
| സ്ത്രീണാം | സ്ത്രീകളുടെ | ഗൃഹേഷു | ഭവനങ്ങളിൽ |
| രഹോരചിതയാ | ഏകാന്തതയിൽവെച്ച് കാട്ടിക്കൂട്ടുന്ന | അതന്ദ്രിതഃ | ജാഗരൂകനായിരുന്ന്, |
| മായയാ ച | മയക്കുവിദ്യയാലും | ദുഃഖപ്രതീകാരം | ദുഃഖങ്ങൾക്ക് പ്രതിവിധിയെ |
| കളഭാഷിണാം | കൊഞ്ചിപ്പറയുന്ന | കുർവ്വൻ | ചെയ്തുകൊണ്ട് |
| ശിശൂനാം | കൊച്ചുപൈതങ്ങളുടെ | സുഖവത് | സുഖംപോലെ |
| ആലാപൈഃ | ഇളമൊഴികളാലും | മന്യതേ | ഉള്ളിൽകരുതുന്നു. |
| ആക്ഷിപ്താത്മേന്ദ്രിയഃ | വശീകരിക്കപ്പെട്ട ദേഹേന്ദ്രിയങ്ങളോടുകൂടിയവനായി, | | |

10 അർത്ഥൈരാപാദിതൈർഗ്ഗുർവ്വ്യാ ഹിംസയേതസ്തതശ്ച താൻ
പുഷ്ണാതി യേഷാം പോഷേണ ശേഷഭുഗ്യാത്യധഃ സ്വയം.

| | | | |
|---|---|---|---|
| ഗുർവ്വ്യാ | വമ്പിച്ച | പുഷ്ണാതി | പോററുന്നു |
| ഹിംസയാ | പരദ്രോഹത്തിലൂടെ | യേഷാം | യാതൊരുവരുടെ |
| ഇതഃ തതഃ ച | ഇവിടുന്നും അവിടുന്നും | പോഷേണ | പോഷണംകൊണ്ടുള്ള |
| ആപാദിതൈഃ | തേടിനേടി സമ്പാദിക്കപ്പെട്ട | ശേഷഭുക് | അവശിഷ്ടമനുഭവിച്ച് |
| അർത്ഥൈഃ | സാധനസാമഗ്രികളാൽ | സ്വയം | താൻ ഒററയ്ക്ക് |
| താൻ | അവരെ (ഭാര്യാമക്കളെ) | അധഃ യാതി | അധോഗതി പ്രാപിക്കുന്നു |

11 വാർത്തായാം ലുപ്യമാനായാമാരബ്ധായാം പുനഃ പുനഃ
ലോഭാഭിഭൂതോ നിഃസത്ത്വഃ പരാർത്ഥേ കുരുതേ സ്പൃഹാം.

| | |
|---|---|
| വാർത്തായാം | ഉപജീവനമാർഗ്ഗം |
| പുനഃ പുനഃ | പിന്നേയും പിന്നേയും |
| ആരബ്ധായാം | ആരംഭിക്കപ്പെട്ടതു് |
| ലുപ്യമാനായാം | ഛേദം വന്നുവന്നുപോകുമ്പോൾ |
| നിഃസ്വത്വഃ | കരുത്തുകെട്ടുപോയ മനുഷ്യൻ |
| ലോഭാഭൂതഃ | പേരാശപിടിപെട്ടു് |
| പരാർത്ഥേ | അന്യന്റെ ധനത്തിൽ |
| സ്പൃഹാം | അഭിലാഷം |
| കുരുതേ | വെച്ചുതുടങ്ങുന്നു. |

12 കുടുംബഭരണാകല്പോ മന്ദഭാഗ്യോ വൃഥോദ്യമഃ
ശ്രിയാ വിഹീനഃ കൃപണോ ധ്യായൻ ശ്വസിതി മൂഢധീഃ

| | |
|---|---|
| മൂഢധീഃ | മൂഢബുദ്ധിയായ അവൻ |
| കുടുംബഭരണാകല്പഃ | കുടുംബംപുലർത്താൻ കെല്പില്ലാത്തവനായും |
| മന്ദഭാഗ്യഃ | ഭാഗ്യംകെട്ടവനായും |
| വൃഥോദ്യമഃ | വ്യർത്ഥപ്രയത്നനായും |
| ശ്രിയാ | ഐശ്വര്യത്താൽ |
| വിഹീനഃ | വിയുക്തനായും |
| കൃപണഃ | ദയനീയനായും ഭവിച്ചു് |
| ധ്യായൻ | ചിന്തയിലാണ്ടുകൊണ്ടു് |
| ശ്വസിതി | നെടുവീർപ്പിടുന്നു. |

13 ഏവം സ്വഭരണാകല്പം തത്കളത്രാദയസ്തഥാ
നാദ്രിയന്തേ യഥാപൂർവ്വം കീനാശാ ഇവ ഗോജരം

| | |
|---|---|
| ഏവം | ഇപ്രകാരം |
| സ്വഭരണാകല്പം | തങ്ങളെ പുലർത്താൻ കഴിവില്ലാതെയായിത്തീർന്ന അവനെ |
| തത്കളത്രാദയഃ | അവന്റെ ഭാര്യാമക്കൾ മുതലായവർ, |
| ഗോജരം | തന്തക്കാളയെ |
| കീനാശാഃ ഇവ | കർഷകന്മാരെന്നപോലെ |
| യഥാപൂർവ്വം | മുമ്പെങ്ങനെയോ,, |
| തഥാ | അങ്ങനെ |
| ന ആദ്രിയന്തേ | ആദരിക്കാതെയാവുന്നു. |

14 തത്രാപ്യജാതനിർവേദോ ഭ്രിയമാണഃ സ്വയംഭൃതൈഃ
ജരയോപാത്തവൈരൂപ്യോ മരണാഭിമുഖോ ഗൃഹേ

15 ആസ്തേഽവമത്യോപന്യസ്തം ഗൃഹപാല ഇവാഹരൻ
ആമയാവ്യപ്രദീപ്താഗ്നിരല്പാഹാരോഽല്പചേഷ്ടിതഃ

| | |
|---|---|
| തത്രാപി | അപ്പോൾക്കൂടിയും |
| അജാതനിർവേദഃ | വിഷയവിരക്തിവരാത്തവനായിട്ടു്, |
| സ്വയംഭൃതൈഃ | തന്നാൽമുമ്പു് ഭരിക്കപ്പെട്ടിരുന്നവരാൽ |
| ഭ്രിയമാണഃ | ഭരിക്കപ്പെട്ടുകൊണ്ടു്— |
| ജരയാ | വാർദ്ധക്യത്താൽ |
| ഉപാത്തവൈരൂപ്യഃ | വിരൂപത വന്നുചേർന്നവനായി— |
| മരണാഭിമുഖഃ | മരണത്തിലേക്കു എത്തിനോക്കിയിരിക്കുന്നവനായി— |
| അവമത്യാ | അനാദരത്തോടെ |
| ഉപന്യസ്തം | മുമ്പിൽകൊണ്ടുവന്നിടുന്നതിനെ |

| | |
|---|---|
| ഗൃഹപാലഃ ഇവ | പട്ടിയെപ്പോലെ |
| ആഹരൻ | തിന്നുകൊണ്ട്— |
| ആമയാവീ | രോഗഗ്രസ്തനായി— |
| അപ്രദീപ്താഗ്നിഃ | ദഹനശക്തിയില്ലാത്തവനായി— |
| അല്പാഹാരഃ | അല്പഭോജിയായി— |
| അല്പചേഷ്ടിതഃ | അധികമൊന്നും ചെയ്യുവാൻ വയ്യാത്തവനായി |
| ഗൃഹേ | ഗൃഹത്തിൽ |
| ആസ്തേ | ചടഞ്ഞുകൂടുന്നു. |

16 വായുനോത്ക്രമതോത്താരഃ കഫസംരുദ്ധനാഡികഃ
കാസശ്വാസകൃതായാസഃ കണ്ഠേ ഘുരഘുരായതേ.

| | |
|---|---|
| ഉത്ക്രമതാ | മേലോട്ടുതള്ളുകയറുന്ന |
| വായുനാ | വായുവിനാൽ |
| ഉത്താരഃ | കണ്ണുതുറിച്ചവനും |
| കഫസംരുദ്ധനാഡികഃ | കഫം കെട്ടിയ രക്തധമനികളോടുകൂടിയവനും |
| കാസശ്വാസകൃതായാസഃ | ചുമയും എങ്ങിവലിയുംകൊണ്ടു പ്രയാസപ്പെട്ടവനുമായിട്ട് |
| കണ്ഠേ | തൊണ്ടയ്ക്കുള്ളിൽ |
| ഘുരഘുരായതേ | 'കൊക്കറ'യുണ്ടാക്കുന്നു. |

17 ശയാനഃ പരിശോചദ്ഭിഃ പരിവീതഃ സ്വബന്ധുഭിഃ
വാച്യമാനോഽപി ന ബ്രൂതേ കാലപാശവശം ഗതഃ

| | |
|---|---|
| പരിശോചദ്ഭിഃ | സങ്കടപ്പെടുന്ന |
| സ്വബന്ധുഭിഃ | സ്വജനങ്ങളാൽ |
| പരിവീതഃ | ചൂഴപ്പെട്ട് |
| ശയാനഃ | കിടക്കുന്നവനും |
| കാലപാശവശം ഗതഃ | കാലപാശത്തിന്റെ കുടുക്കിലകപ്പെട്ടവനുമായ അവൻ |
| വാച്യമാനഃ അപി | വിളിക്കപ്പെട്ടെന്നാൽകൂടിയും |
| ന ബ്രൂതേ | ഒന്നും പറയാതെയാവുന്നു |

18 ഏവം കുടുംബഭരണേ വ്യാപൃതാത്മാഽജിതേന്ദ്രിയഃ
മ്രിയതേ രുദതാം സ്വാനാമുരുവേദനയാഽസ്തധീഃ

| | |
|---|---|
| ഏവം | ഇപ്രകാരം |
| കുടുംബഭരണേ | കുടുംബത്തെ ഭരിക്കുന്നതിൽമാത്രം |
| വ്യാപൃതാത്മാ | മനസ്സിനെ വ്യാപരിപ്പിച്ചുകൊണ്ട് |
| അജിതേന്ദ്രിയഃ | ഇന്ദ്രിയനിഗ്രഹംചെയ്യാതെ കഴിഞ്ഞുവന്നവൻ |
| സ്വാനാം | സ്വന്തക്കാരെല്ലാം |
| രുദതാം | കരഞ്ഞുകൊണ്ടിരിക്കേ, |
| ഉരുവേദനയാ | മുഴുത്ത വേദനയാൽ |
| അസ്തധീഃ | പ്രജ്ഞയസ്തമിച്ച് |
| മ്രിയതേ | മരിച്ചുപോകുന്നു. |

പുണ്യപാപങ്ങളാൽ മരണാനന്തരഗതികൾ രണ്ടുവിധം സംഭവിക്കും. അതിൽ പാപംകൊണ്ടുള്ള ഗതിയെ ഈ അദ്ധ്യായത്തിന്റെ സമാപ്തിവരെ കാണിക്കുന്നു.

19 യമദൂതൌ തദാ പ്രാപ്തൌ ഭീമൌ സരഭസേക്ഷണൌ
സ ദൃഷ്ട്വാ ത്രസ്തഹൃദയഃ ശകൃന്മൂത്രം വിമുഞ്ചതി

| | |
|---|---|
| തദാ | അന്നേരത്ത് |
| പ്രാപ്തൌ | വന്നുചേൎന്ന |
| ഭീമൌ | ഭയങ്കരന്മാരും |
| സരഭസേക്ഷണൌ | ക്രോധതാമ്രേക്ഷണന്മാരുമായ |
| യമദൂതൌ | രണ്ടു യമദൂതന്മാരെ |
| ദൃഷ്ട്വാ | കണ്ടിട്ട് |
| ത്രസ്തഹൃദയഃ | പേടിച്ചുഴറിയ ഉൾത്തടത്തോടുകൂടിയ |
| സഃ | അവൻ |
| ശകൃന്മൂത്രം | മലവും മൂത്രവും |
| വിമുഞ്ചതി | വിസൎജ്ജിക്കുന്നു. |

20 യാതനാദേഹ ആവൃത്യ പാശൈർബദ്ധ്വാ ഗളേ ബലാത്
നയതോ ദീർഘമധ്വാനം ദണ്ഡ്യം രാജഭടാ യഥാ

| | |
|---|---|
| യാതനാദേഹേ | യാതനാശരീരത്തിൽ* |
| ആവൃത്യ | അവരോധിച്ച് |
| പാശൈഃ | കയറുകൾകൊണ്ട് |
| ഗളേ | കഴുത്തിൽ |
| ബലാത് ബദ്ധ്വാ | മുറുക്കിക്കെട്ടി, |
| രാജഭടാഃ | പോല്ലീസുകാർ |
| ദണ്ഡ്യം | കുററക്കാരനെ |
| യഥാ | കൊണ്ടുപോകുംപോലെ |
| ദീർഘം അധ്വാനം | നീണ്ട വഴിയെ |
| നയതഃ | കടത്തിക്കൊണ്ടുപോകുന്നു |

* നരകദുഃഖം അനുഭവിപ്പിക്കുവാൻ വേണ്ടിയുള്ള അഭൌതികശരീരത്തിൽ

21 തയോർനിർഭിന്നഹൃദയസ്തർജ്ജനൈർജാതവേപഥുഃ
പഥി ശ്വഭിർഭക്ഷ്യമാണ ആർത്തോഽഘം സ്വമനുസ്മരൻ

22 ക്ഷുത്തൃട്പരീതോഽർക്കദവാനലാനിലൈഃ
സന്തപ്യമാനഃ പഥി തപ്തവാലുകേ
കൃച്ഛ്രേണ പൃഷ്ഠേ കശയാ ച താഡിതഃ
ചലത്യശക്തോഽപി നിരാശ്രമോദകേ

| | |
|---|---|
| തയോഃ | ആ യമഭടന്മാരുടെ |
| തർജ്ജനൈഃ | ഭീഷണികളാൽ |
| നിർഭിന്നഹൃദയഃ | പൊട്ടിത്തകൎന്ന ഉൾത്തടത്തോടുകൂടിയവനായി— |
| ജാതവേപഥുഃ | കിടിലംകൊണ്ടവനായി |
| പഥി | വഴിയിൽവെച്ച് |
| ശ്വഭിഃ | ശ്വാക്കളാൽ |
| ഭക്ഷ്യമാണഃ | കാൎന്നുതിന്നപ്പെടുന്നവനായി— |
| തപ്തവാലുകേ | ചുട്ടുപഴുത്ത മണൽപ്രദേശങ്ങളുള്ളതും |
| നിരാശ്രമോദകേ | താവളമോ തണ്ണീരോ ഇല്ലാത്തതുമായ |
| പഥി | വഴിയിൽ |
| ക്ഷുത്തൃട്പരീതഃ | പൈദാഹത്താലുഴന്നു, |
| അർക്കദവാനലാനിലൈഃ | വെയിലും കാട്ടുതീയും ചുടുകാററുംകൊണ്ട് |
| സന്തപ്യമാനഃ | ചുട്ടുപൊള്ളിക്കപ്പെടുന്നവനായി— |
| പൃഷ്ഠേ കശയാ | പുറത്ത് ചാട്ടകൊണ്ട് |
| കൃച്ഛ്രേണ | കഠിനമായി |
| താഡിതഃ | അടിയേല്ക്കപ്പെട്ട് |
| അശക്തഃ അപി | നടക്കാൻ ശക്തിയില്ലാത്തവനായിട്ടുകൂടിയും |
| സ്വം അഘം | തന്റെ ദുഷ്കൃതത്തെ |
| അനുസ്മരൻ | ഓൎത്ത് പശ്ചാത്തപിച്ചുകൊണ്ട് |
| ആർത്തഃ | വിവശനായിട്ട് |
| ചലതി | നടന്നുപോകുന്നു. |

27 കൃന്തനം ചാവയവശോ ഗജാദിഭ്യോ ഭിദാപനം
പാതനം ഗിരിശൃംഗേഭ്യോ രോധനം ചാംബുഗർത്തയോഃ

| | |
|---|---|
| അവയവശഃ | ഓരോരോ അംഗങ്ങളായി |
| കൃന്തനം ച | അറുത്തിടുക, |
| ഗജാദിഭ്യഃ | ആനകളെക്കൊണ്ടും മററും |
| ഭിദാപനം | രണ്ടായി പിളപ്പിക്കുക, |
| ഗിരിശൃംഗേഭ്യഃ | മലകളുടെ കൊടുമുടികളിൽനിന്നു് |
| പാതനം | ഉന്തിവീഴ്ത്തുക, |
| അംബുഗർത്തയോഃ | വെള്ളത്തിലും കുഴിയിലും |
| രോധനം ച | ആഴ്ത്തിവെക്കുക എന്നിവയും അനുഭവിക്കപ്പെടുന്നു |

28 യാസ്താമിസ്രാന്ധതാമിസ്രാ രൌരവാദ്യാശ്ച യാതനാഃ
ഭുങ്‌ക്തേ നരോ വാ നാരീ വാ മിഥഃ സംഗേന നിർമ്മിതാഃ

| | |
|---|---|
| താമിസ്രാന്ധ-താമിസ്രാഃ | താമിസ്രങ്ങളും, അന്ധതാമിസ്രങ്ങളും, |
| രൌരവാദ്യാഃ ച | രൌരവങ്ങളും മുതലായി |
| യാഃ | യാവചില |
| യാതനാഃ | നരകപീഡകളുണ്ടോ, |
| (താഃ സർവ്വാഃ) | അവയെല്ലാം |
| നരഃ വാ | പുരുഷനായാലും |
| നാരീ വാ | സ്ത്രീയായാലും |
| ഭുങ്‌ക്തേ | അനുഭവിക്കുന്നു. |
| (തയോഃ) | അവരുടെ |
| മിഥഃ സംഗേന | അന്യോന്യവേഴ്ചയാൽ |
| നിർമ്മിതാഃ | ഉണ്ടാക്കപ്പെട്ടവയാണു് അവ. |

നരകപീഡകൾ ഇഹലോകത്തിൽത്തന്നെ കണ്ടുവരുന്നതിനാൽ അവയുടെ സംഭാവ്യതയെപ്പററി ശങ്കിക്കാനില്ലെന്നു പറയുന്നു.

29 അത്രൈവ നരകഃ സ്വർഗ്ഗ ഇതി മാതഃ പ്രചക്ഷതേ
യാ യാതനാ വൈ നാരക്യസ്താ ഇഹാപ്യുപലക്ഷിതാഃ

| | |
|---|---|
| മാതഃ | അമ്മേ! |
| നരകഃ | നരകവും |
| സ്വർഗ്ഗഃ | സ്വർഗ്ഗവും |
| അത്ര ഏവ | ഇവിടെത്തന്നെ |
| ഇതി | ആണെന്നു് |
| പ്രചക്ഷതേ | പറയാറുണ്ടു് |
| വൈ | എന്തെന്നാൽ, |
| യാഃ യാതനാഃ | ഏതെല്ലാം യാതനകൾ |
| നാരക്യഃ | നരകത്തിലുള്ളവയോ |
| താഃ | അവയെല്ലാം |
| ഇഹ അപി | ഇവിടേയും |
| ഉപലക്ഷിതാഃ | കാണപ്പെട്ടവയാണു്. |

30 ഏവം കുടുംബം ബിഭ്രാണ ഉദരംഭര ഏവ വാ
വിസൃജ്യേഹോഭയം പ്രേത്യ ഭുങ്‌ക്തേ തത്ഫലമീദൃശം.

| | |
|---|---|
| ഏവം | ഇപ്രകാരം |
| കുടുംബം | കുടുംബത്തെ |
| ബിഭ്രാണഃ | പുലർത്തിക്കൊണ്ടോ, |
| ഉദരംഭരഃ ഏവ വാ | തന്റെ ഉദരത്തെ മാത്രം പുലർത്തിക്കൊണ്ടോ ഇരുന്നു്, |

| | | | |
|---|---|---|---|
| ഉഭയം | രണ്ടിനേയും | ഈദൃശം | ഇവ്വിധത്തിലുള്ള |
| ഇഹ വിസൃജ്യ | ഇവിടെ വിട്ടിട്ട്, | തത്ഫലം | അതിൻെറ ഫലത്തെ |
| പ്രേത്യ | പരലോകം പൂകി, | ഭുങ്ക്തേ | അനുഭവിക്കുന്നു. |

പാപാർജ്ജിതമായ ധനം അനുഭവിക്കുവാൻ കുടുംബാംഗങ്ങളെല്ലാമുണ്ടാകും. പക്ഷേ പാപകർമ്മഫലത്തെ അനുഭവിക്കാൻ കർത്താവുമാത്രമേ ഉണ്ടാകയുള്ളു. ഈ വസ്തുത ചൂണ്ടിക്കാട്ടുന്നു.

31 ഏകഃ പ്രപദ്യതേ ധ്വാന്തം ഹിത്വേദം സ്വം കളേബരം
കുശലേതരപാഥേയോ ഭൂതദ്രോഹേണ യദ്ഭൃതം

| | | | |
|---|---|---|---|
| ഭൂതദ്രോഹേണ | സഹജീവികൾക്കു ദ്രോഹമേല്പിച്ചുകൊണ്ട് | ഏകഃ | ഒററയ്ക്കായി |
| ഭൃതം | ഭരിക്കപ്പെട്ടിരുന്ന | കുശലേതര- പാഥേയഃ | ദുരിതത്തെ മാത്രം അനുഭവിക്കാൻ പൊതിഞ്ഞെടുത്തുകൊണ്ട് |
| യത് ഇദം | യാതൊരു ഈ | | |
| സ്വം | സ്വകീയമായ | ധ്വാന്തം | നരകാന്ധകാരത്തെ |
| കളേബരം | ശരീരത്തെ | | |
| ഹിത്വാ | ഉപേക്ഷിച്ച്, | പ്രപദ്യതേ | പ്രാപിക്കുന്നു. |

എന്നാൽ ദുരിതത്തേയും ഉപേക്ഷിക്കരുതോ ? അതുമാത്രം ആകയില്ലെന്നു പറയുന്നു.

32 ദൈവേനാസാദിതം തസ്യ ശമലം നിരയേ പുമാൻ
ഭുങ്ക്തേ കുടുംബപോഷസ്യ ഹൃതവിത്ത ഇവാതുരഃ

| | | | |
|---|---|---|---|
| തസ്യ കുടുംബ- പോഷസ്യ | ആ വിധത്തിലുള്ള കുടുംബപോഷണംചെയ്തതിനു | നിരയേ | നരകത്തിൽവെച്ച് |
| | | പുമാൻ | ജീവൻ |
| ദൈവേന | ഈശ്വരനാൽ | ഹൃതവിത്തഃ | അപഹൃതധനനായ |
| ആസാദിതം | ഏല്പ്പെടുത്തപ്പെട്ട | ആതുരഃ ഇവ | അവശിഷ്ടക്കാരനെപ്പോലെ |
| ശമലം | ദുരിതഫലത്തെ | ഭുങ്ക്തേ | അനുഭവിക്കുന്നു. |

കുടുംബപോഷണം എങ്ങനെ നരകപ്രദമാകും ? അതു കർത്തവ്യകർമ്മമല്ലേ? ഈ ആശങ്കയെ പരിഹരിക്കുന്നു.

33 കേവലേന ഹ്യധർമ്മേണ കുടുംബഭരണോത്സുകഃ
യാതി ജീവോऽന്ധതാമിസ്രം ചരമം തമസഃ പദം

| | | | |
|---|---|---|---|
| കേവലേന | കലപ്പില്ലാത്ത | തമസഃ | നരകലോകത്തിൻെറ |
| അധർമ്മേണ | അധർമ്മമാർഗ്ഗത്തിലൂടെ | ചരമം പദം | അന്തിമസ്ഥാനമായ |
| കുടുംബ- ഭരണോത്സുകഃ | കുടുംബപോഷണത്തിൽ ഉത്സാഹിയായ | അന്ധതാമിസ്രം | അന്ധതാമിസ്രത്തിലേക്ക് |
| ജീവഃ | ജീവൻ | യാതി ഹി | എത്തുകതന്നെ ചെയ്യും. |

| | | | |
|---|---|---|---|
| ഉഭയം | രണ്ടിനേയും | ഈദൃശം | ഇവ്വിധത്തിലുള്ള |
| ഇഹ വിസൃജ്യ | ഇവിടെ വിട്ടിട്ട്, | തത്ഫലം | അതിന്റെ ഫലത്തെ |
| പ്രേത്യ | പരലോകം പൂകി, | ഭുങ്ക്തേ | അനുഭവിക്കുന്നു. |

പാപാൎജ്ജിതമായ ധനം അനുഭവിക്കുവാൻ കുടുംബാംഗങ്ങളെല്ലാമുണ്ടാകും. പക്ഷേ പാപകൎമ്മഫലത്തെ അനുഭവിക്കാൻ കൎത്താവുമാത്രമേ ഉണ്ടാകയുള്ളൂ. ഈ വസ്തുത ചൂണ്ടിക്കാട്ടുന്നു.

31 ഏകഃ പ്രപദ്യതേ ധ്വാന്തം ഹിത്വേദം സ്വം കളേബരം
കുശലേതരപാഥേയോ ഭൂതദ്രോഹേണ യദ്ഭൃതം

| | | | |
|---|---|---|---|
| ഭൂതദ്രോഹേണ | സഹജീവികൾക്കു ദ്രോഹമേല്പിച്ചുകൊണ്ട് | ഏകഃ | ഒററയ്ക്കായി |
| ഭൃതം | ഭരിക്കപ്പെട്ടിരുന്ന | കുശലേതര-പാഥേയഃ | ദുരിതത്തെ മാത്രം അനുഭവിക്കാൻ പൊതിഞ്ഞെടുത്തുകൊണ്ട് |
| യത് ഇദം | യാതൊരു ഈ | | |
| സ്വം | സ്വകീയമായ | ധ്വാന്തം | നരകാന്ധകാരത്തെ |
| കളേബരം | ശരീരത്തെ | | |
| ഹിത്വാ | ഉപേക്ഷിച്ച്, | പ്രപദ്യതേ | പ്രാപിക്കുന്നു. |

എന്നാൽ ദുരിതത്തേയും ഉപേക്ഷിക്കരുതോ ? അതുമാത്രം ആകയില്ലെന്നു പറയുന്നു.

32 ദൈവേനാസാദിതം തസ്യ ശമലം നിരയേ പുമാൻ
ഭുങ്ക്തേ കുടുംബപോഷസ്യ ഹൃതവിത്ത ഇവാതുരഃ

| | | | |
|---|---|---|---|
| തസ്യ കുടുംബ-പോഷസ്യ | ആ വിധത്തിലുള്ള കുടുംബപോഷണംചെയ്തതിനു | നിരയേ | നരകത്തിൽവെച്ച് |
| | | പുമാൻ | ജീവൻ |
| ദൈവേന | ഈശ്വരനാൽ | ഹൃതവിത്തഃ | അപഹൃതധനനായ |
| ആസാദിതം | ഏല്പെടുത്തപ്പെട്ട | ആതുരഃ ഇവ | ആതുരന്മാരെപ്പോലെ |
| ശമലം | ദുരിതഫലത്തെ | ഭുങ്ക്തേ | അനുഭവിക്കുന്നു. |

കുടുംബപോഷണം എങ്ങനെ നരകപ്രദമാകും ? അതു കൎത്തവ്യകൎമ്മമല്ലേ? ഈ ആശങ്കയെ പരിഹരിക്കുന്നു.

33 കേവലേന ഹ്യധൎമ്മേണ കുടുംബഭരണോത്സുകഃ
യാതി ജീവോऽന്ധതാമിസ്രം ചരമം തമസഃ പദം

| | | | |
|---|---|---|---|
| കേവലേന | കലൎപ്പില്ലാത്ത | തമസഃ | നരകലോകത്തിന്റെ |
| അധൎമ്മേണ | അധൎമ്മമാൎഗ്ഗത്തിലൂടെ | ചരമം പദം | അന്തിമസ്ഥാനമായ |
| കുടുംബ-ഭരണോത്സുകഃ | കുടുംബപോഷണത്തിൽ ഉത്സാഹിയായ | അന്ധതാമിസ്രം | അന്ധതാമിസ്രത്തിലേക്ക് |
| ജീവഃ | ജീവൻ | യാതി ഹി | എത്തുകതന്നെ ചെയ്യും. |

പരദ്രോഹൈകനിരതവും സദാചാരവിരുദ്ധവുമായ ഹീനകൃത്യങ്ങളിലൂടെ നിർവ്വഹിക്കുന്ന കുടുംബപോഷണം ദുരിതകരമാണ്. അതു ജീവനെ നരകത്തിൻെറ അററംവരേക്കും എത്തിക്കുമെന്നതു നിശ്ചയം.

ഈ നരകയാതനാനുഭവത്തിനുശേഷം വീണ്ടും ജീവൻ മനുഷ്യശരീരത്തെ പ്രാപിക്കുന്നതെങ്ങനെയെന്നു പറയുന്നു.

34 അധസ്താന്നരലോകസ്യ യാവതീര്യാതനാദയഃ
ക്രമശഃ സമനുക്രമ്യ പുനരത്രാവ്രജേച്ഛുചിഃ

| | | | |
|---|---|---|---|
| നരലോകസ്യ | മനുഷ്യശരീരത്തിൻെറ | ക്രമശഃ | ക്രമികമായി |
| അധസ്താത് | പ്രാപ്തിക്കുമുമ്പായി | സമനുക്രമ്യ | തരണംചെയ്ത് |
| യാതനാദയഃ | ദുഃഖാനുഭവങ്ങളും മററും | ശുചിഃ പുനഃ | ശുദ്ധനായിട്ട്, വീണ്ടും |
| യാവതീഃ | എത്രെയെല്ലാം വേണ്ടിവന്നിരുന്നുവോ അവയെല്ലാം | അത്ര | ഈ മനുഷ്യദേഹത്തിൽ |
| | | ആവ്രജേത് | (ജീവൻ) എത്തിയേക്കും |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ കർമ്മവിപാകോ നാമ ത്രിംശത്തമോഽദ്ധ്യായഃ
ആദിതഃ ശ്ലോകാഃ 1284 മുപ്പതാമദ്ധ്യായം കഴിഞ്ഞു.

## ഏകത്രിംശത്തമോഽദ്ധ്യായഃ = മുപ്പത്തൊന്നാമദ്ധ്യായം.

"ഏകത്രിംശേ വിമിശ്രൈസ്തു പുണ്യപാപൈരിഹാന്തരാ
മനുഷ്യയോനിസംപ്രാപ്തിർവർണ്യതേ രാജസീ ഗതിഃ"

### മാതൃഗർഭപ്രവിഷ്ടനായ ജീവൻെറ ശരീരപ്രാപ്തിയും ബാല്യാദിക്ലേശങ്ങളും

നരകയാതനകൾ അനുഭവിച്ചശേഷം ജീവൻ മുൻപടിക്ക് നാനാക്ലേശങ്ങളേയും നാനായോനികളേയും പിന്നിട്ട് മാനുഷയോനിയെ വീണ്ടും പ്രാപിച്ചേക്കുമെന്ന് പൂർവ്വാദ്ധ്യായത്തിൽ പറഞ്ഞുവെച്ചിട്ടുണ്ട്. ആ മനുഷ്യദേഹസ്വീകാരത്തിൻെറ സവിശേഷതകളെ ഈ അദ്ധ്യായത്തിൽ വർണ്ണിക്കുന്നു.

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു.

1 കർമ്മണാ ദൈവനേത്രേണ ജന്തുർദേഹോപപത്തയേ
സ്ത്രിയാഃ പ്രവിഷ്ട ഉദരം പുംസോ രേതഃകണാശ്രയഃ

| | |
|---|---|
| ജന്തുഃ | ദേഹാത്മദർശിയായ ജീവൻ |
| ദേഹോപപത്തയേ | ദേഹസംപ്രാപ്തിക്കായിക്കൊണ്ട് |
| ദൈവനേത്രേണ | ഈശ്വരപ്രവർത്തകമായ |
| കർമ്മണാ | പൂർവ്വകർമ്മത്താൽ |
| പുംസഃ | പുരുഷന്റെ |
| രേതഃകണാശ്രയഃ | ശുക്ലാംശത്തെ അവലംബിച്ചുകൊണ്ട് |
| സ്ത്രീയാഃ | സ്ത്രീയുടെ |
| ഉദരം | ഗർഭാശയത്തിലേക്ക് |
| പ്രവിഷ്ടഃ | കടന്നുകൂടുന്നു. |

2 കലലം ത്വേകരാത്രേണ പഞ്ചരാത്രേണ ബുദ്ബുദം
ദശാഹേന ച കർക്കന്ധൂഃ പേശ്യണ്ഡം വാ തതഃ പരം.

| | |
|---|---|
| ഏകരാത്രേണ | ഒരുനാൾകൊണ്ട് |
| കലലം തു | ശുക്ലശോണിതമിശ്രിതമായിഭവിച്ച് അതാകട്ടെ |
| പഞ്ചരാത്രേണ | അഞ്ചുനാൾകൊണ്ട് |
| ബുദ്ബുദം | ഉരുണ്ടുകൂടി ഒരു പൊളകമായിത്തീരുന്നു. |
| ദശാഹേന തു | പത്തുനാൾകൊണ്ട് |
| കർക്കന്ധൂഃ | പേരക്കപോലെ കഠിനീഭവിക്കുന്നു. |
| തതഃ പരം | അതിനുശേഷം |
| പേശീ | ഒരു മാംസപിണ്ഡമായോ |
| അണ്ഡം വാ | മുട്ടയായോ (അണ്ഡജങ്ങളിൽ) പരിണമിക്കുന്നു. |

3 മാസേന തു ശിരോ ദ്വാഭ്യാം ബാഹ്വങ്ഘ്ര്യാദ്യംഗവിഗ്രഹഃ
നഖലോമാസ്ഥിചർമ്മാണി ലിംഗച്ഛിദ്രോദ്ഭവസ്ത്രിഭിഃ

| | |
|---|---|
| മാസേന തു | ഒരു മാസംകൊണ്ട് |
| ശിരഃ | തലയും, |
| ദ്വാഭ്യാം | രണ്ടുമാസംകൊണ്ട് |
| ബാഹ്വങ്ഘ്ര്യാദ്യംഗവിഗ്രഹഃ | കൈ കാൽ മുതലായ അംഗങ്ങളുടെ വ്യക്തിഭാവവും ഉണ്ടാകും |
| ത്രിഭിഃ | മൂന്നുമാസത്താൽ |
| നഖലോമാസ്ഥിചർമ്മാണി | നഖങ്ങൾ, രോമങ്ങൾ, തൊലി എന്നിവയും |
| ലിംഗച്ഛിദ്രോദ്ഭവഃ | സ്ത്രീപുരുഷഭേദത്തെ കാണിക്കുന്ന അവയവവും മററ് ഇന്ദ്രിയദ്വാരങ്ങളും വ്യക്തീഭവിക്കും |

4 ചതുർഭിർധാതവഃ സപ്ത പഞ്ചഭിഃ ക്ഷുത്തൃഡുദ്ഭവഃ
ഷഡ്ഭിർജരായുണാ വീതഃ കുക്ഷൗ ഭ്രാമ്യതി ദക്ഷിണേ.

| | |
|---|---|
| ചതുർഭിഃ | നാലുമാസംകൊണ്ട് |
| സപ്ത ധാതവഃ | സപ്തധാതുക്കളുണ്ടാകുന്നു |
| പഞ്ചഭിഃ | അഞ്ചുമാസംകൊണ്ട് |
| ക്ഷുത്തൃഡുദ്ഭവഃ | വിശപ്പും ദാഹവും തുടങ്ങുന്നു. |
| ഷഡ്ഭിഃ | ആറുമാസംകൊണ്ട് |
| ജരായുണാ | 'ജരായു' എന്നുപറയുന്ന നേർത്ത ചർമ്മത്താൽ |
| വീതഃ | മൂടപ്പെട്ട് |
| കുക്ഷൗ | വയററിനുള്ളിൽ |
| ദക്ഷിണേ | വലത്തുവശത്ത് |
| ഭ്രാമ്യതി | കറങ്ങിത്തുടങ്ങുന്നു. |

5 മാതുർജഗ്ദ്ധാന്നപാനാദ്യൈരേധദ്ധാതുരസമ്മതേ
ശേതേ വിണ്മൂത്രയോർഗ്ഗർത്തേ സ ജന്തുർജന്തുസംഭവേ

| | |
|---|---|
| സഃ ജന്തുഃ | ആ ജീവി |
| മാതുഃ | മാതാവിനാൽ |
| ജഗ്ദ്ധാന്നപാനാദ്യൈഃ | അനുഭവിക്കപ്പെട്ട അന്നപാനാദി വസ്തുക്കളാൽ |
| ഏധദ്ധാതുഃ | ധാതുപുഷ്ടിയാർജ്ജിച്ചുകൊണ്ടു് |
| ജന്തുസംഭവേ | കൃമികളുടെ ഉൽപത്തിനിലയവും |
| അസമ്മതേ | അനിഷ്ടകരവുമായ |
| വിണ്മൂത്രയോഃ | മലമൂത്രങ്ങളുടെ |
| ഗർത്തേ | പടുകുഴിയിൽ |
| ശേതേ | കിടക്കുന്നു. |

6 കൃമിഭിഃ ക്ഷതസർവ്വാംഗഃ സൌകുമാര്യാത് പ്രതിക്ഷണം
മൂർച്ഛാമാപ്നോത്യുരുക്ലേശസ്തത്രത്യൈഃ ക്ഷുധിതൈർമ്മുഹുഃ

| | |
|---|---|
| തത്രത്യൈഃ | അവിടെ കിടക്കുന്ന |
| ക്ഷുധിതൈഃ | വിശന്ന |
| കൃമിഭിഃ | പുഴുക്കളെൽ |
| സൌകുമാര്യാത് | മാർദ്ദവംനിമിത്തം |
| മുഹുഃ | അടിക്കടി |
| ക്ഷതസർവ്വാംഗഃ | എല്ലാഭാഗത്തും കടിക്കപ്പെട്ടു് |
| ഉരുക്ലേശഃ | അതിപീഡയേറ്റു് |
| പ്രതിക്ഷണം | ക്ഷണംതോറും |
| മൂർച്ഛാം | ബോധക്ഷയത്തെ |
| ആപ്നോതി | പ്രാപിക്കുന്നു. |

7 കടുതീക്ഷ്ണോഷ്ണലവണരൂക്ഷാമ്ലാദിഭിരുല്ബണൈഃ
മാതൃഭുക്തൈരുപസ്പൃഷ്ടഃ സർവ്വാംഗോത്ഥിതവേദനഃ

8 ഉല്ബേന സംവൃതസ്തസ്മിന്നന്ത്രൈശ്ച ബഹിരാവൃതഃ
ആസ്തേ കൃത്വാ ശിരഃ കുക്ഷൗ ഭുഗ്നപൃഷ്ഠശിരോധരഃ

| | |
|---|---|
| മാതൃഭുക്തൈഃ | മാതാവിനാൽ ഭക്ഷിക്കപ്പെട്ട |
| ഉല്ബണൈഃ | ദുസ്സഹങ്ങളായ |
| കടുതീക്ഷ്ണോഷ്ണലവണരൂക്ഷാമ്ലാദിഭിഃ | എരിവും കടുപ്പും ചൂടും ഉപ്പും പുളിപ്പും മററും ചേർന്ന സാധനങ്ങളാൽ |
| ഉപസ്പൃഷ്ടഃ | സ്പർശിക്കപ്പെട്ടു് |
| സർവ്വാംഗോത്ഥിതവേദനഃ | സർവ്വാവയവങ്ങളിലും വേദനയാർന്നും, |
| ഉല്ബേന | ജരായുവിനാലും |
| അന്ത്രൈഃ ച | ആന്ത്രമാലകളാലും |
| ആവൃതഃ | ആവരണംചെയ്യപ്പെട്ടും, |
| ശിരഃ | ശിരസ്സിനെ |
| കുക്ഷൗ കൃത്വാ | കുക്ഷിയിൽവെച്ചു് |
| ഭുഗ്നപൃഷ്ഠശിരോധരഃ | പൃഷ്ഠഭാഗവും കഴുത്തും വളച്ചുകൊണ്ടു് |
| തസ്മിൻ | അതിൽ |
| ആസ്തേ | സ്ഥിതിചെയ്യുന്നു. |

9 അകല്പഃ സ്വാംഗചേഷ്ടായാം ശകുന്ത ഇവ പഞ്ജരേ
തത്ര ലബ്ധസ്മൃതിർദ്ദൈവാത് കർമ്മ ജന്മശതോദ്ഭവം
സ്മരൻ ദീർഘമനുച്ഛ്വാസം ശർമ്മ കിം നാമ വിന്ദതേ

| | | | |
|---|---|---|---|
| തത്ര | അവിടെ | ജന്മശതോദ്ഭവം | അനേകജന്മങ്ങളിൽ ഉണ്ടായ |
| പഞ്ജരേ | കൂട്ടിൽപ്പെട്ട | കർമ്മ | കർമ്മത്തെ |
| ശകുന്തഃ ഇവ | പക്ഷികണക്കെ, | ദീർഘം | ദീർഘമായി |
| സ്വാംഗചേഷ്ടായാം | സ്വശരീരചേഷ്ടയിങ്കൽ | അനുച്ഛ്വാസം | ഇടക്കിടെ നിശ്വസിച്ച് |
| അകല്പഃ | അശക്തനായി | സ്മരൻ | സ്മരിച്ചുകൊണ്ടിരുന്നു് |
| ദൈവാത്! | പൂർവ്വകർമ്മവശാൽ | കിം നാമ | ഏതുതരം |
| ലബ്ധസ്മൃതിഃ | ലഭിക്കപ്പെട്ട സ്മരണയോടുകൂടിയ ജീവൻ | ശർമ്മ വിന്ദതേ | സൌഖ്യമാണ് പ്രാപിക്കുക? |

10 ആരഭ്യ സപ്തമാന്മാസാല്ലബ്ധബോധോഽപി വേപിതഃ
നൈകത്രാസ്തേ സൂതിവാതൈർവിഷ്ഠാഭൂരിവ സോദരഃ

| | | | |
|---|---|---|---|
| സപ്തമാത് | ഏഴാമത്തെ | വേപിതഃ | ഇളക്കപ്പെട്ടിട്ട് |
| മാസാത് | മാസംമുതല്ക്ക് | സോദരഃ | തന്റെ കൂടെപ്പിറപ്പായ |
| ആരഭ്യ | തുടങ്ങി | വിഷ്ഠാഭൂഃ ഇവ | അമേദ്ധ്യപ്പുഴപോലെ |
| ലബ്ധബോധഃ അപി | ബോധം ലഭിച്ചവനെന്നിരിക്കിലും | ഏകത്ര | ഒരിടത്ത് |
| സൂതിവാതൈഃ | പ്രസവഹേതുകവായുക്കളാൽ | ന ആസ്തേ | ഇരിപ്പുകൊള്ളുകയില്ല. |

11 നാഥമാന ഋഷിർഭീതഃ സപ്തവധ്രിഃ കൃതാഞ്ജലിഃ
സ്തുവീത തം വിക്ലവയാ വാചാ യേനോദരേഽർപ്പിതഃ

| | | | |
|---|---|---|---|
| ഋഷിഃ | ദേഹാത്മദർശിയായ ജീവൻ | ഉദരേ | ഗർഭത്തിൽ |
| സപ്തവധ്രിഃ | സപ്തധാതുക്കളെഴുന്നവ | അർപ്പിതഃ | താൻ നിക്ഷേപിക്കപ്പെട്ടുവോ |
| ഭീതഃ | ഭയംകൊണ്ടവനും [നും | തം | ആ സർവ്വശക്തനെ |
| കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ട് | വിക്ലവയാ | വ്യാകുലമായ |
| നാഥമാനഃ | പ്രാർത്ഥിക്കുന്നവനുമായിട്ട് | വാചാ സ്തുവീത | വാക്കാൽ സ്തുതിച്ചേക്കാം |
| യേന | യാതൊരാളാൽ | | |

ജന്തുരുവാച = ഗർഭസ്ഥിതജീവൻ പറഞ്ഞു:

12 തസ്യോപസന്നമവിതും ജഗദിച്ഛയാത്ത-
നാനാതനോർഭുവി ചലച്ചരണാരവിന്ദം
സോഽഹം വ്രജാമി ശരണം ഹ്യകുതോഭയം മേ
യേനേദൃശീ ഗതിരദർശ്യസതോഽനുരൂപാ

| | | | |
|---|---|---|---|
| യേന | യാതൊരുവനാൽ | ഇച്ഛയാ | സ്വേച്ഛാനുസൃതം |
| അസതഃ മേ | അസത്തായ എനിക്ക് | ആത്ത- നാനാതനോഃ | സ്വീകരിക്കപ്പെട്ട നാനാ മൂർത്തികളോടുകൂടിയ |
| അനുരൂപാ | യോജിച്ചതായ | തസ്യ | ആ ഭഗവാന്റെ |
| ഈദൃശീ | ഇപ്രകാരത്തിലുള്ള | അകുതോഭയം | അഭയംകരവും |
| ഗതിഃ | ഗതി (ഗർഭവാസം) | ഭുവി | ഭൂമിയിൽ |
| അദർശി | കാണിക്കപ്പെട്ടുവോ, | ചലത് | ഇളകിക്കളിക്കുന്നതുമായ |
| ഉപസന്നം | തന്നെ സേവിക്കുന്ന | ചരണാരവിന്ദം | തൃപ്പാദപദ്മത്തെ |
| ജഗത് | ലോകത്തെ | സഃ അഹം ഹി | ആ ഞാൻ തികച്ചും |
| അവിതും | സംരക്ഷിക്കുവാനായി | ശരണം വ്രജാമിഃ | ശരണം പ്രാപിക്കുന്നു. |

ജീവനു് ശരണംപ്രാപിക്കുവാൻ അർഹനായവൻ ആരു്? ജീവനും ഈശ്വരനും തമ്മിൽ ഭേദമെന്തുള്ളൂ? ഇവർതമ്മിൽ സേവ്യസേവകഭാവം എങ്ങനെ? പറയുന്നു—

13 യസ്ത്വത്ര ബദ്ധ ഇവ കർമ്മഭിരാവൃതാത്മാ
ഭൂതേന്ദ്രിയാശയമയീമവലംബ്യ മായാം
ആസ്തേ വിശുദ്ധമവികാരമഖണ്ഡബോധ-
മാതപ്യമാനഹൃദയേഽവസിതം നമാമി.

| | | | |
|---|---|---|---|
| ഭൂതേന്ദ്രിയാ- ശയമയീം | ഭൂതേന്ദ്രിയാന്തഃകരണമായി പരിണമിച്ചിരിക്കുന്ന | ആതപ്യമാന- ഹൃദയേ | ആസകലം തപിക്കപ്പെടുന്ന ഹൃദയത്തിൽ |
| മായാം | മായയെ | അവസിതം | അവഭാസിതനെന്നിരിക്കിലും |
| അവലംബ്യ | ആശ്രയിച്ചു് | അഖണ്ഡ- ബോധം | അവിച്ഛിന്നമായ അവബോധത്തോടുകൂടിയവനായും |
| യഃ തു | യാതൊരുവൻ | | |
| കർമ്മഭിഃ | കർമ്മങ്ങളാൽ | | |
| ആവൃതാത്മാ | ആവൃതസ്വരൂപനായി | വിശുദ്ധം | നിരുപാധികനായും |
| ബദ്ധഃ ഇവ | ബദ്ധനായെന്നപോലെ | അവികാരം | നിർവ്വികാരനായും ഇവിടെത്തന്നെ വാഴുന്ന ആത്മതത്വത്തെ |
| അത്ര ആസ്തേ | ഇങ്ങിരിക്കുന്നുവോ, | | |
| (സഃ അഹം) | ആ ഞാൻ | നമാമി | നമസ്കരിക്കുന്നു. |

ജീവനും ശുദ്ധനാണെന്നല്ലേ ശ്രുതിപ്രമാണം? അപ്പോൾ ജീവേശ്വരന്മാർതമ്മിൽ എന്തുഭേദം? ഈ ആശങ്കയെ പരിഹരിക്കുന്നു.

14 യഃ പഞ്ചഭൂതരചിതേ രഹിതഃ ശരീരേ
ഛന്നോ യഥേന്ദ്രിയഗുണാർത്ഥചിദാത്മകോഽഹം
തേനാവികുണ്ഠമഹിമാനമൃഷിം തമേനം
വന്ദേ പരം പ്രകൃതിപൂരുഷയോഃ പുമാംസം

| | |
|---|---|
| യഃ | യാതൊരുവൻ |
| പഞ്ചഭൂത_ രചിതേ | പഞ്ചഭൂതങ്ങളെക്കൊണ്ടു സംഘടിതമായ |
| ശരീരേ | ശരീരത്തിൽ |
| യഥാ ഛന്നഃ | മറഞ്ഞിരിക്കുന്നവനെന്നപോലെയും |
| രഹിതഃ | വാസ്തവത്തിൽ ശരീരത്തോടുകൂടാത്തവനും |
| ഇന്ദ്രിയഗുണാ_ ൎത്ഥചിദാത്മകഃ | ഇന്ദ്രിയങ്ങൾ_ഗുണങ്ങൾ _ഇന്ദ്രിയാൎത്ഥങ്ങൾ_ചേതന എന്നിവ തൻെറ സ്വരൂപമെന്നു കരുതുന്നവനും ആയിരിക്കുന്നുവോ, |
| (സഃ) അഹം | അങ്ങനെയുള്ള ഞാൻ |
| തേന | ആ ശരീരബന്ധംമൂലം |
| അവികുണ്ഠ_ മഹിമാനം | കുറവില്ലാത്ത മഹിമയോടുകൂടിയവനും |
| ഋഷിം | സൎവ്വജ്ഞനും |
| പ്രകൃതി_ പൂരുഷയോഃ | പ്രകൃതിപുരുഷന്മാരുടെ |
| പരം | നിയന്താവും ആയ |
| തം ഏനം | ആ ഈ |
| പുമാംസം | പരമപുരുഷനെ |
| വന്ദേ | വണങ്ങുന്നു. |

അവിദ്യാബന്ധത്താൽ ജീവൻ അസ്വതന്ത്രനും വിദ്യാമയത്വത്താൽ ഈശ്വരൻ സ്വതന്ത്രനുമാണു്. ഇതത്രേ ഭേദം. എന്നാൽ ജീവൻെറ അവിദ്യാബന്ധം ജ്ഞാനത്താൽ നിവൎത്തിക്കുന്നതല്ലേ? എന്തിനു് ഈശ്വരവന്ദനം? ഈ ശങ്കയെ നിരാകരിക്കുന്നു

15 യന്മായയോരുഗുണകൎമ്മനിബന്ധനേഽസ്മിൻ
സാംസാരികേ പഥി ചരൻ തദഭിശ്രമേണ
നഷ്ടസ്മൃതിഃ പുനരയം പ്രവൃണീത ലോകം
യുക്ത്യാ കയാ മഹദനുഗ്രഹമന്തരേണ.

| | |
|---|---|
| യന്മായയാ | യാതൊരുവൻെറ മായയാൽ |
| നഷ്ടസ്മൃതിഃ | സ്വസ്വരൂപസ്മരണം വിട്ടുപോയവനായിട്ടു് |
| ഉരുഗുണകൎമ്മ_ നിബന്ധനേ | ഗുണഹേതുകങ്ങളായ ഊൎജ്ജിതകൎമ്മങ്ങൾ തികഞ്ഞ ബന്ധനങ്ങളായിരിക്കുന്ന |
| സാംസാരികേ | പ്രാപഞ്ചികമായ |
| അസ്മിൻ പഥി | ഈ മാൎഗ്ഗത്തിൽ |
| തദഭിശ്രമേണ | അതിനാൽവരുത്തിവെക്കപ്പെടുന്ന ക്ലേശബാഹുല്യത്തോടെ |
| ചരൻ | പ്രയാണംചെയ്യുന്ന |
| അയം | ഇവൻ (ജീവൻ) |
| മഹദനുഗ്രഹം | സൎവ്വേശ്വരാനുഗ്രഹം |
| അന്തരേണ | അല്ലാതെ |
| പുനഃ | പിന്നെ |
| കയാ യുക്ത്യാ | എന്തുപായംകൊണ്ടു് |
| ലോകം | സ്വസ്വരൂപത്തെ |
| പ്രവൃണീത | പ്രാപിക്കും ? |

അവിദ്യാനിവൃത്തി ജ്ഞാനത്താലുണ്ടാകുമെങ്കിലും ആ ജ്ഞാനം ഈശ്വരാനുഗ്രഹംകൊണ്ടേ ഉണ്ടാകയുള്ളൂ. അതിനാൽ ഈശ്വരഭജനം കൎത്തവ്യമാണു്. ഈശ്വരൻതന്നെയാണു് ജ്ഞാനദൻ എന്നു് ഉറപ്പിച്ചുപറയുന്നു.

16 ജ്ഞാനം യദേതദദധാത് കതമഃ സ ദേവ_
സ്ത്രൈകാലികം സ്ഥിരചരേഷ്വനുവൎത്തിതാംശഃ
തം ജീവകൎമ്മപദവീമനുവൎത്തമാനാ_
സ്താപത്രയോപശമനായ വയം ഭജേമ.

| | |
|---|---|
| ഏതത് യത് | ഈ യാതൊരു |
| ത്രൈകാലികം | ത്രികാലസംബന്ധിയായ |
| ജ്ഞാനം | ജ്ഞാനത്തെ |
| കതമഃ | മററാരു് |
| അദധാത് | എന്നിലുളവാക്കി? |
| സ്ഥിരചരേഷു | സ്ഥാവരജംഗമങ്ങളിൽ |
| അനുവർത്തിതാംശഃ | അന്തര്യാമിയായി വർത്തിക്കുന്ന |
| സഃ ദേവഃ | ആ സർവ്വേശ്വരൻതന്നെ. |
| ജീവകർമ്മപദവീം | ജീവഭാവത്തിന്നു നിദാനമായ കർമ്മഗതിയെ |
| അനുവർത്തമാനാഃ | അനുവർത്തിച്ചിരിക്കുന്ന |
| വയം | ഞങ്ങൾ (ജീവന്മാർ) |
| താപത്രയോപശമനായ | താപത്രയങ്ങളുടെ ഉപശാന്തിക്കായി |
| തം | ആ സർവ്വേശ്വരനെ |
| ഭജേമ | പ്രാർത്ഥിച്ചുകൊള്ളട്ടെ. |

സ്വദുഃഖനിവേദനം ചെയ്യുന്നു—

17 ദേഹ്യന്യദേഹവിവരേ ജഠരാഗ്നിനാസൃ-
ഗ്വിണ്മൂത്രകൂപപതിതോ ഭൃശതപ്തദേഹഃ
ഇച്ഛന്നിതോ വിവസിതും ഗണയൻ സ്വമാസാൻ
നിർവാസ്യതേ കൃപണധീർഭഗവൻ കദാ നു.

| | |
|---|---|
| അന്യദേഹവിവരേ | മററൊരാളുടെ (മാതാവിന്റെ) ശരീരത്തിനകത്തു് |
| അസൃഗ്വിണ്മൂത്രകൂപപതിതഃ | ചോരയും മലവും മൂത്രവും നിറഞ്ഞ പാഴ്ക്കിണററിൽ വീണു്, |
| ജഠരാഗ്നിനാ | ജഠരാഗ്നിയാൽ |
| ഭൃശതപ്തദേഹഃ | ഏററവും ചുട്ടുപൊള്ളുന്ന ഉടലോടുകൂടിയിരുന്നു്, |
| കൃപണധീഃ | ബുദ്ധിതളർന്നു് |
| ഇതഃ | ഇവിടംവിട്ടു് |
| വിവസിതും | പുറത്തുകടക്കാൻ |
| ഇച്ഛൻ | ആഗ്രഹിച്ചുകൊണ്ടും |
| സ്വമാസാൻ | തൻമാസങ്ങളെ |
| ഗണയൻ | കണക്കാക്കിക്കൊണ്ടും വാഴുന്ന |
| ദേഹീ | ഈ ജീവൻ |
| ഭഗവൻ | ഭഗവാനേ ! |
| കദാ നു | എപ്പോഴാണു് |
| നിർവാസ്യതേ | പുറത്തിറക്കപ്പെടുന്നതു്? |

ഭഗവൽകൃതമായ ഉപകാരത്തെ ഓർത്തു് ചൊല്ലുന്നു–

18 യേനേദൃശീം ഗതിമസൌ ദശമാസ്യ ഈശ
സംഗ്രാഹിതഃ പുരുദയേന ഭവാദൃശേന
സ്വേനൈവ തുഷ്യതു കൃതേന സ ദീനനാഥഃ
കോ നാമ തത്പ്രതി വിനാഞ്ജലിമസ്യ കുര്യാത്

| | |
|---|---|
| ഈശ | ഹേ രക്ഷിതാവേ ! |
| പുരുദയേന | മഹാകാരുണികനും |
| ഭവാദൃശേന | തനിക്കുതാൻതന്നെ സാദൃശ്യമായവനുമായ |
| യേന | യാതൊരുവനാൽ |
| ദശമാസ്യഃ | പത്തുമാസംപ്രായംചെന്ന |
| അസൌ | ഈ ജീവൻ |
| ഈദൃശീം | ഇപ്രകാരത്തിലുള്ള |
| ഗതിം | ജ്ഞാനത്തെ |
| സംഗ്രാഹിതഃ | ഗ്രഹിപ്പിക്കപ്പെട്ടവനായോ, |

| | |
|---|---|
| സഃ ദീനനാഥഃ | ആ അനാഥനാഥനായ നിന്തിരുവടി |
| സ്വേന ഏവ | തന്റെ മാത്രം |
| കൃതേന | പ്രവൃത്തികൊണ്ടു് |
| തുഷ്യതു | സന്തോഷിക്കട്ടെ! |
| അഞ്ജലിം വിനാ | കൂപ്പുകൈ മാത്രമല്ലാതെ |
| അസ്യ | ഈ നിന്തിരുവടിയുടെ |
| തത്പ്രതി | ആ ഉപകാരത്തിനുള്ള പ്രത്യുപകാരം |
| കഃ നാമ | ആരാണു് |
| കുര്യാത് | നിറവേററുന്നതു് |

ഭഗവാൻ ജീവനരുളിയ ജ്ഞാനം എങ്ങനെയുള്ളതെന്നു പറയുന്നു—

19 പശ്യത്യയം ധിഷണയാ നനു സപ്തവധ്രിഃ
ശാരീരികേ ദമശരീര്യപരഃ സ്വദേഹേ
യത്സൃഷ്ടയാഽസ തമഹം പുരുഷം പുരാണം
പശ്യേ ബഹിർഹൃദി ച ചൈത്യമിവ പ്രതീതം

| | |
|---|---|
| അയം അപരഃ | ഈ മററുള്ള |
| സപ്തവധ്രിഃ | ശരീരി (മനുഷ്യേതര പ്രാണി) |
| സ്വദേഹേ | സ്വശരീരത്തിൽ |
| ശാരീരികേ | ശരീരസംബന്ധമായ സുഖദുഃഖങ്ങളെ മാത്രം |
| പശ്യതി നനു | അറിയുകയല്ലേ ചെയ്യുന്നുള്ളു |
| അഹം പുനഃ | ഞാനാകട്ടെ |
| യത്സൃഷ്ടയാ | യാതൊരുവനാൽ ഉണ്ടാക്കിത്തരപ്പെട്ട |
| ധിഷണാ | വിവേകബോധത്താൽ |
| ദമശരീരി | ശമദമാദിയുക്തശരീരിയായിട്ടു |
| ആസ | ഭവിച്ചുവോ, |
| പുരാണം | അനാദിയും |
| പുരുഷം | പൂർണ്ണരൂപനും ആയ |
| തം | ആ നിന്തിരുവടിയെ |
| ബഹിഃ | ബഹിർഭാഗത്തും |
| ഹൃദി ച | അന്തർഭാഗത്തും |
| പ്രതീതം | സാക്ഷാത്തായി പ്രകാശിക്കുന്ന |
| ചൈത്യം ഇവ | ക്ഷേത്രജ്ഞനെന്നപോലെയും |
| പശ്യേ | കാണുന്നു. |

വിവേകോദയത്താലുണ്ടായ സംസാരഭീതിയെ ഈ വിധം ഉപപാദിച്ചു മോക്ഷമാർഗ്ഗത്തിങ്കലുള്ള അഭിനിവേശത്തെ താഴെ രണ്ടു ശ്ലോകംകൊണ്ടു് കാണിക്കുന്നു—

20 സോഹം വസന്നപി വിഭോ-ബഹുദുഃഖവാസം
ഗർഭാന്ന നിർജ്ജിഗമിഷേ ബഹിരന്ധകൂപേ
യത്രോപയാതമുപസർപ്പതി ദേവമായാ-
മിഥ്യാമതിര്യദനു സംസൃതിചക്രമേതത്.

| | |
|---|---|
| വിഭോ | ഹേ വിഭോ ! |
| ബഹുദുഃഖവാസം | ബഹുവിധ ദുഃഖാനുഭവത്തോടുകൂടുംവണ്ണം |
| അസൻ അപി | വസിക്കുകയാണെങ്കിലും |
| സഃ അഹം | ആ ഞാൻ |
| ഗർഭാത് | ഗർഭത്തിൽനിന്നു് |
| അന്ധകൂപേ | അന്ധകൂപപ്രായമായ |
| ബഹിഃ | ബാഹ്യലോകത്തിലേക്കു |

| | | | |
|---|---|---|---|
| ന നിർജ്ജിഗമിഷേ | ഇറങ്ങുവാൻ ആഗ്രഹിക്കുന്നില്ല. | യദനു | അതിനെത്തുടർന്ന് |
| യത്ര | യാതൊരിടത്ത് | മിഥ്യാമതിഃ | ദേഹാത്മഭാവനയാവുന്ന മിഥ്യാബുദ്ധിയും, |
| ഉപയാതം | എത്തിച്ചേർന്നവനെ | ഏതത് | ഇത്തരത്തിലുള്ള |
| | | സംസൃതിചക്രം | സംസാരഭ്രമണവും |
| ദേവമായാ | ഭഗവാന്റെ മായയും, | ഉപസർപ്പതി | പിൻതുടർന്നെത്തുന്നു. |

21 തസ്മാദഹം വിഗതവിക്ലവ ഉദ്ധരിഷ്യ
ആത്മാനമാശു തമസഃ സുഹൃദാത്മനൈവ
ഭൂയോ യഥാ വ്യസനമേതദനേകരന്ധ്രം
മാ മേ ഭവിഷ്യദുപസാദിതവിഷ്ണുപാദഃ

| | | | |
|---|---|---|---|
| തസ്മാത് | അതുകൊണ്ട് | വിഗതവിക്ലവഃ | തള്ളിനീക്കിയ വ്യാകുലതയോടുകൂടിയവനുമായിട്ട് |
| ഭൂയഃ | ഇനിയും | | |
| അനേകരന്ധ്രം | അനേകം പഴുതുകളുള്ള | സുഹൃദാ | നേർവഴിക്കു കൊണ്ടുപോകുന്ന ബന്ധുവായ |
| ഏതത് വ്യസനം | ഈ സംസാരദുഃഖം | | |
| മേ | എനിക്ക് | ആത്മനാ ഏവ | ബുദ്ധിയാൽത്തന്നെ |
| യഥാ മാ ഭവിഷ്യത് | ഉണ്ടാവാനിടയാകാത്ത വിധം | ആത്മാനം | ആത്മാവിനെ |
| അഹം | ഞാൻ | തമസഃ | സംസാരാന്ധകാരത്തിൽനിന്നു് |
| ഉപസാദിതഃ വിഷ്ണുപാദഃ | ഉള്ളിൽകുടിയിരുത്തിയ വിഷ്ണുപാദങ്ങളോടുകൂടിയവനും | ആശു | ഉടനടി |
| | | ഉദ്ധരിഷ്യേ | ഉദ്ധരിച്ചേക്കാം |

കപില ഉവാച = ശ്രീകപിലഭഗവാനരുളിച്ചെയ്തു:

22 ഏവം കൃതമതിർഗർഭേ ദശമാസ്യഃ സ്തുവന്നൃഷിഃ
സദ്യഃ ക്ഷിപത്യവാചീനം പ്രസൂത്യൈ സൂതിമാരുതഃ

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സദ്യഃ | ഒരുനാൾ പെട്ടെന്ന് |
| ഗർഭേ | ഗർഭത്തിൽവെച്ച് | സൂതിമാരുതഃ | പ്രസവഹേതുകമായ അപാനവായു |
| കൃതമതിഃ | നിശ്ചിതബുദ്ധിയായി | | |
| ദശമാസ്യഃ | പത്തുമാസമെത്തിയ | പ്രസൂത്യൈ | പ്രസവത്തിനുവേണ്ടി |
| ഋഷിഃ | ജീവൻ | | |
| സ്തുവൻ (ആസ്തേ) | ഈശ്വരനെ സ്തുതിച്ചു കൊണ്ടിരിക്കുന്നു | അവാചീനം | തലകീഴായിട്ട് |
| | | ക്ഷിപതി | (അവനെ)തള്ളിവിടുന്നു. |

23 തേനാവസൃഷ്ടഃ സഹസാ കൃത്വാവാക് ശിര ആതുരഃ
വിനിഷ്ക്രാമതി കൃച്ഛ്രേണ നിരുച്ഛ്വാസോ ഹതസ്മൃതിഃ

| | | | |
|---|---|---|---|
| തേന | ആ സൂതികാവായുവിനാൽ | നിരുച്ഛ്വാസഃ | ശ്വാസംവലിച്ചുവിടുവാൻ അശക്തനും |
| സഹസാ | പെട്ടെന്നു് | ഹൃതസ്മൃതിഃ | സ്മരണവിട്ടുപോയവനുമായിഭവിച്ചു് |
| ശിരഃ അവാക് | തല കീഴോട്ടെക്കു് | കൃച്ഛ്രേണ | കഷ്ടത്തോടെ |
| കൃതഃ | ആക്കപ്പെട്ടു് | വിനിഷ്ക്രാമതി | പുറത്തുവരുന്നു. |
| അവസൃഷ്ടഃ | തള്ളപ്പെട്ടു് | | |
| ആതുരഃ | പരവശനും | | |

24 പതിതോ ഭുവ്യസൃങ്മൂത്രേ വിഷ്ഠാഭൂരിവ ചേഷ്ടതേ
രോരൂയതി ഗതേ ജ്ഞാനേ വിപരീതാം ഗതിം ഗതഃ

| | | | |
|---|---|---|---|
| ഭുവി | നിലത്തു് | ജ്ഞാനേ ഗതേ | ജ്ഞാനം വിട്ടുപോയ |
| അസൃങ്മൂത്രേ | ചോരയിലും മൂത്രത്തിലും | വിപരീതാം | മറിച്ചുള്ള [പ്പേരം |
| പതിതഃ | വീണു്, | ഗതിം ഗതഃ | അജ്ഞാനാവസ്ഥയെ പ്രാപിച്ചു് |
| വിഷ്ഠാഭൂഃ ഇവ | മലത്തിലെ പുഴപോലെ | | |
| ചേഷ്ടതേ | പിരളുന്നു. | രോരൂയതി | കരച്ചിൽകൂട്ടുന്നു. |

25 പരച്ഛന്ദം ന വിദുഷാ പുഷ്യമാണോ ജനേന സഃ
അനഭിപ്രേതമാപന്നഃ പ്രത്യാഖ്യാതുമനീശ്വരഃ

| | | | |
|---|---|---|---|
| പരച്ഛന്ദം | മറ്റൊരാളുടെ അഭിപ്രായത്തെ | സഃ | അവൻ |
| ന വിദുഷാ | അറിഞ്ഞുകൂടാത്ത | അനഭിപ്രേതം | ഇഷ്ടമില്ലാത്തതിനെ |
| ജനേന | ജനത്താൽ | ആപന്നഃ | പ്രാപിച്ചു് |
| | | പ്രത്യാഖ്യാതും | നിരസിക്കുവാൻ |
| പുഷ്യമാണഃ | വളർത്തപ്പെട്ടുവരുന്ന | അനീശ്വരഃ | അശക്തനായിത്തീരുന്നു |

ശിശുവിനു തന്റെ ഇംഗിതം മാതാവിനെ ധരിപ്പിക്കുവാൻ ആകയില്ല. അവൻ വിശന്നുകരയുമ്പോൾ വയററിൽ എന്തൊ അസുഖമായിരിക്കുമെന്നുകരുതി മരുന്നുകൊടുക്കും. അസുഖം ഉണ്ടാകുമ്പോൾ വിശന്നിട്ടാണെന്നുവിചാരിച്ചു് മുലകൊടുക്കും. അതല്ല വേണ്ടതെന്നു പറയുവാൻ അവനു കഴികയുമില്ല—എന്നു താല്പര്യം

26 ശായിതോഽശുചിപര്യങ്കേ ജന്തുഃ സ്വേദജദൂഷിതേ
നേശഃ കണ്ഡൂയനേഽംഗാനാമാസനോത്ഥാനചേഷ്ടനേ

| | | | |
|---|---|---|---|
| സ്വേദജദൂഷിതേ | മൂട്ടയുംമററുമായ സ്വേദജപ്രാണികളാൽ ദൂഷിപ്പിക്കപ്പെട്ട | അംഗാനാം | ശരീരാവയവങ്ങളുടെ |
| | | കണ്ഡൂയനേ | ചൊറിച്ചൽതീക്കുവാനും |
| അശുചിപര്യങ്കേ | അഴുക്കുമെത്തയിൽ | ആസനോത്ഥാനചേഷ്ടനേ | ഇരിക്കുക, എഴുന്നേറക, നടക്കുക മുതലായവക്കും |
| ശായിതഃ | കിടത്തപ്പെട്ട | | |
| ജന്തുഃ | ആ ജന്തു (ശിശു) | ഈശഃ ന | ശക്തനാകുന്നില്ല. |

27 തുദന്ത്യാമത്വചം ദംശാ മശകാ മൽക്കുണാദയഃ
രുദന്തം വിഗതജ്ഞാനം കൃമയഃ കൃമികം യഥാ

| | | | |
|---|---|---|---|
| ദംശാഃ | ഈച്ചകൾ | ആമത്വചം | ഇളംതൊലിയുള്ള ശിശു |
| മശകാഃ | കൊതുകുകൾ | കൃമയഃ | പുഴുക്കൾ [വിനെ |
| മൽക്കുണാദയഃ | മൂട്ടകൾ മുതലായവ | കൃമികം യഥാ | പുഴുവിനെയെന്ന പോലെ |
| വിഗതജ്ഞാനം | അറിവില്ലാത്തവനായി | | |
| രുദന്തം | കരഞ്ഞുകൊണ്ടിരിക്കുന്ന | തുദന്തി | കടിച്ചുനോവിപ്പിക്കുന്നു. |

28 ഇത്യേവം ശൈശവം ഭുക്ത്വാ ദുഃഖം പൌഗണ്ഡമേവ ച
അലബ്ധാഭീപ്സിതോഽജ്ഞാനാദിദ്ധമന്യുഃ ശുചാർപ്പിതഃ

29 സഹ ദേഹേന മാനേന വർദ്ധമാനേന മന്യുനാ
കരോതി വിഗ്രഹം കാമീ കാമിഷ്വന്തായ ചാത്മനഃ

| | | | |
|---|---|---|---|
| ഇത്യേവം | എന്നിപ്രകാരം | ദേഹേന സഹ | ശരീരത്തോടൊപ്പം |
| ശൈശവം | ശൈശവത്തേയും | വർദ്ധമാനേന | വളർന്നുവരുന്ന |
| ഏവ ച | അതേവിധം | മാനേന | അഭിമാനത്തോടും |
| പൌഗണ്ഡം | കൌമാരത്തേയും | മന്യുനാ ച | ദ്വേഷ്യത്തോടുംകൂടി |
| ദുഃഖം | ദുഃഖകരമാകുമാറ് | കാമീ | വിഷയലമ്പടനായ അവൻ |
| ഭുക്ത്വാ | അനുഭവിച്ചശേഷം, | കാമിഷു | വിഷയലമ്പടന്മാരായ മററുള്ളവരുടെ അടുക്കൽ |
| അലബ്ധാഭീപ്സിതഃ | (യൌവനത്തിലെത്തി) ആഗ്രഹിച്ചതൊന്നും സാധിക്കാതെ, | ആത്മനഃ | തന്റെ |
| അജ്ഞാനാത് | അറിവുകേടിനാൽ | അന്തായ | നാശത്തിന്നായി |
| ഇദ്ധമന്യുഃ | കോപം പെരുത്തുകൊ [ണ്ടും | വിഗ്രഹം | സ്പർദ്ധയെ |
| ശുചാ | ശോകത്താൽ | കരോതി | ചെയ്തുതുടങ്ങുന്നു. |
| അർപ്പിതഃ | അഭിവ്യാപ്തനായും ഭവിച്ച് | | |

30 ഭൂതൈഃ പഞ്ചഭിരാരബ്ധേ ദേഹേ ദേഹ്യബുധോഽസകൃത്
അഹംമമേത്യസദ്ഗ്രാഹഃ കരോതി കുമതിർമ്മതിം

| | | | |
|---|---|---|---|
| അബുധഃ | അജ്ഞനായിഭവിച്ച | കുമതിഃ | കുത്സിതചിത്തവൃത്തിയായി |
| ദേഹീ | ജീവൻ | | |
| ഭൂതൈഃ | ആകാശാദി ഭൂതങ്ങൾ | അഹംമമ ഇതി | ഞാനെന്നും എന്റേതെന്നും ഉള്ളതായ |
| പഞ്ചഭിഃ | അഞ്ചിനാൽ | | |
| ആരബ്ധേ | ആരബ്ധമായ | മതിം | ഭാവനയെ |
| ദേഹേ | ദേഹത്തിൽ | | |
| അസദ്ഗ്രാഹഃ | തെററായ ബോധത്തെ കൈക്കൊണ്ട് | അസകൃത് | എല്ലാനേരവും |
| | | കരോതി | വെച്ചുകൊണ്ടിരിക്കുന്നു. |

31 തദർത്ഥം കുരുതേ കർമ്മ യദ്ബദ്ധോ യാതി സംസൃതിം
യോഽനുയാതി ദദത്ക്ലേശമവിദ്യാകർമ്മബന്ധനഃ

| | | | |
|---|---|---|---|
| അവിദ്യാകർമ്മബന്ധനഃ | അവിദ്യ, കർമ്മം എന്നിവകൊണ്ടുള്ള ബന്ധനം ചേർന്നതായ | തദർത്ഥം | ആ ദേഹത്തിനുവേണ്ടി |
| യഃ | യാതൊന്നാണോ | കർമ്മ കുരുതേ | കർമ്മം ചെയ്യുന്നു. |
| ക്ലേശം | ക്ലേശത്തെ | യദ്ബദ്ധഃ | യാതൊന്നിനാൽ ബദ്ധനായിട്ടു് |
| ദദത് | ഉളവാക്കിക്കൊണ്ടു് | സംസൃതിം | സംസാരദുഃഖത്തെയും |
| അനുയാതി | പിൻതുടരുന്നതു്, | യാതി | പ്രാപിക്കുന്നു. |

32 യദ്യസദ്ഭിഃ പഥി പുനഃ ശിശ്നോദരകൃതോദ്യമൈഃ
ആസ്ഥിതോ രമതേ ജന്തുസ്തമോ വിശതി പൂർവ്വവത്

| | | | |
|---|---|---|---|
| ജന്തുഃ | ജീവൻ (ദേഹത്തിൽ ആത്മാഭിമാനംകൊള്ളുന്ന മനുഷ്യൻ) | അസദ്ഭിഃ | അസജ്ജനങ്ങളോടുകൂടി |
| പഥി | നല്ല മാർഗ്ഗത്തിൽ | രമതേ യദി | രമിക്കുന്നപക്ഷം |
| ആസ്ഥിതഃ | സ്ഥിതനായിരുന്നാലും, | പൂർവ്വവത് | മുൻചൊന്നവിധം |
| ശിശ്നോദരകൃതോദ്യമൈഃ | ലൈംഗികസംതൃപ്തിക്കും ഉദരപൂർത്തിക്കും പരിശ്രമം ചെയ്തുവരുന്ന | തമഃ | അന്ധകാരത്തിലേക്കു് |
| | | പുനഃ | പിന്നേയും |
| | | വിശതി | ചെന്നണയുന്നു. |

അസജ്ജനസമ്പർക്കത്തിന്റെ ദോഷം ഇനി മൂന്നു ശ്ലോകംകൊണ്ടു ചൂണ്ടിക്കാണിക്കുന്നു.

33 സത്യം ശൌചം ദയാ മൌനം ബുദ്ധിഃ ശ്രീർഹ്രീര്യശഃ ക്ഷമാ
ശമോ ദമോ ഭഗശ്ചേതി യത്സംഗാദ്യാതി സംക്ഷയം.

| | | | |
|---|---|---|---|
| യത്സംഗാത് | യാതൊരു അസജ്ജനങ്ങളുടെ സമ്പർക്കംമൂലം, | ശ്രീഃ ഹ്രീഃ | സമ്പത്തു്, ലജ്ജ, |
| സത്യം | സത്യസന്ധത, | യശഃ ക്ഷമാ | കീർത്തി, സഹിഷ്ണുത, |
| ശൌചം | പരിശുദ്ധി, | ശമഃ | ബാഹ്യേന്ദ്രിയനിഗ്രഹം, |
| ദയാ | ജീവകാരുണ്യം, | ദമഃ | മനോനിഗ്രഹം, |
| മൌനം | വാക്സംയമം | ഭഗഃ | അഭിവൃദ്ധി |
| ബുദ്ധിഃ | ആത്മബോധം, | ഇതി ച | എന്നിവയെല്ലാം |
| | | സംക്ഷയം യാതി | നാശമടയുന്നു. |

34 തേഷ്വശാന്തേഷു മൂഢേഷു ഖണ്ഡിതാത്മസ്വസാധുഷു
സംഗം ന കുര്യാച്ഛോച്യേഷു യോഷിത്ക്രീഡാമൃഗേഷു ച

| | | | |
|---|---|---|---|
| അശാന്തേഷു | മനസ്സൊതുക്കമില്ലാത്ത— | ഖണ്ഡിതാത്മസു | ദേഹാത്മബുദ്ധികളായ— |
| മൂഢേഷു | ഭോഷന്മാരായ— | | |

| | | | |
|---|---|---|---|
| യോഷിത്-ക്രീഡാമൃഗേഷു | സ്ത്രീകളുടെ കളിമാൻ കിടാങ്ങളായി ആടുന്ന- | അസാധുഷു | അസജ്ജനങ്ങളിൽ |
| ശോച്യേഷു | ശോചനീയരായ— | സംഗം | സമ്പർക്കത്തെ |
| തേഷു ച | അത്തരത്തിലുള്ള | ന കുര്യാത് | ചെയ്തുകൂടാ. |

35 ന തഥാസ്യ ഭവേന്മോഹോ ബന്ധശ്ചാന്യപ്രസംഗതഃ
യോഷിത്സംഗാദ്യഥാ പുംസോ യഥാ തത്സംഗിസംഗതഃ

| | | | |
|---|---|---|---|
| അസ്യ പുംസഃ | ഈ മനുഷ്യന് | ബന്ധഃ | ബന്ധവും |
| യഥാ | എപ്രകാരം | മോഹഃ ച | മോഹവുമുണ്ടാകുന്നുവോ, |
| യോഷിത്-സംഗാത് | സ്ത്രീസമ്പർക്കത്താലും, | തഥാ | അപ്രകാരം |
| യഥാ | എപ്രകാരം | അന്യ പ്രസംഗതഃ | മററു യാതൊരു സംസർഗ്ഗംകൊണ്ടും |
| തത്സംഗി-സംഗതഃ | സ്ത്രീസമ്പർക്കം പുലർത്തുന്നവരുടെ സംസർഗ്ഗത്താലും | ന ഭവേത് | ഉണ്ടാകുന്നതല്ല. |

ഈ വിഷയസംഗംകൊണ്ടുള്ള ദോഷങ്ങളെ താഴെ ഏഴുശ്ലോകങ്ങൾകൊണ്ട് വിസ്തരിക്കുന്നു—

36 പ്രജാപതിഃ സ്വാം ദുഹിതരം ദൃഷ്ട്വാ തദ്രൂപധർഷിതഃ
രോഹിദ്ഭൂതാമന്വധാവദൃക്ഷരൂപീ ഹതത്രപഃ

| | | | |
|---|---|---|---|
| സഃ പ്രജാപതിഃ | ആ ബ്രഹ്മദേവൻപോലും | രോഹിദ്ഭൂതാം | മാൻപേടയായി ഓടിയ അവളെ |
| സ്വാം ദുഹിതരം | തന്റെ മകളെ | ഋക്ഷരൂപീ | മാനിന്റെ രൂപംധരിച്ച് |
| ദൃഷ്ട്വാ | കണ്ട്, | ഹതത്രപഃ | നാണംകെട്ടുകൊണ്ട് |
| തദ്രൂപധർഷിതഃ | അവളുടെ രൂപത്താൽ ആകൃഷ്ടനായിട്ട്, | അന്വധാവത് | പിന്തുടർന്നോടിയത്രേ. |

37 തത്സൃഷ്ടസൃഷ്ടസൃഷ്ടേഷു കോന്വഖണ്ഡിതധീഃ പുമാൻ
ഋഷിം നാരായണമൃതേ യോഷിന്മയ്യേഹ മായയാ

| | | | |
|---|---|---|---|
| തത്സൃഷ്ട-സൃഷ്ടസൃഷ്ടേഷു | ആ ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടവരായ മരീച്യാദികളാൽ സൃഷ്ടിക്കപ്പെട്ട കാശ്യപാദികളാൽ സൃഷ്ടരായ ദേവമനുഷ്യാദികളുടെ ഇടയിൽ | നാരായണം ഋഷിം ഋതേ | ശ്രീനാരായണമുനിയെ ഒഴിച്ച് |
| | | യോഷിന്മയ്യാ | സ്ത്രീരൂപമായ |
| | | മായയാ | ഈശ്വരമായയാൽ |
| | | ഇഹ | ഈ ലോകത്തിൽ |
| തഃ പുമാൻ ന | ഏതുപുരുഷനാണ് | അഖണ്ഡിതധീഃ | നിർഭിന്നഹൃദയനായി ഭവിക്കാതിരിക്കുക? |

38 ബലം മേ പശ്യ മായായാഃ സ്ത്രീമയ്യാ ജയിനോ ദിശാം
യാ കരോതി പദാക്രാന്താൻ ഭ്രൂവിജൃംഭേണ കേവലം

| | | | |
|---|---|---|---|
| മേ | എന്റെ | ജയിനഃ | വിജേതാക്കളായ പരാക്രമികളെപ്പോലും |
| സ്ത്രീമയ്യാഃ | സ്ത്രീസ്വരൂപംപൂണ്ട | | |
| മായായാഃ | മായയുടെ | കേവലം | വെറും |
| ബലം പശ്യ | ശക്തി നോക്കുക ! | ഭ്രൂവിജൃംഭേണ | ഭ്രൂചലനംകൊണ്ടു് |
| യാ | യാതൊരു ഈ മായ | പദാക്രാന്താൻ കരോതി | തന്റെ കാൽക്കീഴിലാക്കിവെക്കുന്നു. |
| ദിശാം | ദിക്കുകളുടെ | | |

39 സംഗം ന കുര്യാത്പ്രമദാസു ജാതു
യോഗസ്യ പാരം പരമാരുരുക്ഷുഃ
മത്സേവയാ പ്രതിലബ്ധാത്മഭാവോ
വദന്തി യാ നിരയദ്വാരമസ്യ

| | | | |
|---|---|---|---|
| മത്സേവയാ | എന്റെ പാദസേവനത്തിലൂടെ | സംഗം | ആസക്തിയെ |
| | | ജാതു | ഒരിക്കലും |
| പ്രതിലബ്ധാത്മലാഭഃ | ആത്മതത്ത്വാവബോധം നേടിക്കഴിഞ്ഞവനും | ന കുര്യാത് | ചെയ്തുകൂടാ. |
| | | യാഃ | യാതൊരു സ്ത്രീകളെ |
| യോഗസ്യ | യോഗത്തിന്റെ | അസ്യ | ഈ മോക്ഷാർത്ഥിക്കു് |
| പരം പാരം | അങ്ങേ അറ്റത്തിലേക്കു് | നിരയദ്വാരം | നരകത്തിലേക്കുള്ള പ്രവേശമാർഗ്ഗമായിട്ടു് |
| ആരുരുക്ഷുഃ | കയറിപ്പററാനാഗ്രഹിക്കുന്നവനുമായസാധകൻ | | |
| പ്രമദാസു | സ്ത്രീകളിൽ | വദന്തി | അറിവുള്ളവർചൊല്ലുന്നു |

40 യോപയാതി ശനൈർമ്മായാ യോഷിദ്ദേവവിനിർമ്മിതാ
താമീക്ഷേതാത്മനോ മൃത്യും തൃണൈഃ കൂപമിവാവൃതം

| | | | |
|---|---|---|---|
| ദേവവിനിർമ്മിതാഃ | ഈശ്വരനാൽ വിരചിക്കപ്പെട്ട | തൃണൈഃ | പുല്ലുകൾകൊണ്ടു് |
| | | ആവൃതം | മറയ്ക്കപ്പെട്ട |
| യോഷിത് | സ്ത്രീയാവുന്ന | കൂപം ഇവ | കിണററിനെപ്പോലെ |
| യാ മായാ | യാതൊരു മായ | ആത്മനഃ | തന്റെ |
| ശനൈഃ | മന്ദം മന്ദം | മൃത്യും | നാശഹേതുവായി |
| ഉപയാതി | അടുത്തണയുന്നുവോ, | | |
| താം | ആയവളെ | ഈക്ഷേത | കണ്ടുകൊള്ളണം. |

ഈ പറഞ്ഞതു് മുമുക്ഷുവായ പുരുഷനെ ഉദ്ദേശിച്ചാണു്. ഇനി രണ്ടുശ്ലോകം കൊണ്ടു് പറയുന്നതു് മുമുക്ഷുവായ സ്ത്രീയെ ഉദ്ദേശിച്ചാകുന്നു:

41 യാം മന്യതേ പതിം മോഹാന്മന്മായാമൃഷഭായതീം
സ്ത്രീത്വം സ്ത്രീസംഗതഃ പ്രാപ്തോ വിത്താപത്യഗൃഹപ്രദം

42 താമാത്മനോ വിജാനീയാത് പത്യപത്യഗൃഹാത്മകം
ദൈവോപസാദിതം മൃത്യും മൃഗയോർഗായനം യഥാ

| | | | |
|---|---|---|---|
| സ്ത്രീസംഗതഃ | സ്ത്രീയിലുള്ള ആസക്തി നിമിത്തം | മന്യതേ | കരുതുന്നുവോ, |
| സ്ത്രീത്വം | സ്ത്രീഭാവത്തെ | താം | ആ മായയെ |
| പ്രാപ്തഃ | പ്രാപിച്ച ജീവൻ | മൃഗയോഃ | വേടന്റെ |
| ഋഷഭായതീം | പുരുഷരൂപത്തെ പ്രാപിച്ച | ഗായനം യഥാ | പാട്ടെന്നപോലെ |
| യാം | യാതൊരു | ദൈവോപസാദിതം | ദൈവത്താൽ അടുത്തണയ്ക്കപ്പെട്ടതും |
| മന്മായാം | എന്റെ മായയെ | പത്യപത്യഗൃഹാത്മകം | ഭർത്തൃപുത്രഗൃഹസ്വരൂപമായുള്ളതുമായ |
| മോഹാത് | അജ്ഞാനംമൂലം | ആത്മനഃ | തന്റെ |
| വിത്താപത്യഗൃഹപ്രദം | സമ്പത്തും സന്താനവും നേടിത്തരുന്ന | മൃത്യും | നാശഹേതുവായി |
| പതിം | ഭർത്താവായിട്ട് | വിജാനീയാത് | അറിഞ്ഞുകൊള്ളണം. |

ജീവന്റെ സംസാരഗതിയെ വിസ്തരിക്കുന്ന സന്ദർഭത്തിൽ, ജീവൻ കർമ്മശക്തിയാൽ ലോകാന്തരം ഗമിക്കുന്നുവെന്നും ജന്മമൃത്യുക്കളെ അനുഭവിക്കുന്നുവെന്നും പറകയുണ്ടായി. ഇവിടെ ഒരു ശങ്ക. വ്യാപകനായും നിത്യനായും ഇരിക്കുന്ന ജീവനു് ലോകാന്തരഗതിയും ജന്മമൃത്യുക്കളും എങ്ങനെ? ഉണ്ടെന്നുവന്നാൽത്തന്നെ കർമ്മം അനുഭവിച്ചു് ഒടുങ്ങിയാൽ ജന്മമൃത്യുക്കൾ പിന്നെ ഉണ്ടാകരുതല്ലോ—ശരി, ഇതിനു സമാധാനം പറയുന്നു.

43 ദേഹേന ജീവഭൂതേന ലോകാല്ലോകമനുവ്രജൻ
ഭുഞ്ജാന ഏവ കർമ്മാണി കരോത്യവിരതം പുമാൻ.

| | | | |
|---|---|---|---|
| ജീവഭൂതേന | ജീവോപാധിയായി ഭവിച്ചിട്ടുള്ള | അനുവ്രജൻ | സഞ്ചരിക്കുന്ന |
| ദേഹേന | ലിംഗ (സൂക്ഷ്മ) ദേഹത്തോടുകൂടി | പുമാൻ | ജീവാത്മാവു് |
| ലോകാത് | ഒരു ലോകത്തിൽനിന്നു് | കർമ്മാണി | കർമ്മങ്ങളെ |
| ലോകം | മറ്റൊരു ലോകത്തേക്കു് | ഭുഞ്ജാനഃ ഏവ | അനുഭവിച്ചുകൊണ്ടുതന്നെ |
| | | അവിരതം | നിരന്തരം |
| | | കരോതി | കർമ്മങ്ങളെ ചെയ്യുന്നു. |

ആകാശം വ്യാപകമാണെങ്കിലും ഘടാകാശം പരിച്ഛിന്നമാണു്. അതുപോലെ വ്യാപകനായ ജീവാത്മാവു് ലിംഗദേഹബന്ധംമൂലം പരിച്ഛിന്നനായിത്തീരുന്നു. അപ്പോൾ വ്യഷ്ടിചേതനയുള്ള പരലോകഗമനം സംഭവിക്കാം. കർമ്മങ്ങൾ അനുഭവിക്കവെത്തന്നെ, കർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കയാൽ അവയ്ക്കു് അറുതിയും വരുന്നില്ല. ആകയാൽ ജന്മമരണങ്ങളുടെ ചുഴിയിൽപെട്ടു കറങ്ങിക്കൊണ്ടു് മുക്തനാവാതെ വർത്തിക്കുന്നു. ഇനി ഈ ജന്മമരണങ്ങളുടെ സംഭവത്തെ വ്യക്തമാക്കുന്നു.

44 ജീവോ ഹ്യസ്യാനുഗോ ദേഹോ ഭൂതേന്ദ്രിയമനോമയഃ
തന്നിരോധോഽസ്യ മരണമാവിർഭാവസ്തു സംഭവഃ

| | | | |
|---|---|---|---|
| ഭൂതേന്ദ്രിയമനോമയഃ | ഭൂതേന്ദ്രിയാന്തഃകരണാത്മകമായ | ജീവഃ ഹി | ജീവോപാധിയായ സൂക്ഷ്മശരീരവും |
| ദേഹഃ | സ്ഥൂലശരീരവും | അസ്യ | ഈ ആത്മാവിന്റെ |

| | | | |
|---|---|---|---|
| അനുഗഃ | അനുവർത്തിയായിട്ടു് (മുക്തിവരുവോളം) നില കൊള്ളുന്നു | അസ്യ | ഈ ജീവന്നു നേരിടുന്ന |
| | | മരണം | മരണമെന്നും |
| | | ആവിർഭാവഃ തു | കാര്യശേഷി വീണ്ടും ഉൽഭവിക്കുന്നതാകട്ടെ |
| തന്നിരോധഃ | അവയുടെ കാര്യശേഷിക്കു് തടവുണ്ടാകുന്നതു് | സംഭവഃ | ജനനമെന്നും പറയുന്നു. |

ഈ പറഞ്ഞതിനെ സോദാഹരണം വ്യക്തമാക്കുന്നു.

45 ദ്രവ്യോപലബ്ധിസ്ഥാനസ്യ ദ്രവ്യേക്ഷാഽയോഗ്യതാ യദാ
തത് പഞ്ചത്വമഹംമാനാദുത്പത്തിർദ്രവ്യദർശനം

46 യഥാക്ഷ്ണോർദ്രവ്യാവയവദർശനായോഗ്യതാ യദാ
തദൈവ ചക്ഷുഷോ ദ്രഷ്ടുർദ്രഷ്ടൃത്വായോഗ്യതാഽനയോഃ

| | | | |
|---|---|---|---|
| ദ്രവ്യോപലബ്ധി-സ്ഥാനസ്യ | പദാർത്ഥങ്ങളുടെ അനുഭൂതിക്കുള്ള സ്ഥാനമായ സ്ഥൂലദേഹത്തിന്നു് | യഥാ | എപ്രകാരമെന്നാൽ |
| | | അക്ഷ്ണോഃ | നേത്രഗോളകങ്ങൾക്കു് |
| | | യദാ | എപ്പോൾ |
| ദ്രവ്യേക്ഷാ-യോഗ്യതാ | പദാർത്ഥങ്ങളുടെ ദർശനാനുഭൂതിയിങ്കൽ കഴിവില്ലാതെ വരുന്നതു് | ദ്രവ്യാവയവ-ദർശനാ-യോഗ്യതാഃ | ദ്രവ്യാവയവമായ രൂപാദിയുടെ ഗ്രഹണത്തിൽ കഴിവില്ലായ്മ സംഭവിക്കുന്നുവോ |
| യദാ | എപ്പോഴാകുന്നുവോ, | തദാ ഏവ | അപ്പോൾതന്നെ |
| തത് പഞ്ചത്വം | ആയതു് മരണവും, | ചാക്ഷുഷഃ | നേത്രേന്ദ്രിയത്തിന്നും, |
| അഹംമാനാത് | "ഇതുതന്നെയാണു് ഞാൻ" എന്ന മിഥ്യാബോധത്തിലൂടെ | അനയോഃ | ഇവ രണ്ടിന്റെയും (കഴിവുകേട്ടു്) |
| ദ്രവ്യദർശനം | സ്ഥൂലദേഹത്തെ കാണുന്നതു് | ദ്രഷ്ടുഃ | കാണുന്നവന്റെ |
| | | ദ്രഷ്ടൃത്വാ-യോഗ്യതാ | കാഴ്ചക്കും ഉള്ള കഴിവുകേടായിട്ടു് വരുമല്ലോ. |
| ഉത്പത്തിഃ | ജനനവും ആകുന്നു. | | |

നേത്രഗോളകങ്ങളുടെ വൈകല്യം നേത്രേന്ദ്രിയത്തേയും അതിന്റെ വൈകല്യം ദ്രഷ്ടാവിന്റെ ദർശനത്തേയും കെടുത്തുമല്ലോ. അതുപോലെ സ്ഥൂലശരീരത്തിന്റെ വൈകല്യം ലിംഗശരീരത്തേയും തദ്വൈകല്യം ജീവന്റെ പരിസ്ഫുരണത്തേയും കെടുത്തിക്കളെയുന്നു. അതിനെയാണു് മരണമെന്നു് പറയുന്നതു്. അല്ലാതെ വാസ്തവത്തിൽ ജീവനു് മൃത്യു സംഭവിക്കുന്നില്ല.

47 തസ്മാന്ന കാര്യഃ സന്ത്രാസോ ന കാർപ്പണ്യം ന സംഭ്രമഃ
ബുദ്ധ്വാ ജീവഗതിം ധീരോ മുക്തസംഗശ്ചരേദിഹ.

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ മരണത്തെ ഓർത്തിട്ടു് | ന കാര്യഃ | കൊള്ളേണ്ടതില്ല. |
| | | കാർപ്പണ്യം | ജീവിതനൈരാശ്യവും |
| സന്ത്രാസഃ | മഹാഭയം | ന | വേണ്ടതില്ല. |

| | | | |
|---|---|---|---|
| സംഭ്രമഃ | അമ്പരപ്പും | ധീരഃ | സ്ഥിരപ്രജ്ഞനായി – |
| ന | ആവശ്യമില്ല | മുക്തസംഗഃ | അനാസക്തനായിട്ടു് |
| ജീവഗതിം | ജീവന്റെ വാസ്തവതത്ത്വം | ചരേത് | ജീവിതയാത്ര ചെയ്യണം |
| ബുദ്ധ്വാ | അറിഞ്ഞു്, | | |

ആസക്തിയില്ലെങ്കിൽ ജീവിതയാത്രയെങ്ങനെ ? ഇതിനു സമാധാനം പറയുന്നു.

48 സമ്യഗ്ദർശനയാ ബുദ്ധ്യാ യോഗവൈരാഗ്യയുക്തയാ.
മായാവിരചിതേ ലോകേ ചരേന്ന്യസ്യ കളേബരം

| | | | |
|---|---|---|---|
| യോഗവൈരാഗ്യയുക്തയാ | യോഗം, വൈരാഗ്യം എന്നിവയോടുകൂടിയതും | മായാവിരചിതേ | മായാകല്പിതമായ |
| സമ്യഗ്ദർശനയാ | ആത്മതത്ത്വത്തെ ശരിയാംവണ്ണം കാണുവാൻ കഴിവുററതുമായ | ലോകേ | ലോകത്തിൽ |
| | | കളേബരം | ശരീരത്തെ |
| | | ന്യസ്യ | സമർപ്പിച്ചു് |
| ബുദ്ധ്യാ | ബുദ്ധികൊണ്ടു് | ചരേത് | ജീവിതയാത്രചെയ്യണം. |

ശരീരം അതിന്റെ പ്രാരബ്ധം ഉള്ളേടത്തോളം നിലനില്ക്കുമെന്ന ഉറപ്പോടെ അനാസക്തനായി ജീവിക്കണമെന്നു് സാരം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയേ ജീവഗതിർനാമ ഏകത്രിംശത്തമോऽധ്യായഃ

ആദിതഃ ശ്ലോകാഃ 1332 മുപ്പത്തൊന്നാമദ്ധ്യായം കഴിഞ്ഞു.

## ദ്വാത്രിംശത്തമോऽദ്ധ്യായഃ = മുപ്പത്തിരണ്ടാമദ്ധ്യായം.

"ദ്വാത്രിംശേ സാത്ത്വികൈൎദ്ധൎമ്മൈരൂൎദ്ധ്വം ഗതിരുദീൎയ്യതേ
തത്ത്വജ്ഞാനവിഹീനസ്യ തതശ്ച പുനരാഗതിഃ"

### ജീവന്മാൎക്കുണ്ടാവുന്ന വിഭിന്നഗതികൾ കൎമ്മമാൎഗ്ഗത്തിന്റെ അപകൎഷവും ഭക്തിമാൎഗ്ഗത്തിന്റെ ഉത്കൎഷവും

പാപകൎമ്മത്തിന്റെ ഗതി പറഞ്ഞുകഴിഞ്ഞു. ഈ അദ്ധ്യായത്തിൽ ആദ്യം നാലു ശ്ലോകംകൊണ്ടു് കാമ്യകൎമ്മത്തിന്റെ ഗതിയെപ്പററി പറയുന്നു.

കപില ഉവാച = ശ്രീകപിലഭഗവാനരുളിച്ചെയ്തു:

1 അഥ യോ ഗൃഹമേധീയാൻ ധൎമ്മാനേവാവസൻ ഗൃഹേ
കാമമൎത്ഥം ച ധൎമ്മാൻ സ്വാൻ ദോഗ്ധി ഭൂയഃ പിപൎത്തി താൻ

2 സ ചാപി ഭഗവദ്ധൎമ്മാത് കാമമൂഢഃ പരാങ്മുഖഃ
യജതേ ക്രതുഭിർദേവാൻ പിതൄംശ്ച ശ്രദ്ധയാന്വിതഃ

| | |
|---|---|
| അഥ യഃ | ഇനി, യാതൊരാൾ |
| ഗൃഹേ ഏവ | ഗൃഹത്തിൽതന്നെയിരുന്നു് |
| ഗൃഹമേധീയാൻ | ഗൃഹസ്ഥാശ്രമോചിതങ്ങളായ |
| ധൎമ്മാൻ | ധൎമ്മങ്ങളെ (കാമ്യകൎമ്മങ്ങളെ) |
| ആവസൻ | അനുഷ്ഠിച്ചുകൊണ്ടു് |
| സ്വാൻ ധൎമ്മാൻ | തന്റെ ധൎമ്മങ്ങളിൽ [നിന്നു് |
| കാമം | കാമത്തെയും |
| അൎത്ഥം ച | അൎത്ഥത്തെയും |
| ദോഗ്ധി | കറന്നെടുക്കുകയും |
| ഭൂയഃ താൻ | വീണ്ടും അവയെ |
| പിപൎത്തി ച | പൂരിപ്പിക്കുകയും ചെയ്യുന്നുവോ, |
| കാമമൂഢഃ | കാമാന്ധനായുള്ള |
| സഃ അപി | അവനാകട്ടെ |
| ഭഗവദ്ധൎമ്മാത് | ഭഗവദ്ധൎമ്മത്തിൽനിന്നു് |
| പരാങ്മുഖഃ | വിമുഖനായിഭവിച്ചു് |
| ശ്രദ്ധയാ | ശ്രദ്ധയോടു് |
| അന്വിതഃ | കൂടിയവനായിട്ടു് |
| ക്രതുഭിഃ | യജ്ഞങ്ങളാൽ |
| ദേവാൻ | ദേവന്മാരേയും |
| പിതൄൻ ച | പിതൃക്കളേയും |
| യജതേ | യജിക്കുന്നു. |

3 തച്ഛ്രദ്ധയാക്രാന്തമതിഃ പിതൃദേവവ്രതഃ പുമാൻ
ഗത്വാ ചാന്ദ്രമസം ലോകം സോമപാഃ പുനരേഷ്യതി

| | |
|---|---|
| തച്ഛ്രദ്ധയാ | അവയുടെ ശ്രദ്ധയാൽ |
| ആക്രാന്തമതിഃ | പിടികൂടപ്പെട്ട ബുദ്ധിയോടുകൂടിയവനും |
| പിതൃദേവവ്രതഃ | പിതൃക്കൾക്കും ദേവന്മാൎക്കുംവേണ്ടി വ്രതങ്ങൾ അനുഷ്ഠിക്കുന്നവനുമായ |

| | | | |
|---|---|---|---|
| പുമാൻ | ആ മനുഷ്യൻ | സോമപാഃ | സോമപാനംചെയ്തു് |
| ചാന്ദ്രമസം | ചന്ദ്രസംബന്ധിയായ | പുനഃ ഏഷ്യതി | പിന്നേയും തിരിച്ചു വരുന്നു. |
| ലോകം ഗത്വാ | ലോകത്തെ ഗമിച്ചു് | | |

4 യദാ ചാഹീന്ദ്രശയ്യായാം ശേതേഽനന്താസനോ ഹരിഃ
തദാ ലോകാ ലയം യാന്തി ത ഏതേ ഗൃഹമേധിനാം

| | | | |
|---|---|---|---|
| യദാ ച | ഏതൊരുകാലത്തു് | ശേതേ | പള്ളിക്കുറിപ്പുകൊള്ളുന്നു [വോ, |
| അനന്താസനഃ | അനന്തോപരി സമുപ വിഷ്ടനായ | തദാ | ആ കാലത്തു് |
| ഹരിഃ | ശ്രീനാരായണൻ | ഗൃഹമേധിനാം | ഗൃഹസ്ഥാശ്രമികളുടെ |
| അഹീന്ദ്ര- ശയ്യായാം | ആദിശേഷനാവുന്ന ശയ്യയിന്മേൽ | തേ | അങ്ങിനെയുള്ള |
| | | ഏതേ ലോകാഃ | ഈ ലോകങ്ങളും |
| | | ലയം യാന്തി | ലയത്തെ പ്രാപിക്കുന്നു. |

കാമ്യകർമ്മങ്ങളെക്കൊണ്ടു് പ്രാകൃതദേവന്മാരെ ഉപാസിക്കുന്നവർ മരണാനന്തരം എത്തിച്ചേരുന്ന ചന്ദ്രലോകാദികളുംതന്നെ അനിത്യങ്ങളാണു്. കല്പാന്തത്തിൽ അവ കാരണാത്മാവിൽ വിലയംപ്രാപിക്കുമെന്നു് സാരം.

എന്നാൽ ഭഗവദ്ധർമ്മനിഷ്ഠന്മാർ ഭഗവാനെത്തന്നെ പ്രാപിച്ചു് നിത്യമുക്തരാകുമെന്നതു് ഇനി മൂന്നുശ്ലോകംകൊണ്ടു് ഉപപാദിക്കുന്നു.

5 യേ സ്വധർമ്മാൻ ന ദുഹ്യന്തി ധീരാഃ കാമാർത്ഥഹേതവേ
നിഃസംഗാ ന്യസ്തകർമ്മാണഃ പ്രശാന്താഃ ശുദ്ധചേതസഃ

6 നിവൃത്തിധർമ്മനിരതാ നിർമ്മമാ നിരഹംകൃതാഃ
സ്വധർമ്മാഖ്യേന സത്ത്വേന പരിശുദ്ധേന ചേതസാ

7 സൂര്യദ്വാരേണ തേ യാന്തി പുരുഷം വിശ്വതോമുഖം
പരാവരേശം പ്രകൃതിമസ്യോത്പത്ത്യന്തഭാവനം.

| | | | |
|---|---|---|---|
| ധീരാഃ | ദൃഢചിത്തന്മാരും | നിരഹംകൃതാഃ | ഞാനെന്നഭാവം തോന്നാത്തവരുമായ |
| നിഃസംഗാഃ | ആസക്തിരഹിതന്മാരും | യേ | യാവചിലർ |
| ന്യസ്തകർമ്മാണഃ | ഈശ്വരാർപ്പിതമായ കർമ്മത്തോടുകൂടിയവരും | സ്വധർമ്മാൻ | സ്വധർമ്മങ്ങളെ |
| ശുദ്ധചേതസഃ | ശുദ്ധാന്തഃകരണന്മാരും | കാമാർത്ഥ- ഹേതവേ | കാമത്തിനും അർത്ഥത്തിനുമായിട്ടു് |
| പ്രശാന്താഃ | മനസ്സൊതുക്കമുള്ളവരും | ന ദുഹ്യന്തി | കറന്നെടുക്കുന്നില്ലയോ, |
| നിവൃത്തി- ധർമ്മനിരതാഃ | നിവൃത്തിമാർഗ്ഗതൽപരന്മാരും | തേ | അവർ |
| നിർമ്മമാഃ | മമതാബുദ്ധിയില്ലാത്തവരും | സ്വധർമ്മാഖ്യേന | സ്വധർമ്മമെന്നപേരിൽ അറിയപ്പെടുന്ന |

| | |
|---|---|
| സത്ത്വേന | സത്ത്വഗുണത്താൽ |
| പരിശുദ്ധേന | തികച്ചും നിർമ്മലമായ |
| ചേതസാ | ചിത്തത്തോടുകൂടിയവരായിട്ട് |
| വിശ്വതോമുഖം | സർവ്വത്രനിറഞ്ഞവനും |
| പരാവരേശം | സർവ്വേശിതാവും |
| അസ്യ | ഈ പ്രപഞ്ചത്തിന്റെ |
| ഉത്പത്ത്യന്തഭാവനം | ഉദ്ഭവസ്ഥിതിലയങ്ങൾക്ക് നിമിത്തകാരണമായവനും |
| പ്രകൃതിം | പ്രകൃതിസ്വരൂപേണ ഉപാദാനകാരണമായവനും ആയ |
| പുരുഷം | ഈശ്വരനെ |
| സൂര്യദ്വാരേണ | സൂര്യമാർഗ്ഗത്തിലൂടെ |
| യാന്തി | പ്രാപിക്കുന്നു. |

സർവ്വേശ്വരനെന്ന ഭാവനയോടെ ഹിരണ്യഗർഭനെ ഉപാസിക്കുന്നവർക്കും ക്രമേണ മുക്തി സിദ്ധിക്കുമെന്ന് ഇനി മൂന്നുശ്ലോകത്താൽ പറയുന്നു.

8 ദ്വിപരാർദ്ധാവസാനേ യഃ പ്രളയോ ബ്രഹ്മണസ്തു തേ
താവദധ്യാസതേ ലോകം പരസ്യ പരചിന്തകാഃ

| | |
|---|---|
| ബ്രഹ്മണഃ തു | ബ്രഹ്മാവിന്റെ തന്നെ |
| ദ്വിപരാർദ്ധാവസാനേ | ദ്വിപരാർദ്ധകാലം അവസാനിക്കുമ്പോൾ |
| യഃ പ്രളയഃ | യാതൊരു പ്രളയം സംഭവിക്കുന്നുവോ, |
| താവത് | അതുവരേക്കും |
| പരചിന്തകാഃ | പരമേശ്വരദൃഷ്ട്യാ ഹിരണ്യഗർഭോപാസനചെയ്യുന്ന |
| തേ | അവർ |
| പരസ്യ | ഹിരണ്യഗർഭന്റെ |
| ലോകം | ലോകത്തെ |
| അധ്യാസതേ | അധിവസിക്കുന്നു. |

9 ക്ഷ്മാംഭോനലാനിലവിയന്മന ഇന്ദ്രിയാർത്ഥ-
ഭൂതാദിഭിഃ പരിവൃതം പ്രതിസംജിഹീർഷുഃ
അവ്യാകൃതം വിശതി യർഹി ഗുണത്രയാത്മാ
കാലം പരാഖ്യമനുഭൂയ പരഃ സ്വയംഭൂഃ

10 ഏവം പരേത്യ ഭഗവന്തമനുപ്രവിഷ്ടാ
യേ യോഗിനോ ജിതമരുന്മനസോ വിരാഗാഃ
തേനൈവ സാകമമൃതം പുരുഷം പുരാണം
ബ്രഹ്മ പ്രധാനമുപയാന്ത്യഗതാഭിമാനാഃ

| | |
|---|---|
| പരഃ | സർവ്വാധികനായ |
| സ്വയംഭൂഃ | ബ്രഹ്മാവ് |
| ഗുണത്രയാത്മാ | ത്രിഗുണാത്മകനായിട്ട് |
| പരാഖ്യം | ദ്വിപരാർദ്ധമെന്നുപറയുന്ന |
| കാലം | കാലത്തെ മുഴുവൻ |
| അനുഭൂയ | അനുഭവിച്ചശേഷം |
| ക്ഷ്മാംഭോനലാനിലവിയന്മന ഇന്ദ്രിയാർത്ഥഭൂതാദിഭിഃ | ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ഇന്ദ്രിയങ്ങൾ, ഇന്ദ്രിയാർത്ഥങ്ങൾ, അഹംകാരം എന്നിവയാൽ |
| പരിവൃതം | വ്യാപ്തമായ ബ്രഹ്മാണ്ഡത്തെ |

| | | | |
|---|---|---|---|
| പ്രതിസം— ജിഹീർഷുഃ | പ്രതിസംഹരിക്കുവാൻ ഇച്ഛിച്ചുകൊണ്ടു് | യേ | യാവചില |
| അവ്യാകൃതം | നിർവ്വികാരതത്ത്വത്തെ | യോഗിനഃ | യോഗികളുണ്ടോ, അവർ |
| വിശതി യർഹി | പ്രവേശിക്കുന്ന സന്ദർഭത്തിൽ, | തേന | ആ ബ്രഹ്മാവിനോടു |
| | | സാകം ഏവ | കൂടിമാത്രമേ |
| | | അമൃതം | ആനന്ദരൂപവും |
| പരേത്യ | ഇഹലോകം വിട്ടതിൽ | പുരാണം | അനാദിയും |
| ഏവം | ഇപ്രകാരം [പിന്നെ | പുരുഷം | ആത്മസ്വരൂപവും |
| ഭഗവന്തം | ഹിരണ്യഗർഭനെ | പ്രധാനം | പരമോൽകൃഷ്ടവുമായ |
| അനുപ്രവിഷ്ടാഃ | അനുപ്രവേശിച്ചവരും | ബ്രഹ്മ | ബ്രഹ്മതത്ത്വത്തെ |
| ജിതമരുന്മനസഃ | പ്രാണമനോവൃത്തികളെ ജയിച്ചവരും | ഉപയാന്തി | പ്രാപിക്കുന്നുള്ളൂ. |
| | | അഗതാഭിമാനാഃ | അവർ ദേഹാഭിമാനം വിട്ടുപോകാത്തവരാണു് |
| വിരാഗാഃ | വിരക്തന്മാരുമായ | | |

സാക്ഷാൽ ഭഗവാനെ ഉപാസിക്കുന്നവർ ഇപ്രകാരമുള്ള ക്രമമുക്തിക്കു വിധേയരാവാതെ ഉടനടി ഭഗവൽസായുജ്യം സാധിക്കുന്നു. അതിനാൽ ഭവതിയും ഭഗവാനെത്തന്നെ ഭജിക്കുകയാണു് വേണ്ടതെന്നു് കപിലമുനി മാതാവിനെ ഉപദേശിക്കുന്നു.

11 അഥ തം സർവ്വഭൂതാനാം ഹൃത്പത്മേഷു കൃതാലയം
ശ്രുതാനുഭാവം ശരണം വ്രജ ഭാവേന ഭാമിനി

| | | | |
|---|---|---|---|
| ഭാമിനി | ഹേ സുചരിതേ ! | ശ്രുതാനുഭാവം | വിഖ്യാത മാഹാത്മ്യത്തോടുകൂടിയവനുമായ |
| അഥ | ആകയാൽ | | |
| സർവ്വഭൂതാനാം | സർവ്വഭൂതങ്ങളുടേയും | തം | ആ ഭഗവാനെ |
| ഹൃത്പദ്മേഷു | ഹൃദയകമലത്തിൽ | ഭാവേന | പ്രേമഭക്തിയോടെ |
| കൃതാലയം | കുടികൊള്ളുന്നവനും | ശരണം വ്രജ | ശരണംപ്രാപിച്ചാലും |

ഭേദോപാസനകൊണ്ടു് ബ്രഹ്മാദികൾക്കുകൂടിയും പുനരാവൃത്തിയുണ്ടാവുന്നുവെന്നു് ഇനി നാലു ശ്ലോകത്താൽ പറയുന്നു.

12 ആദ്യഃ സ്ഥിരചരാണാം യോ വേദഗർഭഃ സഹർഷിഭിഃ
യോഗേശ്വരൈഃ കുമാരാദ്യൈഃ സിദ്ധൈർയോഗപ്രവർത്തകൈഃ
13 ഭേദദൃഷ്ട്യാഭിമാനേന നിഃസംഗേനാപി കർമ്മണാ
കർത്തൃത്വാത് സഗുണം ബ്രഹ്മ പുരുഷം പുരുഷർഷഭം
14 സ സംസൃത്യ പുനഃ കാലേ കാലേനേശ്വരമൂർത്തിനാ
ജാതേ ഗുണവ്യതികരേ യഥാപൂർവ്വം പ്രജായതേ.

| | | | |
|---|---|---|---|
| സ്ഥിരചരാണാം | സ്ഥാവരജംഗമശരീരികളുടെ | വേദഗർഭഃ | ബ്രഹ്മദേവനുണ്ടോ, |
| | | സഃ | അദ്ദേഹംപോലും |
| ആദ്യഃ | ആദികാരണനായ | ഋഷിഭിഃ | മരീച്യാദി ഋഷിമാരോടും |
| യഃ | യാതൊരു | കുമാരാദ്യൈഃ | സനകാദികളായ |

| | |
|---|---|
| യോഗേശ്വരൈഃ | യോഗേശ്വരന്മാരോടും |
| യോഗപ്രവൎത്തകൈഃ | യോഗവിദ്യകളുടെ പ്രവൎത്തകന്മാരായ |
| സിദ്ധൈഃ സഹ | മററു സിദ്ധന്മാരോടും കൂടി |
| നിഃസംഗേന | ആസക്തിരഹിതമായ |
| കൎമ്മണാ | കൎമ്മത്തോടുകൂടെയാണെങ്കിലും, |
| കൎത്തൃത്വാത് | കൎത്തൃത്വം നിമിത്തമുണ്ടായ |
| ഭേദദൃഷ്ട്യാ | ഭേദദൎശനത്തോടുകൂടിയ |
| അഭിമാനേന | അഹംഭാവനയാൽ |
| പുരുഷൎഷഭം | സൎവ്വജീവേശ്വരനും |
| പുരുഷം | സൎവ്വചേതനാമയനും |
| സഗുണം | ഗുണസംയുക്തനുമായ |
| ബ്രഹ്മ | ബ്രഹ്മാത്മകനെ |
| സംസൃത്യ | പ്രാപിച്ചിട്ട്, |
| പുനഃ കാലേ | പിന്നീടു സൃഷ്ടികാലത്തിൽ |
| ഈശ്വരമൂൎത്തിനാ | ഈശ്വരന്റെ സ്വരൂപാന്തരമായ |
| കാലേന | കാലശക്തിയാൽ |
| ഗുണവ്യതികരേ | ഗുണവിക്ഷോഭം |
| ജാതേ | ഉണ്ടാകുമ്പോൾ |
| യഥാപൂൎവ്വം | മുൻപടിക്കുതന്നെ |
| പ്രജായതേ | പിറക്കുന്നു. |

15 ഐശ്വൎയ്യം പാരമേഷ്ഠ്യം ച തേƒപി ധൎമ്മവിനിൎമ്മിതം
നിഷേവ്യ പുനരായാന്തി ഗുണവ്യതികരേ സതി।

| | |
|---|---|
| തേ അപി | ബ്രഹ്മാദികളായ അവർ പോലും |
| ധൎമ്മവിനിൎമ്മിതം | അവരവരുടെ കൎമ്മങ്ങളാൽ രൂപംകൊണ്ടതായ |
| ഐശ്വൎയ്യം | ഐശ്വൎയ്യത്തേയും |
| പാരമേഷ്ഠ്യം ച | ഉന്നതപദവിയേയും |
| നിഷേവ്യ | അനുഭവിച്ചും |
| ഗുണവ്യതികരേ സതി | ഗുണവിക്ഷോഭം ഉളവായി സൃഷ്ടി ആരബ്ധമാകുമ്പോൾ |
| പുനഃ ആയാന്തി | പുനൎജ്ജന്മമെടുക്കുന്നു. |

ഇനി വെറും വിഷയലമ്പടന്മാരായി കഴിയുന്ന ജീവന്മാരെ ആറുശ്ലോകംകൊണ്ടു് നിന്ദിക്കുന്നു.

16 യേ ത്വിഹാസക്തമനസഃ കൎമ്മസു ശ്രദ്ധയാന്വിതാഃ
കുൎവ്വന്ത്യപ്രതിഷിദ്ധാനി നിത്യാന്യപി ച കൃത്സ്നതഃ

17 രജസാ കുണ്ഠമനസഃ കാമാത്മാനോƒജിതേന്ദ്രിയാഃ
പിതൄൻ യജന്ത്യനുദിനം ഗൃഹേഷ്വഭിരതാശയാഃ

18 ത്രൈവൎഗ്ഗികാസ്തേ പുരുഷാ വിമുഖാ ഹരിമേധസഃ
കഥായാം കഥനീയോരുവിക്രമസ്യ മധുദ്വിഷഃ

19 നൂനം ദൈവേന നിഹതാ യേ ചാച്യുതകഥാസുധാം
ഹിത്വാ ശൃണ്വന്ത്യസദ്ഗാഥാഃ പുരീഷമിവ വിഡ്ഭുജഃ

20 ദക്ഷിണേന പഥാൎയ്യമ്ണഃ പിതൃലോകം വ്രജന്തി തേ
പ്രജാമനുപ്രജായന്തേ ശ്മശാനാന്തക്രിയാകൃതഃ

| | |
|---|---|
| യേ തു | യാവചിലരാകട്ടെ |
| ഇഹ | ഈ ലോകത്തിൽ |
| കർമ്മസു | കർമ്മങ്ങളിൽ |
| ആസക്തമനസഃ | ആസക്തചിത്തരായിട്ട് |
| ശ്രദ്ധയാ അന്വിതാഃ | ശ്രദ്ധയോടുകൂടവേ |
| അപ്രതിഷിദ്ധാനി | നിഷിദ്ധങ്ങളല്ലാത്ത കാമ്യകർമ്മങ്ങളേയും |
| നിത്യാനി അപിച | സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങളേയും |
| കൃത്സ്നശഃ | ഒന്നൊഴിയാതെ |
| കുർവ്വന്തി | ചെയ്യുവരുന്നുവോ, |
| രജസാ | രജോഗുണത്താൽ |
| കുണ്ഠമനസഃ | ബുദ്ധിമോശംവന്നവരായി— |
| കാമാത്മാനഃ | സകാമചിത്തരായി— |
| അജിതേന്ദ്രിയാഃ | ഇന്ദ്രിയനിഗ്രഹം ചെയ്യാത്തവരായി— |
| ഗൃഹേഷു | ഗൃഹസ്ഥവൃത്തികളിൽ |
| അഭിരതാശയാഃ | തൽപരമായ മനസ്സോടുകൂടിയവരുമായിട്ട് |
| അനുദിനം | നാൾതോറും |
| പിതൄൻ | പിതൃദേവന്മാരെ |
| യജന്തി | യജിക്കയും ചെയ്യുന്നവോ, |
| തേ | അവർ |
| ദക്ഷിണേന പഥാ | തെക്കൻ വഴിയിലൂടെ (ധൂമമാർഗ്ഗത്തിലൂടെ) |
| അര്യമ്ണഃ | പിതൃപതിയായ അര്യമാവിന്റെ |
| പിതൃലോകം | പിതൃലോകത്തെ |
| വ്രജന്തി | പ്രാപിക്കുന്നു. |
| ശ്മശാനാന്തക്രിയാകൃതഃ | ശ്മശാനപര്യന്തമുള്ള കർമ്മങ്ങളെല്ലാം ചെയ്തു തീർത്തിട്ടുള്ള അവർ |
| പ്രജാം അനു പ്രജായതേ | സ്വപുത്രവർഗ്ഗത്തെ അനുബന്ധിച്ച് വീണ്ടും പിറക്കുന്നു. |
| യേ | യാതൊരുവർ |
| ത്രൈവർഗ്ഗികാഃ | ധർമ്മാർത്ഥകാമങ്ങളിൽ മാത്രം ശ്രദ്ധാലുക്കളായി, |
| കഥനീയോരുവിക്രമസ്യ | കീർത്തനീയങ്ങളായ അമിതപരാക്രമങ്ങളെഴുന്നവനും |
| ഹരിമേധസഃ | സംസാരദുഃഖപ്രശമനം തന്റെ സ്മരണായുള്ളവാക്കുന്നവനുമായ |
| മധുദ്വിഷഃ | ശ്രീഹരിയുടെ |
| കഥായാം | കഥയിങ്കൽ |
| വിമുഖാഃ | പരാങ്മുഖരാകുന്നുവോ, |
| യേ ച | യാതൊരുത്തർ |
| അച്യുതകഥാം | ഭഗവൽകഥയെ |
| ഹിത്വാ | ഉപേക്ഷിച്ച്, |
| വിഡ്ഭുജഃ | അമേധ്യഭോജികൾ |
| പുരീഷം ഇവ | അമേധ്യത്തെ ആസ്വദിക്കുംപോലെ |
| അസദ്ഗാഥാഃ | അസത്കഥകളെ |
| ശൃണ്വന്തി | കേട്ടാസ്വദിക്കുന്നുവോ, |
| തേ നൂനം | അവർ തീർച്ചയായും |
| ദൈവേന | പ്രാരബ്ധകർമ്മത്താൽ |
| നിഹതാഃ | ദൂഷിതന്മാർതന്നെ. |

ധൂമമാർഗ്ഗേണ പിതൃലോകം പൂകിയവർ വീണ്ടും ജനിക്കുന്നതെങ്ങനെയെന്നാൽ— താഴെ പറയുന്നു.

21 തതസ്തേ ക്ഷീണസുകൃതാഃ പുനർല്ലോകമിമം സതി
പതന്തി വിവശാ ദേവൈഃ സദ്യോ വിഭ്രംശിതോദയാഃ

| | |
|---|---|
| സതി | ഉത്തമേ ! |
| തതഃ | പിതൃലോകഗമനാനന്തരം |
| തേ | അവർ |
| ക്ഷീണസുകൃതാഃ | പുണ്യക്ഷയം സംഭവിച്ചവരും |

| | | | |
|---|---|---|---|
| സദ്യഃ | ഉടൻതന്നെ | വിവശാഃ | ഗത്യന്തരമില്ലാത്ത |
| ദേവൈഃ | ദേവകളാൽ | പുനഃ | പിന്നെയും |
| വിഭ്രംശിതോദയാഃ | വിഭ്രംശിപ്പിക്കപ്പെട്ട ഭോഗോപകരണത്തോടു കൂടിയവരുമായിഭവിച്ച്, | ഇമം ലോകം | ഈ ലോകത്തിലേക്ക് |
| | | പതന്തി | പതിക്കുന്നു. |

22 തസ്മാത്ത്വം സർവ്വഭാവേന ഭജസ്വ പരമേഷ്ഠിനം
തദ്ഗുണാശ്രയയാ ഭക്ത്യാ ഭജനീയപദാംബുജം.

| | | | |
|---|---|---|---|
| തസ്മാത് ത്വം | ആകയാൽ ഭവതി | ഭജനീയപദാംബുജം | ഭജിക്കുവാൻ യോഗ്യമായ പാദപദ്മത്തോടുകൂടിയ |
| തദ്ഗുണാശ്രയയാ | തന്തിരുവടിയുടെ ഗുണങ്ങളെ അവലംബിച്ചിട്ടുള്ളതായ | പരമേഷ്ഠിനം | സർവ്വേശ്വരനെ |
| ഭക്ത്യാ | ഭക്തിയോടെ | സർവ്വഭാവേന | തികഞ്ഞ പ്രീതിഭാവത്തോടുകൂടി |
| | | ഭജസ്വ | ഭജിച്ചുകൊണ്ടാലും |

ഭജിച്ചാൽ ജ്ഞാനവും വൈരാഗ്യവും താനേ വന്നുകൊള്ളുമെന്ന് വ്യക്തമാക്കുന്നു.

23 വാസുദേവേ ഭഗവതി ഭക്തിയോഗഃ പ്രയോജിതഃ
ജനയത്യാശു വൈരാഗ്യം ജ്ഞാനം യദ്ബ്രഹ്മദർശനം

| | | | |
|---|---|---|---|
| ഭഗവതി | ഭഗവാനായ | ബ്രഹ്മദർശനം | ബ്രഹ്മസാക്ഷാൽകാരമാവുന്ന |
| വാസുദേവേ | ശ്രീവാസുദേവനിൽ | ജ്ഞാനം യത് | ജ്ഞാനം ഏതോ, അതിനേയും |
| പ്രയോജിതഃ | പ്രകർഷേണ അർപ്പിതമായ | | |
| ഭക്തിയോഗഃ | ഭക്തിയോഗം | ആശു | അനായാസേന |
| വൈരാഗ്യം | വിരക്തിയേയും | ജനയതി | ഉണ്ടാക്കുന്നു. |

24 യദാഽസ്യ ചിത്തമർത്ഥേഷു സമേഷ്വിന്ദ്രിയവൃത്തിഭിഃ
ന വിഗൃഹ്ണാതി വൈഷമ്യം പ്രിയമപ്രിയമത്യുത

25 സ തദൈവാത്മനാത്മാനം നിഃസംഗം സമദർശനം
ഹേയോപാദേയരഹിതമാരൂഢം പദമീക്ഷതേ

| | | | |
|---|---|---|---|
| യദാ | എപ്പോൾ | പ്രിയം ഉത അപ്രിയം ഇതി | "ഇതു് പ്രിയം അഥവാ ഇതു് അപ്രിയം" എന്നിങ്ങനെയുള്ള |
| അസ്യ ചിത്തം | ഇവന്റെ മനസ്സ് | | |
| സമേഷു | സ്വതേഏകരൂപങ്ങളായ | | |
| അർത്ഥേഷു | ശബ്ദാദിവിഷയങ്ങളിൽ | വൈഷമ്യം | അസമത്വം |
| ഇന്ദ്രിയവൃത്തിഭിഃ | ഇന്ദ്രിയവ്യാപാരങ്ങൾ കൊണ്ടു് | ന വിഗൃഹ്ണാതി | തരംതിരിച്ചു ഗ്രഹിക്കുന്നില്ലയോ, |

| | | | |
|---|---|---|---|
| തദാ ഏവ | അപ്പോൾതന്നെ | പദം | താൻ ആനന്ദമാണെന്ന ഉറച്ച നിലയെ |
| സഃ | ആ ഭക്തൻ | ആരൂഢം | പ്രാപിച്ചതുമായ |
| നിഃസംഗം | ആസക്തിശൂന്യവും | ആത്മാനം | ആത്മസ്വരൂപത്തെ |
| ഹേയോപാദേയ-രഹിതം | തള്ളാവുന്നതോ കൊള്ളാവുന്നതോ അല്ലാത്തതും | ആത്മനാ | ആത്മാവുകൊണ്ട് |
| സമദർശനം | സമവും പ്രബോധാത്മകവും | ഈക്ഷതേ | പ്രത്യക്ഷീകരിക്കുന്നു. |

വിഷയങ്ങളുടെ സമാനതയ്ക്കുള്ള നിഗമനം എടുത്തുപറയുന്നു.

26 ജ്ഞാനമാത്രം പരം ബ്രഹ്മ പരമാത്മേശ്വരഃ പുമാൻ
ദൃശ്യാദിഭിഃ പൃഥഗ്ഭാവൈഃ ഭഗവാനേക ഈയതേ

| | | | |
|---|---|---|---|
| ജ്ഞാനമാത്രം | കേവലം ചിദാകാരമായിട്ടുതന്നെ | ഏകഃ | ഏകനായ |
| പരം ബ്രഹ്മ | പരബ്രഹ്മമെന്നും, | ഭഗവാൻ | സർവ്വേശ്വരൻ |
| പരമാത്മാ | പരമാത്മാവെന്നും, | ദൃശ്യാദിഭിഃ | ദൃശ്യം, ദ്രഷ്ടാവ് എന്നിങ്ങനെ |
| ഈശ്വരഃ | ഈശ്വരനെന്നും | പൃഥഗ്ഭാവൈഃ | ഭിന്നഭാവങ്ങളാൽ |
| പുമാൻ | പുരുഷനെന്നുമുള്ള നാമഭേദത്താൽ അറിയപ്പെടുന്ന | ഈയതേ | തോന്നപ്പെടുകയാണ് |

ഉപാധിഭേദംകൊണ്ടു വിഭിന്നങ്ങളായി പ്രതിഭാസിക്കുന്ന വിഷയങ്ങൾ (ഇന്ദ്രിയാർത്ഥങ്ങൾ) എല്ലാംതന്നേയും സർവ്വേശ്വരാത്മകമാകയാൽ സമങ്ങൾതന്നെ എന്നു ഭാവം.

ജ്ഞാനംതന്നെയാണ് ആത്മസ്വരൂപം. അതു സ്വഭാവേനയുള്ളതുമാണ്. എങ്കിലും തദനുഭൂതിക്ക് സാധനകൾ വേണമെന്ന് ഇനി പറയുന്നു.

27 ഏതാവാനേവ യോഗേന സമഗ്രേണേഹ യോഗിനഃ
യുജ്യതേഽഭിമതോ ഹ്യർത്ഥോ യദസംഗസ്തു കൃത്സ്നശഃ

| | | | |
|---|---|---|---|
| കൃത്സ്നശഃ | എല്ലാ വിഷയങ്ങളിലും | യോഗേന | യോഗസാധനയാൽ |
| അസംഗഃ തു | ആസക്തിരഹിതനായിരിക്കുക എന്നതു് | അഭിമതഃ | അഭീപ്സിതമായ |
| യത് | യാതൊന്നോ | അർത്ഥഃ | ഫലമായിട്ട് |
| ഏതാവാൻ ഏവ | അത്രമാത്രമേ | ഇഹ | ഈ ലോകത്തിൽ |
| സമഗ്രേണ | സംപൂർണ്ണമായ | യോഗിനഃ | ഒരു യോഗിക്ക് |
| | | യുജ്യതേ ഹി | പ്രാപിക്കേണ്ടതുള്ളൂ. |

ജ്ഞാനത്തിന്നു (ആത്മസാക്ഷാൽകാരത്തിന്നു) വിഷയാസക്തി തടസ്സമായിനില്ക്കുന്നു. ജ്ഞാനം നിത്യമാണെങ്കിലും ഈ ആസക്തിയുടെ മറ നീക്കേണ്ടതുണ്ട്. യോഗസാധനകളാൽ അതു ചെയ്യുകയേ വേണ്ടു. അപ്പോൾ ജ്ഞാനം പ്രകാശിച്ചുകൊള്ളുമെന്നു സാരം.

ഈ അനാസക്തിക്കു് പ്രപഞ്ചനിഷേധം ആവശ്യമാണെങ്കിൽ പ്രത്യക്ഷസിദ്ധമായ ഈ പ്രപഞ്ചത്തെ നിഷേധിക്കുന്നതെങ്ങനെ? പറയുന്നു.

28 ജ്ഞാനമേകം പരാചീനൈരിന്ദ്രിയൈർബ്രഹ്മനിർഗ്ഗുണം
അവഭാത്യർത്ഥരൂപേണ ഭ്രാന്ത്യാ ശബ്ദാദിധർമ്മിണാ

| | | | |
|---|---|---|---|
| ജ്ഞാനം | ജ്ഞാനസ്വരൂപമായി— | ശബ്ദാദി- ധർമ്മിണാ | ശബ്ദാദിഗുണങ്ങളോടു കൂടിയ |
| ഏകം | അദ്വൈതമായി— | അർത്ഥരൂപേണ | പ്രാപഞ്ചികാർത്ഥങ്ങളുടെ രൂപത്തോടെ |
| നിർഗ്ഗുണം | ഗുണരഹിതമായിരിക്കു | | |
| ബ്രഹ്മ | ബ്രഹ്മതത്ത്വം [ന്ന | | |
| പരാചീനൈഃ | ബഹിർമുഖങ്ങളായ | ഭ്രാന്ത്യാ | ഭ്രാന്തിമൂലം |
| ഇന്ദ്രിയൈഃ | ഇന്ദ്രിയങ്ങളിലൂടെ | അവഭാതി | അവഭാസിക്കുകയാണു്. |

29 യഥാ മഹാനഹംരൂപസ്ത്രിവൃത് പഞ്ചവിധഃ സ്വരാട്
ഏകാദശവിധസ്തസ്യ വപുരണ്ഡം ജഗദ്യതഃ

| | | | |
|---|---|---|---|
| മഹാൻ | മഹത്തത്ത്വം, | യഥാ | എപ്രകാരം അവഭാസിക്കുന്നുവോ, |
| ത്രിവൃത് | ത്രിഗുണാത്മകമായ | | |
| അഹംരൂപഃ | അഹങ്കാരതത്ത്വം | തസ്യ വപുഃ | ജീവന്റെ ശരീരമായ |
| പഞ്ചവിധഃ | പഞ്ചഭൂതങ്ങൾ, | അണ്ഡം | ബ്രഹ്മാണ്ഡവും |
| ഏകാദശവിധഃ | 11 ഇന്ദ്രിയങ്ങൾ | ജഗത് | ചരാചരലോകവും |
| സ്വരാട് | ജീവസ്വരൂപം എന്നിവ | | |
| യതഃ | യാതൊരു മഹദാദികളിൽനിന്നു് | (തഥാ അവഭാതി) | അപ്രകാരം നാനാത്വേന അവഭാസിക്കുന്നു. |

ജ്ഞാനമാത്രമായ പരമാത്മചൈതന്യം ഒന്നുതന്നെയാണു് എല്ലാവിഷയങ്ങളായിട്ടും അവഭാസിക്കുന്നതെങ്കിൽ എന്തുകൊണ്ടാണു് സാധാരണമനുഷ്യൻ ഇതറിയാതിരിക്കുന്നതു് എന്ന ആശങ്കയെ പരിഹരിക്കുന്നു.

30 ഏതദ്വൈ ശ്രദ്ധയാ ഭക്ത്യാ യോഗാഭ്യാസേന നിത്യശഃ
സമാഹിതാത്മാ നിഃസംഗോ വിരക്ത്യാ പരിപശ്യതി.

| | | | |
|---|---|---|---|
| ശ്രദ്ധയാ | ശ്രദ്ധയാലും | സമാഹിതാത്മാ | നിയന്ത്രിതചിത്തനായി ഭവിച്ചിരിക്കുന്ന |
| ഭക്ത്യാ | ഭക്തിയാലും | | |
| നിത്യശഃ | നിരന്തരമായുള്ള | നിഃസംഗഃ വൈ | അനാസക്തൻമാത്രമേ |
| യോഗാഭ്യാസേന | യോഗാഭ്യാസത്താലും | ഏതത് | ഇതിനെ |
| വിരക്ത്യാ | വിരക്തിയാലും | പരിപശ്യതി | അറിയുന്നുള്ളൂ. |

ഇതുവരെ പറഞ്ഞ സാംഖ്യതത്ത്വത്തെ ഇനി സംക്ഷേപിച്ചുരചെയ്യുന്നു.

31 ഇത്യേതത് കഥിതം ഗുർവി ജ്ഞാനം തദ്ബ്രഹ്മദർശനം
യേനാനുബുധ്യതേ തത്ത്വം പ്രകൃതേഃ പുരുഷസ്യ ച

| | |
|---|---|
| ഗുർവി | അല്ലയോ സംപൂജ്യേ! |
| പ്രകൃതേഃ | പ്രകൃതിയുടേയും |
| പുരുഷസ്യ ച | പുരുഷൻേറയും |
| തത്ത്വം | വാസ്തവികസ്വരൂപം |
| യേന | യാതൊന്നിനാൽ |
| അനുബുധ്യതേ | ബോധിക്കപ്പെടുന്നുവോ |
| ബ്രഹ്മദർശനം | ബ്രഹ്മസാക്ഷാൽകാരത്തിനുതകുന്ന |
| തത് ജ്ഞാനം | ആ ജ്ഞാനയോഗം (സാംഖ്യം) |
| ഇതി ഏതത് | ഇങ്ങനെ ഇതാ |
| കഥിതം | ഉപദേശിക്കപ്പെട്ടു. |

ഭക്തിയോഗംകൊണ്ടെന്നപോലെ ഈ ജ്ഞാനയോഗംകൊണ്ടും ഭഗവൽപ്രാപ്തി തന്നെയാണ് ഫലമെന്ന് എടുത്തുപറയുന്നു.

32 ജ്ഞാനയോഗശ്ച മന്നിഷ്ഠോ നൈർഗുണ്യോ ഭക്തിലക്ഷണഃ
ദ്വയോരപ്യേക ഏവാർത്ഥോ ഭഗവച്ഛബ്ദലക്ഷണഃ

| | |
|---|---|
| നൈർഗുണ്യഃ | നിർഗുണബ്രഹ്മവിഷയകമായ |
| ജ്ഞാനയോഗഃ | ജ്ഞാനയോഗവും |
| മന്നിഷ്ഠഃ | എന്നെ അധികരിച്ചുള്ള |
| ഭക്തിലക്ഷണഃ ച | ഭക്തിയോഗവും— |
| ദ്വയോഃ അപി | രണ്ടിനും |
| ഭഗവച്ഛബ്ദലക്ഷണഃ | ഭഗവാൻ എന്ന സംജ്ഞയാൽ ജ്ഞാപകമായ |
| ഏകഃ ഏവ | ഒരേ ഒരു |
| അർത്ഥഃ | പ്രാപ്യഫലമാണുള്ളത് |

ജ്ഞാനയോഗത്തിൻെറ ഫലം ആത്മലാഭവും ഭക്തിയുടേത് ഭഗവൽപ്രാപ്തിയുമാണെന്ന് ശാസ്ത്രസമ്മതമായിരിക്കെ രണ്ടും ഒന്നാണെന്നു കരുതുന്നതെങ്ങനെ എന്നുള്ള ആശങ്കക്കു സമാധാനം പറയുന്നു.

33 യഥേന്ദ്രിയൈഃ പൃഥഗ്ദ്വാരൈരർത്ഥോ ബഹുഗുണാശ്രയഃ
ഏകോ നാനേയതേ തദ്വദ്ഭഗവാൻ ശാസ്ത്രവർത്മഭിഃ

| | |
|---|---|
| ബഹുഗുണാശ്രയഃ | അനേകം ഗുണങ്ങളുള്ളതായ |
| അർത്ഥഃ | ഒരു പദാർത്ഥം |
| യഥാ | എപ്രകാരം |
| പൃഥഗ്ദ്വാരൈഃ | വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കുന്ന |
| ഇന്ദ്രിയൈഃ | ഇന്ദ്രിയങ്ങളിലൂടെ |
| നാനാ | പലതരത്തിലായി |
| ഈയതേ | തോന്നപ്പെടുന്നുവോ, |
| തദ്വത് | അതുപോലെ |
| ഏകഃ | ഏകനായ |
| ഭഗവാൻ | ഈശ്വരൻ |
| ശാസ്ത്രവർത്മഭിഃ | വിഭിന്ന ശാസ്ത്രമാർഗ്ഗങ്ങളിലൂടെ |
| (നാനാ ഈയതേ) | പലതായി തോന്നപ്പെടുന്നു. |

രൂപരസാദി നാനാഗുണങ്ങളുള്ള ഒരു പദാർത്ഥം (പാലെന്നു കരുതുക) നേത്രേന്ദ്രിയംകൊണ്ട് വെളുത്തതായും, രസനേന്ദ്രിയംകൊണ്ട് മധുരമുള്ളതായും, ത്വഗിന്ദ്രിയംകൊണ്ട് തണുത്തതായും ഗ്രഹിക്കപ്പെടുന്നു. അപ്രകാരം ഏകനായ ഈശ്വരൻ വിഭിന്നമാർഗ്ഗങ്ങളിലൂടെ പലതായിട്ട് തോന്നപ്പെടുന്നു. അതിനാൽ ജ്ഞാനഗമ്യമായ നിർഗുണാത്മതത്ത്വവും ഭക്തിഗമ്യമായ ഭഗവൽസ്വരൂപവും ഒന്നുതന്നെയാണെന്ന് അറിഞ്ഞുകൊള്ളണം എന്നു താൽപര്യാർത്ഥം.

വിഭിന്നശാസ്ത്രമാൎഗ്ഗങ്ങളെ മൂന്നു ശ്ലോകംകൊണ്ടു് പറയുന്നു.

34 ക്രിയയാ ക്രതുഭിർദാനൈസ്തപഃസ്വാധ്യായമൎശനൈഃ
ആത്മേന്ദ്രിയജയേനാപി സന്ന്യാസേന ച കൎമ്മണാം

35 യോഗേന വിവിധാംഗേന ഭക്തിയോഗേന ചൈവ ഹി
ധൎമ്മേണോഭയചിഹ്നേന യഃ പ്രവൃത്തിനിവൃത്തിമാൻ

36 ആത്മതത്വാവബോധേന വൈരാഗ്യേണ ദൃഢേന ച
ഈയതേ ഭഗവാനേഭിഃ സഗുണോ നിൎഗ്ഗുണഃ സ്വദൃക്

| | |
|---|---|
| ക്രിയയാ | പൂൎത്തകൎമ്മത്താലും, |
| ക്രതുഭിഃ | യജ്ഞങ്ങളാലും, |
| ദാനൈഃ | ദാനങ്ങളാലും, |
| തപഃസ്വാധ്യായമൎശനൈഃ | തപസ്സ്, വേദാധ്യയനം, വേദാൎത്ഥവിചാരം എന്നിവയാലും, |
| ആത്മേന്ദ്രിയജയേന അപി | മനസ്സ്, ഇന്ദ്രിയങ്ങൾ എന്നിവയെ ജയിക്കുന്നതുകൊണ്ടും, |
| കൎമ്മണാം | സൎവ്വകൎമ്മങ്ങളുടെ |
| സന്ന്യാസേന ച | പരിത്യാഗംകൊണ്ടും, |
| വിവിധാംഗേന | നാനാ അംഗങ്ങളോടുകൂടിയ |
| യോഗേന | യോഗാഭ്യാസംകൊണ്ടും, |
| ഭക്തിയോഗേന | ഭക്തിയോഗംകൊണ്ടും, |
| ച ഏവ ഹി | അതിന്നും പുറമെ— |
| യഃ പ്രവൃത്തിനിവൃത്തിമാൻ | യാതൊന്നു് പ്രവൃത്തിനിവൃത്തികളോടുകൂടിയതായിരിക്കുന്നുവോ, |
| ഉഭയചിഹ്നേന | ആ രണ്ടുപ്രകാരത്തിലുള്ള |
| ധൎമ്മേണ | ധൎമ്മംകൊണ്ടും, |
| ആത്മതത്വാവബോധേന | ആത്മതത്വത്തിന്റെ അറിവുകൊണ്ടും, |
| ദൃഢേന | അടിയുറച്ച |
| വൈരാഗ്യേണ | വിഷയവിരക്തികൊണ്ടും |
| ഏഭിഃ ച | മറ്റുമായ മാൎഗ്ഗങ്ങളാൽ |
| സ്വദൃക് | സ്വയം പ്രകാശനായ |
| ഭഗവാൻ | സൎവ്വേശ്വരൻ |
| സഗുണഃ | സഗുണനായും |
| നിൎഗ്ഗുണഃ | നിൎഗ്ഗുണനായും |
| ഈയതേ | നാനാതേ്വന അനുഭവപ്പെടുന്നു. |

ജ്ഞാനയോഗത്തെ പ്രതിപാദിച്ചുപസംഹരിച്ചതിൽപിന്നെ അതിന്നു ഭക്തിയോഗത്തോടുള്ള സമാനാൎത്ഥത്തെയും ചൂണ്ടിക്കാണിച്ചു് ഭക്തിയോഗപ്രസ്താവംകൊണ്ടു് ഉപസംഹരിക്കുന്നു.

37 പ്രാവോചം ഭക്തിയോഗസ്യ സ്വരൂപം തേ ചതുൎവിധം
കാലസ്യ ചാവ്യക്തഗതേൎയ്യോഽന്തൎദ്ധാവതി ജന്തുഷു

| | |
|---|---|
| ഭക്തിയോഗസ്യ | ഭക്തിയോഗത്തിന്റെ |
| ചതുൎവിധം | നാലുതരത്തിലുള്ള * |
| സ്വരൂപം | സ്വരൂപത്തേയും |
| യഃ | യാതൊന്നു് |
| ജന്തുഷു | പ്രാണികളിൽ |
| അന്തൎദ്ധാവതി | പ്രവേശിച്ചു കുതിച്ചുനീങ്ങിക്കൊണ്ടിരിക്കുന്നുവോ, |
| അവ്യക്തഗതേഃ | ആ അസ്പഷ്ടസഞ്ചാരിയായ |
| കാലസ്യ ച | കാലശക്തിയുടെ |
| (സ്വരൂപം) | സ്വരൂപത്തെയും |
| തേ | ഭവതിക്കു് |
| പ്രാവോചം | ഞാൻ പറഞ്ഞുതന്നു. |

* സാത്വികം, രാജസം, താമസം, നിൎഗ്ഗുണം ഇങ്ങനെ നാലു്.

38 ജീവസ്യ സംസൃതീർബഹ്വീരവിദ്യാകർമ്മനിർമ്മിതാഃ
യാസ്വംഗ പ്രവിശന്നാത്മാ ന വേദ ഗതിമാത്മനഃ

| | |
|---|---|
| അംഗ | പ്രിയമാതാവേ! |
| ആത്മാ | ആത്മാവു് |
| യാസു | യാതൊന്നുകളിൽ |
| പ്രവിശൻ | പ്രവേശിച്ചുകൊണ്ടു് |
| ആത്മനഃ ഗതിം | തന്റെ തത്വത്തെ |
| ന വേദ | അറിയാതിരിക്കുന്നുവോ, |
| അവിദ്യാ കർമ്മനിർമ്മിതാഃ | അങ്ങനെയുള്ള–അജ്ഞാനജനിത കാമ്യകർമ്മങ്ങളാൽ ഉളവാക്കപ്പെട്ട |
| ജീവസ്യ | ജീവന്റെ |
| ബഹ്വീഃ | പലതരത്തിലുള്ള |
| സംസൃതീഃ | സംസാരഭ്രമണങ്ങളേയും (പറഞ്ഞുതന്നു). |

ഈ ഉപദേശം കേൾക്കുവാൻ അധികാരികളല്ലാത്തവരെ ചൂണ്ടിക്കാട്ടുന്നു.

39 നൈതത് ഖലായോപദിശേന്നാവിനീതായ കർഹിചിത്
ന സ്തബ്ധായ ന ഭിന്നായ നൈവ ധർമ്മധ്വജായ ച

40 ന ലോലുപായോപദിശേന്ന ഗൃഹാരൂഢചേതസഃ
നാഭക്തായ ച മേ ജാതു ന മദ്ഭക്തദ്വിഷാമപി

| | |
|---|---|
| ഏതത് | ഇതിനെ |
| ഖലായ | പരദ്വേഷിക്കു് |
| ന ഉപദിശേത് | ഉപദേശിക്കരുതു് |
| അവിനീതായ | വിനയമില്ലാത്തവന്നു് |
| കർഹിചിത് ന | ഒരിക്കലും അരുതു് |
| സ്തബ്ധായ ന | ബുദ്ധിക്കു് പാകതയില്ലാത്തവന്നും അരുതു് |
| ഭിന്നായ ന | ധർമ്മഭ്രഷ്ടന്നും അരുതു് |
| ധർമ്മധ്വജായ | ധർമ്മിഷ്ഠനെന്നു നടിച്ചു ഗർവ്വിക്കുന്നവന്നു് |
| ന ഏവ ച | ഒട്ടുമേ അരുതു് |
| ലോലുപായ | വിഷയലമ്പടന്നു് |
| ന ഉപദിശേത് | ഉപദേശിച്ചുകൂടാ |
| ഗൃഹാരൂഢ–ചേതസഃ | ഗൃഹാദികളിൽ ആസക്തചിത്തനായുള്ളവന്നു് |
| ന | ഉപദേശിച്ചുകൂടാ |
| മേ | എന്റെ അടുക്കൽ |
| അഭക്തായ | ഭക്തിയില്ലാത്തവന്നു് |
| ജാതു ച | ഒരുനാളും |
| ന | പാടില്ല. |
| മദ്ഭക്ത–ദ്വിഷാം അപി | എന്റെ ഭക്തന്മാരെ ദ്വേഷിക്കുന്നവർക്കും |
| ന | ഉപദേശിച്ചുകൂടാ. |

എന്നാൽ അധികാരികളായവർ ആരു്? പറയുന്നു.

41 ശ്രദ്ദധാനായ ഭക്തായ വിനീതായാനസൂയവേ
ഭൂതേഷു കൃതമൈത്രായ ശുശ്രൂഷാഭിരതായ ച

42 ബഹിർജാതവിരാഗായ ശാന്തചിത്തായ ദീയതാം
നിർമത്സരായ ശുചയേ യസ്യാഹം പ്രേയസാം പ്രിയഃ

| | |
|---|---|
| ശ്രദ്ദധാനായ | ശ്രദ്ധയുള്ളവനും, |
| ഭക്തായ | ഭക്തിയുള്ളവനും, |
| വിനീതായ | വിനയമുള്ളവനും, |
| അനസൂയവേ | അസൂയയില്ലാത്തവനും, |
| ഭൂതേഷു | പ്രാണികളിൽ |
| കൃതമൈത്രായ | മൈത്രിയുള്ളവനും, |
| ശുശ്രൂഷാഭിരതായ | പരസേവനത്തിൽ താൽപര്യമുള്ളവനും, |
| ബഹിഃ | ബാഹ്യവിഷയങ്ങളിൽ |
| ജാതവിരാഗായ | വൈരാഗ്യമുണ്ടായവനും, |
| ശാന്തചിത്തായ | മനഃശാന്തിയുള്ളവനും, |
| നിർമത്സരായ | മാത്സര്യമകന്നവനും, |
| ശുചയേ | ശുദ്ധനും |
| യസ്യ അഹം | യാതൊരാൾക്കു ഞാൻ |
| പ്രേയസാം | പ്രിയമുള്ളവരിലുംവെച്ച് |
| പ്രിയഃ | പ്രിയനാകുന്നുവോ, |
| (തസ്മൈ) ച | ആയവനും |
| ദീയതാം | ഉപദേശിച്ചുകൊടുക്കാവുന്നതാണ് |

ഫലശ്രുതിപറഞ്ഞു് പ്രകൃതം ഉപസംഹരിക്കുന്നു.

43 യ ഇദം ശൃണുയാദംബ ശ്രദ്ധയാ പുരുഷഃ സകൃത്
യോ വാഭിധത്തേ മച്ചിത്തഃ സ ഹ്യേതി പദവീം ച മേ.

| | |
|---|---|
| അംബ | മാതാവേ ! |
| യഃ പുരുഷഃ | യാതൊരുപുമാൻ |
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടെ |
| മച്ചിത്തഃ | എന്നിൽ അർപ്പിതമായ മനസ്സോടുകൂടിയവനായിട്ടു്, |
| ഇദം | ഇതിനെ |
| സകൃത് | ഒരിക്കലെങ്കിലും |
| ശൃണുയാത് | കേൾക്കുന്നുവോ, |
| വാ യഃ | അഥവാ, യാതൊരാൾ |
| അഭിധത്തേ | പറയുന്നുവോ, |
| സഃ ച | അവൻപോലും |
| മേ പദവീം | എന്റെ പദത്തെ |
| ഏതി ഹി | പ്രാപിക്കുമല്ലോ. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയേ ദ്വാത്രിംശോऽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 1375 മുപ്പത്തിരണ്ടാമദ്ധ്യായം കഴിഞ്ഞു.

## ത്രയസ്ത്രിംശത്തമോഽദ്ധ്യായഃ = മുപ്പത്തിമൂന്നാമദ്ധ്യായം.

"ത്രയസ്ത്രിംശേ തു തസ്യൈവ കപിലസ്യോപദേശതഃ"
ജ്ഞാനഭാവേന തന്മാതുർജീവന്മുക്തിരുദീര്യതേ"

### ദേവഹൂതിയുടെ ഭഗവൽസ്തുതി, ശ്രീകപിലമുനിയുടെ പ്രസ്ഥാനം, ദേവഹൂതിയുടെ ജീവന്മുക്തി എന്നിവ

മൈത്രേയ ഉവാച = മൈത്രേയർ (വിദുരരോട്ട്) പറഞ്ഞു :—

1 ഏവം നിശമ്യ കപിലസ്യ വചോ ജനിത്രീ
സാ കർദ്ദമസ്യ ദയിതാ കില ദേവഹൂതിഃ
വിസ്രസ്തമോഹപടലാ തമഭിപ്രണമ്യ
തുഷ്ടാവ തത്ത്വവിഷയാങ്കിതസിദ്ധിഭൂമിം.

| | |
|---|---|
| കർദ്ദമസ്യ | കർദ്ദമപ്രജാപതിയുടെ |
| ദയിതാ | പത്നിയും |
| കപിലസ്യ | കപിലഭഗവാന്റെ |
| ജനിത്രീ | അമ്മയുമായ |
| സാ ദേവഹൂതിഃ | ആ ദേവഹൂതി |
| ഏവം | ഇപ്രകാരമുള്ള |
| വചഃ | വചനത്തെ |
| നിശമ്യ കില | കേട്ടതിൽപ്പിന്നെ |

| | |
|---|---|
| വിസ്രസ്തമോഹപടലാ | അജ്ഞാനത്തിന്റെ ആവരണം നീങ്ങിയവളായി ഭവിച്ച്, |
| തത്ത്വവിഷയാങ്കിതസിദ്ധിഭൂമിം | തത്ത്വജ്ഞാനത്താൽ തന്തിരിഞ്ഞുനില്ക്കുന്ന സാംഖ്യസിദ്ധാന്തത്തിന്റെ വിളനിലമായി വർത്തിക്കുന്ന |
| തം | തന്തിരുവടിയെ |
| അഭിപ്രണമ്യ | ശരിക്കും നമസ്കരിച്ച് |
| തുഷ്ടാവ | സ്തോത്രംചെയ്തു. |

ദേവഹൂതിരുവാച = ദേവഹൂതി പറഞ്ഞു :

2 അഥാപ്യജോഽന്തഃസലിലേ ശയാനം
ഭൂതേന്ദ്രിയാർത്ഥാത്മമയം വപുസ്തേ
ഗുണപ്രവാഹം സദശേഷബീജം
ദധ്യൗ സ്വയം യജ്ജഠരാബ്ജജാതഃ

| | |
|---|---|
| അഥ | അതേ, |
| യജ്ജഠരാബ്ജജാതഃ | യാതൊരാളുടെ ജഠരത്തിലുള്ള താമരയിൽനിന്നു ഉത്ഭവിച്ച |

| | |
|---|---|
| അജഃ അപി | ബ്രഹ്മാവുപോലും |
| അശേഷബീജം | സർവ്വകാരണമായി— |
| ഗുണപ്രവാഹം | സത്ത്വാദി ഗുണങ്ങളുടെ പ്രസരത്തിന്നു അധിഷ്ഠാനമായി— |

ഭൂതേന്ദ്രിയാ- ത്ഥാത്മമയം — ഭൂതങ്ങളം, ഇന്ദ്രിയങ്ങളം, ഇന്ദ്രിയാത്ഥങ്ങളം, അന്തഃ കരണം, എന്നിവയാൽ അഭിവ്യാപ്തമായി -
അന്തഃസലിലേ — പ്രളയജലത്തിൽ
ശയാനം — ശയിക്കുന്ന
സത് — സുവ്യക്തമായ
തേ — നിന്തിരുവടിയുടെ
വപുഃ — ശരീരത്തെ
സ്വയം ദദൃശേ — ധ്യാനിക്കുക മാത്രമുണ്ടായി.

ബ്രഹ്മാവിനുപോലും ധ്യാനവിഷയമായതല്ലാതെ സാക്ഷാൽക്കാരം സാധിച്ചില്ലെന്നു സാരം.

3 സ ഏവ വിശ്വസ്യ ഭവാൻ വിധത്തേ
ഗുണപ്രവാഹേണ വിഭക്തവീര്യഃ
സർഗ്ഗാദ്യനീഹോഽവിതഥാഭിസന്ധി-
രാത്മേശ്വരോഽതക്ക്യസഹസ്രശക്തിഃ

സഃ ഏവ — അവ്വിധമായിത്തന്നെ ഇരിക്കുന്ന
ഭവാൻ — നിന്തിരുവടി
ഗുണപ്രവാഹേണ — ഗുണങ്ങളുടെ പ്രസരണംകൊണ്ടു്
വിഭക്തവീര്യഃ — വിഭിന്ന ശക്തിയോടുകൂടിയവനായും
അനീഹഃ — നിഷ്ക്രിയനായും
അവിതഥാഭി- സന്ധിഃ — വ്യത്ഥീഭവിക്കാത്ത സങ്കല്പത്തോടുകൂടിയവനായും
ആത്മേശ്വരഃ — ജീവാത്മാക്കളുടെ നിയന്താവായും
അതക്ക്യ- സഹസ്രശക്തിഃ — ദുരൂഹമായ അമിതശക്തികളെഴുന്നവനമായി
വിശ്വസ്യ — പ്രപഞ്ചത്തിന്റെ [ട്ടു്
സർഗ്ഗാദി — സൃഷ്ട്യാദികമ്മത്തെ
വിധത്തേ — നടത്തിവരുന്നു.

4 സ ത്വം ഭൃതോ മേ ജഠരേണ നാഥ
കഥം നു യസ്യോദര ഏതദാസീത്
വിശ്വം യുഗാന്തേ വടപത്ര ഏകഃ
ശേതേ സ്മ മായാശിശുരങ്ഘ്രിപാനഃ

നാഥ — സർവ്വസംരക്ഷക !
യുഗാന്തേ — കല്പാന്തത്തിങ്കൽ
മായാശിശുഃ — മായാശിശുവായിട്ടു്
അങ്ഘ്രിപാനഃ — കാൽത്താർ നുകന്നുകൊണ്ടു്
വടപത്രേ — ആലിലമേൽ
ഏകഃ — ഒററയ്ക്കു്
ശേതേ സ്മ — ഭവാൻ കിടന്നിരുന്നു.
യസ്യ — യാതൊരു ശിശുവിന്റെ
ഉദരേ — ഉദരത്തിൽ
ഏതത് വിശ്വം — ഈ ചരാചരപ്രപഞ്ചം
ആസീത് — ഉണ്ടായിരുന്നുവോ,
സഃ ത്വം — ആ നിന്തിരുവടി
മേ — എന്നാൽ
ജഠരേണ — ഉദരംകൊണ്ടു്
കഥം നു — എങ്ങനെ
ഭൃതഃ — ധരിക്കപ്പെട്ടു.?

വടപത്രത്തിൽ മായാശിശുവായി ശയിച്ചതുപോലെ എന്റെ ഗർഭത്തിലും മായയാൽ ഉണ്ടായതല്ലയോ? എന്നു ഭാവം. അല്ലെങ്കിൽ, ഞാൻ നിന്തിരുവടിയെ പുത്രത്വേന ഗർഭത്തിൽ

ധരിച്ചിട്ടില്ല. വരാഹാദ്യവതാരങ്ങൾപോലെ സ്വേച്ഛയാ ലോകാനുഗ്രഹാൎത്ഥം ആവിർഭൂതനായതാണെന്നു് ഇനി പറയുന്നു.

5 ത്വം ദേഹതന്ത്രഃ പ്രശമായ പാപ്മനാം
നിദേശഭാജാം ച വിഭോ വിഭൂതയേ
യഥാവതാരാസ്തവ സൂകരാദയ-
സ്തഥാഽയമപ്യാത്മപഥോപലബ്ധയേ

| | | | |
|---|---|---|---|
| വിഭോ ത്വം | വിഭോ ! നിന്തിരുവടി | സൂകരാദയഃ | വരാഹാദികളായ |
| പാപ്മനാം | ദുഷ്ടന്മാരുടെ | അവതാരാഃ | അവതാരങ്ങൾ |
| പ്രശമായ | ദമനത്തിന്നായും | യഥാ തഥാ | എപ്രകാരമോ, അപ്രകാരം |
| നിദേശഭാജാം | ആജ്ഞാനുവൎത്തികളായ ശിഷ്ടന്മാരുടെ | അയം അപി | ഈ അവതാരവും |
| വിഭൂതയേ ച | അഭ്യുദയത്തിന്നായും | ആത്മപഥോ-പലബ്ധയേ | അധ്യാത്മജ്ഞാനമാൎഗ്ഗത്തെ കാട്ടിക്കൊടുക്കുന്നതിന്നു വേണ്ടിയുള്ളതാകുന്നു. |
| ദേഹതന്ത്രഃ | ഉടലെടുത്തതാകുന്നു. | | |
| തവ | നിന്തിരുവടിയുടെ | | |

ഇനി തന്റെ ചാരിതാൎത്ഥ്യത്തെ പ്രകാശിപ്പിക്കുന്നു.

6 യന്നാമധേയശ്രവണാനുകീൎത്തനാ-
ദ്യത്പ്രഹ്വണാദ്യത്സ്മരണാദപി ക്വചിത്
ശ്വാദോഽപി സദ്യഃ സവനായ കല്പതേ
കുതഃ പുനസ്തേ ഭഗവന്നു ദൎശനാത്

| | | | |
|---|---|---|---|
| ഭഗവൻ | അല്ലയോ ഭഗവാനേ ! | ശ്വാദഃ അപി | ശ്വാവിനെ തിന്നുന്ന ചണ്ഡാളൻകൂടി |
| ക്വചിത് | എന്നെങ്കിലുമൊരിക്കൽ | സദ്യഃ | തൽക്ഷണം |
| യന്നാമധേയ-ശ്രവണാനു-കീൎത്തനാത് | യാതൊരുവന്റെ നാമങ്ങളെ കേൾക്കുകയോ കീൎത്തിക്കുകയോ ചെയ്കതുകൊണ്ടോ, | സവനായ | സോമയാഗംചെയ്യുവാൻ |
| | | കല്പതേ | യോഗ്യനായി ഭവിക്കുന്നു |
| യത്-പ്രഹ്വണാത് | യാതൊരുത്തനെ നമസ്കരിച്ചതുകൊണ്ടോ, | തേ | അങ്ങനെയുള്ളഭവാന്റെ |
| | | ദൎശനാത് | ദൎശനത്താൽ |
| യത്സ്മരണാത് അപി | യാതൊരുത്തനെ സ്മരിച്ചതുകൊണ്ടുപോലുമോ | പുനഃ കുതഃ നു | പിന്നെ പറയാനെന്തിരിക്കുന്നു. |

7 അഹോ ബത ശ്വപചോഽതോ ഗരീയാൻ
യജ്ജിഹ്വാഗ്രേ വൎത്തതേ നാമ തുഭ്യം
തേപുസ്തപസ്തേ ജുഹുവുഃ സസ്നുരാൎയ്യാ
ബ്രഹ്മാനൂചുർനാമ ഗൃണന്തി യേ തേ

| | | | |
|---|---|---|---|
| അഹോ ബത | ഹാ ! ആശ്ചര്യം ! | നാമ | തിരുനാമത്തെ |
| യജ്ജിഹ്വാഗ്രേ | യാതൊരുവൻെറ നാവിൻതലപ്പത്തു് | ഗൃണന്തി | ഉച്ചരിക്കുന്നുവോ, |
| തുഭ്യം നാമ | ഭവാൻെറ തിരുനാമം | തേ ആര്യാഃ | ആ സജ്ജനങ്ങൾ |
| വർത്തതേ | വർത്തിക്കുന്നുവോ, | തപഃ തേപുഃ | തപസ്സുചെയ്തിരിക്കുന്നു; |
| ശ്വപചഃ | ആ ചണ്ഡാളനുംകൂടി | ജുഹുവുഃ | ഹോമംചെയ്തിരിക്കുന്നു; |
| അതഃ | അക്കാരണത്താൽ | സസ്നുഃ | തീർത്ഥസ്നാനംചെയ്തിരിക്കുന്നു; |
| ഗരീയാൻ | അതിശ്രേഷ്ഠനാകുന്നു. | ബ്രഹ്മ | വേദങ്ങളെ |
| യേ | യാതൊരുവർ | അനൂചുഃ | അധ്യയനം ചെയ്തിരിക്കുന്നു |
| തേ | നിന്തിരുവടിയുടെ | | |

8 തം ത്വാമഹം ബ്രഹ്മ പരം പുമാംസം
പ്രത്യക്സ്രോതസ്യാത്മനി സംവിഭാവ്യം
സ്വതേജസാ ധ്വസ്തഗുണപ്രവാഹം
വന്ദേ വിഷ്ണും കപിലം വേദഗർഭം

| | | | |
|---|---|---|---|
| ബ്രഹ്മ | ബ്രഹ്മസ്വരൂപനും | ധ്വസ്തഗുണ-പ്രവാഹം | അകററപ്പെട്ടിരിക്കുന്ന ഗുണപ്രവാഹത്തോടുകൂടിയവനും |
| പരം പുമാംസം | പരമപുരുഷനും | വേദഗർഭം | വേദങ്ങളെ ഉള്ളിൽ ധരിച്ചിരിക്കുന്നവനും |
| പ്രത്യക്-സ്രോതസി | പ്രത്യാഹരിക്കപ്പെട്ട (സംയമിതമായ) | കപിലം | കപിലമൂർത്തിയായിരിക്കുന്നവനും |
| ആത്മനി | മനസ്സിൽ | വിഷ്ണും | വിഷ്ണുഭഗവാനുമായ |
| സംവിഭാവ്യം | സംചിന്ത്യനും | തം ത്വാ | ആ നിന്തിരുവടിയെ |
| സ്വതേജസാ | സ്വപ്രകാശത്താൽ | അഹം വന്ദേ | ഞാൻ വണങ്ങുന്നു. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു.

9 ഈഡിതോ ഭഗവാനേവം കപിലാഖ്യഃ പരഃ പുമാൻ
വാചാ/വിക്ലവയേത്യാഹ മാതരം മാതൃവത്സലഃ

| | | | |
|---|---|---|---|
| മാതൃവത്സലഃ | മാതൃവാത്സല്യമുള്ളവനും | ഏവം | ഇപ്രകാരം |
| കപിലാഖ്യഃ | കപിലനെന്ന നാമത്താൽ വിഖ്യാതനും | ഈഡിതഃ | സ്തുതിക്കപ്പെട്ടവനായിട്ടു് |
| | | അവിക്ലവയാ | പ്രശാന്തഗംഭീരമായ |
| ഭഗവാൻ | ജ്ഞാനൈശ്വര്യാദി ഗുണോപേതനുമായ | വാചാ | വചനത്താൽ |
| | | മാതരം | മാതാവിനോടു് |
| പരഃ പുമാൻ | പരമപുരുഷൻ | ഇതി ആഹ | ഇങ്ങനെ പറഞ്ഞു. |

കപില ഉവാച = കപിലഭഗവാൻ അരുളിച്ചെയ്തു:

10 മാർഗ്ഗേണാനേന മാതസ്തേ സുസേവ്യേനോദിതേന മേ
ആസ്ഥിതേന പരാം കാഷ്ഠാമചിരാദവരോത്സ്യസി

| | | | |
|---|---|---|---|
| മാതഃ തേ | മാതാവേ! ഭവതിക്ക് | അനേന മാർഗ്ഗേണ | ഈ പദ്ധതിയിലൂടെ |
| സുസേവ്യേന | സുഖേന അനുഷ്ഠിക്കാവുന്നതും | പരാം | ഏററവും ഉയന്ന |
| മേ | എന്നാൽ | കാഷ്ഠാം | നിലയിലേക്ക് (ജീവന്മുക്തിയിലേക്ക്) |
| ഉദിതേന | ഉപദേശിക്കപ്പെട്ടതും | അചിരാത് | താമസമെന്നിയെ |
| ആസ്ഥിതേന | അനുഷ്ഠാനത്തിൽ കൊണ്ടുവരപ്പെട്ടതുമായ | അവരോത്സ്യസി | എത്തിച്ചേന്നുകൊള്ളും |

11 ശ്രദ്ധത്സ്വൈതന്മതം മഹ്യം ജുഷ്ടം യദ് ബ്രഹ്മവാദിഭിഃ
യേന മാമഭവം യായാ മൃത്യുമൃച്ഛന്ത്യതദ്വിദഃ

| | | | |
|---|---|---|---|
| ബ്രഹ്മവാദിഭിഃ | ബ്രഹ്മജ്ഞന്മാരാൽ | അഭവം | സംസാരനിർമ്മുക്തമായ |
| ജുഷ്ടം | സംസേവിതമായ | മാം | മത്സ്വരൂപത്തെ |
| മഹ്യം ഏതത് | എന്റെ ഏതാദൃശമായ | യായാഃ | ഭവതി പ്രാപിച്ചുകൊള്ളും |
| മതം യത് | മതം യാതൊന്നോ, | അതദ്വിദഃ | അതു് (എന്റെ മതം) അറിയാത്തവർ |
| തത് | ആയതിനെ | | |
| ശ്രദ്ധത്സ്വ | ശ്രദ്ധിച്ചാലും | മൃത്യും | സംസാരദുഃഖത്തെ |
| യേന | യാതൊന്നുകൊണ്ടു് | ഋച്ഛന്തി | പ്രാപിക്കുന്നു. |

മൈത്രേയ ഉവാച = മൈത്രേയർ പറഞ്ഞു

12 ഇതി പ്രദർശ്യ ഭഗവാൻ സതീം താമാത്മനോ ഗതിം
സ്വമാത്രാ ബ്രഹ്മവാദിന്യാ കപിലോഽനുമതോ യയൌ

| | | | |
|---|---|---|---|
| കപിലഃ | കപിലമുനിയായി അവതരിച്ച | ഇതി | ഇപ്രകാരം |
| ഭഗവാൻ | ശ്രീവാസുദേവൻ | പ്രദർശ്യ | പറഞ്ഞുധരിപ്പിച്ചു്, |
| ആത്മനഃ | ആത്മാവിന്റെ | ബ്രഹ്മവാദിന്യാ | ബ്രഹ്മജ്ഞയായ |
| ഗതിം | വാസ്തവിക തത്ത്വം | സ്വമാത്രാ | തന്റെ മാതാവിനാൽ |
| താം സതീം | ആ ഉത്തമയെ | അനുമതഃ | അനുജ്ഞാതനായിട്ടു് |
| | | യയൌ | യാത്രയായി |

13 സാ ചാപി തനയോക്തേന യോഗാദേശേന യോഗയുക്
തസ്മിന്നാശ്രമ ആപീഡേ സരസ്വത്യാഃ സമാഹിതാ.

| | | | |
|---|---|---|---|
| സാ ച അപി | ആ ദേവഹൂതിയാകട്ടെ | സരസ്വത്യാഃ | സരസ്വതീനദിയുടെ |
| തനയോക്തേന | പുത്രനാലുപദിഷ്ടമായ | ആപീഡേ | പൂക്കിരീടമായ |
| യോഗാദേശേന | യോഗസാധനയിലൂടെ | തസ്മിൻ ആശ്രമേ | ആ ആശ്രമത്തിൽ |
| യോഗയുക് | യോഗയുക്തയായി ഭവിച്ചു്, | സമാഹിതാ | ഏകാഗ്രഭാവനയോടെ ഇരുന്നു. |

14 അഭീക്ഷ്ണാവഗാഹകപിശാൻ ജടിലാൻ കുടിലാളകാൻ
ആത്മാനം ചോഗ്രതപസാ ബിഭ്രതീ ചീരിണം കൃശം.

| | | | |
|---|---|---|---|
| അഭീക്ഷ്ണാവഗാഹകപിശാൻ | മൂന്നുനേരവും മുടക്കമില്ലാത്ത മുങ്ങിക്കുളിനിമിത്തം ചെമ്പൻനിറം പൂണ്ടുള്ള | ഉഗ്രതപസാ | കഠിനതപസ്സുകൊണ്ടു് |
| | | കൃശം | ചടച്ചതും |
| ജടിലാൻ | ചിടപിടിച്ച | ചീരിണം | മരവുരി ധരിച്ചതുമായ |
| | | ആത്മാനം ച | ശരീരത്തേയും |
| കുടിലാളകാൻ | ചുരുണ്ടമുടികളേയും | ബിഭ്രതീ | വഹിച്ചുകൊണ്ടു് സ്ഥിതയായി |

15 പ്രജാപതേഃ കർദ്ദമസ്യ തപോയോഗവിജൃംഭിതം
സ്വഗാർഹസ്ഥ്യമനൗപമ്യം പ്രാർത്ഥ്യം വൈമാനികൈരപി

16 പയഃഫേനനിഭാഃ ശയ്യാ ദാന്താ രുക്മപരിച്ഛദാഃ
ആസനാനി ച ഹൈമാനി സുസ്പർശാസ്തരണാനി ച

17 സ്വച്ഛസ്ഫടികകുഡ്യേഷു മഹാമാരകതേഷു ച
രത്നപ്രദീപാ ആഭാന്തി ലലനാരത്നസംയുതാഃ

18 ഗൃഹോദ്യാനം കുസുമിതൈ രമ്യം ബഹ്വമരദ്രുമൈഃ
കൂജദ്വിഹംഗമിഥുനം ഗായന്മത്തമധുവ്രതം

19 യത്ര പ്രവിഷ്ടമാത്മാനം വിബുധാനുചരാ ജഗുഃ
വാപ്യാമുത്പലഗന്ധിന്യാം കർദ്ദമേനോപലാലിതം

20 ഹിത്വാ തദീപ്സിതതമമപ്യാഖണ്ഡലയോഷിതാം
കിഞ്ചിച്ചകാര വദനം പുത്രവിശ്ലേഷണാതുരാ.

| | | | |
|---|---|---|---|
| പ്രജാപതേഃ | പ്രജാപതിയായ | അനൗപമ്യം | നിരുപമമായതും |
| കർദ്ദമസ്യ | കർദ്ദമന്റെ | വൈമാനികൈഃ അപി പ്രാർത്ഥ്യം | വിമാനചാരികളാൽപ്പോലും അഭിലഷിക്കപ്പെടാവുന്നതുമായ |
| തപോയോഗവിജൃംഭിതം | തപഃശക്തിയാലും യോഗമഹിമയാലും അതിശയത്തോടെ വിരചിതമായതും | സ്വഗാർഹസ്ഥ്യം | തന്റെ ഗൃഹസ്ഥഭാവത്തെ,— |

| | |
|---|---|
| യത്ര | യാതൊരവസ്ഥയിങ്കൽ |
| പയഃഫേന- നിഭാഃ ശയ്യാഃ | പാല്പതപോലെ വെണ്മയും പതുപ്പുമുള്ള ശയ്യകളും, |
| ദാന്താഃ ച | ആനക്കൊമ്പുകൊണ്ടുള്ള കട്ടില്കകളും, |
| രുക്മപരിച്ഛദാഃ | സ്വൎണ്ണമയങ്ങളായ ഉപകരണങ്ങളും, |
| ഹൈമാനി | സ്വൎണ്ണമയങ്ങളും |
| സുസ്പൎശാ- സ്തരണാനി | സുഖസ്പൎശങ്ങളായ വിരികളിട്ടിരിക്കുന്നവയുമായ |
| അസനാനി ച | ഇരിപ്പിടങ്ങളും ഉള്ളതാണോ; |
| (യത്ര) | യാതൊരവസ്ഥയിങ്കൽ |
| സ്വച്ഛസ്ഫടിക- കുഡ്യേഷു | തെളിമയുള്ള സ്ഫടികഭിത്തികളിലും |
| മഹാമാര- കതേഷു ച | പൊലിമയുള്ള പച്ചക്കൽത്തളങ്ങളിലും |
| ലലനാരത്ന- സംയുതാഃ | സുന്ദരീമണികളോടു് ചേൎന്നെഴുന്ന |
| രത്നപ്രദീപാഃ | മണിവിളക്കുകൾ |
| ആഭാന്തി | പ്രതിബിംബിച്ചു തിളങ്ങുന്നുവോ, |
| (യത്ര) | യാതൊരവസ്ഥയിങ്കൽ |
| കുസുമിതൈഃ | പൂത്തുനില്ക്കുന്ന |
| ബഹ്വമര- ദ്രുമൈഃ | അനേകം കല്പകവൃക്ഷങ്ങളാൽ |
| രമ്യം | രമണീയമായി— |
| കൂജദ്വിഹംഗ മിഥുനം | കൂകിവിളിക്കുന്ന ഇണപ്പറവകളുള്ളതായി |
| ഗായന്മത്ത- മധുവ്രതം | മൂളിപ്പാട്ടുപാടുന്ന മത്തഭ്രമരങ്ങളോടുകൂടിയ |
| ഗൃഹോദ്യാനം | ഗൃഹാരാമവും പരിലസിച്ചിരുന്നുവോ; |
| (യത്ര) | യാതൊരവസ്ഥയിങ്കൽ |
| ഉത്പല- ഗന്ധിന്യാം | താമരപ്പൂക്കളുടെ പരിമളമുള്ള |
| വാപ്യാം | കുളത്തിൽ |
| പ്രവിഷ്ടം | ഇറങ്ങിയ |
| കൎദ്ദമേന | കൎദ്ദമനാൽ |
| ഉപലാളിതം | താലോലിക്കപ്പെട്ടിരുന്ന |
| ആത്മാനം | തന്നെ |
| വിബുധാനുചരാഃ | ദേവചാരണന്മാർ |
| ജഗുഃ | പാടിപ്പുകഴ്ത്തിയിരുന്നുവോ, |
| (യത്) | യാതൊന്നു് |
| ആഖണ്ഡല- യോഷിതാം അപി | ഇന്ദ്രപുരിയിലെ സ്ത്രീജനങ്ങൾക്കുകൂടിയും |
| ഈപ്സിതതമം | കൂടുതൽ അഭിലഷിതമായി വൎത്തിക്കുന്നുവോ, |
| തത് | ആ ഗൃഹസ്ഥാവസ്ഥയെ |
| ഹിത്വാ | ഉപേക്ഷിച്ചു്, |
| പുത്രവിശ്ലേ- ഷണാതുരാ | പുത്രവിയോഗത്താൽ വിഹ്വലയായ ദേവഹൂതി |
| വദനം | മുഖത്തെ |
| കിംചിത് ചകാര | വല്ലാത്തൊരു വാട്ടംതട്ടിയപ്രകാരം ആവഹിച്ചു. |

21 വനം പ്രവ്രജിതേ പത്യാവപത്യവിരഹാതുരാ
ജ്ഞാതതത്ത്വാപ്യഭൂന്നഷ്ടേ വത്സേ ഗൌരിവവത്സലാ

| | |
|---|---|
| പത്യൌ | ഭൎത്താവു് |
| വനം | വനത്തിലേക്കു് |
| പ്രവ്രജിതേ | സന്ന്യസിച്ചുപോയിരിക്കുംവേളയിൽ, |
| അപത്യ- വിരഹാതുരാ | പുത്രവിരഹത്താലും സന്തപ്തയായി ഭവിച്ച അവൾ |
| ജ്ഞാതതത്ത്വാ അപി | തത്ത്വജ്ഞാനമുള്ളവളാണെന്നിരിക്കിലുംകൂടി |
| വത്സേ | പൈക്കിടാവു് |
| നഷ്ടേ | വേർപെട്ടുപോകവേ, |
| വത്സലാ | വാത്സല്യംകൊള്ളുന്ന |
| ഗൌഃ ഇവ | പശുവെന്നപോലെ |
| അഭൂത് | ആയിത്തീൎന്നു. |

ദേവഹൂതിയുടെ വിരഹകൃതധ്യാനത്തിന്റെ ഫലം പറയുന്നു.

22 തമേവ ധ്യായതീ ദേവമപത്യം കപിലം ഹരിം
ബഭൂവാചിരതോ വത്സ നിസ്പൃഹാ താദൃശേ ഗൃഹേ

| | | | |
|---|---|---|---|
| വത്സ | പ്രിയനായ വിദുര ! | ഗൃഹേ | ഗൃഹത്തിലിരുന്നു് |
| അപത്യം | സ്വപുത്രനായ | ധ്യായതീ | ധ്യാനിച്ചുകൊണ്ടു് |
| തം കപിലം | ആ കപിലമുനിയെ | അചിരതഃ | കാലവിളംബം കൂടാതെ |
| ഏവ | തന്നെ | നിഃസ്പൃഹാ | കർമ്മവാസനാനിർമ്മുക്തയായി |
| ദേവം ഹരിം | ഭഗവാൻ ശ്രീഹരിയായായിട്ടു് | | |
| താദൃശേ | അമ്മാതിരിക്കുള്ള | ബഭൂവ | ഭവിച്ചു. |

23 ധ്യായതീ ഭഗവദ്രൂപം യദാഹ ധ്യാനഗോചരം
സുതഃ പ്രസന്നവദനം സമസ്തവ്യസ്തചിന്തയാ

24 ഭക്തിപ്രവാഹയോഗേന വൈരാഗ്യേണ ബലീയസാ
യുക്താനുഷ്ഠാനജാതേന ജ്ഞാനേന ബ്രഹ്മഹേതുനാ

25 വിശുദ്ധേന തദാത്മാനമാത്മനാ വിശ്വതോമുഖം
സ്വാനുഭൂത്യാ തിരോഭൂതമായാഗുണവിശേഷണം

ബ്രഹ്മണ്യവസ്ഥിതമതിർ ഭഗവത്യാത്മസംശ്രയേ

| | | | |
|---|---|---|---|
| സുതഃ | പുത്രൻ | വൈരാഗ്യേണ | വിഷയവിരക്തിയാലും |
| സമസ്തവ്യസ്തചിന്തയാ | സർവ്വാംഗഗോചരയും പ്രത്യംഗഗോചരയുമുള്ള ചിന്തയിലൂടെ | യുക്താനുഷ്ഠാനജാതേന | നിയന്ത്രിതമായ ജീവിതാചരണംകൊണ്ടുണ്ടായ |
| ധ്യാനഗോചരം | ധ്യാനവിഷയകമായി | ബ്രഹ്മഹേതുനാ | ബ്രഹ്മതാപാദകമായുള്ള |
| പ്രസന്നമധുരം | പ്രസന്നമോഹനമായ | ജ്ഞാനേന | ജ്ഞാനത്താലും |
| യത് | യാതൊരു | വിശുദ്ധേന | നിർമ്മലമായിഭവിച്ച |
| ഭഗവദ്രൂപം | ഭഗവൽസ്വരൂപത്തെ | ആത്മനാ | മനസ്സുകൊണ്ടു്, |
| ആഹ | ഉപദേശിച്ചിരുന്നുവോ, | സ്വാനുഭൂത്യാ | സ്വസ്വരൂപാവബോധത്താൽ |
| (തത് ഏവ) | അതുതന്നെ | തിരോഭൂതമായാഗുണവിശേഷണം | മായാഗുണങ്ങളെക്കൊണ്ടുള്ള പൃഥക്ഭാവം തിരോധാനംചെയ്തിരിക്കുന്നതും |
| ധ്യായതീ | ധ്യാനിച്ചുകൊണ്ടു്, | | |
| തദാ | അന്നേരത്തു് | | |
| ഭക്തിപ്രവാഹയോഗേന | ഭക്തിപ്രവാഹമാവുന്ന യോഗസാധനയാലും | വിശ്വതോമുഖം | സർവ്വവ്യാപ്തവുമായ |
| ബലീയസാ | ബലവത്തരമായ | ആത്മാനം | പരമാത്മാവിനേയും |

| | |
|---|---|
| ധ്യായതീ | ധ്യാനിച്ചുകൊണ്ടു് |
| ആത്മസംശ്രയേ | ജീവാധാരഭൂതവും |
| ഭഗവതി | ജ്ഞാനൈശ്വര്യാദി നിലയവുമായ |
| ബ്രഹ്മണി | പരബ്രഹ്മത്തിൽ |
| അവസ്ഥിതമതിഃ | ഏകാഗ്രചിത്തയായി വത്തിച്ചു. |

മൂന്നുശ്ലോകങ്ങൾകൊണ്ടു് ദേവഹൂതിയുടെ ജീവന്മുക്ത്യവസ്ഥയെ ഇനി പ്രസ്താവിക്കുന്നു.

26 നിവൃത്തജീവാപത്തിത്വാത് ക്ഷീണക്ലേശാപ്തനിർവൃതിഃ

27 നിത്യാരൂഢസമാധിത്വാത് പരാവൃത്തഗുണഭ്രമാ
ന സസ്മാര തദാऽത്മാനം സ്വപ്നേ ദൃഷ്ടമിവോത്ഥിതഃ

| | |
|---|---|
| തദാ | അന്നേരത്തു് |
| നിവൃത്തജീവാപത്തിത്വാത് | ജീവഭാവം നിവൃത്തമായവളായി വരികയാൽ |
| ക്ഷീണക്ലേശാ | ക്ലേശമകന്നുപോയവളും |
| ആപ്തനിർവൃതിഃ | ആത്മാനന്ദം കൈവന്നവളും |
| നിത്യാരൂഢസമാധിത്വാത് | നിലയുറച്ച സമാധിയോഗത്തോടുകൂടിയവളാകയാൽ |
| പരാവൃത്തഗുണഭ്രമാ | മായാഗുണം നിമിത്തമുളവാകുന്ന വിഭ്രാന്തിയൊഴിഞ്ഞവളുമായിഭവിച്ചു്, |
| ഉത്ഥിതഃ | ഉണൎന്നെഴുന്നേററവൻ |
| സ്വപ്നേ | സ്വപ്നത്തിൽ |
| ദൃഷ്ടം ഇവ | കണ്ടതിനെ എന്നപോലെ |
| ആത്മാനം | തൻശരീരത്തെ |
| ന സസ്മാര | വിസ്മരിച്ചു. |

28 തദ്ദേഹഃ പരതഃ പോഷ്യോऽപ്യകൃശശ്ചാധ്യസംഭവാത്
ബഭൌ മലൈരവച്ഛന്നഃ സധൂമ ഇവ പാവകഃ

| | |
|---|---|
| തദ്ദേഹഃ | ആ ദേവഹൂതിയുടെ ദേഹം |
| പരതഃ | അന്യരാൽ |
| പോഷ്യഃ അപി | പോഷിക്കപ്പെടേണ്ടതായിരുന്നിട്ടും |
| മലൈഃ | അഴുക്കുകളാൽ |
| അവച്ഛന്നഃ | ആച്ഛാദിതമായിരുന്നിട്ടും |
| ആധ്യസംഭവാത് | മനഃക്ലേശമില്ലാതിരുന്നതുമൂലം |
| അകൃശഃ ച | കൃശമാകാതെതന്നെ, |
| സധൂമഃ | പുകയോടുചേൎന്ന |
| പാവകഃ ഇവ | അഗ്നിയെന്നപോലെ |
| ബഭൌ | ശോഭിച്ചിരുന്നു. |

29 സ്വാംഗം തപോയോഗമയം മുക്തകേശം ഗതാംബരം
ദൈവഗുപ്തം ന ബുബുധേ വാസുദേവപ്രവിഷ്ടധീഃ

| | |
|---|---|
| വാസുദേവപ്രവിഷ്ടധീഃ | ശ്രീവാസുദേവനിൽ വിലയിച്ച അന്തഃകരണത്തോടുകൂടിയവളായി ഭവിച്ച ദേവഹൂതി |
| തപോയോഗമയം | തപസ്സു്, യോഗം എന്നിവയോടു തന്മയത്വം പ്രാപിച്ചതും |
| ദൈവഗുപ്തം | പ്രാരബ്ധകൎമ്മത്താൽമാത്രം സുരക്ഷിതമായിരുന്നതുമായ |

| | | | |
|---|---|---|---|
| സ്വാംഗം | സ്വദേഹത്തെ | ഗതാംബരം | ഉടുപുടവ കിഴിഞ്ഞുവീണാറെയുംകൂടി |
| മുക്തകേശം | തലമുടിയഴിഞ്ഞുപോയാലും | ന ബുബുധേ | ഓക്കാതെയായി |

30 ഏവം സാ കപിലോക്തേന മാർഗ്ഗേണാചിരതഃ പരം
ആത്മാനം ബ്രഹ്മനിർവ്വാണം ഭഗവന്തമവാപ ഹ.

| | | | |
|---|---|---|---|
| സാ ഏവം | അവൾ ഇപ്രകാരം | നിർവ്വാണം | നിത്യമുക്താവസ്ഥാനമായും ഇരിക്കുന്ന |
| കപിലോക്തേന | കപിലനാൽ ഉപദിഷ്ടമായ | ഭഗവന്തം | ഭഗവാനെ |
| മാർഗ്ഗേണ | മാർഗ്ഗത്തിലൂടെ | അചിരതഃ | വിനാവിളംബം |
| പരം ആത്മാനം | പരമാത്മരൂപമായും | | |
| ബ്രഹ്മ | ബ്രഹ്മതത്ത്വമായും | അവാപ ഹ | പ്രാപിച്ചു ആശ്ചര്യം ! |

31 തദ്വീരാസീത് പുണ്യതമം ക്ഷേത്രം ത്രൈലോക്യവിശ്രുതം
നാമ്നാ സിദ്ധപദം യത്ര സാ സംസിദ്ധിമുപേയുഷീ

| | | | |
|---|---|---|---|
| വീര | ഹേ വീരവിദുര! | തത് ക്ഷേത്രം | ആ സ്ഥലം |
| യത്ര | യാതൊരിടത്തു് | സിദ്ധപദം | 'സിദ്ധപദം' എന്ന |
| സാ | അവൾ | നാമ്നാ | പേരിനാൽ |
| സംസിദ്ധിം | പരമസിദ്ധിയെ | ത്രൈലോക്യവിശ്രുതം | മൂപ്പാരിലും സുവിഖ്യാതമായി |
| ഉപേയുഷീ | പ്രാപിച്ചുവോ, | | |
| പുണ്യതമം | അതിപാവനമായ | ആസീത് | ഭവിച്ചു. |

32 തസ്യാസ്തദ്യോഗവിധുതമാർത്ത്യം മർത്ത്യമഭൂത് സരിത്
സ്രോതസാം പ്രവരാ സൌമ്യ സിദ്ധിദാ സിദ്ധസേവിതാ.

| | | | |
|---|---|---|---|
| സൌമ്യ | ഹേ ശാന്തശീല ! | പ്രവരാ | ഉൽകൃഷ്ടമായതും |
| തസ്യാഃ | ആ ദേവിയുടെ | സിദ്ധിദാ | സിദ്ധിയെ പ്രദാനം ചെയ്യുന്നതും |
| യോഗവിധുതമാർത്ത്യം | യോഗബലത്താൽ നശിപ്പിക്കപ്പെട്ട മർത്ത്യധർമ്മത്തോടുകൂടിയ | സിദ്ധസേവിതാ | സിദ്ധജനങ്ങളാൽ സേവിക്കപ്പെടുന്നതുമായ |
| തത് മർത്ത്യം | ആ ശരീരം | സരിത് | ഒരു നദിയായിട്ടു് |
| സ്രോതസാം | നദികളിൽവെച്ചു് | അഭൂത് | രൂപംകൊണ്ടു. |

ഇനി കപിലഭഗവാൻെറ അനന്തരവൃത്താന്തത്തെക്കൂടി പറഞ്ഞു് ഈ പ്രകരണം അവസാനിപ്പിക്കുന്നു.

33 കപിലോഽപി മഹായോഗീ ഭഗവാൻ പിതുരാശ്രമാത്
മാതരം സമനുജ്ഞാപ്യ പ്രാഗുദീചീം ദിശം യയൌ

| | |
|---|---|
| മഹായോഗീ | യോഗേശ്വരനും |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ |
| കപിലഃ അപി | ശ്രീകപിലനാകട്ടെ |
| മാതരം | അമ്മയെ |
| സമനുജ്ഞാപ്യ | പറഞ്ഞു സമ്മതിപ്പിച്ചശേഷം |
| പിതുഃ | അച്ഛൻെറ |
| ആശ്രമാത് | ആശ്രമത്തിൽനിന്നു് |
| പ്രാഗുദീചീം | കിഴക്കുവടക്കായുള്ള |
| ദിശം | ദിക്കിലേക്കു് |
| യയൌ | യാത്രതിരിച്ചു. |

34 സിദ്ധചാരണഗന്ധർവ്വൈർമുനിഭിശ്ചാപ്സരോഗണൈഃ
സ്തൂയമാനഃ സമുദ്രേണ ദത്താർഹണനികേതനഃ

35 ആസ്തേ യോഗം സമാധായ സാംഖ്യാചാര്യൈരഭിഷ്ടുതഃ
ത്രയാണാമപി ലോകാനാമുപശാന്ത്യൈ സമാഹിതഃ

| | |
|---|---|
| സിദ്ധചാരണഗന്ധർവ്വൈഃ | സിദ്ധന്മാർ – ചാരണന്മാർ – ഗന്ധർവ്വന്മാർ എന്നിവരാലും, |
| മുനിഭിഃ | മുനികളാലും, |
| അപ്സരോഗണൈഃ ച | അപ്സരസ്സുകളുടെ സമൂഹങ്ങളാലും |
| സ്തൂയമാനഃ | സ്തുതിക്കപ്പെട്ടു് |
| സമുദ്രേണ | സമുദ്രരാജാവിനാൽ |
| ദത്താർഹണനികേതനഃ | നല്കപ്പെട്ട അർഘ്യാദ്യുപചാരത്തോടും വാസസ്ഥലത്തോടുംകൂടിയവനായി, |
| സാംഖ്യാചാര്യൈഃ | സാംഖ്യസിദ്ധാന്തവിജ്ഞന്മാരാൽ |
| അഭിഷ്ടുതഃ | വാഴ്ത്തപ്പെടുന്നവനായി, |
| യോഗം | യോഗമാർഗ്ഗത്തെ |
| സമാധായ | അനുഷ്ഠിച്ചു് |
| ത്രയാണാം ലോകാനാം അപി | മൂന്നുലോകങ്ങളുടേയും |
| ഉപശാന്ത്യൈ | ഉപശാന്തിക്കായിട്ടു് |
| സമാഹിതഃ | സമാധിനിരതനായി |
| ആസ്തേ | സ്ഥിതിചെയ്യുന്നുണ്ടു്. |

36 ഏതന്നിഗദിതം താത യത് പൃഷ്ടോഽഹം തവാനഘ
കപിലസ്യ ച സംവാദോ ദേവഹൂത്യാശ്ച പാവനഃ

| | |
|---|---|
| താത | ഹേ വത്സവിദുര! |
| അനഘ | പുണ്യാത്മൻ ! |
| കപിലസ്യ | ശ്രീകപിലൻേറയും |
| ദേവഹൂത്യാഃ ച | ദേവഹൂതിയുടേയും |
| പാവനഃ | പരമവിശുദ്ധമായ |
| ഏതത് സംവാദഃ | ഈ സംഭാഷണം — |
| അഹം യത് | ഞാൻ യാതൊന്നിനെപ്പററി |
| പൃഷ്ടഃ | ചോദിക്കപ്പെട്ടവനായോ (അതു്) |
| തവ | അങ്ങേയ്ക്കു് |
| നിഗദിതം | ചൊല്ലിത്തരപ്പെട്ടു. |

ഈ കാപിലേയോപാഖ്യാനത്തിൻെറ ഫലശ്രുതി താഴെ പറയുന്നു.

37 യ ഇദമനുശൃണോതി യോഽഭിധത്തേ
കപിലമുനേർമതമാത്മയോഗഗുഹ്യം
ഭഗവതി കൃതധീഃ സുപൎണ്ണകേതാ-
വുപലഭതേ ഭഗവത്പദാരവിന്ദം.

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | അഭിധത്തേ | പറയുന്നുവോ, |
| ആത്മയോഗ-ഗുഹ്യം | അദ്ധ്യാത്മതത്വശാസ്ത്രങ്ങളുടെ രഹസ്യമായ | (സഃ) | അയാൾ |
| കപിലമുനേഃ | കപിലാചാൎയ്യരുടെ | സുപൎണ്ണകേതൌ | ഗരുഡധ്വജനായ |
| ഇദം മതം | ഈ മതത്തെ | ഭഗവതി | ഭഗവാങ്കൽ |
| അനുശൃണോതി | സശ്രദ്ധം ശ്രവിക്കുന്നുവോ, | കൃതധീഃ | ആസക്തചിത്തനായിട്ടു് |
| | | ഭഗവത്-പാദാരവിന്ദം | ഭഗവാന്റെ തൃപ്പാദപത്മത്തെ |
| യഃ | യാതൊരാൾ | ഉപലഭതേ | പ്രാപിക്കുന്നതാണു്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ തൃതീയസ്കന്ധേ
കാപിലേയോപാഖ്യാനേ ത്രയസ്ത്രിംശോഽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 1412 മുപ്പത്തിമൂന്നാമദ്ധ്യായം കഴിഞ്ഞു.

ശ്രീമദ്ഭാഗവതേ ആദിതഃ ശ്ലോകസംഖ്യാ 2613

തൃതീയസ്കന്ധം സമാപ്തം.

ശ്രീനാരായണാൎപ്പണമസ്തു.